ശ്രീമദ് വാല്മീകീ

രാമായണം

യുദ്ധകാണ്ഡം ഭാഗം ഒന്ന്

ശ്രീമദ്വാല്മീകിരാമായണം

യുദ്ധകാണ്ഡം

ഒന്നാം ഭാഗം

(അന്വയക്രമഭാഷാവ്യാഖ്യാനസഹിതം.)

Dharmalaya Edition.

വ്യാഖ്യാതാവ്:

ബ്രഹ്മശ്രീ ജി. എസ്സ്. ശ്രീനിവാസയ്യർ, ബി. ഏ., എൽ. ടി.

ഹെഡ്മാസ്റ്റർ, ഹൈസ്കൂൾ, ആലത്തൂർ.

Published with the aid of

Sri M. N. RAMASWAMY IYER,

BANKER

By

R. SUBRAHMANYA VADHYAR & SONS,

BOOK-SELLERS & PUBLISHERS,

KALPATHI-PALGHAT

Price Rs. 5] 1940

Printed at
THE SCHOLAR PRESS
PALGHAT
September, 1940

വിഷയാനുക്രമണിക.

സൎഗ്ഗം	വിഷയം	ശ്ലോകസംഖ്യ	പേജ്
1.	ഹനൂമാനെ പ്രശംസിക്കുന്നത്.	19	1
2.	സുഗ്രീവൻ ശ്രീരാമനെ ഉത്സാഹപ്പെടുത്തുന്നത്.	26	6
3.	ഹനൂമാൻ ലങ്കയിലെ കോട്ടകൾ മുതലായവയെ വൎണ്ണിക്കുന്നത്.	35	13
4.	യുദ്ധത്തിന്നായുള്ള യാത്ര.	125	21
5.	ശ്രീരാഘവൻ വിലപിക്കുന്നത്.	23	50
6.	രാവണന്റെ മന്ത്രാലോചന.	20	56
7.	സചിവന്മാരുടെ വാക്ക്.	26	61
8.	പ്രഹസ്തൻ മുതലായവരുടെ വാക്യം.	24	66
9.	വിഭീഷണൻ വിപരീതാഭിപ്രായം പറയുന്നത്.	24	72
10.	വിഭീഷണൻ ഹിതോപദേശം ചെയ്യുന്നത്.	30	78
11.	രണ്ടാമതും ആലോചിപ്പാൻ ഒരുങ്ങുന്നത്.	32	85
12.	കുംഭകൎണ്ണന്റെ വാക്യം.	42	93
13.	മഹാപാൎശ്വന്റെ വാക്യം.	21	104
14.	വിഭീഷണനും പ്രഹസ്തനും തമ്മിലുള്ള വിവാദം.	22	109
15.	ഇന്ദ്രജിത്തും വിഭീഷണനും തമ്മിലുള്ള വിവാദം.	14	117
16.	വിഭീഷണനെ നിന്ദിക്കുന്നത്.	27	122
17.	വിഭീഷണൻ ശരണാൎത്ഥിയായി വന്നതിനെ അറിയിക്കുന്നത്.	69	129
18.	വിഭീഷണനെ അംഗീകരിപ്പാൻ നിശ്ചയിക്കുന്നത്.	40	148
19.	ദൎഭശയനത്തിൽ പള്ളികൊള്ളുന്നത്.	44	160
20.	സുഗ്രീവനെ ഭിന്നിപ്പിപ്പാൻ യത്നിക്കുന്നത്.	36	171
21.	സമുദ്രത്തെ ക്ഷോഭിപ്പിക്കുന്നത്.	37	180
22.	സമുദ്രത്തിൽ അണ കെട്ടുന്നത്.	91	188
23.	മഹോത്പാതലക്ഷണങ്ങളെ കാണുന്നത്.	16	209
24.	ശുകനെ വിട്ടയക്കുന്നത്.	46	213
	ആകെ ഇരുപതാം ദിവസം ഗാനംചെയ്ത ശ്ലോകസംഖ്യ.	889	
25.	ശുകസാരണന്മാരെ പറഞ്ഞയക്കുന്നത്.	35	225
26.	രാവണൻ വാനരസേനാധിപന്മാരെ നോക്കിക്കാണുന്നത്.	53	233
27.	ഹരൻ മുതലായവരുടെ പരാക്രമങ്ങളെ വൎണ്ണിക്കുന്നത്.	49	243
28.	മൈന്ദൻ മുതലായവരുടെ പരാക്രമത്തെക്കുറിച്ച് പറയുന്നത്.	45	254
29.	രാവണൻ ശാൎദ്ദൂലൻ മുതലായ ചാരന്മാരെ അയക്കുന്നത്.	33	265
30.	ശാൎദ്ദൂലന്റെ വാക്യം.	36	272
31.	വിദ്യുജ്ജിഹ്വന്റെ മായകൊണ്ടു സീതയെ മോഹിപ്പിക്കുന്നത്.	49	280
32.	സീത പ്രലപിക്കുന്നത്.	44	292
33.	സരമ സീതയെ ആശ്വസിപ്പിക്കുന്നത്.	41	303
34.	സരമ സീതയോടു രാവണന്റെ നിശ്ചയത്തെ പറയുന്നത്.	29	312
35.	മാല്യവാൻ ഉപദേശിക്കുന്നത്.	43	319

സൎഗ്ഗം	വിഷയം	ശ്ലോകസംഖ്യ	പേജ്
36.	ലങ്കയിൽ കോട്ടവാതിലുകൾക്ക് രക്ഷ ഏൎപ്പെടുത്തുന്നത്.	23	329
37.	വാനരസൈന്യരക്ഷ ഏൎപ്പെടുത്തുന്നത്.	41	334
38.	സുവേലപൎവ്വതത്തിൽ കയറിച്ചെല്ലുന്നത്.	21	343
39.	ലങ്കയെ നോക്കുന്നത്.	31	348
40.	രാവണനും സുഗ്രീവനുമായി ഒററക്ക് പൊരുതുന്നത്.	34	354
41.	അംഗദന്റെ ദൂത്.	104	363
42	യുദ്ധം തുടങ്ങുന്നത്.	48	386
43.	ദ്വന്ദ്വയുദ്ധവൎണ്ണന.	48	396
44.	രാത്രിയുദ്ധം.	46	406
45.	നാഗപാശത്താൽ ബന്ധിക്കുന്നത്.	29	415
46.	സുഗ്രീവൻ ദുഃഖിക്കുന്നതും ഇന്ദ്രജിത്ത് മടങ്ങിച്ചെല്ലുന്നതും.	51	422
47.	നാഗപാശംകൊണ്ടു ബന്ധിക്കപ്പെട്ട ശ്രീരാമലക്ഷ്മണന്മാരെ സീതയ്ക്കു കാട്ടിക്കൊടുക്കുന്നത്.	26	433
48.	സീതയെ ആശ്വസിപ്പിക്കുന്നത്.	41	438
49.	ശ്രീരാമൻ ബോധം തെളിയുന്നത്.	35	448
50.	നാഗപാശത്തിൽനിന്ന് മോചിക്കുന്നത്.	66	456
	ആകെ ഇരുപത്തൊന്നാം ദിവസം ഗാനംചെയ്ത ശ്ലോകസംഖ്യ	1101	
51.	ധൂമ്രാക്ഷൻ യുദ്ധത്തിന്നു പോകുന്നത്.	40	471
52.	ധൂമ്രാക്ഷവധം.	41	479
53.	വജ്രദംഷ്ട്രനുമായുള്ള യുദ്ധം.	35	487
54.	വജ്രദംഷ്ട്രനെ വധിക്കുന്നത്.	40	494
55.	അകമ്പനനുമായുള്ള യുദ്ധം.	33	502
56.	അകമ്പനവധം.	39	509
57.	പ്രഹസ്തൻ യുദ്ധത്തിന്നു പോകുന്നത്.	48	517
58.	പ്രഹസ്തവധം.	67	528
59.	രാവണൻ യുദ്ധത്തിന്നായി ചെല്ലുന്നത്.	157	541
60.	കുംഭകൎണ്ണനെ ഉണൎത്തുന്നത്.	106	590
61.	കുംഭകൎണ്ണന്റെ സ്വരൂപവൎണ്ണന.	43	617
62.	രാവണൻ കുംഭകൎണ്ണനോടു സാന്ത്വനവാക്കുരചെയ്യുന്നത്.	28	627
63.	കുംഭകൎണ്ണൻ അനുശോചിക്കുന്നത്.	59	633
64.	മഹോദരന്റെ വാക്യം.	36	647
65.	കുംഭകൎണ്ണൻ യുദ്ധത്തിന്നു പുറപ്പെടുന്നത്.	60	657
66.	വാനരവീരന്മാരെ ഓടിപ്പോകുന്നതിൽനിന്നു പിന്തിരിക്കുന്നത്.	36	670
67.	കുംഭകൎണ്ണവധം.	187	678
68.	രാവണൻ പ്രലപിക്കുന്നത്.	24	723
69.	നരാന്തകന്റെ വധം.	104	729
70.	ദേവാന്തകൻ മുതലായവരുടെ വധം.	68	751
	ആകെ ഇരുപത്തിരണ്ടാം ദിവസം ഗാനംചെയ്ത ശ്ലോകസംഖ്യ	1251	

ശ്രീരാമായണപാരായണോപക്രമശ്ലോകാഃ

വാഗീശാദ്യാഃ സുമനസഃ സർവ്വാർത്ഥാനാമുപക്രമേ
യന്നത്വാ കൃതകൃത്യാഃ സ്യുസ്തന്നമാമി ഗജാനനം. 1

ദോർഭിര്യുക്താ ചതുർഭിഃ സ്ഫടികമണിമയീമക്ഷമാലാം ദധാനാ
ഹസ്തേനൈകേന പദ്മം സിതമപി ച ശുകം പുസ്തകം ചാപരേണ
ഭാസാ കുന്ദേന്ദുശംഖസ്ഫടികമണിനിഭാ ഭാസമാനാഽസമാനാ
സാ മേ വാഗ്ദേവതേയം നിവസതു വദനേ സർവ്വദാ സുപ്രസന്നാ. 2

കൂജന്തം രാമ രാമേതി മധുരം മധുരാക്ഷരം
ആരുഹ്യ കവിതാശാഖാം വന്ദേ വാല്മീകികോകിലം. 3

വാല്മീകേർമ്മുനിസിംഹസ്യ കവിതാവനചാരിണഃ
ശൃണ്വൻ രാമകഥാനാദം കോ ന യാതി പരാം ഗതിം. 4

യഃ പിബൻ സതതം രാമചരിതാമൃതസാഗരം
അതൃപ്തസ്തം മുനിം വന്ദേ പ്രാചേതസമകല്മഷം. 5

ഗോഷ്പദീകൃതവാരാശിം മശകീകൃതരാക്ഷസം
രാമായണമഹാമാലാരത്നം വന്ദേഽനിലാത്മജം. 6

അഞ്ജനാനന്ദനം വീരം ജാനകീശോകനാശനം
കപീശമക്ഷഹന്താരം വന്ദേ ലങ്കാഭയങ്കരം. 7

ഉല്ലംഘ്യ സിന്ധോഃ സലിലം സലീലം യഃ ശോകവഹ്നിം ജനകാത്മജായാഃ
ആദായ തേനൈവ ദദാഹ ലങ്കാം നമാമി തം പ്രാഞ്ജലിരാഞ്ജനേയം. 8

ആഞ്ജനേയമതിപാടലാനനം കാഞ്ചനാദ്രികമനീയവിഗ്രഹം
പാരിജാതതരുമൂലവാസിനം ഭാവയാമി പവമാനനന്ദനം. 9

യത്ര യത്ര രഘുനാഥകീർത്തനം തത്ര തത്ര കൃതമസ്തകാഞ്ജലിം
ബാഷ്പവാരിപരിപൂർണ്ണലോചനം മാരുതിം നമത രാക്ഷസാന്തകം. 10

മനോജവം മാരുതതുല്യവേഗം ജിതേന്ദ്രിയം ബുദ്ധിമതാം വരിഷ്ഠം
വാതാത്മജം വാനരയൂഥമുഖ്യം ശ്രീരാമദൂതം ശിരസാ നമാമി. 11

യഃ കർണ്ണാഞ്ജലിസമ്പുടൈരഹരഹഃ സമ്യക് പിബത്യാദരാ-
ദ്വാല്മീകേർവ്വദനാരവിന്ദഗളിതം രാമായണാഖ്യം മധു
ജന്മവ്യാധിജരാവിപത്തിമരണൈരത്യന്തസോപദ്രവം
സംസാരം സ വിഹായ ഗച്ഛതി പുമാൻ വിഷ്ണോഃ പദം ശാശ്വതം. 12

തദുപഗതസമാസസന്ധിയോഗം സമമധുരോപനതാർത്ഥവാക്യബദ്ധം
രഘുവരചരിതം മുനിപ്രണീതം ദശശിരസശ്ച വധം നിശാമയധ്വം. 13

വാല്മീകിഗിരിസംഭൂതാ രാമസാഗരഗാമിനീ
പുനാതി ഭുവനം പുണ്യാ രാമായണമഹാനദീ. 14

ശ്ലോകസാരജലാകീർണ്ണം സർഗ്ഗകല്ലോലസങ്കുലം
കാണ്ഡഗ്രാഹമഹാമീനം വന്ദേ രാമായണാർണ്ണവം. 15

വേദവേദ്യേ പരേ പുംസി ജാതേ ദശരഥാത്മജേ
വേദഃ പ്രാചേതസാദാസീത്സാക്ഷാദ്രാമായണാത്മനാ. 16

വൈദേഹീസഹിതം സുരദ്രുമതലേ ഹൈമേ മഹാമണ്ഡപേ
മദ്ധ്യേപുഷ്പകമാസനേ മണിമയേ വീരാസനേ സുസ്ഥിതം
അഗ്രേ വാചയതി പ്രഭഞ്ജനസുതേ തത്വം മുനിഭ്യഃ പരം
വ്യാഖ്യാന്തം ഭരതാദിഭിഃ പരിവൃതം രാമം ഭജേ ശ്യാമളം. 17
വാമേ ഭൂമിസുതാ പുരശ്ച ഹനുമാൻ പശ്ചാത്സുമിത്രാസുതഃ
ശത്രുഘ്നോ ഭരതശ്ച പാർശ്വദളയോർവ്വായ്വാദികോണേഷു ച
സുഗ്രീവശ്ച വിഭീഷണശ്ച യുവരാട് താരാസുതോ ജാംബവാൻ
മദ്ധ്യേ നീലസരോജകോമളരുചിം രാമം ഭജേ ശ്യാമളം. 18
നമോऽസ്തു രാമായ സലക്ഷ്മണായ ദേവ്യൈ ച തസ്യൈ ജനകാത്മജായൈ
നമോऽസ്തു രുദ്രേന്ദ്രയമാനിലേഭ്യോ നമോऽസ്തു ചന്ദ്രാർക്കമരുദ്ഗണേഭ്യഃ. 19

പാരായണസമാപനശ്ലോകാഃ

സ്വസ്തി പ്രജാഭ്യഃ പരിപാലയന്താം ന്യായ്യേന മാർഗ്ഗേണ മഹീം മഹീശാഃ
ഗോബ്രാഹ്മണേഭ്യഃ ശുഭമസ്തു നിത്യം ലോകാഃ സമസ്താഃ സുഖിനോ ഭവന്തു.
കാലേ വർഷതു പർജ്ജന്യഃ പൃഥിവീ സസ്യശാലിനീ
ദേശോऽയം ക്ഷോഭരഹിതോ ബ്രാഹ്മണാഃ സന്തു നിർഭയാഃ. 2
അപുത്രാഃ പുത്രിണഃ സന്തു പുത്രിണഃ സന്തു പൌത്രിണഃ
അധനാഃ സധനാഃ സന്തു ജീവന്തു ശരദാം ശതം. 3
ചരിതം രഘുനാഥസ്യ ശതകോടിപ്രവിസ്തരം
ഏകൈകമക്ഷരം പ്രോക്തം മഹാപാതകനാശനം. 4
ശൃണ്വൻ രാമായണം ഭക്ത്യാ യഃ പാദം പദമേവ വാ
സ യാതി ബ്രഹ്മണഃ സ്ഥാനം ബ്രഹ്മണാ പൂജ്യതേ സദാ. 5
രാമായ രാമഭദ്രായ രാമചന്ദ്രായ വേധസേ
രഘുനാഥായ നാഥായ സീതായാഃ പതയേ നമഃ. 6
യന്മംഗളം സഹസ്രാക്ഷേ സർവ്വദേവനമസ്കൃതേ
വൃത്രനാശേ സമഭവത് തത്തേ ഭവതു മംഗളം. 7
യന്മംഗളം സുപർണ്ണസ്യ വിനതാऽകല്പയത് പുരാ
അമൃതം പ്രാർത്ഥയാനസ്യ തത്തേ ഭവതു മംഗളം. 8
അമൃതോത്പാദനേ ദൈത്യാൻ ഘ്നതോ വജ്രധരസ്യ യത്
അദിതിർമ്മംഗളം പ്രാദാത് തത്തേ ഭവതു മംഗളം. 9
ത്രീൻ വിക്രമാൻ പ്രക്രമതോ വിഷ്ണോരമിതതേജസഃ
യദാസീന്മംഗളം രാമ തത്തേ ഭവതു മംഗളം. 10
ഋതവഃ സാഗരാ ദ്വീപാ വേദാ ലോകാ ദിശശ്ച തേ
മംഗളാനി മഹാബാഹോ ദിശന്തു തവ സർവ്വദാ. 11
കായേന വാചാ മനസേന്ദ്രിയൈർവ്വാ ബുദ്ധ്യാത്മനാ വാ പ്രകൃതേഃ സ്വഭാവാത്
കരോമി യദ്യത്സകലം പരസ്മൈ നാരായണായേതി സമർപ്പയാമി. 12

ശ്രീ യുദ്ധകാണ്ഡസ്യ അംഗന്യാസാദി മന്ത്രാഃ

അസ്യശ്രീ യുദ്ധകാണ്ഡമഹാമന്ത്രസ്യ വിഭീഷണ ഋഷിഃ അനുഷ്ടുപ് ഛന്ദഃ, വിധാതാ ദേവതാ-വിം ബീജം-നമഃ ശക്തിഃ-വിധാത്രേ ഇതി കീലകം-വിധാതൃസേവിത ശ്രീരാമചന്ദ്രപ്രസാദസിദ്ധ്യർത്ഥേ ജപേ വിനിയോഗഃ.

'വിധാതാ' അംഗുഷ്ഠാഭ്യാം നമഃ; 'സ മഹാദേവഃ' തർജ്ജനീഭ്യാം നമഃ; 'ഭക്താനാമഭയപ്രദഃ' മദ്ധ്യമാഭ്യാം നമഃ; 'സർവ്വദേവപ്രീതികരഃ' അനാമികാഭ്യാം നമഃ; 'ഭഗവാൻ' കനിഷ്ഠികാഭ്യാം നമഃ; 'ഭഗവത്പ്രിയഃ' കരതലകരപൃഷ്ഠാഭ്യാം നമഃ.

'വിധാതാ' ഹൃദയായ നമഃ; 'സ മഹാദേവഃ' ശിരസേ സ്വാഹാ; 'ഭക്താനാമഭയപ്രദഃ' ശിഖായൈ വഷട്; 'സർവ്വദേവപ്രീതികരഃ' കവചായ ഹും; 'ഭഗവാൻ' നേത്രത്രയായ വൌഷട്; 'ഭഗവത്പ്രിയഃ' അസ്ത്രായ ഫട്; ഓം ഭൂർഭുവസ്സുവരോം ഇതി ദിഗ്ബന്ധഃ.

ധ്യാനം:— വിധിം വിധാതാരമഹം സ്തുവന്തം

ദശാസ്യഹന്താരമതീവ ഭക്ത്യാ
സർവ്വാമരപ്രീതികരം സുശാന്തം
വന്ദേ സദാ ഭൂതനയേശഭക്തം

രാവണാദി നിഹന്താരം ബ്രഹ്മരുദ്രാദിസേവിതം
യുദ്ധകാണ്ഡേ സമീതം ച ധ്യായേത് സേഷാസനസായകം.

അഥ പഞ്ചോപചാരാഃ—

ലം പൃഥിവ്യാത്മനേ ഗന്ധാൻ കല്പയാമി. ഹം ആകാശാത്മനേ പുഷ്പാണി സമർപ്പയാമി. യം വായ്വാത്മനേ ധൂപമാഘ്രാപയാമി. രം വഹ്ന്യാത്മനേ ദീപം ദർശയാമി. വം അമൃതാത്മനേ അമൃതോപഹാരം നിവേദയാമി. സം സർവ്വാത്മനേ സർവ്വോപചാരാൻ സമർപ്പയാമി.

അഥ മൂലമന്ത്രഃ :—

വിധാതാ സ മഹാദേവോ ഭക്താനാമഭയപ്രദഃ
സർവ്വദേവപ്രീതികരോ ഭഗവാൻ ഭഗവത്പ്രിയഃ.
(ഏതം മന്ത്രം യഥാശക്തി ജപേത്.)

അനന്തരം പാരായണം കൃത്വാ തദവസാനേ മൂലമന്ത്രം യഥാശക്തി ജപ്ത്വാ, 'ലം' ഇത്യാദിപഞ്ചോപചാരകല്പനാനന്തരം ദിഗ്വിമോകം കുര്യാത്.

ഹരിഃ ഓം ശ്രീഗുരുഭ്യോനമഃ

ശ്രീ സീതാലക്ഷ്മണഭരതശത്രുഘ്നഹനുമത്സമേത ശ്രീരാമചന്ദ്രസ്വാമിനേ നമഃ

ശ്രീമദ്വാല്മീകിരാമായണം

യുദ്ധകാണ്ഡം.

പുരാ കുശലവാഭ്യാം ശ്രീരാമസന്നിധാവശ്വമേധയജ്ഞവാടേ വിംശതിതമേഽഹനി യുദ്ധകാണ്ഡ പ്രഥമസർഗ്ഗമാരഭ്യ ചതുർവ്വിംശസർഗ്ഗപര്യന്തം (14676—15564 ശ്ലോകാഃ) ഗീതം; തസ്മിൻ ദിനേ ഗീതാഃ ശ്ലോകാശ്ച 889.

പണ്ട് കുശലവന്മാരാൽ ശ്രീരാമസന്നിധാനത്തിൽ അശ്വമേധയാഗശാലയിൽവെച്ച് ഇരുപതാം ദിവസം യുദ്ധകാണ്ഡത്തിൽ 1മുതൽ 24 സർഗ്ഗങ്ങൾ കൂടി (14676 മുതൽ 15564വരെ ശ്ലോകങ്ങൾ) ഗാനംചെയ്യപ്പെട്ടു. അന്നേ ദിവസം ഗാനംചെയ്ത ശ്ലോകസംഖ്യ 889.

പ്രഥമഃ സർഗ്ഗഃ = ഒന്നാംസർഗ്ഗം.

[ഹനുമത് പ്രശംസനം = ഹനുമാനെ പ്രശംസിക്കുന്നതു്.]

ശ്രുത്വാ ഹനുമതോ വാക്യം യഥാവദഭിഭാഷിതം
രാമഃ പ്രീതിസമായുക്തോ വാക്യമുത്തരമബ്രവീത്. 1

രാമഃ	ശ്രീരാമൻ,	ശ്രുത്വാ,	കേട്ട്,
യഥാവത്	ഉള്ളപോലെതന്നെ	പ്രീതി-	സന്തുഷ്ടഹൃദയനായി
അഭിഭാഷിതം	ഉണർത്തിക്കപ്പെട്ടതായ	സമായുക്തഃ	
ഹനുമതഃ	ഹനുമാൻെറ	ഉത്തരം വാക്യം	ഇപ്രകാരം മറുപടി
വാക്യം	മൊഴി	അബ്രവീത്.	അരുളിച്ചെയ്തു.

["പുരുഷാകാരഭൂതയായ മഹാലക്ഷ്മിയുടെ കൃത്യം സുന്ദരകാണ്ഡത്തിൽ പറയപ്പെട്ടു. ഇനി ഉപായകൃത്യത്തെ പറവാനായി യുദ്ധകാണ്ഡം ആരംഭിക്കപ്പെടുന്നു അതിൽ, കാര്യം സാധിച്ചവരായ ഭൃത്യന്മാർ യജമാനനാൽ എപ്രകാരം വർത്തിക്കപ്പെടേണ്ടതാണെന്ന് ഉപദേശിപ്പാനായി, സുഗ്രീവാദികളുടെ ഉത്സാഹത്തെ വർദ്ധിപ്പിച്ചുംകൊണ്ട്, സീതാവൃത്താന്തത്തെ കൊണ്ടുവന്നവനായ ഹനുമാനെ ശ്രീരാമൻ പ്രഥമസർഗ്ഗത്തിൽ സത്കരിക്കുന്നു." (ഗോ. രാ.)

ഈ ശ്ലോകത്തിലെ ആദ്യപാദത്തിലെ മകാരം ഗായത്രിയിലെ പതിനഞ്ചാമത്തെ അക്ഷരമായി വിന്യസിക്കപ്പെട്ടതെന്ന് ഗോവിന്ദരാജമതം.]

കൃതം ഹനുമതാ കാര്യം സുമഹദ്ഭുവി ദുഷ്കരം
മനസാഽപി യദന്യേന ന ശക്യം ധരണീതലേ. 2

"ധരണീതലേ	"ലോകത്തിൽ	ദുഷ്കരം	ദുർല്ലഭവും ആയ
അന്യേന	മററാരാലും	സുമഹത്	മഹത്തായ
മനസാ അപി	മനസ്സുകൊണ്ടുംകൂടി	കാര്യം,	കൃത്യം,
യത്	യാതൊന്ന്	ഭുവി	ഭൂമിയിൽ
ശക്യം ന,	സാദ്ധ്യമായതല്ലയോ,	ഹനുമതാ	ഹനുമാനാൽ
	അപ്രകാരമുള്ളതും	കൃതം.	ചെയ്യപ്പെട്ടു.

ശ്രീരാമജയം.

ശ്രീമദ്രാമായണപൂജാക്രമഃ.

ആചമ്യ ശുക്ലാം+ശാന്തയേ. ഓം ഭൂഃ+ഭൂർഭുവസ്സുവരോം. മമോപാത്ത സമസ്ത ദുരിതക്ഷയദ്വാരാ ശ്രീപരമേശ്വരപ്രീത്യർത്ഥം ശ്രീ സീതാലക്ഷ്മണഭരതശത്രുഘ്നഹനുമത്സമേതശ്രീരാമചന്ദ്രപ്രസാദസിദ്ധ്യർത്ഥം ശ്രീരാമചന്ദ്രപ്രസാദേന സർവ്വാനിഷ്ടനിവാരണാർത്ഥം സർവ്വാഭീഷ്ടസിദ്ധ്യർത്ഥം യാവച്ഛക്തി പൂജാം പാരായണം ച കരിഷ്യേ.

തദംഗം കലശ-ശംഖ-ആത്മ-പീഠ-പൂജാം ച കരിഷ്യേ.

അസ്മിൻ പുസ്തകേ ശ്രീ സീതാലക്ഷ്മണഭരതശത്രുഘ്നഹനുമത്സമേത ശ്രീരാമചന്ദ്രം ധ്യായാമി. ആവാഹയാമി. ആസനം സമർപ്പയാമി. പാദ്യം സമർപ്പയാമി. അർഘ്യം സമർപ്പയാമി. ആചമനീയം സമർപ്പയാമി. മധുപർക്കം സമർപ്പയാമി. സ്നാനം സമർപ്പയാമി. സ്നാനാനന്തരം ആചമനീയം സമർപ്പയാമി. വസ്ത്ര-യജ്ഞോപവീത-ഉത്തരീയ-ആഭരണാർത്ഥം അക്ഷതാൻ സമർപ്പയാമി. ഗന്ധാൻ ധാരയാമി ഗന്ധോപരി അക്ഷതാൻ സമർപ്പയാമി. പുഷ്പാണി സമർപ്പയാമി.

ഓം അച്യുതായ നമഃ	ഓം മധുസൂദനായ നമഃ	ഓം ശ്രീരാമഭദ്രായ നമഃ
,, അനന്തായ നമഃ	,, ത്രിവിക്രമായ നമഃ	,, ശ്രീരാമചന്ദ്രായ നമഃ
,, ഗോവിന്ദായ നമഃ	,, വാമനായ നമഃ	,, വേധസേ നമഃ
,, കേശവായ നമഃ	,, ശ്രീധരായ നമഃ	,, രഘുനാഥായ നമഃ
,, നാരായണായ നമഃ	,, ഹൃഷീകേശായ നമഃ	,, നാഥായ നമഃ
,, മാധവായ നമഃ	,, പദ്മനാഭായ നമഃ	,, സീതായാഃ പതയേ നമഃ
,, ഗോവിന്ദായ നമഃ	,, ദാമോദരായ നമഃ	,, പിതൃഭക്തായ നമഃ
,, വിഷ്ണവേ നമഃ	,, ശ്രീരാമായ നമഃ	,, കോദണ്ഡപാണയേ നമഃ

ഓം സച്ചിദാനന്ദവിഗ്രഹായ നമഃ നാനാവിധ പരിമളപുഷ്പാണി സമർപ്പയാമി. ശ്രീരാമചന്ദ്രായ നമഃ. ധൂപം ആഘ്രാപയാമി. ദീപം ദർശയാമി. നൈവേദ്യം (ക്ഷീരം-ഫലം, അഥവാ നാളികേരഖണ്ഡദ്വയം) നിവേദയാമി. താംബൂലം സമർപ്പയാമി-കർപ്പൂരനീരാജനം ദർശയാമി. ഛത്രചാമരാദി സമസ്ത രാജോപചാരദേവോപചാരാൻ സമർപ്പയാമി. അനേകകോടി പ്രദക്ഷിണ നമസ്കാരാൻ സമർപ്പയാമി.

["സുമഹതാം" (മഹാത്മാക്കളായ ദേവന്മാരുടെ) "യാ ഭൂഃ" (യാതൊരു സ്വർഗ്ഗാദിരൂപമായ വാസസ്ഥാനമോ) അവിടേയുംകൂടി ദുർല്ലഭമായ യാതൊരു സീതാദർശനരൂപമായ ആ കൃത്യം ഈ ധരണീതലത്തിൽ ഹനുമാനാൽ സാധിക്കപ്പെട്ടു. (സ).

"പ്രത്യക്ഷേ ഗുരവഃ സ്തുത്യാഃ പരോക്ഷേ മിത്രബാന്ധവാഃ. കർമ്മാന്തേ ദാസഭൃത്യാശ്ച ന കദാചന പുത്രകാഃ" എന്ന വചനപ്രകാരം കർമ്മാവസാനത്തിൽ ദാസനായ ഹനുമാനെ സ്തുതിക്കുന്നു.]

ന ഹി തം പരിപശ്യാമി യസ്തരേത മഹാർണ്ണവം
അന്യത്ര ഗരുഡാദ്വായോരന്യത്ര ച ഹനൂമതഃ. 3

"ഗരുഡാത്	"ഗരുഡഭഗവാനേയും	യഃ	യാതൊരുവൻ
വായോഃ	വായുഭഗവാനേയും	മഹാർണ്ണവം ഹി	വൻസമുദ്രത്തെത്തന്നെ
അന്യത്ര,	കൂടാതെ,	തരേത	കടക്കുമോ
ഹനൂമതഃ ച	ഹനുമാനേയും കൂടാതെ	തം	അപ്രകാരമൊരുവനെ
അന്യത്ര	വേറെ	പരിപശ്യാമി ന.	ഞാൻ കാണുന്നില്ല.

ദേവദാനവയക്ഷാണാം ഗന്ധർവ്വോരഗരക്ഷസാം
അപ്രധൃഷ്യാം പുരീം ലങ്കാം രാവണേന സുരക്ഷിതാം
പ്രവിഷ്ടഃ സത്വമാശ്രിത്യ ജീവൻ കോ നാമ നിഷ്ക്രമേത്. 4

"ദേവദാനവയക്ഷാണാം	"ദേവന്മാർ, അസുരന്മാർ, യക്ഷന്മാർ, എന്നവർക്കും,	സുരക്ഷിതാം	പരിരക്ഷിക്കപ്പെട്ടതായ
		ലങ്കാം പുരീം	ലങ്കാനഗരത്തിൽ
		കഃ നാമ	ആർതന്നെയാണ്,
ഗന്ധർവ്വോരഗരക്ഷസാം	ഗന്ധർവ്വന്മാർക്കും ഉരഗങ്ങൾക്കും, രാക്ഷസന്മാർക്കും	സത്വം ആശ്രിത്യ	ധൈര്യമുൾക്കൊണ്ട്
		പ്രവിഷ്ടഃ,	പ്രവേശിച്ചവനായി
അപ്രധൃഷ്യാം	ദുഷ്പ്രവേശ്യമായി	ജീവൻ	ജീവനോടുകൂടി
രാവണേന	രാവണനാൽ	നിഷ്ക്രമേത്?	തിരിച്ചുവരിക?

കോ വിശേത് സുദുരാധർഷാം രാക്ഷസൈശ്ച സുരക്ഷിതാം
യോ വീര്യബലസമ്പന്നോ ന സമഃ സ്യാദ്ധനൂമതഃ. 5

"രാക്ഷസൈഃ	"രാക്ഷസരാൽ	ഹനൂമതഃ	ഹനുമാന്ന്
സുദുരാധർഷാം	ആരാലും പ്രവേശിപ്പാൻ കഴിയാത്തവിധം	സമഃ	തുല്യം
		വീര്യബലസമ്പന്നഃ	പൌരുഷവും ശക്തിയും തികഞ്ഞ ഒരുവൻ
സുരക്ഷിതാം	ഭദ്രമായി കാവൽ കാക്കപ്പെട്ടതിന്നകത്ത്,	യഃ ച	ആരും തന്നെ
കഃ വിശേത്?	ആർ കടക്കും?	സ്യാത് ന.	ഇല്ല.

ഭൃത്യകാര്യം ഹനുമതാ സുഗ്രീവസ്യ കൃതം മഹത്
ഏവം വിധായ സ്വബലം സദൃശം വിക്രമസ്യ ച. 6

"വിക്രമസ്യ	"പരാക്രമത്തിന്നു	ഭൃത്യകാര്യം	ഭൃത്യകൃത്യം,
സദൃശം	സദൃശമായ	ഏവം	ഇപ്രകാരം
സ്വബലം	സ്വശക്തിയെ	മഹത്	അശാസ്യമാകുംവണ്ണം
വിധായ ച,	പ്രദർശിപ്പിച്ചുംകൊണ്ട്,	ഹനുമതാ	ഹനുമാനാൽ
സുഗ്രീവസ്യ	സുഗ്രീവന്നു ചെയ്യേണ്ടതായ	കൃതം.	ചെയ്തു പൂർത്തിയാക്കപ്പെട്ടു.

യോ ഹി ഭൃത്യോ നിയുക്തഃ സൻ ഭർത്രാ കർമ്മണി ദുഷ്കരേ
കുര്യാത് തദനുരാഗേണ തമാഹുഃ പുരുഷോത്തമം. 7

“ യഃ ഭൃത്യഃ	“ യാതൊരു ഭൃത്യൻ	കുര്യാത്,	ചെയ്തുപൂർത്തിയാക്കുന്നുവോ,
ഭർത്രാ	യജമാനനാൽ,	തം ഹി	അവനെത്തന്നെയാണ്
ദുഷ്കരേ	പ്രയാസമേറിയ	പുരുഷോത്തമം	പുരുഷസത്തമൻ എന്ന്
കർമ്മണി	ഒരു കൃത്യത്തിൽ	ആഹുഃ.	മഹത്തുക്കൾ പറഞ്ഞിരിക്കുന്നത്.
നിയുക്തഃ സൻ,	നിയമിക്കപ്പെട്ടവനായി		
തത്	അതിനെ,		
അനുരാഗേണ	തന്റെ സ്വാമിക്ക് യശസ്സുണ്ടാകേണമെന്നുള്ള പ്രതിപത്തിയോടുംകൂടി		

[“ അനുരാഗേണ,” എന്നു പറഞ്ഞതിൽനിന്ന് തന്റെ സ്വാമിഭക്തികാരണം, ഏല്പിച്ചതായ ദുഷ്കരമായ കൃത്യത്തിന് പുറമെ യജമാനന്ന് ഹിതകരമായ മററു കൃത്യങ്ങളേയും ചെയ്യുന്നവൻ എന്നു വിവക്ഷ. ഇവിടെ ഹനുമാൻ സീതയെ കണ്ടു് വർത്തമാനം പറഞ്ഞു് തിരിച്ചുപോരുക എന്ന ദുഷ്കരകൃത്യത്തിന്നുപുറമെ രാവണാഭിമുഖസംഭാഷണം ലങ്കാപ്രധർഷണം ഇത്യാദി കൃത്യങ്ങളേയും ചെയ്തുപോന്നതിനാൽ ഭൃത്യോത്തമനാണെന്ന് ഭാവം. സുന്ദരകാണ്ഡം 41-ാംസർഗ്ഗം 5-ാംശ്ലോകം “ കാര്യേ കർമ്മണി നിർദ്ദിഷ്ടേ,” ഇത്യാദിയും കാണുക.]

നിയുക്തോ യഃ പരം കാര്യം ന കുര്യാന്നൃപതേഃ പ്രിയം
ഭൃത്യോ യുക്തഃ സമർത്ഥശ്ച തമാഹുർമ്മധ്യമം നരം. 8

“ യുക്തഃ	“ കാര്യപരിചയമുള്ളവ	പരം	മററു വേറെ
സമർത്ഥഃ ച	സമർത്ഥനും ആയ [നും	കാര്യം	കൃത്യമൊന്നും
യഃ ഭൃത്യഃ	യാതൊരു ഭൃത്യൻ,	ന കുര്യാത്,	സാധിക്കുന്നില്ലയോ,
നിയുക്തഃ,	ഒരു കാര്യം ഏല്പിക്കപ്പെട്ടവനായി	തം	അവനെ
നൃപതേഃ	യജമാനന്നു	മധ്യമം നരം	സാമാന്യമനുഷ്യൻ എന്ന്
പ്രിയം	യശസ്കരമായ	ആഹുഃ.	സത്തുക്കൾ പറയുന്നു.

[ഏല്പിച്ചതിനെമാത്രം ചെയ്യുന്നവൻ സാധാരണൻ എന്നു സാരം.]

നിയുക്തോ നൃപതേഃ കാര്യം ന കുര്യാദ്യഃ സമാഹിതഃ
ഭൃത്യോ യുക്തഃ സമർത്ഥശ്ച തമാഹുഃ പുരുഷാധമം. 9

“ യുക്തഃ	“ അനുഭവശാലിയും	നൃപതേഃ കാര്യം	ആ സ്വാമികാര്യത്തെ മാത്രമെങ്കിലും
സമർത്ഥഃ ച	കാര്യവിവരമുള്ളവനുമാ	ന കുര്യാത്,	ചെയ്തു സാധിക്കാതിരിക്കുന്നുവോ,
യഃ ഭൃത്യഃ	യാതൊരു ഭൃത്യൻ [യ	തം	അവനെ
നിയുക്തഃ	ഒരു കൃത്യത്തിൽ നിയോഗിക്കപ്പെട്ടവനായും	പുരുഷാധമം	നരാധമൻ എന്ന്
സമാഹിതഃ	ഏതേത് എപ്രകാരം ചെയ്യേണമെന്ന് ബോധിപ്പിക്കപ്പെട്ടവനായും,	ആഹുഃ.	പറഞ്ഞിരിക്കുന്നു.

തന്നിയോഗേ നിയുക്തേന കൃതം കൃത്യം ഹനൂമതാ
ന ചാത്മാ ലഘുതാം നീതഃ സുഗ്രീവശ്ചാപി തോഷിതഃ. 10

" തന്നിയോഗേ	" താൻ ചെയ്യേണ്ടുന്ന കൃത്യത്തിൽ	കൃതം ;	വേണ്ടപോലെ ചെയ്യപ്പെട്ടു ;
നിയുക്തേന	നിയമിക്കപ്പെട്ടവനായ	ആത്മാ ച / ലഘുതാം / നീതഃ ന ;	തന്റെ യോഗ്യതയ്ക്കു ഒരു കുറവും വരുത്തപ്പെട്ടില്ല ;
ഹനൂമതാ,	ഹനുമാനാൽ,	സുഗ്രീവഃ / അപി ച	സുഗ്രീവനും
കൃത്യം	താൻ ചെയ്യേണ്ടതായുള്ളത്	തോഷിതഃ.	സന്തോഷിപ്പിക്കപ്പെട്ടു.

അഹം ച രഘുവംശശ്ച ലക്ഷ്മണശ്ച മഹാബലഃ
വൈദേഹ്യാ ദർശനേനാദ്യ ധർമ്മതഃ പരിരക്ഷിതാഃ. 11

" അഹം ച,	" ഞാനും,	ധർമ്മതഃ	സ്വധർമ്മത്തിൽ വർത്തിക്കുന്നവളായി
രഘുവംശഃ ച,	രഘുകുലവും,		
മഹാബലഃ	മഹാബലശാലിയായ	ദർശനേന,	ജീവിച്ചിരിക്കുന്നു എന്ന
ലക്ഷ്മണഃ ച,	ലക്ഷ്മണനും,	അദ്യ	ഇപ്പോൾ [റികയാൽ,
വൈദേഹ്യാഃ	വൈദേഹി	പരിരക്ഷിതാഃ.	സംരക്ഷിക്കപ്പെട്ടു.

[" ധർമ്മതഃ പരിരക്ഷിതാഃ " (ധർമ്മേ സ്ഥാപിതാഃ), ധർമ്മത്തിൽ നിലനിർത്തപ്പെട്ടു ; സീതയെ കാണാതിരുന്നാൽ ഞാൻ ആത്മഹത്തി ചെയ്യുമായിരിക്കുന്നതുകൊണ്ടും തന്മൂലം ലക്ഷ്മണാദികളും അപ്രകാരം ചെയ്യുന്നതുകൊണ്ടും, ആ ആത്മഹാനിരൂപമായ അധർമ്മം ഇല്ലാതാക്കപ്പെട്ടു എന്ന് സാരം " എന്നു (ഗോ. രാ). അഥവാ, വൈദേഹീദർശനരൂപമായ ധർമ്മത്താൽ, ഉപകാരത്താൽ ഞങ്ങളും രക്ഷിക്കപ്പെട്ടു. (ഗോ. രാ.)

" ധർമ്മതഃ " (ധർമ്മം പ്രാപ്യ) സ്വാമ്യാജ്ഞാപാലനരൂപമായ ഭൃത്യധർമ്മത്തെ കയ്ക്കൊണ്ട്, എന്നു തിലകം.]

ഇദം തു മമ ദീനസ്യ മനോ ഭൂയഃ പ്രകർഷതി
യദിഹാസ്യ പ്രിയാഖ്യാതുർന കർമ്മി സദൃശം പ്രിയം. 12

" പ്രിയാഖ്യാതുഃ	" പ്രിയവർത്തമാനത്തെ പറഞ്ഞവനായ	യത് തു	എന്നുള്ളതുകൊണ്ടുതന്നെയാണ്,
അസ്യ	ഇവന്ന്	ദീനസ്യ	ദുഃഖിച്ചിരിക്കുന്നവ
സദൃശം	തക്കതായ	മമ	എന്റെ [നായ
പ്രിയം	പ്രിയത്തെ	മനഃ	മനസ്സിനെ,
ഇഹ	ഈ സമയം	ഭൂയഃ	അത്യധികം
ന കർമ്മി,	ഞാൻ ചെയ്യുന്നില്ലല്ലൊ,	ഇദം	ഇത്
		പ്രകർഷതി.	വേദനപ്പെടുത്തുന്നത്.

ഏഷ സർവ്വസ്വഭൂതസ്തു പരിഷ്വംഗോ ഹനൂമതഃ
മയാ കാലമിമം പ്രാപ്യ ദത്തസ്തസ്യ മഹാത്മനഃ. 13

"ഇമം കാലം	"ഈ പ്രത്യുപകാരം ചെയ്യേണ്ടതായ കാ[ലത്തെ]	തസ്യ ഹനൂമതഃ	ആ ഹനുമാന്ന്
പ്രാപ്യ,	പ്രാപിച്ച്,	സൎവ്വസ്വഭൂതഃ	സൎവ്വോത്കൃഷ്ടമായ
മയാ	എന്നാൽ,	ഏഷഃ പരിഷ്വംഗഃ തു	ഈ ആലിംഗനം തന്നെയാണ്
മഹാത്മനഃ	മഹാത്മാവായ	ദത്തഃ."	ചെയ്യപ്പെടുന്നത്."

[മററൊന്നും കൊടുപ്പാൻ സാധിക്കാത്തതിനാൽ ആലിംഗനംമാത്രം ചെയ്യപ്പെടുന്നു എന്നു സാധാരണാൎത്ഥം.

"ഹനുമതഃ സൎവ്വസ്വഭൂതഃ" എന്നു പറഞ്ഞതിൽനിന്ന് ഹനുമാൻ ഇതിനെത്തന്നെയാണ് സൎവ്വോത്കൃഷ്ടമായി വിചാരിക്കുന്നതു് എന്നു ഭാവം.

"സൎവ്വസ്വഭൂതഃ":— (എനിക്കുള്ള സൎവ്വഗുണങ്ങളേയും പ്രദാനം ചെയ്യുന്നതായ് സായൂജ്യരൂപമായ) ആലിംഗനം, (എന്നു ശിരോമണി); ഇതിൽനിന്നു ശ്രീരാമപരിഷ്വംഗത്താൽ പരമപുരുഷാൎത്ഥം സൂചിക്കപ്പെടുന്നു; "ഭഗവാന്റെ ദേഹം ശുദ്ധാനന്ദസ്വരൂപമാകയാൽ സ്വാലിംഗനം സൎവ്വഭൂതമാണെന്നു ബോധ്യം. 'ആനന്ദ ഏവ ഹി മായയാ രാമാദിദേഹതേന ഭാസതേ,' (ആനന്ദംതന്നെയാണ് മായകൊണ്ടു രാമാദിദേഹസ്വരൂപത്തിൽ പ്രകാശിക്കുന്നതു്.) എന്ന് ആചാൎയ്യസ്വാമികൾ ഗീതാഭാഷ്യത്തിലും സഹസ്രനാമഭാഷ്യത്തിലും പറഞ്ഞിരിക്കുന്നു." (തിലകം) "ഈ ആലിംഗനമല്ലാതെ മററു വല്ലതും കൊടുക്കുന്നതായാൽ, സൎവ്വസ്വഭൂതമാകാതെ കിഞ്ചിദൂനമായി ഭവിക്കുന്നതാണ്." (ഗോ. രാ).]

ഇത്യുക്ത്വാ പ്രീതിഹൃഷ്ടാംഗോ രാമസ്തം പരിഷസ്വജേ
ഹനൂമന്തം മഹാത്മാനം കൃതകാൎയ്യമുപാഗതം. 14

രാമഃ	ശ്രീരാമൻ	കൃതകാൎയ്യം	കൃത്യത്തെ നിൎവ്വഹിച്ച്
ഇതി	ഇപ്രകാരം	ഉപാഗതം	തിരിച്ചെത്തിയ
ഉക്ത്വാ	അരുളിച്ചെയ്തു,	മഹാത്മാനം	മഹാത്മാവായ
പ്രീതി-ഹൃഷ്ടാംഗഃ,	സഹായകൃത്യത്താൽ പുളകിതഗാത്രനായി,	തം ഹനൂമന്തം,	ആ ഹനുമാനെ
		പരിഷസ്വജേ.	ആലിംഗനം ചെയ്തു.

ധ്യാത്വാ പുനരുവാചേദം വചനം രഘുസത്തമഃ
ഹരീണാമീശ്വരസ്യൈവ സുഗ്രീവസ്യോപശൃണ്വതഃ. 15

രഘുസത്തമഃ,	രഘുകുലോത്തമൻ,	സുഗ്രീവസ്യ	സുഗ്രീവൻ
ധ്യാത്വാ പുനഃ,	ഒട്ടാലോചിച്ചു ശേഷം,	ഉപശൃണ്വതഃ ഏവ	കേട്ടുകൊണ്ടിരിക്കെ
ഹരീണാം ഈശ്വരസ്യ	വാനരാധിപനായ	ഇദം വചനം ഉവാച.	ഇപ്രകാരം അരുളിച്ചെയ്തു.

സൎവ്വഥാ സുകൃതം താവത് സീതായാഃ പരിമാൎഗ്ഗണം
സാഗരം തു സമാസാദ്യ പുനൎന്നഷ്ടം മനോ മമ. 16

"സീതായാഃ	"സീതയെ	സാഗരം	സമുദ്രത്തെ
പരിമാൎഗ്ഗണം	തിരഞ്ഞു കണ്ടുപിടിക്കുക എന്നത്	സമാസാദ്യ	ഓൎത്ത്,
സൎവ്വഥാ	ഏതുവിധവും	മമ മനഃ തു	എന്റെ മനസ്സാകട്ടെ
സുകൃതം;	നന്നായിനടത്തപ്പെട്ടു;	പുനഃ നഷ്ടം.	വീണ്ടും നിരാശപ്പെടുന്നു.
താവത്	എന്നാലും		

കഥം നാമ സമുദ്രസ്യ ദുഷ്പാരസ്യ മഹാംഭസഃ
ഹരയോ ദക്ഷിണം പാരം ഗമിഷ്യന്തി സമാഹിതാഃ. 17

"മഹാംഭസഃ	"അഗാധമായ വെള്ളമാർന്നും	ദക്ഷിണം പാരം,	തെക്കെക്കരയെ,
ദുഷ്പാരസ്യ	കടപ്പാൻ കഴിയാത്തതും ആയ	ഹരയഃ	വാനരന്മാർ
സമുദ്രസ്യ	സമുദ്രത്തിന്റെ	സമാഹിതാഃ	ഒന്നിച്ച്
		കഥം നാമ	എങ്ങിനെയാണ്
		ഗമിഷ്യന്തി?	പ്രാപിക്കുക?

യദ്യപ്യേഷ തു വൃത്താന്തോ വൈദേഹ്യാ ഗദിതോ മമ
സമുദ്രപാരഗമനേ ഹരീണാം കിമിവോത്തരം. 18

"വൈദേഹ്യാഃ	"ജാനകിയുടെ	ഹരീണാം	കപികളുടെ
വൃത്താന്തഃ	വർത്തമാനം	സമുദ്രപാരഗമനേ	സമുദ്രതരണവിഷയത്തിൽ
തു	ഇപ്പോൾ	ഉത്തരം ഇവ കിം?	മേൽ വേണ്ടുന്നത് എന്തൊന്നുതന്നേയാണ്?"
മമ ഗദിതഃ;	എന്നോട് പറയപ്പെട്ടു;		
യദി അപി	എങ്കിലും		

ഇത്യുക്ത്വാ ശോകസംഭ്രാന്തോ രാമഃ ശത്രുനിബർഹണഃ
ഹനുമന്തം മഹാബാഹുസ്തതോ ധ്യാനമുപാഗമത്. 19

"ശത്രുനിബർഹണഃ	"ശത്രുക്കളെ പീഡിപ്പിക്കുന്നവനും	ഉക്ത്വാ	അരുളിച്ചെയ്തശേഷം,
മഹാബാഹുഃ രാമഃ	മഹാബാഹുവുമായ ശ്രീരാമൻ	ശോകസംഭ്രാന്തഃ	ശോകാകുലിതനായി
ഹനുമന്തം	ഹനുമാനോടായി	തതഃ	ആ സമയം
ഇതി	അപ്രകാരം,	ധ്യാനം ഉപാഗമത്.	ചിന്താഗ്രസ്തനായി ഭവിച്ചു.

ഇത്യാർഷേ ശ്രീമദ്രാമായണേ വാല്മീകീയേ ആദികാവ്യേ യുദ്ധകാണ്ഡേ
പ്രഥമഃ സർഗ്ഗഃ = ഒന്നാംസർഗ്ഗം സമാപ്തം.

ആദ്യംമുതൽ ശ്ലോകസംഖ്യ 14694; യുദ്ധകാണ്ഡം ആദ്യംമുതൽ ശ്ലോകസംഖ്യ 19.

ദ്വിതീയഃ സർഗ്ഗഃ = രണ്ടാംസർഗ്ഗം.

[സുഗ്രീവേണ ശ്രീരാമപ്രോത്സാഹനം = സുഗ്രീവൻ ശ്രീരാമനെ ഉത്സാഹപ്പെടുത്തുന്നതു്]

തം തു ശോകപരിദ്യൂനം രാമം ദശരഥാത്മജം
ഉവാച വചനം ശ്രീമാൻ സുഗ്രീവഃ ശോകനാശനം. 1

ശ്രീമാൻ	ശ്രീമാനായ	തം രാമം	ആ ശ്രീരാമനോടായി
സുഗ്രീവഃ	സുഗ്രീവൻ	തു	ഇക്കാര്യത്തിൽ
ശോകപരിദ്യൂനം	ശോകത്താൽ ക്ലാന്തമാനസനായ	ശോകനാശനം	നിരാശയെ ഇല്ലാതാക്കുന്നതായ
ദശരഥാത്മജം	ദശരഥാത്മജനായ	വചനം	വാക്യത്തെ
		ഉവാച.	ഉണർത്തിച്ചു.

[" ശ്രീമാൻ ":— "ശുചിതാ ത്യാഗതാ ശൌൎയ്യം സമാനസുഖദുഃഖിതാ. അനുരാഗശ്ച ദാക്ഷിണ്യം സത്യതാ ച സുഹൃദ്ഗുണാഃ" എന്നു കാമന്ദകനീതിയിൽ പറഞ്ഞപ്രകാരമുള്ള ഗുണങ്ങളോടു കൂടിയ മിത്രഗുണസമ്പന്നനായവൻ-എന്നു ഗോ. രാ.]

കിം ത്വം സന്തപ്യസേ വീര യഥാഽന്യഃ പ്രാകൃതസ്തഥാ. 2

" വീര !	" വീര !	ത്വം	നിന്തിരുവടി
അന്യഃ പ്രാകൃതഃ	സാധാരണ പ്രാകൃത പുരുഷൻ	കിം	എന്താണ്
യഥാ തഥാ,	എന്നപോലെ	സന്തപ്യസേ ?	സന്താപപ്പെടുന്നത് ?

മൈവം ഭൂസ്ത്യജ സന്താപം കൃതഘ്ന ഇവ സൌഹൃദം. 3

" കൃതഘ്നഃ	" നന്ദികെട്ടവൻ	സന്താപം	വ്യാകുലതയെ
സൌഹൃദം	സ്നേഹത്തെ	ത്യജ ;	വെടിഞ്ഞാലും ;
ഇവ	എന്നപോലെ,	ഏവം മാ ഭൂഃ.	ഇപ്രകാരം നിന്തിരുവടി വൎത്തിക്കാതിരുന്നാലും.

സന്താപസ്യ ച തേ സ്ഥാനം ന ഹി പശ്യാമി രാഘവ
പ്രവൃത്താവുപലബ്ധായാം ജ്ഞാതേ ച നിലയേ രിപോഃ. 4

" രാഘവ !	" ശ്രീരാഘവ !	ജ്ഞാതേ ച	കണ്ടുപിടിക്കപ്പെട്ടതുകൊണ്ടും
പ്രവൃത്തൌ	തത്കാല സ്ഥിതി	തേ	നിന്തിരുവടിക്കു്
ഉപലബ്ധായാം ച	അറിയപ്പെട്ടതുകൊണ്ടും	സന്താപസ്യ സ്ഥാനം ഹി	സന്താപകാരണം ഒന്നുംതന്നെ
രിപോഃ	ശത്രുവിന്റെ	പശ്യാമി ന.	ഞാൻ കാണുന്നില്ല.
നിലയേ	പാൎപ്പിടം		

മതിമാൻ ശാസ്ത്രവിത് പ്രാജ്ഞഃ പണ്ഡിതശ്ചാസി രാഘവ
ത്യജേമാം പാപികാം ബുദ്ധിം കൃതാത്മേവാൎത്ഥദൂഷണീം. 5

" രാഘവ !	" ശ്രീരാമ !	കൃതാത്മാ	ശാന്തചിത്തനായ യോഗി
മതിമാൻ	ഊഹാപോഹ വിദഗ്ദ്ധനും	അൎത്ഥദൂഷണീം	പുരുഷാൎത്ഥത്തെ ഇല്ലാതാക്കുന്നതിനെ
ശാസ്ത്രവിത്	ശാസ്ത്രജ്ഞനും	ഇവ,	എപ്രകാരമോ അപ്രകാരം,
പ്രാജ്ഞഃ	കാൎയ്യനിൎവ്വഹണ സാമൎത്ഥ്യമുള്ളവനും	ഇമാം	ഈ
പണ്ഡിതഃ ച അസി ;	കാൎയ്യത്തെപ്പററി നിൎണ്ണയിപ്പാനുള്ള ബുദ്ധിശക്തിയുള്ളവനും ആണല്ലൊ നിന്തിരുവടി ;	പാപികാം	ഗുണഹീനമായ
		ബുദ്ധിം	മനോഭാവത്തെ
		ത്യജ.	വെടിഞ്ഞാലും.

[" അൎത്ഥദൂഷണീം " (ഫലപ്രാപ്തി ഇല്ലാതാക്കുന്നതായ) " പാപികാം ബുദ്ധിം " (കലുഷിതമായ ബുദ്ധിയെ), " കൃതാത്മാ ഇവ " (ശാന്തചിത്തൻ എന്നപോലെ). എന്നും]

സമുദ്രം ലംഘയിത്വാ തു മഹാനക്രസമാകുലം
ലങ്കാമാരോഹയിഷ്യാമോ ഹനിഷ്യാമശ്ച രാവണം. 6

"മഹാനക്രസമാകുലം	"വൻ മുതലകളാൽ നിറയപ്പെട്ട	തു	ഇപ്പോൾതന്നെ
സമുദ്രം	സമുദ്രത്തെ	ആരോഹയിഷ്യാമഃ;	നാം ചെല്ലാം;
ലംഘയിത്വാ,	കടന്ന്,	രാവണം ച	രാവണനേയും
ലങ്കാം	ലങ്കയിൽ	ഹനിഷ്യാമഃ.	വധിക്കാം.

നിരുത്സാഹസ്യ ദീനസ്യ ശോകപര്യാകുലാത്മനഃ
സർവ്വാർത്ഥാ വ്യവസീദന്തി വ്യസനം ചാധിഗച്ഛതി. 7

"നിരുത്സാഹസ്യ	"ഉത്സാഹത്തെ വെടിഞ്ഞു്	സർവ്വാർത്ഥാഃ	സർവ്വകാർയ്യങ്ങളും
ദീനസ്യ	മനസ്സുമുട്ടിയവനായി	വ്യവസീദന്തി;	കെട്ടുപോകുന്നു;
ശോകപര്യാകുലാത്മനഃ	ശോകനിമഗ്നനായ ഒരുവന്നു്	വ്യസനം ച	വിചാരിക്കാത്ത വിപത്തും
		അധിഗച്ഛതി.	വന്നുചേരുന്നു.

ഇമേ ശൂരാഃ സമർത്ഥാശ്ച സർവ്വേ നോ ഹരിയൂഥപാഃ
ത്വത്പ്രിയാർത്ഥം കൃതോത്സാഹാഃ പ്രവേഷ്ടുമപി പാവകം. 8

"ശൂരാഃ	"ശൂരന്മാരും	ത്വത്പ്രിയാർത്ഥം അപി	നിന്തിരുവടിയുടെ ഗുണത്തിനുവേണ്ടിത്തന്നെ
സമർത്ഥാഃ	സാമർത്ഥ്യശാലികളും [ആയ	പാവകം ച	തീയ്യിലും
നഃ	നമ്മുടെ	പ്രവേഷ്ടും	ചാടുവാൻ
ഇമേ	ഈ	കൃതോത്സാഹാഃ.	ക്രസാത്തവരാണ്.
ഹരിയൂഥപാഃ	വാനരസേനാധിപ[ന്മാർ		
സർവ്വേ,	എല്ലാവരും,		

[ശോകം, നിരുത്സാഹം, ദൈന്യം, കാർയ്യനാശം, വിപത്ത് എന്നവ ക്രമമായി ഒന്ന് മറ്റൊന്നിന്ന് കാരണമായ്ത്തീരുന്നു, എന്ന് സ്വരം. ഗോ. രാ.]

ഏഷാം ഹർഷേണ ജാനാമി തർക്കശ്ചാസ്മിൻ ദൃഢോ മമ. 9

"ഏഷാം ഹർഷേണ	"ഇവരുടെ മുഖപ്രസാദത്താൽ	മമ തർക്കഃ	എനിക്കുള്ളതായ കാരണം
ജാനാമി;	ഞാൻ അറിയുന്നുണ്ടു്;	ദൃഢഃ ച.	എന്തായാലും ഇളക്കപ്പെടുവാൻ കഴിയാത്തതാണ്.
അസ്മിൻ	ഇക്കാർയ്യത്തെക്കുറിച്ചു്		

വിക്രമേണ സമാനേഷ്യേ സീതാം ഹത്വാ യഥാ രിപും
രാവണം പാപകർമ്മാണം തഥാ ത്വം കർത്തുമർഹസി. 10

"പാപകർമ്മാണം	"പാപിഷ്ഠനും	സീതാം	സീതാദേവിയെ
രിപും	ശത്രുവുമായ	സമാനേഷ്യേ	ഞാൻ കൊണ്ടുവരുമോ
രാവണം	രാവണനെ	തഥാ	അപ്രകാരം
യഥാ	എപ്രകാരമായാൽ	ത്വം	നിന്തിരുവടി
വിക്രമേണ	പരാക്രമം കയ്യൊണ്ടു്	കർത്തും അർഹസി.	ആജ്ഞാപിച്ചരുളിയാലും.
ഹത്വാ	വധിച്ചു്		

സേതുരത്ര യഥാ ബദ്ധ്യേദ്യഥാ പശ്യേമ താം പുരീം
തസ്യ രാക്ഷസരാജസ്യ തഥാ ത്വം കുരു രാഘവ. 11

"രാഘവ!	"ശ്രീരാമ!	അത്ര	ഇപ്പോൾതന്നെ
തസ്യ	ആ	സേതുഃ	അപ്രകാരമുള്ള ഒരു അണ
രാക്ഷസരാജസ്യ	രക്ഷോനാഥന്റെ	ബദ്ധ്യേത് ;	കെട്ടപ്പെടേണ്ടതാണ്;
താം പുരീം	ആ പുരത്തെ	തഥാ	അതേവിധം
യഥാ	എപ്രകാരമായാൽ	ത്വം	നിന്തിരുവടി
പശ്യേമ	നാം ചെന്നുചേരുമോ,	കുരു.	ആജ്ഞാപിച്ചരുളിയാലും.
യഥാ	അക്കാരണത്താൽ		

ദൃഷ്ട്വാ താം തു പുരീം ലങ്കാം ത്രികൂടശിഖരേ സ്ഥിതാം
ഹതം ച രാവണം യുദ്ധേ ദർശനാദുപധാരയ. 12

"ത്രികൂടശിഖരേ	"ത്രികൂടപർവ്വത ശിഖരത്തിൽ	ദർശനാത് തു	ആ കണ്ടക്ഷണത്തിൽതന്നെ
സ്ഥിതാം	നിർമ്മിക്കപ്പെട്ടതായ	യുദ്ധേ	പോരിൽ
താം	ആ	രാവണം ച	രാവണനേയും
ലങ്കാം പുരീം	ലങ്കാനഗരത്തെ	ഹതം	വധിക്കപ്പെട്ടവനായി
ദൃഷ്ട്വാ,	കണ്ടാൽ,	ഉപധാരയ.	നിശ്ചയിച്ചുകൊണ്ടാലും.

അബദ്ധ്വാ സാഗരേ സേതും ഘോരേ തു വരുണാലയേ
ലങ്കാ ന മർദ്ദിതും ശക്യാ സേന്ദ്രൈരപി സുരാസുരൈഃ. 13

"വരുണാലയേ	"വരുണന്നിരിപ്പിടമായ	സേന്ദ്രൈഃ	ഇന്ദ്രനടങ്ങിയ
ഘോരേ	ഘോരമായ	സുരാസുരൈഃ അപി	ദേവാസുരന്മാരാലുംകൂടി
സാഗരേ	കടലിൽ	ലങ്കാ	ലങ്കാപുരം
സേതും അബദ്ധ്വാ തു,	അണകെട്ടാതിരുന്നാൽ,	മർദ്ദിതും	നശിപ്പിപ്പാൻ
		ന ശക്യാ.	കഴിയപ്പെടുന്നതല്ല.

സേതുർബദ്ധഃ സമുദ്രേ ച യാവല്ലങ്കാസമീപതഃ
ഇമേ ഹി സമരേ ശൂരാ ഹരയഃ കാമരൂപിണഃ. 14

"ലങ്കാസമീപതഃ	"ലങ്കയുടെ അടുത്തുവരെയ്ക്കും	യാവത് ച,	എന്നു വന്നാൽ,
സമുദ്രേ	സമുദ്രത്തിൽ	കാമരൂപിണഃ	കാമരൂപികളായ
സേതുഃ	അണ	ഇമേ ഹരയഃ	ഈ വാനരന്മാർ
ബദ്ധഃ	കെട്ടപ്പെട്ടു	സമരേ	പോരിൽ
		ശൂരാഃ ഹി.	അപ്രധൃഷ്യന്മാർതന്നെ.

തദലം വിക്ലബാ ബുദ്ധീ രാജൻ സൎവ്വാൎത്ഥനാശിനീ
പുരുഷസ്യ ഹി ലോകേƒസ്മിൻ ശോകഃ ശൌൎയ്യാപകൎഷണഃ. 15

"രാജൻ!	"മഹാരാജാവേ!
സൎവ്വാൎത്ഥനാശിനീ	എല്ലാ കാൎയ്യസിദ്ധിയേയും ഇല്ലാതാക്കുന്നതായ
വിക്ലബാ ബുദ്ധിഃ,	ചഞ്ചലബുദ്ധി,
തത്	ഇപ്പോൾ
അലം;	തീരെ ഉപേക്ഷിക്കപ്പെടട്ടെ;
ഹി	എന്തെന്നാൽ
അസ്മിൻ ലോകേ	ഈ ലോകത്തിൽ
ശോകഃ	ശോകമെന്നത്
പുരുഷസ്യ	ഒരു മനുഷ്യന്ന്
ശൌൎയ്യാപകൎഷണഃ.	ധൈൎയ്യത്തെ നശിപ്പിച്ചുകളയുന്നതാകുന്നു.

യത്തു കാൎയ്യം മനുഷ്യേണ ശൌണ്ഡീൎയ്യമവലംബതാ
അസ്മിൻ കാലേ മഹാപ്രാജ്ഞ സത്വമാതിഷ്ഠ തേജസാ. 16

"മഹാപ്രാജ്ഞ!	"സൎവ്വജ്ഞനായുള്ളോവേ!
അവലംബതാ	ഒരു കാൎയ്യത്തെ ആശ്രയിച്ചിരിക്കുന്ന
മനുഷ്യേണ	ഒരു മനുഷ്യനാൽ
യത്	യാതൊരു
ശൌണ്ഡീൎയ്യം	പൌരുഷം
കാൎയ്യം	കയ്ക്കൊള്ളപ്പെടേണ്ടതോ
സത്വം തു	ആ മനഃസ്ഥൈൎയ്യത്തെത്തന്നെ
അസ്മിൻ കാലേ	ഈ സമയത്തിൽ
തേജസാ	പ്രകൃതിഗുണത്തെ കയ്ക്കൊണ്ട്
ആതിഷ്ഠ.	അവലംബിച്ചാലും.

ശൂരാണാം ഹി മനുഷ്യാണാം ത്വദ്വിധാനാം മഹാത്മനാം
വിനഷ്ടേ വാ പ്രനഷ്ടേ വാ ശോകഃ സൎവ്വാൎത്ഥനാശനഃ. 17

"ശൂരാണാം	"ശൂരന്മാരും
മഹാത്മനാം	മഹാത്മാക്കളും ആയ
ത്വദ്വിധാനാം	നിന്തിരുവടിയെപ്പോലെയുള്ള
മനുഷ്യാണാം	മനുഷ്യൎക്ക്,
വിനഷ്ടേ വാ	(വല്ലതും) കാണാതായ്പോയാലാകട്ടെ
പ്രനഷ്ടേ വാ	ഇല്ലാതായ്പോയാൽ തന്നെയാകട്ടെ,
ശോകഃ	ദുഃഖമെന്നത്
സൎവ്വാൎത്ഥനാശനഃ ഹി.	സൎവ്വകാൎയ്യസിദ്ധിനാശകമാണല്ലൊ.

ത്വം തു ബുദ്ധിമതാം ശ്രേഷ്ഠഃ സൎവ്വശാസ്ത്രാൎത്ഥകോവിദഃ
മദ്വിധൈഃ സചിവൈഃ സാൎദ്ധമരിം ജേതുമിഹാൎഹസി 18

"ത്വം തു	"നിന്തിരുവടിയാകട്ടെ
ബുദ്ധിമതാം	ബുദ്ധിമാന്മാരിൽവെച്ച്
ശ്രേഷ്ഠഃ,	ഉത്തമനും,
സൎവ്വശാസ്ത്രാൎത്ഥകോവിദഃ;	സൎവ്വശാസ്ത്രങ്ങളുടേയും തത്വങ്ങളെയും അറിഞ്ഞവനും ആണല്ലൊ;
മദ്വിധൈഃ	എന്നെപ്പോലെയുള്ള
സചിവൈഃ സാൎദ്ധം	സചിവന്മാരോടുകൂടി
അരിം ജേതും	ശത്രുവിനെ ജയിപ്പാൻ
ഇഹ	ഇപ്പോൾ
അൎഹസി.	നിശ്ചയം കയ്ക്കൊണ്ടാലും.

ന ഹി പശ്യാമ്യഹം കഞ്ചിത് ത്രിഷു ലോകേഷു രാഘവ
ഗൃഹീതധനുഷോ യസ്തേ തിഷ്ഠേദഭിമുഖോ രണേ. 19

"രാഘവ!	"ശ്രീരാഘവ!
രണേ	യുദ്ധത്തിൽ,
ഗൃഹീതധനുഷഃ	കയ്യിൽ കാർമ്മുകത്തെ കയ്ക്കൊണ്ട
തേ	നിന്തിരുവടിക്ക്
അഭിമുഖഃ	എതിരായി
യഃ തിഷ്ഠേത്	യാതൊരുവൻ നില്ക്കുമോ അപ്രകാരമുള്ള
കഞ്ചിത് ഹി	ഒരുവനെയുംതന്നെ
ത്രിഷുലോകേഷു	മൂന്നുലോകങ്ങളിലും
അഹം	ഞാൻ
പശ്യാമി ന.	കാണുന്നില്ല.

വാനരേഷു സമാസക്തം ന തേ കാര്യം വിപത്സ്യതേ
അചിരാദ്ദ്രക്ഷ്യസേ സീതാം തീർത്ത്വാ സാഗരമക്ഷയം. 20

"വാനരേഷു	"വാനരന്മാർവക്കൽ
സമാസക്തം	ഏല്പിക്കപ്പെട്ടതായ
തേ	നിന്തിരുവടിയുടെ
കാര്യം	കാര്യം
വിപത്സ്യതേ ന;	കെട്ടുപോകുന്നതല്ല ;
അക്ഷയം	നാശരഹിതമായ
സാഗരം	സമുദ്രത്തെ
തീർത്ത്വാ,	തരണംചെയ്തു്
സീതാം	സീതാദേവിയെ
അചിരാത്	താമസിയാതെ
ദ്രക്ഷ്യസേ.	നിന്തിരുവടി കാണുന്നതാണു്.

തദലം ശോകമാലംബ്യ ക്രോധമാലംബ ഭൂപതേ
നിശ്ചേഷ്ടാഃ ക്ഷത്രിയാ മന്ദാഃ സർവ്വേ ചണ്ഡസ്യ ബിഭ്യതി. 21

"ഭൂപതേ!	"മഹാരാജാവേ!
നിശ്ചേഷ്ടാഃ	ഉദ്യമിക്കാത്തവരായ
ക്ഷത്രിയാഃ	ക്ഷത്രിയന്മാർ
മന്ദാഃ;	കാര്യസാദ്ധ്യംവരാത്ത മന്ദഭാഗ്യന്മാരായിരിക്കുന്നു;
സർവ്വേ	എല്ലാവരും
ചണ്ഡസ്യ	കുപിതനായവനെ
ബിഭ്യതി;	ഭയപ്പെടുന്നു;
തത്	ആകയാൽ
ശോകം	ശോകത്തെ
ആലംബ്യ	കയ്ക്കൊണ്ടതു്
അലം;	മതി;
ക്രോധം	ക്രോധത്തെ
ആലംബ.	അവലംബിച്ചാലും.

[" ശോകം കയ്ക്കൊള്ളുന്നതിനാലുള്ള ദോഷത്തെയും ഇല്ലാതിരുന്നാലുള്ള ഗുണത്തെയും കാണിച്ചു്, അന്വയവ്യതിരേകരൂപമായി പറയുന്നു. മന്ദന്മാരായ (ശത്രുവിന്റനേരെ ക്രോധം കയ്ക്കൊള്ളാത്തവരായ) ക്ഷത്രിയന്മാർ, ശത്രുകൃതമായ ബന്ധനാദികളാൽ നിശ്ചേഷ്ടന്മാരായി, ഒന്നിനുംകൊള്ളാത്തവരായി ഭവിക്കുന്നു; വേണ്ടിയിരിക്കിൽ കോപത്തെ കയ്ക്കൊള്ളുന്നവനെയാകട്ടെ, എല്ലാവരും ഭയപ്പെടുകയും ചെയ്യുന്നു." (തിലകം)]

ലംഘനാർത്ഥം ച ഘോരസ്യ സമുദ്രസ്യ നദീപതേഃ
സഹാസ്മാഭിരിഹോപേതഃ സൂക്ഷ്മബുദ്ധിർവിചാരയ. 22

"ഇഹ,	"ഇപ്പോൾ,
അസ്മാഭിഃ സഹ	ഞങ്ങളൊന്നിച്ചു്
ഉപേതഃ,	ഇരുന്നുംകൊണ്ടു്,
സൂക്ഷ്മബുദ്ധിഃ	സൂക്ഷ്മബുദ്ധിയാന്നവനായ നിന്തിരുവടി
ഘോരസ്യ	ഭയങ്കരവും
നദീപതേഃ	നദീപതിയും ആയ
സമുദ്രസ്യ	സമുദ്രത്തെ
ലംഘനാർത്ഥം ച	തരണംചെയ്യേണ്ടുന്ന സംഗതിയെക്കുറിച്ചു മാത്രം
വിചാരയ.	പര്യാലോചിച്ചാലും.

സർവ്വം തീർണ്ണം ച മേ സൈന്യം ജിതമിത്യുപധാര്യതാം. 23

"മേ സൈന്യം	"എൻെറ സൈന്യം	ജിതം	വിജയംനേടിയതാണ്
സർവ്വം	മുഴുവനും	ഇതി ച	എന്നും
തീർണ്ണം	അക്കരയെത്തിക്കഴിഞ്ഞതാണെന്നും	ഉപധാര്യതാം.	നിശ്ചയിച്ചുകൊണ്ടാലും.

ഇമേ ഹി ഹരയഃ ശൂരാ വിക്രാന്താഃ കാമരൂപിണഃ
താനരീൻ വിധമിഷ്യന്തി ശിലാപാദപവൃഷ്ടിഭിഃ. 24

"ശൂരാഃ	"ശൂരന്മാരും	താൻ അരീൻ	ആ ശത്രുക്കളെ
വിക്രാന്താഃ	പരാക്രമികളും	ശിലാപാദപ-വൃഷ്ടിഭിഃ	പാറകളും വൃക്ഷങ്ങളും വർഷിച്ച്
കാമരൂപിണഃ	ഇച്ഛിച്ചരൂപം കൈക്കൊള്ളുന്നതക്കവരും ആയ	വിധമിഷ്യന്തി ഹി.	പറപ്പിച്ചുകളയും, തീർച്ചതന്നെ.
ഇമേ ഹരയഃ	ഈ വാനരന്മാർ		

കഥഞ്ചിത് സന്തരിഷ്യാമസ്തേ വയം വരുണാലയം
ഹതമിത്യേവ തം മന്യേ യുദ്ധേ ശത്രുനിബർഹണ. 25

"ശത്രു-നിബർഹണ!	"ശത്രുസംഹാരക!	ഇതി	എന്നിരിക്കെ,
തേ വയം	അപ്രകാരമുള്ള നാം	യുദ്ധേ	പോരിൽ
വരുണാലയം	സമുദ്രത്തെ	തം	അവനെ
കഥഞ്ചിത്	ഏതുവിധവും	ഹതം ഏവ	വധിക്കപ്പെട്ടവനായിതന്നെ
സന്തരിഷ്യാമഃ;	തരണംചെയ്യുന്നതാണ്;	മന്യേ.	ഞാൻ കരുതുന്നു.

കിമുക്ത്വാ ബഹുധാ ചാപി സർവ്വഥാ വിജയീ ഭവാൻ
നിമിത്താനി ച പശ്യാമി മനോ മമ സംപ്രഹൃഷ്യതി. 26

"ബഹുധാ ഉക്ത്വാ കിം?	"ഏറെപ്പറയുന്നതെന്തിന്?	നിമിത്താനി ച	ശുഭലക്ഷണങ്ങളേയും
ഭവാൻ	നിന്തിരുവടി	പശ്യാമി;	ഞാൻ കാണുന്നു;
സർവ്വഥാ അപി	എപ്രകാരവും	മേ മനഃ	എൻെറ മനസ്സും
വിജയീ ച;	വിജയംപൂണ്ടവൻ തന്നെ;	സംപ്ര-ഹൃഷ്യതി."	ഉത്സാഹത്തോടുകൂടിയതായിരിക്കുന്നു."

ഇത്യാർഷേ ശ്രീമദ്രാമായണേ വാല്മീകീയേ ആദികാവ്യേ യുദ്ധകാണ്ഡേ
ദ്വിതീയഃ സർഗ്ഗഃ = രണ്ടാംസർഗ്ഗം സമാപ്തം.

ആദ്യം മുതൽ ശ്ലോകസംഖ്യ 14720; യുദ്ധകാണ്ഡം ആദ്യം മുതൽ ശ്ലോകസംഖ്യ 45.

തൃതീയഃ സൎഗ്ഗഃ = മൂന്നാം സൎഗ്ഗം.

[ഹനൂമതാ ലങ്കാദുൎഗ്ഗാദിവൎണ്ണനം = ഹനുമാൻ ലങ്കയിലെ കോട്ടകൾ
മുതലായവയെ വൎണ്ണിക്കുന്നതു്.]

സുഗ്രീവസ്യ വചഃ ശ്രുത്വാ ഹേതുമത് പരമാൎത്ഥവിത്
പ്രതിജഗ്രാഹ കാകുത്സ്ഥോ ഹനുമന്തമഥാബ്രവീത്. 1

പരമാൎത്ഥവിത്	സൂക്ഷ്മതത്വഗ്രാഹി	പ്രതിജഗ്രാഹ;	അംഗീകരിച്ചു;
കാകുത്സ്ഥഃ,	കാകുത്സ്ഥൻ, [യായ	അഥ	അനന്തരം
സുഗ്രീവസ്യ	സുഗ്രീവന്റെ	ഹനുമന്തം	ഹനുമാനോടായി
ഹേതുമത്	യുക്തിയുക്തമായ	അബ്രവീത്.	ഇപ്രകാരം അരുളി ച്ചെയ്തു.
വചഃ ശ്രുത്വാ,	വാക്യത്തെ ചെവി ക്കൊണ്ടു്,		

തപസാ സേതുബന്ധേന സാഗരോച്ഛോഷണേന വാ
സൎവ്വഥാ സുസമൎത്ഥോഽസ്മി സാഗരസ്യാസ്യ ലംഘനേ. 2

"തപസാ	"തപഃപ്രഭാവത്താലാകട്ടെ	സൎവ്വഥാ	എപ്രകാരമായാലും
സേതുബന്ധേന	അണകെട്ടിയിട്ടാകട്ടെ	അസ്യ	ഈ
സാഗരോ-ച്ഛോഷണേന വാ	സമുദ്രത്തെ വററിച്ചു തന്നെയാകട്ടെ,	സാഗരസ്യ	സമുദ്രത്തെ
		ലംഘനേ	കടക്കുന്ന കാൎയ്യത്തിൽ
		സുസമൎത്ഥഃ അസ്മി.	ഞാൻ ധാരാളം സമ ൎത്ഥൻതന്നെ.

കതി ദുൎഗ്ഗാണി ദുൎഗ്ഗായാ ലങ്കായാ ബ്രൂഹി താനി മേ
ജ്ഞാതുമിച്ഛാമി തത്സൎവ്വം ദൎശനാദിവ വാനര 3
ബലസ്യ പരിമാണം ച ദ്വാരദുൎഗ്ഗക്രിയാമപി
ഗുപ്തികൎമ്മ ച ലങ്കായാ രക്ഷസാം സദനാനി ച. 4

"വാനര!	"ഹനുമാനേ!	ലങ്കായാഃ	ലങ്കയുടെ
ദുൎഗ്ഗായാഃ	അപ്രധൃഷ്യങ്ങളായ	ഗുപ്തികൎമ്മ ച	കാവലിനേയും
ലങ്കായാഃ	ലങ്കയിലുള്ള	രക്ഷസാം സദനാനി ച	രാക്ഷസന്മാരുടെ ഭവനങ്ങളേയും, ഇവ എല്ലാററിനേയും കുറിച്ചു്,
ദുൎഗ്ഗാണി കതി?	ദുൎഗ്ഗങ്ങൾ എത്രയുണ്ടു്?	മേ	എന്നോടു്
താനി,	അവയേയും,	ബ്രൂഹി;	വിവരിച്ചുരചെയ്യുക;
ബലസ്യ	സൈന്യത്തിന്റെ	തത് സൎവ്വം	അതിനെ എല്ലാം
പരിമാണം ച,	വലിപ്പത്തേയും,	ദൎശനാത് ഇവ	നേരിൽ കണ്ടപോലെ
ദ്വാരദുൎഗ്ഗ-ക്രിയാം അപി,	കോട്ടവാതിലുകളുടെ രക്ഷയ്ക്കായുള്ള ഏൎപ്പാടിനേയും,	ജ്ഞാതും	അറിവാൻ
		ഇച്ഛാമി.	ഞാൻ ആഗ്രഹിക്കുന്നു.

യഥാസുഖം യഥാവച്ച ലങ്കായാമസി ദൃഷ്ടവാൻ
സവ്വമാചക്ഷ്വ തത്വേന സവ്വഥാ കുശലോ ഹ്യസി. 5

" ലങ്കായാം	" ലങ്കയിൽ,	സവ്വം	എല്ലാററിനേയും
യഥാവത് ച	ഉള്ളപ്രകാരംതന്നെ	ആചക്ഷ്വ;	വിവരിക്കുക;
യഥാസുഖം ദൃഷ്ടവാൻ അസി;	എല്ലാററിനേയും നല്ലപോലെ ഭവാൻ കണ്ടിട്ടുണ്ടല്ലൊ;	ഹി	എന്തെന്നാൽ
തത്വേന	ഒന്നും വിടാതെ	സവ്വഥാ കുശലഃ അസി."	ഭവാൻ എന്തിലും സമത്ഥനാണല്ലൊ."

ശ്രുത്വാ രാമസ്യ വചനം ഹനുമാൻ മാരുതാത്മജഃ
പ്രണമ്യ ശിരസാ രാമം പ്രാഞ്ജലിഃ സുസമാഹിതഃ
വാക്യം വാക്യവിദാം ശ്രേഷ്ഠോ രാമം പുനരഥാബ്രവീത്. 6

മാരുതാത്മജഃ	വായുപുത്രനും	പ്രാഞ്ജലിഃ	അഞ്ജലിബന്ധം ചെയ്തുകൊണ്ട്
വാക്യവിദാം ശ്രേഷ്ഠഃ	വാക്യകുശലന്മാരിൽ വെച്ച് ഉത്തമനും ആയ	രാമം	ശ്രീരാഘവനോടായി
ഹനുമാൻ,	ഹനുമാൻ,	അഥ പുനഃ	അതിനെക്കുറിച്ചിപ്രകാരം
രാമസ്യ വചനം	ശ്രീരാമന്റെ അരുളപ്പാട്		
ശ്രുത്വാ,	കേട്ട്,	സുസമാഹിതഃ	നല്ല ഓമ്മയോടുംകൂടി
രാമം ശിരസാ പ്രണമ്യ	ശ്രീരാമനെ മുടിതാഴ്ത്തി കുമ്പിട്ട്,	വാക്യം	മറുപടി
		അബ്രവീത്.	ഉണത്തിച്ചു.

ശ്രൂയതാം സവ്വമാഖ്യാസ്യേ ദുഗ്ഗകമ്മവിധാനതഃ
ഗുപ്താ പുരീ യഥാ ലങ്കാ രക്ഷിതാ ച യഥാ ബലൈഃ 7
രാക്ഷസാശ്ച യഥാ സ്നിഗ്ദ്ധാ രാവണസ്യ ച തേജസാ
പരാം സമൃദ്ധിം ലങ്കായാഃ സാഗരസ്യ ച ഭീമതാം
വിഭാഗം ച ബലൌഘസ്യ നിദ്ദേശം വാഹനസ്യ ച. 8

" ദുഗ്ഗകമ്മവിധാനതഃ	കോട്ടകളുടെ വ്യവസ്ഥിതികൊണ്ട്	ലങ്കായാഃ	ലങ്കയിലുള്ള
യഥാ	എപ്രകാരം	പരാം സമൃദ്ധിം ച	അപരിമിതമായ സമൃദ്ധി എപ്രകാരമുള്ളതോ അവയെക്കുറിച്ചും,
ലങ്കാ പുരീ	ലങ്കാനഗരം		
ഗുപ്താ,	രക്ഷിക്കപ്പെട്ടതോ,	സാഗരസ്യ	സമുദ്രത്തിന്റെ
യഥാ	എപ്രകാരം	ഭീമതാം ച	ഭയങ്കരതയെക്കുറിച്ചും,
ബലൈഃ ച	സൈന്യങ്ങളാലും	ബലൌഘസ്യ വിഭാഗം ച	സൈന്യനിവഹത്തിന്റെ വകുപ്പിനെപ്പററിയും,
രക്ഷിതാ,	സംരക്ഷിക്കപ്പെട്ടതോ,		
രാക്ഷസാഃ	രാക്ഷസന്മാർ		
യഥാ	എപ്രകാരം	വാഹനസ്യ	വാഹനത്തിന്റെ
സ്നിഗ്ദ്ധാഃ ച	സ്നേഹത്തോടുകൂടിയവരായിരിക്കുന്നുവോ	നിദ്ദേശം ച	കണക്കിനെക്കുറിച്ചും
		സവ്വം	എല്ലാം
രാവണസ്യ	രാവണന്റെ	ആഖ്യാസ്യേ,	ഞാൻ ഉണത്തിക്കാം,
തേജസാ	പ്രഭാവത്താൽ	ശ്രൂയതാം."	ചെവിക്കൊണ്ടാലും."

ഏവമുക്ത്വാ കപിശ്രേഷ്ഠഃ കഥയാമാസ തത്ത്വതഃ. 9

കപിശ്രേഷ്ഠഃ	വാനരോത്തമൻ
ഏവം	ഇപ്രകാരം
ഉക്ത്വാ	ഉണൎത്തിച്ചശേഷം
തത്ത്വതഃ	വാസ്തവത്തെ
കഥയാമാസ.	ഇപ്രകാരം ബോധിപ്പിച്ചു.

ഹൃഷ്ടപ്രമുദിതാ ലങ്കാ മത്തദ്വിപസമാകുലാ
മഹതീ രഥസംപൂൎണ്ണാ രക്ഷോഗണസമാകുലാ
വാജിഭിശ്ച സുസംപൂൎണ്ണാ സാ പുരീ ദുൎഗ്ഗമാ പരൈഃ. 10

"സാ ലങ്കാ പുരീ	"ആ ലങ്കാപുരം
ഹൃഷ്ടപ്രമുദിതാ;	തൃപ്തിയും സന്തുഷ്ടിയുമാൎന്നതാകുന്നു;
മത്തദ്വിപസമാകുലാ	മദിച്ച ആനകളാൽ നിറയപ്പെട്ടതും
രഥസംപൂൎണ്ണാ	രഥങ്ങൾ തിങ്ങിയതും
രക്ഷോഗണസമാകുലാ	രാക്ഷസഗണങ്ങളാൽ നിറയപ്പെട്ടതും
വാജിഭിഃ	കുതിരകളാൽ
സുസംപൂൎണ്ണാ	ധാരാളം പൂൎണ്ണമായതും
മഹതീ	അതിവിശാലമായതും
പരൈഃ ച ദുൎഗ്ഗമാ.	അന്യരാൽ തീരെ ദുഷ്പ്രവേശ്യമായതുമാകുന്നു.

ദൃഢബദ്ധകവാടാനി മഹാപരിഘവന്തി ച
ദ്വാരാണി വിപുലാന്യസ്യാശ്ചത്വാരി സുമഹാന്തി ച. 11

"അസ്യാഃ	"ഈ നഗരത്തിന്ന്
ദൃഢബദ്ധകവാടാനി	ഉറപ്പുള്ളതായുണ്ടാക്കപ്പെട്ട വാതിലുകളാന്നവയും
മഹാപരിഘവന്തി ച	വമ്പിച്ച തഴുതുകളോടുകൂടിയവയും
വിപുലാനി ച	വിശാലങ്ങളും ആയ
ചത്വാരി	നാലു്
സുമഹാന്തി	ഊക്കൻ
ദ്വാരാണി.	കോട്ടവാതിലുകൾ ഉണ്ടു്.

തത്രേഷൂപലയന്ത്രാണി ബലവന്തി മഹാന്തി ച
ആഗതം പരസൈന്യം തു തത്ര തൈഃ പ്രതിഹന്യതേ. 12

"തത്ര	"അവയിൽ
ബലവന്തി	ശക്തിയേറിയവയും
മഹാന്തി ച	വമ്പിച്ചവയും ആയ
ഇഷൂപലയന്ത്രാണി;	ബാണങ്ങളും കല്ലുകളും പ്രയോഗിപ്പാനുള്ള യന്ത്രങ്ങളുണ്ടു്;
തൈഃ	അവയെക്കൊണ്ടു്
ആഗതം	എതിരിട്ട
പരസൈന്യം	ശത്രുസൈന്യം
തത്ര തു	തത്ക്ഷണംതന്നെ
പ്രതിഹന്യതേ.	നശിപ്പിക്കപ്പെടുന്നു.

ദ്വാരേഷു സംസ്കൃതാ ഭീമാഃ കാലായസമയാഃ ശിതാഃ
ശതശോ രചിതാ വീരൈഃ ശതഘ്ന്യോ രക്ഷസാം ഗണൈഃ. 13

"ദ്വാരേഷു	"കോട്ടവാതിലുകളിൽ
വീരൈഃ	വീരന്മാരായ
രക്ഷസാം ഗണൈഃ	രാക്ഷസന്മാരുടെ സംഘങ്ങളാൽ,
ഭീമാഃ	ഭയങ്കരങ്ങളും
കാലായസമയാഃ	കാരുരുക്കുകൊണ്ടു് നിൎമ്മിക്കപ്പെട്ടവയും
ശിതാഃ	മൂൎച്ചയുള്ളവയും ആയ
ശതഘ്ന്യഃ	പീരങ്കികൾ
ശതശഃ	നൂറുക്കണക്കായി
സംസ്കൃതാഃ	എപ്പോഴും തയ്യാറായി
രചിതാഃ.	വെക്കപ്പെട്ടിരിക്കുന്നു.

സൌവർണ്ണശ്ച മഹാംസ്തസ്യാഃ പ്രാകാരോ ദുഷ്പ്രധർഷണഃ
മണിവിദ്രുമവൈഡൂര്യ്യമുക്താവിരചിതാന്തരഃ. 14

"തസ്യാഃ	"അതിന്നു	ദുഷ്പ്രധർഷണഃ	ഇളക്കപ്പെടുവാൻ കഴിയാത്തതും ആയ
സൌവർണ്ണഃ	സ്വർണ്ണംകൊണ്ടുണ്ടാക്കപ്പെട്ടതും	മഹാൻ ച പ്രാകാരഃ.	വമ്പിച്ച ഒരു മതിലും ഉണ്ട്.
മണിവിദ്രുമ-വൈഡൂര്യ്യ-മുക്താവിരചിതാന്തരഃ	മാണിക്യം, പവിഴം, വൈഡൂര്യ്യം, നന്മുത്ത് എന്നവയാൽ ഇടകളിൽ പതിക്കപ്പെട്ടതും		

സർവ്വതശ്ച മഹാഭീമാഃ ശീതതോയവഹാഃ ശുഭാഃ
അഗാധാ ഗ്രാഹവത്യശ്ച പരിഖാ മീനസംകുലാഃ. 15

"സർവ്വതഃ	"ചുററും	ഗ്രാഹവത്യഃ ച	മുതലകൾ നിറഞ്ഞവയും
ശീതതോയ-വഹാഃ	തണുത്ത വെള്ളം നിറഞ്ഞവയും	മീനസംകുലാഃ	മത്സ്യങ്ങൾ ധാരാളമുള്ളവയും
ശുഭാഃ	ഭംഗിയാന്നവയും	മഹാഭീമാഃ ച	അതിഭയങ്കരങ്ങളുമായ
അഗാധാഃ	അഗാധമായവയും	പരിഖാഃ.	അകിഴകൾ ഉണ്ട്.

ദ്വാരേഷു താസാം ചത്വാരഃ സംക്രമാഃ പരമായതാഃ
യന്ത്രൈരുപേതാ ബഹുഭിർമ്മഹദ്ഭിർഗൃഹപംക്തിഭിഃ 16

"താസാം ദ്വാരേഷു	"അവയുടെ വാതില്ക്കൾ തോറും,	മഹദ്ഭിഃ	വമ്പിച്ച
പരമായതാഃ	അതിവിശാലമായവയും	ഗൃഹ-പംക്തിഭിഃ	(കാവൽ)പ്പുരകളുടെ നിരകളോടും
		ഉപേതാഃ	കൂടിയവയായ
ബഹുഭിഃ യന്ത്രൈഃ	പല യന്ത്രങ്ങളോടും	ചത്വാരഃ സംക്രമാഃ.	നാലു പാലങ്ങളുമുണ്ട്.

ത്രായന്തേ സംക്രമാസ്തത്ര പരസൈന്യാഗമേ സതി
യന്ത്രൈസ്തൈരവകീര്യ്യന്തേ പരിഖാസു സമന്തതഃ. 17

"സംക്രമാഃ ത്രായന്തേ;	"ആ പാലങ്ങൾ നല്ലപോലെ രക്ഷിക്കപ്പെടുന്നു;	തൈഃ	ആ
		യന്ത്രൈഃ	യന്ത്രങ്ങളെക്കൊണ്ട്
		സമന്തതഃ	ചുററും
തത്ര	അവിടെ	പരിഖാസു	കിടങ്ങുകളിൽ
പരസൈന്യാ-ഗമേ സതി	ശത്രുസൈന്യം കയറിച്ചെന്നാൽ,	അവകീര്യ്യന്തേ.	തള്ളിച്ച് വീഴ്ത്തപ്പെടുന്നു.

ഏകസ്ത്വകമ്പ്യോ ബലവാൻ സംക്രമഃ സുമഹാദൃഢഃ
കാഞ്ചനൈർബ്ബഹുഭിഃ സ്തംഭൈർവ്വേദികാഭിശ്ച ശോഭിതഃ. 18

"ഏകഃ സംക്രമഃ	"ഒരു പാലം
തു	പ്രത്യേകിച്ചും
സുമഹാദൃഢഃ	വളരെ വലുതായും ഉറപ്പുള്ളതായും
അകംപ്യഃ	ആരാലും ഇളക്കപ്പെട്ടുവാൻ കഴിയാത്തതായും
ബലവാൻ;	സ്ഥിരമായുമിരിക്കുന്നു
ബഹുഭിഃ	പല . [ണ്ട്;
കാഞ്ചനൈഃ സ്തംഭൈഃ	സ്വർണ്ണസ്തംഭങ്ങളെക്കൊണ്ടും
വേദികാഭിഃ ച	തറകളെക്കൊണ്ടും
ശോഭിതഃ.	മനോഹരമായിരിക്കുന്നു.

സ്വയം പ്രകൃതിസമ്പന്നോ യുയുത്സു രാമ രാവണഃ
ഉത്ഥിതശ്ചാപ്രമത്തശ്ച ബലാനാമനുദർശനേ. 19

"രാമ!	"ശ്രീരാമ!
രാവണഃ	രാവണൻ
പ്രകൃതി- സമ്പന്നഃ	പ്രകൃതിസിദ്ധമായ ഗുണങ്ങളോടുകൂടിയവനായി
യുയുത്സുഃ	യുദ്ധേച്ഛുവായി
ഉത്ഥിതഃ ച	ജാഗ്രതയോടുകൂടിയവനായി,
ബലാനാം അനുദർശനേ	സേനകളുടെ മേൽനോട്ടത്തിൽ
സ്വയം അപ്രമത്തഃ ച.	താൻതന്നെ ശ്രദ്ധയോടുകൂടിയവനായിരിക്കുന്നു

ലങ്കാ പുനന്നിരാലംബാ ദേവദുർഗ്ഗാ ഭയാവഹാ
നാദേയം പാർവ്വതം വാന്യം കൃത്രിമം ച ചതുർവ്വിധം. 20·

"ലങ്കാ	"ലങ്കാനഗരം
നിരാലംബാ;	കയറിച്ചെല്ലുവാൻ ഒരു അവലംബവും ഇല്ലാത്തതായിരിക്കുന്നു;
ദേവദുർഗ്ഗാ,	ദേവന്മാരാലുംകൂടി ദുർഗ്ഗമമായി
ഭയാവഹാ;	ഭയങ്കരമായുമിരിക്കുന്നു;
പുനഃ	എന്നുതന്നെയല്ല
ചതുർവ്വിധം	നാലുപ്രകാരത്തിൽ
നാദേയം	ജലദുർഗ്ഗമായും
പാർവ്വതം	പർവ്വതദുർഗ്ഗമായും
വാന്യം	വനദുർഗ്ഗമായും
കൃത്രിമം,	കൃത്രിമദുർഗ്ഗമായും
ച.	ഇരിക്കുന്നു.

["നിരാലംബാ," ചുററുമുള്ള ത്രികൂടഗിരിയിലെ പാറകൾ മിനുസപ്പെടുത്തപ്പെട്ടതിനാൽ കയറിച്ചെല്ലുവാൻ കഴിയാത്തതു് (ഗോ. രാ.); "ആകാശത്തിൽ തൂങ്ങിനില്ക്കുന്നതുപോലെ അത്ര ഉയരത്തിൽ കയറിച്ചെല്ലുവാൻ പ്രയാസമായതു്" (സ).]

സ്ഥിതാ പാരേ സമുദ്രസ്യ ദൂരപാരസ്യ രാഘവ
നൗപഥോഽപി ച നാസ്ത്യത്ര നിരാദേശശ്ച സർവ്വതഃ. 21

"രാഘവ!	"ശ്രീരാഘവ!
ദൂരപാരസ്യ	എത്രയോ ദൂരത്തിൽ കരകളുള്ള
സമുദ്രസ്യ	സമുദ്രത്തിന്റെ
പാരേ	അങ്ങേക്കരയിൽ
സ്ഥിതാ;	വർത്തിക്കുന്നു;
അത്ര	അവിടെക്കിൽ
നൗപഥഃ അപി	കപ്പൽവഴിയുംകൂടി
ന അസ്തി;	ഇല്ല;
സർവ്വതഃ	എങ്ങും
നിരാദേശഃ ച	വർത്തമാനത്തിന്റെ സഞ്ചാരമില്ലാത്തതായും
ച.	ഇരിക്കുന്നു.

ശൈലാഗ്രേ രചിതാ ദുർഗ്ഗാ സാ പൂർദേവപുരോപമാ
വാജിവാരണസംപൂർണ്ണാ ലങ്കാ പരമദുർജ്ജയാ. 22

"സാ	"ആ	പരമദുർജ്ജയാ	ഒന്നിനാലും ജയിക്കപ്പെട്ടുവാൻ കഴിയാത്തതായി
ലങ്കാ പൂഃ	ലങ്കാപുരം	ദേവപുരോപമാ	ദേവനഗരംപോലെയുള്ളതായി
ശൈലാഗ്രേ	ഗിരിശിഖരത്തിൽ	വാജിവാരണ-സംപൂർണ്ണാ.	കുതിരകളാലും ആനകളാലും നിറയപ്പെട്ടതായിരിക്കുന്നു.
രചിതാ;	നിർമ്മിക്കപ്പെട്ടതാകുന്നു;		
ദുർഗ്ഗാ	ആരാലും പ്രവേശിപ്പാൻ കഴിയാത്തതായി		

[ഗജേന്ദ്രമോക്ഷം കഴിഞ്ഞു് വൈകുണ്ഠത്തിലേക്ക് മടങ്ങിയസമയം, ഗരുഡന്നു് വിശപ്പു് അധികമായിരുന്നതിനാൽ ആഹാരം യാചിച്ചപ്പോൾ, മുതിപ്പെട്ടുകിടന്നിരുന്ന ആനയുടേയും മുതലയുടേയും ശരീരങ്ങളെ ഭുജിച്ചുകൊൾവാൻ ഭഗവാൻ പറഞ്ഞതായും, ഗരുഡൻ അവിടെവന്നു്, ആ സമയം അവിടെ ആ മാംസങ്ങളെ ഭുജിപ്പാൻ എത്തിയിരുന്ന ഒരു കഴുകിനെ വധിച്ചു് അതിനെ ഒരു കാലിലും, മുതലയേയും ആനയേയും മറെറാരു കാലിലും എടുത്തുകൊണ്ടു് സമുദ്രതീരത്തിൽ ഒരു സ്വർണ്ണമയമായ വടവൃക്ഷക്കൊമ്പിൽ ചെന്നിരിക്കയും, ഭാരംകൊണ്ടു് അതു മുറിഞ്ഞപ്പോൾ അതിൽ തപസ്സുചെയ്തുകൊണ്ടു് തൂങ്ങിക്കിടന്നിരുന്ന വാലഖില്യരെന്ന മുനിമാരെ രക്ഷിപ്പാനായി അതിനേയും പുറത്തു് എടുത്തുകൊണ്ടുപോകുമ്പോൾ, പിതാവായ കശ്യപനെക്കണ്ടു് അദ്ദേഹത്തിന്റെ വാക്യപ്രകാരം സമുദ്രമദ്ധ്യത്തിൽ ലങ്കാദ്വീപിൽചെന്നു് അവിടെവെച്ചു് കഴുകിനേയും മുതലയേയും ആനയേയും തിന്നുകയും ചെയ്തു. ഇവയുടെ അസ്ഥികൂടങ്ങൾ മൂന്നായി കുന്നിച്ചു് ത്രികൂടമായി എന്നു് ആനന്ദരാമായണത്തിൽ പറയപ്പെട്ടിരിക്കുന്നു. ('സാരകാണ്ഡം 9-ാംസർഗ്ഗം). ആരണ്യകാണ്ഡം 35-ാം സർഗ്ഗത്തിൽ 28 മുതൽ 37 കൂടി ശ്ലോകങ്ങൾ നോക്കുക.]

പരിഘാശ്ച ശതഘ്ന്യശ്ച യന്ത്രാണി വിവിധാനി ച
ശോഭയന്തി പുരീം ലങ്കാം രാവണസ്യ ദുരാത്മനഃ. 23

"ദുരാത്മനഃ	"ദുഷ്ടനായ	ശതഘ്ന്യഃ ച	പീരങ്കികളും
രാവണസ്യ	രാവണന്റെ	വിവിധാനി	പല
ലങ്കാം പുരീം,	ആ ലങ്കാപുരത്തെ,	യന്ത്രാണി ച	യന്ത്രപ്പണികളും
പരിഘാഃ ച	കിടങ്ങുകളും	ശോഭയന്തി.	പ്രകാശിപ്പിക്കുന്നു.

അയുതം രക്ഷസാമത്ര പൂർവ്വദ്വാരം സമാശ്രിതം
ശൂലഹസ്താ ദുരാധർഷാഃ സർവ്വേ ഖഡ്ഗാഗ്രയോധിനഃ. 24

"അത്ര	"ഇതിൽ	സർവ്വേ	എല്ലാവരും
പൂർവ്വദ്വാരം	കിഴക്കെ കോട്ടവാതിലുക്കൽ	ശൂലഹസ്താഃ	ശൂലഹസ്തന്മാരായി
രക്ഷസാം അയുതം	പതിനായിരം അരക്കന്മാർ	ദുരാധർഷാഃ	അജയ്യന്മാരായി
സമാശ്രിതം;	കാവൽ കാത്തുനില്ക്കുന്നു;	ഖഡ്ഗാഗ്ര-യോധിനഃ.	വാൾമുനകൊണ്ടു് പൊരുതുന്നവരാകുന്നു.

നിയുതം രക്ഷസാമത്ര ദക്ഷിണദ്വാരമാശ്രിതം
ചതുരംഗേണ സൈന്യേന യോധാസ്തത്രാപ്യനുത്തമാഃ. 25

"അത്ര	"ഈ നഗരത്തിൽ
രക്ഷസാം നിയുതം	ലക്ഷം രാക്ഷസർ
ദക്ഷിണദ്വാരം	തെക്കെ കോട്ടവാതിൽക്കൽ
ചതുരംഗേണ സൈന്യേന അപി	ചതുരംഗപ്പടയോടുകൂടി തന്നെ
ആശ്രിതം;	കാക്കുന്നു;
തത്ര	അവിടെയുള്ള
യോധാഃ	പടയാളികൾ
അനുത്തമാഃ.	നിസ്തുല്യന്മാരാകുന്നു.

പ്രയുതം രക്ഷസാമത്ര പശ്ചിമദ്വാരമാശ്രിതം
ചർമ്മഖഡ്ഗധരാഃ സർവ്വേ തഥാ സർവ്വാസ്ത്രകോവിദാഃ. 26

"അത്ര	"ഇതിൽ
രക്ഷസാം പ്രയുതം	പത്തുലക്ഷം രാക്ഷസർ
പശ്ചിമദ്വാരം	പടിഞ്ഞാറെ വാതിൽക്കൽ
ആശ്രിതം;	കാത്തുനില്ക്കുന്നു;
തഥാ	അപ്രകാരംതന്നെ
സർവ്വേ	എല്ലാവരും
ചർമ്മഖഡ്ഗധരാഃ	പരിചയും വാളും ധരിച്ചവരായി
സർവ്വാസ്ത്രകോവിദാഃ.	സർവ്വവിധത്തിലുള്ള അസ്ത്രങ്ങളിലും നൈപുണ്യമുള്ളവരാകുന്നു.

ന്യർബുദം രക്ഷസാമത്ര ഉത്തരദ്വാരമാശ്രിതം
രഥിനശ്ചാശ്വവാഹാശ്ച കുലപുത്രാഃ സുപൂജിതാഃ. 27

"അത്ര	"ഇതിൽ
ന്യർബുദം രക്ഷസാം	പത്തുകോടി അരക്കന്മാർ
ഉത്തരദ്വാരം	വടക്കെ കോട്ടവാതിൽക്കൽ
ആശ്രിതം;	കാത്തുനില്ക്കുന്നുണ്ട്;
രഥിനഃ ച	തേരാളികളും
അശ്വവാഹാഃ ച	കുതിരപ്പടയാളികളും
കുലപുത്രാഃ	നല്ല തറവാടികളും ആയ അവർ
സുപൂജിതാഃ.	നല്ലപോലെ കൊണ്ടാടപ്പെട്ടവരാകുന്നു.

ശതശോഽഥ സഹസ്രാണി മദ്ധ്യമം സ്കന്ധമാശ്രിതാഃ
യാതുധാനാ ദുരാധർഷാഃ ശതകോടിശ്ച രക്ഷസാം. 28

"അഥ	"ഇതുകൂടാതെ
മദ്ധ്യമം സ്കന്ധം	മദ്ധ്യപ്രദേശത്തെ
ആശ്രിതാഃ	കാക്കുന്ന
യാതുധാനാഃ	രാക്ഷസന്മാർ
ശതശഃ	പലപല
സഹസ്രാണി;	ആയിരങ്ങളാണ്;
ദുരാധർഷാഃ;	വെല്ലുവാൻ കഴിയാത്തവർ;
ച	ആകെ
രക്ഷസാം ശതകോടിഃ.	ഈ രാക്ഷസരുടെ എണ്ണം നൂറുകോടിയുണ്ട്.

ബലൈകദേശഃ ക്ഷപിതോ രാക്ഷസാനാം ദുരാത്മനാം. 29

" ദുരാത്മനാം	" ദുഷ്ടന്മാരായ	ബലൈകദേശഃ	സൈന്യത്തിന്റെ ഒരു
രാക്ഷസാനാം	രാക്ഷസന്മാരുടെ	ക്ഷപിതഃ.	നശിപ്പിക്കപ്പെട്ടു.[ഭാഗം

തേ മയാ സംക്രമാ ഭഗ്നാഃ പരിഖാശ്ചാവപൂരിതാഃ
ദഗ്ദ്ധാ ച നഗരീ ലങ്കാ പ്രാകാരാശ്ചാവസാദിതാഃ. 30

" മയാ	" എന്നാൽ	ലങ്കാ നഗരീ ച	ലങ്കാനഗരവും
തേ സംക്രമാഃ	ആ പാലങ്ങൾ	ദഗ്ദ്ധാ ;	ചുട്ടെരിക്കപ്പെട്ടു ;
ഭഗ്നാഃ ;	തകർക്കപ്പെട്ടു ;		
പരിഖാഃ ച	കിടങ്ങുകളും	പ്രാകാരാഃ ച	മതിലുകളും
അവപൂരിതാഃ ;	തൂർക്കപ്പെട്ടു ;	അവസാദിതാഃ.	ഇടിച്ചുതള്ളപ്പെട്ടു.

യേന കേന ച മാർഗ്ഗേണ തരാമ വരുണാലയം. 31

" യേന	" ഏപ്രകാരമെങ്കിലും	മാർഗ്ഗേണ	ഉപായം കയ്ക്കൊണ്ട്
		വരുണാലയം	സമുദ്രത്തെ
കേന ച	വല്ലതും ഒരു	തരാമ.	നമുക്ക് കടക്കാം.

ഹതേതി നഗരീ ലങ്കാ വാനരൈരവധാര്യതാം. 32

" വാനരൈഃ	" വാനരന്മാരാൽ	ഹതാ ഇതി	നശിപ്പിക്കപ്പെട്ടു എന്ന്
		അവധാര്യതാം.	തിരുവുള്ളത്തിൽ ബോധിച്ചാലും.
ലങ്കാ നഗരീ	ലങ്കാനഗരം		

അംഗദോ ദ്വിവിദോ മൈന്ദോ ജാംബവാൻ പനസോ നളഃ
നീലഃ സേനാപതിശ്ചൈവ ബലശേഷേണ കിം തവ 33
പ്ലവമാനാ ഹി ഗത്വാ താം രാവണസ്യ മഹാപുരീം
സപർവ്വതവനാം ഭിത്വാ സഖാതാം സപ്രതോരണാം
സപ്രാകാരാം സഭവനാമാനയിഷ്യന്തി മൈഥിലീം. 34

" അംഗദഃ,	" അംഗദനും	സപർവ്വതവനാം	പർവ്വതങ്ങളും വനങ്ങളും അടക്കം
ദ്വിവിദഃ	ദ്വിവിദനും		
മൈന്ദഃ	മൈന്ദനും	സഖാതാം	കിടങ്ങുകളടക്കം
ജാംബവാൻ	ജാംബവാനും	സപ്രതോരണാം	കോട്ടവാതിലുകളടക്കം
പനസഃ	പനസനും	സപ്രാകാരാം	മതിലുകളടക്കം
നളഃ	നളനും	സഭവനാം	മാളികകളോടുംകൂടി
സേനാപതിഃ }	സൈന്യാധിപനായ	ഭിത്വാ,	പൊടിപെടുത്ത്,
നീലഃ ഏവ, }	നീലനും, തനിച്ച്	മൈഥിലീം	മൈഥിലീദേവിയെ
രാവണസ്യ	രാവണന്റെ	ആനയിഷ്യന്തി ;	കൊണ്ടുവരുന്നതാണ് ;
മഹാപുരീം	വൻ നഗരത്തിലേക്ക്	ബലശേഷേണ	ബാക്കിയുള്ള സൈന്യത്തെക്കൊണ്ട്
പ്ലവമാനാഃ ഹി	ചാടിത്തന്നെ		
ഗത്വാ,	ചെന്ന്,	തവ	നിന്തിരുവടിക്ക്
താം	അതിനെ	കിം ച ?	എന്തുപ്രയോജനം ?

ഏവമാജ്ഞാപ്യ ക്ഷിപ്രം ബലാനാം സർവ്വസംഗ്രഹം
മുഹൂർത്തേന തു യുക്തേന പ്രസ്ഥാനമഭിരോചയ. 35

" ബലാനാം	" സൈന്യങ്ങളിൽ വെച്ച്	ആജ്ഞാപ്യ ;	കല്പിച്ചരുളിയാലും ;
സർവ്വസംഗ്രഹം	സർവ്വസാരവത്തായ ഈ അധിപഗണത്തോടായി	യുക്തേന മുഹൂർത്തേന തു	അടുത്ത ശുഭമുഹൂർത്തത്തിൽതന്നെ
ഏവം	ഇച്ചൊന്നപ്രകാരം	പ്രസ്ഥാനം	യാത്രയെ
ക്ഷിപ്രം	ഉടനെ	അഭിരോചയ.	കല്പിച്ച് നിശ്ചയിച്ചാലും. "

ഇത്യാർഷേ ശ്രീമദ്രാമായണേ വാല്മീകീയേ ആദികാവ്യേ യുദ്ധകാണ്ഡേ
തൃതീയഃ സർഗ്ഗഃ = മൂന്നാംസർഗ്ഗം സമാപ്തം.

ആദ്യം മുതൽ ശ്ലോകസംഖ്യ 14755 ; യുദ്ധകാണ്ഡം ആദ്യം മുതൽ ശ്ലോകസംഖ്യ 80.

ചതുർത്ഥഃ സർഗ്ഗഃ = നാലാംസർഗ്ഗം.

[ദണ്ഡയാത്രാ = യുദ്ധത്തിന്നായുള്ള യാത്ര.]

ശ്രുത്വാ ഹനുമതോ വാക്യം യഥാവദനുപൂർവ്വശഃ
തതോऽബ്രവീന്മഹാതേജാ രാമഃ സത്യപരാക്രമഃ. 1

മഹാതേജാഃ	മഹാതേജസ്വിയും	യഥാവത്	വഴിപോലെ
സത്യപരാക്രമഃ	വ്യർത്ഥമാകാത്ത പരാക്രമത്തോടുകൂടിയവ	അനുപൂർവ്വശഃ	ആസകലം
രാമഃ,	ശ്രീരാമൻ, [നും ആയ	ശ്രുത്വാ,	ചെവിക്കൊണ്ട്,
ഹനുമതഃ വാക്യം	ഹനുമാന്റെ വാക്യത്തെ	തതഃ അബ്രവീത്.	അതിൽപിന്നെ ഇപ്രകാരം അരുളിച്ചെയ്തു.

യാം നിവേദയസേ ലങ്കാം പുരീം ഭീമസ്യ രക്ഷസഃ
ക്ഷിപ്രമേനാം വധിഷ്യാമി സത്യമേതദ്ബ്രവീമി തേ. 2

" ഭീമസ്യ	" ഭയങ്കരനായ	ക്ഷിപ്രം	ഇക്ഷണം
രക്ഷസഃ	ആ രാക്ഷസന്റെ	വധിഷ്യാമി ;	ഞാൻ തകർത്തുകളയു
യാം	യാതൊരു	തേ	ഭവാനോട് [ന്നുണ്ട് ;
ലങ്കാം പുരീം	ലങ്കാനഗരത്തെക്കുറിച്ച്	ഏതത്	ഇതിനെ
നിവേദയസേ,	ഭവാൻ വിവരിക്കുന്നുവോ,	സത്യം	സത്യമായും
ഏനാം	അപ്രകാരമുള്ളതിനെ	ബ്രവീമി.	ഞാൻ പറയുന്നു.

അസ്മിൻ മുഹൂൎത്തേ സുഗ്രീവ പ്രയാണമഭിരോചയ
യുക്തോ മുഹൂൎത്തോ വിജയഃ പ്രാപ്തോ മദ്ധ്യം ദിവാകരഃ. 3

"ദിവാകരഃ	"ആദിത്യദേവൻ
മദ്ധ്യം പ്രാപ്തഃ	നട്ടുച്ചയായിരിക്കുന്ന
വിജയഃ മുഹൂൎത്തഃ	ഈ വിജയമുഹൂൎത്തം
യുക്തഃ;	തക്കതുതന്നെ;
സുഗ്രീവ!	സുഗ്രീവ!
അസ്മിൻ മുഹൂൎത്തേ	ഈ മുഹൂൎത്തത്തിൽ തന്നെ
പ്രയാണം അഭിരോചയ.	യാത്ര നിശ്ചയിക്കുക.

അസ്മിൻ മുഹൂൎത്തേ വിജയേ പ്രാപ്തേ മദ്ധ്യം ദിവാകരേ
സീതാം ഹൃത്വാ തു മേ ജാതു ക്വാസൌ യാസ്യതി യാസ്യതഃ. 4

"ദിവാകരേ	"സൂൎയ്യൻ
മദ്ധ്യം പ്രാപ്തേ	മദ്ധ്യംഗതനായിരിക്കെ,
അസ്മിൻ	ഈ
വിജയേ	വിജയമെന്ന
മുഹൂൎത്തേ	മുഹൂൎത്തത്തിൽ
മേ	ഞാൻ
യാസ്യതഃ	യാത്രചെയ്യുമ്പോൾ,
അസൌ	ഇവൻ
സീതാം തു	സീതയേയും
ഹൃത്വാ	അപഹരിച്ച്,
ജാതു	എങ്ങിനെതന്നെയാണു
ക്വ യാസ്യതി?	എങ്ങാനും ഓടിപ്പോവുക?

[സൂൎയ്യൻ നട്ടുച്ചയായിരിക്കുന്നതുകൊണ്ട് ഇതു് വിജയപ്രദമായ അഭിജിത്ത് എന്ന മുഹൂൎത്തമാണെന്നു് ബോദ്ധ്യം. ബാലകാണ്ഡം 73-ാംസൎഗ്ഗം 9-ാംശ്ലോകത്തിലെ കുറിപ്പ് കാണുക. കിഷ്കിന്ധാകാണ്ഡം 63-ാംസൎഗ്ഗം ഒടുവിലത്തെ ശ്ലോകവും നോക്കുക. അഭിജിത്തെന്ന മുഹൂൎത്തം ഉത്പാതം, വിഷ്ടി, വ്യതീപാതം ഇത്യാദിയായ സകല മുഹൂൎത്തദോഷങ്ങളേയും പരിഹരിക്കുന്നു എന്നും ദക്ഷിണദിക്കിലേക്കല്ലാതെ മറ്റെല്ലാ ദിക്കുകളിലേക്കുംഉള്ള യാത്ര കാൎയ്യസിദ്ധിപ്രദമാണെന്നും പറയപ്പെടുന്നു. "ഉത്പാതവിഷ്ടി വ്യതിപാതപൂൎവ്വാൻ നിഹന്തി ദോഷാനഭിജിന്മുഹൂൎത്തഃ കരോതി യാമ്യാമപഹായ കാഷ്ഠാം ദിഗന്തരാണി വ്രജതോഽൎത്ഥസിദ്ധിം" (മുഹൂൎത്തമാധവീയം). "ഭൃഗൌ ദക്ഷിണയാത്രായാം പ്രതിഷ്ഠായാം ദ്വിജന്മനി ആധാനേ ച ധ്വജാരോഹേ മൃത്യുദഃ സ്യാത് സദാഽഭിജിത്" (ജ്യൌതിഷ്ക രത്നാകരം) എന്നുണ്ടെങ്കിലും ലങ്ക കിഷ്കിന്ധയുടെ തെക്കുകിഴക്ക് ഭാഗത്തിലാകയാൽ ഈ ദോഷമില്ലെന്നു് കാണുക. (എന്നു് ഗോ. രാ).]

സീതാ ശ്രുത്വാഽഭിയാനം മേ ആശാമേഷ്യതി ജീവിതേ
ജീവിതാന്തേഽമൃതം സ്പൃഷ്ട്വാ പീത്വാ വിഷമിവാതുരഃ. 5

"വിഷം	"വിഷം
പീത്വാ	കുടിച്ച്
ആതുരഃ	തപിക്കുന്ന ഒരുവൻ
ജീവിതാന്തേ	പ്രാണൻ പോകുന്ന സമയം
അമൃതം	അമൃതത്തെ
സ്പൃഷ്ട്വാ	സ്പൎശിച്ചാൽ
ഇവ,	എപ്രകാരമോ അപ്രകാരം
മേ അഭിയാനം	എന്റെ വരവിനെ
ശ്രുത്വാ,	കേട്ട്,
സീതാ	സീത
ജീവിതേ	ജീവനിൽ
ആശാം ഏഷ്യതി.	ആശ വെക്കുന്നതാണ്.

ഉപരിഷ്ടാദ്ധി നയനം സ്ഫുരമാണമിദം മമ
വിജയം സമനുപ്രാപ്തം ശംസതീവ മനോരഥം. 9

"മമ	"എന്റെ	മനോരഥം	ഇഷ്ടപ്പെട്ടതായ
ഇദം നയനം	ഈ കണ്ണ്	വിജയം	വിജയം
ഉപരിഷ്ടാത്	മുകൾഭാഗത്തിൽ	സമനുപ്രാപ്തം ഇവ	സമീപിച്ചതായ്ത്തന്നെ
സ്ഫുരമാണം	തുടിച്ചുകൊണ്ടിരിക്കുന്നു		
ഹി,	എന്നു കാരണത്താൽ	ശംസതി."	അറിയിക്കുന്നു."

["നേത്രസ്യാധഃ സ്ഫുരണമസകൃത്സംഗരേ ഭംഗഹേതുർ-
നേത്രോപാന്തേ ഹരതി നയനം നേത്രമൂലേ ച മൃത്യുഃ-
നേത്രസ്യോർദ്ധ്വം ഹരതി സകലം മാനസം ദുഃഖജാതം
വാമേ ചൈവം ഫലമവികലം ദക്ഷിണേ വൈപരീത്യം."
എന്നു ജ്യോതിഃശാസ്ത്രവചനപ്രകാരം എടത്തെ കണ്ണിന്റെ ഉപരിഭാഗം തുടിച്ചുകൊണ്ടിരുന്നു എന്നു ഗ്രാഹ്യം. എന്നു ഗോ. രാ.]

തതോ വാനരരാജേന ലക്ഷ്മണേന ച പൂജിതഃ
ഉവാച രാമോ ധർമ്മാത്മാ പുനരപ്യർത്ഥകോവിദഃ. 10

അർത്ഥകോവിദഃ	കാര്യസാരജ്ഞനും	ലക്ഷ്മണേന ച	ലക്ഷ്മണനാലും
ധർമ്മാത്മാ	ധർമ്മാത്മാവും ആയ	പൂജിതഃ,	അനുമോദിക്കപ്പെട്ടവനായി,
രാമഃ	ശ്രീരാമൻ		
തതഃ	ആ സമയം	പുനഃ അപി ഉവാച.	വീണ്ടും ഇപ്രകാരം അരുളിച്ചെയ്തു.
വാനരരാജേന	വാനരാധിപനാലും		

അഗ്രേ യാതു ബലസ്യാസ്യ നീലോ മാർഗ്ഗമവേക്ഷിതും
വൃതഃ ശതസഹസ്രേണ വാനരാണാം തരസ്വിനാം. 11

"നീലഃ	"നീലൻ	മാർഗ്ഗം	വഴി
തരസ്വിനാം	ബലശാലികളായ	അവേക്ഷിതും	പരിശോധിപ്പാൻ [വേണ്ടി]
		അസ്യ	ഈ
വാനരാണാം ശതസഹസ്രേണ വൃതഃ,	ലക്ഷം വാനരന്മാരാൽ ചൂഴപ്പെട്ടവനായി,	ബലസ്യ	സേനയുടെ
		അഗ്രേ	മുമ്പിലായി
		യാതു.	പോകട്ടെ.

ഫലമൂലവതാ നീല ശീതകാനനവാരിണാ
പഥാ മധുമതാ ചാശു സേനാം സേനാപതേ നയ. 12

"സേനാപതേ!	"സേനാപതിയായ	മധുമതാ ച	തേനോലുന്നതും ആയ
നീല!	ഹേ നീല!	പഥാ	മാർഗ്ഗത്തിലൂടെ
ഫലമൂലവതാ	പഴങ്ങളും കിഴങ്ങുകളും ഉള്ളതും	ആശു	ഉടനെ
ശീതകാനനവാരിണാ	കുളർത്ത തോപ്പുകളും വെള്ളവും ഉള്ളതും	സേനാം	സേനയെ
		നയ.	നടത്തിച്ചെല്ലുക.

ദൂഷയേയുർദുരാത്മാനഃ പഥി മൂലഫലോദകം
രാക്ഷസാഃ പരിരക്ഷേഥാസ്തേഭ്യസ്ത്വം നിത്യമുദ്യതഃ. 13

"ദുരാത്മാനഃ	"ദുഷ്ടന്മാരായ	ത്വം	അങ്ങ്
രാക്ഷസാഃ,	അരക്കന്മാർ,	നിത്യം	എല്ലായ്പ്പോഴും
പഥി	വഴിയിൽ	ഉദ്യതഃ	ജാഗ്രതയോടു കൂടിയവനായി
മൂലഫലോദകം	ഫലമൂലങ്ങളേയും ജലത്തേയും	തേഭ്യഃ	അവരിൽനിന്നും
ദൂഷയേയുഃ;	(വിഷം മുതലായ്ത് കലക്കി) ദുഷ്യപ്പെടുത്തിക്കളയും;	പരിരക്ഷേഥാഃ.	സൂക്ഷിച്ച് രക്ഷിച്ചുകൊള്ളേണ്ടതാണ്.

നിമ്നേഷു വനദുൎഗ്ഗേഷു വനേഷു ച വനൗകസഃ
അഭിപ്ലുത്യാഭിപശ്യേയുഃ പരേഷാം നിഹിതം ബലം. 14

"നിമ്നേഷു	"കുണ്ടുള്ള സ്ഥലങ്ങളിലും	അഭിപ്ലുത്യ,	പാഞ്ഞുചെന്ന്,
വനദുൎഗ്ഗേഷു	വെള്ളംകൊണ്ട് ദുൎഗ്ഗമമായ സ്ഥലങ്ങളിലും	നിഹിതം	ഒളിച്ചിരിക്കുന്ന
വനേഷു ച,	കാടുകളിലും,	പരേഷാം ബലം	ശത്രുസൈന്യത്തെ
വനൗകസഃ	വാനരന്മാർ	അഭിപശ്യേയുഃ.	തിരഞ്ഞുകണ്ടുപിടിക്കേണ്ടതാണ്.

യച്ച ഫല്ഗു ബലം കിഞ്ചിത് തദത്രൈവോപയുജ്യതാം
ഏതദ്ധി കൃത്യം ഘോരം നോ വിക്രമേണ പ്രയുജ്യതാം. 15

"യത് കിഞ്ചിത്	"വല്ലതും ചില	ഹി	എന്തെന്നാൽ
ബലം	സൈന്യം	നഃ	നമ്മുടെ
ഫല്ഗു,	ശേഷിയില്ലാത്തതാണെന്നാൽ	ഏതത് ഘോരം കൃത്യം	ഈ ഭയങ്കരകൃത്യം
തത്	ആയത്	വിക്രമേണ ച	പരാക്രമത്താൽ തന്നെ
അത്ര ഏവ	ഇവിടെത്തന്നെ	പ്രയുജ്യതാം.	സാധിപ്പിക്കപ്പെടേണ്ടതാണ്.
ഉപയുജ്യതാം;	താമസിപ്പിക്കപ്പെടട്ടെ;		

സാഗരൗഘനിഭം ഭീമമഗ്രാനീകം മഹാബലാഃ
കപിസിംഹാഃ പ്രകൎഷന്തു ശതശോഽഥ സഹസ്രശഃ. 16

"സാഗരൗഘനിഭം	"സമുദ്രത്തിലെ തിരകൾ പോലെയുള്ളതും	കപിസിംഹാഃ	വാനരമുഖ്യന്മാർ
ഭീമം	ഭയങ്കരവും ആയ	അഥ	ഇപ്പോൾ
അഗ്രാനീകം,	ഉത്തമസൈന്യത്തെ	ശതശഃ	നൂറുക്കണക്കായും
മഹാബലാഃ	മഹാബലശാലികളായ	സഹസ്രശഃ	ആയിരക്കണക്കായും
		പ്രകൎഷന്തു.	നടത്തിക്കൊണ്ടുപോകട്ടെ

ഗജശ്ച ഗിരിസംകാശോ ഗവയശ്ച മഹാബലഃ
ഗവാക്ഷശ്ചാഗ്രതോ യാന്തു ഗവാം ദൃപ്താ ഇവർഷഭാഃ. 17

"ഗിരിസങ്കാശഃ	"ഗിരിതുല്യനായ
ഗജഃ ച	ഗജനും,
മഹാബലഃ	അതിബലവാനായ
ഗവയഃ ച	ഗവയനും,
ഗവാക്ഷഃ ച,	ഗവാക്ഷനും,
ദൃപ്താഃ ഋഷഭാഃ	പുളച്ച വൃഷഭങ്ങൾ
ഗവാം ഇവ,	പശുക്കളുടെ മുമ്പിൽ എന്നപോലെ
അഗ്രതഃ	മുൻഭാഗത്തിൽ
യാന്തു.	ചെല്ലട്ടെ.

യാതു വാനരവാഹിന്യാ വാനരഃ പ്ലവതാം വരഃ
പാലയൻ ദക്ഷിണം പാർശ്വമൃഷഭോ വാനരർഷഭഃ. 18

"പ്ലവതാം വരഃ	"ചാട്ടക്കാരിൽ മുമ്പനും
വാനരർഷഭഃ	വാനരാധിപനും ആയ
ഋഷഭഃ വാനരഃ,	ഋഷഭൻ എന്ന വാനരൻ,
വാനരവാഹിന്യാഃ	വാനരസേനയുടെ
ദക്ഷിണം പാർശ്വം	വലത്തെഭാഗത്തെ
പാലയൻ യാതു.	കാത്തുംകൊണ്ടു നടകൊള്ളട്ടെ.

ഗന്ധഹസ്തീവ ദുർദ്ധർഷസ്തരസ്വീ ഗന്ധമാദനഃ
യാതു വാനരവാഹിന്യാഃ സവ്യം പാർശ്വമധിഷ്ഠിതഃ. 19

"ദുർദ്ധർഷഃ	"അജയ്യനും,
ഗന്ധഹസ്തീ ഇവ	മദിച്ച ആനയെന്നപോലെ
തരസ്വീ	മഹാബലശാലിയും
ഗന്ധമാദനഃ,	ഗന്ധമാദനൻ, [ആയ
വാനരവാഹിന്യാഃ	വാനരസേനയുടെ
സവ്യം പാർശ്വം	എടത്തെ ഭാഗത്തെ
അധിഷ്ഠിതഃ	നടത്തിക്കുന്നവനായി
യാതു.	ചെല്ലട്ടെ.

യാസ്യാമി ബലമദ്ധ്യേഽഹം ബലൌഘമഭിഹർഷയൻ
അധിരുഹ്യ ഹനൂമന്തമൈരാവതമിവേശ്വരഃ. 20

"ഈശ്വരഃ	"ദേവരാജാവ്
ഐരാവതം ഇവ	ഐരാവതത്തിൻ മുകളിൽ എന്നപോലെ
അഹം	ഞാൻ,
ഹനൂമന്തം	ഹനുമാന്റെ മേൽ
അധിരുഹ്യ	കയറി,
ബലൌഘം	സേനാസമൂഹത്തെ
അഭിഹർഷയൻ	ഉത്സാഹപ്പെടുത്തി
ബലമദ്ധ്യേ	സേനയുടെ നടുവിലായി
യാസ്യാമി.	യാത്രചെയ്യാം.

അംഗദേനൈഷ സംയാതു ലക്ഷ്മണശ്ചാന്തകോപമഃ
സാർവ്വഭൌമേന ഭൂതേശോ ദ്രവിണാധിപതിര്യഥാ. 21

"ഭൂതേശഃ	"പ്രമഥഗണങ്ങളുടെ അധിപതിയായ
ദ്രവിണാധിപതിഃ	കുബേരൻ
സാർവ്വഭൌമേന	സാർവ്വഭൌമനെന്ന ഗജത്തിന്മേൽ
യഥാ,	എപ്രകാരമോ അപ്രകാരം,
അംഗദേന	അംഗദന്റെ മേൽ
അന്തകോപമഃ	അന്തകസദൃശനായ
ഏഷഃ	ഈ
ലക്ഷ്മണഃ ച	ലക്ഷ്മണനും
സംയാതു.	ചെല്ലട്ടെ.

ജാംബവാംശ്ച സുഷേണശ്ച വേഗദർശീ ച വാനരഃ
ഋക്ഷരാജോ മഹാസത്വഃ കക്ഷിം രക്ഷന്തു തേ ത്രയഃ. 22

"ഋക്ഷരാജഃ	"കരടികൾക്കധിപനും
മഹാസത്വഃ	മഹാബലശാലിയും ആയ
ജാംബവാൻ ച,	ജാംബവാനും,
സുഷേണഃ ച	സുഷേണനും
വേഗദർശീ	വേഗദർശിയെന്ന
വാനരഃ ച	വാനരനും,
തേ ത്രയഃ	ഈ മൂന്നുപേരും
കക്ഷിം	പിൻഭാഗത്തെ
രക്ഷന്തു."	കാത്തുകൊള്ളട്ടെ."

[താഴെ 36-ാംശ്ലോകത്തിൽനിന്നു്, ഇവിടെ 'കക്ഷി' എന്നതിന്നു് പിൻഭാഗം എന്ന അർത്ഥമാണു് വിവക്ഷിക്കപ്പെട്ടിരിക്കുന്നതു് എന്നു് വ്യക്തമാകുന്നു.]

രാഘവസ്യ വചഃ ശ്രുത്വാ സുഗ്രീവോ വാഹിനീപതിഃ
വ്യാദിദേശ മഹാവീര്യ്യാൻ വാനരാൻ വാനരർഷഭഃ. 23

വാഹിനീപതിഃ	സേനാപതിയും
വാനരർഷഭഃ	വാനരോത്തമനും ആയ
സുഗ്രീവഃ	സുഗ്രീവൻ
രാഘവസ്യ	ശ്രീരാമന്റെ
വചഃ ശ്രുത്വാ	അരുളപ്പാടുകേട്ടു്,
മഹാവീര്യ്യവാൻ	മഹാപരാക്രമികളായ
വാനരാൻ	വാനരന്മാരെ
വ്യാദിദേശ.	അപ്രകാരംതന്നെ നിയമിച്ചു.

തേ വാനരഗണാഃ സർവ്വേ സമുത്പത്യ യുയുത്സവഃ
ഗുഹാഭ്യഃ ശിഖരേഭ്യശ്ച ആശു പുപ്ലുവിരേ തദാ. 24

തദാ	അപ്പോൾ
തേ വാനരഗണാഃ	ആ വാനരഗണങ്ങൾ
സർവ്വേ	എല്ലാം
യുയുത്സവഃ	യുദ്ധേച്ഛുക്കളായി
ആശു	വിരവോടെ
ഗുഹാഭ്യഃ	ഗുഹകളിൽനിന്നും
ശിഖരേഭ്യഃ ച	ഗിരിശിഖരങ്ങളിൽ നിന്നും
സമുത്പത്യ	ചാടിപ്പുറപ്പെട്ടു്
പുപ്ലുവിരേ.	പാഞ്ഞുതുടങ്ങി.

തതോ വാനരരാജേന ലക്ഷ്മണേന ച പൂജിതഃ
ജഗാമ രാമോ ധർമ്മാത്മാ സസൈന്യോ ദക്ഷിണാം ദിശം. 25

വാനരരാജേന	വാനരരാജാവിനാലും
ലക്ഷ്മണേന ച	ലക്ഷ്മണനാലും
പൂജിതഃ	ആദരിക്കപ്പെട്ട
ധർമ്മാത്മാ	ധർമ്മാത്മാവായ
രാമഃ,	ശ്രീരാമൻ,
ദക്ഷിണാം ദിശം	തെക്കെ ദിക്കുനോക്കി
തതഃ	ആ സമയം
സസൈന്യഃ	സൈന്യസമേതനായി
ജഗാമ.	യാത്രപുറപ്പെട്ടു.

ശതൈഃ ശതസഹസ്രൈശ്ച കോടീഭിരയുതൈരപി
വാരണാഭൈശ്ച ഹരിഭിര്യ്യയൌ പരിവൃതസ്തദാ. 26

തദാ	അപ്പോൾ
വാരണാഭൈഃ	ഗജതുല്യന്മാരായ
ഹരിഭിഃ	വാനരന്മാരാൽ
ശതൈഃ	നൂറുകണക്കായും
അയുതൈഃ അപി	പതിനായിരക്കണക്കായും
ശതസഹസ്രൈഃ ച	ലക്ഷക്കണക്കായും
കോടീഭിഃ ച	കോടിക്കണക്കായും
പരിവൃതഃ	ചൂഴപ്പെട്ടവനായി
യയൌ.	എഴുന്നെള്ളി.

തം യാന്തമനുയാതി സ്മ മഹതീ ഹരിവാഹിനീ. 27

യാന്തം	എഴുന്നെള്ളുന്നവനായ	മഹതീ	വമ്പിച്ച
		ഹരിവാഹിനീ	വാനരസൈന്യം
തം	അദ്ദേഹത്തെ	അനുയാതി സ്മ.	പിൻതുടൎന്നുചെന്നു.

ഹൃഷ്ടാഃ പ്രമുദിതാഃ സൎവ്വേ സുഗ്രീവേണാഭിപാലിതാഃ
ആപ്ലവന്തഃ പ്ലവന്തശ്ച ഗൎജ്ജന്തശ്ച പ്ലവംഗമാഃ
ക്ഷ്വേളന്തോ നിനദന്തസ്തേ ജഗ്മുൎവ്വൈ ദക്ഷിണാം ദിശം 28
ഭക്ഷയന്തഃ സുഗന്ധീനി മധൂനി ച ഫലാനി ച
ഉദ്വഹന്തോ മഹാവൃക്ഷാൻ മഞ്ജരീപുഞ്ജധാരിണഃ. 29

സുഗ്രീവേണ	സുഗ്രീവനാൽ	നിനദന്തഃ	ഗൎജ്ജിച്ചും,
അഭിപാലിതാഃ	സംരക്ഷിക്കപ്പെട്ട	സുഗന്ധീനി മധൂനി ച	നറുമണമോലുന്ന മധുക്കളെയും
തേ	ആ		
പ്ലവംഗമാഃ	വാനരന്മാർ	ഫലാനി ച	പഴങ്ങളേയും
സൎവ്വേ,	എല്ലാം,	ഭക്ഷയന്തഃ	ഭക്ഷിച്ചും
ഹൃഷ്ടാഃ	ഉത്സാഹഭരിതരായി	മഞ്ജരീപുഞ്ജ-ധാരിണഃ	പൂക്കലകളെ വഹിച്ചുള്ള
പ്രമുദിതാഃ	തിമൎത്ത്		
ആപ്ലവന്തഃ	ചാടിയും	മഹാവൃക്ഷാൻ	വൻ വൃക്ഷങ്ങളെ
ഇത്യാർഷേ ശ്രീമദ്രാമായണേ വാല്മീകീയേ ആദികാവ്യേ യുദ്ധകാണ്ഡേ

ഷഷ്ഠഃ സർഗ്ഗഃ = ആറാംസർഗ്ഗം സമാപ്തം.

ആദ്യം മുതൽ ശ്ലോകസംഖ്യ 14923; യുദ്ധകാണ്ഡം ആദ്യം മുതൽ ശ്ലോകസംഖ്യ 248.

സപ്തമഃ സർഗ്ഗഃ = ഏഴാം സർഗ്ഗം.

[സചിവോക്തിഃ = സചിവന്മാരുടെ വാക്ക്.]

ഇത്യുക്താ രാക്ഷസേന്ദ്രേണ രാക്ഷസാസ്തേ മഹാബലാഃ
ഊചുഃ പ്രാഞ്ജലയഃ സൎവ്വേ രാവണം രാക്ഷസേശ്വരം. 1

മഹാബലാഃ	മഹാബലശാലികളായ
തേ രാക്ഷസാഃ,	ആ രാക്ഷസർ,
രാക്ഷസേന്ദ്രേണ	രാക്ഷസരാജാവിനാൽ
ഇതി ഉക്താഃ,	ഇപ്രകാരം ചോദ്യം ചെയ്യപ്പെട്ടവരായി,
സൎവ്വേ	എല്ലാവരും
പ്രാഞ്ജലയഃ	കൈകൂപ്പിക്കൊണ്ട്,
രാക്ഷസേശ്വരം	രാക്ഷസേശ്വരനായ
രാവണം	രാവണനോടായി
ഊചുഃ	ഉണൎത്തിച്ചു.

ദ്വിഷത്പക്ഷമവിജ്ഞായ നീതിബാഹ്യാസ്ത്വബുദ്ധയഃ
അവിജ്ഞായ സ്വപക്ഷം ച രാജാനം ഭേദയന്തി ഹി. 2

"നീതിബാഹ്യാഃ	"നീതിക്കപ്പുറത്തുള്ള
അബുദ്ധയഃ	ബുദ്ധിഹീനന്മാർ,
ദ്വിഷത്പക്ഷം	ശത്രുപക്ഷത്തെ
അവിജ്ഞായ തു	ഗ്രഹിക്കാതേയും,
സ്വപക്ഷം	സ്വപക്ഷത്തേയും
അവിജ്ഞായ ച,	ഉള്ളപോലെ ധരിക്കാതേയും,
രാജാനം	രാജാവിനെ
ഭേദയന്തി ഹി.	വ്യാകുലപ്പെടുത്തുന്നു.

രാജൻ പരിഘശക്ത്യൃഷ്ടിശൂലപട്ടിശസംകുലം
സുമഹന്നോ ബലം കസ്മാദ്വിഷാദം ഭജതേ ഭവാൻ. 3

" രാജൻ!	" മഹാരാജാവേ!
നഃ	നമുക്ക്
പരിഘ-ശക്ത്യൃഷ്ടി-ശൂലപട്ടിശ-സംകുലം	ഇരിമ്പുലയ്ക്ക, വേൽ, വാൾ, ശൂലം, കുന്തം എന്നവയാൎന്ന
സുമഹത് ബലം;	ഏററം വമ്പിച്ചതായ സൈന്യമുണ്ട്;
കസ്മാത്	എന്തുകാരണത്താലാണ്
ഭവാൻ	നിന്തിരുവടി
വിഷാദം ഭജതേ?	അധൈൎയ്യപ്പെടുന്നത്?

ത്വയാ ഭോഗവതീം ഗത്വാ നിൎജ്ജിതാഃ പന്നഗാ യുധി
കൈലാസശിഖരാവാസീ യക്ഷൈൎബ്ബഹുഭിരാവൃതഃ
സുമഹത് കദനം കൃത്വാ വശ്യസ്തേ ധനദഃ കൃതഃ 4

" ഭോഗവതീം ഗത്വാ,	" ഭോഗവതീനഗരത്തിൽ ചെന്ന്,
പന്നഗാഃ	നാഗങ്ങൾ
യുധി	പോരിൽ
ത്വയാ	നിന്തിരുവടിയാൽ
നിൎജ്ജിതാഃ;	ജയിക്കപ്പെട്ടിട്ടുണ്ട്;
കൈലാസ-ശിഖരാവാസീ	കൈലാസശിഖരത്തിൽ വാസം ചെയ്യുന്നവനും
ബഹുഭിഃ	അനേകം
യക്ഷൈഃ	യക്ഷന്മാരാൽ
ആവൃതഃ	ചൂഴപ്പെട്ടവനും ആയ
ധനദഃ,	കുബേരൻ,
സുമഹത്	ഘോരമായ
കദനം കൃത്വാ	പോർ ചെയ്ത്
തേ	നിന്തിരുവടിയുടെ
വശ്യഃ കൃതഃ.	അടിമയാക്കി ചെയ്യപ്പെട്ടു.

[ഭോഗവതിയിൽ വാസുകി മുതലായവരെ ജയിച്ചകഥ ഉത്തരകാണ്ഡം 23-ാംസൎഗ്ഗത്തിൽ കാണുക.]

സ മഹേശ്വരസഖ്യേന ശ്ലാഘമാനസ്ത്വയാ വിഭോ
നിർജ്ജിതഃ സമരേ രോഷാല്ലോകപാലോ മഹാബലഃ. 5

"വിഭോ!	"പ്രഭോ!	ശ്ലാഘമാനഃ	ഗർവ്വം പൂണ്ടവനായ
മഹേശ്വര-സഖ്യേന	പരമശിവനുമായുള്ള ആശ്രയത്താൽ	സഃ ത്വയാ	അവൻ നിന്തിരുവടി[യാൽ
		സമരേ	പോരിൽ
മഹാബലഃ	മഹാബലവാനെന്നും	രോഷാത്	കോപത്താൽ
ലോകപാലഃ	ലോകപാലനെന്നും	നിർജ്ജിതഃ.	പരാജയപ്പെടുത്തപ്പെട്ടു.

വിനിഹത്യ ച യക്ഷൌഘാൻ വിക്ഷോഭ്യ ച വിഗൃഹ്യ ച
ത്വയാ കൈലാസശിഖരാദ്വിമാനമിദമാഹൃതം. 6

"യക്ഷൌഘാൻ	"യക്ഷഗണങ്ങളെ	ഇദം	ഈ
വിഗൃഹ്യ ച	അടക്കിയും	വിമാനം	വിമാനം
വിക്ഷോഭ്യ ച	വിറപ്പിച്ചും	ത്വയാ	നിന്തിരുവടിയാൽ
വിനിഹത്യ ച	നന്നായി പ്രഹരിച്ചും,		
കൈലാസ-ശിഖരാത്	കൈലാസശിഖരത്തിൽ നിന്ന്	ആഹൃതം.	അപഹരിച്ചു കൊണ്ടുവരപ്പെട്ടു.

മയേന ദാനവേന്ദ്രേണ ത്വദ്ഭയാത് സഖ്യമിച്ഛതാ
ദുഹിതാ തവ ഭാര്യാർത്ഥേ ദത്താ രാക്ഷസപുംഗവ. 7

"രാക്ഷസ-പുംഗവ!	"രാക്ഷസോത്തമ!	മയേന,	മയനാൽ,
ത്വദ്ഭയാത്	നിന്തിരുവടിയെ പേടി[ച്ച്	ദുഹിതാ	തത്പുത്രിയായ മണ്ഡോദരീ രാജ്ഞി,
സഖ്യം	മൈത്രിയെ	തവ	നിന്തിരുവടിക്കു്
ഇച്ഛതാ	കൊതിക്കുന്നവനായ	ഭാര്യാർത്ഥേ	പത്നിയായി
ദാനവേന്ദ്രേണ	ദാനവശ്രേഷ്ഠനായ	ദത്താ.	നൽകപ്പെട്ടു.

ദാനവേന്ദ്രോ മധുർന്നാമ വീര്യോത്സിക്തോ ദുരാസദഃ
വിഗൃഹ്യ വശമാനീതഃ കുംഭീനസ്യാഃ സുഖാവഹഃ. 8

"ദുരാസദഃ	"ആരാലും ജയിക്കപ്പെടുവാൻ കഴിയാത്തവനും	സുഖാവഹഃ	ഭർത്താവും ആയ
		മധുഃ നാമ	മധുവെന്ന
		ദാനവേന്ദ്രഃ,	ദാനവശ്രേഷ്ഠൻ,
വീര്യോത്സിക്തഃ	വീര്യത്താൽ മദം പൂണ്ട[വനും,	വിഗൃഹ്യ	പിടിച്ച്
കുംഭീനസ്യാഃ	കുംഭീനസിയുടെ	വശം ആനീതഃ.	അടിമയാക്കപ്പെട്ടു.

നിർജ്ജിതാസ്തേ മഹാബാഹോ നാഗാ ഗത്വാ രസാതലം
വാസുകിസ്തക്ഷകഃ ശംഖോ ജടീ ച വശമാഹൃതാഃ. 9

"മഹാബാഹോ!	"മഹാബാഹുവേ!	വാസുകിഃ	വാസുകിയും
രസാതലം	പാതാളലോകത്തിൽ	തക്ഷകഃ	തക്ഷകനും
ഗത്വാ,	ചെന്ന്,	ശംഖഃ	ശംഖനും
തേ നാഗാഃ	ആ നാഗങ്ങൾ	ജടീ ച	ജടിയും
നിർജ്ജിതാഃ;	ജയിക്കപ്പെട്ടു;	വശം ആഹൃതാഃ.	കീഴടക്കപ്പെട്ടു.

അക്ഷയാ ബലവന്തശ്ച ശൂരാ ലബ്ധവരാഃ പുനഃ
ത്വയാ സംവത്സരം യുദ്ധ്വാ സമരേ ദാനവാ വിഭോ 10
സ്വബലം സമുപാശ്രിത്യ നീതാ വശമരിന്ദമ
മായാശ്ചാധിഗതാസ്തത്ര ബഹവോ രാക്ഷസാധിപ. 11

" രാക്ഷസാധിപ!	" രക്ഷോനായക!	സംവത്സരം	ഒരാണ്ടുകാലം
അരിന്ദമ!	ശത്രുസംഹാരക!	സമരേ യുദ്ധ്വാ	പോരിൽ പൊരുത്,
വിഭോ!	പ്രഭോ!	സ്വബലം	നിന്തിരുവടിയുടെ
പുനഃ,	ഇതുവുമല്ലാതെ,	സമുപാശ്രിത്യ,	കയ്യ്ക്കൊണ്ട്, [ബലം
ലബ്ധവരാഃ	വരം വാങ്ങി	ത്വയാ	നിന്തിരുവടിയാൽ
അക്ഷയാഃ	നാശമററവരായി	വശം നീതാഃ;	കീഴടക്കപ്പെട്ടു;
ബലവന്തഃ	ബലശാലികളും	തത്ര	അവിടെ വെച്ച്
ശൂരാഃ ച	ശൂരന്മാരും ആയ	മായാഃ ച	മായാപ്രയോഗങ്ങളും
ദാനവാഃ,	അസുരന്മാർ,	ബഹവഃ അധിഗതാഃ.	എത്രയൊ അറിഞ്ഞു കൊള്ളപ്പെട്ടു.

[നിവാതകവചകാലകേയാദി ദാനവന്മാരായുമുള്ള യുദ്ധം ഉത്തരകാണ്ഡം 23-ാംസർഗ്ഗത്തിൽ]

ശൂരാശ്ച ബലവന്തശ്ച വരുണസ്യ സുതാ രണേ
നിർജ്ജിതാസ്തേ മഹാബാഹോ ചതുർവ്വിധബലാനുഗാഃ. 12

" മഹാബാഹോ!	"മഹാബാഹുവായുള്ളോവേ!	തേ	ആ
ബലവന്തഃ ച	ബലവാന്മാരും	വരുണസ്യ സുതാഃ	വരുണ പുത്രന്മാർ
ശൂരാഃ ച	ശൂരന്മാരും	രണേ	പോരിൽ
ചതുർവ്വിധബലാനുഗാഃ	ചതുരംഗപ്പടകളാന്നവരും ആയ	നിർജ്ജിതാഃ.	ജയിക്കപ്പെട്ടു.

[ഉത്തരകാണ്ഡം 23-ാംസർഗ്ഗം നോക്കുക.]

മൃത്യുദണ്ഡമഹാഗ്രാഹം ശാല്മലീദ്രുമമണ്ഡിതം
കാലപാശമഹാവീചിം യമകിങ്കരപന്നഗം 13
അവഗാഹ്യ ത്വയാ രാജൻ യമസ്യ ബലസാഗരം
ജയശ്ച വിപുലഃ പ്രാപ്തോ മൃത്യുശ്ച പ്രതിഷേധിതഃ. 14

രാജൻ,	മഹാരാജാവേ,	യമസ്യ	യമന്റെ
" മൃത്യുദണ്ഡമഹാഗ്രാഹം	" കാലദണ്ഡമെന്ന വൻമുതലകളോടുകൂടിയതും	ബലസാഗരം	സേനാസമുദ്രത്തിൽ
ശാല്മലീദ്രുമമണ്ഡിതം	ശാല്മലി എന്ന ആയുധങ്ങളാകുന്ന വൃക്ഷങ്ങളാൽ നിറയപ്പെട്ടതും	അവഗാഹ്യ,	പ്രവേശിച്ച്,
കാലപാശമഹാവീചിം	കാലപാശമാകുന്ന വൻതിരകളാന്നതും	ത്വയാ	നിന്തിരുവടിയാൽ
യമകിങ്കരപന്നഗം	യമകിങ്കരന്മാരാകുന്ന സർപ്പങ്ങളുള്ളതും ആയ	വിപുലഃ	മഹത്തായ
		ജയഃ ച	വിജയവും
		പ്രാപ്തഃ;	നേടപ്പെട്ടു;
		മൃത്യുഃ ച	യമനും
		പ്രതിഷേധിതഃ.	അകററി നിർത്തപ്പെട്ടു.

[ഉത്തരകാണ്ഡം 21, 22 സർഗ്ഗങ്ങളും നോക്കുക. ശാല്മലി എന്ന ആയുധം പൂളത്തടിപോലെ മുള്ളുള്ള നീണ്ട ആയുധമാകുന്നു.]

സുയുദ്ധേന ച തേ സർവ്വേ ലോകാസ്തത്ര സുതോഷിതാഃ. 15

"തത്ര	"അവിടെ	സുയുദ്ധേന	മഹായുദ്ധത്താൽ
ലോകാഃ	ലോകനിവാസികളായ	സുതോഷിതാഃ.	സന്തോഷപ്പെടുത്തപ്പെട്ടു.
തേ	അവർ		
സർവ്വേ ച	എല്ലാവരും		

ക്ഷത്രിയൈർബ്ബഹുഭിർവ്വീരൈഃ ശക്രതുല്യപരാക്രമൈഃ
ആസീദ്വസുമതീ പൂർണ്ണാ മഹദ്ഭിരിവ പാദപൈഃ. 16

"വസുമതി	"ഭൂലോകം,	വീരൈഃ	വീരന്മാരുമായ (മരുത്തൻ, അനരണ്യൻ മുതലായ)
മഹദ്ഭിഃ	വമ്പിച്ച	ബഹുഭിഃ	അനേകം
പാദപൈഃ ഇവ	വൃക്ഷങ്ങളാൽ എപ്രകാരമോ അപ്രകാരം	ക്ഷത്രിയൈഃ	ക്ഷത്രിയന്മാരാൽ
ശക്രതുല്യപരാക്രമൈഃ	ഇന്ദ്രതുല്യവിക്രമശാലികളും	പൂർണ്ണാ ആസീത്.	നിറയപ്പെട്ടതായിരുന്നു.

[ഉത്തരകാണ്ഡം 18, 19 സർഗ്ഗങ്ങൾ നോക്കുക.]

തേഷാം വീര്യഗുണോത്സാഹൈർന്ന സമോ രാഘവോ രണേ
പ്രസഹ്യ തേ ത്വയാ രാജൻ ഹതാഃ പരമദുർജ്ജയാഃ. 17

"രാജൻ!	"മഹാരാജാവേ!	സമഃ ന;	തുല്യനല്ല;
രണേ	പോരിൽ	പരമദുർജ്ജയാഃ	ഏറ്റവും ദുർജ്ജയന്മാരായ
വീര്യഗുണോത്സാഹൈഃ	പരാക്രമം, പൌരുഷം, ഉത്സാഹം എന്നവ കൊണ്ട്	തേ	അവർ
		ത്വയാ	നിന്തിരുവടിയാൽ
രാഘവഃ	രാമൻ	പ്രസഹ്യ	ബലാത്കാരമായി
തേഷാം	അവർക്ക്	ഹതാഃ.	കൊല്ലപ്പെട്ടിട്ടുണ്ട്.

തിഷ്ഠ വാ കിം മഹാരാജ ശ്രമേണ തവ വാനരാൻ
അയമേകോ മഹാബാഹുരിന്ദ്രജിത് ക്ഷപയിഷ്യതി. 18

"മഹാരാജ!	"മഹാരാജാവേ!	ഏകഃ	ഒററയ്ക്കുതന്നെ
വാ തിഷ്ഠ!	അല്ലെന്നാൽ അവിടുത്തെ കയ്യൂക്കെല്ലാം ഇരിക്കട്ടെ!	വാനരാൻ	വാനരന്മാരെ
		ക്ഷപയിഷ്യതി;	നശിപ്പിക്കുമല്ലൊ;
		തവ	നിന്തിരുവടിക്ക്
മഹാബാഹുഃ	മഹാബാഹുവായ	ശ്രമേണ കിം?	എന്താണ് വിചാരപ്പെടുവാനുള്ളത്?
അയം ഇന്ദ്രജിത്	ഈ ഇന്ദ്രജിത്ത്		

അനേന ഹി മഹാരാജ മാഹേശ്വരമനുത്തമം
ഇഷ്ട്വാ യജ്ഞം വരോ ലബ്ധോ ലോകേ പരമദുർല്ലഭഃ. 19

"മഹാരാജ!	"മഹാരാജാവേ!	യജ്ഞം ഇഷ്ട്വാ,	യാഗം ചെയ്ത്,
അനേന ഹി,	ഇവനാലാകട്ടെ,	ലോകേ	ലോകത്തിൽ
അനുത്തമം	അത്യുത്കൃഷ്ടവും	പരമദുർല്ലഭഃ	ഏററം അപൂർവ്വമായ
മാഹേശ്വരം	ശിവപ്രീതികരവും ആയ	വരഃ	വരം
		ലബ്ധഃ.	വാങ്ങപ്പെട്ടു.

ശക്തിതോമരമീനം ച വിനികീർണ്ണാന്ത്രശൈവലം
ഗജകച്ഛപസംബാധമശ്വമണ്ഡൂകസങ്കുലം 20
രുദ്രാദിത്യമഹാഗ്രാഹം മരുദ്വസുമഹോരഗം
രഥാശ്വഗജതോയൌഘം പദാതിപുളിനം മഹത് 21
അനേന ഹി സമാസാദ്യ ദേവാനാം ബലസാഗരം
ഗൃഹീതോ ദൈവതപതിർല്ലങ്കാം ചാപി പ്രവേശിതഃ. 22

"ശക്തി-തോമരമീനം	"വേൽ, ഏർകുന്തം എന്ന മീനുകളാർന്നും
വിനികീർണ്ണാന്ത്രശൈവലം	ചിതറിക്കിടക്കുന്ന കുടൽമാലകളാകുന്ന പായലോടു കൂടിയതും
ഗജകച്ഛപ-സംബാധം	ആനകളാകുന്ന കടലാമകളാൽനിറയപ്പെട്ടതും
അശ്വ-മണ്ഡൂക-സംകുലം	കുതിരകളാകുന്ന തവളകൾ തിങ്ങിയതും
രുദ്രാദിത്യ-മഹാഗ്രാഹം	രുദ്രന്മാരും ആദിത്യന്മാരുമാകുന്ന വൻമുതലകളോടു കൂടിയതും
മരുദ്വസു-മഹോരഗം	മരുത്തുക്കളും വസുക്കളും ആകുന്ന വൻസർപ്പങ്ങളാർന്നതും
രഥാശ്വഗജ-തോയൌഘം	രഥഗജതുരഗങ്ങളാകുന്ന ജലപ്രവാഹത്തോടു കൂടിയതും
പദാതി-പുളിനം ച	കാലാൾ പടയാകുന്ന മണൽ തിട്ടുകളാർന്നതും ആയ
ദേവാനാം	ദേവന്മാരുടെ
മഹത്	വമ്പിച്ച
ബലസാഗരം	സേനാസമുദ്രത്തിൽ
സമാസാദ്യ,	പ്രവേശിച്ച്,
അനേന ഹി	ഇവനാൽ തന്നെ
ദൈവതപതിഃ	ദേവേന്ദ്രൻ
ഗൃഹീതഃ;	ബന്ധിക്കപ്പെട്ടു;
അപി	എന്നുമല്ല,
ലങ്കാം ച	ലങ്കയ്ക്കും
പ്രവേശിതഃ.	കൊണ്ടുവരപ്പെട്ടു.

[ഉത്തരകാണ്ഡം 31-ാംസർഗ്ഗം നോക്കുക.]

പിതാമഹനിയോഗാച്ച മുക്തഃ ശംബരവൃത്രഹാ
ഗതസ്ത്രിവിഷ്ടപം രാജൻ സർവ്വദേവനമസ്കൃതഃ. 23

"രാജൻ!	"രാജാവേ!
ശംബര-വൃത്രഹാ	ശംബരാസുരനേയും വൃത്രാസുരനേയും വധിച്ചവനും
സർവ്വദേവ-നമസ്കൃതഃ	എല്ലാ ദേവന്മാരാലും വണങ്ങപ്പെട്ടവനുമായ അവൻ
പിതാമഹ-നിയോഗാത് ച	ബ്രഹ്മാവിന്റെ ആജ്ഞയാൽ മാത്രമാണല്ലൊ
മുക്തഃ	വിട്ടയക്കപ്പെട്ടവനായി
ത്രിവിഷ്ടപം ഗതഃ.	ദേവലോകം പോയ്ചേർന്നത്.

തമേവ ത്വം മഹാരാജ വിസൃജേന്ദ്രജിതം സുതം. 24

"മഹാരാജ!	"മഹാരാജാവേ!
സുതം	പുത്രനായ
തം	ആ
ഇന്ദ്രജിതം ഏവ	ഇന്ദ്രജിത്തിനെത്തന്നെ
ത്വം	നിന്തിരുവടി
വിസൃജ.	പറഞ്ഞയച്ചാലും.

യാവദ്വാനരസേനാം താം സരാമാം നയതി ക്ഷയം. 25

" യാവത്	" തത്ക്ഷണം തന്നെ	വാനരസേനാം	വാനരസൈന്യത്തെ
സരാമാം	രാമനടക്കം		
താം	ആ	ക്ഷയം നയതി.	ഒടുക്കിക്കളയുന്നതാണ്.

രാജന്നാപദയുക്തേയമാഗതാ പ്രാകൃതാജ്ജനാത്
ഹൃദി നൈവ ത്വയാ കാര്യ്യാ ത്വം വധിഷ്യസി രാഘവം. 26

" രാജൻ!	" മഹാരാജാവേ!	ത്വയാ	നിന്തിരുവടിയാൽ
പ്രാകൃതാത്	മൂഢനായ	ഹൃദി	മനസ്സിൽ
ജനാത്	ഒരുവങ്കൽ നിന്നാണ്	ന കാര്യ്യാ;	ഉൾക്കൊള്ളത്തക്കതല്ല;
ഇയം	ഈയുണ്ടായ	ത്വം ഏവ	നിന്തിരുവടിതന്നെ
അയുക്താ	യുക്തമല്ലാത്ത	രാഘവം	രാമനെ
ആപദ്	ആപത്ത്		
ആഗതാ;	നേരിട്ടത്;	വധിഷ്യസി.	വധിക്കുന്നതാണ്.

[" പ്രാകൃതാത് ജനാത്," മൂഢനായ ഹനുമാങ്കൽനിന്ന്; എന്ന് ഗോ. ര.]

ഇത്യാര്ഷേ ശ്രീമദ്രാമായണേ വാല്മീകീയേ ആദികാവ്യേ യുദ്ധകാണ്ഡേ
സപ്തമഃ സര്ഗ്ഗഃ = ഏഴാംസർഗ്ഗം സമാപ്തം.
ആദ്യം മുതൽ ശ്ലോകസംഖ്യ 14949; യുദ്ധകാണ്ഡം ആദ്യം മുതൽ ശ്ലോകസംഖ്യ 274.

അഷ്ടമഃ സര്ഗ്ഗഃ = എട്ടാംസർഗ്ഗം.

[പ്രഹസ്താദിവാക്യം = പ്രഹസ്തൻ മുതലായവരുടെ വാക്യം.]

തതോ നീലാംബുദനിഭഃ പ്രഹസ്തോ നാമ രാക്ഷസഃ
അബ്രവീത് പ്രാഞ്ജലിർവ്വാക്യം ശൂരഃ സേനാപതിസ്തദാ. 1

തതഃ	അതിൽ പിന്നെ	പ്രഹസ്തഃ നാമ	പ്രഹസ്തൻ എന്ന
തദാ	ആ സമയം	രാക്ഷസഃ	രാക്ഷസൻ
നീലാംബുദനിഭഃ	കരിമുകിലൊത്തവനും	പ്രാഞ്ജലിഃ	തൊഴുതുംകൊണ്ട്
ശൂരഃ	ശൂരനും	വാക്യം	ഇപ്രകാരം
സേനാപതിഃ	സേനാപതിയും ആയ	അബ്രവീത്.	ഉണർത്തിച്ചു.

ദേവദാനവഗന്ധര്വ്വാഃ പിശാചപതഗോരഗാഃ
ന ത്വാം ധര്ഷയിതും ശക്താഃ കിം പുനര്വ്വാനരാ രണേ. 2

" ദേവദാനവ-ഗന്ധര്വ്വാഃ	" ദേവന്മാരും, അസുരന്മാരും ഗന്ധര്വ്വന്മാരും	ത്വാം	നിന്തിരുവടിയെ
		ധര്ഷയിതും	ജയിപ്പാൻ
പിശാച-പതഗോരഗാഃ	പിശാചുക്കളും, പതഗങ്ങളും, ഉരഗങ്ങളും	ശക്താഃ ന;	ശക്തരല്ല;
		വാനരാഃ	വാനരന്മാർ
രണേ	പോരിൽ	കിം പുനഃ?	പിന്നെ എത്രമാത്രം?

സർവ്വേ പ്രമത്താ വിശ്വസ്താ വഞ്ചിതാഃ സ്മ ഹനൂമതാ
ന ഹി മേ ജീവതോ ഗച്ഛേത് ജീവൻ സ വനഗോചരഃ. 3

"സർവ്വേ	"എല്ലാവരും	വഞ്ചിതാഃ സ്മ;	വഞ്ചിക്കപ്പെട്ടുപോയി;
വിശ്വസ്താഃ	(തങ്ങൾക്ക് ആപത്തു വരുത്തുവാൻ ശത്രുക്കൾ ആരുമില്ലെന്നുള്ള) വിശ്വാസം പൂണ്ടവരായി	മേ	ഞാൻ
പ്രമത്താഃ	അജാഗ്രതയോടുകൂടിയവരായി	ജീവതഃ	ജീവനോടിരിക്കുന്ന കാലം
ഹനൂമതാ	ഹനുമാനാൽ	വനഗോചരഃ	വാനരനായ
		സഃ	അവൻ
		ജീവൻ	ജീവനോടെ
		ഗച്ഛേത് ഹി ന.	മടങ്ങിപ്പോകയില്ല, തീർച്ചതന്നെ.

സർവ്വാം സാഗരപര്യന്താം സശൈലവനകാനനാം
കരോമ്യവാനരാം ഭൂമിമാജ്ഞാപയതു മാ ഭവാൻ. 4

"ഭവാൻ	"നിന്തിരുവടി	ഭൂമിം	ഭൂമിയെ
മാ	എന്നെ	സർവ്വാം	മുഴുവനും
ആജ്ഞാപയതു;	ആജ്ഞാപിച്ചാലും;	അവാനരാം	ഞാൻ വാനരഹീനമാക്കി
സാഗരപര്യന്താം	സമുദ്രംവരെയുമുള്ളതും	കരോമി.	ചെയ്യുന്നുണ്ട്.
സശൈല-വനകാനനാം	മലകളും കാടുകളും തോപ്പുകളുമാർന്നതുമായ		

രക്ഷാം ചൈവ വിധാസ്യാമി വാനരാദ്രജനീചര
നാഗമിഷ്യതി തേ ദുഃഖം കിഞ്ചിദാത്മാപരാധജം. 5

"രജനീചര!	"രാത്രിഞ്ചരവര!	ആത്മാ-പരാധജം	നിന്തിരുവടി ചെയ്തതായ കുറ്റംകൊണ്ടുള്ള
വാനരാത്	വാനരനിൽനിന്ന്	തേ	നിന്തിരുവടിക്ക്
രക്ഷാം ച	യാതൊരു ഉപദ്രവവുമില്ലാതിരിക്കുക എന്നുള്ളതിനേയും	ദുഃഖം	ആപത്ത്
		കിഞ്ചിത് ഏവ	ഒന്നുംതന്നെ
വിധാസ്യാമി;	ഞാൻ ചെയ്യേക്കാം;	ആഗമിഷ്യതി ന."	സംഭവിക്കുകയില്ല."

അബ്രവീത് തു സുസംക്രുദ്ധോ ദുർമ്മുഖോ നാമ രാക്ഷസഃ
ഇദം ന ക്ഷമണീയം ഹി സർവ്വേഷാം നഃ പ്രധർഷണം 6

ദുർമ്മുഖഃ നാമ	ദുർമ്മുഖൻ എന്ന	"ഇദം	"ഈ
രാക്ഷസഃ	രാക്ഷസൻ	പ്രധർഷണം	അഹമ്മതി
സുസംക്രുദ്ധഃ	അതിക്രുദ്ധനായി	നഃ സർവ്വേഷാം ഹി	നമുക്ക് ആക്കംതന്നെ
തു	ഇക്കാര്യത്തെക്കുറിച്ച്		
അബ്രവീത്;	ഇങ്ങിനെ ഉണർത്തിച്ചു;	ക്ഷമണീയം ന.	ക്ഷമിക്കത്തക്കതല്ല.

അയം പരിഭവോ ഭൂയഃ പുരസ്യാന്തഃപുരസ്യ ച.
ശ്രീമതോ രാക്ഷസേന്ദ്രസ്യ വാനരേണ പ്രധർഷണം. 7

"പുരസ്യ	"പുരത്തേയും	ശ്രീമതഃ	ശ്രീമാനായ
അന്തഃപുരസ്യ ച	അന്തഃപുരത്തേയും	രാക്ഷസേന്ദ്രസ്യ	രാക്ഷസരാജാവിന്ന്
		ഭൂയഃ	വലുതായ
വാനരേണ	ഒരു വാനരൻ	പരിഭവഃ	അവമര്യാദതന്നെ
പ്രധർഷണം,	ആക്രമിച്ചതോർത്താൽ	അയം.	ഇത്. [യാണ്

അസ്മിൻ മുഹൂർത്തേ ഹത്വൈകോ നിവർത്തിഷ്യാമി വാനരാൻ
പ്രവിഷ്ടാൻ സാഗരം ഭീമമംബരം വാ രസാതലം. 8

"അസ്മിൻ മുഹൂർത്തേ	"ഇക്ഷണം തന്നെ	പ്രവിഷ്ടാൻ	പുക്കിരിക്കുന്നവരായ
		വാനരാൻ	വാനരന്മാരെ
ഭീമം	ഭയങ്കരമായ	ഏകഃ	ഒററയ്ക്ക്
സാഗരം	സമുദ്രത്തിലൊ	ഹത്വാ	കൊന്ന്
രസാതലം	പാതാളത്തിലൊ	നിവർത്തി-ഷ്യാമി."	ഞാൻ തിരിച്ചുവരുന്നുണ്ട്."
അംബരം വാ	ആകാശത്തിലൊ		

തതോഽബ്രവീത് സുസംക്രുദ്ധോ വജ്രദംഷ്ട്രോ മഹാബലഃ
പ്രഗൃഹ്യ പരിഘം ഘോരം മാംസശോണിതരൂഷിതം. 9

തതഃ	അപ്പോൾ	മാംസശോണി-തരൂഷിതം	മാംസവും ചോരയും പുരണ്ട
മഹാബലഃ	മഹാബലവാനായ	ഘോരം	ഭയങ്കരമായ
വജ്രദംഷ്ട്രഃ	വജ്രദംഷ്ട്രൻ	പരിഘം	ഇരിമ്പുലക്കയെ
		പ്രഗൃഹ്യ,	എടുത്തുകൊണ്ട്,
സുസംക്രുദ്ധഃ	അതിക്രുദ്ധനായി	അബ്രവീത്.	ഇപ്രകാരം പറഞ്ഞു.

കിം വോ ഹനുമതാ കാര്യം കൃപണേന തപസ്വിനാ
രാമേ തിഷ്ഠതി ദുർദ്ധർഷേ സസുഗ്രീവേ സലക്ഷ്മണേ. 10

"രാമേ	"രാമൻ	കൃപണേന	ക്ഷുദ്രനും
സസുഗ്രീവേ	സുഗ്രീവസമേതനായി	തപസ്വിനാ	ശോചനീയനും ആയ
സലക്ഷ്മണേ	ലക്ഷ്മണനോടും കൂടി	ഹനുമതാ	ഹനുമാനോടുകൂടി
		വഃ	നിങ്ങൾക്ക്
ദുർദ്ധർഷേ	മദംപൂണ്ടവനായി	കിം കാര്യം?	എന്തൊന്നാണ് ചെയ്യാനുള്ളത്?
തിഷ്ഠതി,	നില്ക്കെ		

[വെളിച്ചത്തിൽവരാതെ രാത്രിയിൽ ലങ്കയിൽ കടന്നുകൂടിയതിനാൽ കൃപണനും, രാക്ഷസന്മാരെപ്പോലെ മാംസഭക്ഷകനല്ലാതെ കേവലം ഫലാദികളെ തിന്നുന്നവനാകയാൽ, തപസ്വിയും ആകുന്നു. (രാമാനുജീയം).]

അദ്യ രാമം സസുഗ്രീവം പരിഘേണ സലക്ഷ്മണം
ആഗമിഷ്യാമി ഹത്വൈകോ വിക്ഷോഭ്യ ഹരിവാഹിനീം. 11

"അദ്യ	"ഇപ്പോൾതന്നെ	ഏകഃ	ഞാൻ ഒരുവനായി
രാമം	രാമനെ	ഹത്വാ,	വധിച്ച്,
സസുഗ്രീവം	സുഗ്രീവനോടുകൂടിയും	ഹരിവാഹിനീം	വാനരസേനയെ
സലക്ഷ്മണം	ലക്ഷ്മണസഹിതനായും	വിക്ഷോഭ്യ,	കലക്കി മറിച്ച്,
പരിഘേണ	പരിഘത്താൽ	ആഗമിഷ്യാമി.	തിരിച്ചെത്തുന്നുണ്ട്.

ഇദം മമാപരം വാക്യം ശൃണു രാജൻ യദീച്ഛസി
ഉപായകുശലോ ഹ്യേവ ജയേച്ഛത്രൂനതന്ദ്രിതഃ. 12

"രാജൻ!	"മഹാരാജാവേ!	ഉപായകുശലഃ	ഉപായങ്ങളിൽ നിപുണനും
മമ	എന്റെ		
അപരം	മറ്റൊരു	അതന്ദ്രിതഃ ഹി	ജാഗ്രതയോടുകൂടിയവനും മാത്രമാണ്
ഇദം വാക്യം	ഈ വാക്യത്തേയും,		
ഇച്ഛസി യദി	തിരുമനസ്സുണ്ടെന്നാൽ,	ശത്രൂൻ ഏവ	ശത്രുക്കളെല്ലാവരേയും
ശൃണു;	കേട്ടരുളിയാലും;	ജയേത്.	ജയിക്കുക.

കാമരൂപധരാഃ ശൂരാഃ സുഭീമാ ഭീമദർശനാഃ
രാക്ഷസാനാം സഹസ്രാണി രാക്ഷസാധിപ നിശ്ചിതാഃ 13

"രാക്ഷസാധിപ!	"രക്ഷോനായക!	ഭീമദർശനാഃ	കാണ്മാൻ ഭയങ്കരന്മാരായും
രാക്ഷസാനാം	രാക്ഷസന്മാരിൽ		
സഹസ്രാണി	അനേകംപേർ	കാമരൂപധരാഃ	ഇച്ഛാരൂപികളായും
ശൂരാഃ	ശൂരന്മാരായും	നിശ്ചിതാഃ.	തിരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്.
സുഭീമാഃ	കൊടിയവരായും		

കാകുത്സ്ഥമുപസംഗമ്യ ബിഭ്രതോ മാനുഷം വപുഃ
സർവ്വേ ഹ്യസംഭ്രമാ ഭൂത്വാ ബ്രുവന്തു രഘുസത്തമം. 14

"സർവ്വേ	"എല്ലാവരും	ഉപസംഗമ്യ,	അടുത്ത്,
മാനുഷം വപുഃ	മനുഷ്യവടിവ്	അസംഭ്രമാഃ ഹി ഭൂത്വാ	ഒട്ടും സംഭ്രമിക്കാതെ തന്നെ
ബിഭ്രതഃ	കയ്ക്കൊണ്ടവരായി		
രഘുസത്തമം	രഘുസത്തമനായ	ബ്രുവന്തു.	ഇപ്രകാരം അറിയിക്കട്ടെ.
കാകുത്സ്ഥം	കാകുത്സ്ഥനെ		

പ്രേഷിതാ ഭരതേന സ്മ ഭ്രാത്രാ തവ യവീയസാ
സ ഹി സേനാം സമുത്ഥാപ്യ ക്ഷിപ്രമേവോപയാസ്യതി. 15

"'തവ	"'അവിടുത്തെ	യവീയസാ	അനുജനായ ലക്ഷ്മണനോടുംകൂടി
ഭ്രാത്രാ	അനുജനായ		
ഭരതേന	ഭരതനാൽ	സേനാം	സൈന്യത്തെ
പ്രേഷിതാഃ സ്മ;'	പറഞ്ഞയക്കപ്പെട്ടവരാകുന്നു ഞങ്ങൾ;'	സമുത്ഥാപ്യ	വിളിച്ചുകൊണ്ട്
ഹി	അതിനാൽ	ക്ഷിപ്രം	ഉടനെ
സഃ ഏവ	അവനും ഉടനെ	ഉപയാസ്യതി.	അങ്ങോട്ടു പുറപ്പെടും.

തതോ വയമിതസ്തൂർണ്ണം ശൂലശക്തിഗദാധരാഃ
ചാപബാണാസിഹസ്താശ്ച ത്വരിതാസ്തത്ര യാമ ഹ. 16

"തത്ര ഹ	"ആ സമയം	ചാപബാണാ- സിഹസ്താഃ ച	അമ്പും വില്ലും വാളും കയ്യിലേന്തിയവരായി
ഇതഃ	ഇവിടെനിന്നും	വയം	നാം
തൂർണ്ണം	വേഗത്തിൽ	ത്വരിതാഃ	ബദ്ധപ്പെട്ടു
തതഃ	അടുക്കിലേക്കായി	യാമ.	ചെല്ലുക.
ശൂലശക്തി- ഗദാധരാഃ	ശൂലം, വേൽ, ഗദ എന്നവ ധരിച്ച്		

ആകാശേ ഗണശഃ സ്ഥിത്വാ ഹത്വാ താം ഹരിവാഹിനീം
അസ്ത്രശസ്ത്രമഹാവൃഷ്ട്യാ പ്രാപയാമ യമക്ഷയം. 17

"ആകാശേ	"ആകാശത്തിൽ	താം	ആ
ഗണശഃ സ്ഥിത്വാ,	കൂട്ടം കൂട്ടമായി നിന്നുകൊണ്ട്,	ഹരിവാഹിനീം	വാനരസേനയെ
		ഹത്വാ	നശിപ്പിച്ച്
അസ്ത്രശസ്ത്ര- മഹാവൃഷ്ട്യാ,	അസ്ത്രശസ്ത്രങ്ങൾ ഏറെ പൊഴിച്ച്,	യമക്ഷയം	യമലോകത്തിലേക്ക്
		പ്രാപയാമ.	അയക്കുക.

ഏവം ചേദുപസപ്തോതാമനയം രാമലക്ഷ്മണൌ
അവശ്യമപനീതേന ജഹതാമേവ ജീവിതം. 18

"ഏവം ചേത്	"ഇങ്ങിനെയായാൽ	അപനീതേന ഏവ	ഉപായത്താൽ തന്നെ
രാമലക്ഷ്മണൌ	രാമലക്ഷ്മണന്മാർ	ജീവിതം	ജീവനെ
അനയം ഉപസപ്തോതാം;	ചതിയിൽ കുടുങ്ങുന്നതാണ് ;	അവശ്യം	തീർച്ചയായും
		ജഹതാം."	വെടിയട്ടെ."

കൌംഭകർണ്ണിസ്തതോ വീരോ നികുംഭോ നാമ വീര്യവാൻ
അബ്രവീത് പരമക്രുദ്ധോ രാവണം ലോകരാവണം. 19

കൌംഭകർണ്ണിഃ	കുംഭകർണ്ണ പുത്രനും	ലോകരാവണം	ലോകരെ കരയിക്കുന്നവനായ
വീര്യവാൻ	വീര്യശാലിയും ആയ		
നികുംഭഃ നാമ	നികുംഭനെന്ന	രാവണം	രാവണനോടായി
വീരഃ,	വീരൻ,	തതഃ	ആ സമയം
പരമക്രുദ്ധഃ	അതിക്രുദ്ധനായി	അബ്രവീത്.	ഉണർത്തിച്ചു.

സർവ്വേ ഭവന്തസ്തിഷ്ഠന്തു മഹാരാജേന സംഗതാഃ
അഹമേകോ ഹനിഷ്യാമി രാഘവം സഹലക്ഷ്മണം
സുഗ്രീവം ച ഹനുമന്തം സർവ്വാനേവ ച വാനരാൻ. 20

“ഭവന്തഃ സർവ്വേ	“നിങ്ങൾ എല്ലാവരും	രാഘവം	രാമനേയും
മഹാരാജേന സംഗതാഃ	മഹാരാജാവോടും കൂടി	സുഗ്രീവം ച	സുഗ്രീവനേയും
തിഷ്ഠന്തു ;	ഇവിടെത്തന്നെ വർത്തി	ഹനുമന്തം ച	ഹനുമാനേയും
അഹം ഏകഃ	ഞാൻ ഒറ്റയ്ക്ക് [പ്പിൻ;	വാനരാൻ സർവ്വാൻ ഏവ	വാനരന്മാർ എല്ലാവരെ തന്നേയും,
സഹലക്ഷ്മണം	ലക്ഷ്മണയുക്തനായ	ഹനിഷ്യാമി.”	വധിക്കുന്നുണ്ട്.”

തതോ വജ്രഹനുർനാമ രാക്ഷസഃ പർവ്വതോപമഃ
ക്രുദ്ധഃ പരിലിഹൻ വക്ത്രം ജിഹ്വയാ വാക്യമബ്രവീത്. 21

തതഃ	അനന്തരം	ജിഹ്വയാ	നാവിനാൽ
പർവ്വതോപമഃ	പർവ്വതാകാരനായ	വക്ത്രം	വായയെ
വജ്രഹനുഃ നാമ	വജ്രഹനു എന്ന	പരിലിഹൻ,	ചുററും നക്കിക്കൊണ്ട്
രാക്ഷസഃ	രാക്ഷസൻ	വാക്യം	ഇങ്ങിനെ
ക്രുദ്ധഃ,	കുപിതനായി	അബ്രവീത്.	ബോധിപ്പിച്ചു.

സ്വൈരം കുർവ്വന്തു കാർയ്യാണി ഭവന്തോ വിഗതജ്വരാഃ
ഏകോഽഹം ഭക്ഷയിഷ്യാമി താൻ സർവ്വാൻ ഹരിയൂഥപാൻ. 22

“ഭവന്തഃ	“നിങ്ങൾ	കുർവ്വന്തു ;	ചെയ്തുകൊൾവിൻ ;
		അഹം ഏകഃ	ഞാൻ ഒരുവനായി
വിഗതജ്വരാഃ	വിചാരമററവരായി	താൻ	ആ
സ്വൈരം	സ്വേച്ഛപോലെ	ഹരിയൂഥപാൻ	വാനരത്തലവന്മാർ
		സർവ്വാൻ	എല്ലാവരേയും
കാർയ്യാണി	കൃത്യങ്ങളെ	ഭക്ഷയിഷ്യാമി.	വിഴുങ്ങിക്കളയുന്നുണ്ട്.

സ്വസ്ഥാഃ ക്രീഡന്തു നിശ്ചിന്താഃ പിബന്തോ മധുവാരുണീം. 23

“നിശ്ചിന്താഃ	“ചിന്തയററവരായി	പിബന്തഃ	കുടിച്ചുംകൊണ്ട്
		സ്വസ്ഥാഃ	കുറവെന്നിയേ
മധുവാരുണീം	മധു എന്ന മദ്യത്തെ	ക്രീഡന്തു.	വിഹരിച്ചുകൊൾവിൻ.

അഹമേകോ വധിഷ്യാമി സുഗ്രീവം സഹലക്ഷ്മണം
അംഗദം ച ഹനുമന്തം രാമം ച രണകുഞ്ജരം. 24

“അഹം	“ഞാൻ	സുഗ്രീവം	സുഗ്രീവനേയും
ഏകഃ	ഒററയ്ക്ക്		
സഹലക്ഷ്മണം	ലക്ഷ്മണസഹിതനും	ഹനുമന്തം	ഹനുമാനേയും
രണകുഞ്ജരം	രണവീരനും ആയ	അംഗദം ച	അംഗദനേയും
രാമം ച	രാമനേയും	വധിഷ്യാമി.”	വധിക്കുന്നുണ്ട്.

ഇത്യാർഷേ ശ്രീമദ്രാമായണേ വാല്മീകീയേ ആദികാവ്യേ യുദ്ധകാണ്ഡേ
അഷ്ടമഃ സർഗ്ഗഃ = എട്ടാംസർഗ്ഗം സമാപ്തം.

ആദ്യംമുതൽ ശ്ലോകസംഖ്യ 14973; യുദ്ധകാണ്ഡം ആദ്യംമുതൽ ശ്ലോകസംഖ്യ 298.

നവമഃ സൎഗ്ഗഃ=ഒമ്പതാംസൎഗ്ഗം.

[വിഭീഷണപ്രതിഷേധോക്തിഃ = വിഭീഷണൻ വിപരീതാഭിപ്രായം പറയുന്നതു്.]

തതോ നികുംഭോ രഭസഃ സൂൎയ്യശത്രുൎമ്മഹാബലഃ
സുപ്തഘ്നോ യജ്ഞകോപശ്ച മഹാപാൎശ്വമഹോദരൌ 1
അഗ്നികേതുശ്ച ദുൎദ്ധൎഷോ രശ്മികേതുശ്ച രാക്ഷസഃ
ഇന്ദ്രജിച്ച മഹാതേജാ ബലവാൻ രാവണാത്മജഃ 2
പ്രഹസ്തോഽഥ വിരൂപാക്ഷോ വജ്രദംഷ്ട്രോ മഹാബലഃ
ധൂമ്രാക്ഷശ്ചാതികായശ്ച ദുൎമ്മുഖശ്ചൈവ രാക്ഷസഃ 3
പരിഘാൻ പട്ടിശാൻ പ്രാസാൻ ശക്തിശൂലപരശ്വധാൻ
ചാപാനി ച സബാണാനി ഖഡ്ഗാംശ്ച വിപുലാഞ്ശിതാൻ 4
പ്രഗൃഹ്യ പരമക്രുദ്ധാഃ സമുത്പത്യ ച രാക്ഷസാഃ
അബ്രുവൻ രാവണം സൎവ്വേ പ്രദീപ്താ ഇവ തേജസാ. 5

തതഃ	അതിൽ പിന്നെ
നികുംഭഃ	നികുംഭനും
രഭസഃ	രഭസനും
മഹാബലഃ	മഹാബലിഷ്ഠനായ
സൂൎയ്യശത്രുഃ	സൂൎയ്യശത്രുവും
സുപ്തഘ്നഃ	സുപ്തഘ്നനും
യജ്ഞകോപഃ ച	യജ്ഞകോപനും
മഹാപാൎശ്വമഹോദരൌ	മഹാപാൎശ്വമഹോദരന്മാരും
ദുൎദ്ധൎഷഃ	വെല്ലുവാൻ കഴിയാത്തവനായ
അഗ്നികേതുഃ ച	അഗ്നികേതുവും
രശ്മികേതുഃ രാക്ഷസഃ ച,	രശ്മികേതു എന്ന രാക്ഷസനും,
മഹാതേജാഃ	മഹാതേജസ്വിയും,
ബലവാൻ	ബലവാനും
രാവണാത്മജഃ	രാവണപുത്രനും ആയ
ഇന്ദ്രജിത് ച	ഇന്ദ്രജിത്തും,
പ്രഹസ്തഃ അഥ	പ്രഹസ്തനും,
വിരൂപാക്ഷഃ	വിരൂപാക്ഷനും
വജ്രദംഷ്ട്രഃ ച	വജ്രദംഷ്ട്രനും
മഹാബലഃ	മഹാബലവാനായ
ധൂമ്രാക്ഷഃ ച	ധൂമ്രാക്ഷനും
അതികായഃ ച,	അതികായനും,
ദുൎമ്മുഖഃ	ദുൎമ്മുഖനെന്ന
രാക്ഷസഃ ഏവ	രാക്ഷസനും,
സൎവ്വേ രാക്ഷസാഃ ച,	എന്നിങ്ങിനെയുള്ള എല്ലാ രാക്ഷസന്മാരും,
പരിഘാൻ	ഇരിമ്പുലക്കകളേയും
പട്ടിശാൻ	ചെറുകുന്തങ്ങളേയും
പ്രാസാൻ	നെടുകുന്തങ്ങളേയും
ശക്തിശൂലപരശ്വധാൻ	വേൽ, ശൂലം, വെണ്മഴുവെന്നവയേയും
സബാണാനി ചാപാനി ച	അമ്പുകളോടുകൂടി ധനുസ്സുകളേയും
വിപുലാൻ	പെരുത്തവയും
ശിതാൻ	മൂൎച്ചയുള്ളവയും ആയ
ഖഡ്ഗാൻ ച	വാളുകളേയും
പ്രഗൃഹ്യ,	എന്തിക്കൊണ്ട്,
പരമക്രുദ്ധാഃ	കോപാവേശമുൾക്കൊണ്ടവരായി
സമുത്പത്യ,	ചാടിയെഴുന്നേററ്,
തേജസാ	തേജസ്സിനാൽ
പ്രദീപ്താഃ ഇവ	ഉജ്ജ്വലിക്കുന്നവരായി
രാവണം	രാവണനോടായി
അബ്രുവൻ.	ഉണൎത്തിച്ചു.

അദ്യ രാമം വധിഷ്യാമഃ സുഗ്രീവം ച സലക്ഷ്മണം
കൃപണം ച ഹനൂമന്തം ലങ്കാ യേന പ്രധർഷിതാ. 6

"അദ്യ	"ഇപ്പോൾതന്നെ	പ്രധർഷിതാ	ആക്രമിക്കപ്പെട്ടുവോ, അ
രാമം	രാമനേയും,	കൃപണം	അല്പനായ
സലക്ഷ്മണം	ലക്ഷ്മണനോടും കൂടി	ഹനൂമന്തം ച	ഹനുമാനേയും
സുഗ്രീവം ച	സുഗ്രീവനേയും,	വധിഷ്യാമഃ."	ഞങ്ങൾ കൊന്നുകളയാം."
യേന	ഏവനാൽ		
ലങ്കാ	ലങ്കാപുരം		

താൻ ഗൃഹീതായുധാൻ സർവ്വാൻ വാരയിത്വാ വിഭീഷണഃ
അബ്രവീത് പ്രാഞ്ജലിർവ്വാക്യം പുനഃ പ്രത്യുപവേശ്യ താൻ. 7

വിഭീഷണഃ	വിഭീഷണൻ	പ്രത്യുപവേശ്യ പുനഃ	വീണ്ടും ഇരുത്തിയ ശേഷം
ഗൃഹീതായുധാൻ	ആയുധപാണികളായ	പ്രാഞ്ജലിഃ	തൊഴുതുംകൊണ്ടു്
താൻ സർവ്വാൻ	അവർ എല്ലാവരേയും	വാക്യം അബ്രവീത്.	ഇപ്രകാരം ഉണർത്തിച്ചു.
വാരയിത്വാ,	തടഞ്ഞുകൊണ്ടു്,		
താൻ	അവരെ		

അപ്യുപായൈസ്ത്രിഭിസ്താത യോഽർത്ഥഃ പ്രാപ്തും ന ശക്യതേ
തസ്യ വിക്രമകാലാംസ്താൻ യുക്താനാഹുർമ്മനീഷിണഃ. 8

"താത!	"ജ്യേഷ്ഠ!	തസ്യ അപി	അതിന്നു മാത്രമെ
യഃ അർത്ഥഃ	യാതൊരു കാൎയ്യസിദ്ധി	താൻ വിക്രമകാലാൻ	ആ ദണ്ഡോപായ നിയമങ്ങളെ
ത്രിഭിഃ ഉപായൈഃ അപി	സാമം, ദാനം, ഭേദം എന്ന മൂന്നുപായങ്ങളെക്കൊണ്ടും	യുക്താൻ	ഉപയോഗപ്പെടുത്താവു എന്നാണു്
പ്രാപ്തും	നേടുവാൻ	മനീഷിണഃ	മഹാന്മാർ
ശക്യതേ ന	സാദ്ധ്യമാകാതിരിക്കുന്നുവോ,	ആഹുഃ.	പറഞ്ഞിട്ടുള്ളതു്.

["സാമാദീനാമുപായാനാം ത്രയാണാം വിഫലേ നയേ. വിനയേന്നയസമ്പന്നോ ദണ്ഡം ദണ്ഡ്യേഷു ദണ്ഡഭൃത്." എന്നു് കാമന്ദകനീതി.]

പ്രമത്തേഷ്വഭിയുക്തേഷു ദൈവേന പ്രഹതേഷു ച
വിക്രമാസ്താത സിദ്ധ്യന്തി പരീക്ഷ്യ വിധിനാ കൃതാഃ. 9

"താത!	"ജ്യേഷ്ഠ!	അഭിയുക്തേഷു ച	ഉത്സാഹികളുടെ സംഗതിയിലും മാത്രമാണു്
പ്രമത്തേഷു	അജാഗ്രതയായിരിക്കുന്നവരുടെ സംഗതിയിലും	വിധിനാ	വിധിപ്രകാരം
ദൈവേന	ദൈവത്താൽ	പരീക്ഷ്യ	പരീക്ഷിച്ചറിഞ്ഞു്
പ്രഹതേഷു	കൈവെടിയപ്പെട്ട ദുർഭാഗ്യവാന്മാരായ	കൃതാഃ	ചെയ്യപ്പെട്ടവയായ
		വിക്രമാഃ	ദണ്ഡോപായ കൃത്യ
		സിദ്ധ്യന്തി.	ഫലിക്കുന്നതു്. [ങ്ങൾ

അപ്രമത്തം കഥം തം തു വിജിഗീഷും ബലേ സ്ഥിതം
ജിതരോഷം ദുരാധർഷം പ്രധർഷയിതുമിച്ഛഥ. 10

"അപ്രമത്തം	"അതിജാഗ്രതയോടെ വർത്തിക്കുന്നവനും	ദുരാധർഷം	അടുക്കപ്പെടുവാൻ കഴിയാത്തവനുമായ
വിജിഗീഷും	ജയപ്രാപ്തിയെ ഓർക്കു	തം തു	അദ്ദേഹത്തെയും
ബലേ	ദൈവബലം [ന്നവനും	പ്രധർഷയിതും	എതിർപ്പാനായി
സ്ഥിതം	സിദ്ധിച്ചവനും	കഥം	എങ്ങിനെയാണ്
ജിതരോഷം	കോപത്തെ ജയിച്ചവനും	ഇച്ഛഥ?	നിങ്ങൾ ഇച്ഛിക്കുന്നത്?

സമുദ്രം ലംഘയിത്വാ തു ഘോരം നദനദീപതിം
കൃതം ഹനുമതാ കർമ്മ ദുഷ്കരം തർക്ക്യേത വാ. 11

"നദ-നദീപതിം	"നദങ്ങൾക്കും നദികൾക്കും പ്രാപ്യസ്ഥാനമായ	ഹനുമതാ	ഹനുമാനാൽ
		കൃതം	ചെയ്യപ്പെട്ടതായ
		ദുഷ്കരം	അനിതരസാദ്ധ്യമായ
ഘോരം	ഘോരമായ	കർമ്മ വാ	കൃത്യത്തെ കുറിച്ചെങ്കിലും
സമുദ്രം തു	സമുദ്രത്തെത്തന്നേയും		
ലംഘയിത്വാ,	ചാടിക്കടന്ന്,	തർക്ക്യേത!	ഓർത്തുനോക്കിയാലും!

ബലാന്യപരിമേയാനി വീര്യാണി ച നിശാചരാഃ
പരേഷാം സഹസാऽവജ്ഞാ ന കർത്തവ്യാ കഥഞ്ചന. 12

"നിശാചരാഃ!	"രാക്ഷസന്മാരേ!	അപരിമേയാനി;	കണ്ടറിയപ്പെടുവാൻ കഴിയാത്തവയായിരിക്കും;
പരേഷാം	ശത്രുക്കളുടെ	കഥഞ്ചന	എപ്രകാരവും
ബലാനി	സൈന്യങ്ങളും	സഹസാ	ബദ്ധപ്പെട്ടുകൊണ്ട്
		അവജ്ഞാ	അലക്ഷ്യംചെയ്യാൻ
വീര്യാണി ച	പരാക്രമങ്ങളും	കർത്തവ്യാ ന.	പാടുള്ളതല്ല.

കിം ച രാക്ഷസരാജസ്യ രാമേണാപകൃതം പുരാ
ആജഹാര ജനസ്ഥാനാദ്യസ്യ ഭാര്യാം യശസ്വിനഃ. 13

"യശസ്വിനഃ	"കീർത്തിശാലിയായ	രാമേണ,	ശ്രീരാമനാൽ,
യസ്യ	യാതൊരുവന്റെ	രാക്ഷസരാജസ്യ	രാക്ഷസാധിപന്ന്
ഭാര്യാം	ധർമ്മപത്നിയെ	പുരാ	ഇതിന്നുമുമ്പ്
ജനസ്ഥാനാത്	ജനസ്ഥാനത്തിൽ നിന്നും	അപകൃതം ച	ചെയ്യപ്പെട്ട കുററം
ആജഹാര	അപഹരിച്ചുവോ, ആ	കിം?	എന്തൊന്നുതന്നേയാണ്?

ഖരോ യദ്യതിവൃത്തസ്തു രാമേണ നിഹതോ രണേ
അവശ്യം പ്രാണിനാം പ്രാണാ രക്ഷിതവ്യാ യഥാബലം. 14

"ഖരഃ	"ഖരൻ	നിഹതഃ;	വധിക്കപ്പെട്ടത്;
അതിവൃത്തഃ യദി തു	അതിരുകവിഞ്ഞതായ അക്രമയുദ്ധത്തിന്നായി ചെന്ന കാരണത്താൽതന്നെയാണല്ലൊ,	പ്രാണിനാം	പ്രാണികളുടെ
		പ്രാണാഃ	പ്രാണങ്ങൾ
		യഥാബലം	അതാതിന്റെ ശക്തിക്കനുസരിച്ചുപോലെ
		അവശ്യം	നിശ്ചയമായും
രണേ	പോരിൽ	രക്ഷിതവ്യാഃ.	രക്ഷിക്കപ്പെടേണ്ടവയാണ്.
രാമേണ	ശ്രീരാമനാൽ		

അയശസ്യമനായുഷ്യം പരദാരാഭിമർശനം
അർത്ഥക്ഷയകരം ഘോരം പാപസ്യ ച പുനർഭവം 15

"പരദാരാഭിമർശനം	അന്യന്റെ ഭാര്യയെ തൊടുക എന്നത്	ഘോരം;	എന്തിനേയും നശിപ്പിക്കുന്ന കൊടിയവിഷം;
അയശസ്യം	അകീർത്തികരവും		
അനായുഷ്യം	ആയുസ്സിനെ കുറയ്ക്കുന്നതും	പുനഃ	എന്നുതന്നെയല്ല
		പാപസ്യ ച	സർവ്വപാപത്തിന്നും
അർത്ഥക്ഷയകരം;	പുരുഷാർത്ഥങ്ങളെ നശിപ്പിക്കുന്നതും ആണ്;	ഭവം.	കാരണഭൂതവും ആകുന്നു.

ഏതന്നിമിത്തം വൈദേഹ്യാ ഭയം നഃ സുമഹദ് ഭവേത്
ആഹൃതാ സാ പരിത്യാജ്യാ കലഹാർത്ഥേ കൃതേന കിം. 16

"ഏതന്നിമിത്തം	"ഇക്കാരണങ്ങളാൽ,	സാ	അവൾ
വൈദേഹ്യാഃ	വൈദേഹിയിങ്കൽനിന്ന്	പരിത്യാജ്യാ;	തിരികെ സമർപ്പിക്കപ്പെടേണ്ടവളാണ്;
നഃ	നമുക്ക്		
സുമഹത്	അത്യസഹ്യമായ	കലഹാർത്ഥേ	അയോഗ്യമായ ചതിപ്രവൃത്തിയിൽ
ഭയം ഭവേത്;	വിപത്ത് നേരിടുന്നതാണ്;		
ആഹൃതാ	അപഹരിച്ചുകൊണ്ടുവരപ്പെട്ടിരിക്കുന്ന	കൃതേന കിം?	ഏർപ്പെട്ടതുകൊണ്ട് എന്തൊന്നാണ് സാദ്ധ്യമായുള്ളത്?

ന നഃ ക്ഷമം വീര്യവതാ തേന ധർമ്മാനുവർത്തിനാ
വൈരം നിരർത്ഥകം കർത്തും ദീയതാമസ്യ മൈഥിലീ. 17

"ധർമ്മാനുവർത്തിനാ	"ധർമ്മമാർഗ്ഗനിരതനും	കർത്തും	വെച്ചിരിക്കുക എന്നത്
		നഃ	നമുക്ക്
വീര്യവതാ	വീര്യവാനും ആയ	ക്ഷമം ന;	ഉചിതമല്ല;
തേന,	അദ്ദേഹവുമായി,	മൈഥിലീ	മൈഥിലീദേവി
നിരർത്ഥകം	നമ്മാൽ നിർവ്വഹിപ്പാൻ കഴിയാത്തതായ	അസ്യ ദീയതാം.	ഇദ്ദേഹത്തിന്റെ വശം സമർപ്പിക്കപ്പെടട്ടെ.
വൈരം	ദ്വേഷത്തെ		

യാവന്ന സഗജാം സാശ്വാം ബഹുരത്നസമാകുലാം
പുരീം ദാരയതേ ബാണൈർദ്ദീയതാമസ്യ മൈഥിലീ. 18

" സഗജാം	" ആനകളടക്കം	ബാണൈഃ	ബാണങ്ങൾ കൊണ്ടു്
സാശ്വാം	കുതിരകളടക്കം	ദാരയതേ ന യാവത്,	പൊടിപെടുത്തും മുമ്പു തന്നെ,
ബഹുരത്നസമാകുലാം	അനേക വിശിഷ്ടവസ്തുക്കൾ നിറഞ്ഞതായ	മൈഥിലീ	സീതാദേവി
		അസ്യ	ഇദ്ദേഹത്തിന്നായി
പുരീം,	നഗരത്തെ,	ദീയതാം.	സമൎപ്പിക്കപ്പെടട്ടെ.

യാവത് സുഘോരാ മഹതീ ദുർദ്ധർഷാ ഹരിവാഹിനീ
നാവസ്കന്ദതി നോ ലങ്കാം താവത് സീതാ പ്രദീയതാം. 19

" സുഘോരാ	" അതിഭയങ്കരവും	നഃ ലങ്കാം	നമ്മുടെ ലങ്കാപുരത്തെ
ദുർദ്ധർഷാ	ജയിക്കപ്പെടുവാൻ കഴിയാത്തതും ആയ	അവസ്കന്ദതി യാവത് താവത് ന	വളയുന്നതിന്നു മുമ്പായിതന്നെ
മഹതീ	വമ്പിച്ച	സീതാ	സീതാദേവി
ഹരിവാഹിനീ	വാനര സൈന്യം	പ്രദീയതാം.	സമൎപ്പിക്കപ്പെടട്ടെ.

വിനശ്യേദ്ധി പുരീ ലങ്കാ ശൂരാഃ സൎവ്വേ ച രാക്ഷസാഃ
രാമസ്യ ദയിതാ പത്നീ സ്വയം ന യദി ദീയതേ. 20

" രാമസ്യ	" ശ്രീരാമന്റെ	ലങ്കാ പുരീ	ലങ്കാനഗരം
ദയിതാ	പ്രീതിപാത്രമായ	വിനശ്യേത്;	നശിച്ചുപോകുന്നതാണ്;
പത്നീ,	പത്നി,	ശൂരാഃ	ശൂരന്മാരായ
സ്വയം	നിന്തിരുവടിയാൽതന്നെ മനഃപൂൎവ്വമായി	രാക്ഷസാഃ	രാക്ഷസന്മാർ
ദീയതേ യദി ന,	തിരിയെ സമൎപ്പിക്കപ്പെടുന്നില്ലെന്നാൽ,	സൎവ്വേ ച	എല്ലാവരും അപ്രകാരംതന്നെ നശിക്കുന്നതാണ്,
		ഹി.	തീൎച്ചതന്നെ.

പ്രസാദയേ ത്വാം ബന്ധുത്വാത് കുരുഷ്വ വചനം മമ
ഹിതം തഥ്യം ത്വഹം ബ്രൂമി ദീയതാമസ്യ മൈഥിലീ. 21

"ബന്ധുത്വാത്	" ജ്യേഷ്ഠനെന്നുള്ള സ്നേഹത്താൽ	ഹിതം	പ്രിയത്തേയും
		തഥ്യം തു	വാസ്തവത്തേയുമാണ്
ത്വാം	നിന്തിരുവടിയോട്	ബ്രൂമി;	ഉണൎത്തിക്കുന്നത് !
പ്രസാദയേ;	ഞാൻ അഭ്യൎത്ഥിക്കുന്നു;	മൈഥിലീ	മൈഥിലീദേവി
മമ വചനം	എന്റെ അപേക്ഷയെ	അസ്യ	ഇദ്ദേഹത്തിന്റെ വക്കൽ
കുരുഷ്വ;	സ്വീകരിച്ചാലും;		
അഹം	ഞാൻ	ദീയതാം.	സമൎപ്പിക്കപ്പെടട്ടെ.

പുരാ ശരത്സൂര്യ്യമരീചിസന്നിഭാൻ
നവാഗ്രപുംഖാൻ സുദൃഢാൻ നൃപാത്മജഃ
സൃജത്യമോഘാൻ വിശിഖാൻ വധായ തേ
പ്രദീയതാം ദാശരഥായ മൈഥിലീ. 22

"ശരത്സൂര്യ്യമരീചിസന്നിഭാൻ	ശരത്കാലസൂര്യ്യന്റെ രശ്മികളൊത്തവയും	തേ	നിന്തിരുവടിയുടെ
നവാഗ്രപുംഖാൻ	തീട്ടപ്പെട്ട മുനകളാന്നവയും	വധായ	വധത്തിന്നായി
സുദൃഢാൻ	ഉറപ്പേറിയവയും	നൃപാത്മജഃ	ആ നൃപകുമാരൻ
അമോഘാൻ	നിഷ്ഫലമാകാത്തവയും ആയ	സൃജതി പുരാ	പൊഴിക്കുന്നതിന്നു മുമ്പേതന്നെ
വിശിഖാൻ	ബാണങ്ങളെ	മൈഥിലീ	മൈഥിലീദേവി
		ദാശരഥായ	ശ്രീരാമന്നായ്ക്കൊണ്ട്
		പ്രദീയതാം.	തിരികെ സമർപ്പണം ചെയ്യപ്പെടട്ടെ.

ത്യജാശു കോപം സുഖധർമ്മനാശനം
ഭജസ്വ ധർമ്മം രതികീർത്തിവർദ്ധനം
പ്രസീദ ജീവേമ സപുത്രബാന്ധവാഃ
പ്രദീയതാം ദാശരഥായ മൈഥിലീ. 23

"സുഖധർമ്മനാശനം	"ഹിതത്തേയും ധർമ്മത്തേയും നശിപ്പിക്കുന്നതായ	ഭജസ്വ;	അനുഷ്ഠിച്ചാലും;
കോപം	കോപത്തെ	പ്രസീദ!	എല്ലാവരേയും അനുഗ്രഹിച്ചരുളിയാലും;
ആശു	ഉടനെ	സപുത്രബാന്ധവാഃ	മക്കളോടും ബന്ധുക്കളോടും കൂടി
ത്യജ;	വെടിഞ്ഞാലും;	ജീവേമ;	നാം വാഴുക;
രതികീർത്തിവർദ്ധനം	മനഃസമാധാനത്തേയും പുകഴിനേയും വർദ്ധിപ്പിക്കുന്നതായ	മൈഥിലീ	മൈഥിലീ ദേവി
ധർമ്മം	ധർമ്മമാർഗ്ഗത്തെ	ദാശരഥായ പ്രദീയതാം."	ശ്രീരാമന്നായ്ക്കൊണ്ട് തിരിയെ സമർപ്പിക്കപ്പെടട്ടെ."

വിഭീഷണവചഃ ശ്രുത്വാ രാവണോ രാക്ഷസേശ്വരഃ
വിസർജ്ജയിത്വാ താൻ സർവ്വാൻ പ്രവിവേശ സ്വകം ഗൃഹം. 24

രാക്ഷസേശ്വരഃ	രാക്ഷസേശ്വരനായ	താൻ സർവ്വാൻ	അവരെല്ലാവരേയും
രാവണഃ	രാവണൻ	വിസർജ്ജയിത്വാ,	വിടകൊടുത്തയച്ചശേഷം,
വിഭീഷണവചഃ	വിഭീഷണന്റെ വാക്യത്തെ	സ്വകം ഗൃഹം	തന്റെ അരമനയിൽ
ശ്രുത്വാ,	കേട്ട്,	പ്രവിവേശ.	പോയ്ച്ചേർന്നു.

ഇത്യാർഷേ ശ്രീമദ്രാമായണേ വാല്മീകീയേ ആദികാവ്യേ യുദ്ധകാണ്ഡേ
നവമഃ സർഗ്ഗഃ = ഒമ്പതാംസർഗ്ഗം സമാപ്തം.

ആദ്യം മുതൽ ശ്ലോകസംഖ്യ 14997; യുദ്ധകാണ്ഡം ആദ്യം മുതൽ ശ്ലോകസംഖ്യ 322.

ദശമഃ സൎഗ്ഗഃ = പത്താംസൎഗ്ഗം.

[വിഭീഷണപത്ഥ്യോപദേശഃ = വിഭീഷണൻ ഹിതോപദേശം ചെയ്യുന്നതു്.]

തതഃ പ്രത്യുഷസി പ്രാപ്തേ പ്രാപ്തധൎമ്മാൎത്ഥനിശ്ചയഃ
രാക്ഷസാധിപതേൎവ്വേശ്മ ഭീമകൎമ്മാ വിഭീഷണഃ 1
ശൈലാഗ്രചയസങ്കാശം ശൈലശൃംഗമിവോന്നതം
സുവിഭക്തമഹാകക്ഷ്യം മഹാജനപരിഗ്രഹം 2
മതിമദ്ഭിൎമ്മഹാമാത്രൈരനുരക്തൈരധിഷ്ഠിതം
രാക്ഷസൈശ്ചാപ്തപൎയ്യാപ്തൈഃ സൎവ്വതഃ പരിരക്ഷിതം 3
മത്തമാതംഗനിശ്വാസൈൎവ്യാകുലീകൃതമാരുതം
ശംഖഘോഷമഹാഘോഷം തൂൎയ്യനാദാനുനാദിതം 4
പ്രമദാജനസംബാധം പ്രജല്പിതമഹാപഥം
തപ്തകാഞ്ചനനിൎവ്യൂഹം ഭൂഷണോത്തമഭൂഷിതം 5
ഗന്ധൎവ്വാണാമിവാവാസമാലയം മരുതാമിവ
രത്നസഞ്ചയസംബാധം ഭവനം ഭോഗിനാമിവ 6
തം മഹാഭ്രമിവാദിത്യസ്തേജോവിസ്തൃതരശ്മിവാൻ
അഗ്രജസ്യാലയം വീരഃ പ്രവിവേശ മഹാദ്യുതിഃ. 7

തതഃ	അതിൽപിന്നെ
പ്രത്യുഷസി	പിറെറന്നാൾ സൂൎയ്യോ-
പ്രാപ്തേ,	ആയപ്പോൾ, [ദയം
പ്രാപ്ത-ധൎമ്മാൎത്ഥ-നിശ്ചയഃ	ധൎമ്മതത്വത്തെക്കുറിച്ചു് നിശ്ചിതബുദ്ധിയായവനും
ഭീമകൎമ്മാ	ആരാലും ചെയ്യപ്പെടുവാൻ കഴിയാത്ത പ്രവൃത്തിയോടുകൂടിയവനും
മഹാദ്യുതിഃ	അതിതേജസ്വിയും
വീരഃ	വീരനും ആയ
വിഭീഷണഃ,	വിഭീഷണൻ,
രാക്ഷസാധി-പതേഃ	രാക്ഷസേശ്വരനായ
അഗ്രജസ്യ	ജ്യേഷ്ഠൻെറ
ആലയം,	അരമനയും,
ശൈലാഗ്ര-ചയസംകാശം	പൎവ്വതശിഖരങ്ങളുടെ കൂട്ടംപോലെയുള്ളതും
ശൈലശൃംഗം ഇവ	ഗിരിശിഖരംപോലെ
ഉന്നതം,	ഉയൎന്നതും,
സുവിഭക്ത-മഹാകക്ഷ്യം,	നന്നായി വിഭാഗിക്കപ്പെട്ട വലുതായ കെട്ടുകളാൎന്നതും,
മഹാജന-പരിഗ്രഹം,	മഹാന്മാരാൽ അന്വേഷിച്ചുവന്നുചേരപ്പെട്ടതും,
മതിമദ്ഭിഃ	ബുദ്ധിമാന്മാരും
അനുരക്തൈഃ	സ്വാമിഭക്തന്മാരും ആയ
മഹാമാത്രൈഃ	പ്രധാനമന്ത്രികളാൽ
അധിഷ്ഠിതം,	കാത്തുനില്ക്കപ്പെട്ടതും,
ആപ്ത-പൎയ്യാപ്തൈഃ	വിശ്വസ്തന്മാരും സമൎത്ഥന്മാരും ആയ
രാക്ഷസൈഃ ച	രാക്ഷസരാലും
സൎവ്വതഃ	നാലുപാടും
പരിരക്ഷിതം,	കാത്തുരക്ഷിക്കപ്പെട്ടതും,

മത്തമാതംഗ- നിശ്വാസൈഃ	മദിച്ച ആനകളുടെ നിശ്വാസങ്ങളോടുകൂടി
വ്യാകുലീകൃത- മാരുതം,	ഇടകലന്ന്വരപ്പെട്ട കാറേറാടുകൂടിയതും,
ശംഖഘോഷ- മഹാഘോഷം	ശംഖഘോഷങ്ങളാലുള്ള വായവൻമുഴക്കത്തോടുകൂടിയതും
തൂര്യനാദാഭി- നാദിതം,	വാദ്യഘോഷങ്ങളുടെ പ്രതിധ്വനിയോടുകൂടിയതും,
പ്രമദാജന- സംബാധം,	യുവതിജനങ്ങളാൽ നിറയപ്പെട്ടതും,
പ്രജല്പിത- മഹാപഥം,	ജനങ്ങൾ തമ്മിൽ സംസാരിക്കുന്ന ഒച്ചയോടുകൂടിയ രാജവീഥികളാന്നതും,
തപ്തകാഞ്ചന- നിർവ്യൂഹം,	തങ്കവാതിലുകളോടുകൂടിയതും,
ഭൂഷണോ- ത്തമഭൂഷിതം,	ഉത്തമഭൂഷണങ്ങളാൽ അലങ്കരിക്കപ്പെട്ടതും,
ഗന്ധർവ്വാണാം	ഗന്ധർവ്വന്മാരുടെ
ആവാസം ഇവ,	വസതിപോലെയുള്ളതും,
മരുതാം	ദേവന്മാരുടെ
ആലയം ഇവ,	വാസസ്ഥലംപോന്നതും,
രത്നസംചയ- സംബാധം	രത്നതതികളാൽ രചിക്കപ്പെട്ട
ഭോഗിനാം	സർപ്പേശ്വരന്മാരുടെ
ഭവനം ഇവ,	ഭവനംപോലെയുള്ളതും ആയ
തം വേശ്മ,	ആ അരമനയിൽ,
തേജോ- വിസ്തൃത- രശ്മിവാൻ	കാന്തിയാൽ എങ്ങും നിറഞ്ഞ രശ്മികളോടുകൂടിയ
ആദിത്യഃ	ആദിത്യൻ
മഹാഭ്രം ഇവ,	വൻമേഘത്തിനുള്ളിൽ എന്നപോലെ,
പ്രവിവേശ.	പ്രവേശിച്ചു.

["ഇപ്രകാരം രാവണഗൃഹത്തെ വർണ്ണിച്ചതു്, അതെല്ലാം രാവണന്റെ അനീതി ഒന്നു കാരണം നഷ്ടമാകുന്നു എന്നു് കാണിപ്പാനായാകുന്നു." (ഗോ. ര൦).]

പുണ്യാൻ പുണ്യാഹഘോഷാംശ്ച വേദവിദ്ഭിരുദാഹൃതാൻ
ശുശ്രാവ സുമഹാതേജാ ഭ്രാതുർവ്വിജയസംശ്രിതാൻ. 8

സുമഹാതേജാഃ	മഹാതേജസ്വിയായ അവൻ
വേദവിദ്ഭിഃ	വേദജ്ഞന്മാരാൽ
ഭ്രാതുഃ	ജ്യേഷ്ഠന്റെ
വിജയ- സംശ്രിതാൻ	വിജയത്തെ ഉദ്ദേശിച്ച്
ഉദാഹൃതാൻ	ജപിക്കപ്പെട്ടതായ
പുണ്യാൻ	പരിപാവനങ്ങളായ
പുണ്യാഹ- ഘോഷാൻ ച	പുണ്യാഹഘോഷങ്ങളേയും
ശുശ്രാവ.	ശ്രവിച്ചു.

പൂജിതാൻ ദധിപാത്രൈശ്ച സർപ്പിർഭിഃ സുമനോക്ഷതൈഃ
മന്ത്രവേദവിദോ വിപ്രാൻ ദദർശ സുമഹാബലഃ. 9

മന്ത്രവേദവിദഃ	മന്ത്രങ്ങളിലും വേദങ്ങളിലും നിപുണന്മാരും
പൂജിതാൻ	മാന്യന്മാരും ആയ
വിപ്രാൻ	വേദപാരായണംചെയ്തുകൊണ്ടിരുന്ന രാക്ഷസന്മാരെ
ദധിപാത്രൈഃ	തയിർനിറച്ച പാത്രങ്ങളോടും
സർപ്പിർഭിഃ	ആജ്യങ്ങളോടും
സുമനോ- ക്ഷതൈഃ ച	പുഷ്പാക്ഷതകളോടും കൂടി
സുമഹാബലഃ	മഹാപരാക്രമശാലിയായ അവൻ
ദദർശ.	വീക്ഷിച്ചു.

സ പൂജ്യമാനോ രക്ഷോഭിർദ്ദീപ്യമാനഃ സ്വതേജസാ
ആസനസ്ഥം മഹാബാഹുർവ്വവന്ദേ ധനദാനുജം. 10

സ്വതേജസാ	സ്വന്തം തേജസ്സിനാൽ	മഹാബാഹുഃ	മഹാബാഹുവായ
ദീപ്യമാനഃ	ഉജ്ജ്വലിക്കുന്നവനും,	സഃ	അവൻ
രക്ഷോഭിഃ	രാക്ഷസരാൽ	ആസനസ്ഥം	ആസനത്തിൽ എഴുന്നെള്ളിയിരുന്ന
പൂജ്യമാനഃ	കൊണ്ടാടപ്പെടുന്നവനും ആയ	ധനദാനുജം	കുബേരാനുജനായ
		വവന്ദേ.	വന്ദിച്ചു. [രാവണനെ

സ രാജദൃഷ്ടിസമ്പന്നമാസനം ഹേമഭൂഷിതം
ജഗാമ സമുദാചാരം പ്രയുജ്യാചാരകോവിദഃ. 11

ആചാര-കോവിദഃ	ആചാരങ്ങളിൽ വിദഗ്ദ്ധനായ	രാജദൃഷ്ടി-സമ്പന്നം	രാജാവിന്റെ കണ്ണുകൊണ്ടു് അരുളപ്പെട്ടതായ
സഃ	ആ വിഭീഷണൻ	ഹേമഭൂഷിതം	സ്വർണ്ണഖചിതമായ
സമുദാചാരം	വേണ്ടുന്ന മര്യാദയെ	ആസനം	ആസനത്തെ
പ്രയുജ്യ,	ചെയ്തു ശേഷം,	ജഗാമ.	കയ്യേറ്റു.

സ രാവണം മഹാത്മാനം വിജനേ മന്ത്രിസന്നിധൌ
ഉവാച ഹിതമത്യർത്ഥം വചനം ഹേതുനിശ്ചിതം 12
പ്രസാദ്യ ഭ്രാതരം ജ്യേഷ്ഠം സാന്ത്വേനോപസ്ഥിതക്രമഃ
ദേശകാലാർത്ഥസംവാദീ ദൃഷ്ടലോകപരാവരഃ. 13

ദേശകാലാർത്ഥ-സംവാദീ	ദേശം, കാലം, പ്രയോജനം എന്നിവയ്ക്കു് ഉചിതമാംവണ്ണം ഉരചെയ്യുന്നവനും	സാന്ത്വേന	നല്ലവാക്കുകൊണ്ടു്
		പ്രസാദ്യ,	അകം കുളുർപ്പിച്ചു ശേഷം,
ദൃഷ്ടലോക-പരാവരഃ	ലോകാചാരാനുഷ്ഠാനങ്ങളെ നന്നായറിഞ്ഞവനും ആയ	മന്ത്രി-സന്നിധൌ,	മന്ത്രിമാരുടെ മുമ്പിൽ വെച്ചു്,
		വിജനേ,	സാധാരണജനങ്ങൾ ആരുമില്ലാതിരിക്കെ,
സഃ,	അവൻ,	ഹേതുനിശ്ചിതം	സത്കാരണങ്ങളാൽ നിർണ്ണയിക്കപ്പെട്ടതും
ഉപസ്ഥിത-ക്രമഃ,	വന്ദനാദി മര്യാദകളെ ചെയ്തവനായി,	അത്യർത്ഥം	അളവററ
ജ്യേഷ്ഠം ഭ്രാതരം	ജ്യേഷ്ഠഭ്രാതാവും	ഹിതം	നന്മയെ വിളയിക്കുന്ന
മഹാത്മാനം രാവണം	മഹാ പരാക്രമശാലിയും ആയ രാവണനെ	വചനം	വാക്യത്തെ [തും ആയ
		ഉവാച.	ഉണർത്തിച്ചു.

യദാപ്രഭൃതി വൈദേഹീ സമ്പ്രാപ്തേഹ പരന്തപ
തദാപ്രഭൃതി ദൃശ്യന്തേ നിമിത്താന്യശുഭാനി നഃ. 14

" പരംതപ!	" ശത്രുനാശന!	തദാപ്രഭൃതി,	അന്നുതൊട്ട്,
വൈദേഹീ	സീതാദേവി	നഃ	നമുക്ക്
ഇഹ	ഇവിടെ	അശുഭാനി	ആപത്സൂചകങ്ങളായ
യദാപ്രഭൃതി	എന്നുതൊട്ട്	നിമിത്താനി	ദുശ്ശകുനങ്ങൾ
സമ്പ്രാപ്താ,	വന്നുചേൎന്നുവോ,	ദൃശ്യന്തേ.	കാണപ്പെടുന്നുണ്ട്.

സസ്ഫുലിംഗഃ സധൂമാൎച്ചിഃ സധൂമകലുഷോദയഃ
മന്ത്രസംധുക്ഷിതോപ്യഗ്നിം ന സമ്യഗഭിവൎദ്ധതേ. 15

" അഗ്നിം	"ഹോമാഗ്നി	സധൂമാൎച്ചിഃ	പുകയോടുകൂടിയ ജ്വാലകളാൎന്നതായും
മന്ത്ര- സംധുക്ഷിതഃ അപി,	മന്ത്രങ്ങളെക്കൊണ്ടു് ഉജ്ജ്വലിപ്പിക്കപ്പെട്ട തെന്നാലും,	സധൂമ- കലുഷോദയഃ	പുകഞ്ഞു് മങ്ങി പുറത്തുവരുന്നതായും
സസ്ഫുലിംഗഃ	തീപ്പൊരികളോടുകൂടിയതായും	സമ്യക്	നല്ലപോലെ .
		അഭിവൎദ്ധതേ ന.	കത്താതിരിക്കുന്നു.

അഗ്നിഷ്ഠേഷ്വഗ്നിശാലാസു തഥാ ബ്രഹ്മസ്ഥലീഷു ച
സരീസൃപാണി ദൃശ്യന്തേ ഹവ്യേഷു ച പിപീലികാഃ. 16

" അഗ്നിഷ്ഠേഷു	" അഗ്നികളെ ഉപാസനചെയ്യുന്ന	സരീസൃപാണി	ഇഴജാതികളും
		തഥാ	അപ്രകാരംതന്നെ
അഗ്നിശാലാസു	യജ്ഞശാലകളിലും	ഹവ്യേഷു	ഹോമദ്രവ്യങ്ങളിൽ
ബ്രഹ്മ- സ്ഥലീഷു ച	വേദാദ്ധ്യയനസ്ഥലങ്ങളിലും	പിപീലികാഃ ച	ഉറുമ്പുകളും
		ദൃശ്യന്തേ.	കാണപ്പെടുന്നു.

ഗവാം പയാംസി സ്കന്നാനി വിമദാ വീരകുഞ്ജരാഃ
ദീനമശ്വാഃ പ്രഹേഷന്തേ ന ച ഗ്രാസാഭിനന്ദിനഃ. 17

" ഗവാം	" പശുക്കളുടെ	അശ്വാഃ ച	കുതിരകളും
പയാംസി	പാലുകൾ	ഗ്രാസാഭി- നന്ദിനഃ ന	തീററിയെ തൊടാത്തവയായി
സ്കന്നാനി;	വററിപ്പോയിരിക്കുന്നു;		
വീരകുഞ്ജരാഃ	കൊമ്പനാനകൾ	ദീനം	ദീനസ്വരത്തിൽ
വിമദാഃ;	മദപ്പാടില്ലാതിരിക്കുന്നു;	പ്രഹേഷന്തേ.	ചിനയ്ക്കുന്നു.

ഖരോഷ്ട്രാശ്വതരാ രാജൻ ഭിന്നരോമാഃ സ്രവന്തി നഃ
ന സ്വഭാവേऽവതിഷ്ഠന്തേ വിധാനൈരപി ചിന്തിതാഃ. 18

" രാജൻ!	" രാജാവേ!	സ്രവന്തി;	കണ്ണുനീർപൊഴിക്കുന്നു;
നഃ	നമ്മുടെ	വിധാനൈഃ ചിന്തിതാഃ അപി	ചികിത്സകൾ ചെയ്യപ്പെട്ടവയെന്നാലും
ഖരോഷ്ട്രാ- ശ്വതരാഃ	കഴുതകളും, ഒട്ടകങ്ങളും കോവർകഴുതകളും		
ഭിന്നരോമാഃ	രോമംകൊഴിഞ്ഞവയായി	സ്വഭാവേ	പൂൎവ്വസ്ഥിതിയിൽ
		അവതിഷ്ഠന്തേ ന.	വരുന്നതേയില്ല.

വായസാഃ സംഘശഃ ക്രൂരാ വ്യാഹരന്തി സമന്തതഃ
സമവേതാശ്ച ദൃശ്യന്തേ വിമാനാഗ്രേഷു സംഘശഃ. 19

"വായസാഃ	"കാക്കകൾ	ക്രൂരാഃ ച	പരുന്തുകളും
സംഘശഃ	കൂട്ടംകൂട്ടമായി	സംഘശഃ സമവേതാഃ	കൂട്ടംചേൎന്നു്
സമന്തതഃ	ചുററുംനിന്നു്	വിമാനാഗ്രേഷു	പ്രാസാദാഗ്രങ്ങളിൽ
വ്യാഹരന്തി;	കരയുന്നു;	ദൃശ്യന്തേ.	കാണപ്പെടുന്നു.

ഗൃദ്ധ്രാശ്ച പരിലീയന്തേ പുരീമുപരി പിണ്ഡിതാഃ
ഉപപന്നാശ്ച സന്ധ്യേ ദ്വേ വ്യാഹരന്ത്യശിവം ശിവാഃ. 20

"ഗൃദ്ധ്രാഃ ച	"കഴുക്കളും	ദ്വേ സന്ധ്യേ	കാലത്തും വൈകുന്നേരത്തും
പിണ്ഡിതാഃ	ഒന്നിച്ചുചേൎന്നു്		
പുരീം ഉപരി	നഗരത്തിന്നു് മുകളിലായി	ഉപപന്നാഃ	അടുത്തുവന്നു്
പരിലീയന്തേ;	വട്ടംചുററുന്നു;	അശിവം	അമംഗളമായി
ശിവാഃ ച	കുറുനരികളും	വ്യാഹരന്തി.	ഓരിയിടുന്നു.

ക്രവ്യാദാനാം മൃഗാണാം ച പുരദ്വാരേഷു സംഘശഃ
ശ്രൂയന്തേ വിപുലാ ഘോഷാഃ സവിസ്ഫൂൎജ്ജഥുനിസ്വനാഃ. 21

"പുരദ്വാരേഷു	"നഗരദ്വാരങ്ങളിൽ	വിപുലാഃ	പെരുത്ത
സംഘശഃ	കൂട്ടംകൂട്ടമായുള്ള	ഘോഷാഃ ച	ഘോഷങ്ങളും
ക്രവ്യാദാനാം	മാംസഭുക്കുകളായ	സവിസ്ഫൂൎജ്ജ-ഥുനിസ്വനാഃ	മുരളുന്ന ആൎത്തനാദങ്ങളോടുകൂടിയവയായി
മൃഗാണാം	ജന്തുക്കളുടെ	ശ്രൂയന്തേ.	കേൾക്കപ്പെടുന്നു.

തദേവം പ്രസ്തുതേ കാൎയ്യേ പ്രായശ്ചിത്തമിദം ക്ഷമം
രോചതേ യദി വൈദേഹീ രാഘവായ പ്രദീയതാം. 22

"തത്	"ആകയാൽ	രോചതേ യദി	തിരുമനസ്സിൽ തോന്നുന്നപക്ഷം
ഏവം	ഇപ്രകാരം		
പ്രസ്തുതേ കാൎയ്യേ,	നടന്ന സംഗതിയിൽ,	വൈദേഹീ	വൈദേഹി
ഇദം	ഇതാകുന്നു	രാഘവായ	ശ്രീരാമന്നായിക്കൊണ്ടു്
ക്ഷമം	തക്കതായ	പ്രദീയതാം.	തിരികെ സമൎപ്പിക്കപ്പെടട്ടെ.
പ്രായശ്ചിത്തം;	പരിഹാരം;		

ഇദം ച യദി വാ മോഹാല്ലോഭാദ്വാ വ്യാഹൃതം മയാ
തത്രാപി ച മഹാരാജ ന ദോഷം കൎത്തുമൎഹസി. 23

"മഹാരാജ!	"മഹാരാജാവേ!	ലോഭാത്	ദുരാശയാലൊ
തത്ര അപി	ഇക്കാൎയ്യത്തിൽ	വ്യാഹൃതം	പറയപ്പെട്ടതായ്ക്കരുതി
ഇദം ച	ഇച്ചൊന്നതാകട്ടെ	ച	അതിനാൽ
മയാ	എന്നാൽ	ദോഷം കൎത്തും അൎഹസി ന.	നല്ല ഉപദേശമല്ലെന്നു് വിചാരിക്കാതിരുന്നാലും.
മോഹാത് വാ	ഭീതിയാലൊ		
യദി വാ	അല്ലെന്നാൽ		

[ഞാൻ ഇപ്പറയുന്നതു് ലോഭംകൊണ്ടോ ഭീതികൊണ്ടോ അല്ല. സദുപദേശമായിട്ടുതന്നെയാണു്. അതിനാൽ ഇതിനെ കയ്ക്കൊള്ളേണ്ടതാണു്. എന്നു് സാരം. "ഞാൻ ഇതു് അജ്ഞാനത്താലോ ലോഭത്താലോ പറഞ്ഞതാണെന്നിരുന്നാലുംകൂടി എന്നെ അപരാധിയായി വിചാരിക്കാതിരുന്നാലും." എന്നു് ഇതരവ്യാഖ്യാനം]

അയം ച ദോഷഃ സർവ്വസ്യ ജനസ്യാസ്യോപലക്ഷ്യതേ
രക്ഷസാം രാക്ഷസീനാം ച പുരസ്യാന്തഃപുരസ്യ ച. 24

"അയം	"ഈ	അന്തഃപുരസ്യ	അന്തഃപുരജനങ്ങൾക്കും
ദോഷഃ ച	അശുഭലക്ഷണംകൊണ്ടുള്ള അനർത്ഥം	അസ്യ പുരസ്യ	ഈ നഗരത്തിലുള്ള
രക്ഷസാം ച	രാക്ഷസർക്കും	ജനസ്യ സർവ്വസ്യ ച	സർവ്വജനത്തിനും
രാക്ഷസീനാം	രാക്ഷസികൾക്കും	ഉപലക്ഷ്യതേ.	കാണപ്പെടുന്നതാണു്.

പ്രാപണേ ചാസ്യ മന്ത്രസ്യ നിവൃത്താഃ സർവ്വമന്ത്രിണഃ
അവശ്യം ച മയാ വാച്യം യദ്ദൃഷ്ടമപി വാ ശ്രുതം. 25

"സർവ്വമന്ത്രിണഃ	"എല്ലാ മന്ത്രിമാരും	യത് ച	ഏതായിരുന്നാലും അതു്
അസ്യ മന്ത്രസ്യ	ഈ ആലോചനയെ	മയാ	എന്നാൽ
പ്രാപണേ ച	അറിയിക്കുന്ന സംഗതിയിൽ	അവശ്യം	ഒന്നും ഒളിച്ചുവെക്കാതെ
നിവൃത്താഃ;	പിന്മാറിയിരിക്കുന്നു;	വാച്യം.	ഉണർത്തിക്കപ്പെടേണ്ടതാണല്ലോ.
ദൃഷ്ടം അപി	കാണപ്പെട്ടതാകട്ടെ		
ശ്രുതം വാ	കേൾക്കപ്പെട്ടതാകട്ടെ		

സംപ്രധാര്യ്യ യഥാന്യായം തദ്ഭവാൻ കർത്തുമർഹതി. 26

"ഭവാൻ	"നിന്തിരുവടി	തത്	അതിനെ
യഥാന്യായം	ന്യായമിന്നതെന്നുള്ളതിനെ	കർത്തും അർഹതി."	ചെയ്യുരുളിയാലും."
സംപ്രധാര്യ്യ,	നിശ്ചയിച്ചു്,		

ഇതി സ്മ മന്ത്രിണാം മദ്ധ്യേ ഭ്രാതാ ഭ്രാതരമൂചിവാൻ
രാവണം രാക്ഷസശ്രേഷ്ഠം പത്ഥ്യമേതദ്വിഭീഷണഃ. 27

ഭ്രാതാ	അനുജനായ	മന്ത്രിണാം	മന്ത്രിമാരുടെ
വിഭീഷണഃ	വിഭീഷണൻ	മദ്ധ്യേ	മുമ്പിൽവെച്ചു്
ഭ്രാതരം	ജ്യേഷ്ഠനും	ഇതി	മേൽപ്രകാരം
രാക്ഷസശ്രേഷ്ഠം	രാക്ഷസോത്തമനുമായ	ഏതത്	ഈ
രാവണം,	രാവണനോടായി,	പത്ഥ്യം	ഹിതോപദേശത്തെ
		ഊചിവാൻ സ്മ.	ഉണർത്തിച്ചു.

ഹിതം മഹാർത്ഥം മൃദു ഹേതുസംഹിതം
വ്യതീതകാലായതിസംപ്രതിക്ഷമം
നിശമ്യ തദ്വാക്യമുപസ്ഥിതജ്വരഃ
പ്രസംഗവാനുത്തരമേതദബ്രവീത്. 28

ഹിതം	നന്മയായുള്ളതും
മഹാർത്ഥം	മഹത്തായഫലത്തെ കൊടുക്കുന്നതും
മൃദു	ശാന്തമായും
ഹേതുസംഹിതം	കാരണയുക്തമായും
വ്യതീത-കാലായതി-സംപ്രതി-ക്ഷമം	കഴിഞ്ഞതും, വരുവാൻ പോകുന്നതും, നടക്കുന്നതുമായ കാലങ്ങൾക്ക് ഉചിതമായതും ആയ
തത് വാക്യം	ആ വാക്യത്തെ
നിശമ്യ,	ശ്രവിച്ച്
ഉപസ്ഥിതജ്വരഃ	കോപാവിഷ്ടനായി
പ്രസംഗവാൻ,	സ്ത്രീഭ്രാന്തുപിടിച്ചവനായി
ഏതത്	ഇപ്രകാരം
ഉത്തരം.	ഉത്തരം
അബ്രവീത്.	ഓതി.

[അകീർത്തിനാശകമായ സീതാപഹരണപ്രായശ്ചിത്തമെന്ന ഹേതുവാൽ ഭൂതകാലക്ഷമവും, ഇപ്പോഴുള്ള ഭയം നീങ്ങി സുഖവർദ്ധകമാകയാൽ വർത്തമാനകാലക്ഷമവും, ധർമ്മപ്രദമാകയാൽ ഭാവികാലക്ഷമവും ആകുന്നു. (ഗോ. രാ.) "പ്രസംഗവാൻ" (താൻ നിശ്ചയിച്ച കാര്യത്തിൽ അത്യാസക്തിയോടുകൂടിയവനായി). ഗോ. രാ.

ഈ ശ്ലോകത്തിലെ ആദ്യാക്ഷരമാകുന്ന ഗായത്രിയിലെ പതിനാറാമത്തെ അക്ഷരം. (വിദ്യാരണ്യപക്ഷം).]

ഭയം ന പശ്യാമി കുതശ്ചിദപ്യഹം
ന രാഘവഃ പ്രാപ്സ്യതി ജാതു മൈഥിലീം
സുരൈഃ സഹേന്ദ്രൈരപി സംഗതഃ കഥം
മമാഗ്രതഃ സ്ഥാസ്യതി ലക്ഷ്മണാഗ്രജഃ. 29

"അഹം	"ഞാൻ
കുതശ്ചിത്	യാതൊരുവിധത്തിലും
ഭയം അപി	ആപത്തെന്നുള്ളതിനെ തന്നെ
പശ്യാമി ന;	കാണുന്നില്ല;
രാഘവഃ	രാമൻ
ജാതു	ഒരിക്കലും
മൈഥിലീം	സീതയെ
പ്രാപ്സ്യതി ന;	പ്രാപിക്കുവാൻ പോകുന്നില്ല;
ലക്ഷ്മണാഗ്രജഃ	ലക്ഷ്മണാഗ്രജനായ
സഹേന്ദ്രൈഃ	ഇന്ദ്രനടങ്ങിയ [അവൻ
സുരൈഃ	ദേവന്മാരോടു
സംഗതഃ അപി,	കൂടിയവനായാലും,
മമ അഗ്രതഃ	എന്റെ മുമ്പിൽ
കഥം സ്ഥാസ്യതി ?"	എങ്ങിനെയാണ് നില്ക്കുക ?"

ഇതീദമുക്ത്വാ സുരസൈന്യനാശനോ
മഹാബലഃ സംയതി ചണ്ഡവിക്രമഃ
ദശാനനോ ഭ്രാതരമാപ്തവാദിനം
വിസർജ്ജയാമാസ തദാ വിഭീഷണം. 30

തദാ	ആ സമയം
സംയതി	പോരിൽ
ചണ്ഡവിക്രമഃ	അളവററ പരാക്രമമാന്നവനും
മഹാബലഃ	മഹാശക്തിമാനും
സുരസൈന്യ-നാശനഃ	ദേവസൈന്യങ്ങളെ ചിതറിപ്പിക്കുന്നവനും
ദശാനനഃ,	രാവണൻ, [ആയ
ആപ്തവാദിനം	ഹിതത്തെ ഉപദേശിക്ക
ഭ്രാതരം	അനുജൻ [ന്നവനായ
വിഭീഷണം	വിഭീഷണനോടായി
ഇതി	മേല്പറയപ്പെട്ട
ഇദം	ഇതിനെ
ഉക്ത്വാ,	ഉരചെയ്ത്,
വിസൎജ്ജയാമാസ.	വിട കൊടുത്തയച്ചു.

ഇത്യാൎഷേ ശ്രീമദ്രാമായണേ വാല്മീകീയേ ആദികാവ്യേ യുദ്ധകാണ്ഡേ
ദശമഃ സൎഗ്ഗഃ = പത്താംസൎഗ്ഗം സമാപ്തം.

ആദ്യംമുതൽ ശ്ലോകസംഖ്യ 15027; യുദ്ധകാണ്ഡം ആദ്യംമുതൽ ശ്ലോകസംഖ്യ 352.

ഏകാദശഃ സൎഗ്ഗഃ = പതിനൊന്നാംസൎഗ്ഗം.

[ദ്വിതീയമന്ത്രാരംഭഃ = രണ്ടാമതും ആലോചിപ്പാൻ ഒരുങ്ങുന്നത്.]

സ ബഭൂവ കൃശോ രാജാ മൈഥിലീകാമമോഹിതഃ
അസംമാനാച്ച സുഹൃദാം പാപഃ പാപേന കൎമ്മണാ. 1

6 മൈഥിലീ-കാമമോഹിതഃ	സീതയെക്കുറിച്ചുള്ള കാമത്താൽ മതിമറന്നവനായ
സഃ	ആ
പാപഃ	പാപിഷ്ഠനായ
രാജാ,	രാജാവ്,
പാപേന കൎമ്മണാ,	ചെയ്യാൻ പാടുള്ളതല്ലാത്ത കൃത്യമെന്നുള്ളതി
സുഹൃദാം	സുഹൃത്തുക്കളുടെ [നാലും
അസംമാനാത് ച	അസമ്മതിയാലും
കൃശഃ ബഭൂവ.	കൃശനായിഭവിച്ചു.

അതീതസമയേ കാലേ തസ്മിൻ വൈ യുധി രാവണഃ
അമാത്യൈശ്ച സുഹൃദ്ഭിശ്ച പ്രാപ്തകാലമമന്യത. 2

രാവണഃ	രാവണൻ
അതീത-സമയേ	ആലോചിപ്പാനുള്ള സമയം അതിക്രമിച്ചതായ
തസ്മിൻ കാലേ,	ആ കാലത്തിൽ,
അമാത്യൈഃ ച	മന്ത്രിമാരോടും
സുഹൃദ്ഭിഃ ച	സുഹൃത്തുക്കളോടുംകൂടി
യുധി വൈ	യുദ്ധത്തിന്റെ സംഗതിയിൽ തീൎച്ചയായും
പ്രാപ്തകാലം	ആലോചിക്കേണ്ടതായ അവസരം എത്തിയ
അമന്യത.	കരുതി. [തായ്

സ ഹേമജാലവിതതം മണിവിദ്രുമഭൂഷിതം
ഉപഗമ്യ വിനീതാശ്വമാരുരോഹ മഹാരഥം. 3

സഃ	അവൻ
ഹേമജാല-വിതതം	പൊൻജനലുകളാന്നതും
മണിവിദ്രുമ-ഭൂഷിതം	രത്നങ്ങളാലും പവിഴങ്ങളാലും അലങ്കരിക്കപ്പെട്ടതും
വിനീതാശ്വം	ഇഷ്ടംപോലെ ഗമിക്കുന്ന കുതിരകൾ പൂട്ടിക്കെട്ടപ്പെട്ടതും ആയ
മഹാരഥം	ഉത്തമരഥത്തെ
ഉപഗമ്യ	അടുത്തു്
ആരുരോഹ.	ആരോഹണംചെയ്തു.

തമാസ്ഥായ രഥശ്രേഷ്ഠം മഹാമേഘസമസ്വനം
പ്രയയൗ രാക്ഷസശ്രേഷ്ഠോ ദശഗ്രീവഃ സഭാം പ്രതി. 4

രാക്ഷസശ്രേഷ്ഠഃ	രാക്ഷസോത്തമനായ	തം രഥശ്രേഷ്ഠം	ആ ഉത്തമരഥത്തിൽ
ദശഗ്രീവഃ	ദശകണ്ഠൻ	ആസ്ഥായ,	കയറിക്കൊണ്ടു്,
മഹാമേഘസമസ്വനം	വൻകാറിനൊത്ത മുഴക്കത്തോടുകൂടിയതായ	സഭാം പ്രതി	സഭയിലേക്കായി
		പ്രയയൗ.	യാത്രചെയ്തു.

അസിചർമ്മധരാ യോധാഃ സർവ്വായുധധരാസ്തഥാ
രാക്ഷസാ രാക്ഷസേന്ദ്രസ്യ പുരതഃ സംപ്രതസ്ഥിരേ. 5

അസിചർമ്മധരാഃ	വാളും പരിചയും ധരിച്ചവരും	യോധാഃ	യോധാക്കന്മാരായ
		രാക്ഷസാഃ,	രാക്ഷസർ,
തഥാ	അപ്രകാരംതന്നെ	രാക്ഷസേന്ദ്രസ്യ	രക്ഷോനാഥന്റെ
സർവ്വായുധധരാഃ	എല്ലാ ആയുധങ്ങളും ധരിച്ചവരും ആയ	പുരതഃ	മുമ്പിലായി
		സംപ്രതസ്ഥിരേ.	പുറപ്പെട്ടു.

നാനാവികൃതവേഷാശ്ച നാനാഭൂഷണഭൂഷിതാഃ
പാർശ്വതഃ പൃഷ്ഠതശ്ചൈനം പരിവാര്യ യയുസ്തതഃ. 6

നാനാവികൃതവേഷാഃ ച	അനേകം വിധംവിധമായ വസ്ത്രങ്ങൾ ധരിച്ചവരും	തതഃ	ആ സമയം
		പാർശ്വതഃ	പാർശ്വഭാഗത്തിലും
നാനാഭൂഷണഭൂഷിതാഃ	പല ആഭരണങ്ങളണിഞ്ഞവരും	പൃഷ്ഠതഃ ച	പിന്നിലും
		പരിവാര്യ	ചൂഴ്ന്നുകൊണ്ടു്
ഏനം	ഈ രാവണനെ	യയുഃ.	യാത്രയായി.

രഥൈശ്ചാതിരഥാഃ ശീഘ്രം മത്തൈശ്ച വരവാരണൈഃ
അനൂത്പേതുർദ്ദശഗ്രീവമാക്രീഡദ്ഭിശ്ച വാജിഭിഃ 7
ഗദാപരിഘഹസ്താശ്ച ശക്തിതോമരപാണയഃ
പരശ്വധധരാശ്ചാന്യേ തഥാഽന്യേ ശൂലപാണയഃ. 8

അതിരഥാഃ	അതിരഥന്മാർ	ശക്തിതോമരപാണയഃ	വേൽ, ഏർകുന്തം എന്നിവ ഏന്തിയവരായും
രഥൈഃ ച	രഥങ്ങളിലും,	അന്യേ	ചിലർ
മത്തൈഃ	മദിച്ച	പരശ്വധധരാഃ	കോടാലികൾ പിടിച്ചവരായും
വരവാരണൈഃ ച	ഉത്തമഗജങ്ങളിലും,	തഥാ	അപ്രകാരംതന്നെ
ആക്രീഡദ്ഭിഃ	തുള്ളിപ്പായുന്ന	അന്യേ	മററു ചിലർ
വാജിഭിഃ ച	കുതിരകളിലും,	ശൂലപാണയഃ ച	ശൂലങ്ങൾ ധരിച്ചവരായും
ഗദാപരിഘഹസ്താഃ ച	ഗദകളും ഇരിമ്പുലയ്ക്കകളും കയ്യിൽ പിടിച്ചവരായും	ദശഗ്രീവം	രാവണനെ
		ശീഘ്രം	വളരെവേഗത്തിൽ
		അനൂത്പേതുഃ.	പിൻതുടൎന്നുചെന്നു.

തതസ്തൂര്യസഹസ്രാണാം സംജജ്ഞേ നിസ്വനോ മഹാൻ
തുമുലഃ ശംഖശബ്ദശ്ച സഭാം ഗച്ഛതി രാവണേ. 9

രാവണേ	രാവണൻ	മഹാൻ	വമ്പിച്ച
സഭാം	സഭയിലേക്കായി	നിസ്വനഃ	ഘോഷം
ഗച്ഛതി,	പോകുന്ന സമയം,	സംജജ്ഞേ;	ഉണ്ടായി;
തതഃ,	അതിനാൽ,	ശംഖശബ്ദഃ ച	ശംഖുകളുടെ ധ്വനിയും
തൂര്യ-സഹസ്രാണാം	പല വാദ്യങ്ങളുടെ	തുമുലഃ ച	പെരുത്തതായി അതോടിടകലന്നു് ഉളവായി.

സ നേമിഘോഷേണ മഹാൻ സഹസാഽഭിവിനാദയൻ
രാജമാർഗ്ഗം ശ്രിയാ ജുഷ്ടം പ്രതിപേദേ മഹാരഥഃ. 10

മഹാൻ	പുകഴാന്ന	അഭി-വിനാദയൻ,	പ്രതിധ്വനി ഉളവാക്കിക്കൊണ്ടു്,
മഹാരഥഃ	മഹാരഥനായ	ശ്രിയാ ജുഷ്ടം	സമ്പത്സമൃദ്ധമായ
സഃ	അവൻ	രാജമാർഗ്ഗം	രാജവീഥിയെ
നേമി-ഘോഷേണ	ചക്രങ്ങൾ ഉരുളുന്നതിന്റെ മുഴക്കത്താൽ	പ്രതിപേദേ.	പ്രാപിച്ചു.
സഹസാ	പെട്ടെന്നു്		

വിമലം ചാതപത്രാണം പ്രഗൃഹീതമശോഭത
പാണ്ഡരം രാക്ഷസേന്ദ്രസ്യ പൂർണ്ണസ്താരാധിപോ യഥാ. 11

രാക്ഷസേന്ദ്രസ്യ	രാക്ഷസരാജാവിന്നായി	പൂർണ്ണഃ താരാധിപഃ	മുഴുമതി
പ്രഗൃഹീതം	പിടിക്കപ്പെട്ട	യഥാ ച	എന്ന പോലെ
വിമലം	കളങ്കരഹിതമായ	അശോഭത.	പ്രകാശിച്ചു.
പാണ്ഡരം ആതപത്രാണം	വെൺ കൊററക്കുട,		

ഹേമമഞ്ജരിഗർഭേ ച ശുദ്ധസ്ഫടികവിഗ്രഹേ
ചാമരവ്യജനേ ചാസ്യ രേജതുഃ സവ്യദക്ഷിണേ. 12

ഹേമമഞ്ജരി-ഗർഭേ ച	ഉള്ളിൽ പൊൻ കമ്പികൾ കെട്ടപ്പെട്ടതും	ചാമര-വ്യജനേ ച	രണ്ടു വെഞ്ചാമരങ്ങൾ,
ശുദ്ധസ്ഫടിക-വിഗ്രഹേ	ശുദ്ധസ്ഫടികംകൊണ്ടുള്ള പിടികളാന്നതും ആയ	അസ്യ	ഇവന്നു്
		സവ്യദക്ഷിണേ	എടത്തും വലത്തുമായി
		രേജതുഃ.	വിലസി.

തേ കൃതാഞ്ജലയഃ സർവ്വേ രഥസ്ഥം പൃഥിവീസ്ഥിതാഃ
രാക്ഷസാ രാക്ഷസശ്രേഷ്ഠം ശിരോഭിസ്തം വവന്ദിരേ. 13

പൃഥിവീ-സ്ഥിതാഃ	നിലത്തു നിന്നുകൊണ്ടിരുന്ന	തം	ആ
തേ രാക്ഷസാഃ	ആ രാക്ഷസർ	രാക്ഷസശ്രേഷ്ഠം	രാക്ഷസ ശ്രേഷ്ഠനെ
സർവ്വേ,	എല്ലാവരും,	കൃതാഞ്ജലയഃ	കൈകൾ കൂപ്പിക്കൊണ്ടു്
രഥസ്ഥം	രഥത്തിൽ ഇരുന്നിരുന്ന	ശിരോഭിഃ	തലകൾ കുമ്പിട്ടു്
		വവന്ദിരേ.	വന്ദിച്ചു.

രാക്ഷസൈഃ സ്തൂയമാനോऽസൌ ജയാശീർഭിരരിന്ദമഃ
ആസസാദ മഹാതേജാഃ സഭാം വിരചിതാം ശുഭാം. 14

അരിന്ദമഃ	ശത്രുസംഹാരകനും	സ്തൂയമാനഃ,	പുകഴ്ത്തപ്പെടുന്നവനായി,
മഹാതേജാഃ	മഹാതേജസ്വിയും	ശുഭാം വിരചിതാം	ഭംഗിയിൽ നിർമ്മിക്കപ്പെട്ടതായ
അസൌ,	ആയ ഇവൻ,	സഭാം	സഭയെ
രാക്ഷസൈഃ	രാക്ഷസരാൽ	ആസസാദ.	പ്രാപിച്ചു.
ജയാശീർഭിഃ	വിജയത്തിന്നു വേണ്ടിയുള്ള ആശീർവ്വചനങ്ങളാൽ		

സുവർണ്ണരജതാസ്തീർണാം വിശുദ്ധസ്ഫടികാന്തരാം
വിരാജമാനോ വപുഷാ രുക്മപട്ടോത്തരച്ഛദാം 15
താം പിശാചശതൈഃ ഷഡ്ഭിരഭിഗുപ്താം സദാ ശുഭാം
പ്രവിവേശ മഹാതേജാഃ സുകൃതാം വിശ്വകർമ്മണാ. 16

മഹാതേജാഃ	മഹാതേജസ്വിയായ അവൻ	രുക്മപട്ടോത്തരച്ഛദാം	പൊൻപട്ടുകൾകൊണ്ടുള്ള വിതാനത്തോടുകൂടി
വപുഷാ	കാന്തിയാൽ	ശുഭാം	ഭംഗിയായും [യതായും
വിരാജമാനഃ,	പ്രശോഭിക്കുന്നവനായി,	സുകൃതാം	നിർമ്മിക്കപ്പെട്ടതായും
വിശ്വകർമ്മണാ	വിശ്വകർമ്മാവിനാൽ	സദാ	സർവ്വസമയത്തിലും
സുവർണ്ണരജതാസ്തീർണ്ണാം	സ്വർണ്ണംകൊണ്ടും വെള്ളികൊണ്ടും ഉള്ള തളത്തോടുകൂടിയതായും	ഷഡ്ഭിഃ പിശാചശതൈഃ	അറുനൂറുപിശാചുക്കളാൽ
വിശുദ്ധസ്ഫടികാന്തരാം	ശുദ്ധസ്ഫടികഖചിതമായ മദ്ധ്യപ്രദേശമാർന്നതായും	അഭിഗുപ്താം	നന്നായി കാവൽ കാക്കപ്പെട്ടതായും ഉള്ള
		താം	അതിൽ
		പ്രവിവേശ.	പ്രവേശിച്ചു.

തസ്യാം തു വൈഡൂര്യമയം പ്രിയകാജിനസംവൃതം
മഹത്സോപാശ്രയം ഭേജേ രാവണഃ പരമാസനം. 17

രാവണഃ,	രാവണൻ,	സോപാശ്രയം	ചാരുകൾ, കാൽവെപ്പാനുള്ള പീഠങ്ങൾ മുതലായവയോടുകൂടിയതും
തസ്യാം തു	അതിൽ	മഹത്	വിശാലമായതും ആയ
വൈഡൂര്യമയം	വൈഡൂര്യനിർമ്മിതവും	പരമാസനം	സിംഹാസനത്തെ
പ്രിയകാജിനസംവൃതം	പ്രിയകമെന്ന മാനിന്റെ തോൽ വിരിക്കപ്പെട്ടതും	ഭേജേ.	പ്രാപിച്ചു.

തതഃ ശശാസേശ്വരവത് ദൂതാൻ ലഘുപരാക്രമാൻ
സമാനയത മേ ക്ഷിപ്രമിഹൈതാൻ രാക്ഷസാനിതി 18
കൃത്യമസ്തി മഹജ്ജാതം സമർത്ഥ്യമിഹ നോ മഹത്. 19

"ഇഹ	"ഇവിടെ	രാക്ഷസാൻ	രാക്ഷസന്മാരെ
നഃ	നമുക്ക്	ഇഹ ക്ഷിപ്രം	ഇങ്ങോട്ട് വേഗത്തിൽ
മഹത് }	ശ്രദ്ധയോടുകൂടി	സമാനയത,"	കൂട്ടിക്കൊണ്ടുവരുവിൻ"
സമർത്ഥ്യം }	സാധിക്കേണ്ടതായ	ഇതി	എന്നിങ്ങിനെ
മഹത് കൃത്യം	വലുതായ കാര്യം	ലഘു- }	വേഗത്തിൽ ചെല്ലുന്ന
ജാതം അസ്തി;	നേരിട്ടിരിക്കുന്നു;	പരാക്രമാൻ }	വരായ
തതഃ	അതിനാൽ	ദൂതാൻ,	ദൂതന്മാരെനോക്കി,
മേ	എന്റെ	ഈശ്വരവത്	യജമാനഭാവത്തിൽ
ഏതാൻ	ഈ	ശശാസ.	ആജ്ഞാപിച്ചു.

രാക്ഷസാസ്തദ്വചഃ ശ്രുത്വാ ലങ്കായാം പരിചക്രമുഃ
അനുഗേഹമവസ്ഥായ വിഹാരശയനേഷു ച
ഉദ്യാനേഷു ച രക്ഷാംസി ചോദയന്തോ ഹ്യഭീതവത്. 20

രാക്ഷസാഃ	രാക്ഷസന്മാർ	അഭീതവത് ഹി	ഒട്ടും അമാന്തിച്ചുനി
തത് വചഃ	ആ ആജ്ഞ	അനുഗേഹം	വീടുതോറും [ല്ക്കാതെ
ശ്രുത്വാ,	കേട്ട്,	അവസ്ഥായ,	ചെന്ന്,
വിഹാര- }	വിഹരിക്കുന്ന സ്ഥല	രക്ഷാംസി	രാക്ഷസന്മാരെ
ശയനേഷു ച }	ങ്ങളിലും ശയനസ്ഥ	ചോദയന്തഃ	പ്രേരണചെയ്തുകൊണ്ട്
	ലങ്ങളിലും	ലങ്കായാം ച	ലങ്ക മുഴുവനും
ഉദ്യാനേഷു ച	ഉദ്യാനങ്ങളിലും	പരിചക്രമുഃ.	ചുററിനടന്നു.

തേ രഥാൻ രുചിരാനേകേ ദൃപ്താനേകേ പൃഥഗ്ഘയാൻ
നാഗാനന്യേഽധിരുരുഹുർജഗ്മുശ്ചൈകേ പദാതയഃ. 21

തേ ഏകേ	അവരിൽ ചിലർ	അന്യേ	മററുചിലർ
രുചിരാൻ	അഴകേറിയ	നാഗാൻ	ആനകളിലും
രഥാൻ,	രഥങ്ങളിലും,	അധിരുരുഹുഃ;	കയറിച്ചെന്നു;
ഏകേ	ചിലർ	ഏകേ	ചിലർ
പൃഥക്	ഓരോരുത്തരായി	പദാതയഃ ച	കാൽനടയായും
ദൃപ്താൻ ഹയാൻ	പുളച്ച കുതിരകളിലും,	ജഗ്മുഃ.	ചെന്നു.

സാ പുരീ പരമാകീർണ്ണാ രഥകുഞ്ജരവാജിഭിഃ
സംപതദ്ഭിർവിരുരുചേ ഗരുത്മദ്ഭിരിവാംബരം. 22

സാ പുരീ	ആ നഗരം	സംപതദ്ഭിഃ	പറക്കുന്ന
രഥകുഞ്ജര- }	തേർ, ആന, കുതിര	ഗരുത്മദ്ഭിഃ	പക്ഷികളാൽ
വാജിഭിഃ }	എന്നവയാൽ	അംബരം ഇവ	ആകാശമെന്നപോലെ
പരമാകീർണ്ണാ	മുഴുവൻ നിറഞ്ഞതായി	വിരുരുചേ.	ഏററം ശോഭിച്ചു.

തേ വാഹനാന്യവസ്ഥാപ്യ യാനാനി വിവിധാനി ച
സഭാം പദ്ഭിഃ പ്രവിവിശുഃ സിംഹാ ഗിരിഗുഹാമിവ. 23

തേ	അവർ
വാഹനാനി	(ആനകുതിര മുതലായ) വാഹനങ്ങളേയും
വിവിധാനി	പല
യാനാനി ച	(പല്ലക്ക്, വണ്ടിമുതലായ) യാനങ്ങളേയും
അവസ്ഥാപ്യ,	പുറത്തു നിർത്തിയശേഷം,
സഭാം	സഭാ സ്ഥലത്തിൽ,
പദ്ഭിഃ,	കാൽ നടയായി,
ഗിരിഗുഹാം	ഗിരിഗുഹയിൽ
സിംഹാഃ ഇവ	സിംഹങ്ങൾ എന്നപോലെ,
പ്രവിവിശുഃ.	പ്രവേശിച്ചു.

രാജ്ഞഃ പാദൌ ഗൃഹീത്വാ തു രാജ്ഞാ തേ പ്രതിപൂജിതാഃ
പീഠേഷ്വന്യേ ബൃസീഷ്വന്യേ ഭൂമൌ കേചിദുപാവിശൻ. 24

തേ,	അവർ,
രാജ്ഞഃ	രാജാവിന്റെ
പാദൌ	പാദങ്ങളിൽ
ഗൃഹീത്വാ,	വീണു കുമ്പിട്ടശേഷം,
രാജ്ഞാ തു	രാജാവിനാലും
പ്രതിപൂജിതാഃ	തക്ക മര്യ്യാദവാക്കുകൾ പറയപ്പെട്ടവരായി,
അന്യേ	ചിലർ
പീഠേഷു,	പീഠങ്ങളിലും,
അന്യേ	ചിലർ
ബൃസീഷു,	ദർഭാസനങ്ങളിലും,
കേചിത്	ചിലർ
ഭൂമൌ	നിലത്തും
ഉപാവിശൻ.	ഉപവേശിച്ചു.

തേ സമേത്യ സഭായാം വൈ രാക്ഷസാ രാജശാസനാത്
യഥാർഹമുപതസ്ഥുസ്തേ രാവണം രാക്ഷസാധിപം. 25

തേ	ആ
രാക്ഷസാഃ	രാക്ഷസർ,
രാജശാസനാത്	രാജാജ്ഞയാൽ
സഭായാം വൈ	സഭയിൽ
സമേത്യ,	വന്നുചേർന്ന ശേഷം,
തേ	അവർ
യഥാർഹം	അവരവർക്കൊത്തവണ്ണം
രാക്ഷസാധിപം	രാക്ഷസാധിപനായ
രാവണം	രാവണനെ
ഉപതസ്ഥുഃ.	സമയം കാത്തുനിന്നു.

മന്ത്രിണശ്ച യഥാ മുഖ്യാ നിശ്ചയാർത്ഥേഷു പണ്ഡിതാഃ
അമാത്യാശ്ച ഗുണോപേതാഃ സർവ്വജ്ഞാ ബുദ്ധിദർശനാഃ
സമേയുസ്തത്ര ശതശഃ ശൂരാശ്ച ബഹവസ്തദാ. 26

തദാ	ആ സമയം
തത്ര	അവിടെ
നിശ്ചയാർത്ഥേഷു	കാര്യ്യങ്ങളെ നിശ്ചയിക്കുന്ന സംഗതികളിൽ
പണ്ഡിതാഃ	നൈപുണ്യമാർന്നവരും
മുഖ്യാഃ മന്ത്രിണഃ ച,	പ്രധാന മന്ത്രിമാരും,
യഥാ	അപ്രകാരംതന്നെ
ഗുണോപേതാഃ	സദ്ഗുണയുക്തരായി
സർവ്വജ്ഞാഃ	എല്ലാം അറിഞ്ഞുള്ളവരായി
ബുദ്ധിദർശനാഃ ച	ബുദ്ധിശക്തികൊണ്ടു വീക്ഷിക്കുന്നവരായ
അമാത്യാഃ	രാജസേവകന്മാരും
ബഹവഃ	പല
ശൂരാഃ ച	ശൂരന്മാരും
ശതശഃ	നൂറുക്കണക്കായി
സമേയുഃ.	വന്നുകൂടി.

സഭായാം ഹേമവർണ്ണായാം സർവ്വാർത്ഥസ്യ സുഖായ വൈ
രമ്യായാം രാക്ഷസേന്ദ്രസ്യ സമേയുസ്തത്ര സംഘശഃ. 27

ഹേമവർണ്ണായാം	പൊൻനിറമാന്ന	സുഖായ വൈ,	നന്മയെ ഉദ്ദേശിച്ച്,
രമ്യായാം	അഴകാന്ന	തത്ര	അവിടെ
സഭായാം	സഭയിൽ	സംഘശഃ	കൂട്ടംകൂട്ടമായി
രാക്ഷസേന്ദ്രസ്യ	രാക്ഷസേശ്വരന്റെ	സമേയുഃ.	ഒത്തുകൂടി.
സർവ്വാർത്ഥസ്യ	സകലകാര്യത്തിന്റെയും		

തതോ മഹാത്മാ വിപുലം സുയുഗ്യം
വരം രഥം ഹേമവിചിത്രിതാംഗം
ശുഭം സമാസ്ഥായ യയൗ യശസ്വീ
വിഭീഷണഃ സംസദമഗ്രജസ്യ. 28

തതഃ	അപ്പോൾ	ശുഭം	ഭംഗിയുള്ളതും
മഹാത്മാ	മഹാത്മാവും	വരം	ഉത്തമവും ആയ
യശസ്വീ	കീർത്തിശാലിയും ആയ	രഥം	രഥത്തിൽ
വിഭീഷണഃ,	വിഭീഷണൻ,	സമാസ്ഥായ,	കയറിക്കൊണ്ട്,
വിപുലം	വിശാലവും	അഗ്രജസ്യ	ജ്യേഷ്ഠന്റെ
സുയുഗ്യം	നല്ല കുതിരകൾ കെട്ടിയതും	സംസദം	സഭയ്ക്ക്
ഹേമവിചിത്രിതാംഗം	സ്വർണ്ണാലംകൃതമായ കൂട്ടുള്ളതും	യയൗ.	വന്നുചേന്നു.

സ പൂർവ്വജായാവരജഃ ശശംസ
നാമാഥ പശ്ചാച്ചരണൗ വവന്ദേ
ശുകഃ പ്രഹസ്തശ്ച തഥൈവ തേഭ്യോ
ദദൗ യഥാർഹം പൃഥഗാസനാനി. 29

അവരജഃ സഃ	അനുജനായ അവൻ	ശുകഃ	ശുകനും
പൂർവ്വജായ	ജ്യേഷ്ഠന്ന്	പ്രഹസ്തഃ ച	പ്രഹസ്തനും
അഥ	ഒന്നാമതായി	തഥാ ഏവ	അപ്രകാരംതന്നെ
നാമ ശശംസ;	പേരുചൊല്ലി അഭിവാദനംചെയ്തു;	തേഭ്യഃ	അവക്ക് [ചെയ്തു;
		യഥാർഹം	യഥോചിതം
പശ്ചാത്	പിന്നെ	പൃഥക്	വെവ്വേറെ
ചരണൗ	പാദങ്ങളിൽ	ആസനാനി	ആസനങ്ങൾ
വവന്ദേ;	വീണു വണങ്ങി;	ദദൗ.	നൽകി.

["പേരുപറഞ്ഞ് നമസ്കരിക്കേണമെന്നുള്ള മര്യാദപ്രകാരം, അഥവാ എന്തോ ആലോചിച്ചുകൊണ്ടിരുന്ന രാവണന്റെ മനസ്സിനെ ഉദ്ബോധിപ്പിപ്പാനായി,—പേർപറഞ്ഞു." (തിലകം).]

സുവൎണ്ണനാനാമണിഭൂഷണാനാം
സുവാസസാം സംസദി രാക്ഷസാനാം
തേഷാം പരാൎദ്ധ്യാഗരുചന്ദനാനാം
സ്രജശ്ച ഗന്ധാശ്ച വവുഃ സമന്താത്. 30

സുവൎണ്ണ-നാനാമണി-ഭൂഷണാനാം	സ്വൎണ്ണംകൊണ്ടും പല രത്നംകൊണ്ടുമുള്ള ആഭരണങ്ങളണിഞ്ഞവരും	സംസദി	സഭയിൽ
		പരാൎദ്ധ്യാഗരു-ചന്ദനാനാം ച	വിശേഷപ്പെട്ട അകിൽ ചന്ദനം എന്നവയു[ടേയും
		സ്രജഃ ച	മാലയുടേയും
സുവാസസാം	നല്ല വസ്ത്രങ്ങളുടുത്തവ[രും ആയ	ഗന്ധാഃ	സുഗന്ധങ്ങൾ
തേഷാം	ആ	സമന്താത്	എങ്ങും
രാക്ഷസാനാം	രാക്ഷസരുടെ	വവുഃ.	വീശി.

ന ചുക്രുശുൎന്നാനൃതമാഹ കശ്ചിത്
സഭാസദോ നൈവ ജജല്പുരുച്ചൈഃ
സംസിദ്ധാൎത്ഥാഃ സൎവ്വ ഏവോഗ്രവീൎയ്യാഃ
ഭൎത്തുഃ സൎവ്വേ ദദൃശുശ്ചാനനം തേ. 31

സഭാസദഃ	സഭയിൽ വന്നിരുന്നവർ	സംസിദ്ധാൎത്ഥാഃ	അഭീഷ്ടസിദ്ധികൈവന്നവരും
ചുക്രുശുഃ ന;	ശബ്ദമുണ്ടാക്കിയില്ല;	ഉഗ്രവീൎയ്യാഃ;	മഹാവീൎയ്യശാലികളും
ഉച്ചൈഃ ഏവ	ഉറക്കെ ഒട്ടും	തേ	അവർ [ആയിരുന്നു;
ജജല്പുഃ ന;	സംസാരിച്ചില്ല;	സൎവ്വേ	എല്ലാവരും
കശ്ചിത്	ഒരുവനും	ഭൎത്തുഃ	യജമാനന്റെ
അനൃതം	നേരല്ലാത്തത്	ആനനം	മുഖത്തെ
ആഹ ന;	ഉരചെയ്തില്ല;	ദദൃശുഃ ച	വീക്ഷിച്ചുപോലെ
സൎവ്വേ ഏവ	എല്ലാവരുംതന്നെ		തന്നെ വൎത്തിച്ചു.

സ രാവണഃ ശസ്ത്രഭൃതാം മനസ്വിനാം
മഹാബലാനാം സമിതൗ മനസ്വീ
തസ്യാം സഭായാം പ്രഭയാ ചകാശേ
മദ്ധ്യേ വസൂനാമിവ വജ്രഹസ്തഃ. 32

സഃ മനസ്വീ	ആ പിടിവാദക്കാര[നായ	തസ്യാം	ആ
രാവണഃ	രാവണൻ	സഭായാം,	സഭയിൽ,
മനസ്വിനാം	മനസ്സുറപ്പുള്ളവരും	വസൂനാം	വസുക്കളുടെ
ശസ്ത്രഭൃതാം	ശസ്ത്രപാണികളുമായ	മദ്ധ്യേ	ഇടയിൽ
മഹാബലാനാം	ആ മഹാബലശാലികളുടെ	വജ്രഹസ്തഃ ഇവ	ഇന്ദ്രനെന്ന പോലെ
		പ്രഭയാ	കാന്തിയാൽ
സമിതൗ,	സമ്മേളനത്തിൽ,	ചകാശേ.	വിലസി.

ഇത്യാൎഷേ ശ്രീമദ്രാമായണേ വാല്മീകീയേ ആദികാവ്യേ യുദ്ധകാണ്ഡേ
ഏകാദശഃ സൎഗ്ഗഃ = പതിനൊന്നാംസൎഗ്ഗം സമാപ്തം.

ആദ്യം മുതൽ ശ്ലോകസംഖ്യ 15059; യുദ്ധകാണ്ഡം ആദ്യം മുതൽ ശ്ലോകസംഖ്യ 384.

ദ്വാദശഃ സൎഗ്ഗഃ = പന്ത്രണ്ടാംസൎഗ്ഗം.

[കുംഭകൎണ്ണവാക്യം = കുംഭകൎണ്ണന്റെ വാക്യം.]

സ താം പരിഷദം കൃത്സ്നാം സമീക്ഷ്യ സമിതിഞ്ജയഃ
പ്രചോദയാമാസ തദാ പ്രഹസ്തം വാഹിനീപതിം. 1

തദാ	അപ്പോൾ	സമീക്ഷ്യ,	വീക്ഷിച്ച്,
സമിതിഞ്ജയഃ	യുദ്ധവീരനായ	വാഹിനീപതിം	സേനാപതിയായ
സഃ,	ആ രാവണൻ,	പ്രഹസ്തം	പ്രഹസ്തനോടായി
താം പരിഷദം	ആ സഭയെ	പ്രചോദയാമാസ.	ഇങ്ങിനെ ആജ്ഞാപിച്ചു.
കൃത്സ്നാം	മുഴുവനും		

സേനാപതേ യഥാ തേ സ്യുഃ കൃതവിദ്യാശ്ചതുൎവ്വിധാഃ
യോധാ നഗരരക്ഷായാം തഥാ വ്യാദേഷ്ടുമൎഹസി. 2

"സേനാപതേ!	"സൈന്യാധിപ!	യോധാഃ,	ഭടന്മാരും
തേ	ആ	നഗരരക്ഷായാം	നഗരത്തെ കാക്കുന്നതിൽ
കൃതവിദ്യാഃ	നല്ലപോലെ പരിചയിച്ചുവരായ	യഥാ	എങ്ങിനെ
ചതുൎവ്വിധാഃ	(രഥികൾ, ഹസ്തിപന്മാർ, അശ്വാരൂഢർ, പദാതികൾ എന്ന) നാലുവക	സ്യുഃ	വൎത്തിക്കേണമോ
		തഥാ	അങ്ങിനെ
		വ്യാദേഷ്ടും അൎഹസി."	ഭവാൻ കല്പനകൊടുക്കുക."

സ പ്രഹസ്തഃ പ്രണീതാത്മാ ചികീൎഷൻ രാജശാസനം
വിന്യക്ഷിപദ്ബലം സൎവ്വം ബഹിരന്തശ്ച മന്ദിരേ. 3

പ്രണീതാത്മാ	ആജ്ഞപ്രകാരം നടക്കുന്നവനായ	മന്ദിരേ	അരമനയിൽ
സഃ പ്രഹസ്തഃ	ആ പ്രഹസ്തൻ	ബഹിഃ അന്തഃ ച	പുറത്തും അകത്തും
രാജശാസനം	രാജശാസനത്തെ	സൎവ്വം ബലം	നാലുപ്രകാരത്തിലുള്ള സൈന്യത്തെ
ചികീൎഷൻ,	ചെയ്തുതീൎക്കുന്നതിൽ ശ്രദ്ധപൂണ്ടവനായി,	വിന്യക്ഷിപത്.	ജാഗ്രതയോടെ നിൎത്തി.

തതോ വിനിക്ഷിപ്യ ബലം പൃഥങ്നഗരഗുപ്തയേ
പ്രഹസ്തഃ പ്രമുഖേ രാജ്ഞോ നിഷസാദ ജഗാദ ച. 4

പ്രഹസ്തഃ	പ്രഹസ്തൻ	വിനിക്ഷിപ്യ	നിൎത്തിയശേഷം
തതഃ	അതിൽപിന്നെ	രാജ്ഞഃ പ്രമുഖേ	രാജാവിന്റെ മുമ്പിൽ
പൃഥക് ബലം	വേറെ സൈന്യത്തെ	ജഗാദ;	ഇങ്ങിനെ ഉണൎത്തിച്ചു;
നഗരഗുപ്തയേ	നഗരസംരക്ഷണത്തിന്നായി	ച	അതിൽപിന്നെ
		നിഷസാദ.	ഇരുന്നു.

നിഹിതം ബഹിരന്തശ്ച ബലം ബലവതസ്തവ
കുരുഷ്വാവിമനാഃ ക്ഷിപ്രം യദഭിപ്രേതമസ്തു തേ. 5

"ബലവതഃ	"ശക്തിമാനായ	അവിമനാഃ	നിൎവ്വിചാരനായി
തവ	നിന്തിരുവടിയുടെ	അഭിപ്രേതം	തിരുവുള്ളപ്രകാരം
ബലം	സൈന്യം	കുരുഷ്വ;	ചെയ്തുകൊണ്ടാലും;
ബഹിഃ അന്തഃ ച	പുറത്തും അകത്തും	യത്	യാതൊരു ആ അഭീഷ്ടം
നിഹിതം;	നിൎത്തപ്പെട്ടുകഴിഞ്ഞു;	തേ	നിന്തിരുവടിക്ക്
ക്ഷിപ്രം	താമസിയാതെ	അസ്തു."	സഫലമാകട്ടെ."

പ്രഹസ്തസ്യ വചഃ ശ്രുത്വാ രാജാ രാജ്യഹിതേ രതഃ
സുഖേപ്സുഃ സുഹൃദാം മദ്ധ്യേ വ്യാജഹാര സ രാവണഃ. 6

രാജ്യഹിതേ	രാജ്യത്തിന്റെ നന്മയിൽ	സഃ	ആ
		രാവണഃ രാജാ	രാജാവായ രാവണൻ
രതഃ	താല്പൎയ്യമുള്ളവനും	പ്രഹസ്തസ്യ	പ്രഹസ്തന്റെ
സുഖേപ്സുഃ	തത്കാലമുള്ള മനോവിചാരത്തിന്ന് നിവൃത്തിയെ ആഗ്രഹിക്കുന്നവനും ആയ	വചഃ ശ്രുത്വാ,	വാക്കുകേട്ട്,
		സുഹൃദാം	സുഹൃത്തുക്കളുടെ
		മദ്ധ്യേ	ഇടയിൽ
		വ്യാജഹാര.	ഇപ്രകാരം ഉരചെയ്തു.

പ്രിയാപ്രിയേ സുഖം ദുഃഖം ലാഭാലാഭൌ ഹിതാഹിതേ
ധൎമ്മകാമാൎത്ഥകൃച്ഛ്രേഷു യൂയമൎഹഥ വേദിതും. 7

"ധൎമ്മ-കാമാൎത്ഥ-കൃച്ഛ്രേഷു	"ധൎമ്മം, കാമം, അൎത്ഥം എന്നവയെക്കുറിച്ചുള്ള സങ്കടാവസ്ഥകളിൽ,	ലാഭാലാഭൌ	പ്രയോജനവത്തായതിനേയും നിഷ്പ്രയോജനമായതിനേയും
പ്രിയാപ്രിയേ	നന്മതിന്മകളെ വിളയിക്കുന്നവയേയും,	ഹിതാഹിതേ	ഉചിതമായതിനേയും അനുചിതമായതിനേയും
സുഖം	മനസ്സിന്നു പ്രിയമുണ്ടാക്കുന്നതിനേയും	യൂയം	നിങ്ങൾ
ദുഃഖം	അപ്രിയമുണ്ടാക്കുന്നതിനേയും	വേദിതും	വിവേചിച്ചറിവാൻ
		അൎഹഥ.	തക്കവരാണ്.

സൎവ്വകൃത്യാനി യുഷ്മാഭിഃ സമാരബ്ധാനി സൎവ്വദാ
മന്ത്രകൎമ്മനിയുക്താനി ന ജാതു വിഫലാനി മേ. 8

"സൎവ്വദാ	"ഏതുകാലത്തും	സമാരബ്ധാനി	തുടങ്ങപ്പെട്ട
യുഷ്മാഭിഃ	നിങ്ങളാൽ	മേ	എന്റെ
		സൎവ്വകൃത്യാനി	എല്ലാ കാൎയ്യങ്ങളും
മന്ത്രകൎമ്മ-നിയുക്താനി	ആലോചിച്ച് നിശ്ചയിക്കപ്പെട്ടവയായി	ജാതു വിഫലാനി ന.	ഒരിക്കലും നിഷ്പ്രയോജനങ്ങളായ്തീൎന്നിട്ടില്ല.

സ സോമഗ്രഹനക്ഷത്രൈർമ്മരുദ്ഭിരിവ വാസവഃ
ഭവദ്ഭിരഹമത്യർത്ഥം വൃതഃ ശ്രിയമവാപ്നുയാം. 9

"വാസവഃ	"ഇന്ദ്രൻ	ഭവദ്ഭിഃ വൃതഃ	നിങ്ങളാൽ ചൂഴപ്പെട്ടവ[നായ
സോമഗ്രഹ-നക്ഷത്രൈഃ	ചന്ദ്രൻ, ഗ്രഹങ്ങൾ, നക്ഷത്രങ്ങൾ എന്നവയാലും	സഃ	ആ
		അഹം,	ഞാൻ,
		അത്യർത്ഥം	കുറവററതായ
മരുദ്ഭിഃ	ദേവന്മാരാലും	ശ്രിയം	ക്ഷേമത്തെ
ഇവ	എന്നപോലെ	അവാപ്നുയാം.	പ്രാപിക്കുന്നതാണ്.

അഹം തു ഖലു സർവ്വാൻ വഃ സമർത്ഥയിതുമുദ്യതഃ
കുംഭകർണ്ണസ്യ തു സ്വപ്നാന്നേമമർത്ഥമചോദയം. 10

"വഃ	"നിങ്ങൾ	തു,	പക്ഷേ,
സർവ്വാൻ തു	എല്ലാവരോടും	കുംഭകർണ്ണസ്യ	കുംഭകർണ്ണന്റെ
സമർത്ഥയിതും	ഒരു കാര്യത്തെപ്പററി അറിയിപ്പാനായി	സ്വപ്നാത് ഖലു	നിദ്രകൊണ്ടുതന്നെയാണ്
അഹം	ഞാൻ	ഇമം അർത്ഥം	ഈ കാര്യത്തെക്കുറിച്ച്
ഉദ്യതഃ;	ഉദ്ദേശിച്ചിരുന്നു;	അചോദയം ന.	പറയാതിരുന്നത്.

അയം ഹി സുപ്തഃ ഷണ്മാസാൻ കുംഭകർണ്ണോ മഹാബലഃ
സർവ്വശസ്ത്രഭൃതാം മുഖ്യഃ സ ഇദാനീം സമുത്ഥിതഃ. 11

"അയം	"ഈ	സർവ്വശസ്ത്രഭൃതാം	ആയുധപാണികളിൽ എല്ലാവരിലുംവെച്ച്
മഹാബലഃ	മഹാബലശാലിയായ	മുഖ്യഃ സഃ	പ്രധാനിയായ അവൻ
കുംഭകർണ്ണഃ,	കുംഭകർണ്ണൻ,	ഇദാനീം ഹി	ഇപ്പോൾമാത്രമാണ്
ഷണ്മാസാൻ	ആറുമാസങ്ങളായി	സമുത്ഥിതഃ.	ഉണർന്നത്.
സുപ്തഃ;	ഉറങ്ങിയിരുന്നു;		

ഇയം ച ദണ്ഡകാരണ്യാദ്രാമസ്യ മഹിഷീ പ്രിയാ
രക്ഷോഭിശ്ചരിതാദ്ദേശാദാനീതാ ജനകാത്മജാ. 12

"രക്ഷോഭിഃ	"രാക്ഷസന്മാരാൽ	രാമസ്യ	രാമന്റെ
ചരിതാത്	നിവസിക്കപ്പെട്ട	മഹിഷീ	പത്നിയും
ദേശാത്	പ്രദേശമായ	പ്രിയാ	പ്രിയപ്പെട്ടവളുമായ
ദണ്ഡകാ-രണ്യാത് ച	ദണ്ഡകാരണ്യത്തിൽ നിന്നുതന്നെ	ഇയം	ഇവൾ
ജനകാത്മജാ	ജനകപുത്രിയും	ആനീതാ.	കൊണ്ടുവരപ്പെട്ടു.

സാ മേ ന ശയ്യാമാരോഢുമിച്ഛത്യലസഗാമിനീ. 13

"അലസഗാമിനീ	"മന്ദഗമനയായ	ശയ്യാം	ശയ്യയിൽ
സാ,	അവൾ,	ആരോഢും	കയറുവാൻ
മേ	എന്റെ	ഇച്ഛതി ന.	വഴിപ്പെടുന്നില്ല.

ത്രിഷു ലോകേഷു ചാന്യാ മേ ന സീതാസദൃശീ മതാ. 14

"സീതാസദൃശീ	"സീതയോടൊത്ത
അന്യാ ച	മറെറാരുത്തിയുംതന്നെ
ത്രിഷു ലോകേഷു ന	മൂന്നുലോകങ്ങളിലും ഇല്ലെന്നുള്ളതു്
മേ മതാ.	എനിക്കറിവുള്ളതാണു്.

തനുമദ്ധ്യാ പൃഥുശ്രോണീ ശാരദേന്ദുനിഭാനനാ
ഹേമബിംബനിഭാ സൌമ്യാ മായേവ മയനിൎമ്മിതാ. 15

"തനുമദ്ധ്യാ,	"കൃശമായ മദ്ധ്യപ്രദേശമാൎന്നവരും,
പൃഥുശ്രോണീ,	തടിച്ച നിതംബങ്ങളാൎന്നവരും,
ശാരദേന്ദുനിഭാനനാ,	ശരച്ചന്ദ്രമുഖി,
ഹേമബിംബനിഭാ,	സ്വൎണ്ണവിഗ്രഹമൊത്തവരും,
സൌമ്യാ,	മനസ്സിനെ കവരുന്ന സുന്ദരി,
മയനിൎമ്മിതാ മായാ ഇവ.	മയൻ സൃഷ്ടിച്ച മായപോലുള്ളവരും.

സുലോഹിതതലൌ ശ്ലക്ഷ്ണൌ ചരണൌ സുപ്രതിഷ്ഠിതൌ
ദൃഷ്ട്വാ താമ്രനഖൌ തസ്യാ ദീപ്യതേ മേ ശരീരജഃ. 16

"സുലോഹിതതലൌ	"നന്നായി ചുകന്ന അടികളുള്ളവയും
താമ്രനഖൌ	തുടുത്ത നഖങ്ങളുള്ളവ
ശ്ലക്ഷ്ണൌ	മിനുസമാൎന്നവയും [യും
സുപ്രതിഷ്ഠിതൌ	നല്ലപോലെ ഇണങ്ങിയവയും ആയ
തസ്യാഃ	അവളുടെ
ചരണൌ	ഇരുകാലുകളേയും
ദൃഷ്ട്വാ	കണ്ടു്
മേ	എങ്കൽ
ശരീരജഃ	മനസിജമാൽ
ദീപ്യതേ.	ഉജ്ജ്വലിക്കുന്നു.

ഹുതാഗ്നേരൎച്ചിസ്സങ്കാശാമേനാം സൌരീമിവ പ്രഭാം
ദൃഷ്ട്വാ സീതാം വിശാലാക്ഷീം കാമസ്യ വശമേയിവാൻ. 17

"ഹുതാഗ്നേഃ	"ഹോമാഗ്നിയുടെ
അൎച്ചിസ്സങ്കാശാം	ജ്വാലപോലുള്ളവളും
സൌരീം പ്രഭാം ഇവ	സൂൎയ്യതേജസ്സൊത്തവളും
വിശാലാക്ഷീം	ആയതനേത്രയും ആയ
ഏനാം	ഈ
സീതാം	സീതയെ
ദൃഷ്ട്വാ,	കണ്ടു്
കാമസ്യ	കാമന്റെ
വശം	അധീനത്തിൽ
ഏയിവാൻ.	ഞാൻ അകപ്പെട്ടുപോയിരിക്കുന്നു.

ഉന്നസം വദനം വല്ഗു വിപുലം ചാരുലോചനം
പശ്യംസ്തദാऽവശസ്തസ്യാഃ കാമസ്യ വശമേയിവാൻ. 18

"ഉന്നസം	"ഉയൎന്ന നാസികയോടുകൂടിയതും
ചാരുലോചനം	ഭംഗിയേറിയ നേത്രങ്ങളാൎന്നതും
വല്ഗു	അതിസുന്ദരവും
വിപുലം	വിശാലവും ആയ
തസ്യാഃ വദനം	അവളുടെ മുഖത്തെ
പശ്യൻ തദാ,	കണ്ടതുമുതല്ക്കുതന്നെ,
അവശഃ	മതിമറന്നവനായി
കാമസ്യ വശം	അനംഗന്റെകയ്യിൽ
ഏയിവാൻ.	ഞാൻ അകപ്പെട്ടുപോയി.

ക്രോധഹർഷസമാനേന ദുർവ്വർണ്ണകരണേന ച
ശോകസന്താപനിത്യേന കാമേന കലുഷീകൃതഃ. 19

"ക്രോധഹർഷ-സമാനേന	"ക്രോധത്തിലും സന്തോഷത്തിലും ഒരേമാതിരിയായിരിക്കുന്നതും	ശോക-സന്താപ-നിത്യേന ച	മനോവേദനയേയും ശരീരപീഡയേയും സദാ ഉളവാക്കുന്നതും ആയ
ദുർവ്വർണ്ണ-കരണേന	മുഖപ്രസാദത്തെ ഇല്ലാതാക്കുന്നതും	കാമേന	കാമത്താൽ
		കലുഷീകൃതഃ.	ഞാൻ കലക്കപ്പെട്ടിരിക്കുന്നു.

["ശോകസന്താപനിത്യേന" ആധിയിലും വ്യാധിയിലും വിട്ടുപോകാതിരിക്കുന്നതും. (ഗോ. രാ).]

സാ തു സംവത്സരം കാലം മാമയാചത ഭാമിനീ
പ്രതീക്ഷമാണാ ഭർത്താരം രാമമായതലോചനാ 20
തന്മയാ ചാരുനേത്രായാഃ പ്രതിജ്ഞാതം വചഃ ശുഭം. 21

"ആയത-ലോചനാ	"ആയതനേത്രയും	തത്,	അപ്പോൾ,
ഭാമിനീ	സുന്ദരിയും ആയ	മയാ	എന്നാൽ
സാ,	അവളാകട്ടെ,	'സംവത്സരം കാലം	'ഒരാണ്ടുകാലം
രാമം തു	രാമനെത്തന്നെ	ശുഭം' വചഃ	ആപത്തുണ്ടാക്കുകയില്ലെന്ന' വാഗ്ദത്തത്തെ
പ്രതീക്ഷമാണാ	കാത്തിരിക്കുന്നവളായി	ചാരുനേത്രായാഃ	ആ കഴല്ക്കണ്ണിയോടായി
ഭർത്താരം	ഭർത്താവിനെ	പ്രതിജ്ഞാതം.	പ്രതിജ്ഞചെയ്യപ്പെട്ടു.
മാം	എന്നോടായി		
അയാചത;	യാചിച്ചു;		

[മേൽപ്പറഞ്ഞതായ അർത്ഥം ദുരാന്വയദോഷമുള്ളതിനാൽ ദോഷവത്താണെങ്കിലും, രാവണൻ അനാവശ്യമായി കളവുപറഞ്ഞതായി വരികയില്ല എന്നു ഗുണമുണ്ട്. സുന്ദരകാണ്ഡം 21-ാംസർഗ്ഗത്തിൽ സീത രാവണനോടായി, "സാധു രാവണ രാമേണ മാം സമാനയ ദുഃഖിതാം. വനേ വാസിതയാ സാർദ്ധം കരേണ്വേവ ഗജാധിപം" എന്നിത്യാദിയായി, തന്നെ തന്റെ ഭർത്താവിനോടു ചേർത്തുവെക്കാനായും പറയുന്നുണ്ട്. അതിനാൽ "ഭർത്താരം അയാചത" എന്നതു് വാസ്തവം തന്നെ. പക്ഷെ രാവണനെപ്പോലെയുള്ള കാമാതുരന്മാർ ഈമാതിരി വാസ്തവമല്ലാത്തതിനെ പറയുന്നതു് സാധാരണ പ്രകൃതിയാണ് എന്നുള്ളതും സ്മർത്തവ്യമാണ്.

"സീത രാമനെ പ്രതീക്ഷിക്കുന്നവളായി ഒരു കൊല്ലത്തെ അവധി എന്നോടാവശ്യപ്പെട്ടു. അക്കാലത്തോളം ഞാൻ ആപത്തുവിളയിക്കുകയില്ലെന്നു് വാക്കുകൊടുക്കുകയും ചെയ്തു." എന്ന അർത്ഥം സ്പഷ്ടം. ഇതിൽ സീത അപ്രകാരം ചോദിക്കാത്തതിനാലും, അങ്ങിനെ ചോദിച്ചു എന്നു് വിചാരിക്കുന്നതായാൽ ചാരിത്രത്തിന്നു് കുറവുള്ളതിനാലും, രാവണൻ സ്വേച്ഛയായി കൊടുത്ത അവധിയാണെന്നുള്ള വാസ്തവത്തെ മറച്ചുവെച്ചു് ഇങ്ങിനെ പറഞ്ഞതാണെന്നു് (ഗോ. രാ. തിലകം മുതലായവ); "കാലം," സംജീവനസമയം (തനിക്കു് ജീവിച്ചിരിപ്പാനുള്ള അവധിയെ) എന്നു് ശിരോമണി;

ഉത്തരകാണ്ഡം 26-ാംസർഗ്ഗത്തിൽ രംഭയെ ധർഷണംചെയ്തതിനാൽ, "യദാ ഹ്യകാമാം കാമാർത്തോ ധർഷയിഷ്യതി യോഷിതം മൂർദ്ധാ തു സപ്തധാ തസ്യ ശകലീഭവിതാ തദാ" എന്നിങ്ങിനെ വൈശ്രവണപുത്രനായ നളകൂബരന്റെ ശാപത്താൽ, സീതയെ ബലാത്കരിപ്പാൻ അശക്തനായ രാവണനാൽ സ്വേച്ഛയാത്തന്നെയാണ് ഒരു കൊല്ലത്തെ അവധി നൽകപ്പെട്ടതു് എന്നുള്ളതാകുന്നു വാസ്തവമായതു്.]

ശ്രാന്തോഽഹം സതതം കാമാദ്യാതോ ഹയ ഇവാദ്ധ്വനി. 22

"അദ്ധ്വനി	"അധികം	കാമാത്	കാമപീഡയാൽ
യാതഃ	വഴിനടന്ന	അഹം	ഞാൻ
ഹയഃ ഇവ,	കുതിരയെന്നപോലെ,	ശ്രാന്തഃ.	തളൎന്നിരിക്കുന്നു.
സതതം	ഇടവിടാതെ		

കഥം സാഗരമക്ഷോഭ്യമുത്തരന്തി വനൌകസഃ
ബഹുസത്വഝഷാകീൎണ്ണം തൌ വാ ദശരഥാത്മജൌ. 23

"അക്ഷോഭ്യം	"കലക്കപ്പെടുവാൻ കഴിയാത്തതും	വനൌകസഃ	വാനരന്മാരാകട്ടെ
ബഹുസത്വ-ഝഷാകീൎണ്ണം	പല ജലജന്തുക്കളും വൻമത്സ്യങ്ങളുമാൎന്നതുമായ	ദശരഥാത്മജൌ	ദശരഥപുത്രന്മാരായ
		തൌ വാ	അവരിരുവർതന്നെയാകട്ടെ
		കഥം	എങ്ങിനെയാണ്
സാഗരം,	സമുദ്രത്തെ,	ഉത്തരന്തി ?	കടക്കുക ?

അഥ വാ കപിനൈകേന കൃതം നഃ കദനം മഹത്
ദുൎജ്ഞേയയോഃ കാൎയ്യഗതയോ ബ്രൂത യസ്യ യഥാ മതിഃ. 24

"അഥ വാ;	"എന്നാലും ഒന്നാലോചിക്കേണ്ടതായുണ്ട്;	കാൎയ്യഗതയഃ	കാൎയ്യങ്ങളുടെ ഗതികൾ
കപിനാ	വാനരൻ	ദുൎജ്ഞേയയോഃ;	എപ്രകാരമെന്ന് അറിയപ്പെടുവാൻ പ്രയാസമായിരിക്കുന്നു;
ഏകേന	ഒരുവനാൽതന്നെ		
നഃ	നമുക്ക്	യസ്യ	ആൎക്ക്
മഹത്	അസഹ്യമായ	യഥാ മതിഃ	എങ്ങിനെ അഭിപ്രായമോ അതിനെ
കദനം	നാശം		
കൃതം ;	ചെയ്യപ്പെട്ടു;	ബ്രൂത.	പറയുവിൻ.

മാനുഷാന്മേ ഭയം നാസ്തി തഥാപി തു വിമൃശ്യതാം
തദാ ദേവാസുരേ യുദ്ധേ യുഷ്മാഭിഃ സഹിതോഽജയം
തേ മേ ഭവന്തശ്ച തഥാ സുഗ്രീവപ്രമുഖാൻ ഹരീൻ 25
പരേ പാരേ സമുദ്രസ്യ പുരസ്കൃത്യ നൃപാത്മജൌ
സീതായാഃ പദവീം പ്രാപ്തൌ സംപ്രാപ്തൌ വരുണാലയം. 26

"തദാ	"മുമ്പൊരിക്കൽ	മേ ച ;	എന്നെച്ചേൎന്നവർതന്നെ ;
ദേവാസുരേ യുദ്ധേ	ദേവാസുരയുദ്ധത്തിൽ	മേ തു	എനിക്കാകട്ടെ
		മാനുഷാത്	മനുഷ്യനിൽനിന്ന്
യുഷ്മാഭിഃ സഹിതഃ	നിങ്ങളൊന്നിച്ച്	ഭയം അസ്തി ന ;	ഭയമെന്നുള്ളതേ ഇല്ല ;
		തഥാ	അപ്രകാരമിരിക്കെ
അജയം ;	ഞാൻ വിജയം പ്രാപിച്ചു ;	സീതായാഃ	സീതയുടെ
തേ	അപ്രകാരമുള്ള	പദവീം	വാസസ്ഥലത്തെ
ഭവന്തഃ	നിങ്ങൾ	പ്രാപ്തൌ	അറിഞ്ഞവരായ

നൃപാത്മജൌ	രാജകുമാരന്മാരിരുവരും	പുരസ്കൃത്യ,	മുൻനിർത്തിക്കൊണ്ട്,
സമുദ്രസ്യ	സമുദ്രത്തിന്റെ	വരുണാലയം	സമുദ്രത്തേയും
പാരേ പാരേ	അങ്ങേക്കരയിൽ	സംപ്രാപ്തൌ ;	പ്രാപിച്ചിരിക്കുന്നു ;
സുഗ്രീവപ്രമുഖാൻ	സുഗ്രീവൻ നാഥനായുള്ള	തഥാപി തു	ഇപ്രകാരമെല്ലാമിരിക്കുന്നതിനാൽ
ഹരീൻ	വാനരന്മാരെ	വിമൃശ്യതാം.	തക്കപോലെ പര്യാലോചനചെയ്താലും.

അദേയാ ച യഥാ സീതാ വധ്യൌ ദശരഥാത്മജൌ
ഭവദ്ഭിർമ്മന്ത്ര്യതാം മന്ത്രഃ സുനീതം ചാഭിധീയതാം. 27

“ യഥാ	“ എങ്ങിനെയായാൽ	മന്ത്രഃ	മന്ത്രാലോചന
സീതാ	സീത	ഭവദ്ഭിഃ	നിങ്ങളാൽ
അദേയാ,	കൊടുക്കപ്പെടേണ്ടവളാകയില്ലയോ,	മന്ത്ര്യതാം ;	ആലോചിക്കപ്പെടട്ടെ ;
ദശരഥാത്മജൌ	ദശരഥപുത്രന്മാരിരുവരും	സുനീതം ച	ആപത്തുനേരാത്തതായ ഉപായംതന്നെ
വധ്യൌ ച,	വധിക്കപ്പെടുമോ, [അപ്രകാരമുള്ള	അഭിധീയതാം.	തീർത്തുരചെയ്യപ്പെടട്ടെ.

ന ഹി ശക്തിം പ്രപശ്യാമി ജഗത്യന്യസ്യ കസ്യചിത്
സാഗരം വാനരൈസ്തീർത്വാ നിശ്ചയേന ജയോ മമ. 28

“ ജഗതി	“ ലോകത്തിൽ	ശക്തിം	ശക്തിയെ
അന്യസ്യ	സാധാരണനായ	പ്രപശ്യാമി ന ഹി;	ഞാൻ അറിയുന്നതേയില്ല;
കസ്യചിത്	ഒരുവനും	നിശ്ചയേന	നിശ്ചയമായും
വാനരൈഃ	വാനരന്മാരോടുകൂടി	മമ	എനിക്ക്
സാഗരം	സമുദ്രത്തെ	ജയഃ.”	ജയംതന്നെയാണുണ്ടാവുക.”
തീർത്വാ	തരണംചെയ്യുന്നതിനുള്ള		

[“ രാമനല്ലാതെ മറെറാരുവനും വാനരന്മാരോടുകൂടി സമുദ്രത്തെ കടപ്പാൻ കഴികയില്ല. (നിശ്ചയേ) ഇപ്രകാരം നിശ്ചയബുദ്ധി എനിക്കിരിക്കെ, (മമ ജയഃ ന) എനിക്കു ജയം ഇല്ലതന്നെ.’ എന്നു വാസ്തവാർത്ഥം, എന്നു (തീർത്ഥീയം).]

തസ്യ കാമപരീതസ്യ നിശമ്യ പരിദേവിതം
കുംഭകർണ്ണഃ പ്രചുക്രോധഃ വചനം ചേദമബ്രവീത്. 29

കുംഭകർണ്ണഃ,	കുംഭകർണ്ണൻ,	പ്രചുക്രോധഃ ;	ഏററം കോപമുൾക്കൊണ്ടു ;
കാമപരീതസ്യ	കാമാവിഷ്ടനായ		
തസ്യ	അവന്റെ	ഇദം	ഈ
പരിദേവിതം	പ്രലാപത്തെ	വചനം ച	വാക്യത്തേയും
നിശമ്യ,	കേട്ട്,	അബ്രവീത്.	ഉരചെയ്തു.

യദാ തു രാമസ്യ സലക്ഷ്മണസ്യ
പ്രസഹ്യ സീതാ ഖലു സാ ഇഹാഹൃതാ
സകൃത്സമീക്ഷ്യൈവ സുനിശ്ചിതം തദാ
ഭജേത ചിത്തം യമുനേവ യാമുനം. 30

"സകൃത്	"മുമ്പുതന്നെ
സമീക്ഷ്യ,	നല്ലപോലെ ആലോചിച്ചശേഷം,
സലക്ഷ്മണസ്യ	ലക്ഷ്മണസഹിതനായ
രാമസ്യ	രാമന്റെ
സാ സീതാ	ആ സീത
പ്രസഹ്യ	ബലാത്കാരമായി
ഇഹ	ഇവിടെ
ആഹൃതാ യദാ	അപഹരിച്ചുകൊണ്ടുവരപ്പെട്ടതായിരുന്നുവെങ്കിൽ
തദാ തു,	അക്കാരണത്താൽതന്നെ
യമുനാ	യമുന
യാമുനം ഇവ	യാമുനമെന്ന അതിന്റെ പ്രാപ്യസ്ഥാനത്തെയെന്നപോലെ
ചിത്തം	ഉദ്ദേശം
സുനിശ്ചിതം	നിശ്ചയാവസ്ഥയെ
ഭജേത ഖലു.	പ്രാപിക്കുമായിരുന്നുവല്ലോ.

സർവ്വമേതന്മഹാരാജ കൃതമപ്രതിമം തവ
വിധീയേത സഹാസ്മാഭിരാദാവേവാസ്യ കർമ്മണഃ. 31

"മഹാരാജ!	"മഹാരാജാവേ!
ഏതത് കൃതം സർവ്വം	ഇച്ചെയ്തതെല്ലാം
തവ അപ്രതിമം;	നിന്തിരുവടിക്ക് പതിവില്ലാത്തതാകുന്നു;
അസ്യ കർമ്മണഃ	ഈ കാര്യത്തിന്റെ
ആദൌ ഏവ	ആരംഭത്തിൽ തന്നെ
അസ്മാഭിഃ സഹ	ഞങ്ങളോടുകൂടി
വിധീയേത.	തീർച്ചയാക്കേണ്ടതായിരുന്നു.

[ആദ്യംതന്നെ ഞങ്ങളോട് ആലോചിച്ചില്ല. ഇങ്ങിനെ ആലോചിക്കാതെ അങ്ങ് ചെയ്തു പതിവില്ല. എന്ന് സാരം.]

ന്യായേന രാജകാര്യാണി യഃ കരോതി ദശാനന
ന സ സന്തപ്യതേ പശ്ചാത് നിശ്ചിതാർത്ഥമതിർന്നൃപഃ. 32

"ദശാനന!	"ദശമുഖ!
യഃ നൃപഃ	യാതൊരു രാജാവ്
ന്യായേന	രാജനീതി തെറ്റാത്ത വിധം
നിശ്ചിതാർത്ഥമതിഃ	ഏർപ്പെട്ട ഒരു കൃത്യത്തിൽ ആലോചിച്ചു നിശ്ചയിക്കപ്പെട്ട ഉദ്ദേശത്തോടുകൂടിയവനായി
രാജകാര്യാണി	രാജകൃത്യങ്ങളെ
കരോതി,	ചെയ്യുന്നുവോ,
സഃ	അവൻ
പശ്ചാത്	കാര്യം കഴിഞ്ഞതിൽ പിന്നെ
സന്തപ്യതേ ന.	പശ്ചാത്തപിക്കേണ്ടതായി വരികയില്ല.

അനുപായേന കർമ്മാണി വിപരീതാനി യാനി ച
ക്രിയമാണാനി ദുഷ്യന്തി ഹവീംഷ്യപ്രയതേഷ്വിവ. 33

"അനുപായേന	"വഴിപിഴച്ച്
ക്രിയമാണാനി	ചെയ്യപ്പെടുന്നതായ
കർമ്മാണി	കൃത്യങ്ങൾ
യാനി ച	ഏവയോ അവയെല്ലാം
വിപരീതാനി,	അനിഷ്ടഫലപ്രദങ്ങളായി,
അപ്രയതേഷു	ഇന്ദ്രിയങ്ങളെ ഒതുക്കാത്തവരുടെ സംഗതിയിൽ
ഹവീംഷി ഇവ,	യജ്ഞങ്ങൾ എന്നപോലെ,
ദുഷ്യന്തി.	കെട്ടുപോകുന്നു.

["അപ്രയതേഷു ഹവീംഷി ഇവ" (അശുചിയായതിൽ ഹവിസ്സെന്നപോലെ; അപാത്രത്തിൽ ദാനം ചെയ്യപ്പെടുന്നതെന്നപോലെ;) എന്നു് ഗോ. രാ.]

യഃ പശ്ചാത് പൂർവ്വകാര്യാണി കർമ്മാണ്യഭിചികീർഷതി
പൂർവ്വം ചാപരകാര്യാണി ന സ വേദ നയാനയൌ. 34

"യഃ	"യാതൊരുവൻ
പൂർവ്വകാര്യാണി	മുമ്പു ചെയ്യേണ്ടവയായ
കർമ്മാണി	കാര്യങ്ങളെ
പശ്ചാത്	പിമ്പിലും,
അപരകാര്യാണി	പിമ്പുചെയ്യേണ്ടവയെ
പൂർവ്വം ച,	മുമ്പിലും
അഭിചികീർഷതി,	ചെയ്യാൻ തീർച്ചപ്പെടുത്തുന്നുവോ,
സഃ	അവൻ
നയാനയൌ	നന്മതിന്മകൾ വിളയിക്കുന്ന നടവടികളെക്കുറിച്ച്
വേദ ന.	വേർതിരിച്ചറിയാതിരിക്കുന്നു.

ചപലസ്യ തു കൃത്യേഷു പ്രസമീക്ഷ്യാധികം ബലം
ക്ഷിപ്രമന്യേ പ്രപദ്യന്തേ ക്രൌഞ്ചസ്യ ഖമിവ ദ്വിജാഃ. 35

"അധികം ബലം തു	"തന്റെ അധികമായ ബലത്തെത്തന്നെ
പ്രസമീക്ഷ്യ	വലുതായി കരുതി,
ചപലസ്യ	പൂർവ്വാലോചനയില്ലാതെ വഴിപിഴച്ച് പ്രവർത്തിക്കുന്ന ഒരുവന്റെ
കൃത്യേഷു,	കൃത്യങ്ങളിൽ,
അന്യേ	സാധാരണന്മാരായ ശത്രുക്കൾ,
ക്രൌഞ്ചസ്യ ഖം	ക്രൌഞ്ചരന്ധ്രത്തിൽ
ദ്വിജാഃ ഇവ	ഹംസപക്ഷികൾ എന്നപോലെ,
ക്ഷിപ്രം	വേഗത്തിൽ
പ്രപദ്യന്തേ.	പ്രവേശിക്കുന്നു.

[ക്രൌഞ്ചപർവ്വതത്തിന്റെ അത്യൌന്നിത്യംകൊണ്ടു് അതിന്റെ മുകളിൽക്കൂടി അപ്പുറത്തേക്കു് പറന്നുചെല്ലുന്നതു് അസാദ്ധ്യമാകയാൽ, അതിന്റെ രന്ധ്രത്തിൽക്കൂടി കടന്നിട്ടാണു് ഹംസങ്ങൾ, അതിനും വടക്കുള്ള മാനസസരസ്സിലേക്കു് പോകുന്നതു്. അധികമായിരിക്കുന്ന ബലം പർവ്വതത്തിന്റെ ഔന്നത്യത്തിനു് സാമ്യം. കൃത്യത്തിൽ പിഴവു വരുത്തുന്നതുതന്നെ രന്ധ്രം. ഹംസങ്ങൾ സാധാരണന്മാർ. ക്രൌഞ്ചഗിരിയിൽ സുബ്രഹ്മണ്യനാൽ വേലായുധത്തെ പ്രയോഗിച്ച് തുളയ്ക്കപ്പെട്ട ദ്വാരമാകുന്നു ക്രൌഞ്ചരന്ധ്രം. (ശല്യപർവ്വം 47. സ്കന്ദം).]

ത്വയേദം മഹദാരബ്ധം കാൎയ്യമപ്രതിചിന്തിതം
ദിഷ്ട്യാ ത്വാം നാവധീദ്രാമോ വിഷമിശ്രമിവാമിഷം. 36

"ത്വയാ	"നിന്തിരുവടിയാൽ
അപ്രതിചിന്തിതം	പൂൎവ്വാലോചനയില്ലാത്ത
ഇദം	ഈ
മഹത് കാൎയ്യം	അപായകൃത്യം
ആരബ്ധം;	ആരംഭിക്കപ്പെട്ടു;
വിഷമിശ്രം	വിഷംകലൎന്ന
ആമിഷം ഇവ	ആഹാരമെന്നപോലെ
രാമഃ	രാമൻ
ത്വാം	അങ്ങയെ
ദിഷ്ട്യാ	ആയുസ്സിന്റെ വലിപ്പംകൊണ്ടാണ്
അവധീത് ന.	കൊല്ലാതിരുന്നത്.

തസ്മാത് ത്വയാ സമാരബ്ധം കൎമ്മ ഹ്യപ്രതിമം പരൈഃ
അഹം സമീകരിഷ്യാമി ഹത്വാ ശത്രൂംസ്തവാനഘ. 37

"തസ്മാത്,	"ആകയാൽ,
പരൈഃ	മററുള്ളവരോട്
അപ്രതിമം	സാമ്യപ്പെടുത്തുവാൻ കഴിയാത്തതും
ത്വയാ ഹി	ഭവാനാൽതന്നെ
സമാരബ്ധം	തുടങ്ങപ്പെട്ടതും ആയ
കൎമ്മ,	കൃത്യത്തെ
അനഘ!	മററുള്ളവരിൽനിന്ന് ആപത്തുനേരുവാൻ അവകാശമില്ലാതുള്ളോവേ!
അഹം	ഞാൻ
തവ	അവിടുത്തെ
ശത്രൂൻ ഹത്വാ,	ശത്രുക്കളെ വധിച്ച്,
സമീകരിഷ്യാമി.	വേണ്ടുംവണ്ണം ശരിയാക്കുന്നുണ്ട്.

അഹമുത്സാദയിഷ്യാമി ശത്രൂംസ്തവ വിശാംപതേ
യദി ശക്രവിവസ്വന്തൌ യദി പാവകമാരുതൌ
താവഹം യോധയിഷ്യാമി കുബേരവരുണാവപി. 38

"ശക്രവിവസ്വന്തൌ യദി	"ഇന്ദ്രനും സൂൎയ്യനും ആയിരുന്നാലും വേണ്ടതില്ല
പാവകമാരുതൌ യദി	അഗ്നിയും വായുവും ആയാലും വേണ്ടതില്ല
കുബേരവരുണൌ അപി	കുബേരനും വരുണനും ആയാലും വേണ്ടതില്ല
തൌ	അവരിരുവരേയും
അഹം	ഞാൻ
യോധയിഷ്യാമി;	എതിൎക്കുന്നുണ്ട്;
വിശാംപതേ!	രാജാവേ!
അഹം	ഞാൻ
തവ	നിന്തിരുവടിയുടെ
ശത്രൂൻ	ശത്രുക്കളെ
ഉത്സാദയിഷ്യാമി.	നശിപ്പിക്കുന്നുണ്ട്.

ഗിരിമാത്രശരീരസ്യ മഹാപരിഘയോധിനഃ
നൎദ്ദതസ്തീക്ഷ്ണദംഷ്ട്രസ്യ ബിഭിയാദ്വൈ പുരന്ദരഃ. 39

"ഗിരിമാത്രശരീരസ്യ	"മലയൊത്ത ഗാത്രമാൎന്നവനും
മഹാപരിഘയോധിനഃ	വമ്പിച്ച ഇരുമ്പുലയ്ക്ക കൊണ്ട് പോരാടുന്നവനും
തീക്ഷ്ണദംഷ്ട്രസ്യ	കൂൎത്ത ദംഷ്ട്രകളാൎന്നവനും ആയ ഞാൻ
നൎദ്ദതഃ	സിംഹനാദംചെയ്യുമ്പോൾ
പുരന്ദരഃ വൈ	ദേവേന്ദ്രൻതന്നെയായാലും
ബിഭിയാത്.	നടുങ്ങുന്നതാണ്.

പുനർമ്മാം സ ദ്വിതീയേന ശരേണ നിഹനിഷ്യതി
തതോഽഹം തസ്യ പാസ്യാമി രുധിരം കാമമാശ്വസ. 40

"സഃ	"അവൻ	തസ്യ	അവന്റെ
ദ്വിതീയേന	രണ്ടാമത്തൊരു	രുധിരം	രക്തത്തെ
ശരേണ	ബാണംകൊണ്ടു്	പാസ്യാമി;	പാനംചെയ്യുന്നുണ്ടു്;
മാം	എന്റെനേരെ	തതഃ	ആകയാൽ
നിഹനിഷ്യതി പുനഃ	എയ്യുന്നതിന്നുമുമ്പു തന്നെ	കാമം	ഇഷ്ടംപോലെ
അഹം	ഞാൻ	ആശ്വസ.	സുഖമായി വർത്തിച്ചു കൊൾക.

വധേന വൈ ദാശരഥേഃ സുഖാവഹം
ജയം തവാഹർത്തുമഹം യതിഷ്യേ
ഹത്വാ ച രാമം സഹ ലക്ഷ്മണേന
ഖാദാമി സർവ്വാൻ ഹരിയൂഥമുഖ്യാൻ. 41

"ദാശരഥേഃ	"രാമന്റെ	ലക്ഷ്മണേന സഹ	ലക്ഷ്മണനോടുകൂടി
വധേന	വധത്താൽ		
തവ	അങ്ങേക്കു്	രാമം ച	രാമനേയും
സുഖാവഹം	സുഖത്തെ ഉളവാക്കുന്ന	ഹരിയൂഥമുഖ്യാൻ	വാനരസേനാധിപന്മാരെ
ജയം ആഹർത്തും	വിജയത്തെ വിളയിക്കുവാൻ		
അഹം	ഞാൻ	സർവ്വാൻ	എല്ലാവരേയും
യതിഷ്യേ വൈ;	ജാഗ്രതയോടുകൂടിയവനായിത്തന്നെയിരിക്കുന്നുണ്ടു്;	ഹത്വാ	കൊന്നു്
		ഖാദാമി.	കടിച്ചുതിന്നു കളയുന്നുണ്ടു്.

രമസ്വ കാമം പിബ ചാഗ്ര്യവാരുണീം
കുരുഷ്വ കാര്യ്യാണി ഹിതാനി വിജ്വരഃ
മയാ തു രാമേ ഗമിതേ യമക്ഷയം
ചിരായ സീതാ വശഗാ ഭവിഷ്യതി. 42

"കാമം	"ഇഷ്ടംപോലെ	മയാ തു	ഞാനൊരുവനാൽ തന്നെ
രമസ്വ;	സുഖിച്ചുകൊൾക;	രാമേ	രാമൻ
അഗ്ര്യവാരുണീം ച	ശ്രേഷ്ഠമായ മധുവിനേയും	യമക്ഷയം	യമലോകത്തെ
പിബ;	കുടിച്ചുകൊൾക;	ഗമിതേ,	പ്രാപിക്കപ്പെട്ട ശേഷം,
വിജ്വരഃ	നിർവ്വിചാരനായി	ചിരായ	ഒടുവിൽ
ഹിതാനി	ഇഷ്ടമുള്ള	സീതാ	സീത
കാര്യ്യാണി	കാര്യ്യങ്ങളെ	വശഗാ ഭവിഷ്യതി."	വശപ്പെടുന്നതാണു്."
കുരുഷ്വ;	ചെയ്തുകൊൾക;		

ഇത്യാർഷേ ശ്രീമദ്രാമായണേ വാല്മീകീയേ ആദികാവ്യേ യുദ്ധകാണ്ഡേ
ദ്വാദശഃ സർഗ്ഗഃ = പന്ത്രണ്ടാംസർഗ്ഗം സമാപ്തം.

ആദ്യം മുതൽ ശ്ലോകസംഖ്യ 15101; യുദ്ധകാണ്ഡം ആദ്യം മുതൽ ശ്ലോകസംഖ്യ 426.

ത്രയോദശഃ സർഗ്ഗഃ = പതിമൂന്നാം സർഗ്ഗം.

[മഹാപാർശ്വവാക്യം = മഹാപാർശ്വന്റെ വാക്യം.]

രാവണം ക്രുദ്ധമാജ്ഞായ മഹാപാർശ്വോ മഹാബലഃ
മുഹൂർത്തമനുസഞ്ചിന്ത്യ പ്രാഞ്ജലിർവ്വാക്യമബ്രവീത്. 1

മഹാബലഃ	മഹാബലശാലിയായ	മുഹൂർത്തം	കുറെ നേരം
മഹാപാർശ്വഃ,	മഹാപാർശ്വൻ,	അനുസഞ്ചിന്ത്യ	തന്റെ ഉള്ളിൽ ആലോചന ചെയ്തശേഷം,
രാവണം	രാവണനെ	പ്രാഞ്ജലിഃ	തൊഴുതുംകൊണ്ട്
ക്രുദ്ധം ആജ്ഞായ,	ക്രുദ്ധിച്ചിരിക്കുന്നവനായി അറിഞ്ഞ്,	വാക്യം അബ്രവീത്.	ഇങ്ങിനെ ഉണർത്തിച്ചു.

യഃ ഖല്വപി വനം പ്രാപ്യ മൃഗവ്യാളസമാകുലം
ന പിബേന്മധു സംപ്രാപ്തം സ നരോ ബാലിശോ ഭവേത്. 2

"യഃ	"യാതൊരു	സംപ്രാപ്തം	കയ്യിൽ കിട്ടിയതായ
നരഃ	നരൻ	മധു	തേനിനെ
മൃഗവ്യാള-സമാകുലം	മാനുകളും ദുഷ്ടമൃഗങ്ങളും നിറഞ്ഞ	പിബേത് ന,	കുടിക്കാതിരിക്കുന്നുവോ,
വനം അപി	വനത്തേയും	സഃ ഖലു	അവൻ തന്നെയാകുന്നു
പ്രാപ്യ,	പ്രാപിച്ച ശേഷം,	ബാലിശഃ ഭവേത്.	മൂഢനെന്ന് കരുതപ്പെടുന്നത.

[സീതയെ കഷ്ടപ്പെട്ട് അപഹരിച്ചു കൊണ്ടുവന്നശേഷം, അനുഭവിക്കാതിരുന്നതു് മൂഢത്വം തന്നെ എന്നു് സാരം. സീതയെ പ്രസാദിപ്പിക്കാതിരുന്നതു് മൂഢതയാകുന്നു" എന്നു് അന്തരം.]

ഈശ്വരസ്യേശ്വരഃ കോऽസ്തി തവ ശത്രുനിബർഹണ
രമസ്വ സഹ വൈദേഹ്യാ ശത്രൂനാക്രമ്യ മൂർദ്ധസു. 3

"ശത്രു-നിബർഹണ!	"ശത്രുസംഹാരക!	ശത്രൂൻ	ശത്രുക്കളെ
ഈശ്വരസ്യ	സർവ്വക്കും മേലായുള്ള	മൂർദ്ധസു	തലകളിൽ
തവ	നിന്തിരുവടിക്ക്	ആക്രമ്യ,	ചവിട്ടിയമർത്തി,
ഈശ്വരഃ	മേലേയുള്ളവൻ	വൈദേഹ്യാ സഹ	സീതയോടും കൂടി
കഃ അസ്തി?	ആരുണ്ട്?	രമസ്വ.	രമിച്ചാലും.

["തവ ഈശ്വരസ്യ ഈശ്വരഃ കഃ അസ്തി?" (നിനക്കും മേലായ ശ്രീരാമനു മേലായുള്ളവൻ ആരുണ്ട്?); "വൈദേഹ്യാ സഹ" (സീതയേയും കൂട്ടിക്കൊണ്ട്), "ശത്രൂൻ" (ശ്രീരാമനെ,—ആദരവുകൊണ്ട് ബഹുവചനപ്രയോഗം), "മൂർദ്ധസു ആക്രമ്യ" (പത്തു തലകൾകൊണ്ടും വണങ്ങി നമസ്കരിച്ച്), "രമസ്വ" (സുഖിച്ചാലും). ഇങ്ങിനെ നേരെ വിപരീതമായുള്ള അർത്ഥവും മഹാപാർശ്വവാക്യങ്ങൾക്കെല്ലാം ചില വ്യാഖ്യാതാക്കന്മാർ പറയുന്നുണ്ട്.]

ബലാത് കുക്കുടവൃത്തേന വർത്തസ്വ സുമഹാബല
ആക്രമ്യാക്രമ്യ സീതാം വൈ തഥാ ഭുങ്ക്ഷ്വ രമസ്വ ച. 4

"സുമഹാബല!	"അതി ശക്തിമാനായുള്ളോവേ!
കുക്കുടവൃത്തേന	വഞ്ചകവൃത്തി കൈക്കൊണ്ട്
ബലാത് വർത്തസ്വ;	ബലാത്കരിച്ചാലും;

ആക്രമ്യ ആക്രമ്യ	മെല്ലെ മെല്ലെ അടുത്ത് (സമാധാനിപ്പിച്ച്)
സീതാം ച	സീതയെയും
ഭുങ്ക്ഷ്വ;	സ്വാധീനിച്ചാലും;
തഥാ വൈ	അപ്രകാരം തന്നെ
രമസ്വ.	ആനന്ദിച്ചാലും.

[വഴിപ്പെടാത്ത സ്ത്രീയെ ബലാത്കരിക്കുന്നതു് കുക്കുടവൃത്തിയാകുന്നു. "ക്രുദ്ധാമാക്രമ്യ ഭോഗസ്തു കൌക്കുടഃ സോഽപി സൌഖ്യദഃ" എന്നു് വാത്സ്യായനൻ.

"കുക്കുടവൃത്തേ" (കുക്കുടവൃത്തിയിൽ ചാപല്യത്താൽ), "ന വർത്തസ്വ" വർത്തിക്കാതിരിക്കുക; "ആക്രമ്യ ആക്രമ്യ" (മെല്ലെ മെല്ലെ സമാധാനിപ്പിച്ച്) "സീതാം ഭുങ്ക്ഷ്വ" (സീതയെ വഴി പോലെ രക്ഷിക്കുക). "ഭുജപരിപാലനാഭ്യവഹാരയോഃ" എന്നു് ധാതു. ഇങ്ങിനെ വിപരീതാർത്ഥം (ഗോ. രാ.; തീർത്ഥീയം.)

"കുക്കുടവൃത്തേന" (കുക്കുടാനാം തല്ക്കണ്ഠാനാം, വൃത്തം വർത്തനം, യസ്മിംസ്തേന), കോഴികൾ കരയുന്ന സമയത്തിൽ, അതായതു് പ്രഭാതത്തിൽതന്നെ, "സീതാം ആക്രമ്യ ആക്രമ്യ," (സീതയുടെ ചരണങ്ങളെ സേവിച്ച്), "പ്രവർത്തസ്വ" (സ്വാപരാധക്ഷമാപണത്തിൽ നിയോജിപ്പിക്കുക;) "ഭുങ്ക്ഷ്വ" (ഈ ലങ്കാരാജ്യസമ്പത്തിയെ അനുഭവിച്ച് സുഖിക്കുക). എന്നു് ശിരോമണി).]

ലബ്ധകാമസ്യ തേ പശ്ചാദാഗമിഷ്യതി യദ്ഭയം
പ്രാപ്തമപ്രാപ്തകാലം വാ സർവ്വം പ്രതിസഹിഷ്യസി. 5

"ലബ്ധകാമസ്യ തേ	"ആഗ്രഹം സാധിച്ചവനിന്തിരുവടിക്ക് [നായ
പശ്ചാത്	അതിൽപിന്നെ
യത് ഭയം	യാതൊരു ആപത്തു്
ആഗമിഷ്യതി	നേരുമോ അപ്രകാരമുള്ള

അപ്രാപ്തകാലം	അസംഭവ്യമായത്
പ്രാപ്തം വാ	സംഭവിച്ചാലുംകൂടി
സർവ്വം	എല്ലാററിനേയും
പ്രതിസഹിഷ്യസി.	നിന്തിരുവടി നീക്കുവാൻ ശക്തനാകുന്നതാണ്.

["പശ്ചാത്" (സീതാപ്രാപ്തിക്കുശേഷം) "ലബ്ധകാമസ്യ" (സ്വഭാരപ്രാപ്തിയാകുന്ന ആഗ്രഹം സാധിച്ചവനായ ശ്രീരാമങ്കൽനിന്നു്) "യത് ഭയം ആഗമിഷ്യതി?" (എന്തൊരു ഭയമാണു് നേരുവാനുള്ളതു്?); "അപ്രാപ്തകാലം പ്രാപ്തം" (കോപനിവൃത്തിക്കുള്ള സമയത്തെ പ്രാപിച്ചവനായ ശ്രീരാമനെ) "സർവ്വം" സ്വാപരാധത്തെ മുഴുവനും), "പ്രതിസഹിഷ്യതി" (ക്ഷമിപ്പിക്കുവാൻ സാധിക്കുന്നതാണു്). എന്നു് വിപരീതാർത്ഥം (ശിരോ).]

കുംഭകർണ്ണഃ സഹാസ്മാഭിരിന്ദ്രജിച്ച മഹാബലഃ
പ്രതിഷേധയിതും ശക്തൌ സവജ്രമപി വജ്രിണം. 6

"അസ്മാഭിഃ സഹ	"ഞങ്ങളോടുംകൂടി
കുംഭകർണ്ണഃ	കുംഭകർണ്ണനും
മഹാബലഃ	മഹാശക്തിമാനായ
ഇന്ദ്രജിത് ച	ഇന്ദ്രജിത്തും

സവജ്രം	വജ്രായുധത്തോടുകൂടിയ
വജ്രിണം അപി	ഇന്ദ്രനേയും
പ്രതിഷേധയിതും	തടുത്തെതിർപ്പാൻ
ശക്തൌ.	ശക്തരാകുന്നു.

[അപ്രകാരം അപരാധം ക്ഷമിക്കപ്പെട്ടാൽ, ഇന്ദ്രനുംകൂടി തടുക്കപ്പെടുവാൻ സാധിക്കുന്നതാണു്. എന്നു ധ്വനി (ശിരോമണി).]

ഉപപ്രദാനം സാന്ത്വം വാ ഭേദം വാ കുശലൈഃ കൃതം
സമതിക്രമ്യ ദണ്ഡേന സിദ്ധിമർത്ഥേഷു രോചയ. 7

"കുശലൈഃ കൃതം	"സന്മാർഗ്ഗവർത്തികളാൽ അനുഷ്ഠിക്കപ്പെട്ട	അർത്ഥേഷു	കാര്യംനേടുന്ന സംഗതികളിൽ
ഉപപ്രദാനം	ദാനത്തേയോ	ദണ്ഡേന	യുദ്ധോപായം ഒന്നുകൊണ്ടുതന്നെ
സാന്ത്വം വാ	സാമത്തേയോ	സിദ്ധിം	ഫലസിദ്ധിയെ
ഭേദം വാ	ഭേദത്തേയോ	രോചയ.	നിശ്ചയിച്ചാലും.
സമതിക്രമ്യ	കൈവെടിഞ്ഞ്		

["അകുശലൈഃ" കയ്യാലാകാത്തവരാൽ, ചെയ്യപ്പെട്ട സാമദാനഭേദാദിയെ വിട്ട്, നമ്മെപ്പോലെയുള്ള ശക്തന്മാരാൽ അനുഷ്ഠിക്കപ്പെട്ട ദണ്ഡോപായത്തെ കയ്ക്കൊള്ളുക. എന്നും സമുചിതം.
"അകുശലൈഃ ദണ്ഡേന കൃതം സമതിക്രമ്യ" (അസമർത്ഥന്മാരാൽ ദണ്ഡോപായം അനുഷ്ഠിക്കപ്പെടുന്നതിനെ വിട്ടൊഴിച്ച്), "ഉപപ്രദാനം, സാന്ത്വം വാ, അഭേദം വാ അർത്ഥേഷു സിദ്ധിം രോചയ." (തിരിയെ കൊടുക്കുക, സമാധാനിപ്പിക്കുക, തമ്മിൽ തെറ്റാതിരിക്കുക, എന്നവയെ കാര്യസാദ്ധ്യത്തിനായി നിശ്ചയിച്ചാലും); എന്ന് സൂക്ഷ്മാർത്ഥം.]

ഇഹ പ്രാപ്താൻ വയം സർവ്വാൻ ശത്രൂംസ്തവ മഹാബല
വശേ ശസ്ത്രപ്രതാപേന കരിഷ്യാമോ ന സംശയഃ. 8

"വയം	"ഞങ്ങൾ	സർവ്വാൻ	എല്ലാവരേയും
ഇഹ പ്രാപ്താൻ	ഇപ്പോൾ വന്നുചേർന്നിരിക്കുന്നവരായ	ശസ്ത്രപ്രതാപേന	ശസ്ത്രപ്രഭാവത്താൽ
തവ	നിന്തിരുവടിയുടെ	വശേ കരിഷ്യാമഃ	നമ്മുടെ അധീനത്തിലാക്കിക്കളയുന്നുണ്ട്,
ശത്രൂൻ	ശത്രുക്കൾ	സംശയഃ ന."	സംശയമില്ല."

[ശസ്ത്രബലത്തോടുകൂടി ഇവിടെ വന്നിരിക്കുന്നവരായ ശത്രുക്കളെ ഇപ്രകാരം സമാധാനിപ്പിച്ച്, നമുക്ക് സ്വാധീനത്തിലാക്കാം. എന്ന് ആന്തരാർത്ഥം.]

ഏവമുക്തസ്തദാ രാജാ മഹാപാർശ്വേന രാവണഃ
തസ്യ സംപൂജയൻ വാക്യമിദം വചനമബ്രവീത്. 9

തദാ	ആ സമയം	തസ്യ	അവന്റെ
മഹാപാർശ്വേന	മഹാപാർശ്വനാൽ	വാക്യം	വാക്യത്തെ
ഏവം	മേൽപ്രകാരം	സംപൂജയൻ	കൊണ്ടാടിക്കൊണ്ട്,
ഉക്തഃ	പറയപ്പെട്ട	ഇദം വചനം	ഇപ്രകാരം വാക്യത്തെ
രാവണഃ രാജാ,	രാജാവായ രാവണൻ	അബ്രവീത്.	ഉരചെയ്തു.

മഹാപാർശ്വ നിബോധ ത്വം രഹസ്യം കിഞ്ചിദാത്മനഃ
ചിരവൃത്തം തദാഖ്യാസ്യേ യദവാപ്തം മയാ പുരാ. 10

"മഹാപാർശ്വ!	"മഹാപാർശ്വ!	മയാ	എന്നാൽ
ആത്മനഃ	എന്നെ സംബന്ധിച്ച്	യത്	യാതൊന്ന്
ചിരവൃത്തം	മുമ്പുണ്ടായിട്ടുള്ള	അവാപ്തം	പ്രാപിക്കപ്പെട്ടുവോ,
രഹസ്യം	രഹസ്യം	തത്	അതിനെ
കിഞ്ചിത്;	ഒന്നുണ്ട്;	ആഖ്യാസ്യേ	ഞാൻ ഉരചെയ്യാം;
പുരാ	പണ്ടൊരിക്കൽ	ത്വം നിബോധ.	നീ കേട്ടുകൊൾക.

പിതാമഹസ്യ ഭവനം ഗച്ഛന്തീം പുഞ്ജികസ്ഥലാം
ചഞ്ചൂര്യമാണാമദ്രാക്ഷമാകാശേഽഗ്നിശിഖാമിവ. 11

“ആകാശേ “ആകാശത്തിൽ
അഗ്നിശിഖാം ഇവ, } അഗ്നിജ്വാലപോലെയിരിക്കുന്നവളും
പിതാമഹസ്യ ബ്രഹ്മദേവന്റെ
ഭവനം വസതിയിലേയ്ക്കു്,
ചഞ്ചൂര്യമാണാം ഭയംപൂണ്ടു് ഒതുങ്ങി
ഗച്ഛന്തീം പൊയ്ക്കൊണ്ടിരുന്നവളും ആയ
പുഞ്ജികസ്ഥലാം പുഞ്ജികസ്ഥലയെ
അദ്രാക്ഷം. ഞാൻ കണ്ടു.

[തീജ്വാലയോടുപമിച്ചതിനാൽ പുരുഷചിത്തത്തെ നെയ്യിനെ എന്നപോലെ ഉരുക്കുവാൻ സമർത്ഥ, എന്നു് വ്യംഗം. “അംഗാരസദൃശീ നാരീ ഘൃതകുംഭസമഃ പുമാൻ” (ഗോ. രാ).]

സാ പ്രസഹ്യ മയാ ഭുക്താ കൃതാ വിവസനാ തതഃ
സ്വയംഭൂഭവനം പ്രാപ്താ ലോളിതാ നളിനീ യഥാ. 12

“മയാ “എന്നാൽ
സാ അവൾ
പ്രസഹ്യ ബലാത്കാരമായി
വിവസനാ കൃതാ വസ്ത്രഹീനയാക്കപ്പെട്ടു്
ഭുക്താ; അനുഭവിക്കപ്പെട്ടു;
ലോളിതാ തിരുമ്മിക്കുഴഞ്ഞ
നളിനീ യഥാ താമരക്കൊടിപോലെ
തതഃ അവിടെനിന്നും
സ്വയംഭൂഭവനം ബ്രഹ്മദേവന്റെ ഭവ
പ്രാപ്താ. പ്രാപിച്ചു. [നത്തെ

തസ്യ തച്ച തദാ മന്യേ ജ്ഞാതമാസീന്മഹാത്മനഃ
അഥ സംകുപിതോ ദേവോ മാമിദം വാക്യമബ്രവീത്. 13

“തദാ “അപ്പോൾ
തസ്യ മഹാത്മനഃ ആ മഹാത്മാവിന്നു്
തത് ആ സംഗതി
ജ്ഞാതം ച } അറിയപ്പെട്ടു എന്നു്
ആസീത് മന്യേ; } ഞാൻ വിചാരിക്കുന്നു;
അഥ ദേവഃ അപ്പോൾ ബ്രഹ്മാവു്
സംകുപിതഃ ഏറെക്കോപിച്ചു്
മാം എന്നെ ഉദ്ദേശിച്ചു്
ഇദം വാക്യം } ഇപ്രകാരം ശപിച്ചു.
അബ്രവിത്. }

അദ്യപ്രഭൃതി യാമന്യാം ബലാന്നാരീം ഗമിഷ്യസി
തദാ തേ ശതധാ മൂർദ്ധാ ഫലിഷ്യതി ന സംശയഃ. 14

“‘അദ്യപ്രഭൃതി “‘ഇന്നു തൊട്ടു്
അന്യാം വല്ല ഒരു
യാം നാരീം പരസ്ത്രീയേയും
ബലാത് } നീ ബലാത്കരിക്കയാ
ഗമിഷ്യസി, } ണെന്നാൽ,
തദാ അപ്പോൾ തന്നെ
തേ മൂർദ്ധാ നിന്റെ തല
ശതധാ നൂറു തുണ്ടായി
ഫലിഷ്യതി, പൊട്ടിത്തെറിക്കും,
സംശയഃ ന.’ സംശയമില്ല.’

ഇത്യഹം തസ്യ ശാപസ്യ ഭീതഃ പ്രസഭമേവ താം
നാരോപയേ ബലാത് സീതാം വൈദേഹീം ശയനേ ശുഭേ. 15

“തസ്യ, ഇതി “അദ്ദേഹത്തിന്റെ, ഈ
ശാപസ്യ ശാപത്തെക്കുറിച്ചു്
പ്രസഭം ഭീതഃ വല്ലാതെ ഭയപ്പെട്ടവ
അഹം, ഞാൻ, [നായ
വൈദേഹീം വിദേഹസുതയായ
താം സീതാം ആ സീതയെ
ശുഭേ ശയനേ സുഖമായ ശയ്യയിൽ
ബലാത് ഏവ ബലാത്കാരമായി
ആരോപയേ ന. ആരോപണം ചെയ്യാതിരിക്കയാണു്.

സാഗരസ്യേവ മേ വേഗോ മാരുതസ്യേവ മേ ഗതിഃ
നൈതദ്ദാശരഥിർവ്വേദ ഹ്യാസാദയതി തേന മാം. 16

"മേ	"എന്റെ
വേഗഃ	ഊക്ക്
സാഗരസ്യ ഇവ;	സമുദ്രത്തിന്നു തുല്യമായുള്ളത്;
മേ ഗതിഃ	എന്റെ ഗതിവേഗം
മാരുതസ്യ ഇവ;	വായുവിന്നു തുല്യമായത്;
ദാശരഥിഃ	രാമൻ
ഏതത്	ഇതിനെ
വേദ ന;	അറിഞ്ഞിട്ടില്ല;
തേന ഹി	അതിനാൽ തന്നെയാണ്
മാം	എന്നെ
ആസാദയതി.	എതിർക്കുവാൻ വരുന്നത്.

യസ്തു സിംഹമിവാസീനം സുപ്തം ഗിരിഗുഹാശയേ
ക്രുദ്ധം മൃത്യുമിവാസീനം പ്രബോധയിതുമിച്ഛതി. 17

"യഃ തു	"ഏവൻതന്നെയാണ്
ഗിരിഗുഹാശയേ	പർവ്വതഗുഹാന്തരത്തിൽ
സുപ്തം ആസീനം	ഉറങ്ങിക്കിടക്കുന്ന
സിംഹം ഇവ	സിംഹത്തെപ്പോലെയുള്ളവനും,
ആസീനം,	തന്റെ പാട്ടിലിരിക്കുന്നവനും,
ക്രുദ്ധം മൃത്യും ഇവ	ക്രുദ്ധനായ യമന്നു തുല്യനും ആയ എന്നെ
പ്രബോധയിതും	കുത്തിയിളക്കുവാൻ
ഇച്ഛതി?	യത്നിക്കുക?

ന മത്തോ നിശിതാൻ ബാണാൻ ദ്വിജിഹ്വാനിവ പന്നഗാൻ
രാമഃ പശ്യതി സംഗ്രാമേ തേന മാമഭിഗച്ഛതി. 18

"രാമഃ,	"രാമൻ,
നിശിതാൻ	കൂർത്തവയും
ദ്വിജിഹ്വാൻ	രണ്ടുനാവുള്ള
പന്നഗാൻ ഇവ	സർപ്പങ്ങൾപോലെയുള്ളവയും ആയ
ബാണാൻ	ബാണങ്ങളെ
സംഗ്രാമേ	പോരിൽ,
മത്തഃ	എന്നിൽനിന്ന്
പശ്യതി ന;	കണ്ടുപരിചയിച്ചിട്ടില്ല;
തേന	അതിനാലാണ്
മാം	എന്നെ
അഭിഗച്ഛതി.	എതിർക്കുന്നത്.

ക്ഷിപ്രം വജ്രോപമൈർബാണൈഃ ശതധാ കാർമ്മുകച്യുതൈഃ
രാമമാദീപയിഷ്യാമി ഉല്കാഭിരിവ കുഞ്ജരം. 19

"കാർമ്മുകച്യുതൈഃ	"വില്ലിൽനിന്നു പുറപ്പെടുന്ന
വജ്രോപമൈഃ	വജ്രസദൃശങ്ങളായ
ശതധാ	നൂറുറുക്കണക്കായുള്ള
ബാണൈഃ	ബാണങ്ങളാൽ,
ക്ഷിപ്രം,	ശീഘ്രത്തിൽ,
കുഞ്ജരം	ആനയെ
ഉല്കാഭിഃ ഇവ,	എരികൊള്ളികൾകൊണ്ടെന്നപോലെ,
രാമം	രാമനെ
ആദീപയിഷ്യാമി.	ഞാൻ എരിച്ചുകളയുന്നുണ്ട്.

തച്ചാസ്യ ബലമാദാസ്യേ ബലേന മഹതാ വൃതഃ
ഉദയൻ സവിതാ കാലേ നക്ഷത്രാണാമിവ പ്രഭാം. 20

"കാലേ	"കാലത്ത്
ഉദയൻ	ഉദിക്കുന്ന
സവിതാ	സൂര്യൻ
നക്ഷത്രാണാം	നക്ഷത്രങ്ങളുടെ
പ്രഭാം ഇവ,	ഒളിയെ എന്നപോലെ,
മഹതാ ബലേന	വമ്പിച്ച സേനയാൽ
വൃതഃ,	ചൂഴപ്പെട്ടവനായ
അസ്യ	ഇവന്റെ [ഞാൻ,
തത് ബലം ച	ആ സേനയേയും
ആദാസ്യേ.	നറുങ്ങാക്കുന്നുണ്ട്.

ന വാസവേനാപി സഹസ്രചക്ഷുഷാ
യുധാऽസ്മി ശക്യോ വരുണേന വാ പുനഃ
മയാ ത്വിയം ബാഹുബലേന നിർജ്ജിതാ
പുരീ പുരാ വൈശ്രവണേന പാലിതാ. 21

"അസ്മി	"ഞാൻ
സഹസ്ര-ചക്ഷുഷാ	സഹസ്രനേത്രനായ
വാസവേന അപി	ഇന്ദ്രനാലാകട്ടെ,
വരുണേന വാ പുനഃ	വരുണനാലുമാകട്ടെ,
യുധാ	പോരാടുവാൻ
ശക്യഃ ന;	ശക്യനല്ല;
പുരാ	പണ്ട്
വൈശ്രവണേന	കുബേരനാൽ
പാലിതാ	പാലിക്കപ്പെട്ടതായ
ഇയം പുരീ	ഈ നഗരം
മയാ തു	എന്നാൽ തന്നെ
ബാഹുബലേന	കയ്യൂക്കുകൊണ്ട്
നിർജ്ജിതാ."	പ്രാപിക്കപ്പെട്ടതാണ്."

ഇത്യാർഷേ ശ്രീമദ്രാമായണേ വാല്മീകീയേ ആദികാവ്യേ യുദ്ധകാണ്ഡേ
ത്രയോദശഃ സർഗ്ഗഃ = പതിമൂന്നാംസർഗ്ഗം സമാപ്തം.

ആദ്യംമുതൽ ശ്ലോകസംഖ്യ 15122; യുദ്ധകാണ്ഡം ആദ്യംമുതൽ ശ്ലോകസംഖ്യ 447.

ചതുർദ്ദശഃ സർഗ്ഗഃ = പതിനാലാംസർഗ്ഗം.

[വിഭീഷണപ്രഹസ്തയോർവ്വിവാദഃ = വിഭീഷണനും പ്രഹസ്തനും തമ്മിലുള്ള വിവാദം.]

നിശാചരേന്ദ്രസ്യ നിശമ്യ വാക്യം
സ കുംഭകർണ്ണസ്യ ച ഗർജ്ജിതാനി
വിഭീഷണോ രാക്ഷസരാജമുഖ്യ-
മുവാച വാക്യം ഹിതമർത്ഥയുക്തം. 1

സഃ	ആ
വിഭീഷണഃ,	വിഭീഷണൻ,
നിശാചരേന്ദ്രസ്യ	രാക്ഷസേശ്വരന്റെ
വാക്യം	വാക്യത്തേയും
കുംഭകർണ്ണസ്യ	കുംഭകർണ്ണന്റെ
ഗർജ്ജിതാനി ച	ഗർജ്ജനകളെയും
നിശമ്യ,	കേട്ട്,
രാക്ഷസരാജ-മുഖ്യം	രാക്ഷസരാജശ്രേഷ്ഠനോടായി
ഹിതം	ഉചിതവും
അർത്ഥയുക്തം	സത്പ്രയോജനയുക്തവും ആയ
വാക്യം	വാക്യത്തെ
ഉവാച.	ഇപ്രകാരം ഉണർത്തിച്ചു.

വൃതോ ഹി ബാഹ്വന്തരഭോഗരാശി-
ശ്ചിന്താവിഷഃ സുസ്മിതതീക്ഷ്ണദംഷ്ട്രഃ
പഞ്ചാംഗുലീപഞ്ചശിരോഽതികായഃ
സീതാമഹാഹിസ്തവ കേന രാജൻ. 2

"ബാഹ്വന്തര-ഭോഗരാശിഃ	"മാർവ്വിടമാകുന്ന ഉടലോട്ടുകൂടിയതും
ചിന്താവിഷഃ	ചിന്തയാകുന്ന വിഷത്തോട്ടുകൂടിയതും
സുസ്മിത-തീക്ഷ്ണ-ദംഷ്ട്രഃ	പുഞ്ചിരിയാകുന്ന ഘോരമായ വിഷപ്പല്ലുകളോട്ടുകൂടിയതും
പഞ്ചാംഗുലീ-പഞ്ചശിരോ-തികായഃ	അഞ്ചുവിരലുകളാകുന്ന അഞ്ചുതലയുള്ള ഘോരരൂപമാർന്നതുമായ
സീതാമഹാഹിഃ,	സീതയാകുന്ന ഘോരസർപ്പം
രാജൻ!	അല്ലയോ രാജാവേ!
തവ	നിന്തിരുവടിക്ക്
കേന ഹി	ആരാൽതന്നെയാണ്
വൃതഃ ?	പിണയ്ക്കപ്പെട്ടത് ?

യാവന്ന ലങ്കാം സമഭിദ്രവന്തി
വലീമുഖാഃ പർവ്വതകൂടമാത്രാഃ
ദംഷ്ട്രായുധാശ്ചൈവ നഖായുധാശ്ച
പ്രദീയതാം ദാശരഥായ മൈഥിലീ. 3

"പർവ്വതകൂട-മാത്രാഃ ച	"പർവ്വത ശിഖരങ്ങളോളം വലിപ്പമാർന്നവരും
ദംഷ്ട്രായുധാഃ ഏവ	തേററപ്പല്ലുകൾ ആയുധങ്ങളായുള്ളവരും
നഖായുധാഃ ച	നഖങ്ങൾ ആയുധമായുള്ളവരും ആയ
വലീമുഖാഃ,	വാനരന്മാർ,
ലങ്കാം	ലങ്കയെ
സമഭിദ്രവന്തി ന യാവത്	ആക്രമിക്കുന്നതിന്നു മുമ്പുതന്നെ,
മൈഥിലീ	മൈഥിലീദേവി
ദാശരഥായ	ശ്രീരാമന്നായിക്കൊണ്ട്
പ്രദീയതാം.	തിരിയെ സമർപ്പിക്കപ്പെടട്ടെ.

യാവന്ന ഗൃഹ്ണന്തി ശിരാംസി ബാണാഃ
രാമേരിതാ രാക്ഷസപുംഗവാനാം
വജ്രോപമാ വായുസമാനവേഗാഃ
പ്രദീയതാം ദാശരഥായ മൈഥിലീ. 4

"വജ്രോപമാഃ	"വജ്രായുധതുല്യങ്ങളും
വായുസമാന-വേഗാഃ	കാററുപോലെ പായുന്നവയും ആയ
ബാണാഃ,	ബാണങ്ങൾ,
രാമേരിതാഃ	ശ്രീരാമനാൽ പ്രയോഗിക്കപ്പെട്ടവയായി
രാക്ഷസ-പുംഗവാനാം	രാക്ഷസോത്തമന്മാരുടെ
ശിരാംസി	തലകളെ
ഗൃഹ്ണന്തി ന യാവത്,	കൊണ്ടുപോകുന്നതിന്നു മുമ്പെ,
മൈഥിലീ	മൈഥിലീ ദേവി
ദാശരഥായ	ശ്രീരാമന്നായിക്കൊണ്ട്
പ്രദീയതാം.	പ്രത്യർപ്പണം ചെയ്യപ്പെടട്ടെ.

ന കുംഭകൎണ്ണേന്ദ്രജിതൌ ന രാജാ
തഥാ മഹാപാൎശ്വമഹോദരൌ വാ
നികുംഭകുംഭൌ ച തഥാഽതികായഃ
സ്ഥാതും ന ശക്താ യുധി രാഘവസ്യ. 5

"രാഘവസ്യ	"ശ്രീരാമനുമായുള്ള	കുംഭകൎണ്ണേന്ദ്രജിതൌ	കുംഭകൎണ്ണനും ഇന്ദ്രജിത്തും
യുധി	പോരിൽ	ന ;	അല്ല ;
സ്ഥാതും,	എതിൎത്തു നില്ക്കുവാൻ,	മഹാപാൎശ്വമഹോദരൌ ന;	മഹാപാൎശ്വ മഹോദരന്മാരും അല്ല;
നികുംഭകുംഭൌ ച	നികുംഭനും, കുംഭനും,	രാജാ വാ തഥാ.	രാജാവുതന്നെയെന്നാലും അപ്രകാരംതന്നെ ശക്തനല്ല.
അതികായഃ തഥാ	അതികായനും		
ശക്താഃ ന ;	ശക്തരല്ല ;		

ജീവംസ്തു രാമസ്യ ന മോക്ഷ്യസേ ത്വം
ഗുപ്തഃ സവിത്രാഽപ്യഥവാ മരുദ്ഭിഃ
ന വാസവസ്യാങ്കഗതോ ന മൃത്യോർ-
നഭോ ന പാതാളമനുപ്രവിഷ്ടഃ. 6

"ത്വം	"നിന്തിരുവടി	വാസവസ്യ	ഇന്ദ്രന്റെയോ
സവിത്രാ	സൂൎയ്യദേവനാലോ	മൃത്യോഃ	യമന്റെയോ
അഥവാ	അല്ലെന്നാൽ	അങ്കഗതഃ	മടിയിൽചെന്നിരുന്നാലും
മരുദ്ഭിഃ	ദേവന്മാരാലോ	ന ;	ജീവനോടുകൂടി മടങ്ങുകയില്ല ;
ഗുപ്തഃ അപി,	രക്ഷിക്കപ്പെട്ടവനായിരുന്നാലും,	നഭഃ	ആകാശത്തിൽ
രാമസ്യ തു	ശ്രീരാമനിൽ നിന്നു	അനുപ്രവിഷ്ടഃ	ചെന്നുപുക്കെന്നാലും
ജീവൻ	ജീവനോടുകൂടി മാത്രം	ന ;	പിഴയ്ക്കുകയില്ല ;
മോക്ഷ്യസേ ന;	ഒഴിക്കുകയില്ല ;	പാതാളം ന.	പാതാളത്തിലും ഇല്ല.

ഭിത്വാ ന താവത് പ്രവിശന്തി കായം
പ്രാണാന്തികാസ്തേഽശനിതുല്യവേഗാഃ
ശിതാഃ ശരാ രാഘവവിപ്രമുക്താഃ
പ്രഹസ്ത തേനൈവ വികത്ഥസേ ത്വം. 7

"പ്രഹസ്ത!	"പ്രഹസ്ത!	തേ	ഭവാന്റെ
അശനിതുല്യവേഗാഃ	ഇടിപോന്ന ഊക്കുള്ളവയും	കായം	ശരീരത്തെ
പ്രാണാന്തികാഃ	പ്രാണനെ തീൎച്ചയായും നശിപ്പിക്കുന്നവയും	ഭിത്വാ,	തുളച്ചുകൊണ്ടു്,
ശിതാഃ	കൂൎത്തവയും ആയ	താവത്	ഇനിയും
ശരാഃ,	ബാണങ്ങൾ,	പ്രവിശന്തി ന;	പ്രവേശിക്കുന്നില്ല ;
രാഘവവിപ്രമുക്താഃ,	ശ്രീരാഘവനാൽ പ്രയോഗിക്കപ്പെട്ടവയായി	തേന ഏവ	അതുകൊണ്ടുതന്നെയാണു്
		ത്വം	അങ്ങു്
		വികത്ഥസേ."	വീമ്പുപറയുന്നതു്."

[രാജാവിനോടു് നേരിട്ടു് പറവാൻ പാടില്ലാത്തതായ ഈ സംഗതി രാജാവിനെ ഉദ്ദേശിച്ചതു തന്നെയെന്നു് ബോദ്ധ്യം. (ഗോ. രാ).]

നിശമ്യ വാക്യം തു വിഭീഷണസ്യ
തതഃ പ്രഹസ്തോ വചനം ബഭാഷേ
ന നോ ഭയം വിദ്മ ന ദൈവതേഭ്യോ
ന ദാനവേഭ്യോ ഹ്യഥവാ കുതശ്ചിത്. 8

തതഃ	അപ്പോൾ	ദൈവതേഭ്യഃ അഥ	ദേവന്മാരിൽ നിന്നും കൂടി
പ്രഹസ്തഃ	പ്രഹസ്തൻ	ഭയം	ഭയമെന്നതിനെ
തു	ഇക്കാൎയ്യത്തെക്കുറിച്ചുള്ള	വിദ്മഃ ന;	നാം അറിയുന്നില്ല;
വിഭീഷണസ്യ	വിഭീഷണന്റെ	ദാനവേഭ്യഃ വാ	അസുരന്മാരിൽ നിന്നും
വാക്യം	ഉപദേശത്തെ	ന;	ഇല്ല;
നിശമ്യ,	കേട്ട്,	കുതശ്ചിത് ഹി	യാതൊരു ദിക്കിൽ നിന്നും
വചനം	ഒരുവാക്ക്	ന.	അറിയുന്നില്ല.
ബഭാഷേ;	ഉരചെയ്തു;		
“നഃ	“നമുക്ക്		

ന യക്ഷഗന്ധൎവ്വമഹോരഗേഭ്യോ
ഭയം ന സംഖ്യേ പതഗോത്തമേഭ്യഃ
കഥം നു രാമാദ്ഭവിതാ ഭയം നോ
നരേന്ദ്രപുത്രാത് സമരേ കദാചിത്. 9

“സംഖ്യേ	“പോരിൽ	സമരേ	യുദ്ധത്തിൽ
യക്ഷഗന്ധൎവ്വ-മഹോരഗേഭ്യഃ	യക്ഷന്മാർ, ഗന്ധൎവ്വന്മാർ, മഹാ ഉരഗങ്ങൾ എന്നവയിൽ [നിന്നും	നരേന്ദ്രപുത്രാത്	നരന്മാരുടെ രാജാവിന്റെ പുത്രനായ
ഭയം	ഭയം	രാമാത്	രാമങ്കൽ നിന്ന്
ന;	ഇല്ല;	നഃ	നമുക്ക്
പതഗോത്തമേഭ്യഃ	പറക്കുന്ന വമ്പന്മാരിൽ നിന്നും	ഭയം	ആപത്തെന്നത്
ന;	ഇല്ല;	കദാചിത് നു	എപ്പോഴെങ്കിലും
		കഥം	എങ്ങിനെ
		ഭവിതാ?”	ഉണ്ടാകും?”

പ്രഹസ്തവാക്യം ത്വഹിതം നിശമ്യ
വിഭീഷണോ രാജഹിതാനുകാംക്ഷീ
തതോ മഹാത്മാ വചനം ബഭാഷേ
ധൎമ്മാൎത്ഥകാമേഷു നിവിഷ്ടബുദ്ധിഃ. 10

തതഃ	ആ സമയം	രാജഹിതാനു-കാംക്ഷീ	രാജാവിനുള്ള നന്മയെ ഉദ്ദേശിച്ചവനായി,
ധൎമ്മാൎത്ഥ-കാമേഷു	ധൎമ്മാൎത്ഥ കാമങ്ങളിൽ	അഹിതം	ആപത്കരമായ
നിവിഷ്ടബുദ്ധിഃ	ഉറച്ച ബുദ്ധിയോടു കൂടിയവനും	പ്രഹസ്തവാക്യം	പ്രഹസ്തന്റെ വാക്ക്
മഹാത്മാ	മഹാത്മാവും ആയ	നിശമ്യ തു,	കേട്ടപ്പോൾ
വിഭീഷണഃ	വിഭീഷണൻ	വചനം	ഇപ്രകാരം
		ബഭാഷേ.	ഉരചെയ്തു.

പ്രഹസ്ത രാജാ ച മഹോദരശ്ച
ത്വം കുംഭകൎണ്ണശ്ച യഥാऽൎത്ഥജാതം
ബ്രവീഥ രാമം പ്രതി തന്ന ശക്യം
യഥാ ഗതിഃ സ്വൎഗ്ഗമധൎമ്മബുദ്ധേഃ. 11

"പ്രഹസ്ത!	"പ്രഹസ്ത!	ബ്രവീഥ,	ഉരചെയ്യുന്നുവോ
രാജാ ച	രാജാവും	തത്,	ആയത്,
മഹോദരഃ ച	മഹോദരനും	അധൎമ്മബുദ്ധേഃ	ധൎമ്മബുദ്ധിയില്ലാത്തവന്ന്
കുംഭകൎണ്ണഃ	കുംഭകൎണ്ണനും	സ്വൎഗ്ഗം	സ്വൎഗ്ഗത്തെ
ത്വം ച	ഭവാനും	ഗതിഃ	പ്രാപിക്കുന്നത്
രാമം പ്രതി	ശ്രീരാമനെക്കുറിച്ചുള്ള	യഥാ	എപ്രകാരമോ അപ്രകാരം
അൎത്ഥജാതം	മന്ത്രാലോചന		
യഥാ	എപ്രകാരം	ശക്യം ന.	സാദ്ധ്യപ്പെടാവുന്നതല്ല

വധസ്തു രാമസ്യ മയാ ത്വയാ വാ
പ്രഹസ്ത സൎവ്വൈരപി രാക്ഷസൈൎവാ
കഥം ഭവേദൎത്ഥവിശാരദസ്യ
മഹാൎണ്ണവം തൎത്തുമിവാപ്ലവസ്യ. 12

"പ്രഹസ്ത!	"പ്രഹസ്ത!	രാക്ഷസൈഃ	രാക്ഷസർ
അൎത്ഥവിശാരദസ്യ	ഇതുവരെ ചെയ്തതായ കൃത്യങ്ങളുടെ പ്രശസ്തിയാൎന്നവനായ	സൎവ്വൈഃ അപി വാ,	സൎവ്വരാലുംതന്നെയാകട്ടെ,
രാമസ്യ	ശ്രീരാമന്റെ	അപ്ലവസ്യ	കപ്പലില്ലാത്തവന്ന്
വധഃ തു	വധമെന്നുള്ളത്,	മഹാൎണ്ണവം	വൻകടൽ
മയാ	എന്നാലാകട്ടെ	തൎത്തും ഇവ	കടക്കുവാൻ എപ്രകാരമോ അപ്രകാരം
ത്വയാ വാ	ഭവാനാലാകട്ടെ	കഥം ഭവേത്.	ഒരിക്കലും സാധിക്കുന്നതല്ല.

ധൎമ്മപ്രധാനസ്യ മഹാരഥസ്യ
ഇക്ഷ്വാകുവംശപ്രഭവസ്യ രാജ്ഞഃ
പ്രഹസ്ത ദേവാശ്ച തഥാവിധസ്യ
കൃത്യേഷു ശക്തസ്യ ഭവന്തി മൂഢാഃ 13

"പ്രഹസ്ത!	"പ്രഹസ്ത!	ഇക്ഷ്വാകുവംശപ്രഭവസ്യ	ഇക്ഷ്വാകുവംശത്തിൽ അവതരിച്ചവനും
ധൎമ്മപ്രധാനസ്യ	ധൎമ്മത്തെമാത്രം പ്രധാനപുരുഷാൎത്ഥമായി കയ്ക്കൊണ്ടവനും	ശക്തസ്യ	സൎവ്വശക്തനും ആയ
		രാജ്ഞഃ	സൎവ്വേശ്വരന്റെ
മഹാരഥസ്യ	മഹാരഥനും	കൃത്യേഷു,	പ്രവൃത്തികളിൽ,
തഥാവിധസ്യ	അപ്രകാരമുള്ള (മായികമായ) വടിവു കയ്ക്കൊണ്ടവനായി	ദേവാഃ ച	ദേവന്മാരും കൂടി
		മൂഢാഃ	ഉള്ളവണ്ണം അറിവാൻ കഴിയാത്തവരായി
		ഭവന്തി.	ഇരിക്കുന്നു.

തീക്ഷ്ണാ നതാ യത് തവ കങ്കപത്രാഃ
ദുരാസദാ രാഘവവിപ്രമുക്താഃ
ഭിത്വാ ശരീരം പ്രവിശന്തി ബാണാഃ
പ്രഹസ്ത തേ നൈവ വികത്ഥസേ ത്വം. 14

"പ്രഹസ്ത!	"പ്രഹസ്ത!	രാഘവ-വിപ്രമുക്താഃ	ശ്രീരാഘവനാൽ എയ്യപ്പെട്ടവയായി
തീക്ഷ്ണാഃ	കൂൎത്തവയും	തവ	ഭവാന്റെ
നതാഃ	തുമ്പു വളഞ്ഞവയും	ശരീരം	ദേഹത്തെ
കങ്കപത്രാഃ	കഴുകിൻ തൂവലാൎന്നവയും	ഭിത്വാ	തുളച്ച്
ദുരാസദാഃ	വിലക്കപ്പെടുവാൻ കഴിയാത്തവയും ആയ	പ്രവിശന്തി ന,	കടക്കുന്നില്ല
		യത് ഏവ	എന്നതുകൊണ്ടു തന്നെ [യാണ്
തേ	ആ	ത്വം	അങ്ങ്
ബാണാഃ,	ശരങ്ങൾ,	വികത്ഥസേ.	ഈ മേനി പറയുന്നത്.

ന രാവണോ നാതിബലസ്ത്രിശീൎഷോ
ന കുംഭകൎണ്ണോഽസ്യ സുതോ നികുംഭഃ
ന ചേന്ദ്രജിദ്ദാശരഥിം പ്രസോഢും
ത്വം വാ രണേ ശക്രസമം സമൎത്ഥാഃ. 15

"ശക്രസമം	"ശക്ര തുല്യനായ	ത്രിശീൎഷഃ ന;	ത്രിശീൎഷനും ഇല്ല;
ദാശരഥിം	ശ്രീരാമനെ	കുംഭകൎണ്ണഃ	കുംഭകൎണ്ണനും
രണേ	പോരിൽ	അസ്യ	ഇവന്റെ
		സുതഃ	പുത്രനായ
പ്രസോഢും	എതിൎത്തുനില്പാൻ	നികുംഭഃ	നികുംഭനും
സമൎത്ഥാഃ	ശക്തന്മാരായി	ഇന്ദ്രജിത് ച	ഇന്ദ്രജിത്തും
രാവണഃ ന;	രാവണനും ആകയില്ല;	ന;	ആകയില്ല;
അതിബലഃ	അതിബലവാനായ	ത്വം വാ ന.	നീയോ ഒട്ടും ആകയില്ല.

ദേവാന്തകോ വാഽപി നരാന്തകോ വാ
തഥാഽതികായോഽതിരഥോ മഹാത്മാ
അകമ്പനശ്ചാദ്രിസമാനസാരഃ
സ്ഥാതും ന ശക്താ യുധി രാഘവസ്യ 16

"ദേവാന്തകഃ അപി വാ	"ദേവാന്തകനാകട്ടെ	അദ്രിസമാന-സാരഃ	മലപോലെ ഉറപ്പുള്ളവനും ആയ
നരാന്തകഃ	നരാന്തകനാകട്ടെ	അകമ്പനഃ ച,	അകമ്പനൻ എന്നവ
തഥാ	അപ്രകാരംതന്നെ	യുധി	പോരിൽ [രാകട്ടെ,
അതികായഃ	അതികായൻ	രാഘവസ്യ	ശ്രീരാഘവനുമായി
മഹാത്മാ	മഹാവീൎയ്യശാലിയും	സ്ഥാതും	എതിൎത്തുനില്ക്കുവാൻ
അതിരഥഃ	അതിരഥനും	ന ശക്താഃ.	ശക്തരല്ല.

അയം ഹി രാജാ വ്യസനാഭിഭൂതോ
മിത്രൈരമിത്രപ്രതിമൈർഭവദ്ഭിഃ
അനപാസ്യതേ രാക്ഷസനാശനാർത്ഥം
തീക്ഷ്ണഃ പ്രകൃത്യാ ഹ്യസമീക്ഷ്യകാരീ. 17

"അയം രാജാ ഹി	"ഈ അരചനാകട്ടെ	അമിത്ര-പ്രതിമൈഃ	ശത്രുക്കളായ്ത്തന്നെയുള്ള
പ്രകൃത്യാ	ജനനാൽതന്നെ	മിത്രൈഃ	മിത്രന്മാരായ
തീക്ഷ്ണഃ;	ക്രൌര്യ്യമാൎന്നവൻ;	ഭവദ്ഭിഃ	നിങ്ങളാൽ,
അസമീക്ഷ്യ-കാരീ;	ആലോചനയില്ലാതെ പ്രവൃത്തിക്കുന്നവൻ;	രാക്ഷസ-നാശനാർത്ഥം	രാക്ഷസരുടെ വിനാശത്തിന്നായിട്ടാണ്
വ്യസനാഭിഭൂതഃ ഹി	രാജാക്കന്മാൎക്ക് അനുചിതമായ ഏഴു ദുഃശീലങ്ങളാൎന്നവനുമാകുന്നു;	അനപാസ്യതേ.	ഇങ്ങിനെ അനുസരിക്കപ്പെടുന്നത്.

["വാഗ്ദണ്ഡയോസ്തു പാരുഷ്യമർത്ഥദൂഷണമേവ ച പാനം സ്ത്രീ മൃഗയാ ദ്യൂതം വ്യസനം സപ്തധാ പ്രഭോഃ" (ചീത്തവാക്കു പറക, കുററത്തിന്നതിക്രമിച്ച് ദണ്ഡിക്കുക, സ്വത്തിനെ വേണ്ടാത്ത കാൎയ്യങ്ങളിൽ ചിലവുചെയ്യുക, മദ്യപിക്കുക, പരസ്ത്രീകളെ കാമിക്കുക, അകാലത്തിൽ വേട്ടയാടുക, ചൂതുകളി എന്നിങ്ങിനെ പ്രഭുക്കന്മാൎക്ക് ഏഴുവക ദുഃശ്ശീലങ്ങൾ എന്ന് കാമന്ദകൻ.]

അനന്തഭോഗേന സഹസ്രമൂർദ്ധ്നാ നാഗേന ഭീമേന മഹാബലേന
ബലാത് പരിക്ഷിപ്തമിമം ഭവന്തോ രാജാനമുത്ക്ഷിപ്യ വിമോചയന്തു.

"അനന്ത-ഭോഗേന	"അവസാനമില്ലാത്ത (നീണ്ട) ശരീരമാൎന്നവനും	നാഗേന	സൎപ്പത്താൽ
സഹസ്രമൂർദ്ധ്നാ	ആയിരം തലയുള്ളവ[നും	പരിക്ഷിപ്തം	കെട്ടിവരിയപ്പെട്ട
ഭീമേന	ഭയങ്കരനും	ഇമം രാജാനം	ഈ രാജാവിനെ
മഹാബലേന	അതിശക്തിയാൎന്നവനും ആയ	ഭവന്തഃ	നിങ്ങൾ
		ബലാത്	ഊക്കോടെ
		ഉത്ക്ഷിപ്യ	പിടിച്ചെടുത്ത്
		വിമോചയന്തു.	വിടുവിക്കുവിൻ.

യാവദ്ധി കേശഗ്രഹണാത് സുഹൃദ്ഭിഃ
സമേത്യ സർവ്വൈഃ പരിപൂർണ്ണകാമൈഃ
നിഗൃഹ്യ രാജാ പരിരക്ഷിതവ്യോ
ഭൂതൈര്യഥാ ഭീമബലൈർഗൃഹീതഃ. 19

"ഭീമബലൈഃ	"ഉഗ്രശക്തിപൂണ്ട	സർവ്വൈഃ സുഹൃദ്ഭിഃ	സുഹൃത്തുക്കൾ എല്ലാവരാലും
ഭൂതൈഃ	ഭൂതങ്ങളാൽ	സമേത്യ	ഒന്നു ചേൎന്ന്
ഗൃഹീതഃ	ബാധിക്കപ്പെട്ട ഒരുവൻ	രാജാ,	രാജാവായവൻ,
കേശ-ഗ്രഹണാത് യാവത്	തലമുടിയിൽ പിടിച്ചിട്ടെന്നാലും	നിഗൃഹ്യ ഹി	ബലാത്കാരമായും
യഥാ,	എപ്രകാരമോ, അപ്രകാരം,	പരിരക്ഷി-തവ്യഃ.	ആപത്തിൽ നിന്ന് സംരക്ഷിക്കപ്പെടേണ്ടവനാകുന്നു.
പരിപൂർണ്ണ-കാമൈഃ	വേണ്ടുന്ന അഭീഷ്ടങ്ങൾ സാധിച്ച		

["ആകേശഗ്രഹണാന്മിത്രമകൃത്യേഭ്യോ നിവൎത്തയേത്" എന്ന് ആപ്തവാക്യം.]

സുവാരിണാ രാഘവസാഗരേണ പ്രച്ഛാദ്യമാനസ്തരസാ ഭവദ്ഭിഃ
യുക്തസ്ത്വയം താരയിതും സമേത്യ കാകുത്സ്ഥപാതാളമുഖേ പതൻ സഃ. 20

"സുവാരിണാ	"അളവററ വെള്ളമുള്ള	അയം,	ഇദ്ദേഹം,
രാഘവ-സാഗരേണ	ലക്ഷ്മണനാകുന്ന സമുദ്രത്താൽ	ഭവദ്ഭിഃ തു	നിങ്ങളെല്ലാവരാലും തന്നെ
പ്രച്ഛാദ്യമാനഃ,	മുക്കപ്പെട്ട്,	സമേത്യ,	ഒത്തൊരുമിച്ച്,
കാകുത്സ്ഥ-പാതാളമുഖേ	ശ്രീരാമനാകുന്ന ബഡവാഗ്നിയിൽ	തരസാ	ബലാല്ക്കാരമായി
പതൻ	വീണുകൊണ്ടിരിക്കുന്ന	താരയിതും	ആപത്തിൽനിന്നു മോചിക്കപ്പെടുവാൻ
സഃ	ആ	യുക്തഃ.	തക്കവനാകുന്നു.

[“സുവാരിണാ” (ശോഭനോ വാരോ അസ്യ അസ്തീതി സുവാരി, തേന) ശോഭനമായ തേരോട്ടുകൂടിയവൻ, മഹാരഥൻ എന്ന അർത്ഥത്തിൽ ശ്രീരാമനും യോജിക്കുന്നതാണ്. (ശ്ലോ. ൨൦).]

ഇദം പുരസ്യാസ്യ സരാക്ഷസസ്യ രാജ്ഞശ്ച പഥ്യം സസുഹൃജ്ജനസ്യ
സമ്യഗ്ഘി വാക്യം സ്വമതം ബ്രവീമി നരേന്ദ്രപുത്രായ ദദാതു മൈഥിലീം. 21

"സരാക്ഷസസ്യ	"രാക്ഷസരോടുകൂടിയ	വാക്യം	ഉപദേശത്തെ
അസ്യ	ഈ	സമ്യക് ഹി	മനഃപൂർവ്വമായ് തന്നെയാണ്
പുരസ്യ	നഗരത്തിന്നും	ബ്രവീമി;	ഞാൻ പറയുന്നത്;
സസുഹൃജ്ജനസ്യ	സുഹൃത്തുക്കളോടുകൂടിയ	"മൈഥിലീം	"മൈഥിലിയെ
രാജ്ഞഃ ച	രാജാവിന്നും	നരേന്ദ്രപുത്രായ	ആ നരേന്ദ്രപുത്രന്നായ്ക്കൊണ്ട്
പഥ്യം	നന്മവിളയിക്കുന്നതായ	ദദാതു."	തിരിയെ കൊടുക്കട്ടെ."
ഇദം	ഈ		
സ്വമതം	സ്വന്തം അഭിപ്രായമായ		

പരസ്യ വീര്യം സ്വബലം ച ബുദ്ധ്വാ സ്ഥാനം ക്ഷയം ചൈവ തഥൈവ വൃദ്ധിം
തഥാ സ്വപക്ഷേപ്യനുമൃശ്യ ബുദ്ധ്യാ വദേത് ക്ഷമം സ്വാമിഹിതം ച മന്ത്രീ. 22

"മന്ത്രീ	"മന്ത്രിയായ ഒരുവൻ	സ്വപക്ഷേ അപി	തന്റെ പക്ഷത്തിലും
പരസ്യ	ശത്രുവിന്റെ	ബുദ്ധ്യാ	ബുദ്ധികൊണ്ട്
വീര്യം	ശക്തിയേയും	അനുമൃശ്യ	ആലോചിച്ചറിഞ്ഞ്,
സ്വബലം ച	തന്റെ ശക്തിയേയും	സ്വാമിഹിതം	യജമാനന്ന് നന്മവിളയിക്കുന്നതിനേയും
തഥാ ഏവ	അപ്രകാരംതന്നെ	ക്ഷമം ച ഏവ	യുക്തമായുള്ളതിനേയും മാത്രമേ
സ്ഥാനം	ഉദ്ദേശത്തേയും	വദേത്."	ഉപദേശിക്കാവൂ."
ക്ഷയം	ഭാഗ്യക്ഷയത്തേയും		
വൃദ്ധിം ച	ദൈവബലത്തേയും		
ബുദ്ധ്വാ,	ആരാഞ്ഞറിഞ്ഞ്,		
തഥാ	അപ്രകാരംതന്നെ		

ഇത്യാർഷേ ശ്രീമദ്രാമായണേ വാല്മീകീയേ ആദികാവ്യേ യുദ്ധകാണ്ഡേ
ചതുർദ്ദശഃ സർഗ്ഗഃ = പതിന്നാലാംസർഗ്ഗം സമാപ്തം.

ആദ്യം മുതൽ ശ്ലോകസംഖ്യ 15144; യുദ്ധകാണ്ഡം ആദ്യം മുതൽ ശ്ലോകസംഖ്യ 469.

പഞ്ചദശഃ സർഗ്ഗഃ = പതിനഞ്ചാംസർഗ്ഗം.

[ഇന്ദ്രജിദ്വിഭീഷണവിവാദഃ = ഇന്ദ്രജിത്തും വിഭീഷണനും തമ്മിലുള്ള വിവാദം.]

ബൃഹസ്പതേസ്തുല്യമതേർവ്വചസ്ത-
ന്നിശമ്യ യത്നേന വിഭീഷണസ്യ
തതോ മഹാത്മാ വചനം ബഭാഷേ
തത്രേന്ദ്രജിന്നൈരൃതയോധമുഖ്യഃ. 1

നൈരൃത-യോധമുഖ്യഃ	നിശാചരയോധാക്കന്മാരിൽവെച്ച് മുമ്പനും	വിഭീഷണസ്യ	വിഭീഷണന്റെ
മഹാത്മാ	മഹാപരാക്രമശാലിയും	തത് വചഃ,	ആ വാക്യത്തെ,
ഇന്ദ്രജിത്,	ഇന്ദ്രജിത്ത്, [ആയ	യത്നേന	ഉള്ളം തിളച്ചുപൊങ്ങുമാറ്
തത്ര	അപ്പോൾ	നിശമ്യ,	കേട്ട്,
ബൃഹസ്പതേഃ	ബൃഹസ്പതിക്ക്	തതഃ	അതിൽപിന്നെ
തുല്യമതേഃ	തുല്യമായ ബുദ്ധിയാർന്ന	വചനം ബഭാഷേ.	ഇപ്രകാരം ഉരചെയ്തു.

കിം നാമ തേ താത കനിഷ്ഠവാക്യ-
മനർത്ഥകം ചൈവ സുഭീതവച്ച
അസ്മിൻ കുലേ യോഽപി ഭവേന്ന ജാതഃ
സോഽപീദൃശം നൈവ വദേന്ന കുര്യാത്. 2

"താത!	"പിതാവേ!	കിം നാമ!	എത്ര കുറവുവരുത്തുന്നതാണ്!
കനിഷ്ഠ-വാക്യം	നിന്തിരുവടിയുടെ ഒട്ടുവിലത്തെ അനുജന്റെ ഈ ഉപദേശം	അസ്മിൻ	ഈ
		കുലേ	കുലത്തിൽ
അനർത്ഥകം ച	നന്മയററതായി	യഃ ജാതഃ ന ഭവേത് അപി	പിറക്കാത്ത ഒരുവനെന്നിരുന്നാലും
സുഭീതവത് ച	ഭീരുത്വത്തെ പ്രദർശിപ്പിക്കുന്നതായി	സഃ അപി	അവനുംകൂടി
		ഈദൃശം	ഇപ്രകാരമുള്ളതിനെ
		വദേത് ന ഏവ;	പറയുകയുമില്ല;
തേ ഏവ	നിന്തിരുവടിക്കുംകൂടി	ന കുര്യാത്.	ചെയ്യുകയുമില്ല.

സത്ത്വേന വീര്യ്യേണ പരാക്രമേണ
ശൌര്യ്യേണ ധൈര്യ്യേണ ച തേജസാ ച
ഏകഃ കുലേഽസ്മിൻ പുരുഷോ വിമുക്തോ
വിഭീഷണസ്താത കനിഷ്ഠ ഏഷഃ. 3

"താത!	"പിതാവേ!	തേജസാ ച	അവമാനത്തെ സഹിക്കാത്തതായ അമർഷം കൊണ്ടും
അസ്മിൻ കുലേ	ഈ കുലത്തിൽ		
സത്ത്വേന	പ്രകൃതിഗുണംകൊണ്ടും		
വീര്യ്യേണ	മഹിമകൊണ്ടും	വിമുക്തഃ	തൊട്ടുകളിക്കപ്പെടാത്ത
പരാക്രമേണ	പൌരുഷംകൊണ്ടും	പുരുഷഃ,	പുരുഷൻ,
ശൌര്യ്യേണ	ശൌര്യംകൊണ്ടും	ഏഷഃ	ഈ
ധൈര്യ്യേണ	എന്താപത്തിലും കുലുങ്ങാതിരിക്കുന്ന സ്വഭാവംകൊണ്ടും	കനിഷ്ഠഃ	അവിടത്തെ അനുജനായ
		വിഭീഷണഃ	വിഭീഷണൻ
		ഏകഃ ച.	ഒരുത്തൻ മാത്രമാണ്.

കിം നാമ തൌ രാക്ഷസ രാജപുത്രാ-
വസ്മാകമേകേന ഹി രാക്ഷസേന
സുപ്രാകൃതേനാപി മതൌ നിഹന്തും
ശക്യൌ കൃതോ ഭീഷയസേ സ്മ ഭീരോ. 4

"ഭീരോ!	"ഭീരുവായ	സുപ്രാകൃതേന	അതിനിസ്സാരനായ
രാക്ഷസ!	രാക്ഷസ!	രാക്ഷസേന ഏകേന അപി	രാക്ഷസൻ ഒരുത്തനാൽതന്നെ
മതൌ	അങ്ങയാൽ പുകഴ്ത്തപ്പെട്ടവരായ	നിഹന്തും ശക്യൌ.	കൊല്ലപ്പെടുവാൻ കഴിയുന്നവരാണ്.
തൌ	ആ രണ്ടു	ഹി	ആകയാൽ
രാജപുത്രൌ	രാജപുത്രന്മാർ	കൃതഃ	എന്തു കണ്ടിട്ടാണ്
കിം നാമ?	എന്തുമാത്രം?	ഭീഷയസേ സ്മ?	ഭീതിപ്പെടുത്തിയതു?
അസ്മാകം	ഞങ്ങൾക്കുള്ളിൽ		

ത്രിലോകനാഥോ നനു ദേവരാജഃ
ശക്രോ മയാ ഭൂമിതലേ നിവിഷ്ടഃ
ഭയാർദ്ദിതാശ്ചാപി ദിശഃ പ്രപന്നാഃ
സർവ്വേ തഥാ ദേവഗണാഃ സമഗ്രാഃ. 5

"മയാ	"എന്നാൽ	ദേവഗണാഃ	ദേവഗണങ്ങൾ
ത്രിലോകനാഥഃ	ത്രൈലോക്യനാഥനും	സർവ്വേ	എല്ലാം
ദേവരാജഃ	ദേവരാജാവും ആയ	സമഗ്രാഃ	ഒന്നിച്ചുകൂടി,
ശക്രഃ,	ഇന്ദ്രൻ,	ഭയാർദ്ദിതാഃ	ഭയന്നു നടുങ്ങിയവരായി,
ഭൂമിതലേ	ഈ മനുഷ്യലോകത്തിൽ	ദിശഃ ച	എല്ലാ ദിക്കുകളിലേക്കും
നിവിഷ്ടഃ;	പിടിച്ചു കെട്ടിക്കൊണ്ടുവരപ്പെട്ടു;	പ്രപന്നാഃ;	ഓടിത്തുടങ്ങി;
തഥാ	അപ്രകാരംതന്നെ	നനു അപി?	ഇതു വാസ്തവംതന്നെയല്ലേ?

ഐരാവതോ വിസ്വരമുന്നദൻ സഃ
നിപാതിതോ ഭൂമിതലേ മയാ തു
വികൃഷ്യ ദന്തൌ തു മയാ പ്രസഹ്യ
വിത്രാസിതാ ദേവഗണാഃ സമഗ്രാഃ. 6

"സഃ	"ആ	ഭൂമിതലേ	ഭൂമിയിൽ
ഐരാവതഃ	ഐരാവതം,	നിപാതിതഃ;	തള്ളി വീഴ്ത്തപ്പെട്ടു;
ദന്തൌ	രണ്ടു കൊമ്പുകളും	തഥാ	അപ്രകാരംതന്നെ
വികൃഷ്യ	പിടിച്ചുവലിച്ച്,	ദേവഗണാഃ	ദേവസംഘങ്ങൾ
വിസ്വരം	വികൃതമായി	സമഗ്രാഃ	എല്ലാം
ഉന്നദൻ	ശബ്ദിച്ചുംകൊണ്ടു	മയാ തു	എന്നാൽതന്നെ
മയാ തു	എന്നാൽതന്നെ	പ്രസഹ്യ	ആക്രമിക്കപ്പെട്ട്
		വിത്രാസിതാഃ.	വിറപ്പിക്കപ്പെട്ടു.

സോऽഹം സുരാണാമപി ദർപ്പഹന്താ
ദൈത്യോത്തമാനാമപി ശോകദാതാ
കഥം നരേന്ദ്രാത്മജയോർന്ന ശക്തോ
മനുഷ്യയോഃ പ്രാകൃതയോഃ സുവീര്യഃ 7

" സുരാണാം അപി	" ദേവന്മാരുടേയും കൂടി	സുവീര്യഃ	വീരനെന്ന പ്രസിദ്ധി
ദർപ്പഹന്താ,	ഗർവ്വത്തെ ഒതുക്കിയവനും,	സഃ	ആ [പൂണ്ടവനും ആയ
ദൈത്യോത്തമാനാം അപി	ദൈത്യശ്രേഷ്ഠന്മാർക്കും കൂടി	അഹം,	ഞാൻ,
ശോകദാതാ,	ഭീതിയെ ഉളവാക്കിയവനും,	പ്രാകൃതയോഃ മനുഷ്യയോഃ	അല്പമനുഷ്യരായ
		നരേന്ദ്രാത്മജയോഃ	രണ്ടു രാജകുമാരന്മാരുടെ കാര്യത്തിൽ
		കഥം	എങ്ങിനെ
		ശക്തഃ ന ?"	ശക്തനല്ലാതിരിക്കും ?"

അഥേന്ദ്രകല്പസ്യ ദുരാസദസ്യ
മഹൌജസസ്തദ്വചനം നിശമ്യ
തതോ മഹാർത്ഥം വചനം ബഭാഷേ
വിഭീഷണഃ ശസ്ത്രഭൃതാം വരിഷ്ഠഃ. 8

ശസ്ത്രഭൃതാം	ആയുധം ധരിച്ചവരിൽ വെച്ച്	ഇന്ദ്രകല്പസ്യ	ആ ഇന്ദ്രതുല്യന്റെ
വരിഷ്ഠഃ	ഉത്തമനായ	തത് വചനം	ആ വാക്യത്തെ
വിഭീഷണഃ,	വിഭീഷണൻ,	നിശമ്യ,	കേട്ട്,
മഹൌജസഃ	അളവററ പരാക്രമശാലിയും	തതഃ	ആ സമയം
ദുരാസദസ്യ	എതിർപ്പാൻ കഴിയാത്തവനും ആയ	അഥ	ഇപ്രകാരം
		മഹാർത്ഥം	അത്യന്തം ശുഭപ്രദമായ
		വചനം	വാക്യത്തെ
		ബഭാഷേ.	ഉരചെയ്തു.

ന താത മന്ത്രേ തവ നിശ്ചയോऽസ്തി
ബാലസ്ത്വമദ്യാപ്യവിപക്വബുദ്ധിഃ
തസ്മാത് ത്വയാ ഹ്യാത്മവിനാശനായ
വചോऽർത്ഥഹീനം ബഹു വിപ്രലപ്തം. 9

" താത !	" ഉണ്ണി !	തസ്മാത് ഹി	അതിനാൽ തന്നെയാണ്
മന്ത്രേ	കാര്യങ്ങളെപ്പററി ആലോചിക്കുന്ന സംഗ [തിയിൽ	ത്വയാ,	നിന്നാൽ,
തവ	നിനക്ക്	ആത്മവിനാശനായ	സ്വനാശഹേതുവായി
നിശ്ചയഃ	വിവേചിച്ചറിവാനുള്ള [ശക്തി	അർത്ഥഹീനം	അർത്ഥശൂന്യമായ
അസ്തി ന;	ഇല്ല ;	വചഃ	വാക്ക്
ത്വം ബാലഃ;	നീ ചെറുപ്പമാണ് ;	ബഹു	പലവാറ്
അദ്യ അപി	ഇനിയും	വിപ്രലപ്തം.	വായിൽതോന്നിയപോലെ പറയപ്പെട്ടത്.
അവിപക്വബുദ്ധിഃ ;	ബുദ്ധിക്ക് പാകത വരാത്തവനാണ് ;		

പുത്രപ്രവാദേന തു രാവണസ്യ
ത്വമിന്ദ്രജിന്മിത്രമുഖോഽസി ശത്രുഃ
യസ്യേദൃശം രാഘവതോ വിനാശം
നിശമ്യ മോഹാദനുമന്യസേ ത്വം. 10

"ഇന്ദ്രജിത്!	"ഇന്ദ്രജിത്തേ!
രാഘവതഃ	ശ്രീരാഘവങ്കൽ നിന്ന്
യസ്യ	യാതൊരു ഈ രാവണന്ന്
ഈദൃശം	ഇപ്രകാരമുള്ള
വിനാശം	വിനാശമുണ്ടാകും എന്നുള്ളതിനെ
നിശമ്യ,	കേട്ട ശേഷവും,
മോഹാത്	കാൎയ്യങ്ങളുടെ സൂക്ഷ്മഗ്രഹണമില്ലായ്കകാരണം
ത്വം	നീ
അനുമന്യസേ;	സന്തോഷിക്കുകയാണ്;
തു,	അപ്രകാരമിരിക്കെ,
പുത്രപ്രവാദേന	പുത്രനെന്ന പേർ മാത്രമുള്ളവനും
മിത്രമുഖഃ	ബന്ധുവെന്ന് തോന്നപ്പെടുന്നവനും ആയ
ത്വം	നീ
രാവണസ്യ	രാവണന്ന്
ശത്രുഃ അസി.	വാസ്തവത്തിൽ ശത്രുതന്നെയാണ്.

ത്വമേവ വധ്യശ്ച സുദുൎമ്മതിശ്ച
സ ചാപി വധ്യോ യ ഇഹാനയത് ത്വാം
ബാലം ദൃഢം സാഹസികം ച യോഽദ്യ
പ്രാവേശയന്മന്ത്രകൃതാം സമീപം. 11

"സുദുൎമ്മതിഃ	"അതി ദുർബ്ബുദ്ധിയാന്നവനായ
ത്വം ഏവ	നീ തന്നെ
ഇഹ	ഇപ്പോൾ
വധ്യഃ ച;	മരണമാകുന്ന കൎമ്മഫലത്തെ അനുഭവിച്ചേ തീരൂ;
യഃ	യാതൊരുവൻ
ബാലം	വയസ്സു മുതിരാത്തവനും
സാഹസികം	സാഹസപ്രവൃത്തികൾ ചെയ്യുന്നവനും
ദൃഢം	കൊടിയവനും ആയ
ത്വാം ച	നിന്നേയും
മന്ത്രകൃതാം	മന്ത്രിമാരുടെ
സമീപം	സദസ്സിൽ
ആനയത്,	വരുത്തിച്ചുവോ,
യഃ	യാതൊരുവൻ
പ്രാവേശയത് ച	കൂടെ ഇരുത്തി സത്കരിച്ചുവോ
സഃ അപി	അവനും
അദ്യ	ഇപ്പോൾ
വധ്യഃ ച.	ആ വിധിയാകുന്ന മരണത്തെ പ്രാപിക്കുന്നതാണ്.

മൂഢഃ പ്രഗല്ഭോഽവിനയോപപന്ന-
സ്തീക്ഷ്ണസ്വഭാവോഽല്പമതിർദുരാത്മാ
മൂൎഖസ്ത്വമത്യന്തസുദുൎമ്മതിശ്ച
ത്വമിന്ദ്രജിദ്ബാലതയാ ബ്രവീഷി. 12

"ത്വം	"നീയാണെങ്കിൽ
മൂഢഃ;	ധർമ്മനിബന്ധനകളെ അറിയാത്തവൻ;
പ്രഗല്ഭഃ;	സർവ്വജ്ഞനാണെന്ന ഗർവ്വംപൂണ്ടവൻ;
അവിനയോപപന്നഃ;	വലിയവരെ ബഹുമാനിക്കാത്തവൻ;
തീക്ഷ്ണസ്വഭാവഃ;	ക്രൂരസ്വഭാവി;
അല്പമതിഃ;	തുച്ഛബുദ്ധിയാന്നവൻ;
ദുരാത്മാ;	ദുഷ്ടൻ;
മൂർഖഃ;	വിവേകശൂന്യൻ;
അത്യന്തസുദുർമ്മതിഃ ച;	എപ്പോഴും തിന്മചെയ്യുന്നതിൽതന്നെ ബുദ്ധിവെച്ചുവനുമാണ്;
ഇന്ദ്രജിത്!	ഇന്ദ്രജിത്തേ!
ത്വം	നീ
ബാലതയാ	കാര്യം ഗ്രഹിക്കാതെയാണ്
ബ്രവീഷി.	പ്രലപിക്കുന്നത്.

കോ ബ്രഹ്മദണ്ഡപ്രതിമപ്രകാശാ-
നർച്ചിഷ്മതഃ കാലനികാശരൂപാൻ
സഹേത ബാണാൻ യമദണ്ഡകല്പാൻ
സമക്ഷമുക്താൻ യുധി രാഘവേണ. 13

"ബ്രഹ്മദണ്ഡപ്രതിമപ്രകാശാൻ	"ബ്രഹ്മദണ്ഡംപോലെ കാന്തിപൂണ്ടവയും
അർച്ചിഷ്മതഃ	ജ്വലിക്കുന്നവയും
കാലനികാശരൂപാൻ	യമനെപ്പോലെ വടിവാന്നവയും
യമദണ്ഡകല്പാൻ	യമദണ്ഡംപോലെ ഉള്ളവയും ആയ
ബാണാൻ	ബാണങ്ങളെ
യുധി	പോരിൽ
രാഘവേണ	ശ്രീരാമനാൽ
സമക്ഷമുക്താൻ	നേരിൽ പ്രയോഗിക്കപ്പെട്ടവയായി
കഃ	ആർതന്നെയാണ്
സഹേത?	സഹിച്ചുനില്ക്കുക?

ധനാനി രത്നാനി വിഭൂഷണാനി
വാസാംസി ദിവ്യാനി മണീംശ്ച ചിത്രാൻ
സീതാം ച രാമായ നിവേദ്യ ദേവീം
വസേമ രാജന്നിഹ വീതശോകാഃ. 14

"രാജൻ!	"മഹാരാജാവേ!
രാമായ	ശ്രീരാമന്നായ്ക്കൊണ്ട്,
സീതാം ദേവീം ച	സീതാദേവിയേയും
രത്നാനി	നമ്മാൽ വിലമതിക്കപ്പെട്ടവയായ
ധനാനി	ധനങ്ങളേയും
ചിത്രാൻ	ശ്രേഷ്ഠങ്ങളായ
മണീൻ	രത്നങ്ങളേയും
ദിവ്യാനി	വിശിഷ്ടങ്ങളായ
വിഭൂഷണാനി	ആഭരണങ്ങളേയും
വാസാംസി ച	വസ്ത്രങ്ങളേയും,
ഇഹ	ഇപ്പോൾതന്നെ
നിവേദ്യ,	സമർപ്പണംചെയ്ത്,
വീതശോകാഃ	വിചാരമററവരായി
വസേമ."	നാം ജീവനോടെ വാഴുക."

ഇത്യാർഷേ ശ്രീമദ്രാമായണേ വാല്മീകീയേ ആദികാവ്യേ യുദ്ധകാണ്ഡേ
പഞ്ചദശഃ സർഗ്ഗഃ = പതിനഞ്ചാംസർഗ്ഗം സമാപ്തം.

ആദ്യംമുതൽ ശ്ലോകസംഖ്യ 15158; യുദ്ധകാണ്ഡം ആദ്യംമുതൽ ശ്ലോകസംഖ്യ 483.

ഷോഡശഃ സൎഗ്ഗഃ = പതിനാറാംസൎഗ്ഗം.

[വിഭീഷണനിഭർത്സനം = വിഭീഷണനെ നിന്ദിക്കുന്നതു്.]

സുനിവിഷ്ടം ഹിതം വാക്യമുക്തവന്തം വിഭീഷണം
അബ്രവീത് പരുഷം വാക്യം രാവണഃ കാലചോദിതഃ. 1

കാലചോദിതഃ	കാലന്റെ കല്പന കിട്ടിക്കഴിഞ്ഞവനായ
രാവണഃ,	രാവണൻ,
ഹിതം	ശുഭകരമായ
വാക്യം	ഉപദേശത്തെ
സുനിവിഷ്ടം	ഉള്ളിൽതട്ടുമാറു്
ഉക്തവന്തം	ഉരചെയ്തവനായ
വിഭീഷണം	വിഭീഷണനെനോക്കി
പരുഷം	കൎണ്ണാരുന്തുദമായ
വാക്യം	വാക്യത്തെ
അബ്രവീത്.	ഇങ്ങിനെ ഉരചെയ്തു.

വസേത് സഹ സപത്നേന ക്രുദ്ധേനാശീവിഷേണ വാ
ന തു മിത്രപ്രവാദേന സംവസേച്ഛത്രുസേവിനാ. 2

"സപത്നേന	"ശത്രുവോടാകട്ടെ
ക്രുദ്ധേന	ക്രുദ്ധിച്ച
ആശീവിഷേണ വാ	സൎപ്പത്തോടാകട്ടെ
സഹ	ഒന്നിച്ചു്
വസേത്;	വസിച്ചേക്കാം;
മിത്രപ്രവാദേന	മിത്രനായിരുന്നുകൊണ്ടു്
ശത്രുസേവിനാ തു	ശത്രുവിനെ വിശ്വസിക്കുന്ന ഒരുവനോടുകൂടി മാത്രം
സംവസേത് ന.	വസിക്കുകയെന്നതേ അരുതാത്തതാകുന്നു.

ജാനാമി ശീലം ജ്ഞാതീനാം സൎവ്വലോകേഷു രാക്ഷസ
ഹൃഷ്യന്തി വ്യസനേഷ്വേതേ ജ്ഞാതീനാം ജ്ഞാതയഃ സദാ. 3

"രാക്ഷസ!	"രാക്ഷസ!
സൎവ്വലോകേഷു	എല്ലാ ലോകങ്ങളിലും
ജ്ഞാതീനാം	ജ്ഞാതികളുടെ
ശീലം	സ്വഭാവത്തെക്കുറിച്ചു്
ജാനാമി;	ഞാൻ നല്ലവണ്ണം
ഏതേ	ഈ [അറിയുന്നുണ്ടു്;
ജ്ഞാതയഃ	ജ്ഞാതികൾ
ജ്ഞാതീനാം	തങ്ങടെ ജ്ഞാതികളുടെ
വ്യസനേഷു	ബുദ്ധിമുട്ടുകളിൽ
സദാ	എല്ലായ്പോഴും
ഹൃഷ്യന്തി.	സന്തോഷിക്കയാണു് ചെയ്യുക.

പ്രധാനം സാധനം വൈദ്യം ധൎമ്മശീലം ച രാക്ഷസ
ജ്ഞാതയോ ഹ്യവമന്യന്തേ ശൂരം പരിഭവന്തി ച. 4

"രാക്ഷസ!	"രാക്ഷസ!
പ്രധാനം	കുടുംബത്തിൽ മൂത്തവനും,
സാധനം	കാൎയ്യങ്ങളെ കോട്ടം വരാതെ ചെയ്യുന്നവനും
വൈദ്യം	പഠിച്ചറിവുള്ളവനും
ധൎമ്മശീലം	മൎയ്യാദപോലെ നടക്കുന്നവനും
ശൂരം ച,	ശൂരനും ആയ ഒരുവനെ,
ജ്ഞാതയഃ ഹി,	അവന്റെ ജ്ഞാതികൾ മാത്രം
അവമന്യന്തേ;	അവഗണിക്കുന്നു;
പരിഭവന്തി ച.	ആപത്തിലും അകപ്പെടുത്തുന്നു.

നിത്യമന്യോന്യസംഹൃഷ്ടാ വ്യസനേഷ്വാതതായിനഃ
പ്രച്ഛന്നഹൃദയാ ഘോരാ ജ്ഞാതയസ്തു ഭയാവഹാഃ. 5

" ജ്ഞാതയഃ	" ശേഷക്കാർ
നിത്യം	ഏതുസമയത്തിലും
അന്യോന്യ-സംഹൃഷ്ടാഃ	ഒന്നിച്ചിരുന്നു സന്തോഷിക്കുന്നവരായി,
വ്യസനേഷു	ആപത്തുകൾ നേരുന്ന അവസരങ്ങളിൽ
ആതതായിനഃ	കത്തിയൂരിപ്പിടിച്ച് കൊല്ലുവാൻ തയ്യാറായവരായി
പ്രച്ഛന്നഹൃദയാഃ	കപടബുദ്ധിയോടു കൂടിയവരായി
ഘോരാഃ	കൊടിയവരായി
ഭയാവഹാഃ തു.	ദ്രോഹം ചെയ്യുന്നവർ തന്നെയാകുന്നു.

ശ്രൂയന്തേ ഹസ്തിഭിർഗീതാഃ ശ്ലോകാഃ പദ്മവനേ കചചിത്
പാശഹസ്താൻ നരാൻ ദൃഷ്ട്വാ ശൃണു താൻ ഗദതോ മമ. 6

" കചചിത്	" പണ്ടൊരുകാലം
പദ്മവനേ	പദ്മവനമെന്ന കാട്ടിൽ
നരാൻ	മനുഷ്യന്മാരെ
പാശഹസ്താൻ	കയ്യിൽ കയറുംവെച്ചുകൊണ്ടിരിക്കുന്നവരായി
ദൃഷ്ട്വാ	കണ്ടു്,
ശ്ലോകാഃ	ഈ ശ്ലോകങ്ങൾ
ഹസ്തിഭിഃ	ആനകളാൽ
ഗീതാഃ	പറയപ്പെട്ടു എന്നു്
ശ്രൂയന്തേ ;	കേൾക്കപ്പെടുന്നു ;
താൻ	അവയെ
ഗദതഃ മമ	പറയുന്ന എനിക്ക്
ശൃണു.	ശ്രദ്ധിച്ചുകൊൾക.

നാഗ്നിർനാന്യാനി ശസ്ത്രാണി ന നഃ പാശാ ഭയാവഹാഃ
ഘോരാഃ സ്വാൎത്ഥപ്രയുക്താസ്തു ജ്ഞാതയോ നോ ഭയാവഹാഃ. 7

" നഃ	" നമുക്ക്
പാശാഃ	കയറുകൾ
ഭയാവഹാഃ ന ;	ആപത്തുവിളയിക്കുന്നവയല്ല ;
അഗ്നിഃ ന ;	അഗ്നിയുമല്ല ;
അന്യാനി	മററ്
ശസ്ത്രാണി ന ;	ആയുധങ്ങളും അല്ല ;
ജ്ഞാതയഃ തു	ജ്ഞാതികൾതന്നെയാണു്
സ്വാൎത്ഥ-പ്രയുക്താഃ	സ്വാൎത്ഥപ്രതിപത്തി പൂണ്ടവരായി
ഘോരാഃ	കൊടിയവരായി
നഃ	നമുക്ക്
ഭയാവഹാഃ.	ആപത്തിനെ വിളയിക്കുന്നവരായിത്തീരുന്നതു്.

ഉപായമേതേ വക്ഷ്യന്തി ഗ്രഹണേ നാത്ര സംശയഃ
കൃത്സ്നാദ്ഭയാജ്ജ്ഞാതിഭയം സുകഷ്ടം വിദിതം ച നഃ. 8

" 'ഏതേ	" ഈ ജ്ഞാതികൾ
ഗ്രഹണേ	നമ്മെ പിടിക്കുന്ന സംഗതിയിൽ
ഉപായം	ഉപായത്തെ
വക്ഷ്യന്തി ;	പറഞ്ഞുകൊടുക്കുന്നു ;
അത്ര	ഇതിൽ
സംശയഃ ന ;	സംശയംതന്നെയില്ല ;
കൃത്സ്നാത്	എല്ലാ
ഭയാത്	ആപത്തിനേക്കാളും
ജ്ഞാതിഭയം	ജ്ഞാതികൾമൂലം നേരുന്ന ആപത്തുതന്നെയാണു്
സുകഷ്ടം	ഏററവും അസഹ്യമാ[യതു് എന്നു്]
നഃ	നമുക്ക്
വിദിതം ച.	അറിവുള്ള സംഗതി തന്നെ

വിദ്യതേ ഗോഷു സംപന്നം വിദ്യതേ ബ്രാഹ്മണേ ദമഃ
വിദ്യതേ സ്ത്രീഷു ചാപല്യം വിദ്യതേ ജ്ഞാതിതോ ഭയം. 9

"'ഗോഷു	"'പശുക്കളിൽ	ചാപല്യം	നിസ്സാരസംഗതികളിൽ ആഗ്രഹം
സംപന്നം	സമ്പത്ത്	വിദ്യതേ;	കാണപ്പെടുന്നു;
വിദ്യതേ;	വത്തിക്കുന്നു;	ജ്ഞാതിതഃ	ജ്ഞാതികൾവക്കൽനിന്നു
ബ്രാഹ്മണേ	ബ്രാഹ്മണങ്കൽ	ഭയം	ഭയമെന്നത്
ദമഃ	ഇന്ദ്രിയനിഗ്രഹമെന്നത്	വിദ്യതേ.'	കാണപ്പെടുന്നു.'
വിദ്യതേ;	കാണപ്പെടുന്നു;		
സ്ത്രീഷു	സ്ത്രീകളിൽ		

തതോ നേഷ്ടമിദം സൌമ്യ യദഹം ലോകസത്കൃതഃ
ഐശ്വൎയ്യമഭിജാതശ്ച രിപൂണാം മൂൎദ്ധ്‌ന്യവസ്ഥിതഃ. 10

"സൌമ്യ!	"ഉണ്ണീ!	മൂൎദ്ധ്‌നി	തലയിൽ
അഹം	ഞാൻ	അവസ്ഥിതഃ;	കാലുവെച്ച് അവരുടെ ഗൎവ്വ് ശമിപ്പിച്ചിട്ടുമുണ്ട്;
ലോകസത്കൃതഃ;	ലോകരാൽ കൊണ്ടാടപ്പെട്ടവനാണ്;	യത് തതഃ	എന്നതുകൊണ്ടുതന്നെയാണ്
ഐശ്വൎയ്യം ച	സകല സമ്പത്തും	ഇദം	ഇത്
അഭിജാതഃ;	പൂണ്ടുവിലസുന്നുണ്ട്;	ഇഷ്ടം ന.	നിനക്ക് രുചിക്കാതിരിക്കുന്നത്.
രിപൂണാം	ശത്രുക്കളുടെ		

[നീ ജ്ഞാതിയായതുകൊണ്ടാണ് ഇതെല്ലാം നിണക്ക കണ്ണുകടിയായിരിക്കുന്നത് എന്നു സാരം]

യഥാ പുഷ്കരപൎണ്ണേഷു പതിതാസ്തോയബിന്ദവഃ
ന ശ്ലേഷമുപഗച്ഛന്തി തഥാഽനാൎയ്യേഷു സൌഹൃദം. 11

"പുഷ്കരപൎണ്ണേഷു	"താമരയിലകളിൽ	യഥാ തഥാ	എന്നപോലെതന്നെയാണ്
പതിതാഃ	വീണവയായ	അനാൎയ്യേഷു	അല്പന്മാരായവരുടെ പേരിൽ വെച്ചതായ
തോയബിന്ദവഃ,	നീൎത്തുള്ളികൾ	സൌഹൃദം.	സ്നേഹവും.
ശ്ലേഷം ഉപഗച്ഛന്തി ന	അവയിൽ പററിച്ചേരുന്നില്ല		

യഥാ മധുകരസ്തൎഷാദ്രസം വിന്ദൻ ന വിദ്യതേ
തഥാ ത്വമപി തത്രൈവ തഥാഽനാൎയ്യേഷു സൌഹൃദം. 12

"മധുകരഃ	"വണ്ട്	യഥാ തഥാ	എന്നതുപോലെതന്നെയാണ്
തൎഷാത്	ആശകയ്യൊണ്ട്	ത്വം അപി;	നീയും;
രസം	പുഷ്പരസത്തെ	അനാൎയ്യേഷു	നീചന്മാരുടെപേരിലുള്ള
വിന്ദൻ,	കുടിച്ചുകഴിഞ്ഞാൽ,	സൌഹൃദം ഏവ,	സ്നേഹവും
തത്ര	അവിടെ	തഥാ.	അപ്രകാരംതന്നെയാണ്.
വിദ്യതേ ന,	പിന്നെ നില്ക്കുന്നില്ല,		

യഥാ പൂർവ്വം ഗജഃ സ്നാത്വാ ഗൃഹ്യ ഹസ്തേന വൈ രജഃ
ദൂഷയത്യാത്മനോ ദേഹം തഥാഽനാര്യേഷു സൌഹൃദം. 13

"യഥാ	"എപ്രകാരം	ഗൃഹ്യ,	വാരിയെടുത്ത്,
ഗജഃ	ആന	ആത്മനഃ ദേഹം	അതിന്റെ ശരീരത്തെ
പൂർവ്വം	ആദ്യം	ദൂഷയതി,	മലിനപ്പെടുത്തുന്നുവോ
സ്നാത്വാ,	കുളിച്ചശേഷം,	തഥാ	അപ്രകാരംതന്നെയാണ്
ഹസ്തേന വൈ	തുമ്പിക്കൈകൊണ്ടുതന്നെ	അനാര്യേഷു	നീചന്മാരിൽ
രജഃ	പൂഴി	സൌഹൃദം.	സ്നേഹമെന്നുള്ളത്.

യഥാ ശരദി മേഘാനാം സിഞ്ചതാമപി ഗർജ്ജതാം
ന ഭവത്യംബുസംക്ലേദസ്തഥാഽനാര്യേഷു സൌഹൃദം. 14

"ശരദി	"ശരത്കാലത്തിൽ	അംബുസംക്ലേദഃ	ഭൂമിയെ നനയ്ക്കുക എന്നുള്ളത്
സിഞ്ചതാം	നീർകുടിച്ച്	ന ഭവതി,	ഉണ്ടാകുന്നില്ലയോ
ഗർജ്ജതാം അപി	ഗർജ്ജിക്കുകമാത്രം ചെയ്യുന്ന	തഥാ	അപ്രകാരംതന്നെയാണ്
മേഘാനാം	മേഘങ്ങളുടെ സംഗതിയിൽ	അനാര്യേഷു	ക്ഷുദ്രന്മാരിലുള്ള
യഥാ	എപ്രകാരം	സൌഹൃദം.	പ്രേമമെന്നുള്ളത്.

അന്യസ്ത്വേവംവിധം ബ്രൂയാദ്വാക്യമേതന്നിശാചര
അസ്മിൻ മുഹൂർത്തേ ന ഭവേത് ത്വാം തു ധിക് കുലപാംസനം. 15

"ഏവംവിധം	"ഇപ്രകാരമുള്ള	ന ഭവേത്;	ജീവനോടിരിക്കയില്ല;
ഏതത് വാക്യം	ഈ ഉപദേശത്തെ	നിശാചര!	രാക്ഷസ!
അന്യഃ തു	വേറെ വല്ല ഒരുത്തനും	കുലപാംസനം	കുലത്തെ കെടുപ്പാനായുന്നവനായ
ബ്രൂയാത്	പറകയാണെന്നാൽ	ത്വാം തു ധിക്."	നിന്നെ ഇനി ഞാൻ തിരിഞ്ഞുനോക്കുകയില്ല."
അസ്മിൻ	ഈ		
മുഹൂർത്തേ	നിമിഷത്തിൽതന്നെ		

ഇത്യുക്തഃ പരുഷം വാക്യം ന്യായവാദീ വിഭീഷണഃ
ഉത്പപാത ഗദാപാണിശ്ചതുർഭിഃ സഹ രാക്ഷസൈഃ. 16

ന്യായവാദീ	രാജനീതിയെമാത്രം ഉപദേശിച്ചവനായ	ഉക്തഃ,	ഉരചെയ്യപ്പെട്ടവനായി,
വിഭീഷണഃ,	വിഭീഷണൻ,	ഗദാപാണിഃ	ഗദയും കയ്യിൽപിടിച്ച്
ഇതി	ഇപ്രകാരം	ചതുർഭിഃ	നാലു
പരുഷം	ഉള്ളംതുളയ്ക്കുന്നതായ	രാക്ഷസൈഃ സഹ	രാക്ഷസരോടുംകൂടി
വാക്യം	വാക്യം	ഉത്പപാത.	ഉയരെക്കുതിച്ചു.

["ഉത്പഥം പ്രതിപന്നസ്യ കാര്യാകാര്യമജാനതഃ ഗുരോരപ്യവലിപ്തസ്യ പരിത്യാഗോ വിധീയതേ," എന്ന ശാസ്ത്രാന്തരീത്യാ പരിത്യാജ്യൻതന്നെയാണ് രാവണൻ എന്നു നിശ്ചയിച്ച് അവിടെനിന്നും പോയി എന്നു ബോദ്ധ്യം. (തിലകം).]

അബ്രവീച്ച തദാ വാക്യം ജാതക്രോധോ വിഭീഷണഃ
അന്തരിക്ഷഗതഃ ശ്രീമാൻ ഭ്രാതരം രാക്ഷസാധിപം. 17

തദാ	ആ സമയം	അന്തരിക്ഷഗതഃ	ആകാശത്തിൽ നിന്നും കൊണ്ടു്,
ശ്രീമാൻ	{ ധൎമ്മനിഷ്ഠകാരണം പുകഴാൎന്നുവിളങ്ങുന്നവനായ.	ഭ്രാതരം	ജ്യേഷ്ഠനായ
വിഭീഷണഃ,	വിഭീഷണൻ,	രാക്ഷസാധിപം	രാക്ഷസേശ്വരനോ[ടായി
ജാതക്രോധഃ ച	കുപിതനായി	വാക്യം	ഒരു വാക്ക്
		അബ്രവീത്.	ഇങ്ങിനെ ഉരചെയ്തു.

["ശ്രീമാൻ," സോപാധികനായ ശത്രുവിനെ പരിത്യജിച്ചു് നിരുപാധികനായ സ്വാമിയെ അവലംബിക്കുക എന്ന ശ്രീയോടുകൂടിയവൻഎന്നു ഗ്രാഹ്യം. (രാമാനുജീയം).]

സ ത്വം ഭ്രാതാऽസി മേ രാജൻ ബ്രൂഹി മാം യദ്യദിച്ഛസി. 18

"രാജൻ!	"രാജാവേ!	മാം	എന്നോടു്
സഃ	ആ	യത് ഇച്ഛസി	അവിടുത്തേയ്ക്കു് തോന്നിയപോലെയെല്ലാം,
ത്വം	നിന്തിരുവടി	ബ്രൂഹി.	{ (അതിന്നു് അധികാരമുള്ളതിനാൽ) അരുളിച്ചെയ്തുകൊൾക.
മേ ഭ്രാതാ	എനിക്ക് ജ്യേഷ്ഠനായി		
അസി;	ഭവിച്ചിരിക്കുന്നു;		
യത്	എന്നതുകൊണ്ടു്		

ജ്യേഷ്ഠോ മാന്യഃ പിതൃസമോ ന ച ധൎമ്മപഥേ സ്ഥിതഃ
ഇദം തു പരുഷം വാക്യം ന ക്ഷമാമ്യനൃതം തവ. 19

"ജ്യേഷ്ഠഃ	"ജ്യേഷ്ഠനെന്നുവെച്ചാൽ	തു	ആകയാൽ
പിതൃസമഃ	പിതാവിനെപ്പോലെ	അനൃതം	വാസ്തവമല്ലാത്തതും
മാന്യഃ;	മാനിക്കപ്പെടേണ്ടവ[നാണ്;	പരുഷം	നെഞ്ഞുപിളക്കുന്നതും
ച	പക്ഷേ	തവ	അങ്ങയുടെ [ആയ
ധൎമ്മപഥേ	ധൎമ്മമാൎഗ്ഗത്തിൽ	ഇദം വാക്യം	ഈ ശകാരത്തിന്നു്
സ്ഥിതഃ ന;	അങ്ങ് വൎത്തിക്കുന്നില്ല;	ക്ഷമാമി ന.	ഞാൻ മറിച്ചൊന്നും പറയുന്നില്ല.

["പതിതൈഃ സഹ സംവ്യവഹാരോ ന വിദ്യതേ;" "പതിതമാചാൎയ്യം ജ്ഞാതിം വാ ദ്രഷ്ടും ന ഗച്ഛേത്. ന ചാസ്യാദ്യുപയുഞ്ജീത. യദൃച്ഛാസന്നിപാതേ ഉപഗൃഹ്യ തൂഷ്ണീം വ്രജേത്." എന്നിത്യാദി സ്മൃതിവാക്യപ്രകാരം ജ്യേഷ്ഠനെന്നിരുന്നാലും അധൎമ്മപഥത്തിൽനിന്നു് എന്തുപദേശിച്ചിട്ടും മാറാത്തതിനാൽ പരിത്യജിച്ചതാണെന്നു് ഗ്രാഹ്യം. (തിലകം).]

സുനീതം ഹിതകാമേന വാക്യമുക്തം ദശാനന
ന ഗൃഹ്ണന്ത്യകൃതാത്മാനഃ കാലസ്യ വശമാഗതാഃ. 20

"ദശാനന!	"ദശമുഖ!	കാലസ്യ	കാലന്റെ
ഹിതകാമേന	ക്ഷേമത്തെമാത്രം ഇച്ഛിക്കുന്ന ഒരുവനാൽ	വശം	കയ്യിൽ
ഉക്തം	പറയപ്പെട്ട	ആഗതാഃ,	കുടുങ്ങിയവരായ
സുനീതം	ധൎമ്മാനുസൃതമായ	അകൃതാത്മാനഃ	അഹങ്കാരികൾ
വാക്യം,	ഉപദേശത്തെ,	ഗൃഹ്ണന്തി ന.	സ്വീകരിക്കാതിരിക്കുന്നു.

സുലഭാഃ പുരുഷാ രാജൻ സതതം പ്രിയവാദിനഃ
അപ്രിയസ്യ തു പഥ്യസ്യ വക്താ ശ്രോതാ ച ദുൎല്ലഭഃ. 21

"രാജൻ!	"മഹാരാജാവേ!	പഥ്യസ്യ	വാസ്തവത്തിൽ നന്മവിളയിക്കുന്നതായുള്ളതി
പ്രിയവാദിനഃ	മനഃപ്രീതികരമായ വാക്കുകളുരയ്ക്കുന്ന	വക്താ	പറയുന്നവൻ [നെ
പുരുഷാഃ	ജനങ്ങൾ	ദുൎല്ലഭഃ;	കാണുവാൻ പ്രയാസം;
സതതം	എപ്പോഴും	ശ്രോതാ ച.	അങ്ങിനെ പറയപ്പെട്ടുന്നതിനെ സ്വീകരിക്കുന്നവനും അപ്രകാരംതന്നെ.
സുലഭാഃ;	ധാരാളമുണ്ട്;		
അപ്രിയസ്യ തു	മനസ്സിന്ന് രുചിക്കാത്തതെന്നാലും		

ബദ്ധം കാലസ്യ പാശേന സൎവ്വഭൂതാപഹാരിണാ
ന നശ്യന്തമുപേക്ഷേയം പ്രദീപ്തം ശരണം യഥാ. 22

"സൎവ്വഭൂതാപഹാരിണാ	"സൎവ്വപ്രാണികളുടേയും ജീവനെ അപഹരിക്കുന്ന	പ്രദീപ്തം	തീപ്പിടിപെട്ട് കത്തുന്ന
കാലസ്യ പാശേന	കാലപാശംകൊണ്ട്	ശരണം	ഒരു വീടിനെ
ബദ്ധം	കെട്ടപ്പെട്ട്	യഥാ	എന്നപോലെ
നശ്യന്തം,	നശിക്കാറായിരിക്കുന്ന നിന്തിരുവടിയെ	ഉപേക്ഷേയം ന.	ഞാൻ ചെയ്യേണ്ടതിനെ ചെയ്യാതെ വിട്ടുമാറുകയില്ല.

ദീപ്തപാവകസംകാശൈഃ ശിതൈഃ കാഞ്ചനഭൂഷണൈഃ
ന ത്വാമിച്ഛാമ്യഹം ദ്രഷ്ടും രാമേണ നിഹതം ശരൈഃ. 23

"ദീപ്തപാവകസംകാശൈഃ	"കത്തിയാളുന്ന തീയൊത്തവയും	രാമേണ	ശ്രീരാമനാൽ
ശിതൈഃ	കൂൎത്തുള്ളവയും	ത്വാം	നിന്തിരുവടിയെ
കാഞ്ചനഭൂഷണൈഃ	പൊൻകെട്ടുകളാൎന്നവയും ആയ	നിഹതം	വധിക്കപ്പെട്ടവനായി
ശരൈഃ,	ബാണങ്ങളാൽ,	ദ്രഷ്ടും	കാണുവാൻ
		അഹം	ഞാൻ
		ഇച്ഛാമി ന.	തുനിയുന്നില്ല.

ശൂരാശ്ച ബലവന്തശ്ച കൃതാസ്ത്രാശ്ച രണാജിരേ
കാലാഭിപന്നാഃ സീദന്തി യഥാ വാലുകസേതവഃ. 24

"രണാജിരേ	"അടൎക്കളത്തിൽ	വാലുകഃസേതവഃ	മണലണകൾ
ബലവന്തഃ ച	ബലവാന്മാരും	യഥാ	എന്നപോലെ
കൃതാസ്ത്രാഃ ച	അസ്ത്രവിദഗ്ദ്ധന്മാരും ആയ	കാലാഭിപന്നാഃ	കാലന്നുവശപ്പെട്ടവരായി
ശൂരാഃ ച	ശൂരന്മാരുംകൂടി	സീദന്തി.	നശിച്ചുപോകുന്നുണ്ട്.

തന്മർഷയതു യച്ചോക്തം ഗുരുത്വാദ്ധിതമിച്ഛതാ
ആത്മാനം സർവ്വഥാ രക്ഷ പുരീം ചേമാം സരാക്ഷസാം. 25

" ഗുരുത്വാത്	" എന്റെ ജ്യേഷ്ഠനാണെന്നുള്ള കാരണ	മർഷയതു ;	ക്ഷമിച്ചരുളിയാലും ;
ഹിതം	നന്മയെ [ത്താൽ	സർവ്വഥാ	ഏതുവിധവും
ഇച്ഛതാ,	ഉദ്ദേശിച്ച അടിയനാൽ,	സരാക്ഷസാം	രാക്ഷസരടങ്ങിയ
യത്	യാതൊന്ന്	ഇമാം	ഈ
ഉക്തം,	ഉണൎത്തിക്കപ്പെട്ടുവോ,	പുരീം ച	പുരത്തേയും
തത് ച	അതെല്ലാററിനേയും	ആത്മാനം	നിന്തിരുവടിയേയും
		രക്ഷ.	രക്ഷിച്ചുകൊണ്ടാലും.

സ്വസ്തി തേऽസ്തു ഗമിഷ്യാമി സുഖീ ഭവ മയാ വിനാ. 26

" ഗമിഷ്യാമി ;	" ഞാൻ ഇതാ പോകയാണ് ;	അസ്തു ;	ഉണ്ടാകട്ടെ ;
തേ	അവിടുത്തേക്ക്	മയാ വിനാ	എന്നെക്കൂടാതെ
സ്വസ്തി	ക്ഷേമം	സുഖീ	കുറവെന്നിയെ
		ഭവ.	വാണുകൊൾക.

[ഞാൻ പോയതുകൊണ്ട്, ഞാൻ പറയുന്നതു് ഹൃദയംഗമമായിട്ടാണ് എന്നു ധരിച്ചിട്ടെങ്കിലും, ഭവാന്നു് നന്മയുണ്ടാകേണമെന്നെ എനിക്കു് ആഗ്രഹമുള്ളൂ. ഭവാന്റെയും രാജ്യത്തിന്റെയും നന്മയെ ഉദ്ദേശിച്ചുമാത്രമാണ് ഞാൻ പറയുന്നതും, ചെയ്യുന്നതും എന്നു് സാരം.]

നിവാൎയ്യമാണസ്യ മയാ ഹിതൈഷിണാ
ന രോചതേ തേ വചനം നിശാചര
പരീതകാലാ ഹി ഗതായുഷോ നരാഃ
ഹിതം ന ഗൃഹ്ണന്തി സുഹൃദ്ഭിരീരിതം. 27

" നിശാചര !	" രാത്രിഞ്ചര !	ഗതായുഷഃ	ആയുസ്സററവരായി
ഹിതൈഷിണാ	ഹിതേച്ഛുവായ	പരീതകാലാഃ	കാലബദ്ധന്മാരായ
മയാ	ഇവനാൽ	നരാഃ ഹി	ആളുകളാകട്ടെ
നിവാൎയ്യമാണസ്യ	തടയപ്പെട്ടവനായ	സുഹൃദ്ഭിഃ	സുഹൃത്തുക്കളാൽ
തേ,	നിന്തിരുവടിക്ക്,	ഈരിതം	ഉരചെയ്യപ്പെട്ട
വചനം	എന്റെ വാക്ക്	ഹിതം	പത്ഥ്യവചനത്തെ
ന രോചതേ ;	രുചിക്കുന്നില്ല ;	ഗൃഹ്ണന്തി ന."	കയ്ക്കൊള്ളുന്നില്ല."

ഇത്യാൎഷേ ശ്രീമദ്രാമായണേ വാല്മീകീയേ ആദികാവ്യേ യുദ്ധകാണ്ഡേ
ഷോഡശഃ സൎഗ്ഗഃ = പതിനാറാംസൎഗ്ഗം സമാപ്തം.

ആദ്യം മുതൽ ശ്ലോകസംഖ്യ 15185 ; യുദ്ധകാണ്ഡം ആദ്യം മുതൽ ശ്ലോകസംഖ്യ 510.

സപ്തദശഃ സർഗ്ഗഃ = പതിനേഴാംസർഗ്ഗം.

[വിഭീഷണശരണാഗതിനിവേദനം = വിഭീഷണൻ ശരണാർത്ഥിയായി വന്നതിനെ അറിയിക്കുന്നത്.]

ഇത്യുക്ത്വാ പരുഷം വാക്യം രാവണം രാവണാനുജഃ
ആജഗാമ മുഹൂർത്തേന യത്ര രാമഃ സലക്ഷ്മണഃ. 1

രാവണാനുജഃ	രാവണാനുജനായ	ഉക്ത്വാ,	ഉരചെയ്തശേഷം,
	വിഭീഷണൻ	മുഹൂർത്തേന	ഒരു മുഹൂർത്തകാലം
ഇതി	ഇപ്രകാരം	രാമഃ	ശ്രീരാമൻ [കൊണ്ട്
പരുഷം	രാവണന്ന് കർണ്ണകഠോ	സലക്ഷ്മണഃ	ലക്ഷ്മണസഹിതനായി
വാക്യം	വാക്യത്തെ [രമായുള്ള	യത്ര	എഴുന്നെള്ളിയിരുന്ന
രാവണം	രാവണനെ നോക്കി	ആജഗാമ.	വന്നെത്തി. [ദിക്കിൽ

["ആനുകൂല്യസ്യ സങ്കല്പഃ പ്രാതികൂല്യസ്യ വർജ്ജനം. രക്ഷിഷ്യതീതി വിശ്വാസോ ഗോപ്തൃത്വവരണം തഥാ. ആത്മനിക്ഷേപകാർപ്പണ്യേ ഷഡ്വിധാ ശരണാഗതിഃ" (അനുകൂലഭാവത്തെ കയ്ക്കൊള്ളുക, വിരുദ്ധഭാവത്തെയെല്ലാം വർജ്ജിക്കുക, രക്ഷിക്കും എന്നുള്ളതായ വിശ്വാസം കയ്ക്കൊള്ളുക, രക്ഷകനായി വരിക്കുക, തന്നെയും തന്റെതെല്ലാററിനേയും സമർപ്പിക്കുക, കഷ്ടാവസ്ഥയിലിരിക്കുക, എന്നിങ്ങിനെ ആറംഗങ്ങളോടുകൂടിയതാകുന്നു ശരണാഗതി.) എന്ന വാക്യപ്രകാരം കഴിഞ്ഞ എട്ടു സർഗ്ഗങ്ങളിലായി ആനുകൂല്യസങ്കല്പം, പ്രാതികൂല്യവർജ്ജനം, വിശ്വാസം എന്നവ കാണിക്കപ്പെട്ടു. ഇനി കാർപ്പണ്യത്തെ കാണിച്ചുംകൊണ്ട് ശരണാഗതിസ്വരൂപത്തെ ഉദാഹരിപ്പാൻ തുടങ്ങുന്നു.

"പരുഷം" (സസ്ത്രീകന്നു മലയമാരുതൻ സുഖപ്രദനാണെന്നാലും വിരഹിക്കു ദുഃഖകരനെന്നപോലെ, ആശ്രയദോഷംകൊണ്ട് രാവണന്നു പരുഷമായി തോന്നിയത്); "ആജഗാമ" (ജഗാമ എന്നു പറയാതെ, ആജഗാമ, എന്നു പറഞ്ഞതിൽനിന്നു രാമഗോഷ്ഠിയിൽ ചേരുന്നതു സ്വഗൃഹത്തിൽ ചെന്നുചേരുന്നതുപോലെയെന്നു സൂചന); "മുഹൂർത്തേന" എന്ന പദംകൊണ്ട് "വരം ഹുതവഹജ്വാലാപഞ്ജരാന്തർവ്യവസ്ഥിതിഃ. ന ശൌരി ചിന്താവിമുഖജനസംവാസവൈശസം" എന്ന ന്യായപ്രകാരം രാവണൻ വസിക്കുന്ന സ്ഥലത്തിൽ നില്ക്കുന്നതു തീയ്യിൽ നില്ക്കുന്നതുപോലെ എന്നു സൂചന; "യത്ര രാമഃ," എന്നതുകൊണ്ട് ശ്രീരാമസാന്നിദ്ധ്യംകൊണ്ട് ആ പ്രദേശത്തിന്റെ പ്രാപ്യത്വം പറയപ്പെടുന്നു; "സലക്ഷ്മണഃ" എന്നു പറകയാൽ പുരുഷകാരസാന്നിദ്ധ്യം പറയപ്പെടുന്നു. (തനി ശ്ലോകി).

"വിഭീഷണസ്തു ധർമ്മാത്മാ ന തു രാക്ഷസചേഷ്ടിതഃ" (ആരണ്യ. 37-ാംസർഗ്ഗം), "വിഭീഷണശ്ച ധർമ്മാത്മാ കൈകസ്യാഃ പശ്ചിമഃ സുതഃ. തസ്മിൻ ജാതേ മഹാസത്വേ പുഷ്പവർഷം പപാത ഹ," (ഉത്തര. 9) ഇത്യാദിയായി വിഭീഷണൻ ധർമ്മബുദ്ധിയാന്നവനാണെന്നു പറയപ്പെട്ടിരിക്കെ "ജ്യേഷ്ഠോ ഭ്രാതാ പിതൃ സമഃ", എന്നു പറയപ്പെട്ടതായ ധർമ്മത്തിന്നു വിരോധമായി സ്വപോഷകനും ജ്യേഷ്ഠനുമായ ഭ്രാതാവിനെ എങ്ങിനെ പരിത്യജിക്കാം, എന്നു മാത്രമല്ല ശത്രുപക്ഷത്തിൽ എങ്ങിനെ ചേരാം, എങ്ങിനെ വധോപായാദികളെ ഉപദേശിക്കാം എന്നുള്ളതിന്നു "ഗുരോരപ്യവലിപ്തസ്യ" എന്നിത്യാദിയായി കഴിഞ്ഞ സർഗ്ഗം 16-ാംശ്ലോകക്കുറിപ്പിൽ പറഞ്ഞ ധർമ്മശാസ്ത്രവാക്യത്തിന്നുപുറമെ സൂക്ഷ്മമായി ഇപ്പറയുന്ന തത്വം ഗ്രാഹ്യമാകുന്നു.

ഉത്തരകാണ്ഡം 10-ാംസർഗ്ഗത്തിൽ വിവരിച്ചിരിക്കുന്നപ്രകാരം ബ്രഹ്മാവിന്റെ വരപ്രസാദത്താൽ വിഭീഷണൻ സത്വഗുണപ്രധാനനായി ധർമ്മബുദ്ധിയോടുകൂടിയവനാകയാൽ വിശേഷജ്ഞാനം ലഭിച്ചവനായി, ശ്രീരാമനെ സർവ്വവേദാന്തവേദ്യനായ സർവ്വലോകേശ്വരനെന്നും, സർവ്വലോകശരണ്യനെന്നും, മുക്തന്മാരാൽ പ്രാപ്യനെന്നും, പരബ്രഹ്മസ്വരൂപിയായ ശ്രീനാരായണനെന്നും സംശയമെന്നിയേ അറിഞ്ഞവനാകുന്നു. ഇപ്രകാരം വിജ്ഞാനസമ്പന്നനായ വിഭീഷണന്നു

വിശേഷധൎമ്മം, സാമാന്യധൎമ്മം എന്നിവയുടെ പ്രാബല്യദൌൎബ്ബല്യങ്ങൾ അറിവുള്ളതിനാൽ സാമാന്യധൎമ്മത്തെ ത്യജിച്ച് വിശേഷധൎമ്മസ്വീകാരമെന്നത് യുക്തംതന്നെ. ജ്യേഷ്ഠഭ്രാതാവിനെ അനുവൎത്തിക്കുക എന്ന സാമാന്യധൎമ്മം, ധൎമ്മാൎത്ഥകാമങ്ങളായ ത്രിവൎഗ്ഗങ്ങൾക്ക് സാധനീഭൂതമായ്ഭവിച്ച് തദ്വാരാ മോക്ഷപൎയ്യവസായിയാകയാലും, പരമാത്മാരാധനത്തിന്ന് അംഗമാകയാലും സാമാന്യധൎമ്മം മാത്രമാകുന്നു. ശ്രീരാമാനുവൎത്തനമാകട്ടെ സാക്ഷാത് പരമാത്മാരാധനമാകയാൽ പ്രാധാന്യേന വിശേഷധൎമ്മവുമാകുന്നു. ഈ വിശേഷസാമാന്യധൎമ്മങ്ങൾക്ക് രണ്ടിന്നും വിരോധം വരാതിരിക്കുന്നപക്ഷം രണ്ടും അനുവൎത്തനീയവും, വിരോധമുണ്ടാകുന്നപക്ഷം സാമാന്യധൎമ്മത്തെ ത്യജിച്ച് വിശേഷധൎമ്മത്തെ കൈക്കൊള്ളേണ്ടതും ആകുന്നു. ആകയാൽ ഇതുകാലംവരെയും വിഭീഷണനാൽ ജ്യേഷ്ഠാനുവൎത്തനത്തെ കൈവെടിയാതെ രാമാനുവൎത്തനം സാദ്ധ്യമായേക്കുമോ എന്നുള്ള ആഗ്രഹംകൊണ്ട്, ഹിതോപദേശപൂൎവ്വം തത്സമീപത്തിൽ വൎത്തിക്കപ്പെട്ടു. ആയത് സാദ്ധ്യമല്ലെന്നു കണ്ടപ്പോൾ മാത്രമാണ് തത്പരിത്യാഗത്തെയും പരമധൎമ്മമായ ശ്രീരാമാനുവൎത്തനത്തേയും അംഗീകരിച്ചത്. അല്ലാതെ വിഭീഷണന്റെ കൃതഘ്നതകൊണ്ടല്ല. "പ്രസീദ ജീവേമ സപുത്രബാന്ധവാഃ" (9-ംസൎഗ്ഗം); "ഇദം ച യദി വാ മോഹാല്ലോഭാദ്വാ" (10-ംസ); "സീതാം ച രാമായ നിവേദ്യ ദേവീം വസേമ രാജന്നിഹ വീതശോകാഃ" (15-ംസ); "ആത്മാനം സൎവ്വഥാ രക്ഷ പുരീം ചേമാം സരാക്ഷസാം സ്വസ്തി തേഽസ്തു ഗമിഷ്യാമി സുഖീ ഭവ മയാ വിനാ" (16-ംസ). ഇത്യാദിയായ വിഭീഷണവാക്യങ്ങളിൽനിന്നു വിഭീഷണൻ സ്വാൎത്ഥിയോ, രാജ്യേച്ഛുവോ, കൃതഘ്നനോ അല്ലെന്നുള്ളതും സ്പഷ്ടമാകുന്നുണ്ട്.]

തം മേരുശിഖരാകാരം ദീപ്താമിവ ശതഹ്രദാം
ഗഗനസ്ഥം മഹീസ്ഥാസ്തേ ദദൃശുൎവാനരാധിപാഃ. 2

മഹീസ്ഥാഃ	ഭൂമിയിൽ നിന്നിരുന്ന	ദീപ്താം	വെട്ടുന്ന മിന്നലെന്ന
തേ	ആ [വരായ	ശതഹ്രദാം ഇവ	പോലെ
വാനരാധിപാഃ	വാനരനായകന്മാർ,	ഗഗനസ്ഥം	ആകാശത്തിൽ നിന്നി
മേരു-	മേരുശിഖരസദൃശ	തം	അവനെ [രുന്ന
ശിഖരാകാരം	നായി	ദദൃശുഃ.	കണ്ടു.

സ ഹി മേഘാചലപ്രഖ്യോ മഹേന്ദ്രസമവിക്രമഃ
സൎവ്വായുധധരോ വീരോ ദിവ്യാഭരണഭൂഷിതഃ. 3

സഃ വീരഃ ഹി,	ആ വീരനാകട്ടെ,	സൎവ്വായുധധരഃ	സൎവ്വായുധങ്ങളും ധരിച്ചവനായി
മേഘാചല-പ്രഖ്യഃ	മേഘത്തിന്നും ഗിരിക്കും തുല്യനായി		
മഹേന്ദ്രസമ-വിക്രമഃ	ഇന്ദ്രതുല്യപരാക്രമശാലിയായി	ദിവ്യാഭരണ-ഭൂഷിതഃ.	സൎവ്വാലങ്കാരഭൂഷിതനായി കാണപ്പെട്ടു.

യേ ചാപ്യനുചരാസ്തസ്യ ചത്വാരോ ഭീമവിക്രമാഃ
തേഽപി സൎവ്വായുധോപേതാ ഭൂഷണൈശ്ചാപി ഭൂഷിതാഃ. 4

തസ്യ	അദ്ദേഹത്തിന്റെ	സൎവ്വായുധോ-പേതാഃ ച,	എല്ലാ ആയുധങ്ങളുമാന്നവരായും
അനുചരാഃ	അനുചരന്മാരായ	ഭൂഷണൈഃ അപി	ആഭരണങ്ങളാലും
ചത്വാരഃ	നാലുപേർ	ഭൂഷിതാഃ അപി	അലംകൃതരായും ഉള്ള
യേ ച	യാതൊരുവരോ	ഭീമവിക്രമാഃ.	ഉഗ്രപരാക്രമശാലികളായിരുന്നു.
തേ അപി,	അവരും		

തമാത്മപഞ്ചമം ദൃഷ്ട്വാ സുഗ്രീവോ വാനരാധിപഃ
വാനരൈഃ സഹ ദുൎദ്ധൎഷശ്ചിന്തയാമാസ ബുദ്ധിമാൻ. 5

വാനരാധിപഃ	വാനരാധിപനും	ആത്മപഞ്ചമം	താനടക്കം അഞ്ചുപേരിൽ ഒരുവനായ
ദുൎദ്ധൎഷഃ	അജയ്യനും		
ബുദ്ധിമാൻ	ബുദ്ധിശാലിയും ആയ	തം	ആ വിഭീഷണനെ
സുഗ്രീവഃ,	സുഗ്രീവൻ,	ദൃഷ്ട്വാ,	കണ്ട്,
വാനരൈഃ സഹ	വാനരന്മാരോടുംകൂടി,	ചിന്തയാമാസ.	ഉള്ളിൽ ആലോചിച്ചു.

ചിന്തയിത്വാ മുഹൂൎത്തം തു വാനരാംസ്താനുവാച ഹ
ഹനുമത്പ്രമുഖാൻ സൎവ്വാനിദം വചനമുത്തമം. 6

മുഹൂൎത്തം തു	അല്പനേരംമാത്രം	വാനരാൻ	വാനരന്മാർ
ചിന്തയിത്വാ,	ആലോചിച്ചശേഷം,	സൎവ്വാൻ	എല്ലാവരോടായും
ഹനുമത്- പ്രമുഖാൻ	ഹനുമാൻ മുതലായ	ഇദം വചനം	ഈ വാക്യത്തെ
		ഉത്തമം ഹ	സൎവ്വോത്കൃഷ്ടമായി
താൻ	ആ	ഉവാച.	ഉരചെയ്തു.

ഏഷ സൎവ്വായുധോപേതശ്ചതുൎഭിഃ സഹ രാക്ഷസൈഃ
രാക്ഷസോഽഭ്യേതി പശ്യദ്ധ്വമസ്മാൻ ഹന്തും ന സംശയഃ. 7

"ഏഷഃ	"ഈ	അസ്മാൻ	നമ്മെ
രാക്ഷസഃ	രാക്ഷസൻ	ഹന്തും	വധിപ്പാനായി
സൎവ്വായുധോ- പേതഃ	എല്ലാ ആയുധങ്ങളും ധരിച്ചവനായി	അഭ്യേതി,	വരുന്നു,
ചതുൎഭിഃ	നാലു	സംശയഃ ന ;	സംശയമില്ല ;
രാക്ഷസൈഃ സഹ	രാക്ഷസരോടുംകൂടി	പശ്യദ്ധ്വം."	നോക്കുവിൻ."

സുഗ്രീവസ്യ വചഃ ശ്രുത്വാ സൎവ്വേ തേ വാനരോത്തമാഃ
സാലാനുദ്യമ്യ ശൈലാംശ്ച ഇദം വചനമബ്രുവൻ. 8

തേ	ആ	സാലാൻ	വൃക്ഷങ്ങളേയും
വാനരോത്തമാഃ	വാനരശ്രേഷ്ഠന്മാർ	ശൈലാൻ ച	പൎവ്വതങ്ങളേയും
സൎവ്വേ	എല്ലാവരും	ഉദ്യമ്യ,	കയ്യിലെടുത്തുംകൊണ്ട്
സുഗ്രീവസ്യ	സുഗ്രീവന്റെ	ഇദം	ഇപ്രകാരം
വചഃ	വാക്യത്തെ	വചനം	വാക്യത്തെ
ശ്രുത്വാ,	കേട്ട്,	അബ്രുവൻ.	ഉരചെയ്തു.

ശീഘ്രം വ്യാദിശ നോ രാജൻ വധായൈഷാം ദുരാത്മനാം
നിപതന്തു ഹതാശ്ചൈതേ ധരണ്യാമല്പതേജസഃ. 9

"രാജൻ !	"മഹാരാജാവേ !	വ്യാദിശ ;	ആജ്ഞാപിക്കുക ;
ദുരാത്മനാം	ദുൎബ്ബുദ്ധികളായ	അല്പതേജസഃ	അല്പവീൎയ്യന്മാരായ
ഏഷാം	ഇവരുടെ	ഏതേ ച	ഇവരും
വധായ,	വധത്തിന്നായി,	ഹതാഃ	വധിക്കപ്പെട്ട്
നഃ	ഞങ്ങൾക്ക്	ധരണ്യാം	ഭൂമിയിൽ
ശീഘ്രം	ഇക്ഷണംതന്നെ	നിപതന്തു."	വീഴട്ടെ."

തേഷാം സംഭാഷമാണാനാമന്യോന്യം സ വിഭീഷണഃ
ഉത്തരം തീരമാസാദ്യ ഖസ്ഥ ഏവ വ്യതിഷ്ഠത. 10

സഃ	ആ	ഉത്തരം	വടക്കെ
വിഭീഷണഃ	വിഭീഷണൻ,	തീരം	കരയെ
തേഷാം	അവർ	ആസാദ്യ,	പ്രാപിച്ച്,
അന്യോന്യം	തമ്മിൽ. തമ്മിൽ	ഖസ്ഥഃ ഏവ	ആകാശത്തിൽനിന്നു കൊണ്ടുതന്നെ
സംഭാഷമാണാനാം,	ഇങ്ങിനെ സംഭാഷണം ചെയ്തുകൊണ്ടിരിക്കെ,	വ്യതിഷ്ഠത.	കാത്തിരുന്നു.

ഉവാച ച മഹാപ്രാജ്ഞഃ സ്വരേണ മഹതാ മഹാൻ
സുഗ്രീവം താംശ്ച സംപ്രേക്ഷ്യ ഖസ്ഥ ഏവ വിഭീഷണഃ. 11

മഹാപ്രാജ്ഞഃ	നല്ല പ്രാജ്ഞനും	മഹതാ സ്വരേണ	ഉച്ചസ്വരത്തിൽ
മഹാൻ	മഹാനുമായ	ഖസ്ഥഃ ഏവ	ആകാശത്തിൽ നിന്ന നിലയ്ക്കുതന്നെ
വിഭീഷണഃ,	വിഭീഷണൻ,	ഉവാച.	ഇങ്ങിനെ ഉരചെയ്തു.
സുഗ്രീവം ച	സുഗ്രീവനേയും		
താൻ ച,	അവരേയും		
സംപ്രേക്ഷ്യ	നോക്കി,		

രാവണോ നാമ ദുർവൃത്തോ രാക്ഷസോ രാക്ഷസേശ്വരഃ
തസ്യാഹമനുജോ ഭ്രാതാ വിഭീഷണ ഇതി ശ്രുതഃ. 12

"ദുർവൃത്തഃ	"ദുഷ്ടനടവടിയുള്ളവനും	അനുജഃ	താഴെയുള്ള
രാക്ഷസേശ്വരഃ	രാക്ഷസാധിപനുമായ	ഭ്രാതാ	സോദരനാകുന്ന
രാവണഃ നാമ	രാവണൻ എന്ന	അഹം;	ഞാൻ;
രാക്ഷസഃ;	രാക്ഷസനുണ്ട്;	വിഭീഷണഃ ഇതി	വിഭീഷണൻ എന്ന്
തസ്യ	അവന്ന്	ശ്രുതഃ.	പറയപ്പെടുന്നു.

തേന സീതാ ജനസ്ഥാനാദ്ധൃതാ ഹത്വാ ജടായുഷം
രുദ്ധാ ച വിവശാ ദീനാ രാക്ഷസീഭിഃ സുരക്ഷിതാ. 13

"തേന ച,	"അവനാൽതന്നെ,	വിവശാ	പരാധീനയായി
ജടായുഷം	ജടായുവിനെ	ദീനാ	പരിതപിക്കുന്നവളായി
ഹത്വാ	വധിച്ച്	രുദ്ധാ	ബന്ധനത്തിൽ വെക്കപ്പെട്ട്
ജനസ്ഥാനാത്	ജനസ്ഥാനത്തിൽനിന്ന്	രാക്ഷസീഭിഃ	രാക്ഷസികളാൽ
ഹൃതാ	അപഹരിക്കപ്പെട്ടവളായ	സുരക്ഷിതാ.	കാവൽകാത്തുവരപ്പെടുന്നു.
സീതാ	സീതാദേവി		

തമഹം ഹേതുഭിർവാക്യൈർവിവിധൈശ്ച ന്യദർശയം
സാധു നിര്യാത്യതാം സീതാ രാമായേതി പുനഃ പുനഃ. 14

"അഹം,	"ഞാൻ,	വിവിധൈഃ	പല
'സീതാ	'സീതാദേവി	ഹേതുഭിഃ	കാരണങ്ങളോടുകൂടിയ
രാമായ	ശ്രീരാമന്നായ്ക്കൊണ്ട്	വാക്യൈഃ ച	വാക്കുകളാൽ
നിര്യാത്യതാം	തിരിയെ സമർപ്പിക്കപ്പെടട്ടെ,'	സാധു	വഴിപോലെ
ഇതി	എന്ന്	തം	ആ രാവണനോട്
പുനഃ പുനഃ	പലകുറി	ന്യദർശയം.	ഉപദേശിച്ചു.

സ ച ന പ്രതിജഗ്രാഹ രാവണഃ കാലചോദിതഃ
ഉച്യമാനം ഹിതം വാക്യം വിപരീത ഇവൌഷധം. 15

"കാലചോദിതഃ	"കാലപ്രേരിതനായ	വാക്യം,	ആ ഉപദേശത്തെ,
സഃ	ആ	വിപരീതഃ	ചാവാനുറച്ചവൻ
രാവണഃ ച,	രാവണനാകട്ടെ,	ഔഷധം	ഔഷധത്തെ
ഉച്യമാനം	പറയപ്പെടുന്നതായ	ഇവ,	എന്നപോലെ,
ഹിതം	ഹിതകരമായ	പ്രതിജഗ്രാഹ ന.	കൈക്കൊണ്ടതേയില്ല.

സോഽഹം പരുഷിതസ്തേന ദാസവച്ചാവമാനിതഃ
ത്യക്ത്വാ പുത്രാംശ്ച ദാരാംശ്ച രാഘവം ശരണം ഗതഃ. 16

"തേന	"അവനാൽ	അഹം,	ഞാൻ,
പരുഷിതഃ	ക്രൂരവാക്കുരചെയ്യപ്പെട്ടവനും	പുത്രാൻ ച	പുത്രന്മാരേയും
		ദാരാൻ ച	ഭാര്യമാരേയും
ദാസവത്	അടിമയെന്നപോലെ	ത്യക്ത്വാ,	വെടിഞ്ഞ്,
അവമാനിതഃ ച	അവമാനിക്കപ്പെട്ടവനും ആയ	രാഘവം	ശ്രീരാഘവനെ
		ശരണം	ശരണം
സഃ	ആ	ഗതഃ.	പ്രാപിച്ചിരിക്കുന്നു.

സർവ്വലോകശരണ്യായ രാഘവായ മഹാത്മനേ
നിവേദയത മാം ക്ഷിപ്രം വിഭീഷണമുപസ്ഥിതം. 17

"സർവ്വലോകശരണ്യായ	"എല്ലാ ലോകത്തിനും ശരണ്യനായി	മാം	എന്നെ
മഹാത്മനേ	മഹാത്മാവായ	വിഭീഷണം	വിഭീഷണനെന്ന്
രാഘവായ,	ശ്രീരാഘവനോടായി,	ക്ഷിപ്രം	താമസിയാതെ
ഉപസ്ഥിതം	ഇങ്ങുവന്നിരിക്കുന്ന	നിവേദയത."	അറിയിച്ചാലും."

ഏതത്തു വചനം ശ്രുത്വാ സുഗ്രീവോ ലഘുവിക്രമഃ
ലക്ഷ്മണസ്യാഗ്രതോ രാമം സംരബ്ധമിദമബ്രവീത്. 18

സുഗ്രീവഃ	സുഗ്രീവൻ	അഗ്രതഃ	മുമ്പിൽവെച്ച്,
ഏതത്	ഈ	രാമം	ശ്രീരാമനോടായി
വചനം	വാക്യത്തെ	സംരബ്ധം തു	അമ്പരന്ന് നെഞ്ഞിടിച്ചുംകൊണ്ട്
ശ്രുത്വാ,	കേട്ട്,		
ലഘുവിക്രമഃ	ഓടിച്ചെല്ലുന്നവനായി,	ഇദം	ഇപ്രകാരം
ലക്ഷ്മണസ്യ	ലക്ഷ്മണന്റെ	അബ്രവീത്.	ഉണർത്തിച്ചു.

രാവണസ്യാനുജോ ഭ്രാതാ വിഭീഷണ ഇതി ശ്രുതഃ
ചതുർഭിഃ സഹ രക്ഷോഭിർഭവന്തം ശരണം ഗതഃ 19

"രാവണസ്യ	"രാവണന്റെ	ചതുർഭിഃ	നാലു
അനുജഃ ഭ്രാതാ	ഇളയസഹോദരനായ	രക്ഷോഭിഃ സഹ	രാക്ഷസന്മാരോടുംകൂടി
വിഭീഷണഃ	വിഭീഷണൻ	ഭവന്തം	നിന്തിരുവടിയെ
ഇതി	എന്നു	ശരണം	ശരണം
ശ്രുതഃ,	പേരാൎന്നവൻ,	ഗതഃ.	പ്രാപിച്ചിരിക്കുന്നു.

മന്ത്രേ വ്യൂഹേ നയേ ചാരേ യുക്തോ ഭവിതുമർഹസി
വാനരാണാം ച ഭദ്രം തേ പരേഷാം ച പരന്തപ. 20

"പരംതപ!	"ശത്രുധ്വംസക!	ചാരേ	ധൎമ്മാനുഷ്ഠാനത്തിലും
വാനരാണാം ച	വാനരന്മാരുടേയും	യുക്തഃ ഭവിതും	വേണ്ടുന്ന അന്വേഷ
പരേഷാം ച	ശത്രുക്കളുടേയും		ണം
മന്ത്രേ	ഉദ്ദേശത്തിലും	അർഹസി;	നടത്തേണ്ടതാണ്;
വ്യൂഹേ	സേനാനിവേശനത്തി	തേ	നിന്തിരുവടിക്ക്
നയേ	ധൎമ്മബുദ്ധിയിലും [ലും	ഭദ്രം.	നന്മയുണ്ടാകട്ടെ.

[മന്ത്രം (കാൎയ്യാകാൎയ്യവിചാരം); വ്യൂഹം (സേനാസ്സന്ദനിവേശം); നയം (ആലോചിച്ച് നിശ്ചയിച്ച ഉപായങ്ങളെ അതാത് വിഷയങ്ങളിൽ പ്രയോഗിക്കുന്നത്); ചാരം (ഗൂഢാന്വേഷണം). എന്ന് ഗോ. രാ. "വാനരന്മാൎക്കും, നിന്തിരുവടിക്കും, ലക്ഷ്മണാദികളായ മററുള്ളവൎക്കും മംഗളമുണ്ടാകട്ടെ." എന്നും (തനിശ്ലോകി).]

അന്തൎദ്ധാനഗതാ ഹ്യേതേ രാക്ഷസാഃ കാമരൂപിണഃ
ശൂരാശ്ച നികൃതിജ്ഞാശ്ച തേഷു ജാതു ന വിശ്വസേത്. 21

"ഏതേ	"ഈ	ശൂരാഃ ച,	ശൂരന്മാരും
രാക്ഷസാഃ ഹി	രാക്ഷസരാകട്ടെ	നികൃതിജ്ഞാഃ ച;	ചതിപ്രയോഗങ്ങളിൽ നിപുണന്മാരും ആകുന്നു;
അന്തൎദ്ധാനഗതാഃ;	കണ്ണിന്നു കാണാത്ത വിധം സഞ്ചരിപ്പാൻ കഴിവുള്ളവരും	തേഷു	അവരിൽ
		ജാതു	ഒരിക്കലും
കാമരൂപിണഃ	ഇച്ഛിച്ച രൂപം കയ്ക്കൊള്ളാവുന്നവരും	വിശ്വസേത് ന.	വിശ്വാസം കയ്ക്കൊള്ളുവാൻ പാടുള്ളതല്ല.

പ്രണിധീ രാക്ഷസേന്ദ്രസ്യ രാവണസ്യ ഭവേദയം
അനുപ്രവിശ്യ സോഽസ്മാസു ഭേദം കുൎയ്യാന്ന സംശയഃ. 22

"അയം	"ഇവൻ	അസ്മാസു	നമ്മുടെ കൂട്ടത്തിൽ
രാക്ഷസേന്ദ്രസ്യ	രാക്ഷസരാജാവായ	അനുപ്രവിശ്യ	പ്രവേശിച്ച്
രാവണസ്യ	രാവണന്റെ	ഭേദം	ആപത്ത്
പ്രണിധിഃ ഭവേത്;	ചാരനായിരിക്കാം;	കുൎയ്യാത്,	വിളയിച്ചേയ്ക്കും,
സഃ	അവൻ	സംശയഃ ന.	സംശയമില്ല.

അഥവാ സ്വയമേവൈഷ ഛിദ്രമാസാദ്യ ബുദ്ധിമാൻ
അനുപ്രവിശ്യ വിശ്വസ്തേ കദാചിത് പ്രഹരേദപി. 23

"അഥവാ	"അല്ലെന്നാൽ
ബുദ്ധിമാൻ	തന്ത്രക്കാരനായ
ഏഷഃ,	ഇവൻ,
അനുപ്രവിശ്യ	കടന്നുകൂടിയശേഷം,
വിശ്വസ്തേ	വിശ്വസിച്ചിരിക്കുന്നവനായ നിന്തിരുവടിയുടെ സംഗതിയിൽ
ഛിദ്രം ആസാദ്യ,	അജാഗ്രതയായിരിക്കുന്ന തക്കംനോക്കി,
കദാചിത്	വല്ലപ്പോഴും
സ്വയം ഏവ	നിശ്ചയമായും
പ്രഹരേത് അപി.	ആപത്തിനെ വിളയിച്ചേക്കും.

മിത്രാദപി ബലം ചൈവ മൌലം ഭൃത്യബലം തഥാ
സർവ്വമേതദ്ബലം ഗ്രാഹ്യം വർജ്ജയിത്വാ ദ്വിഷദ്ബലം. 24

"ദ്വിഷദ്ബലം	"ശത്രുബലത്തെ
വർജ്ജയിത്വാ,	ഒഴിച്ച്,
മൌലം ബലം ച	(രാജ്യത്തിനു അടിസ്ഥാനമായി സ്ഥിരമായുള്ള) മൂലബലവും
ഭൃത്യബലം തഥാ	(പ്രതിഫലത്തെ ഇച്ഛിച്ചതായ) ഭൃത്യബലവും
മിത്രാത് അപി	(ബന്ധുരാജാവിൽനിന്ന് ലഭിക്കുന്ന) മിത്രബലവും,
ഏതത് സർവ്വം ഏവ	ഇതെല്ലാം മാത്രമാണ്
ബലം ഗ്രാഹ്യം.	ശരിയായ സൈന്യമെന്ന് സ്വീകരിക്കപ്പെടാവുന്നത്

[ശത്രുതയ്ക്കവകാശമുള്ള ബലത്തെ സ്വീകരിക്കരുതെന്നു സാരം.]

പ്രകൃത്യാ രാക്ഷസോ ഹ്യേഷ ഭ്രാതാऽമിത്രസ്യ തേ പ്രഭോ
ആഗതശ്ച രിപോഃ പക്ഷാത് കഥമസ്മിൻ ഹി വിശ്വസേത്. 25

"പ്രഭോ!	"പ്രഭോ!
ഏഷഃ ഹി	ഇവനാകട്ടെ
പ്രകൃത്യാ	ജനനാൽതന്നെ
രാക്ഷസഃ;	രാക്ഷസൻ;
തേ	നിന്തിരുവടിയുടെ
അമിത്രസ്യ	ശത്രുവിന്ന്
ഭ്രാതാ;	അനുജൻ;
രിപോഃ പക്ഷാത് ച	ശത്രുപക്ഷത്തിൽനിന്നു തന്നെ
ആഗതഃ;	വന്നിരിക്കുന്നു;
ഹി	ആകയാൽ
അസ്മിൻ	ഇവന്റെ കാര്യത്തിൽ
കഥം	എങ്ങിനെ
വിശ്വസേത്?	വിശ്വസിക്കാം?

[ശത്രുതയ്ക്ക് അവകാശമുണ്ടെന്നു ഇക്കാരണങ്ങളാൽ എടുക്കേണ്ടതാണെന്നു സാരം].

രാവണേന പ്രണിഹിതം തമവേഹി വിഭീഷണം
തസ്യാഹം നിഗ്രഹം മന്യേ ക്ഷമം ക്ഷമവതാം വര. 26

"ക്ഷമവതാം വര!	അന്യന്മാരുടെ ദോഷങ്ങളെ ക്ഷമിക്കുന്നവരിൽവെച്ച് ഉത്തമനായുള്ളോവേ!
തം	ആ
വിഭീഷണം,	വിഭീഷണനെ,
രാവണേന	രാവണനാൽ
പ്രണിഹിതം	ചാരനായി അയക്കപ്പെട്ടവനാണെന്ന്
അവേഹി;	ധരിച്ചാലും;
തസ്യ നിഗ്രഹം	അവന്ന് തക്ക ശിക്ഷ വിധിക്കുന്നത് തന്നെ
ക്ഷമം	ശരി, എന്ന്
അഹം മന്യേ.	ഞാൻ വിചാരിക്കുന്നു.

രാക്ഷസോ ജിഹ്മയാ ബുദ്ധ്യാ സംദിഷ്ടോഽയമുപാഗതഃ
പ്രഹൎത്തും മായയാ ഛന്നോ വിശ്വസ്തേ ത്വയി ചാനഘ. 27

"അനഘ!	"കപടബുദ്ധിയററ [ഭ്ലോവേ!	ഛന്നഃ	മറഞ്ഞവനായി
അയം	ഈ	വിശ്വസ്തേ	വിശ്വാസബുദ്ധിയോടെ വൎത്തിക്കുന്ന
രാക്ഷസഃ,	രാക്ഷസൻ	ത്വയി	നിന്തിരുവടിയുടെ സംഗതിയിൽ;
ജിഹ്മയാ	കാപട്യമാൎന്ന	പ്രഹൎത്തും ച	ആപത്തുണ്ടാക്കുവാൻ തന്നെയാണ്
ബുദ്ധ്യാ	ബുദ്ധികൈക്കൊണ്ട്	ഉപാഗതഃ.	വന്നിരിക്കുന്നത്.
സംദിഷ്ടഃ,	പറഞ്ഞയക്കപ്പെട്ടവനായി,		
മായയാ	മായകൊണ്ട്		

പ്രവിഷ്ടഃ ശത്രുസൈന്യം ഹി പ്രാപ്തഃ ശത്രുരതൎക്കിതഃ
നിഹന്യാദന്തരം ലബ്ധ്വാ ഉലൂക ഇവ വായസാൻ. 28

"പ്രാപ്തഃ ഹി	"ഈ വന്നിരിക്കുന്നവനാകട്ടെ	പ്രവിഷ്ടഃ,	പ്രവേശിച്ചവനായി,
ശത്രുഃ;	ശത്രുവാണ്;	അന്തരം	തക്കം
അതൎക്കിതഃ;	നാം വിചാരിക്കാതെ തന്നെ വന്നിരിക്കുന്നവൻ;	ലബ്ധ്വാ,	നോക്കി
		ഉലൂകഃ	കൂമൻ
		വായസാൻ	കാക്കകളെ
		ഇവ	എന്നപോലെ,
ശത്രുസൈന്യം	ശത്രുസൈന്യത്തിൽ	നിഹന്യാത്.	നശിപ്പിച്ചേക്കും.

വധ്യതാമേഷ ദണ്ഡേന തീവ്രേണ സചിവൈഃ സഹ
രാവണസ്യ നൃശംസസ്യ ഭ്രാതാ ഹ്യേഷ വിഭീഷണഃ. 29

"ഏഷഃ	"ഈ	ഏഷഃ	ഇവൻ
വിഭീഷണഃ	വിഭീഷണൻ	സചിവൈഃ സഹ	മന്ത്രിമാരോടുംകൂടി
നൃശംസസ്യ	ക്രൂരനായ		
രാവണസ്യ	രാവണന്റെ	തീവ്രേണ ദണ്ഡേന	ഉഗ്രശിക്ഷയേററ്
ഭ്രാതാ;	അനുജനാണ്;	വധ്യതാം."	വധിക്കപ്പെടേണ്ടവനാണ്."
ഹി	ആകയാൽ		

ഏവമുക്ത്വാ തു തം രാമം സംരബ്ധോ വാഹിനീപതിഃ
വാക്യജ്ഞോ വാക്യകുശലം തതോ മൌനമുപാഗമത്. 30

വാക്യജ്ഞഃ	വാക്യവിശാരദനും	വാക്യകുശലം	വാക്യസാരജ്ഞനായ
വാഹിനീപതിഃ,	സേനത്തലവനുമായ ആ സുഗ്രീവൻ,	തം രാമം	ആ ശ്രീരാമനോടായി
		ഉക്ത്വാ	ഉണൎത്തിച്ചശേഷം,
സംരബ്ധഃ	പരിഭ്രമിച്ച്	തതഃ	അതിൽപിന്നെ
ഏവം	ഇപ്രകാരം	മൌനം ഉപാഗമത്.	മൌനമായി വൎത്തിച്ചു.
തു,	ഇക്കാൎയ്യത്തെക്കുറിച്ച്,		

സുഗ്രീവസ്യ തു തദ്വാക്യം ശ്രുത്വാ രാമോ മഹായശാഃ
സമീപസ്ഥാനുവാചേദം ഹനുമൽപ്രമുഖാൻ ഹരീൻ 31

സുഗ്രീവസ്യ	സുഗ്രീവന്റെ
തത് വാക്യം	ആ വാക്യത്തെ
ശ്രുത്വാ,	കേട്ട്,
മഹായശാഃ	മഹായശസ്വിയായ
രാമഃ,	ശ്രീരാമൻ,
സമീപസ്ഥാൻ	അടുത്തുനിന്നിരുന്ന
ഹനുമത്-പ്രമുഖാൻ	ഹനുമാൻ മുതലായ
ഹരീൻ	വാനരന്മാരെ നോക്കി
തു	ഇക്കാൎയ്യത്തെക്കുറിച്ച്
ഇദം	ഇപ്രകാരം
ഉവാച.	അരുളിച്ചെയ്തു.

യദുക്തം കപിരാജേന രാവണാവരജം പ്രതി
വാക്യം ഹേതുമദൎത്ഥ്യം ച ഭവദ്ഭിരപി തച്ഛ്രുതം. 32

" രാവണാ-വരജം പ്രതി	" രാവണന്റെ ഒടുവിലത്തെ അനുജനെക്കുറിച്ച്
കപിരാജേന	വാനരാധിപനാൽ
യത് വാക്യം	യാതൊരു മൊഴി
ഹേതുമത്	കാരണയുക്തമായും
അൎത്ഥ്യം	നമ്മാൽ അറിഞ്ഞിരിക്കപ്പെടേണ്ടതായും
ഉക്തം ച,	പറയപ്പെട്ടുവോ,
തത്	ആയത്
ഭവദ്ഭിഃ അപി	നിങ്ങളാലും
ശ്രുതം.	കേൾക്കപ്പെട്ടുവല്ലൊ.

സുഹൃദാ ഹ്യൎത്ഥകൃച്ഛ്രേഷു യുക്തം ബുദ്ധിമതാ സതാ
സമൎത്ഥേനാപി സന്ദേഷ്ടും ശാശ്വതീം ഭൂതിമിച്ഛതാ. 33

" അൎത്ഥ-കൃച്ഛ്രേഷു ഹി,	" ഒരു കാൎയ്യത്തെക്കുറിച്ച് നിൎണ്ണയിപ്പാൻ കഴിയാതിരിക്കുന്ന സമയങ്ങളിലാകട്ടെ,
ശാശ്വതീം	ശാശ്വതമായ
ഭൂതിം ഇച്ഛതാ	നന്മയെ ആഗ്രഹിക്കുന്ന
ബുദ്ധിമതാ	ബുദ്ധിമാനും
സതാ	സജ്ജനവും
സമൎത്ഥേന അപി	സാമൎത്ഥ്യശാലിയും ആയ
സുഹൃദാ	സുഹൃത്തിനാൽ
സന്ദേഷ്ടും	വേണ്ടുന്ന ഉപദേശം നല്കപ്പെടുക എന്നതു്
യുക്തം."	ആവശ്യമാണ്."

ഇത്യേവം പരിപൃഷ്ടാസ്തേ സ്വം സ്വം മതമതന്ദ്രിതാഃ
സോപചാരം തദാ രാമമൂചുൎഹിതചികീൎഷവഃ 34

തദാ	ആ സമയം
ഇതി ഏവം	മേൽപ്രകാരം
പരിപൃഷ്ടാഃ	ചോദിക്കപ്പെട്ടവരും
ഹിതചികീൎഷവഃ	ഹിതത്തെ ചെയ്വാൻ കൊതിച്ച്
അതന്ദ്രിതാഃ	സന്നദ്ധരായി വൎത്തിക്കുന്നവരും ആയ
തേ	അവർ
സ്വം സ്വം	തങ്ങൾ തങ്ങടെ
മതം	അഭിപ്രായത്തെ
രാമം	ശ്രീരാമനോടായി
സോപചാരം	വണക്കംപൂണ്ടു്
ഊചുഃ.	ഉണൎത്തിച്ചു.

അജ്ഞാതം നാസ്തി തേ കിഞ്ചിത് ത്രിഷു ലോകേഷു രാഘവ
ആത്മാനം സൂചയഞ്ജ്ഞാനൻ പൃച്ഛസ്യസ്മാൻ സുഹൃത്തയാ. 35

"രാഘവ!	"ശ്രീരാമ!	ജ്ഞാനൻ	സർവ്വജ്ഞനായ നിന്തിരുവടി
ത്രിഷു	മൂന്നു	സുഹൃത്തയാ	ആശ്രിതവാത്സല്യത്താൽ
ലോകേഷു	ലോകങ്ങളിലും	ആത്മാനം	സ്വപ്രകൃതിഗുണത്തെ
തേ	നിന്തിരുവടിക്ക്	സൂചയൻ	പ്രത്യക്ഷീകരിക്കുന്ന[വനായി
അജ്ഞാതം	അറിയാത്തതു്	അസ്മാൻ	ഞങ്ങളോടു്
കിംചിത്	യാതൊന്നുംതന്നെ	പൃച്ഛസി.	ചോദിക്കുകമാത്രമാണ്.
അസ്തി ന;	ഇല്ല;		

["വാനരന്മാൎക്ക് നിന്തിരുവടി സുഹൃത്താണെന്നുള്ള ഖ്യാതിയെ ലോകത്തിൽ പരത്തുവാനുദ്ദേശിച്ചു് മാത്രമാണ് ഇപ്രകാരം ഞങ്ങളോടു് അഭിപ്രായം ചോദിക്കുന്നത്," എന്നു സാരം.

"ഞങ്ങളെല്ലാവരുടേയും അഭിപ്രായത്തെ അപേക്ഷിച്ചു് നിന്തിരുവടിയുടെ അഭിപ്രായം എത്രയോ ഉത്കൃഷ്ടമായിരിക്കുമെന്നു് കാണിക്കുന്നതിന്നായാണ് ഇങ്ങിനെ ചോദിക്കുന്നത്. ഞങ്ങൾ അഭിപ്രായം പറഞ്ഞാൽ അത് സാധാരണന്മാൎക്ക് മാത്രം ഉചിതമായിരിക്കുകയേ ഉള്ളൂ. നിന്തിരുവടി ഞങ്ങളുടെ ഈ അഭിപ്രായത്തെ പൂൎവ്വപക്ഷം ചെയ്തു് സ്വസിദ്ധാന്തത്തെ പറയുമ്പോൾ ഞങ്ങളുടെ അഭിപ്രായം നിസ്സാരമാണെന്നു് എല്ലാവൎക്കും ബോദ്ധ്യപ്പെടുന്നതാണ്." എന്നു സാരം. ("സുഹൃത്തയാ ശോഭനഹൃദയതയാ ഹേതുനാ), ആത്മാനം (സ്വം), പൂജയൻ, കാൎയ്യവിചാരേഷു അസ്മദപേക്ഷയാ ത്വമേവ ശോഭനഹൃദയഃ ഇതി സ്വപ്രഭാവമഭിവ്യഞ്ജയിതും" (ഗോ. രാ.).]

ത്വം ഹി സത്യവ്രതഃ ശൂരോ ധാൎമ്മികോ ദൃഢവിക്രമഃ
പരീക്ഷ്യകാരീ സ്മൃതിമാൻ നിസൃഷ്ടാത്മാ സുഹൃത്സു ച. 36

"ത്വം ഹി	"നിന്തിരുവടിയാകട്ടെ	പരീക്ഷ്യകാരീ,	സൂക്ഷ്മപൎയ്യാലോചന ചെയ്തു് എല്ലാററിനേയും ചെയ്യുന്നവൻ,
സത്യവ്രതഃ,	സത്യത്തെ വ്രതമായി കൈക്കൊണ്ടവൻ,	സ്മൃതിമാൻ	ശാസ്ത്രബോധമുള്ളവൻ
ശൂരഃ,	ജഗദേകവീരൻ,	സുഹൃത്സു,	തന്നെ ആശ്രയിച്ചവരിൽ
ധാൎമ്മികഃ,	ധൎമ്മൈകനിരതൻ,	നിസൃഷ്ടാത്മാ ച.	സ്വാത്മാവിനെത്തന്നെ സമൎപ്പിക്കുന്നവൻ.
ദൃഢവിക്രമഃ,	സുസ്ഥിരപരാക്രമശാലി,		

തസ്മാദേകൈകശസ്താവദ്ബ്രുവന്തു സചിവാസ്തവ
ഹേതുതോ മതിസംപന്നാഃ സമൎത്ഥാശ്ച പുനഃ പുനഃ. 37

"തസ്മാത്	"ആകയാൽ	സചിവാഃ	മന്ത്രോപദേഷ്ടാക്കന്മാർ
പുനഃ	അപ്രകാരമാണെന്നാ[ലും	തവ	നിന്തിരുവടിയോടു്
പുനഃ	ഞങ്ങളെക്കാൾ	ഹേതുതഃ	കാരണസഹിതം
സമൎത്ഥാഃ	സമൎത്ഥന്മാരും	ഏകൈകശഃ താവത്	ഓരോരുത്തരായി
മതിസംപന്നാഃ ച	ബുദ്ധിവൈഭവമുള്ളവരും ആയ	ബ്രുവന്തു."	ഉണർത്തിക്കട്ടെ."

ഇത്യുക്തേ രാഘവായാഥ മതിമാനംഗദോഽഗ്രതഃ
വിഭീഷണപരീക്ഷാർത്ഥമുവാച വചനം ഹരിഃ. 38

രാഘവായ	ശ്രീരാഘവനോടായി	അഗ്രതഃ,	ഒന്നാമതായി,
ഇത്യുക്തേ,	ഇപ്രകാരം ഉണർത്തിച്ചാറെ,	വിഭീഷണപരീക്ഷാർത്ഥം	വിഭീഷണനെ പരീക്ഷിച്ചറിയേണ്ടുന്ന കാര്യത്തിൽ
മതിമാൻ	ബുദ്ധിമാനായ		
അംഗദഃ	അംഗദനെന്ന	അഥ	ഇപ്രകാരം
ഹരിഃ,	വാനരൻ,	വചനം ഉവാച.	ഉണർത്തിച്ചു.

ശത്രോഃ സകാശാത് സംപ്രാപ്തഃ സർവ്വഥാ ശങ്ക്യ ഏവ ഹി
വിശ്വാസയോഗ്യഃ സഹസാ ന കർത്തവ്യോ വിഭീഷണഃ. 39

"വിഭീഷണഃ ഹി	"വിഭീഷണനാകട്ടെ	ശങ്ക്യഃ ഏവ;	സംശയിക്കപ്പെടേണ്ടവൻ തന്നെ;
ശത്രോഃ	ശത്രുവിന്റെ	സഹസാ	പരീക്ഷിച്ചറിയാതെ പെട്ടെന്ന്
സകാശാത്	അടുക്കൽ നിന്ന്		
സംപ്രാപ്തഃ;	വന്നിരിക്കുന്നവനാണ്;	വിശ്വാസയോഗ്യഃ	വിശ്വാസപാത്രമെന്ന്
ഹി	ആയ്തുകൊണ്ട്	കർത്തവ്യഃ ന.	സ്വീകരിക്കത്തക്കവനല്ല.
സർവ്വഥാ	എന്താലോചിച്ചാലും		

ഛാദയിത്വാഽഽത്മഭാവം ഹി ചരന്തി ശഠബുദ്ധയഃ
പ്രഹരന്തി ച രന്ധ്രേഷു സോഽനർത്ഥസ്തത്കൃതോ ഭവേത്. 40

"ശഠബുദ്ധയഃ	"കപടബുദ്ധിയുള്ളവർ	പ്രഹരന്തി;	അടിക്കുന്നു;
ആത്മഭാവം	മനസ്സിലുള്ളതിനെ	ഹി,	ആകയാൽ
ഛാദയിത്വാ	മറച്ചുംകൊണ്ട്	തത്കൃതഃ	അതിന്റെ ഫലമായി
ചരന്തി;	പെരുമാറുന്നു;	സഃ അനർത്ഥഃ	കഠിനമായ ആപത്ത്
രന്ധ്രേഷു ച	തക്കം കിട്ടുന്ന അവസരങ്ങളിൽ	ഭവേത്.	നേരിടുകയും ചെയ്യും.

അർത്ഥാനർത്ഥൗ വിനിശ്ചിത്യ വ്യവസായം ഭജേത ഹ
ഗുണതഃ സംഗ്രഹം കുര്യാദ്ദോഷതശ്ച വിസർജ്ജയേത്. 41

"അർത്ഥാനർത്ഥൗ	"ഗുണദോഷങ്ങളെ	ഗുണതഃ	ഗുണമുള്ള പക്ഷം
വിനിശ്ചിത്യ	ആലോചിച്ചറിഞ്ഞശേഷം,	സംഗ്രഹം കുര്യാത്;	കൂട്ടത്തിൽ ചേർത്തുകൊള്ളേണ്ടതാണ്;
വ്യവസായം	ഒരു തീർപ്പ്	ദോഷതഃ ച	ദോഷമാണെന്നാലൊ
ഭജേത ഹ;	കൈക്കൊള്ളേണ്ടതാണ്;	വിസർജ്ജയേത്.	ഉപേക്ഷിക്കുകതന്നെ വേണം.

യദി ദോഷോ മഹാംസ്തസ്മിംസ്ത്യജ്യതാമവിശങ്കിതം
ഗുണാൻ വാऽപി ബഹൂൻ ജ്ഞാത്വാ സംഗ്രഹഃ ക്രിയതാം നൃപ. 42

"നൃപ!	"രാജാവേ!	ത്യജ്യതാം;	പരിത്യജിക്കപ്പെടേണ്ടതാണ്;
തസ്മിൻ	അവങ്കൽ	വാ,	അല്ലാത്തപക്ഷം,
മഹാൻ	വലുതായ	ബഹൂൻ	പല
ദോഷഃ	ദോഷം	ഗുണാൻ	ഗുണങ്ങൾ
യദി,	ഉള്ളപക്ഷം	ജ്ഞാത്വാ അപി	ഉണ്ടെന്നുകണ്ടാൽ
അവിശങ്കിതം	വിശ്വാസസംകയ്യോള്ളാതെ	സംഗ്രഹഃ ക്രിയതാം."	എടുത്തുകൊൾകയും ചെയ്യേണ്ടതാണ്."

[ഗുണം അധികമായുണ്ടെങ്കിൽ സ്വല്പദോഷത്തെ വകവെക്കേണ്ടതില്ല; അപ്രകാരംതന്നെ ദോഷം അധികമുള്ളപക്ഷം സ്വല്പഗുണംകൊണ്ട് സ്വീകാരയോഗ്യനമല്ല, എന്നു സാരം.]

ശരഭസ്ത്വഥ നിശ്ചിത്യ സാദ്ധ്യം വചനമബ്രവീത്
ക്ഷിപ്രമസ്മിന്നരവ്യാഘ്ര ചാരഃ പ്രതിവിധീയതാം. 43

ശരഭഃ	ശരഭൻ	"നരവ്യാഘ്ര!	"പുരുഷോത്തമ!
സാദ്ധ്യം	എന്തുചെയ്യേണമെന്നുള്ളതിനെ	അസ്മിൻ	ഇവന്റെ കാൎയ്യത്തിൽ
നിശ്ചിത്യ തു	ആലോചിച്ചുറച്ച്	ക്ഷിപ്രം	ഉടനെ
അഥ വചനം	ഇപ്രകാരം വാക്യത്തെ	ചാരഃ	ഒരു ചാരൻ
അബ്രവീത്;	ഉണൎത്തിച്ചു;	പ്രതി-വിധീയതാം.	പറഞ്ഞയക്കപ്പെടട്ടെ.

[അംഗദൻ പറഞ്ഞതായ അഭിപ്രായത്തെ കയ്യൊള്ളുന്നപക്ഷം ഗുണദോഷാധിക്യത്തെ കണ്ടുപിടിപ്പാൻ ഒരു പ്രവൃത്തിയിൽ വിഭീഷണനെ വിനിയോഗിച്ചശേഷം മാത്രമേ സാദ്ധ്യമാകയുള്ളൂ, എന്നതിനാലും, അപ്രകാരം ഈ അപകടഘട്ടത്തിൽ വിനിയോഗിക്കുന്നത് ഉചിതമല്ലാത്തതിനാലും, ചാരനെ അയച്ച് സൂക്ഷ്മമറിയുന്നതാകുന്നു ശരിയായ വഴി, എന്ന് തന്റെ അഭിപ്രായത്തെ പറയുന്നു. "സാദ്ധ്യം" എന്നു പറഞ്ഞതിൽനിന്ന് അംഗദന്റെ അഭിപ്രായപ്രകാരം പ്രവൃത്തിക്കുന്നതു "അസാദ്ധ്യം" ആണെന്ന് സൂചന. (ഗോ. രാ.)]

പ്രണിധായ ഹി ചാരേണ യഥാവത് സൂക്ഷ്മബുദ്ധിനാ
പരീക്ഷ്യ ച തതഃ കാൎയ്യോ യഥാന്യായ്യം പരിഗ്രഹഃ. 44

"സൂക്ഷ്മബുദ്ധിനാ	"നല്ല ബുദ്ധിശാലിയായ	പ്രണിധായ,	ഒരു നിശ്ചയത്തിലെത്തി,
ചാരേണ ഹി	ഒരു ചാരനെക്കൊണ്ടുതന്നെ	തതഃ	അതിന്നു ശേഷം
യഥാവത്	വഴിപോലെ	യഥാന്യായ്യം ച	ശരിയാണെന്നുള്ളപക്ഷംമാത്രം
പരീക്ഷ്യ	പരീക്ഷിച്ചറിഞ്ഞ്	പരിഗ്രഹഃ	സ്വീകാരം
		കാൎയ്യഃ."	ചെയ്യപ്പെടേണ്ടതാകുന്നു."

ജാംബവാംസ്ത്വഥ സംപ്രേക്ഷ്യ ശാസ്ത്രബുദ്ധ്യാ വിചക്ഷണഃ
വാക്യം വിജ്ഞാപയാമാസ ഗുണവദ്ദോഷവൎജ്ജിതം. 45

വിചക്ഷണഃ	സമർത്ഥനായ
ജാംബവാൻ,	ജാംബവാൻ,
ശാസ്ത്രബുദ്ധ്യാ	തർക്കബുദ്ധികൊണ്ട്
സംപ്രേക്ഷ്യ,	ആലോചിച്ച്,
അഥ	ഇപ്രകാരം

ദോഷവർജ്ജിതം	അപായരഹിതവും
ഗുണവത് തു	യുക്തിയുക്തവും ആയ
വാക്യം	വാക്യത്തെ
വിജ്ഞാപയാമാസ.	ഉണർത്തിച്ചു.

[മുൻപറഞ്ഞ രണ്ടഭിപ്രായങ്ങളിലും ശരിയായ വിശ്വാസത്തിന്ന് മതിയാകാത്തവയായ പല കാരണങ്ങളും സംഭവിപ്പാനിടയുള്ളതിനാലും, താഴെ ശ്ലോകത്തിൽ പറയുന്ന പ്രകാരം യുക്തികൊണ്ട് ആലോചിക്കുമ്പോഴും, അപായത്തിന്നിടവരുന്നക്കാവുന്നതുകൊണ്ട്, അപ്രകാരമുള്ള പരീക്ഷയ്യൊന്നും പോകാതെ ത്യജിക്കുന്നത് തന്നെയാണ് ഉചിതമായത് എന്ന അഭിപ്രായത്തെ പറയുന്നു.]

ബദ്ധവൈരാച്ച പാപാച്ച രാക്ഷസേന്ദ്രാദ്വിഭീഷണഃ
അദേശകാലേ സംപ്രാപ്തഃ സർവ്വഥാ ശങ്ക്യതാമയം. 46

"വിഭീഷണഃ	"വിഭീഷണൻ
ബദ്ധവൈരാത് ച	ജന്മശത്രുവും
പാപാത് ച	പാപിഷ്ഠനമായ
രാക്ഷസേന്ദ്രാത്	രാക്ഷസരാജാവിൻെറ അടുക്കൽ നിന്ന്

അദേശകാലേ	ദേശവും കാലവും നോക്കാതെ
സംപ്രാപ്തഃ;	വന്നു ചേൎന്നിരിക്കുന്നു;
സർവ്വഥാ	എന്തായാലും
അയം	ഇവൻ
ശങ്ക്യതാം.	സംശയിക്കപ്പെടേണ്ടതാണ്.

["അദേശകാലേ" (ശരിയല്ലാത്ത കാലത്തിലും ശാസ്ത്രവിരുദ്ധമായും) എന്ന് (പി. എസ്. കൃ);
"രാത്രിയിലാകയാൽ അകാലം," എന്നു (തീൎത്ഥീയം);
"തൻെറ സ്വാമിയുടെ ദേശത്തെവിട്ട് ശത്രുവിൻെറ സ്ഥലത്തിൽ വരികയാൽ 'അദേശ'വും, സ്വാമിക്ക് ആപത്ത് നേരിട്ടിരിക്കുന്ന സമയം ഉപേക്ഷിക്കുന്നത് ശരിയല്ലാത്തതിനാൽ 'അകാല'വും ആകുന്നു," എന്ന് (തിലകം).]

തതോ മൈന്ദസ്തു സംപ്രേക്ഷ്യ നയാപനയകോവിദഃ
വാക്യം വചനസംപന്നോ ബഭാഷേ ഹേതുമത്തരം. 47

തതഃ	അനന്തരം
നയാപനയകോവിദഃ	നീതി, അനീതി എന്നവയെ അറിയുന്നവനും,
വചനസംപന്നഃ ച	ഒരു കാൎയ്യത്തെപ്പററി പറയുന്നതിൽ സമർത്ഥനും ആയ

മൈന്ദഃ	മൈന്ദൻ,
സംപ്രേക്ഷ്യ	നന്നായാലോചിച്ച്
തു	ആസമയം
ഹേതുമത്തരം	കാരണയുക്തമായ
വാക്യം	അഭിപ്രായത്തെ
ബഭാഷേ.	ഇങ്ങിനെ അറിയിച്ചു.

വചനം നാമ തസ്യൈഷ രാവണസ്യ വിഭീഷണഃ
പൃച്ഛ്യതാം മധുരേണായം ശനൈർനരവരേശ്വര. 48

"നരവരേശ്വര!	"പുരുഷോത്തമ!
ഏഷഃ	ഈ
വിഭീഷണഃ,	വിഭീഷണൻ,
തസ്യ രാവണസ്യ	ആ രാവണനോട്
വചനം	പറഞ്ഞതിനെക്കുറിച്ച്

അയം നാമ	ഇവൻതന്നെ
മധുരേണ	പ്രിയമായും
ശനൈഃ	ഭംഗിയായും
പൃച്ഛ്യതാം.	(ദൂതൻമുഖേന) ചോദിച്ചറിയപ്പെടട്ടെ.

[താഴെ 59-ാം ശ്ലോകത്തിൽനിന്ന് 'ദൂതൻ മുഖേന' എന്നാകുന്നു ഇവിടെ അഭിപ്രായം എന്നുകാണാം].

ഭാവമസ്യ തു വിജ്ഞായ തതസ്തത്വം കരിഷ്യസി
യദി ദുഷ്ടോ ന ദുഷ്ടോ വാ ബുദ്ധിപൂർവ്വം നരർഷഭ. 49

"നരർഷഭ!	"പുരുഷശ്രേഷ്ഠ!	ന ദുഷ്ടഃ വാ	ദുഷ്ടനല്ലെന്നൊ
തതഃ	അതിൽനിന്ന്	യദി	കാണുന്നപോലെ
അസ്യ	ഇവൻെറ	ബുദ്ധിപൂർവ്വം തു	മനഃസാക്ഷിക്ക് യോജിച്ചപ്രകാരംതന്നെ
ഭാവം	മനോഭാവത്തെ	തത്വം	ന്യായമായുള്ളതിനെ
വിജ്ഞായ,	അറിഞ്ഞ്,	കരിഷ്യസി.	നിന്തിരുവടി ചെയ്താലും'
ദുഷ്ടഃ	ദുഷ്ടനാണെന്നൊ		

[ശരിയായ മനോഭാവത്തെ അറിയാതെ പറഞ്ഞയക്കുന്നതുകൊണ്ട്, വാസ്തവത്തിൽ ബന്ധുവായിരുന്നാൽ ഒരു വലുതായ സഹായം ഇല്ലാതാവുന്നതുകൊണ്ടും, ചാരാദി വിനിയോഗത്തിൽ അപായത്തിന്നു വഴിയുള്ളതുകൊണ്ടും, നേരിട്ട് ചോദിച്ചശേഷം, മനോഭാവത്തെ അറിഞ്ഞ് മനഃസാക്ഷിക്കൊത്തവണ്ണം ചെയ്യേണ്ടതാണെന്ന് സാരം].

അഥ സംസ്കാരസമ്പന്നോ ഹനുമാൻ സചിവോത്തമഃ
ഉവാച വചനം ശ്ലക്ഷ്ണമർത്ഥവന്മധുരം ലഘു. 50

അഥ	അതിൽപിന്നെ	അർത്ഥവത്	സാരയുക്തവും
സംസ്കാര- സമ്പന്നഃ,	സർവ്വശാസ്ത്രകുശലനും	മധുരം	പ്രിയവും
സചിവോത്തമഃ	സചിവോത്തമനുമായ	ലഘു	ദോഷരഹിതവും ആയ
ഹനുമാൻ,	ഹനുമാൻ,	വചനം	വാക്യത്തെ
ശ്ലക്ഷ്ണം	കാപട്യരഹിതവും	ഉവാച.	ഇപ്രകാരം ഉണർത്തിച്ചു.

ന ഭവന്തം മതിശ്രേഷ്ഠം സമർത്ഥം വദതാം വരം
അതിശായയിതും ശക്തോ ബൃഹസ്പതിരപി ബ്രുവൻ. 51

"മതിശ്രേഷ്ഠം	"ബുദ്ധിയിൽ എല്ലാവരേക്കാളും ഉത്തമനും,	ഭവന്തം,	നിന്തിരുവടിയെ,
വദതാം	അഭിപ്രായം ഉരചെയ്യുന്നവരിൽവെച്ച്	ബൃഹസ്പതിഃ	ബൃഹസ്പതിതന്നെ
വരം,	സർവ്വോത്തമനും,	ബ്രുവൻ അപി,	സംസാരിക്കുന്നതായാലും,
സമർത്ഥം	സർവ്വകുശലനും ആയ	അതിശായയിതും	കവിപ്പാൻ
		ന ശക്തഃ.	സാധിക്കുകയില്ല.

ന വാദാന്നാപി സംഘർഷാന്നാധിക്യാന്ന ച കാമതഃ
വക്ഷ്യാമി വചനം രാജൻ യഥാർത്ഥം രാമ ഗൌരവാത്. 52

"രാജൻ!	"രാജാവേ!	ഗൌരവാത് അപി	നിന്തിരുവടിയെക്കുറിച്ചുള്ള ബഹുമാനാധിക്യത്താൽ
രാമ!	ശ്രീരാമ!	വക്ഷ്യാമി;	ഞാൻ പറകയാണ്;
വചനം	ഒരുവാക്ക്	വാദാത് ന;	മററുള്ളവരുടെ അഭിപ്രായത്തെ ഖണ്ഡിക്കുന്നതിന്നായല്ല;
യഥാർത്ഥം	എനിക്ക് തോന്നുന്നപ്രകാരം		

സംഘർഷാത്	എല്ലാവരിലുംവെച്ച്	ആധിക്യാത്	ഏറിപ്പോയതുകൊണ്ടും
	യോഗ്യതവേണമെ	ന;	അല്ല;
	ന്നുള്ളതുകൊണ്ടും	കാമതഃ ച	പക്ഷപാതംകൊണ്ടും
ന;	അല്ല;	ന.	അല്ല.

അർത്ഥാനർത്ഥനിമിത്തം ഹി യദുക്തം സചിവൈസ്തവ
തത്ര ദോഷം പ്രപശ്യാമി ക്രിയാ ന ഹ്യുപപദ്യതേ. 53

"തവ	"നിന്തിരുവടിയുടെ	തത്ര ഹി	അതിലാണെങ്കിൽ
സചിവൈഃ	സുഹൃത്തുക്കളാൽ	ദോഷം	ദോഷത്തെ
അർത്ഥാനർത്ഥ-നിമിത്തം	ഗുണദോഷവിചാരത്തെക്കുറിച്ച്	പ്രപശ്യാമി;	ഞാൻ കാണുന്നു;
ഉക്തം	ഉരചെയ്യപ്പെട്ടത്	ക്രിയാ ഹി	ദണ്ഡന എന്നുള്ളതു
യത്	യാതൊന്നോ,	ഉപപദ്യതേ ന.	ശരിയായതല്ല.

["സചിവൈഃ" സുഗ്രീവനാൽ. (ആദരവുകൊണ്ടു് ബഹുവചനപ്രയോഗം). സുഗ്രീവൻ പറയുന്നപോലെ വധിച്ചുകളയുക എന്നത് ആപത്കരമാണ് എന്നു പറയുന്നു. (ഗോ. ര.)]

ഋതേ നിയോഗാത് സാമർത്ഥ്യമവബോദ്ധും ന ശക്യതേ. 54

"നിയോഗാത് ഋതേ	"ഒരു കാര്യത്തിൽ ഏർപ്പെടുത്തി നോക്കിയാലല്ലാതെ	സാമർത്ഥ്യം	തക്കതൊ അല്ലയോ എന്നതിനെ
		അവബോദ്ധും	ഗ്രഹിപ്പാൻ
		ന ശക്യതേ.	സാദ്ധ്യമല്ല.

സഹസാ വിനിയോഗോ ഹി ദോഷവാൻ പ്രതിഭാതി മാ. 55

"സഹസാ	"ആലോചിക്കാതെ	ദോഷവാൻ	ആപത്കരമാണെന്ന്
വിനിയോഗഃ ഹി	ഒരു കാര്യത്തിൽ ഏർപ്പെടുത്തുക എന്നതും	മാ	എനിക്ക്
		പ്രതിഭാതി.	തോന്നുന്നു.

[ഇങ്ങിനെ അംഗദന്റെ അഭിപ്രായം സാധുവല്ലെന്ന് പറഞ്ഞു.]

ചാരപ്രണിഹിതം യുക്തം യദുക്തം സചിവൈസ്തവ
അർത്ഥസ്യാസംഭവാത് തത്ര കാരണം നോപപദ്യതേ. 56

"തവ	"നിന്തിരുവടിയുടെ	അർത്ഥസ്യ അസംഭവാത്	(വിഭീഷണൻ അടുത്തുള്ളതിനാൽ) ചാരനെ അയക്കുന്നതിലുള്ള ആവശ്യം ഇല്ലെന്നുള്ളതു കൊണ്ട്,
സചിവൈഃ,	സുഹൃത്തുക്കളാൽ,		
'ചാര-പ്രണിഹിതം	'ചാരൻ അയക്കപ്പെടുക എന്നതാണ്		
യുക്തം,'	യുക്തമായത്,' എന്നുള്ള		
യത്	യാതൊന്ന്		
ഉക്തം	പറയപ്പെട്ടുവോ	തത്ര	ഈ സന്ദർഭത്തിൽ
കാരണം,	ആ ഉപായവും,	ഉപപദ്യതേ ന.	യോജിച്ചതല്ല.

[ദൂരെയുള്ള ശത്രുവിന്റെ ഗൂഢവർത്തമാനങ്ങളെ അറിവാനാണ് ചാരനെ പറഞ്ഞയയ്ക്കുന്നത്. ഇവിടെ വിഭീഷണൻ അടുത്തുതന്നെ ഉള്ളതുകൊണ്ടു് ചാരനെ അയക്കുന്നതും ശരിയല്ല, എന്നു സാരം. ഇങ്ങിനെ ശരഭമതത്തെ ഖണ്ഡിക്കുന്നു.]

അദേശകാലേ സംപ്രാപ്ത ഇത്യയം യദ്വിഭീഷണഃ
വിവക്ഷാ തത്ര മേഽസ്തീയം താം നിബോധ യഥാമതി
സ ഏഷ ദേശഃ കാലശ്ച ഭവതീതി യഥാ തഥാ. 57

"അയം	"ഈ	അസ്തി;	ഉണ്ടു്;
വിഭീഷണഃ	വിഭീഷണൻ	താം	അതിനെ
അദേശകാലേ	തക്ക കാലത്തിലും സ്ഥലത്തിലും അല്ല	നിബോധ;	ചെവിക്കൊണ്ടാലും;
സംപ്രാപ്തഃ	വന്നിരിക്കുന്നതു്	യഥാ തഥാ	പൂർവ്വാപരങ്ങളെ ആലോചിക്കുമ്പോൾ
ഇതി യത്,	എന്ന യാതൊന്നോ,	ഏഷഃ കാലഃ	ഈ തക്കകാലം എന്നു പറയുന്നതു്
തത്ര	അക്കാര്യത്തിൽ	യഥാ ഭവതി	എങ്ങിനെ സൌകര്യപ്പെടുന്നുവോ
യഥാമതി	എന്റെ സ്വല്പബുദ്ധിക്കൊത്തവണ്ണം	സഃ തഥാ;	അങ്ങിനെതന്നെയാണു് അതു്;
മേ വിവക്ഷാ	ഞാൻ അറിയിക്കേണ്ടതായി	ദേശഃ ച.	തക്ക ദേശവും അപ്രകാരംതന്നെ.
ഇതി ഇയം	ഇങ്ങിനെ ഒരഭിപ്രായം		

[തിട്ടക്കമായിട്ടുള്ള കാര്യങ്ങൾ വരുമ്പോൾ ദേശകാലങ്ങളെ നോക്കിനില്ക്കേണ്ടതായ ആവശ്യമില്ല; ദേശകാലങ്ങൾ ഏതേത് സൌകര്യപ്പെടുന്നുവോ, അതാതിനെ വിനിയോഗിച്ചുകൊള്ളേണ്ടതാണ്, എന്നു സാരം ഇങ്ങിനെ ജാംബവാൻ പറഞ്ഞതിനുള്ള തന്റെ അഭിപ്രായത്തെ പറയുന്നു].

പുരുഷാത് പുരുഷം പ്രാപ്യ തഥാ ദോഷഗുണാവപി
ദൌരാത്മ്യം രാവണേ ദൃഷ്ട്വാ വിക്രമം ച തഥാ ത്വയി
യുക്തമാഗമനം തസ്യ സദൃശം തസ്യ ബുദ്ധിതഃ. 58

"രാവണേ	"രാവണങ്കൽ	ദൃഷ്ട്വാ	കണ്ടറിഞ്ഞു്
ദൌരാത്മ്യം ച	ദുഷ്ടസ്വഭാവത്തേയും	പുരുഷാത്	അല്പനായ രാവണനെ വിട്ടു്
തഥാ	അപ്രകാരംതന്നെ	പുരുഷം പ്രാപ്യ	പരമപുരുഷനായ നിന്തിരുവടിയെ വരിച്ചു്
ത്വയി	നിന്തിരുവടിയുടെ അടുക്കൽ	ആഗമനം	വന്നുചേരുക എന്നതു്
വിക്രമം	ശരണാഗതന്മാരെ കാത്തരുളുവാൻ തക്ക പരാക്രമത്തേയും	തസ്യ	അദ്ദേഹത്തിന്നു്
തഥാ	അപ്രകാരംതന്നെ	യുക്തം	യോജിച്ചതും
ദോഷഗുണൌ അപി	താൻ ചെയ്വാൻപോകുന്നതായ കാര്യത്തിലുള്ള ദോഷത്തേയും ഗുണത്തേയും	തസ്യ	അദ്ദേഹത്തിന്റെ
		ബുദ്ധിതഃ	ബുദ്ധിക്കു്
		സദൃശം.	സദൃശമായതുംതന്നെ.

[“ദൌരാത്മ്യം” (രാക്ഷസകുലവിനാശഹേതുഭൂതമായ സീതാപഹരണം, തത് പ്രത്യർപ്പണവൈമുഖ്യം മുതലായത്); “വിക്രമം” (ഖരദൂഷണാദിവധം, ബാലിവധപൂർവ്വകം സുഗ്രീവന്നു് രാജ്യപ്രദാനം മുതലായവ എന്നു് (ഗോ. ൨൦)].

അജ്ഞാതരൂപൈഃ പുരുഷൈഃ സ രാജൻ പൃച്ഛ്യതാമിതി
യദുക്തമത്ര മേ പ്രേക്ഷാ കാചിദസ്തി സമീക്ഷിതാ. 59

"രാജൻ!	"സ്വാമി!
സഃ	ആ വിഭീഷണൻ
അജ്ഞാതരൂപൈഃ	മുമ്പ് കണ്ടുപരിചയമില്ലാത്ത
പുരുഷൈഃ	ദൂതന്മാരാൽ
പൃച്ഛ്യതാം ഇതി	ചോദിക്കപ്പെടട്ടെഎന്ന്
യത്	യാതൊന്ന്
ഉക്തം,	പറയപ്പെട്ടുവോ,
അത്ര സമീക്ഷിതാ	ഇക്കാര്യത്തിൽ ആലോചിച്ചുറയ്ക്കപ്പെട്ടതായ
മേ പ്രേക്ഷാ	എന്റെ അഭിപ്രായം
കാചിത് അസ്തി	ഒന്നുണ്ട്.

പൃച്ഛ്യമാനോ വിശങ്കേത സഹസാ ബുദ്ധിമാൻ വചഃ
തത്ര മിത്രം പ്രദുഷ്യേത മിഥ്യാ പൃഷ്ടം സുഖാഗതം. 60

"ബുദ്ധിമാൻ	"ബുദ്ധിമാനായ ഒരുവൻ
സഹസാ	പെട്ടെന്ന്
പൃച്ഛ്യമാനഃ	ചോദ്യംചെയ്യപ്പെടുന്നവനായി
വചഃ	ആ ചോദ്യത്തെക്കുറിച്ച്
വിശങ്കേത;	ശങ്ക കയ്ക്കൊള്ളുന്നതാണ്;
തത്ര,	അപ്രകാരമായാൽ,
സുഖാഗതം	നല്ല ഉദ്ദേശത്തോടുകൂടി വന്നവനായ
മിത്രം	ഒരു മിത്രൻ
മിഥ്യാ	വിപരീതമായ
പൃഷ്ടം,	ചോദ്യം ഹേതുവാൽ,
പ്രദുഷ്യേത.	ആപത്തിൽപെട്ട് നശിപ്പാനിടയാകുന്നു.

[ചോദ്യത്തിൽ ശങ്കപൂണ്ട് ശരിയായ ഉത്തരം പറയാത്തതുകൊണ്ട് ശത്രുവാണെന്ന് ശങ്കിക്കപ്പെടുകയും തന്മൂലം നശിപ്പാനിടയാകയും ചെയ്യുന്നു, എന്നു സാരം.]

അശക്യഃ സഹസാ രാജൻ ഭാവോ വേത്തും പരസ്യ വൈ
അന്തഃസ്വഭാവൈർഗീതൈസ്തൈർനൈപുണ്യം പശ്യതാ ഭൃശം. 61

"രാജൻ!	"സ്വാമിൻ!
ഭൃശം നൈപുണ്യം	എത്രയോ വലുതായ കാര്യങ്ങളിൽപരിചയിച്ച്
പശ്യതാ വൈ	അറിവുവന്നവനായാലും ഒരുവന്
അന്തഃസ്വഭാവൈഃ	അകത്തുള്ളതിനെ മറച്ചുവെപ്പാൻ കഴിവുള്ള
തൈഃ ഗീതൈഃ	അപ്രകാരമുള്ള വാക്കുകൾ കാരണം
പരസ്യ	അന്യന്റെ
ഭാവഃ	മനോഗതത്തെ
സഹസാ	ബദ്ധപ്പെട്ട്
വേത്തും	അറിവാൻ
അശക്യഃ.	സാദ്ധ്യമാകുന്നതല്ല.

ന ത്വസ്യ ബ്രുവതോ ജാതു ലക്ഷ്യതേ ദുഷ്ടഭാവതാ
പ്രസന്നം വദനം ചാപി തസ്മാന്മേ നാസ്തി സംശയഃ. 62

"അസ്യ ബ്രുവതഃ തു ജാതു	"ഈ വിഭീഷണൻ സംസാരിക്കുമ്പോൾതന്നെ ഒരിക്കലെങ്കിലും
ദുഷ്ടഭാവതാ ച	അകത്തും പുറത്തും വ്യത്യാസമുള്ള മാതിരി വല്ല ഭാവവും
ന ലക്ഷ്യതേ;	കാണപ്പെടുന്നില്ല;
വദനം അപി പ്രസന്നം;	മുഖവും ഒന്നിനേയും ഒളിക്കാത്തവിധം പ്രസന്നമായിരിക്കുന്നു;
തസ്മാത്	ആകയാൽ
സംശയഃ	ആപത്തുഃനേന്േക്കമെന്നുള്ള ശങ്ക
മേ	എനിക്ക്
അസ്തി ന.	ഉണ്ടാകുന്നില്ല.

അശങ്കിതമതിഃ സ്വസ്ഥോ ന ശഠഃ പരിസർപ്പതി
ന ചാസ്യ ദുഷ്ടാ വാൿ ചാപി തസ്മാന്നാസ്തീഹ സംശയഃ. 63

"ശഠഃ	"വഞ്ചകനായ ഒരുവൻ	അസ്യ	ഇദ്ദേഹത്തിന്റെ
അശങ്കിതമതിഃ	ഉദ്ദേശത്തെക്കുറിച്ച് ശങ്കയററവനായി	വാൿ അപി,	വാക്കും
		ദുഷ്ടാ ച ന;	കോട്ടമററതായുമിരിക്കുന്നു;
സ്വസ്ഥഃ	കാര്യം സാധിക്കുമെന്ന വിശ്വാസത്തോടുകൂടിയവനായി	തസ്മാത്	ആകയാൽ
		ഇഹ	ഇക്കാര്യത്തിൽ
പരിസർപ്പതി ന;	ധൈര്യത്തോടെ അടുക്കുകയില്ല;	സംശയഃ ച	ആപത്തിനും
		ന അസ്തി.	ഒട്ടും വഴിയില്ല.

ആകാരശ്ഛാദ്യമാനോऽപി ന ശക്യോ വിനിഗ്ഗൂഹിതും
ബലാദ്ധി വിവൃണോത്യേവ ഭാവമന്തർഗ്ഗതം നൃണാം 64

"ആകാരഃ	"മുഖഭാവം എന്നത്	നൃണാം	മനുഷ്യരുടെ
ഛാദ്യമാനഃ അപി	എത്ര മറച്ചുവെക്കപ്പെട്ടാലും	അന്തർഗ്ഗതം	അന്തരത്തിൽ ഉള്ള
		ഭാവം	ഭാവത്തെ
വിനിഗ്ഗൂഹിതും	മററുള്ളവർ ഗ്രഹിക്കാതിരിക്കത്തക്കവിധം ഒളിപ്പാൻ	ബലാത് ഹി	വല്ലപ്രകാരത്തിലും
ശക്യഃ ന;	സാദ്ധ്യമല്ല;	വിവൃണോതി ഏവ.	വെളിവാക്കുകതന്നെ ചെയ്യുന്നു.

ദേശകാലോപപന്നം ച കാര്യം കാര്യവിദാം വര
സഫലം കുരുതേ ക്ഷിപ്രം പ്രയോഗേണാഭിസംഹിതം 65

"കാര്യവിദാം വര!	"കാര്യങ്ങളുടെ തത്വം ഗ്രഹിക്കുന്നവരിൽവെച്ച് ഉത്തമനായുള്ളോവേ!	പ്രയോഗേണ	പ്രവൃത്തിയോടു
		അഭിസംഹിതം ച	ചേർന്നതായ
		കാര്യം,	ഒരു കാര്യം
ദേശകാലോപപന്നം	പ്രമാണങ്ങൾക്കും തക്ക കാലത്തിനും ഉപയുക്തമായ	സഫലം	അതിന്റെ ഫലത്തെ
		ക്ഷിപ്രം	താമസിയാതെ
		കുരുതേ.	നൽകുന്നു.

ഉദ്യോഗം തവ സംപ്രേക്ഷ്യ മിത്ഥ്യാവൃത്തം ച രാവണം
വാലിനശ്ച വധം ശ്രുത്വാ സുഗ്രീവം ചാഭിഷേചിതം. 66
അമർഷീ ഭ്രാതരം ത്യക്ത്വാ ഭവന്തം ശരണം ഗതഃ
ദേശകാലോപപന്നശ്ച തത്കുലീനശ്ച രാക്ഷസഃ. 67
രാജ്യം പ്രാർത്ഥയമാനശ്ച ബുദ്ധിപൂർവ്വമിഹാഗതഃ. 68

"ദേശകാലോപപന്നഃ	"ശാസ്ത്രവിധികളേയും അവയ്ക്കേററ കാലത്തേയും പററി അറിവുള്ളവനും	തത്കുലീനഃ ച,	നല്ല അഭിജാത്യമുള്ളവനും ആയ
		രാക്ഷസഃ,	ഈ രാക്ഷസനായ വിഭീഷണൻ,

വാലിനഃ	ബാലിയുടെ
വധം ച	വധത്തെക്കുറിച്ചും
സുഗ്രീവം	സുഗ്രീവൻ
അഭിഷേചിതം ച	വാഴിക്കപ്പെട്ടതിനെക്കുറിച്ചും
ശ്രുത്വാ	കേട്ട്
തവ	നിന്തിരുവടിയുടെ
ഉദ്യോഗം ച,	പരിശ്രമത്തിൻെറ ഉദ്ദേശത്തേയും
സംപ്രേക്ഷ്യ ച	നന്നായി ധരിച്ച്,
രാവണം	രാവണനെ
മിഥ്യാവൃത്തം ച,	അധൎമ്മാചാരയുക്തനായും കണ്ട്,
അമൎഷീ	ധൎമ്മബുദ്ധിപൂണ്ട്
രാജ്യം	രാജ്യത്തിൻെറ നിലനില്പിനെ
പ്രാൎത്ഥയമാനഃ,	കാംക്ഷിക്കുന്നവനായി
ഭ്രാതരം	തൻെറ ജ്യേഷ്ഠനെ
ത്യക്ത്വാ,	ഉപേക്ഷിച്ച്,
ബുദ്ധിപൂൎവ്വം	കപടബുദ്ധിയില്ലാതെ തന്നെ
ഭവന്തം	നിന്തിരുവടിയെ
ശരണം ഗതഃ	ശരണമായി കയ്ക്കൊണ്ട്
ഇഹ	ഇവിടെ
ആഗതഃ.	വന്നിരിക്കുന്നു.

[സുന്ദരകാണ്ഡം 37-ാം സൎഗ്ഗത്തിൽ "വിഭീഷണേന ച ഭ്രാത്രാ മമ നിൎയ്യാതനം പ്രതി അനുനീതഃ പ്രയത്നേന ന ച തത് കുരുതേ മതിം" എന്ന് വിഭീഷണൻ രാവണനോട് ധൎമ്മബുദ്ധി ഉപദേശിച്ചതായി അനലമുഖാന്തരം കേട്ട് സീത പറഞ്ഞിട്ടുള്ളതിൽനിന്നും ത്രിജടയുടെ വാക്യത്തിൽനിന്നും മററും ഹനുമാന്ന്, വിഭീഷണനെക്കുറിച്ച് മുമ്പുതന്നെ വിശ്വാസം ഉണ്ടായിരുന്നിരിക്കണം അതിനാലാണ് ഇത്രയും ഉറപ്പോടുകൂടി പറയുന്നത് എന്നും വിചാരിപ്പാനിടയുണ്ട്. ലങ്കാദഹനസമയത്തിൽ വിഭീഷണൻെറ ഗൃഹത്തെമാത്രം ഒഴിക്കുന്നതും കാണുക. ദൂതൻ അവദ്ധ്യനാണ് എന്ന് രാവണനോട് തന്നെക്കുറിച്ച് ഉപദേശിച്ചതും, വിഭീഷണൻെറ ധൎമ്മബുദ്ധിയെക്കുറിച്ച് ഹനുമാന്ന് നേരിട്ടറിവുള്ള ഒരു സംഗതിയാണ്.]

ഏതാവത്തു പുരസ്കൃത്യ യുജ്യതേ ത്വസ്യ സംഗ്രഹഃ
യഥാശക്തി മയോക്തം തു രാക്ഷസസ്യാൎജ്ജവം പ്രതി
ത്വം പ്രമാണം തു ശേഷസ്യ ശ്രുത്വാ ബുദ്ധിമതാം വര. 69

"ഏതാവത്	"ഇതെല്ലാററിനേയും
തു	ഇപ്പോൾ
പുരസ്കൃത്യ,	തിരുവുള്ളത്തിൽ കൊണ്ട്,
അസ്യ സംഗ്രഹഃ തു,	ഈ വിഭീഷണനെ അംഗീകരിക്കുന്നതുതന്നെയാണ്
യുജ്യതേ;	യുക്തമായിട്ടുള്ളത്;
രാക്ഷസസ്യ	രാക്ഷസനായ ഇദ്ദേഹത്തിൻെറ
ആൎജ്ജവം പ്രതി,	നിഷ്കാപട്യത്തെക്കുറിച്ച്
യഥാശക്തി	എൻെറ അല്പബുദ്ധിയെത്തിയപോലെ
മയാ	എന്നാൽ
ഉക്തം;	ഉണൎത്തിക്കപ്പെട്ടതാണ്;
ബുദ്ധിമതാം വര!	അഭിജ്ഞോത്തമ!
ശ്രുത്വാ തു,	ഇതിനെ നിരൂപിച്ച്,
തു	ഇക്കാൎയ്യത്തിൽ
ശേഷസ്യ	മേൽ വേണ്ടുന്നതിന്ന്
ത്വം തു	നിന്തിരുവടിതന്നെയാണ്
പ്രമാണം.	സൎവ്വാധികാരിയായുള്ളത്.

ഇത്യാൎഷേ ശ്രീമദ്രാമായണേ വാല്മീകീയേ ആദികാവ്യേ യുദ്ധകാണ്ഡേ
സപ്തദശഃ സൎഗ്ഗഃ = പതിനേഴാംസൎഗ്ഗം സമാപ്തം.

ആദ്യം മുതൽ ശ്ലോകസംഖ്യ 15254; യുദ്ധകാണ്ഡം ആദ്യം മുതൽ ശ്ലോകസംഖ്യ 579.

അഷ്ടാദശഃ സൎഗ്ഗഃ = പതിനെട്ടാം സൎഗ്ഗം.

[വിഭീഷണസംഗ്രഹനിൎണ്ണയഃ = വിഭീഷണനെ അംഗീകരിപ്പാൻ നിശ്ചയിക്കുന്നത്.]

അഥ രാമഃ പ്രസന്നാത്മാ ശ്രുത്വാ വായുസുതസ്യ ഹ
പ്രത്യഭാഷത ദുൎദ്ധൎഷഃ ശ്രുതവാനാത്മനി സ്ഥിതം. 1

അഥ	ആ സമയം	വായുസുതസ്യ	ഹനുമാന്റെ
പ്രസന്നാത്മാ	കാരുണ്യഹൃദയനും	സ്ഥിതം	അന്തരംഗമായ അഭി
ശ്രുതവാൻ	വേദമൂൎത്തിയും	ശ്രുത്വാ,	കേട്ട്, [പ്രായത്തെ
ദുൎദ്ധൎഷഃ	ന്യായരഹിതമായതി	ആത്മനി	തിരുവുള്ളത്തിൽ
	നെ ചെയ്യാത്തവനും	പ്രത്യഭാഷത.	ഉത്തരമായരുളി.
രാമഃ,	ശ്രീരാമൻ, [ആയ	ഹ!	കാൺ!

മമാപി തു വിവക്ഷാഽസ്തി കാചിത് പ്രതി വിഭീഷണം
ശ്രോതുമിച്ഛാമി തത്സൎവ്വം ഭവദ്ഭിഃ ശ്രേയസി സ്ഥിതൈഃ. 2

"മമ അപി	"എനിക്കും	തത് സൎവ്വം,	അതിനെക്കുറിച്ചെല്ലാം,
വിഭീഷണം പ്രതി	വിഭീഷണനെക്കുറിച്ച്	ശ്രേയസി	നന്മയിൽ തന്നെ
		സ്ഥിതൈഃ	വൎത്തിക്കുന്നവരായ
കാചിത് വിവക്ഷാ	ഗൂഢമായ ഒരു അഭിപ്രായം	ഭവദ്ഭിഃ തു	നിങ്ങളാലും
		ശ്രോതും	അറിയപ്പെടുവാൻ
അസ്തി;	ഉണ്ട്;	ഇച്ഛാമി.	ഞാൻ ആഗ്രഹിക്കുന്നു.

മിത്രഭാവേന സംപ്രാപ്തം ന ത്യജേയം കഥഞ്ചന
ദോഷോ യദ്യപി തസ്യ സ്യാത് സതാമേതദഗൎഹിതം. 3

"മിത്രഭാവേന	"സുഹൃദ്ഭാവത്തോടെ	അപി;	അപ്രകാരം തന്നെ
സംപ്രാപ്തം	വന്ന ഒരുവനെ		ഉപേക്ഷിക്കുകയില്ല;
കഥഞ്ചന	ഒരു കാരണത്താലും	ഏതത്	ഇതുതന്നെയാണ്
ന ത്യജേയം;	ഞാൻ കൈവിടുകയി	സതാം	മഹാന്മാരുടെ
തസ്യ	അവന്ന് [ല്ല;		നിന്ദയ്ക്കു പാത്രീഭവിക്കാ
ദോഷഃ അപി	ദോഷം തന്നെ	അഗൎഹിതം."	തിരിക്കുന്നതായ അനു
സ്യാത് യദി	ഉണ്ടെന്നാലും കൂടി		ഷ്ഠാനം."

[സുഗ്രീവാംഗദാദികൾ ദോഷയുക്തനാണ് വിഭീഷണൻ എന്നു പറഞ്ഞു. ഹനുമാൻ ദോഷവാനല്ലെന്നും പറഞ്ഞു. രണ്ടുപക്ഷത്തേയും വിചാരിക്കാതെ ദോഷയുക്തനെന്നാലുംകൂടി ശരണാഗതനായി വന്നവനെ പരിത്യജിക്കയില്ല എന്ന് പറയുന്നു.

"മിത്രഭാവേന":— (വിരോധഭാവമില്ലാതെയുള്ള വിശ്വാസം) "വിദിതഃ സ ഹി ധൎമ്മജ്ഞഃ ശരണാഗതവത്സലഃ തേന മൈത്രീ ഭവതു തേ" എന്നു പറഞ്ഞമാതിരി ശരണാഗതരക്ഷകനാണെന്നുള്ള വിശ്വാസംതന്നെയാകുന്നു മിത്രഭാവം. "രാഘവം ശരണം ഗതഃ," "സൎവ്വലോകശരണ്യായ രാഘവായ നിവേദയത്" എന്നിത്യാദിയായ വിഭീഷണവാക്യത്തിൽനിന്ന് വിഭീഷണൻ ശരണാഗതനാകയാൽ അപരിത്യാജ്യനാകുന്നു എന്ന് ഭാവം. എന്നു മാത്രമല്ല, "ദോഷോ യദ്യപി" എന്നു പറ

സുഗ്രീവസ്ത്വഥ തദ്വാക്യമാഭാഷ്യ ച വിമൃശ്യ ച
തതഃ ശുഭതരം വാക്യമുവാച ഹരിപുംഗവഃ. 4

അഥ	അപ്പോൾ	ആഭാഷ്യ ച,	അതിനെക്കുറിച്ച് ഒന്നു ണൎത്തിപ്പാനുള്ളതായി പറഞ്ഞ്,
ഹരിപുംഗവഃ	വാനരവരനായ	തതഃ	അതിൽപിന്നെ
സുഗ്രീവഃ,	സുഗ്രീവൻ,	ശുഭതരം	തന്റെ യോഗ്യതയ്ക്കനുസരിച്ചതായ
തദ്വാക്യം തു	അദ്ദേഹത്തിന്റെ വാക്യത്തെക്കുറിച്ച്	വാക്യം	വാക്കിനെ
വിമൃശ്യ ച,	ആലോചിച്ചു ശേഷം,	ഉവാച.	ഇപ്രകാരം ഉരചെയ്തു.

ഞത്തിൽനിന്ന്, "കേവലം ബാഹ്യമായ ഭാവത്തോടുകൂടിമാത്രം, ആന്തരമായല്ലെന്നാലും," എന്നു താല്പൎയ്യം.

അഥവാ, "സംപ്രാപ്തം" (എന്റെ അടുക്കൽ ആഗതനായവനെ) മിത്രഭാവം കൈക്കൊണ്ട് ഞാൻ പരിത്യജിക്കയില്ല എന്നുമാം.

"സംപ്രാപ്തം":— "പരിത്യക്താ മയാ ലങ്കാ മിത്രാണി ച ധനാനി ച" എന്നിപ്രകാരം വിരോധനിവൃത്തിപൂൎവ്വകം പ്രാപ്തനായ; എങ്കൽ മാതാപിതൃാദിസകലവിധ ബന്ധുഭാവനയേയും കൈക്കൊണ്ടുവന്നവനായ; എന്റെ അന്തരംഗാനുചരന്മാരായ നിങ്ങളെ പുരസ്കരിച്ച് വന്നവനായ് സ്തുത്യൎച്ചനധ്യാനപ്രണാമാദിയില്ലാതെ കേവലം പ്രാപിക്കുകമാത്രം ചെയ്തവനെന്നാലും അപ്രകാരമുള്ള; ലങ്കയിൽവെച്ചുതന്നെ ഇപ്പോൾ ശരണാഗതനായിരുന്നാൽ എനിക്ക് അവിടെ എത്തേണ്ടിവന്നിരിക്കുന്നതുകൊണ്ട് ആ ബുദ്ധിമുട്ടിന്നിടവരുത്താതെ ഇവിടെത്തന്നെ പ്രാപ്തനായ; സമ്യക്കാകുംവണ്ണം (മാനസവാചികകായികരൂപമായ പൂൎണ്ണപ്രപത്തിയോടുകൂടി) വന്നവനായ; "തസ്മാദപി വദ്ധ്യം പ്രപന്നം ന പ്രതിപ്രയച്ഛന്തി" എന്ന ശ്രുതിവാക്യപ്രകാരം വദ്ധ്യനാണെന്നാലുംകൂടി പ്രപന്നനായവനെ പരിത്യജിക്കരുത് എന്നു ശ്രുതിവാക്യം.

"ന ത്യജേയം":—എനിക്ക് ത്യജിപ്പാൻ ശക്തിയില്ല; ആഗമനമാത്രംകൊണ്ട് ശ്ലാഘനീയനായിരിക്കെ, എങ്ങിനെ പരിത്യജിക്കും; യാതൊരുവന്റെ സംബന്ധംകൊണ്ട് രാവണാവിഷയപ്രാപ്തിയെ ഞാൻ കാംക്ഷിക്കുന്നുവോ അപ്രകാരമുള്ളവനെ ഞാൻതന്നെ എങ്ങിനെ പരിത്യജിക്കും.

"കഥഞ്ചന":—സൎവ്വദേശസൎവ്വകാലസൎവ്വാവസ്ഥകളിലും; ഗുണമില്ലെന്നാലും ദോഷംതന്നെ ഉണ്ടെന്നാലും; സുഹൃത്തുക്കളായ നിങ്ങൾ വിരോധിച്ചാലും; ദൃഷ്ടാദൃഷ്ടങ്ങളായ അനിഷ്ടശതങ്ങൾ ഉണ്ടായാലും; എന്റെ പ്രാണത്യാഗം വേണ്ടിവന്നാലും.

"ദോഷോ യദ്യപി തസ്യ സ്യാത്":—എന്റെ അഭിപ്രായത്തിൽ ദോഷമൊന്നുംതന്നെ അവങ്കൽ ഞാൻ കാണുന്നില്ല, അങ്ങിനെ ഉണ്ടെന്നാലും; ശരണാഗതനെന്ന കാരണത്താൽ, "യഥൈഷീകാതൂലമഗ്നൌ പ്രോതം പ്രദൂയേത ഏവം ഹ അസ്യ സൎവ്വേ പാപ്മാനഃ പ്രദൂയന്തേ," എന്ന ശ്രുതിവാക്യപ്രകാരം ദോഷംതന്നെ അവങ്കൽ നില്ക്കാതിരിക്കുന്നതുകൊണ്ട്; ദോഷമുണ്ടെന്നുള്ള കാരണംകൊണ്ടുതന്നെ ശ്ലാഘനായ—(ഗുണവാനെ സ്വീകരിക്കുന്നത് സാധാരണമാകയാൽ അതിൽ യശസ്സിന്നവകാശമില്ല; ദോഷവാനേയുംകൂടി കൈവെടിയാതിരിക്കുന്നതുതന്നെ യശസ്യം എന്നുള്ള കാരണത്താൽ ശ്ലാഘ്യനായ, എന്നു സാരം);

"സതാം ഏതത് അഗൎഹിതം":—ഈ ആശ്രിതജനദോഷാംഗീകരണം സജ്ജനസമ്മതമാകുന്നു; താഴെ 24 മുതൽ ശ്ലോകങ്ങളിൽ പറയുന്ന കപോതോപാഖ്യാനം കാണുക; എങ്കൽ പക്ഷപാതബുദ്ധ്യാ നോക്കുന്നവരായ നിങ്ങൾക്ക് ദോഷവത്തായി തോന്നിയാലും പരമാൎത്ഥദൎശികൾക്ക് സ്വീകാൎയ്യമാകുന്നു; ദുഷ്ടജനപരിത്യാഗം സാമാന്യജനത്തെ ഉദ്ദേശിച്ചു പറഞ്ഞതാകയാൽ, വാസ്തവത്തിൽ സത്തുക്കളായവൎക്ക് ദോഷയുക്തജനസ്വീകാരം, "വദ്ധ്യം പ്രപന്നം" എന്നിത്യാദി ശ്രുതിവാക്യങ്ങളാൽ, വിശേഷധൎമ്മമാകുന്നു. (ഗോ. രാ. തനി.)]

സുദുഷ്ടോ വാഽപ്യദുഷ്ടോ വാ കിമേഷ രജനീചരഃ. 5

“ഏഷഃ	“ഇവൻ	സുദുഷ്ടഃ വാ കിം അപി?	അതിദുഷ്ടനായാലെന്ത്?
രജനീചരഃ;	രാക്ഷസനാകുന്നു;	അദുഷ്ടഃ വാ?	ദുഷ്ടനല്ലെന്നാലെന്ത്?

ഈദൃശം വ്യസനം പ്രാപ്തം ഭ്രാതരം യഃ പരിത്യജേത്
കോ നാമ സ ഭവേത് തസ്യ യമേഷ ന പരിത്യജേത്. 6

“യഃ	“യാതൊരുവൻ	ഏഷഃ	ഇവൻ
ഈദൃശം	ഇപ്രകാരം	യം	യാതൊരുവനെ
വ്യസനം	ആപത്തിൽ	ന പരിത്യജേത്	ത്യജിക്കയില്ലയോ
പ്രാപ്തം	പെട്ടിരിക്കുന്നവനായ	സഃ	അങ്ങിനെയുള്ള ഒരുവൻ,
ഭ്രാതരം	തന്റെ ജ്യേഷ്ഠനെ	കഃ നാമ	ആർ തന്നെയാണ്
പരിത്യജേത്,	കൈവെടിയുന്നുവോ,	ഭവേത്?”	ഉണ്ടാവുക?”
തസ്യ,	അപ്രകാരമുള്ള ഇവന്ന്,		

[ജ്യേഷ്ഠനെ ത്യജിച്ച ഇവൻ എല്ലാവരേയും ത്യജിക്കുന്നതാണ്. ഇവനെ വിശ്വസിക്കരുത്, എന്ന് സാരം.]

വാനരാധിപതേർവാക്യം ശ്രുത്വാ സർവ്വാനുദീക്ഷ്യ ച
ഈഷദുത്സ്മയമാനസ്തു ലക്ഷ്മണം പുണ്യലക്ഷണം
ഇതി ഹോവാച കാകുത്സ്ഥോ വാക്യം സത്യപരാക്രമഃ. 7

സത്യപരാക്രമഃ	അചഞ്ചല പൌരുഷയുക്തനായ	ഈഷത്- ഉത്സ്മയമാനഃ,	അവൻ തന്റെ ശക്തിയെ ശരിയായി ധരിച്ചിട്ടില്ലെന്നുള്ള ഭാവത്തിൽ അല്പം പുഞ്ചിരി തൂകിക്കൊണ്ട്,
കാകുത്സ്ഥഃ	ശ്രീരാമൻ		
വാനരാധിപതേഃ	വാനരാധിപന്റെ		
വാക്യം	വാക്ക		
ശ്രുത്വാ,	കേട്ട്,	സർവ്വാൻ ച ഉദീക്ഷ്യ,	എല്ലാവരേയും നോക്കി
പുണ്യലക്ഷണം	പുണ്യമൂർത്തിയായ		
ലക്ഷ്മണം	ലക്ഷ്മണനെ നോക്കി,	ഇതി	ഇപ്രകാരം
തു	സുഗ്രീവൻ പറഞ്ഞതിനെക്കുറിച്ച്	വാക്യം	വാക്യത്തെ
		ഉവാച ഹ!	അരുളിച്ചെയ്തു, കണ്ടാലും!

അനധീത്യ ച ശാസ്ത്രാണി വൃദ്ധാനനുപസേവ്യ ച
ന ശക്യമീദൃശം വക്തും യദുവാച ഹരീശ്വരഃ. 8

“ഹരീശ്വരഃ	“വാനരാധിപൻ	അനധീത്യ ച,	അദ്ധ്യയനം ചെയ്യാതെയും,
യത്	യാതൊന്ന്	വൃദ്ധാൻ	മഹാന്മാരെ
ഉവാച,	ഉരചെയ്തുവൊ,	അനുപസേവ്യ ച,	ആശ്രയിക്കാതെയും,
ഈദൃശം	ഇപ്രകാരമുള്ള വാക്ക്	വക്തും	പറയുന്നതിന്ന്
ശാസ്ത്രാണി	ശാസ്ത്രങ്ങളെ	ന ശക്യം.	സാദ്ധ്യമല്ല.

അസ്തി സൂക്ഷ്മതരം കിംചിത് യദത്ര പ്രതിഭാതി മേ
പ്രത്യക്ഷം ലൌകികം വാഽപി വിദ്യതേ സർവ്വരാജസു. 9

“മേ	“എനിക്ക്	സൂക്ഷ്മതരം അസ്തി;	വളരെ സൂക്ഷ്മമായുള്ളതാണ്;
അത്ര	ഇക്കാര്യത്തെക്കുറിച്ച്	സർവ്വരാജസു	എല്ലാരാജാക്കന്മാരിലും,
പ്രതിഭാതി	തോന്നുന്നത്	ലൌകികം	ലോകസാധാരണമായി
യത്	യാതൊന്നോ, അപ്രകാരമുള്ള	പ്രത്യക്ഷം വാ അപി	പ്രത്യക്ഷാനുഭവമായുള്ള ഇപ്പറയുന്ന സംഗതി
കിംചിത്,	ചിലത്,	വിദ്യതേ.	കാണപ്പെടുന്നുണ്ട്.

അമിത്രാസ്തത്കുലീനാശ്ച പ്രാതിദേശ്യാശ്ച കീർത്തിതാഃ
വ്യസനേഷു പ്രഹർത്താരസ്തസ്മാദയമിഹാഗതഃ. 10

“തത്കുലീനാഃ ച	“ജ്ഞാതികളും	അമിത്രാഃ	ശത്രുക്കളാണെന്ന്
		കീർത്തിതാഃ;	പറയപ്പെട്ടിരിക്കുന്നു;
പ്രാതിദേശ്യാഃ ച,	അയൽദേശക്കാരും,	തസ്മാത്	അതിനാൽ
		അയം	ഇവൻ
വ്യസനേഷു	ആപത്തുകളിൽ	ഇഹ	ഇവിടെ
പ്രഹർത്താരഃ	ദ്രോഹം ചെയ്യുന്ന	ആഗതഃ.	ആഗതനായിരിക്കുന്നു.

[ഒരു രാജാവിന്ന് ബുദ്ധിമുട്ടുകൾ നേരിടുന്ന സമയത്തിൽ, തന്റെ ജ്ഞാതികളും അയൽദേശരാജാക്കന്മാരും, തനിക്ക് വിരോധികളായി പ്രവൃത്തിക്കുന്നു എന്ന് പറയപ്പെട്ടിരിക്കുന്നതുപോലെ തന്നെ, ലോകത്തിൽ പ്രത്യക്ഷമായി കണ്ടുവരുന്നു എന്ന കാരണംകൊണ്ട്, വിഭീഷണൻ തന്നെ ദ്രോഹിക്കും എന്നുള്ള വിചാരത്താൽ രാവണൻ ദ്രോഹബുദ്ധി കയ്ക്കൊണ്ടിരിക്കുമെന്നുള്ളതുകൊണ്ട്, ഇവൻ ഇവിടെ വന്നതാണ്, എന്ന് സാരം.

“രാവണൻ സങ്കടത്തിൽ അകപ്പെട്ടിരിക്കുന്നതായ ഈ സമയത്തിൽ സാധാരണ ജ്ഞാതിസ്വഭാവത്താൽ അവനെ ദ്രോഹിക്കേണമെന്നുള്ള വിചാരത്തോടുകൂടി ഇവൻ ഇവിടെ വന്നിരിക്കയാണ്; അഥവാ ജ്ഞാതിരൂപമായ ശത്രുഭയത്തിൽനിന്ന് തന്നെ രക്ഷിച്ചുകൊൾവാനായി ഇവൻ വന്നിരിക്കയാണ്,” എന്ന് തിലകം.]

അപാപാസ്തത്കുലീനാശ്ച മാനയന്തി സ്വകാൻ ഹിതാൻ
ഏഷ പ്രായോ നരേന്ദ്രാണാം ശങ്കനീയസ്തു ശോഭനഃ. 11

“അപാപാഃ	“നിഷ്കന്മഷന്മാരായ	നരേന്ദ്രാണാം	രാജാക്കന്മാർക്ക്
തത്കുലീനാഃ,	ജ്ഞാതികളായ രാജാക്കന്മാർ,	ശോഭനഃ	തങ്ങടെ അഭിപ്രായത്തിന്ന് വിരോധമായിധർമ്മത്തെ ഉപദേശിക്കുന്ന
ഹിതാൻ	സദുപദേശം ചെയ്യുന്ന		
സ്വകാൻ	സ്വന്തം ജ്ഞാതികളെ		
മാനയന്തി;	മാനിക്കതന്നെ ചെയ്യുന്നുണ്ട്;	ഏഷഃ	ജ്ഞാതിയായ ഒരുവൻ,
തു	അപ്രകാരമായാലും	ശങ്കനീയഃ ച.	വിശ്വസിക്കപ്പെടാതിരിക്കയാണ് ചെയ്യുന്നത്.
പ്രായഃ	സാധാരണയായി,		

[“ഇവൻ സദുപദേശമാണല്ലൊ ചെയ്യുന്നത്, ഇവനെ എന്തിന്നായി ദ്രോഹിക്കേണം” എന്ന് പറകയാണെങ്കിൽ, വാസ്തവത്തിൽ ധർമ്മിഷ്ഠന്മാരായ രാജാക്കന്മാർ മാത്രമേ സദുപദേശംചെയ്യുന്ന ജ്ഞാതികളെ വിശ്വസിക്കയുള്ളു. സാധാരണയായി രാജാക്കന്മാർ തങ്ങളുടെ അഭിപ്രായത്തിന്നു

വിരോധമായി ധൎമ്മത്തെ ഉപദേശിക്കുന്നവരായ ജ്ഞാതികളെ ശങ്കിക്കതന്നെ ചെയ്യും. പ്രത്യേകിച്ചും ദുഷ്ടബുദ്ധിയായ രാവണൻ അങ്ങിനെ സദുപദേശംചെയ്ത ഇവനെ ശങ്കിച്ചതിൽ അത്ഭുതപ്പെടുവാനില്ല. എന്നു സാരം.]

യസ്തു ദോഷസ്ത്വയാ പ്രോക്തോ ഹ്യാദാനേഽരിബലസ്യ ച
തത്ര തേ കീൎത്തയിഷ്യാമി യഥാശാസ്ത്രമിദം ശൃണു
ന വയം തത്കുലീനാശ്ച രാജ്യകാംക്ഷീ ച രാക്ഷസഃ. 12

"ത്വയാ	"ഭവാനാൽ	തേ	ഭവാനോടു
അരിബലസ്യ	ശത്രുപക്ഷത്തിലുള്ളവനെ	കീൎത്തയിഷ്യാമി	ഞാൻ പറയാം,
ആദാനേ	സ്വീകരിക്കുന്ന സംഗതിയിൽ	ശൃണു;	കേട്ടുകൊൾക;
യഃ	യാതൊന്നു	വയം	നാം
ദോഷഃ	ദോഷമായി	തത്കുലീനാഃ ച	അവന്റെ കുലത്തിൽ പെട്ട ജ്ഞാതികളോ,
പ്രോക്തഃ	പറയപ്പെട്ടുവോ,	രാക്ഷസഃ ഹി	രാക്ഷസനും
തത്ര	അക്കാൎയ്യത്തിൽ	രാജ്യകാംക്ഷീ ച,	തനിക്കു രാജ്യം വേണമെന്നുള്ള ആഗ്രഹമുള്ളവനോ
യഥാശാസ്ത്രം	ന്യായോചിതമായ	ന.	അല്ല.
ഇദം	ഈ സംഗതി		

[വിഭീഷണന്നു രാജ്യം തനിക്കു വേണമെന്നുള്ള ആഗ്രഹം ഇല്ല; ഉണ്ടെന്നാലുംകൂടി നാം അവന്റെ ജ്ഞാതികളല്ലാത്തതിനാൽ അവന്നു പ്രതികൂലികളായിരിപ്പാൻ അവകാശമില്ല. അതിനാൽ വിഭീഷണനേയും കൂട്ടരേയും സ്വീകരിക്കുന്നതു ശത്രുബലസ്വീകാരമാണെന്നു വിചാരിപ്പാൻ പാടുള്ളതല്ല, എന്നു സാരം.

"വിഭീഷണൻ രാജ്യത്തിൽ ആഗ്രഹമുള്ളവനാകയാൽ രാവണന്നു വിരോധിയാണ്. നാം ജ്ഞാതിയല്ലായ്കയാൽ ആ രാജ്യലാഭവിഷയത്തിൽ അവന്നു സഹായികളാകയേയുള്ളു. അതിനാൽ ശത്രുബലമാണെന്നു വിചാരിക്കാതെ സ്വീകരിക്കാം." എന്നു വ്യാഖ്യാന്തരം.]

പണ്ഡിതാ ഹി ഭവിഷ്യന്തി തസ്മാദ്ഗ്രാഹ്യോ വിഭീഷണഃ. 13

പണ്ഡിതാഃ	(രാക്ഷസന്മാരിൽ) ധൎമ്മബുദ്ധിയുള്ളവരും	തസ്മാത്	ആകയാൽ
ഭവിഷ്യന്തി ഹി;	ഉണ്ടാകുമല്ലൊ;	വിഭീഷണഃ	വിഭീഷണൻ
		ഗ്രാഹ്യഃ.	സ്വീകാരയോഗ്യനാണ്.

["സുദുഷ്ടോ വാപ്യദുഷ്ടോ വാ കിമേഷ രജനീചരഃ;" (വിഭീഷണൻ നല്ലവനോ ദുഷ്ടനോ എന്നു തന്നെ നോക്കേണ്ടതില്ല; അവൻ രാക്ഷസനാകയാൽതന്നെ സ്വീകാരയോഗ്യനല്ല) എന്ന സുഗ്രീവന്റെ ആക്ഷേപത്തിന്നു, രാക്ഷസന്മാരിലും സാത്വികബുദ്ധിയുള്ളവർ ഉണ്ടായിരിപ്പാൻ പാടില്ലെന്നില്ല; ഇവൻ സ്വാൎത്ഥിയുമല്ല. എന്നു പറയുന്നു.]

അവ്യഗ്രാശ്ച പ്രഹൃഷ്ടാശ്ച ന ഭവിഷ്യന്തി സംഗതാഃ
പ്രണാദശ്ച മഹാനേഷ തതോഽസ്യ ഭയമാഗതം
ഇതി ഭേദം ഗമിഷ്യന്തി തസ്മാദ്ഗ്രാഹ്യോ വിഭീഷണഃ. 14

സംഗതാഃ	മേല്പറഞ്ഞ ധൎമ്മബുദ്ധിയുള്ളവരും ദുഷ്ടന്മാരും തമ്മിൽ ഒന്നിച്ചിരിക്കുമ്പോൾ,	അവ്യഗ്രാഃ ച,	വിചാരമററവരായോ
		പ്രഹൃഷ്ടാഃ ച,	സന്തുഷ്ടചിത്തരായോ
		ഭവിഷ്യന്തി ന;	ഇരിക്കുകയില്ല;
		ഇതി	എന്ന കാരണത്താൽ

ഭേദം ഗമിഷ്യന്തി;	അവർ തമ്മിൽ തെററിപ്പിരിയും;	പ്രണാദഃ	സഹായത്തിന്നായി അപേക്ഷിക്കുന്ന ഒച്ചയും
തതഃ	അക്കാരണത്താൽ തന്നെയാണ്	മഹാൻ ച;	മനസ്സിനെ അലിയിക്കുന്നതായുമിരിക്കുന്നുണ്ട്;
അസ്യ	ഇവന്ന്	തസ്മാത്	ആകയാൽ
ഭയം	ഭയം	വിഭീഷണഃ	വിഭീഷണൻ
ആഗതം;	നേരിട്ടിരിക്കുന്നത്;	ഗ്രാഹ്യഃ.	സ്വീകരിക്കപ്പെടേണ്ടവനാകുന്നു.
ഏഷഃ	ഈ		

[ദുഷ്ടന്മാരും ധർമ്മിഷ്ഠന്മാരുമായ ഇവർ ഒന്നിച്ചിരിക്കുക എന്നുള്ളതും പ്രയാസമാണ്. അവർ അന്യോന്യം ശങ്കയോടുകൂടിയവരായിരിക്കും. ഒരിക്കലല്ലെങ്കിൽ മറെറാരിക്കൽ തമ്മിൽ പിണങ്ങാതിരിക്കയില്ല. ഇതുകൊണ്ടുതന്നേയാണ് വിഭീഷണന്ന് ഇപ്പോഠം ആപത്തു് നേരിട്ടിരിക്കുന്നതു്. അവന്റെ ശബ്ദവും ആപത്തിൽ പെട്ടവന്റേതുപോലെതന്നെയിരിക്കുന്നു. അതിനാൽ അവനെ നമ്മുടെ പക്ഷത്തിൽ ചേക്കേണ്ടതാണ്. എന്നു സാരം.]

ന സർവ്വേ ഭ്രാതരസ്താത ഭവന്തി ഭരതോപമാഃ
മദ്വിധാ വാ പിതുഃ പുത്രാഃ സുഹൃദോ വാ ഭവദ്വിധാഃ. 15

"താത!	"സ്നേഹിത!	മദ്വിധാഃ,	എന്റെ പേരിൽ എത്ര പ്രിയമോ അത്ര പ്രിയമുള്ളവരായോ,
ഭ്രാതരഃ	സഹോദരന്മാർ	സുഹൃദഃ	മിത്രന്മാർ
സർവ്വേ	എല്ലാവരുംതന്നെ	ഭവദ്വിധാഃ വാ	ഭവാനെപ്പോലെയുള്ളവരായോ,
ഭരതോപമാഃ,	ഭരതനെപ്പോലെയുള്ളവരായോ,	ഭവന്തി ന.	ആകയില്ല.
പിതുഃ	ഒരു പിതാവിന്ന്		
പുത്രാഃ	പുത്രന്മാർ		

["ഈദൃശം വ്യസനം പ്രാപ്തം ഭ്രാതരം യഃ പരിത്യജേത്" ഇപ്രകാരമുള്ള ഭ്രാതാവിനെ, ധർമ്മശീലനായ വിഭീഷണൻ എങ്ങിനെ പരിത്യജിക്കാം എന്ന ശങ്കയ്ക്കു് പറയുന്നു. "പിതുഃ മദ്വിധാഃ പുത്രാഃ" എന്നതിന്നു, എന്റെ പിതാവിന്നു് എന്റെ പേരിൽ എത്ര പ്രിയമുണ്ടോ അത്ര പ്രിയമുള്ളവരായ പുത്രന്മാർ ഒരു പിതാവിന്നുണ്ടാകയില്ല, എന്ന അർത്ഥത്തിൽ പുത്രപ്രീതിമൂലം ജീവനെ വെടിഞ്ഞ ദശരഥമഹാരാജാവിനെ പ്രശംസിക്കുന്നു. അതായതു് ഭരതനെപ്പോലെയുള്ള സോദരന്മാരും, ദശരഥനെപ്പോലെ പുത്രനിൽ പ്രിയമുള്ള പിതാക്കന്മാരും, സുഗ്രീവനെപ്പോലെയുള്ള സുഹൃത്തുക്കളും അപൂർവ്വമാണ് എന്നു സാരം.

"ഭരതനെപ്പോലെ സ്വാർത്ഥരഹിതന്മാരായി ഭ്രാതൃഭക്തിയുള്ള സഹോദരന്മാരും, എന്നെപ്പോലെ പിതൃവാക്യപരിപാലനത്തിൽ അചഞ്ചലനിഷ്ഠയോടുകൂടിയവരും, ഭവാനെപ്പോലെ സർവ്വസ്വത്തേയും സുഹൃത്തിന്നുവേണ്ടി അർപ്പിക്കുന്നവരായ മിത്രന്മാരും ലോകത്തിൽ അപൂർവ്വമായിട്ടേ കാണുകയുള്ളു," എന്നു് വ്യാഖ്യാനാന്തരങ്ങളും.

ഈ വാക്യത്തിൽ ആത്മപ്രശംസയുണ്ടെന്നു് തോന്നിയേക്കാം. എന്നാൽ വാസ്തവത്തിൽ ഭരതനെപ്പോലെയുള്ള ഭ്രാതാക്കന്മാരില്ല, എന്നതിൽനിന്നു്, സുഗ്രീവനു ബാലിയുമായി ചേച്ചയില്ലാത്ത കാരണം പ്രത്യേകിച്ചു് ഒരു വൈമനസ്യം ഉണ്ടാകാതിരിപ്പാനായി തത്തുല്യന്മാരായ സുഹൃത്തുക്കളില്ലെന്നും മററും തത്പ്രശംസയായി പറഞ്ഞതുമാത്രമാണ്. ലക്ഷ്മണന്നു് രാജാവ് രാജ്യപ്രദാനം ചെയ്തിട്ടില്ലാത്ത കാരണം, ഭ്രാതൃപ്രീതിക്കുവേണ്ടി രാജ്യത്യാഗം വേണ്ടിവന്നിട്ടില്ലാത്തതുകൊണ്ടു് ഇവിടെ ലക്ഷ്മണന്റെ ഭ്രാതൃസ്നേഹത്തെപ്പററി എടുത്തുപറഞ്ഞില്ല എന്നേ ഉള്ളൂ. കൂടാതെ "സ്വഗുണാവിഷ്ക്രിയാ ദോഷോ നാത്ര ഭൂതാർത്ഥശംസിതഃ: അപി താനിയമോ ദൃഷ്ടസ്തഥാ താന്യൈരുദീരണാത്" എന്ന, ഭണ്ഡിവാക്യപ്രകാരം ഭൂതാർത്ഥകഥനരൂപമാകയാൽ ആത്മപ്രശംസയാകയില്ല; (ഗോ. രാ).]

ഏവമുക്തസ്തു രാമേണ സുഗ്രീവഃ സഹലക്ഷ്മണഃ
ഉത്ഥായേദം മഹാപ്രാജ്ഞഃ പ്രണതോ വാക്യമബ്രവീത്. 16

രാമേണ	ശ്രീരാമനാൽ	ഉക്തഃ തു,	ഉരചെയ്യപ്പെട്ടവനായി
മഹാപ്രാജ്ഞഃ	മഹാപ്രാജ്ഞനായ	ഉത്ഥായ	എഴുനീററ് [രുന്നിട്ടും,
സുഗ്രീവഃ,	സുഗ്രീവൻ,	പ്രണതഃ	വണങ്ങി
സഹലക്ഷ്മണഃ	ലക്ഷ്മണനോടുംകൂടി	ഇദം വാക്യം	ഇപ്രകാരം വാക്യത്തെ
ഏവം	മേൽപ്രകാരം	അബ്രവീത്.	ഉണൎത്തിച്ചു.

[ഇപ്രകാരം കാൎയ്യകാരണസഹിതം പറയപ്പെട്ടിട്ടും ശ്രീരാമങ്കലുള്ള പ്രിയം ഹേതുവാൽ വല്ല അപകടവും നേരിട്ടേക്കുമോ എന്നുള്ള ഭയത്താൽ വീണ്ടും വിരോധം പറയുന്നു.]

രാവണേന പ്രണിഹിതം തമവേമി വിഭീഷണം
തസ്യാഹം നിഗ്രഹം മന്യേ ക്ഷമം ക്ഷമവതാം വര. 17

"ക്ഷമവതാം	"ക്ഷമയുള്ളവരിൽ വെച്ച്	പ്രണിഹിതം	പറഞ്ഞയക്കപ്പെട്ടവനാ
		അവേമി;	ഞാൻ അറിയുന്നു; [യി
വര!	ഉത്തമനായുള്ളോവേ!	തസ്യ നിഗ്രഹം	അവനെ വധിക്കുന്നതു തന്നെയാണ്
തം	ആ		
വിഭീഷണം	വിഭീഷണനെ	ക്ഷമം	നല്ലതെന്ന്
രാവണേന	രാവണനാൽ	അഹം മന്യേ.	ഞാൻ വിചാരിക്കുന്നു.

രാക്ഷസോ ജിഹ്മയാ ബുദ്ധ്യാ സന്ദിഷ്ടോഽയമിഹാഗതഃ
പ്രഹൎത്തും ത്വയി വിശ്വസ്തേ പ്രച്ഛന്നോ മയി വാഽനഘ. 18
ലക്ഷ്മണേ വാ മഹാബാഹോ സ വദ്ധ്യഃ സചിവൈഃ സഹ
രാവണസ്യ നൃശംസസ്യ ഭ്രാതാ ഹ്യേഷ വിഭീഷണഃ. 19

"അനഘ!	"ദോഷരഹിതനായുള്ളോവേ!	ലക്ഷ്മണേ വാ	ലക്ഷ്മണന്റെ സംഗതിയിലും
മഹാബാഹോ	മഹാപരാക്രമശാലി		
ഏഷഃ	ഈ [യായവനേ!	പ്രച്ഛന്നഃ	തന്റെ കപടബുദ്ധിയെ നല്ലവന്റെ വേഷം കൈക്കൊണ്ടവനായി മറച്ചുകൊണ്ടു
വിഭീഷണഃ	വിഭീഷണൻ		
നൃശംസസ്യ	നിഷ്ഠുരനായ		
രാവണസ്യ	രാവണന്റെ	പ്രഹൎത്തും	ആപത്തു വിളയിപ്പാൻ
ഭ്രാതാ;	അനുജനാണ്;	സന്ദിഷ്ടഃ	നിയമിക്കപ്പെട്ടവനായി
അയം	ഈ	ഇഹ	ഇവിടെ
രാക്ഷസഃ	രാക്ഷസൻ	ആഗതഃ;	വന്നുചേൎന്നിരിക്കയാ
ജിഹ്മയാ ബുദ്ധ്യാ	കപടബുദ്ധികൊണ്ടു	ഹി	ആകയാൽ [ണ്;
വിശ്വസ്തേ	വിശ്വാസംപൂണ്ടവനായ	സഃ	അവൻ,
ത്വയി	നിന്തിരുവടിയുടെ സംഗതിയിലും	സചിവൈഃ സഹ	മന്ത്രിമാരടക്കം,
		വദ്ധ്യഃ."	വധിക്കപ്പെടേണ്ടവൻ തന്നെ."
മയി വാ	എന്റെ സംഗതിയിലും		

ഏവമുക്ത്വാ രഘുശ്രേഷ്ഠം സുഗ്രീവോ വാഹിനീപതിഃ
വാക്യജ്ഞോ വാക്യകുശലം തതോ മൌനമുപാഗമത്. 20

വാഹിനീപതിഃ	സേനാനായകനും	ഏവം	ഇപ്രകാരം
വാക്യജ്ഞഃ	പറയുന്നതിൽ സമർത്ഥ	ഉക്ത്വാ,	ഉരചെയ്തു്,
സുഗ്രീവഃ,	സുഗ്രീവൻ, [നും ആയ	തതഃ	അതിൽപിന്നെ
വാക്യകുശലം	വാക്യസാരഗ്രാഹിയായ	മൌനം ഉപാഗമത്.	മൌനമായിരുന്നു.
രഘുശ്രേഷ്ഠം	രഘുവരനോടായി		

സുഗ്രീവസ്യ തു തദ്വാക്യം രാമഃ ശ്രുത്വാ വിമൃശ്യ ച
തതഃ ശുഭതരം വാക്യമുവാച ഹരിപുംഗവം. 21

സുഗ്രീവസ്യ	സുഗ്രീവന്റെ	വിമൃശ്യ,	അവസരം ലഭിച്ചതെന്നു് തിരുവുള്ളത്തിൽ കരുതി,
തത് വാക്യം	ആ വാക്യത്തെ	ഹരിപുംഗവം	വാനരോത്തമനോടായി
ശ്രുത്വാ	ചെവിക്കൊണ്ടു്	ശുഭതരം	മഹത്വത്തെ പ്രത്യക്ഷീകരിക്കുന്നതായ
രാമഃ,	ശ്രീരാമൻ,	വാക്യം ഉവാച.	വാക്യത്തെ ഇപ്രകാരം അരുളിച്ചെയ്തു.
തതഃ ച	അപ്പോൾതന്നെയാണ്		
തു	ഉചിതമായ		

സ ദുഷ്ടോ വാപ്യദുഷ്ടോ വാ കിമേഷ രജനീചരഃ
സൂക്ഷ്മമപ്യഹിതം കർത്തും മമാശക്തഃ കഥഞ്ചന. 22

"സഃ	"അവൻ	കഥഞ്ചന	എന്തായാലും
ദുഷ്ടഃ	ദുഷ്ടനായാലും ശരി,	മമ	എനിക്കു്
അദുഷ്ടഃ വാ;	ദുഷ്ടനല്ലാത്തവനായാലും ശരി,	അഹിതം	ആപത്തിനെ
		സൂക്ഷ്മം അപി	എള്ളോളം കൂടി
രജനീചരഃ വാ	രാക്ഷസനായാലും ശരി;	കർത്തും	വിളയിപ്പാൻ
കിം ഏഷഃ?	എനിക്കു് ഇവൻ എത്രമാത്രം?	അശക്തഃ അപി.	അവൻ അശക്തൻ തന്നെ.

പിശാചാൻ ദാനവാൻ യക്ഷാൻ പൃഥിവ്യാം ചൈവ രാക്ഷസാൻ
അംഗുല്യഗ്രേണ താൻ ഹന്യാമിച്ഛൻ ഹരിഗണേശ്വര. 23

"ഹരിഗണേശ്വര!	"വാനരഗണനായക!	രാക്ഷസാൻ ഏവ,	രാക്ഷസന്മാരേയും,
പൃഥിവ്യാം	ലോകത്തിൽ	ഇച്ഛൻ	മനസ്സുവെച്ചാൽ
പിശാചാൻ	പിശാചുക്കളേയും	അംഗുല്യഗ്രേണ	വിരലിന്റെ തുമ്പുകൊണ്ടു്
ദാനവാൻ	അസുരന്മാരേയും		
യക്ഷാൻ ച	യക്ഷന്മാരേയും	ഹന്യാം.	ഞാൻ നശിപ്പിക്കുന്നതാണ്.
താൻ	ആ		

ശ്രൂയതേ ഹി കപോതേന ശത്രുഃ ശരണമാഗതഃ
അർച്ചിതശ്ച യഥാന്യായം സ്വൈശ്ച മാംസൈർന്നിമന്ത്രിതഃ. 24

"ശത്രുഃ	"ശത്രുവായ വേടൻ
കപോതേന ഹി	ഒരു വെറും പ്രാവിനാൽ
ശരണം ആഗതഃ	തന്റെ വാസസ്ഥലത്തെ (മരച്ചുവട്ടിനെ) പ്രാപിച്ചവനായി,
യഥാന്യായം	ശാസ്ത്രവിധിയെ അനുസരിച്ച്
അർച്ചിതഃ ച	ബഹുമാനിക്കപ്പെട്ടവനായി,
സ്വൈഃ	തന്റെ സ്വന്തം
മാംസൈഃ ച	മാംസങ്ങളെക്കൊണ്ട്
നിമന്ത്രിതഃ	വിരുന്നിന്നായി ക്ഷണിക്കപ്പെട്ടു എന്നുള്ളത്
ശ്രൂയതേ.	സുപ്രസിദ്ധമാണ്.

[“വനമദ്ധ്യത്തിൽ പെരുമഴകൊണ്ട് കുഴങ്ങിയ ഒരു വേടനാൽ, മഴകൊണ്ടു താഴത്തുവീണ ഒരു പെൺപ്രാവ് പിടിച്ചു കൂട്ടിലിട്ടുകൊണ്ടുപോകപ്പെടുകയും, മഴതോർന്നപ്പോൾ ഒരു മരച്ചുവട്ടിൽ കൂട്ടിനേയുംവെച്ച് ശയിക്കപ്പെടുകയുംചെയ്തു; മരത്തിൽ പാർത്തിരുന്ന ആൺപ്രാവ് ആഹാരത്തിന്നായ്പോയ പേട രാത്രിയായിട്ടും വരായ്കയാൽ, അതിന്റെ ഗുണഗണങ്ങളെ വർണ്ണിച്ചു വിലപിക്കുന്നു. തന്റെ സ്വഗൃഹത്തിൽ ആഗതനായ വേടനെ സ്വീകരിച്ച് സല്ക്കരിക്കേണ്ടതായ മുറയെപ്പററി പെൺപ്രാവ് ആണിനോട്ട് ഉപദേശിക്കുന്നു. ആൺപ്രാവ് ചുള്ളികളുംമററും കൊണ്ടുവന്ന് തീക്കൂട്ടി വേടന്റെ ശൈത്യബാധയെ കളകയും, ക്ഷുന്നിവൃത്തിക്കായി ഫലങ്ങളൊന്നും ലഭിക്കായ്കയാൽ സ്വന്തം ശരീരത്തെ വേടന്നായി തീയ്യിൽ അർപ്പിക്കയും ചെയ്യുന്നു.” (ഇങ്ങിനെ കപോതോപാഖ്യാനം ശാന്തിപർവ്വം 143 മുതൽ 148കൂടി അദ്ധ്യായങ്ങളിൽ കാണുക). ധർമ്മാധികാരശൂന്യനായ ഒരു വെറും തിര്യക്കായ കപോതം ശരണാഗതസംരക്ഷണധർമ്മം കൈക്കൊണ്ടിരിക്കെ, നമ്മുടെ കഥ പറയേണ്ടതുണ്ടോ എന്നു സാരം. കപോതം സഹായമില്ലാത്തതു്. ശ്രീരാമൻ സസഹായൻ; കപോതത്തിന്ന് ജാതിശത്രുവും ഭാര്യാപഹാരിയുമാണ് വ്യാധൻ, വിഭീഷണൻ ശ്രീരാമന്ന് അപ്രകാരമൊന്നും ചെയ്യാത്തവൻ; വ്യാധൻ മരച്ചുവട്ടിനെ യാദൃച്ഛികമായി പ്രാപിച്ചു. വിഭീഷണൻ ബുദ്ധിപൂർവ്വകമായി ശ്രീരാമനെ ശരണംപ്രാപിച്ചു. ഇങ്ങിനെ കപോതം ചെയ്തതായ ധർമ്മത്തിന്റെ വൈശിഷ്ട്യം ഗ്രാഹ്യമാകുന്നു.]

സ ഹി തം പ്രതിജഗ്രാഹ ഭാര്യാഹർത്താരമാഗതം
കപോതോ വാനരശ്രേഷ്ഠ കിം പുനർമ്മദ്വിധോ ജനഃ. 25

"വാനരശ്രേഷ്ഠ!	"വാനരോത്തമ!
സഃ	ആ
കപോതഃ ഹി	വെറും തിര്യക്കായ കപോതവും കൂടി,
ഭാര്യാഹർത്താരം	പേടയെ അപഹരിച്ച്,
ആഗതം	അത് പാർത്തിരുന്ന മരച്ചുവട്ടിൽ വന്നുചേർന്ന
തം	ആ വേടനെ
പ്രതിജഗ്രാഹ;	ഏററു സൽക്കരിച്ചു;
ജനഃ	മനുഷ്യനായ
മദ്വിധഃ	എന്നെപ്പോലെയുള്ളവൻ
കിം പുനഃ?	സ്വീകരിക്കാതിരുന്നാൽ ധർമ്മമായിരിക്കുമോ?

[‘ഭാര്യാഹർത്താരം’’ എന്നു പറഞ്ഞതിൽനിന്ന് രാവണൻതന്നെ നേരിട്ടുവന്ന് ശരണം പ്രാപിക്കുന്നതായാലും, താൻ സ്വീകരിക്കുന്നതാണ്, എന്നു സൂചന. കപോതം എന്നതിൽനിന്ന് ശ്യേനകപോതോപാഖ്യാനത്തിലുള്ളമാതിരി ശിബിചക്രവർത്തിയെ പരീക്ഷിപ്പാനായി വന്ന കപോതവടിവു കൈക്കൊണ്ട ദേവനല്ല എന്നും വിവക്ഷ.]

ഋഷേഃ കണ്വസ്യ പുത്രേണ കണ്ഡുനാ പരമർഷിണാ
ശൃണു ഗാഥാം പുരാ ഗീതാം ധർമ്മിഷ്ഠാം സത്യവാദിനീം. 26

"പുരാ	"പണ്ട്
കണ്വസ്യ ഋഷേഃ	കണ്വമഹർഷിയുടെ
പുത്രേണ	പുത്രനായ
കണ്ഡുനാ	കണ്ഡുവെന്ന
പരമർഷിണാ	മുനിശ്രേഷ്ഠനാൽ
ഗീതാം	ഗാനം ചെയ്യപ്പെട്ടതും
ധൎമ്മിഷ്ഠാം	ഉത്തമധൎമ്മത്തെ ഉപദേശിക്കുന്നതും
സത്യവാദിനീം	ശാസ്ത്രവിധികളുടെ സൂക്ഷ്മതത്വത്തെ പ്രദർശിപ്പിക്കുന്നതും ആയ
ഗാഥാം	ഗാഥയെ
ശൃണു.	കേട്ടുകൊൾക.

ബദ്ധാഞ്ജലിപുടം ദീനം യാചന്തം ശരണാഗതം
ന ഹന്യാദാനൃശംസ്യാൎത്ഥമപി ശത്രും പരന്തപ. 27

"'പരന്തപ!	"'ശത്രുമൎദ്ദന!
ശത്രും അപി,	ശത്രുവാണെന്നിരുന്നാലും,
ബദ്ധാഞ്ജലിപുടം	കൈകൂപ്പിയവനായി
ദീനം	നിസ്സഹായനായി
യാചന്തം	യാചിച്ച്
ശരണാഗതം	ശരണം പ്രാപിച്ചവനെ,
ആനൃശംസ്യാൎത്ഥം	പരമധൎമ്മമായ ദയാഗുണത്തെ രക്ഷിപ്പാൻ വേണ്ടി,
ന ഹന്യാത്.	ഒരിക്കലും കൈവെടിയുവാൻ പാടുള്ളതല്ല.

ആൎത്തോ വാ യദി വാ ദൃപ്തഃ പരേഷാം ശരണാഗതഃ
അരിഃ പ്രാണാൻ പരിത്യജ്യ രക്ഷിതവ്യഃ കൃതാത്മനാ. 28

"'ആൎത്തഃ	"'ദുഃഖിതനായാലും വേണ്ടതില്ല,
ദൃപ്തഃ യദി വാ,	ഗൎവ്വിതനായാലും വേണ്ടതില്ല,
പരേഷാം	മറെറാരുത്തന്റെ
ശരണാഗതഃ,	സഹായത്തെ അപേക്ഷിച്ച് വന്ന ഒരുവൻ,
അരിഃ വാ,	ശത്രുവായിരുന്നാലും കൂടി,
കൃതാത്മനാ,	ധൎമ്മബുദ്ധിപൂണ്ട ഒരുവനാൽ,
പ്രാണാൻ	പ്രാണങ്ങളെ
പരിത്യജ്യ	ത്യജിച്ചും
രക്ഷിതവ്യഃ.	രക്ഷിക്കപ്പെടേണ്ടവനാകുന്നു.

സ ചേദ് ഭയാദ്വാ മോഹാദ്വാ കാമാദ്വാപി ന രക്ഷതി
സ്വയാ ശക്ത്യാ യഥാസത്വം തത് പാപം ലോകഗൎഹിതം. 29

"'സഃ	"'അവൻ
ഭയാത് വാ,	എന്താപത്തുണ്ടായേക്കുമോ എന്നഭീതിയാലോ,
മോഹാത്	ശാസ്ത്രതത്വത്തെ ഗ്രഹിക്കായ്കയാലോ,
കാമാത് വാ	മററുവല്ല വിചാരത്താലോ,
യഥാസത്വം,	തന്നാൽ കഴിവുള്ളേടത്തോളം,
സ്വയാ	തന്റെ സ്വന്തം
ശക്ത്യാ,	ശക്തി കയ്യൊണ്ട്,
രക്ഷതി ന ചേത്,	രക്ഷിക്കാതിരിക്കുന്ന പക്ഷം,
തത്	അത്
പാപം	കുററം
ലോകഗൎഹിതം.	ലോകരാൽ നിന്ദിക്കപ്പെട്ടതായിത്തീരും.

വിനഷ്ടഃ പശ്യതസ്തസ്യ രക്ഷിണഃ ശരണാഗതഃ
ആദായ സുകൃതം തസ്യ സർവ്വം ഗച്ഛേദരക്ഷിതഃ. 30

"രക്ഷിണഃ	"രക്ഷിപ്പാൻ ശക്തനായ
തസ്യ	അവൻ
പശ്യതഃ,	നോക്കിക്കൊണ്ടിരിക്കെ,
ശരണാഗതഃ	ശരണം പ്രാപിച്ചവൻ
അരക്ഷിതഃ	രക്ഷിക്കപ്പെടാത്തവനായി
വിനഷ്ടഃ,	ആപത്തിലകപ്പെട്ടവനായെന്നാൽ,
തസ്യ	രക്ഷനൽകാത്തവനായ അവന്റെ
സുകൃതം സർവ്വം	പുണ്യത്തെ മുഴുവനും
ആദായ ഗച്ഛേത്.'	ഇല്ലാതാക്കിക്കളയുന്നു.'

ഏവം ദോഷോ മഹാനത്ര പ്രപന്നാനാമരക്ഷണേ. 31

"പ്രപന്നാനാം	"ശരണം പ്രാപിച്ചവരെ
അരക്ഷണേ അത്ര	രക്ഷിക്കാതെ കൈവെടിയുന്ന സംഗതിയിൽ
ഏവം	മേൽപ്രകാരം
മഹാൻ	മഹത്തായ
ദോഷഃ.	ദോഷം നേരിടുന്നതാണ്.

അസ്വർഗ്ഗ്യം ചായശസ്യം ച ബലവീര്യവിനാശനം
കരിഷ്യാമി യഥാർത്ഥം തു കണ്ഡോർവ്വചനമുത്തമം. 32

"അസ്വർഗ്ഗ്യം	"ഈ ശരണാഗതന്മാരെ ഉപേക്ഷിക്ക എന്നത് സ്വർഗ്ഗഹാനികരവും
അയശസ്യം ച	കീർത്തിയെ നശിപ്പിക്കുന്നതും
ബലവീര്യവിനാശനം;	ബലത്തെയും പൌരുഷത്തെയും ഇല്ലാതാക്കുന്നതും ആകുന്നു;
തു	ഇക്കാര്യത്തിൽ
കണ്ഡോഃ	കണ്ഡുമഹർഷിയുടെ
ഉത്തമം	സർവ്വോത്കൃഷ്ടമായ
വചനം	ഉപദേശത്തെ
യഥാർത്ഥം	ഉള്ളവണ്ണംതന്നെ
കരിഷ്യാമി.	ഞാൻ അനുഷ്ഠിക്കുന്നതാണ്.

ധർമ്മിഷ്ഠം ച യശസ്യം ച സ്വർഗ്ഗ്യം സ്യാത്തു ഫലോദയേ. 33

"ധർമ്മിഷ്ഠം ച,	"ആയത് ധർമ്മസംവർദ്ധകവും
യശസ്യം ച,	കീർത്തികരവും
ഫലോദയേ	ഫലോദയകാലത്തിൽ
സ്വർഗ്ഗ്യം തു	സ്വർഗ്ഗപ്രദവും
സ്യാത്.	ആകുന്നതാണ്.

സകൃദേവ പ്രപന്നായ തവാസ്മീതി ച യാചതേ
അഭയം സർവ്വഭൂതേഭ്യോ ദദാമ്യേതദ്വ്രതം മമ. 34

"പ്രപന്നായ	"കഷ്ടത്തിലകപ്പെട്ടവനായി
'തവ അസ്മി,'	'ഞാൻ അങ്ങേയ്ക്കു ചേർന്നവൻ,'
ഇതി	എന്ന്
യാചതേ,	യാചിക്കുന്ന ഒരുവന്ന്,
സകൃത് ഏവ	സർവ്വകാലത്തിലും,
സർവ്വഭൂതേഭ്യഃ ച	സർവ്വപ്രാണികളിൽനിന്നും
അഭയം	ഭയമില്ലായ്മയെ
ദദാമി;	ഞാൻ നൽകുന്നതാണ്;
ഏതത്	ഇത്
മമ	എന്റെ
വ്രതം.	സങ്കല്പമാകുന്നു.

ആനയൈനം ഹരിശ്രേഷ്ഠ ദത്തമസ്യാഭയം മയാ
വിഭീഷണോ വാ സുഗ്രീവ യദി വാ രാവണഃ സ്വയം. 35

"ഹരിശ്രേഷ്ഠ!	"വാനരോത്തമ!
മയാ	എന്നാൽ
അസ്യ	ഇവന്ന്
അഭയം	അഭയം
ദത്തം;	നൽകപ്പെട്ടിരിക്കുന്നു;
സുഗ്രീവ!	സുഗ്രീവ!
വിഭീഷണഃ വാ	വിഭീഷണനായിരിക്കട്ടെ,
സ്വയം രാവണഃ യദി വാ	രാവണനായിതന്നെയിരിക്കട്ടെ,
ഏനം	ആഗതനായ ഇവനെ
ആനയ."	കൂട്ടിക്കൊണ്ടുവന്നാലും."

രാമസ്യ തു വചഃ ശ്രുത്വാ സുഗ്രീവഃ പ്ലവഗേശ്വരഃ
പ്രത്യഭാഷത കാകുത്സ്ഥം സൌഹാർദ്ദേന പ്രചോദിതഃ 36

പ്ലവഗേശ്വരഃ	വാനരാധിപനായ
സുഗ്രീവഃ,	സുഗ്രീവൻ,
സൌഹാർദ്ദേന	പ്രേമാധിക്യത്താൽ
പ്രചോദിതഃ	പ്രേരിതനായി,
രാമസ്യ	ശ്രീരാഘവന്റെ
വചഃ,	വാക്യത്തെ,
തു	ആ സമയം
ശ്രുത്വാ,	ശിരസാവഹിച്ച്,
കാകുത്സ്ഥം	ശ്രീരാമനൊടായി
പ്രത്യഭാഷത.	ഇപ്രകാരം മറുപടിയുണർത്തിച്ചു.

കിമത്ര ചിത്രം ധർമ്മജ്ഞ ലോകനാഥ സുഖാവഹ
യത്ത്വമാര്യം പ്രഭാഷേഥാഃ സത്ത്വവാൻ സത്പഥേ സ്ഥിതഃ. 37

"ധർമ്മജ്ഞ!	"ധർമ്മജ്ഞ!
ലോകനാഥ!	ലോകരക്ഷക!
സുഖാവഹ!	സർവ്വശുഭപ്രദ!
സത്ത്വവാൻ	സത്ത്വഗുണം മൂർത്തികരിച്ചവനായി
സത്പഥേ	ധർമ്മമാർഗ്ഗത്തിൽ
സ്ഥിതഃ	വ്യവസ്ഥിതനായ
ത്വം,	നിന്തിരുവടി,
യത്	യാതൊരു
ആര്യം	ശ്രേഷ്ഠമൊഴി
പ്രഭാഷേഥാഃ,	ഓതുകയുണ്ടായോ,
അത്ര	ഇതിൽ
കിം ചിത്രം?	എന്താണ് ആശ്ചര്യപ്പെടുവാനുള്ളത്?

മമ ചാപ്യന്തരാത്മാഽയം ശുദ്ധം വേത്തി വിഭീഷണം
അനുമാനാച്ച ഭാവാച്ച സർവ്വതഃ സുപരീക്ഷിതഃ. 38

"അനുമാനാത് ച	"മുൻനടവടിയെ ആലോചിച്ചും
ഭാവാത് ച	ഇപ്പൊഴുള്ള നടവടി കൊണ്ടും
സർവ്വതഃ	സർവ്വപ്രകാരത്തിലും
സു-പരീക്ഷിതഃ;	നന്നായിമനസ്സിൽ ആലോചിച്ച് പരീക്ഷിക്കപ്പെട്ടു;
മമ	എന്റെ
അയം	ഈ
അന്തരാത്മാ ച	ചിത്തവും,
വിഭീഷണം	വിഭീഷണനെ
ശുദ്ധം അപി	കാപട്യരഹിതനായ ശുദ്ധാത്മാവാണെന്നു തന്നെ
വേത്തി.	കണ്ടറിയുന്നു.

തസ്മാത് ക്ഷിപ്രം സഹാസ്മാഭിസ്തുല്യോ ഭവതു രാഘവ
വിഭീഷണോ മഹാപ്രാജ്ഞഃ സഖിത്വം ചാഭ്യുപൈതു നഃ. 39

"രാഘവ !	"ശ്രീരാമ !	ക്ഷിപ്രം ച	ഇപ്പോൾതന്നെ
തസ്മാത്	ആകയാൽ	ഭവതു ;	ഭവിക്കട്ടെ ;
മഹാപ്രാജ്ഞഃ	മഹാബുദ്ധിമാനായ	നഃ	നമുക്ക്
വിഭീഷണഃ	വിഭീഷണൻ	സഖിത്വം	സഖാവെന്ന അവസ്ഥയെ
അസ്മാഭിഃ സഹ	ഞങ്ങളോടുകൂടി		
തുല്യഃ,	തുല്യതയാർന്നവനായി	അഭ്യുപൈതു."	പ്രാപിക്കട്ടെ."

തതസ്തു സുഗ്രീവവചോ നിശമ്യ തദ്ധരീശ്വരേണാഭിഹിതം നരേശ്വരഃ
വിഭീഷണേനാശു ജഗാമ സംഗമം പതത്രിരാജേന യഥാ പുരന്ദരഃ.

നരേശ്വരഃ	പുരുഷോത്തമൻ	പതത്രിരാജേന	ഗരുഡഭഗവാനോടുകൂടി
തതഃ	ആ സമയം	യഥാ,	എപ്രകാരമോ അപ്രകാരം,
തത്	ആ		
സുഗ്രീവവചഃ	സുഗ്രീവവാക്യത്തെ	ഹരീശ്വരേണ	വാനരരാജാവിനാൽ
നിശമ്യ,	കേട്ട്,	അഭിഹിതം,	കയ്ക്കൊള്ളപ്പെട്ടതായ,
ആശു	തൽക്ഷണംതന്നെ,	വിഭീഷണേന	വിഭീഷണനുമായുള്ള
		സംഗമം	മൈത്രിയെ
പുരന്ദരഃ	ഇന്ദ്രൻ	ജഗാമ.	കയ്ക്കൊണ്ടു.

ഇത്യാർഷേ ശ്രീമദ്രാമായണേ വാല്മീകീയേ ആദികാവ്യേ യുദ്ധകാണ്ഡേ
അഷ്ടാദശഃ സർഗ്ഗഃ = പതിനെട്ടാംസർഗ്ഗം സമാപ്തം.

ആദ്യം മുതൽ ശ്ലോകസംഖ്യ 15294 ; യുദ്ധകാണ്ഡം ആദ്യം മുതൽ ശ്ലോകസംഖ്യ 619.

ഏകോനവിംശഃ സർഗ്ഗഃ = പത്തൊമ്പതാംസർഗ്ഗം.

[ശരതല്പശയനം = ദർഭശയനത്തിൽ പള്ളികൊള്ളുന്നത്.]

രാഘവേണാഭയേ ദത്തേ സന്നതോ രാവണാനുജഃ
വിഭീഷണോ മഹാപ്രാജ്ഞോ ഭൂമിം സമവലോകയത്. 1

രാഘവേണ	ശ്രീരാമനാൽ	വിഭീഷണഃ	വിഭീഷണൻ
അഭയേ	അഭയം	സന്നതഃ	ഉദ്ദേശസിദ്ധിപ്രാപിച്ചവനായി
ദത്തേ,	നൽകപ്പെട്ടാറെ,		
രാവണാനുജഃ	രാവണന്റെ അനുജനും	ഭൂമിം	ഭൂമിയെ
		സമവലോകയത്.	നോക്കി.
മഹാപ്രാജ്ഞഃ	മഹാബുദ്ധിമാനും ആയ		

["മഹാപ്രാജ്ഞഃ" (നിരപായമായ ഉപായപരിഗ്രഹത്താൽ പരമപുരുഷാർത്ഥലാഭംസിദ്ധിച്ച ഹേതുവാൽ വേദശാസ്ത്രാഭ്യാസജനിതമായ ജ്ഞാനത്തെയും അതിശയിക്കുന്നതായ ജ്ഞാനത്തോടുകൂടിയവനായി) ഗോ. രാ.]

ഖാത് പപാതാവനീം ഹൃഷ്ടോ ഭക്തൈരനുചരൈഃ സഹ. 2

ഹൃഷ്ടഃ	പരമപ്രീതികൈക്കൊണ്ട [വനായി	ഖാത്	ആകാശത്തിൽനിന്നു
ഭക്തൈഃ	ഭക്തന്മാരായ	അവനീം	ഭൂമിയിൽ
അനുചരൈഃ സഹ	സചിവന്മാരോടുംകൂടി	പപാത.	ഇറങ്ങിവന്നു.

[“ഭക്തൈരനുചരൈഃ സഹ” എന്നതിൽനിന്നു വിഭീഷണന്റെ ഭക്തികൊണ്ടുതന്നെ തദനുചരന്മാരും പൂതന്മാരായി എന്നു് ഗ്രാഹ്യം. “പശുൎമ്മനുഷ്യഃ പക്ഷി വാ യേ ച വൈഷ്ണവസംശ്രയാഃ. തേനൈവ തേ പ്രയാസ്യന്തി തദ്വിഷ്ണോഃ പരമം പദം.” (ഗോ. രാ.)]

സ തു രാമസ്യ ധൎമ്മാത്മാ നിപപാത വിഭീഷണഃ
പാദയോഃ ശരണാന്വേഷീ ചതുൎഭിഃ സഹ രാക്ഷസൈഃ. 3

ശരണാന്വേഷീ	സൎവ്വപ്രാപ്യസ്ഥാനത്തെ അന്വേഷിച്ചു	രാക്ഷസൈഃ സഹ,	രാക്ഷസന്മാരോടുംകൂടി
സഃ	ആ [വന്നവനായ	രാമസ്യ	ശ്രീരാമന്റെ
ധൎമ്മാത്മാ	ധൎമ്മാത്മാവായ	പാദയോഃ	തൃപ്പാദങ്ങളിൽ
വിഭീഷണഃ,	വിഭീഷണൻ,	തു	ആ സമയം
ചതുൎഭിഃ	നാലു	നിപപാത.	വീണുസേവിച്ചു.

[മുമ്പു് വാചികമായ ശരണാഗതി പറയപ്പെട്ടു. ഇപ്പോൾ കായികശരണാഗതി പറയപ്പെടുന്നു; “സ തു” (സംശയനിവൃത്തി വന്നവനായി ആനുകൂല്യനിൎണ്ണയം വന്നവൻ); “ധൎമ്മാത്മാ” (സൎവ്വാവസ്ഥകളിലും ശരണാഗതിധൎമ്മനിഷ്ഠ ച്യുതമാകാത്തവൻ. “വദ്ധ്യതാം, ശങ്ക്യതാം, ന ത്യജേയം, ആനയൈനം, അസ്മാഭിഃ തുല്യോ ഭവതു,” എന്നിത്യാദിയായി പറയപ്പെട്ട എല്ലാ അവസ്ഥകളിലും ശ്രീരാമപാദാരവിന്ദങ്ങളിൽതന്നെ ഐകരൂപ്യമാന്ന ഭാവനയോടുകൂടിയവൻ); ഈ പദംകൊണ്ടു് മഹാവിശ്വാസം പറയപ്പെടുന്നു. “ശരണാന്വേഷീ” എന്ന പദംകൊണ്ടു് ഗോപ്തൃത്വവരണം പറയപ്പെടുന്നു; “പപാത” എന്ന പദംകൊണ്ടു് ആത്മനിക്ഷേപം പറയപ്പെടുന്നു. ഇപ്രകാരം 17-ാംസൎഗ്ഗം ആദ്യശ്ലോകത്തിന്റെ കുറിപ്പിൽ പറയപ്പെട്ടതായ ശരണാഗതിയുടെ അംഗങ്ങൾ പറയപ്പെട്ടു.]

ഇനി വാചികമായ ശരണാഗതി പറയപ്പെടുന്നു.

അബ്രവീച്ച തദാ രാമം വാക്യം തത്ര വിഭീഷണഃ
ധൎമ്മയുക്തം ച യുക്തം ച സാംപ്രതം സംപ്രഹൎഷണം. 4

തദാ	അനന്തരം	സാംപ്രതം	ആ സന്ദൎഭത്തിൽ
തത്ര	അവിടെ	സംപ്രഹൎഷണം ച	എല്ലാവൎക്കും സന്തോഷത്തെ ഉളവാക്കുന്നതും ആയ
വിഭീഷണഃ	വിഭീഷണൻ		
രാമം	ശ്രീരാമനെ നോക്കി		
ധൎമ്മയുക്തം ച	ധൎമ്മാനുസൃതവും	വാക്യം	വാക്യത്തെ
യുക്തം ച	തക്കതും	അബ്രവീത്,	ഉണൎത്തിച്ചു.

[“തദാ” (പാദപതനസമയത്തിൽ); “തത്ര” (സുഗ്രീവാദികളായ എല്ലാവരും ഏകമനസ്സോടുകൂടി വൎത്തിക്കുന്നതായ ആ സദസ്സിൽ); “ധൎമ്മയുക്തം” (ശരണാഗത്യംഗാനുകൂലമായ സങ്കല്പാദിധൎമ്മത്തോടുകൂടിയ); “യുക്തം” (സമസ്തകാരുണികനായ ശരണ്യനെ വിഷയീകരിച്ചതിനാൽ യോഗ്യമായുള്ള); “സാംപ്രതം സംപ്രഹൎഷണം” (ഇപ്പോൾ എല്ലാവൎക്കും ഒരുപോലെ പ്രഹൎഷത്തെ ഉണ്ടാക്കുന്നതായ വചനത്തെ. മുമ്പു് രാക്ഷസനും രാവണാനുജനും ആണെന്ന കാരണത്താൽ കടുതരമായിരുന്നാലും, ഇപ്പോൾ ഹൎഷജനകമായവചനത്തെ എന്നു് താല്പൎയ്യം.) ഗോ. രാ.]

അനുജോ രാവണസ്യാഹം തേന ചാപ്യവമാനിതഃ
ഭവന്തം സർവ്വഭൂതാനാം ശരണ്യം ശരണാഗതഃ. 5

“അഹം	“ഞാൻ
രാവണസ്യ	രാവണന്റെ
അനുജഃ;	അനുജൻ;
തേന ച	അവനാലും
അവമാനിതഃ;	അവഗണിക്കപ്പെട്ടു;
സർവ്വഭൂതാനാം അപി	സർവ്വപ്രാണികൾക്കും
ശരണ്യം	പ്രാപ്യസ്ഥാനമായ
ഭവന്തം	നിന്തിരുവടിയെ
ശരണാഗതഃ.	ഞാൻ ശരണംപ്രാപിച്ചിരിക്കുന്നു.

[“രാവണന്റെ അനുജൻ” എന്നു മുമ്പുതന്നെ പറഞ്ഞിട്ടുണ്ടെങ്കിലും, അതു് പുരുഷാകാരഭൂതന്മാരായ സുഗ്രീവലക്ഷ്മണാദികളോടായി പറഞ്ഞതാകയാൽ, ഇപ്പോൾ ശ്രീരാമനോടു് അഭിമുഖമായ്ത്തന്നെ പറയുന്നു എന്നതുകൊണ്ടു്, പുനരുക്തിദോഷമില്ല. ശ്ലോകത്തിന്റെ പൂർവ്വാർദ്ധത്തിൽ സ്വദോഷാവിഷ്കരണംകൊണ്ടു് അകിഞ്ചനത്വം പറയപ്പെട്ടു. “സർവ്വഭൂതാനാം ശരണ്യം” എന്നതുകൊണ്ടു് രാവണനടക്കം സർവ്വപ്രാണികൾക്കും ശരണ്യനാകയാൽ, ഭഗവദവതാരമാണെന്ന നിശ്ചയം വിവക്ഷിക്കപ്പെടുന്നു.]

പരിത്യക്താ മയാ ലങ്കാ മിത്രാണി ച ധനാനി വൈ
ഭവദ്ഗതം മേ രാജ്യം ച ജീവിതം ച സുഖാനി ച. 6

“മയാ	“എന്നാൽ
ലങ്കാ	ലങ്കാനഗരം
പരിത്യക്താ;	ഉപേക്ഷിക്കപ്പെട്ടു;
മിത്രാണി	സുഹൃത്തുക്കളും
ധനാനി, വൈ	സർവ്വസ്വവും,
ച;	അപ്രകാരംതന്നെ ത്യജിക്കപ്പെട്ടു;
മേ രാജ്യം ച	എന്നെക്കൊണ്ടുനടത്തുവാനുള്ള അധികാരവും
ഭവദ്ഗതം;	നിന്തിരുവടിക്ക് അധീനമാണ്!
ജീവിതം ച;	ജീവനും അപ്രകാരം തന്നെ അധീനമാണ്;
സുഖാനി ച.”	ശ്രേയസ്സുകളും ഭവദധീനം തന്നെ.”

[“രാജ്യം” എന്ന പദം സ്വീകാരയോഗ്യങ്ങളായ സർവ്വവസ്തുക്കൾക്കും ഉപലക്ഷണമാണെന്നു ഗ്രാഹ്യമാകുന്നു. “സുഖാനി” (ഐഹികാമുഷ്മികങ്ങളായ സുഖങ്ങൾ); “ഭവദ്ഗതം” (നിന്തിരുവടിയുടെ കൈങ്കര്യത്തെ ആശ്രയിച്ചതു്). നിന്തിരുവടിയുടെ ദാസവൃത്തിയെ മാത്രമാണ് ഞാൻ ആഗ്രഹിക്കുന്നതു്. അല്ലാതെ കുടുംബം, രാജ്യം മുതലായവ ഒന്നുമല്ല എന്നു് സാരം. (ഗോ. രാ).]

തസ്യ തദ്വചനം ശ്രുത്വാ രാമോ വചനമബ്രവീത്
വചസാ സാന്ത്വയിത്വൈനം ലോചനാഭ്യാം പിബന്നിവ. 7

രാമഃ	ശ്രീരാമൻ
തസ്യ	വിഭീഷണന്റെ
തത് വചനം,	ആ വാക്യത്തെ
ശ്രുത്വാ	കേട്ടു്,
ലോചനാഭ്യാം	ഇരുകണ്ണുകൾകൊണ്ടും
പിബൻ ഇവ,	നുകരുന്നവനെന്നപോലെ അവനെ വീക്ഷിച്ചു്
വചസാ	സത്കാരവചനംകൊണ്ടു്
ഏനം	അവനെ
സാന്ത്വയിത്വാ	അകം കുളുർപ്പിച്ചശേഷം,
വചനം	ഇപ്രകാരം വാക്യത്തെ
അബ്രവീത്.	അരുളിച്ചെയ്തു.

ആഖ്യാഹി മമ തത്വേന രാക്ഷസാനാം ബലാബലം. 8

"രാക്ഷസാനാം	"രാക്ഷസന്മാരുടെ	മമ	എനിക്ക്
ബലാബലം	ബലാബലത്തെക്കുറിച്ച്	തത്വേന	ഉള്ളവണ്ണംതന്നെ
		ആഖ്യാഹി."	പറഞ്ഞുതന്നാലും."

[" രാക്ഷസാനാം " എന്നു പറഞ്ഞതിൽനിന്ന് വിഭീഷണൻെറ രാക്ഷസസ്വഭാവത്തെ വിസ്മരിച്ച് ഭഗവാൻ സ്വകീയനെന്ന ഭാവത്തെ സ്വീകരിച്ചു എന്നു ഭാവാർത്ഥം. (ഗോ. രാ).]

ഏവമുക്തം തദാ രക്ഷോ രാമേണാക്ലിഷ്ടകർമ്മണാ
രാവണസ്യ ബലം സർവ്വമാഖ്യാതുമുപചക്രമേ. 9

തദാ	അപ്പോൾ	രക്ഷഃ,	രാക്ഷസൻ,
അക്ലിഷ്ട-കർമ്മണാ	നിഷ്പ്രയാസം എന്തും ചെയ്യാവുന്നവനായ	രാവണസ്യ	രാവണൻെറ
രാമേണ	ശ്രീരാമനാൽ	ബലം സർവ്വം	ബലത്തെക്കുറിച്ചുള്ളതെല്ലാം
ഏവം	ഇപ്രകാരം	ആഖ്യാതും	ഇപ്രകാരം ഉണർത്തി[പ്പാൻ
ഉക്തം	ചോദിക്കപ്പെട്ടവനായ	ഉപചക്രമേ.	തുടങ്ങി.

അവധ്യഃ സർവ്വഭൂതാനാം ഗന്ധർവ്വാസുരരക്ഷസാം
രാജപുത്ര ദശഗ്രീവോ വരദാനാത് സ്വയംഭുവഃ. 10

"രാജപുത്ര!	"രാജകുമാര!	ഗന്ധർവ്വാസുര-രക്ഷസാം	ഗന്ധർവ്വന്മാർ, അസുരന്മാർ, രാക്ഷസർ എന്നവർക്കും
ദശഗ്രീവഃ	ദശകണ്ഠൻ		
സ്വയംഭുവഃ	ബ്രഹ്മാവിങ്കൽനിന്ന്	സർവ്വഭൂതാനാം	സർവ്വപ്രാണികൾക്കും
വരദാനാത്	ലഭിച്ചവരത്താൽ	അവധ്യഃ.	അവധ്യനാകുന്നു.

രാവണാനന്തരോ ഭ്രാതാ മമ ജ്യേഷ്ഠശ്ച വീര്യവാൻ
കുംഭകർണ്ണോ മഹാതേജാഃ ശക്രപ്രതിബലോ യുധി. 11

"രാവണാനന്തരഃ	"രാവണന്ന് അടുത്ത	കുംഭകർണ്ണഃ,	കുംഭകർണ്ണൻ,
		യുധി	പോരിൽ
ഭ്രാതാ	അനുജനും	ശക്രപ്രതിബലഃ	ഇന്ദ്രനെ എതിർപ്പാൻ തക്ക
മമ	എൻെറ		
ജ്യേഷ്ഠഃ ച	ജ്യേഷ്ഠനും	മഹാതേജാഃ.	മഹത്തായ പരാക്രമമാർന്നവനാകുന്നു
വീര്യവാൻ	വീര്യശാലിയും ആയ		

രാമ സേനാപതിസ്തസ്യ പ്രഹസ്തോ യദി വാ ശ്രുതഃ
കൈലാസേ യേന സംഗ്രാമേ മാണിഭദ്രഃ പരാജിതഃ. 12

"രാമ!	"ശ്രീരാമ!		
തസ്യ	ആ രാവണന്ന്	മാണിഭദ്രഃ	കുബേരൻെറ സേനാധിപതിയായ മാണിഭദ്രൻ,
സേനാപതിഃ	സേനാപതിയാകുന്നു		
പ്രഹസ്തഃ;	പ്രഹസ്തനെന്നവൻ;	പരാജിതഃ	തോല്പിക്കപ്പെട്ടു എന്നുള്ള സംഗതി
യേന	യാതൊരു ഇവനാൽ		
കൈലാസേ	കൈലാസപർവ്വത[ത്തിൽ	യദി വാ ശ്രുതഃ.	നിന്തിരുവടിക്ക് അറിവുണ്ടായിരിക്കാം.
സംഗ്രാമേ	പോരിൽ		

ബദ്ധഗോധാംഗുലിത്രാണസ്ത്വവധ്യകവചോ യുധി
ധനുരാദായ യസ്തിഷ്ഠന്നദൃശ്യോ ഭവതീന്ദ്രജിത്. 13

" ഇന്ദ്രജിത്	" ഇന്ദ്രജിത്തെന്ന
യഃ	യാതൊരുവൻ,
യുധി	പോരിൽ
ബദ്ധ-ഗോധാംഗുലി-ത്രാണഃ	ഉടുമ്പു തോൽകൊണ്ടുണ്ടാക്കിയ വിരലുറകളെ ധരിച്ചവനായി,
അവധ്യ-കവചഃ	തുളയ്ക്കപ്പെടുവാൻ കഴിയാത്ത കവചമാൎന്നവനായി
ധനുഃ	വില്ലും
ആദായ	കയ്യിലേന്തി
തിഷ്ഠൻ തു,	നില്ക്കുന്നവനായ്ത്തന്നെ,
അദൃശ്യഃ	ആൎക്കും കാണ്മാൻ സാധിക്കാത്തവനായി
ഭവതി.	ഭവിക്കുന്നു.

സംഗ്രാമസമയവ്യൂഹേ തൎപ്പയിത്വാ ഹുതാശനം
അന്തൎദ്ധാനഗതഃ ശത്രൂനിന്ദ്രജിദ്ധന്തി രാഘവ. 14

" രാഘവ !	" ശ്രീരാഘവ !
ഇന്ദ്രജിത്	ഇന്ദ്രജിത്ത്
ഹുതാശനം	അഗ്നിഭഗവാനെ
തൎപ്പയിത്വാ,	പ്രീതിപ്പെടുത്തി,
സംഗ്രാമ-സമയവ്യൂഹേ	യുദ്ധസമയം അണിനിരന്ന പടനടുവിൽ
അന്തൎദ്ധാന-ഗതഃ	ആൎക്കും ദൃഷ്ടിഗോചരനാകാതെതന്നെ
ശത്രൂൻ ഹന്തി.	ശത്രുക്കളെ വധിക്കുന്നു.

മഹോദരമഹാപാൎശ്വൗ രാക്ഷസശ്ചാപ്യകമ്പനഃ
അനീകസ്ഥാസ്തു തസ്യൈതേ ലോകപാലസമാ യുധി 15
ദശകോടിസഹസ്രാണി രക്ഷസാം കാമരൂപിണാം
മാംസശോണിതഭക്ഷാണാം ലങ്കാപുരനിവാസിനാം. 16

" തസ്യ	" ആ രാവണന്റെ
അനീകസ്ഥാഃ തു	സൈന്യത്തിലുള്ളവരായ
മഹോദര മഹാപാൎശ്വൗ അപി	മഹോദരനും മഹാപാൎശ്വനും
അകമ്പനഃ	അകമ്പനനെന്ന
രാക്ഷസഃ ച	രാക്ഷസനും
ഏതേ	ഇവരെല്ലാം
യുധി	യുദ്ധത്തിൽ
ലോകപാല-സമാഃ ;	ലോകപാലതുല്യന്മാരാകുന്നു ;
കാമരൂപിണാം	നിനച്ചരൂപംകൈക്കൊൾവാൻ കഴിവുള്ളവരും
മാംസ-ശോണിത-ഭക്ഷാണാം	മാംസവും ചോരയും ആഹാരമായുള്ളവരും ആയ
ലങ്കാപുര-നിവാസിനാം	ലങ്കാപട്ടണനിവാസികളായ
രക്ഷസാം ദശകോടി-സഹസ്രാണി	രാക്ഷസർ പതിനായിരംകോടി പേരും
ച.	അങ്ങിനെതന്നെ.

സ തൈസ്തു സഹിതോ രാജാ ലോകപാലാനയോധയത്. 17

" സഃ	" ആ
രാജാ	രാജാവായ രാവണൻ
തൈഃ	അവരോടു
സഹിതഃ തു	കൂടിയവനായ്ത്തന്നെ
ലോകപാലാൻ	ലോകപാലന്മാരെ
അയോധയത്.	എതിൎത്തു.

സഹ ദേവൈസ്തു തേ ഭഗ്നാ രാവണേന മഹാത്മനാ. 18

"തേ	"അവർ	മഹാത്മനാ	മഹാപരാക്രമിയായ
ദേവൈഃ സഹ, തു	ദേവന്മാരോടുകൂടിത്തന്നെ	രാവണേന	ആ രാവണനാൽ
		ഭഗ്നാഃ."	തോല്പിക്കപ്പെട്ടു."

വിഭീഷണവചഃ ശ്രുത്വാ രാമോ ദൃഢപരാക്രമഃ
അന്വീക്ഷ്യ മനസാ സർവ്വമിദം വചനമബ്രവീത്. 19

ദൃഢപരാക്രമഃ	അചഞ്ചലപൌരുഷ[ശാലിയായ]	മനസാ	മനസ്സുകൊണ്ട്
രാമഃ	ശ്രീരാമൻ	അന്വീക്ഷ്യ,	ആലോചിച്ചറിഞ്ഞ്,
വിഭീഷണവചഃ	വിഭീഷണന്റെ വാക്യ[ത്തെ]	ഇദം	ഇപ്രകാരം
ശ്രുത്വാ,	കേട്ട്,	വചനം	വാക്യത്തെ
സർവ്വം	എല്ലാററിനേയും	അബ്രവീത്.	അരുളിച്ചെയ്തു.

യാനി കർമ്മാപദാനാനി രാവണസ്യ വിഭീഷണ
ആഖ്യാതാനി ച തത്ത്വേന ഹ്യവഗച്ഛാമി താന്യഹം. 20

"വിഭീഷണ!	"വിഭീഷണ!	ആഖ്യാതാനി ഹി,	പറയപ്പെട്ടുവോ,
രാവണസ്യ	രാവണന്റെ	താനി ച,	അവയെ എല്ലാം
കർമ്മാപദാനാനി	വിക്രമപ്രവൃത്തികളായി	തത്ത്വേന	ഉള്ളപ്രകാരംതന്നെ
		അഹം	ഞാൻ
യാനി	ഏതെല്ലാം	അവഗച്ഛാമി.	ഇപ്പോൾ അറിയുന്നുണ്ട്.

അഹം ഹത്വാ ദശഗ്രീവം സപ്രഹസ്തം സബാന്ധവം
രാജാനം ത്വാം കരിഷ്യാമി സത്യമേതദ്ബ്രവീമി തേ. 21

"അഹം	"ഞാൻ	രാജാനം	രാജാവാക്കി
ദശഗ്രീവം	ദശകണ്ഠനെ	കരിഷ്യാമി;	വെക്കുന്നുണ്ട്;
സപ്രഹസ്തം	പ്രഹസ്തനോടും	ഏതത്	ഇത്
സബാന്ധവം	ബന്ധുക്കളോടും കൂടിയ[വനായി]	തേ	ഭവാനോട്
ഹത്വാ,	വധിച്ച്,	സത്യം ബ്രവീമി.	ഞാൻ സത്യമായും പറയുന്നു.
ത്വാം	ഭവാനെ		

രസാതലം വാ പ്രവിശേത് പാതാളം വാഽപി രാവണഃ
പിതാമഹസകാശം വാ ന മേ ജീവൻ വിമോക്ഷ്യതേ. 22

"രാവണഃ	"രാവണൻ	പ്രവിശേത് അപി	ചെന്നാലും,
രസാതലം വാ	രസാതലത്തിലേക്കതന്നെയാകട്ടെ	ജീവൻ	ജീവനോടുകൂടി
പാതാളം വാ	പാതാളത്തിലേക്കതന്നെയാകട്ടെ	മേ	എന്നെ
പിതാമഹസകാശം വാ	ബ്രഹ്മാവിന്റെ സന്നിധിയിലേക്കതന്നെയാകട്ടെ	വിമോക്ഷ്യതേ ന.	തെററിച്ചു പോകയില്ല.

അഥവാ രാവണം സംഖ്യേ സപുത്രബലബാന്ധവം
അയോദ്ധ്യാം ന പ്രവേക്ഷ്യാമി ത്രിഭിസ്തൈർഭ്രാതൃഭിഃ ശപേ. 23

"സംഖ്യേ	"പോരിൽ	പ്രവേക്ഷ്യാമി ന;	ഞാൻ കാലെടുത്തു വെക്കുകയില്ല;
രാവണം	രാവണനെ	തൈഃ ത്രിഭിഃ	ആ മൂന്നു
സപുത്രബല-ബാന്ധവം	പുത്രന്മാർ, സേനകൾ, ബന്ധുക്കൾ എന്നവരടക്കം	ഭ്രാതൃഭിഃ	സഹോദരന്മാരാണെ
അഥവാ,	കൊല്ലാതെ,	ശപേ."	ഞാൻ ശപഥം ചെയ്യുന്നു."
അയോദ്ധ്യാം	അയോദ്ധ്യയിൽ		

ശ്രുത്വാ തു വചനം തസ്യ രാമസ്യാക്ലിഷ്ടകർമ്മണഃ
ശിരസാഽഽവന്ദ്യ ധർമ്മാത്മാ വക്തുമേവോപചക്രമേ. 24

അക്ലിഷ്ട-കർമ്മണഃ	സുലഭമായി എന്തും ചെയ്വാൻ ശക്തനായ	ധർമ്മാത്മാ	ആ ധർമ്മാത്മാവ്
തസ്യ	ആ	ശിരസാ ആവന്ദ്യ	തലകുമ്പിട്ടുവണങ്ങി
രാമസ്യ	ശ്രീരാമന്റെ	വക്തും ഏവ	ഇപ്രകാരം മറുപടിയുണർത്തിപ്പാനായി
വചനം	വാക്യത്തെ		
ശ്രുത്വാ തു,	കേട്ടിട്ട്,	ഉപചക്രമേ.	തുടങ്ങി.

[സ്വാപേക്ഷിതമല്ലാത്ത രാജ്യപ്രദാനപ്രതിജ്ഞ ചെയ്കതിനാൽ, വന്ദനപൂർവ്വകം തനിക്കു് കൈങ്കര്യം തന്നെയാണു് അഭിമതമായതു് എന്നു പറയുവാൻ തുടങ്ങുന്നു.]

രാക്ഷസാനാം വധേ സാഹ്യം ലങ്കായാശ്ച പ്രധർഷണം
കരിഷ്യാമി യഥാപ്രാണം പ്രവേക്ഷ്യാമി ച വാഹിനീം. 25

"രാക്ഷസാനാം വധേ	"രാക്ഷസന്മാരെ വധിക്കുന്ന സംഗതിയിൽ	യഥാപ്രാണം	എനിക്കു ശക്തിയുള്ളേടത്തോളം
സാഹ്യം,	സഹായത്തേയും,	കരിഷ്യാമി;	ഞാൻ ചെയ്യുന്നുണ്ടു്;
		വാഹിനീം ച	സൈന്യത്തിലും
ലങ്കായാഃ ച പ്രധർഷണം	ലങ്കയെയും ആക്രമിക്കുന്നതിനേയും	പ്രവേക്ഷ്യാമി."	ഞാൻ യോദ്ധാവായി ചേരുന്നുണ്ടു്."

ഇതി ബ്രുവാണം രാമസ്തു പരിഷ്വജ്യ വിഭീഷണം
അബ്രവീല്ലക്ഷ്മണം പ്രീതഃ സമുദ്രാജ്ജലമാനയ. 26

രാമഃ	ശ്രീരാമൻ	പ്രീതഃ	സന്തുഷ്ടചിത്തനായി
തു	ഇക്കാര്യത്തിൽ	ലക്ഷ്മണം	ലക്ഷ്മണനോട്
ഇതി	ഇപ്രകാരം	അബ്രവീത്;	ഇങ്ങിനെ ഉണർത്തിച്ചു;
ബ്രുവാണം	ഉരചെയ്യുന്നവനായ	"സമുദ്രാത്	"സമുദ്രത്തിൽ നിന്നു്
വിഭീഷണം	വിഭീഷണനെ	ജലം	വെള്ളം
പരിഷ്വജ്യ,	ആലിംഗനം ചെയ്തു്,	ആനയ.	എടുത്തുകൊണ്ടുവരിക.

["പരിഷ്വജ്യ" എന്നതിൽനിന്നു് രാജ്യം വിഭീഷണനാൽ പ്രാർത്ഥിതമായതല്ലെന്നാലും തന്റെ പ്രസാദത്താൽ ആനുഷംഗികമായി പ്രദത്തമാണെന്നതിനാൽ സ്വീകാര്യമാണെന്നു് വിവക്ഷ. (ഗോ. ൨൦).]

തേന ചേമം മഹാപ്രാജ്ഞമഭിഷിഞ്ച വിഭീഷണം
രാജാനം രക്ഷസാം ക്ഷിപ്രം പ്രസന്നേ മയി മാനദ. 27

"മാനദ!	"വലിയവരെ ബഹുമാ	തേന ച	ആ ജലംകൊണ്ടുതന്നെ
മയി	ഞാൻ [നിക്കുന്നവനേ!	രക്ഷസാം	രാക്ഷസരാജാവായി
പ്രസന്നേ,	സന്തുഷ്ടചിത്തനായിരി	രാജാനം	
ഇമം	ഈ [ക്കകാരണം,	ക്ഷിപ്രം	ഇപ്പോൾതന്നെ
മഹാപ്രാജ്ഞം	മഹാബുദ്ധിമാനായ	അഭിഷിഞ്ച."	അഭിഷേകം ചെയ്താ
വിഭീഷണം	വിഭീഷണനെ		ലും."

["മയി പ്രസന്നേ" എന്നതിൽനിന്ന് രാജ്യാഭിഷേകം തന്റെ പ്രസാദത്തിന്റെ ഫലമാണെന്നും അല്ലാതെ വിഭീഷണൻ കാംക്ഷിച്ചതല്ലെന്നും ഗമ്യമാകുന്നു. (ഗോ. രാ)]

ഏവമുക്തസ്തു സൌമിത്രിരഭ്യഷിഞ്ചദ്വിഭീഷണം
മദ്ധ്യേ വാനരമുഖ്യാനാം രാജാനം രാമശാസനാത്. 28

ഏവം	മേൽപ്രകാരം	വാനരമുഖ്യാനാം	വാനരശ്രേഷ്ഠന്മാരുടെ
തു	ഇക്കാര്യത്തെക്കുറിച്ച്	മദ്ധ്യേ	നടുവിൽ
ഉക്തഃ	ആജ്ഞാപിക്കപ്പെട്ടവ	രാമശാസനാത്	ശ്രീരാമാജ്ഞയെ ക
സൌമിത്രിഃ,	ലക്ഷ്മണൻ, [നായ	രാജാനം	രാജാവായി [യ്ക്കൊണ്ട്
വിഭീഷണം	വിഭീഷണനെ	അഭ്യഷിഞ്ചത്.	പട്ടാഭിഷേകംചെയ്തു.

തം പ്രസാദം തു രാമസ്യ ദൃഷ്ട്വാ സദ്യഃ പ്ലവംഗമാഃ
പ്രചുക്രുശുർമ്മഹാത്മാനം സാധു സാധ്വിതി ചാബ്രുവൻ. 29

തു	ആ സമയം	ദൃഷ്ട്വാ,	കണ്ട്,
പ്ലവംഗമാഃ,	വാനരന്മാർ,	മഹാത്മാനം	മഹാത്മാവായ അദ്ദേഹ
സദ്യഃ	ക്ഷണനേരംകൊണ്ടു	'സാധു,	'നല്ലത്, [ത്തെനോക്കി
	സംഭവിച്ചതായ	സാധു,'	നല്ലത്,'
രാമസ്യ	ശ്രീരാമന്റെ	ഇതി	എന്ന്
തം	അപ്രകാരമുള്ള	അബ്രുവൻ;	കൊണ്ടാടി;
പ്രസാദം	അനുഗ്രഹത്തെ	പ്രചുക്രുശുഃ ച.	സന്തോഷാരവം മുഴക്കി.

അബ്രവീച്ച ഹനൂമാംശ്ച സുഗ്രീവശ്ച വിഭീഷണം. 30

സുഗ്രീവഃ ച	സുഗ്രീവനും	വിഭീഷണം ച	വിഭീഷണനെനോക്കി
ഹനൂമാൻ ച	ഹനുമാനും	അബ്രവീത്.	ഇപ്രകാരം ചോദ്യം ചെയ്തു. (ആഷം)

കഥം സാഗരമക്ഷോഭ്യം തരാമ വരുണാലയം
സൈന്യൈഃ പരിവൃതാഃ സർവ്വേ വാനരാണാം മഹൌജസാം. 31

"മഹൌജസാം	"അതിബലശാലികളാ	അക്ഷോഭ്യം	അഗാധവും
വാനരാണാം	വാനരന്മാരുടെ [യ	വരുണാലയം	വരുണന്റെ വാസസ്ഥാ
സൈന്യൈഃ	സൈന്യങ്ങളാൽ	സാഗരം	സമുദ്രത്തെ [നവും ആയ
പരിവൃതാഃ	ചൂഴപ്പെട്ടവരായ	കഥം	എങ്ങിനെയാണ്
സർവ്വേ,	നാമെല്ലാവരും,	തരാമ?	കടക്കുക?

ഉപായം നാധിഗച്ഛാമോ യഥാ നദനദീപതിം
തരാമ തരസാ സർവ്വേ സസൈന്യാ വരുണാലയം
ഏവമുക്തസ്തു ധർമ്മജ്ഞഃ പ്രത്യുവാച വിഭീഷണഃ. 32

"സസൈന്യാഃ	"സേനാസമേതരായ	അധിഗച്ഛാമഃ ന;"	ഞങ്ങൾ അറിയുന്നില്ല;"
സർവ്വേ	നാമെല്ലാം	ഏവം	എന്നിപ്രകാരം
നദനദീപതിം	നദങ്ങൾക്കും നദികൾക്കും പ്രാപ്യസ്ഥാനമായ	ഉക്തഃ	ഉരചെയ്യപ്പെട്ട
വരുണാലയം	സമുദ്രത്തെ	ധർമ്മജ്ഞഃ	ധർമ്മജ്ഞനായ
തരസാ	വേഗത്തിൽ	വിഭീഷണഃ	വിഭീഷണൻ
യഥാ	എപ്രകാരം	തു	ഇക്കാര്യത്തിൽ ഇപ്രകാരം
തരാമ	കടക്കുമോ, അതിനുള്ള		
ഉപായം	ഉപായത്തെ	പ്രത്യുവാച.	മറുപടിയുരചെയ്തു.

സമുദ്രം രാഘവോ രാജാ ശരണം ഗന്തുമർഹതി. 33

"രാജാ	"ചക്രവർത്തിയായ	ശരണം ഗന്തും അർഹതി.	ശരണംപ്രാപിച്ചരുളേണ്ടതാണ്.
രാഘവഃ	ശ്രീരാഘവൻ		
സമുദ്രം	സമുദ്രരാജാവിനെ		

ഖാനിതഃ സഗരേണായമപ്രമേയോ മഹോദധിഃ
കർത്തുമർഹതി രാമസ്യ ജ്ഞാത്വാ കാര്യം മഹാമതിഃ. 34

"അപ്രമേയഃ	"അളവററ	മഹാമതിഃ	എല്ലാം അറിവുള്ള ആ സമുദ്രരാജാവ്
അയം	ഈ		
മഹോദധിഃ	വൻകടൽ	രാമസ്യ കാര്യം	ശ്രീരാമകാര്യത്തെ
സഗരേണ	സഗരമഹാരാജാവിനാൽ	ജ്ഞാത്വാ,	അറിഞ്ഞ്,
ഖാനിതഃ;	വെട്ടിയുണ്ടാക്കിക്കപ്പെട്ടതാണ്;	കർത്തും അർഹതി."	തക്കത് ചെയ്യാൻ ബാദ്ധ്യതപ്പെട്ടവനാണ്."

ഏവം വിഭീഷണേനോക്തോ രാക്ഷസേന വിപശ്ചിതാ
ആജഗാമാഥ സുഗ്രീവോ യത്ര രാമഃ സലക്ഷ്മണഃ. 35

അഥ	സ സമയം	സുഗ്രീവഃ,	സുഗ്രീവൻ,
വിപശ്ചിതാ	മഹാജ്ഞാനിയായ	രാമഃ	ശ്രീരാഘവൻ
രാക്ഷസേന	രാക്ഷസനായ	സലക്ഷ്മണഃ	ലക്ഷ്മണസഹിതനായി
വിഭീഷണേന	വിഭീഷണനാൽ	യത്ര	ഉണ്ടായിരുന്ന ദിക്കിലേക്കായി
ഏവം	ഇപ്രകാരം		
ഉക്തഃ	ഉരചെയ്യപ്പെട്ടവനായ	ആജഗാമ.	വന്നു.

തതശ്ചാഖ്യാതുമാരേഭേ വിഭീഷണവചഃ ശുഭം
സുഗ്രീവോ വിപുലഗ്രീവഃ സാഗരസ്യോപവേശനം
പ്രകൃത്യാ ധർമ്മശീലസ്യ രാഘവസ്യാപ്യരോചത. 36

വിപുലഗ്രീവഃ	വിശാലകണ്ഠനായ
സുഗ്രീവഃ	സുഗ്രീവൻ
ശുഭം	നല്ലതായുള്ള
വിഭീഷണവചഃ	ആ വിഭീഷണൻെറ ആലോചനയെക്കുറിച്ചു്,
തതഃ	അവിടെ
ആഖ്യാതും	അറിയിപ്പാൻ
ആരേഭേ ;	മുതിൎന്നു ;
ധൎമ്മശീലസ്യ	ധൎമ്മശീലനായ
രാഘവസ്യ അപി	ശ്രീരാഘവന്നും
സാഗരസ്യ	സമുദ്രരാജാവിനെ
ഉപവേശനം ച	ശരണംപ്രാപിക്കുക എന്നതു്
പ്രകൃത്യാ	മനുഷ്യനായി അവതരിച്ചു എന്ന കാരണത്താൽ
അരോചത.	തിരുവുള്ളത്തിൽ യുക്തമെന്നുതോന്നി.

[“പ്രകൃത്യാ ധൎമ്മശീലഃ,” സ്വതഃ ധൎമ്മബുദ്ധി കയ്യോണ്ടു്, എന്ന അൎത്ഥം സ്പഷ്ടം.]

സ ലക്ഷ്മണം മഹാതേജാഃ സുഗ്രീവം ച ഹരീശ്വരം
സത്ക്രിയാൎത്ഥം ക്രിയാദക്ഷഃ സ്മിതപൂൎവ്വമുവാച ഹ. 37

ക്രിയാദക്ഷഃ	കാൎയ്യകുശലനും
മഹാതേജാഃ	മഹാപരാക്രമശാലിയുമായ
സഃ,	അദ്ദേഹം,
ലക്ഷ്മണം	ലക്ഷ്മണനേയും
ഹരീശ്വരം	വാനരാധിപനായ
സുഗ്രീവം ച	സുഗ്രീവനേയും
സത്ക്രിയാൎത്ഥം ഹ	ആ നല്ല കൃത്യത്തെക്കുറിച്ചു്
സ്മിതപൂൎവ്വം	മന്ദസ്മിതംപൂണ്ടു്
ഉവാച.	ഇങ്ങിനെ അരുളിച്ചെയ്തു.

വിഭീഷണസ്യ മന്ത്രോऽയം മമ ലക്ഷ്മണ രോചതേ
ബ്രൂഹി ത്വം സഹസുഗ്രീവസ്തവാപി യദി രോചതേ. 38

“ലക്ഷ്മണ!	“ലക്ഷ്മണ!
വിഭീഷണസ്യ	വിഭീഷണൻെറ
അയം	ഈ
മന്ത്രഃ	ആലോചന
മമ	എനിക്കു്
രോചതേ ;	ബോദ്ധ്യമായിരിക്കുന്നു ;
ത്വം	നീയും
സഹസുഗ്രീവഃ	സുഗ്രീവനോടുകൂടിയാലോചിച്ചു്
തവ അപി	നിനക്കും
രോചതേ യദി	നല്ലതെന്നു തോന്നുന്ന
ബ്രൂഹി.	പറയുക. [പക്ഷം

സുഗ്രീവഃ പണ്ഡിതോ നിത്യം ഭവാൻ മന്ത്രവിചക്ഷണഃ
ഉഭാഭ്യാം സംപ്രധാൎയ്യാൎത്ഥം രോചതേ യത്തദുച്യതാം. 39

“സുഗ്രീവഃ	“സുഗ്രീവൻ
നിത്യം	എപ്പോഴും
പണ്ഡിതഃ	അതിബുദ്ധിമാനും
ഭവാൻ	നീയും
മന്ത്രവിചക്ഷണഃ ;	ആലോചനയിൽ സമൎത്ഥനുമാണല്ലൊ ;
അൎത്ഥം	കാൎയ്യത്തെക്കുറിച്ചു്
സംപ്രധാൎയ്യ,	നന്നായാലോചിച്ചു്,
ഉഭാഭ്യാം	നിങ്ങൾ രണ്ടുപേൎക്കും
യത്	യാതൊന്നു്
രോചതേ,	സമ്മതമൊ,
തത്	അതു്
ഉച്യതാം.”	പറയപ്പെടട്ടെ.”

ഏവമുക്തൌ തു തൌ വീരാവുഭൌ സുഗ്രീവലക്ഷ്മണൌ
സമുദാചാരസംയുക്തമിദം വചനമൂചതുഃ. 40

ഏവം	ഇപ്രകാരം	സമുദാചാരസംയുക്തം	ബഹുമാനപുരസ്സരം
ഉക്തൌ ച	ചോദിക്കപ്പെട്ടവരും	ഇദം	ഇപ്രകാരം
വീരൌ	വീരന്മാരും ആയ	വചനം	മറുപടി
തൌ സുഗ്രീവലക്ഷ്മണൌ	ആ സുഗ്രീവ ലക്ഷ്മണന്മാർ	ഊചതുഃ.	ഉണൎത്തിച്ചു.
ഉഭൌ തു,	ഇരുവരും,		

കിമത്ഥം നൌ നരവ്യാഘ്ര ന രോചിഷ്യതി രാഘവ
വിഭീഷണേന യച്ചോക്തമസ്മിൻ കാലേ സുഖാവഹം. 41

"നരവ്യാഘ്ര!	"പുരുഷോത്തമ!	വിഭീഷണേന	വിഭീഷണനാൽ
രാഘവ	ശ്രീരാമ!	ഉക്തം ച	ഉരചെയ്യപ്പെട്ടുവോ ആയത്,
അസ്മിൻ	ഈ	നൌ	ഞങ്ങൾ രണ്ടുപേൎക്കും
കാലേ	ഘട്ടത്തിൽ	കിമത്ഥം	എന്തുകൊണ്ടാണ്
സുഖാവഹം	നന്മയുളവാക്കുന്നതായി	രോചിഷ്യതി ന?	രുചിക്കാതിരിക്കുക?
യത്	യാതൊന്ന്		

അബദ്ധ്വാ സാഗരേ സേതും ഘോരേഽസ്മിൻ വരുണാലയേ
ലങ്കാ നാസാദിതും ശക്യാ സേന്ദ്രൈരപി സുരാസുരൈഃ. 42

"ഘോരേ	"ഭയങ്കരവും	സേന്ദ്രൈഃ	ഇന്ദ്രനൾപ്പെട്ട
വരുണാലയേ	വരുണാവാസവും ആയ	സുരാസുരൈഃ അപി	ദേവാസുരന്മാരാലുംകൂടി
അസ്മിൻ	ഈ	ലങ്കാ	ലങ്കാനഗരം
സാഗരേ,	സമുദ്രത്തിൽ,	ആസാദിതും ശക്യാ ന.	അടുപ്പാൻ സാദ്ധ്യമല്ല.
സേതും അബദ്ധ്വാ	അണകെട്ടാതെ		

വിഭീഷണസ്യ ശൂരസ്യ യഥാത്ഥം ക്രിയതാം വചഃ
അലം കാലാത്യയം കൃത്വാ സമുദ്രോഽയം നിയുജ്യതാം
യഥാ സൈന്യേന ഗച്ഛാമഃ പുരീം രാവണപാലിതാം. 43

"ശൂരസ്യ	"ശൂരനായ	രാവണപാലിതാം	രാവണനാൽ പരിപാലിക്കപ്പെട്ടതായ
വിഭീഷണസ്യ	വിഭീഷണന്റെ	പുരീം	നഗരത്തെ
വചഃ,	ആലോചന,	യഥാ	എങ്ങിനെയായാൽ
യഥാത്ഥം	പറയപ്പെട്ടവണ്ണംതന്നെ	സൈന്യേന	സൈന്യസമേതം
ക്രിയതാം;	അനുഷ്ഠിക്കപ്പെടട്ടെ;	ഗച്ഛാമഃ,	നാം പ്രാപിക്കുമോ,
കാലാത്യയം	കാലതാമസം	അയം	ഈ [അപ്രകാരം
കൃത്വാ അലം;	വരുത്തേണ്ടതില്ല;	സമുദ്രഃ	സമുദ്രരാജാവ്
		നിയുജ്യതാം."	പ്രാൎത്ഥിക്കപ്പെടട്ടെ."

ഏവമുക്തഃ കുശാസ്തീർണ്ണേ തീരേ നദനദീപതേഃ
സംവിവേശ തദാ രാമോ വേദ്യാമിവ ഹുതാശനഃ. 44

തദാ	ആ സമയം	കുശാസ്തീർണ്ണേ	ദർഭശയനത്തിൽ
ഏവം	ഇപ്രകാരം	വേദ്യാം	യാഗവേദിയിൽ
ഉക്തഃ	ഉണർത്തിക്കപ്പെട്ടവ	ഹുതാശനഃ	അഗ്നിഭഗവാൻ
രാമഃ,	ശ്രീരാമൻ, [നായ	ഇവ,	എന്നപോലെ
നദനദീപതേഃ തീരേ	സമുദ്രതീരത്തിൽ	സംവിവേശ.	ഉപവേശിച്ചു.

ഇത്യാർഷേ ശ്രീമദ്രാമായണേ വാല്മീകീയേ ആദികാവ്യേ യുദ്ധകാണ്ഡേ
ഏകോനവിംശഃ സർഗ്ഗഃ = പത്തൊമ്പതാംസർഗ്ഗം സമാപ്തം.
ആദ്യംമുതൽ ശ്ലോകസംഖ്യ 15338; യുദ്ധകാണ്ഡം ആദ്യംമുതൽ ശ്ലോകസംഖ്യ 663.

വിംശഃ സർഗ്ഗഃ = ഇരുപതാംസർഗ്ഗം.

[സുഗ്രീവഭേദനോപായഃ = സുഗ്രീവനെ ഭിന്നിപ്പിപ്പാൻ യത്നിക്കുന്നതു്]

തതോ നിവിഷ്ടാം ധ്വജിനീം സുഗ്രീവേണാഭിപാലിതാം
ദദർശ രാക്ഷസോഽഭ്യേത്യ ശാർദ്ദൂലോ നാമ വീര്യവാൻ. 1

സുഗ്രീവേണ	സുഗ്രീവനാൽ	വീര്യവാൻ	വീര്യശാലിയായ
അഭിപാലിതാം	സംരക്ഷിക്കപ്പെട്ടതും	ശാർദ്ദൂലഃ നാമ	ശാർദ്ദൂലൻ എന്ന
തതഃ	അട്ടിക്കിൽ	രാക്ഷസഃ	രാക്ഷസൻ
നിവിഷ്ടാം	പാളയമടിച്ചിരുന്നതും	അഭ്യേത്യ	അടുത്തുചെന്നു്
ധ്വജിനീം,	സൈന്യത്തെ, [ആയ	ദദർശ.	കണ്ടു.

ചാരോ രാക്ഷസരാജസ്യ രാവണസ്യ ദുരാത്മനഃ
താം ദൃഷ്ട്വാ സർവ്വതോ വ്യഗ്രം പ്രതിഗമ്യ സ രാക്ഷസഃ
പ്രവിശ്യ ലങ്കാം വേഗേന രാവണം വാക്യമബ്രവീത്. 2

രാക്ഷസരാജസ്യ	രാക്ഷസരാജാവും	ദൃഷ്ട്വാ,	നോക്കിയശേഷം,
ദുരാത്മനഃ	ദുഷ്ടബുദ്ധിയും ആയ	വേഗേന	വേഗത്തിൽ
രാവണസ്യ	രാവണന്റെ	പ്രതിഗമ്യ,	തിരിച്ചു്,
ചാരഃ	ചാരനായ	ലങ്കാം പ്രവിശ്യ	ലങ്കാപുരത്തെ പുക്കു്,
സഃ രാക്ഷസഃ,	ആ രാക്ഷസൻ,	രാവണം	രാവണനോടായി
താം സർവ്വതഃ	അതിനെ മുഴുവനും	വാക്യം അബ്രവീത്.	ഇപ്രകാരം അറിയിച്ചു.
വ്യഗ്രം	സൂക്ഷിച്ചു്		

ഏഷ വാനരൠക്ഷൌഘോ ലങ്കാം സമഭിവർത്തതേ
അഗാധശ്ചാപ്രമേയശ്ച ദ്വിതീയ ഇവ സാഗരഃ. 3

" അഗാധഃ	" അഗാധവും	വാനരൠക്ഷൌഘഃ	വാനരന്മാരുടേയും കരടികളുടേയും വമ്പിച്ച കൂട്ടം
അപ്രമേയഃ	അളവററതും		
ദ്വിതീയഃ	മറെറാരു		
സാഗരഃ ഇവ ച	സമുദ്രം പോന്നതും	ലങ്കാം	ലങ്കയിലേക്കായി
ഏഷഃ	ഈ [ആയ	സമഭിവർത്തതേ.	വന്നുകൊണ്ടിരിക്കുന്നു.

പുത്രൌ ദശരഥസ്യൈമൌ ഭ്രാതരൌ രാമലക്ഷ്മണൌ
ഉത്തമായുധസമ്പന്നൌ സീതായാഃ പദമാഗതൌ. 4

“ദശരഥസ്യ പുത്രൌ	“ദശരഥ പുത്രന്മാരും	രാമലക്ഷ്മണൌ	രാമലക്ഷ്മണന്മാരെന്ന
ഭ്രാതരൌ	സഹോദരന്മാരും	ഇമൌ,	ഇവർ രണ്ടുപേരും,
ഉത്തമായുധ-സമ്പന്നൌ	ഉത്തമങ്ങളായ ആയുധങ്ങളാർന്നവരും ആയ	സീതായാഃ പദം	സീതയുടെ വാസസ്ഥലത്തെക്കുറിച്ച്
		ആഗതൌ.	ഗ്രഹിച്ചു കഴിഞ്ഞു.

ഏതൌ സാഗരമാസാദ്യ സന്നിവിഷ്ടൌ മഹാദ്യുതീ. 5

“മഹാദ്യുതീ	“അതിതേജസ്വികളായ	സാഗരം	സമുദ്രത്തെ
		ആസാദ്യ,	പ്രാപിച്ച്,
ഏതൌ	ഇവർ രണ്ടുപേരും	സംനിവിഷ്ടൌ.	കാത്തുനില്ക്കുന്നുണ്ട്.

ബലമാകാശമാവൃത്യ സർവ്വതോ ദശയോജനം
തത്ത്വഭൂതം മഹാരാജ ക്ഷിപ്രം വേദിതുമർഹസി. 6

“മഹാരാജ!	“മഹാരാജാവേ!	തത്ത്വഭൂതം	ഇരിക്കുന്നതായ യഥാർത്ഥസംഗതിയെക്കുറിച്ച്
ബലം	സൈന്യം,	ക്ഷിപ്രം	ഉടനെ
ആകാശം	ചുററുമുള്ളപ്രദേശത്തെയെല്ലാം	വേദിതും അർഹസി.	ബോധിച്ചാലും.
സർവ്വതഃ	നാലുപാടും		
ദശയോജനം	പത്തുയോജനദൂരം		
ആവൃത്യ	മറച്ചുംകൊണ്ട്		

തവ ദൂതാ മഹാരാജ ക്ഷിപ്രമർഹന്ത്യവേക്ഷിതും. 7

“മഹാരാജ!	“മഹാരാജാവേ!	ക്ഷിപ്രം	വേഗത്തിൽ
തവ	നിന്തിരുവടിയുടെ	അവേക്ഷിതും അർഹന്തി.	മേൽവേണ്ടുന്നതിനെ കണ്ടറിയേണ്ടതാണ്.
ദൂതാഃ	ദൂതന്മാർ		

ഉപപ്രദാനം സാന്ത്വം വാ ഭേദോ വാഽത്ര പ്രയുജ്യതാം. 8

“അത്ര	“ഇക്കാര്യത്തിൽ	ഭേദഃ വാ	തമ്മിൽ ഭിന്നിപ്പിക്കുകയോ
ഉപപ്രദാനം	തിരിയെക്കൊടുക്കുകയോ		
സാന്ത്വം വാ	നല്ലവാക്കുപറയുകയോ	പ്രയുജ്യതാം.”	ചെയ്യപ്പെടട്ടെ.”

ശാർദ്ദൂലസ്യ വചഃ ശ്രുത്വാ രാവണോ രാക്ഷസേശ്വരഃ
ഉവാച സഹസാ വ്യഗ്രഃ സംപ്രധാര്യാർത്ഥമാത്മനഃ
ശുകം നാമ തദാ രക്ഷോ വാക്യമർത്ഥവിദാം വരം. 9

രാക്ഷസേശ്വരഃ	രാക്ഷസരാജാവായ	ആത്മനഃ	തന്റെ ഉള്ളിൽ
രാവണഃ	രാവണൻ	സംപ്രധാര്യ,	ആലോചിച്ചുറച്ച്,
ശാർദ്ദൂലസ്യ	ശാർദ്ദൂലന്റെ	തദാ	അപ്പോൾ
വചഃ ശ്രുത്വാ,	വാക്യത്തെ കേട്ട്,	അർത്ഥവിദാം	കാര്യസ്ഥന്മാരിൽ
സഹസാ	ഉടനെ	വരം	സമർത്ഥനായ
വ്യഗ്രഃ	ജാഗ്രതപൂണ്ടവനായി	ശുകം നാമ	ശുകനെന്ന
അർത്ഥം	കാര്യത്തെക്കുറിച്ച്	രക്ഷഃ	രാക്ഷസനെവിളിച്ച്,
		വാക്യം ഉവാച.	ഇപ്രകാരം കല്പിച്ചു.

സുഗ്രീവം ബ്രൂഹി ഗത്വാ ത്വം രാജാനം വചനാന്മമ
യഥാ സംദേശമക്ലീബം ശ്ലക്ഷ്ണയാ പരയാ ഗിരാ. 10

“ ത്വം	“ നീ	യഥാസംദേശം	ഞാൻപറയുന്നപോലെതന്നെ
മമ	എന്റെ	പരയാ	ഏറ്റവും
വചനാത്	ആജ്ഞപ്രകാരം	ശ്ലക്ഷ്ണയാ	മയമായ
ഗത്വാ,	ചെന്ന്,	ഗിരാ,	വാക്കുകൊണ്ട്
സുഗ്രീവം രാജാനം	സുഗ്രീവമഹാരാജാവിനോടായി	അക്ലീബം	അധൈര്യപ്പെടാതെ
		ബ്രൂഹി.	പറയുക.

ത്വം വൈ മഹാരാജ കുലപ്രസൂതോ
മഹാബലശ്ചർക്ഷരജസ്സുതശ്ച
ന കശ്ചിദർത്ഥസ്തവ നാസ്ത്യനർത്ഥ-
സ്തഥാ ഹി മേ ഭ്രാതൃസമോ ഹരീശ 11

അഹം യദ്യപഹരം ഭാര്യാം രാജപുത്രസ്യ ധീമതഃ
കിം തത്ര തവ സുഗ്രീവ കിഷ്കിന്ധാം പ്രതിഗമ്യതാം. 12

“ ‘ഹരീശ !	“ ‘വാനരേശ്വര !	അഹരം യദി	അപഹരിച്ചുവെന്നുള്ളതുകൊണ്ട്
സുഗ്രീവ !	സുഗ്രീവ !	തത്ര	അക്കാര്യത്തിൽ
മഹാരാജ !	മഹാരാജാവേ !	തവ	അങ്ങേക്കു്
ത്വം വൈ	ഭവാനാകട്ടെ	കിം ?	എന്താണ് ബന്ധമുള്ളത് ;
കുലപ്രസൂതഃ ;	മഹത്തായ കുലത്തിൽ ജനിച്ചവൻ ;	തവ	അങ്ങേക്കു്
ഋക്ഷരജസുതഃ;	ഋക്ഷരജസ്സിന്റെ പുത്രൻ;	അർത്ഥഃ	വേണ്ടതായ കാര്യം
മഹാബലം	അതിബലശാലി	കശ്ചിത് ഹി ന;	യാതൊന്നുംതന്നെയില്ല ;
ച	എന്നുതന്നെയല്ല	അനർത്ഥഃ ച അസ്തി ന ;	നഷ്ടമെന്നുള്ളതും വരുവാനില്ല;
മേ	എനിക്ക്	തഥാ	ആകയാൽ
ഭ്രാതൃസമഃ ;	ഭ്രാതാവിനെപ്പോലെയുള്ളവൻ ;	കിഷ്കിന്ധാം	കിഷ്കിന്ധയിലേക്ക്
ധീമതഃ	ധീമാനായ	പ്രതിഗമ്യതാം.	തിരിച്ചെഴുന്നെള്ളപ്പെടട്ടെ.
രാജപുത്രസ്യ	രാജകുമാരന്റെ		
ഭാര്യാം	ഭാര്യയെ		
അഹം	ഞാൻ		

ന ഹീയം ഹരിഭിർലങ്കാ ശക്യാ പ്രാപ്തും കഥഞ്ചന
ദേവൈരപി സഗന്ധർവ്വൈഃ കിം പുനർന്നരവാനരൈഃ, 13

“ ഇയം	“ ‘ഈ	പ്രാപ്തും	പ്രാപിപ്പാൻ
ലങ്കാ	ലങ്കാപുരം	ശക്യാ ന ;	സാദ്ധ്യമാകുന്നതല്ല ;
ഹരിഭിഃ	വാനരന്മാരാൽ,	ഹി,	അങ്ങിനെയിരിക്കെ
സഗന്ധർവ്വൈഃ	ഗന്ധർവ്വന്മാരടങ്ങിയ	നരവാനരൈഃ	മനുഷ്യരെ ആശ്രയിച്ച വാനരന്മാരാൽ
ദേവൈഃ അപി,	ദേവന്മാരോടു കൂടിയെന്നാലും,		
കഥംചന,	എത്രകഷ്ടപ്പെട്ടാലും,	കിം പുനഃ ? ’	എങ്ങിനെ സാധിക്കും?’

സ തഥാ രാക്ഷസേന്ദ്രേണ സംദിഷ്ടോ രജനീചരഃ
ശുകോ വിഹംഗമോ ഭൂത്വാ തൂർണ്ണമാപ്ലുത്യ ചാംബരം. 14
സ ഗത്വാ ദൂരമധ്വാനമുപര്യുപരി സാഗരം
സംസ്ഥിതോ ഹ്യംബരേ വാക്യം സുഗ്രീവമിദമബ്രവീത്
സർവ്വമുക്തം യഥാദിഷ്ടം രാവണേന ദുരാത്മനാ. 15

രാക്ഷസേന്ദ്രേണ	രാക്ഷസരാജാവിനാൽ	ദൂരം അധ്വാനം	വളരെദൂരം
തഥാ	ഇപ്രകാരം	ഗത്വാ,	ചെന്ന്,
സംദിഷ്ടഃ	നിയമിക്കപ്പെട്ട	അംബരേ	ആകാശത്തിൽ
സഃ	ആ	സംസ്ഥിതഃ ഹി	നിന്നുംകൊണ്ടുതന്നെ
ശുകഃ	ശുകനെന്ന	സഃ ദുരാത്മനാ	ആ ദുരാത്മാവായ
രജനീചരഃ,	രാക്ഷസൻ,	രാവണേന	രാവണനാൽ
വിഹംഗമഃ	പക്ഷിരൂപം	യഥാദിഷ്ടം	ആജ്ഞാപിക്കപ്പെട്ട പോലെതന്നെ
ഭൂത്വാ,	കൈക്കൊണ്ട്,	ഉക്തം	പറഞ്ഞുകൊടുക്കപ്പെട്ടതായ
തൂർണ്ണം	ഉടനെ	ഇദം	ഈ
അംബരം	ആകാശത്തിൽ	വാക്യം	വാക്യത്തെ
ആപ്ലുത്യ,	പറന്ന്,	സർവ്വം ച,	എല്ലാററിനേയും
സാഗരം	സമുദ്രത്തിൽ	സുഗ്രീവം	സുഗ്രീവനോടായി
ഉപര്യുപരി	വളരെ ഉയരത്തിൽ	അബ്രവീത്.	അറിയിച്ചു.

തം പ്രാപയന്തം വചനം തൂർണ്ണമാപ്ലുത്യ വാനരാഃ
പ്രാപദ്യന്ത ദിവം ക്ഷിപ്രം ലോപ്തും ഹന്തും ച മുഷ്ടിഭിഃ. 16

വചനം	ദൂതവാക്യത്തെ	ഹന്തും	ഇടിപ്പാനും
പ്രാപയന്തം	അറിയിക്കുന്നവനായ	ലോപ്തും ച	തൂവലുകൾ പിച്ചുപറിപ്പാനുമായി
തം	അവനെ	ദിവം	ആകാശത്തിൽ
വാനരാഃ	വാനരന്മാർ	തൂർണ്ണം	ഉടനെ
മുഷ്ടിഭിഃ	മുഷ്ടികൾകൊണ്ട്	ആപ്ലുത്യ	കുതിച്ച്
ക്ഷിപ്രം	വേഗത്തിൽ	പ്രാപദ്യന്ത.	വളഞ്ഞുനിന്നു.

സ തൈഃ പ്ലവംഗൈഃ പ്രസഭം നിഗൃഹീതോ നിശാചരഃ
ഗഗനാദ്ഭൂതലേ ചാശു പരിഗൃഹ്യ നിപാതിതഃ. 17

സഃ നിശാചരഃ	ആ രാക്ഷസൻ	നിഗൃഹീതഃ	ബന്ധിക്കപ്പെട്ടവനായി
തൈഃ	ആ	ഗഗനാത്	ആകാശത്തിൽ നിന്നും
പ്ലവംഗൈഃ	വാനരന്മാരാൽ	ഭൂതലേ	നിലത്ത്
പ്രസഭം	ബലാത്കാരമായി	ആശു	ഉടനെ തന്നെ
പരിഗൃഹ്യ	പിടിച്ച്	നിപാതിതഃ ച.	വീഴ്ത്തപ്പെട്ടു.

വാനരൈഃ പീഡ്യമാനസ്തു ശുകോ വചനമബ്രവീത്
ന ദൂതാൻ ഘ്നന്തി കാകുത്സ്ഥ വാര്യന്താം സാധു വാനരാഃ. 18

വാനരൈഃ	വാനരന്മാരാൽ	"കാകുത്സ്ഥ!	"കാകുത്സ്ഥ!
പീഡ്യമാനഃ	പീഡിക്കപ്പെടുന്നവനായ	ദൂതാൻ	ദൂതന്മാരെ
		ഘ്നന്തി ന;	കൊല്ലാറില്ല;
ശുകഃ തു	ശുകനും	വാനരാഃ	വാനരന്മാർ
വചനം അബ്രവീത്;	ഇങ്ങിനെ അപേക്ഷിച്ചു;	സാധു	ദയവുചെയ്തു
		വാര്യന്താം.	തടഞ്ഞുനിർത്തപ്പെടട്ടെ.

യസ്തു ഹിത്വാ മതം ഭർത്തുഃ സ്വമതം സംപ്രഭാഷതേ
അനുക്തവാദീ ദൂതഃ സൻ സ ദൂതോ വധമർഹതി. 19

"ദൂതഃ സൻ	"ദൂതുപറഞ്ഞയക്കപ്പെട്ടവനായി	ഹിത്വാ	വിട്ട്
അനുക്തവാദീ	പറവാൻ കല്പിക്കാത്തതിനെപ്പറയുന്നവനായി	സ്വമതം	സ്വന്തം അഭിപ്രായത്തെ
		സംപ്രഭാഷതേ,	പറയുന്നുവോ,
യഃ തു	യാതൊരുവൻ	സഃ	ആ
ഭർത്തുഃ	യജമാനന്റെ	ദൂതഃ	ദൂതൻ
മതം	അഭിപ്രായത്തെ	വധം അർഹതി."	വധത്തിന്നു അർഹനാകുന്നു."

ശുകസ്യ വചനം ശ്രുത്വാ രാമസ്തു പരിദേവിതം
ഉവാച മാ വധിഷ്ടേതി ഘ്നതഃ ശാഖാമൃഗർഷഭാൻ. 20

രാമഃ	ശ്രീരാമൻ	ഘ്നതഃ	അവനെ ഹിംസിക്കുന്ന
ശുകസ്യ	ശുകന്റെ	ശാഖാമൃഗർഷഭാൻ	ആ വാനരശ്രേഷ്ഠന്മാരോടായി
പരിദേവിതം	കരച്ചലോടു കൂടിയ	"മാ വധിഷ്ട"	"കൊല്ലാതിരിപ്പിൻ,"
വചനം	വാക്യത്തെ	ഇതി	എന്ന്
ശ്രുത്വാ തു,	കേട്ടഉടനെ,	ഉവാച.	ആജ്ഞാപിച്ചു.

സ ച പത്രലഘുർഭൂത്വാ ഹരിഭിർദർശിതേ ഭയേ
അന്തരിക്ഷസ്ഥിതോ ഭൂത്വാ പുനർവ്വചനമബ്രവീത്. 21

ഹരിഭിഃ	വാനരന്മാരാൽ	അന്തരിക്ഷസ്ഥിതഃ ഭൂത്വാ ച	ആകാശത്തിൽനിന്നുകൊണ്ടുതന്നെ
ഭയേ ദർശിതേ,	ഉപദ്രവിക്കപ്പെട്ടസമയം		
സഃ	അവൻ	പുനഃ	വീണ്ടും
പത്രലഘുഃ ഭൂത്വാ	തൂവലുകൾ കുറഞ്ഞവനായി,	വചനം	ഒരുവാക്ക്
		അബ്രവീത്.	ഉരചെയ്തു.

[“ഹരിഭിഃ അഭയേ ദർശിതേ” വാനരന്മാരാൽ ശ്രീരാമാജ്ഞപ്രകാരം അഭയം നൽകപ്പെട്ടപ്പോൾ, “പത്രലഘുഃ ഭൂത്വാ” ചിറകുകൾകൊണ്ടു് വേഗം ചെല്ലുന്നവനായി. വാനരന്മാർ ചിറകുകളെ പറിച്ചിരുന്നാലും, മായകൊണ്ടു് വീണ്ടും ചിറകുകൾ മുളപ്പിച്ചു് വേഗത്തിൽ ആകാശത്തിൽ പറന്നുചെന്നു എന്നു് ഗ്രാഹ്യം. (സ).]

സുഗ്രീവ സത്വസമ്പന്ന മഹാബലപരാക്രമ
കിം മയാ ഖലു വക്തവ്യോ രാവണോ ലോകരാവണഃ. 22

"സത്വസമ്പന്ന!	"ഗുണവാനായവനേ!	രാവണഃ	രാവണൻ
മഹാബല-പരാക്രമ!	മഹാശക്തിയും പരാക്രമവുമാൎന്നവനേ!	മയാ	എന്നാൽ
സുഗ്രീവ!	സുഗ്രീവ!	കിം ഖലു	എന്തൊന്നുതന്നെയാണ്
ലോകരാവണഃ	ലോകത്തെ കരയിക്കുന്നവനായ	വക്തവ്യഃ ?"	പറയപ്പെടേണ്ടത് ?"

സ ഏവമുക്തഃ പ്ലവഗാധിപസ്തദാ
പ്ലവംഗമാനാമൃഷഭോ മഹാബലഃ
ഉവാച വാക്യം രജനീചരസ്യ
ചാരം ശുകം തൂൎണ്ണമദീനസത്വഃ. 23

തദാ	അപ്പോൾ	പ്ലവഗാധിപഃ	വാനരാധിപനും ആയ
ഏവം	ഇപ്രകാരം	സഃ,	അവൻ,
ഉക്തഃ	ചോദിക്കപ്പെട്ടവനും	രജനീചരസ്യ	രാത്രിഞ്ചരന്റെ
പ്ലവംഗമാനാം	വാനരന്മാരിൽവെച്ച്	ചാരം	ദൂതനായ
ഋഷഭഃ	ഉത്തമനും	ശുകം	ശുകനോടായി
മഹാബലഃ	അതിശക്തിമാനും	വാക്യം	ഒരു വാക്ക്
അദീനസത്വഃ	അക്ഷീണപൌരുഷയുക്തനും	തൂൎണ്ണം	ഉടനെതന്നെ
		ഉവാച.	ഉരചെയ്തു.

ന മേഽസി മിത്രം ന തഥാഽനുകമ്പ്യോ
ന ചോപകൎത്താഽസി ന മേ പ്രിയോഽസി
അരിശ്ച രാമസ്യ സഹാനുബന്ധഃ
സ മേഽസി വാലീവ വധാൎഹ വധ്യഃ 24

"മേ മിത്രം അസി ന;	"എനിക്ക് നീ മിത്രനുമല്ല;	രാമസ്യ	ശ്രീരാമന്റെ
തഥാ	ആകയാൽ	അരിഃ ;	ശത്രുവാണ് ;
അനുകമ്പ്യഃ ന;	കൃപയ്ക്കു പാത്രീഭൂതനുമല്ല;	വധാൎഹഃ	വധത്തിനു അൎഹനാ[യ്ത്തീൎന്ന
ഉപകൎത്താ ച അസി ന;	ഉപകാരം ചെയ്തവനും അല്ല;	സഃ വാലീ	ആ ബാലി
മേ പ്രിയഃ അസി ന;	എനിക്ക് നീ പ്രിയപ്പെട്ടവനും അല്ല;	ഇവ	എപ്രകാരമോ അപ്രകാരം
		സഹാനുബന്ധഃ ച	ബന്ധുക്കളടക്കംതന്നെ
		മേ	എനിക്ക്
		വധ്യഃ അസി.	നീ വധാൎഹനാണ്.

നിഹന്ത്യഹം ത്വാം സസുതം സബന്ധും
സജ്ഞാതിവൎഗ്ഗം രജനീചരേശ
ലങ്കാം ച സൎവ്വാം മഹതാ ബലേന
ക്ഷിപ്രം കരിഷ്യാമി സമേത്യ ഭസ്മ. 25

"രജനീചരേശ!	"രാക്ഷസാധിപ!	നിഹന്മി;	കൊല്ലുന്നുണ്ട്;
അഹം	ഞാൻ	മഹതാ ബലേന	വൻസേനയോടുംകൂടി
ത്വാം	നിന്നെ	സമേത്യ	എത്തിച്ചേർന്ന്
സസുതം	പുത്രന്മാരടക്കം	ലങ്കാം	ലങ്കയെ
സബന്ധും	ബന്ധുക്കളടക്കം	സർവ്വാം ച,	മുഴുവനും
സജ്ഞാതിവർഗ്ഗം	ജ്ഞാതിവർഗ്ഗങ്ങളടക്കം	ഭസ്മ കരിഷ്യാമി.	വെണ്ണീറാക്കുന്നുണ്ട്.
ക്ഷിപ്രം	ഇതാ		

ന മോക്ഷ്യസേ രാവണ രാഘവസ്യ
സുരൈഃ സഹേന്ദ്രൈരപി മൂഢ ഗുപ്തഃ
അന്തർഹിതഃ സൂര്യപഥം ഗതോ വാ
തഥൈവ പാതാളമനുപ്രവിഷ്ടഃ. 26

"മൂഢ!	"മൂഢനായ	അന്തർഹിതഃ,	ഒളിച്ചിരുന്നാലും,
രാവണ!	എടാ രാവണ!	പാതാളം	പാതാളലോകത്തിൽ
സഹേന്ദ്രൈഃ	ഇന്ദ്രനടക്കമുള്ള	അനുപ്രവിഷ്ടഃ വാ,	ചെന്നുകൂടിയവനായിരുന്നാലും,
സുരൈഃ അപി	ദേവന്മാരാലും	തഥാ ഏവ	എപ്രകാരമായാലും
ഗുപ്തഃ,	രക്ഷിക്കപ്പെട്ടവനെന്നാലും,	രാഘവസ്യ	ശ്രീ രാഘവങ്കൽനിന്ന്
സൂര്യപഥം	ആദിത്യമാർഗ്ഗത്തെ	മോക്ഷ്യസേ ന.	നീ മോചിക്കുകയില്ല.
ഗതഃ	പ്രാപിച്ചവനായി		

തസ്യ തേ ത്രിഷു ലോകേഷു ന പിശാചം ന രാക്ഷസം
ത്രാതാരമനുപശ്യാമി ന ഗന്ധർവ്വം ന ചാസുരം. 27

"തസ്യ	"അപ്രകാരമുള്ള	അനുപശ്യാമി ന;	ഞാൻ അറിയുന്നില്ല;
തേ	നിണക്ക്,	രാക്ഷസം	രാക്ഷസനേയും
ത്രിഷു ലോകേഷു	മൂന്നുലോകങ്ങളിലും	ന;	ഇല്ല;
ത്രാതാരം	രക്ഷിപ്പാൻ ശേഷിയുള്ള	ഗന്ധർവ്വം	ഗന്ധർവ്വനേയും
		ന;	ഇല്ല;
പിശാചം	ഒരു പിശാചിനെയും	അസുരം ച ന.	അസുരനേയും ഇല്ല.

അവധീര്യജ്ജരാവൃദ്ധമക്ഷമം കിം ജടായുഷം. 28

"ജരാവൃദ്ധം	"ജരബാധിച്ച് തളൎന്നവനായി	അവധീഃ,	നീ വധിച്ചു,
അക്ഷമം	പോരിന്നു ശേഷിയില്ലാത്ത	യത്	എന്നുള്ളത്
ജടായുഷം	ജടായുവിനെ	കിം?	എന്തുമാത്രം?

കിം ന തേ രാമസാന്നിദ്ധ്യേ സകാശേ ലക്ഷ്മണസ്യ വാ
ഹൃതാ സീതാ വിശാലാക്ഷീ യാം ത്വം ഗൃഹ്യ ന ബുദ്ധ്യസേ. 29

"വിശാലാക്ഷീ	"ആയതനേത്രയായ	തേ	നിന്നാൽ
സീതാ	സീതാദേവി	ഹൃതാ കിം ന?	അപഹരിക്കപ്പെട്ടുവോ?
രാമസാന്നിദ്ധ്യേ,	ശ്രീരാമന്റെ മുമ്പിൽ വെച്ചോ	യാം ഗൃഹ്യ	യാതൊരു അവളെ അപഹരിച്ച്
		ത്വം	നീ
ലക്ഷ്മണസ്യ	ലക്ഷ്മണന്റെ	ന ബുദ്ധ്യസേ.	വൈഷമ്യത്തെ ഓൎക്കാതിരിക്കയാണ്.
സകാശേ വാ,	മുമ്പിൽവെച്ചോ		

മഹാബലം മഹാത്മാനം ദുർദ്ധർഷമമരൈരപി
ന ബുധ്യസേ രഘുശ്രേഷ്ഠം യസ്തേ പ്രാണാൻ ഹരിഷ്യതി. 30

"യഃ	"യാതൊരുവൻ	മഹാബലം	മഹാബലശാലിയെന്നും
തേ	നിന്റെ	മഹാത്മാനം	മഹാത്മാവാണെന്നും
പ്രാണാൻ	പ്രാണങ്ങളെ	അമരൈഃ അപി	ദേവന്മാരാലും കൂടി
ഹരിഷ്യതി	അപഹരിക്കുമോ, ആ	ദുർദ്ധർഷം	അജയ്യനാണെന്നും
രഘുശ്രേഷ്ഠം	രഘൂത്തമനെ	ബുധ്യസേ ന."	നീ അറിയുന്നില്ല."

തതോഽബ്രവീദ്വാലിസുതസ്ത്വംഗദോ ഹരിസത്തമഃ
നായം ദൂതോ മഹാരാജ ചാരികഃ പ്രതിഭാതി മേ. 31

തതഃ	ആ സമയം	"മഹാരാജ!	"മഹാരാജാവേ!
വാലിസുതഃ	ബാലിപുത്രനും	അയം	ഇവൻ
ഹരിസത്തമഃ	വാനരോത്തമനും ആയ	ദൂതഃ ന;	ദൂതനല്ല;
		ചാരികഃ തു	ചാരൻതന്നെയെന്നാ
അംഗദഃ	അംഗദൻ	മേ	എനിക്ക് [ണ്
അബ്രവീത്;	ഉണർത്തിച്ചു;	പ്രതിഭാതി.	തോന്നുന്നത്.

തുലിതം ഹി ബലം സർവ്വമനേനാത്രൈവ തിഷ്ഠതാ
ഗൃഹ്യതാം മാ ഗമല്ലങ്കാമേതദ്ധി മമ രോചതേ. 32

"തിഷ്ഠതാ	"ഇതാ നില്ക്കുന്ന	ലങ്കാം	ലങ്കയ്ക്ക്
അനേന	ഇവനാൽ	മാ ഗമത്;	ഇവൻ തിരിച്ചുപോക രുത്;
അത്ര ഏവ	ഇവിടെയുള്ള		
ബലം	സൈന്യം	ഗൃഹ്യതാം;	പിടിച്ചുവെക്കപ്പെടട്ടെ;
സർവ്വം	മുഴുവനും	ഏതത് ഹി	ഇതുതന്നെയാണ്
തുലിതം;	എത്രയെന്ന് കണക്കാക്കപ്പെട്ടു കഴിഞ്ഞു;	മമ	എനിക്ക്
		രോചതേ."	നല്ലതെന്നു തോന്നുന്നത്."
ഹി	ആകയാൽ		

തതോ രാജ്ഞാ സമാദിഷ്ടാഃ സമുത്പ്ലുത്യ വലീമുഖാഃ
ജഗൃഹുശ്ച ബബന്ധുശ്ച വിലപന്തമനാഥവത്. 33

തതഃ	അതിൽ പിന്നെ	അനാഥവത്	നിസ്സഹായനായി
രാജ്ഞാ	രാജാവിനാൽ	വിലപന്തം	നിലവിളിക്കുന്ന അവനെ
സമാദിഷ്ടാഃ	ആജ്ഞാപിക്കപ്പെട്ടവ		
വലീമുഖാഃ,	ആ വാനരന്മാർ, [രായ	ജഗൃഹുഃ ച	പിടിച്ചുകെട്ടി.
സമുത്പ്ലുത്യ,	കുതിച്ചു ചെന്ന്,	ബബന്ധുഃ ച	

ശുകസ്തു വാനരൈശ്ചണ്ഡൈസ്തത്ര തൈഃ സംപ്രപീഡിതഃ
വ്യാക്രോശത മഹാത്മാനം രാമം ദശരഥാത്മജം
ലുപ്യേതേ മേ ബലാത് പക്ഷൌ ഭിദ്യേതേ ച തഥാഽക്ഷിണീ. 34

തത്ര	അപ്പോൾ	വ്യാക്രോശത;	ഇപ്രകാരം മുറവിളിക്കൂട്ടി;
ചണ്ഡൈഃ	കോപാവേശംപൂണ്ട	"മേ	"എന്റെ
തൈഃ	ആ	പക്ഷൌ	രണ്ടുചിറകുകളും
വാനരൈഃ	വാനരന്മാരാൽ	ബലാത്	ഊക്കോടെ
സംപ്രപീഡിതഃ	ഏററംപീഡിക്കപ്പെട്ട	ലൂയേതേ;	പിച്ചുപറിക്കപ്പെടുന്നു;
ശുകഃ തു,	ശുകനാകട്ടെ,	തഥാ	അപ്രകാരംതന്നെ
ദശരഥാത്മജം	ദശരഥാത്മജനും	അക്ഷിണീ ച	രണ്ടുകണ്ണുകളും
മഹാത്മാനം	മഹാത്മാവും ആയ	ഭിദ്യേതേ.	തുളയ്ക്കപ്പെടുന്നു.
രാമം	ശ്രീരാമനെവിളിച്ച്		

യാം ച രാത്രിം മരിഷ്യാമി ജായേ രാത്രിം ച യാമഹം
ഏതസ്മിന്നന്തരേ കാലേ യന്മയാ ഹ്യശുഭം കൃതം
സർവ്വം തദുപപദ്യേഥാ ജഹ്യാം ചേദ്യദി ജീവിതം. 35

"ജീവിതം	"ജീവനെ	ഏതസ്മിൻ	ഈ
ജഹ്യാം ചേത് യദി,	ഞാൻ വെടിയുന്ന പക്ഷം,	അന്തരേ,	ഇടയ്ക്കുള്ള
		കാലേ	ജീവിതകാലത്തിൽ
യാം	ഏതു	യത്	യാതൊരു
രാത്രിം	രാത്രി	അശുഭം	പാപം
അഹം	ഞാൻ	മയാ	എന്നാൽ
ജായേ ച,	ജനിച്ചുവോ,	കൃതം	ചെയ്യപ്പെട്ടിട്ടുണ്ടോ,
യാം	ഏതു	തത്	അത്
രാത്രിം	രാത്രി	സർവ്വം ഹി	മുഴുവനുംതന്നെ
മരിഷ്യാമി ച,	മരിക്കുമോ,	ഉപപദ്യേഥാഃ.	അങ്ങ് പ്രാപിക്കേണ്ടി വരുന്നതാണ്.

നാഘാതയത് തദാ രാമഃ ശ്രുത്വാ തത്പരിദേവനം
വാനരാനബ്രവീദ്രാമോ മുച്യതാം ദൂത ആഗതഃ. 36

തദാ	ആ സമയം	വാനരാൻ,	വാനരന്മാരോടായി,
രാമഃ	ശ്രീരാമൻ	"ദൂതഃ	"ദൂതനായി
തത്പരിദേവനം	ആ നിലവിളി	ആഗതഃ	വന്ന ഇവൻ
ശ്രുത്വാ,	കേട്ട്,	മുച്യതാം,"	വിട്ടയയ്ക്കപ്പെടട്ടെ," എന്ന്
അഘാതയത് ന;	കൊലചെയ്യാതിരുന്നു;		
രാമഃ	ശ്രീരാമൻ	അബ്രവീത്.	ആജ്ഞാപിച്ചു.

ഇത്യാർഷേ ശ്രീമദ്രാമായണേ വാല്മീകീയേ ആദികാവ്യേ യുദ്ധകാണ്ഡേ
വിംശഃ സർഗ്ഗഃ = ഇരുപതാംസർഗ്ഗം സമാപ്തം.

ആദ്യം മുതൽ ശ്ലോകസംഖ്യ 15374; യുദ്ധകാണ്ഡം ആദ്യം മുതൽ ശ്ലോകസംഖ്യ 699.

ഏകവിംശഃ സർഗ്ഗഃ = ഇരുപത്തൊന്നാംസർഗ്ഗം.

[സമുദ്രസംക്ഷോഭഃ = സമുദ്രത്തെ ക്ഷോഭിപ്പിക്കുന്നത്.]

തതഃ സാഗരവേലായാം ദർഭാനാസ്തീർയ്യ രാഘവഃ
അഞ്ജലിം പ്രാങ്മുഖഃ കൃത്വാ പ്രതിശിശ്യേ മഹോദധേഃ 1
ജാതരൂപമയൈശ്ചൈവ ഭൂഷണൈർഭൂഷിതം പുരാ
ബാഹും ഭുജഗഭോഗാഭമുപധായാരിസൂദനഃ. 2

അരിസൂദനഃ	ശത്രുസംഹാരകനായ
രാഘവഃ,	ശ്രീരാഘവൻ,
സാഗരവേലായാം	സമുദ്രതീരത്തിൽ
ദർഭാൻ	ദർഭകളെ
ആസ്തീർയ്യ,	പരത്തി,
മഹോദധേഃ	സമുദ്രത്തിന്ന്
പ്രാങ്മുഖഃ,	അഭിമുഖനായി,
അഞ്ജലിം കൃത്വാ,	തൊഴുത്,
തതഃ,	അതിൽപിന്നെ,

പുരാ	പണ്ട്
ജാതരൂപമയൈഃ ഭൂഷണൈഃ	തങ്കക്കോപ്പുകളാൽ
ഭൂഷിതം ച	അലങ്കരിക്കപ്പെട്ടതും
ഭുജഗഭോഗാഭം ഏവ	പാമ്പിന്റെ ഉടൽപോലെയുള്ളതും ആയ
ബാഹും	ഭുജത്തെ
ഉപധായ	തലയണയായി വെച്ചു [കൊണ്ട്
പ്രതിശിശ്യേ.	ശയിച്ചു.

വരകാഞ്ചനകേയൂരമുക്താപ്രവരഭൂഷണൈഃ
ഭുജൈഃ പരമനാരീണാമഭിമൃഷ്ടമനേകധാ 3
ചന്ദനാഗരുഭിശ്ചൈവ പുരസ്താദധിവാസിതം
ബാലസൂർയ്യപ്രതീകാശൈശ്ചന്ദനൈരുപശോഭിതം 4
ശയനേ ചോത്തമാംഗേന സീതായാഃ ശോഭിതം പുരാ
തക്ഷകസ്യേവ സംഭോഗം ഗംഗാജലനിഷേവിതം 5
സംയുഗേ യുഗസംകാശം ശത്രൂണാം ശോകവർദ്ധനം
സുഹൃദാനന്ദനം ദീർഘം സാഗരാന്തവ്യപാശ്രയം 6
അസ്യതാ ച പുനഃ സവ്യം ജ്യാഘാതവിഗതത്വചം
ദക്ഷിണോ ദക്ഷിണം ബാഹും മഹാപരിഘസന്നിഭം 7
ഗോസഹസ്രപ്രദാതാരമുപധായ മഹദ് ഭുജം
അദ്യ മേ മരണം വാഽഥ തരണം സാഗരസ്യ വാ 8
ഇതി രാമോ മതിം കൃത്വാ മഹാബാഹുർമഹോദധിം
അധിശിശ്യേ സ വിധിവത് പ്രയതോ നിയതോ മുനിഃ. 9

ദക്ഷിണഃ	സാമർത്ഥ്യശാലിയും
മഹാബാഹുഃ	മഹാബാഹുവും ആയ
സഃ	ആ
രാമഃ,	ശ്രീരാമൻ,

അനേകധാ	പലവാറ്
പരമനാരീണാം	(ദശരഥപത്നിമാരായ) മാതാക്കന്മാരായ ഉത്തമസ്ത്രീകളുടെ

വരകാഞ്ചന-കേയൂരമുക്താ-പ്രവര-ഭൂഷണൈഃ	വിശേഷപ്പെട്ട പൊൻവളകളാലും മുക്താഭരണങ്ങളാലും അലങ്കരിക്കപ്പെട്ട
ഭുജൈഃ	ഭുജങ്ങളാൽ
അഭിമൃഷ്ടം	തലോടപ്പെട്ടതും,
പുരസ്താത്	മുമ്പ്
ചന്ദനാഗരുഭിഃ	ചന്ദനം അകിൽ എന്ന കുറിക്കൂട്ടുകളാൽ
അധി-വാസിതം ച,	സൌരഭ്യം വളർത്തപ്പെട്ടതും
ബാലസൂര്യ-പ്രതീകാശൈഃ	ബാലസൂര്യനെപ്പോലെ പ്രകാശമാർന്ന
ചന്ദനൈഃ	സിന്ദൂരങ്ങളാൽ
ഉപശോഭിതം ഏവ,	അലങ്കരിക്കപ്പെട്ടതും,
പുരാ	മുമ്പെല്ലാം
ശയനേ	ശയനത്തിൽ
സീതായാഃ	സീതാദേവിയുടെ
ഉത്തമാംഗേന	ശിരസ്സിനാൽ
ശോഭിതം ച,	ശോഭിക്കപ്പെട്ടതും,
ഗംഗാജല-നിഷേവിതം	ഗംഗാജലത്തിലുള്ള
തക്ഷകസ്യ	തക്ഷകനെന്ന സർപ്പാധിരാജന്റെ
സംഭോഗം ഇവ,	ഭംഗിയുള്ള ഉടലെന്നപോലെയുള്ളതും,
യുഗസംകാശം,	നുകം പോന്നതും,
സംയുഗേ	പോരിൽ
ശത്രൂണാം	ശത്രുക്കൾക്ക്
ശോകവർദ്ധനം	സന്താപവർദ്ധകവും
സുഹൃദാനന്ദനം	സുഹൃത്തുക്കൾക്ക് ആനന്ദത്തെ കൊടുക്കുന്നതും
ദീർഘം	നീണ്ടതും
സാഗരാന്ത-വ്യപാശ്രയം	സമുദ്രത്തിനുള്ള അതിരായ ഭൂമിക്ക് ഊന്നായുള്ളതും
പുനഃ	കൂടെക്കൂടെ
സവ്യം	ഇടത്തോട്ടായി
അസ്യതാ	ബാണങ്ങൾ പ്രയോഗിക്കകാരണം
ജ്യാഘാത-വിഗതത്വചം	ഞാണിനെ വലിച്ചതിനാലുള്ള തഴമ്പോടുകൂടിയതും
മഹാപരിഘ-സംനിഭം	വലുതായ ഇരിമ്പുലയ്ക്കപോലെയുള്ളതും
ഗോസഹസ്ര-പ്രദാതാരം	ആയിരക്കണക്കായി പശുക്കളെ ദാനം ചെയ്തതും
മഹദ് ഭുജം	പൂജയ്ക്ക് അർഹമായ ഭുജവുമായ
ദക്ഷിണം	വലത്തെ
ബാഹും	കയ്യിനെ
ഉപധായ,	തലയണയായി വെച്ചുകൊണ്ട്,
വിധിവത്	ശാസ്ത്രവിധിപ്രകാരം
പ്രയതഃ	വണക്കത്തോടുകൂടി
നിയതഃ	നിയമങ്ങളെ അനുഷ്ഠിക്കുന്നവനായി
മുനിഃ	മനസ്സിനെ അടക്കിക്കൊണ്ട്
"അദ്യ	"ഇപ്പോൾ
മേ	എനിക്ക്
സാഗരസ്യ തരണം വാ	ഒന്നുകിൽ സമുദ്രതരണം
അഥവാ മരണം,"	അല്ലെന്നാൽ മൃതി,"
ഇതി	എന്നിങ്ങിനെ
മതിം കൃത്വാ	സങ്കല്പിച്ചുകൊണ്ട്
മഹോദധിം അധിശിശ്യേ.	സമുദ്രരാജാവിനെ ഉദ്ദേശിച്ച് അതിൽ ശയിച്ചു.

["ഭുജൈഃ പരമനാരീണാം അഭിമൃഷ്ടം," കൌസല്യാദികളുടെ ഭുജങ്ങളാൽ തലോടപ്പെട്ടത്; അഥവാ, 'പരം അനാരീണാം,' നിത്യബ്രഹ്മചാരികളായ ഹനുമദാദിഭക്തന്മാരാൻ തലോടപ്പെട്ടതും ഉത്കൃഷ്ടമായതും, എന്ന് (ശിരോമണി); അഥവാ 'ശ്രീഭൂമിനീളാരൂപിണികളായ ഉത്തമസ്ത്രീകളുടെ ഭുജങ്ങളാൽ എന്ന്, "ജജ്ഞേ വിഷ്ണുഃ സനാതനഃ" എന്ന വാസ്തവമായുള്ള ശ്രീരാമന്റെ വിഷ്ണുസ്വരൂപത്തെ ഋഷി ദ്യോതിപ്പിക്കുന്നു, എന്ന് (ഗോ. രാ.); അഥവാ "അരീണാം ഭുജൈഃ ന അഭിമൃഷ്ടം, തത് പരം അത്യുത്കൃഷ്ടം" (ശത്രുക്കളുടെ ഭുജങ്ങളാൽ സ്പർശിക്കപ്പെടാത്ത അത്യുത്കൃഷ്ടമായത്). ശിരോ.]

തസ്യ രാമസ്യ സുപ്തസ്യ കുശാസ്തീർണ്ണേ മഹീതലേ
നിയമാദപ്രമത്തസ്യ നിശാസ്തിസ്രോഽതിചക്രമുഃ. 10

തസ്യ	ആ	കുശാസ്തീർണ്ണേ	ദർഭശയനത്തിൽ
രാമസ്യ	ശ്രീരാമൻ	സുപ്തസ്യ	ശയിച്ചുകൊണ്ടിരിക്കെ
അപ്രമത്തസ്യ	നിശ്ചയം കൈക്കൊണ്ടു്	തിസ്രഃ	മൂന്നു
നിയമാത്	നോൽമ്പുനോററു്	നിശാഃ	രാത്രികൾ
മഹീതലേ	നിലത്ത്	അതിചക്രമുഃ.	കഴിഞ്ഞു.

സ ത്രിരാത്രോഷിതസ്തത്ര നയജ്ഞോ ധർമ്മവത്സലഃ
ഉപാസ്ത തദാ രാമഃ സാഗരം സരിതാം പതിം. 11

തദാ	അപ്പോൾ	ത്രിരാത്രോഷിതഃ	മൂന്നുരാത്രി ശയിച്ചുകൊണ്ടിരുന്നവനായി
തത്ര	അവിടെ	സരിതാം	നദികൾക്ക്
നയജ്ഞഃ	ആചാരാനുഷ്ഠാനങ്ങളെ അറിഞ്ഞവനും	പതിം	നാഥനായ
ധർമ്മവത്സലഃ	ധർമ്മനിരതനും ആയ	സാഗരം	സമുദ്രരാജാവിനെ ഉദ്ദേശിച്ച്
സഃ	ആ		
രാമഃ,	ശ്രീരാമൻ,	ഉപാസ്ത.	ഉപാസനചെയ്തു.

ന ച ദർശയതേ രൂപം തദാ രാമസ്യ സാഗരഃ
പ്രയതേനാപി രാമേണ യഥാർഹമഭിപൂജിതഃ. 12

പ്രയതേന	ഉപവാസാനുഷ്ഠാന വിധി തെററിക്കാത്തവനായ	സാഗരഃ	സമുദ്രരാജാവ്
രാമേണ അപി	ശ്രീരാമനാൽ തന്നെ	രാമസ്യ ച	ശ്രീരാമനും
യഥാർഹം	വിധിപോലെ	രൂപം	സ്വരൂപത്തെ
അഭിപൂജിതഃ	പ്രാർത്ഥിക്കപ്പെട്ടവനായ	തദാ ദർശയതേ ന.	ആ സമയം പ്രത്യക്ഷമാക്കുകയുണ്ടായില്ല.

സമുദ്രസ്യ തതഃ ക്രുദ്ധോ രാമോ രക്താന്തലോചനഃ
സമീപസ്ഥമുവാചേദം ലക്ഷ്മണം ശുഭലക്ഷണം. 13

തതഃ	അപ്പോൾ,	രാമഃ	രാമൻ
സമുദ്രസ്യ	സമുദ്രരാജാവിനെക്കുറിച്ച്	സമീപസ്ഥം	അരികിലുണ്ടായിരുന്ന
		ശുഭലക്ഷണം	സദ്ഗുണസമ്പന്നനാ
രക്താന്തലോചനഃ	കടക്കൺ ചുവക്കുമാറ്	ലക്ഷ്മണം	ലക്ഷ്മണനോടായി [യ
		ഇദം	ഇങ്ങിനെ
ക്രുദ്ധഃ	ക്രുദ്ധിച്ചവനായി,	ഉവാച.	അരുളിച്ചെയ്തു.

അവലേപഃ സമുദ്രസ്യ ന ദർശയതി യത് സ്വയം. 14

"സമുദ്രസ്യ	"സമുദ്രരാജാവിന്ന്	സ്വയം	നേരിൽ
അവലേപഃ;	ധിക്കാരം ഏറെയുണ്ട്;	ന ദർശയതി.	പ്രത്യക്ഷമാകാതിരിക്കുന്നത്.
യത്	അതിനാൽതന്നെയാണ്		

പ്രശമശ്ച ക്ഷമാ ചൈവ ആർജ്ജവം പ്രിയവാദിതാ
അസാമർത്ഥ്യം ഫലന്ത്യേതേ നിർഗ്ഗുണേഷു സതാം ഗുണാഃ 15

“ സതാം	“ സജ്ജനങ്ങളുടെ
ഗുണാഃ,	ഗുണങ്ങളാകുന്ന
പ്രശമഃ ച,	കോപമില്ലായ്മ,
ക്ഷമാ ച,	കുററത്തെ ക്ഷമിക്കുക,
ആർജ്ജവം,	താഴ്മ,
പ്രിയവാദിതാ ഏവ,	നല്ലവാക്കുരചെയ്യുക,
ഏതേ	എന്നുള്ള ഇവയെല്ലാം
നിർഗ്ഗുണേഷു	അല്പന്മാരുടെ സംഗതിയിൽ കാണിക്കപ്പെടുമ്പോൾ
അസാമർത്ഥ്യം	പോരായ്മയേയാണ്
ഫലന്തി.	വിളയിക്കുന്നത്.

ആത്മപ്രശംസിനം ദുഷ്ടം ധൃഷ്ടം വിപരിധാവകം
സർവ്വത്രോത്സൃഷ്ടദണ്ഡം ച ലോകഃ സത്കുരുതേ നരം. 16

“ ലോകഃ,	“ ലോകം,
ആത്മപ്രശംസിനം	ആത്മപ്രശംസചെയ്യുന്നവനും
ദുഷ്ടം	വഞ്ചകനും
ധൃഷ്ടം	നിർദ്ദയനും
വിപരിധാവകം	എല്ലാവരെയും ആട്ടിപ്പായിക്കുന്നവനും
സർവ്വത്ര	എല്ലാവർക്കും നേരേ
ഉത്സൃഷ്ടദണ്ഡം ച	ഗർവ്വുകാണിക്കുന്നവനും ആയ
നരം	മനുഷ്യനെ
സത്കുരുതേ.	വിലവെക്കുന്നു.

ന സാമ്നാ ശക്യതേ കീർത്തിർ ന സാമ്നാ ശക്യതേ യശഃ
പ്രാപ്തും ലക്ഷ്മണ ലോകേഽസ്മിൻ ജയോ വാ രണമൂർദ്ധനി. 17

“ ലക്ഷ്മണ!	“ ലക്ഷ്മണ!
അസ്മിൻ ലോകേ	ഈ ലോകത്തിൽ
രണമൂർദ്ധനി	അടർക്കളത്തിൽ
ജയഃ,	ശത്രുവിനെ ജയിക്കുക എന്നതാകട്ടെ
കീർത്തിഃ വാ	ശത്രുവെ തന്റെ വഴിക്കു വരുത്തുക എന്ന പുകഴാകട്ടേ
സാമ്നാ	സാമോപായത്താൽ
പ്രാപ്തും	പ്രാപിക്കുന്നത്
ശക്യതേ ന;	സാദ്ധ്യമല്ല;
യശഃ	പരാക്രമത്താലുള്ള കീർത്തിയെന്നതും
സാമ്നാ,	സാമംകൊണ്ടു
ശക്യതേ ന.	സിദ്ധിക്കപ്പെടുന്നതല്ല.

അദ്യ മദ്ബാണനിർഭിന്നൈർമകരൈർമകരാലയം
നിരുദ്ധതോയം സൌമിത്രേ പ്ലവദ്ഭിഃ പശ്യ സർവ്വതഃ. 18

“ സൌമിത്രേ!	“ ലക്ഷ്മണ!
അദ്യ	ഇപ്പോൾ
മകരാലയം	സമുദ്രത്തെ
സർവ്വതഃ	മുഴുവനും
നിരുദ്ധതോയം,	വററിയ്ക്കപ്പെട്ട്,
മദ്ബാണനിർഭിന്നൈഃ	എന്റെ ബാണങ്ങളാൽ പിളക്കപ്പെട്ട്
പ്ലവദ്ഭിഃ	തുള്ളിത്തുടിക്കുന്ന
മകരൈഃ	മകര മത്സ്യങ്ങളോടു കൂടിയതായി
പശ്യ.	കണ്ടുകൊൾക.

മഹാഭോഗാനി മത്സ്യാനാം കരിണാം ച കരാനിഹ
ഭോഗിനാം പശ്യ നാഗാനാം മയാ ഛിന്നാനി ലക്ഷ്മണ. 19

"ലക്ഷ്മണ!	"ലക്ഷ്മണ!	മയാ	എന്നാൽ
മത്സ്യാനാം	മത്സ്യങ്ങളുടേയും	ഛിന്നാനി	ഛേദിക്കപ്പെട്ടവയായും,
ഭോഗിനാം	സൎപ്പങ്ങളുടേയും	കരിണാം	കടലാനകളുടെ
നാഗാനാം	മനുഷ്യമുഖവും സൎപ്പത്തിൻെറ ഉടലും ഉള്ള നാഗങ്ങളുടേയും	കരാൻ	തുമ്പിക്കൈകളേയും
		ച	അപ്രകാരംതന്നെ മുറി
		ഇഹ	ഇതാ [ക്കപ്പെട്ടവയായും
മഹാഭോഗാനി	പെരുത്ത ശരീരങ്ങളെ,	പശ്യ.	കണ്ടുകൊൾക.

സശംഖശുക്തികാജാലം സമീനമകരം ശരൈഃ
അദ്യ യുദ്ധേന മഹതാ സമുദ്രം പരിശോഷയേ. 20

"സശംഖ-ശുക്തികാ-ജാലം	"ശംഖ്, മുത്തുച്ചിപ്പി, എന്നവ ധാരാളമുള്ളതും	ശരൈഃ	ബാണങ്ങളെക്കൊണ്ടു
സമീനമകരം	മത്സ്യങ്ങളും സ്രാവുകളും മാൎന്നും ആയ	മഹതാ	അസഹ്യമായ
		യുദ്ധേന	പ്രഹാരത്താൽ
		അദ്യ	ഇതാ
സമുദ്രം	സമുദ്രത്തെ,	പരിശോഷയേ.	വററിച്ചുകളയുന്നുണ്ട്.

ക്ഷമയാ ഹി സമായുക്തം മാമയം മകരാലയഃ
അസമൎത്ഥം വിജാനാതി ധിക് ക്ഷമാമീദൃശേ ജനേ. 21

"അയം	"ഈ	അസമൎത്ഥം	കൊള്ളരുതാത്തവനെ
മകരാലയഃ	സമുദ്രരാജാവ്	വിജാനാതി;	കരുതുകയാണ്; [ന്ന്
ക്ഷമയാ	ക്ഷമയോടെ	ഈദൃശേ	ഇപ്രകാരമുള്ള
		ജനേ	ജനത്തെക്കുറിച്ച്
സമായുക്തം	വൎത്തിക്കുന്നവനായ	ക്ഷമാം	ക്ഷമകാണിച്ചത്
മാം ഹി	എന്നെയും,	ധിക്!	മൂഢത്വം തന്നെ!

ന ദൎശയതി സാമ്നാ മേ സാഗരോ രൂപമാത്മനഃ. 22

"സാഗരഃ	"സമുദ്രരാജാവ്,	രൂപം	രൂപത്തെ
മേ സാമ്നാ	ഞാൻ സാമോപായം കയ്യാണ്ടകാരണം,	ദൎശയതി ന.	പ്രത്യക്ഷമാക്കാതിരിക്കുന്നു.
ആത്മനഃ	തൻെറ		

ചാപമാനയ സൌമിത്രേ ശരാംശ്ചാശീവിഷോപമാൻ
സാഗരം ശോഷയിഷ്യാമി പദ്ഭ്യാം യാന്തു പ്ലവംഗമാഃ. 23

"സൌമിത്രേ!	"ലക്ഷ്മണ!	സാഗരം	സമുദ്രത്തെ
ചാപം	കോദണ്ഡത്തേയും	ശോഷയിഷ്യാമി;	ഞാൻ വററിച്ചുകളയാം;
ആശീവിഷോ-പമാൻ	സൎപ്പതുല്യങ്ങളായ	പ്ലവംഗമാഃ	വാനരന്മാർ
ശരാൻ ച	ബാണങ്ങളേയും	പദ്ഭ്യാം	കാൽനടയായി
ആനയ;	കൊണ്ടുവരിക;	യാന്തു.	ചെന്നുകൊള്ളട്ടെ.

അദ്യാക്ഷോഭ്യമപി ക്രുദ്ധഃ ക്ഷോഭയിഷ്യാമി സാഗരം. 24

"ക്രുദ്ധഃ	"കോപിച്ചവനായ ഞാൻ	സാഗരം അപി	സമുദ്രത്തേയും
അക്ഷോഭ്യം	കലക്കപ്പെട്ടുവാൻ കഴിയാത്ത	അദ്യ	ഇപ്പോൾ
		ക്ഷോഭയിഷ്യാമി.	കലക്കിമറിക്കുന്നുണ്ട്.

വേലാസു കൃതമൎയ്യാദം സഹസോൎമ്മിസമാകുലം
നിൎമ്മൎയ്യാദം കരിഷ്യാമി സായകൈൎവ്വരുണാലയം. 25

"വേലാസു	"കരകളിൽ	സഹസാ	ഊക്കോടെ
കൃതമൎയ്യാദം	അതിക്രമിക്കാത്തതായ നിയമത്തോടുകൂടിയതും	സായകൈഃ	ബാണങ്ങൾ പ്രയോഗിച്ച്
ഊൎമ്മിസമാകുലം	അലകൾ നിറഞ്ഞുള്ളതും ആയ	നിൎമ്മൎയ്യാദം	കരകളാകുന്ന അതിരുകളില്ലാത്തതാക്കി
വരുണാലയം	സമുദ്രത്തെ,	കരിഷ്യാമി.	ചെയ്യുന്നുണ്ട്.

മഹാൎണ്ണവം ക്ഷോഭയിഷ്യേ മഹാദാനവസംകുലം. 26

"മഹാദാനവസംകുലം	"വമ്പിച്ചദാനവന്മാരോടുകൂടിയ	മഹാൎണ്ണവം	വൻകടലിനെ
		ക്ഷോഭയിഷ്യേ."	കലക്കിമറിക്കുന്നുണ്ട്."

ഏവമുക്ത്വാ ധനുഷ്പാണിഃ ക്രോധവിസ്ഫാരിതേക്ഷണഃ
ബഭൂവ രാമോ ദുൎദ്ധൎഷോ യുഗാന്താഗ്നിരിവ ജ്വലൻ. 27

ദുൎദ്ധൎഷഃ	ഒന്നിനും കുലുങ്ങാത്തവനായ	ക്രോധവിസ്ഫാരിതേക്ഷണഃ	കോപത്താൽ ഉരുട്ടിമിഴിച്ച നേത്രങ്ങളോടുകൂടിയവനായി
രാമഃ	ശ്രീരാമൻ	യുഗാന്താഗ്നിഃ ഇവ,	കല്പാന്താനലൻപോലെ
ഏവം	ഇപ്രകാരം	ജ്വലൻ	ഉജ്ജ്വലിക്കുന്നവനായി
ഉക്ത്വാ,	അരുളിച്ചെയ്തു്,	ബഭൂവ.	വിളങ്ങി.
ധനുഷ്പാണിഃ	വില്ലുകയ്യിലെടുത്ത്		

സംപീഡ്യ ച ധനുൎഘോരം കമ്പയിത്വാ ശരൈൎജ്ജഗത്
മുമോച വിശിഖാനുഗ്രാൻ വജ്രാനിവ ശതക്രതുഃ. 28

ഘോരം	ഭയങ്കരമായ	ശതക്രതുഃ	ഇന്ദ്രൻ
ധനുഃ	വില്ലിനെ	വജ്രാൻ	വജ്രായുധങ്ങളെ
സംപീഡ്യ,	വളച്ച്,	ഇവ,	എന്നവണ്ണം,
ശരൈഃ	ബാണങ്ങളാൽ	ഉഗ്രാൻ	ഉഗ്രങ്ങളായ
ജഗത് ച	ലോകത്തെ ആകമാനം	വിശിഖാൻ	ബാണങ്ങളെ
കമ്പയിത്വാ,	വിറപ്പിച്ചുകൊണ്ട്,	മുമോച.	പ്രയോഗിച്ചു.

തേ ജ്വലന്തോ മഹാവേഗാസ്തേജസാ സായകോത്തമാഃ
പ്രവിശന്തി സമുദ്രസ്യ സലിലം ത്രസ്തപന്നഗം. 29

മഹാവേഗാഃ	മഹാശക്തിയാൎന്നവയായ
തേ	ആ
സായകോത്തമാഃ,	ഉത്തമസായകങ്ങൾ,
തേജസാ	തേജസ്സിനാൽ
ജ്വലന്തഃ,	ഉജ്ജ്വലിക്കുന്നവയായി,
സമുദ്രസ്യ	സമുദ്രത്തിലെ
സലിലം	വെള്ളത്തിൽ
ത്രസ്തപന്നഗം	സൎപ്പങ്ങൾ നടുങ്ങുമാറ്
പ്രവിശന്തി.	പ്രവേശിച്ചു.

തോയവേഗഃ സമുദ്രസ്യ സനക്രമകരോ മഹാൻ
സംബഭൂവ മഹാഘോരഃ സമാരുതരവസ്തദാ. 30

തദാ	ആ സമയം
സമുദ്രസ്യ	സമുദ്രത്തിന്റെ
തോയവേഗഃ	വമ്പിച്ചതിരമാല
സനക്രമകരഃ	മുതലകളോടും സ്രാവുകളോടും കൂടിയതായി
മഹാൻ	ഏററം പൊങ്ങിയതായി
സമാരുതരവഃ	കൊടുങ്കാററിന്റെ ചീററത്തോടുകൂടിയതായി
മഹാഘോരഃ	അതിഭയങ്കരമായി
സംബഭൂവ.	കാണപ്പെട്ടു.

മഹോൎമ്മിമാലാവിതതഃ ശംഖശുക്തിസമാവൃതഃ
സധൂമപരിവൃത്തോൎമ്മിഃ സഹസാഽഽസീന്മഹോദധിഃ. 31

മഹോദധിഃ	വൻകടൽ
മഹോൎമ്മിമാലാവിതതഃ	വൻതിരമാലകളാൽ എങ്ങും കരപുരളുന്നതായും
ശംഖശുക്തിസമാവൃതഃ	ശംഖുകളും ചിപ്പികളും ഇറഞ്ഞുകിടക്കുന്നതായും
സധൂമപരിവൃത്തോൎമ്മിഃ	പുകകൊണ്ടു മറയ്ക്കപ്പെട്ട അലകളോടുകൂടിയതായും,
സഹസാ	ക്ഷണനേരംകൊണ്ട്,
ആസീത്.	ആയ്തീൎന്നു.

വ്യഥിതാഃ പന്നഗാശ്ചാസൻ ദീപ്താസ്യാ ദീപ്തലോചനാഃ
ദാനവാശ്ച മഹാവീൎയ്യാഃ പാതാളതലവാസിനഃ. 32

ദീപ്താസ്യാഃ	ജ്വലിക്കുന്ന മുഖങ്ങളാൎന്നവയും
ദീപ്തലോചനാഃ	ജ്വലിക്കുന്ന നേത്രങ്ങളോടുകൂടിയവയും ആയ
പന്നഗാഃ	സൎപ്പങ്ങൾ
വ്യഥിതാഃ	പീഡിക്കപ്പെട്ടവയായി
ആസൻ;	ഭവിച്ചു;
പാതാളതലവാസിനഃ	പാതാളവാസികളായ
മഹാവീൎയ്യാഃ	മഹാവീൎയ്യശാലികളായ
ദാനവാഃ ച	ദാനവന്മാരും
ച.	അപ്രകാരംതന്നെ പീഡിക്കപ്പെട്ടവരായ്തീൎന്നു.

ഊൎമ്മയഃ സിന്ധുരാജസ്യ സനക്രമകരാസ്തദാ
വിന്ധ്യമന്ദരസങ്കാശാഃ സമുത്പേതുഃ സഹസ്രശഃ. 33

സിന്ധുരാജസ്യ	സമുദ്രത്തിലെ
ഊർമ്മയഃ,	തിരകൾ
തദാ	ആ സമയം
സനക്രമകരാഃ	മുതലകളും മത്സ്യങ്ങളും അടക്കം
വിന്ധ്യമന്ദരസംകാശാഃ	വിന്ധ്യഗിരി, മന്ദരഗിരി എന്നവയ്ക്കു തുല്യം
സഹസ്രശഃ	ആയിരക്കണക്കായി
സമുത്പേതുഃ.	പൊങ്ങി.

ആഘൂർണ്ണിതതരംഗൌഘഃ സംഭ്രാന്തോരഗരാക്ഷസഃ
ഉദ്വർത്തിതമഹാഗ്രാഹഃ സംവൃത്തഃ സലിലാശയഃ. 34

സലിലാശയഃ	സമുദ്രം
ആഘൂർണ്ണിതതരംഗൌഘഃ	ചുഴറുന്ന തിരമാലകളോടു കൂടിയതായി
സംഭ്രാന്തോരഗരാക്ഷസഃ	സംഭ്രമം പൂണ്ട ഉരഗങ്ങളോടും രാക്ഷസരോടും കൂടിയതായി
ഉദ്വർത്തിതമഹാഗ്രാഹഃ	പൊങ്ങിവന്ന വൻമുതലകളാർന്നതായി
സംവൃത്തഃ.	ഭവിച്ചു.

തതസ്തു തം രാഘവമുഗ്രവേഗം
പ്രകർഷമാണം ധനുരപ്രമേയം
സൌമിത്രിരുത്പത്യ സമുച്ഛ്വസന്തം
മാമേതി ചോക്ത്വാ ധനുരാലലംബേ. 35

തതഃ	ആ സമയം
സൌമിത്രിഃ,	ലക്ഷ്മണൻ,
അപ്രമേയം	അളവററ പ്രഭാവമാർന്ന
ധനുഃ	കോദണ്ഡത്തെ
സമുച്ഛ്വസന്തം	ചീറിക്കൊണ്ട്
ഉഗ്രവേഗം	അതിബലമായി
പ്രകർഷമാണം	വലിച്ചുപ്രയോഗിക്കുന്ന[വനായ
തം	ആ
രാഘവം	ശ്രീരാഘവനെതിരിൽ
ഉത്പത്യ,	ചാടിഎഴുന്നേററുനിന്ന്,
" മാ മാ, "	" അരുതേ! അരുതേ!, "
ഇതി ഉക്ത്വാ ച,	എന്നു പറഞ്ഞും കൊണ്ട്,
ധനുഃ തു,	വില്ലിനേയും
ആലലംബേ.	കൈകൊണ്ടുപിടിച്ചു.

ഏതദ്വിനാഽപി ഹ്യുദധേസ്തവാദ്യ
സംപത്സ്യതേ വീരതമസ്യ കാര്യം
ഭവദ്വിധാഃ ക്രോധവശം ന യാന്തി
ദീർഘം ഭവാൻ പശ്യതു സാധുവൃത്തം. 36

" വീരതമസ്യ	" ഉത്കൃഷ്ടവീര്യശാലി[യായ
തവ	നിന്തിരുവടിയുടെ
കാര്യം,	കാര്യം,
അദ്യ	ഇപ്പോൾ
ഉദധേഃ	സമുദ്രത്തിന്ന്
ഏതത് വിനാ അപി	ഈ ആപത്ത് വിളയിക്കാതെതന്നെ
സംപത്സ്യതേ ഹി;	സാദ്ധ്യമാകുന്നതാണ്!
ഭവദ്വിധാഃ	നിന്തിരുവടിയെപ്പോലെയുള്ളവർ
ക്രോധവശം	ക്രോധത്തിന്ന് അധീന[രായി
യാന്തി ന;	തീരുമാറില്ല;
ഭവാൻ	നിന്തിരുവടി
സാധുവൃത്തം	ശാന്തചിത്തന്മാരുടെ അനുഷ്ഠാനത്തെ
ദീർഘം	ഏതുകാലത്തിലും
പശ്യതു. "	കയ്ക്കൊള്ളേണ്ടതാണ്."

അന്തർഹിതൈശ്ചാപി തഥാऽന്തരിക്ഷേ
ബ്രഹ്മർഷിഭിശ്ചൈവ സുരർഷിഭിശ്ച
ശബ്ദഃ കൃതഃ കഷ്ടമിതി ബ്രുവദ്ഭിർ-
മാ മേതി ചോക്ത്വാ മഹതാ സ്വരേണ. 37

തഥാ	അപ്രകാരംതന്നെ	സുരർഷിഭിഃ ച	ദേവർഷികളാലും
അന്തരിക്ഷേ	ആകാശത്തിൽ	മഹതാ സ്വരേണ	അത്യുച്ചത്തിൽ
അന്തർഹിതൈഃ ച	മറഞ്ഞു നിന്നിരുന്ന വരും	'മാ,	'അരുതെ!
"കഷ്ടം!" ഇതി	"അയ്യോ, എന്തൊരാപത്ത്!" എന്നിങ്ങിനെ	മാ,'	അരുതെ!'
ബ്രുവദ്ഭിഃ അപി	പറയുന്നവരും ആയ	ഇതി ച	എന്നും
ബ്രഹ്മർഷിഭിഃ ച	ബ്രഹ്മർഷികളാലും	ഉക്ത്വാ,	പറഞ്ഞ്,
		ശബ്ദഃ ഏവ കൃതഃ.	കോലാഹലമുണ്ടാക്കപ്പെട്ടു.

ഇത്യാർഷേ ശ്രീമദ്രാമായണേ വാല്മീകീയേ ആദികാവ്യേ യുദ്ധകാണ്ഡേ
ഏകവിംശഃ സർഗ്ഗഃ = ഇരുപത്തൊന്നാംസർഗ്ഗം സമാപ്തം.

ആദ്യംമുതൽ ശ്ലോകസംഖ്യ 15411; യുദ്ധകാണ്ഡം ആദ്യംമുതൽ ശ്ലോകസംഖ്യ 736

ദ്വാവിംശഃ സർഗ്ഗഃ = ഇരുപത്തിരണ്ടാംസർഗ്ഗം.

[സേതുബന്ധഃ = സമുദ്രത്തിൽ അണകെട്ടുന്നത്]

അഥോവാച രഘുശ്രേഷ്ഠഃ സാഗരം ദാരുണം വചഃ
അദ്യ ത്വാം ശോഷയിഷ്യാമി സപാതാളം മഹാർണ്ണവ. 1

രഘുശ്രേഷ്ഠഃ	ശ്രീരഘുവരൻ	"മഹാർണ്ണവ!	"വൻസമുദ്രമേ!
സാഗരം	സമുദ്രത്തെനോക്കി	ത്വാം	നിന്നെ
അഥ	ഇപ്രകാരം	സപാതാളം	പാതാളലോകമടക്കം
ദാരുണം വചഃ	കടുതായ വാക്യത്തെ	അദ്യ	ഇപ്പോൾ
ഉവാച;	അരുളിച്ചെയ്തു;	ശോഷയിഷ്യാമി.	ഞാൻ വററിച്ചുകളയാം.

ശരനിർദ്ദഗ്ധതോയസ്യ പരിശുഷ്കസ്യ സാഗര
മയാ ശോഷിതസത്വസ്യ പാംസുരുത്പദ്യതേ മഹാൻ. 2

"സാഗര!	"സമുദ്രമേ!	ശോഷിതസത്വസ്യ,	ജലജന്തുക്കൾ നശിപ്പിക്കപ്പെട്ട നിങ്കൽ
മയാ	എന്നാൽ	മഹാൻ	വമ്പിച്ച
ശരനിർദഗ്ധതോയസ്യ	ബാണങ്ങൾകൊണ്ട് തിളയ്ക്കുന്ന വെള്ളത്തോടുകൂടിയതായി	പാംസുഃ	പൊടി
പരിശുഷ്കസ്യ	വരണ്ട്	ഉത്പദ്യതേ.	പൊങ്ങുന്നതാണ്.

മത്കാർമ്മുകവിസൃഷ്ടേന ശരവർഷേണ സാഗര
പാരം തേऽദ്യ ഗമിഷ്യന്തി പദ്ഭിരേവ പ്ലവംഗമാഃ. 3

"സാഗര!	"സാഗരമേ!	തേ	നിന്റെ
പ്ലവംഗമാഃ	വാനരന്മാർ	പാരം	അക്കരയ്ക്കു
മത്കാർമ്മുകവിസൃഷ്ടേന	എന്റെ വില്ലിൽനിന്നു പ്രയോഗിക്കപ്പെട്ട	പദ്ഭിഃ ഏവ	കാൽനടയായിതന്നെ
ശരവർഷേണ,	ബാണതതികാരണം,	അദ്യ,	ഇപ്പോൾ
		ഗമിഷ്യന്തി.	ചെന്നെത്തുന്നതാണ്.

വിചിന്വന്നാഭിജാനാസി പൌരുഷം വാऽപി വിക്രമം
ദാനവാലയ സന്താപം മത്തോ നാധിഗമിഷ്യസി. 4

"ദാനവാലയ!	"ദാനവർക്കുള്ള ആവാസമേ!	വിചിന്വൻ അപി	ആലോചിച്ചാലുംതന്നെ
പൌരുഷം	എന്റെ പൌരുഷത്തെയാകട്ടെ	മത്തഃ	എങ്കൽനിന്നുണ്ടാവുന്ന
വിക്രമം വാ	പരാക്രമത്തെയാകട്ടെ	സന്താപം	ആപത്തിനെ
അഭിജാനാസി ന;	നീ അറിയുന്നില്ല;	അധിഗമിഷ്യസി ന."	നീ അറികയുമില്ല."

ബ്രാഹ്മേണാസ്ത്രേണ സംയോജ്യ ബ്രഹ്മദണ്ഡനിഭം ശരം
സംയോജ്യ ധനുഷി ശ്രേഷ്ഠേ വിചകർഷ മഹാബലഃ. 5

മഹാബലഃ,	ആ മഹാശക്തിമാൻ,	ശരം	ബാണത്തെ
ശ്രേഷ്ഠേ	ഉത്കൃഷ്ടമായ	ബ്രാഹ്മേണ അസ്ത്രേണ	ബ്രഹ്മാസ്ത്രംകൊണ്ട്
ധനുഷി	വില്ലിൽ	സംയോജ്യ	അഭിമന്ത്രണം ചെയ്ത്
ബ്രഹ്മദണ്ഡനിഭം	ബ്രഹ്മദണ്ഡമൊത്ത	വിചകർഷ.	തൊടുത്തു വലിച്ചു.

തസ്മിൻ വികൃഷ്ടേ സഹസാ രാഘവേണ ശരാസനേ
രോദസീ സമ്പഫാലേവ പർവ്വതാശ്ച ചകമ്പിരേ. 6

രാഘവേണ	ശ്രീരാഘവനാൽ	രോദസീ	ആകാശവും ഭൂമിയും
തസ്മിൻ	ആ	സമ്പഫാല ഇവ;	പിളർന്നവപോലെയായിത്തീർന്നു;
ശരാസനേ	ധനുസ്സ്	പർവ്വതാഃ ച	ഗിരികളും
സഹസാ	ഊക്കോടെ	ചകമ്പിരേ.	കലുങ്ങി.
വികൃഷ്ടേ,	ഞാണേററി വലിക്കപ്പെട്ടസമയം,		

തമശ്ച ലോകമാവവ്രേ ദിശശ്ച ന ചകാശിരേ
പരിചുക്ഷുഭിരേ ചാശു സരാംസി സരിതസ്തഥാ. 7

ലോകം ച	ലോകമാസകലം	സരാംസി	പൊയ്കകളും
തമഃ ആവവ്രേ;	ഇരുട്ട് അടഞ്ഞുപോയി;	സരിതഃ തഥാ,	നദികളും
ദിശഃ ച,	ദിക്കുകളെല്ലാം	ആശു ച,	തത്ക്ഷണംതന്നെ
ചകാശിരേ ന;	പ്രകാശമററതായിത്തീർന്നു;	പരിചുക്ഷുഭിരേ.	കലങ്ങിപ്പോയി.

തിൎയ്യക് ച സഹ നക്ഷത്രൈഃ സംഗതൌ ചന്ദ്രഭാസ്കരൌ
ഭാസ്കരാംശുഭിരാദീപ്തം തമസാ ച സമാവൃതം 8
പ്രചകാശേ തദാകാശമുല്കാശതവിദീപിതം
അന്തരിക്ഷാച്ച നിൎഘാതാ നിൎജ്ജഗ്മുരതുലസ്വനാഃ. 9

ചന്ദ്രഭാസ്കരൌ	ചന്ദ്രസൂൎയ്യന്മാർ
നക്ഷത്രൈഃ സഹ	നക്ഷത്രങ്ങളോടുംകൂടി
തിൎയ്യക് ച	വിലങ്ങടിച്ച്
സംഗതൌ;	ഒന്നിച്ചുകൂടി;
തദാ,	ആ സമയം
ആകാശം	ആകാശം
ഭാസ്കരാംശുഭിഃ	സൂൎയ്യകിരണങ്ങളാൽ
ആദീപ്തം	അല്പം പ്രകാശത്തോടു കൂടിയതായും
തമസാ	ഇരുട്ടിനാൽ
സമാവൃതം ച	മൂടപ്പെട്ടതായും
ഉല്കാശത-വിദീപിതം	അനേകം കൊള്ളിമീനുകളാൽ പ്രകാശിക്കപ്പെട്ടതായും
പ്രചകാശേ;	വിലസി;
നിൎഘാതാഃ ച	ഇടിമുഴക്കങ്ങളും
അന്തരിക്ഷാത്,	ആകാശത്തിൽനിന്നും
അതുലസ്വനാഃ	ചെവിപൊട്ടുമാറ്
നിൎജ്ജഗ്മുഃ.	ഉണ്ടായി.

പുസ്ഫുരുശ്ച ഘനാ ദിവ്യാ ദിവി മാരുതപങ്ക്തയഃ. 10

ദിവി	ആകാശത്തിൽ
മാരുത-പംക്തയഃ	ചുഴലിക്കാററുകളും
ദിവ്യാഃ ഘനാഃ ച	മഹാമേഘങ്ങളും,
പുസ്ഫുരുഃ.	പെട്ടെന്ന് കാണപ്പെട്ടു.

ബഭഞ്ജ ച തദാ വൃക്ഷാൻ ജലദാനുദ്വഹന്നപി
അരുജംശ്ചൈവ ശൈലാഗ്രാൻ ശിഖരാണി പ്രഭഞ്ജനഃ. 11

പ്രഭഞ്ജനഃ	കൊടുങ്കാററ്
തദാ	ആ സമയം
ജലദാൻ,	മേഘങ്ങളെ,
ഉദ്വഹൻ അപി	അടിച്ചുകൊണ്ടുപോകുന്നതായി
വൃക്ഷാൻ ച	മരങ്ങളേയും
ബഭഞ്ജ;	മുറിച്ചുവീഴ്ത്തി;
ശൈലാഗ്രാൻ ച	പൎവ്വതശിഖരങ്ങളേയും
ശിഖരാണി ഏവ	ചെറിയകുന്നുകളേയും
അരുജൻ.	തകൎത്തു. (ബഹുവചനം ആൎഷം)

ദിവിസ്പൃശോ മഹാമേഘാഃ സംഗതാഃ സമഹാസ്വനാഃ
മുമുചുൎവ്വൈദ്യുതാനഗ്നീൻ തേ മഹാശനയസ്തദാ. 12

ദിവിസ്പൃശഃ	ആകാശത്തെ സ്പൎശിക്കുന്ന
മഹാമേഘാഃ	മഹാമേഘങ്ങൾ
സമഹാസ്വനാഃ	വൻമുഴക്കം പൂണ്ടവയായി
തദാ,	ആ സമയം,
സംഗതാഃ;	ഒന്നിച്ചുകൂടി;
തേ	ആ
മഹാശനയഃ	പെരുത്ത ഇടികൾ
വൈദ്യുതാൻ	മിന്നൽപിണരുകളാകുന്ന
അഗ്നീൻ,	ഇടിത്തീയ്യുകളെ
മുമുചുഃ.	ഉളവാക്കി.

യാനി ഭൂതാനി ദൃശ്യാനി ചുക്രുശുശ്ചാശനേഃ സമം
അദൃശ്യാനി ച ഭൂതാനി മുമുചുൎഭൈരവസ്വനം. 13

ദൃശ്യാനി	കണ്ണിന്നുകാണത്തക്ക	അദൃശ്യാനി	കണ്ണിൽ കാണാത്തവയായ
ഭൂതാനി	പ്രാണികൾ	ഭൂതാനി ച	ഭൂതങ്ങളും
യാനി ച	ഏവയോ അവയെല്ലാം	ഭൈരവസ്വനം	ഭയങ്കരമായി
അശനേഃ സമം	ഇടിപോലെതന്നെ	മുമുചുഃ.	ഗർജ്ജിച്ചു.
ചുക്രുശുഃ;	അലറി;		

ശിശ്യിരേ ചാപി ഭൂതാനി സന്ത്രസ്താന്യുദ്വിജന്തി ച
സംപ്രവിവ്യഥിരേ ചാപി ന ച പസ്പന്ദിരേ ഭയാത്. 14

ഭൂതാനി ച	പ്രാണികളെല്ലാം	അപി ച,	എന്നുതന്നെയല്ല,
സംത്രസ്താനി ച	ഏറെ നടുക്കംപൂണ്ടവയായി	സംപ്രവിവ്യഥിരേ;	ഏററം വ്യഥപൂണ്ടു;
ശിശ്യിരേ;	നിലത്തു കിടന്നുകളഞ്ഞു;	ഭയാത് അപി	ഭയം കൊണ്ടുതന്നെ
ഉദ്വിജന്തി ച;	ആധിപ്പെട്ടുകയായി;	പസ്പന്ദിരേ ന.	അനങ്ങാതിരുന്നു.

സഹ ഭൂതൈഃ സതോയോർമ്മിഃ സനാഗഃ സഹരാക്ഷസഃ
സഹസാऽഭൂത്തതോ വേഗാദ് ഭീമവേഗോ മഹോദധിഃ 15

മഹോദധിഃ	സമുദ്രം	സനാഗഃ	പാമ്പുകളോടുകൂടിയും
തതഃ	അപ്പോൾ ഉണ്ടായ	സഹരാക്ഷസഃ	രാക്ഷസരോടുകൂടിയും
വേഗാത്,	ക്ഷോഭത്താൽ,	സഹസാ	പെട്ടെന്ന്
ഭൂതൈഃ സഹ	ഭൂതങ്ങളോടുകൂടിയും	ഭീമവേഗഃ	ഏററം കലങ്ങിമറിയുന്നവയായി
സതോയോർമ്മിഃ	വെള്ളം അല എന്നവയോടുകൂടിയും	അഭൂത്.	ഭവിച്ചു.

യോജനം വ്യതിചക്രാമ വേലാമന്യത്ര സംപ്ലവാത്
തം തദാ സമതിക്രാന്തം നാതിചക്രാമ രാഘവഃ
സമുദ്ധതമമിത്രഘ്നോ രാമോ നദനദീപതിം. 16

വേലാം അന്യത്ര	കരവിട്ട്	രാമഃ,	ശ്രീരാമൻ,
സംപ്ലവാത്	ഒലിവോടുകൂടി	സമുദ്ധതം,	വെമ്പിയതെന്നാലും,
യോജനം	ഒരു യോജനദൂരം	തദാ	ആ സമയം
വ്യതിചക്രാമ;	വേഗത്തിൽ പിൻവാങ്ങി;	സമതിക്രാന്തം,	പിന്നോക്കം ഓടിയ
രാഘവഃ	രഘുകുലതിലകനും	തം	ആ
അമിത്രഘ്നഃ	ശത്രുക്കളെ ഹനിക്കുന്നവനുമായ	നദനദീപതിം	സമുദ്രത്തെ
		അതിചക്രാമ ന.	ഉപദ്രവിച്ചില്ല.

[പിൻതിരിഞ്ഞോടുന്നവർക്കുനേരെ ശസ്ത്രം പ്രയോഗിപ്പാൻ പാടില്ലാത്തതിനാൽ ഒന്നും ചെയ്യാതിരുന്നു എന്ന് സാരം.]

തതോ മദ്ധ്യാത് സമുദ്രസ്യ സാഗരഃ സ്വയമുത്ഥിതഃ
ഉദയൻ ഹി മഹാശൈലാന്മേരോരിവ ദിവാകരഃ. 17

തതഃ	ആ സമയം	ഉദയൻ	ഉദിച്ചെഴുന്ന
സാഗരഃ	സമുദ്രരാജാവ്	ദിവാകരഃ ഇവ,	ആദിത്യഭഗവാനെന്നപോലെ,
സമുദ്രസ്യ മദ്ധ്യാത്,	കടലിൻ നടുവിൽ നിന്ന്,	സ്വയം ഹി	സ്വയമായ്ത്തന്നെ
മഹാശൈലാത് മേരോഃ	മേരുമഹാപൎവ്വതത്തിൽ നിന്ന്	ഉത്ഥിതഃ.	പ്രത്യക്ഷനായി.

പന്നഗൈഃ സഹ ദീപ്താസ്യൈഃ സമുദ്രഃ പ്രത്യദൃശ്യത
സ്നിഗ്ദ്ധവൈഡൂൎയ്യസംകാശോ ജാംബൂനദവിഭൂഷിതഃ 18
രക്തമാല്യാംബരധരഃ പദ്മപത്രനിഭേക്ഷണഃ
സൎവ്വപുഷ്പമയീം ദിവ്യാം ശിരസാ ധാരയൻ സ്രജം 19
ജാതരൂപമയൈശ്ചൈവ തപനീയവിഭൂഷിതൈഃ
ആത്മജാനാം ച രത്നാനാം ഭൂഷിതോ ഭൂഷണോത്തമൈഃ 20
ധാതുഭിർമണ്ഡിതഃ ശൈലോ വിവിധൈർഹിമവാനിവ
ഏകാവലീമദ്ധ്യഗതം തരളം പാണ്ഡരപ്രഭം 21
വിപുലേനോരസാ ബിഭ്രത് കൌസ്തുഭസ്യ സഹോദരം
ആഘൂൎണ്ണിതതരംഗൗഘഃ കാലികാനിലസംകുലഃ 22
ദേവതാനാം സുരൂപാണാം നാനാരൂപാഭിരീശ്വരഃ
ഗംഗാസിന്ധുപ്രധാനാഭിരാപഗാഭിഃ സമാവൃതഃ. 23

സ്നിഗ്ദ്ധവൈഡൂൎയ്യസംകാശഃ	മിന്നുമിന്നുന്ന വൈഡൂൎയ്യത്തിന്റെ നിറമാൎന്നവനും	ധാരയൻ,	ധരിച്ചിരുന്നവനും,
ജാംബൂനദവിഭൂഷിതഃ	തങ്കത്താലലങ്കരിക്കപ്പെട്ടവനും	ജാതരൂപമയൈഃ	സ്വൎണ്ണംകൊണ്ടു രചിക്കപ്പെട്ടവയായി
രക്തമാല്യാംബരധരഃ	മനോഹരമായ മാലകളും വസ്ത്രങ്ങളും പൂണ്ടവനും	ആത്മജാനാം	തങ്കൽനിന്നുണ്ടായ
പദ്മപത്രനിഭേക്ഷണഃ	താമരദളംപോലെ നേത്രങ്ങളാൎന്നവനും	രത്നാനാം	രത്നങ്ങൾകൊണ്ടുള്ള
സൎവ്വപുഷ്പമയീം	എല്ലാപുഷ്പങ്ങളും കോൎത്തുണ്ടാക്കപ്പെട്ട	ഭൂഷണോത്തമൈഃ ച,	ഉത്തമാഭരണങ്ങളാലും,
ദിവ്യാം	ഭംഗിയേറിയ	തപനീയവിഭൂഷിതൈഃ ഏവ,	തങ്കക്കോപ്പുകളാലും
സ്രജം	മാലയെ	വിവിധൈഃ	പല
ശിരസാ	ശിരസ്സിൽ	ധാതുഭിഃ	ധാതുക്കളാൽ
		മണ്ഡിതഃ	അലങ്കരിക്കപ്പെട്ട
		ഹിമവാൻ ശൈലഃ ഇവ	ഹിമാലയപൎവ്വതമെന്നപോലെ

ഭൂഷിതഃ,	അലങ്കരിക്കപ്പെട്ടവനും,
കൌസ്തുഭസ്യ സഹോദരം	കൌസ്തുഭരത്നത്തോടൊന്നിച്ചുണ്ടായതും
പാണ്ഡുരപ്രഭം	വെണ്മപൂണ്ടതും ആയ
തരളം	നായകമണിയെ
ഏകാവലീമധ്യഗതം	മുത്തുമാലയുടെ നടുവിൽ കോർത്തതായി
വിപുലേന	വിശാലമായ
ഉരസാ	വക്ഷസ്സിൽ
ബിഭ്രത്,	ധരിച്ചിരുന്നവനും,
അഭ്യുന്നിതതരംഗൌഘഃ,	ഇളകിമറിയുന്ന അലകളോടു കൂടിയവനും,
കാലികാനിലസംകുലഃ,	കാർമേഘതതിയോടും, കാറോടും കൂടിയവനും,
സുരൂപാണാം	നല്ല വടിവുള്ള
ദേവതാനാം	ദേവതകൾക്ക്
ഈശ്വരഃ,	യജമാനനായുള്ളവനും,
ഗംഗാസിന്ധുപ്രധാനാഭിഃ	ഗംഗ, സിന്ധു എന്നവ മുഖ്യമായുള്ള
നാനാരൂപാഭിഃ	പലമാതിരി
ആപഗാഭിഃ	നദികളാൽ
സമാവൃതഃ ച	ചൂഴപ്പെട്ടവനും ആയ
സമുദ്രഃ,	സമുദ്രരാജാവ്,
ദീപ്താസ്യൈഃ	ജ്വലിക്കുന്ന മുഖങ്ങളാന്ന
പന്നഗൈഃ	സർപ്പങ്ങളോടും
സഹ,	കൂടി,
പ്രത്യദൃശ്യത.	പ്രത്യക്ഷീഭവിച്ചു.

["ശിരസാ ധാരയൻ സ്രജം," എന്നു പറഞ്ഞതു്, ഭാഗവതം നവമസ്കന്ധത്തിൽ പറഞ്ഞിരിക്കുന്ന പ്രകാരം, ശ്രീരാമനെ പൂജിപ്പാനായി ശിരസ്സിൽ മാലയെ വഹിച്ചുംകൊണ്ടു്, എന്നു് ഗ്രാഹ്യമാകുന്നു. എന്നു് (സ). "സിന്ധുഃ ശിരസ്യർഹണം പ്രതിഗൃഹ്യരൂപീ പാദാരവിന്ദമുപഗമ്യ ബഭാഷ ഏതത്." എന്നു് ഭാഗവതം.]

ഉദ്വർത്തിതമഹാഗ്രാഹഃ സംഭ്രാന്തോരഗരാക്ഷസഃ
സാഗരഃ സമുപക്രമ്യ പൂർവ്വമാമന്ത്ര്യ വീര്യവാൻ 24
അബ്രവീത് പ്രാഞ്ജലിർവാക്യം രാഘവം ശരപാണിനം. 25

ഉദ്വർത്തിതമഹാഗ്രാഹഃ	തുള്ളുന്ന വൻമുതലകളോടുകൂടിയവനും
സംഭ്രാന്തോരഗരാക്ഷസഃ	അമ്പരന്ന ഉരഗങ്ങളും രാക്ഷസരുമാർന്നവനും
വീര്യവാൻ	വീര്യവാനായ [ആയ
സാഗരഃ,	സമുദ്രരാജാവ്,
ശരപാണിനം	ബാണപാണിയായ
രാഘവം	ശ്രീരാഘവനെ
പ്രാഞ്ജലിഃ	തൊഴുതുംകൊണ്ടു്
സമുപക്രമ്യ,	അടുത്ത്,
പൂർവ്വം	ഒന്നാമതായി
ആമന്ത്ര്യ,	കുശലപ്രശ്നം ചെയ്തശേ[ഷം,
വാക്യം	ഇപ്രകാരം
അബ്രവീത്.	ഉരചെയ്തു.

പൃഥിവീ വായുരാകാശമാപോ ജ്യോതിശ്ച രാഘവ
സ്വഭാവേ സൌമ്യ തിഷ്ഠന്തി ശാശ്വതം മാർഗ്ഗമാശ്രിതാഃ. 26

"സൌമ്യ!	"ശാന്തശീല!
രാഘവ!	ശ്രീരാഘവ!
പൃഥിവീ	ഭൂമി
വായുഃ	വായു
ആകാശം	ആകാശം
ആപഃ	ജലം
ജ്യോതിഃ ച,	അഗ്നി, എന്നു ഇവയെല്ലാം
ശാശ്വതം	ഒരിക്കലുംമാററമില്ലാത്ത
മാർഗ്ഗം	അതിരുകളെ
ആശ്രിതാഃ	ആശ്രയിച്ചുനില്ക്കുന്നവയായി
സ്വഭാവേ	കാഠിന്യം, ചലനം, പൂരണം, ശൈത്യം, ഉഷ്ണം മുതലായ അതാതിനുള്ള സ്വഗുണത്തിൽ
തിഷ്ഠന്തി.	വ്യവസ്ഥിതിചെയ്യുന്നു.

തത്സ്വഭാവോ മമാപ്യേഷ യദഗാധോഽഹമപ്ലവഃ
വികാരസ്തു ഭവേദ് ഗാധ ഏതത്തേ പ്രവദാമ്യഹം. 27

"അഹം	"ഞാൻ
അപ്ലവഃ	ചാടിക്കടക്കപ്പെടുവാൻ കഴിയാത്തവൻ;
അഗാധഃ;	ആഴമെത്രയെന്ന് കണ്ടറിയപ്പെടാത്തവൻ;
യത് തത് അപി	യാതൊരു ഇതുതന്നെയാണ്
മമ	എന്റെ
സ്വഭാവഃ;	പ്രകൃതിസിദ്ധമായ സ്വഭാവം;
ഗാധഃ ഭവേത് തു	ചുവട് കാണപ്പെടുന്നവനായി ഞാൻ ഭവിക്കുന്നുവെങ്കിൽ
ഏഷഃ	ഇത്
വികാരഃ;	പ്രകൃതിവിരുദ്ധമാണ്;
ഏതത്	ഈ സംഗതി
തേ	നിന്തിരുവടിയോട്
പ്രവദാമി.	ഞാൻ ബോധിപ്പിക്കുന്നു.

ന കാമാന്ന ച ലോഭാദ്വാ ന ഭയാത് പാർത്ഥിവാത്മജ
ഗ്രാഹനക്രാകുലജലം സ്തംഭയേയം കഥഞ്ചന. 28

"പാർത്ഥിവാത്മജ!	"ചക്രവർത്തിതനുജ!
ഗ്രാഹനക്രാകുലജലം	വൻ മത്സ്യങ്ങളും മുതലകളുമാർന്ന വെള്ളത്തെ
കഥഞ്ചന	എന്തുകഷ്ടപ്പെട്ടാലും,
കാമാത്,	ഇഷ്ടപ്പെട്ടാൽകൂടി,
ന സ്തംഭയേയം;	എനിക്ക് സ്തംഭിപ്പിപ്പാൻ സാദ്ധ്യമല്ല;
ലോഭാത് വാ ന;	വല്ലതിലും ആശയുണ്ടെന്നാലും സാദ്ധ്യമല്ല;
ഭയാത് ച ന.	ആപത്തു നേരിടുമെന്ന ഭയത്താലും അല്ല.

വിധാസ്യേ രാമ യേനാപി വിഷഹിഷ്യേ ഹ്യഹം തഥാ
ഗ്രാഹാ ന പ്രഹരിഷ്യന്തി യാവത് സേനാ തരിഷ്യതി
ഹരീണാം തരണേ രാമ കരിഷ്യാമി യഥാ സ്ഥലം. 29

"രാമ!	"ശ്രീരാമ!
യേന അഹം വിഷഹിഷ്യേ,	എപ്രകാരം എനിക്ക് സാദ്ധ്യമോ,
തഥാ ഹി	അപ്രകാരംതന്നെ
വിധാസ്യേ;	ഞാൻ ചെയ്യുന്നുണ്ട്;
സേനാ	സൈന്യം
തരിഷ്യതി യാവത്,	അക്കരയെത്തുന്നതുവരെ
ഗ്രാഹാഃ	മുതലകൾ
പ്രഹരിഷ്യന്തി ന;	ഉപദ്രവിക്കുകയില്ല;
രാമ!	ശ്രീരാമ!
ഹരീണാം തരണേ,	വാനരന്മാർക്ക് കടപ്പാൻ നല്ല സംഗതിയിൽ
യഥാ സ്ഥലം	എപ്രകാരമായാൽ ഒരു മാർഗ്ഗം ഉണ്ടാകുമോ അപ്രകാരം
കരിഷ്യാമി."	ഞാൻ ചെയ്യാം."

തമബ്രവീത്തദാ രാമ ഉദ്യതോ ഹി നദീപതേ
അമോഘോഽയം മഹാബാണഃ കസ്മിൻ ദേശേ നിപാത്യതാം. 30

തദാ രാമഃ	ആ സമയം ശ്രീരാമൻ
തം	ആ സമുദ്രരാജാവിനെ നോക്കി
അബ്രവീത്;	ഉരചെയ്തു;
"നദീപതേ!	"സമുദ്രരാജാവേ!
ഉദ്യതഃ	തൊടുത്തുകഴിഞ്ഞതായ
അയം	ഈ
മഹാബാണഃ	മഹാസ്ത്രം
അമോഘഃ;	നിഷ്ഫലമാകയില്ല;
ഹി,	ആകയാൽ
കസ്മിൻ	ഏതു
ദേശേ	പ്രദേശത്തിലാണ്
നിപാത്യതാം?"	വീഴ്ത്തപ്പെടേണ്ടത്?"

രാമസ്യ വചനം ശ്രുത്വാ തം ച ദൃഷ്ട്വാ മഹാശരം
മഹോദധിർമഹാതേജാ രാഘവം വാക്യമബ്രവീത്. 31

മഹാതേജാഃ	മഹാതേജസ്വിയായ	തം മഹാശരം	ആ മഹാസ്ത്രത്തേയും
മഹോദധിഃ	സമുദ്രരാജാവ്,	രാഘവം ച	ശ്രീരാഘവനേയും
രാമസ്യ	ശ്രീരാമന്റെ	ദൃഷ്ട്വാ,	നോക്കി,
വചനം	വാക്യത്തെ	വാക്യം അബ്രവീത്.	ഇങ്ങിനെ ഉരചെയ്തു.
ശ്രുത്വാ,	കേട്ടു്,		

ഉത്തരേണാവകാശോഽസ്തി കശ്ചിത് പുണ്യതമോ മമ
ദ്രുമകുല്യ ഇതി ഖ്യാതോ ലോകേ ഖ്യാതോ യഥാ ഭവാൻ. 32

" മമ	" എനിക്കുചേൎന്ന	ലോകേ,	ലോകത്തിൽ,
പുണ്യതമഃ	എത്രയോ അഴകേറിയ	യഥാ	എപ്രകാരം
കശ്ചിത്	ഒരു [തായ	ഖ്യാതഃ,	പ്രസിദ്ധിപൂണ്ടു് വിള
അവകാശഃ,	പ്രദേശം,		ങ്ങുന്നുവോ അപ്രകാരം,
ഉത്തരേണ അസ്തി;	വടക്കുദിക്കിലായുണ്ടു്;	ദ്രുമകുല്യഃ	ദ്രുമകുല്യം
		ഇതി	എന്നു്
ഭവാൻ	നിന്തിരുവടി	ഖ്യാതഃ.	പേരാൎന്നുവിളങ്ങുന്നു.

ഉഗ്രദൎശനകൎമ്മാണോ ബഹവസ്തത്ര ദസ്യവഃ
ആഭീരപ്രമുഖാഃ പാപാഃ പിബന്തി സലിലം മമ. 33

" തത്ര	" അദ്ദിക്കിൽ	ബഹവഃ,	അനേകംപേർ,
ഉഗ്രദൎശന-കൎമ്മാണഃ	കൊടുതായനോക്കും പ്രവൃത്തിയുമാൎന്നവരും	ദസ്യവഃ,	എല്ലാവരേയും ഉപദ്രവി
		മമ	എന്റെ [ക്കുന്നവരായി,
പാപാഃ	ദുഷ്ടന്മാരുമായ	സലിലം	ജലത്തെ
ആഭീരപ്രമുഖാഃ	ആഭീരന്മാർ മുതലായ	പിബന്തി.	പാനംചെയ്യുന്നു.

[ബ്രാഹ്മണന്നു് അംബഷ്ഠജാതി സ്ത്രീയിൽ ജനിച്ചവരാകുന്നു ആഭീരന്മാർ. ബ്രാഹ്മണന്നു് വൈശ്യസ്ത്രീയിൽ ജനിച്ചവൻ അംബഷ്ഠൻ, "ബ്രാഹ്മണാദ്വൈശ്യകന്യായാമംബഷ്ഠോ നാമ ജായതേ" "ബ്രാഹ്മണാദുഗ്രകന്യായാമാവൃതോ നാമ ജായതേ. ആഭീരോഽംബഷ്ഠകന്യായാം" എന്നു് (മനു).]

തൈസ്തു സംസ്പൎശനം പ്രാപ്തൈൎന സഹേ പാപകൎമ്മഭിഃ
അമോഘഃ ക്രിയതാം രാമ തത്ര തേഷു ശരോത്തമഃ. 34

" പ്രാപ്തൈഃ	" അവിടെചെന്നുകൂടിയ	രാമ!	ശ്രീരാമ!
പാപകൎമ്മഭിഃ	ദുഷ്ടകൎമ്മാക്കളായ	തത്ര	അവിടെ
തൈഃ	അവരാൽ	തേഷു	അവൎക്കുനേരെ
സംസ്പൎശനം തു	സ്പൎശനത്തേയുംകൂടി	ശരോത്തമഃ	ഈ മഹാസ്ത്രം
ന സഹേ;	ഞാൻ സഹിക്കുന്നില്ല;	അമോഘഃ ക്രിയതാം."	നിഷ്ഫലമാകാത്തതാക്കി ചെയ്യപ്പെടട്ടെ."

തസ്യ തദ്വചനം ശ്രുത്വാ സാഗരസ്യ സ രാഘവഃ
മുമോച തം ശരം ദീപ്തം വീരഃ സാഗരദർശനാത് · 35

വീരഃ	വീരനായ	ശ്രുത്വാ,	ചെവിക്കൊണ്ട്
സഃ	ആ	ദീപ്തം	ജ്വലിച്ചുകൊണ്ടിരുന്ന
രാഘവഃ	ശ്രീരാഘവൻ	തം	ആ
തസ്യ	ആ	ശരം	അസ്ത്രത്തെ
സാഗരസ്യ	സമുദ്രരാജാവിന്റെ	സാഗരദർശനാത്	സമുദ്രരാജാവിന്റെ ആ
തത്	ആ		വശ്യപ്രകാരംതന്നെ
വചനം	വാക്യത്തെ	മുമോച.	പ്രയോഗിച്ചു.

തേന തന്മരുകാന്താരം പൃഥിവ്യാം ഖലു വിശ്രുതം
നിപാതിതഃ ശരോ യത്ര ദീപ്താശനിസമപ്രഭഃ. 36

ദീപ്താശനി- }	ഉജ്ജ്വലിക്കുന്ന ഇടി	തത്	ആ സ്ഥലം,
സമപ്രഭഃ }	ത്തീപോലെ ഒളിവു	തേന	അതിനാൽ
ശരഃ	ആ ശരം [ള്ളതായ	പൃഥിവ്യാം	ലോകത്തിൽ
യത്ര	യാതൊരുദിക്കിൽ	മരുകാന്താരം	മരുകാന്താരം എന്ന്
നിപാതിതഃ,	വീഴ്ത്തപ്പെട്ടുവോ,	വിശ്രുതം ഖലു.	പേരാന്നു വിളങ്ങുന്നു.

നനാദ ച തദാ തത്ര വസുധാ ശല്യപീഡിതാ
തസ്മാദ്വ്രണമുഖാത് തോയമുത്പപാത രസാതലാത്. 37

തദാ	ആ സമയം	തസ്മാത്	ആ
തത്ര	അവിടെ	വ്രണമുഖാത്	പിളപ്പുകളിൻ വഴിയാ
ശല്യപീഡിതാ	ബാണത്താൽ ഉളയ്ക്ക		യി
വസുധാ	ഭൂമി [പ്പെട്ട	രസാതലാത്	പാതാളത്തിൽനിന്ന്
നനാദ ;	മുഴക്കംപൂണ്ടു ;	തോയം	വെള്ളം
ച	ഉടനെ	ഉത്പപാത.	മേല്പോട്ടുയന്നു.

സ ബഭൂവ തദാ കൂപോ വ്രണ ഇത്യഭിവിശ്രുതഃ
സതതം ചോത്ഥിതം തോയം സമുദ്രസ്യേവ ദൃശ്യതേ
അവദാരണശബ്ദശ്ച ദാരുണഃ സമപദ്യത. 38

സഃ	അത്	തോയം ച,	വെള്ളവും
തദാ	അന്നുമുതല്ക്ക്	സമുദ്രസ്യ ഇവ	സമുദ്രത്തിന്റെ വെ
വ്രണഃ കൂപഃ	വ്രണകൂപം		ള്ളം എന്നപോലെ
ഇതി	എന്ന്	ദൃശ്യതേ ;	കാണപ്പെടുന്നു ;
അഭിവിശ്രുതഃ }	പ്രസിദ്ധിയുള്ളതായി	അവദാരണ- }	പിളക്കുന്ന ശബ്ദവും
ബഭൂവ ; }	ത്തീന്നു വിളങ്ങുന്നു ;	ശബ്ദഃ ച }	
സതതം	ഏതുകാലത്തും	ദാരുണഃ	അതിഭയങ്കരമായി
ഉത്ഥിതം	പൊന്തിവരുന്ന	സമപദ്യത.	ഉണ്ടായി.

തസ്മാത് തദ്ബാണപാതേന ത്വപഃ കുക്ഷിഷ്വശോഷയത്. 39

തസ്മാത്	ആ ദ്രുമകുല്യമെന്ന ദിക്കിൽനിന്ന്,
തദ്ബാണപാതേന,	ആ ശരനിപാതത്താൽ,
കുക്ഷിഷു	കുഴികളിലുള്ള
അപഃ തു	വെള്ളത്തെയെല്ലാം
അശോഷയത്.	വററിച്ചുകളഞ്ഞു.

വിഖ്യാതം ത്രിഷു ലോകേഷു മരുകാന്താരമേവ തത്
ശോഷയിത്വാ തതഃ കുക്ഷിം രാമോ ദശരഥാത്മജഃ
വരം തസ്മൈ ദദൗ വിദ്വാൻ മരവേ ഽമരവിക്രമഃ. 40

തത്	ആ പ്രദേശം
ത്രിഷു ലോകേഷു	മൂന്നുലോകങ്ങളിലും
മരുകാന്താരം ഏവ	മരുകാന്താരമെന്നു തന്നെ
വിഖ്യാതം;	പ്രസിദ്ധിപൂണ്ടുവിളങ്ങുന്നു;
ദശരഥാത്മജഃ	ദശരഥാത്മജനായി
അമരവിക്രമഃ	ദിവ്യശക്തികയ്യാണ്ട
വിദ്വാൻ	സർവ്വജ്ഞനായ
രാമഃ,	ശ്രീരാമൻ,
തതഃ,	അട്ടിക്കിൽ,
കുക്ഷിം	സമുദ്രത്തിന്റെ അന്ത[ർഭാഗത്തെ
ശോഷയിത്വാ,	വററിച്ച്,
തസ്മൈ മരവേ,	ആ മരുകാന്താരമെന്ന പ്രദേശത്തിന്ന്
വരം	വരത്തേയും
ദദൗ.	നൽകി.

പശവ്യശ്ചാല്പരോഗശ്ച ഫലമൂലരസായുതഃ
ബഹുസ്നേഹോ ബഹുക്ഷീരസുഗന്ധിർവ്വിവിധൌഷധഃ 41
ഏവമേതൈർഗ്ഗുണൈര്യ്യുക്തോ ബഹുഭിഃ സതതം മരുഃ
രാമസ്യ വരദാനാച്ച ശിവഃ പന്ഥാ ബഭൂവ ഹ. 42

രാമസ്യ	ശ്രീരാമന്റെ
വരദാനാത്,	വരപ്രദാനത്താൽ,
മരുഃ	ആ മരുകാന്താരം
പശവ്യഃ ച,	പശുക്കൾക്ക് നല്ലതായും
അല്പരോഗഃ ച,	വ്യാധികൾ അല്പമായുള്ളതായും
ഫലമൂലരസായുതഃ,	കായ്കിഴങ്ങുകൾ, മധു മുതലായവയാന്നതായും
ബഹുസ്നേഹഃ,	ധാരാളം നെയ്യുള്ളതായും
ബഹുക്ഷീരസുഗന്ധിഃ,	ധാരാളം പാലുള്ളതായും, നറുമണമാന്നതായും
വിവിധൌഷധഃ,	പലപല ഓഷധികളാന്നതായും,
ഏവം സതതം	ഇപ്രകാരം എന്നും
ഏതൈഃ	ഈ
ബഹുഭിഃ	പല
ഗുണൈഃ യുക്തഃ ച	ഗുണങ്ങളോടു കൂടിയതായി
ശിവഃ പന്ഥാഃ	നല്ല വിശേഷപ്പെട്ട [സ്ഥലമായി
ബഭൂവ ഹ.	ഭവിച്ചു.

തസ്മിൻ ദഗ്ദ്ധേ തദാ കുക്ഷൌ സമുദ്രഃ സരിതാം പതിഃ
രാഘവം സർവ്വശാസ്ത്രജ്ഞമിദം വചനമബ്രവീത്. 43

തദാ	ആ സമയം	സമുദ്രഃ,	സമുദ്രരാജാവ്,
തസ്മിൻ	ആ	സർവ്വശാസ്ത്രജ്ഞം	സർവ്വശാസ്ത്രകുശലനായ
കുക്ഷൌ	(സമുദ്രത്തിന്റെ) അന്തർഭാഗം	രാഘവം	ശ്രീരാഘവനോടായി
		ഇദം	ഇപ്രകാരം
ദഗ്ദ്ധേ,	വററിക്കപ്പെട്ടാറെ,	വചനം	ഉണർത്തിച്ചു.
സരിതാം പതിഃ	നദികൾക്കു നാഥനായ	അബ്രവീത്.	

അയം സൌമ്യ നളോ നാമ തനുജോ വിശ്വകർമ്മണഃ
പിത്രാ ദത്തവരഃ ശ്രീമാൻ പ്രതിമോ വിശ്വകർമ്മണാ. 44

"സൌമ്യ!	"ശാന്തശീല!	പിത്രാ	പിതാവിനാൽ
അയം	ഈ	ദത്തവരഃ	വരം നൽകപ്പെട്ട
നളഃ നാമ	നളനെന്നവൻ,	ശ്രീമാൻ;	ഭാഗ്യവാൻ;
വിശ്വകർമ്മണഃ	വിശ്വകർമ്മാവിന്റെ	വിശ്വകർമ്മണാ	വിശ്വകർമ്മാവിന്നു
തനുജഃ;	പുത്രനാകുന്നു;	പ്രതിമഃ.	തുല്യൻ.

ഏഷ സേതും മഹോത്സാഹഃ കരോതു മയി വാനരഃ
തമഹം ധാരയിഷ്യാമി തഥാ ഹ്യേഷ യഥാ പിതാ. 45

"ഏഷഃ	"ഈ	തം	അതിനെ
വാനരഃ,	വാനരൻ,	ധാരയിഷ്യാമി;	ജാഗ്രതയോടെ രക്ഷിക്കുന്നുണ്ട്;
മഹോത്സാഹഃ	നന്നായി മനസ്സുവെച്ച്		
സേതും	ഒരു അണ	പിതാ	പിതാവ്
മയി	എന്നിൽ	യഥാ	എപ്രകാരമോ
കരോതു;	കെട്ടിയുണ്ടാക്കട്ടെ;	തഥാ ഹി	അപ്രകാരംതന്നെയാ
അഹം	ഞാൻ	ഏഷഃ."	ഇവനും." [ണ്

ഏവമുക്ത്വോദധിർനഷ്ടഃ സമുത്ഥായ നളസ്തദാ
അബ്രവീദ്വാനരശ്രേഷ്ഠോ വാക്യം രാമം മഹാബലഃ. 46

ഉദധിഃ	സമുദ്രരാജാവ്	വാനരശ്രേഷ്ഠഃ	വാനരോത്തമനുമായ
ഏവം	ഇപ്രകാരം	നളഃ	നളൻ
ഉക്ത്വാ	ഉണർത്തിച്ചശേഷം	സമുത്ഥായ	എഴുന്നേററ്
നഷ്ടഃ;	അന്തർദ്ധാനം ചെയ്തു;	രാമം	ശ്രീരാമനെനോക്കി
തദാ	അപ്പോൾ	വാക്യം	ഇങ്ങിനെ ഉണർത്തിച്ചു.
മഹാബലഃ	മഹാശക്തനും	അബ്രവീത്.	

അഹം സേതും കരിഷ്യാമി വിസ്തീർണ്ണേ വരുണാലയേ
പിതുഃ സാമർത്ഥ്യമാസ്ഥായ തത്വമാഹ മഹോദധിഃ. 47

"അഹം	"ഞാൻ	ആസ്ഥായ,	കയ്യേറ്റുകൊണ്ട്
വിസ്തീർണ്ണേ	വിശാലമായ	സേതും	അണ
വരുണാലയേ,	സമുദ്രത്തിൽ	കരിഷ്യാമി;	കെട്ടാം;
പിതുഃ	പിതാവിന്റെ	മഹോദധിഃ	സമുദ്രരാജാവ്
സാമർത്ഥ്യം	സാമർത്ഥ്യത്തെ	തത്ത്വം	വാസ്തവമാണ്
		ആഹ.	ഉണർത്തിച്ചത്.

ദണ്ഡ ഏവ വരോ ലോകേ പുരുഷസ്യേതി മേ മതിഃ
ധിക് ക്ഷമാമകൃതജ്ഞേഷു സാന്ത്വം ദാനമഥാപി വാ. 48

"ലോകേ,	"ലോകത്തിൽ	മതിഃ;	അഭിപ്രായം;
പുരുഷസ്യ	ഒരുവന്ന്	അകൃതജ്ഞേഷു	നന്ദികെട്ടവർക്കുനേരെ
ദണ്ഡഃ ഏവ	ദണ്ഡോപായം തന്നെയാണ്	ക്ഷമാം അപി,	ക്ഷമയാകട്ടെ
വരഃ,	എല്ലാററിലുംവെച്ച് നല്ലതായുള്ളത്,	സാന്ത്വം അഥ,	നല്ലവാക്കുപറയുന്നതാകട്ടെ
ഇതി	എന്നാണ്	ദാനം വാ,	ദാനമാകട്ടെ
മേ	എന്റെ	ധിക്.	ഉപയോഗിക്കുക എന്നത് മൂഢതതന്നെ.

അയം ഹി സാഗരോ ഭീമഃ സേതുകർമ്മദിദൃക്ഷയാ
ദദൌ ദണ്ഡഭയാദ്ഗാധം രാഘവായ മഹോദധിഃ. 49

"അയം	"ഈ	ദണ്ഡഭയാത് ഹി,	ദണ്ഡനയെ ഭയപ്പെട്ടു കയാൽമാത്രമാണ്,
സാഗരഃ	സഗരമഹാരാജാവിനാൽ ഉണ്ടാക്കപ്പെട്ട	സേതുകർമ്മദിദൃക്ഷയാ	അണകെട്ടിക്കാണ്മാനായി
ഭീമഃ	ഭയങ്കരനായ	ഗാധം	ഉയന്ന സ്ഥലത്തെ
മഹോദധിഃ	സമുദ്രരാജാവ്,	രാഘവായ	ശ്രീരാഘവന്നായി
		ദദൌ.	നൽകിയത്.

["ഗാധം" (ശ്ലാഘ്യമായ സ്ഥലത്തെ എന്നും) "ഗാധഃ ശ്ലാഘ്യേഽപി ലിപ്സായാം." എന്ന് വിശ്വകോശം.]

മമ മാതുർവരോ ദത്തോ മന്ദരേ വിശ്വകർമ്മണാ
ഔരസസ്തസ്യ പുത്രോഽഹം സദൃശോ വിശ്വകർമ്മണാ. 50

"മന്ദരേ	"മന്ദരപർവ്വതത്തിൽ വെച്ച്	അഹം,	ഞാൻ,
വിശ്വകർമ്മണാ	വിശ്വകർമ്മാവിനാൽ	തസ്യ	അദ്ദേഹത്തിന്റെ
മമ	എന്റെ	ഔരസഃ പുത്രഃ;	ഔരസ പുത്രനാകുന്നു;
മാതുഃ	മാതാവിന്ന്	വിശ്വകർമ്മണാ	വിശ്വകർമ്മാവിനോടു
വരഃ ദത്തഃ;	വരം നൽകപ്പെട്ടു;	സദൃശഃ.	തുല്യത പൂണ്ടവൻ.

[പിതാവ് എന്റെ മാതാവിന്നു നൽകിയ വരപ്രസാദത്താൽ ഞാൻ തത്തുല്യനാണെന്ന് സാരം.]

സ്മാരിതോഽസ്മ്യഹമേതേന തത്ത്വമാഹ മഹോദധിഃ
ന ചാപ്യഹമനുക്തോ വൈ പ്രബ്രൂയാമാത്മനോ ഗുണാൻ. 51

"മഹോദധിഃ	"സമുദ്രരാജാവ്
തത്ത്വം	വാസ്തവമാണ്
ആഹ;	അരുൾ ചെയ്തത്;
ഏതേന	ഇതിനാൽ
അഹം	ഞാൻ
സ്മാരിതഃ അസ്മി;	ഓർമ്മപ്പെടുത്തപ്പെട്ടു;
അപി ച,	എന്നുതന്നെയല്ല
അനുക്തഃ,	ആരാലും പറഞ്ഞറിയിക്കപ്പെടാത്തവനായി,
ആത്മനഃ	സ്വന്തം
ഗുണാൻ	ഗുണങ്ങളെ
അഹം വൈ	ഞാനായ്ത്തന്നെ
പ്രബ്രൂയാം ന.	ഘോഷിക്കുന്നതല്ല.

സമർത്ഥശ്ചാപ്യഹം സേതും കർത്തും വൈ വരുണാലയേ
കാമമദ്യൈവ ബധ്നന്തു സേതും വാനരപുംഗവാഃ. 52

"വരുണാലയേ അപി	"സമുദ്രത്തിലാണെന്നാലും
സേതും കർത്തും,	അണ കെട്ടുവാൻ
അഹം	ഞാൻ
സമർത്ഥഃ വൈ;	സമർത്ഥൻ തന്നെയാണ്;
കാമം ച	അപ്രകാരമാകയാൽ
അദ്യ ഏവ,	ഇപ്പോൾതന്നെ,
വാനരപുംഗവാഃ	വാനരോത്തമന്മാർ
സേതും ബധ്നന്തു."	സേതുബന്ധനം ചെയ്യട്ടെ."

തതോഽതിസൃഷ്ടാ രാമേണ സർവ്വതോ ഹരിയൂഥപാഃ
അഭിപേതുർമ്മഹാരണ്യം ഹൃഷ്ടാഃ ശതസഹസ്രശഃ. 53

തതഃ	അതിൽ പിന്നെ
രാമേണ	ശ്രീരാമനാൽ
അതിസൃഷ്ടാഃ	നിയമിച്ചയക്കപ്പെട്ടവരായ
ഹരിയൂഥപാഃ	വാനരവീരന്മാർ
ശതസഹസ്രശഃ	നൂറുകണക്കായും, ആയിരക്കണക്കായും
സർവ്വതഃ	നാലുപാടും
ഹൃഷ്ടാഃ	സന്തുഷ്ടി പൂണ്ടവരായി
മഹാരണ്യം	വൻ കാട്ടിലേക്കായി
അഭിപേതുഃ.	പാഞ്ഞുചെന്നു.

തേ നഗാൻ നഗസംകാശാഃ ശാഖാമൃഗഗണർഷഭാഃ
ബഭഞ്ജുർവ്വാനരാസ്തത്ര പ്രചകർഷുശ്ച സാഗരം. 54

തത്ര,	അവിടെ,
തേ	ആ
നഗസംകാശാഃ	പർവ്വതതുല്യന്മാരും
ശാഖാമൃഗഗണർഷഭാഃ ച	കപിഗണമുഖ്യന്മാരുമായ
വാനരാഃ,	വാനരന്മാർ,
നഗാൻ	വൃക്ഷങ്ങളെ
ബഭഞ്ജുഃ;	പുഴക്കിയെടുത്തു;
സാഗരം	സമുദ്രത്തിലോട്ടായി
പ്രചകർഷുഃ.	വലിച്ചുകൊണ്ടുപോയി.

തേ സാലൈശ്ചാശ്വകർണ്ണൈശ്ച ധവൈർവ്വംശൈശ്ച വാനരാഃ
കുടജൈരർജ്ജുനൈസ്താലൈസ്തിലകൈസ്തിമിശൈരപി 55
ബില്വൈശ്ച സപ്തപർണ്ണൈശ്ച കർണ്ണികാരൈശ്ച പുഷ്പിതൈഃ
ചൂതൈശ്ചാശോകവൃക്ഷൈശ്ച സാഗരം സമപൂരയൻ. 56

തേ	അ
വാനരാഃ	വാനരന്മാർ
സാലൈഃ ച	തേക്കുകൾകൊണ്ടും
അശ്വ-കൎണ്ണൈഃ ച	കരിമരുതുകൾകൊണ്ടും
ധവൈഃ	ഞമകൾകൊണ്ടും
വംശൈഃ ച	മുളകൾകൊണ്ടും
കുടജൈഃ	കുടകപ്പാലകൾകൊണ്ടും
അൎജ്ജുനൈഃ	പുല്ലമരുതുകൾകൊണ്ടും
താലൈഃ	പനകൾകൊണ്ടും
തിലകൈഃ	മയിലെള്ളുകൾകൊണ്ടും
തിമിശൈഃ അപി	തൊട്ടുകാരകൾകൊണ്ടും
ബില്വൈഃ ച	കൂവളങ്ങൾകൊണ്ടും
സപ്ത-പൎണ്ണൈഃ ച	ഏഴിലമ്പാലകൾകൊണ്ടും
പുഷ്പിതൈഃ	പുഷ്പിച്ച
കൎണ്ണികാരൈഃ ച	കൊന്നകൾകൊണ്ടും
ചൂതൈഃ ച	മാവുകൾകൊണ്ടും
അശോക-വൃക്ഷൈഃ ച	അശോകവൃക്ഷങ്ങൾകൊണ്ടും
സാഗരം	സമുദ്രത്തെ
സമപൂരയൻ.	നിറച്ചു.

സമൂലാംശ്ച വിമൂലാംശ്ച പാദപാൻ ഹരിസത്തമാഃ
ഇന്ദ്രകേതൂനിവോദ്യമ്യ പ്രജഹ്രുഃ ഹരയസ്തരൂൻ. 57

ഹരിസത്തമാഃ	വാനരോത്തമന്മാരായ
ഹരയഃ;	കപികൾ,
പാദപാൻ ച	ചില വൃക്ഷങ്ങളെ
സമൂലാൻ	വേരോടുകൂടിയും
തരൂൻ ച	ചിലമരങ്ങളെ
വിമൂലാൻ,	വേരില്ലാതെയും,
ഇന്ദ്രകേതൂൻ	ഇന്ദ്രോത്സവത്തിനുള്ള കൊടിമരങ്ങളെ
ഇവ,	എന്നപോലെ,
ഉദ്യമ്യ പ്രജഹ്രുഃ.	പുഴക്കിയെടുത്തുകൊണ്ടുവന്നു.

താലാൻ ദാഡിമഗുല്മാംശ്ച നാരികേളാൻ ബിഭീതകാൻ
ബകുളാൻ ഖദിരാൻ നിംബാൻ സമാജഹ്രുഃ സമന്തതഃ. 58

സമന്തതഃ	എല്ലാദിക്കിൽനിന്നും
താലാൻ	പനകളേയും
ദാഡിമ-ഗുല്മാൻ ച	മാതളനാരകച്ചെടിക്കൂട്ടുകളേയും
നാരികേളാൻ	തെങ്ങുകളേയും
ബിഭീതകാൻ	താന്നികളേയും
ബകുളാൻ	എരിഞ്ഞികളേയും
ഖദിരാൻ	കരിങ്ങാലിമരങ്ങളേയും
നിംബാൻ	വേപ്പുകളേയും
സമാജഹ്രുഃ.	കൊണ്ടുവന്നുകൂട്ടി.

ഹസ്തിമാത്രാൻ മഹാകായാഃ പാഷാണാംശ്ച മഹാബലാഃ
പൎവ്വതാംശ്ച സമുത്പാട്യ യന്ത്രൈഃ പരിവഹന്തി ച. 59

മഹാകായാഃ	വമ്പിച്ച ശരീരമാന്നവരായ
മഹാബലാഃ ച,	ആ മഹാബലവാന്മാർ,
ഹസ്തിമാത്രാൻ	ആനയൊത്ത
പാഷാണാൻ ച,	പാറകളേയും,
പൎവ്വതാൻ ച,	ഗിരികളേയും,
സമുത്പാട്യ	പുഴക്കിയെടുത്ത്
യന്ത്രൈഃ	യന്ത്രങ്ങൾകൊണ്ട്
പരിവഹന്തി.	എടുത്തുകൊണ്ടുവരികയായി.

പ്രക്ഷിപ്യമാണൈരചലൈഃ സഹസാ ജലമുദ്ധതം
സമുത്പതിതമാകാശമുപാസർപ്പത്തതസ്തതഃ. 60

സഹസാ	ഊക്കോടെ	ജലം	വെള്ളം
പ്രക്ഷിപ്യ-മാണൈഃ	എറിയപ്പെടുന്ന	ആകാശം	ആകാശംവരെയ്ക്കും
		സമുത്പതിതം	പൊങ്ങിയതായി
അചലൈഃ	മലകൾ കാരണം	തതസ്തതഃ	അങ്ങുമിങ്ങും
ഉദ്ധതം	ഉയരെപ്പൊങ്ങിയ	ഉപാസർപ്പത്.	ചിതറി.

ആപ്ലവന്തഃ പ്ലവന്തശ്ച ഗർജ്ജന്തശ്ച പ്ലവംഗമാഃ
സമുദ്രം ക്ഷോഭയാമാസുർവ്വാനരാശ്ച സമന്തതഃ
സൂത്രാണ്യന്യേ പ്രഗൃഹ്ണന്തി വ്യായതം ശതയോജനം. 61

ആപ്ലവന്തഃ	ചാടിച്ചെല്ലുന്നവരും	ക്ഷോഭയാമാസുഃ;	കലക്കിമറിച്ചു;
പ്ലവന്തഃ ച	ചാടിച്ചാടിച്ചെല്ലുന്നവരും	അന്യേ	മററു ചില
		വാനരാഃ ച	വാനരന്മാർ
ഗർജ്ജന്തഃ ച	ഗർജ്ജിക്കുന്നവരും ആയ	ശതയോജനം വ്യായതം	നൂറുയോജന നീളമുള്ള
പ്ലവംഗമാഃ,	വാനരന്മാർ,		
സമന്തതഃ	നാലുപാടും	സൂത്രാണി	നൂലുകളേയും
സമുദ്രം	സമുദ്രത്തെ	പ്രഗൃഹ്ണന്തി.	പിടിക്കയായി.

നളശ്ചക്രേ മഹാസേതും മദ്ധ്യേ നദനദീപതേഃ
സ തഥാ ക്രിയതേ സേതുർവ്വാനരൈർഘോരകർമ്മഭിഃ. 62

നളഃ	നളൻ	സഃ സേതുഃ,	ആ അണ,
നദനദീപതേഃ മദ്ധ്യേ	സമുദ്രമദ്ധ്യത്തിൽ	ഘോരകർമ്മഭിഃ	അസാദ്ധ്യകർമ്മം ചെയ്യുന്നവരായ
		വാനരൈഃ	വാനരരാൽ
മഹാസേതും ചക്രേ;	വമ്പിച്ചതായ അണ സ്ഥൂലമുള്ള അതിരുണ്ടാക്കി	തഥാ	അപ്രകാരം
		ക്രിയതേ.	കെട്ടപ്പെടുകയായി.

ദണ്ഡാനന്യേ പ്രഗൃഹ്ണന്തി വിചിന്വന്തി തഥാ പരേ. 63

അന്യേ	ചിലർ	തഥാ	അപ്രകാരം തന്നെ
ദണ്ഡാൻ	അളക്കാനുള്ള ദണ്ഡുകളെ	പരേ	മററു ചിലർ
പ്രഗൃഹ്ണന്തി;	പിടിക്കയായി;	വിചിന്വന്തി.	കെട്ടിപ്പെടുക്കുന്നു.

["ദണ്ഡാൻ പ്രഗൃഹ്ണന്തി" (കുററികളെ അടിച്ചുറപ്പിക്കുന്നു) എന്നും.]

വാനരാഃ ശതശസ്തത്ര രാമസ്യാജ്ഞാപുരസ്സരാഃ
മേഘാഭൈഃ പർവ്വതാഗ്രൈശ്ച തൃണൈഃ കാഷ്ഠൈർബ്ബബന്ധിരേ. 64

തത്ര	അപ്പോൾ	മേഘാഭൈഃ	മേഘങ്ങളൊത്ത
വാനരാഃ	വാനരന്മാർ	പർവ്വതാഗ്രൈഃ	പർവ്വത ശിഖരങ്ങളെക്കൊണ്ടും
ശതശഃ	നൂററുക്കണക്കായി,	തൃണൈഃ	ഞാങ്ങണപ്പുല്ലുകൾ കൊണ്ടും
രാമസ്യ	ശ്രീരാമന്റെ		
ആജ്ഞാ-പുരസ്സരാഃ	ആജ്ഞാനുവർത്തികളായി,	കാഷ്ഠൈഃ ച	കട്ടകൾ കൊണ്ടും
		ബബന്ധിരേ.	ബന്ധിച്ചു.

പുഷ്പിതാഗ്രൈശ്ച തരുഭിഃ സേതും ബധ്നന്തി വാനരാഃ. 65

വാനരാഃ	വാനരന്മാർ	തരുഭിഃ ച	വൃക്ഷങ്ങൾ കൊണ്ടും
പുഷ്പിതാഗ്രൈഃ	പൂത്തുള്ള ചില്ലകളാർന്ന	സേതും	അണ
		ബധ്നന്തി.	കെട്ടിനിൎത്തുന്നു.

പാഷാണാംശ്ച ഗിരിപ്രഖ്യാൻ ഗിരീണാം ശിഖരാണി ച
ദൃശ്യന്തേ പരിധാവന്തോ ഗൃഹ്യ വാരണസന്നിഭാഃ. 66

വാരണസന്നിഭാഃ	ആനകളൊത്തവർ	ഗിരീണാം ശിഖരാണി ച	ഗിരിശിഖരങ്ങളേയും
ഗിരിപ്രഖ്യാൻ	മലകൾ പോന്ന	ഗൃഹ്യ,	എടുത്തുകൊണ്ടു്
പാഷാണാൻ ച	പാറകളേയും	പരിധാവന്തഃ	ഓടുന്നവരായി
		ദൃശ്യന്തേ.	കാണപ്പെടുന്നു.

ശിലാനാം ക്ഷിപ്യമാണാനാം ശൈലാനാം ച നിപാത്യതാം
ബഭൂവ തുമുലഃ ശബ്ദസ്തദാ തസ്മിൻ മഹോദധൌ. 67

തദാ	അപ്പോൾ	ശൈലാനാം	മലകൾ
തസ്മിൻ	ആ	നിപാത്യതാം ച	തള്ളിവീഴ്ത്തപ്പെടുമ്പോഴും
മഹോദധൌ,	വൻകടലിൽ,	തുമുലഃ	പാരിച്ച
ശിലാനാം	പാറകൾ	ശബ്ദഃ	ശബ്ദം
ക്ഷിപ്യമാണാനാം,	എറിയപ്പെടുമ്പോഴും	ബഭൂവ.	ഉണ്ടായി.

സഹേലം ഹനുമാൻ ശൈലം യം യം വിപുലമാക്ഷിപത്
തം തം കരേണ വാമേന സലീലം ജഗൃഹേ നളഃ. 68

ഹനുമാൻ	ഹനുമാൻ	തം തം	അതിനെയെല്ലാം
യം യം	ഏതേതു്	നളഃ	നളൻ
വിപുലം ശൈലം	വൻപാറയെ	വാമേന	എടത്തെ
		കരേണ	കൈകൊണ്ടു
സഹേലം	അനായാസമായി	സലീലം	നിഷ്പ്രയാസം
ആക്ഷിപത്,	എറിഞ്ഞുവോ,	ജഗൃഹേ.	പിടിച്ചു.

കൃതാനി പ്രഥമേനാഹ്നാ യോജനാനി ചതുർദശ
പ്രഹൃഷ്ടൈർഗ്ഗജസംകാശൈസ്ത്വരമാണൈഃ പ്ലവംഗമൈഃ. 69

പ്രഹൃഷ്ടൈഃ	ഉത്സാഹം പൂണ്ടവരും	പ്രഥമേന	ഒന്നാമത്തെ
ഗജസംകാശൈഃ	ഗജസന്നിഭന്മാരും	അഹ്നാ	ദിവസം കൊണ്ടു്
ത്വരമാണൈഃ	ബദ്ധപ്പെടുന്നവരും ആയ	ചതുർദശ	പതിന്നാലു
		യോജനാനി	യോജനകൾ
പ്ലവംഗമൈഃ,	വാനരന്മാരാൽ,	കൃതാനി.	കെട്ടപ്പെട്ടു.

ദ്വിതീയേന തഥാ ചാഹ്നാ യോജനാനി തു വിംശതിഃ
കൃതാനി പ്ലവഗൈസ്തൂർണ്ണം ഭീമകായൈർമ്മഹാബലൈഃ. 70

ഭീമകായൈഃ തു	ക്രൂരന്മാരും
മഹാബലൈഃ ച	അതിബലിഷ്ഠന്മാരും ആയ
പ്ലവഗൈഃ	വാനരന്മാരാൽ
തൂർണ്ണം	വേഗത്തിൽ
തഥാ	അപ്രകാരംതന്നെ
ദ്വിതീയേന അഹ്നാ	രണ്ടാം ദിവസം
വിംശതിഃ	ഇരുപത്
യോജനാനി	യോജനകൾ
കൃതാനി.	നിർമ്മിക്കപ്പെട്ടു.

അഹ്നാ തൃതീയേന തഥാ യോജനാനി കൃതാനി തു
ത്വരമാണൈർമ്മഹാകായൈരേകവിംശതിരേവ ച. 71

തഥാ ഏവ	അപ്രകാരംതന്നെ
തൃതീയേന അഹ്നാ	മൂന്നാമത്തെ ദിവസത്തിൽ
ത്വരമാണൈഃ തു	അതിജാഗ്രതയാർന്ന
മഹാകായൈഃ ച	ആ വൻ ശരീരമാർന്നവരാൽ
ഏകവിംശതിഃ	ഇരുപത്തൊന്നു
യോജനാനി	യോജനകൾ
കൃതാനി.	കെട്ടപ്പെട്ടു.

ചതുർത്ഥേന തഥാ ചാഹ്നാ ദ്വാവിംശതിരഥാപി ച
യോജനാനി മഹാവേഗൈഃ കൃതാനി ത്വരിതൈസ്തു തൈഃ. 72

മഹാവേഗൈഃ അപി	അതിസമർത്ഥന്മാരും
ത്വരിതൈഃ തു	ജാഗ്രതയുള്ളവരും ആയ
തൈഃ ച	അവരാൽതന്നെ,
അഥ,	പിന്നെ,
തഥാ ച,	അപ്രകാരംതന്നെ,
ചതുർത്ഥേന അഹ്നാ,	നാലാം ദിവസം
ദ്വാവിംശതിഃ	ഇരുപത്തിരണ്ട്
യോജനാനി	യോജനകൾ
കൃതാനി.	കെട്ടപ്പെട്ടു.

പഞ്ചമേന തഥാ ചാഹ്നാ പ്ലവഗൈഃ ക്ഷിപ്രകാരിഭിഃ
യോജനാനി ത്രയോവിംശത് സുവേലമധികൃത്യ വൈ. 73

ക്ഷിപ്രകാരിഭിഃ	വേഗത്തിൽ പ്രവൃത്തി ചെയ്യുന്ന
പ്ലവഗൈഃ	ആ വാനരന്മാരാൽ
പഞ്ചമേന അഹ്നാ,	അഞ്ചാം ദിവസം,
സുവേലം	സുവേലപർവ്വതത്തെ
അധികൃത്യ വൈ	അറ്റമാക്കിവെച്ചുകൊണ്ട്,
ത്രയോവിംശത്	ഇരുപത്തിമൂന്നു
യോജനാനി	യോജനകൾ
തഥാ ച.	അപ്രകാരംതന്നെ കെട്ടിത്തീർക്കപ്പെട്ടു.

[“ദശയോജനവിസ്താരം ത്രിംശദ്യോജനമായതം ബബന്ധുർവ്വാനരാഃ സേതും പ്രഥമേ ദിവസേ തദാ. സന്ധ്യാമർവ്വാഗ്ദ്വിതീയേ തു ത്രിംശദ്യോജനവിസ്തരഃ. ഏവം ത്രിഭിർദ്ദിനൈർവ്വീരൈഃ സേതുന്നവതിയോജനം. ചതുർത്ഥേ തു ദിനേ സാർദ്ധ യാമേ തേ ച വലീമുഖാഃ ദൃഷ്ട്വാ ലങ്കേതി രാമായ ശശംസുഃ” എന്നിങ്ങിനെ മൂന്നുദിവസം 30 നാഴികവീതം കെട്ടി നാലാം ദിവസം പത്തു യോജന കെട്ടി കഴിഞ്ഞപ്പോൾ ലങ്കയെ കണ്ടതായി ഭാരതം വനപർവ്വത്തിൽ പറയപ്പെട്ടിരിക്കുന്നു. പാദ്മപുരാണം പുഷ്കരഖണ്ഡത്തിൽ “ഏഷ സേതുർമ്മയാ ബദ്ധഃ സമുദ്രേ വരുണാലയേ. ത്രിഭിർദ്ദിനൈഃ സമാപ്തിം

മേ നിതോ വാനരസത്തമൈഃ" എന്ന് മൂന്നുദിവസത്തിൽ കെട്ടിയതായി പറയുന്നു. "കൃതാനി പ്രഥമേനാഹ്നാ യോജനാനി ചതുർദ്ദശ. ദ്വിതീയേന തഥാ ചാഹ്നാ യോജനാനി തു വിംശതിഃ. തൃതീയേന തഥാ ചാഹ്നാ യോജനാന്യേകവിംശതിഃ. ചതുർത്ഥേന തഥാ ചാഹ്നാ ദ്വാവിംശതിരിതി ശ്രുതം. പഞ്ചമേന ത്രയോവിംശദ്യോജനാനി സമന്തതഃ ബബന്ധ സാഗരേ സേതും നളോ വാനരസത്തമഃ" എന്ന് അദ്ധ്യാത്മരാമായണത്തിലും ആനന്ദരാമായണത്തിലും ഇതിലുള്ള കണക്കിന്നൊത്ത് അഞ്ചുദിവസം കൊണ്ടുതന്നെ കെട്ടിയതായിട്ടാണ് പറഞ്ഞിരിക്കുന്നതു്.]

സ വാനരവരഃ ശ്രീമാൻ വിശ്വകർമ്മാത്മജോ ബലീ
ബബന്ധ സാഗരേ സേതും യഥാ ചാസ്യ പിതാ തഥാ. 74

വാനരവരഃ	വാനരോത്തമനും	യഥാ	എപ്രകാരമുള്ളവനോ
ശ്രീമാൻ	ശ്രീമാനും	തഥാ ച	അപ്രകാരമുള്ളവനുമായ
ബലീ	ബലശാലിയും	സഃ,	ആ നളൻ,
വിശ്വ- കർമ്മാത്മജഃ	വിശ്വകർമ്മാത്മാവി ന്റെ പുത്രനും	സാഗരേ	കടലിൽ
		സേതും	അണയെ
അസ്യ പിതാ	തന്റെ പിതാവ്	ബബന്ധ.	കെട്ടിപൂർത്തിയാക്കി.

സ നളേന കൃതഃ സേതുഃ സാഗരേ മകരാലയേ
ശുശുഭേ സുഭഗഃ ശ്രീമാൻ സ്വാതീപഥ ഇവാംബരേ. 75

നളേന	നളനാൽ	സ്വാതിപഥഃ ഇവ	സ്വാതീ നക്ഷത്രം ചെല്ലുന്നതായ വഴിയെന്നപോലെ
മകരാലയേ	മകരമത്സ്യങ്ങൾക്കിരിപ്പിടമായ		
സാഗരേ	കടലിൽ		
കൃതഃ	കെട്ടപ്പെട്ടതായ	ശ്രീമാൻ	വൈഭവമേറിയതായും
സഃ സേതുഃ,	ആ സേതു,	സുഭഗഃ	ഭംഗിപൂണ്ടതായും
അംബരേ	ആകാശത്തിൽ	ശുശുഭേ.	വിളങ്ങി.

[വായുപുരാണത്തിൽ സൂര്യാദി ഗ്രഹങ്ങൾക്ക് ദക്ഷിണം ഉത്തരം മദ്ധ്യമം എന്ന മൂന്നുമാർഗ്ഗങ്ങൾ പറയപ്പെട്ടിരിക്കുന്നു. അതിൽ അത്തം, ചിത്ര, സ്വാതി എന്നവ മദ്ധ്യമമാർഗ്ഗമാകുന്നു. "സൂര്യാദീനാം ത്രയോ മാർഗ്ഗാ ദക്ഷിണോത്തരമദ്ധ്യമാഃ." "തഥാ ദ്വേ ചാപി ഫല്ഗുന്യൗ മഘാ ചൈവാർഷഭീ മതാ. ഹസ്തശ്ചിത്രാ തഥാ സ്വാതീ മദ്ധ്യവീഥിരിതി ശ്രുതാ. ജ്യേഷ്ഠാ വിശാഖാനുരാധാ വീഥീ രാജവതീ മതാ. ഏതാസ്തു വീഥയസ്തിസ്രോ മദ്ധ്യമോ മാർഗ്ഗ ഉച്യതേ." (ഭഗാ. രാ.)
സ്വാതിനക്ഷത്രം എല്ലാ നക്ഷത്രങ്ങളിലുംവെച്ച് പ്രഭയേറിയ രണ്ടാമത്തെ നക്ഷത്രമാകുന്നു.]

തതോ ദേവാഃ സഗന്ധർവ്വാഃ സിദ്ധാശ്ച പരമർഷയഃ
ആഗമ്യ ഗഗനേ തസ്ഥുർദ്രഷ്ടുകാമാസ്തദദ്ഭുതം. 76

തതഃ	ആ സമയം	അദ്ഭുതം	അതിശയത്തെ
സഗന്ധർവ്വാഃ	ഗന്ധർവ്വന്മാരോടുകൂടി	ദ്രഷ്ടുകാമാഃ	കാണ്മാൻ കൊതിപൂണ്ടവരായി
ദേവാഃ	ദേവന്മാരും		
സിദ്ധാഃ	സിദ്ധന്മാരും	ഗഗനേ	ആകാശത്തിൽ
പരമർഷയഃ ച	മഹർഷിമാരും	ആഗമ്യ	വന്നുനിന്നു.
തത്	ആ	തസ്ഥുഃ.	

ദശയോജനവിസ്തീർണ്ണം ശതയോജനമായതം
ദദൃശുർദേവഗന്ധർവ്വാ നളസേതും സുദുഷ്കരം. 77

ദേവഗന്ധർവ്വാഃ	ദേവന്മാരും ഗന്ധർവ്വന്മാരും	ആയതം,	നീണ്ടുള്ളതും
		സുദുഷ്കരം	ദുസ്സാദ്ധ്യവുമായ
ദശയോജന-വിസ്തീർണ്ണം	പത്തുയോജന വീതിയുള്ളതും	നളസേതും	ആ നളനാൽ കെട്ടപ്പെട്ട സേതുവിനെ
ശതയോജനം	നൂറുയോജന	ദദൃശുഃ.	നിരീക്ഷിച്ചു.

തദചിന്ത്യമസഹ്യം ച അദ്ഭുതം രോമഹർഷണം
ദദൃശുഃ സർവ്വഭൂതാനി സാഗരേ സേതുബന്ധനം. 78

സർവ്വഭൂതാനി,	സർവ്വപ്രാണികളും,	രോമഹർഷണം	കോൾമയിർക്കൊള്ളിക്കുന്നതും
സാഗരേ,	കടലിൽ,		
അചിന്ത്യം	വിചാരിക്കപ്പെടുവാൻ കഴിയാത്തതും	അദ്ഭുതം ച	ആശ്ചര്യജനകവും ആയ
		തത്	ആ
അസഹ്യം	ദൈവാനുഗ്രഹമില്ലാതെ സാദ്ധ്യമാകാത്തതും	സേതുബന്ധനം	സേതുബന്ധനത്തെ
		ദദൃശുഃ.	പ്രത്യക്ഷത്തിൽ കണ്ടു.

താനി കോടിസഹസ്രാണി വാനരാണാം മഹൗജസാം
ബധ്നന്തഃ സാഗരേ സേതും ജഗ്മുഃ പാരം മഹോദധേഃ. 79

മഹൗജസാം	മഹാബലശാലികളായ	സേതും	അണയെ
വാനരാണാം	വാനരന്മാരുടെ	ബധ്നന്തഃ,	കെട്ടുവാൻ സഹായിച്ചവരായി
താനി	ആ		
കോടി-സഹസ്രാണി	കോടിക്കണക്കായുള്ള പലരും	മഹോദധേഃ	വൻ കടലിന്റെ
		പാരം	അക്കരയിലേക്കായി
സാഗരേ	സമുദ്രത്തിൽ	ജഗ്മുഃ.	പുറപ്പെട്ടു ചെന്നു.

വിശാലഃ സുകൃതഃ ശ്രീമാൻ സുഭൂമിഃ സുസമാഹിതഃ
അശോഭത മഹാസേതുഃ സീമന്ത ഇവ സാഗരേ. 80

മഹാസേതുഃ	ആ മഹാസേതു	സുഭൂമിഃ	സമനിരപ്പായുള്ളതായും
വിശാലഃ	വിശാലമായും	സുസമാഹിതഃ,	വെടിപ്പുള്ളതായും,
സുകൃതഃ	ദൃഢമായി കെട്ടപ്പെട്ടതായും	സാഗരേ,	സമുദ്രത്തിൽ,
		സീമന്തഃ ഇവ,	സീമന്തരേഖയെന്നപോലെ,
ശ്രീമാൻ	അഴകാർന്നതായും	അശോഭത.	വിലസി.

തതഃ പാരേ സമുദ്രസ്യ ഗദാപാണിർവിഭീഷണഃ
പരേഷാമഭിഘാതാർത്ഥമതിഷ്ഠത് സചിവൈഃ സഹ. 81

തതഃ	അപ്പോൾ	സചിവൈഃ സഹ	സചിവന്മാരോടുംകൂടി
സമുദ്രസ്യ	സമുദ്രത്തിന്റെ		
പാരേ	അക്കരയിൽ,	പരേഷാം	ശത്രുക്കളെ
വിഭീഷണഃ	വിഭീഷണൻ	അഭിഘാതാർത്ഥം	ഹനിക്കുന്നതിന്നായി
ഗദാപാണിഃ	ഗദയും കയ്യിലേന്തിയവനായി	അതിഷ്ഠത്.	കാത്തുനിന്നു.

സുഗ്രീവസ്തു തതഃ പ്രാഹ രാമം സത്യപരാക്രമം
ഹനൂമന്തം ത്വമാരോഹ അംഗദം ചാപി ലക്ഷ്മണഃ. 82

തതഃ	അപ്പോൾ	"ത്വം	"നിന്തിരുവടി
സുഗ്രീവഃ	സുഗ്രീവൻ	ഹനൂമന്തം തു	ഹനൂമാന്റെ പുറത്ത്
സത്യപരാക്രമം	സുസ്ഥിരപരാക്രമശാലിയായ	ആരോഹ;	കയറിയാലും;
രാമം	ശ്രീരാമനോടായി	ലക്ഷ്മണഃ	ലക്ഷ്മണൻ
പ്രാഹ;	ഉണർത്തിച്ചു;	അംഗദം അപി ച.	അംഗദന്റെ ചുമലിലും അപ്രകാരംതന്നെ കയറിക്കൊള്ളട്ടെ.

അയം ഹി വിപുലോ വീര സാഗരോ മകരാലയഃ. 83

"വീര!	"വീര!	സാഗരഃ ഹി	സമുദ്രമാകട്ടെ
അയം	ഈ	വിപുലഃ.	എത്രയോ വിസ്താരമാർന്നതാകുന്നു.
മകരാലയഃ	മകരാവാസമായ		

വൈഹായസൌ യുവാമേതൌ വാനരൌ താരയിഷ്യതഃ. 84

"വൈഹായസൌ	"ആകാശമാർഗ്ഗത്തിലൂടെ ചെല്ലുന്ന	യുവാം	നിങ്ങൾ ഇരുവരേയും
ഏതൌ	ഈ	താരയിഷ്യതഃ."	അക്കരെചേർക്കുന്നതാണ്."
വാനരൌ	രണ്ടു വാനരന്മാരും		

അഗ്രതസ്തസ്യ സൈന്യസ്യ ശ്രീമാൻ രാമഃ സലക്ഷ്മണഃ
ജഗാമ ധന്വീ ധർമ്മാത്മാ സുഗ്രീവേണ സമന്വിതഃ. 85

തസ്യ	ആ	രാമഃ	ശ്രീരാമൻ
സൈന്യസ്യ	സൈന്യത്തിന്റെ	സലക്ഷ്മണഃ	ലക്ഷ്മണസമേതനായി
അഗ്രതഃ	മുമ്പിലായി	സുഗ്രീവേണ	സുഗ്രീവനോടും
ശ്രീമാൻ	ശ്രീമാനും	സമന്വിതഃ	കൂടിയവനായി
ധന്വീ	വില്ലാളിയും	ജഗാമ.	എഴുന്നെള്ളി.
ധർമ്മാത്മാ	ധർമ്മാത്മാവുമായ		

അന്യേ മദ്ധ്യേന ഗച്ഛന്തി പാർശ്വതോഽന്യേ പ്ലവംഗമാഃ
സലിലേ പ്രപതന്ത്യന്യേ മാർഗ്ഗമന്യേ ന ലേഭിരേ. 86

അന്യേ	ചില	അന്യേ	ചിലർ
പ്ലവംഗമാഃ	വാനരന്മാർ	സലിലേ	വെള്ളത്തിൽ
മദ്ധ്യേന	നടുവിലായും	പ്രപതന്തി;	നീന്തിച്ചെല്ലുന്നു;
അന്യേ	ചിലർ	അന്യേ	മററുചിലർക്ക്
പാർശ്വതഃ	ഓരത്തിലായും	മാർഗ്ഗം	പോകുവാനുള്ളവഴി
ഗച്ഛന്തി;	ചെല്ലുന്നു;	ലേഭിരേ ന.	ഇല്ലാതിരുന്നു.

കേചിദ്വൈഹായസഗതാഃ സുപർണ്ണാ ഇവ പുപ്ലുവുഃ. 87

കേചിത്	ചിലർ	വൈഹായസ-ഗതാഃ	ആകാശത്തെ പ്രാപിച്ചവരായി
സുപർണ്ണാഃ ഇവ	ഗരുഡന്മാർ എന്നപോലെ	പുപ്ലുവുഃ.	പറന്നുചെന്നു.

ഘോഷേണ മഹതാ തസ്യ സിന്ധോർഘോഷം സമുച്ഛ്രിതം
ഭീമമന്തർദധേ ഭീമാ തരന്തീ ഹരിവാഹിനീ. 88

ഭീമാ	ഭയങ്കരമായ	സിന്ധോഃ	സമുദ്രത്തിന്റെ
ഹരിവാഹിനീ	ആ കപിസൈന്യം,	ഭീമം	ഭയങ്കരമായി
തരന്തീ	കടന്നുചെല്ലുന്നതായി,	സമുച്ഛ്രിതം	പൊങ്ങിയ
മഹതാ	വമ്പിച്ച	ഘോഷം	ശബ്ദത്തെ
ഘോഷേണ	ഇരച്ചിലോടുംകൂടി,	അന്തർദധേ.	മുക്കിക്കളഞ്ഞു.
തസ്യ	ആ		

വാനരാണാം ഹി സാ തീർണ്ണാ വാഹിനീ നളസേതുനാ
തീരേ നിവിവിശേ രാജ്ഞോ ബഹുമൂലഫലോദകേ. 89

വാനരാണാം രാജ്ഞഃ	വാനരരാജാവിന്റെ	തീർണ്ണാ ഹി,	കടന്നുചെന്നതായി,
സാ വാഹിനീ,	ആ സൈന്യം,	ബഹുമൂല-ഫലോദകേ	ധാരാളം കിഴങ്ങുകളും പഴങ്ങളും നീരും ഉള്ളതായ
നളസേതുനാ	നളൻ കെട്ടിയ അണ വഴിയായി	തീരേ	അക്കരയിൽ
		നിവിവിശേ.	ചെന്നണഞ്ഞു.

തദദ്ഭുതം രാഘവകർമ്മ ദുഷ്കരം
സമീക്ഷ്യ ദേവാഃ സഹ സിദ്ധചാരണൈഃ
ഉപേത്യ രാമം സഹസാ മഹർഷിഭിഃ
സമഭ്യഷിഞ്ചൻ സുശുഭൈർജ്ജലൈഃ പൃഥക്. 90

ദേവാഃ	ദേവന്മാർ	അദ്ഭുതം	ആശ്ചര്യത്തെ
സിദ്ധ-ചാരണൈഃ	സിദ്ധന്മാരോടും ചാരണന്മാരോടും	സമീക്ഷ്യ,	കണ്ട്,
മഹർഷിഭിഃ	മഹർഷിമാരോടും	സഹസാ	തത്ക്ഷണം
സഹ,	കൂടി,	രാമം	ശ്രീരാഘവനെ
ദുഷ്കരം	മററാരാലും ചെയ്യാൻ സാദ്ധ്യമല്ലാത്തതായ	ഉപേത്യ,	അടുത്ത്,
രാഘവകർമ്മ	ശ്രീരാമകൃതമായ	സുശുഭൈഃ	അതിപാവനമായ
തത്	ആ	ജലൈഃ	തീർത്ഥങ്ങൾകൊണ്ട്
		പൃഥക്,	വെവ്വേറെ
		സമഭ്യഷിഞ്ചൻ	അഭിഷേകംചെയ്തു.

["യേ മജ്ജന്തി നിമജ്ജയന്തി ച പരാൻ തേ പ്രസ്തരാ ദുസ്തരേ വാർധൌ യേന തരന്തി വാനരഭടാൻ സന്താരയന്തേഽപി ച. നൈതേ ഗ്രാവഗുണാ ന വാരിധിഗുണാ നോ വാനരാണാം ഗുണാഃ ശ്രീമദ്ദാശരഥേഃ പ്രതാപമഹിമാ സോഽയം സമുജ്ജൃംഭതേ." എന്ന് വാനരന്മാരെ സമുദ്രതരണം ചെയ്യിക്കുന്നതും ലോകരെ സംസാരസാഗരതരണം ചെയ്യിക്കുന്നതുമായ സേതു, ശ്രീരാമപ്രഭാവമഹിമതന്നെയാകുന്നു എന്ന് ആനന്ദരാമായണം.]

ജയ സ്വശത്രൂൻ നരദേവ മേദിനീം
സസാഗരാം പാലയ ശാശ്വതീഃ സമാഃ
ഇതീവ രാമം നരദേവസത്ക്കൃതം
ശുഭൈർവചോഭിർവ്വിവിധൈരപൂജയൻ. 91

നരദേവ-സത്ക്കൃതം	മനുഷ്യരാലും ദേവന്മാരാലും വണങ്ങപ്പെട്ടവനായ	മേദിനീം	ലോകത്തെ
രാമം,	ശ്രീരാമനെ നോക്കി,	ശാശ്വതീഃ സമാഃ	അനേകമാണ്ടുകൾ
"നരദേവ!	"അല്ലയോ മഹാരാജാവേ!	പാലയ,"	പരിപാലിച്ചാലും,"
സ്വശത്രൂൻ	നിന്തിരുവടിയുടെ ശത്രുക്കളെ	ഇതി ഇവ	എന്നിപ്രകാരം ഇനിയും
ജയ!	വെന്നാലും!	വിവിധൈഃ	പല
സസാഗരാം	സമുദ്രങ്ങളടങ്ങിയതായ	ശുഭൈഃ	മംഗളകരമായ
		വചോഭിഃ	ആശിസ്സുകളാൽ
		അപൂജയൻ.	കൊണ്ടാടി.

ഇത്യാർഷേ ശ്രീമദ്രാമായണേ വാല്മീകീയേ ആദികാവ്യേ യുദ്ധകാണ്ഡേ
ദ്വാവിംശഃ സർഗ്ഗഃ = ഇരുപത്തിരണ്ടാംസർഗ്ഗം സമാപ്തം.
ആദ്യം മുതൽ ശ്ലോകസംഖ്യ 15502; യുദ്ധകാണ്ഡം ആദ്യം മുതൽ ശ്ലോകസംഖ്യ 827.

ത്രയോവിംശഃ സർഗ്ഗഃ = ഇരുപത്തിമൂന്നാംസർഗ്ഗം.

[മഹോത്പാതദർശനം = മഹോത്പാതലക്ഷണങ്ങളെ കാണുന്നതു്.]

നിമിത്താനി നിമിത്തജ്ഞോ ദൃഷ്ട്വാ ലക്ഷ്മണപൂർവ്വജഃ
സൌമിത്രിം സംപരിഷ്വജ്യ ഇദം വചനമബ്രവീത്. 1

നിമിത്തജ്ഞഃ	ശകുനശാസ്ത്രകുശലനായ	സൌമിത്രിം	ലക്ഷ്മണനെ
ലക്ഷ്മണപൂർവ്വജഃ	ലക്ഷ്മണാഗ്രജൻ,	സംപരിഷ്വജ്യ	കെട്ടിപ്പുണർന്നു കൊണ്ടു്
നിമിത്താനി	ശകുനങ്ങളെ	ഇദം	ഇപ്രകാരം
ദൃഷ്ട്വാ,	കണ്ടു്,	വചനം അബ്രവീത്.	അരുളിച്ചെയ്തു.

["നിമിത്താന്യേവ ശംസന്തി ശുഭാശുഭമഹോദയം. തസ്മാദേതാനി ശാസ്ത്രജ്ഞോ രാജാ സമുപലക്ഷയേത്" എന്ന കാമന്ദകവാക്യപ്രകാരം നിമിത്തങ്ങൾ കാണുന്നവയെപ്പററി പറയുന്നു. (ഗോ. രാ.)]

പരിഗൃഹ്യോദകം ശീതം വനാനി ഫലവന്തി ച
ബലൌഘം സംവിഭജ്യേമം വ്യൂഹ്യ തിഷ്ഠേമ ലക്ഷ്മണ. 2

"ലക്ഷ്മണ!	"ലക്ഷ്മണ!	ഇമം	ഈ
ശീതം	തണുത്ത	ബലൌഘം	സൈന്യസമൂഹത്തെ
ഉദകം,	വെള്ളത്തേയും	സംവിഭജ്യ	വെവ്വേറെ
ഫലവന്തി	ഫലങ്ങൾ ധാരാളമുള്ള	വ്യൂഹ്യ	അണിവകുത്തു്
വനാനി ച,	തോട്ടങ്ങളേയും	തിഷ്ഠേമ.	നാമിവിടെ വർത്തിക്കുക.
പരിഗൃഹ്യ,	നോക്കിപ്പിടിച്ചു്,		

ലോകക്ഷയകരം ഭീമം ഭയം പശ്യാമ്യുപസ്ഥിതം
നിബർഹണം പ്രവീരാണാമൃക്ഷവാനരരക്ഷസാം. 3

"പ്രവീരാണാം	"അതിശൂരന്മാരായ
ഋക്ഷവാനര-രക്ഷസാം	കരടികൾക്കും കപികൾക്കും രാക്ഷസർക്കും
നിബർഹണം	നാശത്തെയുളവാക്കുന്നതും

ലോകക്ഷയകരം	ലോകത്തിന്നുതന്നെ നാശകരമായതും
ഭീമം	ഘോരവും ആയ
ഭയം	വിപത്ത്
ഉപസ്ഥിതം	അടുത്തിരിക്കുന്നതായി
പശ്യാമി.	ഞാൻകാണുന്നു.

വാതാശ്ച കലുഷാ വാന്തി കമ്പതേ ച വസുന്ധരാ
പർവ്വതാഗ്രാണി വേപന്തേ പതന്തി ച മഹീരുഹാഃ. 4

"വാതാഃ	"കാററുകൾ
കലുഷാഃ ച	പൊടിയാക്കുന്നവയായി
വാന്തി;	വീശുന്നു;
വസുന്ധരാ ച	ഭൂമിയും
കമ്പതേ;	കലുങ്ങുന്നു;

പർവ്വതാഗ്രാണി	പർവ്വതശിഖരങ്ങൾ
വേപന്തേ;	ചലിക്കുന്നു;
മഹീരുഹാഃ ച,	വൃക്ഷങ്ങളും,
പതന്തി.	മുറിഞ്ഞുവീഴുന്നു.

[സന്ധ്യാകാലത്തിലുള്ള ഭൂകമ്പങ്ങളാകുന്നു രാജാക്കന്മാർക്ക് അത്യന്തം അനിഷ്ടപ്രദങ്ങളായുള്ളതു് എന്ന് വസിഷ്ഠവചനം. "യാമത്രയാച്ച ഭൂകമ്പോ ദ്വിജാതീനാമരിഷ്ടദഃ. അരിഷ്ടദഃ ക്ഷിതീശാനാം സന്ധ്യയോരുഭയോരപി."]

മേഘാഃ ക്രവ്യാദസംകാശാഃ പരുഷാ പരുഷസ്വനാഃ
ക്രൂരാഃ ക്രൂരം പ്രവർഷന്തി മിശ്രം ശോണിതബിന്ദുഭിഃ. 5

"മേഘാഃ	"മേഘങ്ങൾ
ക്രവ്യാദ-സംകാശാഃ	പിശാചുക്കളെപ്പോലെ
പരുഷാഃ	നോക്കപ്പെടുവാൻ കഴിയാത്തവയായി
പരുഷസ്വനാഃ	കർണ്ണകഠോരമായി ഗർജ്ജിക്കുന്നവയായി

ക്രൂരാഃ	ഭയങ്കരങ്ങളായി
ശോണിത-ബിന്ദുഭിഃ	ചോരത്തുള്ളികളോട്
മിശ്രം	ഇടകലർന്ന്
ക്രൂരം	അസഹ്യമാംവണ്ണം
പ്രവർഷന്തി.	മഴപൊഴിക്കുന്നു.

രക്തചന്ദനസംകാശാ സന്ധ്യാ പരമദാരുണാ
ജ്വലതഃ പ്രപതത്യേതദാദിത്യാദഗ്നിമണ്ഡലം. 6

"സന്ധ്യാ	"സന്ധ്യാകാലം
രക്തചന്ദന-സംകാശാ	രക്തചന്ദനം പോലുള്ളതായി
പരമദാരുണാ;	അതിഭയങ്കരമായിരിക്കുന്നു;

ജ്വലതഃ	ജ്വലിക്കുന്ന
ആദിത്യാത്	ആദിത്യങ്കൽനിന്ന്
ഏതത്	ഈ
അഗ്നിമണ്ഡലം	തിക്കട്ട
പ്രപതതി.	താഴോട്ടുവീഴുന്നു.

ദീനാ ദീനസ്വരാഃ ക്രൂരാഃ സർവ്വതോ മൃഗപക്ഷിണഃ
പ്രത്യാദിത്യം വിനർദന്തി ജനയന്തോ മഹദ്ഭയം. 7

"ക്രൂരാഃ	"ക്രൂരസ്വഭാവമുള്ള	ഭയം	ഭയത്തെ
മൃഗപക്ഷിണഃ	മൃഗങ്ങളും പക്ഷികളും	സർവ്വതഃ	എങ്ങും
ദീനാഃ	പാരവശ്യം പൂണ്ട്	ജനയന്തഃ	വിളയിക്കുന്നവയായി
ദീനസ്വരാഃ	ദീനസ്വരത്തോടു കൂടിയവയായി	ആദിത്യം പ്രതി	ആദിത്യനെതിരായി
മഹത്	മഹത്തായ	വിനർദന്തി.	ശബ്ദിക്കുന്നു.

രജന്യാമപ്രകാശസ്തു സന്താപയതി ചന്ദ്രമാഃ
കൃഷ്ണരക്താംശുപര്യന്തോ ലോകക്ഷയ ഇവോദിതഃ
ഹ്രസ്വോ രൂക്ഷോഽപ്രശസ്തശ്ച പരിവേഷഃ സുലോഹിതഃ. 8

"ചന്ദ്രമാഃ	"ചന്ദ്രനും	ഹ്രസ്വഃ	കുറുതായും
അപ്രകാശഃ തു,	പ്രകാശം മങ്ങിയവനായി	രൂക്ഷഃ	ഉഗ്രമായും
രജന്യാം	രാത്രിയിൽ	സുലോഹിതഃ	കടും ചുവപ്പായും
സന്താപയതി;	തപിപ്പിക്കുന്നു;	അപ്രശസ്തഃ ച	അശുഭമായും
പരിവേഷഃ	പരിവേഷം	ലോകക്ഷയേ ഇവ	ലോകാവസാനത്തിൽ എന്ന പോലെ
കൃഷ്ണരക്താംശുപര്യന്തഃ	കറുത്തും ചുവന്നും ഉള്ള അഗ്രകിരണങ്ങളാർന്നതായി	ഉദിതഃ.	കാണപ്പെടുന്നു.

[ഇവിടെ മൂന്നു വർണ്ണങ്ങൾ പറഞ്ഞിരിക്കുന്നതിനാൽ മൂന്നു മണ്ഡലങ്ങളുണ്ടെന്നും, അങ്ങിനെ ത്രിമണ്ഡലം രാജനാശകരമാണെന്നും ഗ്രാഹ്യമാകുന്നു. "ദ്വിമണ്ഡലശ്ചമൂപഹന്താ നൃപഹന്താ യസ്ത്രിമണ്ഡലഃ" (കാശ്യപഹോരാ) ഗോ. രാ.]

ആദിത്യേ വിമലേ നീലം ലക്ഷ്മ ലക്ഷ്മണ ദൃശ്യതേ. 9

"ലക്ഷ്മണ!	"ലക്ഷ്മണ!	നീലം	നീല നിറത്തിൽ
വിമലേ	നിർമ്മലമായ	ലക്ഷ്മ	കളങ്കം
ആദിത്യേ,	സൂര്യബിംബത്തിൽ	ദൃശ്യതേ.	കാണപ്പെടുന്നു.

രജസാ മഹതാ ചാപി നക്ഷത്രാണി ഹതാനി ച
യുഗാന്തമിവ ലോകാനാം പശ്യ ശംസന്തി ലക്ഷ്മണ. 10

"ലക്ഷ്മണ!	"ലക്ഷ്മണ!	ലോകാനാം അപി	ലോകങ്ങൾക്കെല്ലാം തന്നെ
നക്ഷത്രാണി	നക്ഷത്രങ്ങളും	യുഗാന്തം ച	പ്രളയത്തെയും
മഹതാ	വമ്പിച്ച	ശംസന്തി ഇവ,	സൂചിപ്പിക്കുന്നപോലെ
രജസാ	പൊടിപടലംകൊണ്ട്		
ഹതാനി ച,	മൂടപ്പെട്ടവയായി [യിരിക്കുന്നു,	പശ്യ.	നോക്കുക.

["കഥയന്തി പാർത്ഥിവ വധം രജസാ ഘനതിമിരസഞ്ചയനിഭേന അവിഭാവ്യമാനഗിരിപുരതരവഃ സർവ്വാ ദിശശ്ഛന്നാഃ", എന്ന് രജോലക്ഷണം (ബൃഹത്സംഹിത 38.)]

കാകാഃ ശ്യേനാസ്തഥാ ഗൃദ്ധ്രാഃ നീചൈഃ പരിപതന്തി ച
ശിവാശ്ചാപ്യശിവാൻ നാദാൻ നദന്തി സുമഹാഭയാൻ. 11

" കാകാഃ	" കാക്കകളും
ശ്യേനാഃ	പരുന്തുകളും
തഥാ	അപ്രകാരംതന്നെ
ഗൃദ്ധ്രാഃ ച	കഴുക്കളും
നീചൈഃ	താഴോട്ടു്
പരിപതന്തി;	വീഴുന്നു;

അപി,	എന്നുതന്നെയല്ല,
ശിവാഃ ച	കുറുനരികളും
സുമഹാഭയാൻ	അതിഭയങ്കരങ്ങളും
അശിവാൻ	അമംഗളവുമായ
നാദാൻ	ശബ്ദങ്ങളെ
നദന്തി.	ഓരിയിടുന്നു.

ശൈലൈഃ ശൂലൈശ്ച ഖഡ്ഗൈശ്ച വിസൃഷ്ടൈഃ കപിരാക്ഷസൈഃ
ഭവിഷ്യത്യാവൃതാ ഭൂമിർമാംസശോണിതകർദ്ദമാ. 12

" ഭൂമിഃ	" ഭൂമി
കപിരാക്ഷസൈഃ	വാനരന്മാരാലും രാക്ഷസരാലും
വിസൃഷ്ടൈഃ	എറിയപ്പെട്ട
ശൈലൈഃ	മലകളാലും
ശൂലൈഃ ച	ശൂലങ്ങളാലും

ഖഡ്ഗൈഃ ച	വാളുകളാലും
ആവൃതാ	നിറയപ്പെട്ടതായും
മാംസശോണിതകർദ്ദമാ,	മാംസം, രക്തം, എന്നവകൊണ്ടു് ചേറായി കിടക്കുന്നതായും,
ഭവിഷ്യതി.	ഭവിക്കുന്നതാണു്.

ക്ഷിപ്രമദ്യൈവ ദുർദ്ധർഷാം പുരീം രാവണപാലിതാം
അഭിയാമ ജവേനൈവ സർവ്വതോ ഹരിഭിർവൃതാഃ. 13

" ഹരിഭിഃ	" വാനരന്മാരാൽ
സർവ്വതഃ	നാലുപാടും
വൃതാഃ	ചൂഴപ്പെട്ടവരായി,
ദുർദ്ധർഷാം	ഇതെവരെ ആരാലും അടുക്കപ്പെടാത്തതായിരുന്നതും

രാവണപാലിതാം	രാവണനാൽ രക്ഷിക്കപ്പെട്ടതും ആയ
പുരീം	പുരത്തിലെക്കു്
അദ്യ ഏവ	ഇപ്പോൾതന്നെ
ക്ഷിപ്രം	താമസിക്കാതെ
ജവേന ഏവ	അതിവേഗത്തിൽ
അഭിയാമ. "	നാം ചെല്ലുക. "

ഇത്യേവമുക്ത്വാ ധർമ്മാത്മാ ധന്വീ സംഗ്രാമഹർഷണഃ
പ്രതസ്ഥേ പുരതോ രാമോ ലങ്കാമഭിമുഖോ വിഭുഃ. 14

ധർമ്മാത്മാ	ധർമ്മാത്മാവും
ധന്വീ	വില്ലാളിയും
വിഭുഃ	സർവ്വേശ്വരനും
സംഗ്രാമഹർഷണഃ	പോരിൽ ഉത്സാഹമാർന്നവനും ആയ
രാമഃ	ശ്രീരാമൻ

ഇതി ഏവം	മേൽപ്രകാരം
ഉക്ത്വാ,	അരുളിച്ചെയ്തു്,
ലങ്കാം	ലങ്കയെ
അഭിമുഖഃ	നോക്കി
പുരതഃ	എല്ലാവർക്കും മുമ്പിലായി
പ്രതസ്ഥേ.	എഴുന്നെള്ളി.

സവിഭീഷണസുഗ്രീവാസ്തതസ്തേ വാനരർഷഭാഃ
പ്രതസ്ഥിരേ വിനർദന്തോ നിശ്ചിതാ ദ്വിഷതാം വധേ. 15

സവിഭീഷണ-സുഗ്രീവാഃ	വിഭീഷണനോടും സുഗ്രീവനോടും കൂടിയ	വധേ നിശ്ചിതാഃ	നാശത്തിൽ സംശയലേശമില്ലാത്തവരായി
തേ	ആ	വിനർദന്തഃ,	അട്ടഹാസിച്ചുംകൊണ്ട്,
വാനരർഷഭാഃ,	വാനരോത്തമന്മാർ,	തതഃ	ആ സമയം
ദ്വിഷതാം	ശത്രുക്കളുടെ	പ്രതസ്ഥിരേ.	പുറപ്പെട്ടു.

രാഘവസ്യ പ്രിയാർത്ഥം തു ധൃതാനാം വീര്യശാലിനാം
ഹരീണാം കർമ്മചേഷ്ടാഭിസ്തുതോഷ രഘുനന്ദനഃ. 16

രാഘവസ്യ പ്രിയാർത്ഥം തു	ശ്രീരാമന്റെ പ്രീതിക്കായെന്ന കാരണത്താൽ	ഹരീണാം	കപികളുടെ
ധൃതാനാം	ഉത്സാഹം കൈക്കൊണ്ട	കർമ്മചേഷ്ടാഭിഃ,	പ്രവൃത്തികളാലും ഉദ്യമങ്ങളാലും,
വീര്യശാലിനാം	വീര്യശാലികളായ	രഘുനന്ദനഃ	ശ്രീരഘുവരൻ
		തുതോഷ.	സന്തുഷ്ടനായിഭവിച്ചു.

ഇത്യാർഷേ ശ്രീമദ്രാമായണേ വാല്മീകീയേ ആദികാവ്യേ യുദ്ധകാണ്ഡേ
ത്രയോവിംശഃ സർഗ്ഗഃ = ഇരുപത്തിമൂന്നാംസർഗ്ഗം സമാപ്തം.

ആദ്യംമുതൽ ശ്ലോകസംഖ്യ 15518; യുദ്ധകാണ്ഡം ആദ്യംമുതൽ ശ്ലോകസംഖ്യ 843.

ചതുർവിംശഃ സർഗ്ഗഃ = ഇരുപത്തിനാലാംസർഗ്ഗം.

[ശുകവിമോചനം = ശുകനെ വിട്ടയക്കുന്നത്.]

സാ വീരസമിതീ രാജ്ഞാ വിരരാജ വ്യവസ്ഥിതാ
ശശിനാ ശുഭനക്ഷത്രാ പൌർണ്ണമാസീവ ശാരദീ. 1

സാ	ആ	പൌർണ്ണമാസീ	വെളുത്തവാവിലെ രാത്രി
വീരസമിതിഃ	വീരന്മാരുടെ സംഘം	ശശിനാ	ചന്ദ്രനാൽ
വ്യവസ്ഥിതാ,	അണിവകുക്കപ്പെട്ടതായി,	ഇവ,	എന്നപോലെ തന്നെ,
ശാരദീ	ശരത്കാലത്തിലെ	രാജ്ഞാ	സർവ്വസ്വാമിയായ ശ്രീരാമനാൽ
ശുഭനക്ഷത്രാ	നിർമ്മല നക്ഷത്രങ്ങളോടുകൂടിയ	വിരരാജ.	പ്രശോഭിച്ചു.

പ്രചചാല ച വേഗേന ത്രസ്താ ചൈവ വസുന്ധരാ
പീഡ്യമാനാ ബലൌഘേന തേന സാഗരവർച്ചസാ. 2

വസുന്ധരാ	ഭൂമി,	വേഗേന	ഊക്കോടെ
തേന	ആ	പീഡ്യമാനാ ച	ചവിട്ടപ്പെട്ടതായി
സാഗര-വർച്ചസാ	സമുദ്രംപോലെ അപരിമിതമായ	ത്രസ്താ ഏവ	നടുക്കം പൂണ്ടതായി
ബലൌഘേന ച	സൈന്യ സമൂഹത്താൽ	പ്രചചാല.	കിടുകിടെ വിറച്ചു.

തതഃ ശുശ്രുവുരാക്രുഷ്ടം ലങ്കായാം കാനനൌകസഃ
ഭേരീമൃദംഗസംഘുഷ്ടം തുമുലം രോമഹർഷണം. 3

തതഃ,	അപ്പോൾ,	രോമഹർഷണം	രോമാഞ്ചമുണ്ടാക്കുന്നതും ആയ
കാനനൌകസഃ	വാനരന്മാർ	ഭേരീമൃദംഗ-സംഘുഷ്ടം	പെരുമ്പറകളുടേയും മൃദംഗങ്ങളുടേയും ശബ്ദത്തേയും
ലങ്കായാം	ലങ്കയിൽ		
ആക്രുഷ്ടം	ആർപ്പുവിളിയേയും,		
തുമുലം	ബഹളമായുള്ളതും	ശുശ്രുവുഃ.	ശ്രവിച്ചു.

ബഭൂവുസ്തേന ഘോഷേണ സംഹൃഷ്ടാ ഹരിയൂഥപാഃ
അമൃഷ്യമാണാസ്തം ഘോഷം വിനേദുർഘോഷവത്തരം. 4

ഹരിയൂഥപാഃ	വാനരസേനാധിപന്മാർ	തം	ആ
തേന	ആ	ഘോഷം	മുഴക്കത്തെ
ഘോഷേണ	ശബ്ദത്താൽ	അമൃഷ്യമാണാഃ	സഹിക്കാത്തവരായി
സംഹൃഷ്ടാഃ	ആനന്ദംപൂണ്ടവരായി	ഘോഷവത്തരം	അതിലുമധികമായി
ബഭൂവുഃ;	ഭവിച്ചു;	വിനേദുഃ.	ഗർജ്ജിച്ചു.

രാക്ഷസാസ്തു പ്ലവംഗാനാം ശുശ്രുവുശ്ചാപി ഗർജ്ജിതം
നർദ്ദതാമിവ ദൃപ്താനാം മേഘാനാമംബരേ സ്വനം. 5

രാക്ഷസാഃ തു	രാക്ഷസന്മാരും	നർദ്ദതാം	ഗർജ്ജിക്കുന്ന
ദൃപ്താനാം,	മദംപൂണ്ടവരായി,	പ്ലവംഗാനാം	വാനരന്മാരുടെ
അംബരേ	ആകാശത്തിൽ	ഗർജ്ജിതം ച അപി	ആരവാരത്തേയും
മേഘാനാം	മേഘങ്ങളുടെ		
സ്വനം ഇവ	ഇടിമുഴക്കംപോലെ,	ശുശ്രുവുഃ.	കേട്ടു.

ദൃഷ്ട്വാ ദാശരഥിർല്ലങ്കാം ചിത്രധ്വജപതാകിനീം
ജഗാമ മനസാ സീതാം ദൂയമാനേന ചേതസാ 6

ദാശരഥിഃ	ശ്രീരാമൻ	ദൃഷ്ട്വാ,	കണ്ട്,
ചിത്രധ്വജ-പതാകിനീം	അഴകാർന്ന ധ്വജങ്ങളോടും കൊടിക്കൂറകളോടും കൂടിയ	ദൂയമാനേന	ദുഃഖപ്പെടുന്ന
ലങ്കാം	ലങ്കയെ	ചേതസാ,	ചിത്തത്താൽ
		സീതാം	സീതാദേവിയെക്കുറിച്ച്
		മനസാ ജഗാമ.	ഇപ്രകാരം ചിന്തിച്ചു.

അത്ര സാ മൃഗശാബാക്ഷീ രാവണേനോപരുധ്യതേ
അഭിഭൂതാ ഗ്രഹേണേവ ലോഹിതാംഗേന രോഹിണീ. 7

"അത്ര	"ഇവിടെ	അഭിഭൂതാ	പിടിക്കപ്പെട്ട
മൃഗശാബാക്ഷീ	ഏണശാബേക്ഷണയായ	രോഹിണീ ഇവ,	രോഹിണിയെന്നപോലെ,
സാ	അവൾ	രാവണേന	രാവണനാൽ
ലോഹിതാംഗേന	അംഗാരകനാകുന്ന	ഉപരുധ്യതേ."	ചിറയിൽ വെക്കപ്പെട്ടിരിക്കുന്നു."
ഗ്രഹേണ	ഗ്രഹത്താൽ		

ദീർഘമുഷ്ണം ച നിശ്വസ്യ സമുദ്വീക്ഷ്യ ച ലക്ഷ്മണം
ഉവാച വചനം വീരസ്തത്കാലഹിതമാത്മനഃ 8

വീരഃ	വീരനായ അദ്ദേഹം,	ആത്മനഃ	തനിക്ക്
ദീർഘം	ദീർഘമായി	തത്കാല-ഹിതം	അക്കാലത്തിന്നുതക്കതായ
ഉഷ്ണം ച	ചുടുചുടെ		
നിശ്വസ്യ ച,	നെടുവീർപ്പിട്ട്,	വചനം	വാക്യത്തെ
ലക്ഷ്മണം	ലക്ഷ്മണനെ	ഉവാച.	ഇപ്രകാരം അരുളിച്ചെയ്തു.
സമുദ്വീക്ഷ്യ,	നോക്കി,		

ആലിഖന്തീമിവാകാശമുത്ഥിതാം പശ്യ ലക്ഷ്മണ
മനസേവ കൃതാം ലങ്കാം നഗാഗ്രേ വിശ്വകർമ്മണാ 9

"ലക്ഷ്മണ!	"ലക്ഷ്മണ!	വിശ്വകർമ്മണാ	വിശ്വകർമ്മാവിനാൽ
നഗാഗ്രേ	പർവ്വതാഗ്രത്തിൽ	മനസാ ഇവ	സങ്കല്പമാത്രത്താൽ തന്നെ
ആകാശം	ആകാശത്തെ		
ആലിഖന്തീം ഇവ	ഉരുമ്മുന്നപോലെ	കൃതാം	നിർമ്മിക്കപ്പെട്ടതായ
		ലങ്കാം	ലങ്കയെ
ഉത്ഥിതാം,	ഉയർന്നതായി,	പശ്യ	നോക്കുക.

വിമാനൈർബഹുഭിർല്ലങ്കാ സംകീർണ്ണാ ഹി വിരാജതേ
വിഷ്ണോഃ പദമിവാകാശം ഛാദിതം പാണ്ഡുരൈർഘനൈഃ 10

"ലങ്കാ	"ലങ്കാനഗരം	ഛാദിതം	മറയ്ക്കപ്പെട്ട
ബഹുഭിഃ	പല	വിഷ്ണോഃ	സൂര്യഭഗവാന്റെ
വിമാനൈഃ	പ്രാസാദങ്ങളാൽ	പദം	ഇരിപ്പിടമായ
സംകീർണ്ണാ,	നിറയപ്പെട്ടതായി,	ആകാശം	ആകാശം
പാണ്ഡുരൈഃ ഘനൈഃ	വെള്ളക്കാറുകളാൽ	ഇവ ഹി	എന്നപോലെ തന്നെ
		വിരാജതേ.	ശോഭിക്കുന്നു.

പുഷ്പിതൈഃ ശോഭിതാ ലങ്കാ വനൈശ്ചൈത്രരഥോപമൈഃ
നാനാപതംഗസംഘുഷ്ടൈഃ ഫലപുഷ്പോപഗൈഃ ശുഭൈഃ 11

“ലങ്കാ	“ലങ്കാനഗരം	ഫലപുഷ്പോപഗൈഃ	ഫലങ്ങളാലും പുഷ്പങ്ങളാലും നിറയപ്പെട്ടവയും
പുഷ്പിതൈഃ	പൂത്തുള്ളവയും	ചൈത്രരഥോപമൈഃ	ചൈത്രരഥോദ്യാനമൊത്തവയും ആയ
നാനാപതംഗസംഘുഷ്ടൈഃ	പലപല പക്ഷികളാൽ ശബ്ദിക്കപ്പെട്ടവയും	വനൈഃ	ഉപവനങ്ങളാൽ
ശുഭൈഃ	വിശിഷ്ടങ്ങളായ	ശോഭിതാ.	രമ്യമായിരിക്കുന്നു.

പശ്യ മത്തവിഹംഗാനി പ്രലീനഭ്രമരാണി ച
കോകിലാകുലഷണ്ഡാനി ദോധവീതി ശിവോഽനിലഃ. 12

“അനിലഃ	“പവനൻ	കോകിലാകുലഷണ്ഡാനി ച	അങ്ങുമിങ്ങും പാറുന്ന കോകില സമൂഹങ്ങളെയും
മത്തവിഹംഗാനി	മദിച്ച പക്ഷികളെയും	ശിവഃ	മൃദുവായി
പ്രലീനഭ്രമരാണി	ഒതുങ്ങിയിരിക്കുന്ന വണ്ടുകളെയും	ദോധവീതി	ചലിപ്പിക്കുന്നു
		പശ്യ.”	കണ്ടാലും.”

ഇതി ദാശരഥീ രാമോ ലക്ഷ്മണം സമഭാഷത. 13

ദാശരഥിഃ	ദശരഥാത്മജനായ	ഇതി	ഇപ്രകാരം
രാമഃ	ശ്രീരാമൻ		
ലക്ഷ്മണം	ലക്ഷ്മണനോടായി	സമഭാഷത.	അരുൾചെയ്തു.

ബലം ച തദ്വൈ വിഭജൻ ശാസ്ത്രദൃഷ്ടേന കൎമ്മണാ
ശശാസ കപിസേനായാ ബലമാദായ വീൎയ്യവാൻ 14
അംഗദഃ സഹ നീലേന തിഷ്ഠേദുരസി ദുൎജ്ജയഃ. 15

ശാസ്ത്രദൃഷ്ടേന	ശാസ്ത്രത്തിൽകണ്ട	വീൎയ്യവാൻ	വീരനായ
കൎമ്മണാ വൈ	വിധിപ്രകാരംതന്നെ	അംഗദഃ	അംഗദൻ
തത്	ആ	നീലേന സഹ	നീലനോടുംകൂടി
ബലം ച	സൈന്യത്തെയും	ബലം	തന്റെ സൈന്യത്തെ
വിഭജൻ	അണിവകുക്കുന്നവനായി	ആദായ	ശേഖരിച്ചുകൊണ്ട്
ശശാസ;	ഇപ്രകാരം ആജ്ഞാപിച്ചു;	കപിസേനായാഃ	കപിസൈന്യത്തിന്റെ
“ദുൎജ്ജയഃ	“ആരാലും ജയിപ്പാൻ കഴിയാത്ത	ഉരസി	മാറത്തായി
		തിഷ്ഠേത്.	സ്ഥിതിചെയ്യട്ടെ.

തിഷ്ഠേദ്വാനരവാഹിന്യാ വാനരൌഘസമാവൃതഃ
ആശ്രിത്യ ദക്ഷിണം പാർശ്വമൃഷഭോ വാനരർഷഭഃ. 16

" വാനരർഷഭഃ	" വാനരശ്രേഷ്ഠനായ	ദക്ഷിണം	വലത്തു
ഋഷഭഃ	ഋഷഭൻ	പാർശ്വം	ഭാഗത്തെ
വാനരൌഘസമാവൃതഃ	വാനരസംഘത്താൽ ചൂഴപ്പെട്ടവനായി	ആശ്രിത്യ,	പ്രാപിച്ച്,
വാനരവാഹിന്യാഃ	വാനരസൈന്യത്തിന്റെ	തിഷ്ഠേത്.	അവിടെ സ്ഥിതിചെയ്യട്ടെ.

ഗന്ധഹസ്തീവ ദുർദ്ധർഷസ്തരസ്വീ ഗന്ധമാദനഃ
തിഷ്ഠേദ്വാനരവാഹിന്യാഃ സവ്യം പാർശ്വം സമാശ്രിതഃ
മൂർദ്ധ്നി സ്ഥാസ്യാമ്യഹം യുക്തോ ലക്ഷ്മണേന സമന്വിതഃ. 17

"ഗന്ധഹസ്തീ ഇവ	" മദഗജംപോലെ	സമാശ്രിതഃ	ആശ്രയിച്ച്
		തിഷ്ഠേത് ;	നില്ക്കട്ടെ ;
ദുർദ്ധർഷഃ	അടുപ്പാൻകഴിയാത്തവനും	അഹം	ഞാൻ
തരസ്വീ	അതിബലവാനുമായ	ലക്ഷ്മണേന	ലക്ഷ്മണനോടും
ഗന്ധമാദനഃ	ഗന്ധമാദനൻ	സമന്വിതഃ	കൂടി
വാനരവാഹിന്യാഃ	വാനരസേനയുടെ	യുക്തഃ	ജാഗ്രതയോടെ
		മൂർദ്ധ്നി	തലക്കൽ
സവ്യം പാർശ്വം	എടത്തുഭാഗത്തെ	സ്ഥാസ്യാമി.	നില്ക്കുന്നുണ്ട്.

ജാംബവാംശ്ച സുഷേണശ്ച വേഗദർശീ ച വാനരഃ
ഋക്ഷമുഖ്യാ മഹാത്മാനഃ കുക്ഷിം രക്ഷന്തു തേ ത്രയഃ. 18

" തേ	" ആ	സുഷേണഃ ച	സുഷേണനും
മഹാത്മാനഃ	മഹാത്മാക്കളും	വാനരഃ	വാനരനായ
ഋക്ഷമുഖ്യാഃ	കരടിത്തലവന്മാരും	വേഗദർശീ ച	വേഗദർശിയും
ത്രയഃ	മൂവ്വരായ [ആയ	കുക്ഷിം	കുക്ഷിഭാഗത്തെ
ജാംബവാൻ ച	ജാംബവാനും	രക്ഷന്തു.	രക്ഷിക്കട്ടെ.

ജഘനം കപിസേനായാഃ കപിരാജോഽഭിരക്ഷതു
പശ്ചാർദ്ധമിവ ലോകസ്യ പ്രചേതാസ്തേജസാ വൃതഃ. 19

"തേജസാ വൃതഃ	"തേജസ്സാർന്നുവിളങ്ങുന്ന	കപിരാജഃ	വാനരരാജാവായ സുഗ്രീവൻ
പ്രചേതാഃ	വരുണഭഗവാൻ		
ലോകസ്യ	ലോകത്തിന്റെ	കപിസേനായാഃ	കപിസൈന്യത്തിന്റെ
പശ്ചാർദ്ധം	പടിഞ്ഞാറുവശത്തെ	ജഘനം	പിൻഭാഗത്തെ
ഇവ,	എന്നപോലെ,	അഭിരക്ഷതു."	കാക്കട്ടെ."

സുവിഭക്തമഹാവ്യൂഹാ മഹാവാനരരക്ഷിതാ
അനീകിനീ സാ വിബഭൌ യഥാ ദ്യൌഃ സാഭ്രസംപ്ലവാ. 20

സാ	ആ	അനീകിനീ	സൈന്യം
സുവിഭക്ത-മഹാവ്യൂഹാ	നന്നായി വകുക്കപ്പെട്ട വമ്പിച്ച വ്യൂഹങ്ങളാന്നതും	സാഭ്രസംപ്ലവാ	മേഘസംഘങ്ങളോടു കൂടിയ
മഹാവാനര-രക്ഷിതാ	ശ്രേഷ്ഠവാനരന്മാരാൽ രക്ഷിക്കപ്പെട്ടതും ആയ	ദ്യൌഃ യഥാ	ആകാശമെന്നപോലെ
		വിബഭൌ.	പരിശോഭിച്ചു.

പ്രഗൃഹ്യ ഗിരിശൃംഗാണി മഹതശ്ച മഹീരുഹാൻ
ആസേദുർവ്വാനരാ ലങ്കാം വിമർദ്ദയിഷവോ രണേ. 21

വാനരാഃ	വാനരന്മാർ	ഗിരിശൃംഗാണി,	പർവ്വതശിഖരങ്ങളേയും
ലങ്കാം	ലങ്കയെ	മഹതഃ	വമ്പിച്ച
രണേ	പോരിൽ	മഹീരുഹാൻ ച	തരുക്കളേയും
വിമർദ്ദയിഷവഃ	പൊടിപെടുത്തുവാൻ ഇച്ഛിച്ചവരായി	പ്രഗൃഹ്യ	എടുത്തുകൊണ്ട്
		ആസേദുഃ.	കാത്തുനിന്നു.

ശിഖരൈർവികിരാമൈനാം ലങ്കാം മുഷ്ടിഭിരേവ വാ
ഇതി സ്മ ദധിരേ സർവ്വേ മനാംസി ഹരിസത്തമാഃ. 22

ഹരിസത്തമാഃ	വാനര വീരന്മാർ	ലങ്കാം	ലങ്കയെ
സർവ്വേ,	എല്ലാവരും,	ഏവ	തീരെ
" ശിഖരൈഃ	" കൊടുമുടികൾ കൊണ്ടും	വികിരാമ ;"	നാം തവിടുപൊടിയാക്കുക,"
മുഷ്ടിഭിഃ വാ	മുഷ്ടികൾ കൊണ്ടും	ഇതി	എന്നിങ്ങിനെ
ഏനാം	ഈ	മനാംസി ദധിരേ സ്മ.	ഉറച്ചു.

തതോ രാമോ മഹാതേജാഃ സുഗ്രീവമിദമബ്രവീത്
സുവിഭക്താനി സൈന്യാനി ശുക ഏഷ വിമുച്യതാം. 23

തതഃ	അപ്പോൾ	" സൈന്യാനി	" സേനകൾ
മഹാതേജാഃ	മഹാതേജസ്വിയായ	സുവിഭക്താനി ;	വേണ്ടപോലെ അണി വകുക്കപ്പെട്ടു ;
രാമഃ	ശ്രീരാമൻ	ഏഷഃ	ഈ
സുഗ്രീവം	സുഗ്രീവനോടായി	ശുകഃ	ശുകൻ
ഇദം	ഇപ്രകാരം	വിമുച്യതാം."	വിട്ടയക്കപ്പെടട്ടെ."
അബ്രവീത് ;	അരുളിച്ചെയ്തു ;		

രാമസ്യ വചനം ശ്രുത്വാ വാനരേന്ദ്രോ മഹാബലഃ
മോചയാമാസ തം ദൂതം ശുകം രാമസ്യ ശാസനാത്. 24

മഹാബലഃ	മഹാബലശാലിയായ
വാനരേന്ദ്രഃ	സുഗ്രീവൻ
രാമസ്യ	ശ്രീരാമ
വചനം	വാക്യത്തെ
ശ്രുത്വാ,	കേട്ട്,
രാമസ്യ ശാസനാത്	ശ്രീരാമാജ്ഞ എന്ന കാരണത്താൽ
തം ദൂതം	ആ ദൂതനായ
ശുകം	ശുകനെ
മോചയാമാസ.	മോചിപ്പിച്ചു.

മോചിതോ രാമവാക്യേന വാനരൈരഭിപീഡിതഃ
ശുകഃ പരമസന്ത്രസ്തോ രക്ഷോധിപമുപാഗമത്. 25

വാനരൈഃ	വാനരന്മാരാൽ
അഭിപീഡിതഃ ച	ഏറെ പീഡിക്കപ്പെട്ടവനും
പരമസന്ത്രസ്തഃ	ഏററം നടുങ്ങിയവനും,
രാമവാക്യേന,	ശ്രീരാമാജ്ഞാപ്രകാരം
മോചിതഃ	വിട്ടയക്കപ്പെട്ടവനും ആയ
ശുകഃ,	ശുകൻ
രക്ഷോധിപം ഉപാഗമത്.	രാക്ഷസാധിപൻെറ അടുക്കൽ വന്നെത്തി.

രാവണഃ പ്രഹസന്നേവ ശുകം വാക്യമഭാഷത
കിമിമൌ തേ സിതൌ പക്ഷൌ ലൂനപക്ഷശ്ച ദൃശ്യസേ
കച്ചിന്നാനേകചിത്താനാം തേഷാം ത്വം വശമാഗതഃ. 26

രാവണഃ	രാവണൻ
ശുകം	ശുകനെനോക്കി
പ്രഹസൻ ഇവ	പരിഹാസമായി ചിരിച്ചുകൊണ്ട്
വാക്യം	ഒരു വാക്ക്
അഭാഷത;	ഉരചെയ്തു.
"തേ	"നിൻെറ
ഇമൌ	ഈ
പക്ഷൌ	രണ്ടു ചിറകുകളും
കിം	എന്താണ്
സിതൌ?	കെട്ടപ്പെട്ടിരിക്കുന്നത്?
ലൂനപക്ഷഃ ച	ചിറകുകൾ മുറിക്കപ്പെട്ടവനായും
ദൃശ്യസേ;	നീ കാണപ്പെടുന്നു;
ത്വം അനേകചിത്താനാം	നീ സ്ഥിരബുദ്ധിയില്ലാത്ത
തേഷാം	അവരുടെ
വശം ആഗതഃ ന കച്ചിത്?	അധീനത്തിൽ അകപ്പെട്ടിട്ടില്ലല്ലൊ?

തതഃ സ ഭയസംവിഗ്നസ്തഥാ രാജ്ഞാഽഭിചോദിതഃ
വചനം പ്രത്യുവാചേദം രാക്ഷസാധിപമുത്തമം. 27

തതഃ	അപ്പോൾ
ഭയസംവിഗ്നഃ	ഭയപ്പെട്ടു നടുക്കംപൂണ്ടിരുന്നവനും
രാജ്ഞാ	രാജാവിനാൽ
തഥാ	അപ്രകാരം
അഭിചോദിതഃ	ചോദിക്കപ്പെട്ടവനും ആയ
സഃ,	അവൻ,
രാക്ഷസാധിപം	രാക്ഷസാധിപനെ [നോക്കി
ഉത്തമം	നല്ലതായ
ഇദം	ഈ
വചനം	വാക്യത്തെ
പ്രത്യുവാച.	ഉരചെയ്തു.

സാഗരസ്യോത്തരേ തീരേ ബ്രുവംസ്തേ വചനം തഥാ
യഥാ സന്ദേശമക്ലിഷ്ടം സാന്ത്വയം ശ്ലക്ഷ്ണയാ ഗിരാ. 28

"സാഗരസ്യ	"സമുദ്രത്തിന്റെ	ബ്രുവൻ	ഉരചെയ്യുന്നവനായി,
ഉത്തരേ	വടക്കെ	അക്ലിഷ്ടം	ധൈര്യത്തോടെ
തീരേ,	കരയിൽചെന്ന്	ശ്ലക്ഷ്ണയാ	മയമായ
തേ	നിന്തിരുവടിയുടെ	ഗിരാ	വാക്കുകൊണ്ട്
സന്ദേശം	ആജ്ഞയായ	സാന്ത്വയം.	(സുഗ്രീവനെ) വഴിപ്പെടുത്തുവാൻ ഞാൻ യത്നിച്ചു.
വചനം	വചനത്തെ		
യഥാ തഥാ	കല്പിച്ചപ്രകാരംതന്നെ		

['സാന്ത്വയം' എന്നത് 'അസാന്ത്വയം' എന്നതിന്നുപകരം ആർഷപ്രയോഗം.]

ക്രുദ്ധൈസ്തൈരഹമുത്പ്ലുത്യ ദൃഷ്ടമാത്രൈഃ പ്ലവംഗമൈഃ
ഗൃഹീതോഽസ്മ്യപി ചാരബ്ധോ ഹന്തും ലോപ്തും ച മുഷ്ടിഭിഃ. 29

"ദൃഷ്ടമാത്രൈഃ	"കണ്ടക്ഷണത്തിൽ തന്നെ	അഹം	ഞാൻ
		ഗൃഹീതഃ അസ്മി;	പിടിക്കപ്പെട്ടു;
ക്രുദ്ധൈഃ	കോപമുൾക്കൊണ്ടവരായ	അപി ച	എന്നുതന്നെയല്ല
		മുഷ്ടിഭിഃ	മുഷ്ടികൾ കൊണ്ട്
തൈഃ	ആ	ലോപ്തും	ഇടിക്കുവാനും
പ്ലവംഗമൈഃ	വാനരന്മാരാൽ	ഹന്തും ച	ഹിംസിപ്പാനും
ഉത്പ്ലുത്യ	ചാടിവന്ന്	ആരബ്ധഃ.	ഞാൻ ആളായ്തീർന്നു.

നൈവ സംഭാഷിതും ശക്യാഃ സമ്പ്രശ്നോഽത്ര ന ലഭ്യതേ
പ്രകൃത്യാ കോപനാസ്തീക്ഷ്ണാ വാനരാ രാക്ഷസാധിപ. 30

"രാക്ഷസാധിപ!	"രാക്ഷസേശ്വര!	സമ്പ്രശ്നഃ	നേരിട്ടു ചോദിച്ചുമനസ്സിലാക്കുക എന്നത്
വാനരാഃ	വാനരന്മാർ	അത്ര	ഇവരുടെ കാര്യത്തിൽ
പ്രകൃത്യാ	സ്വാഭാവികമായ്ത്തന്നെ	ലഭ്യതേ ന;	സാദ്ധ്യമല്ല;
കോപനാഃ	കോപിഷ്ഠന്മാരും	സംഭാഷിതും ഏവ	വല്ലതും പറയുക എന്നതിന്നുംകൂടി
തീക്ഷ്ണാഃ;	ഉഗ്രസ്വഭാവന്മാരുമാണ്;	ന ശക്യാഃ.	സമ്മതിക്കുന്നവരല്ല.

സ ച ഹന്താ വിരാധസ്യ കബന്ധസ്യ ഖരസ്യ ച
സുഗ്രീവസഹിതോ രാമഃ സീതായാഃ പദമാഗതഃ. 31

"വിരാധസ്യ	"വിരാധനേയും	സഃ	ആ
കബന്ധസ്യ	കബന്ധനേയും	രാമഃ,	രാമൻ,
ഖരസ്യ ച	ഖരനേയും	സീതായാഃ	സീതയുടെ
ഹന്താ,	വധിച്ചവനും	പദം ച	വാസസ്ഥലത്തെ
സുഗ്രീവസഹിതഃ	സുഗ്രീവനുമായി സഖ്യം ചെയ്തവനുമായ	ആഗതഃ	മനസ്സിലാക്കിക്കഴിഞ്ഞു.

സ കൃത്വാ സാഗരേ സേതും തീർത്ത്വാ ച ലവണോദധിം
ഏഷ രക്ഷാംസി നിർദ്ധൂയ ധന്വീ തിഷ്ഠതി രാഘവഃ. 32

"സഃ	"ആ	തീർത്ത്വാ,	കടന്നു്,
രാഘവഃ,	രാമൻ,	രക്ഷാംസി ച	രാക്ഷസരേയും
സാഗരേ	സമുദ്രത്തിൽ	നിർദ്ധൂയ,	പുല്ലാക്കി,
സേതും	അണ	ധന്വീ	വില്ലും കയ്യുമായി
കൃത്വാ,	കെട്ടി,	ഏഷഃ	ഇതാ
ലവണോദധിം	ലവണസമുദ്രത്തെ	തിഷ്ഠതി.	വന്നെത്തിയിരിക്കുന്നു.

ഋക്ഷവാനരസംഘാനാമനീകാനി സഹസ്രശഃ
ഗിരിമേഘനികാശാനാം ഛാദയന്തി വസുന്ധരാം. 33

"ഗിരിമേഘ-നികാശാനാം	"പർവ്വതങ്ങൾക്കും മേഘങ്ങൾക്കും സമന്മാരായ	സഹസ്രശഃ	ആയിരക്കണക്കായുള്ള
		അനീകാനി	സൈന്യങ്ങൾ
ഋക്ഷവാനര-സംഘാനാം	കരടിക്കൂട്ടങ്ങളുടേയും വാനരഗണങ്ങളുടേയും	വസുന്ധരാം	ഭൂമിയെ
		ഛാദയന്തി.	മൂടിക്കൊണ്ടിരിക്കുന്നു.

രാക്ഷസാനാം ബലൌഘസ്യ വാനരേന്ദ്രബലസ്യ ച
നൈതയോർവ്വിദ്യതേ സന്ധിർദേവദാനവയോരിവ. 34

"ദേവ-ദാനവയോഃ	"ദേവന്മാർക്കും അസുരന്മാർക്കും തമ്മിൽ	വാനരേന്ദ്ര-ബലസ്യ ച	വാനരേന്ദ്രസൈന്യത്തിനും
ഇവ	എന്നപോലെ,	സന്ധിഃ	തമ്മിൽസമാധാനത്തോടിരിക്കുക എന്നുള്ളത്
ഏതയോഃ	ഈ രണ്ടുകൂട്ടരായ		
രാക്ഷസാനാം ബലൌഘസ്യ	രാക്ഷസസേനാസമൂഹത്തിനും	വിദ്യതേ ന.	ഇല്ലതന്നെ.

പുരാ പ്രാകാരമായാന്തി ക്ഷിപ്രമേകതരം കുരു
സീതാം വാഽസ്മൈ പ്രയച്ഛാഽഽശു സുയുദ്ധം വാ പ്രദീയതാം. 35

"പ്രാകാരം	"മതിൽ കെട്ടിനെ	ആശു	ഉടനെ
ആയാന്തി;	അടുക്കുന്നു;	സീതാം വാ	സീതയെയെങ്കിലും
പുരാ	അതിന്നുമുമ്പുതന്നെ	അസ്മൈ	ഇദ്ദേഹത്തിന്നു്
ക്ഷിപ്രം	താമസിക്കാതെ	പ്രയച്ഛ;	തിരിയെ കൊടുക്കുക;
ഏകതരം	രണ്ടിലൊന്നു്	വാ	അല്ലെന്നാൽ
		സുയുദ്ധം വാ	വമ്പിച്ച യുദ്ധംതന്നെ
കുരു;	ചെയ്യാലും;	പ്രദീയതാം."	വിധിക്കപ്പെടട്ടെ."

ശുകസ്യ വചനം ശ്രുത്വാ രാവണോ വാക്യമബ്രവീത്
രോഷസംരക്തനയനോ നിർദ്ദഹന്നിവ ചക്ഷുഷാ. 36

രാവണഃ	രാവണൻ
ശുകസ്യ	ശുകന്റെ
വചനം	വാക്ക
ശ്രുത്വാ,	കേട്ട്,
ചക്ഷുഷാ	നോക്കിനാൽ
നിർദ്ദഹൻ ഇവ	ദഹിപ്പിക്കുന്നവനെന്നപോലെ,
രോഷസംരക്തനയനഃ	കോപത്താൽ നേത്രങ്ങൾ തുടുത്തവനായി
വാക്യം	ഇപ്രകാരം
അബ്രവീത്.	ഉരചെയ്തു.

യദി മാം പ്രതി യുദ്ധ്യേരൻ ദേവഗന്ധർവ്വദാനവാഃ
നൈവ സീതാം പ്രദാസ്യാമി സർവ്വലോകഭയാദപി. 37

ദേവഗന്ധർവ്വദാനവാഃ	"ദേവന്മാരും ഗന്ധർവ്വന്മാരും അസുരന്മാരും
മാം പ്രതി	എന്നെ എതിർത്ത്
യുദ്ധ്യേരൻ യദി	പോരാടുമെന്നിരുന്നാലും വേണ്ടതില്ല,
സർവ്വലോകഭയാത് അപി	എല്ലാ ലോകങ്ങളിൽ നിന്നും ഭയം സംഭവിക്കുന്നതായാലും വേണ്ടതില്ല,
സീതാം ഏവ	സീതയെമാത്രം
പ്രദാസ്യാമി ന.	ഞാൻ തിരിയെകൊടുക്കുകയില്ല.

കദാ നാമാഭിധാവന്തി രാഘവം മാമകാഃ ശരാഃ
വസന്തേ പുഷ്പിതം മത്താ ഭ്രമരാ ഇവ പാദപം. 38

"വസന്തേ	"വസന്തകാലത്തിൽ
മത്താഃ	മദിച്ച
ഭ്രമരാഃ	വണ്ടുകൾ,
പുഷ്പിതം	പുഷ്പിച്ചതായ
പാദപം ഇവ,	ഒരു വൃക്ഷത്തെ എപ്രകാരമോ അപ്രകാരം
മാമകാഃ	എന്നാൽ വിടപ്പെട്ടവയായ
ശരാഃ	ബാണങ്ങൾ
രാഘവം	രാഘവന്റെ മേൽ
കദാ നാമ	എപ്പോഴാണോ
അഭിധാവന്തി.	ചെന്നു പതിപ്പാൻ പോകുന്നത്?

കദാ തൂണീശയൈർദ്ദീപ്തൈർഗണശഃ കാർമ്മുകച്യുതൈഃ
ശരൈരാദീപയാമ്യേനമുല്കാഭിരിവ കുഞ്ജരം. 39

"ദീപ്തൈഃ	"ഉജ്ജ്വലിക്കുന്നവയും
തൂണീശയൈഃ	ആവനാഴികളിൽ കിടക്കുന്നവയും
ഗണശഃ	കൂട്ടംകൂട്ടമായി
കാർമ്മുകച്യുതൈഃ	വില്ലിൽനിന്ന് വരുന്നവയും ആയ
ശരൈഃ	ബാണങ്ങളാൽ
ഏനം,	ഇവനെ,
ഉല്കാഭിഃ	എരികൊള്ളികൾകൊണ്ട്
കുഞ്ജരം ഇവ	ആനയെ എന്നപോലെ
കദാ	എപ്പോഴാണ്
ആദീപയാമി?	ഞാൻ ചുട്ടെരിപ്പാൻ പോകുന്നത്?

തച്ചാസ്യ ബലമാദാസ്യേ ബലേന മഹതാ വൃതഃ
ജ്യോതിഷാമിവ സർവ്വേഷാം പ്രഭാമുദ്യൻ ദിവാകരഃ. 40

"ഉദ്യൻ	"ഉദിച്ചുയരുന്ന	ബലേന	സൈന്യത്താൽ
ദിവാകരഃ,	ആദിത്യൻ,	വൃതഃ,	ചൂഴപ്പെട്ടവനായി,
ജ്യോതിഷാം	പ്രകാശിക്കുന്നവയായ	അസ്യ	ഇവന്റെ
സർവ്വേഷാം	മറ്റെല്ലാററിന്റെയും	തത് ബലം ച	ആ ബലത്തെയും
പ്രഭാം ഇവ	പ്രഭയെ എന്നപോലെ	ആദാസ്യേ.	ഞാൻ അപഹരിക്കുന്നുണ്ട്.
മഹതാ	വമ്പിച്ച		

സാഗരസ്യേവ മേ വേഗോ മാരുതസ്യേവ മേ ഗതിഃ
ന ഹി ദാശരഥിർവ്വേദ തേന മാം യോദ്ധുമിച്ഛതി. 41

"മേ	"എന്റെ	ദാശരഥിഃ ഹി	രാമൻ മാത്രം
വേഗഃ	ഊക്ക്	വേദ ന;	ഇതിനെ ധരിക്കാതിരിക്കുന്നു;
സാഗരസ്യ ഇവ;	സമുദ്രത്തിന്റേതുപോലെയാകുന്നു;	തേന	അതിനാലാണ്
മേ	എന്റെ	മാം	ഞാനുമായി
ഗതിഃ	ഗതി	യോദ്ധും	പോരാടുവാൻ
മാരുതസ്യ ഇവ;	വായുവിന്റേതുപോലെയാകുന്നു;	ഇച്ഛതി.	തുനിയുന്നത്.

ന മേ തൂണീശയാൻ ബാണാൻ സവിഷാനിവ പന്നഗാൻ
രാമഃ പശ്യതി സംഗ്രാമേ തേന മാം യോദ്ധുമിച്ഛതി. 42

"രാമഃ	"രാമൻ	ഇവ	പോലെയാണെന്ന്,
സംഗ്രാമേ	പോരിൽ	പശ്യതി ന;	അറിയുന്നില്ല;
മേ	എന്റെ	തേന	അതിനാലാണ്
തൂണീശയാൻ	ആവനാഴികളിലുള്ള	മാം	എന്നോടുകൂടി
ബാണാൻ,	ബാണങ്ങളെ,	യോദ്ധും	പോരാടുവാനായി
സവിഷാൻ	വിഷമാന്ന	ഇച്ഛതി.	തുനിയുന്നതു്.
പന്നഗാൻ	സർപ്പങ്ങളെ		

ന ജാനാതി പുരാ വീര്യം മമ യുദ്ധേ സ രാഘവഃ. 43

"സഃ	"ആ	മമ	എന്റെ
		വീര്യം	വീര്യത്തെ
രാഘവഃ,	രാമൻ,	പുരാ	ഇതിന്നു മുമ്പ്
യുദ്ധേ	പോരിൽ	ജാനാതി ന.	കണ്ടറിഞ്ഞിട്ടില്ല.

മമ ചാപമയീം വീണാം ശരകോണൈഃ പ്രവാദിതാം
ജ്യാശബ്ദതുമുലാം ഘോരാമാർത്തഭീതമഹാസ്വനാം 44
നാരാചതലസന്നാദാം താം മമാഹിതവാഹിനീം
അവഗാഹ്യ മഹാരംഗം വാദയിഷ്യാമ്യഹം രണേ. 45

" അഹം	" ഞാൻ
രണേ	പോരിൽ
മമ	എന്റെ
താം	ആ
അഹിത-വാഹിനീം	ശത്രുസൈന്യമാകുന്ന
മഹാരംഗം	കൂത്തരംഗത്തിൽ
അവഗാഹ്യ,	പ്രവേശിച്ച്,
ശരകോണൈഃ	ശരങ്ങളാകുന്ന വാദ്യക്കോലുകൾകൊണ്ട്
പ്രവാദിതാം	വാദനം ചെയ്യപ്പെട്ടതും
ഘോരാം	ഭയങ്കരമായ
ജ്യാശബ്ദതുമുലാം	ഞാണൊലിയാകുന്ന വൻഘോഷമാർന്നതും
ആർത്തഭീത-മഹാസ്വനാം	ഹിംസിക്കപ്പെട്ട് ഭയപ്പെട്ടവരുടെ മഹാശബ്ദത്തോടുകൂടിയതും
നാരാചതല-സംനാദാം	നാരാചബാണങ്ങളുടെ ചീറുന്ന നാദത്തോടുകൂടിയതും ആയ
ചാപമയീം	ധനുസ്സാകുന്ന
വീണാം	വീണയെ
വാദയിഷ്യാമി.	വായിപ്പാൻ പോകുന്നു.

[" കോണം " എന്നു പറയുന്നതു് വീണ, ഫിഡിൽ മുതലായ വാദ്യങ്ങളെ വായിപ്പാനുള്ള വില്ല്, ചെണ്ടക്കോൽ മുതലായവയാകുന്നു.]

ന വാസവേനാപി സഹസ്രചക്ഷുഷാ
യഥാഽസ്മി ശക്യോ വരുണേന വാ സ്വയം
യമേന വാ ധർഷയിതും ശരാഗ്നിനാ
മഹാഹവേ വൈശ്രവണേന വാ പുനഃ. 46

" സഹസ്ര-ചക്ഷുഷാ	" ആയിരം നേത്രങ്ങളാന്ന
വാസവേന അപി	ഇന്ദ്രനാൽതന്നെയാകട്ടെ,
സ്വയം വരുണേന വാ	സാക്ഷാൽ വരുണനാൽ തന്നെയാകട്ടെ,
യമേന വാ	യമനാലാകട്ടെ,
വൈശ്രവണേന വാ	കുബേരനാലാകട്ടെ,
മഹാഹവേ	വൻപോരിൽ
ശരാഗ്നിനാ	ബാണാഗ്നിയാൽ
യഥാ പുനഃ	എപ്രകാരമായാലും
ധർഷയിതും	അടക്കുവാൻ
അസ്മി ശക്യഃ ന.	ഞാൻ കഴിയപ്പെടാത്തവനാകുന്നു.

ഇത്യാർഷേ ശ്രീമദ്രാമായണേ വാല്മീകീയേ ആദികാവ്യേ യുദ്ധകാണ്ഡേ
ചതുർവിംശഃ സർഗ്ഗഃ = ഇരുപത്തിനാലാംസർഗ്ഗം സമാപ്തം.

ആദ്യംമുതൽ ശ്ലോകസംഖ്യ 15564; യുദ്ധകാണ്ഡം ആദ്യംമുതൽ ശ്ലോകസംഖ്യ 889.

ഇതി പുരാ കുശലവാഭ്യാം ശ്രീരാമസന്നിധാവശ്വമേധയജ്ഞവാടേ ഗീതേ ശ്രീമദ്രാമായണേ വിംശേഽഹനി വർത്തമാനകഥാപ്രസംഗഃ

ഇപ്രകാരം പണ്ടു് കുശലവന്മാരാൽ ശ്രീരാമസന്നിധിയിൽ അശ്വമേധയാഗമഹാമണ്ഡപത്തിൽ ഗാനംചെയ്യപ്പെട്ട ശ്രീമദ്രാമായണത്തിൽ ഇരുപതാം ദിവസത്തെ കഥാപ്രസംഗം അവസാനിച്ചു.

പുരാ കുശലവാഭ്യാം ശ്രീരാമസന്നിധാവശ്വമേധയജ്ഞവാടേ ഏകവിംശതിതമേഽഹനി യുദ്ധകാണ്ഡേ പഞ്ചവിംശതിതമസർഗ്ഗമാരഭ്യ പഞ്ചാശസർഗ്ഗപര്യന്തം (15565—16665 ശ്ലോകാഃ) ഗീതം. തസ്മിൻ ദിനേ ഗീതാഃ ശ്ലോകാഃ 1101.

പണ്ട് കുശലവന്മാരാൽ ശ്രീരാമസന്നിധിയിൽ അശ്വമേധയാഗമണ്ഡപത്തിൽവെച്ച് ഇരുപത്തൊന്നാം ദിവസം യുദ്ധകാണ്ഡത്തിൽ 25-ാംസർഗ്ഗം മുതൽ 50-ാംസർഗ്ഗം വരെ (15565മുതൽ 16665 വരെ ശ്ലോകങ്ങൾ ഗാനംചെയ്യപ്പെട്ടു. അന്നേ ദിവസം ഗാനംചെയ്യപ്പെട്ട ശ്ലോകസംഖ്യ 1101.

പഞ്ചവിംശഃ സർഗ്ഗഃ = ഇരുപത്തഞ്ചാംസർഗ്ഗം.

[ശുകസാരണപ്രേഷണം = ശുകസാരണന്മാരെ പറഞ്ഞയക്കുന്നത്.]

സബലേ സാഗരം തീർണ്ണേ രാമേ ദശരഥാത്മജേ
അമാത്യൌ രാവണഃ ശ്രീമാനബ്രവീച്ഛുകസാരണൌ. 1

ദശരഥാത്മജേ	ദശരഥാത്മജനായ	ശ്രീമാൻ	ശ്രീമാനായ
രാമേ	ശ്രീരാമൻ	രാവണഃ	രാവണൻ
സബലേ	സേനയോടുംകൂടി	അമാത്യൌ	മന്ത്രിമാരായ
സാഗരം	സമുദ്രത്തെ	ശുകസാരണൌ	ശുകനേയും സാരണനേയുംനോക്കി
തീർണ്ണേ,	തരണംചെയ്തശേഷം,	അബ്രവീത്.	ഉരചെയ്തു.

[ഈ ശുകൻ, "അമാത്യൌ, മന്ത്രിണൌ" എന്നു പറഞ്ഞിരിക്കുന്നതിനാൽ മുമ്പ് പറഞ്ഞയക്കപ്പെട്ട ശുകനല്ലെന്നാണ് അധികപക്ഷം. "മന്ത്രിണൌ, ചാരൌ" എന്നു താഴെ പതിനഞ്ചാം ശ്ലോകത്തിൽ പറഞ്ഞിരിക്കുന്നപ്രകാരം അമാത്യന്മാരേയും ചാരന്മാരായി അയക്കാവുന്നതുകൊണ്ടും, മുമ്പ് സൈന്യത്തെ കണ്ട് പരിചയിച്ചവനാകയാലും, സംഖ്യാനിർണ്ണയം മുതലായതിനെ തിട്ടമായി കണക്കാക്കുവാനായി സാരണനോടുകൂടി മുമ്പു പറഞ്ഞയച്ച ശുകനെത്തന്നെ പറഞ്ഞയച്ചു, എന്നും പക്ഷാന്തരം.]

സമഗ്രം സാഗരം തീർണ്ണം ദുസ്തരം വാനരം ബലം
അത്ഭുതപൂർവ്വം രാമേണ സാഗരേ സേതുബന്ധനം. 2

"വാനരം ബലം	"വാനരബലം	രാമേണ	രാമനാൽ ചെയ്യപ്പെട്ടതായ
സമഗ്രം	മുഴുവനും	സേതുബന്ധനം	അണകെട്ടുക എന്നത്
ദുസ്തരം	കടപ്പാൻ സാധിക്കാത്തതായ	അത്ഭുതപൂർവ്വം.	ഇതുവരെയും ആരാലും ചെയ്യപ്പെടാത്തതാകുന്നു.
സാഗരം	സമുദ്രത്തെ		
തീർണ്ണം;	കടന്നുകഴിഞ്ഞു;		
സാഗരേ	കടലിൽ		

സാഗരേ സേതുബന്ധം തു ന ശ്രദ്ദധ്യാം കഥഞ്ചന
അവശ്യം ചാപി സംഖ്യേയം തന്മയാ വാനരം ബലം. 3

"സാഗരേ	"കടലിൽ	തത്	ആ
സേതുബന്ധം ച	സേതുബന്ധനം എന്നു [ഉള്ളതുതന്നെ	വാനരം ബലം	വാനരസേന
കഥംചന	ഒരിക്കലും	മയാ	എന്നാൽ
ശ്രദ്ദധ്യാം ന;	എനിക്ക് വിശ്വാസമാകയില്ല;	അവശ്യം	അവശ്യമായും
അപി തു	എന്നാലിപ്പോഴാകട്ടെ	സംഖ്യേയം.	കണക്കാക്കപ്പെടേണ്ടതായിരിക്കുന്നു.

ഭവന്തൌ വാനരം സൈന്യം പ്രവിശ്യാനുപലക്ഷിതൌ
പരിമാണം ച വീര്യം ച യേ ച മുഖ്യാഃ പ്ലവംഗമാഃ 4
മന്ത്രിണോ യേ ച രാമസ്യ സുഗ്രീവസ്യ ച സംമതാഃ
യേ പൂർവ്വമഭിവർത്തന്തേ യേ ച ശൂരാഃ പ്ലവംഗമാഃ 5
സ ച സേതുര്യഥാ ബദ്ധഃ സാഗരേ സലിലാർണ്ണവേ
നിവേശം ച യഥാ തേഷാം വാനരാണാം മഹാത്മനാം 6
രാമസ്യ വ്യവസായം ച വീര്യം പ്രഹരണാനി ച
ലക്ഷ്മണസ്യ ച വീരസ്യ തത്വതോ ജ്ഞാതുമർഹഥഃ. 7

"ഭവന്തൌ	"നിങ്ങൾ രണ്ടുപേരും
വാനരം സൈന്യം	വാനര സൈന്യത്തിനുള്ളിൽ
അനുപലക്ഷിതൌ	അവരാൽ കാണപ്പെടാത്തവരായി
പ്രവിശ്യ,	പ്രവേശിച്ച്,
പരിമാണം ച	വലിപ്പത്തെപ്പററിയും,
വീര്യം ച	വീര്യത്തെക്കുറിച്ചും,
മുഖ്യാഃ	പ്രധാനികളായ
പ്ലവംഗമാഃ	വാനരന്മാർ
യേ ച,	ആരെല്ലാമെന്നും,
രാമസ്യ	രാമന്നും
സുഗ്രീവസ്യ	സുഗ്രീവന്നും
സംമതാഃ	ഇഷ്ടന്മാരായ
മന്ത്രിണഃ	മന്ത്രിമാർ
യേ ച,	ആരെല്ലാമെന്നും,
പൂർവ്വം	മുമ്പിൽ
യേ	ആരെല്ലാം
അഭിവർത്തന്തേ ച,	നില്ക്കുന്നുണ്ട് എന്നും,
പ്ലവംഗമാഃ	വാനരന്മാർ
ശൂരാഃ	ശൂരന്മാർ

യേ ച,	ആരെല്ലാമെന്നും,
സലിലാർണ്ണവേ	ജലം നിറഞ്ഞ
സാഗരേ	സമുദ്രത്തിൽ
സഃ	ആ
സേതുഃ	അണ
യഥാ	എങ്ങിനെ
ബദ്ധഃ ച	ബന്ധിക്കപ്പെട്ടിരിക്കുന്നു എന്നും
മഹാത്മനാം	മഹാവീര്യവാന്മാരായ
തേഷാം	ആ
വാനരാണാം	വാനരന്മാരുടെ
നിവേശം	പാളയം
യഥാ ച	എങ്ങിനെയുള്ളതാണെന്നും
രാമസ്യ ച	രാമന്റെയും
വീരസ്യ	ശൂരനായ
ലക്ഷ്മണസ്യ ച	ലക്ഷ്മണന്റെയും
വ്യവസായം	യത്നത്തെക്കുറിച്ചും
വീര്യം	വീര്യത്തെക്കുറിച്ചും
പ്രഹരണാനി ച	ആയുധങ്ങളെപ്പററിയും
തത്വഥഃ	ഉള്ളപ്രകാരം
ജ്ഞാതും അർഹഥഃ	അറിഞ്ഞു വരുവിൻ.

കശ്ച സേനാപതിസ്തേഷാം വാനരാണാം മഹൌജസാം
ഏതജ്ജ്ഞാത്വാ യഥാതത്വം ശീഘ്രമാഗന്തുമർഹഥഃ. 8

"മഹൌജസാം	"മഹാവീര്യശാലികളായ
തേഷാം	ആ
വാനരാണാം	വാനരന്മാരുടെ
സേനാപതിഃ	സേനാപതി
കഃ ?	ആരാണ് ?

ഏതത് ച	ഇതിനേയും
യഥാതത്വം	ഉള്ളപോലെ
ജ്ഞാത്വാ	അറിഞ്ഞ്
ശീഘ്രം	വേഗത്തിൽ
ആഗന്തും അർഹഥഃ	നിങ്ങൾ ഇരുവരും തിരിച്ചെത്തുവിൻ.

ഇതി പ്രതിസമാദിഷ്ടൌ രാക്ഷസൌ ശുകസാരണൌ
ഹരിരൂപധരൌ വീരൌ പ്രവിഷ്ടൌ വാനരം ബലം. 9

വീരൌ	വീരന്മാരായ
ശുകസാരണൌ	ശുകസാരണന്മാരെന്ന
രാക്ഷസൌ,	ആ രണ്ടു രാക്ഷസന്മാരും,
ഇതി	ഇപ്രകാരം
പ്രതിസമാദിഷ്ടൌ,	ഇതിനെക്കുറിച്ച് ആജ്ഞാപിക്കപ്പെട്ടവരായി
ഹരിരൂപധരൌ	വാനരരൂപം കൈക്കൊണ്ടവരായി,
വാനരം ബലം	വാനരസൈന്യത്തിനുള്ളിൽ
പ്രവിഷ്ടൌ.	പ്രവേശിച്ചു.

തതസ്തദ്വാനരം സൈന്യമചിന്ത്യം രോമഹർഷണം
സംഖ്യാതും നാധ്യഗച്ഛേതാം തദാ തൌ ശുകസാരണൌ. 10

തൌ	ആ
ശുകസാരണൌ,	ശുകസാരണന്മാർ,
തദാ	അപ്പോൾ
തതഃ	അവിടെ,
അചിന്ത്യം	ഇത്രയെന്ന് സങ്കല്പിക്കപ്പെടുവാൻ കഴിയാത്തതും
രോമഹർഷണം	രോമാഞ്ചമുണ്ടാക്കുന്നതും ആയ
തത്	ആ
വാനരം സൈന്യം	വാനരസൈന്യത്തെ
സംഖ്യാതും	എണ്ണിക്കണക്കാക്കുവാൻ
അധ്യഗച്ഛേതാം ന.	അശക്തരായ്ഭവിച്ചു.

സംസ്ഥിതം പർവ്വതാഗ്രേഷു നിർഝരേഷു ഗുഹാസു ച
സമുദ്രസ്യ ച തീരേഷു വനേഷൂപവനേഷു ച 11
തരമാണം ച തീർണ്ണം ച തർത്തുകാമം ച സർവ്വശഃ
നിവിഷ്ടം നിവിശച്ചൈവ ഭീമനാദം മഹാബലം
തദ്ബലാർണ്ണവമക്ഷോഭ്യം ദദൃശാതേ നിശാചരൌ. 12

അക്ഷോഭ്യം	കലക്കപ്പെടുവാൻ കഴിയാത്ത
ബലാർണ്ണവം	മഹാസമുദ്രമൊത്ത
തത്	ആ
മഹാബലം,	വൻസൈന്യത്തെ,
പർവ്വതാഗ്രേഷു	ഗിരിശിഖരങ്ങളിലും
നിർഝരേഷു	മലച്ചോലകളിലും
ഗുഹാസു ച	ഗുഹകളിലും
സമുദ്രസ്യ തീരേഷു ച	സമുദ്രക്കരകളിലും
വനേഷു	കാടുകളിലും
ഉപവനേഷു ച	തോപ്പുകളിലും
സംസ്ഥിതം,	വർത്തിക്കുന്നതായും,
തരമാണം ച	കടന്നുപോന്നുകൊണ്ടിരിക്കുന്നതായും
തീർണ്ണം ച	കടന്നതായും
തർത്തുകാമം ച	കടപ്പാൻ തയ്യാറായിരിക്കുന്നതായും
നിവിഷ്ടം	പാളയമുറപ്പിച്ചിരിക്കുന്നതായും
നിവിശത് ച	പാളയമുറപ്പിക്കുന്നതായും
സർവ്വശഃ	എങ്ങും
ഭീമനാദം ഏവ	ഭയങ്കരമായി ഗർജ്ജിക്കുന്നതായും,
നിശാചരൌ	ആ രാക്ഷസന്മാരിരുവരും
ദദൃശാതേ.	കണ്ടു.

തൌ ദദർശ മഹാതേജാഃ പ്രച്ഛന്നൌ ച വിഭീഷണഃ. 13

മഹാതേജാഃ	മഹാതേജസ്വിയായ
വിഭീഷണഃ	വിഭീഷണൻ
പ്രച്ഛന്നൌ,	വേഷച്ഛന്നന്മാരായ
തൌ ച	അവരിരുവരേയും
ദദർശ.	കണ്ടു.

ആചചക്ഷേഽഥ രാമായ ഗൃഹീത്വാ ശുകസാരണൌ. 14

അഥ	അപ്പോൾ
ശുകസാരണൌ	ശുകസാരണന്മാരെ
ഗൃഹീത്വാ	പിടിച്ചുകൊണ്ട്
രാമായ	ശ്രീരാമനോടായി
ആചചക്ഷേ.	ഇപ്രകാരം അറിയിച്ചു.

തസ്യേമൌ രാക്ഷസേന്ദ്രസ്യ മന്ത്രിണൌ ശുകസാരണൌ
ലങ്കായാഃ സമനുപ്രാപ്തൌ ചാരൌ പരപുരഞ്ജയ. 15

"പരപുരഞ്ജയ!	"ശത്രുക്കളുടെ കോട്ടകളെ തകർക്കുന്നവനേ!
ഇമൌ	ഈ
ശുകസാരണൌ,	ശുകസാരണന്മാർ,
തസ്യ	ആ
രാക്ഷസേന്ദ്രസ്യ	രാക്ഷസരാജാവിന്റെ
മന്ത്രിണൌ;	മന്ത്രിമാരാകുന്നു;
ലങ്കായാഃ	ലങ്കയിൽ നിന്ന്
സമനുപ്രാപ്തൌ	ഇവിടെ വന്നിരിക്കുന്ന
ചാരൌ."	ചാരന്മാർ."

തൌ ദൃഷ്ട്വാ വ്യഥിതൌ രാമം നിരാശൌ ജീവിതേ തദാ
കൃതാഞ്ജലിപുടൌ ഭീതൌ വചനം ചേദമൂചതുഃ. 16

തൌ	അവരിരുവരും
രാമം	ശ്രീരാമനെ
ദൃഷ്ട്വാ,	നോക്കി,
തദാ	ആ സമയം
വ്യഥിതൌ	വ്യഥ പൂണ്ടവരായി
ജീവിതേ	ജീവനിൽ
നിരാശൌ,	ആശവിട്ടവരായി,
ഭീതൌ ച	ഭയപ്പെട്ട്
കൃതാഞ്ജലി-പുടൌ	കൈകൂപ്പിക്കൊണ്ട്,
ഇദം വചനം	ഇപ്രകാരം വാക്യത്തെ
ഊചതുഃ.	ഉരചെയ്തു.

ആവാമിഹാഗതൌ സൌമ്യ രാവണപ്രഹിതാവുഭൌ
പരിജ്ഞാതും ബലം കൃത്സ്നം തവേദം രഘുനന്ദന. 17

"സൌമ്യ!	"സൌമ്യശീല!
രഘുനന്ദന!	ശ്രീരാമ!
ആവാം	ഞങ്ങൾ
ഉഭൌ	ഇരുവരും
തവ	അവിടുത്തെ
ഇദം	ഈ
ബലം	സൈന്യം
കൃത്സ്നം	മുഴുവനും
പരിജ്ഞാതും	നന്നായ് കണ്ടറിവാനായി
രാവണ-പ്രഹിതൌ	രാവണനാൽ പറഞ്ഞയക്കപ്പെട്ട്
ഇഹ	ഇവിടെ
ആഗതൌ."	വന്നവരാകുന്നു."

തയോസ്തദ്വചനം ശ്രുത്വാ രാമോ ദശരഥാത്മജഃ
അബ്രവീത് പ്രഹസൻ വാക്യം സർവ്വഭൂതഹിതേ രതഃ. 18

ദശരഥാത്മജഃ	ദശരഥപുത്രനും	തത്	ആ
സൎവ്വഭൂതഹിതേ	സൎവ്വപ്രാണികളുടെ നന്മയിലും	വചനം	വാക്യത്തെ
രതഃ	താല്പൎയ്യമാൎന്നവനും	ശ്രുത്വാ,	ചെവിക്കൊണ്ട്,
രാമഃ,	ശ്രീരാമൻ, [ആയ	പ്രഹസൻ	പുഞ്ചിരിപൂണ്ട്
തയോഃ	അവർ രണ്ടുപേരുടെയും	വാക്യം അബ്രവീത്.	ഒരു വാക്കരുളിച്ചെയ്തു.

യദി ദൃഷ്ടം ബലം കൃത്സ്നം വയം വാ സുസമീക്ഷിതാഃ
യഥോക്തം വാ കൃതം കാൎയ്യം ചരന്തഃ പ്രതിഗമ്യതാം. 19

“ബലം	“സൈന്യം	യഥോക്തം	പറയപ്പെട്ടപോലെതന്നെ
കൃത്സ്നം	മുഴുവനും	കൃതം	ചെയ്യപ്പെട്ടതായും
ദൃഷ്ടം,	കണ്ടറിയപ്പെട്ടതായും,	യദി വാ,	ഇരിക്കുന്നപക്ഷം,
വയം	ഞങ്ങൾ	ചരന്തഃ	ഇഷ്ടംപോലെ
സുസമീക്ഷിതാഃ വാ,	നല്ലപോലെ കണ്ടറിയപ്പെട്ടവരായും,	പ്രതിഗമ്യതാം.	മടങ്ങിപ്പൊയ്ക്കോൾവിൻ.
കാൎയ്യം	നിങ്ങൾ വന്നകാൎയ്യം		

അഥ കിഞ്ചിദദൃഷ്ടം വാ ഭൂയസ്തദ്ദ്രഷ്ടുമൎഹഥഃ. 20

“ഭൂയഃ	“ഇനിയും	വാ	ഉണ്ടെന്നാൽ,
അദൃഷ്ടം	കണ്ടറിയാത്തത്	തത് അഥ	അതിനെയും
കിംചിത്	വല്ലതും	ദ്രഷ്ടും അൎഹഥഃ.	നോക്കിക്കൊൾവിൻ.

വിഭീഷണോ വാ കാൎത്സ്ന്യേന ഭൂയഃ സംദൎശയിഷ്യതി. 21

“വാ	“വേണമെന്നാൽ	ഭൂയഃ	ഇനിയും
വിഭീഷണഃ	വിഭീഷണൻ	സംദൎശയിഷ്യതി.	കാണിച്ചുതരുന്നതാണ്.
കാൎത്സ്ന്യേന	ഒന്നുംവിടാതെ		

ന ചേദം ഗ്രഹണം പ്രാപ്യ ഭേതവ്യം ജീവിതം പ്രതി
ന്യസ്തശസ്ത്രൌ ഗൃഹീതൌ വാ ന ദൂതൌ വധമൎഹഥഃ. 22

“ഇദം ഗ്രഹണം	“ഈ ബന്ധനത്തെ	ഗൃഹീതൌ ച	പിടിക്കപ്പെട്ട
പ്രാപ്യ,	പ്രാപിച്ചതിനാൽ,	ദൂതൌ വാ,	ചാരന്മാരായ നിങ്ങൾ രണ്ടുപേരും,
ജീവിതം പ്രതി	ജീവനെക്കുറിച്ച്	വധം അൎഹഥഃ ന.	വധത്തെ അൎഹിക്കുന്നില്ല.
ഭേതവ്യം ന;	ഭയപ്പെടേണ്ട;		
ന്യസ്തശസ്ത്രൌ	കയ്യിൽ ആയുധമില്ലാത്തവരായി		

പൃച്ഛ്യമാനൌ വിമുഞ്ചൈതൌ ചാരൌ രാത്രിഞ്ചരാവുഭൌ
ശത്രുപക്ഷസ്യ സതതം വിഭീഷണ വികൎഷണൌ. 23

“വിഭീഷണ!	“വിഭീഷണ!	രാത്രിഞ്ചരൌ	അരക്കന്മാരും ആയ
സതതം	ഏതുകാലത്തും	ഏതൌ ഉഭൌ	ഇവർ രണ്ടുപേരെയും,
ശത്രുപക്ഷസ്യ	ശത്രുപക്ഷത്തിന്ന്	പൃച്ഛ്യമാനൌ	അവൻ ആവശ്യപ്പെട്ടപ്പോൾ,
വികൎഷണൌ	അഹിതം ചെയ്യുന്നവരും	വിമുഞ്ച.	വിട്ടയച്ചേക്കുക.
ചാരൌ	ചാരന്മാരും		

പ്രവിശ്യ നഗരീം ലങ്കാം ഭവദ്ഭ്യാം ധനദാനുജഃ
വക്തവ്യോ രക്ഷസാം രാജാ യഥോക്തം വചനം മമ. 24

"ലങ്കാം നഗരീം	"ലങ്കാപുരത്തിൽ	മമ	എന്റെ
പ്രവിശ്യ,	പ്രവേശിച്ചശേഷം,	വചനം,	വാക്യത്തെ,
ഭവദ്ഭ്യാം,	നിങ്ങളിരുവരാലും,	യഥോക്തം	ഞാൻ പറഞ്ഞപ്രകാരം തന്നെ
രക്ഷസാം രാജാ	രാക്ഷസരാജാവായ		
ധനദാനുജഃ	കുബേരാനുജൻ (രാവണൻ)	വക്തവ്യഃ.	അറിയിക്കപ്പെടേണ്ടവനാകുന്നു.

യദ്ബലം ച സമാശ്രിത്യ സീതാം മേ ഹൃതവാനസി
തദ്ദർശയ യഥാകാമം സസൈന്യഃ സഹബാന്ധവഃ. 25

"യത്	"യാതൊരു	തത്	അതിനെ
ബലം ച	കൈയൂക്കിനെ	സസൈന്യഃ	സൈന്യസമേതനായും
സമാശ്രിത്യ,	വലുതായികരുതി,	സഹബാന്ധവഃ	ബന്ധുക്കളോടുകൂടിയവനായും
മേ	എന്റെ		
സീതാം	സീതയെ		
ഹൃതവാൻ അസി,	നീ അപഹരിച്ചുവോ,	യഥാകാമം	കഴിയുംപോലെ
		ദർശയ.	നീ നേരിൽ കാട്ടിയാലും.

ശ്വഃ കാല്യേ നഗരീം ലങ്കാം സപ്രാകാരാം സതോരണാം
രാക്ഷസം ച ബലം പശ്യ ശരൈർവിധ്വംസിതം മയാ. 26

" 'ശ്വഃ	" 'നാളെ	സതോരണാം	തോരണവാതിലുകളട[ക്കം
കാല്യേ,	രാവിലെ	ലങ്കാം നഗരീം,	ലങ്കാനഗരത്തെയും
മയാ,	എന്നാൽ	രാക്ഷസം ബലം ച	രാക്ഷസസൈന്യം എല്ലാററിനേയും
ശരൈഃ	ബാണങ്ങളാൽ	വിധ്വംസിതം	നശിപ്പിക്കപ്പെട്ടതായി
സപ്രാകാരാം	മതിൽ കെട്ടുകളടക്കം	പശ്യ.	കണ്ടുകൊൾക.

ഘോരം രോഷമഹം മോക്ഷ്യേ ബലം ധാരയ രാവണ
ശ്വഃ കാല്യേ വജ്രവാൻ വജ്രം ദാനവേഷ്വിവ വാസവഃ. 27

" 'രാവണ!	" 'രാവണ!	ഘോരം	നിനക്ക് അസഹ്യമായിരുന്നതായ
വജ്രവാൻ	വജ്രപാണിയായ		
വാസവഃ	ഇന്ദ്രൻ	രോഷം	രോഷത്തെ
ദാനവേഷു	അസുരന്മാരിൽ	മോക്ഷ്യേ;	പ്രത്യക്ഷീകരിക്കുന്നതാണ്;
വജ്രം	വജ്രായുധത്തെ		
ഇവ,	എന്നപോലെ,	ബലം	സൈന്യത്തെ
അഹം	ഞാൻ	ധാരയ."	ശേഖരിച്ച് നിർത്തിക്കൊൾക.' "
ശ്വഃ കാല്യേ	നാളെ രാവിലെ		

ഇതി പ്രതിസമാദിഷ്ടൌ രാക്ഷസൌ ശുകസാരണൌ
ജയേതി പ്രതിനന്ദ്യൈതൌ രാഘവം ധർമ്മവത്സലം
ആഗമ്യ നഗരീം ലങ്കാമബ്രൂതാം രാക്ഷസാധിപം. 28

ഇതി	ഇപ്രകാരം	രാഘവം	ശ്രീരാമനെ
പ്രതി-സമാദിഷ്ടൌ	ഇക്കാര്യത്തിൽ നിയമിക്കപ്പെട്ട	"ജയ" ഇതി	"വിജയിച്ചാലും" എന്ന്
രാക്ഷസൌ	രാക്ഷസരായ	പ്രതിനന്ദ്യ,	ആശംസിച്ച ശേഷം,
ഏതൌ	ഈ	ലങ്കാം നഗരീം	ലങ്കാപുരത്തിൽ
ശുകസാരണൌ,	ശുകസാരണന്മാർ,	ആഗമ്യ,	മടങ്ങിച്ചെന്ന്,
ധർമ്മവത്സലം	ധർമ്മവത്സലനായ	രാക്ഷസാധിപം	രാക്ഷസാധിപനോടായി
		അബ്രൂതാം.	ഇങ്ങിനെ കേൾപ്പിച്ചു.

വിഭീഷണഗൃഹീതൌ തു വധാർഹൌ രാക്ഷസേശ്വര
ദൃഷ്ട്വാ ധർമ്മാത്മനാ മുക്തൌ രാമേണാമിതതേജസാ. 29

"രാക്ഷസേശ്വര!	"രാക്ഷസാധിപ!	അമിതതേജസാ	അളവററ പരാക്രമശാലിയായ
വധാർഹൌ	വധാർഹന്മാരെന്ന്	ധർമ്മാത്മനാ	ധർമ്മാത്മാവായ
ദൃഷ്ട്വാ,	കണ്ട്,	രാമേണ	ശ്രീരാമനാൽ
വിഭീഷണ-ഗൃഹീതൌ,	വിഭീഷണനാൽ ബന്ധിക്കപ്പെട്ടവരായ ഞങ്ങൾ രണ്ടുപേരും,	തു	ആ സമയം
		മുക്തൌ.	വിട്ടയക്കപ്പെട്ടു.

[“വധം ന കുർവ്വന്തി പരാവരജ്ഞാ ദൂതസ്യ” എന്ന് ഹനുമാന്റെ സംഗതിയിൽ, വിഭീഷണൻതന്നെ ദൂതനെ വധിക്കാറില്ലെന്ന് രാവണനോട് ഉപദേശിച്ചുവെങ്കിലും, ശുകസാരണന്മാർ രാക്ഷസന്മാരായതുതൊണ്ട്, അവരെ വിട്ടയച്ചാൽ, താൻ ശങ്ക്യനായി ഭവിക്കുമെന്നുള്ളതിനാൽ, ഇങ്ങിനെ വധാർഹന്മാരാണെന്ന് അറിയിച്ചു, എന്ന് ഗ്രാഹ്യമാകുന്നു.]

ഏകസ്ഥാനഗതാ യത്ര ചത്വാരഃ പുരുഷർഷഭാഃ
ലോകപാലോപമാഃ ശൂരാഃ കൃതാസ്ത്രാ ദൃഢവിക്രമാഃ 30
രാമോ ദാശരഥിഃ ശ്രീമാൻ ലക്ഷ്മണശ്ച വിഭീഷണഃ
സുഗ്രീവശ്ച മഹാതേജാ മഹേന്ദ്രസമവിക്രമഃ. 31

"പുരുഷർഷഭാഃ	"പുരുഷധൌരേയന്മാരും	മഹേന്ദ്രസമ-വിക്രമഃ	മഹേന്ദ്രനു തുല്യമായ പരാക്രമം പൂണ്ടവനും
ലോക-പാലോപമാഃ	ദിക്പാലതുല്യന്മാരും	ശ്രീമാൻ	ലക്ഷ്മീകടാക്ഷമാർന്നവനും ആയ
കൃതാസ്ത്രാഃ	അസ്ത്രകുശലന്മാരും	രാമഃ	ശ്രീരാമനും,
ശൂരാഃ	ശൂരന്മാരും	ലക്ഷ്മണഃ,	ലക്ഷ്മണനും,
ദൃഢവിക്രമാഃ	കലക്കമില്ലാത്ത പൌരുഷമാർന്നവരും ആയ	വിഭീഷണഃ ച,	വിഭീഷണനും,
ചത്വാരഃ	നാലുപേരായ,	സുഗ്രീവഃ ച,	സുഗ്രീവനും,
ദാശരഥിഃ	ദശരഥപുത്രനും	യത്ര,	അല്ലിക്കിൽ
മഹാതേജാഃ	മഹാതേജസ്വിയും	ഏകസ്ഥാന-ഗതാഃ.	ഒന്നിച്ചുകൂടിയിരിക്കുന്നു

ഏതേ ശക്താഃ പുരീം ലങ്കാം സപ്രാകാരാം സതോരണാം
ഉത്പാട്യ സംക്രാമയിതും സൎവ്വേ തിഷ്ഠന്തു വാനരാഃ. 32

"ഏതേ	"ഇവർ
ലങ്കാം പുരീം	ലങ്കാപുരത്തെ
സപ്രാകാരാം	മതിൽകെട്ടുകളടക്കം
സതോരണാം	ഗോപുരങ്ങളടക്കം
ഉത്പാട്യ	ഇടിച്ചുപൊടിച്ച്,

സംക്രാമയിതും	വലിച്ചെറിയുവാൻ
ശക്താഃ;	ശക്തരാണ്;
വാനരാഃ	വാനരന്മാർ
സൎവ്വേ	എല്ലാവരുടെയും കഥ
തിഷ്ഠന്തു.	ഇരിക്കട്ടെ.

യാദൃശം തസ്യ രാമസ്യ രൂപം പ്രഹരണാനി ച
വധിഷ്യതി പുരീം ലങ്കാമേകസ്തിഷ്ഠന്തു തേ ത്രയഃ. 33

"തസ്യ രാമസ്യ	"ആ രാമന്റെ
രൂപം	രൂപവും
പ്രഹരണാനി	ആയുധങ്ങളും
ച	എല്ലാം
യാദൃശം!	എന്തൊരുമാതിരിയാണ്!

ഏകഃ	ഇവൻ ഒരുവൻ തനി
ലങ്കാം പുരീം	ലങ്കാപുരത്തെ [ച്ച്
വധിഷ്യതി;	നശിപ്പിക്കുന്നതാണ്;
തേ ത്രയഃ	മററുള്ള ആ മൂന്നുപേർ
തിഷ്ഠന്തു.	ഇരിക്കട്ടെ.

രാമലക്ഷ്മണഗുപ്താ സാ സുഗ്രീവേണ ച വാഹിനീ
ബഭൂവ ദുൎദ്ധൎഷതരാ സേന്ദ്രൈരപി സുരാസുരൈഃ. 34

"രാമലക്ഷ്മണ-ഗുപ്താ	"രാമലക്ഷ്മണന്മാരാൽ പരിപാലിക്കപ്പെട്ടതും
സുഗ്രീവേണ ച	സുഗ്രീവനാലും രക്ഷിക്ക
സാ	ആ [പ്പെട്ടതും ആയ
വാഹിനീ,	സൈന്യം,

സേന്ദ്രൈഃ	ഇന്ദ്രനടക്കമുള്ള [കൂടി
സുരാസുരൈഃ അപി	ദേവാസുരന്മാരാലും
ദുൎദ്ധൎഷതരാ	അടുപ്പാൻ കഴിയാത്ത തായിട്ടാണ്
ബഭൂവ.	കാണപ്പെട്ടത്.

പ്രഹൃഷ്ടരൂപാ ധ്വജിനീ വനൌകസാം
മഹാത്മനാം സംപ്രതിയോദ്ധുമിച്ഛതാം
അലം വിരോധേന ശമോ വിധീയതാം
പ്രദീയതാം ദാശരഥായ മൈഥിലീ. 35

"സംപ്രതി	"ഇപ്പോൾ
യോദ്ധും	യുദ്ധംചെയ്യാൻ
ഇച്ഛതാം	ഇച്ഛിക്കുന്ന
മഹാത്മനാം	മഹാവീൎയ്യശാലികളായ
വനൌകസാം	വാനരന്മാരുടെ
ധ്വജിനീ	സൈന്യം
പ്രഹൃഷ്ട-രൂപാ;	ഉത്സാഹലക്ഷണങ്ങളോടുകൂടിയതായിരിക്കുന്നുണ്ട്;

വിരോധേന അലം	വിരോധം കൊണ്ടുതന്നെ മതി;
ശമഃ വിധീയതാം;	സമാധാനമാകുവാൻ കല്പിച്ച് നിശ്ചയിക്കപ്പെടട്ടെ;
ദാശരഥായ	ശ്രീരാമനായിക്കൊണ്ട്
മൈഥിലീ	സീത
പ്രദീയതാം.	തിരിയെ സമൎപ്പിക്കപ്പെടട്ടെ.

ഇത്യാൎഷേ ശ്രീമദ്രാമായണേ വാല്മീകീയേ ആദികാവ്യേ യുദ്ധകാണ്ഡേ
പഞ്ചവിംശഃ സൎഗ്ഗഃ = ഇരുപത്തഞ്ചാംസൎഗ്ഗം സമാപ്തം.

ആദ്യം മുതൽ ശ്ലോകസംഖ്യ 15599; യുദ്ധകാണ്ഡം ആദ്യം മുതൽ ശ്ലോകസംഖ്യ 924.

ഷഡ്വിംശഃ സൎഗ്ഗഃ = ഇരുപത്താറാംസൎഗ്ഗം.

[കപിയൂഥപനിരീക്ഷണം = രാവണൻ വാനരസേനാധിപന്മാരെ നോക്കിക്കാണുന്നതു.]

തദ്വചഃ പഥ്യമക്ലീബം സാരണേനാഭിഭാഷിതം
നിശമ്യ രാവണോ രാജാ പ്രത്യഭാഷത സാരണം. 1

രാജാ രാവണഃ	രാജാവായ രാവണൻ	അക്ലീബം	ശ്രേഷ്ഠവും ആയ
സാരണേന	സാരണനാൽ	വചഃ	വാക്യത്തെ
അഭിഭാഷിതം	പറയപ്പെട്ട	നിശമ്യ,	കേട്ടു്,
തത്	ആ	സാരണം	സാരണനോടായി
പഥ്യം	ഹിതകരവും	പ്രത്യഭാഷത.	ഇപ്രകാരം ഉരചെയ്തു.

യദി മാമഭിയുഞ്ജീരൻ ദേവഗന്ധൎവ്വദാനവാഃ
നൈവ സീതാമഹം ദദ്യാം സൎവ്വലോകഭയാദപി. 2

"ദേവഗന്ധൎവ്വ- ദാനവാഃ	"ദേവന്മാരും ഗന്ധൎവ്വന്മാരും അസുരന്മാരും	സൎവ്വലോക- ഭയാത് അപി	എല്ലാലോകത്തിൽ നിന്നും ആപത്തു് നേരിടുന്നതായാലും വേണ്ടതില്ല,
മാം	എന്നോടു കൂടി	അഹം	ഞാൻ
		സീതാം ഏവ,	സീതയെ മാത്രം
അഭിയുഞ്ജീരൻ യദി,	എതിൎപ്പാൻ വന്നാലും വേണ്ടതില്ല,	ദദ്യാം ന.	തിരിയെ കൊടുക്കുകയില്ല.

ത്വം തു സൌമ്യ പരിത്രസ്തോ ഹരിഭിസ്തൎജ്ജിതോ ഭൃശം
പ്രതിപ്രദാനമദ്യൈവ സീതായാഃ സാധു മന്യസേ. 3

" സൌമ്യ!	" പാവമേ!	പരിത്രസ്തഃ തു	നടുങ്ങിയവനാകയാൽ
ത്വം	നീ	അദ്യ ഏവ	ഇപ്പോൾതന്നെ
ഹരിഭിഃ	വാനരന്മാരാൽ	സീതായാഃ പ്രതിപ്രദാനം	സീതയെ തിരിയെ കൊടുക്കുന്നതാണു്
തൎജ്ജിതഃ	വിരട്ടപ്പെട്ടവനായി	സാധു	നല്ലതു്
ഭൃശം	ഏററം	മന്യസേ.	എന്നു വിചാരിക്കുന്നു.

കോ ഹി നാമ സപത്നോ മാം സമരേ ജേതുമൎഹതി 4

" സമരേ	" പോരിൽ	കഃ നാമ ഹി,	ഏതൊരുവൻതന്നെയാണു്
മാം ജേതും,	എന്നെ വെല്ലുവാൻ		
സപത്നഃ	ശത്രുവായ	അൎഹതി ?"	ശക്തനാവുക ?"

ഇത്യബ്രവീത്സ പരുഷം രാവണോ രാക്ഷസാധിപഃ. 5

രാക്ഷസാധിപഃ	രാക്ഷസേശ്വരനായ	ഇതി	മേൽപ്രകാരം
സഃ	ആ	പരുഷം അബ്രവീത്.	കടുത്തുരചെയ്തു.
രാവണഃ	രാവണൻ		

ആരുരോഹ തതഃ ശ്രീമാൻ പ്രാസാദം ഹിമപാണ്ഡുരം
ബഹുതാലസമുത്സേധം രാവണോऽഥ ദിദൃക്ഷയാ. 6

അഥ	അനന്തരം	ബഹുതാലസമുത്സേധം	എത്രയോ പനപ്പൊക്കം ഉള്ളതും ആയ
ശ്രീമാൻ	ശ്രീമാനായ	പ്രാസാദം	പ്രാസാദാഗ്രത്തിൽ
രാവണഃ,	രാവണൻ,	ദിദൃക്ഷയാ	നേരിൽ കാണ്മാൻ കൊതിപൂണ്ട്
തതഃ	അവിടെനിന്നും	ആരുരോഹ.	കയറി.
ഹിമപാണ്ഡുരം	മഞ്ഞുപോലെ വെണ്മയാൎന്നതും		

താഭ്യാം ചരാഭ്യാം സഹിതോ രാവണഃ ക്രോധമൂൎഛിതഃ
പശ്യമാനഃ സമുദ്രം ച പൎവ്വതാംശ്ച വനാനി ച 7
ദദൎശ പൃഥിവീദേശം സുസംപൂൎണ്ണം പ്ലവംഗമൈഃ 8

രാവണഃ	രാവണൻ	ചരാഭ്യാം സഹിതഃ	ചാരന്മാരോടും കൂടി
ക്രോധമൂൎഛിതഃ	കോപാവേശം പൂണ്ടവനായി	പശ്യമാനഃ,	നോക്കുന്നവനായി,
സമുദ്രം ച	സമുദ്രത്തേയും	പ്ലവംഗമൈഃ	വാനരന്മാരാൽ
പൎവ്വതാൻ ച	വനങ്ങളേയും	സുസംപൂൎണ്ണം	നന്നായി നിറയപ്പെട്ടതായ
വനാനി ച	പൎവ്വതങ്ങളേയും	പൃഥിവീദേശം	ഭൂപ്രദേശത്തെ
താഭ്യാം	ആ രണ്ടു	ദദൎശ.	വീക്ഷിച്ചു.

തദപാരമസംഖ്യേയം വാനരാണാം മഹദ്ബലം
ആലോക്യ രാവണോ രാജാ പരിപപ്രച്ഛ സാരണം. 9

രാവണഃ രാജാ	രാവണമഹാരാജാവ്,	തത് മഹത്	ആ വമ്പിച്ച
അപാരം	എതിരററതും	ബലം	സേനയെ
അസംഖ്യേയം	കണക്കില്ലാത്തതും ആയ	ആലോക്യ,	കണ്ട്,
		സാരണം	സാരണനോടായി
വാനരാണാം	വാനരന്മാരുടെ	പരിപപ്രച്ഛ.	ഇങ്ങിനെചോദിച്ചു.

ഏഷാം വാനരമുഖ്യാനാം കേ ശൂരാഃ കേ മഹാബലാഃ. 10

"വാനരമുഖ്യാനാം	"വാനരശ്രേഷ്ഠന്മാരായ	കേ ?	ആരെല്ലാമാണ് ?
ഏഷാം	ഇവരിൽവെച്ച്	മഹാബലാഃ	മഹാബലശാലികൾ
ശൂരാഃ	ശൂരന്മാരായവർ	കേ ?	ആരെല്ലാമാണ്?

കേ പൂൎവ്വമഭിവൎത്തന്തേ മഹോത്സാഹാഃ സമന്തതഃ. 11

"സമന്തതഃ	"എല്ലായ്പോഴും	പൂൎവ്വം	മുമ്പിലായി
മഹോത്സാഹാഃ	അത്യുത്സാഹം പൂണ്ടവരായി,	കേ.	ആരെല്ലാമാണ്
		അഭിവൎത്തന്തേ ?	നില്ക്കുന്നത് ?

കേഷാം ശൃണോതി സുഗ്രീവഃ കേ വാ യൂഥപയൂഥപാഃ. 12

"സുഗ്രീവഃ	"സുഗ്രീവൻ	യൂഥപയൂഥപാഃ	സേനാഗണങ്ങൾക്ക് തലവന്മാർ
കേഷാം	ആരുടെയെല്ലാം	കേ വാ?	ആരെല്ലാമാണ്?
ശൃണോതി?	വാക്കാണ് വിലവെയ്ക്കുന്നത്?		

സാരണാചക്ഷ്വ മേ സർവ്വം കേ പ്രധാനാഃ പ്ലവംഗമാഃ 13

"സാരണ!	"സാരണ!	സർവ്വം	എല്ലാം
പ്രധാനാഃ പ്ലവംഗമാഃ	മുഖ്യവാനരന്മാർ	മേ	എന്നോട്
കേ?	ആരെല്ലാമാണ്?	ആചക്ഷ്വ."	വിവരമായി പറയുക."

സാരണോ രാക്ഷസേന്ദ്രസ്യ വചനം പരിപൃച്ഛതഃ
ആചചക്ഷേഽഥ മുഖ്യജ്ഞോ മുഖ്യാംസ്തത്ര വനൌകസഃ. 14

"മുഖ്യജ്ഞഃ	"പ്രധാനികളെ നന്നായ് ധരിച്ചിരുന്നവനായ	അഥ	അപ്പോൾ
സാരണഃ,	സാരണൻ	തത്ര	അവിടെയുള്ള
പരിപൃച്ഛതഃ	ചോദിക്കുന്ന	മുഖ്യാൻ	പ്രധാനികളായ
രാക്ഷസേന്ദ്രസ്യ	രാക്ഷസേന്ദ്രനോടായി,	വനൌകസഃ	വാനരന്മാരെക്കുറിച്ച്
		വചനം ആചചക്ഷേ.	ഇപ്രകാരം അറിയിച്ചു.

ഏഷ യോഽഭിമുഖോ ലങ്കാം നർദ്ദംസ്തിഷ്ഠതി വാനരഃ
യൂഥപാനാം സഹസ്രാണാം ശതേന പരിവാരിതഃ 15
യസ്യ ഘോഷേണ മഹതാ സപ്രാകാരാ സതോരണാ
ലങ്കാ പ്രവേപതേ സർവ്വാ സശൈലവനകാനനാ 16
സർവ്വശാഖാമൃഗേന്ദ്രസ്യ സുഗ്രീവസ്യ മഹാത്മനഃ
ബലാഗ്രേ തിഷ്ഠതേ വീരോ നീലോ നാമൈഷ യൂഥപഃ. 17

"യഃ വാനരഃ	"യാതൊരു വാനരൻ	യസ്യ	യാതൊരുവന്റെ
ലങ്കാം അഭിമുഖഃ	ലങ്കയെ നോക്കി	മഹതാ	വമ്പിച്ച
നർദ്ദൻ	ഗർജ്ജിക്കുന്നവനായി	ഘോഷേണ	ഗർജ്ജനമൂലം
തിഷ്ഠതി,	നില്ക്കുന്നുവോ,	ലങ്കാ സർവ്വാ	ലങ്കാനഗരം മുഴുവനും
യൂഥപാനാം സഹസ്രാണാം ശതേന	ലക്ഷം പടത്തലവന്മാരാൽ	സപ്രാകാരാ	മതിൽ കെട്ടുകളടക്കം
പരിവാരിതഃ	ചൂഴപ്പെട്ടവനായി	സതോരണാ	ഗോപുരദ്വാരങ്ങളടക്കം
സർവ്വശാഖാമൃഗേന്ദ്രസ്യ	സർവ്വവാനരാധീശനായ	സശൈലവനകാനനാ	പർവ്വതങ്ങൾ, വനങ്ങൾ, ഉപവനങ്ങളടക്കം
മഹാത്മനഃ	മഹാത്മാവായ	പ്രവേപതേ,	കുലുങ്ങുന്നുവോ,
സുഗ്രീവസ്യ	സുഗ്രീവന്റെ	ഏഷഃ	ഇവൻ
ബലാഗ്രേ	സൈന്യത്തിന്റെ മുമ്പിലായി	നീലഃ നാമ;	നീലനെന്ന് പ്രസിദ്ധിയാർന്നവനാകുന്നു;
തിഷ്ഠതേ,	നില്ക്കുന്നുവോ,	ഏഷഃ	ഇവൻതന്നെയാണ്
		വീരഃ യൂഥപഃ.	വീരനായ സേനാധിപൻ.

ബാഹൂ പ്രഗൃഹ്യ യഃ പദ്ഭ്യാം മഹീം ഗച്ഛതി വീര്യവാൻ
ലങ്കാമഭിമുഖഃ ക്രോധാദഭീക്ഷ്ണം ച വിജൃംഭതേ 18
ഗിരിശൃംഗപ്രതീകാശഃ പദ്മകിഞ്ജല്കസംനിഭഃ
സ്ഫോടയത്യഭിസംരബ്ധോ ലാംഗൂലം ച പുനഃ പുനഃ
യസ്യ ലാംഗൂലശബ്ദേന സ്വനന്തി പ്രദിശോ ദശ 19
ഏഷ വാനരരാജേന സുഗ്രീവേണാഭിഷേചിതഃ
യൌവരാജ്യേƒംഗദോ നാമ ത്വാമാഹ്വയതി സംയുഗേ 20
വാലിനഃ സദൃശഃ പുത്രഃ സുഗ്രീവസ്യ സദാ പ്രിയഃ
രാഘവാർത്ഥേ പരാക്രാന്തഃ ശക്രാർത്ഥേ വരുണോ യഥാ 21
ഏതസ്യ സാ മതിഃ സർവ്വാ യദ്ദൃഷ്ടാ ജനകാത്മജാ
ഹനുമതാ വേഗവതാ രാഘവസ്യ ഹിതൈഷിണാ. 22

വീര്യവാൻ	"വീര്യശാലിയും
ഗിരിശൃംഗപ്രതീകാശഃ	പർവ്വതശിഖരം പോന്ന വനും
പദ്മകിഞ്ജല്കസംനിഭഃ	താമരയല്ലിയൊത്ത നിറമാർന്നവനും ആയ
യഃ,	യാതൊരുവൻ,
ബാഹൂ	ഇരുകൈകളേയും
പ്രഗൃഹ്യ	ഉയർത്തിപ്പിടിച്ചുകൊ
പദ്ഭ്യാം	കാലുകൾകൊണ്ട് [ണ്ട്
മഹീം	നിലത്ത്
ഗച്ഛതി,	നടന്നുകൊണ്ടിരിക്കുന്നു
ക്രോധാത്	കോപത്താൽ [വോ,
ലങ്കാം അഭിമുഖഃ	ലങ്കയ്ക്കുനേരെ
അഭീക്ഷ്ണം	കൂടെക്കൂടെ
വിജൃംഭതേ ച,	കുതിച്ചുചാടുന്നുവോ,
അഭിസംരബ്ധഃ	അത്യുഗ്രതപൂണ്ടവനാ
ലാംഗൂലം ച	വാലിനേയും [യി
പുനഃ പുനഃ	വീണ്ടുംവീണ്ടും
സ്ഫോടയതി,	ചുഴററുന്നുവോ,
യസ്യ	യാതൊരുവന്റെ
ലാംഗൂലശബ്ദേന	വാലടിയുടെ ശബ്ദ
ദശ	പത്തു [ത്താൽ
പ്രദിശഃ	ദിക്കുകളും
സ്വനന്തി,	മുഴങ്ങുന്നുവോ,
ഏഷഃ അംഗദഃ	ഇവൻ അംഗദൻ
നാമ;	എന്നവനാകുന്നു;
വാനരരാജേന	വാനരാധിപനായ

സുഗ്രീവേണ	സുഗ്രീവനാൽ
യൌവരാജ്യേ	യുവരാജാവായി
അഭിഷേചിതഃ;	വാഴിക്കപ്പെട്ടവൻ;
വാലിനഃ	ബാലിയുടെ
സദൃശഃ പുത്രഃ;	തത്തുല്യനായ പുത്രൻ;
സദാ	എപ്പോഴും
സുഗ്രീവസ്യ പ്രിയഃ;	സുഗ്രീവന്ന് ഹിതമായി നടക്കുന്നവൻ;
ശക്രാർത്ഥേ	ഇന്ദ്രന്റെ സംഗതി
വരുണഃ	വരുണൻ [യിൽ
യഥാ	എപ്രകാരമോ അപ്ര കാരം തന്നെ
രാഘവാർത്ഥേ	ശ്രീരാമകൈങ്കര്യത്തിൽ
പരാക്രാന്തഃ;	ദൃഢതപൂണ്ടവൻ;
രാഘവസ്യ	ശ്രീരാഘവന്റെ
ഹിതൈഷിണാ	ഹിതാനുകാരിയായ
വേഗവതാ,	അതിബലവാനായ
ഹനുമതാ	ഹനുമാനാൽ
ജനകാത്മജാ	സീത
ദൃഷ്ടാ	കണ്ടുപിടിക്കപ്പെട്ടു
യത്	എന്നുള്ളതായ
സാ സർവ്വാ,	അതെല്ലാം,
ഏതസ്യ	ഇവന്റെ
മതിഃ;	ബുദ്ധിവിശേഷംതന്നെ;
ത്വാം	നിന്തിരുവടിയെ
സംയുഗേ	പോരിന്നായി
ആഹ്വയതി.	വിളിക്കയാണ്.

ബഹൂനി വാനരേന്ദ്രാണാമേഷ യൂഥാനി വീര്യവാൻ
പരിഗൃഹ്യാഭിയാതി ത്വാം സ്വേനാനീകേന ദുർജ്ജയഃ 23
അനു വാലിസുതസ്യാപി ബലേന മഹതാ വൃതഃ
വീരസ്തിഷ്ഠതി സംഗ്രാമേ സേതുഹേതുരയം നളഃ 24
യേ തു വിഷ്ടഭ്യ ഗാത്രാണി ക്ഷ്വേളയന്തി നദന്തി ച
ഉത്ഥായ ച വിജൃംഭന്തേ ക്രോധേന ഹരിപുംഗവാഃ 25
ഏതേ ദുഷ്പ്രസഹാ ഘോരാശ്ചണ്ഡാശ്ചണ്ഡപരാക്രമാഃ
അഷ്ടൌ ശതസഹസ്രാണി ദശകോടിശതാനി ച 26
യ ഏനമനുഗച്ഛന്തി വീരാശ്ചന്ദനവാസിനഃ
ഏഷൈവാശംസതേ ലങ്കാം സ്വേനാനീകേന മർദ്ദിതും. 27

"യേ	"യാതൊരു
ഹരിപുംഗവാഃ	വാനരശ്രേഷ്ഠന്മാർ
ഗാത്രാണി	അവയവങ്ങളെ
വിഷ്ടഭ്യ,	മൂരിനിവർന്നുകൊണ്ട്,
ക്ഷ്വേളയന്തി,	കളിക്കുകയും,
നദന്തി ച,	അട്ടഹസിക്കുകയും
ക്രോധേന	കോപത്തോടെ
ഉത്ഥായ	എഴുന്നേററ്
വിജൃംഭന്തേ ച	തുള്ളുകയും ചെയ്യുന്നുവോ,
ദുഷ്പ്രസഹാഃ	അടുപ്പാൻ കഴിയാത്തവരും
ഘോരാഃ	ഘോരരൂപികളും
ചണ്ഡാഃ	ഉഗ്രസ്വഭാവന്മാരും
ചണ്ഡപരാക്രമാഃ	മഹാപരാക്രമശാലികളും ആയ
ഏതേ,	ഇവരും,
അഷ്ടൌ ശതസഹസ്രാണി	എട്ടുലക്ഷം പേരും
ദശകോടിശതാനി ച	ആയിരം കോടിപേരും
യേ	യാതൊരു
ചന്ദനവാസിനഃ	ചന്ദനവനത്തിൽ വസിക്കുന്ന
വീരാഃ ച	വീരന്മാരും
ഏനം	ഇവനെ
അനുഗച്ഛന്തി	അനുഗമിക്കുന്നുവോ, അപ്രകാരമുള്ള
അയം ഏവ	ഇവൻ തന്നെയാണ്

സേതുഹേതുഃ	അണക്കെട്ടിന്നു കാരണഭൂതനായ
നളഃ	നളനെന്ന
വീര്യവാൻ;	വീര്യശാലി;
ഏഷഃ	ഇവൻ
വാനരേന്ദ്രാണാം	വാനരശ്രേഷ്ഠന്മാരുടെ
ബഹൂനി	അനേകം
യൂഥാനി	സംഘങ്ങളെ
പരിഗൃഹ്യ	ചേർത്തുകൊണ്ട്
സ്വേന	സ്വന്തം
അനീകേന	സേനയോടും കൂടി
ദുർജ്ജയഃ	അടുക്കപ്പെടുവാൻ കഴിയാത്തവനായി
ത്വാം അഭിയാതി;	നിന്തിരുവടിക്കു നേരേ വരുന്നു;
വാലിസുതസ്യ	വാലിപുത്രന്നു
അനു അപി	പിന്നിലായും,
മഹതാ	വമ്പിച്ച
ബലേന	സൈന്യത്താൽ
വൃതഃ	ചൂഴപ്പെട്ടവനായി
സംഗ്രാമേ	പോരിന്നായി
തിഷ്ഠതി;	കാത്തു നില്ക്കുന്നു;
വീരഃ	വീരനായ
ഏഷഃ	ഇവൻ
സ്വേന	സ്വന്തം
അനീകേന തു	സൈന്യത്തെക്കൊണ്ടു തന്നെ
ലങ്കാം	ലങ്കയെ
മർദ്ദിതും	നശിപ്പിപ്പാൻ
ആശംസതേ.	കൊതിച്ചിരിക്കയാണ്.

ശ്വേതോ രജതസംകാശശ്ചപലോ ഭീമവിക്രമഃ
ബുദ്ധിമാൻ വാനരോ വീരസ്ത്രിഷു ലോകേഷു വിശ്രുതഃ. 28
തൂൎണ്ണം സുഗ്രീവമാഗമ്യ പുനർഗച്ഛതി സത്വരഃ
വിഭജൻ വാനരീം സേനാമനീകാനി പ്രഹർഷയൻ. 29

"രജതസംകാശഃ	"വെള്ളിപോലെ നിറമാൎന്ന ഇവൻ	വാനരീം സേനാം	വാനരസൈന്യത്തെ
ശ്വേതഃ	ശ്വേതനെന്ന	സത്വരഃ	ദ്രുതഗതിയോടെ
വാനരഃ;	വാനരനാകുന്നു;	വിഭജൻ,	അണിനിരത്തിക്കൊണ്ടും,
ചപലഃ;	വേഗതയാൎന്നവൻ;	അനീകാനി	സൈന്യങ്ങളെ
ഭീമവിക്രമഃ;	ഘോരമായ പരാക്രമം പൂണ്ടവൻ;	പ്രഹർഷയൻ,	ഉത്സാഹിപ്പിച്ചുകൊണ്ടും,
ബുദ്ധിമാൻ;	ബുദ്ധിശാലി;	സുഗ്രീവം	സുഗ്രീവനെ
ത്രിഷു ലോകേഷു	മൂന്നുലോകങ്ങളിലും	ആഗമ്യ,	അടുത്തുവന്നുകണ്ടശേഷം,
വീരഃ	വീരനെന്ന്	പുനഃ	വീണ്ടും
വിശ്രുതഃ;	പ്രസിദ്ധിപൂണ്ടവൻ;	തൂൎണ്ണം	വേഗത്തിൽ
		ഗച്ഛതി.	വന്നുകൊണ്ടിരിക്കയാണ്.

യഃ പുരാ ഗോമതീതീരേ രമ്യം പൎയ്യേതി പൎവ്വതം
നാമ്നാ സംകോചനോ നാമ നാനാനഗയുതോ ഗിരിഃ 30
തത്ര രാജ്യം പ്രശാസ്ത്യേഷഃ കുമുദോ നാമ യൂഥപഃ
യോഽസൌ ശതസഹസ്രാണാം സഹസ്രം പരികൎഷതി 31
യസ്യ വാലാ ബഹുവ്യാമാ ദീൎഘാ ലാംഗൂലമാശ്രിതാഃ
താമ്രാഃ പീതാഃ സിതാഃ ശ്വേതാഃ പ്രകീൎണ്ണാ ഘോരദൎശനാഃ 32
അദീനോ രോഷണശ്ചണ്ഡഃ സംഗ്രാമമഭികാംക്ഷതി
ഏഷോഽപ്യാശംസതേ ലങ്കാം സ്വേനാനീകേന മൎദ്ദിതും. 33

"ഗോമതീതീരേ	"ഗോമതീ നദീതീരത്തിൽ	തത്ര	അതിൽ
നാനാനഗായുതഃ	പലചെറുകുന്നുകളാൎന്നതും	രാജ്യം പ്രശാസ്തി,	രാജ്യപരിപാലനവും ചെയ്തുവരുന്നുവോ,
നാമ്നാ	പേർകൊണ്ട്	യഃ	യാതൊരുവൻ
സംകോചനഃ	സംകോചനം എന്ന്	ശതസഹസ്രാണാം സഹസ്രം	ആയിരം ലക്ഷംപേരെ
നാമ	പ്രസിദ്ധിയാൎന്നതുംആയ		
ഗിരിഃ;	ഒരുഗിരിയുണ്ട്;	പരികൎഷതി,	കൊണ്ടുവന്നിരിക്കുന്നുവോ,
യഃ	യാതൊരുവൻ		
പുരാ,	ഇതേവരെയ്ക്കും	യസ്യ	യാതൊരുവന്റെ
രമ്യം	മനോഹരമായ	ലാംഗൂലം ആശ്രിതാഃ	വാലിലുള്ള
പൎവ്വതം	ഈ പൎവ്വതത്തിൽ		
പൎയ്യേതി,	സഞ്ചരിച്ചുവരുന്നുവോ,	വാലാഃ	രോമങ്ങൾ

ബഹുവ്യാമാഃ	എത്രയോ മാറുകൾ
ദീർഘാഃ	നീണ്ടവയായി
താമ്രാഃ പീതാഃ	ചുവന്നും മഞ്ഞച്ചും
ശ്വേതാഃ,	വെളുത്തും,
സിതാഃ	ജടപിടിച്ചും
പ്രകീർണ്ണാഃ	എങ്ങും നിറഞ്ഞ്
ഘോരദർശനാഃ,	കാണ്മാൻ ഭയങ്കരമായും ഇരിക്കുന്നുവോ,
ഏഷഃ കുമുദഃ നാമ യൂഥപഃ;	ഇവൻ കുമുദനെന്ന സേനാധിപനാകുന്നു;
അദീനഃ;	ഒന്നിനും കുലുങ്ങാത്ത
രോഷണഃ;	കോപിഷ്ഠൻ; [വൻ;
ചണ്ഡഃ അസൌ	ഘോരനായ ഇവൻ
സംഗ്രാമം	പോർ
അഭികാംക്ഷതി;	കൊതിച്ചു നില്ക്കുന്നു;
ഏഷഃ സ്വേന	ഇവൻ സ്വന്തം
അനീകേന അപി	സൈന്യത്തെക്കൊണ്ടു
ലങ്കാം	ലങ്കയെ [മാത്രം
മർദ്ദിതും	പൊടിപെടുത്തുവാൻ
ആശംസതേ.	ഉദ്ദേശിച്ചിരിക്കയാണ്.

യസ്ത്വേഷ സിംഹസംകാശഃ കപിലോ ദീർഘകേസരഃ
നിഭൃതഃ പ്രേക്ഷതേ ലങ്കാം ദിധക്ഷന്നിവ ചക്ഷുഷാ 34
വിന്ധ്യം കൃഷ്ണഗിരിം സഹ്യം പർവ്വതം ച സുദർശനം
രാജൻ സതതമധ്യാസ്തേ രംഭോ നാമൈഷ യൂഥപഃ 35
ശതം ശതസഹസ്രാണാം ത്രിംശച്ച ഹരിപുംഗവാഃ
യമേതി വാനരാഃ ശൂരാശ്ചണ്ഡാശ്ചണ്ഡപരാക്രമാഃ
പരിവാര്യാനുഗച്ഛന്തി ലങ്കാം മർദ്ദിതുമോജസാ. 36

"രാജൻ!	"മഹാരാജാവേ!
സിംഹസംകാശഃ	സിംഹസദൃശനായി
കപിലഃ	മയിലനിറം പൂണ്ടവനായി
ദീർഘകേസരഃ	നീണ്ടരോമങ്ങളാർന്നവ [നായി
നിഭൃതഃ	ദൃഢചിത്തനായ
യഃ	യാതൊരുവൻ
ലങ്കാം,	ലങ്കയെ,
ചക്ഷുഷാ	തന്റെ നോക്കുകൊണ്ട്
ദിധക്ഷൻ ഇവ	ദഹിപ്പിക്കുന്നവനെന്ന പോലെ
പ്രേക്ഷതേ,	വീക്ഷിച്ചുകൊണ്ടിരിക്കുന്നുവോ,
വിന്ധ്യം	വിന്ധ്യപർവ്വതത്തിലും
കൃഷ്ണഗിരിം	കൃഷ്ണഗിരി എന്ന പർവ്വതത്തിലും
സുദർശനം,	ഏററം അഴകാർന്ന
സഹ്യം പർവ്വതം ച,	സഹ്യാദ്രിയിലും
സതതം	എപ്പോഴും
അധ്യാസ്തേ,	വസിച്ചുവരുന്നുവോ,
യം	യാതൊരുവനെ
ശൂരാഃ	ശൂരന്മാരും
ചണ്ഡാഃ	ഘോരന്മാരും
ചണ്ഡപരാക്രമാഃ	ഉഗ്രപരാക്രമികളും ആയ
ശതസഹസ്രാണാം ശതം ത്രിംശത്	മുപ്പതുകോടി
ഹരിപുംഗവാഃ ച	വാനരശ്രേഷ്ഠന്മാരും
വാനരാഃ	വാനരന്മാരും
പരിവാര്യ	ചുഴ്ന്നുകൊണ്ട്
അനുഗച്ഛന്തി,	അനുഗമിക്കുന്നുവോ,
ഏഷഃ	ഇവൻ
യൂഥപഃ	സേനാധിപനായ
രംഭഃ നാമ;	രംഭനെന്നവനാകുന്നു;
ഏഷഃ തു,	ഇവനും
ഓജസാ	വീര്യത്താൽ
ലങ്കാം മർദ്ദിതും	ലങ്കയെ മർദ്ദിക്കുന്നതി [ന്നായി
ഏതി.	വരികയാണ്.

യസ്തു കർണ്ണൌ വിവൃണുതേ ജൃംഭതേ ച പുനഃ പുനഃ
ന ച സംവിജതേ മൃത്യോർന്ന ച യുദ്ധാദ്വിധാവതി 37
പ്രകമ്പതേ ച രോഷേണ തിര്യക് ച പുനരീക്ഷതേ
പശ്യൻ ലാംഗൂലമപി ച ക്ഷ്വേളതേ ച മഹാബലഃ 38
മഹാജവോ വീതഭയോ രമ്യം സാല്വേയപർവ്വതം
രാജൻ സതതമധ്യാസ്തേ ശരഭോ നാമ യൂഥപഃ. 39

"രാജൻ!	"രാജാവേ!	രോഷേണ	ക്രോധത്താൽ
മഹാബലഃ	മഹാബലശാലിയും	പ്രകമ്പതേ ച,	വിറയ്ക്കുന്നു,
മഹാജവഃ	മഹാവേഗശാലിയും	പുനഃ ച	ഇടയ്ക്കിടെ
വീതഭയഃ	നിർഭയനും ആയ	തിര്യക്	വിലങ്ങത്തിൽ
യഃ,	യാതൊരുവൻ,	ഈക്ഷതേ,	നോക്കുന്നു,
കർണ്ണൌ	ചെവികൾ രണ്ടിനെയും	ലാംഗൂലം അപി	വാലിനെയും
വിവൃണുതേ,	എടുത്തുപിടിച്ചിരിക്കുന്നു,	പശ്യൻ ച	നോക്കിക്കൊണ്ടുതന്നെ
പുനഃ പുനഃ	കൂടെക്കൂടെ	ക്ഷ്വേളതേ ച	ഗർജ്ജിക്കയും ചെയ്യുന്നു,
ജൃംഭതേ ച,	ഉയരേ കുതിച്ചുചാടുന്നു,	സതതം	എന്നും
മൃത്യോഃ ച	കാലനുംകൂടി	രമ്യം	രമ്യമായ
സംവിജതേ ന.	ഭയപ്പെടാതിരിക്കുന്നു,	സാല്വേയപർവ്വതം	സാല്വേയഗിരിയിൽ
യുദ്ധാത്	പോരിൽനിന്ന്	അധ്യാസ്തേ തു,	വസിക്കുന്നവനായ
വിധാവതി ന ച,	പിൻതിരിയാതിരിക്കുന്നു,	ശരഭഃ നാമ	ശരഭനെന്ന [ഇവൻ
		യൂഥപഃ.	സേനാധിപനാകുന്നു.

ഏതസ്യ ബലിനഃ സർവ്വേ വിഹാരാ നാമ യൂഥപാഃ
രാജൻ ശതസഹസ്രാണി ചത്വാരിംശത് തഥൈവ ച. 40

"രാജൻ!	"രാജാവേ!	ബലിനഃ;	അതിബലശാലികൾ;
തഥാ ഏവ	അപ്രകാരം തന്നെ	ചത്വാരിംശത് ശതസഹസ്രാണി	നാല്പതുലക്ഷം
ഏതസ്യ	ഇവന്റെ	വിഹാരാഃ നാമ	വിഹാരങ്ങൾ എന്ന പേരാന്നവർ.
യൂഥപാഃ	സേനാനായകന്മാർ		
സർവ്വേ ച	എല്ലാവരും		

യസ്തു മേഘ ഇവാകാരം മഹാനാവൃത്യ തിഷ്ഠതി
മധ്യേ വാനരവീരാണാം സുരാണാമിവ വാസവഃ 41
ഭേരീണാമിവ സന്നാദോ യസ്യൈഷ ശ്രൂയതേ മഹാൻ
ഘോഷഃ ശാഖാമൃഗേന്ദ്രാണാം സംഗ്രാമമഭികാംക്ഷതാം 42
ഏഷ പർവ്വതമധ്യാസ്തേ പാരിയാത്രമനുത്തമം
യുദ്ധേ ദുഷ്പ്രസഹോ നിത്യം പനസോ നാമ യൂഥപഃ. 43

" യഃ,	" യാതൊരുവൻ,
സുരാണാം	ദേവന്മാൎക്ക്
വാസവഃ ഇവ,	ഇന്ദ്രനെന്നപോലെ യുള്ളവനായി,
വാനര- വീരാണാം മദ്ധ്യേ,	വാനരവീരന്മാരുടെ നടുവിൽ,
മഹാൻ മേഘഃ	വൻമേഘം
ആകാശം ഇവ	ആകാശത്തെ എന്ന പോലെ
ആവൃത്യ	മറച്ചുകൊണ്ട്
തിഷ്ഠതി,	നില്ക്കുന്നുവോ,
സംഗ്രാമം	പോർ
അഭികാംക്ഷതാം	കൊതിച്ചു നില്ക്കുന്ന
യസ്യ	യാതൊരു അവനു ചേൎന്ന
ശാഖാ- മൃഗേന്ദ്രാണാം	വാനരവീരന്മാരുടെ
മഹാൻ ഘോഷഃ,	വൻഘോഷം,
ഭേരീണാം	പെരുമ്പറകളുടെ
സംനാദഃ ഇവ,	മുഴക്കമെന്ന പോലെ,
ശ്രൂയതേ,	കേൾക്കപ്പെടുന്നുവോ,
അനുത്തമം	ശ്രേഷ്ഠമായ
പാരിയാത്രം പൎവ്വതം	പാരിയാത്ര പൎവ്വതത്തിൽ
അധ്യാസ്തേ	വസിക്കുന്നുവോ,
ഏഷഃ തു	ഇവൻ തന്നെയാണ്
പനസഃ നാമ,	പനസനെന്ന
യൂഥപഃ;	സേനാധിപൻ;
ഏഷഃ	ഇവൻ
നിത്യം	എപ്പോഴും
യുദ്ധേ	യുദ്ധത്തിൽ
ദുഷ്പ്രസഹഃ.	അസഹ്യനായവനാകുന്നു.

ഏനം ശതസഹസ്രാണാം ശതാൎദ്ധം പൎയ്യുപാസതേ
യൂഥപാ യൂഥപശ്രേഷ്ഠം യേഷാം യൂഥാനി ഭാഗശഃ. 44

" യേഷാം	" യാതൊന്നുകളുടെ
യൂഥാനി	ഗണങ്ങൾ
ഭാഗശഃ	അണിവകുക്കപ്പെട്ടവയായി
ശത- സഹസ്രാണാം ശതാൎദ്ധം	അമ്പതുലക്ഷമുണ്ടോ, അവയുടെ
യൂഥപാഃ,	സേനാധിപന്മാർ,
യൂഥപശ്രേഷ്ഠം	സേനാധിപോത്തമനായ
ഏനം	ഇവനെ
പൎയ്യുപാസതേ.	കാത്തുനില്ക്കുന്നു.

യസ്തു ഭീമാം പ്രവല്ഗന്തീം ചമൂം തിഷ്ഠതി ശോഭയൻ
സ്ഥിതാം തീരേ സമുദ്രസ്യ ദ്വിതീയ ഇവ സാഗരഃ 45
ഏഷ ദൎദ്ദരസംകാശോ വിനതോ നാമ യൂഥപഃ
പിബംശ്ചരതി പൎണ്ണാസാം നദീനാമുത്തമാം നദീം. 46

"ദൎദ്ദരസംകാശഃ "	ദൎദ്ദരപൎവ്വതസന്നിഭനും
ദ്വിതീയഃ	മറെറാരു
സാഗരഃ	സമുദ്രം
ഇവ	എന്നപോലുള്ളവനുമായ
യഃ,	യാതൊരുവൻ,
സമുദ്രസ്യ	സമുദ്രത്തിന്റെ
തീരേ	കരയിൽ
സ്ഥിതാം	നില്ക്കുന്നതും
ഭീമാം	ഭയങ്കരവും
പ്രവല്ഗന്തീം	തുള്ളിച്ചാടിക്കൊണ്ടിരിക്കുന്നതും ആയ
ചമൂം	സൈന്യത്തെ

ശോഭയൻ	പ്രകാശിപ്പിക്കുന്നവ	പിബൻ	കുടിച്ചുകൊണ്ടു
തിഷ്ഠതി,	നില്ക്കുന്നുവോ, [നായി	ചരതി,	വസിച്ചുവരുന്നുവോ,
നദീനാം	നദികളിൽവെച്ച്	ഏഷഃ തു	ഇവൻതന്നെയാണ്
ഉത്തമാം	ശ്രേഷ്ഠമായ	വിനതഃ നാമ	വിനതനെന്ന
പർണ്ണാസാം നദീം	പർണ്ണാസാനദീജലത്തെ	യൂഥപഃ.	സേനാധിപൻ.

ഷഷ്ടിഃ ശതസഹസ്രാണി ബലമസ്യ പ്ലവംഗമാഃ. 47

"അസ്യ	"ഇവന്ന്	പ്ലവംഗമാഃ	വാനരന്മാരാകുന്ന
ഷഷ്ടിഃ ശതസഹസ്രാണി	അറുപതുലക്ഷം	ബലം.	കൂടെയുള്ളത്.

ത്വാമാഹ്വയതി യുദ്ധായ ക്രോധനോ നാമ യൂഥപഃ
വിക്രാന്താ ബലവന്തശ്ച യഥായൂഥാനി ഭാഗശഃ. 48

"യഥായൂഥാനി	"സംഘംസംഘമായി	ക്രോധനഃ നാമ	ക്രോധനനെന്ന
ഭാഗശഃ ച	അണിനിരന്നിരിക്കുന്ന	യൂഥപഃ	ഇവരുടെ സേനാധിപൻ
ബലവന്തഃ	ഈ ബലവാന്മാർ	ത്വാം	നിന്തിരുവടിയെ
വിക്രാന്താഃ;	പരാക്രമ ശാലികളാകുന്നു;	യുദ്ധായ	പോരിന്നായി
		ആഹ്വയതി.	വിളിക്കയാണ്.

യസ്തു ഗൈരികവർണ്ണാഭം വപുഃ പുഷ്യതി വാനരഃ
അവമത്യ സദാ സർവ്വാൻ വാനരാൻ ബലദർപ്പിതാൻ 49
ഗവയോ നാമ തേജസ്വീ ത്വാം ക്രോധാദഭിവർത്തതേ
ഏനം ശതസഹസ്രാണി സപ്തതിഃ പര്യുപാസതേ. 50

"യഃ	"യാതൊരു	വപുഃ	ശരീരത്തെ
തേജസ്വീ	തേജസ്വിയായ	പുഷ്യതി തു,	വളർപ്പിക്കുന്നുവോ,
വാനരഃ,	വാനരൻ,	ഗവയഃ നാമ	ഗവയനെന്ന
ബലദർപ്പിതാൻ	ബലത്താൽ ഗർവ്വംപൂണ്ട	ഏനം	ഇവനെ
വാനരാൻ	വാനരന്മാർ	സപ്തതിഃ ശതസഹസ്രാണി	എഴുപതുലക്ഷം പേർ
സർവ്വാൻ	എല്ലാവരേയും		
സദാ	എപ്പോഴും	പര്യുപാസതേ;	സേവിക്കുന്നുണ്ടു;
അവമത്യ,	അവഗണിച്ചുകൊണ്ടു,	ത്വാം	നിന്തിരുവടിയെ
ഗൈരികവർണ്ണാഭം	കാവിപോലെ നിറമുള്ളതായ	ക്രോധാത്	കോപം മൂലം
		അഭിവർത്തതേ.	എതിർപ്പാൻ അടുക്കുന്നു.

ഏഷ ത്വാശങ്കതേ ലങ്കാം സ്വേനാനീകേന മർദ്ദിതും. 51

"ഏഷഃ	"ഇവൻ	ലങ്കാം	ലങ്കയെ
സ്വേന അനീകേന തു	തന്റെ സൈന്യത്തെക്കൊണ്ടുതന്നെ	മർദ്ദിതും	തകർപ്പാനായി
		ആശങ്കതേ.	ഉദ്ദേശിച്ചിരിക്കയാണ്.

ശതം ശതസഹസ്രാണി ശതകോടിശതാനി ച
ഹരീണാം യൂഥപാഃ സന്തി ബലിനാം ച മഹൌജസാം. 52

"ബലിനാം ച മഹൌജസാം	"അതിശക്തിമാന്മാരും മഹാ പരാക്രമശാലികളുമായ	ശതം ശതസഹസ്രാണി	നൂറുലക്ഷങ്ങളും
ഹരീണാം	വാനരന്മാരുടെ	ശതകോടിശതാനി ച	പതിനായിരം കോടികളും
യൂഥപാഃ,	സേനാധിപന്മാർ,	സന്തി.	ഉണ്ട്.

ഏതേ ദുഷ്പ്രസഹാ ഘോരാ ബലിനഃ കാമരൂപിണഃ
യൂഥപാ യൂഥപശ്രേഷ്ഠാ ഏഷാം യൂഥാനി ഭാഗശഃ. 53

"ഏതേ	"ഈ	ഘോരാഃ;	ഉഗ്രശീലന്മാർ;
യൂഥപാഃ	സേനാധിപന്മാർ	ബലിനഃ;	മഹാശക്തിമാന്മാർ;
യൂഥപശ്രേഷ്ഠാഃ;	സേനാധിപന്മാരിൽ മികച്ചവരാകുന്നു;	കാമരൂപിണഃ;	വേണ്ടുന്നവടിവുകയ്ക്കൊള്ളുന്നവർ;
ദുഷ്പ്രസഹാഃ;	അടക്കപ്പെടുവാൻ കഴിയാത്തവർ;	ഏഷാം	ഇവരുടെ
		യൂഥാനി	സൈന്യങ്ങൾ
		ഭാഗശഃ."	വകുപ്പു് വകുപ്പായുണ്ട്."

ഇത്യാർഷേ ശ്രീമദ്രാമായണേ വാല്മീകീയേ ആദികാവ്യേ യുദ്ധകാണ്ഡേ
ഷഡ്വിംശഃ സർഗ്ഗഃ = ഇരുപത്താറാംസർഗ്ഗം സമാപ്തം.

ആദ്യം മുതൽ ശ്ലോകസംഖ്യ 15652; യുദ്ധകാണ്ഡം ആദ്യം മുതൽ ശ്ലോകസംഖ്യ 977.

സപ്തവിംശഃ സർഗ്ഗഃ = ഇരുപത്തേഴാംസർഗ്ഗം.

[ഹരാദിയൂഥപപരാക്രമവർണ്ണനം = ഹരൻ മുതലായ വാനരസേനാധിപന്മാരുടെ പരാക്രമങ്ങളെ വർണ്ണിക്കുന്നതു്.]

താംസ്തു തേഽഹം പ്രവക്ഷ്യാമി പ്രേക്ഷമാണസ്യ യൂഥപാൻ
രാഘവാർത്ഥേ പരാക്രാന്താ യേ ന രക്ഷന്തി ജീവിതം. 1

"രാഘവാർത്ഥേ	"ശ്രീരാമകൈങ്കര്യത്തിൽ	താൻ	ആ
പരാക്രാന്താഃ	ദൃഢനിശ്ചയം പൂണ്ടവരായി	യൂഥപാൻ തു	സേനാധിപന്മാരെക്കുറിച്ചും,
യേ	യാതൊരുവർ,	പ്രേക്ഷമാണസ്യ	തൃക്കൺപാർക്കുന്ന
ജീവിതം	തങ്ങടെ ജീവനെ	തേ	നിന്തിരുവടിയോടായി
രക്ഷന്തി ന,	രക്ഷിപ്പാൻ കൂട്ടാക്കാതിരിക്കുന്നുവോ,	അഹം	ഞാൻ
		പ്രവക്ഷ്യാമി.	ഉണർത്തിക്കാം.

സ്നിഗ്ദ്ധാ യസ്യ ബഹുവ്യാമാ വാലാ ലാംഗൂലമാശ്രിതാഃ
താമ്രാഃ പീതാഃ സിതാഃ ശ്വേതാഃ പ്രകീർണ്ണാ ഘോരകർമ്മണഃ 2
പ്രഗൃഹീതാഃ പ്രകാശന്തേ സൂര്യസ്യേവ മരീചയഃ
പൃഥിവ്യാം ചാനുകൃഷ്യന്തേ താരോ നാമൈഷ യൂഥപഃ 3
യം പൃഷ്ഠതോഽനുഗച്ഛന്തി ശതശോഽഥ സഹസ്രശഃ
ദ്രുമാനുദ്യമ്യ സഹസാ ലങ്കാരോഹണതത്പരാഃ
യൂഥപാ ഹരിരാജസ്യ കിങ്കരാഃ സമുപസ്ഥിതാഃ. 4

"ഘോരകർമ്മണഃ	"ഉഗ്രകൃത്യങ്ങൾ ചെയ്യുന്നവനായ
യസ്യ	യാതൊരുവന്റെ
ലാംഗൂലമാശ്രിതാഃ	വാലിൽ ഉള്ളവയായ
വാലാഃ	രോമങ്ങൾ
സ്നിഗ്ദ്ധാഃ	മയമുള്ളവയായും
ബഹുവ്യാമാഃ	എത്രയോ മാറ് നീണ്ടവയായും
താമ്രാഃ	ചെമ്പിച്ചവയായും
പീതാഃ	മഞ്ഞയായും
ശ്വേതാഃ	വെളുത്തും
സിതാഃ	ജടപിടിച്ചവയായും
പ്രകീർണ്ണാഃ,	തിങ്ങിനിറഞ്ഞിരിക്കുന്നുവോ,
സൂര്യസ്യ	സൂര്യന്റെ
പ്രഗൃഹീതാഃ	എടുത്തുപിടിച്ച
മരീചയഃ	കിരണങ്ങൾ
ഇവ	പോലെ
പ്രകാശന്തേ,	പ്രകാശിക്കുന്നുവോ,
പൃഥിവ്യാം	നിലത്ത്

അനുകൃഷ്യന്തേ ച,	ഇഴയുന്നുവോ,
യം	യാതൊരുവനെ
ഹരിരാജസ്യ	വാനരരാജാവിന്റെ
കിംകരാഃ	കിങ്കരന്മാരും
യൂഥപാഃ	സേനാധിപന്മാരും
ശതശഃ	നൂറുക്കണക്കായും
സഹസ്രശഃ	ആയിരക്കണക്കായും
സഹസാ	അലക്ഷ്യമായി
ദ്രുമാൻ	വൃക്ഷങ്ങളെ
ഉദ്യമ്യ	എടുത്തുംകൊണ്ട്
ലങ്കാരോഹണതത്പരാഃ	ലങ്കയെത്തന്നെ ആക്രമിപ്പാൻ കൊതിപൂണ്ടവരായി
സമുപസ്ഥിതാഃ	സന്നദ്ധരായിരുന്നുകൊണ്ട്
പൃഷ്ഠതഃ	പിന്നിൽ
അനുഗച്ഛന്തി,	അനുഗമിക്കുന്നുവോ,
ഏഷഃ അഥ	ആ ഇവൻതന്നെയാണ്
താരഃ നാമ	താരനെന്ന
യൂഥപഃ.	സേനാധിപൻ.

നീലാനിവ മഹാമേഘാൻ തിഷ്ഠതോ യാംസ്തു പശ്യസി
അസിതാഞ്ജനസങ്കാശാൻ യുദ്ധേ സത്യപരാക്രമാൻ 5
അസംഖ്യേയാനനിർദ്ദേശ്യാൻ പരം പാരമിവോദധേഃ
നഖദംഷ്ട്രായുധാൻ വീരാൻ തീക്ഷ്ണകോപാൻ ഭയാവഹാൻ 6
പർവ്വതേഷു ച യേ കേചിദ്വിഷമേഷു നദീഷു ച
ഏതേ ത്വാമഭിവർത്തന്തേ രാജന്നൃക്ഷാഃ സുദാരുണാഃ. 7

"രാജൻ!	"മഹാരാജാവേ!
മഹാമേഘാൻ ഇവ	വൻകാറുകൾപോലെ
നീലാൻ	കറുത്തവരായി

അസിതാഞ്ജനസംകാശാൻ	കറുത്ത അഞ്ജനപർവ്വതമൊത്തവരും
യുദ്ധേ	പോരിൽ
സത്യപരാക്രമാൻ	സുസ്ഥിരപരാക്രമം പൂണ്ട്

തിഷ്ഠതഃ	നില്ക്കുന്നവരും
ഉദധേഃ	സമുദ്രത്തിന്റെ
പരം പാരം ഇവ	അക്കരയെന്നപോലെ തന്നെ
അനിർദ്ദേശ്യാൻ	അററം കാണാത്തവരാ[യി]
അസംഖ്യേയാൻ	എണ്ണമററുള്ളവരും [യി
നഖദംഷ്ട്രായുധാൻ	നഖങ്ങളും പല്ലുകളും ആയുധങ്ങളായുള്ളവരും
വീരാൻ	വീരന്മാരും
തീക്ഷ്ണകോപാൻ	കടുത്തകോപം പൂണ്ടവരും
ഭയാവഹാൻ ച	ഭീതിയുളവാക്കുന്നവരും ആയ
യാൻ തു	യാതൊരുവരെത്തന്നെ
പശ്യസി,	നിന്തിരുവടി നോക്കുന്നു
പർവ്വതേഷു	പർവ്വതങ്ങളിലും [വോ,
വിഷമേഷു	ദുർഘടസ്ഥലങ്ങളിലും
നദീഷു,	നദികളിലും,
യേ കേചിത് ച,	യാവചിലർ ഉണ്ടോ, അപ്രകാരമുള്ള
ഏതേ	ഈ
സുദാരുണാഃ	ഭയങ്കരന്മാരായ
ഋക്ഷാഃ,	കരടികൾ,
ത്വാം	നിന്തിരുവടിയെ
അഭിവർത്തന്തേ.	എതിരിട്ടുവരുന്നു.

ഏഷാം മദ്ധ്യേ സ്ഥിതോ രാജൻ ഭീമാക്ഷോ ഭീമദർശനഃ
പർജ്ജന്യ ഇവ ജീമൂതൈഃ സമന്താത് പരിവാരിതഃ 8
ഋക്ഷവന്തം ഗിരിശ്രേഷ്ഠമദ്ധ്യാസ്തേ നർമ്മദാം പിബൻ
സർവ്വർക്ഷാണാമധിപതിർധൂമ്രോ നാമൈഷ യൂഥപഃ. 9

"രാജൻ!	"രാജാവേ!
പർജ്ജന്യഃ	മഴയ്ക്കു് അധിപനായ പർജ്ജന്യഭഗവാൻ
ജീമൂതൈഃ	മേഘങ്ങളാൽ
സമന്താത്	നാലുപാടും
പരിവാരിതഃ ഇവ,	ചൂഴപ്പെട്ടിരിക്കുന്നതുപോലെ,
ഏഷാം	ഇവരുടെ
മദ്ധ്യേ	നടുവിൽ
ഭീമാക്ഷഃ	ഭയങ്കരനേത്രങ്ങളാന്നവ
ഭീമദർശനഃ	ഉഗ്രരൂപിയായി [നായി
സ്ഥിതഃ	നില്ക്കുന്ന
ഏഷഃ	ഈ
യൂഥപഃ	സേനാധിപൻ
ധൂമ്രഃ നാമ;	ധൂമ്രനെന്നവനാകുന്നു;
സർവ്വർക്ഷാണാം	എല്ലാകരടികൾക്കും
അധിപതിഃ;	അധിപതി;
നർമ്മദാം	നർമ്മദാജലത്തെ
പിബൻ	കുടിച്ചുകൊണ്ടു്
ഋക്ഷവന്തം	ഋക്ഷവാൻ എന്ന
ഗിരിശ്രേഷ്ഠം	വൻഗിരിയിൽ
അദ്ധ്യാസ്തേ.	അധിവസിക്കുന്നു.

യവീയാനസ്യ തു ഭ്രാതാ പശ്യൈനം പർവ്വതോപമം
ഭ്രാത്രാ സമാനോ രൂപേണ വിശിഷ്ടസ്തു പരാക്രമൈഃ. 10

"അസ്യ	"ഇവന്റെ
യവീയാൻ	ഇളയ
ഭ്രാതാ,	സഹോദരനായി,
രൂപേണ തു	രൂപംകൊണ്ടു്
ഭ്രാത്രാ	ഭ്രാതാവിനു
സമാനഃ,	തുല്യനായും,
പരാക്രമൈഃ തു	പരാക്രമത്തിലാണെന്നാൽ
വിശിഷ്ടഃ	അവനിലും കവിഞ്ഞവനായും,
പർവ്വതോപമം	പർവ്വതാകാരനായും ഉള്ള
ഏനം	ഇവനെ
പശ്യ.	നോക്കിയാലും.

സ ഏഷ ജാംബവാൻ നാമ മഹായൂഥപയൂഥപഃ
പ്രശാന്തോ ഗുരുവൎത്തീ ച സംപ്രഹാരേഷ്വമൎഷണഃ. 11

"സഃ	"ആ	പ്രശാന്തഃ ;	ഗുണശീലൻ ;
ഏഷഃ ച	ഇവൻതന്നെയാണ്	ഗുരുവൎത്തീ ;	സ്വാമിഭക്തൻ ;
മഹായൂഥപ-യൂഥപഃ	മഹാസേനാധിപന്മാൎക്കും തലവനായ	സംപ്രഹാരേഷു	പോരാട്ടങ്ങളിൽ
ജാംബവാൻ നാമ ;	ജാംബവാനെന്നവൻ ;	അമൎഷണഃ.	വെല്ലപ്പെട്ടവാൻ കഴിയാത്തവൻ.

ഏതേന സാഹ്യം സുമഹത് കൃതം ശക്രസ്യ ധീമതാ
ദൈവാസുരേ ജാംബവതാ ലബ്ധാശ്ച ബഹവോ വരാഃ. 12

"ധീമതാ	"ബുദ്ധിമാനായ	സാഹ്യം	സഹായം
ഏതേന	ഈ	കൃതം ച	ചെയ്യപ്പെട്ടകയും
ജാംബവതാ,	ജാംബവാനാൽ,	ബഹവഃ	എത്രയോ
ദൈവാസുരേ	ദേവാസുരയുദ്ധത്തിൽ	വരാഃ	വരങ്ങൾ
ശക്രസ്യ	ഇന്ദ്രന്	ലബ്ധാഃ.	ലഭിക്കപ്പെട്ടകയും ചെയ്തിട്ടുണ്ട്
സുമഹത്	മഹത്തായ		

ആരുഹ്യ പൎവ്വതാഗ്രേഭ്യോ മഹാഭ്രവിപുലാഃ ശിലാഃ
മുഞ്ചന്തി വിപുലാകാരാ ന മൃത്യോരുദ്വിജന്തി ച 13
രാക്ഷസാനാം ച സദൃശാഃ പിശാചാനാം ച ലോമശാഃ
ഏതസ്യ സൈന്യാ ബഹവോ വിചരന്ത്യഗ്നിതേജസഃ. 14

"വിപുലാകാരാഃ	"വൻശരീരങ്ങളാന്നവരും	പിശാചാനാം ച	പിശാചക്കും
അഗ്നിതേജസഃ	അഗ്നിപോലെ പ്രകാശിക്കുന്നവരും ആയ	സദൃശാഃ ;	സമന്മാരാകുന്നു ;
ഏതസ്യ	ഇവന്റെ	മൃത്യോഃ	കാലനെ
ബഹവഃ	അനവധി	ഉദ്വിജന്തി ന ;	കൂസാത്തവർ ;
സൈന്യാഃ	സൈന്യങ്ങൾ	ആരുഹ്യ	കയറിച്ചെന്ന്
വിചരന്തി ;	ചുററിത്തിരിഞ്ഞുകൊണ്ടിരിക്കുന്നു ;	പൎവ്വതാഗ്രേഭ്യഃ	മലകളുടെ അഗ്രങ്ങളിൽനിന്ന്
ലോമശാഃ	രോമം തഴച്ചവരായ ഇവർ	മഹാഭ്ര-വിപുലാഃ	മഹാമേഘങ്ങൾപോലെ വമ്പിച്ച
രാക്ഷസാനാം ച	രാക്ഷസന്മാൎക്കും	ശിലാഃ	പാറകളെ
		മുഞ്ചന്തി ച.	പുഴക്കിയെറിയുന്നു.

യം ത്വേനമഭിസംരബ്ധം പ്ലവമാനമിവ സ്ഥിതം
പ്രേക്ഷന്തേ വാനരാഃ സൎവ്വേ സ്ഥിതാ യൂഥപയൂഥപം 15
ഏഷ രാജൻ സഹസ്രാക്ഷം പൎയ്യുപാസ്തേ ഹരീശ്വരഃ
ബലേന ബലസംപന്നോ ദംഭോ നാമൈഷ യൂഥപഃ. 16

" രാജൻ!	" രാജാവേ!
അതിസംരബ്ധം	അതിക്രുദ്ധനായി
പ്ലവമാനം ഇവ,	തുള്ളുന്നവനെന്നപോ
സ്ഥിതം	നില്ക്കുന്നവനും [ലെ
യൂഥപയൂഥപം	സേനാധിപന്മാൎക്ക് നേതാവും ആയ
യം	യാതൊരു
ഏനം	ഇവനെ
സ്ഥിതാഃ	അങ്ങുള്ള
വാനരാഃ	വാനരന്മാർ
സൎവ്വേ	എല്ലാവരും
പ്രേക്ഷന്തേ	നോക്കിക്കൊണ്ടിരിക്കു
ഏഷഃ	ഈ [ന്നുവോ
യൂഥപഃ തു	സേനാധിപൻ തന്നെ യാണ്
ദംഭഃ നാമ;	ദംഭനെന്നവൻ;
ഏഷഃ	ഈ
ബലസംപന്നഃ	ബലശാലിയായ
ഹരിശാൎദ്ദൂലഃ	വാനരശ്രേഷ്ഠൻ
ബലേന	തന്റെ കയ്യൂക്കുകൊ
സഹസ്രാക്ഷം	ഇന്ദ്രനെ [ണ്ട്
പൎയ്യുപാസ്തേ.	ആശ്രയിക്കുന്നു.

യഃ സ്ഥിതം യോജനേ ശൈലം ഗച്ഛൻ പാൎശ്വേന സേവതേ
ഊൎദ്ധ്വം തഥൈവ കായേന ഗതഃ പ്രാപ്നോതി യോജനം 17
യസ്മാന്ന പരമം രൂപം ചതുഷ്പാദേഷു വിദ്യതേ
ശ്രുതഃ സന്നാദനോ നാമ വാനരാണാം പിതാമഹഃ. 18

" യഃ	" യാതൊരുവൻ
യോജനേ	ഒരു യോജന ദൂരത്തിൽ
സ്ഥിതം	ഉള്ള
ശൈലം	മലയിലോട്ടായി
ഗച്ഛൻ	ഒരടി എടുത്തുവെച്ചവനായി
പാൎശ്വേന	അതിന്റെ അടുത്ത്
സേവതേ,	എത്തിയിരിക്കുന്നുവോ,
തഥാ ഏവ	അപ്രകാരം തന്നെ
കായേന	ദേഹത്താൽ
ഊൎദ്ധ്വം ഗതഃ	ഉയരെ പൊങ്ങിനില്ക്കുന്നവനായി
യോജനം	ഒരു യോജനദൂരം
പ്രാപ്നോതി,	എത്തുന്നുവോ,
യസ്മാത്	യാതൊരുവനെക്കാൾ
പരമം	വലുതായ
രൂപം	ദേഹം
ചതുഷ്പാദേഷു	നാല്ക്കാലികളിൽ
വിദ്യതേ ന	ഒന്നിനും ഇല്ലയോ,
വാനരാണാം	വാനരന്മാൎക്ക് [അവൻ
പിതാമഹഃ	പിതാമഹനായി
ശ്രുതഃ	പേർ കേട്ട
സംനാദനഃ നാമ.	സംനാദനനെന്നവനാകുന്നു.

യേന യുദ്ധം പുരാ ദത്തം രണേ ശക്രസ്യ ധീമതാ
പരാജയശ്ച ന പ്രാപ്തഃ സോഽയം യൂഥപയൂഥപഃ. 19

" പുരാ	" പണ്ട്
ധീമതാ	ബുദ്ധിമാനായ
യേന	യാതൊരുവനാൽ
ശക്രസ്യ	ഇന്ദ്രന്റെ
രണേ	യുദ്ധത്തിൽ
യുദ്ധം ദത്തം,	യുദ്ധംചെയ്യപ്പെട്ടുവോ,
പരാജയഃ ച	തോല്വിയെന്നതും
പ്രാപ്തഃ ന,	പ്രാപിക്കപ്പെട്ടില്ലയോ,
സഃ	അപ്രകാരമുള്ള
യൂഥപയൂഥപഃ	സേനാധിപ നേതാവാ
അയം.	ഇവൻ. [കുന്നു

യസ്യ വിക്രമമാണസ്യ ശക്രസ്യേവ പരാക്രമഃ
ഏഷ ഗന്ധവ്വകന്യായാമുത്പന്നഃ കൃഷ്ണവർത്മനഃ 20
തദാ ദൈവാസുരേ യുദ്ധേ സാഹ്യാത്ഥം ത്രിദിവൌകസാം. 21

"തദാ	"ആ സമയം,
ദൈവാസുരേ	ദേവന്മാക്കും അസുരന്മാക്കും തമ്മിലുണ്ടായ
യുദ്ധേ	യുദ്ധത്തിൽ
വിക്രമമാണസ്യ	പരാക്രമത്തെ പ്രദശിപ്പിച്ചിരുന്ന
യസ്യ	യാതൊരുവന്റെ
പരാക്രമഃ	വിക്രമം
ശക്രസ്യ	ഇന്ദ്രന്റെ
ഇവ,	എന്നപോലെ ആയിരുന്നുവോ, അപ്രകാരമുള്ള
ഏഷഃ	ഇവൻ
ത്രിദിവൌകസാം	ദേവന്മാക്ക്
സാഹ്യാത്ഥം	സഹായിപ്പാനായി,
കൃഷ്ണവർത്മനഃ	അഗ്നിക്ക്
ഗന്ധവ്വ-കന്യായാം	ഗന്ധവ്വസ്ത്രീയിൽ
ഉത്പന്നഃ.	ജനിച്ചവനാകുന്നു.

യസ്യ വൈശ്രവണോ രാജാ ജംബൂമുപനിഷേവതേ
യോ രാജാ പവ്വതേന്ദ്രാണാം ബഹുകിന്നരസേവിനാം 22
വിഹാരസുഖദോ നിത്യം ഭ്രാതുസ്തേ രാക്ഷസാധിപ
തത്രൈഷ വസതി ശ്രീമാൻ ബലവാൻ വാനരഷഭഃ 23
യുദ്ധേഷ്വകത്ഥനോ നിത്യം ക്രഥനോ നാമ യൂഥപഃ
വൃതഃ കോടിസഹസ്രേണ ഹരീണാം സമുപസ്ഥിതഃ. 24

"രാക്ഷസാധിപ!	"രാക്ഷസേശ്വര!
യസ്യ	യാതൊരുദിക്കിലുള്ളതായ
ജംബൂം	ഞാവൽ വൃക്ഷത്തെ
വൈശ്രവണഃ രാജാ	കുബേരമഹാരാജാവ്
ഉപനിഷേവതേ,	ആശ്രയിക്കുന്നുവോ,
യഃ	യാതൊന്ന്
ബഹുകിന്നര-സേവിനാം	പല കിന്നരന്മാരാൽ സേവിക്കപ്പെട്ട
പവ്വതേന്ദ്രാണാം	വൻപവ്വതങ്ങൾക്ക്
രാജാ	രാജാവായി
തേ	നിന്തിരുവടിയുടെ
ഭ്രാതുഃ	ജ്യേഷ്ഠനായ കുബേരന്ന്
നിത്യം	എന്നും
വിഹാര-സുഖദഃ	വിഹരിക്കുന്നതിനായുള്ള സുഖത്തെ നൽകുന്നുവോ,
തത്ര	അവിടെയാണ്
ഏഷഃ	ഈ
ക്രഥനഃ നാമ,	ക്രഥനൻ എന്നവൻ
വസതി;	വാസംചെയ്യുന്നത്
ശ്രീമാൻ	അതിപ്രസിദ്ധിപൂണ്ട
ബലവാൻ	ബലവാനും
വാനരഷഭഃ	വാനരോത്തമനുമായ
യൂഥപഃ;	സൈന്യാധിപൻ;
നിത്യം	എപ്പോഴും
യുദ്ധേഷു	യുദ്ധങ്ങളിൽ
അകത്ഥനഃ;	വീമ്പുപറയാതെ പ്രവൃത്തികൊണ്ട് പരാക്രമത്തെ പ്രദശിപ്പിക്കുന്നവൻ;
ഹരീണാം	വാനരന്മാരുടെ
കോടി-സഹസ്രേണ,	ആയിരം കോടിയാൽ
വൃതഃ	ചൂഴപ്പെട്ടവനായി
സമുപസ്ഥിതഃ.	യുദ്ധസന്നദ്ധനായി നില്ക്കുന്നു.

യോ ഗംഗാമനു പൎയ്യേതി ത്രാസയൻ ഹസ്തിയൂഥപാൻ
ഹസ്തിനാം വാനരാണാം ച പൂൎവ്വവൈരമനുസ്മരൻ 25
ഏഷ യൂഥപതിൎന്നേതാ ഗച്ഛൻ ഗിരിഗുഹാശയഃ
ഗജാൻ യോധയതേ വന്യാൻ ഗിരീംശ്ചൈവ മഹീരുഹാൻ 26
ഹരീണാം വാഹിനീമുഖ്യോ നദീം ഹൈമവതീമനു
ഉശീരബീജമാശ്രിത്യ പൎവ്വതം മന്ദരോപമം
രമതേ വാനരശ്രേഷ്ഠോ ദിവി ശക്ര ഇവ സ്വയം 27
ഏനം ശതസഹസ്രാണാം സഹസ്രമനുവൎത്തതേ
വീൎയ്യവിക്രമദൃപ്താനാം നൎദ്ദതാം ബലശാലിനാം 28
സ ഏഷ നേതാ ചൈതേഷാം വാനരാണാം മഹാത്മനാം 29
സ ഏഷ ദുൎദ്ധരോ രാജൻ പ്രമാഥീ നാമ യൂഥപഃ
വാതേനേവോദ്ധുതം മേഘം യമേനമനുപശ്യസി 30
അനീകമപി സംരബ്ധം വാനരാണാം തരസ്വിനാം
ഉദ്ധൂതമരുണാഭാസം പവനേന സമന്തതഃ
വിവൎത്തമാനം ബഹുധാ യത്രൈതദ്ബഹുളം രജഃ. 31

"രാജൻ!	"രാജാവേ!
യഃ	യാതൊരുവൻ
ഹസ്തിനാം	ആനകൾക്കും
വാനരാണാം ച	കപികൾക്കുംതമ്മിലു[ള്ള
പൂൎവ്വവൈരം	പൂൎവ്വവൈരത്തെ
അനുസ്മരൻ,	കരുതിക്കൊണ്ട്,
ഗംഗാം അനു	ഗംഗാപ്രദേശത്തിൽ
ഹസ്തിയൂഥപാൻ	ആനക്കൂട്ടങ്ങളെ
ത്രാസയൻ	വിറപ്പിച്ചുംകൊണ്ട്
പൎയ്യേതി,	സഞ്ചരിക്കുന്നുവോ,
വാതേന	കാററിനാൽ
ഉദ്ധുതം മേഘം ഇവ	അടിക്കപ്പെട്ട മേഘം പോലെയുള്ള
യം ഏനം,	യാതൊരു ഇവനേയും,
തരസ്വിനാം	പരാക്രമികളായ
വാനരാണാം ഉദ്ധൂതം	വാനരന്മാരാൽ പറപ്പിക്കപ്പെട്ടതായ
ഏതത് ബഹുളം	ഈ വമ്പിച്ച
അരുണാഭാസം രജഃ	ചുവന്ന പൊടിപടലത്തെ
ബഹുധാ	പലവാറായി
സമന്തതഃ	ചുററും
പവനേന	കാററിനാൽ
വിവൎത്തമാനം,	ചുഴററപ്പെടുന്നതിനെ
സംരബ്ധം	ക്രുദ്ധിച്ചിരിക്കുന്ന [യും,
അനീകം അപി,	സൈന്യത്തേയും
യത്ര	യാതൊരുദിക്കിൽ
അനുപശ്യസി,	നിന്തിരുവടി തൃക്കൺ പാൎക്കുന്നുവോ,
സഃ	അപ്രകാരമുള്ള
ഏഷഃ	ഇവൻ
പ്രമാഥീ നാമ	പ്രമാഥിയെന്ന
യൂഥപഃ;	സേനാധിപനാകുന്നു;
ഏനം	ഇവനെ
ബലശാലിനാം	ബലശാലികളും
നൎദ്ദതാം	അട്ടഹസിക്കുന്നവരും
വീൎയ്യവിക്രമ-ദൃപ്താനാം	വീൎയ്യപരാക്രമങ്ങളാൽ മദിച്ചവരും ആയ
ശതസഹ-സ്രാണാം സഹസ്രം	പത്തുകോടിപ്പേർ
അനുവൎത്തതേ;	അനുസരിക്കുന്നു;

സഃ	ആ
ഏഷഃ ച	ഇവൻതന്നെയാണ്
ഏതേഷാം	ഈ
മഹാത്മനാം	മഹാവിക്രമികളായ
വാനരാണാം	കപികളുടെ
നേതാ;	നായകൻ;
ദുർദ്ധരഃ;	ആരാലും അടക്കപ്പെട്ടുവാൻ കഴിയാത്ത
യൂഥപതിഃ;	സേനാധിപൻ;
നേതാ;	പടകളെ ഒതുക്കിനടത്തുന്നവൻ;
ഗിരിഗുഹാശയഃ;	പർവ്വത ഗുഹകളിൽ വസിക്കുന്നവൻ;
ഹരീണാം	വാനരന്മാരുടെ
വാഹിനീമുഖ്യഃ;	സൈന്യത്തിൽ മുഖ്യ നായകൻ;
വാനരശ്രേഷ്ഠഃ;	വാനരന്മാരിൽ ഉത്തമൻ;
ഏഷഃ	ഇവൻ
ഗച്ഛൻ,	നടന്നുകൊണ്ടു തന്നെ,
വന്യാൻ	കാട്ടിലുള്ള
ഗജാൻ ച	ആനകളേയും,
ഗിരീൻ ഏവ	മലകളേയും,
മഹീരുഹാൻ	വൃക്ഷങ്ങളേയും
യോധയതേ;	എതിർക്കുന്നു;
ഹൈമവതീം നദീം അനു,	ഗംഗാനദിയ്ക്കരികായി
മന്ദരോപമം	മന്ദരപർവ്വത സദൃശ
ഉശീരബീജം	ഉശീരബീജമെന്ന [മായ
പർവ്വതം	പർവ്വതത്തെ
ആശ്രിത്യ,	പ്രാപിച്ച്,
ദിവി	ദേവലോകത്തിൽ
സ്വയം	സാക്ഷാൽ
ശക്രഃ	ഇന്ദ്രൻ
ഇവ,	എന്നപോലെ,
രമതേ.	കാലം കഴിക്കുന്നു.

["വാനരന്മാർക്കും ആനകൾക്കും തമ്മിൽ മത്സരം ഉണ്ടായതിനെക്കുറിച്ച് പുരാണാന്തരത്തിൽ ഇപ്രകാരം പറയപ്പെട്ടിരിക്കുന്നു. പണ്ട് ശംബസാദനനെന്ന അസുരൻ ഗജരൂപിയായി മുനിമാരെയെല്ലാം ദ്രോഹിച്ചിരുന്ന സമയം, അവരാൽ അപേക്ഷിക്കപ്പെട്ടവനായ കേസരി എന്ന വാനരൻ, അസുരനെ ഹനിച്ചു. പിന്നെ മുനിമാരുടെ വരപ്രസാദത്താലാണ് കേസരിക്ക് അത്യുത്കൃഷ്ടനായ ഹനുമാൻ പുത്രനായി ജനിച്ചത്. അന്നുമുതൽക്ക് വാനരന്മാർക്കും ഗജങ്ങൾക്കും തമ്മിൽ വൈരം തുടങ്ങിയത്രെ." ഗോ. രാ.]

ഏതേഽസിതമുഖാ ഘോരാ ഗോലാംഗൂലാ മഹാബലാഃ
ശതം ശതസഹസ്രാണി ദൃഷ്ട്വാ വൈ സേതുബന്ധനം 32
ഗോലാംഗൂലം മഹാവേഗം ഗവാക്ഷം നാമ യൂഥപം
പരിവാർയ്യാഭിവർത്തന്തേ ലങ്കാം മർദ്ദിതുമോജസാ. 33

"ഏതേ	"ഈ
അസിതമുഖാഃ	കറുത്തമുഖമാർന്നവരും
ഘോരാഃ	ഘോരന്മാരും
മഹാബലാഃ	മഹാബലശാലികളും ആയ
ശതം ശതസഹസ്രാണി	നൂറുലക്ഷം
ഗോലാംഗൂലാഃ,	ഗോലാംഗൂലങ്ങൾ,
സേതുബന്ധനം	സേതുബന്ധനം
ദൃഷ്ട്വാ,	കണ്ട്,
മഹാവേഗം	മഹാശക്തിമാനും
യൂഥപം	സേനാധിപനും
ഗോലാംഗൂലം	ഗോലാംഗൂലവുമായ
ഗവാക്ഷം നാമ	ഗവാക്ഷനെന്നവനെ
പരിവാർയ്യ,	വളഞ്ഞുകൊണ്ടു,
ഓജസാ	വീർയ്യത്താൽ
ലങ്കാം	ലങ്കയെ
മർദ്ദിതും	തകർപ്പാനായി
അഭിവർത്തന്തേ വൈ.	എതിരിട്ടുവരുന്നു.

ഭ്രമരാചരിതാ യത്ര സർവ്വകാമഫലദ്രുമാഃ
യം സൂര്യസ്തുല്യവർണ്ണാഭമനുപര്യേതി പർവ്വതം 34
യസ്യ ഭാസാ സദാ ഭാന്തി തദ്വർണ്ണാ മൃഗപക്ഷിണഃ
യസ്യ പ്രസ്ഥം മഹാത്മാനോ ന ത്യജന്തി മഹർഷയഃ 35
സർവ്വകാമഫലാ വൃക്ഷാഃ സദാ ഫലസമന്വിതാഃ
മധൂനി ച മഹാർഹാണി യസ്മിൻ പർവ്വതസത്തമേ 36
തത്രൈഷ രമതേ രാജൻ രമ്യേ കാഞ്ചനപർവ്വതേ
മുഖ്യോ വാനരമുഖ്യാനാം കേസരീ നാമ യൂഥപഃ. 37

"രാജൻ!	"രാജാവേ!
യത്ര	യാതൊന്നിൽ
ഭ്രമരാചരിതാഃ	വണ്ടുകളാക്കുന്നവയും
സർവ്വകാമ- ഫലദ്രുമാഃ	വേണ്ടുന്ന പഴങ്ങളെ നൽകുന്നവയും ആയ വൃക്ഷങ്ങൾ ഉണ്ടോ,
തുല്യവർണ്ണാഭം	സ്വന്തം പ്രഭയ്ക്കൊത്ത നിറമാന്ന
യം പർവ്വതം	യാതൊരു പർവ്വതത്തെ
സൂര്യഃ	സൂര്യൻ
അനുപര്യേതി,	അടുക്കുന്നുവോ,
യസ്യ	യാതൊന്നിന്റെ
ഭാസാ	കാന്തികൊണ്ട്
മൃഗപക്ഷിണഃ	മൃഗങ്ങളും പക്ഷികളും
സദാ	എപ്പോഴും
തദ്വർണ്ണാഃ	അതിന്റെ നിറം പൂണ്ടവയായി
ഭാന്തി,	വിലസുന്നുവോ,
യസ്യ	യാതൊന്നിന്റെ
പ്രസ്ഥം	താഴ്വരകളെ
മഹാത്മാനഃ	മഹാത്മാക്കളായ
മഹർഷയഃ	മഹർഷിമാർ
ത്യജന്തി ന,	വിട്ട് അകലാതിരിക്കുന്നുവോ,
യസ്മിൻ	യാതൊരു
പർവ്വതസത്തമേ	ആ ശ്രേഷ്ഠഗിരിയിൽ
സർവ്വകാമഫലാഃ	വേണ്ടുന്ന ഫലങ്ങളുള്ളവയും
സദാ ഫല- സമന്വിതാഃ	എന്നും പഴങ്ങളാന്നവയും ആയ
വൃക്ഷാഃ	വൃക്ഷങ്ങളും
മഹാർഹാണി	ഉത്കൃഷ്ടങ്ങളായ
മധൂനി ച,	തേനാടകളുമുണ്ടോ,
തത്ര	അപ്രകാരമുള്ള
രമ്യേ	മനോഹരമായ
കാഞ്ചനപർവ്വതേ,	കാഞ്ചനപർവ്വതത്തിൽ
വാനര- മുഖ്യാനാം മുഖ്യഃ	വാനരത്തലവന്മാരിൽ മുഖ്യനും
യൂഥപഃ	സേനാധിപനുമായ
കേസരീ നാമ	കേസരിയെന്ന
ഏഷഃ	ഇവൻ
രമതേ.	സുഖമായി കാലംകഴിക്കുന്നു.

ഷഷ്ടിർഗിരിസഹസ്രാണാം രമ്യാഃ കാഞ്ചനപർവ്വതാഃ
തേഷാം മദ്ധ്യേ ഗിരിവരസ്ത്വമിവാനഘ രക്ഷസാം. 38

"അനഘ!	"കുറവറ്റുള്ളോവേ!
ഗിരിസഹ- സ്രാണാം ഷഷ്ടിഃ	അറുപതിനായിരം
രമ്യാഃ	അഴകാന്ന
കാഞ്ചന- പർവ്വതാഃ;	കാഞ്ചനപർവ്വതങ്ങൾ തൊട്ടുതൊട്ടുണ്ട്;
രക്ഷസാം	രാക്ഷസന്മാക്ക്
ത്വം	നിന്തിരുവടി
ഇവ,	എന്നപോലെ,
തേഷാം മദ്ധ്യേ	അവയ്ക്കുനടുവിലായി
ഗിരിവരഃ.	ഉത്തമപർവ്വതമൊന്നുണ്ട്.

തത്രൈതേ കപിലാഃ ശ്വേതാസ്താമ്രാസ്യാ മധുപിംഗളാഃ
നിവസന്ത്യുത്തമഗിരൌ തീക്ഷ്ണദംഷ്ട്രാ നഖായുധാഃ. 39

"തത്ര	"അ	മധുപിംഗളാഃ	തേൻപോലെ പിംഗളവൎണ്ണമുള്ളവരും
ഉത്തമഗിരൌ	ഗിരിശ്രേഷ്ഠനിൽ	തീക്ഷ്ണ-ദംഷ്ട്രാഃ	കൂൎത്തതേററകളുള്ളവരും
ഏതേ	ഈ	നഖായുധാഃ	നഖങ്ങൾ ആയുധങ്ങളായുള്ളവരും
കപിലാഃ	മയിലനിറമുള്ളവരും	നിവസന്തി.	നിവസിക്കുന്നു.
ശ്വേതാഃ	വെളുത്തവരും		
താമ്രാസ്യാഃ	ചെമ്പിച്ച മുഖമാൎന്നവരും		

സിംഹാ ഇവ ചതുർദംഷ്ട്രാ വ്യാഘ്രാ ഇവ ദുരാസദാഃ
സൎവ്വേ വൈശ്വാനരസമാ ജ്വലിതാശീവിഷോപമാഃ. 40

"സൎവ്വേ	"എല്ലാവരും	ദുരാസദാഃ,	അടുപ്പാൻ കഴിയാത്തവരും,
സിംഹാഃ ഇവ	സിംഹങ്ങളെന്നപോലെ	വൈശ്വാനര-സമാഃ	അഗ്നിതുല്യന്മാരും
ചതുർ-ദംഷ്ട്രാഃ,	നാലുതേററകളാൎന്നവരും	ജ്വലിതാശീ-വിഷോപമാഃ.	ചീറുന്ന സൎപ്പങ്ങളൊത്തവരുമാകുന്നു.
വ്യാഘ്രാഃ ഇവ	വേങ്ങപ്പുലികളെന്നപോലെ		

സുദീൎഘാഞ്ചിതലാംഗൂലാ മത്തമാതംഗസന്നിഭാഃ
മഹാപൎവ്വതസംകാശാ മഹാജീമൂതനിസ്വനാഃ. 41

"സുദീൎഘാഞ്ചി-തലാംഗൂലാഃ ;	"ധാരാളം നീണ്ട അഴകാൎന്ന വാലുള്ളവർ ;	മഹാപൎവ്വത-സംകാശാഃ ;	വൻഗിരികളൊത്തവർ ;
മത്തമാതംഗ-സംനിഭാഃ ;	മദിച്ച ആനകൾക്കൊത്തുള്ളവർ ;	മഹാജീമൂത-നിസ്വനാഃ.	മഹാമേഘങ്ങൾപോലെ ഗൎജ്ജിക്കുന്നവർ.

വൃത്തപിംഗളരക്താക്ഷാ ഭീമഭീമഗതിസ്വരാഃ
മൎദ്ദയന്തീവ തേ സൎവ്വേ തസ്ഥുൎല്ലങ്കാം സമീക്ഷ്യ തേ. 42

വൃത്തപിംഗള-രക്താക്ഷാഃ ;	ഉരുട്ടി മിഴിക്കുന്ന പിംഗളവൎണ്ണത്തിലും ചുടുത്തും ഉള്ള നേത്രങ്ങളോടുകൂടിയവർ ;	സൎവ്വേ	എല്ലാവരും
		തേ	നിന്തിരുവടിയുടെ
		ലങ്കാം	ലങ്കാപുരത്തെ
ഭീമഭീമഗതി-സ്വരാഃ ;	അതിഭയങ്കരമായ പ്രവൃത്തിയോടും ശബ്ദത്തോടുംകൂടിയവർ ;	സമീക്ഷ്യ	നോക്കി
		മൎദ്ദയന്തി ഇവ	ഇതാ തകൎത്തുകളയുമെന്നപോലെ
തേ	അവർ	തസ്ഥുഃ.	ഉറച്ചുനിന്നിട്ടുണ്ടു്.

ഏഷ ചൈഷാമധിപതിർമദ്ധ്യേ തിഷ്ഠതി വീര്യ്യവാൻ 43
ജയാർത്ഥീ നിത്യമാദിത്യമുപതിഷ്ഠതി ബുദ്ധിമാൻ 44
നാമ്നാ പൃഥിവ്യാം വിഖ്യാതോ രാജൻ ശതബലീതി യഃ
ഏഷൈവാശംസതേ ലങ്കാം സ്വേനാനീകേന മർദ്ദിതും. 45

"രാജൻ!	"രാജാവേ!	ബുദ്ധിമാൻ	ബുദ്ധിമാനുമായ ഇവൻ
ഏഷാം	ഇവരുടെ	നിത്യം	എന്നും
മദ്ധ്യേ	നടുവിൽ	ജയാർത്ഥീ	വിജയേച്ഛുവായി
അധിപതിഃ	നായകനായ	ആദിത്യം	ആദിത്യദേവനെ
യഃ	യാതൊരുവൻ	ഉപതിഷ്ഠതി;	ഉപാസനംചെയ്യുന്നു;
തിഷ്ഠതി,	നില്ക്കുന്നുണ്ടോ,	ഏഷഃ	ഇവൻ
ഏഷഃ ച	ഇവൻതന്നെയാണ്	സ്വേന	തന്റെ
ശതബലിഃ ഇതി	ശതബലിയെന്ന	അനീകേന ഏവ	സൈന്യത്തെക്കൊണ്ടു തന്നെ
നാമ്നാ	പേരിനാൽ		
പൃഥിവ്യാം	ലോകത്തിൽ	ലങ്കാം	ലങ്കയെ
വിഖ്യാതഃ	പ്രസിദ്ധിയാർന്നവൻ;	മർദ്ദിതും	മർദ്ദിപ്പാനായി
വീര്യ്യവാൻ	വീര്യ്യശാലിയും	ആശംസതേ.	കൊതിച്ചിരിക്കയാണ്.

വിക്രാന്തോ ബലവാൻ ശൂരഃ പൌരുഷേ സ്വേ വ്യവസ്ഥിതഃ
രാമപ്രിയാർത്ഥം പ്രാണാനാം ദയാം ന കുരുതേ ഹരിഃ. 46

"വിക്രാന്തഃ	"പൌരുഷയുക്തനും	ഹരിഃ,	ഈ വാനരൻ,
ബലവാൻ,	ബലവാനും	രാമപ്രിയാർത്ഥം	ശ്രീരാമപ്രീതിക്കായി
ശൂരഃ,	ശൂരനും	പ്രാണാനാം	തന്റെ ജീവനെക്കുറിച്ചും
സ്വേ	തന്റെ		
പൌരുഷേ	പരാക്രമത്തിൽ		
വ്യവസ്ഥിതഃ	ദൃഢവിശ്വാസസംപൂർണ്ണനും ആയ	ദയാം ന കുരുതേ.	ആശപ്പെടുന്നില്ല.

ഗജോ ഗവാക്ഷോ ഗവയോ നളോ നീലശ്ച വാനരഃ
ഏകൈക ഏവ യൂഥാനാം കോടിഭിർദ്ദശഭിർവൃതഃ. 47

"ഗജഃ	"ഗജനും	നീലഃ ച	നീലനും
ഗവാക്ഷഃ	ഗവാക്ഷനും	ഏകൈകഃ ഏവ	ഓരോരുത്തനും
ഗവയഃ	ഗവയനും	യൂഥാനാം ദശഭിഃ കോടിഭിഃ	പത്തുകോടി സൈന്യങ്ങളാൽ
നളഃ	നളനും		
വാനരഃ	വാനരനായ	വൃതഃ.	ചൂഴപ്പെട്ടിരിക്കുന്നു.

തഥാഽന്യേ വാനരശ്രേഷ്ഠാ വിന്ധ്യപൎവ്വതവാസിനഃ
ന ശക്യന്തേ ബഹുത്വാത് തു സംഖ്യാതും ലഘുവിക്രമാഃ. 48

"തഥാ	"അപ്രകാരം തന്നെ	ലഘുവിക്രമാഃ;	അങ്ങുമിങ്ങും ഓടിക്കൊണ്ടിരിക്കുന്നവർ;
അന്യേ	മററുള്ള	ബഹുത്വാത് തു	എത്രയോ ഉള്ള കാരണം
വാനരശ്രേഷ്ഠാഃ	വാനരോത്തമന്മാർ	സംഖ്യാതും	എണ്ണിക്കണക്കാക്കപ്പെടുവാൻ
വിന്ധ്യപൎവ്വത-വാസിനഃ;	വിന്ധ്യപൎവ്വതത്തിൽ വസിക്കുന്നവരാകുന്നു;	ശക്യന്തേ ന.	കഴിയാത്തവരായിരിക്കുന്നു.

സൎവ്വേ മഹാരാജ മഹാപ്രഭാവാഃ
സൎവ്വേ മഹാശൈലനികാശകായാഃ
സൎവ്വേ സമൎത്ഥാഃ പൃഥിവീം ക്ഷണേന
കൎത്തും പ്രവിദ്ധ്വസ്തവികീൎണ്ണശൈലാം. 49

"മഹാരാജ!	"മഹാരാജാവേ!	ക്ഷണേന	ഒരു നൊടിയിടയിൽ
സൎവ്വേ	എല്ലാവരും	പൃഥിവീം	ലോകത്തെ
മഹാപ്രഭാവാഃ;	മഹാ പ്രഭാവശാലികളും;	പ്രവിദ്ധ്വസ്ത-വികീൎണ്ണ-ശൈലാം	പൊടിപെടുത്തി വിതറപ്പെട്ട മലകളോടു കൂടിയതാക്കി
സൎവ്വേ	എല്ലാവരും	കൎത്തും	ചെയ്വാൻ
മഹാശൈല-നികാശകായാഃ	വൻമലപോന്ന ശരീരങ്ങളാന്നവരും,	സമൎത്ഥാഃ."	ത്രാണിയുള്ളവരുമാണ്."
സൎവ്വേ	എല്ലാവരും		

ഇത്യാൎഷേ ശ്രീമദ്രാമായണേ വാല്മീകീയേ ആദികാവ്യേ യുദ്ധകാണ്ഡേ
സപ്തവിംശഃ സൎഗ്ഗഃ = ഇരുപത്തേഴാംസൎഗ്ഗം സമാപ്തം.
ആദ്യം മുതൽ ശ്ലോകസംഖ്യ 15701; യുദ്ധകാണ്ഡം ആദ്യം മുതൽ ശ്ലോകസംഖ്യ 1026.

അഷ്ടാവിംശഃ സൎഗ്ഗഃ = ഇരുപത്തെട്ടാംസൎഗ്ഗം.

[മൈന്ദാദിപരാക്രമാഖ്യാനം = മൈന്ദൻ മുതലായവരുടെ പരാക്രമത്തെക്കുറിച്ചു പറയുന്നതു്.]

സാരണസ്യ വചഃ ശ്രുത്വാ രാവണം രാക്ഷസാധിപം
ബലമാദിശ്യ തത്സൎവ്വം ശുകോ വാക്യമഥാബ്രവീത്. 1

ശുകഃ	ശുകൻ,	തത്	ആ
സാരണസ്യ	സാരണന്റെ	ബലം	സൈന്യം
വചഃ	വാക്യത്തെ	സൎവ്വം	എല്ലാററിനേയും
ശ്രുത്വാ,	കേട്ട്,	ആദിശ്യ,	ചൂണ്ടിക്കാണിച്ച്,
രാക്ഷസാധിപം	രാക്ഷസാധിപനായ	വാക്യം	വാക്യത്തെ
രാവണം,	രാവണനോടായി,	അഥ	ഇപ്രകാരം
		അബ്രവീത്.	ഉണൎത്തിച്ചു.

സ്ഥിതാൻ പശ്യസി യാനേതാൻ മത്താനിവ മഹാദ്വിപാൻ
ന്യഗ്രോധാനിവ ഗാംഗേയാൻ സാലാൻ ഹൈമവതാനിവ 2
ഏതേ ദുഷ്പ്രസഹാ രാജൻ ബലിനഃ കാമരൂപിണഃ
ദൈത്യദാനവസങ്കാശാ യുദ്ധേ ദേവപരാക്രമാഃ. 3

"രാജൻ!	"രാജാവേ!
യാൻ	യാതൊരു
മത്താൻ	മദിച്ച
മഹാദ്വിപാൻ ഇവ,	ആനക്കൊമ്പന്മാരെപ്പോലെയുള്ളവരും,
ഗാംഗേയാൻ	ഗംഗാതീരത്തിൽ മുളച്ച
ന്യഗ്രോധാൻ ഇവ,	വടവൃക്ഷങ്ങളെന്നപോലെയുള്ളവരും,
ഹൈമവതാൻ	ഹിമാലയത്തിലുള്ള
സാലാൻ ഇവ	പയിൻ മരങ്ങൾപോലെയുള്ളവരും ആയ
സ്ഥിതാൻ	എതിരിൽ നില്ക്കുന്ന
ഏതാൻ	ഇവരെ
പശ്യസി,	നിന്തിരുവടി വീക്ഷിക്കുന്നുവോ,
ഏതേ	അപ്രകാരമുള്ളവർ
ദുഷ്പ്രസഹാഃ	ആരാലും ജയിക്കപ്പെട്ടുവാൻ കഴിയാത്തവരും
ബലിനഃ	ബലശാലികളും
കാമരൂപിണഃ	ഇഷ്ടംപോലെ രൂപം കയ്ക്കൊള്ളാവുന്നവരും
ദൈത്യദാനവസംകാശാഃ	ദൈത്യന്മാൎക്കും ദാനവന്മാൎക്കും തുല്യതയാൎന്നവരും
യുദ്ധേ	പോരിൽ
ദേവപരാക്രമാഃ.	ദേവതുല്യപരാക്രമം പൂണ്ടവരുമാകുന്നു.

ഏഷാം കോടിസഹസ്രാണി നവ പഞ്ച ച സപ്ത ച
തഥാ ശംഖസഹസ്രാണി തഥാ വൃന്ദശതാനി ച. 4

"ഏഷാം	"ഇവൎക്ക്
നവ പഞ്ച ച സപ്ത ച കോടിസഹസ്രാണി	ഇരുപത്തോരായിരം കോടി സംഖ്യയും
തഥാ	അപ്രകാരംതന്നെ
ശംഖസഹസ്രാണി	ആയിരം ശംഖങ്ങളും
തഥാ	അപ്രകാരംതന്നെ
വൃന്ദശതാനി ച.	നൂറു വൃന്ദങ്ങളും ഉണ്ട്.

[ഈ കണക്കുകളുടെ സംഖ്യയെപ്പററി ഈ സൎഗ്ഗാവസാനത്തിൽ വാല്മീകിമുനിതന്നെ പറഞ്ഞിരിക്കുന്നതു് കാണുക.]

ഏതേ സുഗ്രീവസചിവാഃ കിഷ്കിന്ധാനിലയാഃ സദാ
ഹരയോ ദേവഗന്ധൎവ്വൈരുത്പന്നാഃ കാമരൂപിണഃ. 5

"ഏതേ	"ഈ
ഹരയഃ	വാനരന്മാർ
സദാ	എല്ലായ്പോഴും
കിഷ്കിന്ധാനിലയാഃ;	കിഷ്കിന്ധയിൽ വസിക്കുന്നവരാകുന്നു;
സുഗ്രീവസചിവാഃ	സുഗ്രീവന്റെ സചിവന്മാർ;
കാമരൂപിണഃ	ഇച്ഛാമാത്രരൂപികൾ;
ദേവഗന്ധൎവ്വൈഃ	ദേവന്മാരാലും ഗന്ധൎവ്വന്മാരാലും
ഉത്പന്നാഃ.	ഉത്പാദിപ്പിക്കപ്പെട്ടവർ.

യൌ തൌ പശ്യസി തിഷ്ഠന്തൌ കുമാരൌ ദേവരൂപിണൌ
മൈന്ദശ്ച ദ്വിവിദശ്ചോഭൌ താഭ്യാം നാസ്തി സമോ യുധി. 6

“ദേവ–രൂപിണൌ	“ദിവ്യസൌന്ദൎയ്യമാൎന്നവരായി
കുമാരൌ	യൌവ്വനയുക്തരായ
യൌ ഉഭൌ	യാതൊരു രണ്ടുപേരെ
തിഷ്ഠന്തൌ	എതിരിൽ നില്ക്കുന്നവരായി
പശ്യസി	നിന്തിരുവടി നോക്കുന്നുവോ,
തൌ ച	അവരിരുവരും തന്നെയാണ്
മൈന്ദഃ	മൈന്ദനും
ദ്വിവിദഃ ച;	ദ്വിവിദനും;
യുധി	പോരിൽ
താഭ്യാം	അവർ രണ്ടുപേൎക്കും
സമഃ	തുല്യനായ ഒരുവൻ
അസ്തി ന.	ഇല്ലതന്നെ.

ബ്രഹ്മണാ സമനുജ്ഞാതാവമൃതപ്രാശിനാവുഭൌ
ആശംസേതേ യുധാ ലങ്കാമേതൌ മൎദ്ദിതുമോജസാ. 7

“ഏതൌ ഉഭൌ	“ഈ രണ്ടുപേരും
ബ്രഹ്മണാ	ബ്രഹ്മദേവനാൽ
സമനുജ്ഞാതൌ	അനുജ്ഞ നൽകപ്പെട്ടവരായി
അമൃത-പ്രാശിനൌ;	അമൃതം ഭുജിച്ചവരാകുന്നു;
യുധാ	യുദ്ധം കൊണ്ട്
ഓജസാ	വീൎയ്യത്താൽ
ലങ്കാം	ലങ്കയെ
മൎദ്ദിതും	പൊടിപെടുത്തുവാൻ
ആശംസേതേ.	ഉദ്യുക്തരായിരിക്കയാണ്.

യം തു പശ്യസി തിഷ്ഠന്തം പ്രഭിന്നമിവ കുഞ്ജരം
യോ ബലാത് ക്ഷോഭയേത് ക്രുദ്ധഃ സമുദ്രമപി വാനരഃ 8
ഏഷോഽഭിഗന്താ ലങ്കായാ വൈദേഹ്യാസ്തവ ച പ്രഭോ
ഏനം പശ്യ പുരാ ദൃഷ്ടം വാനരം പുനരാഗതം. 9

“യം	“യാതൊരുവനെ,
പ്രഭിന്നം	മദംപൊട്ടിയ
കുഞ്ജരം	ആനയെ
ഇവ,	എന്നപോലെ,
തിഷ്ഠന്തം	മുന്നിൽ നില്ക്കുന്നവനായി
പശ്യസി,	നിന്തിരുവടികാണുന്നുവോ,
ക്രുദ്ധഃ	കുപിതനായ
യഃ	യാതൊരു
വാനരഃ	വാനരൻ
ബലാത്	ശക്തികൊണ്ടവനായി
സമുദ്രം അപി	സമുദ്രത്തെയും
ക്ഷോഭയേത്	കലക്കിമറിച്ചേയ്ക്കുമോ,
ഏഷഃ തു,	അപ്രകാരമുള്ള ഇവൻ തന്നെയാണ്
പ്രഭോ!	ഹേ പ്രഭോ!
ലങ്കായാഃ	ലങ്കയേയും
വൈദേഹ്യാഃ	സീതയേയും
തവ ച,	നിന്തിരുവടിയേയും
അഭിഗന്താ;	നേരിൽ കണ്ടറിഞ്ഞവൻ;
പുരാ	മുമ്പ്
ദൃഷ്ടം	കണ്ടിട്ടുള്ളവനായ
ഏനം വാനരം	ഈ വാനരനെ
പുനഃ ആഗതം	തിരിച്ചെത്തിയിരിക്കുന്നവനായി
പശ്യ.	തൃക്കൺ പാൎത്താലും.

ജ്യേഷ്ഠഃ കേസരിണഃ പുത്രോ വാതാത്മജ ഇതി ശ്രുതഃ
ഹനൂമാനിതി വിഖ്യാതോ ലംഘിതോ യേന സാഗരഃ. 10

"കേസരിണഃ	"കേസരിയുടെ
ജ്യേഷ്ഠഃ പുത്രഃ;	ജ്യേഷ്ഠ പുത്രൻ;
വാതാത്മജഃ	വായുപുത്രൻ
ഇതി ശ്രുതഃ;	എന്ന് വിഖ്യാതൻ;
ഹനൂമാൻ	ഹനൂമാൻ
ഇതി	എന്ന്
വിഖ്യാതഃ;	പ്രസിദ്ധിപൂണ്ടവൻ;
യേന	യാതൊരു ഇവനാലാ
സാഗരഃ	സമുദ്രം [ണ്
ലംഘിതഃ.	ചാടിക്കടക്കപ്പെട്ടത്.

കാമരൂപീ ഹരിശ്രേഷ്ഠോ ബലരൂപസമന്വിതഃ
അനിവാര്യഗതിശ്ചൈവ യഥാ സതതഗഃ പ്രഭുഃ. 11

"കാമരൂപീ	"ഇച്ഛാരൂപിയായ
ഹരിശ്രേഷ്ഠഃ;	വാനരോത്തമൻ;
ബലരൂപസമന്വിതഃ;	ശക്തിയും അഴകും ഒത്തുള്ളവൻ;
പ്രഭുഃ സതതഗഃ	പ്രഭുവായ വായു
യഥാ ഏവ,	എന്നപോലെതന്നെ
അനിവാര്യഗതിഃ ച.	എങ്ങും തടവററ ഗതിയാർന്നവൻ.

ഉദ്യന്തം ഭാസ്കരം ദൃഷ്ട്വാ ബാലഃ കില പിപാസിതഃ
ത്രിയോജനസഹസ്രം തു അധ്വാനമവതീര്യ ഹി 12
ആദിത്യമാഹരിഷ്യാമി ന മേ ക്ഷുത് പ്രതിയാസ്യതി
ഇതി സഞ്ചിന്ത്യ മനസാ പുരൈഷ ബലദർപ്പിതഃ 13
അനാധൃഷ്യതമം ദേവമപി ദേവർഷിദാനവൈഃ
അനാസാദ്യൈവ പതിതോ ഭാസ്കരോദയനേ ഗിരൗ. 14

"പുരാ	"പണ്ടൊരിക്കൽ
ബാലഃ	കുഞ്ഞുകുട്ടിയായിരുന്ന
ഏഷഃ	ഇവൻ
പിപാസിതഃ	പാൽ കുടിപ്പാൻ കൊതിച്ച്,
ബലദർപ്പിതഃ	ബലത്താൽ മദം പൂണ്ടവനായി
ഉദ്യന്തം	ഉദിച്ചുയരുന്ന
ഭാസ്കരം	ബാലസൂര്യനെ
ദൃഷ്ട്വാ,	കണ്ട്,
'ആദിത്യം	'സൂര്യനെ
ആഹരിഷ്യാമി;	ഞാൻ പിടിച്ചുകൊണ്ടുവന്നുകളയാം;
ഹി	എന്നാൽ
മേ	എനിക്ക്
ക്ഷുത്	വിശപ്പെന്നത്
പ്രതിയാസ്യതി ന,'	ഒരിക്കലും ഉണ്ടാകയില്ല,'
ഇതി	എന്നിങ്ങിനെ
മനസാ സഞ്ചിന്ത്യ,	മനസ്സുകൊണ്ടാലോചിച്ച്,
ത്രിയോജനസഹസ്രം	മൂവ്വായിരം യോജന ദൂരം
അധ്വാനം	വഴി
അവതീര്യ തു,	ചെന്നിട്ടും,
ദേവർഷിദാനവൈഃ	ദേവന്മാരാലും ഋഷികളാലും ദാനവന്മാരാലും
അപി	കൂടി
അനാധൃഷ്യതമം	അടുക്കപ്പെടുവാൻ കഴിയാത്ത
ദേവം	ദേവനെ
അനാസാദ്യ ഏവ	പ്രാപിക്കാതെതന്നെ
ഭാസ്കരോദയനേ	സൂര്യൻ ഉദിക്കുന്നതായ
ഗിരൗ	ഉദയഗിരിയിൽ
പതിതഃ,	വീണു,
കില.	എന്നു കേൾവിയുണ്ട്.

[" അവതീൎയ്യ " (താഴോട്ടിറങ്ങിവന്നു്) എന്ന സാധാരണ അൎത്ഥത്തെ ഗോവിന്ദ രാജൻ ഇപ്രകാരം സാധൂകരിക്കുന്നു കേസരി കാഞ്ചനപൎവ്വതത്തിൽ വസിക്കുന്നവനാകയാൽ ഹനുമാനെ പെററതു് അവിടെ വെച്ചാകയാലും, മേരുശിഖരം എത്രയോ ഉയൎന്നതായി, അതിൻെറ മദ്ധ്യത്തിലായി സൂൎയ്യൻ അതിനെ ചുററുന്നതുകൊണ്ടും, ഇറങ്ങിവന്നു എന്നതു് ശരിതന്നെ.]

പതിതസ്യ കപേരസ്യ ഹനുരേകാ ശിലാതലേ
കിഞ്ചിദ് ഭിന്നാ ദൃഢഹനോൎഹനുമാനേഷ തേന വൈ. 15

" ദൃഢഹനോഃ	" ഉറപ്പുള്ള താടിയെല്ലുകളാന്നവനായ	ഹനുഃ	താടിയെല്ല്
അസ്യ	ഈ	കിഞ്ചിത്	അല്പം
കപേഃ	വാനരൻ	ഭിന്നാ;	തകൎന്നു;
ശിലാതലേ	ഗിരിപ്രദേശത്തിൽ	തേന വൈ	അതിനാൽതന്നെയാണ്
പതിതസ്യ,	വീണപ്പോൾ,	ഏഷഃ	ഇവൻ
ഏകാ	ഒരു	ഹനുമാൻ.	ഹനുമാൻ എന്നു് പറയപ്പെടുന്നതു്.

സത്യമാഗമയോഗേന മമൈഷ വിദിതോ ഹരിഃ
നാസ്യ ശക്യം ബലം രൂപം പ്രഭാവോ വാഽപി ഭാഷിതും. 16

" ഏഷഃ	" ഈ	അസ്യ	ഇവൻെറ
ഹരിഃ	വാനരൻ	ബലം	ബലമാകട്ടെ
ആഗമയോഗേന,	മുമ്പ് വന്നകാരണം,	രൂപം	പ്രകൃതിഗുണമാകട്ടെ
മമ	എനിക്ക്	പ്രഭാവഃ അപി വാ	പ്രഭാവംതന്നെയാകട്ടെ
സത്യം	നല്ലപോലെ	ഭാഷിതും	വൎണ്ണിപ്പാൻ
വിദിതഃ;	പരിചയപ്പെട്ടവനാണു്;	ന ശക്യം.	കഴിയപ്പെടുന്നതല്ല.

[" ആഗമയോഗേന " (ആഗമമാകുന്ന, ആപ്തവാക്യമാകുന്ന, യോഗത്താൽ ഉപായത്താൽ), എന്നു് (ഗോ. രാ.) ഹനുമാനെപ്പററിയുള്ള ഇക്കഥ വലിയവർ പറഞ്ഞുകേട്ടതാണു് എന്നൎത്ഥം.]

ഏഷ ആശംസതേ ലങ്കാമേകോ മൎദ്ദിതുമോജസാ
യേന ജാജ്വല്യതേഽസൌ വൈ ധൂമകേതുസ്തവാദ്യ വൈ 17
ലങ്കായാം നിഹിതശ്ചാപി കഥം വിസ്മരസേ കപിം. 18

" ഏഷഃ	" ഇവൻ	നിഹിതഃ ച	നിക്ഷേപിക്കപ്പെട്ടതായ
ഏകഃ	ഒരുത്തനായ്തന്നെ	അസൌ	ഈ
ഓജസാ	വീൎയ്യത്താൽ	ധൂമകേതുഃ വൈ	അഗ്നിയും
ലങ്കാം	ലങ്കയെ	അദ്യ അപി	ഇന്നുംകൂടി
മൎദ്ദിതും	തകൎക്കുവാൻ	ജാജ്വല്യതേ,	കത്തിജ്വലിച്ചുകൊണ്ടിരിക്കുന്നുവോ,
ആശംസതേ;	ഉദ്ദേശിച്ചിരിക്കയാണ്;	കപിം	അപ്രകാരമുള്ള ഈ വാനരനെ
യേന	യാതൊരുവനാൽ	കഥം	എങ്ങിനെയാണ്
തവ	നിന്തിരുവടിക്കുചേൎന്നതായ	വിസ്മരസേ?	നിന്തിരുവടി മറക്കുന്നതു്?
ലങ്കായാം വൈ	ഈ ലങ്കാനഗരത്തിൽതന്നെ		

യശ്ചൈഷോഽനന്തരഃ ശൂരഃ ശ്യാമഃ പത്മനിഭേക്ഷണഃ
ഇക്ഷ്വാകൂണാമതിരഥോ ലോകേ വിഖ്യാതപൌരുഷഃ 19
യസ്മിൻ ന ചലതേ ധർമ്മോ യോ ധർമ്മം നാതിവർത്തതേ
യോ ബ്രാഹ്മമസ്ത്രം വേദാംശ്ച വേദ വേദവിദാം വരഃ 20
യോ ഭിന്ദ്യാദ്ഗഗനം ബാണൈഃ പർവ്വതാനപി ദാരയേത്
യസ്യ മൃത്യോരിവ ക്രോധഃ ശക്രസ്യേവ പരാക്രമഃ 21
യസ്യ ഭാര്യാ ജനസ്ഥാനാത് സീതാ ചാപഹൃതാ ത്വയാ
സ ഏഷ രാമസ്ത്വാം യോദ്ധും രാജൻ സമഭിവർത്തതേ. 22

"ശൂരഃ	"ശൂരനും
ശ്യാമഃ ച	ശ്യാമളവർണ്ണനും
പത്മ-നിഭേക്ഷണഃ	ചെന്താർപോലെ നേത്രങ്ങളാർന്നവനും
ഇക്ഷ്വാകൂണാം	ഇക്ഷ്വാകുവംശ്യന്മാരിൽ
അതിരഥഃ,	അതിരഥനും,
ലോകേ	ലോകത്തിൽ
വിഖ്യാത-പൌരുഷഃ	പേരാന്ന പരാക്രമശാലിയും ആയ
യഃ	യാതൊരുവൻ
അനന്തരഃ,	ഇവന്ന് അടുത്തായി നില്ക്കുന്നുവോ,
യസ്മിൻ	യാതൊരുവങ്കൽ
ധർമ്മഃ ചലതേ ന,	ധർമ്മം മാറാതിരിക്കുന്നുവോ,
യഃ	യാതൊരുവൻ
ധർമ്മം	ധർമ്മത്തെ
അതിവർത്തതേ ന,	അതിക്രമിക്കുന്നില്ലയോ,
യഃ	യാതൊരുവൻ
ബ്രാഹ്മം അസ്ത്രം	ബ്രഹ്മാസ്ത്രത്തേയും
വേദാൻ ച	മന്ത്രങ്ങളേയും
വേദ,	പഠിച്ചറിഞ്ഞവനോ,
വേദവിദാം	വേദജ്ഞന്മാരിൽവെച്ച്
വരഃ	ഉത്തമനോ
യഃ	യാതൊരുവൻ
ബാണൈഃ	ബാണങ്ങളെക്കൊണ്ട്
ഗഗനം	ആകാശത്തെ
ഭിന്ദ്യാത്,	പിളക്കുന്നവനോ,
പർവ്വതാൻ അപി	പർവ്വതങ്ങളേയും
ദാരയേത്,	തകർക്കുമോ,
യസ്യ	യാതൊരുവന്റെ
ക്രോധഃ	കോപം
മൃത്യോഃ ഇവ,	യമന്റേതുപോലെ ഉള്ളതോ,
പരാക്രമഃ	പരാക്രമം
ശക്രസ്യ ഇവ,	ഇന്ദ്രന്റേതുപോലെയുള്ളതോ,
യസ്യ	യാതൊരുവന്റെ
ഭാര്യാ	പത്നിയായ
സീതാ	സീത
ജനസ്ഥാനാത്	ജനസ്ഥാനത്തിൽനിന്നു
ത്വയാ	നിന്തിരുവടിയാൽ
അപഹൃതാ,	അപഹരിക്കപ്പെട്ടുവോ,
സഃ ഏഷഃ ച	അപ്രകാരമുള്ള ഇവൻ തന്നെയാണ്
രാമഃ ;	രാമൻ ;
രാജൻ !	രാജാവേ !
ഏഷഃ	ഇവൻ
ത്വാം	നിന്തിരുവടിയുമായി
യോദ്ധും	പോരാടുവാൻ
സമഭിവർത്തതേ.	ഇങ്ങുവന്നിരിക്കുന്നു.

യസ്യൈഷ ദക്ഷിണേ പാർശ്വേ ശുദ്ധജാംബൂനദപ്രഭഃ
വിശാലവക്ഷാസ്താമ്രാക്ഷോ നീലകുഞ്ചിതമൂർദ്ധജഃ 23

" യസ്യ	" യാതൊരു ഈ രാമന്റെ
ദക്ഷിണേ	വലത്തു
പാർശ്വേ	ഭാഗത്തിലുള്ള
ഏഷഃ	ഇവൻ
ശുദ്ധജാംബൂനദപ്രഭഃ;	ശുദ്ധമായ തങ്കനിറമുള്ളവൻ;
വിശാലവക്ഷാഃ;	വിരിഞ്ഞമാറുള്ളവൻ;
താമ്രാക്ഷഃ	തുടുത്തനേത്രങ്ങളാന്നവൻ;
നീലകുഞ്ചിതമൂർദ്ധജഃ.	കറുത്ത് ചുരുണ്ടുള്ള രോമങ്ങളോടു കൂടിയവൻ

ഏഷോഽസ്യ ലക്ഷ്മണോ നാമ ഭ്രാതാ പ്രാണസമഃ പ്രിയഃ
നയേ യുദ്ധേ ച കുശലഃ സർവ്വശാസ്ത്രവിശാരദഃ. 24

" ലക്ഷ്മണഃ	" ലക്ഷ്മണൻ
നാമ	എന്നവൻതന്നെയാണ്
ഏഷഃ;	ഇവൻ;
അസ്യ	ഈ രാമന്റെ
ഭ്രാതാ;	അനുജൻ;
പ്രാണസമഃ;	പ്രാണൻപോലെയുള്ളവൻ;
പ്രിയഃ;	ഒരിക്കലും അപ്രിയം ചെയ്യാത്തവൻ;
നയേ,	നീതിയിലും
യുദ്ധേ ച	പോരിലും
കുശലഃ;	നൈപുണ്യമാന്നവൻ;
സർവ്വശാസ്ത്രവിശാരദഃ.	സർവ്വശാസ്ത്രങ്ങളും പഠിച്ചറിഞ്ഞവൻ.

അമർഷീ ദുർജ്ജയോ ജേതാ വിക്രാന്തോ ബുദ്ധിമാൻ ബലീ
രാമസ്യ ദക്ഷിണോ ബാഹുർന്നിത്യം പ്രാണോ ബഹിശ്ചരഃ. 25

" അമർഷീ;	" അപരാധികളെ ശിക്ഷിക്കുന്നവൻ;
ദുർജ്ജയഃ;	ആരാലും ജയിക്കപ്പെടുവാൻ കഴിയാത്തവൻ;
ജേതാ;	ആരെയും ജയിക്കുന്നവൻ;
വിക്രാന്തഃ;	പരാക്രമി;
ബുദ്ധിമാൻ;	ബുദ്ധിശാലി;
ബലീ;	ശക്തിമാൻ;
നിത്യം	എന്നും
രാമസ്യ	രാമന്ന്
ദക്ഷിണഃ	വലത്തെ
ബാഹുഃ;	കയ്യായവൻ;
ബഹിശ്ചരഃ	വെളിയിൽ സഞ്ചരിക്കുന്ന
പ്രാണഃ.	ജീവനായുള്ളവൻ.

ന ഹ്യേഷ രാഘവസ്യാർത്ഥേ ജീവിതം പരിരക്ഷതി. 26

" ഏഷഃ	" ഇവൻ
രാഘവസ്യ അർത്ഥേ	രാമന്നായിക്കൊണ്ട്,
ജീവിതം ഹി	തന്റെ ജീവനെത്തന്നെയും
പരിരക്ഷതി ന.	വിലവെക്കുന്നില്ല.

ഏഷൈവാശംസതേ യുദ്ധേ നിഹന്തും സർവ്വരാക്ഷസാൻ. 27

" ഏഷഃ	" ഇവൻ
ഏവ	ഒററയ്ക്കുതന്നെ
യുദ്ധേ	പോരിൽ
സർവ്വരാക്ഷസാൻ	എല്ലാരാക്ഷസന്മാരേയും
നിഹന്തും	ഹനിപ്പാനായി
ആശംസതേ.	ഉദ്ദേശിച്ചിരിക്കയാണ്.

യസ്തു സവ്യമസൌ പക്ഷം രാമസ്യാശ്രിത്യ തിഷ്ഠതി
രക്ഷോഗണപരിക്ഷിപ്തോ രാജാ ഹ്യേഷ വിഭീഷണഃ. 28

" യഃ	" യാതൊരുവൻ	അസൌ	ഇവൻ
രാമസ്യ	ശ്രീരാമന്ന്	രക്ഷോഗണ—	രാക്ഷസഗണങ്ങളാൽ
സവ്യം	എടത്തു	പരിക്ഷിപ്തഃ ;	പരിത്യജിക്കപ്പെട്ടവ
പക്ഷം	ഭാഗത്തിലായി	ഏഷഃ	ഈ [നാകുന്നു ;
ആശ്രിത്യ	അരികിലായി	വിഭീഷണഃ	വിഭീഷണൻ
തിഷ്ഠതി തു	വർത്തിക്കുന്നുവോ,	രാജാ ഹി.	രാജാവുമായിട്ടുണ്ട്.

[ഈ ശ്ലോകത്തിലെ നാലാം പാദത്തിലെ 'ഹി' എന്ന അക്ഷരം ഗായത്രിയിലെ പതിനാറാമത്തെ അക്ഷരമാകുന്നു. (ഗോവിന്ദരാജപക്ഷം).]

ശ്രീമതാ രാജരാജേന ലങ്കായാമഭിഷേചിതഃ
ത്വാമേവ പ്രതിസംരബ്ധോ യുദ്ധായൈഷോഽഭിവർത്തതേ 29

" ശ്രീമതാ	ശ്രീമാനായ	പ്രതിസംരബ്ധഃ	ഏറെ കോപമുൾക്കൊണ്ടവനായി
രാജരാജേന	ചക്രവർത്തിയാൽ		
ലങ്കായാം	ലങ്കയെ ഉദ്ദേശിച്ച്	ത്വാം	നിന്തിരുവടിയുമായി
അഭിഷേചിതഃ	പട്ടാഭിഷേകംചെയ്യപ്പെട്ട	യുദ്ധായ	പോരിന്ന്
ഏഷഃ ഏവ,	ഇവനും,	അഭിവർത്തതേ.	വന്നിരിക്കയാണ്.

യം തു പശ്യസി തിഷ്ഠന്തം മദ്ധ്യേ ഗിരിമിവാചലം
സർവ്വശാഖാമൃഗേന്ദ്രാണാം ഭർത്താരമപരാജിതം 30
തേജസാ യശസാ ബുദ്ധ്യാ ജ്ഞാനേനാഭിജനേന ച
യഃ കപീനതിബഭ്രാജ ഹിമവാനിവ പർവ്വതാൻ 31

" മദ്ധ്യേ	" നടുവിൽ	യഃ,	യാതൊരുവൻ,
അചലം	കുലുങ്ങാത്ത	പർവ്വതാൻ	പർവ്വതങ്ങളെ
ഗിരിം ഇവ	പർവ്വതമെന്നപോലെ	ഹിമവാൻ	ഹിമവാൻ
തിഷ്ഠന്തം	വർത്തിക്കുന്നവനും,	ഇവ,	എന്നപോലെ,
സർവ്വശാഖാ— മൃഗേന്ദ്രാണാം	എല്ലാ വാനരന്മാൎക്കും	തേജസാ	വീൎയ്യംകൊണ്ടും
		യശസാ	കീർത്തികൊണ്ടും
അപരാജിതം	ആരാലും ജയിക്കപ്പെട്ടവാൻ കഴിയാത്ത	ബുദ്ധ്യാ	ബുദ്ധിശക്തികൊണ്ടും
		ജ്ഞാനേന	ശാസ്ത്രജ്ഞാനംകൊണ്ടും
ഭർത്താരം	രാജാവും ആയ	അഭിജനേന ച	കുലീനതകൊണ്ടും
യം	യാതൊരുവനെ	കപീൻ	വാനരന്മാരെ
പശ്യസി തു,	നിന്തിരുവടി വീക്ഷിക്കുന്നുവോ,	അതിബഭ്രാജ,	അതിശയിച്ചവനായി വിലസുന്നുവോ,

കിഷ്കിന്ധാം യഃ സമധ്യാസ്തേ ഗുഹാം സഗഹനദ്രുമാം
ദുർഗ്ഗാം പർവ്വതദുർഗ്ഗസ്ഥാം പ്രധാനൈഃ സഹ യൂഥപൈഃ 32
യസ്യൈഷാ കാഞ്ചനീ മാലാ ശോഭതേ ശതപുഷ്കരാ
കാന്താ ദേവമനുഷ്യാണാം യസ്യാം ലക്ഷ്മീഃ പ്രതിഷ്ഠിതാ 33
ഏതാം ച മാലാം താരാം ച കപിരാജ്യം ച ശാശ്വതം
സുഗ്രീവോ വാലിനം ഹത്വാ രാമേണ പ്രതിപാദിതഃ. 34

യഃ	യാതൊരുവൻ
പ്രധാനൈഃ യൂഥപൈഃ സഹ	മുഖ്യ സേനാധിപന്മാരോടും കൂടി
സഗഹനദ്രുമാം	തിങ്ങിയ തരുക്കളൊത്തതും
പർവ്വതദുർഗ്ഗസ്ഥാം	മലങ്കോട്ടകളോടുകൂടിയതും
ദുർഗ്ഗാം	ദുഷ്പ്രവേശ്യവുമായ
കിഷ്കിന്ധാം	കിഷ്കിന്ധയെന്ന
ഗുഹാം	ഗിരികന്ദരത്തിൽ
സമധ്യാസ്തേ,	അധിവസിക്കുന്നുവോ,
യസ്യാം	യാതൊന്നിൽ
ലക്ഷ്മീഃ	ലക്ഷ്മി
പ്രതിഷ്ഠിതാ,	കുടികൊണ്ടിരിക്കുന്നുവോ,
ദേവമനുഷ്യാണാം	ദേവന്മാർക്കും നരന്മാർക്കും
കാന്താ	ആശിക്കത്തക്കതായ അപ്രകാരമുള്ള
ശതപുഷ്കരാ	നൂറു താമരപ്പൂക്കളുള്ള
ഏഷാ കാഞ്ചനീ മാലാ	ഈ സ്വർണ്ണമാല
യസ്യ	യാതൊരുവങ്കൽ
ശോഭതേ,	പരിലസിക്കുന്നുവോ,
സുഗ്രീവഃ	ആ സുഗ്രീവൻ,
രാമേണ	രാമനാൽ,
വാലിനം	വാലിയെ
ഹത്വാ	നിഗ്രഹിച്ച്
ഏതാം	ഈ
മാലാം ച	മാലയേയും
താരാം ച	താരയേയും
കപിരാജ്യം ച	വാനരരാജ്യത്തേയും
ശാശ്വതം	ശാശ്വതമായി
പ്രതിപാദിതഃ.	നൽകപ്പെട്ടു.

ശതം ശതസഹസ്രാണാം കോടിമാഹുർമനീഷിണഃ
ശതം കോടിസഹസ്രാണാം ശംഖ ഇത്യഭിധീയതേ. 35

"മനീഷിണഃ,	"വിദ്വാന്മാർ,
ശതസഹസ്രാണാം	ലക്ഷങ്ങളുടെ
ശതം	നൂറിനെ
കോടിം	കോടിയെന്ന്
ആഹുഃ ;	പറയുന്നു ;
കോടിസഹസ്രാണാം	ആയിരം കോടികളുടെ
ശതം	നൂറ്
ശംഖഃ	ശംഖം
ഇതി	എന്ന്
അഭിധീയതേ.	പറയപ്പെടുന്നു.

ശതം ശംഖസഹസ്രാണാം മഹാശംഖ ഇതി സ്മൃതഃ
മഹാശംഖസഹസ്രാണാം ശതം വൃന്ദമിതിസ്മൃതം. 36

"ശംഖസഹസ്രാണാം	"ആയിരം ശംഖങ്ങളുടെ
ശതം	നൂറ്
മഹാശംഖഃ ഇതി	മഹാശംഖം എന്ന്
സ്മൃതഃ ;	പറയപ്പെടുന്നു ;
മഹാശംഖസഹസ്രാണാം	ആയിരം മഹാശംഖങ്ങളുടെ
ശതം	നൂറ്
വൃന്ദം ഇതി	വൃന്ദം എന്ന്
സ്മൃതം.	അറിയപ്പെടുന്നു.

ശതം വൃന്ദസഹസ്രാണാം മഹാവൃന്ദമിതിസ്മൃതം
മഹാവൃന്ദസഹസ്രാണാം ശതം പത്മമിതിസ്മൃതം. 37

"വൃന്ദസഹസ്രാണാം	"ആയിരം വൃന്ദങ്ങളുടെ
ശതം	നൂറ്
മഹാവൃന്ദം ഇതി	മഹാവൃന്ദം എന്ന്
സ്മൃതം;	അറിയപ്പെടുന്നു;
മഹാവൃന്ദസഹസ്രാണാം	ആയിരം മഹാവൃന്ദങ്ങളുടെ
ശതം,	നൂറ്,
പത്മം ഇതി	പത്മം എന്ന്
സ്മൃതം	പറയപ്പെടുന്നു.

ശതം പത്മസഹസ്രാണാം മഹാപത്മമിതിസ്മൃതം
മഹാപത്മസഹസ്രാണാം ശതം ഖർവ്വമിഹോച്യതേ. 38

"പത്മസഹസ്രാണാം	"ആയിരം പത്മങ്ങളുടെ
ശതം,	നൂറ്,
മഹാപത്മം	മഹാപത്മം
ഇതി	എന്ന്
സ്മൃതം;	പറയപ്പെടുന്നു;
മഹാപത്മസഹസ്രാണാം	ആയിരം മഹാപത്മങ്ങളുടെ
ശതം,	നൂറ്
ഖർവ്വം	ഖർവ്വം എന്ന്
ഇഹ	ഈ ലോകത്തിൽ
ഉച്യതേ.	പറയപ്പെടുന്നു.

ശതം ഖർവ്വസഹസ്രാണാം മഹാഖർവ്വമിതിസ്മൃതം
മഹാഖർവ്വസഹസ്രാണാം സമുദ്രമഭിധീയതേ. 39

"ഖർവ്വസഹസ്രാണാം	"ആയിരം ഖർവ്വങ്ങളുടെ
ശതം	നൂറ്
മഹാഖർവ്വം	മഹാഖർവ്വം
ഇതി	എന്ന്
സ്മൃതം;	പറയപ്പെടുന്നു;
മഹാഖർവ്വസഹസ്രാണാം	ആയിരം മഹാഖർവ്വങ്ങളുടെ നൂറ്
സമുദ്രം	സമുദ്രം എന്ന്
അഭിധീയതേ.	പറയപ്പെടുന്നു.

ശതം സമുദ്രസാഹസ്രമോഘ ഇത്യഭിധീയതേ
ശതമോഘസഹസ്രാണാം മഹൌഘ ഇതി വിശ്രുതഃ 40

"ശതം	"നൂറ്
സമുദ്രസാഹസ്രം	ആയിരം സമുദ്രം
ഓഘഃ	ഓഘം
ഇതി	എന്ന്
അഭിധീയതേ;	പറയപ്പെടുന്നു;
ഓഘസഹസ്രാണാം	ആയിരം ഓഘങ്ങളുടെ
ശതം	നൂറ്
മഹൌഘഃ	മഹൌഘം
ഇതി	എന്ന്
വിശ്രുതഃ.	കീർത്തിക്കപ്പെടുന്നു.

ഏവം കോടിസഹസ്രേണ ശംഖാനാം ച ശതേന ച
മഹാശംഖസഹസ്രേണ തഥാ വൃന്ദശതേന ച 41
മഹാവൃന്ദസഹസ്രേണ തഥാ പത്മശതേന ച
മഹാപത്മസഹസ്രേണ തഥാ ഖർവ്വശതേന ച 42
സമുദ്രേണ ശതേനൈവ മഹൌഘേന തഥൈവ ച
ഏവം കോടിമഹൌഘേന സമുദ്രസദൃശേന ച 43

വിഭീഷണേന സചിവൈ രാക്ഷസൈഃ പരിവാരിതഃ
സുഗ്രീവോ വാനരേന്ദ്രസ്ത്വാം യുദ്ധാർത്ഥമഭിവർത്തതേ
മഹാബലവൃതോ നിത്യം മഹാബലപരാക്രമഃ 44

"വാനരേന്ദ്രഃ	"വാനരേന്ദ്രനും
മഹാബല-പരാക്രമഃ	അതിയായ ശക്തിയും പരാക്രമവുമാന്നവനും
സുഗ്രീവഃ	സുഗ്രീവൻ [ആയ
നിത്യം	എപ്പോഴും
മഹാബലവൃതഃ,	വമ്പിച്ച സേനയാൽ ചൂഴപ്പെട്ടവനായി,
ഏവം	ഇപ്രകാരം
കോടി-സഹസ്രേണ,	ആയിരം കോടിയാലും
ശംഖാനാം ശതേന ച	ശംഖങ്ങളുടെ നൂറിനാലും
മഹാശംഖ-സഹസ്രേണ ച	ആയിരം മഹാശംഖങ്ങളാലും
തഥാ വൃന്ദ-ശതേന ച	നൂറു് വൃന്ദങ്ങളാലും
മഹാവൃന്ദ-സഹസ്രേണ,	ആയിരം മഹാവൃന്ദങ്ങളാലും
തഥാ	അപ്രകാരം
പദ്മശതേന ച,	നൂറ് പദ്മങ്ങളാലും
മഹാപദ്മ-സഹസ്രേണ	ആയിരം മഹാപദ്മങ്ങളാലും
തഥാ	അപ്രകാരം തന്നെ
ഖർവ്വശതേന ച	നൂറ് ഖർവ്വങ്ങളാലും
ശതേന സമുദ്രേണ ഏവ,	നൂറ് സമുദ്രങ്ങളാലും
തഥാ	അപ്രകാരം തന്നെ
മഹൌഘേന ഏവ	മഹൌഘത്താലും
ഏവം ച	ഇപ്രകാരം
സമുദ്രസദൃശേന	സമുദ്രതുല്യമായ
കോടിമഹൌ-ഘേന ച	കോടിമഹൌഘത്താലും
വിഭീഷണേന,	വിഭീഷണനാലും
സചിവൈഃ	സചിവന്മാരായ
രാക്ഷസൈഃ	രാക്ഷസന്മാരാലും
പരിവാരിതഃ	ചൂഴപ്പെട്ടവനായി
ത്വാം	നിന്തിരുവടിയുമായി
യുദ്ധാർത്ഥം	പോരാടുവാൻ
അഭിവർത്തതേ.	എത്തിയിരിക്കുന്നു.

ഇമാം മഹാരാജ സമീക്ഷ്യ വാഹിനീമുപസ്ഥിതാം പ്രജ്വലിതഗ്രഹോപമാം
യതഃ പ്രയത്നഃ പരമോ വിധീയതാം തഥാ ജയഃ സ്യാന്ന പരൈഃ പരാജയഃ.

"മഹാരാജ!	"മഹാരാജാവേ!
പ്രജ്വലിത-ഗ്രഹോപമാം	ഉഗ്ര ഗ്രഹങ്ങളെന്നപോലെ
ഉപസ്ഥിതാം	വന്നിരിക്കുന്ന
ഇമാം വാഹിനീം	ഈ സൈന്യത്തെ
സമീക്ഷ്യ,	വേണ്ടുംവണ്ണം നിരീക്ഷിച്ച്,
തതഃ	പിന്നെ
യഥാ	എപ്രകാരമായാൽ
ജയഃ സ്യാത്,	ജയം ഉണ്ടാകുമോ,
പരൈഃ	ശത്രുക്കളാൽ
പരാജയഃ	തോല്വിയും
ന,	ഉണ്ടാകയില്ലയോ, അ
പരമഃ	തക്ക [പ്രകാരമുള്ള
പ്രയത്നഃ	പ്രയത്നം
വിധീയതാം.	നിശ്ചയിക്കപ്പെടേണ്ടതാണ്.

ഇത്യാർഷേ ശ്രീമദ്രാമായണേ വാല്മീകീയേ ആദികാവ്യേ യുദ്ധകാണ്ഡേ
അഷ്ടാവിംശഃ സർഗ്ഗഃ = ഇരുപത്തെട്ടാംസർഗ്ഗം സമാപ്തം.

ആദ്യംമുതൽ ശ്ലോകസംഖ്യ 15746 ; യുദ്ധകാണ്ഡം ആദ്യംമുതൽ ശ്ലോകസംഖ്യ 1071

ഏകോനത്രിംശഃ സർഗ്ഗഃ = ഇരുപത്തൊമ്പതാംസർഗ്ഗം.

[ശാർദ്ദൂലാദിചാരപ്രേഷണം = രാവണൻ ശാർദ്ദൂലൻ മുതലായ ചാരന്മാരെ അയക്കുന്നതു്.]

ശുകേന തു സമാഖ്യാതാൻ താൻ ദൃഷ്ട്വാ ഹരിയൂഥപാൻ
സമീപസ്ഥം ച രാമസ്യ ഭ്രാതരം സ്വം വിഭീഷണം 1
ലക്ഷ്മണം ച മഹാവീര്യം ഭുജം രാമസ്യ ദക്ഷിണം
സർവ്വവാനരരാജം ച സുഗ്രീവം ഭീമവിക്രമം 2
ഗജം ഗവാക്ഷം ഗവയം മൈന്ദം ദ്വിവിദമേവ ച
അംഗദം ചൈവ ബലിനം വജ്രഹസ്താത്മജാത്മജം 3
ഹനുമന്തം ച വിക്രാന്തം ജാംബവന്തം ച ദുർജ്ജയം
സുഷേണം കുമുദം നീലം നളം ച പ്ലവഗർഷഭം 4
കിംചിദാവിഗ്നഹൃദയോ ജാതക്രോധശ്ച രാവണഃ
ഭർത്സയാമാസ തൌ വീരൌ കഥാന്തേ ശുകസാരണൌ. 5

രാവണഃ	രാവണൻ,
ശുകേന	ശുകനാൽ
സമാഖ്യാതാൻ	വിവരിക്കപ്പെട്ട
താൻ,	ആ
ഹരിയൂഥപാൻ	വാനരസേനാധിപന്മാരേയും,
രാമസ്യ	ശ്രീരാമന്റെ
സമീപസ്ഥം	അരികിലിരുന്ന
സ്വം ഭ്രാതരം	തന്റെ അനുജനായ
വിഭീഷണം ച,	വിഭീഷണനേയും,
രാമസ്യ	ശ്രീരാമന്റെ
ദക്ഷിണം ഭുജം	വലത്തെക്കയ്യായ
മഹാവീര്യം	മഹാവീര്യശാലിയായ
ലക്ഷ്മണം ച	ലക്ഷ്മണനേയും
ഭീമവിക്രമം,	ഭയങ്കരപരാക്രമശാലിയും
സർവ്വവാനരരാജം	എല്ലാകപികൾക്കും രാജാവും ആയ
സുഗ്രീവം ച	സുഗ്രീവനേയും,
ഗജം	ഗജനേയും
ഗവാക്ഷം	ഗവാക്ഷനേയും
ഗവയം	ഗവയനേയും
മൈന്ദം ഏവ	മൈന്ദനേയും
ദ്വിവിദം ച	ദ്വിവിദനേയും,
വജ്രഹസ്താത്മജാത്മജം	ഇന്ദ്രന്റെ പൌത്രനും
ബലിനം ച	ബലവാനുമായ
അംഗദം ഏവ,	അംഗദനേയും,
വിക്രാന്തം	പരാക്രമിയായ
ഹനുമന്തം ച,	ഹനുമാനേയും
ദുർജ്ജയം	അജയ്യനായ
ജാംബവന്തം ച,	ജാംബവാനേയും
സുഷേണം,	സുഷേണനേയും
കുമുദം,	കുമുദനേയും
നീലം തു	നീലനേയും
പ്ലവഗർഷഭം	വാനരോത്തമനായ
നളം ച	നളനേയും
ദൃഷ്ട്വാ,	കണ്ടു്,
കിംചിത്	അല്പം
ആവിഗ്നഹൃദയഃ	ചിത്തം കലങ്ങിയവനായി,
ജാതക്രോധഃ ച	ചൊടിച്ചുംകൊണ്ടു്,
കഥാന്തേ	അവർ പറഞ്ഞവസാനിച്ചാറെ,
തൌ വീരൌ	ആ രണ്ടു വീരന്മാരായ
ശുകസാരണൌ	ശുകസാരണന്മാരെ
ഭർത്സയാമാസ.	നിന്ദിച്ചുരചെയ്തു.

അധോമുഖൌ തൌ പ്രണതാവബ്രവീച്ഛുകസാരണൌ
രോഷഗദ്ഗദയാ വാചാ സംരബ്ധഃ പരുഷം വചഃ. 6

അധോമുഖൌ — തലകുനിച്ച്
പ്രണതൌ — വണക്കത്തോടു നില്ക്കുന്നവരായ
തൌ — ആ
ശുകസാരണൌ, — ശുകസാരണന്മാരെ നോക്കി,
സംരബ്ധഃ — നെഞ്ഞുപതച്ചുംകൊണ്ട്
രോഷഗദ്ഗദയാ — കോപത്താൽ ഇടറുന്ന
വാചാ — വാക്കുകൊണ്ട്
പരുഷം — കടുതായ
വചഃ — വാക്യത്തെ
അബ്രവീത്. — ഇപ്രകാരം ഉരചെയ്തു.

ന താവത് സദൃശം നാമ സചിവൈരുപജീവിഭിഃ
വിപ്രിയം നൃപതേർവ്വക്തും നിഗ്രഹപ്രഗ്രഹേ പ്രഭോഃ. 7

"നിഗ്രഹപ്രഗ്രഹേ — "ശിക്ഷിക്കുന്നതിലും അനുഗ്രഹിക്കുന്നതിലും
പ്രഭോഃ — വല്ലഭനായ
നൃപതേഃ — രാജാവിന്ന്
വിപ്രിയം — രുചിക്കാത്തതിനെ
വക്തും — കേൾപ്പിക്കുക എന്നുള്ളത്
ഉപജീവിഭിഃ — തന്നെ ആശ്രയിച്ചവരായ
സചിവൈഃ — സചിവന്മാൎക്ക്
താവത് — ഒട്ടും
ന സദൃശം നാമ. — ഉചിതമല്ല.

രിപൂണാം പ്രതികൂലാനാം യുദ്ധാർത്ഥമഭിവർത്തതാം
ഉഭാഭ്യാം സദൃശം നാമ വക്തുമപ്രസ്തവേ സ്തവം. 8

"യുദ്ധാർത്ഥം — "യുദ്ധത്തെ ഉദ്ദേശിച്ച്
അഭിവർത്തതാം — വന്നിരിക്കുന്ന
പ്രതികൂലാനാം — വിരോധികളായ
രിപൂണാം — ശത്രുക്കളുടെ
സ്തവം — യശസ്സിനെക്കുറിച്ച്
അപ്രസ്തവേ — അകാലത്തിൽ
വക്തും — പറയുക എന്നുള്ളത്
ഉഭാഭ്യാം — നിങ്ങളിരുവൎക്കും
സദൃശം നാമ. — ന്യായമായുള്ളതല്ല.

ആചാര്യാ ഗുരവോ വൃദ്ധാ വൃഥാ വാം പര്യുപാസിതാഃ
സാരം യദ്രാജശാസ്ത്രാണാമനുജീവ്യം ന ഗൃഹ്യതേ. 9

"വാം — "നിങ്ങളിരുവരാലും,
ആചാര്യാഃ — വിദ്യ അഭ്യസിപ്പിച്ച ആചാര്യന്മാരും
ഗുരവഃ — മാതാപിതാക്കൾ മുതലായ ഗുരുജനങ്ങളും
വൃദ്ധാഃ — ലോകപരിചയമാൎന്ന വയോധികന്മാരും
വൃഥാ — യാതൊരു പ്രയോജനമില്ലാതെയാണ്
പര്യുപാസിതാഃ; — സേവിക്കപ്പെട്ടത്;
യത് — എന്തെന്നാൽ
രാജശാസ്ത്രാണാം — രാജനീതികളുടെ
സാരം — സാരമായ
അനുജീവ്യം — സ്വാമിപ്രീതി എന്നുള്ളത്
ഗൃഹ്യതേ ന. — ഗ്രഹിക്കപ്പെടാതെയാണിരിക്കുന്നത്.

ഗൃഹീതോ വാ ന വിജ്ഞാതോ ഭാരോ ജ്ഞാനസ്യ വോഹ്യതേ. 10

" ഗൃഹീതഃ	"ചെവിയിൽ വീണതു്	ജ്ഞാനസ്യ	പഠിപ്പുകൊണ്ടുള്ള
വിജ്ഞാതഃ	മനസ്സിൽ ധരിക്കപ്പെട്ടി	ഭാരഃ വാ	ഭാരംമാത്രമാണു്
ന വാ?	ല്ലെന്നാണു് തോന്നു	ഊഹ്യതേ.	ചുമക്കപ്പെട്ടിരിക്കു
	ന്നതു്!		ന്നതു്.

ഈദൃശൈഃ സചിവൈര്യുക്തോ മൂർഖൈർദ്ദിഷ്ട്യാ ധരാമ്യഹം. 11

" ഈദൃശൈഃ	" ഇപ്രകാരമുള്ള	ദിഷ്ട്യാ	ദൈവാധീനത്താൽ
മൂർഖൈഃ	മൂഢന്മാരായ		മാത്രമാണു്
സചിവൈഃ	മന്ത്രിമാരോടു		രാജ്യാധികാരത്തെ വ
യുക്തഃ	കൂടിയവനായ	ധരാമി.	ഹിച്ചുകൊണ്ടിരിക്കു
അഹം,	ഞാൻ,		ന്നതു്.

കിം നു മൃത്യോർഭയം നാസ്തി വക്തും മാം പരുഷം വചഃ
യസ്യ മേ ശാസതോ ജിഹ്വാ പ്രയച്ഛതി ശുഭാശുഭം. 12

" ശാസതഃ	"അജ്ഞാപിക്കുന്നവനാ	പരുഷം	കർണ്ണാരുന്തുദമായ
യസ്യ മേ	യാതൊരു നമ്മുടെ [യ	വചഃ	വാക്കു്
ജിഹ്വാ	നാവു്	വക്തും,	കേൾപ്പിപ്പാൻ,
ശുഭാശുഭം	നന്മതിന്മകളെ	മൃത്യോഃ	കാലനുംകൂടി
പ്രയച്ഛതി,	വിളയിക്കുന്നുവോ,	ഭയം	ഭയം
മാം	അപ്രകാരമുള്ള നമ്മെ	അസ്തി ന	ഇല്ലെന്നു വിചാരിക്കു
	നോക്കി	കിം നു?	ന്നുവോ?

അപ്യേവ ദഹനം സ്പൃഷ്ട്വാ വനേ തിഷ്ഠന്തി പാദപാഃ
രാജദോഷപരാമൃഷ്ടാസ്തിഷ്ഠന്തേ നാപരാധിനഃ. 13

" വനേ	" വനത്തിൽ	രാജദോഷ-	രാജാവിന്നു് ആപത്തി
ദഹനം	കാട്ടുതീയ്യിനെ	പരാമൃഷ്ടാഃ	നെ കരുതിയവരായ
സ്പൃഷ്ട്വാ അപി	സ്പർശിച്ചതിൽ പിന്നേ	അപരാധിനഃ ഏവ	അപരാധികൾ മാത്രം
പാദപാഃ	വൃക്ഷങ്ങൾ. [യും		
തിഷ്ഠന്തി;	നശിക്കാതെ നില്ക്കുന്നു		
	വെന്നുവരാം;	തിഷ്ഠന്തേ ന.	ജീവനോടിരിക്കയില്ല.

ഹന്യാമഹം ത്വിമൌ പാപൌ ശത്രുപക്ഷപ്രശംസകൌ
യദി പൂർവ്വോപകാരൈരസ്തു ന ക്രോധോ മൃദുതാം വ്രജേത്. 14

" പൂർവ്വോപ-കാരൈഃ	" മുമ്പുചെയ്ത ഉപകാരങ്ങൾ കാരണം	ശത്രുപക്ഷ-പ്രശംസകൌ	ശത്രുകക്ഷിയെ പുകഴ്ത്തുന്ന
ക്രോധഃ	കോപമെന്നതു്	പാപൌ	പാപിഷ്ഠന്മാരായ
മൃദുതാം	ശാന്തിയെ	ഇമൌ തു,	ഇവർ രണ്ടുപേരേയും,
വ്രജേത്	പ്രാപിക്കയില്ലെന്നു വ	തു,	ഇപ്പോൾതന്നെ
ന യദി,	രികിൽ,	അഹം ഹന്യാം.	ഞാൻ കൊന്നുകളയും.

അപധ്വംസത ഗച്ഛദ്ധ്വം സന്നികൎഷാദിതോ മമ
ന ഹി വാം ഹന്തുമിച്ഛാമി സ്മരാമ്യുപകൃതാനി വാം. 15

"വാം	"നിങ്ങളിരുവരുടേയും	ന ഇച്ഛാമി;	ഞാൻ ആഗ്രഹിക്കുന്നില്ല;
ഉപകൃതാനി	ഉപകാരങ്ങളെ	അപധ്വംസത;	തൊലഞ്ഞുപോവിൻ;
സ്മരാമി;	ഞാൻ ഓൎക്കുന്നു;	ഇതഃ	ഇവിടെനിന്നും
ഹി	അതിനാൽ	മമ	എന്റെ
വാം	നിങ്ങൾരണ്ടുപേരേയും	സന്നികൎഷാത്	അടുക്കൽനില്ക്കാതെ
ഹന്തും	വധിപ്പാൻ	ഗച്ഛധ്വം.	ഓടുവിൻ.

["അപധ്വംസത, ഗച്ഛധ്വം" എന്ന പ്രയോഗങ്ങൾ ആൎഷം.]

ഹതാവേവ കൃതഘ്നൌ തൌ മയി സ്നേഹപരാങ്മുഖൌ. 16

"മയി	"എന്റെസംഗതിയിൽ	സ്നേഹപരാങ്മുഖൌ	എന്റെ സ്നേഹത്തിന്ന് ബഹിഷ്കൃതന്മാരായി
കൃതഘ്നൌ	നന്ദികേടുകാണിച്ച	ഹതൌ ഏവ."	നന്മയററവരായ്ത്തന്നെയിരിക്കും."
തൌ	അവരിരുവരും,		

ഏവമുക്തൌ തു സവ്രീഡൌ താവുഭൌ ശുകസാരണൌ
രാവണം ജയശബ്ദേന പ്രതിനന്ദ്യാഭിനിഃസൃതൌ. 17

ഏവം	ഇപ്രകാരം	സവ്രീഡൌ	ലജ്ജാപൂൎണ്ണവരായി
ഉക്തൌ	നിന്ദിക്കപ്പെട്ടവരായ	ജയശബ്ദേന	ജയശബ്ദത്താൽ
തൌ	ആ	രാവണം	രാവണനെ
ശുകസാരണൌ	ശുകസാരണന്മാർ	പ്രതിനന്ദ്യ,	പ്രസാദിപ്പിച്ചശേഷം
ഉഭൌ തു,	രണ്ടുപേരും,	അഭിനിഃസൃതൌ	പുറത്തുപോയ്ക്കളഞ്ഞു.

അബ്രവീത് തു ദശഗ്രീവഃ സമീപസ്ഥം മഹോദരം
ഉപസ്ഥാപയ മേ ശീഘ്രം ചാരാന്നീതിവിശാരദാൻ. 18

ദശഗ്രീവഃ	ദശകണ്ഠൻ	"നീതിവിശാരദാൻ	"നീതിശാസ്ത്രവിദഗ്ദ്ധന്മാരായ
സമീപസ്ഥം	അടുത്തുനിന്നിരുന്നവനായ	മേ ചാരാൻ	എന്റെ ചാരന്മാരെ
മഹോദരം	മഹോദരനെ നോക്കി	ശീഘ്രം	വേഗത്തിൽ
തു	ആ സമയം	ഉപസ്ഥാപയ."	വരുത്തുക."
അബ്രവീത്;	ഉരചെയ്തു;		

മഹോദരസ്തഥോക്തസ്തു ശീഘ്രമാജ്ഞാപയച്ചരാൻ. 19

തഥാ	അപ്രകാരം	ചരാൻ	ചാരന്മാരെ
ഉക്തഃ	ആജ്ഞാപിക്കപ്പെട്ട	ശീഘ്രം	തത്ക്ഷണംതന്നെ
മഹോദരഃ തു,	മഹോദരനും	ആജ്ഞാപയത്.	ആജ്ഞാപിച്ചു.

തതശ്ചാരാഃ സംത്വരിതാഃ പ്രാപ്താഃ പാർത്ഥിവശാസനാത്
ഉപസ്ഥിതാഃ പ്രാഞ്ജലയോ വർദ്ധയിത്വാ ജയാശിഷാ. 20

ചാരാഃ	ചാരന്മാർ	പ്രാഞ്ജലയഃ	തൊഴുതുംകൊണ്ടു്
പാർത്ഥിവ-ശാസനാത്	രാജാജ്ഞ കയ്ക്കൊണ്ടു്	ജയാശിഷാ	ജയജയ എന്ന ആശീർവ്വചനത്താൽ
സംത്വരിതാഃ	ബദ്ധപ്പെട്ടു്	വർദ്ധയിത്വാ	പുകഴ്ത്തിയ ശേഷം
തതഃ	ആ സമയം	ഉപസ്ഥിതാഃ.	സമയം കാത്തുനിന്നു.
പ്രാപ്താഃ ;	വന്നെത്തി;		

താനബ്രവീത്തതോ വാക്യം രാവണോ രാക്ഷസാധിപഃ
ചാരാൻ പ്രത്യായിതാൻ ശൂരാൻ ഭക്താൻ വിഗതസാധ്വസാൻ. 21

രാക്ഷസാധിപഃ	നക്തഞ്ചരാധിപനായ	ഭക്താൻ	സ്വാമിഭക്തിയുള്ളവരും ആയ
രാവണഃ,	രാവണൻ,	താൻ ചാരാൻ,	ആ ചാരന്മാരെനോക്കി
പ്രത്യായിതാൻ	വിശ്വസ്തന്മാരും	തതഃ	അപ്പോൾ
ശൂരാൻ	ശൂരന്മാരും	വാക്യം അബ്രവീത്.	ഒരുവാക്ക് ഉരചെയ്തു.
വിഗത-സാധ്വസാൻ	ഒട്ടും കലുങ്ങാത്തവരും		

ഇതോ ഗച്ഛത രാമസ്യ വ്യവസായം പരീക്ഷഥ
മന്ത്രിഷ്വഭ്യന്തരാ യേഽസ്യ പ്രീത്യാ തേന സമാഗതാഃ. 22

"ഇതഃ	"ഇവിടെ നിന്നും	സമാഗതാഃ	ഇണങ്ങിയവരായി
ഗച്ഛത ;	ചെല്ലുവിൻ ;	അസ്യ	ഇവന്നു്
രാമസ്യ	രാമന്റെ	അഭ്യന്തരാഃ	അന്തരംഗമായുള്ളവർ
വ്യവസായം,	ഉദ്യമത്തെക്കുറിച്ചും,	യേ	ആരെല്ലാമോ അവരേയും
മന്ത്രിഷു	മന്ത്രിമാരിൽ		
തേന	അവനുമായി	പരീക്ഷഥ.	പരിശോധിച്ചു് അറിയുവിൻ.
പ്രീത്യാ	പ്രീതിയോടെ		

കഥം സ്വപിതി ജാഗർത്തി കിമന്യച്ച കരിഷ്യതി
വിജ്ഞായ നിപുണം സർവ്വമാഗന്തവ്യമശേഷതഃ. 23

"കഥം	"എങ്ങിനെ	കരിഷ്യതി?	ചെയ്യുന്നതു് ?
സ്വപിതി?	ഉറങ്ങുന്നു?	സർവ്വം	എല്ലാററിനേയും
ജാഗർത്തി?	ഉണർന്നിരിക്കുമ്പോൾ എങ്ങിനെ വർത്തിക്കുന്നു?	അശേഷതഃ	ഒന്നുംവിടാതെ
		നിപുണം	സൂക്ഷ്മമായി
		വിജ്ഞായ	അറിഞ്ഞു്
അന്യത് ച,	കൂടാതെ	ആഗന്തവ്യം.	തിരിച്ചെത്തേണ്ടതാണ്.
കിം	എന്തെല്ലാമാണ്		

ചാരേണ വിദിതഃ ശത്രുഃ പണ്ഡിതൈർവ്വസുധാധിപൈഃ
യുദ്ധേ സ്വല്പേന യത്നേന സമാസാദ്യ നിരസ്യതേ. 24

" പണ്ഡിതൈഃ "	ബുദ്ധിമാന്മാരായ	യുദ്ധേ	യുദ്ധത്തിൽ
വസുധാധിപൈഃ	രാജാക്കന്മാരാൽ	സമാസാദ്യ	എതിൎത്തു്
ചാരേണ	ചാരൻമൂലം	സ്വല്പേന യത്നേന	അനായാസമായി
വിദിതഃ	എല്ലാം ഗ്രഹിക്കപ്പെട്ടവനായ		
ശത്രുഃ	ശത്രു	നിരസ്യതേ."	നിരസിക്കപ്പെടുന്നു."

ചാരാസ്തു തേ തഥേത്യുക്ത്വാ പ്രഹൃഷ്ടാ രാക്ഷസേശ്വരം
ശാർദ്ദൂലമഗ്രതഃ കൃത്വാ തതശ്ചക്രുഃ പ്രദക്ഷിണം. 25

തേ ചാരാഃ	ആ ചാരന്മാർ	ഇതി ഉക്ത്വാ,	എന്നു് പറഞ്ഞശേഷം,
പ്രഹൃഷ്ടാഃ	മനഃസന്തുഷ്ടിപൂണ്ടവരായി	ശാർദ്ദൂലം	ശാർദ്ദൂലനെന്നവനെ
		അഗ്രതഃ കൃത്വാ	മുമ്പിട്ടുകൊണ്ടു്
രാക്ഷസേശ്വരം	രാക്ഷസാധിപനെ നോക്കി	തതഃ	അനന്തരം
		പ്രദക്ഷിണം തു	പ്രദക്ഷിണവും
'തഥാ'	'കല്പനപോലെ'	ചക്രുഃ.	ചെയ്തു.

തതസ്തേ തം മഹാത്മാനം ചാരാ രാക്ഷസസത്തമം
കൃത്വാ പ്രദക്ഷിണം ജഗ്മുർയത്ര രാമഃ സലക്ഷ്മണഃ. 26

തേ ചാരാഃ	ആ ചാരന്മാർ	കൃത്വാ,	ചെയ്തു്,
മഹാത്മാനം	മഹാപരാക്രമശാലിയായ	രാമഃ	ശ്രീരാമൻ
		സലക്ഷ്മണഃ	ലക്ഷ്മണസഹിതനായി
തം രാക്ഷസസത്തമം	ആ രാക്ഷസാധിപനെ	യത്ര	എങ്ങുണ്ടായിരുന്നുവോ
		തതഃ	അവിടെ
പ്രദക്ഷിണം	പ്രദക്ഷിണം	ജഗ്മുഃ.	വന്നെത്തി.

തേ സുവേലസ്യ ശൈലസ്യ സമീപേ രാമലക്ഷ്മണൗ
പ്രച്ഛന്നാ ദദൃശുർഗത്വാ സസുഗ്രീവവിഭീഷണൗ. 27

പ്രച്ഛന്നാഃ	വേഷച്ഛന്നന്മാരായ	ഗത്വാ,	വന്നുചേൎന്നു്,
തേ,	അവർ,	സസുഗ്രീവവിഭീഷണൗ	സുഗ്രീവവിഭീഷണന്മാരോടുകൂടിയ
സുവേലസ്യ ശൈലസ്യ	സുവേലപൎവ്വതത്തിന്റെ	രാമലക്ഷ്മണൗ	ശ്രീരാമലക്ഷ്മണന്മാരെ
സമീപേ	അടുക്കൽ	ദദൃശുഃ.	കണ്ടു.

പ്രേക്ഷമാണാശ്ചമൂം താം ച ബഭൂവുർഭയവിക്ലബാഃ
തേ തു ധൎമ്മാത്മനാ ദൃഷ്ടാ രാക്ഷസേന്ദ്രേണ രാക്ഷസാഃ. 28

താം ചമൂം ച	ആ സൈന്യത്തേയും	തേ തു	അവരും
പ്രേക്ഷമാണാഃ	നോക്കുന്നവരായി	രാക്ഷസേന്ദ്രേണ	രാക്ഷസോത്തമനായ
ഭയവിക്ലബാഃ	ഭയപ്പെട്ടു് ഉള്ളം കലങ്ങിയവരായി	ധൎമ്മാത്മനാ	ആ ധൎമ്മാത്മാവായ വിഭീഷണനാൽ
ബഭൂവുഃ;	ഭവിച്ചു;		
രാക്ഷസാഃ	രാക്ഷസന്മാരായ	ദൃഷ്ടാഃ.	കണ്ടെത്തപ്പെട്ടു.

വിഭീഷണേന തത്രസ്ഥാ നിഗൃഹീതാ യദൃച്ഛയാ
ശാർദ്ദൂലോ ഗ്രാഹിതസ്ത്വേകഃ പാപോഽയമിതി രാക്ഷസഃ 29
മോചിതഃ സോഽപി രാമേണ വധ്യമാനഃ പ്ലവംഗമൈഃ 30
ആനൃശംസ്യേന രാമസ്യ മോചിതാ രാക്ഷസാഃ പരേ. 31

തത്രസ്ഥാഃ	അവിടെ വന്നിരുന്ന	ഇതി	എന്നകാരണത്താൽ
വിഭീഷണേന	വിഭീഷണനാൽ[അവർ	വധ്യമാനഃ അപി	ഹിംസിക്കപ്പെടുന്ന സമയം
യദൃച്ഛയാ	അവർ ഓർക്കാതിരിക്കെ	സഃ	അവൻ
നിഗൃഹീതാഃ;	പിടിക്കപ്പെട്ടു;	രാമേണ	ശ്രീരാമനാൽ
ഗ്രാഹിതഃ	പിടിക്കപ്പെട്ട	മോചിതഃ;	മോചിക്കപ്പെട്ടു;
ശാർദ്ദൂലഃ	ശാർദ്ദൂലനെന്ന	പരേ രാക്ഷസാഃ	മററുള്ള രാക്ഷസന്മാ[രും
രാക്ഷസഃ	രാക്ഷസൻ	രാമസ്യ	ശ്രീരാമന്റെ
ഏകഃ തു,	ഒരുത്തനാകട്ടെ,	ആനൃശംസ്യേന	ദാക്ഷിണ്യത്താൽ
പ്ലവംഗമൈഃ,	വാനരന്മാരാൽ,	മോചിതാഃ.	വിട്ടയക്കപ്പെട്ടു.
'അയം പാപഃ'	'ഇവൻ ദുഷ്ടനാണ്'		

വാനരൈരർദ്ദിതാസ്തേ തു വിക്രാന്തൈർലഘുവിക്രമൈഃ
പുനർലങ്കാമനുപ്രാപ്താഃ ശ്വസന്തോ നഷ്ടചേതസഃ. 32

വിക്രാന്തൈഃ	പരാക്രമശാലികളും	നഷ്ടചേതസഃ	ഉള്ളം പതച്ചുംകൊണ്ട്
ലഘു-വിക്രമൈഃ തു	ചൊടിയുള്ളവരും ആയ	ശ്വസന്തഃ	ദീർഘശ്വാസം വിടുന്നവരായി
വാനരൈഃ	വാനരന്മാരാൽ	പുനഃ	വീണ്ടും
അർദ്ദിതാഃ	ഹിംസിക്കപ്പെട്ട	ലങ്കാം	ലങ്കയിൽ
തേ,	അവർ,	അനുപ്രാപ്താഃ.	വന്നെത്തി.

തതോ ദശഗ്രീവമുപസ്ഥിതാസ്തു തേ
ചാരാ ബഹിർന്നിത്യചരാ നിശാചരാഃ
ഗിരേഃ സുവേലസ്യ സമീപവാസിനം
ന്യവേദയൻ ഭീമബലം മഹാബലാഃ. 33

തതഃ	അതിൽ പിന്നെ	ദശഗ്രീവം	രാവണനെ
ബഹിഃ	പുറത്ത്	ഉപസ്ഥിതാഃ,	സമീപിച്ച്,
നിത്യചരാഃ	എന്നും സഞ്ചരിച്ചുകൊണ്ടിരുന്നവരും	ഭീമബലം	വമ്പിച്ച സൈന്യത്തെ,
മഹാബലാഃ	മഹാ ശക്തിമാന്മാരും	സുവേലസ്യ ഗിരേഃ	സുവേലപർവ്വതത്തിന്റെ
നിശാചരാഃ തു	രാക്ഷസരും ആയ	സമീപവാസിനം	അടുത്ത് വർത്തിക്കുന്ന[തായി
തേ ചാരാഃ,	ആ ചാരന്മാർ,	ന്യവേദയൻ.	അറിയിച്ചു.

ഇത്യാർഷേ ശ്രീമദ്രാമായണേ വാല്മീകീയേ ആദികാവ്യേ യുദ്ധകാണ്ഡേ
ഏകോനത്രിംശഃ സർഗ്ഗഃ = ഇരുപത്തൊമ്പതാംസർഗ്ഗം സമാപ്തം.

ആദ്യം മുതൽ ശ്ലോകസംഖ്യ 15779; യുദ്ധകാണ്ഡം ആദ്യം മുതൽ ശ്ലോകസംഖ്യ 1104.

ത്രിംശഃ സർഗ്ഗഃ = മുപ്പതാംസർഗ്ഗം.

[ശാർദ്ദൂലവാക്യം = ശാർദ്ദൂലൻെറ വാക്യം.]

തതസ്തമക്ഷോഭ്യബലം ലങ്കാധിപതയേ ചരാഃ
സുവേലേ രാഘവം ശൈലേ നിവിഷ്ടം പ്രത്യവേദയൻ. 1

തതഃ	അപ്പോൾ	അക്ഷോഭ്യ-ബലം	കലക്കപ്പെട്ടുവാൻ കഴിയാത്ത സൈന്യത്തെക്കുറിച്ചും
ചരാഃ	ചാരന്മാർ		
ലങ്കാധിപതയേ	ലങ്കാധിപനോടായി		
സുവേലേ ശൈലേ	സുവേലപർവ്വതത്തിൽ	നിവിഷ്ടം	അവിടെ പാർത്തിരുന്ന
		രാഘവം	ശ്രീരാമനെക്കുറിച്ചും
തം	ആ	പ്രത്യവേദയൻ.	വിവരമായി അറിയിച്ചു.

ചാരാണാം രാവണഃ ശ്രുത്വാ പ്രാപ്തം രാമം മഹാബലം
ജാതോദ്വേഗോഽഭവത് കിംചിത് ശാർദ്ദൂലം വാക്യമബ്രവീത്. 2

രാവണഃ	രാവണൻ	കിംചിത്	അല്പം
മഹാബലം	മഹാബലശാലിയായ	ജാതോദ്വേഗഃ അഭവത്;	ആശ്ചര്യമുൾകൊണ്ടു;
രാമം	ശ്രീരാമനെ		
പ്രാപ്തം	വന്നെത്തിയവനായി	ശാർദ്ദൂലം	ശാർദ്ദൂലനോടായി
ചാരാണാം	ചാരന്മാർ മുഖാന്തരം	വാക്യം	ഒരു വാക്ക്
ശ്രുത്വാ,	കേട്ടു്,	അബ്രവീത്.	ഇപ്രകാരം ഉരചെയ്തു.

അയഥാവച്ച തേ വർണ്ണോ ദീനശ്ചാസി നിശാചര
നാസി കച്ചിദമിത്രാണാം ക്രുദ്ധാനാം വശമാഗതഃ. 3

"നിശാചര!	"രാക്ഷസ!	ദീനഃ ച അസി;	നീ ദീനതപൂണ്ടവനായും കാണപ്പെടുന്നു;
തേ	നിൻെറ	ക്രുദ്ധാനാം	ക്രുദ്ധിച്ച
വർണ്ണഃ	മുഖവർണ്ണം	അമിത്രാണാം	ശത്രുക്കളുടെ
അയഥാവത് ച;	സാധാരണയുള്ളപോലെയല്ലാതെതന്നെയിരിക്കുന്നു;	വശം ആഗതഃ	കയ്യിലകപ്പെട്ടവനായി
		അസി ന കച്ചിത്?"	നീ ഭവിച്ചില്ലെന്നു് ഞാൻ കരുതുന്നു?"

ഇതി തേനാനുശിഷ്ടസ്തു വാചം മന്ദമുദൈരയത്
തദാ രാക്ഷസശാർദ്ദൂലം ശാർദ്ദൂലോ ഭയവിഹ്വലഃ. 4

തദാ	ആ സമയം	ഭയവിഹ്വലഃ	ഭയംമൂലം നെഞ്ഞിടിച്ചുംകൊണ്ടു്
തേന	അവനാൽ	മന്ദം	ദീനസ്വരത്തിൽ
ഇതി	മേൽപ്രകാരം	വാചം	ഒരു വാക്ക്
അനുശിഷ്ടഃ	ചോദിക്കപ്പെട്ടവനായ	രാക്ഷസശാർദ്ദൂലം തു	ആ രാക്ഷസസിംഹത്തോടായി
ശാർദ്ദൂലഃ,	ശാർദ്ദൂലൻ,	ഉദൈരയത്.	ഇപ്രകാരം ഉണർത്തിച്ചു.

ന തേ ചാരയിതും ശക്യാ രാജൻ വാനരപുംഗവാഃ. 5

" രാജൻ !	" രാജാവേ !	ചാരയിതും	ചാരവൃത്തി കയ്ക്കൊണ്ട് അറിവാൻ
വാനരപുംഗവാഃ	വാനരശ്രേഷ്ഠന്മാരായ		
തേ,	അവർ,	ശക്യാഃ ന.	കഴിയപ്പെടുന്നവരല്ല.

വിക്രാന്താ ബലവന്തശ്ച രാഘവേണ ച രക്ഷിതാഃ
നാപി സംഭാഷിതും ശക്യാഃ സംപ്രശ്നോഽത്ര ന ലഭ്യതേ. 6

" വിക്രാന്താഃ	" കുലുക്കമില്ലാത്തവരും	ശക്യാഃ ന ;	അവസരം നൽകുന്നവരായിരിക്കുന്നില്ല ;
ബലവന്തഃ	ബലവാന്മാരും		
രാഘവേണ	രാമനാൽ	അത്ര,	ഇവരുടെ കാൎയ്യത്തിൽ,
രക്ഷിതാഃ ച	രക്ഷിക്കപ്പെട്ടവരും ആയ അവർ	സംപ്രശ്നഃ ച	നല്ലവാക്കുപറഞ്ഞ് ചോദിച്ചറിയുക എന്നതും
സംഭാഷിതും അപി	വായ് തുറന്ന് വല്ലതും പറവാനുംകൂടി	ലഭ്യതേ ന.	സാദ്ധ്യമല്ല.

സൎവ്വതോ രക്ഷ്യതേ പന്ഥാ വാനരൈഃ പൎവ്വതോപമൈഃ
പ്രവിഷ്ടമാത്രേ ജ്ഞാതോഽഹം ബലേ തസ്മിന്നചാരിതേ. 7

" പൎവ്വതോപമൈഃ	" ഗിരിതുല്യന്മാരായ	ബലേ	ബലത്തെക്കുറിച്ച്
		അചാരിതേ,	ചാരവൃത്തി ഒന്നും കയ്ക്കൊള്ളാതെ,
വാനരൈഃ	വാനരന്മാരാൽ	അഹം	ഞാൻ
പന്ഥാഃ സൎവ്വതഃ	വഴിയെല്ലാം	പ്രവിഷ്ടമാത്രേ	അതിൽ പ്രവേശിച്ച ക്ഷണത്തിൽ തന്നെ
രക്ഷ്യതേ ;	കാവൽ കാക്കപ്പെടുന്നു;		
തസ്മിൻ	ആ	ജ്ഞാതഃ.	അറിയപ്പെട്ടു.

ബലാദ് ഗൃഹീതോ രക്ഷോഭിർബഹുധാഽസ്മി വിചാലിതഃ
ജാനുഭിർമുഷ്ടിഭിർദന്തൈസ്തലൈശ്ചാഭിഹതോ ഭൃശം 8
പരിണീതോഽസ്മി ഹരിഭിർബലവദ്ഭിരമൎഷണൈഃ
പരിണീയ ച സൎവ്വത്ര നീതോഽഹം രാമസംസദം. 9

" അഹം	" ഞാൻ	ജാനുഭിഃ	കാൽമുട്ടുകൾ കൊണ്ടും
രക്ഷോഭിഃ,	കൂടെവന്ന രാക്ഷസരോടുംകൂടി,	മുഷ്ടിഭിഃ	മുഷ്ടികൾ കൊണ്ടും
		ദന്തൈഃ	പല്ലുകൾ കൊണ്ടും
ബലവദ്ഭിഃ	ബലശാലികളും	തലൈഃ ച	കയ്ത്തലങ്ങൾ കൊണ്ടും
അമൎഷണൈഃ	ഒതുക്കുവാൻ കഴിയാത്ത കോപമുൾക്കൊണ്ടവരുമായ	ഭൃശം	നന്നായി
		അഭിഹതഃ ;	ഹിംസിക്കപ്പെട്ടു ;
		സൎവ്വത്ര	എങ്ങും
ഹരിഭിഃ	വാനരന്മാരാൽ	പരിണീയ	പിടിച്ചുവലിച്ച്
ബലാത്	ബലാത്കാരമായി	പരിണീതഃ അസ്മി ;	ഇട്ടിക്കൊണ്ടുവരപ്പെട്ടു;
ഗൃഹീതഃ ;	പിടിക്കപ്പെട്ടു ;		
ബഹുധാ	പലവാറ്	രാമസംസദം	രാമന്റെ സഭമുമ്പാകെ
വിചാലിതഃ അസ്മി ;	കുലുക്കപ്പെട്ടു ;	നീതഃ ച.	കൊണ്ടുപോയി നിൎത്തപ്പെടുകയും ചെയ്തു.

രുധിരാദിഗ്ദ്ധസർവ്വാംഗോ വിഹ്വലശ്ചലിതേന്ദ്രിയഃ
ഹരിഭിർവധ്യമാനശ്ച യാചമാനഃ കൃതാഞ്ജലിഃ. 10
രാഘവേണ പരിത്രാതോ ജീവാമീതി യദൃച്ഛയാ. 11

"രുധിരാദിഗ്ദ്ധസർവ്വാംഗഃ	"ദേഹം മുഴുവനും ചോരപുരണ്ടവനായി	കൃതാഞ്ജലിഃ	തൊഴുതുംകൊണ്ടു്
വിഹ്വലഃ	വാടിതളർന്നവനായി	യാചമാനഃ	ജീവനുവേണ്ടി യാചിക്കുന്നവനായിരുന്നു
ചലിതേന്ദ്രിയഃ ച	ഇന്ദ്രിയങ്ങൾ കുഴഞ്ഞവനായി	ഇതി	എന്നു കാരണത്താൽ
ഹരിഭിഃ	വാനരന്മാരാൽ	രാഘവേണ	രാമനാൽ
വധ്യമാനഃ	പ്രഹരിക്കപ്പെടുന്നവനായി	പരിത്രാതഃ	രക്ഷിക്കപ്പെട്ടു്
		യദൃച്ഛയാ	ദൈവഗത്യാ
		ജീവാമി.	ഇതാ ചാവാതെ ജീവിച്ചിരിക്കുന്നു.

ഏഷ ശൈലൈഃ ശിലാഭിശ്ച പൂരയിത്വാ മഹാർണ്ണവം
ദ്വാരമാശ്രിത്യ ലങ്കായാ രാമസ്തിഷ്ഠതി സായുധഃ. 12

"ശൈലൈഃ	"പർവ്വതങ്ങളാലും	ആശ്രിത്യ,	പ്രാപിച്ചു്,
ശിലാഭിഃ ച	പാറകളാലും	സായുധഃ	ആയുധപാണിയായി
മഹാർണ്ണവം	വൻകടലിനെ	രാമഃ	രാമൻ
പൂരയിത്വാ,	തൂർത്തിട്ടു്,	ഏഷഃ	ഇതാ
ലങ്കായാഃ ദ്വാരം	ലങ്കാദ്വാരത്തെ	തിഷ്ഠതി.	നില്ക്കുന്നു.

ഗരുഡവ്യൂഹമാസ്ഥായ സർവ്വതോ ഹരിഭിർവ്വൃതഃ
മാം വിസൃജ്യ മഹാതേജാ ലങ്കാമേവാഭിവർത്തതേ. 13

"ഗരുഡവ്യൂഹം ആസ്ഥായ,	"സൈന്യത്തെ ഗരുഡാകൃതിയായി അണിനിരത്തി അതിൽ വർത്തിച്ചുകൊണ്ടു്,	വൃതഃ	ചൂഴപ്പെട്ടവനായി
		മഹാതേജാഃ	മഹാതേജസ്വിയായ [അവൻ
		മാം	എന്നെ
		വിസൃജ്യ	വിട്ടയച്ചു്
സർവ്വതഃ	എങ്ങും	ലങ്കാം ഏവ	ലങ്കയ്ക്കുതന്നെ
ഹരിഭിഃ	വാനരന്മാരാൽ	അഭിവർത്തതേ.	വന്നുകൊണ്ടിരിക്കുന്നു.

പുരാ പ്രാകാരമായാതി ക്ഷിപ്രമേകതരം കുരു
സീതാം വാഽസ്മൈ പ്രയച്ഛാശു സുയുദ്ധം വാ പ്രദീയതാം. 14

"പ്രാകാരം	"മതിൽകെട്ടിനെ	സീതാം വാ	സീതയെ
ആയാതി പുരാ	പ്രാപിക്കുന്നതിന്നു മുമ്പു	അസ്മൈ	ഇവന്നായിക്കൊണ്ടു്
ക്ഷിപ്രം	താമസിക്കാതെ [തന്നെ	പ്രയച്ഛ;	തിരിയെക്കൊടുക്കുക;
ഏകതരം	രണ്ടാലൊന്നു്	വാ	അല്ലെന്നാൽ
കുരു;	ചെയ്താലും;	സുയുദ്ധം	ശരിയായ യുദ്ധംതന്നെ
ആശു,	ഉടനെ	പ്രദീയതാം."	നൽകപ്പെടട്ടെ."

മനസാ സംതതാപാഥ തച്ഛ്രുത്വാ രാക്ഷസാധിപഃ
ശാൎദ്ദൂലസ്യ മഹദ്വാക്യമഥോവാച സ രാവണഃ. 15

രാക്ഷസാധിപഃ	രക്ഷോനാഥനായ
രാവണഃ,	രാവണൻ,
ശാൎദ്ദൂലസ്യ	ശാൎദ്ദൂലന്റെ
തത്	ആ
മഹത് വാക്യം	ശ്രേഷ്ഠമായ വാക്യത്തെ
ശ്രുത്വാ,	കേട്ട്,
അഥ	ആ സമയം
മനസാ സംതതാപ;	ഉള്ളം കലങ്ങിയവനായ് ഭവിച്ചു;
അഥ	പിന്നെ
സഃ	അവൻ
ഉവാച.	ഇങ്ങിനെ ഉരചെയ്തു.

യദി മാം പ്രതി യുദ്ധ്യേരൻ ദേവഗന്ധൎവ്വദാനവാഃ
നൈവ സീതാം പ്രദാസ്യാമി സൎവ്വലോകഭയാദപി. 16

"ദേവഗന്ധൎവ്വ-ദാനവാഃ	"ദേവന്മാരും ഗന്ധൎവ്വന്മാരും ദാനവന്മാരും
മാം പ്രതി	എനിക്കുനേരെ
യുദ്ധ്യേരൻ യദി	യുദ്ധംചെയ്താലും
സൎവ്വലോക-ഭയാത് അപി	എല്ലാലോകത്തിൽനിന്നും ആപത്തുണ്ടാകുന്നതായാലും
സീതാം ഏവ	സീതയെമാത്രം
പ്രദാസ്യാമി ന."	ഞാൻ തിരിയെ കൊടുക്കുകയില്ല."

ഏവമുക്ത്വാ മഹാതേജാ രാവണഃ പുനരബ്രവീത്
ചാരിതാ ഭവതാ സേനാ കേऽത്ര ശൂരാഃ പ്ലവംഗമാഃ. 17

മഹാതേജാഃ	മഹാപരാക്രമശാലിയായ
രാവണഃ	രാവണൻ
ഏവം	മേൽപ്രകാരം
ഉക്ത്വാ,	ഉരചെയ്ത്,
പുനഃ	വീണ്ടും
അബ്രവീത്;	ഇങ്ങിനെ ചോദിച്ചു;
" ഭവതാ	" നിന്നാൽ
സേനാ	സൈന്യം
ചാരിതാ;	ചുററിനോക്കപ്പെട്ടുവല്ലൊ;
അത്ര	ഇതിൽ
ശൂരാഃ	ശൂരന്മാരായ
പ്ലവംഗമാഃ	വാനരന്മാർ
കേ?	ആരെല്ലാമാണ്?

കീദൃശാഃ കിംപ്രഭാഃ സൌമ്യ വാനരാ യേ ദുരാസദാഃ
കസ്യ പുത്രാശ്ച പൌത്രാശ്ച തത്വമാഖ്യാഹി രാക്ഷസ 18

" സൌമ്യ!	" മഹാസാധുവായ്പോയ
രാക്ഷസ!	രാക്ഷസ!
ദുരാസദാഃ	ആരാലും അടുപ്പാൻ കഴിയാത്ത
വാനരാഃ	വാനരന്മാർ
യേ	യാതൊരുവരോ, അവർ
കീദൃശാഃ?	എപ്രകാരമുള്ളവരാണ്?
കിംപ്രഭാഃ?	എന്തുശക്തിയുള്ളവരാണ്?
കസ്യ	ആരുടെ
പുത്രാഃ ച	പുത്രന്മാരും
പൌത്രാഃ ച?	പൌത്രന്മാരുമാണ്?
തത്വം	ഉള്ളതു
ആഖ്യാഹി.	പറക.

തഥാഽത്ര പ്രതിപത്സ്യാമി ജ്ഞാത്വാ തേഷാം ബലാബലം
അവശ്യം ബലസംഖ്യാനം കർത്തവ്യം യുദ്ധമിച്ഛതാം. 19

“ തേഷാം	“ അവരുടെ	യുദ്ധം ഇച്ഛതാം	പോരാടുവാൻ തുനിയു
ബലാബലം	ബലാബലത്തെ	അവശ്യം	അവശ്യമായും [ന്നവക്ക്
ജ്ഞാത്വാ,	അറിഞ്ഞശേഷം,	കർത്തവ്യം	ചെയ്യേണ്ടതായുള്ളത്
അത്ര	ഇക്കാര്യത്തിൽ	ബല-സംഖ്യാനം.”	ശത്രുസൈന്യമെത്രയുണ്ടെന്ന് നിശ്ചയിക്കുന്നതാണ്.”
തഥാ	തക്ക		
പ്രതിപത്സ്യാമി;	ഏർപ്പാടു ചെയ്യുന്നുണ്ട്;		

തഥൈവമുക്തഃ ശാർദ്ദൂലോ രാവണേനോത്തമശ്ചരഃ
ഇദം വചനമാരേഭേ വക്തും രാവണസന്നിധൌ. 20

രാവണേന	രാവണനാൽ	രാവണ-സന്നിധൌ	രാവണന്റെ മുമ്പിൽ
തഥാ ഏവം	മേൽപ്രകാരം		
ഉക്തഃ	ചോദ്യം ചെയ്യപ്പെട്ട	ഇദം	ഇപ്രകാരം
ഉത്തമഃ	സാമർത്ഥ്യശാലിയായ	വചനം	വാക്യത്തെ
ചരഃ	ചാരനായ	വക്തും	ഉരചെയ്യാൻ
ശാർദ്ദൂലഃ,	ശാർദ്ദൂലൻ,	ആരേഭേ.	തുടങ്ങി.

അഥർക്ഷരജസഃ പുത്രോ യുധി രാജാ സുദുർജ്ജയഃ
ഗദ്ഗദസ്യാഥ പുത്രോഽത്ര ജാംബവാനിതി വിശ്രുതഃ. 21

“ യുധി	“ പോരിൽ	അത്ര	ഇക്കാണുന്ന
സുദുർജ്ജയഃ	ആരാലും ജയിക്കപ്പെട്ടുവാൻ കഴിയാത്ത	ജാംബവാൻ ഇതി	ജാംബവാൻ എന്ന്
രാജാ,	രാജാവായ സുഗ്രീവൻ,	വിശ്രുതഃ അഥ,	പ്രസിദ്ധി പൂണ്ടവനും,
ഋക്ഷരജസഃ	ഋക്ഷരജസ്സിന്റെ	ഗദ്ഗദസ്യ	ഗദ്ഗദന്റെ
പുത്രഃ അഥ;	പുത്രൻ തന്നെ;	പുത്രഃ.	പുത്രനാകുന്നു.

[ജാംബവാൻ ബ്രഹ്മാവിന്റെ ജൃംഭണത്തിൽനിന്ന് ഉത്ഭവിച്ചവനാണെന്നാലും, ആ ജൃംഭണശക്തി ഗദ്ഗദന്റെ ക്ഷേത്രത്തിൽ പതിച്ച് അതിലുണ്ടായവനാകയാൽ ഗദ്ഗദപുത്രനാകുന്നു എന്ന് സാരം തിലകം.]

ഗദ്ഗദസ്യൈവ പുത്രോഽന്യോ ഗുരുപുത്രഃ ശതക്രതോഃ
കദനം യസ്യ പുത്രേണ കൃതമേകേന രക്ഷസാം. 22

“ ഗദ്ഗദസ്യ ഏവ	“ ഗദ്ഗദന്റെ തന്നെ	രക്ഷസാം	രാക്ഷസന്മാർക്ക്
		കദനം	നാശം
അന്യഃ പുത്രഃ;	മറെറാരു പുത്രനുമുണ്ട്;	കൃതം,	വിളയിക്കപ്പെട്ടുവോ,
യസ്യ	യാതൊരുവന്റെ	ശതക്രതോഃ	ഇന്ദ്രന്റെ [അവൻ
പുത്രേണ	പുത്രൻ	ഗുരുപുത്രഃ.	ഗുരുവായ ബൃഹസ്പതിയുടെ പുത്രനാണ്.
ഏകേന,	ഒരുത്തനാൽതന്നെ,		

[ഗദ്ഗദന്റെ മറെറാരു പുത്രൻ എന്നു പറഞ്ഞത് ധൂമ്രനാകുന്നു; രാക്ഷസന്മാർ നശിപ്പിക്കപ്പെട്ടുവെന്നു പറഞ്ഞത് ഹനുമാനെക്കുറിച്ചാകുന്നു. ഹനുമാന്റെ പിതാവായ കേസരി ബൃഹസ്പതിയുടെ പുത്രനാകുന്നു എന്നു സാരം.]

സുഷേണശ്ചാപി ധർമ്മാത്മാ പുത്രോ ധർമ്മസ്യ വീര്യവാൻ
സൌമ്യഃ സോമാത്മജശ്ചാത്ര രാജൻ ദധിമുഖഃ കപിഃ. 23

“ധർമ്മാത്മാ അപി	“ധർമ്മാത്മാവും
വീര്യവാൻ ച	വീര്യശാലിയും ആയ
സുഷേണഃ	സുഷേണൻ
ധർമ്മസ്യ	ധർമ്മരാജാവിന്റെ
പുത്രഃ,	പുത്രൻ;
രാജൻ!	രാജാവേ!

അത്ര	ഇവിടെ
സൌമ്യഃ	മനോഹരനായ് കാണപ്പെടുന്ന
ദധിമുഖഃ ച കപിഃ	ദധിമുഖനെന്ന വാനരൻ
സോമാത്മജഃ.	ചന്ദ്രന്റെ പുത്രനാകുന്നു.

[“വരുണോ ജനയാമാസ സുഷേണം നാമ വാനരം” എന്നിങ്ങിനെ ബാലകാണ്ഡത്തിൽ സുഷേണനെ വരുണപുത്രനായി പറഞ്ഞിരിക്കുന്നതിനാൽ ഇവിടെ ‘ധർമ്മ’ശബ്ദംകൊണ്ടു് വരുണൻ തന്നെയാണു് പറയപ്പെടുന്നതു്, എന്നു ഗോ. രാ. ശാർദ്ദൂലന്റെ ഭ്രമംകൊണ്ടു് പറയുന്നതാണെന്നും ഇതു മറെറാരു സുഷേണനാണെന്നും മററും പക്ഷാന്തരങ്ങളും.]

സുമുഖോ ദുർമ്മുഖശ്ചാത്ര വേഗദർശീ ച വാനരഃ
മൃത്യുർവാനരരൂപേണ നൂനം സൃഷ്ടഃ സ്വയംഭുവാ. 24

“അത്ര	“ഇക്കൂട്ടത്തിൽ
സ്വയംഭുവാ	ബ്രഹ്മാവിനാൽ
വാനരരൂപേണ	വാനരരൂപത്തിൽ
മൃത്യുഃ നൂനം	യമൻതന്നെ!
സുമുഖഃ	സുമുഖനെന്ന

വാനരഃ	വാനരനായും
ദുർമ്മുഖഃ ച	ദുർമ്മുഖനെന്നവനായും
വേഗദർശീ ച	വേഗദർശിയെന്നവനായും
സൃഷ്ടഃ.	സൃഷ്ടിക്കപ്പെട്ടിരിക്കുന്നു.

പുത്രോ ഹുതവഹസ്യാഥ നീലഃ സേനാപതിഃ സ്വയം
അനിലസ്യ ച പുത്രോഽത്ര ഹനുമാനിതി വിശ്രുതഃ. 25

“നീലഃ	“നീലനെന്ന
സേനാപതിഃ	സേനാധിപൻ
ഹുതവഹസ്യ	അഗ്നിയുടെ
സ്വയം പുത്രഃ അഥ;	ഔരസപുത്രനാകുന്നു;

അത്ര	ഇതിൽ
ഹനുമാൻ ഇതി	ഹനുമാൻ എന്നു്
വിശ്രുതഃ ച	പ്രസിദ്ധിപൂണ്ടവൻ
അനിലസ്യ	വായുവിന്റെ
പുത്രഃ.	പുത്രൻ.

നപ്താ ശക്രസ്യ ദുർദ്ധർഷോ ബലവാനംഗദോ യുവാ
മൈന്ദശ്ച ദ്വിവിദശ്ചോഭൌ ബലിനാവശ്വിസംഭവൌ. 26

“യുവാ	“ചെറുപ്പക്കാരനും
ബലവാൻ	ബലവാനും
ദുർദ്ധർഷഃ	അധൃഷ്യനും ആയ
അംഗദഃ	അംഗദൻ
ശക്രസ്യ	ഇന്ദ്രന്റെ
നപ്താ;	പൌത്രനാകുന്നു;

ബലിനൌ	ബലശാലികളായ
മൈന്ദഃ ച	മൈന്ദനും,
ദ്വിവിദഃ ച	ദ്വിവിദനും,
ഉഭൌ	രണ്ടുപേരും
അശ്വി- സംഭവൌ	അശ്വിനീദേവന്മാരുടെ കുമാരന്മാരാകുന്നു.

പുത്രാ വൈവസ്വതസ്യാത്ര പഞ്ച കാലാന്തകോപമാഃ
ഗജോ ഗവാക്ഷോ ഗവയഃ ശരഭോ ഗന്ധമാദനഃ. 27

"അത്ര,	"ഇക്കൂട്ടത്തിൽ	ഗന്ധമാദനഃ	ഗന്ധമാദനൻ എന്നു,
ഗജഃ	ഗജൻ	കാലാന്തകോപമാഃ	പ്രളയകാലമൃത്യുതുല്യന്മാരായ
ഗവാക്ഷഃ	ഗവാക്ഷൻ	പഞ്ച	അഞ്ചുപേരും
ഗവയഃ	ഗവയൻ	വൈവസ്വതസ്യ	യമന്റെ
ശരഭഃ	ശരഭൻ	പുത്രാഃ	പുത്രന്മാരാകുന്നു.

ദശകോട്യോ വാനരാണാം ശൂരാണാം യുദ്ധകാംക്ഷിണാം
ശ്രീമതാം ദേവപുത്രാണാം ശേഷം നാഖ്യാതുമുത്സഹേ. 28

"ശൂരാണാം	"ശൂരന്മാരും	വാനരാണാം ദശകോട്യഃ;	വാനരന്മാരുടെ എണ്ണം പത്തുകോടി ഉണ്ടു്;
യുദ്ധകാംക്ഷിണാം	യുദ്ധത്തെ പ്രതീക്ഷിച്ചുംകൊണ്ടു് വർത്തിക്കുന്നവരും	ശേഷം	മറ്റുള്ളതിനെക്കുറിച്ചു്
ശ്രീമതാം	ശ്രീമാന്മാരും	ആഖ്യാതും	ഉണർത്തിപ്പാൻ
ദേവപുത്രാണാം	ദേവപുത്രന്മാരും ആയ	ഉത്സഹേ ന.	ഞാൻ തുനിയുന്നില്ല.

പുത്രോ ദശരഥസ്യൈഷ സിംഹസംഹനനോ യുവാ
ദൂഷണോ നിഹതോ യേന ഖരശ്ച ത്രിശിരാസ്തഥാ. 29

"യേന	"യാതൊരുവനാൽ	തഥാ,	അപ്രകാരംതന്നെ ചെയ്യപ്പെട്ടുവോ,
ദൂഷണഃ	ദൂഷണൻ	ഏഷഃ	അപ്രകാരമുള്ള ഈ
നിഹതഃ,	വധിക്കപ്പെട്ടുവോ,	ദശരഥസ്യ പുത്രഃ	ദാശരഥി
ഖരഃ ച	ഖരനും	സിംഹസംഹനനഃ	സിംഹതുല്യശരീരനായ
ത്രിശിരാഃ	ത്രിശിരസ്സും	യുവാ.	യുവാവാകുന്നു.

നാസ്തി രാമസ്യ സദൃശോ വിക്രമേ ഭുവി കശ്ചന
വിരാധോ നിഹതോ യേന കബന്ധശ്ചാന്തകോപമഃ. 30

"യേന	"യാതൊരുവനാൽ	രാമസ്യ	ആ ശ്രീരാമന്നു്
വിരാധഃ	വിരാധൻ	വിക്രമേ	പരാക്രമത്തിൽ
നിഹതഃ,	ഹനിക്കപ്പെട്ടുവോ,	സദൃശഃ,	തുല്യനായി
അന്തകോപമഃ	അന്തകസദൃശനായ	ഭുവി	ലോകത്തിൽ
കബന്ധഃ ച,	കബന്ധനും അപ്രകാരം വധിക്കപ്പെട്ടുവോ,	കശ്ചന	യാതൊരുവനും
		അസ്തി ന.	ഇല്ല.

വക്തും ന ശക്തോ രാമസ്യ നരഃ കശ്ചിദ്ഗുണാൻ ക്ഷിതൌ
ജനസ്ഥാനഗതാ യേന യാവന്തോ രാക്ഷസാ ഹതാഃ. 31

"യേന	"യാതൊരുവനാൽ	രാമസ്യ	അപ്രകാരമുള്ളരാമന്റെ
ജനസ്ഥാനഗതാഃ	ജനസ്ഥാനത്തിലുണ്ടായിരുന്ന	ഗുണാൻ	വിശിഷ്ടഗുണങ്ങളെ
രാക്ഷസാഃ	രാക്ഷസന്മാർ	ക്ഷിതൌ	ലോകത്തിൽ
യാവന്തഃ	എത്രയുംഉണ്ടോ അത്രയും	കശ്ചിത് നരഃ	യാതൊരു പുമാനും,
ഹതാഃ	ഹനിക്കപ്പെട്ടുവോ,	വക്തും	വർണ്ണിപ്പാൻ
		ശക്തഃ ന.	ശക്തനല്ല.

ലക്ഷ്മണശ്ചാത്ര ധർമ്മാത്മാ മാതംഗാനാമിവർഷഭഃ
യസ്യ ബാണപഥം പ്രാപ്യ ന ജീവേദപി വാസവഃ. 32

"അത്ര	"ഇതിൽ	യസ്യ	യാതൊരു അവന്റെ
ലക്ഷ്മണഃ ച	ലക്ഷ്മണനാകട്ടെ	ബാണപഥം പ്രാപ്യ	ബാണങ്ങൾക്കെതിരായി വർത്തിച്ച്,
ധർമ്മാത്മാ;	ധർമ്മപഥത്തിൽ വർത്തിക്കുന്നവൻ;	വാസവഃ അപി	ഇന്ദ്രനെന്നാലും
മാതംഗാനാം	ആനകൾക്ക്	ജീവേത് ന.	ജീവനോടിരിക്കുകയില്ല.
ഋഷഭഃ ഇവ;	കുലകൊമ്പനെന്നപോലെയുള്ളവൻ;		

ശ്വേതോ ജ്യോതിർമ്മുഖശ്ചാത്ര ഭാസ്കരസ്യാത്മസംഭവൌ
വരുണസ്യ ച പുത്രോഽന്യോ ഹേമകൂടഃ പ്ലവംഗമഃ. 33

"അത്ര	"ഇതിൽ	വരുണസ്യ	വരുണന്റെ
ശ്വേതഃ	ശ്വേതനും	അന്യഃ	മറ്റൊരു
ജ്യോതിർമ്മുഖഃ ച	ജ്യോതിർമ്മുഖനും	പുത്രഃ ച	പുത്രൻതന്നെ
ഭാസ്കരസ്യ	സൂര്യന്റെ	ഹേമകൂടഃ	ഹേമകൂടനെന്ന
ആത്മസംഭവൌ;	ഔരസപുത്രന്മാരാകുന്നു;	പ്ലവംഗമഃ.	വാനരൻ.

വിശ്വകർമ്മസുതോ വീരോ നളഃ പ്ലവഗസത്തമഃ
വിക്രാന്തോ ബലവാനത്ര വസുപുത്രഃ സുദുർദ്ധരഃ. 34

"പ്ലവഗസത്തമഃ	"വാനരോത്തമനും	അത്ര	ഇതിൽ
വീരഃ	വീരനും ആയ	വിക്രാന്തഃ	പരാക്രമശാലിയും
നളഃ,	നളനെന്നവൻ,	ബലവാൻ	ബലവാനുമായ
വിശ്വകർമ്മസുതഃ;	വിശ്വകർമ്മാവിന്റെ പുത്രനാകുന്നു;	സുദുർദ്ധരഃ	സുദുർദ്ധരനെന്നവൻ
		വസുപുത്രഃ.	വസുവിന്റെ പുത്രനാകുന്നു.

രാക്ഷസാനാം വരിഷ്ഠശ്ച തവ ഭ്രാതാ വിഭീഷണഃ
പരിഗൃഹ്യ പുരീം ലങ്കാം രാഘവസ്യ ഹിതേ രതഃ. 35

"തവ	"നിന്തിരുവടിയുടെ	പരിഗൃഹ്യ,	സ്വീകരിച്ച്,
ഭ്രാതാ	അനുജനും	രാഘവസ്യ	രാമന്ന്
രാക്ഷസാനാം	രാക്ഷസന്മാരിൽ വെച്ച്	ഹിതേ,	നന്മചെയ്യുന്ന കാര്യത്തിൽ
വരിഷ്ഠഃ ച	വല്ലാത്തവനുമായ	രതഃ.	ആസക്തനായിരിക്കുന്നു.
വിഭീഷണഃ,	വിഭീഷണൻ,		
ലങ്കാം പുരീം	ലങ്കാപുരത്തെ		

ഇതി സൎവ്വം സമാഖ്യാതം തവേദം വാനരം ബലം
സുവേലേƒധിഷ്ഠിതം ശൈലേ ശേഷകാൎയ്യേ ഭവാൻ ഗതിഃ. 36

"സുവേലേ ശൈലേ	"സുവേല പൎവ്വതത്തിൽ	സമാഖ്യാതം;	വിവരമായി പറഞ്ഞറിയിക്കപ്പെട്ടു;
അധിഷ്ഠിതം	വൎത്തിക്കുന്നതായ	ഇതി	ഇപ്രകാരമെല്ലാമിരിക്കെ
ഇദം	ഈ	ശേഷകാൎയ്യേ	മേൽ വേണ്ടുന്ന കാൎയ്യത്തിൽ
വാനരം ബലം	വാനര സൈന്യം	ഭവാൻ	നിന്തിരുവടിതന്നെയാണ്
സൎവ്വം,	മുഴുവനും,	ഗതിഃ.	നിശ്ചയിക്കേണ്ടുന്ന അധികൃതൻ.
തവ	നിന്തിരുവടിയോടു		

[ബാലകാണ്ഡത്തിൽ പറയപ്പെട്ടിരിക്കുന്നതിന്ന് വിരുദ്ധമായി പലതും ഈ സൎഗ്ഗത്തിലുള്ളതുകൊണ്ടും, ഈ സൎഗ്ഗം കഥക്ക് അനാവശ്യമായിരിക്കുന്നതുകൊണ്ടും കല്പിതമായതാണെന്ന് ചില വ്യാഖ്യാതാക്കന്മാർ അഭിപ്രായപ്പെടുന്നു. (ഗോ. രാ.)]

ഇത്യാൎഷേ ശ്രീമദ്രാമായണേ വാല്മീകീയേ ആദികാവ്യേ യുദ്ധകാണ്ഡേ
ത്രിംശഃ സൎഗ്ഗഃ = മുപ്പതാംസൎഗ്ഗം സമാപ്തം.

ആദ്യംമുതൽ ശ്ലോകസംഖ്യ 15815; യുദ്ധകാണ്ഡം ആദ്യംമുതൽ ശ്ലോകസംഖ്യ 1140.

ഏകത്രിംശഃ സൎഗ്ഗഃ = മുപ്പത്തൊന്നാംസൎഗ്ഗം.

വിദ്യുജ്ജിഹ്വമായയാ സീതാസമ്മോഹനം = വിദ്യുജ്ജിഹ്വന്റെ മായകൊണ്ടു സീതയെ മോഹിപ്പിക്കുന്നതു്.]

തതസ്തമക്ഷോഭ്യബലം ലങ്കാധിപതയേ ചരാഃ
സുവേലേ രാഘവം ശൈലേ നിവിഷ്ടം പ്രത്യവേദയൻ. 1

തതഃ	ആ സമയം	അക്ഷോഭ്യ-ബലം	ഇളക്കുവാൻ കഴിയാത്ത സൈന്യത്തോടു കൂടിയവനായും,
ചരാഃ,	മറവുള്ള ചാരന്മാർ,		
സുവേലേ ശൈലേ സുവേലപൎവ്വതത്തിൽ,			
തം രാഘവം	ആ ശ്രീരാഘവനെ	ലങ്കാധിപതയേ	ലങ്കാധീശ്വരനോടായി
നിവിഷ്ടം	പാളയമടിച്ചിരിക്കുന്നവനായും,	പ്രത്യവേദയൻ.	അറിയിച്ചു.

ചാരാണാം രാവണഃ ശ്രുത്വാ പ്രാപ്തം രാമബലം മഹത്
ജാതോദ്വേഗോƒഭവത് കിഞ്ചിത് സചിവാനിദമബ്രവീത്. 2

രാവണഃ,	രാവണൻ,	കിഞ്ചിത്	തെല്ലൊന്ന്
മഹത്	വമ്പിച്ചതായ	ജാതോദ്വേഗഃ	ആശ്ചൎയ്യമുൾക്കൊണ്ടവനായി
രാമബലം	ശ്രീരാമസൈന്യത്തെ		
പ്രാപ്തം	വന്നെത്തിയിരിക്കുന്നതായി	അഭവത്;	ഭവിച്ചു;
		സചിവാൻ	മന്ത്രിമാരോടായി
ചാരാണാം	ചാരന്മാർ മുഖാന്തരം	ഇദം	ഇപ്രകാരം
ശ്രുത്വാ,	കേട്ടു,	അബ്രവീത്.	ഉരചെയ്തു.

മന്ത്രിണഃ ശീഘ്രമായാന്തു സർവ്വേ വൈ സുസമാഹിതാഃ
അയം നോ മന്ത്രകാലോ ഹി സംപ്രാപ്ത ഇതി രാക്ഷസാഃ. 3

"നഃ	"നമുക്ക്	സുസമാഹിതാഃ	സ്വാമിഭക്തിയുള്ളവ[രും
മന്ത്രകാലഃ	മന്ത്രാലോചനയ്ക്കുള്ള കാലം	മന്ത്രിണഃ	മന്ത്രിമാരും ആയ
		രാക്ഷസാഃ	രാക്ഷസന്മാർ
അയം	ഇതാ	സർവ്വേ വൈ,	എല്ലാവരും തന്നെ,
സംപ്രാപ്തഃ,	എത്തിയിരിക്കുന്നു,	ശീഘ്രം	ഒട്ടും താമസിക്കാതെ
ഇതി ഹി	എന്നുള്ളതിനാൽ	ആയാന്തു."	വന്നു ചേരട്ടെ."

തസ്യ തച്ഛാസനം ശ്രുത്വാ മന്ത്രിണോഽഭ്യാഗമൻ ദ്രുതം
തതഃ സ മന്ത്രയാമാസ സചിവൈ രാക്ഷസൈഃ സഹ. 4

മന്ത്രിണഃ	മന്ത്രിമാർ	സഃ	അവൻ
തസ്യ	ആ രാവണന്റെ	സചിവൈഃ	സചിവന്മാരായ
തത്	ആ	രാക്ഷസൈഃ സഹ,	രാക്ഷസരോടൊന്നിച്ച്
ശാസനം ശ്രുത്വാ	ആജ്ഞപ്രകാരം		
ദ്രുതം	ഉടനെ	തതഃ	ആ സമയം
അഭ്യാഗമൻ;	വന്നു കൂടി;	മന്ത്രയാമാസ.	കൂടിയാലോചനചെയ്തു.

മന്ത്രയിത്വാ സ ദുർദ്ധർഷഃ ക്ഷമം യത് സമനന്തരം
വിസർജ്ജയിത്വാ സചിവാൻ പ്രവിവേശ സ്വമാലയം. 5

ദുർദ്ധർഷഃ	ആർക്കും കീഴടങ്ങാത്തവ[നായ	മന്ത്രയിത്വാ,	ആലോചിച്ചു ശേഷം,
സഃ,	അവൻ,	സചിവാൻ	മന്ത്രിമാരെ
സമനന്തരം	ഉടനെചെയ്യേണ്ടതായി	വിസർജ്ജയിത്വാ,	വിടകൊടുത്തയച്ച്,
ക്ഷമം	സമയത്തിന്നുചിതമായത്	സ്വം	തന്റെ
യത്	യാതൊന്നൊ അതിനെക്കുറിച്ച്	ആലയം	അരമനയിൽ
		പ്രവിവേശ.	പ്രവേശിച്ചു.

തതോ രാക്ഷസമാഹൂയ വിദ്യുജ്ജിഹ്വം മഹാബലം
മായാവിദം മഹാമായഃ പ്രാവിശദ്യത്ര മൈഥിലീ. 6

മഹാമായഃ,	മഹാമായാവിയായ അ[വൻ,	വിദ്യുജ്ജിഹ്വം	വിദ്യുജ്ജിഹ്വനെന്ന
തതഃ	അവിടെനിന്നും	രാക്ഷസം	രാക്ഷസനെ
മഹാബലം	മഹാബലവാനും	ആഹൂയ,	കൂട്ടിക്കൊണ്ട്,
മായാവിദം	മായാവിദ്യകളെ നല്ലപോലെയറിഞ്ഞവനും ആയ	മൈഥിലീ	സീതാദേവി
		യത്ര	ഉണ്ടായിരുന്നേടം
		പ്രാവിശത്.	ചെന്നു.

വിദ്യുജ്ജിഹ്വം ച മായാജ്ഞമബ്രവീദ്രാക്ഷസാധിപഃ
മോഹയിഷ്യാവഹേ സീതാം മായയാ ജനകാത്മജാം. 7

രാക്ഷസാധിപഃ,	രാക്ഷസാധിപൻ,
മായാജ്ഞം	മായയിൽവിദഗ്ദ്ധനായ
വിദ്യുജ്ജിഹ്വം ച	വിദ്യുജ്ജിഹ്വനെ നോക്കി
അബ്രവീത് ;	ഇങ്ങിനെ ഉരചെയ്തു ;

" ജനകാത്മജാം	" ജനകനന്ദിനിയായ
സീതാം	സീതയെ
മായയാ	മായകൊണ്ട്
മോഹയിഷ്യാവഹേ.	നാം ഇരുവരും അന്ധാളിപ്പിക്കാം.

ശിരോ മായാമയം ഗൃഹ്യ രാഘവസ്യ നിശാചര
ത്വം മാം സമുപതിഷ്ഠസ്വ മഹച്ച സശരം ധനുഃ. 8

" നിശാചര !	" നക്തഞ്ചര !
ത്വം,	അങ്ങ്,
രാഘവസ്യ	രാമന്റെ
ശിരഃ	ശിരസ്സിനെയും
സശരം	ബാണത്തോടുകൂടിയ
മഹത്	വമ്പിച്ച

ധനുഃ ച,	കോദണ്ഡത്തേയും
മായാമയം	മായയാൽ നിർമ്മിക്കപ്പെട്ടതായി
ഗൃഹ്യ	എടുത്തുംകൊണ്ട്
മാം	എന്റെ അടുക്കൽ
സമുപതിഷ്ഠസ്വ. "	വർത്തിക്കുക. "

ഏവമുക്തസ്തഥേത്യാഹ വിദ്യുജ്ജിഹ്വോ നിശാചരഃ
തസ്യ തുഷ്ടോഽഭവദ്രാജാ പ്രദദൌ ച വിഭൂഷണം. 9

ഏവം	ഇപ്രകാരം
ഉക്തഃ	ആജ്ഞാപിക്കപ്പെട്ടവനായ
വിദ്യുജ്ജിഹ്വഃ	വിദ്യുജ്ജിഹ്വനെന്ന
നിശാചരഃ,	രാക്ഷസൻ,
' തഥാ ' ഇതി	' കല്പനപോലെ ' എന്ന്
ആഹ ;	ഉരചെയ്തു ;

രാജാ	രാജാവ്
തുഷ്ടഃ	സന്തുഷ്ടനായി
അഭവത് ;	ഭവിച്ചു ;
തസ്യ	അവന്നായ്ക്കൊണ്ട്
വിഭൂഷണം ച	ആഭരണത്തെയും
പ്രദദൌ.	സമ്മാനിച്ചു.

അശോകവനികായാം തു സീതാദർശനലാലസഃ
നൈർഋതാനാമധിപതിഃ സംവിവേശ മഹാബലഃ. 10

മഹാബലഃ	മഹാബലവാനും
സീതാദർശനലാലസഃ തു	സീതാദേവിയെ കാണ്മാൻ കൊതിപൂണ്ടവനും ആയ

നൈർഋതാനാം അധിപതിഃ	രാക്ഷോനായകൻ
അശോകവനികായാം	അശോകവനത്തിൽ
സംവിവേശ.	പ്രവേശിച്ചു.

തതോ ദീനാമദൈന്യാർഹാം ദദർശ ധനദാനുജഃ
അധോമുഖീം ശോകപരാമുപവിഷ്ടാം മഹീതലേ 11
ഭർത്താരമേവ ധ്യായന്തീമശോകവനികാം ഗതാം
ഉപാസ്യമാനാം ഘോരാഭീ രാക്ഷസീഭിരിതസ്തതഃ 12

രാക്ഷസീഭിർവൃതാം സീതാം പൂൎണ്ണചന്ദ്രനിഭാനനാം
ഉത്പാതമേഘജാലാഭിശ്ചന്ദ്രരേഖാമിവാവൃതാം 13

ഭൂഷണൈരുത്തമൈഃ കൈശ്ചിന്മംഗളാൎത്ഥമലംകൃതാം
ചരന്തീം മാരുതോദ്ധൂതാം ക്ഷിപ്താം പുഷ്പലതാമിവ 14

ഹൎഷശോകാന്തരേ മഗ്നാം വിഷാദസ്യ വിലക്ഷണാം
സ്തിമിതാമിവ ഗാംഭീൎയ്യാന്നദീം ഭാഗീരഥീമിവ 15

ധനദാനുജഃ,	കുബേരാനുജനായ രാവണൻ,
പൂൎണ്ണചന്ദ്രനിഭാനനാം	മുഴുമതി നേർവദനയും
അശോകവനികാം	അശോകവനത്തെ
ഗതാം,	പ്രാപിച്ചിരിക്കുന്നവളും
മംഗളാൎത്ഥം	സൌമംഗല്യത്തിന്നു തക്കവയായി
ഉത്തമൈഃ	അവശ്യം അണിഞ്ഞുകൊള്ളേണ്ടവയായ
കൈശ്ചിത്	(മംഗല്യസൂത്രാഭരണം, കൈവള, മൂക്കുത്തി, കമ്മൽ, മുതലായ), ചില
ഭൂഷണൈഃ	ആഭരണങ്ങളാൽ
അലംകൃതാം,	അണിയപ്പെട്ടവളും,
*അദൈന്യാൎഹാം	അപമാനത്തെ അൎഹിക്കാത്തവളും,
ദീനാം	ദൈന്യാവസ്ഥയിലിരിക്കുന്നവളും
ശോകപരാം	സങ്കടത്തിൽ ആണ്ട്
അധോമുഖീം	തലകുനിച്ച്
മഹീതലേ	വെറും നിലത്ത്
ഉപവിഷ്ടാം,	ഇരിക്കുന്നവളും,
ഭൎത്താരം ഏവ	നാഥനെത്തന്നെ
ധ്യായന്തീം,	ധ്യാനിച്ചുകൊണ്ടിരിക്കുന്നവളും,
ഇതസ്തതഃ	നാലു ഭാഗത്തിലും
രാക്ഷസീഭിഃ	രാക്ഷസികളാൽ
വൃതാം	ചൂഴപ്പെട്ട്
ഘോരാഭിഃ	കൊടിയ
രാക്ഷസീഭിഃ	രാക്ഷസികളോടൊന്നിച്ച്
ഉപാസ്യമാനാം,	കാലം കഴിക്കുന്നവളും,
ഉത്പാതമേഘജാലാഭിഃ	അശുഭസൂചകങ്ങളായ മേഘതതികളാൽ
ആവൃതാം	മറയ്ക്കപ്പെട്ട
ചന്ദ്രലേഖാം ഇവ,	ചന്ദ്രക്കലപോലിരിക്കുന്നവളും,
മാരുതോദ്ധൂതാം	കാററടിച്ച്
ക്ഷിപ്താം	വീഴ്ത്തപ്പെട്ട
പുഷ്പലതാം ഇവ,	പൂവള്ളിപോലെയിരിക്കുന്നവളും,
ചരന്തീം,	തുടിച്ചുകൊണ്ടിരിക്കുന്നവളും,
ഭാഗീരഥീം നദീം ഇവ	ഗംഗാനദിയെന്നപോലെ
ഗാംഭീൎയ്യാത്	ഗാംഭീൎയ്യത്താൽ
ഇവ	തീരെ
സ്തിമിതാം,	അനക്കമില്ലാതിരിക്കുന്നവളും,
വിഷാദസ്യ	ദുഃഖത്തിന്നു
വിലക്ഷണാം,	അതീതയായിരിക്കുന്നവളും,
ഹൎഷശോകാന്തരേ	സന്തോഷത്തിന്നും ശോകത്തിന്നും ഇടയിൽ
മഗ്നാം,	നിമഗ്നയായവളും ആയ
സീതാം	സീതാദേവിയെ
ദദൎശ.	കണ്ടു.

ഉപസൃത്യ തതഃ സീതാം പ്രഹൃഷ്ടം നാമ കീർത്തയൻ
ഇദം ച വചനം ധൃഷ്ടമുവാച ജനകാത്മജാം. 16

തതഃ,	അപ്പോൾ,	സീതാം ച	സീതാദേവിയേയും
പ്രഹൃഷ്ടം	അതിയായ സന്തോഷത്തോടെ	ഉപസൃത്യ,	സമീപിച്ച്,
നാമ കീർത്തയൻ	പേരുചൊല്ലി വിളിച്ചുകൊണ്ട്,	ഇദം	ഇപ്രകാരം
ജനകാത്മജാം	ജനകനന്ദിനിയായ	ധൃഷ്ടം	മനസ്സുതകൻന്നപോകുമാ
		വചനം	വാക്യത്തെ [റുള്ള
		ഉവാച.	ഉരചെയ്തു.

[“ധൃഷ്ടം” (ഒരു കൂസലുമില്ലാതെ) എന്നും.]

സാന്ത്വ്യമാനാ മയാ ഭദ്രേ യമുപാശ്രിത്യ വല്ഗസേ
ഖരഹന്താ സ തേ ഭർത്താ രാഘവഃ സമരേ ഹതഃ. 17

“ഭദ്രേ!	“ഭാഗ്യവതി!	വല്ഗസേ,	പെരുമ നടിക്കുന്നുവോ,
മയാ	എന്നാൽ	സഃ ഖരഹന്താ	ആ ഖരഘാതിയും
സാന്ത്വ്യമാനാ	എത്രയോ നല്ലവാക്കുരചെയ്ത് അപേക്ഷിക്കപ്പെടുന്നവളായഭവതി	തേ ഭർത്താ	ഭവതിയുടെ ഭർത്താവു
		രാഘവഃ,	രാമൻ, [മായ
		സമരേ	പോരിൽ
യം ഉപാശ്രിത്യ	യാതൊരുവനെ കരുതി	ഹതഃ.	ഹതനായിരിക്കുന്നു.

ഛിന്നം തേ സർവ്വതോ മൂലം ദർപ്പസ്തേ വിഹതോ മയാ
വ്യസനേനാത്മനഃ സീതേ മമ ഭാര്യാ ഭവിഷ്യസി. 18

“തേ	“ഭവതിക്ക്	സീതേ!	സീതേ!
മൂലം	ആധാരഭൂതമായുള്ള	ആത്മനഃ	നിന്റെ
സർവ്വതഃ	അടിയോടുകൂടി	വ്യസനേന,	കഷ്ടങ്ങളെല്ലാം വൃഥാവിലായല്ലോയതിനാൽ,
ഛിന്നം;	മുറിഞ്ഞുവീണുപോയി;		
തേ ദർപ്പഃ	നിന്റെ ഗർവ്വം,	മമ ഭാര്യാ	എന്റെ ഭാര്യയായി
മയാ	എന്നാൽ	ഭവിഷ്യസി.	ഇനി നീ ഭവിക്കുന്നതാണ്.
വിഹതഃ;	നിഷ്ഫലമാക്കപ്പെട്ടു;		

[“ആത്മനഃ വ്യസനേന” (എന്റെ താപത്തെ ഓർത്ത് എന്റെ അപേക്ഷക്കൂടാതെതന്നെ) എന്ന് ഗോ. രാ; “നിന്റെ കഷ്ടം ഹേതുവാൽ, ഗത്യന്തരമില്ലായ്കയാൽ” എന്ന് തിലകം.]

വിസൃജേമാം മതിം മൂഢേ കിം മൃതേന കരിഷ്യസി
ഭദ്രേ ത്വം ഭവ ഭാര്യാണാം സർവ്വാസാമീശ്വരീ മമ. 19

“മൂഢേ!	“മന്ദബുദ്ധിയായവളേ!	ഭദ്രേ!	ഭാഗ്യവതി!
ഇമാം മതിം	ഈ മനോഭാവത്തെ	മമ	എന്റെ
വിസൃജ;	ഇനി ഉപേക്ഷിച്ചുകളയുക;	ഭാര്യാണാം	ഭാര്യമാരിൽ
		സർവ്വാസാം	എല്ലാവക്കും
മൃതേന	ചത്തവനെക്കൊണ്ട്	ഈശ്വരീ	യജമാനത്തിയായി
കിം കരിഷ്യസി?	നിനക്ക് എന്തുചെയ്യാനാകും?	ത്വം	നീ
		ഭവ.	ഭവിച്ചാലും.

അല്പപുണ്യേ നിവൃത്താർത്ഥേ മൂഢേ പണ്ഡിതമാനിനി
ശൃണു ഭർതൃവധം സീതേ ഘോരം വൃത്രവധം യഥാ. 20

“അല്പപുണ്യേ!	“പുണ്യഹീനയായവളേ!	ഘോരം	ഘോരമായ
നിവൃത്താർത്ഥേ!	ഉദ്ദേശത്തിലെത്തിക്കഴിഞ്ഞവളേ!	വൃത്രവധം യഥാ	വൃത്രാസുരവധംപോലെയുള്ള
പണ്ഡിതമാനിനി!	എല്ലാമറിഞ്ഞവളെന്ന അഹംഭാവംപൂണ്ട	ഭർതൃവധം	ഭർത്താവിന്റെ വധത്തെപ്പററി
മൂഢേ	മൂഢയായ	ശൃണു.	ഞാൻ പറയുന്നത് കേൾക്കുക.
സീതേ!	സീതേ!		

[“നിവൃത്താർത്ഥേ” (പുരുഷാർത്ഥം സാധിക്കാത്തവളേ!) എന്നുമാം. “അല്പപുണ്യേ” (അല്പാനാം, ക്ഷുദ്രാണാമപി പവിത്രത്വം യയാ നാമസ്മരണാദിനാ, തത്സംബോധനം) അല്പന്മാർക്കും കൂടി പാവനത്വത്തെ ഉളവാക്കുന്നവളേ; “നിവൃത്താർത്ഥേ” (പുരുഷാർത്ഥങ്ങളിൽനിന്ന് അതീതയായവളേ); അഥവാ ‘അനിവൃത്താർത്ഥേ’ (സർവ്വ പുരുഷാർത്ഥങ്ങളും സാധിച്ചവളേ); “അമൂഢേ” (സർവ്വജ്ഞേ); “പണ്ഡിതമാനിനി” (ജ്ഞാനികളെ സത്കരിക്കുന്നവളേ) ഇത്യാദി രാവണവാക്യങ്ങൾക്ക് സ്തുതിപരങ്ങളായ അർത്ഥങ്ങൾ തീർത്ഥീയവ്യാഖ്യാനത്തിൽ ഉണ്ട്. അവ ക്ലിഷ്ടസാദ്ധ്യങ്ങളാകയാൽ മുഴുവൻ എടുത്തുപറയാത്തതാണ്.]

സമായാതഃ സമുദ്രാന്തം മാം ഹന്തും കില രാഘവഃ
വാനരേന്ദ്രപ്രണീതേന ബലേന മഹതാ വൃതഃ. 21

“രാഘവഃ	“രാമൻ	മഹതാ	വമ്പിച്ച
മാം കില	എന്നേയും	ബലേന	സേനയാൽ
ഹന്തും	വധിപ്പാനായി	വൃതഃ,	ചൂഴപ്പെട്ടവനായി,
വാനരേന്ദ്രപ്രണീതേന	വാനരേന്ദ്രനാൽ നയിക്കപ്പെട്ട	സമുദ്രാന്തം	സമുദ്രക്കരയിൽ
		സമായാതഃ.	വന്നെത്തി.

സ നിവിഷ്ടഃ സമുദ്രസ്യ പീഡ്യ തീരമഥോത്തരം
ബലേന മഹതാ രാമോ വ്രജത്യസ്തം ദിവാകരേ. 22

“സഃ	“ആ	ഉത്തരം തീരം	വടക്കെ കരയിൽ
രാമഃ	രാമൻ	മഹതാ	വമ്പിച്ച
ദിവാകരേ അസ്തം വ്രജതി,	സൂര്യാസ്തമന സമയത്തിൽ	ബലേന,	സൈന്യത്തോടു കൂടി
		പീഡ്യ അഥ	തിക്കിത്തിരക്കി
സമുദ്രസ്യ	സമുദ്രത്തിന്റെ	നിവിഷ്ടഃ.	പാളയമടിച്ചു.

അഥാധ്വനി പരിശ്രാന്തമർദ്ധരാത്രേ സ്ഥിതം ബലം
സുഖസംസുപ്തമാസാദ്യ ചാരിതം പ്രഥമം ചരൈഃ. 23

“അഥ	“അപ്പോൾ	ബലം,	സൈന്യം,
അധ്വനി പരിശ്രാന്തം	വഴി നടന്നുവന്ന് ക്ഷീണിച്ച്,	പ്രഥമം	ആദ്യം
		ചരൈഃ	ചാരന്മാരാൽ
അർദ്ധരാത്രേ	പാതിരയിൽ	ആസാദ്യ	അടുത്തുചെന്ന്
സുഖസംസുപ്തം സ്ഥിതം	ഗാഢ നിദ്രയിലാണ്ടു കിടന്ന	ചാരിതം.	നോക്കിക്കണ്ടറിയപ്പെട്ടു.

തത് പ്രഹസ്തപ്രണീതേന ബലേന മഹതാ മമ
ബലമസ്യ ഹതം രാത്രൗ യത്ര രാമഃ സലക്ഷ്മണഃ. 24

“ രാമഃ	“ രാമൻ	പ്രഹസ്ത-പ്രണീതേന	പ്രഹസ്തനാൽ പറഞ്ഞയക്കപ്പെട്ട
സലക്ഷ്മണഃ	ലക്ഷ്മണനോടുംകൂടി	മമ	എന്റെ
യത്ര	ഉണ്ടായിരുന്ന ദിക്കിൽ	മഹതാ	പെരുത്ത
രാത്രൗ	രാത്രി	ബലേന	സൈന്യത്താൽ
അസ്യ	ഇവന്റെ	ഹതം.	നശിപ്പിക്കപ്പെട്ടു.
തത് ബലം,	ആ സൈന്യം,		

പട്ടിശാൻ പരിഘാംശ്ചക്രാൻ ദണ്ഡാൻ ഖഡ്ഗാൻ മഹായസാൻ
ബാണജാലാനി ശൂലാനി ഭാസ്വരാൻ കൂടമുദ്ഗരാൻ 25
യഷ്ടീശ്ച തോമരാൻ ശക്തീശ്ചക്രാണി മുസലാനി ച
ഉദ്യമ്യോദ്യമ്യ രക്ഷോഭിർവ്വാനരേഷു നിപാതിതാഃ. 26

“ പട്ടിശാൻ	“ കുന്തങ്ങളേയും	കൂടമുദ്ഗരാൻ,	കൂടം, മുറ്റത്തടി എന്നവയേയും
പരിഘാൻ	ഇരിമ്പുലക്കകളേയും	യഷ്ടീഃ	അഴികളേയും
ചക്രാൻ	ചെറുചക്രങ്ങളേയും	തോമരാൻ	ഏറുകുന്തങ്ങളേയും
ദണ്ഡാൻ	ദണ്ഡുകളേയും	ശക്തീഃ	വേലുകളേയും
ഖഡ്ഗാൻ	വാളുകളേയും	ചക്രാണി ച	വമ്പിച്ച ചക്രങ്ങളേയും
മഹായസാൻ,	പെരുത്ത ഇരിമ്പുവടികളേയും,	മുസലാനി ച,	ഉലക്കകളേയും
ബാണജാലാനി	ബാണതതികളേയും	ഉദ്യമ്യ ഉദ്യമ്യ	പലകുറി ഓങ്ങിക്കൊണ്ട്
ശൂലാനി	ശൂലങ്ങളേയും	വാനരേഷു	വാനരന്മാരുടെ മേൽ
ഭാസ്വരാൻ	തിളങ്ങുന്ന	രക്ഷോഭിഃ	രാക്ഷസന്മാരാൽ
		നിപാതിതാഃ.	പ്രയോഗിക്കപ്പെട്ടു.

അഥ സുപ്തസ്യ രാമസ്യ പ്രഹസ്തേന പ്രമാഥിനാ
അസക്തം കൃതഹസ്തേന ശിരശ്ഛിന്നം മഹാസിനാ. 27

“ അഥ	“ ആ സമയം	സുപ്തസ്യ	ഉറങ്ങിക്കിടന്നിരുന്ന
പ്രമാഥിനാ	എവനേയും ഹതം ചെയ്യുന്നവനും	രാമസ്യ ശിരഃ	രാമന്റെശിരസ്സ്
കൃതഹസ്തേന	കൈമിടുക്കുള്ളവനും	മഹാസിനാ	വമ്പിച്ച വാൾകൊണ്ട്
പ്രഹസ്തേന	പ്രഹസ്തനാൽ [ആയ	അസക്തം	തടവില്ലാതെ
		ഛിന്നം.	വെട്ടിമുറിക്കപ്പെട്ടു.

വിഭീഷണഃ സമുത്പത്യ നിഗൃഹീതോ യദൃച്ഛയാ
ദിശഃ പ്രവ്രാജിതഃ സർവ്വൈർലക്ഷ്മണഃ പ്ലവഗൈഃ സഹ. 28

“ വിഭീഷണഃ	“ വിഭീഷണൻ	ലക്ഷ്മണഃ	ലക്ഷ്മണൻ
യദൃച്ഛയാ	വിചാരിക്കാതെതന്നെ	പ്ലവഗൈഃ	വാനരന്മാർ
സമുത്പത്യ	ആക്രമിച്ച്	സർവ്വൈഃ സഹ	എല്ലാവരോടുംകൂടി
നിഗൃഹീതഃ;	ബന്ധിക്കപ്പെട്ടു;	ദിശഃ	ദൂരെ
		പ്രവ്രാജിതഃ.	ആട്ടിപ്പായിക്കപ്പെട്ടു.

സുഗ്രീവോ ഗ്രീവയാ സീതേ ഭഗ്നയാ പ്ലവഗാധിപഃ
നിരസ്തഹനുകഃ ശേതേ ഹനുമാൻ രാക്ഷസൈർഹതഃ 29

"സീതേ !	"സീതേ !	ശേതേ ;	വീണുകിടക്കുന്നു ;
പ്ലവഗാധിപഃ	വാനരാധിപനായ	ഹനുമാൻ	ഹനുമാൻ
സുഗ്രീവഃ,	സുഗ്രീവൻ,	നിരസ്തഹനുകഃ	താടിയുടഞ്ഞവനായി
ഭഗ്നയാ	മുറിഞ്ഞ	രാക്ഷസൈഃ	രാക്ഷസന്മാരാൽ
ഗ്രീവയാ	കഴുത്തോടുംകൂടി	ഹതഃ.	വധിക്കപ്പെട്ടു.

ജാംബവാനഥ ജാനുഭ്യാമുത്പതൻ നിഹതോ യുധി
പട്ടിശൈർബ്ബഹുഭിശ്ഛിന്നോ നികൃത്തഃ പാദപോ യഥാ. 30

"യുധി	"പോരിൽ	പട്ടിശൈഃ	കുന്തങ്ങളാൽ
ജാനുഭ്യാം	കാൽമുട്ടുകൾകൊണ്ടു്	ഛിന്നഃ,	മുറിവേററവനായി,
ഉത്പതൻ	എറിയുന്നവനായ	നികൃത്തഃ	വെട്ടിവീഴ്ത്തപ്പെട്ട
ജാംബവാൻ അഥ	ജാംബവാനും	പാദപഃ യഥാ	വൃക്ഷമെന്നപോലെ
ബഹുഭിഃ	എത്രയോ	നിഹതഃ.	കൊന്നുവീഴ്ത്തപ്പെട്ടു.

മൈന്ദശ്ച ദ്വിവിദശ്ചോഭൌ നിഹതൌ വാനരർഷഭൌ
നിശ്വസന്തൌ രുദന്തൌ ച രുധിരേണ പരിപ്ലുതൌ
അസിനാ വ്യായതൌ ഛിന്നൌ മദ്ധ്യേ ഹ്യരിനിഷൂദനൌ. 31

"വ്യായതൌ	"മഹാശക്തിമാന്മാരും	അസിനാ	വാൾകൊണ്ടു്
അരിനിഷൂദനൌ	ശത്രുവിദ്ധ്വംസകന്മാരും	ഛിന്നൌ	വെട്ടപ്പെട്ടവരായി
വാനരർഷഭൌ	വാനരോത്തമന്മാരും	രുധിരേണ പരിപ്ലുതൌ	ചോരയിൽ ആറാടിയവരായി
മൈന്ദഃ ച	മൈന്ദനും [ആയ	രുദന്തൌ	നിലവിളിക്കുന്നവരായി
ദ്വിവിദഃ ച	ദ്വിവിദനും	നിശ്വസന്തൌ ച	ശ്വാസം വലിച്ചുകൊണ്ടു്
ഉഭൌ ഹി,	രണ്ടുപേരും,		
മദ്ധ്യേ	അരയിൽ	നിഹതൌ.	ഹനിക്കപ്പെട്ടു.

അനുതിഷ്ഠതി മേദിന്യാം പനസഃ പനസോ യഥാ. 32

"പനസഃ	"പനസൻ	പനസഃ യഥാ	ചക്കപ്പഴംപോലെ
മേദിന്യാം	ഭൂമിയിൽ	അനുതിഷ്ഠതി.	വിണ്ടുകിടക്കുന്നു.

നാരാചൈർബ്ബഹുഭിശ്ഛിന്നഃ ശേതേ ദര്യാം ദരീമുഖഃ. 33

"ദരീമുഖഃ	"ദരീമുഖൻ	ഛിന്നഃ	തുളയ്ക്കപ്പെട്ടു്
ബഹുഭിഃ	പല	ദര്യാം	ഒരു കുണ്ടിൽ
നാരാചൈഃ	നാരാചബാണങ്ങളാൽ	ശേതേ.	വീണുകിടക്കുന്നു.

കുമുദസ്തു മഹാതേജാ നിഷ്കൂജഃ സായകൈഃ കൃതഃ. 34

“മഹാതേജാഃ “മഹാപരാക്രമിയായ
കുമുദഃ തു കുമുദനും
സായകൈഃ ബാണങ്ങളേററു
നിഷ്കൂജഃ കൃതഃ. മിണ്ടുവാൻ കഴിയാതാക്കപ്പെട്ടു.

അംഗദോ ബഹുഭിശ്ഛിന്നഃ ശരൈരാസാദ്യ രാക്ഷസൈഃ
പതിതോ രുധിരോദ്ഗാരീ ക്ഷിതൌ നിപതിതാംഗദഃ. 35

“അംഗദഃ “അംഗദൻ
രാക്ഷസൈഃ രാക്ഷസരാൽ
ആസാദ്യ അടുക്കപ്പെട്ടു
ബഹുഭിഃ ശരൈഃ പല ബാണങ്ങളാൽ
ഛിന്നഃ മുറിവേററവനായി
നിപതിതാംഗദഃ തോൾവളകൾ ചിതറിയവനായി
രുധിരോദ്ഗാരീ ചോരകക്കിക്കൊണ്ടു്
ക്ഷിതൌ നിലത്തു്
പതിതഃ. വീണുകിടക്കുന്നു.

ഹരയോ മഥിതാ നാഗൈ രഥജാതൈസ്തഥാപരേ
ശായിതാ മൃദിതാശ്ചാശ്വൈർവായുവേഗൈരിവാംബുദാഃ. 36

“തഥാ “അപ്രകാരംതന്നെ
അപരേ മററുമുള്ള
ഹരയഃ, വാനരന്മാർ,
നാഗൈഃ ആനകളോടുകൂടിയും
രഥജാതൈഃ തേരിൻകൂട്ടങ്ങളോടുകൂടിയും
അശ്വൈഃ ച കുതിരകളോടുകൂടിയും
വായുവേഗൈഃ കൊടുങ്കാററിന്റെ ശക്തികൾകൊണ്ടു്
അംബുദാഃ മേഘങ്ങൾ
ഇവ, എന്നപോലെ,
മൃദിതാഃ മട്ടിക്കപ്പെട്ടു്
മഥിതാഃ ശായിതാഃ. കൊന്നുവീഴ്ത്തപ്പെട്ടു.

പ്രഹൃതാശ്ചാപരേ ത്രസ്താ ഹന്യമാനാ ജഘന്യതഃ
അഭിദ്രുതാസ്തു രക്ഷോഭിഃ സിംഹൈരിവ മഹാദ്വിപാഃ. 37

“ത്രസ്താഃ “നടുങ്ങിക്കിടന്ന
അപരേ മററുള്ളവർ
സിംഹൈഃ സിംഹങ്ങളാൽ
മഹാദ്വിപാഃ ഇവ ആനക്കൊമ്പന്മാരെന്നപോലെ
ജഘന്യതഃ തു പിന്നിൽനിന്നു്
അഭിദ്രുതാഃ തുരത്തപ്പെട്ടവരായി
പ്രഹൃതാഃ ച ഹന്യമാനാഃ. അടിച്ചുകൊല്ലപ്പെട്ടു.

സാഗരേ പതിതാഃ കേചിത് കേചിദ്ഗഗനമാശ്രിതാഃ
ഋക്ഷാ വൃക്ഷാനുപാരൂഢാ വാനരീം വൃത്തിമാശ്രിതാഃ. 38

“കേചിത് “ചിലർ
സാഗരേ കടലിൽ
പതിതാഃ; വീണുചത്തു;
കേചിത് ചിലർ
ഗഗനം ആകാശത്തിൽ
ആശ്രിതാഃ; കുതിച്ചു് ഓടിക്കളഞ്ഞു;
ഋക്ഷാഃ കരടികൾ
വാനരീം വൃത്തിം വാനരവൃത്തിയെ
ആശ്രിതാഃ, അനുഷ്ഠിച്ചവരായി,
വൃക്ഷാൻ മരങ്ങളിൽ
ഉപാരൂഢാഃ. കയറി.

സാഗരസ്യ ച തീരേഷു ശൈലേഷു ച വനേഷു ച
പിംഗലാസ്തേ വിരൂപാക്ഷൈർബ്ബഹുഭിർബ്ബഹവോ ഹതാഃ. 39

“ സാഗരസ്യ	“ സമുദ്രത്തിന്റെ	ബഹവഃ	എണ്ണമററ
തീരേഷു	കരകളിലും	പിംഗലാഃ ച	വാനരന്മാരും
ശൈലേഷു ച	പർവ്വതങ്ങളിലും	ബഹുഭിഃ	പല
വനേഷു ച	വനങ്ങളിലും	വിരൂപാക്ഷൈഃ	രാക്ഷസന്മാരാൽ
തേ	ആ	ഹതാഃ.	ഹനിക്കപ്പെട്ടു.

ഏവം തവ ഹതോ ഭർത്താ സസൈന്യോ മമ സേനയാ
ക്ഷതജാർദ്രം രജോധ്വസ്തമിദം ചാസ്യാഹൃതം ശിരഃ. 40

“ മമ	“ എന്റെ	ക്ഷതജാർദ്രം	ചോരപുരണ്ടതും
സേനയാ	സൈന്യത്താൽ	രജോധ്വസ്തം	പൊടിപററിയതുമായ
തവ ഭർത്താ	ഭവതിയുടെ ഭർത്താവ്	അസ്യ ശിരഃ ച	ഇവന്റെ തലയും
സസൈന്യഃ	സൈന്യമടക്കം	ഇദം	ഇതാ
ഏവം	ഇങ്ങിനെ	ആഹൃതം.”	കൊണ്ടുവരപ്പെട്ടിരിക്കുന്നു.”
ഹതഃ ;	ഹനിക്കപ്പെട്ടു ;		

തതഃ പരമദുർദ്ധർഷോ രാവണോ രാക്ഷസാധിപഃ
സീതായാമുപശൃണ്വന്ത്യാം രാക്ഷസീമിദമബ്രവീത്. 41

തതഃ	അതിൽപിന്നെ	സീതായാം	സീതാദേവി
പരമദുർദ്ധർഷഃ	എത്രയും അധൃഷ്യനും	ഉപശൃണ്വന്ത്യാം	കേൾക്കത്തന്നെ
രാക്ഷസാധിപഃ	രക്ഷോനാഥനുമായ	രാക്ഷസീം	ഒരു രാക്ഷസിയോടായി
രാവണഃ,	രാവണൻ,	ഇദം അബ്രവീത്.	ഇപ്രകാരം ഉരചെയ്തു.

രാക്ഷസം ക്രൂരകർമ്മാണം വിദ്യുജ്ജിഹ്വം ത്വമാനയ
യേന തദ്രാഘവശിരഃ സംഗ്രാമാത് സ്വയമാഹൃതം. 42

“ യേന	“ യാതൊരുവനാൽ	ക്രൂരകർമ്മാണം	ഘോരകൃത്യം ചെയ്യുന്നവനായ
തത്	ആ	വിദ്യുജ്ജിഹ്വം	ആ വിദ്യുജ്ജിഹ്വനെ
രാഘവശിരഃ	രാമന്റെ തല	രാക്ഷസം	രാക്ഷസനെ [ന്ന
സംഗ്രാമാത്	പോർക്കളത്തിൽനിന്ന്	ത്വം	നീ
സ്വയം	നേരിൽ	ആനയ.”	കൂട്ടിക്കൊണ്ടുവരിക.”
ആഹൃതം	കൊണ്ടുവരപ്പെട്ടുവോ		

വിദ്യുജ്ജിഹ്വസ്തതോ ഗൃഹ്യ ശിരസ്തത് സശരാസനം
പ്രണാമം ശിരസാ കൃത്വാ രാവണസ്യാഗ്രതഃ സ്ഥിതഃ. 43

തതഃ	അപ്പോൾ	ശിരസാ പ്രണാമം കൃത്വാ	തലകുമ്പിട്ടു വണങ്ങി കൊണ്ടു്
വിദ്യുജ്ജിഹ്വഃ	വിദ്യുജ്ജിഹ്വൻ		
തത്	ആ		
ശിരഃ	ശിരസ്സിനെ	രാവണസ്യ	രാവണന്റെ
സശരാസനം	വില്ലോടുകൂടി	അഗ്രതഃ	മുമ്പിലായി
ഗൃഹ്യ,	കയ്യിലെടുത്തു്	സ്ഥിതഃ.	വന്നുനിന്നു.

തമബ്രവീത് തതോ രാജാ രാവണോ രാക്ഷസം സ്ഥിതം
വിദ്യുജ്ജിഹ്വം മഹാജിഹ്വം സമീപപരിവർത്തിനം. 44

തതഃ	അപ്പോൾ	തം	ആ
രാവണഃ രാജാ	രാവണമഹാരാജാവ്,		
മഹാജിഹ്വം	നീണ്ടനാവുള്ളവനും	വിദ്യുജ്ജിഹ്വം രാക്ഷസം	വിദ്യുജ്ജിഹ്വനെന്ന രാക്ഷസനോടായി
സമീപപരിവർത്തിനം സ്ഥിതം	മുമ്പിൽവന്നു് കാത്തു നില്ക്കുന്നവനും ആയ	അബ്രവീത്.	ഇങ്ങിനെ ആജ്ഞാപിച്ചു.

അഗ്രതഃ കുരു സീതായാഃ ശീഘ്രം ദാശരഥേഃ ശിരഃ
അവസ്ഥാം പശ്ചിമാം ഭർത്തുഃ കൃപണാ സാധു പശ്യതു. 45

"ദാശരഥേഃ	"രാമന്റെ	പശ്ചിമാം അവസ്ഥാം	മരണാവസ്ഥയെ,
ശിരഃ	ശിരസ്സിനെ		
ശീഘ്രം	ഉടനെ	കൃപണാ	നിരാശ പൂണ്ടവളായി
സീതായാഃ	സീതയുടെ	സാധു	സംശയംതീരുമാറ്
അഗ്രതഃ കുരു;	മുമ്പിൽ വെക്കുക;	പശ്യതു."	പ്രത്യക്ഷത്തിൽ കണ്ടു കൊള്ളട്ടെ."
ഭർത്തുഃ	ഭർത്താവിന്റെ		

ഏവമുക്തം തു തദ്രക്ഷഃ ശിരസ്തത് പ്രിയദർശനം
ഉപനിക്ഷിപ്യ സീതായാഃ ക്ഷിപ്രമന്തരധീയത. 46

ഏവം	ഇപ്രകാരം	തത്	ആ
ഉക്തം	ആജ്ഞാപിക്കപ്പെട്ട	ശിരഃ	ശിരസ്സിനെ
തത് രക്ഷഃ,	ആ രാക്ഷസൻ,	സീതായാഃ	സീതയുടെ മുമ്പാകെ
തു	ആ സമയത്തിലുംകൂടി	ഉപനിക്ഷിപ്യ,	വെച്ചു്,
പ്രിയദർശനം	അതിമനോഹരമായി വിളങ്ങിയതായ	ക്ഷിപ്രം	തത്ക്ഷണംതന്നെ
		അന്തരധീയത.	മറഞ്ഞുകളഞ്ഞു.

രാവണശ്ചാപി ചിക്ഷേപ ഭാസ്വരം കാൎമ്മുകം മഹത്
ത്രിഷു ലോകേഷു വിഖ്യാതം സീതാമിദമുവാച ച. 47

രാവണഃ	രാവണൻ	കാൎമ്മുകം	ആ കോദണ്ഡത്തെ
ത്രിഷുലോകേഷു	ത്രിലോകങ്ങളിലും	ചിക്ഷേപ ;	പൊന്തിച്ചിട്ടെറിഞ്ഞു ;
വിഖ്യാതം	പുകഴാൎന്നതും	അപി ച	അതിൽപിന്നെ
		സീതാം	സീതാദേവിയെനോക്കി
മഹത്	പൂജിക്കത്തക്കതും	ഇദം	ഇങ്ങിനെ
ഭാസ്വരം ച	തിളങ്ങുന്നതും ആയ	ഉവാച.	ഉരചെയ്തു.

ഇദം തത്തവ രാമസ്യ കാൎമ്മുകം ജ്യാസമായുതം
ഇഹ പ്രഹസ്തേനാനീതം ഹത്വാ തം നിശി മാനുഷം 48

" ഇദം	" ഇത്	തം	അവനെ
തവ	നിന്റെ	നിശി ഹത്വാ	രാത്രിയിൽ വധിച്ച്
രാമസ്യ	രാമന്റെ	ഇഹ	ഇപ്പോൾ
ജ്യാസമായുതം	ഞാണേററപ്പെട്ട	തത്	അത്
കാൎമ്മുകം ;	വില്ലാകുന്നു ;	പ്രഹസ്തേന	പ്രഹസ്തനാൽ
മാനുഷം	മനുഷ്യനായ	ആനീതം."	കൊണ്ടുവരപ്പെട്ടു."

സ വിദ്യുജ്ജിഹ്വേന സഹൈവ തച്ഛിരോ
ധനുശ്ച ഭൂമൌ വിനികീൎയ്യ രാവണഃ
വിദേഹരാജസ്യ സുതാം യശസ്വിനീം
തതോഽബ്രവീത്താം ഭവ മേ വശാനുഗാ. 49

വിദ്യുജ്ജിഹ്വേന	വിദ്യുജ്ജിഹ്വസഹിത	തതഃ	അതിൽപിന്നെ
സഹ ഏവ	നായിതന്നെ	വിദേഹരാജസ്യ	വിദേഹരാജാവിന്റെ
സഃ രാവണഃ,	ആ രാവണൻ,	യശസ്വിനീം	കീൎത്തിമതിയായ
തത്	ആ	താം സുതാം	ആ സുതയെ നോക്കി
ശിരഃ	ശിരസ്സിനേയും	" മേ	" എനിക്ക്
ധനുഃ ച	വില്ലിനേയും	വശാനുഗാ	വശവൎത്തിനിയായി
ഭൂമൌ	നിലത്ത്	ഭവ,"	ഭവിച്ചാലും," എന്ന്
വിനികീൎയ്യ,	വലിച്ചെറിഞ്ഞ്,	അബ്രവീത്.	ഉരചെയ്തു.

[" മേ " (ഹേ ലക്ഷ്മീഭഗവതി!), " അവശാനുഗാ ഭവ " (അസ്യ വിഷ്ണോഃ രാമസ്യവശം അനുഗച്ഛതീതി അവശാനുഗാ ഭവ) ശ്രീരാമസാന്നിദ്ധ്യത്തെ പ്രാപിച്ചാലും. (മാ. തീൎത്ഥീയം).]

ഇത്യാൎഷേ ശ്രീമദ്രാമായണേ വാല്മീകീയേ ആദികാവ്യേ യുദ്ധകാണ്ഡേ
ഏകത്രിംശഃ സൎഗ്ഗഃ = മുപ്പത്തൊന്നാംസൎഗ്ഗം സമാപ്തം.

ആദ്യം മുതൽ ശ്ലോകസംഖ്യ 15864; യുദ്ധകാണ്ഡം ആദ്യം മുതൽ ശ്ലോകസംഖ്യ 1189.

ദ്വാത്രിംശഃ സർഗ്ഗഃ = മുപ്പത്തിരണ്ടാംസർഗ്ഗം.

[സീതാപ്രലാപഃ = സീത പ്രലപിക്കുന്നത്.]

സാ സീതാ തച്ഛിരോ ദൃഷ്ട്വാ തച്ച കാർമ്മുകമുത്തമം
സുഗ്രീവപ്രീതിസംസർഗ്ഗമാഖ്യാതം ച ഹനൂമതാ 1

നയനേ മുഖവർണ്ണം ച ഭർത്തുസ്തത്സദൃശം മുഖം
കേശാൻ കേശാന്തദേശം ച തം ച ചൂഡാമണിം ശുഭം 2

ഏതൈഃ സർവ്വൈരഭിജ്ഞാനൈരഭിജ്ഞായ സുദുഃഖിതാ
വിജഗർഹേഽത്ര കൈകേയീം ക്രോശന്തീ കുരരീ യഥാ. 3

സാ	ആ
സീതാ,	സീതാദേവി,
തത്	ആ
ശിരഃ	ശിരസ്സിനേയും,
തത്	ആ
ഉത്തമം	ഉത്തമമായ
കാർമ്മുകം ച,	വില്ലിനേയും,
ഹനുമതാ	ഹനുമാനാൽ
ആഖ്യാതം	അറിയിക്കപ്പെട്ട
സുഗ്രീവപ്രീതി- സംസർഗ്ഗം ച,	സുഗ്രീവന്റെ ഭക്തിയുക്തമായ മൈത്രിയേയും
നയനേ,	ഇരുകണ്ണുകളേയും
മുഖവർണ്ണം ച,	വദനകാന്തിയേയും
തത്സദൃശം	അതിനോററതായ
ഭർത്തുഃ മുഖം	ഭർത്താവിന്റെ വദന[ത്തേയും
കേശാൻ	കേശങ്ങളേയും
കേശാന്ത- ദേശം ച,	നെററിയേയും,
തം ശുഭം	ആ അഴകാന്ന
ചൂഡാമണിം ച	ചൂഡാരത്നത്തേയും,
ദൃഷ്ട്വാ,	കണ്ട്,
ഏതൈഃ	ഈ
സർവ്വൈഃ	എല്ലാ
അഭിജ്ഞാനൈഃ	അടയാളങ്ങൾകൊണ്ടും
അഭിജ്ഞായ,	വിശ്വാസമുൾക്കൊണ്ട്,
സുദുഃഖിതാ,	അതി ദുഃഖിതയായി,
കുരരീ യഥാ	കുരരിപ്പേട പോലെ
ക്രോശന്തീ,	കരയുന്നവളായി,
അത്ര	ഇതിൽ
കൈകേയീം	കൈകേയീ രാജ്ഞിയെ
വിജഗർഹേ.	ഇപ്രകാരം നിന്ദിച്ചുരചെയ്തു.

സകാമാ ഭവ കൈകേയി ഹതോഽയം കുലനന്ദനഃ
കുലമുത്സാദിതം സർവ്വം ത്വയാ കലഹശീലയാ. 4

"കൈകേയി!	"കൈകേയി!
സകാമാ	ഇഷ്ടംസാധിച്ചവളായി
ഭവ;	ഭവിക്കുക;
കുലനന്ദനഃ	കുലനന്ദനനായ
അയം	ഇദ്ദേഹം
ഹതഃ;	ഹതനായി;
കുലം	കുലം
സർവ്വം	ആസകലം,
കലഹശീലയാ	കലഹസ്വഭാവയായ
ത്വയാ	ഭവതിയാൽ
ഉത്സാദിതം.	വേരോടെ നശിപ്പിക്കപ്പെട്ടു.

ആൎയ്യേണ കിം തേ കൈകേയി കൃതം രാമേണ വിപ്രിയം
യന്മയാ ചീരവസനസ്ത്വയാ പ്രസ്ഥാപിതോ വനം. 5

"കൈകേയി!	"കൈകേയി!
യത്	യാതൊരുകാരണത്താൽ
ത്വയാ	ഭവതിയാൽ
ചീരവസനഃ	മരവുരിയുടുത്തവനായി
വനം	വനത്തിലേക്ക്
മയാ	എന്നോടുകൂടി
പ്രസ്ഥാപിതഃ,	അദ്ദേഹം പറഞ്ഞയക്കപ്പെട്ടുവോ, അതിന്നു തക്കവണ്ണമുള്ള,
വിപ്രിയം	കടുകൎമ്മം,
ആൎയ്യേണ	ധൎമ്മംപിഴയ്ക്കാത്ത
രാമേണ	ശ്രീരാമനാൽ,
തേ കിം കൃതം?"	ഭവതിക്ക് എന്തൊന്നാണ് ചെയ്യപ്പെട്ടത്?"

ഏവമുക്ത്വാ തു വൈദേഹീ വേപമാനാ തപസ്വിനീ
ജഗാമ ജഗതീം ബാലാ ഛിന്നാ തു കദളീ യഥാ. 6

ബാലാ	മഹാപരിശുദ്ധയും
തപസ്വിനീ	കഷ്ടദശയിലിരിക്കുന്നവളും ആയ
വൈദേഹീ തു	വൈദേഹിയാകട്ടെ,
വേപമാനാ	ഉടൽനടുങ്ങിക്കൊണ്ട്,
ഏവം	ഇപ്രകാരം
ഉക്ത്വാ തു	ഉരചെയ്ത്,
ഛിന്നാ	വെട്ടപ്പെട്ട
കദളീ യഥാ	കദളിവാഴയെന്നപോലെ
ജഗതീം	നിലത്ത്
ജഗാമ.	വീണുകളഞ്ഞു.

സാ മുഹൂൎത്താത് സമാശ്വാസ്യ പ്രതിലഭ്യ ച ചേതനാം
തച്ഛിരഃ സമുപാഘ്രായ വിലലാപായതേക്ഷണാ. 7

ആയതേക്ഷണാ	ആയതാക്ഷിയായ
സാ	അവൾ
മുഹൂൎത്താത്	ഒട്ടുനേരംകഴിഞ്ഞു
സമാശ്വാസ്യ,	ആശ്വസിച്ച്,
ചേതനാം ച പ്രതിലഭ്യ	സ്വബോധംവന്നശേഷം
തത് ശിരഃ	ആ ശിരസ്സിനെ
സമുപാഘ്രായ	മുകൎന്ന്
വിലലാപ.	ഇപ്രകാരം പ്രലപിച്ചു.

ഹാ ഹതാസ്മി മഹാബാഹോ വീരവ്രതമനുവ്രത
ഇമാം തേ പശ്ചിമാവസ്ഥാം ഗതാഽസ്മി വിധവാ കൃതാ. 8

"മഹാബാഹോ!	"മഹാബാഹുവായുള്ളോവേ!
വീരവ്രതം അനുവ്രത !	വീരന്മാൎക്കുചിതമായ വ്രതത്തെത്തന്നെ കയ്ക്കൊണ്ടുള്ളോവേ!
ഹാ,	അയ്യോ,
ഹതാ അസ്മി;	ഞാൻ ഹതയായി;
തേ	നിന്തിരുവടിയുടെ
ഇമാം	ഈ
പശ്ചിമാവസ്ഥാം	മരണാവസ്ഥയെ
ഗതാ അസ്മി!	ഞാൻ കാണുമാറായല്ലോ!
വിധവാ കൃതാ!	ഭൎത്തൃഹീനയായിഞാൻ ഇരിക്കാറായല്ലോ!

പ്രഥമം മരണം നാര്യ്യാ ഭർത്തുർവൈഗുണ്യമുച്യതേ
സുവൃത്ത സാധുവൃത്തായാഃ സംവൃത്തസ്ത്വം മമാഗ്രതഃ. 9

"പ്രഥമം	"തനിക്കുമുമ്പ്	ഉച്യതേ;	ശാസ്ത്രങ്ങളിൽ പറയപ്പെടുന്നത്;
ഭർത്തുഃ	ഭർത്താവിന്ന്	സുവൃത്ത!	പുണ്യാത്മാവേ!
മരണം,	മരണം സംഭവിക്കുക എന്നത്	ത്വം	നിന്തിരുവടി
നാര്യ്യാഃ	ഭാര്യ്യയുടെ	സാധുവൃത്തായാഃ	ധർമ്മാനുഷ്ഠാനയുക്തയായ
വൈഗുണ്യം	പുണ്യക്ഷയംതന്നെയെന്നാണ്	മമ അഗ്രതഃ	എനിക്ക് മുമ്പിൽ [യ
		സംവൃത്തഃ.	പോയ്ക്കളഞ്ഞുവല്ലൊ.

[ഭർത്താവിന്റെ മരണമാണല്ലൊ സ്ത്രീകൾക്ക് എല്ലാററിലുംവെച്ച് ("പ്രഥമം വൈഗുണ്യം") മുഖ്യമായ അനർത്ഥം. എന്നു തിലകം.]

ദുഃഖാദ്ദുഃഖം പ്രപന്നായാ മഗ്നായാഃ ശോകസാഗരേ
യോ ഹി മാമുദ്യതസ്ത്രാതും സോഽപി ത്വം വിനിപാതിതഃ. 10

"ദുഃഖാത്	"ദുഃഖത്തിന്നു മീതെ	യഃ	യാതൊരുവൻ
ദുഃഖം	ദുഃഖത്തെ	ത്രാതും	കരകയററുവാൻ
പ്രപന്നായാഃ,	പ്രാപിച്ചവളായി,	ഉദ്യതഃ ഹി	ഉദ്യുക്തനായിരുന്നുവോ,
ശോകസാഗരേ	ശോകസാഗരത്തിൽ	സഃ	അപ്രകാരമുള്ള
മഗ്നായാഃ,	അണഞ്ഞു കിടക്കവേ,	ത്വം അപി	നിന്തിരുവടിയും
മാം	എന്നെ	വിനിപാതിതഃ.	ഇല്ലാതാക്കപ്പെട്ടു.

സാ ശ്വശ്രൂർമ്മമ കൌസല്യാ ത്വയാ പുത്രേണ രാഘവ
വത്സേനേവ യഥാ ധേനുർവിവത്സാ വത്സലാ കൃതാ. 11

"രാഘവ!	"ശ്രീരാഘവ!	കൌസല്യാ	കൌസല്യാദേവി,
പുത്രേണ	പുത്രനായ	ധേനുഃ	ഒരു പശു
ത്വയാ,	നിന്തിരുവടിയാൽ,	വത്സേന യഥാ ഇവ	കുട്ടിയുമായി വേർപിരിക്കപ്പെട്ടാലെന്നപോലെ
മമ	എന്റെ		
ശ്വശ്രൂഃ	ശ്വശ്രുവും		
വത്സലാ	പുത്രവത്സലയും ആയ	വിവത്സാ കൃതാ.	പുത്രഹീനയാക്കിച്ചെയ്യപ്പെട്ടു.
സാ	ആ		

ആദിഷ്ടം ദീർഘമായുസ്തേ യൈരചിന്ത്യപരാക്രമ
അനൃതം വചനം തേഷാമല്പായുരസി രാഘവ. 12

"അചിന്ത്യ-പരാക്രമ!	"ഇത്രയെന്ന് അറിയപ്പെടാത്ത പരാക്രമം	ദീർഘം ആയുഃ	ദീർഘായുസ്സുണ്ടെന്ന്
രാഘവ!	ശ്രീരാഘവ! [പൂണ്ട	യൈഃ	യാതൊരുവരാൽ
അല്പായുഃ അസി;	നിന്തിരുവടി അല്പായുസ്സാകുന്നു;	ആദിഷ്ടം	മുമ്പുരചെയ്യപ്പെട്ടുവോ
		തേഷാം	അവരുടെ
		വചനം	വാക്ക്
തേ	നിന്തിരുവടിയ്ക്കു	അനൃതം.	മിഥ്യയായിപ്പോയി.

അഥവാ നശ്യതി പ്രജ്ഞാ പ്രാജ്ഞസ്യാപി സതസ്തവ
പചത്യേനം യഥാ കാലോ ഭൂതാനാം പ്രഭവോ ഹ്യയം. 13

"സതഃ	"പുണ്യാത്മാവും	ഭൂതാനാം	പ്രാണികൾക്ക്
പ്രാജ്ഞസ്യ	എല്ലാമറിഞ്ഞവനുമായ	പ്രഭവഃ	ഓരോ അവസ്ഥകളെ വിളയിക്കുന്നവനായ
തവ അപി	നിന്തിരുവടിക്കും	അയം	ഈ
പ്രജ്ഞാ	ആപത്തുനേരുമെന്നുള്ള ആലോചന	കാലഃ	ഈശ്വരൻ
നശ്യതി;	ഇല്ലാതായിത്തീരുന്നു;	ഏനം ഹി	ഈ നിന്തിരുവടിയേയും
അഥവാ;	പക്ഷെ ഇതൊരാശ്ച	പചതി.	ഫലം അനുഭവിപ്പിക്കുന്നു.
യഥാ	എന്തെന്നാൽ [ര്യമല്ല;		

[എന്നാൽ, ഇതു് ആ പ്രാജ്ഞന്മാരുടെ കുററമല്ല, നിന്തിരുവടിയുടെ ഭാഗ്യക്ഷയംകൊണ്ടു് അവർക്കും ബുദ്ധി നഷ്ടമായിപ്പോയതാണ് എന്നു പറയുന്നു:— "പ്രഭവഃ" (പ്രാണികൾക്കു് കാരണഭൂതനായ) "അയം കാലഃ" (ഈ പരമാത്മാവു്), "യഥാ" (എപ്രകാരം) "പചതി" (കർമ്മഫലത്തെ അനുഭവിക്കുമാറാക്കുന്നുവോ), "തഥാ" (അപ്രകാരംതന്നെ) "പ്രാജ്ഞസ്യ സതഃ" (ഭവിഷ്യത്തുകളെ മുൻകൂട്ടി പറവാൻ ശക്തിയുള്ള സത്പുരുഷന്നും), "പ്രജ്ഞാ" (ആ ബുദ്ധിശക്തി), "തവ" (നിന്തിരുവടിയുടെ സംഗതിയിൽ), "നശ്യതി" (നഷ്ടമായിപ്പോകുന്നു.) ഗോ. രാ.]

അദൃഷ്ടം മൃത്യുമാപന്നഃ കസ്മാത് ത്വം നയശാസ്ത്രവിത്
വ്യസനാനാമുപായജ്ഞഃ കുശലോ ഹ്യസി വർജ്ജനേ. 14

"നയശാസ്ത്രവിത്	"രാജതന്ത്രജ്ഞനും	കുശലഃ	സാമർത്ഥ്യശാലിയുമായ
വ്യസനാനാം	സംഭവിക്കാവുന്ന ആപത്തുകളെ	ത്വം	നിന്തിരുവടി
വർജ്ജനേ	നേരിടാതാക്കുന്ന സംഗതിയിൽ	കസ്മാത് ഹി	എന്തുകാരണത്താൽ തന്നെയാണ്
ഉപായജ്ഞഃ	തക്ക ഉപായങ്ങളെ അറിയുന്ന	അദൃഷ്ടം	സൂക്ഷ്മക്കുറവുകൊണ്ടുള്ള
		മൃത്യും	മരണത്തെ
		ആപന്നഃ അസി!	പ്രാപിപ്പാനിടയായതു്!

തഥാ ത്വം സംപരിഷ്വജ്യ രൌദ്രയാഽതിനൃശംസയാ
കാളരാത്ര്യാ മമാച്ഛിദ്യ ഹൃതഃ കമലലോചനഃ. 15

"കമലലോചനഃ	"ചെന്താർ നേത്രനായ	കാളരാത്ര്യാ,	കാളരാത്രിയാൽ
ത്വം,	നിന്തിരുവടി,	മമ ആച്ഛിദ്യ,	എന്റെ വക്കൽനിന്നു വേർപിരിച്ചു്,
രൌദ്രയാ	കൊടിയവളും	സംപരിഷ്വജ്യ	ബലാത്കാരമായി,
അതിനൃശംസയാ	ദയയററവളും ആയ	തഥാ ഹൃതഃ	ഇപ്രകാരം അപഹരിക്കപ്പെട്ടു.

["മയാ കാളരാത്ര്യാ" (കാളരാത്രിരൂപിണിയായ എന്നാൽ) ഘോരവൈധവ്യലക്ഷണയുക്തയായതുകൊണ്ടു് രൌദ്രയായ എന്റെ പരിഷ്വംഗംതന്നെയാണ് നിന്തിരുവടിക്കു് നാശത്തിന്നു ഹേതുവായതു് എന്നു സാരം എന്നു പക്ഷാന്തരം. (ഗോ. രാ.)]

ഉപശേഷേ മഹാബാഹോ മാം വിഹായ തപസ്വിനീം
പ്രിയാമിവ ശുഭാം നാരീം പൃഥിവീം പുരുഷൎഷഭ. 16

"മഹാബാഹോ!	"മഹാബാഹുവായുള്ളോവേ!
പുരുഷൎഷഭ!	പുരുഷോത്തമ!
തപസ്വിനീം	ഗതിയററു ദുഃഖിക്കുന്നവളായ
പ്രിയാം	ധൎമ്മപത്നിയായ
മാം	ഇവളെ
വിഹായ,	വെടിഞ്ഞ്,
ശുഭാം	ഭാഗ്യവതിയായ
പൃഥിവീം നാരീം	ഭൂമിദേവിയെ
ഉപശേഷേ ഇവ!	അങ്ങ് സ്വീകരിച്ചിരിക്കുന്നുവല്ലോ!

അൎച്ചിതം സതതം യത്നാദ് ഗന്ധമാല്യൈൎമ്മയാ തവ
ഇദം തേ മത്പ്രിയം വീര ധനുഃ കാഞ്ചനഭൂഷണം. 17

"വീര!	"നാഥ!
തേ	നിന്തിരുവടിക്കും
മത്പ്രിയം	എനിക്കും പ്രിയപ്പെട്ടതും
കാഞ്ചനഭൂഷണം	തങ്കത്താലലങ്കരിക്കപ്പെട്ടതും,
മയാ	എന്നാൽ
ഗന്ധമാല്യൈഃ	ഗന്ധപുഷ്പാദികൾകൊണ്ടു
യത്നാത്	ഭക്തിയോടെ
സതതം	എപ്പോഴും
അൎച്ചിതം	അൎച്ചിക്കപ്പെട്ടതും ആയ
തവ	നിന്തിരുവടിയുടെ
ധനുഃ	കോദണ്ഡമാണല്ലോ
ഇദം.	ഇത്.

പിത്രാ ദശരഥേന ത്വം ശ്വശുരേണ മമാനഘ
സൎവ്വൈശ്ച പിതൃഭിഃ സാൎദ്ധം നൂനം സ്വൎഗ്ഗേ സമാഗതഃ. 18

"അനഘ!	"നിഷ്പാപനായുള്ളോവേ!
പിത്രാ	പിതാവും
മമ	എന്റെ
ശ്വശുരേണ	ശ്വശുരനും ആയ
ദശരഥേന	ദശരഥമഹാരാജാവിനോടും
പിതൃഭിഃ	പിതൃക്കൾ
സൎവ്വൈഃ ച സാൎദ്ധം	എല്ലാവരോടുംകൂടി
സ്വൎഗ്ഗേ	സ്വൎഗ്ഗത്തിൽ
ത്വം	നിന്തിരുവടി
സമാഗതഃ നൂനം!	ചേൎന്നുകളഞ്ഞുവോ!

ദിവി നക്ഷത്രഭൂതസ്ത്വം മഹത്കൎമ്മകൃതാം പ്രിയം
പുണ്യം രാജൎഷിവംശം ത്വമാത്മനഃ സമുപേക്ഷസേ. 19

"ദിവി	"ആകാശത്തിൽ
ത്വം	നിന്തിരുവടി
നക്ഷത്രഭൂതഃ;	നക്ഷത്രരൂപിയായ്പ്പോയി;
മഹത്-കൎമ്മകൃതാം	മഹത്തായ പുണ്യകൎമ്മങ്ങൾ ചെയ്യുവരുടേയും
ആത്മനഃ	നിന്തിരുവടിയുടെയും
പുണ്യം	പരിശുദ്ധവും
പ്രിയം	ദുഷ്പ്രാപവും ആയ
രാജൎഷിവംശം	രാജൎഷികുലത്തെ
ത്വം	നിന്തിരുവടി
സമുപേക്ഷസേ.	ഉപേക്ഷിക്കയാണ്.

[“മഹത്കൎമ്മകൃതാം പ്രിയം” (മഹത്തായ പുണ്യകൎമ്മങ്ങളെച്ചെയ്തു ഇതിൽ ജനിക്കേണമെന്ന ആശയോടുകൂടി ഇഷ്ടപ്പെടുന്നതായ കുലം). (സ).]

കിം മാം ന പ്രേക്ഷസേ രാജൻ കിം മാം ന പ്രതിഭാഷസേ
ബാലാം ബാല്യേന സംപ്രാപ്താം ഭാൎയ്യാം മാം സഹചാരിണീം. 20

"രാജൻ!	"രാജാവേ!
മാം	എന്നെ
കിം	എന്തുകൊണ്ടാണ്
പ്രേക്ഷസേ ന?	കണ്ണുതുറന്നു നോക്കാതിരിക്കുന്നത്?
ബാല്യേന സംപ്രാപ്താം	യൌവ്വനദശയിൽ വൎത്തിക്കുന്ന
ബാലാം	തരുണിയായ
മാം,	എന്നോട്,
സഹചാരിണീം	സഹധൎമ്മചാരിണിയായ
ഭാൎയ്യാം	ധൎമ്മപത്നിയായ
മാം	എന്നോടു
കിം	എന്തുകൊണ്ടാണ്
ന പ്രതിഭാഷസേ?	മറുപടിയരുളിച്ചെയ്യാതിരിക്കുന്നത്?

സംശ്രുതം ഗൃഹ്ണതാ പാണിം ചരിഷ്യാമീതി യത് ത്വയാ
സ്മര തന്മമ കാകുത്സ്ഥ നയ മാമപി ദുഃഖിതാം. 21

"പാണിം ഗൃഹ്ണതാ	"പാണിഗ്രഹണം ചെയ്യുന്നവനായ
ത്വയാ	നിന്തിരുവടിയാൽ
'ചരിഷ്യാമി,'	'എല്ലാം ഭവതിയൊന്നിച്ചു തന്നെ ഞാൻ ചെയ്യുന്നുണ്ട്'
ഇതി	എന്ന്
യത്	യാതൊന്ന്
മമ	എന്നോട്
സംശ്രുതം,	വാഗ്ദത്തം ചെയ്യപ്പെട്ടുവൊ,
തത്	അതിനെ
സ്മര:	തിരുവുള്ളത്തിൽ ഓൎമ്മിച്ചാലും;
കാകുത്സ്ഥ!	കാകുത്സ്ഥ!
ദുഃഖിതാം	വിരഹദുഃഖിതയായ
മാം അപി	എന്നെയും
നയ.	കൂടെ കൊണ്ടുപോയാലും.

കസ്മാന്മാമപഹായ ത്വം ഗതോ ഗതിമതാം വര
അസ്മാല്ലോകാദമും ലോകം ത്യക്ത്വാ മാമപി ദുഃഖിതാം. 22

"ഗതിമതാം വര!	"ധൎമ്മിഷ്ഠന്മാരിലുത്തമനായുള്ളോവേ!
ത്വം	നിന്തിരുവടി
മാം അപഹായ,	എന്നെ വെടിഞ്ഞ്,
ദുഃഖിതാം	വേർവാടിനാൽ ദുഃഖിക്കുന്ന
മാം	എന്നെ
ത്യക്ത്വാ അപി	ഉപേക്ഷിച്ച്,
അസ്മാത്	ഈ
ലോകാത്	ലോകത്തിൽ നിന്ന്
അമും ലോകം,	സ്വൎഗ്ഗലോകത്തിലേക്കു
കസ്മാത്	എന്തുകാരണത്താലാണ്
ഗതഃ?	പോയ്ക്കളഞ്ഞത്?

കല്യാണൈരുചിതം യത്തത് പരിഷ്വക്തം മയൈവ തു
ക്രവ്യാദൈസ്തച്ഛരീരം തേ നൂനം വിപരികൃഷ്യതേ. 23

"കല്യാണൈഃ	"ഉത്തമ ലക്ഷണങ്ങളാൽ
ഉചിതം	സൎവ്വരുടെയും മനസ്സിനെ അപഹരിക്കുന്നത്
യത്	യാതൊന്നോ
തത് തു,	അപ്രകാരമുള്ളതും,
മയാ ഏവ	ഞാൻ ഒരുവളാൽ മാത്രം
പരിഷ്വക്തം	ആലിംഗനം ചെയ്യപ്പെട്ടതും ആയ
തത്	ആ
തേ	നിന്തിരുവടിയുടെ
ശരീരം	തിരുമേനി
ക്രവ്യാദൈഃ	മാംസഭക്ഷകളായ മൃഗങ്ങളാൽ
വിപരികൃഷ്യതേ നൂനം!	അങ്ങുമിങ്ങും വലിച്ചിഴയ്ക്കപ്പെടുന്നുവോ!

അഗ്നിഷ്ടോമാദിഭിര്യജ്ഞൈരിഷ്ടവാനാപ്തദക്ഷിണൈഃ
അഗ്നിഹോത്രേണ സംസ്കാരം കേന ത്വം തു ന ലപ്സ്യസേ. 24

"ത്വം തു	"നിന്തിരുവടിയാകട്ടെ	അഗ്നിഹോത്രേണ	അഗ്നിഹോത്രാഗ്നിയിൽ
ആപ്ത-ദക്ഷിണൈഃ	മതിയായ ദക്ഷിണകളോടുകൂടിയ	സംസ്കാരം	സംസ്കാരത്തെ
അഗ്നിഷ്ടോമാദിഭിഃ	അഗ്നിഷ്ടോമം മുതലായ	കേന	എന്തുകാരണത്താലാണ്
യജ്ഞൈഃ	യാഗങ്ങളെക്കൊണ്ട്	ലപ്സ്യസേ ന?	പ്രാപിക്കാതിരിക്കുന്നത്?
ഇഷ്ടവാൻ	യജിച്ചവനായി		

പ്രവ്രജ്യാമുപപന്നാനാം ത്രയാണാമേകമാഗതം
പരിപ്രക്ഷ്യതി കൗസല്യാ ലക്ഷ്മണം ശോകലാലസാ. 25

"പ്രവ്രജ്യാം	"വനവാസത്തെ	ലക്ഷ്മണം	ലക്ഷ്മണനെനോക്കി
ഉപപന്നാനാം	പ്രാപിച്ചവരായ	കൗസല്യാ	കൗസല്യാദേവി
ത്രയാണാം,	മൂവരിൽ,	ശോകലാലസാ	ശോകനിമഗ്നയായി
ഏകം	ഒരുവനായിമാത്രം	പരിപ്രക്ഷ്യതി.	ചോദിക്കുമല്ലോ.
ആഗതം	ചെന്നുചേർന്ന		

സ തസ്യാഃ പരിപൃച്ഛന്ത്യാ വധം മിത്രബലസ്യ തേ
തവ ചാഖ്യാസ്യതേ നൂനം നിശായാം രാക്ഷസൈർവധം. 26

"തസ്യാഃ	"അവൾ	വധം,	വിനാശത്തെക്കുറിച്ചും,
പരിപൃച്ഛന്ത്യാഃ	അങ്ങിനെ ചോദിക്കുന്നസമയം	രാക്ഷസൈഃ	രാക്ഷസന്മാരാൽ
സഃ	ആ ലക്ഷ്മണൻ	നിശായാം	രാത്രിയിൽ
തേ	നിന്തിരുവടിയുടെ	തവ	നിന്തിരുവടിയുടെ
മിത്രബലസ്യ	സുഹൃത്സൈന്യത്തിന്റെ	വധം ച	വധത്തെക്കുറിച്ചും
		ആഖ്യാസ്യതേ നൂനം!	അറിയിക്കയില്ലയോ!

സാ ത്വാം സുപ്തം ഹതം ശ്രുത്വാ മാം ച രക്ഷോഗൃഹം ഗതാം
ഹൃദയേനാവദീർണ്ണേന ന ഭവിഷ്യതി രാഘവ. 27

"രാഘവ!	"ശ്രീരാഘവ!	ഗതാം	അകപ്പെട്ടവളായും
സാ,	അവൾ,	ശ്രുത്വാ,	കേട്ട്,
സുപ്തം	പള്ളിനിദ്രപൂണ്ടവനായ	ഹൃദയേന അവദീർണ്ണേന	ഉള്ളം ഉരുകി
ത്വാം	നിന്തിരുവടിയെ	ഭവിഷ്യതി ന.	പ്രാണനെ ധരിക്കുകയില്ല.
ഹതം	വധിക്കപ്പെട്ടവനായും		
മാം ച	എന്നേയും		
രക്ഷോഗൃഹം	രാക്ഷസഭവനത്തിൽ		

മമ ഹേതോരനാൎയ്യായാ ഹ്യനഘഃ പാൎത്ഥിവാത്മജഃ
രാമഃ സാഗരമുത്തീൎയ്യ വീൎയ്യവാൻ ഗോഷ്പദേ ഹതഃ. 28

" അനഘഃ	" ഒരു വിപത്തിനും അ ഹനല്ലാത്തവനും	മമ ഹേതോഃ	ഞാൻ നിമിത്തമായി
പാൎത്ഥിവാത്മജഃ	ചക്രവൎത്തികുമാരനും	സാഗരം	സമുദ്രത്തെ
വീൎയ്യവാൻ	വീൎയ്യശാലിയും ആയ	ഉത്തീൎയ്യ,	തരണംചെയ്തു,
രാമഃ ഹി,	ശ്രീരാമൻതന്നെ	ഗോഷ്പദേ	ഒരു കുളമ്പടികടക്കുമ്പോൾ
അനാൎയ്യായാഃ	ഭാഗ്യഹീനയായ	ഹതഃ!	ഹതനായല്ലോ!

[ഖരവധം മുതലായ, ആരാലും ചെയ്വാൻകഴിയാത്ത കൃത്യങ്ങളെ സാധിച്ചശേഷം ഇങ്ങിനെ വിചാരിക്കാതെ മരിപ്പാനിടവന്നുവല്ലോ. എന്നു സാരം.]

അഹം ദാശരഥേനോഢാ മോഹാത് സ്വകുലപാംസനീ
ആൎയ്യപുത്രസ്യ രാമസ്യ ഭാൎയ്യാ മൃത്യുരജായത. 29

" സ്വകുല- പാംസനീ	"സ്വന്തം ഭൎത്തൃകുലത്തിന്നുതന്നെ ദുൎയ്യശസ്സ് വിളയിക്കുന്നവളായ	ഊഢാ;	പരിഗ്രഹിക്കപ്പെട്ടു;
അഹം	ഞാൻ	ആൎയ്യപുത്രസ്യ	സൎവ്വോത്തമനായ
ദാശരഥേന	ശ്രീരാമനാൽ	രാമസ്യ	ശ്രീരാമന്ന്
മോഹാത്	ഇപ്രകാരമുള്ളവളാണെന്ന് അറിവില്ലായ്മയാൽ	ഭാൎയ്യാ	ഭാൎയ്യയായ ഞാൻ,
		മൃത്യുഃ	കാലനായിട്ടാണ്
		അജായത.	ഭവിച്ചത്.

നൂനമന്യാം മയാ ജാതിം വാരിതം ദാനമുത്തമം
യാഽഹമദ്യേഹ ശോചാമി ഭാൎയ്യാ സൎവ്വാതിഥേരിഹ. 30

"അന്യാം ജാതിം,	"പൂൎവ്വജന്മത്തിൽ	സൎവ്വാതിഥേഃ	സൎവ്വരേയും തന്റെ അതിഥിയായിക്കൊണ്ടാടുന്നവനായ അദ്ദേഹത്തിന്നു
ഉത്തമം	ഉത്തമമായ	ഭാൎയ്യാ	ഭാൎയ്യയായ
ദാനം	ദാനം	യാ	യാതൊരു
മയാ	എന്നാൽ	അഹം	ഞാൻ
വാരിതം ;	തടുക്കപ്പെട്ടിട്ടുണ്ട് ;	ഇഹ	ഇവിടെ
നൂനം	അതുകൊണ്ടുതന്നെയാണ്,	അദ്യ	ഇതാ
ഇഹ	ഈ ലോകത്തിൽ	ശോചാമി.	ദുഃഖത്തിൽപ്പെട്ടുഴലുന്നത്.

സാധു പാതയ മാം ക്ഷിപ്രം രാമസ്യോപരി രാവണ
സമാനയ പതിം പത്ന്യാ കുരു കല്യാണമുത്തമം. 31

" രാവണ !	" രാവണ !	പതിം	നാഥനെ
രാമസ്യ ഉപരി	ശ്രീരാമന്നുപുറമെ	പത്ന്യാ	പത്നിയുമായി
മാം	എന്നേയും	സമാനയ ;	ചേൎത്തുവെക്കുക ;
ക്ഷിപ്രം	ഇക്ഷണംതന്നെ	ഉത്തമം	നല്ലതായുള്ള
സാധു	വഴിപോലെ	കല്യാണം	ഈ ഒരു സത്കൎമ്മ
പാതയ ;	കൊന്നുവീഴ്ത്തിയാലും ;	കുരു.	ചെയ്യുക. [ത്തെ

ശിരസാ മേ ശിരശ്ചാസ്യ കായം കായേന യോജയ
രാവണാനുഗമിഷ്യാമി ഗതിം ഭർത്തുർമഹാത്മനഃ. 32

"മേ	"എന്റെ	യോജയ;	ചേർക്കുക;
ശിരഃ	ശിരസ്സിനെ	രാവണ!	രാവണ!
അസ്യ	ഇദ്ദേഹത്തിന്റെ	മഹാത്മനഃ	മഹാത്മാവായ
ശിരസാ	ശിരസ്സിനോടും	ഭർത്തുഃ	ഭർത്താവിന്റെ
കായം	ശരീരത്തെ	ഗതിം	അവസ്ഥയെ
കായേന ച	ശരീരത്തോടും	അനുഗമിഷ്യാമി."	ഞാൻ അനുസരിക്കാം."

ഇതി സാ ദുഃഖസന്തപ്താ വിലലാപാകുലേന്ദ്രിയാ
ഭർത്തുഃ ശിരോ ധനുസ്തത്ര സമീക്ഷ്യ ച പുനഃ പുനഃ. 33

ആകുലേന്ദ്രിയാ	സർവ്വേന്ദ്രിയങ്ങളും തളർന്ന	ഭർത്തുഃ	ഭർത്താവിന്റെ
ദുഃഖസന്തപ്താ	ദുഃഖപര്യാകുലിതയായ	ശിരഃ	ശിരസ്സിനേയും
സാ,	അവൾ,	ധനുഃ	കോദണ്ഡത്തേയും
തത്ര	ആ സമയം	സമീക്ഷ്യ ച	പലകുറി നോക്കിക്കൊണ്ടു
പുനഃ പുനഃ	വീണ്ടും വീണ്ടും	ഇതി	ഇപ്രകാരം
		വിലലാപ.	പ്രലപിച്ചു.

ഏവം ലാലപ്യമാനായാം സീതായാം തത്ര രാക്ഷസഃ
അഭിചക്രാമ ഭർത്താരമനീകസ്ഥഃ കൃതാഞ്ജലിഃ. 34

ഏവം	ഇപ്രകാരം	രാക്ഷസഃ,	ഒരു രാക്ഷസൻ,
സീതായാം	സീതാദേവി	ഭർത്താരം	തന്റെ യജമാനന്റെ അടുക്കൽ
ലാലപ്യമാനായാം	പ്രലപിച്ചുംകൊണ്ടിരിക്കെ	തത്ര	അവിടെ
		കൃതാഞ്ജലിഃ	തൊഴുതുംകൊണ്ടു
അനീകസ്ഥഃ	പാറാവുകാരനായ	അഭിചക്രാമ.	ആഗതനായി.

വിജയസ്വാര്യപുത്രേതി സോഽഭിവാദ്യ പ്രസാദ്യ ച
ന്യവേദയദനുപ്രാപ്തം പ്രഹസ്തം വാഹിനീപതിം. 35

"ആര്യപുത്ര!	"പുണ്യശാലിയ്ക്കു പിറന്നവനേ!	പ്രസാദ്യ ച,	പ്രസാദിപ്പിച്ചു ശേഷം,
		വാഹിനീപതിം	സേനാധിപനായ
വിജയസ്വ!	വിജയിച്ചാലും!"	പ്രഹസ്തം	പ്രഹസ്തനെ
ഇതി	എന്നിങ്ങിനെ	അനുപ്രാപ്തം	വന്നു സമയം കാത്തു നില്ക്കുന്നവനായി
സഃ	അവൻ		
അഭിവാദ്യ,	പുകഴ്ത്തി	ന്യവേദയത്.	അറിയിച്ചു.

അമാത്യൈഃ സഹിതൈഃ സർവ്വൈഃ പ്രഹസ്തഃ സമുപസ്ഥിതഃ
തേന ദർശനകാമേന വയം പ്രസ്ഥാപിതാഃ പ്രഭോ. 36

“ പ്രഹസ്തഃ	“ പ്രഹസ്തൻ,
സഹിതൈഃ	എന്തിനും കൂടിയാലോചിക്കുന്നവരായ
അമാത്യൈഃ	മന്ത്രിമാർ
സർവ്വൈഃ	എല്ലാവരോടും കൂടി
സമുപസ്ഥിതഃ ;	സമയം നോക്കി വന്നിരിക്കുന്നു ;
പ്രഭോ !	പ്രഭോ !
ദർശനകാമേന	നേരിൽ മുഖം കാണിപ്പാൻ ആഗ്രഹിക്കുന്ന
തേന,	അദ്ദേഹത്താൽ
വയം	ഞാനും, മററു ചിലരും
പ്രസ്ഥാപിതാഃ.	പറഞ്ഞയക്കപ്പെട്ടു.

നൂനമസ്തി മഹാരാജ രാജഭാവാത് ക്ഷമാന്വിതം
കിംചിദാത്യയികം കാര്യം തേഷാം ത്വം ദർശനം കുരു. 37

“ മഹാരാജ !	“ മഹാരാജാവേ !
രാജഭാവാത്	നിന്തിരുവടിയുടെ മനോഭാവത്തെ ഓർത്ത്
ക്ഷമാന്വിതം	ഇതുവരെ പറയാതെ ക്ഷമിച്ചിരുന്നതും
ആത്യയികം	തിടുക്കമായി ചെയ്യപ്പെടേണ്ടതും ആയ
കിംചിത്	ഏതോ ഒരു
കാര്യം	കാര്യം
അസ്തി നൂനം ;	ഉണ്ടത്രെ ;
തേഷാം	അവക്ക്
ത്വം	നിന്തിരുവടി
ദർശനം കുരു.”	ദർശനമരുളിയാലും.”

ഏതച്ഛ്രുത്വാ ദശഗ്രീവോ രാക്ഷസപ്രതിവേദിതം
അശോകവനികാം ത്യക്ത്വാ മന്ത്രിണാം ദർശനം യയൌ. 38

ദശഗ്രീവഃ	ദശകണ്ഠൻ
രാക്ഷസപ്രതിവേദിതം	രാക്ഷസനാൽ പറയപ്പെട്ട
ഏതത് ശ്രുത്വാ	ഇതിനെ കേട്ട്
അശോകവനികാം	അശോകവനത്തെ
ത്യക്ത്വാ	വിട്ട്
മന്ത്രിണാം	മന്ത്രികളുടെ
ദർശനം യയൌ.	മുമ്പിൽവന്നു.

സ തു സർവ്വം സമർത്ഥ്യൈവ മന്ത്രിഭിഃ കൃത്യമാത്മനഃ
സഭാം പ്രവിശ്യ വിദധേ വിദിത്വാ രാമവിക്രമം. 39

സഃ	അവൻ
സഭാം	സഭയിൽ
പ്രവിശ്യ,	പ്രവേശിച്ച്,
രാമവിക്രമം ഏവ	ശ്രീരാമന്റെ പരാക്രമത്തെക്കുറിച്ചുതന്നെ
വിദിത്വാ തു	ഉള്ളിൽ ഓർത്തുകൊണ്ട്
ആത്മനഃ	തന്റെ
മന്ത്രിഭിഃ	മന്ത്രിമാരുമായി
സർവ്വം	എല്ലാം
സമർത്ഥ്യ,	ആലോചിച്ച്
കൃത്യം	മേൽവേണ്ടതിനെ
വിദധേ.	നിശ്ചയിച്ചു.

അന്തർദ്ധാനം തു തച്ഛീർഷം തച്ച കാർമ്മുകമുത്തമം
ജഗാമ രാവണസ്യൈവ നിര്യ്യാണസമനന്തരം. 40

രാവണസ്യ	രാവണന്റെ
നിര്യ്യാണസമനന്തരം ഏവ	നിർഗ്ഗമനത്തിനുശേഷം ഉടനെ
തത് ശീർഷം	ആ തല
അന്തർദ്ധാനം ജഗാമ ;	കാണാതായിപ്പോയി ;
തത് ഉത്തമം കാർമ്മുകം തു	ആ ഉത്തമമായ വില്ലും
ച.	അപ്രകാരം തന്നെ കാണാതായി.

രാക്ഷസേന്ദ്രസ്തു തൈഃ സാൎദ്ധം മന്ത്രിഭിൎഭീമവിക്രമൈഃ
സംമന്ത്ര്യയാമാസ തദാ രാമകാൎയ്യവിനിശ്ചയം. 41

രാക്ഷസേന്ദ്രഃ	രാക്ഷസരാജാവ്	രാമകാൎയ്യ-വിനിശ്ചയം	ശ്രീരാമന്റെ സംഗതിയിൽ താൻ ചെയ്യേണ്ടതായ തന്റെ നിശ്ചയത്തെക്കുറിച്ച്
ഭീമവിക്രമൈഃ	ഉഗ്രവിക്രമന്മാരായ		
തൈഃ	ആ		
മന്ത്രിഭിഃ സാൎദ്ധം	മന്ത്രിമാരോടും കൂടി		
തദാ	അപ്പോൾ	സംമന്ത്ര്യയാ-മാസ.	കൂടിച്ചേൎന്ന് പൎയ്യാലോചന ചെയ്തു.
തു	ഇക്കാൎയ്യത്തിൽ		

അവിദൂരസ്ഥിതാൻ സൎവ്വാൻ ബലാധ്യക്ഷാൻ ഹിതൈഷിണഃ
അബ്രവീത് കാലസദൃശോ രാവണോ രാക്ഷസാധിപഃ. 42

കാലസദൃശഃ	യമസദൃശനായ	ഹിതൈഷിണഃ	ഹിതംപോലെ പ്രവൃത്തിക്കുന്നവരുമായ
രാക്ഷസാധിപഃ	രക്ഷോനായകനായ	ബലാധ്യക്ഷാൻ	സേനാധിപന്മാർ
രാവണഃ,	രാവണൻ,	സൎവ്വാൻ	എല്ലാവരേയും നോക്കി
അവിദൂര-സ്ഥിതാൻ	അടുത്തിരുന്നവരും	അബ്രവീത്.	ഇങ്ങിനെ ആജ്ഞാപിച്ചു.

ശീഘ്രം ഭേരീനിനാദേന സ്ഫുടകോണാഹതേന മേ
സമാനയധ്വം സൈന്യാനി വക്തവ്യം ച ന കാരണം. 43

“മേ	“നമ്മുടെ	ഭേരീനിനാദേന	പെരുമ്പറകളുടെ വമ്പുഴക്കത്താൽ
സൈന്യാനി	സൈന്യങ്ങളെ		
ശീഘ്രം	ഉടനെ	സമാനയധ്വം ;	നിങ്ങൾ ശേഖരിപ്പിൻ;
സ്ഫുടകോണാ-ഹതേന	കോലുകൾ കൊണ്ട് നന്നായടിക്കപ്പെട്ട	കാരണം ച	കാരണമെന്തെന്ന്
		വക്തവ്യം ന.	അറിയിക്കേണ്ടതില്ല.

തതസ്തഥേതി പ്രതിഗൃഹ്യ തദ്വചോ ബലാധിപാസ്തേ മഹദാത്മനോ ബലം
സമാനയംശ്ചൈവ സമാഗമം ച തേ ന്യവേദയൻ ഭൎത്തരി യുദ്ധകാംക്ഷിണി.

തതഃ	അപ്പോൾ	ബലം ഏവ	സൈന്യത്തെയും
തേ	ആ	സമാനയൻ ;	ശേഖരിച്ചുകൊണ്ട് എത്തി;
ബലാധിപാഃ,	സേനാധിപന്മാർ,		
‘തഥാ ഇതി,’	‘കല്പനപോലെ,’	സമാഗമം ച	വന്നെത്തിയ സംഗതിയെക്കുറിച്ചും
തത്	ആ [എന്നുപറഞ്ഞു,		
വചഃ	ആജ്ഞയെ	യുദ്ധകാംക്ഷിണി	യുദ്ധകാംക്ഷിയായ
പ്രതിഗൃഹ്യ,	ശിരസാ വഹിച്ച്,	ഭൎത്തരി	തങ്ങളുടെ സ്വാമിയോ
ആത്മനഃ ച	അവനവന്റെ	തേ	അവർ [ടായി
മഹത്	വമ്പിച്ച	ന്യവേദയൻ.	ഉണൎത്തിച്ചു.

ഇത്യാൎഷേ ശ്രീമദ്രാമായണേ വാല്മീകീയേ ആദികാവ്യേ യുദ്ധകാണ്ഡേ
ദ്വാത്രിംശഃ സൎഗ്ഗഃ = മുപ്പത്തിരണ്ടാംസൎഗ്ഗം സമാപ്തം.

ആദ്യംമുതൽ ശ്ലോകസംഖ്യ 15908; യുദ്ധകാണ്ഡം ആദ്യംമുതൽ ശ്ലോകസംഖ്യ 1233

ത്രയസ്ത്രിംശഃ സർഗ്ഗഃ = മുപ്പത്തിമൂന്നാംസർഗ്ഗം.

[സരമയാ സീതാസമാശ്വാസനം = സരമ സീതയെ ആശ്വസിപ്പിക്കുന്നതു്.]

സീതാം തു മോഹിതാം ദൃഷ്ട്വാ സരമാ നാമ രാക്ഷസീ
ആസസാദാശു വൈദേഹീം പ്രിയാം പ്രണയിനീം സഖീം. 1

സരമാ നാമ	സരമയെന്ന	സീതാം	സീതാദേവിയെ
രാക്ഷസി,	രാക്ഷസി,	മോഹിതാം	ഇല്ലാത്തതിനെ വിശ്വസിച്ചു് ഏക്കം പിടിച്ചുകിടക്കുന്നവളായി
തു	ആസമയം		
പ്രിയാം	പ്രിയപ്പെട്ടവളും		
പ്രണയിനീം	ഹിതൈഷിണിയും	ദൃഷ്ട്വാ,	കണ്ടു്,
സഖീം	സഖിയും ആയ	ആശു	ഉടനെ
വൈദേഹീം	വിദേഹപുത്രിയായ	ആസസാദ.	അടുത്തുവന്നു.

[“സരമ” വിഭീഷണന്റെ പത്നിയാകുന്നു.]

മോഹിതാം രാക്ഷസേന്ദ്രേണ സീതാം പരമദുഃഖിതാം
ആശ്വാസയാമാസ തദാ സരമാ മൃദുഭാഷിണീ. 2

തദാ	ആസമയം	മോഹിതാം	വഞ്ചിക്കപ്പെട്ടു്
മൃദുഭാഷിണീ	ഉള്ളം കുളുർപ്പിക്കുമാറു് പറയുന്നവളായ	പരമദുഃഖിതാം	ഏറെ ദുഃഖിക്കുന്നവ [ളായ
		സീതാം	സീതാദേവിയെ
സരമാ,	സരമ,	ആശ്വാസയാമാസ.	പലവാറായി ആശ്വസിപ്പിച്ചു.
രാക്ഷസേന്ദ്രേണ	രാക്ഷസരാജാവിനാൽ		

സാ ഹി തത്ര കൃതാ മിത്രം സീതയാ രക്ഷ്യമാണയാ
രക്ഷന്തീ രാവണാദിഷ്ടാ സാനുക്രോശാ ദൃഢവ്രതാ. 3

സാ	അവൾ	ദൃഢവ്രതാ;	കഷ്ടത്തിലകപ്പെട്ടവരെ സഹായിക്കുക എന്ന വ്രതത്തോടുകൂടിയവൾ;
തത്ര	അവിടെ	ഹി	ആകയാൽ
രാവണാദിഷ്ടാ	രാവണനാൽ നിശ്ചയിക്കപ്പെട്ട	രക്ഷ്യമാണയാ	കാവൽ കാക്കപ്പെടുന്ന
രക്ഷന്തീ;	കാവൽക്കാരികളിൽ ഒരുവളായിരുന്നു;	സീതയാ	സീതാദേവിയുമായി
		മിത്രം	ആപത്തിൽ വിട്ടുപിരിയാത്ത സഖിയെന്നു്
സാനുക്രോശാ;	മററുള്ളവരുടെ ദുഃഖത്തെ സഹിക്കാത്തവൾ;	കൃതാ	കയ്ക്കൊള്ളപ്പെട്ടു.

[വിഭീഷണനുമായി രാവണൻ തെററുന്നതിന്നു മുമ്പുതന്നെ, രാവണനാൽ സീതാരക്ഷണവിഷയത്തിൽ ഏല്പ്പെടുത്തപ്പെട്ടവളായിരുന്നു എന്നു് ഗ്രാഹ്യം. “ജ്യേഷ്ഠാ കന്യാനലാ നാമ വിഭീഷണസുതാ കപേ. തയാ മമേദമാഖ്യാതം മാത്രാ പ്രഹിതയാ സ്വയം.” എന്നു് സുന്ദരകാണ്ഡം 37-ാംസർഗ്ഗത്തിൽ സീത ഹനൂമാനോടു് അനലയെ തന്റെ അടുക്കൽ അയച്ചതു് അവളുടെ മാതാവായ സരമയാണെന്നു് പറയുന്നതും കാണ്ക.]

സാ ദദർശ സഖീം സീതാം സരമാ നഷ്ടചേതനാം
ഉപാവൃത്യോത്ഥിതാം ധ്വസ്താം ബഡബാമിവ പാംസുഷു. 4

സാ	അ	ഉപാവൃത്യ	പുരണ്ടു്
സരമാ,	സരമ,	ഉത്ഥിതാം	എഴുന്നേററവളായി
സഖീം	സഖിയായ	ബഡബാം ഇവ	പെൺകുതിരയെന്നപോലെ
സീതാം	സീതാദേവിയെ	ധ്വസ്താം	പൊടിപുരണ്ടിരിക്കുന്ന
നഷ്ടചേതനാം,	ബോധമററു്,	ദദർശ.	കണ്ടു.
പാംസുഷു	മണ്ണിൽ		

താം സമാശ്വാസയാമാസ സഖീസ്നേഹേന സുവ്രതാ. 5

സുവ്രതാ,	സർവ്വോത്കൃഷ്ടമായ നിഷ്ഠയോടുകൂടിയ അവൾ,	സഖീസ്നേഹേന	സഖിയെന്നുള്ള സ്നേഹത്താൽ
താം	സീതാദേവിയെ	സമാശ്വാസയാമാസ.	ഇങ്ങിനെ നല്ലവാക്കു പറഞ്ഞു സമാധാനിപ്പിച്ചു.

സമാശ്വസിഹി വൈദേഹി മാ ഭൂത്തേ മനസോ വ്യഥാ
ഉക്താ യദ്രാവണേന ത്വം പ്രത്യുക്തം ച സ്വയം ത്വയാ
സഖീസ്നേഹേന തദ്ഭീരു മയാ സർവ്വം പ്രതിശ്രുതം 6
ലീനയാ ഗഗനേ ശൂന്യേ ഭയമുത്സൃജ്യ രാവണാത്
തവ ഹേതോർവിശാലാക്ഷി ന ഹി മേ ജീവിതം പ്രിയം. 7

"രാവണേന	"രാവണനാൽ	ലീനയാ	മറഞ്ഞു നിന്നവളായി
യത്	യാതൊന്നു്	മയാ	എന്നാൽ
ത്വം	ഭവതി	പ്രതിശ്രുതം ;	കേൾക്കപ്പെട്ടു ;
ഉക്താ,	പറയപ്പെട്ടുവോ,	വിശാലാക്ഷി!	ആയതനേത്രേ!
ത്വയാ	ഭവതിയാലും	തവ ഹേതോഃ	ഭവതിക്കു വേണ്ടിയാണെന്നാൽ
സ്വയം	സ്വയമായി	മേ	എന്റെ
പ്രത്യുക്തം ച	യാതൊന്നു ഉരചെയ്യപ്പെട്ടുവോ,	ജീവിതം ഹി	ജീവനം തന്നെ
തത് സർവ്വം	അതെല്ലാം,	പ്രിയം ന ;	എനിക്ക് വിലയുള്ളതല്ല ;
ഭീരു!	അല്ലേ ഭീരു!	തേ	ഭവതിയുടെ
സഖീസ്നേഹേന,	സഖീപ്രേമത്താൽ,	മനസഃ	മനസ്സിന്നു്
രാവണാത്	രാവണങ്കൽ നിന്നുള്ള	വ്യഥാ	ദുഃഖം
ഭയം	ഭയത്തെ	മാ ഭൂത് ;	ഉണ്ടാകാതിരിക്കട്ടെ ;
ഉത്സൃജ്യ,	കൂട്ടാക്കാതെ,	വൈദേഹി!	വൈദേഹി!
ശൂന്യേ	നിർജ്ജനമായ	സമാശ്വസിഹി.	ഭവതി ധൈര്യപ്പെട്ടാലും.
ഗഗനേ,	ആകാശത്തിൽ		

സ സംഭ്രാന്തശ്ച നിഷ്ക്രാന്തോ യത്കൃതേ രാക്ഷസാധിപഃ
തച്ച മേ വിദിതം സൎവ്വമഭിനിഷ്ക്രമ്യ മൈഥിലി 8

"മൈഥിലി!	"മൈഥിലി!
രാക്ഷസാധിപഃ	രാക്ഷസാധിപനായ
സഃ,	അവൻ,
യത്കൃതേ	എന്തിനെക്കുറിച്ച്
സംഭ്രാന്തഃ	പരിഭ്രമത്തോടു കൂടിയവനായി
അഭിനിഷ്ക്രമ്യ	പുറത്തുവന്ന്
നിഷ്ക്രാന്തഃ ച,	ഇവിടം വിട്ടു ചെന്നുവോ,
തത് സൎവ്വം ച	അതെല്ലാം തന്നെ
മേ	എനിക്ക്
വിദിതം.	അറിവുള്ളതാണ്.

ന ശക്യം സൌപ്തികം കൎത്തും രാമസ്യ വിദിതാത്മനഃ. 9

"വിദിതാത്മനഃ	"സൎവ്വജ്ഞനായ
രാമസ്യ	ശ്രീരാമനെ
സൌപ്തികം കൎത്തും	ഉറക്കത്തിൽ വധിക്കുക എന്നത്
ശക്യം ന.	സാധിക്കുന്ന കാൎയ്യമല്ല.

വധശ്ച പുരുഷവ്യാഘ്രേ തസ്മിന്നൈവോപപദ്യതേ. 10

"തസ്മിൻ	"ആ
പുരുഷവ്യാഘ്രേ ഏവ	പുരുഷോത്തമന്റെ സംഗതിയിൽ മാത്രം
വധഃ ച	വധമെന്നുള്ളത്
ഉപപദ്യതേ ന.	സാദ്ധ്യമല്ല.

ന ത്വേവ വാനരാ ഹന്തും ശക്യാഃ പാദപയോധിനഃ
സുരാ ദേവൎഷഭേണേവ രാമേണ ഹി സുരക്ഷിതാഃ. 11

"പാദപയോധിനഃ	"വൃക്ഷങ്ങളെക്കൊണ്ടു പൊരുതുന്ന
വാനരാഃ ഏവ	വാനരന്മാരും
തു	ഇപ്പോൾ
ഹന്തും ശക്യാഃ ന	കൊല്ലുവാൻ സാദ്ധ്യപ്പെടുന്നവരല്ല
ഹി,	എന്തെന്നാൽ,
സുരാഃ	ദേവന്മാർ
ദേവൎഷഭേണ	ഇന്ദ്രനാൽ
ഇവ,	എപ്രകാരമോ അപ്രകാരം,
രാമേണ	ശ്രീരാമനാൽ
സുരക്ഷിതാഃ.	നല്ലപോലെ രക്ഷിക്കപ്പെടുന്നവരാകുന്നു.

ദീൎഘവൃത്തഭുജഃ ശ്രീമാൻ മഹോരസ്കഃ പ്രതാപവാൻ
ധന്വീ സംഹനനോപേതോ ധൎമ്മാത്മാ ഭുവി വിശ്രുതഃ 12
വിക്രാന്തോ രക്ഷിതാ നിത്യമാത്മനശ്ച പരസ്യ ച
ലക്ഷ്മണേന സഹ ഭ്രാത്രാ കുശലീ നയശാസ്ത്രവിത് 13
ഹന്താ പരബലൌഘാനാമചിന്ത്യബലപൌരുഷഃ
ന ഹതോ രാഘവഃ ശ്രീമാൻ സീതേ ശത്രുനിബൎഹണഃ. 14

"സീതേ!	"സീതേ!
ദീൎഘവൃത്തഭുജഃ	നീണ്ടുരുണ്ട ഭുജങ്ങളോ
ശ്രീമാൻ	സച്ചരിത്രനം[ന്നവനും
മഹോരസ്കഃ	വിരിഞ്ഞ വക്ഷസ്സാന്നവനും
പ്രതാപവാൻ	ദിവ്യതേജസ്സാന്നവനും
ധന്വീ	കോദണ്ഡപാണിയും
സംഹനനോപേതഃ	ഒത്ത ഉടലുള്ളവനും
ഭുവി	ലോകത്തിൽ
ധൎമ്മാത്മാ	ധൎമ്മാത്മാവെന്ന്
വിശ്രുതഃ,	പ്രസിദ്ധിപൂണ്ടവനും

വിക്രാന്തഃ,	അജയ്യനും,
നിത്യം	എന്നും
ആത്മനഃ ച	തന്നെയും
പരസ്യ ച	മററുള്ളവരേയും
രക്ഷിതാ,	കുറവുവരാതെ രക്ഷിക്കുന്നവനും,
നയശാസ്ത്രവിത്	രാജനീതിയിൽ നിപുണനും
പരബലൌഘാനാം	ശത്രുസേനാസമൂഹത്തിൻെറ
ഹന്താ,	വിദ്ധ്വംസകനും,
അചിന്ത്യബലപൌരുഷഃ,	അളവററ ബലവും പരാക്രമവുമാർന്നവനും,
ശത്രുനിബർഹണഃ	ശത്രുക്കളെ അമർത്തുന്നവനും
ശ്രീമാൻ,	ത്രിലോകപ്രസിദ്ധനും
രാഘവഃ	ശ്രീരാഘവൻ
ഹതഃ ന,	വധിക്കപ്പെടാത്തവ[നായി],
ഭ്രാത്രാ	അനുജനായ [ആയ]
ലക്ഷ്മണേന സഹ	ലക്ഷ്മണനോടുംകൂടി
കുശലീ.	ക്ഷേമയുക്തനായ്ത്തന്നെ വർത്തിക്കുന്നുണ്ട്.

അയുക്തബുദ്ധികൃത്യേന സർവ്വഭൂതവിരോധിനാ
ഇയം പ്രയുക്താ രൌദ്രേണ മായാ മായാവിദാ ത്വയി. 15

"അയുക്തബുദ്ധികൃത്യേന	"യുക്തമല്ലാത്ത ദുർബ്ബുദ്ധിയും ദുഷ്പ്രവൃത്തിയുമാർന്നവനും
സർവ്വഭൂതവിരോധിനാ	സർവ്വപ്രാണികൾക്കും ശത്രുവായവനും
മായാവിദാ	മായാവിദ്യയറിഞ്ഞവനും ആയ
രൌദ്രേണ,	ആ കൊടിയ രാവണനാൽ
ത്വയി	ഭവതിയുടെ സംഗതി[യിൽ]
ഇയം	ഈ
മായാ	മായ
പ്രയുക്താ.	പ്രയോഗിക്കപ്പെട്ടതാണ്.

ശോകസ്തേ വിഗതഃ സർവ്വഃ കല്യാണം ത്വാമുപസ്ഥിതം. 16

"തേ	"ഭവതിയുടെ
ശോകഃ	ദുഃഖം
സർവ്വഃ	മുഴുവനും
വിഗതഃ;	തീർന്നു;
ത്വാം	ഭവതിക്ക്
കല്യാണം	നല്ലകാലം
ഉപസ്ഥിതം.	അടുത്തു.

ധ്രുവം ത്വാം ഭജതേ ലക്ഷ്മീഃ പ്രിയം പ്രീതികരം ശൃണു. 17

"ത്വാം	"ഭവതിയെ
ലക്ഷ്മീഃ	സൌഭാഗ്യ ലക്ഷ്മി
ധ്രുവം	നിശ്ചയമായും
ഭജതേ;	ആശ്രയിക്കുന്നു;
പ്രീതികരം	പ്രിയകരമായ
പ്രിയം	ശുഭവർത്തമാനത്തെ
ശൃണു.	ചെവിക്കൊണ്ടാലും.

ഉത്തീർയ്യ സാഗരം രാമഃ സഹ വാനരസേനയാ
സന്നിവിഷ്ടഃ സമുദ്രസ്യ തീരമാസാദ്യ ദക്ഷിണം. 18

"രാമഃ	"ശ്രീരാമൻ
വാനരസേനയാ സഹ	വാനരസേനയോടുംകൂടി
സാഗരം	സമുദ്രത്തെ
ഉത്തീർയ്യ,	കടന്ന്,
സമുദ്രസ്യ	സമുദ്രത്തിൻെറ
ദക്ഷിണം	തെക്കെ
തീരം	കരയിൽ
ആസാദ്യ,	എത്തി,
സംനിവിഷ്ടഃ.	പാർത്തുവരുന്നു.

ദൃഷ്ടോ മേ പരിപൂർണ്ണാർത്ഥഃ കാകുത്സ്ഥഃ സഹലക്ഷ്മണഃ. 19

"കാകുത്സ്ഥഃ	"ശ്രീരാമൻ	പരിപൂർണ്ണാർത്ഥഃ	സർവ്വകാര്യ സംസിദ്ധി നേടുന്നവനാണെന്ന്
സഹലക്ഷ്മണഃ	ലക്ഷ്മണനോടും കൂടി	മേ ദൃഷ്ടഃ.	എന്നാൽ അറിയപ്പെട്ട.

സ ഹി തൈഃ സാഗരാന്തസ്ഥൈർബലൈസ്തിഷ്ഠതി രക്ഷിതഃ. 20

"സഃ,	"അദ്ദേഹം,	രക്ഷിതഃ ഹി	ജാഗ്രത പൂണ്ടവനായ്ത്തന്നെ
സാഗരാന്തസ്ഥൈഃ	സമുദ്രതീരത്തെ പ്രാപിച്ചവരായ	തിഷ്ഠതി.	ഒരു കേടുമില്ലാതെ വർത്തിക്കുന്നു.
തൈഃ	ആ		
ബലൈഃ,	സൈന്യങ്ങളോടുംകൂടി,		

അനേന പ്രേഷിതാ യേ ച രാക്ഷസാ ലഘുവിക്രമാഃ
രാഘവസ്തീർണ്ണ ഇത്യേവ പ്രവൃത്തിസ്തൈരിഹാഹൃതാ. 21

"ലഘുവിക്രമാഃ	"വേഗംചെല്ലുന്ന	തീർണ്ണഃ,'	സമുദ്രത്തെ കടന്നുകഴിഞ്ഞു,
രാക്ഷസാഃ	രാക്ഷസന്മാരായ	ഇതി	എന്നിങ്ങിനെയുള്ള
യേ,	യാതൊരുവർ,	പ്രവൃത്തിഃ ഏവ	വർത്തമാനംതന്നെയാണ്
അനേന	ഇവനാൽ	ഇഹ	ഇപ്പോൾ
പ്രേഷിതാഃ ച	പറഞ്ഞയക്കപ്പെട്ടുവോ	ആഹൃതാ.	കൊണ്ടുവരപ്പെട്ടത്.
തൈഃ,	അവരാൽ,		
'രാഘവഃ	'രാമൻ		

സ താം ശ്രുത്വാ വിശാലാക്ഷി പ്രവൃത്തിം രാക്ഷസാധിപഃ
ഏഷ മന്ത്രയതേ സർവ്വൈഃ സചിവൈഃ സഹ രാവണഃ. 22

"വിശാലാക്ഷി!	"ആയതാക്ഷി!	താം പ്രവൃത്തിം	ആ സംഗതി
രാക്ഷസാധിപഃ	രാക്ഷസാധിപനായ	ശ്രുത്വാ,	ധരിച്ച്,
സഃ	ആ	സചിവൈഃ സർവ്വൈഃ സഹ	മന്ത്രിമാർ എല്ലാവരോടുംകൂടി
ഏഷഃ	ഈ	മന്ത്രയതേ."	ആലോചിക്കയാണ്."
രാവണഃ,	രാവണൻ,		

ഇതി ബ്രുവാണാ സരമാ രാക്ഷസീ സീതയാ സഹ
സർവ്വോദ്യോഗേന സൈന്യാനാം ശബ്ദം ശുശ്രാവ ഭൈരവം. 23

ഇതി	ഇപ്രകാരം	സർവ്വോദ്യോഗേന	സർവ്വവിധത്തിലുള്ള ഉത്സാഹത്താൽ
ബ്രുവാണാ	പറഞ്ഞുകൊണ്ടിരുന്ന	ഭൈരവം	ഭയങ്കരമായ
രാക്ഷസീ	രാക്ഷസപത്നിയായ	ശബ്ദം,	ശബ്ദത്തെ,
സരമാ,	സരമയെന്നവൾ,	സീതയാ സഹ	സീതയോടുംകൂടി
സൈന്യാനാം	സേനകളുടെ	ശുശ്രാവ.	ശ്രവിച്ചു.

ദണ്ഡനിർഘാതവാദിന്യാഃ ശ്രുത്വാ ഭേര്യാ മഹാസ്വനം
ഉവാച സരമാ സീതാമിദം മധുരഭാഷിണീ. 24

മധുരഭാഷിണീ	ഇമ്പമായുരചെയ്യുന്നവളായ	ഭേര്യാഃ	പെരുമ്പറയുടെ
സരമാ,	സരമ,	മഹാസ്വനം	വൻശബ്ദത്തെ
ദണ്ഡ-നിർഘാത-വാദിന്യാഃ	കോലുകൾകൊണ്ടു് അടിക്കപ്പെട്ടു് ശബ്ദിക്കുന്ന	ശ്രുത്വാ,	കേട്ടു്,
		സീതാം	സീതയോടായി
		ഇദം ഉവാച.	ഇപ്രകാരം പറഞ്ഞു.

സന്നാഹജനനീ ഹ്യേഷാ ഭൈരവാ ഭീരു ഭേരികാ
ഭേരീനാദം ച ഗംഭീരം ശൃണു തോയദനിസ്വനം. 25

"ഭീരു!	"ഭയശീലേ!	ഭൈരവാ	ഘോരമായ
ഗംഭീരം	ഗംഭീരമായും	ഏഷാ	ഈ
തോയദ-നിസ്വനം ച	ഇടിമുഴക്കംപോലുള്ളതുമായ	ഭേരികാ ഹി	ഭേരിതന്നെയാണു്
ഭേരീനാദം	ഭേരീനിനദത്തെ	സന്നാഹ-ജനനീ	പോരിന്നായി എല്ലാവരേയും തയ്യാറാക്കുവാനുള്ളതു്.
ശൃണു;	കേട്ടാലും;		

കല്പ്യന്തേ മത്തമാതംഗാ യുജ്യന്തേ രഥവാജിനഃ
ഹൃഷ്യന്തേ തുരഗാരൂഢാഃ പ്രാസഹസ്താഃ സഹസ്രശഃ. 26

"മത്തമാതംഗാഃ	"മദിച്ച ആനകൾ	പ്രാസഹസ്താഃ	ഈട്ടികൾ കയ്യിൽ ധരിച്ച
കല്പ്യന്തേ;	തയ്യാറാക്കപ്പെടുന്നു;	സഹസ്രശഃ	ആയിരക്കണക്കായുള്ള
രഥവാജിനഃ	തേർകുതിരകൾ	തുരഗാരൂഢാഃ	കുതിരപ്പടയാളികൾ
യുജ്യന്തേ;	കെട്ടിനിർത്തപ്പെടുന്നു;	ഹൃഷ്യന്തേ.	ആർക്കുന്നു.

തത്ര തത്ര ച സന്നദ്ധാഃ സംപതന്തി പദാതയഃ
ആപൂര്യന്തേ രാജമാർഗ്ഗാഃ സൈന്യൈരദ്ഭുതദർശനൈഃ
വേഗവദ്ഭിർനദദ്ഭിശ്ച തോയൌഘൈരിവ സാഗരഃ. 27

"പദാതയഃ	"കാലാൾപടകൾ	തോയൌഘൈഃ ഇവ,	തിരനിരകളാലെന്നപോലെ
സന്നദ്ധാഃ ച	പടക്കോപ്പുകളണിഞ്ഞു്	അദ്ഭുത-ദർശനൈഃ	അഴകാർന്നുവിളങ്ങുന്ന
തത്ര തത്ര	അവിടവിടെ	സൈന്യൈഃ,	സൈന്യങ്ങളാൽ
സംപതന്തി;	കൂടിനില്ക്കുന്നു;	രാജമാർഗ്ഗാഃ	രാജവീഥികൾ
സാഗരഃ	സമുദ്രം	ആപൂര്യന്തേ.	നിറയപ്പെടുന്നു.
വേഗവദ്ഭിഃ	വേഗതപൂണ്ടവയും		
നദദ്ഭിഃ ച	ഗർജ്ജിക്കുന്നവയും ആയ		

ശസ്ത്രാണാം ച പ്രസന്നാനാം ചർമ്മണാം വർമ്മണാം തഥാ
രഥവാജിഗജാനാം ച ഭൂഷിതാനാം ച രക്ഷസാം 28
പ്രഭാം വിസൃജതാം പശ്യ നാനാവർണ്ണാം സമുത്ഥിതാം
വനം നിർദഹതോ ഘർമ്മേ യഥാ രൂപം വിഭാവസോഃ. 29

"പ്രസന്നാനാം	"മിന്നിത്തിളങ്ങുന്ന	വിസൃജതാം	പരത്തുന്നവരായ
ശസ്ത്രാണാം ച	ആയുധങ്ങളുടേയും,	ഭൂഷിതാനാം	കോപ്പണിഞ്ഞ
ചർമ്മണാം	പരിചകളുടേയും	രക്ഷസാം ച,	രാക്ഷസരുടേയും,
വർമ്മണാം തഥാ	കവചങ്ങളുടേയും	രൂപം,	കാഴ്ചയെ,
രഥവാജി- ഗജാനാം ച	തേർ, കുതിര, ആന എന്നവയുടേയും,	ഘർമ്മേ	വേനൽക്കാലത്തിൽ
		വനം നിർദ്ദഹതഃ	കാട്ടിൽ പിടിപെട്ട്
സമുത്ഥിതാം	പൊങ്ങിയ	വിഭാവസോഃ	അഗ്നിയുടെ [കത്തുന്ന
നാനാവർണ്ണാം	പലനിറത്തിലുള്ള	യഥാ	കാഴ്ചയെന്നപോലെ,
പ്രഭാം	പ്രഭയെ	പശ്യ.	കണ്ടാലും.

ഘണ്ടാനാം ശൃണു നിർഘോഷം രഥാനാം ശൃണു നിസ്വനം
ഹയാനാം ഹേഷമാണാനാം ശൃണു തൂര്യധ്വനിം യഥാ. 30

"ഘണ്ടാനാം	"മണികളുടെ	ഹയാനാം	കുതിരകളുടേയും
നിർഘോഷം	വൻഘോഷത്തെ	നിസ്വനം	ശബ്ദത്തേയും
ശൃണു;	കേട്ടാലും;	ശൃണു;	ശ്രവിച്ചാലും;
രഥാനാം	രഥങ്ങളുടേയും	തൂര്യധ്വനിം യഥാ	വാദ്യങ്ങളുടെ ധ്വനി [യേയും
ഹേഷമാണാനാം	ചിനയ്ക്കുന്ന	ശൃണു.	ശ്രദ്ധിച്ചാലും.

ഉദ്യതായുധഹസ്താനാം രാക്ഷസേന്ദ്രാനുയായിനാം
സംഭ്രമോ രക്ഷസാമേഷസ്തുമുലോ രോമഹർഷണഃ. 31

"ഉദ്യതായുധ- ഹസ്താനാം	"ആയുധങ്ങൾ തയ്യാറായി പിടിച്ചിരിക്കുന്നവരും	ഏഷഃ	ഈ
		സംഭ്രമഃ	സന്നാഹം
രാക്ഷസേന്ദ്രാ- നുയായിനാം	രാക്ഷസാജ്ഞാനുവർത്തികളുമായ	തുമുലഃ	തിങ്ങിയതായും
		രോമഹർഷണഃ.	രോമാഞ്ചമുളവാക്കുന്നതായുമിരിക്കുന്നു.
രക്ഷസാം	രാക്ഷസന്മാരുടെ		

ശ്രീസ്ത്വാം ഭജതി ശോകഘ്നീ രക്ഷസാം ഭയമാഗതം. 32

"ത്വാം	"ഭവതിയെ	ഭജതി;	ആശ്രയിക്കുന്നു;
ശോകഘ്നീ	ശോകനാശിനിയായ	രക്ഷസാം	രാക്ഷസന്മാർക്ക്
ശ്രീഃ	സന്തോഷലക്ഷ്മി	ഭയം ആഗതം.	ആപത്ത് അടുത്തു.

രാമഃ കമലപത്രാക്ഷോ ദൈത്യാനാമിവ വാസവഃ
വിനിർജ്ജിത്യ ജിതക്രോധസ്ത്വാമചിന്ത്യപരാക്രമഃ
രാവണം സമരേ ഹത്വാ ഭർത്താ ത്വാഽധിഗമിഷ്യതി. 33

"കമല- പത്രാക്ഷഃ	ചെന്താർനേത്രനും	ദൈത്യാനാം	അസുരന്മാർക്ക്
		ഇവ,	എപ്രകാരമോ അപ്രകാരം,
അചിന്ത്യ- പരാക്രമഃ	ഇത്രയെന്ന് അറിയപ്പെടാത്ത പരാക്രമശാലിയും	രാവണം	രാവണനെ
		ഹത്വാ,	വധിച്ച്,
		ത്വാം	ഭവതിയെ
ഭർത്താ	ഭർത്താവുമായ	വിനിർജ്ജിത്യ,	വീണ്ടെടുത്ത്
രാമഃ,	ശ്രീരാമൻ,	ജിതക്രോധഃ	പകയൊഴിച്ചവനായി
സമരേ	പോരിൽ	ത്വാ	ഭവതിയെ
വാസവഃ	ഇന്ദ്രൻ	അധിഗമിഷ്യതി.	കയ്യേല്ക്കുന്നതാണ്.

വിക്രമിഷ്യതി രക്ഷസ്സു ഭൎത്താ തേ സഹലക്ഷ്മണഃ
യഥാ ശത്രുഷു ശത്രുഘ്നോ വിഷ്ണുനാ സഹ വാസവഃ. 34

"ശത്രുഘ്നഃ	"ശത്രുഹന്താവായ	തേ ഭൎത്താ,	ഭവതിയുടെ നാഥൻ,
വാസവഃ	ഇന്ദ്രൻ,	സഹലക്ഷ്മണഃ	ലക്ഷ്മണനോടുംകൂടി
ശത്രുഷു	ശത്രുക്കളുടെ സംഗതിയിൽ	രക്ഷഃസു	രാക്ഷസരുടെ സംഗതിയിൽ
വിഷ്ണുനാ സഹ	വിഷ്ണുഭഗവാനോടുകൂടി	വിക്രമിഷ്യതി.	പരാക്രമത്തെ പ്രദൎശിപ്പിക്കുന്നതാണ്.
യഥാ,	എന്നപോലെ,		

ആഗതസ്യ ഹി രാമസ്യ ക്ഷിപ്രമങ്കഗതാം സതീം
അഹം ദ്രക്ഷ്യാമി സിദ്ധാൎത്ഥാം ത്വാം ശത്രൗ വിനിപാതിതേ. 35

"രാമസ്യ	"ശ്രീരാമൻ	സിദ്ധാൎത്ഥാം	മനോരഥപരിപൂൎത്തി വന്ന
ആഗതസ്യ,	നേരിൽ കാണപ്പെടുകയും	സതീം	ഉത്തമയായ
		ത്വാം	ഭവതിയെ
ശത്രൗ ഹി	ശത്രുവും	അങ്കഗതാം	അദ്ദേഹത്തിന്റെ മടിയിൽ വൎത്തിക്കുന്നവളായി
ക്ഷിപ്രം	തൽക്ഷണം		
വിനിപാതിതേ,	കൊന്നു വീഴ്ത്തപ്പെടുകയും ചെയ്യുമ്പോൾ,	അഹം	ഞാൻ
		ദ്രക്ഷ്യാമി.	കണ്ടാനന്ദിക്കുമാറാകും.

അശ്രൂണ്യാനന്ദജാനി ത്വം വൎത്തയിഷ്യസി ശോഭനേ
സമാഗമ്യ പരിഷ്വജ്യ തസ്യോരസി മഹോരസഃ. 36

"ശോഭനേ!	"സുന്ദരി!	തസ്യ	അദ്ദേഹത്തിന്റെ
ത്വം	ഭവതി	ഉരസി,	മാറിടത്തിൽ
സമാഗമ്യ,	ഒന്നിച്ചുചേൎന്ന്,	ആനന്ദജാനി അശ്രൂണി	ആനന്ദാശ്രുക്കളെ
പരിഷ്വജ്യ,	തഴുകിയണച്ച്,		
മഹോരസഃ	വിശാലവക്ഷസ്സായ	വൎത്തയിഷ്യസി.	പൊഴിക്കുന്നതാണ്.

അചിരാന്മോക്ഷ്യതേ സീതേ ദേവി തേ ജഘനംഗതാം
ധൃതാമേതാം ബഹൂൻ മാസാൻ വേണീം രാമോ മഹാബലഃ. 37

"സീതേ!	"സീതേ!	ജഘനംഗതാം	ജഘനപ്രദേശംവരെയും തൂങ്ങിക്കിടക്കുന്നതുമായ
ദേവി!	ദേവി!		
മഹാബലഃ	മഹാശക്തിമാനായ	തേ	ഭവതിയുടെ
രാമഃ,	ശ്രീരാമൻ,	ഏതാം വേണീം,	ഈ കുന്തലിനെ
ബഹൂൻ മാസാൻ	ഏറെ മാസങ്ങളായി	അചിരാത്	താമസിയാതെ
ധൃതാം	പിന്നിക്കിടക്കുന്നതും	മോക്ഷ്യതേ.	അഴിക്കുന്നതാണ്.

തസ്യ ദൃഷ്ട്വാ മുഖം ദേവി പൂൎണ്ണചന്ദ്രമിവോദിതം
മോക്ഷ്യസേ ശോകജം വാരി നിൎമ്മോകമിവ പന്നഗീ. 38

"ദേവി!	"ദേവി!	ഇവ,	എന്നപോലെ
ഉദിതം	ഉദിച്ചുയരുന്ന	തസ്യ	അദ്ദേഹത്തിന്റെ
പൂൎണ്ണചന്ദ്രം	പൂൎണ്ണചന്ദ്രനെ	മുഖം ദൃഷ്ട്വാ	വദനത്തെ വീക്ഷിച്ച്

പന്നഗീ	സർപ്പം
നിർമ്മോകം ഇവ	വളയെ എപ്രകാരമോ അപ്രകാരം

ശോകജം,	ശോകത്താലുണ്ടായ
വാരി	കണ്ണീരിനെ
മോക്ഷ്യസേ.	പരിത്യജിക്കുന്നതാണ്.

രാവണം സമരേ ഹത്വാ ന ചിരാദേവ മൈഥിലി
ത്വയാ സമഗ്രഃ പ്രിയയാ സുഖാർഹോ ലപ്സ്യതേ സുഖം. 39

"മൈഥിലി!	"ജാനകി!
സുഖാർഹഃ	സുഖത്തിന്നുമാത്രം അർഹനായ അദ്ദേഹം
ന ചിരാത്	ഉടനെ
സമരേ	പോരിൽ
രാവണം	രാവണനെ

ഹത്വാ ഏവ,	വധിച്ച് തന്നെ,
പ്രിയയാ	പ്രേയസിയായ
ത്വയാ	ഭവതിയുമായി
സമഗ്രഃ	ചേർന്ന്
സുഖം	മനഃസന്തുഷ്ടി
ലപ്സ്യതേ.	കയ്ക്കൊള്ളുന്നതാണ്.

സമാഗതാ ത്വം വീര്യേണ മോദിഷ്യസി മഹാത്മനാ
സുവർഷേണ സമായുക്താ യഥാ സസ്യേന മേദിനീ. 40

"സുവർഷേണ	"നല്ലമഴയാൽ
സമായുക്താ	നനയ്ക്കപ്പെട്ട
മേദിനീ,	ഭൂമി,
സസ്യേന	സസ്യത്താൽ
യഥാ,	എപ്രകാരമോ അപ്രകാരം,

ത്വം	ഭവതി
മഹാത്മനാ	മഹാത്മാവായ അദ്ദേഹവുമായി
സമാഗതാ,	ചേർന്നവളായി,
വീര്യേണ	വീര്യത്തെ ഓർത്ത്
മോദിഷ്യസി.	സന്തോഷിക്കുന്നതാണ്.

ഗിരിവരമഭിതോऽനുവർത്തമാനോ ഹയ ഇവ മണ്ഡലമാശു യഃ കരോതി
തമിഹ ശരണമഭ്യുപേഹി ദേവം ദിവസകരം പ്രഭവോ ഹ്യയം പ്രജാനാം.

"യഃ	"യാതൊരുവൻ
ഗിരിവരം	മേരുഗിരിയ്ക്കു
അഭിതഃ	ചുററും
അനുവർത്തമാനഃ	ചെല്ലുന്നവനായി
ഹയം ഇവ	ഒരു കുതിരയെന്നപോലെ
ആശു	വേഗത്തിൽ
മണ്ഡലം കരോതി	പ്രദക്ഷിണം വെയ്ക്കുന്നുവോ,
തം	ആ

ദിവസകരം ദേവം,	ആദിത്യഭഗവാനെ
ഇഹ,	ഇപ്പോൾതന്നെ
ശരണം അഭ്യുപേഹി;	ഭവതി ശരണം പ്രാപിച്ചാലും;
ഹി	എന്തെന്നാൽ
അയം	ഇദ്ദേഹം
പ്രജാനാം	പ്രാണികൾക്ക്
പ്രഭവഃ.	സർവ്വസന്ദായകനാകുന്നു.

["അഗ്നൌ പ്രാസ്താഹുതിഃ സമ്യഗാദിത്യമുപതിഷ്ഠതേ. ആദിത്യാജ്ജായതേ വൃഷ്ടിഃ വൃഷ്ടേരന്നം തതഃ പ്രജാഃ," എന്ന വാക്യപ്രകാരം പ്രജാരക്ഷകൻ എന്ന് സാരം. അശ്വത്തോടുപമിച്ചതിനാൽ, "ഭീഷാസ്മാദ്വാതഃ പവതേ" ഇത്യാദി ശ്രുതിവാക്യപ്രകാരം തനിക്കും നിയാമകനുണ്ടെന്ന് സൂചന. (ഗോ. രാ.)]

ഇത്യാർഷേ ശ്രീമദ്രാമായണേ വാല്മീകീയേ ആദികാവ്യേ യുദ്ധകാണ്ഡേ
ത്രയസ്ത്രിംശഃ സർഗ്ഗഃ = മുപ്പത്തിമൂന്നാംസർഗ്ഗം സമാപ്തം.

ആദ്യം മുതൽ ശ്ലോകസംഖ്യ 15949; യുദ്ധകാണ്ഡം ആദ്യം മുതൽ ശ്ലോകസംഖ്യ 1274.

ചതുസ്ത്രിംശഃ സൎഗ്ഗഃ = മുപ്പത്തിനാലാംസൎഗ്ഗം.

[രാവണനിശ്ചയകഥനം = സരമ സീതയോടു രാവണന്റെ നിശ്ചയത്തെ പറയുന്നത്.]

അഥ താം ജാതസന്താപാം തേന വാക്യേന മോഹിതാം
സരമാ ഹ്ലാദയാമാസ പൃഥിവീം ദ്യൌരിവാംഭസാ. 1

സരമാ,	സരമ,	ദ്യൌഃ	ആകാശം
അഥ	ആ സമയം	പൃഥിവീം	ഭൂമിയെ
മോഹിതാം	ഉള്ളംകലങ്ങി	അംഭസാ ഇവ,	മഴകൊണ്ടെന്നപോലെ
ജാതസംതാപാം	പരിതപിച്ചുകൊണ്ടിരുന്ന	തേന	ആ
		വാക്യേന	വാക്യത്താൽ
താം,	അവളെ,	ഹ്ലാദയാമാസ.	കുളൎപ്പിച്ചു.

തതസ്തസ്യാ ഹിതം സഖ്യാശ്ചികീൎഷന്തീ സഖീ വചഃ
ഉവാച കാലേ കാലജ്ഞാ സ്മിതപൂൎവ്വാഭിഭാഷിണീ. 2

സ്മിതപൂൎവ്വാഭിഭാഷിണീ	പുഞ്ചിരിയോടുകൂടി മധുരമായി സംസാരിക്കുന്നവളും	തസ്യാഃ	ആ
		സഖ്യാഃ	സഖിയ്ക്കായി
		ഹിതം	ഹിതത്തെ
കാലജ്ഞാ	സമയോചിതകാരിണിയും ആയ	ചികീൎഷന്തീ,	ചെയ്യുന്നവളായി,
		കാലേ	തക്കസമയത്തിൽ
സഖീ,	ആ സഖി,	വചഃ	ഇങ്ങിനെ വാക്യത്തെ
തതഃ	ഇനിയും	ഉവാച.	ഉരചെയ്തു.

ഉത്സഹേയമഹം ഗത്വാ ത്വദ്വാക്യമസിതേക്ഷണേ
നിവേദ്യ കുശലം രാമേ പ്രതിച്ഛന്നാ നിവൎത്തിതും. 3

"അസിതേക്ഷണേ!	"കരിമിഴിയാളെ!	കുശലം	ക്ഷേമകരമായ
		ത്വദ്വാക്യം	ഭവതിയുടെ വാക്യത്തെ
പ്രതിച്ഛന്നാ	ആരുംകാണാതെ	നിവേദ്യ	ഉണൎത്തിച്ചു,
രാമേ	ശ്രീരാമന്റെ അടുക്കൽ	നിവൎത്തിതും	തിരിച്ചെത്തുവാനായി
ഗത്വാ,	ചെന്നു,	അഹം ഉത്സഹേയം.	എനിക്കകഴിവുണ്ടു.

ന ഹി മേ ക്രമമാണായാ നിരാലംബേ വിഹായസി
സമൎത്ഥോ ഗതിമന്വേതും പവനോ ഗരുഡോऽപി വാ. 4

"നിരാലംബേ	"ആധാരമില്ലാത്തതായ	അന്വേതും	തുടൎന്നുവരുവാൻ
വിഹായസി	ആകാശത്തിൽ	ഗരുഡഃ വാ	ഗരുഡനായാലും
മേ	ഞാൻ	സമൎത്ഥഃ ന;	സമൎത്ഥനല്ല;
ക്രമമാണായാഃ	ചെല്ലുമ്പോൾ,	പവനഃ ഹി	വായുഭഗവാനും
ഗതിം	എന്റെ ഗതിയെ	അപി.	സമൎത്ഥനല്ല.

ഏവം ബ്രുവാണാം താം സീതാ സരമാം പുനരബ്രവീത്
മധുരം ശ്ലക്ഷ്ണയാ വാചാ പൂൎവ്വം ശോകാഭിപന്നയാ. 5

സീതാ,	സീതാ ദേവി,	ശോകാഭിപന്നയാ	ശോകത്തെ ഒതുക്കിയതായ
ഏവം	ഇപ്രകാരം	ശ്ലക്ഷ്ണയാ	നിഷ്കളങ്കമായ
ബ്രുവാണാം	പറയുന്നവളായ	വാചാ,	വാക്കു കൊണ്ട്,
താം	ആ	മധുരം	മധുരമായി
സരമാം,	സരമയോടായി,	പുനഃ അബ്രവീത്.	ഇപ്രകാരം മറുപടിയരുൾ ചെയ്തു.
പൂർവ്വം	ഒന്നാമതായി		

[' സന്ദേശത്തെ അറിയിക്കാമെന്ന് പറയുമ്പോൾ വേണ്ടെന്നു പറയുന്നതായാൽ സഖ്യത്തിന്ന് കുറവും, ശ്രീരാമന്റെ അടുക്കലേക്ക് പറഞ്ഞയക്കുന്നത് "തത്തസ്യ സദൃശം ഭവേത്" എന്ന് ഹനൂമാനോടു പറഞ്ഞപ്രകാരമുള്ള മൗനാഭാവത്തിൽ വർത്തിക്കുന്നവളായ സീതയ്ക്ക് അയുക്തവും ആകയാൽ, കൌശലത്തിൽ വേറെ കാര്യത്തിൽ നിയോഗിച്ച് പരിഹരിക്കുന്നു." (ഗോ. രാ.)

" ശൂർപ്പണഖയുടെ ആഗമനംപോലെ ശ്രീരാമസന്നിധിയിൽ ഇവളുടെ ആഗമനവും ആപത്കരമായിത്തീർന്നേക്കാമെന്നു വിചാരിച്ച്, അവളുടെ സാമർത്ഥ്യത്തെ ശ്ലാഘിച്ച് വേറെ കാര്യത്തിൽ വിനിയോഗിക്കുന്നു," എന്ന് തിലകം. ഈ ആശയങ്ങൾ രണ്ടും സീതയ്ക്കു യോജിച്ചതല്ല.]

സമർത്ഥാ ഗഗനം ഗന്തുമപി വാ ത്വം രസാതലം
അവഗച്ഛാമ്യകർത്തവ്യം കർത്തവ്യം തേ മദന്തരേ. 6

" ഗഗനം	" ആകാശത്തിലോ	മദന്തരേ	എനിക്കു വേണ്ടി,
രസാതലം അപി വാ	പാതാളത്തിലോ	അകർത്തവ്യം	ആരാലും ചെയ്യാൻ കഴിയാത്തത്
ഗന്തും	ചെല്ലുവാൻ	തേ	ഭവതിക്ക്
ത്വം	ഭവതി	കർത്തവ്യം	സാദ്ധ്യമാണെന്ന്
സമർത്ഥാ ;	സമർത്ഥയാണ് ;	അവഗച്ഛാമി.	ഞാൻ അറിയും.

മത്പ്രിയം യദി കർത്തവ്യം യദി ബുദ്ധിഃ സ്ഥിരാ തവ
ജ്ഞാതുമിച്ഛാമി തം ഗത്വാ കിം കരോതീതി രാവണഃ. 7

" മത്പ്രിയം	" എന്റെ ഇഷ്ടപ്രകാരം	കിം കരോതി	എന്തു ചെയ്യുകയാണ്
കർത്തവ്യം യദി,	ചെയ്യത്തക്കതാണെന്നാൽ,	ഇതി,	എന്നുള്ളതിനെക്കുറിച്ച്,
തവ	ഭവതിയുടെ	തം	അവന്റെ അടുക്കൽ
ബുദ്ധിഃ	അഭിപ്രായവും	ഗത്വാ	ചെന്ന്
സ്ഥിരാ യദി,	മാറാതിരിക്കുന്നപക്ഷം,	ജ്ഞാതും ഇച്ഛാമി.	അറിഞ്ഞുവന്നാൽ കൊള്ളാം.
രാവണഃ	രാവണൻ		

സ ഹി മായാബലഃ ക്രൂരോ രാവണഃ ശത്രുരാവണഃ
മാം മോഹയതി ദുഷ്ടാത്മാ പീതമാത്രേവ വാരുണീ. 8

" മായാബലഃ	" മായാശക്തിയാർന്നവനും	സഃ രാവണഃ,	ആ രാവണൻ,
ദുഷ്ടാത്മാ	ദുഷ്ടബുദ്ധിയും	വാരുണീ	മദ്യം
ക്രൂരഃ	ദുർവൃത്തനും	പീതമാത്രാ ഇവ	കുടിക്കപ്പെട്ട ഉടനെ എപ്രകാരമോ അപ്രകാരം
ശത്രുരാവണഃ ഹി	ശത്രുക്കളെ കരയിക്കുന്നവനും ആയ	മാം	എന്നെ
		മോഹയതി.	മതിമയക്കുന്നു.

തർജ്ജാപയതി മാം നിത്യം ഭർത്സാപയതി ചാസകൃത്
രാക്ഷസീഭിഃ സുഘോരാഭിര്യ്യാ മാം രക്ഷന്തി നിത്യശഃ. 9

"യാഃ	"യാതൊരുവൻ	മാം	എന്നെ
മാം	എന്നെ	നിത്യം	എന്നും
നിത്യശഃ	ഇടവിടാതെ	അസകൃത് ച	കൂടക്കൂടെ
രക്ഷന്തി	കാവൽ കാക്കുന്നുവോ ആ	തർജ്ജാപയതി;	ക്രൂരപ്രവൃത്തികൾചെയ്തു ഭയപ്പെടുത്തുന്നു;
സുഘോരാഭിഃ	കൊടിയ	ഭർത്സാപയതി.	ഭീഷണിവാക്കുകൾ കൊണ്ട് മിരട്ടുന്നു.
രാക്ഷസീഭിഃ	രാക്ഷസികളെക്കൊണ്ട്		

ഉദ്വിഗ്നാ ശങ്കിതാ ചാസ്മി ന സ്വസ്ഥം ച മനോ മമ
തദ്ഭയാച്ചാഹമുദ്വിഗ്നാ അശോകവനികാം ഗതാ. 10

"അഹം	"ഞാൻ	ശങ്കിതാ ച	എങ്ങിനെ കലാശിക്കുമോ എന്ന ശങ്കപൂണ്ടവളായി
അശോകവനികാം	അശോകവനത്തിൽ	ഉദ്വിഗ്നാ ച അസ്മി;	ശോകത്തിൽ ആണ്ടുപോയവളായുമിരിക്കുന്നു;
ഗതാ,	അകപ്പെട്ടവളായി,	മമ	എനിക്ക്
തദ്ഭയാത്	അവനെക്കുറിച്ചുള്ള ഭയത്താൽ	മനഃ സ്വസ്ഥം ന.	മനഃസ്വാസ്ഥ്യംതന്നെയില്ല.
ഉദ്വിഗ്നാ ച;	ഉള്ളം കലങ്ങിയവളായിരിക്കുന്നു;		

യദി നാമ കഥാ തസ്യ നിശ്ചിതം വാപി യദ്ഭവേത്
നിവേദയേഥാഃ സർവ്വം തത് പരോ മേ സ്യാദനുഗ്രഹഃ. 11

"തസ്യ	"അവന്റെ	നിവേദയേഥാഃ;	ഭവതി എന്നോട് അറിയിക്കേണം;
കഥാ യദി നാമ	വർത്തമാനം എന്തായാലും ശരി	തത്	അതാണ്
നിശ്ചിതം	തീർപ്പ്	മേ	എനിക്ക്
യത് വാ ഭവേത് അപി	ഏതൊന്നായാലും ശരി	പരഃ	ഉത്തമമായ
സർവ്വം	എല്ലാററിനേയും	അനുഗ്രഹഃ സ്യാത്."	സഹായമായിരിക്കുക."

സാ ത്വേവം ബ്രുവതീം സീതാം സരമാ വല്ഗുഭാഷിണീ
ഉവാച വദനം തസ്യാഃ സ്പൃശന്തീ ബാഷ്പവിക്ലബം. 12

വല്ഗുഭാഷിണീ	ചാരുഭാഷിണിയായ	തസ്യാഃ	അവളുടെ
സാ സരമാ,	ആ സരമ,	ബാഷ്പവിക്ലബം	ബാഷ്പാകുലിതമായ
ഏവം	മേൽപ്രകാരം	വദനം	മുഖത്തെ
ബ്രുവതീം	ഉരചെയ്യുന്നവളായ	സ്പൃശന്തീ തു,	തുടച്ചുംകൊണ്ട്,
സീതാം,	സീതാദേവിയോടായി,	ഉവാച.	ഇങ്ങിനെ പറഞ്ഞു.

ഏഷ തേ യദ്യഭിപ്രായസ്തദാ ഗച്ഛാമി ജാനകി. 13

"ജാനകി!	"സീതേ!	ഏഷഃ യദി,	ഇതാണെന്നാൽ
തേ	ഭവതിയുടെ	തദാ	ഇതാ
അഭിപ്രായഃ	അഭിപ്രായം	ഗച്ഛാമി.	ഞാൻ പോയ്ക്കൊള്ളാം.

ഗൃഹ്യ ശത്രോരഭിപ്രായമുപാവൃത്താം ച പശ്യ മാം. 14

"ശത്രോഃ	"ശത്രുവിന്റെ	മാം	എന്നെ
അഭിപ്രായം	അഭിപ്രായത്തെ	ഉപാവൃത്താം ച	തിരിച്ചെത്തിയവളായി
ഗൃഹ്യ	അറിഞ്ഞുകൊണ്ട്	പശ്യ."	കണ്ടുകൊൾക."

ഏവമുക്ത്വാ തതോ ഗത്വാ സമീപം തസ്യ രക്ഷസഃ
ശുശ്രാവ കഥിതം തസ്യ രാവണസ്യ സമന്ത്രിണഃ. 15

ഏവം	ഇപ്രകാരം	ഗത്വാ,	ചെന്ന്,
ഉക്ത്വാ,	ഉരചെയ്ത്,	സമന്ത്രിണഃ	മന്ത്രിമാരൊന്നിച്ചി[രുന്ന
തതഃ	അവിടെനിന്നും	തസ്യ	ആ
തസ്യ	ആ	രാവണസ്യ	രാവണന്റെ
രക്ഷസഃ	രാക്ഷസന്റെ	കഥിതം	സംഭാഷണത്തെ
സമീപം	അടുക്കൽ	ശുശ്രാവ.	പതിയിരുന്നുകേട്ടു.

സാ ശ്രുത്വാ നിശ്ചയം തസ്യ നിശ്ചയജ്ഞാ ദുരാത്മനഃ
പുനരേവാഗമത് ക്ഷിപ്രമശോകവനികാം തദാ. 16

സാ,	അവൾ,	നിശ്ചയജ്ഞാ,	അഭിപ്രായമിന്നതെന്ന് ഗ്രഹിച്ചവളായി,
ദുരാത്മനഃ	ദുഷ്ടാത്മാവായ	തദാ	ആ സമയം
തസ്യ	അവന്റെ	ക്ഷിപ്രം ഏവ	വേഗത്തിൽ
നിശ്ചയം	നിശ്ചയത്തെ	അശോകവനികാം	അശോകവനത്തിലേക്ക്
ശ്രുത്വാ,	ഒളിഞ്ഞിരുന്ന് കേട്ട്	പുനഃ അഗമത്.	തിരിച്ചുവന്നു.

സാ പ്രവിഷ്ടാ പുനസ്തത്ര ദദർശ ജനകാത്മജാം
പ്രതീക്ഷമാണാം താമേവ ഭ്രഷ്ടപദ്മാമിവ ശ്രിയം. 17

തത്ര	അവിടെ	ഭ്രഷ്ടപദ്മാം	താമരയെ വിട്ടുവന്ന
പുനഃ പ്രവിഷ്ടാ	തിരിച്ചെത്തിയവളായ	ശ്രിയം ഇവ	മഹാലക്ഷ്മിയെപ്പോലെയിരിക്കുന്നവളുമായ
സാ,	അവൾ,		
പ്രതീക്ഷമാണാം ഏവ	തന്റെ വരവിനെത്തന്നെ കാത്തുകൊണ്ടിരിക്കുന്നവളും	താം	ആ
		ജനകാത്മജാം	ജാനകീദേവിയെ
		ദദർശ.	കണ്ടു.

താം തു സീതാ പുനഃ പ്രാപ്താം സരമാം വല്ഗുഭാഷിണീം
പരിഷ്വജ്യ ച സുസ്നിഗ്ദ്ധം ദദൗ ച സ്വയമാസനം. 18

സീതാ	സീതാദേവി	പരിഷ്വജ്യ	പുണൎന്നു
വല്ഗു-ഭാഷിണീം തു	പ്രിയഭാഷിണിയും	ച	അതിൽപിന്നെ
		ആസനം ച	ആസനത്തെയും
പുനഃ പ്രാപ്താം	വീണ്ടും തിരിച്ചെത്തിയ	സ്വയം	താൻതന്നെ
താം സരമാം	ആ സരമയെ [വളമായ	ദദൗ.	ഇങ്ങിനെ പറഞ്ഞും
സുസ്നിഗ്ദ്ധം	വാത്സല്യംപൂണ്ടു		കൊണ്ടു നല്കി.

ഇഹാസീനാ സുഖം സൎവ്വമാഖ്യാഹി മമ തത്വതഃ
ക്രൂരസ്യ നിശ്ചയം തസ്യ രാവണസ്യ ദുരാത്മനഃ. 19

"തസ്യ	"ആ	ആസീനാ	ഇരുന്നുംകൊണ്ടു
ദുരാത്മനഃ	ദുഷ്ടാത്മാവും	സൎവ്വം	എല്ലാററിനേയും
ക്രൂരസ്യ	ക്രൂരനും ആയ	സുഖം	വിചാരമററവളായി
രാവണസ്യ	രാവണന്റെ	തത്വതഃ	ഉള്ളപോലെ
നിശ്ചയം	നിശ്ചയത്തെക്കുറിച്ചു,	മമ	എന്നോടു
ഇഹ	ഇവിടെ	ആഖ്യാഹി."	ഉരചെയ്യാലും."

ഏവമുക്താ തു സരമാ സീതയാ വേപമാനയാ
കഥിതം സൎവ്വമാചഷ്ട രാവണസ്യ സമന്ത്രിണഃ. 20

വേപമാനയാ	നടുങ്ങിക്കൊണ്ടിരുന്നവ	സരമാ,	സരമ,
സീതയാ,	സീതാദേവിയാൽ,[ളായ	സമന്ത്രിണഃ	മന്ത്രിമാരോടൊന്നിച്ചി
തു	ഇതിനെക്കുറിച്ചു	രാവണസ്യ	രാവണന്റെ [രുന്ന
ഏവം	ഇപ്രകാരം	കഥിതം	സംഭാഷണത്തെ
ഉക്താ	ചോദിക്കപ്പെട്ടവളായ	സൎവ്വം ആചഷ്ട.	എല്ലാം ഇങ്ങിനെ ഉരച്ചു.

ജനന്യാ രാക്ഷസേന്ദ്രോ വൈ ത്വന്മോക്ഷാൎത്ഥം ബൃഹദ്വചഃ
അവിദ്ധേന ച വൈദേഹി മന്ത്രിവൃദ്ധേന ബോധിതഃ. 21

"വൈദേഹി!	"വൈദേഹി!	മന്ത്രിവൃദ്ധേന	മന്ത്രിമാരിൽവെച്ചു
രാക്ഷസേന്ദ്രഃ വൈ,	രാക്ഷസേന്ദ്രനാകട്ടെ,		വയോധികനായ
		അവിദ്ധേന ച,	അവിദ്ധനാലും
ത്വന്മോക്ഷാൎത്ഥം	ഭവതിയെ തിരികെ കൊടുക്കുന്ന സംഗതി	ബൃഹത് വചഃ	ഉത്കൃഷ്ടമായ ഉപദേശ
			വാക്കു
ജനന്യാ	മാതാവിനാലും [യിൽ	ബോധിതഃ.	ഉണൎത്തിക്കപ്പെട്ടു.

ദീയതാമഭിസത്കൃത്യ മനുജേന്ദ്രായ മൈഥിലീ
നിദൎശനം തേ പൎയ്യാപ്തം ജനസ്ഥാനേ യദത്ഭുതം. 22

"'മൈഥിലീ	"'സീത	അത്ഭുതം	ആശ്ചൎയ്യകരമായി നട
മനുജേന്ദ്രായ	മനുജേന്ദ്രന്നായ്ക്കൊണ്ടു		ന്നതു
അഭിസത്കൃത്യ	നല്ലവാക്കുപറഞ്ഞു	യത്,	യാതൊന്നോ അതു
ദീയതാം;	തിരിയെ കൊടുക്കപ്പെ	തേ പൎയ്യാപ്തം	ഭവാന്നു മതിയായ
ജനസ്ഥാനേ	ജനസ്ഥാനത്തിൽ[ടട്ടെ;	നിദൎശനം.	ദൃഷ്ടാന്തമാണല്ലൊ.

ലംഘനം ച സമുദ്രസ്യ ദർശനം ച ഹനൂമതഃ
വധം ച രക്ഷസാം യുദ്ധേ കഃ കുര്യാന്മാനുഷോ ഭുവി. 23

"'സമുദ്രസ്യ ലംഘനം	"'സമുദ്രത്തെ ചാടിക്കടക്കുക എന്നതും	രക്ഷസാം	രാക്ഷസന്മാരുടെ
ഹനൂമതഃ ദർശനം ച	ഹനുമാൻ വന്നു കണ്ടതും	വധം ച	വധവും
യുദ്ധേ	പോരിൽ	ഭുവി	ലോകത്തിൽ
		മാനുഷഃ കഃ	ഏതൊരുവനാണ്
		കുര്യാത്.'	ചെയ്യുക.'

ഏവം സ മന്ത്രിവൃദ്ധൈശ്ച മാത്രാ ച ബഹു ബോധിതഃ
ന ത്വാമുത്സഹതേ മോക്തുമർത്ഥമർത്ഥപരോ യഥാ. 24

"മന്ത്രിവൃദ്ധൈഃ ച	"മന്ത്രിശ്രേഷ്ഠന്മാരും	അർത്ഥപരഃ	പണത്തിൽ കൊതി
മാത്രാ ച	മാതാവിനാലും	അർത്ഥം	പണത്തെ [പൂണ്ടവൻ
ഏവം ബഹു	ഇപ്രകാരം പലവാറ്	യഥാ,	എന്നപോലെ,
ബോധിതഃ,	ഉപദേശിക്കപ്പെട്ടവ	ത്വാം	ഭവതിയെ
സഃ	അവൻ [നായ	മോക്തും	വിട്ടുകൊടുപ്പാൻ
		ഉത്സഹതേ ന.	സമ്മതിക്കുന്നില്ല.

നോത്സഹത്യമൃതോ മോക്തും യുദ്ധേ ത്വാമിതി മൈഥിലി
സാമാത്യസ്യ നൃശംസസ്യ നിശ്ചയോ ഹ്യേഷ വർത്തതേ. 25

"മൈഥിലി!	"മൈഥിലി!	ഇതി	എന്നു
യുദ്ധേ	പോരിൽ	ഏഷഃ ഹി	ഇതുതന്നെയാണ്
അമൃതഃ,	മൃതിപ്പെടാതെ,	സാമാത്യസ്യ	മന്ത്രിമാരോടുകൂടിയ
ത്വാം മോക്തും	ഭവതിയെ വിടുവാൻ	നൃശംസസ്യ	ആ ദുഷ്ടന്റെ
ഉത്സഹതി ന;	അവൻ സമ്മതിക്കുന്നില്ല;	നിശ്ചയഃ	നിശ്ചയം
		വർത്തതേ.	ഇരിക്കുന്നത്.

തദേഷാ നിശ്ചിതാ ബുദ്ധിർമൃത്യുലോഭാദുപസ്ഥിതാ
ഭയാന്ന ശക്തസ്ത്വാം മോക്തുമനിരസ്തസ്തു സംയുഗേ
രാക്ഷസാനാം ച സർവ്വേഷാമാത്മനശ്ച വധേന ഹി. 26

"തത്	"ഇപ്പോൾ	സർവ്വേഷാം ച	എല്ലാവരുടേയും
ഏഷാ	ഈ	ആത്മനഃ ച	തന്റേയും
നിശ്ചിതാ	ദൃഢമായ	വധേന	വധത്താൽ
ബുദ്ധിഃ,	നിശ്ചയം,	അനിരസ്തഃ,	നിരാകൃതനാക്കപ്പെടാതെ,
മൃത്യുലോഭാത്	കാലൻ ഇവന്റെ വരവിനെ കാത്തുകൊണ്ടിരിക്കുന്നതിനാലാണ്	ഭയാത് തു,	കേവലം ഭീതികൊണ്ടു [മാത്രം,
		ത്വാം	ഭവതിയെ
ഉപസ്ഥിതാ;	ഉണ്ടായിരിക്കുന്നത്;	മോക്തും	ഉപേക്ഷിപ്പാൻ
സംയുഗേ	പോരിൽ	ശക്തഃ ന ഹി.	അവൻ വഴിപ്പെടുകയേയില്ല.
രാക്ഷസാനാം	രാക്ഷസന്മാർ		

നിഹത്യ രാവണം സംഖ്യേ സൎവ്വഥാ നിശിതൈഃ ശരൈഃ
പ്രതിനേഷ്യതി രാമസ്ത്വാമയോദ്ധ്യാമസിതേക്ഷണേ. 27

"അസിതേക്ഷണേ!	"കരിമിഴിയാളേ!	സൎവ്വഥാ	നിശ്ശേഷം
രാമഃ	ശ്രീരാമൻ,	നിഹത്യ,	നിഹനിച്ച്,
സംഖ്യേ	പോരിൽ	ത്വാം	ഭവതിയെ
നിശിതൈഃ	കൂൎത്ത	അയോദ്ധ്യാം	അയോദ്ധ്യയിലേക്ക്
ശരൈഃ	ബാണങ്ങളാൽ	പ്രതിനേഷ്യതി."	തിരിയെ കൂട്ടിക്കൊണ്ടു പോകുന്നതാണ്."
രാവണം	രാവണനെ		

ഏതസ്മിന്നന്തരേ ശബ്ദോ ഭേരീശംഖസമാകുലഃ
ശ്രുതോ വാനരസൈന്യാനാം കമ്പയൻ ധരണീതലം. 28

ഏതസ്മിൻ	ഇതേ	ഭേരീശംഖസമാകുലഃ	ഭേരികളുടേയും ശംഖുകളുടേയും ഇടകലൎന്നതായ
അന്തരേ,	സമയത്തിൽ,	ശബ്ദഃ	ശബ്ദം
		ധരണീതലം	ഭൂമിയെ
വാനരസൈന്യാനാം	വാനരസൈന്യങ്ങളുടെ	കമ്പയൻ	കുലുക്കമാറ്
		ശ്രുതഃ.	കേൾക്കപ്പെട്ടു.

ശ്രുത്വാ തു തദ്വാനരസൈന്യശബ്ദം
ലങ്കാഗതാ രാക്ഷസരാജഭൃത്യാഃ
നഷ്ടൌജസോ ദൈന്യപരീതചേഷ്ടാഃ
ശ്രേയോ ന പശ്യന്തി നൃപസ്യ ദോഷേ. 29

ലങ്കാഗതാഃ	ലങ്കയിലിരുന്നിരുന്ന	ദൈന്യപരീതചേഷ്ടാഃ	ഉള്ളഴറിയ പ്രവൃത്തികളോടുകൂടിയവരായി
രാക്ഷസരാജഭൃത്യാഃ	രക്ഷോനാഥന്റെ ഭൃത്യന്മാരും	നൃപസ്യ	രാജാവിന്റെ
തത്	ആ	ദോഷേ	പാപകൃത്യത്തിൽ
വാനരസൈന്യശബ്ദം	വാനരസേനകളുടെ ശബ്ദത്തെ	ശ്രേയഃ തു	ഒരു നന്മയെങ്കിലും
ശ്രുത്വാ,	കേട്ട്,	പശ്യന്തി ന.	കാണാത്തവരായി വൎത്തിച്ചു.
നഷ്ടൌജസഃ	ധൈൎയ്യംപോയവരായി		

ഇത്യാൎഷേ ശ്രീമദ്രാമായണേ വാല്മീകീയേ ആദികാവ്യേ യുദ്ധകാണ്ഡേ
ചതുസ്ത്രിംശഃ സൎഗ്ഗഃ = മുപ്പത്തിനാലാംസൎഗ്ഗം സമാപ്തം.

ആദ്യം മുതൽ ശ്ലോകസംഖ്യ 15978; യുദ്ധകാണ്ഡം ആദ്യം മുതൽ ശ്ലോകസംഖ്യ 1303.

പഞ്ചത്രിംശഃ സർഗ്ഗഃ=മുപ്പത്തഞ്ചാംസർഗ്ഗം.

[മാല്യവദുപദേശഃ=മാല്യവാൻ ഉപദേശിക്കുന്നതു്.]

തേന ശംഖവിമിശ്രേണ ഭേരീശബ്ദേന രാഘവഃ
ഉപയാതി മഹാബാഹു രാമഃ പരപുരഞ്ജയഃ 1

പരപുരഞ്ജയഃ	ശത്രുക്കളുടെ പുരങ്ങളെ വെല്ലുന്നവനും	ശംഖ-വിമിശ്രേണ	ശംഖധ്വനിയോടിട കലർന്നതായ
രാഘവഃ	രഘുകുലതിലകനും	തേന	ആ
മഹാബാഹുഃ	മഹാബാഹുവും ആയ	ഭേരീശബ്ദേന	ഭേരീനിനാദത്തോടും
രാമഃ	ശ്രീരാമൻ,	ഉപയാതി.	അടുക്കയായി. [കൂടി

തം നിനാദം നിശമ്യാഥ രാവണോ രാക്ഷസേശ്വരഃ
മുഹൂൎത്തം ധ്യാനമാസ്ഥായ സചിവാനഭ്യുദൈക്ഷത 2

രാക്ഷസേശ്വരഃ	രാക്ഷസാധിപനായ	മുഹൂൎത്തം	അല്പനേരം
രാവണഃ,	രാവണൻ,	ധ്യാനം ആസ്ഥായ	ആലോചിച്ചു്
അഥ	അപ്പോൾ		
തം നിനാദം	ആ ശബ്ദത്തെ	സചിവാൻ	മന്ത്രിമാരെ
നിശമ്യ,	കേട്ടു്,	അഭ്യുദൈക്ഷത.	നോക്കി.

അഥ താൻ സചിവാംസ്തത്ര സൎവ്വാനാഭാഷ്യ രാവണഃ
സഭാം സന്നാദയൻ സൎവ്വാമിത്യുവാച മഹാബലഃ
ജഗത്സന്താപനഃ ക്രൂരോ ഗൎഹയൻ രാക്ഷസേശ്വരഃ. 3

അഥ	അതിൽ പിന്നെ	സചിവാൻ	മന്ത്രിമാർ
തത്ര	അവിടെ	സൎവ്വാൻ	എല്ലാവരേയും,
മഹാബലഃ	മഹാബലവാനും	ആഭാഷ്യ,	വിളിച്ചു്,
ജഗത്സന്താപനഃ	ലോകസന്താപകനും	സഭാം	സഭ
ക്രൂരഃ	ക്രൂരനുമായ	സൎവ്വാം	മുഴുവൻ
രാക്ഷസേശ്വരഃ	രാക്ഷസാധിപനായ	സംനാദയൻ	മാറ്റൊലിക്കൊള്ളുമാറു്
രാവണഃ,	രാവണൻ,	ഗൎഹയൻ	നിന്ദിക്കുന്നവനായി
താൻ	ആ	ഇതി ഉവാച.	ഇങ്ങിനെ ഉരചെയ്തു.

തരണം സാഗരസ്യാപി വിക്രമം ബലസഞ്ചയം
യദുക്തവന്തോ രാമസ്യ ഭവന്തസ്തന്മയാ ശ്രുതം. 4

"രാമസ്യ	"രാമന്റെ	യത്	യാതൊന്നു്
വിക്രമം	പരാക്രമത്തെക്കുറിച്ചും	ഭവന്തഃ	നിങ്ങൾ
സാഗരസ്യ	സമുദ്രത്തെ	ഉക്തവന്തഃ	പറഞ്ഞുവോ
തരണം	കടന്നതിനെക്കുറിച്ചും	തത്	അതു്
ബലസഞ്ചയം അപി	സൈന്യസന്നാഹത്തെ പ്പററിയും	മയാ	എന്നാൽ
		ശ്രുതം.	കേൾക്കപ്പെട്ടു.

ഭവതശ്ചാപ്യഹം വേദ്മി യുദ്ധേ സത്യപരാക്രമാൻ
തൂഷ്ണീകാനീക്ഷതോഽന്യോന്യം വിദിത്വാ രാമവിക്രമം. 5

"ഭവതഃ,	"നിങ്ങളെ,	വിദിത്വാ	ഓൎത്ത്
യുദ്ധേ	പോരിൽ	തൂഷ്ണീകാൻ	വായടച്ചുപോയവരായി
സത്യ-പരാക്രമാൻ അപി	വാസ്തവമായ പരാക്രമമാൎന്നവരെന്നാലും	അന്യോന്യം	തമ്മിൽതമ്മിൽ
		ഈക്ഷതഃ ച	നോക്കിക്കൊണ്ടിരിക്കുന്നവരാണെന്നും
രാമവിക്രമം	രാമന്റെ പൌരുഷത്തെ	അഹം	ഞാൻ
		വേദ്മി."	അറിയുന്നുണ്ട്."

തതസ്തു സുമഹാപ്രാജ്ഞോ മാല്യവാൻ നാമ രാക്ഷസഃ
രാവണസ്യ വചഃ ശ്രുത്വാ മാതുഃ പൈതാമഹോഽബ്രവീത്. 6

തതഃ	അതിൽപിന്നെ	മാല്യവാൻ നാമ	മാല്യവാനെന്ന
സുമഹാപ്രാജ്ഞഃ	മഹാബുദ്ധിശാലിയും	രാക്ഷസഃ,	രാക്ഷസൻ,
മാതുഃ	(രാവണന്റെ) മാതാവിന്റെ	രാവണസ്യ	രാവണന്റെ
		വചഃ ശ്രുത്വാ	വാക്കുകേട്ട്
പൈതാമഹഃ തു	ഇളയച്ഛനുമായ	അബ്രവീത്.	ഇങ്ങിനെ ഉരചെയ്തു.

[രാവണമാതാവായ കൈകസി സുമാലിയുടെ പുത്രിയാകയാലും, മാല്യവാനും സുമാലിക്കും തമ്മിൽ സാഹോദൎയ്യമുള്ളതിനാലും, രാവണന്റെ മാതാവിന്നു് ഇളയച്ഛനാണെന്നു പറഞ്ഞിരിക്കുന്നു. ("പിതാമഹസ്യ പുത്രഃ പൈതാമഹഃ," മുത്തച്ഛന്റെ പുത്രൻ പൈതാമഹൻ). എന്നു ഗോ. രാ.]

വിദ്യാസ്വഭിവിനീതോ യോ രാജാ രാജൻ നയാനുഗഃ
സ ശാസ്തി ചിരമൈശ്വൎയ്യമരീംശ്ച കുരുതേ വശേ. 7

"രാജൻ!	"രാജാവേ!	സഃ	അവൻ
യഃ രാജാ	യാതൊരു അരചൻ	ചിരം	ഏറെക്കാലം
വിദ്യാസു	വിദ്യകളിൽ	ഐശ്വൎയ്യം	രാജ്യാധികാരത്തെ
അഭിവിനീതഃ	നല്ലപോലെ ശിക്ഷണം ലഭിച്ചവനായി	ശാസ്തി;	നടത്തുന്നു;
നയാനുഗഃ,	ന്യായപ്രകാരം നടന്നുവരുന്നുവോ,	അരീൻ ച	ശത്രുക്കളേയും
		വശേ കുരുതേ.	വശത്തിലാക്കുന്നു.

[വിദ്യകൾ എന്നു പറഞ്ഞതു് ആന്വീക്ഷികി, ത്രയീ, വാൎത്താ, ദണ്ഡനീതി എന്ന നാലു വിദ്യകളാകുന്നു. ഈ അഭിപ്രായത്തെത്തന്നെയാണ് കാമന്ദകനീതിയിലും പറഞ്ഞിരിക്കുന്നതു്. "ആന്വീക്ഷികീം ത്രയീം വാൎത്താം ദണ്ഡനീതിം ച പാൎത്ഥിവഃ തദ്വിദ്ഭിസ്തത് ക്രിയോപേതൈശ്ചിന്തയേദ്വിനയാന്വിതഃ. ആന്വീക്ഷിക്യാത്മവിജ്ഞാനം ധൎമ്മാധൎമ്മൌ ത്രയീസ്ഥിതൌ അൎത്ഥാനൎത്ഥൌ തു വാൎത്തായാം ദണ്ഡനീത്യാം നയാനയൌ. വിദ്യാശ്ചതസ്ര ഏവൈതാ യോഗക്ഷേമായ ദേഹിനാം. വിദ്യാവിനീതോ നൃപതിൎന കൃച്ഛ്രേഷ്വവസീദതി." (ഗോ. രാ.)]

സംദധാനോ ഹി കാലേന വിഗൃഹ്ണംശ്ചാരിഭിഃ സഹ
സ്വപക്ഷവൎദ്ധനം കുൎവ്വൻ മഹദൈശ്വൎയ്യമശ്നുതേ. 8

"കാലേന	"കാലോചിതംപോലെ
അരിഭിഃ സഹ	ശത്രുക്കളോടുകൂടി
സംദധാനഃ	സന്ധിചെയ്തുകൊണ്ടും
വിഗൃഹ്ണൻ ച	പൊരുതിക്കൊണ്ടും
സ്വപക്ഷവർദ്ധനം	സ്വപക്ഷത്തിന്നു അഭിവൃദ്ധിയെ
കുർവ്വൻ ഹി	നോക്കിച്ചെയ്യുന്നവൻ തന്നെയാണ്
മഹത്	ശാശ്വതമായ
ഐശ്വര്യം	ഐശ്വര്യത്തെ
അശ്നുതേ.	അനുഭവിക്കുന്നതു്.

ഹീയമാനേന കർത്തവ്യോ രാജ്ഞാ സന്ധിഃ സമേന ച
ന ശത്രുമവമന്യേത ജ്യായാൻ കുർവ്വീത വിഗ്രഹം. 9

"ശത്രും	"ശത്രുവിനെ
അവമന്യേത ന;	അലക്ഷ്യം ചെയ്യരുതു്;
ഹീയമാനേന	താൻ താണവനാണെന്നാലും
സമേന ച	സമത്വമുള്ളവനാണെന്നാലും
രാജ്ഞാ	ഒരു രാജാവിനാൽ
സന്ധിഃ കർത്തവ്യഃ;	സന്ധിചെയ്തു കൊള്ളപ്പെടേണ്ടതാണ്;
ജ്യായാൻ	താൻ ശത്രുവിനെക്കാൾ ബലാധിക്യമുള്ളവനാണെന്നാൽ
വിഗ്രഹം കുർവ്വീത.	പൊരുതേണ്ടതാണ്.

തന്മഹ്യം രോചതേ സന്ധിഃ സഹ രാമേണ രാവണ.
യദർത്ഥമഭിയുക്താഃ സ്മ സീതാ തസ്മൈ പ്രദീയതാം. 10

"രാവണ!	"രാവണ!
തത്,	അതുകയാൽ,
രാമേണ സഹ	രാമനോടു കൂടി
സന്ധിഃ	സന്ധിചെയ്യുന്നത് തന്നെയാണ്
മഹ്യം	എനിക്ക്
രോചതേ;	നല്ലതെന്നു തോന്നുന്നത്;
യദർത്ഥം	യാതൊരുവൾ കാരണം
അഭിയുക്താഃ സ്മ,	നാം വൈരമുൾക്കൊണ്ടുവോ, ആ
സീതാ	സീത
തസ്മൈ	ആ രാമന്നായിക്കൊണ്ട്
പ്രദീയതാം.	തിരിയെക്കൊടുക്കപ്പെടട്ടെ.

യസ്യ ദേവർഷയഃ സർവ്വേ ഗന്ധർവ്വാശ്ച ജയൈഷിണഃ
വിരോധം മാ ഗമസ്തേന സന്ധിസ്തേ തേന രോചതാം. 11

"ദേവർഷയഃ	"ദേവന്മാരും ഋഷിമാരും
ഗന്ധർവാഃ ച	ഗന്ധർവ്വന്മാരും
സർവ്വേ	എല്ലാം
യസ്യ	യാതൊരുവന്ന്
ജയൈഷിണഃ	ജയത്തെ ഇച്ഛിക്കുന്നുവോ,
തേന	അപ്രകാരമുള്ള ആ രാമനുമായി
വിരോധം മാ ഗമഃ;	വിരോധിക്കാതിരിക്കുക;
തേ	നിനക്ക്
തേന	അവനുമായി
സന്ധിഃ	സന്ധി ചെയ്യുക എന്നത്
രോചതാം.	ഇഷ്ടപ്പെട്ടതായി വരട്ടെ.

അസൃജദ്ഭഗവാൻ പക്ഷൗ ദ്വാവേവ ഹി പിതാമഹഃ
സുരാണാമസുരാണാം ച ധൎമ്മാധൎമ്മൗ തദാശ്രയൗ. 12

"പിതാമഹഃ ഭഗവാൻ	"ബ്രഹ്മദേവൻ,	തദാശ്രയൗ ഹി	അവരവരെ അവലംബിച്ചതായുമുള്ള
സുരാണാം	ദേവന്മാൎക്കും	ധൎമ്മാധൎമ്മൗ	ധൎമ്മം അധൎമ്മം എന്ന
അസുരാണാം ച	അസുരന്മാൎക്കും	ദ്വൗ ഏവ	രണ്ടിനെമാത്രം
പക്ഷൗ	അവരവൎക്കുചിതമായും	അസൃജത്.	സൃഷ്ടിച്ചു.

[ദേവന്മാൎക്ക് ധൎമ്മപക്ഷപാതിത്വമുള്ളതിനാലും ധൎമ്മം ശ്രീരാമനെ ആശ്രയിച്ചിരിക്കുന്നതിനാലും, ദേവന്മാൎക്ക് ശ്രീരാമന്റെ വിജയത്തിൽ ആഗ്രഹമുണ്ടെന്നുള്ളതിന്ന് കാരണത്തെ പറയുന്നു. ഗോ. ൨൦).]

ധൎമ്മോ ഹി ശ്രൂയതേ പക്ഷോ ഹ്യമരാണാം മഹാത്മനാം
അധൎമ്മോ രക്ഷസാം പക്ഷോ ഹ്യസുരാണാം ച രാവണ. 13

"രാവണ!	"രാവണ!	അധൎമ്മഃ ഹി	അധൎമ്മമെന്നതു്
ധൎമ്മഃ ഹി	ധൎമ്മമാകട്ടെ	അസുരാണാം	അസുരന്മാൎക്കും
മഹാത്മനാം	മഹാത്മാക്കളായ	രക്ഷസാം ച	രാക്ഷസൎക്കും
അമരാണാം	ദേവന്മാൎക്ക്	പക്ഷഃ	ചേൎന്നതാണെന്നും
പക്ഷഃ ഹി	ചേൎന്നതാണെന്നും	ശ്രൂയതേ.	പറയപ്പെട്ടിരിക്കുന്നു.

ധൎമ്മോ വൈ ഗ്രസതേഽധൎമ്മം തതഃ കൃതമഭൂദ്യുഗം
അധൎമ്മോ ഗ്രസതേ ധൎമ്മം തതസ്തിഷ്യഃ പ്രവൎത്തതേ. 14

"ധൎമ്മഃ വൈ	"ധൎമ്മമെന്നതു്	അധൎമ്മഃ	അധൎമ്മം
അധൎമ്മം	അധൎമ്മത്തെ	ധൎമ്മം	ധൎമ്മത്തെ
ഗ്രസതേ തതഃ	വിഴുങ്ങുമ്പോൾ	ഗ്രസതേ തതഃ	വിഴുങ്ങുമ്പോൾ
കൃതം യുഗം	കൃതയുഗം	തിഷ്യഃ	കലിയുഗം
അഭൂത്;	ഉണ്ടായി;	പ്രവൎത്തതേ.	തുടങ്ങുന്നു.

തത്ത്വയാ ചരതാ ലോകാൻ ധൎമ്മോ വിനിഹതോ മഹാൻ
അധൎമ്മഃ പ്രഗൃഹീതശ്ച തേനാഽസ്മദ്ബലിനഃ പരേ. 15

"തത്	"ആകയാൽ	അധൎമ്മഃ ച	അധൎമ്മവും
ലോകാൻ ചരതാ	ദിഗ്വിജയംചെയ്തു	പ്രഗൃഹീതഃ;	സ്വീകരിക്കപ്പെട്ടു;
		തേന	അതിനാൽ
ത്വയാ,	നിന്നാൽ,	പരേ	ശത്രുക്കൾ
മഹാൻ ധൎമ്മഃ	ശ്രേഷ്ഠമായ ധൎമ്മം	അസ്മദ്-ബലിനഃ.	നമ്മെക്കാൾ ബലവാന്മാരായിരിക്കുന്നു.
വിനിഹതഃ;	നശിപ്പിക്കപ്പെട്ടു;		

സ പ്രമാദാദ്വിവൃദ്ധസ്തേ ഹ്യധൎമ്മോ ഗ്രസതേ ച നഃ
വിവൎദ്ധയതി പക്ഷം ച സുരാണാം സുരഭാവനഃ. 16

"സഃ	"ആ
അധർമ്മഃ ഹി	അധർമ്മംതന്നെ
തേ	നിന്റെ
പ്രമാദാത്	കുററംകൊണ്ട്
വിവൃദ്ധഃ ച	അഭിവൃദ്ധിപൂണ്ടതായി
നഃ	നമ്മെ
ഗ്രസതേ;	വിഴുങ്ങുന്നു;
സുരഭാവനഃ ച	ദേവന്മാൎക്ക് അനുകൂലമായി
സുരാണാം	ദേവന്മാരുടെ
പക്ഷം	പക്ഷത്തെ
വിവർദ്ധയതി.	അഭിവൃദ്ധിപ്പെടുത്തുന്നു.

വിഷയേഷു പ്രസക്തേന യത്കിംചിത്കാരിണാ ത്വയാ
ഋഷീണാമഗ്നികല്പാനാമുദ്വേഗോ ജനിതോ മഹാൻ. 17

"'വിഷയേഷു	"'വിഷയസുഖങ്ങളിൽ
പ്രസക്തേന	അത്യാസക്തനായി
യത്കിംചിത്-കാരിണാ	എന്തുംചെയ്യാൻ തുടങ്ങിയവനായ
ത്വയാ,	നിന്നാൽ,
അഗ്നികല്പാനാം	അഗ്നിസദൃശന്മാരായ
ഋഷീണാം	ഋഷിമാൎക്ക്
മഹാൻ	അസഹ്യമായ
ഉദ്വേഗഃ	അസുഖം
ജനിതഃ.	വിളയിക്കപ്പെട്ടു.

തേഷാം പ്രഭാവോ ദുർദ്ധർഷഃ പ്രദീപ്ത ഇവ പാവകഃ
തപസാ ഭാവിതാത്മാനോ ധർമ്മസ്യാനുഗ്രഹേ രതാഃ. 18

"തേഷാം	"അവരുടെ
പ്രഭാവഃ,	ശക്തി,
പ്രദീപ്തഃ	ഉജ്ജ്വലിക്കുന്ന
പാവകഃ ഇവ	അഗ്നിയെന്നപോലെ
ദുർദ്ധർഷഃ;	അടുപ്പാൻ കഴിയാത്തതാകുന്നു;
തപസാ	തപസ്സുകൊണ്ട്
ഭാവിതാത്മാനഃ	പരമാത്മജ്ഞാനസിദ്ധിപൂണ്ടവരായ അവർ
ധർമ്മസ്യ	ധർമ്മത്തെ
അനുഗ്രഹേ	അഭിവൃദ്ധിപ്പെടുത്തുന്നതിൽ
രതാഃ.	തല്പരന്മാരാകുന്നു.

മുഖ്യൈര്യജ്ഞൈര്യജന്ത്യേതേ നിത്യം തൈസ്തൈർദ്വിജാതയഃ
ജുഹ്വത്യഗ്നീംശ്ച വിധിവദ്വേദാംശ്ചോച്ചൈരധീയതേ. 19

"ഏതേ	"ഈ
ദ്വിജാതയഃ,	അന്തണന്മാർ,
തൈഃ തൈഃ	അതാത്
മുഖ്യൈഃ	ഉത്തമങ്ങളായ
യജ്ഞൈഃ,	യാഗങ്ങളെക്കൊണ്ട്
നിത്യം	എന്നും
യജന്തി;	ദേവന്മാരെ ആരാധിക്കയായി;
വിധിവത്	വിധിപ്രകാരം
അഗ്നീൻ ച	അഗ്നികളിലും
ജുഹ്വതി;	ഹോമംചെയ്കയായി;
വേദാൻ ച	വേദങ്ങളേയും
ഉച്ചൈഃ	ഉച്ചസ്വരത്തിൽ
അധീയതേ.	ഓതുകയായി.

അഭിഭൂയ ച രക്ഷാംസി ബ്രഹ്മഘോഷാനുദൈരയൻ
ദിശോऽപി വിദ്രുതാഃ സർവ്വാഃ സ്തനയിത്നുരിവോഷ്ണഗേ. 20

"രക്ഷാംസി	"രാക്ഷസന്മാരെ
അഭിഭൂയ	അടക്കമാറ്
ബ്രഹ്മ-ഘോഷാൻ ച	ബ്രാഹ്മണരുടെ ശാപമൊഴികളേയും
ഉദൈരയൻ;	ഉരചെയ്തു;
ഉഷ്ണഗേ	വേനൽക്കാലത്തിൽ
സ്തനയിത്നഃ ഇവ,	മേഘമെന്നപോലെ
സർവ്വാഃ	എല്ലാ
ദിശഃ അപി	ദിക്കുകളിലും
വിദ്രുതാഃ.	അവർ ഓടിയൊളിച്ചു.

ഋഷീണാമഗ്നികല്പാനാമഗ്നിഹോത്രസമുത്ഥിതഃ
ആദത്തേ രക്ഷസാം തേജോ ധൂമോ വ്യാപ്യ ദിശോ ദശ. 21

"അഗ്നികല്പാനാം	"അഗ്നിക്കു തുല്യന്മാരായ	ദശ ദിശഃ	പത്തുദിക്കുകളിലും
ഋഷീണാം	ഋഷിമാരുടെ	വ്യാപ്യ,	പടൎന്ന്,
അഗ്നിഹോത്രസമുത്ഥിതഃ	അഗ്നിഹോത്രാഗ്നിയിൽ നിന്നുണ്ടായ	രക്ഷസാം	രാക്ഷസന്മാരുടെ
ധൂമഃ	പുക	തേജഃ	തേജസ്സിനെ
		ആദത്തേ.	അപഹരിച്ചുകൊണ്ടു പോകുന്നു.

തേഷു തേഷു ച ദേശേഷു പുണ്യേഷ്വേവ ദൃഢവ്രതൈഃ
ചൎയ്യമാണം തപസ്തീവ്രം സംതാപയതി രാക്ഷസാൻ. 22

"തേഷു, തേഷു	"അതാത്	ചൎയ്യമാണം	അനുഷ്ഠിക്കപ്പെടുന്ന
പുണ്യേഷു ദേശേഷു ച	പുണ്യക്ഷേത്രങ്ങളിൽ	തീവ്രം	ഉഗ്രമായ
		തപഃ	തപോമഹിമ
ദൃഢവ്രതൈഃ ഏവ	ധൎമ്മാനുഷ്ഠാനനിരതന്മാരായ അവരാൽതന്നെ	രാക്ഷസാൻ	രാക്ഷസന്മാരെ
		സംതാപയതി.	തപിപ്പിക്കുന്നു.

ദേവദാനവയക്ഷേഭ്യോ ഗൃഹീതശ്ച വരസ്ത്വയാ. 23

"ദേവദാനവയക്ഷേഭ്യഃ ച	"ദേവാസുരന്മാരിൽ നിന്നും യക്ഷന്മാരിൽ നിന്നും (മരണമില്ലെന്നാണല്ലോ)	ത്വയാ	നിന്നാൽ
		വരഃ	വരം
		ഗൃഹീതഃ.	വാങ്ങപ്പെട്ടതു്.

മാനുഷാ വാനരാ ഋക്ഷാ ഗോലാംഗൂലാ മഹാബലാഃ
ബലവന്ത ഇഹാഗമ്യ ഗൎജ്ജന്തി ദൃഢവിക്രമാഃ. 24

"മഹാബലാഃ	"മഹാബലശാലികളും	ഗോലാംഗൂലാഃ	ഗോപുച്ഛങ്ങളും
ദൃഢവിക്രമാഃ	ഒന്നിനും കൂസാത്തവ	ബലവന്തഃ	പടക്കൂട്ടിയവരായി
മാനുഷാഃ	മനുഷ്യരും [രും ആയ	ഇഹ	ഇവിടെ
വാനരാഃ	വാനരന്മാരും	ആഗമ്യ	വന്ന്
ഋക്ഷാഃ	കരടികളും	ഗൎജ്ജന്തി.	ഗൎജ്ജിക്കുന്നു.

ഉത്പാതാൻ വിവിധാൻ ദൃഷ്ട്വാ ഘോരാൻ ബഹുവിധാംസ്തഥാ
വിനാശമനുപശ്യാമി സൎവ്വേഷാം രക്ഷസാമഹം. 25

"വിവിധാൻ	"പലമാതിരിയായ	രക്ഷസാം	രാക്ഷസന്മാർ
ബഹുവിധാൻ	ഓരോരോ	സൎവ്വേഷാം	എല്ലാവൎക്കും
ഘോരാൻ	ഭയങ്കരങ്ങളായ	വിനാശം	നാശത്തെ
ഉത്പാതാൻ തഥാ	ദുൎന്നിമിത്തങ്ങളേയും	അഹം	ഞാൻ
ദൃഷ്ട്വാ,	കണ്ടു്,	അനുപശ്യാമി.	ഊഹിക്കുന്നു.

ഖരാഭിസ്തനിതാ ഘോരാ മേഘാഃ പ്രതിഭയങ്കരാഃ
ശോണിതേനാഭിവർഷന്തി ലങ്കാമുഷ്ണേന സർവ്വതഃ. 26

"ഘോരാഃ	"ഉഗ്രങ്ങളും
പ്രതിഭയങ്കരാഃ	ഭയങ്കരങ്ങളും
ഖരാഭിസ്തനിതാഃ	ഘോരമായി ഇടിക്കുന്ന വയും ആയ
മേഘാഃ,	മേഘങ്ങൾ,
ലങ്കാം സർവ്വതഃ,	ലങ്കയിലെങ്ങും
ഉഷ്ണേന ശോണിതേന അഭിവർഷന്തി.	ചുടുചോര വർഷിക്കുന്നു.

[“അന്യത്തൌ സപ്താഹം പ്രബന്ധവർഷേ പ്രധാനനൃപമരണം. രക്തേ ശസ്ത്രോദ്യോഗോ മാംസാസ്ഥിവസാദിഭിർമ്മരകഃ. ക്ഷീരഘൃതക്ഷൌദ്രാണാം ദധ്നോ രുധിരോഷ്ണവാരിണാം വർഷേ ദേശവിനാശോ ജ്ഞേയോഽസൃഗ്വർഷേ ചാപി നൃപയുദ്ധം” എന്നിത്യാദികൊണ്ടു് ചോരവർഷിച്ചാൽ നൃപയുദ്ധം ഫലമെന്നു് ബൃഹത്സംഹിത. (46)]

രുദതാം വാഹനാനാം ച പ്രപതന്ത്യസ്രുബിന്ദവഃ
ധ്വജാ ധ്വസ്താ വിവർണ്ണാശ്ച ന പ്രഭാന്തി യഥാപുരാ. 27

"രുദതാം	"കരയുന്ന
വാഹനാനാം	കുതിര, ഒട്ടകം മുതലായ വാഹനജന്തുക്കളുടെ
അസ്രുബിന്ദവഃ ച	കണ്ണീർ തുള്ളികളും
പ്രപതന്തി;	ഇററു വീഴുന്നു;
ധ്വജാഃ	കൊടികളും
ധ്വസ്താഃ	വീണു്,
വിവർണ്ണാഃ ച	നിറം കെട്ടവയായി
യഥാപുരാ	മുൻ പോലെ
ന പ്രഭാന്തി.	പ്രകാശിക്കുന്നില്ല.

[“ഗാവോ ദീനാഃ പാർത്ഥിവസ്യാശിവായ, പാദൈർഭൂമിം കുട്ടയന്ത്യശ്ച രോഗാൻ. മൃത്യും കുർവ്വന്ത്യശ്രുപൂർണ്ണായതാക്ഷ്യഃ പത്യുർഭീതാസ്തസ്കരാനാരുവന്ത്യഃ” എന്നു് ഗോക്കൾ മുതലായവയുടെ നേത്രങ്ങളിൽനിന്നു് അശ്രുക്കൾ വീണാലുള്ള ഫലം. (ബൃഹത്സംഹിത). ‘‘ശക്രധ്വജേന്ദ്രകീലസ്തംഭദ്വാരപ്രപാതഭംഗേഷു. തദ്വത് കവാടതോരണകേതൂനാം നരപതേർമ്മരണം” എന്നു് ധ്വജം മുതലായവ മുറിയുക, വീഴുക ഇത്യാദിയെക്കുറിച്ചുള്ള ഫലം (ബൃഹത്സംഹിത). 46).]

വ്യാളാ ഗോമായവോ ഗൃദ്ധ്രാ വാശ്യന്തി ച സുഭൈരവം. 28

"വ്യാളാഃ	"ദുഷ്ടജന്തുക്കളും
ഗോമായവഃ	കുറുനരികളും
ഗൃദ്ധ്രാഃ ച	കഴുക്കളും
സുഭൈരവം	അതിഭയങ്കരമായി
വാശ്യന്തി.	ശബ്ദിക്കുന്നു.

[“പുരപക്ഷിണോ വനചരാ വന്യാ വാ നിർഭയാ വിശന്തി പുരം. നക്തം വാ ദിവസചരാഃ ക്ഷപാചരാ വാ ചരന്ത്യഹനി. സന്ധ്യാദ്വയേഽപി മണ്ഡലമാബദ്ധ്നന്തോ മൃഗാ വിഹംഗാ വാ ദീപ്തായാം ദിശ്യഥ വാ ക്രോശന്തഃ സംഹതാ ഭയദാ.” എന്നു് ബൃഹത്സംഹിത. (46)]

പ്രവിശ്യ ലങ്കാമനിശം സമവായാംശ്ച കുർവ്വതേ. 29

"അനിശം	"എപ്പോഴും
ലങ്കാം	അവ ലങ്കയിൽ
പ്രവിശ്യ	കടന്നു്
സമവായാൻ ച കുർവ്വതേ.	കൂട്ടംകൂട്ടമായി നില്ക്കുന്നു.

[“സീമാംഗതാ വന്യമൃഗാ രുവന്തഃ സ്ഥിതാ വ്രജന്തോഽഥ സമാപതന്തഃ, സംപ്രത്യതീതൈഷ്യഭയാനി ദീപ്താഃ കുർവ്വന്തി ശൂന്യം പരിതോ ഭ്രമന്തഃ വന്യേ സത്വേ ദ്വാരസംസ്ഥേ പുരസ്യ രോദ്ധാ വാച്യഃ സംപ്രവിഷ്ടേ വിനാശഃ. സൂതേ മൃത്യുഃ സ്യാദ്ഭയം സംസ്ഥിതേ ച ഗേഹം യാതേ ബന്ധനം സംപ്രദിഷ്ടം.” എന്നു വന്യമൃഗങ്ങൾ പുരത്തിൽ പ്രവേശിച്ചാൽ പത്തനനിരോധം മുതലായവ ഫലമെന്നു്, ബൃഹത്സംഹിത (93).]

കാളികാഃ പാണ്ഡുരൈർദ്ദന്തൈഃ പ്രഹസന്ത്യഗ്രതഃ സ്ഥിതാഃ
സ്ത്രിയഃ സ്വപ്നേഷു മുഷ്ണന്ത്യോ ഗൃഹാണി പ്രതിഭാഷ്യ ച. 30

"കാളികാഃ	"കറുകറുത്ത	മുഷ്ണന്ത്യഃ	ഭ്രമിപ്പിക്കുന്നവയായി
സ്ത്രിയഃ	പിശാചസ്ത്രീകൾ	പ്രതിഭാഷ്യ ച	എതിർത്തുപറഞ്ഞുംകൊണ്ടു്
സ്വപ്നേഷു	സ്വപ്നസമയങ്ങളിൽ		
അഗ്രതഃ	മുന്നിൽ	പാണ്ഡുരൈഃ	വെളുത്ത
സ്ഥിതാഃ	നിന്നുകൊണ്ടു്	ദന്തൈഃ	പല്ലുകളെ
ഗൃഹാണി	ഗൃഹിണിമാരെ	പ്രഹസന്തി.	ഇളിച്ചുകാട്ടുന്നു.

["ശ്വാനമാർജ്ജാരകാൻ ഗൃദ്ധ്രാൻ പിശാചാൻ കൃഷ്ണകീടകാൻ സ്വപ്നേ തു യദി വീക്ഷേത നരഃ ശോകമവാപ്നുയാത്." (കാലപ്രകാശികാ. 40-ാം അദ്ധ്യായം).]

ഗൃഹാണാം ബലികർമ്മാണി ശ്വാനഃ പര്യുപഭുഞ്ജതേ. 31

"ഗൃഹാണാം	"ഭവനങ്ങളിലുള്ള	ശ്വാനഃ	നായ
ബലികർമ്മാണി	ബലിക്കുള്ള സാധനങ്ങളെ	പര്യുപഭുഞ്ജതേ.	തിന്നുന്നു.

ഖരാ ഗോഷു പ്രജായന്തേ മൂഷികാ നകുലൈഃ സഹ 32
മാർജ്ജാരാ ദ്വീപിഭിഃ സാർദ്ധം സൂകരാഃ ശുനകൈഃ സഹ
കിന്നരാ രാക്ഷസൈശ്ചാപി സമീയുർമ്മാനുഷൈഃ സഹ. 33

ഖരാഃ	കഴുതകൾ	സൂകരാഃ	പന്നികൾ
ഗോഷു	പശുക്കൾക്കു്	ശുനകൈഃ സഹ	നായ്ക്കളോടു കൂടിയും
പ്രജായന്തേ;	പിറക്കുന്നു;	കിന്നരാഃ	കിന്നരന്മാർ
മൂഷികാഃ	എലികൾ	രാക്ഷസൈഃ ച	രാക്ഷസരോടും
നകുലൈഃ സഹ,	കീരികളോടു കൂടിയും	മാനുഷൈഃ അപി സഹ	മനുഷ്യരോടും കൂടിയും
മാർജ്ജാരാഃ	പൂച്ച		
ദ്വീപിഭിഃ സാർദ്ധം	പുലികളൊന്നിച്ചും,	സമീയുഃ.	ഇണങ്ങിയിരിക്കുന്നു.

["പരയോനാവഭിഗമനം ഭവതി തിരശ്ചാമസാധു ദേശനാം. ഉക്ഷാണൌ വാഗ്ന്യോന്യം പിബതി ശ്വാ വാ സുരഭിപുത്രം. മാസത്രയേണ വിന്ദ്യാത് തസ്മിൻ നിഃസംശയം പരാഗമനം," എന്നു തിര്യഗ്ജന്തുക്കൾ അന്യയോനിയിൽ ഗമിക്കുന്നതു് ശത്രുബാധയെ സൂചിപ്പിക്കുന്നു (ബൃഹത്സംഹിത. 46).]

പാണ്ഡുരാ രക്തപാദാശ്ച വിഹംഗാഃ കാലചോദിതാഃ
രാക്ഷസാനാം വിനാശായ കപോതാ വിചരന്തി ച. 34

"പാണ്ഡുരാഃ	"വെളുത്തവയും	കാലചോദിതാഃ	കാലനാൽ നിയമിക്കപ്പെട്ടവയായി
രക്തപാദാഃ ച	കാലുകൾ മാത്രം ചുവന്നവയും ആയ	രാക്ഷസാനാം	രാക്ഷസരുടെ
കപോതാഃ വിഹംഗാഃ ച	കപോതപ്പക്ഷികളും	വിനാശായ	നാശത്തിന്നായി
		വിചരന്തി.	ചുററിത്തിരിയുന്നു.

["ശ്വാനഃ പ്രരുദന്ത ഇവ ദ്വാരേ വാശ്യന്തി ജംബുകാ ദീപ്താഃ. പ്രവിശന്നരേന്ദ്രഭവനേ കപോതകഃ കൌശികോ യദി വാ. കുക്കുടരുതം പ്രദോഷേ ഹേമന്താദൌ ച കോകിലാലാപാഃ പ്രതിലോമമണ്ഡലചരാഃ ശ്യേനാദ്യാശ്ചാംബരേ ഭയദാഃ." (ബൃഹത്സംഹിത (46). "യാനാസനശയ്യാനിലയനം കപോതസ്യ പദ്മവിശനം വാ. അശുഭപ്രദം നരാണാം" (ബൃഹത്സംഹിത, 88)]

വീചീക്രൂചീതി വാശ്യന്ത്യഃ ശാരികാ വേശ്മസു സ്ഥിതാഃ 35

"വേശ്മസു	"ഭവനങ്ങളിൽ	വീചീക്രൂചീ	വീചീക്രൂചീ
സ്ഥിതാഃ	ഉള്ള	ഇതി	എന്ന്
ശാരികാഃ	കിളികൾ	വാശ്യന്ത്യഃ.	കൂകുന്നു.

["ക്രൂഃക്രൂതി ച ശാരികാരുതം ശ്രേഃശ്രുവാപ്പ ഭയം വിരൌതി യാ. സാ വക്തി യിയാസതാം ചിരാദ്ഗാത്രേഭ്യഃ ക്ഷതജസ്യ വിസ്രുതിം." (ബൃഹത്സംഹിത. 88)]

പതന്തി ഗ്രഥിതാശ്ചാപി നിർജ്ജിതാഃ കലഹൈഷിണഃ
പക്ഷിണശ്ച മൃഗാഃ സർവ്വേ പ്രത്യാദിത്യം രുദന്തി ച. 36

"മൃഗാഃ	"മൃഗങ്ങളും	കലഹൈഷിണഃ	തമ്മിൽ കലശൽ കൂട്ടുവാനായി
പക്ഷിണഃ	പക്ഷികളും	പതന്തി;	ഓടുന്നു;
സർവ്വേ ച,	എല്ലാം,	പ്രത്യാദിത്യം	ആദിത്യനെനോക്കി
നിർജ്ജിതാഃ അപി ച	ആട്ടിക്കളയപ്പെട്ടിട്ടും	രുദന്തി ച.	ശബ്ദിക്കയുംചെയ്യുന്നു.
ഗ്രഥിതാഃ	കൂട്ടംകൂടിക്കൊണ്ട്		

കരാളോ വികടോ മുണ്ഡഃ പരുഷഃ കൃഷ്ണപിംഗളഃ
കാലോ ഗൃഹാണി സർവ്വേഷാം കാലേ കാലേഽന്വവേക്ഷതേ. 37

"കരാളഃ	"ഭയങ്കരരൂപിയും	കാലഃ,	കാലൻ,
വികടഃ	ഗർവ്വമുൾക്കൊണ്ടവനും	സർവ്വേഷാം	എല്ലാവരുടെ
മുണ്ഡഃ	തല മൊട്ടയായവനും	ഗൃഹാണി	വീടുകളിലും
പരുഷഃ	കാണ്മാൻ ദുസ്സഹമായവനും	കാലേ കാലേ	നിമിഷംതോറും
കൃഷ്ണപിംഗളഃ	കറുത്തും മഞ്ഞച്ചും ഇരിക്കുന്നവനുമായ	അന്വവേക്ഷതേ.	എത്തിനോക്കിക്കൊണ്ടിരിക്കുന്നു.

ഏതാന്യന്യാനി ദുഷ്ടാനി നിമിത്താന്യുത്പതന്തി ച
വിഷ്ണും മന്യാമഹേ രാമം മാനുഷം രൂപമാസ്ഥിതം. 38

"ഏതാനി	"ഇവയും	രാമം	രാമനെ
അന്യാനി	വേറെയുള്ളവയുമായ	മാനുഷം രൂപം	മനുഷ്യരൂപം
ദുഷ്ടാനി നിമിത്താനി ച	ദുർന്നിമിത്തങ്ങൾ മാത്രമാണ്	ആസ്ഥിതം	കയ്ക്കൊണ്ട
ഉത്പതന്തി;	ഉണ്ടായ്ക്കൊണ്ടിരിക്കുന്നത്;	വിഷ്ണും	വിഷ്ണുവെന്നാണ്
		മന്യാമഹേ.	ഞങ്ങൾ വിചാരിക്കുന്നത്.

ന ഹി മാനുഷമാത്രോഽസൌ രാഘവോ ദൃഢവിക്രമഃ
യേന ബദ്ധഃ സമുദ്രസ്യ സ സേതുഃ പരമാദ്ഭുതഃ. 39

"യേന	"യാതൊരുവനാൽ	അസൌ	അപ്രകാരമുള്ള ഈ
പരമാദ്ഭുതഃ	അത്യാശ്ചര്യകരമായ	ദൃഢവിക്രമഃ	അചഞ്ചലപരാക്രമനാ
സഃ സേതുഃ	ആ അണ	രാഘവഃ	ശ്രീരാഘവൻ [യ
സമുദ്രസ്യ	സമുദ്രത്തിന്ന്	മാനുഷമാത്രഃ	വെറും മനുഷ്യൻ
ബദ്ധഃ,	കെട്ടപ്പെട്ടുവോ,	ന ഹി.	അല്ലതന്നെ.

കുരുഷ്വ നരരാജേന സന്ധിം രാമേണ രാവണ
ജ്ഞാത്വാ പ്രധാര്യ്യ കാര്യ്യാണി ക്രിയതാമായതിക്ഷമം. 40

"കാര്യ്യാണി	"വിഷയങ്ങളെ	രാവണ!	രാവണ!
ജ്ഞാത്വാ,	ഗ്രഹിച്ച്,	നരരാജേന	പുരുഷോത്തമനായ
ആയതിക്ഷമം	മേൽവരേണ്ടതിന്നു തക്കതായുള്ളത്	രാമേണ	ശ്രീരാമനുമായി
പ്രധാര്യ്യ,	ആലോചിച്ചുറച്ച്,	സന്ധിം	സമാധാനിപ്പാൻ
ക്രിയതാം;	ചെയ്യപ്പെടട്ടെ;	കുരുഷ്വ.	നിശ്ചയിച്ചുറച്ചാലും.

സീതാർത്ഥം തേ മഹാപ്രാജ്ഞ മഹദ്ഭയമുപസ്ഥിതം. 41

"മഹാപ്രാജ്ഞ!	"അതിബുദ്ധിശാലിയായവനേ!	മഹത്	മഹത്തായ
തേ	നിനക്ക്	ഭയം	ആപത്ത്
സീതാർത്ഥം	സീതകാരണമായി	ഉപസ്ഥിതം."	അടുത്തിരിക്കുന്നു."

ഇദം വചസ്തത്ര നിശമ്യ മാല്യവാൻ
പരീക്ഷ്യ രക്ഷോധിപതേർമ്മനഃ പുനഃ
അനുത്തമേഷൂത്തമപൌരുഷോ ബലീ
ബഭൂവ തൂഷ്ണീം സമവേക്ഷ്യ രാവണം. 42

അനുത്തമേഷു	ശ്രേഷ്ഠന്മാരിൽ	തത്ര	അപ്പോൾ
ഉത്തമ- പൌരുഷഃ	നല്ല പൌരുഷമാർന്നവനും	രക്ഷോധിപതേഃ	രാക്ഷസാധിപന്റെ
		മനഃ	മനോഭാവത്തേയും
ബലീ	ബലശാലിയും ആയ	പരീക്ഷ്യ,	കണ്ടറിഞ്ഞ്,
മാല്യവാൻ,	മാല്യവാൻ,	പുനഃ	പിന്നെ
ഇദം	മേൽപ്രകാരമുള്ള	രാവണം	രാവണനെ
വചഃ	വാക്യത്തെ	സമവേക്ഷ്യ	നോക്കി
നിശമ്യ,	അറിയിച്ച് (ആർഷം),	തൂഷ്ണീം ബഭൂവ.	ഒന്നും പറയാതിരുന്നു.

സ തദ്വചോ മാല്യവതാ പ്രഭാഷിതം ദശാനനോ ന പ്രതിശുശ്രുവേ തദാ
ഭൃശം ജഗർഹേ ച സുദുഷ്ടമാനസോ മുമൂർഷുരത്യുച്ചവചാംസ്യുദീരയൻ.

തദാ	അപ്പോൾ	സുദുഷ്ടമാനസഃ	ദുഷ്ടചിത്തനായ
മുമൂർഷുഃ	മരണകാലമടുത്തവനായ	സഃ,	അവൻ,
ദശാനനഃ,	ദശമുഖൻ,	അത്യുച്ച- വചാംസി	ഉരത്തവാക്കുകൾ
മാല്യവതാ	മാല്യവാനാൽ	ഉദീരയൻ	പറഞ്ഞുംകൊണ്ട്
പ്രഭാഷിതം	ഉപദേശിക്കപ്പെട്ട	ഭൃശം ച	വായിൽ തോന്നിയ വിധം
തത് വചഃ	ആ വാക്യത്തെ	ജഗർഹേ.	നിന്ദിച്ചു.
പ്രതിശുശ്രുവേ ന;	കൈക്കൊണ്ടതേയില്ല;		

ഇത്യാർഷേ ശ്രീമദ്രാമായണേ വാല്മീകീയേ ആദികാവ്യേ യുദ്ധകാണ്ഡേ
പഞ്ചത്രിംശഃ സർഗ്ഗഃ = മുപ്പത്തഞ്ചാംസർഗ്ഗം സമാപ്തം.
ആദ്യം മുതൽ ശ്ലോകസംഖ്യ 16021; യുദ്ധകാണ്ഡം ആദ്യം മുതൽ ശ്ലോകസംഖ്യ 1346.

ഷട്ത്രിംശഃ സൎഗ്ഗഃ = മുപ്പത്താറാംസൎഗ്ഗം.

[ലങ്കാപുരദ്വാരരക്ഷാ = ലങ്കയിൽ കോട്ടവാതിലുകൾക്ക് രക്ഷ ഏൎപ്പെടുത്തുന്നതു്.]

തത്തു മാല്യവതോ വാക്യം ഹിതമുക്തം ദശാനനഃ
ന മൎഷയതി ദുഷ്ടാത്മാ കാലസ്യ വശമാഗതഃ. 1

കാലസ്യ	കാലന്റെ	ഹിതം	ഹിതമായി
വശം ആഗതഃ	വശത്തിൽ കുടുങ്ങിയ	ഉക്തം	പറയപ്പെട്ടതായ
ദുഷ്ടാത്മാ	ദുഷ്ടാത്മാവായ [വനായ	മാല്യവതഃ	മാല്യവാന്റെ
ദശാനനഃ,	രാവണൻ,	തത് വാക്യം	ആ ഉപദേശത്തെ
തു	ആസമയം	മൎഷയതി ന.	പൊറുത്തതേയില്ല.

സ ബദ്ധ്വാ ഭ്രുകുടിം വക്ത്രേ ക്രോധസ്യ വശമാഗതഃ
അമൎഷാത് പരിവൃത്താക്ഷോ മാല്യവന്തമഥാബ്രവീത്. 2

സഃ	അവൻ	അമൎഷാത്	പൊറായ്മയാൽ
ക്രോധസ്യ വശം ആഗതഃ	കോപവശഗനായി	പരിവൃത്താക്ഷഃ	കൺചുഴററിക്കൊണ്ടു്
		മാല്യവന്തം	മാല്യവാനോടായി
ഭ്രുകുടിം	പുരികത്തെ	അഥ	ഇപ്രകാരം
വക്ത്രേ ബദ്ധ്വാ,	നെററിയിൽ ചുളിച്ചു്,	അബ്രവീത്.	ഉരചെയ്തു.

ഹിതബുദ്ധ്യാ യദഹിതം വചഃ പരുഷമുച്യതേ
പരപക്ഷം പ്രവിശ്യൈവ നൈതച്ഛ്രോത്രം ഗതം മമ. 3

“ പരപക്ഷം	“ ശത്രുപക്ഷത്തിൽ	യത് വചഃ	യാതൊരു വാക്കു്
പ്രവിശ്യ ഏവ	ചേൎന്നുകൊണ്ടുതന്നെ	ഉച്യതേ,	പറയപ്പെടുന്നുവോ,
ഹിതബുദ്ധ്യാ	സ്വാൎത്ഥത്തെ ഉദ്ദേശിച്ചു്	ഏതത്	അപ്രകാരമുള്ള ഇതു്
		മമ	എന്റെ
അഹിതം	ഗുണകരമല്ലാത്തതും	ശ്രോത്രം	ചെവിയിൽ
പരുഷം	കൎണ്ണകഠോരവും ആയ	ഗതം ന.	കയറിയതേയില്ല.

മാനുഷം കൃപണം രാമമേകം ശാഖാമൃഗാശ്രയം
സമൎത്ഥം മന്യസേ കേന ത്യക്തം പിത്രാ വനാലയം. 4

“ മാനുഷം	“ മനുഷ്യനും	വനാലയം	വനത്തിൽ ചുററിത്തിരിയുന്നവനുമായ
പിത്രാ	പിതാവിനാൽ		
ത്യക്തം	ഉപേക്ഷിക്കപ്പെട്ടവനും	രാമം,	രാമനെ
കൃപണം,	ഗതിയററവനും	കേന	എന്തുകണ്ടിട്ടാണു്
ശാഖാമൃഗാശ്രയം	കുരങ്ങന്മാരെ സഹായമായുള്ളവനും	സമൎത്ഥം	സമൎത്ഥനെന്നു്
		മന്യസേ ?	അങ്ങു് വിചാരിക്കുന്നതു് ?
ഏകം	ഏകാകിയായി		

[“വനാലയം” (വെള്ളം വാസസ്ഥാനമായുള്ളവനും), “പിത്രാ ത്യക്തം” (അനാദിയാകയാൽ പിതാവില്ലാത്തവനും), “ഏകം” (അദ്വിതീയനായവനും) “ശാഖാമൃഗാശ്രയം,” വേദശാഖാഭിഃ മൃഗ്യതേ ഇതി ശാഖാമൃഗഃ, (വേദൈകവേദ്യനും), “മാനുഷം” മനുഷ്യനായി അവതരിച്ചവനും, “കൃപണം” (കൃപാലുവും); ആയ രാമനെ “സമർത്ഥം മന്യസേ കില” (സർവ്വശക്തനാണെന്നു് നീ വിചാരിക്കുന്നതു ശരിതന്നെ); “കേന ഹി?” (ആർതന്നെ അങ്ങിനെ അറികയില്ല?) എന്നു വാസ്തവാർത്ഥം. എന്നു തീർത്ഥീയം.]

രക്ഷസാമീശ്വരം മാം ച ദേവതാനാം ഭയംകരം
ഹീനം മാം മന്യസേ കേന ഹ്യഹീനം സർവ്വവിക്രമൈഃ. 5

“ദേവതാനാം ച	“ദേവന്മാൎക്കുംകൂടി
ഭയംകരം	ഭയത്തെ വിളയിക്കുന്നവനായ
രക്ഷസാം ഈശ്വരം	രാക്ഷസേശ്വരനായ
മാം	എന്നെ—
സർവ്വവിക്രമൈഃ	എല്ലാപരാക്രമങ്ങളും
അഹീനം	കുറയാത്തവനായ
മാം ഹി	എന്നെത്തന്നെ—
ഹീനം	നികൃഷ്ടനായും
കേന മന്യസേ?	എന്തുകൊണ്ടാണു് അങ്ങു് വിചാരിക്കുന്നതു്?

വീരദ്വേഷേണ വാ ശങ്കേ പക്ഷപാതേന വാ രിപോഃ
ത്വയാഽഹം പരുഷാണ്യുക്തഃ പരപ്രോത്സാഹനേന വാ. 6

“ത്വയാ,	“ഭവാനാൽ,
വീരദ്വേഷേണ വാ,	എന്റെ വീര്യത്തിലുള്ള അസൂയകൊണ്ടോ,
രിപോഃ	ശത്രുവിന്റെ പേരിൽ
പക്ഷപാതേന വാ,	പക്ഷപാതംകൊണ്ടോ,
പരപ്രോത്സാഹനേന വാ	ശത്രുക്കളുടെ പ്രേരണയാലോ, ആണ്
അഹം	ഞാൻ
പരുഷാണി	പരുഷവാക്കുകൾ
ഉക്തഃ	പറയപ്പെട്ടത്, എന്ന്
ശങ്കേ.	ഞാൻ വിചാരിക്കുന്നു.

പ്രഭവന്തം പദസ്ഥം ഹി പരുഷം കോഽഭിധാസ്യതി
പണ്ഡിതഃ ശാസ്ത്രതത്വജ്ഞോ വിനാ പ്രോത്സാഹനാദ്രിപോഃ 7

“രിപോഃ	“ശത്രുവിന്റെ
പ്രോത്സാഹനാത് വിനാ,	പ്രേരണയില്ലാതെ,
ശാസ്ത്രതത്വജ്ഞഃ	ശാസ്ത്രതത്വങ്ങളെ അറിഞ്ഞ
പണ്ഡിതഃ	പണ്ഡിതനായ
കഃ ഹി,	ഏവൻ തന്നെയാണ്,
പ്രഭവന്തം	സ്വാതന്ത്ര്യശക്തി കയ്യാളുന്നവനായി
പദസ്ഥം	അധികാര പദവിയിലിരിക്കുന്ന ഒരുവനെ നോക്കി
പരുഷം	അസഹ്യവാക്ക്
അഭിധാസ്യതി?	ഉരചെയ്യുക?

ആനീയ ച വനാത് സീതാം പദ്മഹീനാമിവ ശ്രിയം
കിമർത്ഥം പ്രതിദാസ്യാമി രാഘവസ്യ ഭയാദഹം. 8

“അഹം	“ഞാൻ,
വനാത്	വനത്തിൽ നിന്ന്,
പദ്മഹീനാം	താമരപ്പൂവിൽ നിന്നു വിട്ടുവന്ന
ശ്രിയം ഇവ	ലക്ഷ്മിയെപ്പോലെയിരി[ക്കുന്നവളായ
സീതാം	സീതയെ
ആനീയ ച,	കൊണ്ടുവന്ന ശേഷം,
രാഘവസ്യ ഭയാത് കിമർത്ഥം	രാമനെ പേടിച്ചിട്ടാണോ
പ്രതിദാസ്യാമി?	തിരിയെക്കൊടുപ്പാൻ പോകുന്നത്?

വൃതം വാനരകോടീഭിഃ സസുഗ്രീവം സലക്ഷ്മണം
പശ്യ കൈശ്ചിദഹോഭിസ്ത്വം രാഘവം നിഹതം മയാ. 9

"വാനരകോടീഭിഃ	"കോടിക്കണക്കായ വാനരന്മാരാൽ	കൈശ്ചിത്	ചില
		അഹോഭിഃ	ദിവസങ്ങൾക്കുള്ളിൽ
വൃതം	ചൂഴപ്പെട്ടവനായ	മയാ	എന്നാൽ
രാഘവം	രാമനെ	നിഹതം	കൊല്ലപ്പെട്ടവനായി
സസുഗ്രീവം	സുഗ്രീവനോടുകൂടിയും	ത്വം	അങ്ങ്
സലക്ഷ്മണം	ലക്ഷ്മണനോടുകൂടിയും	പശ്യ.	കണ്ടുകൊൾക.

ദ്വന്ദ്വേ യസ്യ ന തിഷ്ഠന്തി ദൈവതാന്യപി സംയുഗേ
സ കസ്മാദ്രാവണോ യുദ്ധേ ഭയമാഹാരയിഷ്യതി. 10

"യസ്യ	"യാതൊരുവനുമായുള്ള	സഃ	അപ്രകാരമുള്ള
ദ്വന്ദ്വേ സംയുഗേ,	ദ്വന്ദ്വയുദ്ധത്തിൽ,	രാവണഃ,	രാവണൻ,
		കസ്മാത്	ആരുടെവക്കൽനിന്നാണ്
ദൈവതാനി അപി	ദേവന്മാരുംകൂടി	യുദ്ധേ	പോരിൽ
തിഷ്ഠന്തി ന,	എതിർത്തുനില്ക്കുന്നില്ലയോ,	ഭയം ആഹാരയിഷ്യതി?	ഭീതികൈക്കൊള്ളുക?

ദ്വിധാ ഭജ്യേയമപ്യേവം ന നമേയം തു കസ്യചിത്. 11

"ദ്വിധാ	"രണ്ടുതുണ്ടായി	ഏവം തു	ഈ സ്ഥിതിയിലിരിക്കുന്നേടത്തോളം
ഭജ്യേയം അപി,	ഞാൻ പിളർന്നുപോയാലും വേണ്ടതില്ല,	കസ്യചിത്	ഒരുവന്നും
		നമേയം ന.	ഞാൻ കുമ്പിടുകയില്ല.

ഏഷ മേ സഹജോ ദോഷഃ സ്വഭാവോ ദുരതിക്രമഃ. 12

"ഏഷഃ	"ഇതു്	സഹജഃ	ജനനാലുള്ള
മേ	എന്റെ	ദോഷഃ	ദോഷം
സ്വഭാവഃ;	പ്രകൃതിയാണു്;	ദുരതിക്രമഃ.	മാററപ്പെട്ടുവാൻ കഴിവുള്ളതല്ല.

യദി താവത് സമുദ്രേ തു സേതുർബദ്ധോ യദൃച്ഛയാ
രാമേണ വിസ്മയഃ കോഽത്ര യേന തേ ഭയമാഗതം. 13

"യേന	"യാതൊരു	സമുദ്രേ	സമുദ്രത്തിൽ
രാമേണ	രാമൻ കാരണം	സേതുഃ	അണ
തേ	അങ്ങേയ്ക്കു്	ബദ്ധഃ;	കെട്ടപ്പെട്ടതു്;
ഭയം ആഗതം,	ഭയം നേരിട്ടിരിക്കുന്നുവോ, അവനാൽ	യദി താവത്	അപ്രകാരമാകയാൽ
		അത്ര	ഇതിൽ
യദൃച്ഛയാ തു	പൌരുഷത്താലല്ലാതെ യാദൃച്ഛികമായിമാത്രമാണു്	കഃ	എന്താണു്
		വിസ്മയഃ?	ആശ്ചര്യമുള്ളതു്?

സ തു തീൎത്വാൎണ്ണവം രാമഃ സഹ വാനരസേനയാ
പ്രതിജാനാമി തേ സത്യം ന ജീവൻ പ്രതിയാസ്യതി. 14

"വാനരസേനയാ സഹ	"വാനരസൈന്യത്തോടുംകൂടി	ജീവൻ	ജീവനോടുകൂടി
സഃ രാമഃ	ആ രാമൻ	പ്രതിയാസ്യതി ന,	മടങ്ങുവാൻ പോകുന്നില്ല,
അൎണ്ണവം	സമുദ്രത്തെ	തേ	അങ്ങയോട്
തീൎത്വാ,	കടന്നശേഷം,	സത്യം പ്രതിജാനാമി."	ഞാൻ ശപഥം ചെയ്യുന്നു."
തു	പിന്നെ		

ഏവം ബ്രുവാണം സംരബ്ധം രുഷ്ടം വിജ്ഞായ രാവണം
വ്രീഡിതോ മാല്യവാൻ വാക്യം നോത്തരം പ്രത്യപദ്യത. 15

മാല്യവാൻ,	മാല്യവാൻ,	രുഷ്ടം	ക്രുദ്ധിച്ചിരിക്കുന്നവനായി
ഏവം	ഇപ്രകാരം	വിജ്ഞായ,	കണ്ട്,
ബ്രുവാണം	പറയുന്ന	വ്രീഡിതഃ	ലജ്ജിതനായി
രാവണം	രാവണനെ	ഉത്തരം വാക്യം, പ്രത്യപദ്യത ന.	ഉത്തരമൊന്നും ഉരിയാടിയില്ല.
സംരബ്ധം	മതിമറന്ന്		

ജയാശിഷാ ച രാജാനം വൎദ്ധയിത്വാ യഥോചിതം
മാല്യവാനഭ്യനുജ്ഞാതോ ജഗാമ സ്വം നിവേശനം. 16

മാല്യവാൻ	മാല്യവാൻ	വൎദ്ധയിത്വാ,	അനുഗ്രഹിച്ചശേഷം,
രാജാനം,	രാജാവിനെ,	അഭ്യനുജ്ഞാതഃ ച	വിടവാങ്ങിക്കൊണ്ട്
യഥോചിതം	മുറപോലെ,	സ്വം നിവേശനം,	സ്വഭവനത്തിലേക്കായി
ജയാശിഷാ	വിജയിച്ചാലും എന്ന ആശിസ്സുകൊണ്ട്	ജഗാമ.	മടങ്ങി.

രാവണസ്തു സഹാമാത്യോ മന്ത്രയിത്വാ വിമൃശ്യ ച
ലങ്കായാമതുലാം ഗുപ്തിം കാരയാമാസ രാക്ഷസഃ. 17

രാക്ഷസഃ	രാക്ഷസനായ	ലങ്കായാം	ലങ്കയിൽ
രാവണഃ	രാവണൻ	അതുലാം	കിടയററതായ
സഹാമാത്യഃ ച	മന്ത്രിമാരോടുംകൂടി	ഗുപ്തിം	രക്ഷയെ
മന്ത്രയിത്വാ വിമൃശ്യ തു,	ആലോചിച്ചുറച്ചശേഷം,	കാരയാമാസ.	ഇപ്രകാരം ഏൎപ്പാടുചെയ്യിച്ചു.

സ വ്യാദിദേശ പൂൎവ്വസ്യാം പ്രഹസ്തം ദ്വാരി രാക്ഷസം
ദക്ഷിണസ്യാം മഹാവീൎയ്യൌ മഹാപാൎശ്വമഹോദരൌ. 18

സഃ	അവൻ	ദക്ഷിണസ്യാം	തെക്കേതിൽ
പൂർവ്വസ്യാം	കിഴക്കെ	മഹാവീര്യൌ	മഹാവീര്യശാലികളായ
ദ്വാരി	കോട്ടവാതിൽക്കൽ	മഹാപാർശ്വ-മഹോദരൌ	മഹാപാർശ്വനേയും മഹോദരനേയും
രാക്ഷസം	രാക്ഷസനായ	വ്യാദിദേശ.	നിയമിച്ചു.
പ്രഹസ്തം,	പ്രഹസ്തനേയും,		

പശ്ചിമായാമഥോ ദ്വാരി പുത്രമിന്ദ്രജിതം തഥാ
വ്യാദിദേശ മഹാമായം ബഹുഭീ രാക്ഷസൈർവൃതം. 19

തഥാ,	അപ്രകാരം തന്നെ,	ഇന്ദ്രജിതം	ഇന്ദ്രജിത്തിനെ
അഥോ	ആ സമയം,	ബഹുഭിഃ	അനേകം
പശ്ചിമായാം	പടിഞ്ഞാറെ	രാക്ഷസൈഃ	രാക്ഷസരാൽ
ദ്വാരി	കോട്ടവാതിൽക്കൽ	വൃതം	ചൂഴപ്പെട്ടവനായി
പുത്രം	പുത്രനായ	വ്യാദിദേശ.	നിയമിച്ചു.
മഹാമായം	മഹാമായാവിയായ		

ഉത്തരസ്യാം പുരദ്വാരി വ്യാദിശ്യ ശുകസാരണൌ
സ്വയം ചാത്ര ഭവിഷ്യാമി മന്ത്രിണസ്താനുവാച ഹ. 20

ഉത്തരസ്യാം	വടക്കെ	മന്ത്രിണഃ	മന്ത്രിമാരെനോക്കി
പുരദ്വാരി	ഗോപുരദ്വാരത്തിൽ	"സ്വയം	"ഞാനും
ശുകസാരണൌ	ശുകസാരണന്മാരെ	അത്ര ച	ഇവിടെത്തന്നെ
വ്യാദിശ്യ,	നിയമിച്ചശേഷം	ഭവിഷ്യാമി,"	വത്തിക്കുന്നുണ്ടു്,"
താൻ	ആ	ഉവാച ഹ.	ഉരചെയ്തു. [എന്നു്

രാക്ഷസം തു വിരൂപാക്ഷം മഹാവീര്യപരാക്രമം
മദ്ധ്യമേऽസ്ഥാപയദ്ഗുല്മേ ബഹുഭിഃ സഹ രാക്ഷസൈഃ. 21

മഹാവീര്യ-പരാക്രമം തു	അതിയായ വീര്യവും പൌരുഷവുമാന്ന	രാക്ഷസൈഃ സഹ	രാക്ഷസരോടുംകൂടി
വിരൂപാക്ഷം	വിരൂപാക്ഷനെന്ന	മദ്ധ്യമേ ഗുല്മേ	നടുവിലുള്ള കോട്ടയിൽ
രാക്ഷസം	രാക്ഷസനെ	അസ്ഥാപയത്.	നിൎത്തി.
ബഹുഭിഃ	അനേകം		

ഏവം വിധാനം ലങ്കായാം കൃത്വാ രാക്ഷസപുംഗവഃ
കൃതകൃത്യമിവാത്മാനം മന്യതേ കാലചോദിതഃ. 22

രാക്ഷസപുംഗവഃ,	രാക്ഷസശ്രേഷ്ഠൻ,	കാലചോദിതഃ,	കാലപ്രേരിതനായി,
ലങ്കായാം	ലങ്കയിൽ	ആത്മാനം	തന്നെത്താൻ
ഏവം	ഇപ്രകാരം	കൃതകൃത്യം ഇവ	വേണ്ടുന്നതെല്ലാം ചെയ്തവനെന്നു്
വിധാനം	ഏപ്പാടു	മന്യതേ.	കരുതിയിരിക്കയായി.
കൃത്വാ,	ചെയ്തു്,		

വിസൎജ്ജയാമാസ തതഃ സ മന്ത്രിണോ
വിധാനമാജ്ഞാപ്യ പുരസ്യ പുഷ്കലം
ജയാശിഷാ മന്ത്രിഗണേന പൂജിതോ
വിവേശ സോന്തഃപുരമൃദ്ധിമന്മഹത്. 23

സഃ	അവൻ
പുരസ്യ	നഗരത്തിന്ന്
പുഷ്കലം	വേണ്ടിടത്തോളം ധാരാളം
വിധാനം	ഏൎപ്പാട്
ആജ്ഞാപ്യ,	ചെയ്യാൻ ആജ്ഞാപിച്ചശേഷം,
മന്ത്രിഗണേന	മന്ത്രിസമൂഹത്താൽ
ജയാശിഷാ	'വിജയിപ്പൂതാക'എന്ന ആശീൎവ്വചനത്താൽ
പൂജിതഃ,	കൊണ്ടാടപ്പെട്ടവനായി
മന്ത്രിണഃ	മന്ത്രിമാരെ
വിസൎജ്ജയാമാസ;	വിടകൊടുത്തയച്ചു;
തതഃ	അതിൽപിന്നെ
മഹത് ച	ഏററവും
ഋദ്ധിമത്	സമ്പത്ത് സമൃദ്ധമായ
അന്തഃപുരം	അന്തഃപുരത്തിൽ
വിവേശ.	പ്രവേശിച്ചു.

ഇത്യാൎഷേ ശ്രീമദ്രാമായണേ വാല്മീകീയേ ആദികാവ്യേ യുദ്ധകാണ്ഡേ
ഷട്ത്രിംശഃ സൎഗ്ഗഃ = മുപ്പത്താറാംസൎഗ്ഗം സമാപ്തം.
ആദ്യംമുതൽ ശ്ലോകസംഖ്യ **16044**; യുദ്ധകാണ്ഡം ആദ്യംമുതൽ ശ്ലോകസംഖ്യ **1369**.

സപ്തത്രിംശഃ സൎഗ്ഗഃ = മുപ്പത്തേഴാംസൎഗ്ഗം.

[വാനരസൈന്യഗുപ്തിവിധാനം = വാനരസൈന്യരക്ഷ ഏൎപ്പെടുത്തുന്നത്.]

നരവാനരരാജൌ തൌ സ ച വായുസുതഃ കപിഃ
ജാംബവാനൃക്ഷരാജശ്ച രാക്ഷസശ്ച വിഭീഷണഃ 1
അംഗദോ വാലിപുത്രശ്ച സൌമിത്രിഃ ശരഭഃ കപിഃ
സുഷേണഃ സഹദായാദോ മൈന്ദോ ദ്വിവിദ ഏവ ച. 2
ഗജോ ഗവാക്ഷഃ കുമുദോ നളോऽഥ പനസസ്തഥാ
അമിത്രവിഷയം പ്രാപ്താഃ സമവേതാഃ സമൎത്ഥയൻ. 3

തൌ നരവാനരരാജൌ	ആ നൃപതിയും വാനരരാജാവും
വായുസുതഃ	വായുപുത്രനും
കപിഃ	വാനരനുമായ
സഃ ച	ആ ഹനുമാനും
ഋക്ഷരാജഃ	ഋക്ഷരാജാവായ
ജാംബവാൻ ച,	ജാംബവാനും,
രാക്ഷസഃ	രാക്ഷസനായ
വിഭീഷണഃ ച	വിഭീഷണനും
വാലിപുത്രഃ	ബാലിസുതനായ
അംഗദഃ ച	അംഗദനും,
സൌമിത്രിഃ	ലക്ഷ്മണനും,
ശരഭഃ	ശരഭനെന്ന
കപിഃ,	വാനരനും,
സഹദായാദഃ	ബന്ധുസമേതനായ
സുഷേണഃ,	സുഷേണനും,
മൈന്ദഃ ച	മൈന്ദനും
ദ്വിവിദഃ ഏവ,	ദ്വിവിദനും,
ഗജഃ	ഗജനും
ഗവാക്ഷഃ	ഗവാക്ഷനും,
കുമുദഃ	കുമുദനും
നളഃ അഥ	നളനും
പനസഃ തഥാ,	പനസനും,
അമിത്രവിഷയം	ശത്രുരാജ്യത്തെ
പ്രാപ്താഃ,	പ്രാപിച്ചവരായി,
സമവേതാഃ	ഒന്നിച്ചുകൂടി
സമൎത്ഥയൻ.	ഇങ്ങിനെ തമ്മിൽ പറഞ്ഞു.

ഇയം സാ ലക്ഷ്യതേ ലങ്കാ പുരീ രാവണപാലിതാ
സാസുരോരഗഗന്ധർവ്വൈരമരൈരപി ദുർജ്ജയാ. 4

"രാവണപാലിതാ	"രാവണനാൽ പരിപാലിക്കപ്പെട്ടതും	അമരൈഃ അപി	ദേവന്മാരാലും
സാസുരോരഗഗന്ധർവ്വൈഃ	അസുരന്മാർ, ഉരഗങ്ങൾ, ഗന്ധർവ്വന്മാരെന്നവരോടുകൂടിയ	ദുർജ്ജയാ	ജയിക്കപ്പെടുവാൻ കഴിയാത്തതും ആയ
		സാ ലങ്കാ പുരീ	ആ ലങ്കാനഗരം
		ഇയം ലക്ഷ്യതേ.	ഇതാ കാണപ്പെടുന്നു.

കാര്യസിദ്ധിം പുരസ്കൃത്യ മന്ത്രയധ്വം വിനിർണ്ണയേ. 5

"കാര്യസിദ്ധിം	"കാര്യസിദ്ധിയെ	വിനിർണ്ണയേ	മുൻകൂട്ടിവേണ്ടതായ ഏർപ്പാടുകളുടെ സംഗതിയിൽ
പുരസ്കൃത്യ,	മുൻനിർത്തിക്കൊണ്ടു്,	മന്ത്രയധ്വം.	നിങ്ങൾ വേണ്ടുംവണ്ണം ആലോചിച്ചാലും.

നിത്യം സന്നിഹിതോ ഹ്യത്ര രാവണോ രാക്ഷസാധിപഃ. 6

"രാക്ഷസാധിപഃ	"രാക്ഷസാധിപനായ	നിത്യം	എപ്പോഴും
രാവണഃ	രാവണൻ		
അത്ര ഹി	ഇതിൽത്തന്നെയാണ്	സംനിഹിതഃ."	ഉള്ളതു്."

തഥാ തേഷു ബ്രുവാണേഷു രാവണാവരജോऽബ്രവീത്
വാക്യമഗ്രാമ്യപദവത് പുഷ്കലാർത്ഥം വിഭീഷണഃ 7

തഥാ	മേൽപ്രകാരം	അഗ്രാമ്യപദവത്	പരിഷ്കൃതമായ വാക്കുകളോടുകൂടിയതും
തേഷു	അവർ		
ബ്രുവാണേഷു,	പറഞ്ഞുകൊണ്ടിരിക്കെ,	പുഷ്കലാർത്ഥം	സാരബഹുളവും ആയ
രാവണാവരജഃ	രാവണാനുജനായ	വാക്യം	വാക്യത്തെ
വിഭീഷണഃ	വിഭീഷണൻ	അബ്രവീത്.	ഇങ്ങിനെ ഉരചെയ്തു.

അനലഃ ശരഭശ്ചൈവ സംപാതിർവ്വിഹഗസ്തഥാ
ഗത്വാ ലങ്കാം മഹാമാത്യാഃ പുരീം പുനരിഹാഗതാഃ 8
ഭൂത്വാ ശകുനയഃ സർവ്വേ പ്രവിഷ്ടാശ്ച രിപോർബലം
വിധാനം വിഹിതം യച്ച തദ്ദൃഷ്ട്വാ സമുപസ്ഥിതാഃ. 9

"അനലഃ	"അനലനും	രിപോഃ	ശത്രുവിന്റെ
ശരഭഃ ച	ശരഭനും	ബലം	സൈന്യത്തെ
സംപാതിഃ ഏവ	സമ്പാതിയും	സമുപസ്ഥിതാഃ	സമീപിച്ചവരായി
വിഹഗഃ തഥാ	വിഹഗനും ആയ	പ്രവിഷ്ടാഃ ച,	പ്രവേശിച്ചു്,
മഹാമാത്യാഃ	(എന്റെ) മന്ത്രിശ്രേഷ്ഠന്മാർ	വിഹിതം	ചെയ്യപ്പെട്ടിരിക്കുന്ന
സർവ്വേ	എല്ലാവരും	വിധാനം യത്	ഏർപ്പാടു് യാതൊന്നോ
ശകുനയഃ ഭൂത്വാ,	പക്ഷികളുടെ വടിവു കയ്ക്കൊണ്ടു്,	തത് ച	അതെല്ലാററിനേയും
		ദൃഷ്ട്വാ,	കണ്ടറിഞ്ഞു്,
ലങ്കാം പുരീം	ലങ്കാപുരത്തിൽ	പുനഃ ഇഹ	വീണ്ടും ഇവിടെ
ഗത്വാ,	ചെന്നു്,	ആഗതാഃ.	എത്തിയിരിക്കുന്നു.

സംവിധാനം യദാഹുസ്തേ രാവണസ്യ ദുരാത്മനഃ
രാമ തദ്ബ്രുവതഃ സർവ്വം യഥാ തത്ത്വേന മേ ശൃണു. 10

"രാമ!	"ശ്രീരാമ!	ആഹുഃ,	ഉരചെയ്തുവോ,
ദുരാത്മനഃ	ദുഷ്ടാത്മാവായ	തത് സർവ്വം	അതെല്ലാററിനേയും
രാവണസ്യ	രാവണന്റെ	യഥാ തത്ത്വേന	കേട്ടപോലെ തന്നെ
യത്	യാതൊരു	ബ്രുവതഃ	ഉണർത്തിക്കുന്നവനായ
സംവിധാനം	ഏർപ്പാടിനെക്കുറിച്ച്	മേ ശൃണു.	എനിക്ക് ചെവിയരുളിയാലും.
തേ	അവർ		

പൂർവ്വം പ്രഹസ്തഃ സബലോ ദ്വാരമാസാദ്യ തിഷ്ഠതി 11
ദക്ഷിണം ച മഹാവീര്യൌ മഹാപാർശ്വമഹോദരൌ. 12

"പ്രഹസ്തഃ	"പ്രഹസ്തൻ	മഹാവീര്യൌ	മഹാ പരാക്രമശാലികളായ
സബലഃ	സൈന്യസമേതനായി		
പൂർവ്വം ദ്വാരം	കിഴക്കെ ഗോപുരവാതിലിനെ	മഹാപാർശ്വമഹോദരൌ	മഹാപാർശ്വ മഹോദരന്മാർ
ആസാദ്യ	പ്രാപിച്ച്		
തിഷ്ഠതി;	നില്ക്കുന്നു;	ദക്ഷിണം ച.	തെക്കേതിലും നില്ക്കുന്നു.

ഇന്ദ്രജിത് പശ്ചിമദ്വാരം രാക്ഷസൈർബ്ബഹുഭിർവൃതഃ
പട്ടിശാസിധനുഷ്മദ്ഭിഃ ശൂലമുദ്ഗരപാണിഭിഃ
നാനാപ്രഹരണൈഃ ശൂരൈരാവൃതോ രാവണാത്മജഃ. 13

"പട്ടിശാസിധനുഷ്മദ്ഭിഃ	"കുന്തം, വാൾ, വില്ല് എന്നവ ധരിച്ചവരും	ബഹുഭിഃ	പല
		രാക്ഷസൈഃ	രാക്ഷസരാൽ
ശൂലമുദ്ഗരപാണിഭിഃ	ശൂലം മുൾത്തടി എന്നവ കയ്യിലേന്തിയവരും	ആവൃതഃ	ചൂഴപ്പെട്ടവനായ
		രാവണാത്മജഃ	രാവണപുത്രനായ
നാനാപ്രഹരണൈഃ	പല ആയുധങ്ങളാർന്നവരും	ഇന്ദ്രജിത്	ഇന്ദ്രജിത്ത്
		പശ്ചിമദ്വാരം	പടിഞ്ഞാറെ ദ്വാരത്തെ
ശൂരൈഃ	ശൂരന്മാരുമായ	വൃതഃ.	ആശ്രയിച്ചിരിക്കുന്നു.

രാക്ഷസാനാം സഹസ്രൈസ്തു ബഹുഭിഃ ശസ്ത്രപാണിഭിഃ
യുക്തഃ പരമസംവിഗ്നോ രാക്ഷസൈർബ്ബഹുഭിർവൃതഃ
ഉത്തരം നഗരദ്വാരം രാവണഃ സ്വയമാസ്ഥിതഃ. 14

"ശസ്ത്രപാണിഭിഃ	"ആയുധപാണികളായ	ബഹുഭിഃ	അനവധി
		രാക്ഷസൈഃ	രാക്ഷസന്മാരാൽ
രാക്ഷസാനാം	രാക്ഷസന്മാരുടെ	വൃതഃ,	ചൂഴപ്പെട്ടവനായി,
ബഹുഭിഃ	അസംഖ്യം	ഉത്തരം	വടക്കെ
സഹസ്രൈഃ	സഹസ്രങ്ങളോടു	നഗരദ്വാരം	നഗരവാതില്ക്കൽ
യുക്തഃ തു,	കൂടിയവനായ്ത്തന്നെ	രാവണഃ	രാവണൻ
പരമസംവിഗ്നഃ	ഏററം ഉള്ളം കലങ്ങിയവനായി	സ്വയം	താൻതന്നെ
		ആസ്ഥിതഃ.	കാത്തുനില്ക്കുന്നു.

വിരൂപാക്ഷസ്തു മഹതാ ശൂലഖഡ്ഗധനുഷ്മതാ
ബലേന രാക്ഷസൈഃ സാർദ്ധം മദ്ധ്യമം ഗുല്മമാസ്ഥിതഃ. 15

"വിരൂപാക്ഷഃ തു	"വിരൂപാക്ഷനും
ശൂലഖഡ്ഗധനുഷ്മതാ	ശൂലം, വാൾ, വില്ല് എന്നവയാന്ന
മഹതാ	വമ്പിച്ച
ബലേന	സേനയോടും
രാക്ഷസൈഃ സാർദ്ധം	രാക്ഷസരോടുംകൂടി
മദ്ധ്യമം ഗുല്മം	നടുവിലുള്ള കോട്ടയിൽ
ആസ്ഥിതഃ.	നിന്നു.

ഏതാനേവംവിധാൻ ഗുല്മാൻ ലങ്കായാം സമുദീക്ഷ്യ തേ
മാമകാഃ സചിവാഃ സർവ്വേ പുനഃ ശീഘ്രമിഹാഗതാഃ 16

"തേ	"ആ
മാമകാഃ	എന്റെ
സചിവാഃ	മന്ത്രിമാർ
സർവ്വേ,	എല്ലാവരും,
ലങ്കായാം	ലങ്കയിൽ
ഏവംവിധാൻ	മേൽപ്രകാരമുള്ള
ഏതാൻ ഗുല്മാൻ	ഈ രക്ഷകളെ
സമുദീക്ഷ്യ,	നോക്കിക്കണ്ട്
ശീഘ്രം	വേഗത്തിൽ
പുനഃ	തിരിയെ
ഇഹ	ഇങ്ങോട്ട്
ആഗതാഃ.	വന്നുകളഞ്ഞു.

ഗജാനാം ച സഹസ്രം ച രഥാനാമയുതം പുരേ
ഹയാനാമയുതേ ദ്വേ ച സാഗ്രകോടിശ്ച രക്ഷസാം 17

"പുരേ ച	"ഓരോ കോട്ടയിലും
ഗജാനാം സഹസ്രം ച	ആയിരം ആനകളും
രഥാനാം അയുതം	പതിനായിരം തേരുകളും
ഹയാനാം ദ്വേ അയുതേ ച	കുതിരപ്പടയാളികൾ ഇരുപതിനായിരവും
രക്ഷസാം സാഗ്രകോടിഃ ച.	തികച്ചും കോടി രാക്ഷസന്മാരും തെയ്യാറുണ്ട്.

വിക്രാന്താ ബലവന്തശ്ച സംയുഗേഷ്വാതതായിനഃ
ഇഷ്ടാ രാക്ഷസരാജസ്യ നിത്യമേതേ നിശാചരാഃ. 18

"ഏതേ	"ഈ
നിശാചരാഃ	രാക്ഷസന്മാർ
വിക്രാന്താഃ	മഹാവിക്രമശാലികളും
ബലവന്തഃ	അതിബലവാന്മാരും
സംയുഗേഷു	യുദ്ധങ്ങളിൽ
ആതതായിനഃ ച	കൊല്ലുവാൻ മടിക്കാത്തവരുമായി
രാക്ഷസരാജസ്യ	രക്ഷോനായകന്ന്
നിത്യം	എന്നും
ഇഷ്ടാഃ.	എന്തും ചെയ്യാൻ സന്നദ്ധരായവരാകുന്നു.

ഏകൈകസ്യാത്ര യുദ്ധാർത്ഥേ രാക്ഷസസ്യ വിശാംപതേ
പരിവാരഃ സഹസ്രാണാം സഹസ്രമുപതിഷ്ഠതേ. 19

"വിശാംപതേ!	"മഹാരാജാവേ!
അത്ര	ഇതിൽ
ഏകൈകസ്യ	ഓരോ
രാക്ഷസസ്യ	രാക്ഷസനും
യുദ്ധാർത്ഥേ	പോരിൽ സഹായത്തിന്നായി
സഹസ്രാണാം സഹസ്രം	പത്തുലക്ഷം
പരിവാരഃ	പരിവാരം
ഉപതിഷ്ഠതേ."	തയ്യാറായുണ്ട്."

ഏതാം പ്രവൃത്തിം ലങ്കായാം മന്ത്രിപ്രോക്താം വിഭീഷണഃ
ഏവമുക്ത്വാ മഹാബാഹു രാക്ഷസാംസ്താനദൎശയത്. 20

മഹാബാഹുഃ	മഹാബാഹുവായ	ഏവം	ഇപ്രകാരം
വിഭീഷണഃ	വിഭീഷണൻ	ഉക്ത്വാ,	ഉണൎത്തിച്ചശേഷം,
മന്ത്രിപ്രോക്താം	മന്ത്രിമാരാൽ പറയപ്പെ[ട്ടതായ	താൻ	ആ
ലങ്കായാം	ലങ്കയിലുള്ള	രാക്ഷസാൻ	രാക്ഷസന്മാരെ
ഏതാം പ്രവൃത്തിം	ഈ വൎത്തമാനത്തെ	അദൎശയത്.	തിരുമുമ്പിൽവരുത്തി.

ലങ്കായാം സചിവൈഃ സൎവ്വം രാമായ പ്രത്യവേദയത്. 21

ലങ്കായാം	ലങ്കയുടെ സംഗതിയിൽ	സചിവൈഃ	മന്ത്രിമാരെക്കൊണ്ട്
		രാമായ	ശ്രീരാമനോടായി
സൎവ്വം	എല്ലാററിനേയുംകുറിച്ച്	പ്രത്യവേദയത്.	ഉണൎത്തിച്ചു.

രാമം കമലപത്രാക്ഷമിദമുത്തരമബ്രവീത്
രാവണാവരജഃ ശ്രീമാൻ രാമപ്രിയചികീൎഷയാ. 22

രാവണാവരജഃ	രാവണാനുജനും	ഉത്തരം	മേൽ വേണ്ടതിനെക്കുറി[ച്ച്
ശ്രീമാൻ.	ശ്രീമാനുമായ വിഭീഷണൻ,	ഇദം	ഇപ്രകാരം
		കമലപത്രാക്ഷം	ചെന്താർനേത്രനായ
രാമപ്രിയചികീൎഷയാ	ശ്രീരാമനു ഹിതംചെയ്യാനുള്ള ഉദ്ദേശത്താൽ	രാമം	ശ്രീരാമനോടായി
		അബ്രവീത്.	ഉണൎത്തിച്ചു.

കുബേരം തു യദാ രാമ രാവണഃ പ്രത്യയുധ്യത
ഷഷ്ടിഃ ശതസഹസ്രാണി തദാ നിൎയ്യാന്തി രാക്ഷസാഃ. 23

"രാമ!	"ശ്രീരാമ!	തദാ	അപ്പോൾ
രാവണഃ	രാവണൻ	ഷഷ്ടിഃ ശതസഹസ്രാണി	അറുപതുലക്ഷം
യദാ	എപ്പോൾ		
കുബേരം	കുബേരനെ	രാക്ഷസാഃ തു	രാക്ഷസന്മാരും
പ്രത്യയുധ്യത	എതിൎത്ത് യുദ്ധംചെയ്തുവോ	നിൎയ്യാന്തി.	പുറപ്പെടുകയായി.

പരാക്രമേണ വീൎയ്യേണ തേജസാ സത്വഗൌരവാത്
സദൃശാ യേഽത്ര ദൎപ്പേണ രാവണസ്യ ദുരാത്മനഃ. 24

"അത്ര	"ഇവിടെയുള്ള	തേജസാ	തേജസ്സുകൊണ്ടും
യേ,	യാതൊരു അവർ,	ദൎപ്പേണ	അഹങ്കാരംകൊണ്ടും
പരാക്രമേണ	പരാക്രമംകൊണ്ടും	ദുരാത്മനഃ	ദുരാത്മാവായ
വീൎയ്യേണ	വീൎയ്യംകൊണ്ടും	രാവണസ്യ	രാവണന്റെ
സത്വഗൌരവാത്,	ധൈൎയ്യത്തിന്റെ ആധിക്യംകൊണ്ടും	സദൃശാഃ.	തുല്യന്മാരാകുന്നു.

അത്ര മന്യുൎന്ന കൎത്തവ്യോ രോഷയേ ത്വാം ന ഭീഷയേ. 25

"അത്ര	"ഇപ്പറയുന്നതിൽ
മന്യുഃ	കോപം
കൎത്തവ്യഃ ന;	ഉൾക്കൊള്ളാതിരുന്നാലും;
ത്വാം	നിന്തിരുവടിയെ
രോഷയേ;	ഞാൻ ചൊടിപ്പിക്കുകയാണ്;
ഭീഷയേ ന.	ഭയപ്പെടുത്തുകയല്ല.

സമൎത്ഥോ ഹ്യസി വീൎയ്യേണ സുരാണാമപി നിഗ്രഹേ. 26

"വീൎയ്യേണ	"നിജപൌരുഷംകൊണ്ട്
സുരാണാം അപി	ദേവന്മാരുടെ
നിഗ്രഹേ	ഊക്കിനെ ഒതുക്കുന്നതിലും
സമൎത്ഥഃ അസി ഹി.	നിന്തിരുവടി സമൎത്ഥൻ തന്നെയാണെന്നുള്ളതിൽ സംശയമില്ല.

തദ് ഭവാംശ്ചതുരംഗേണ ബലേന മഹതാ വൃതഃ
വ്യൂഹ്യേദം വാനരാനീകം നിൎമ്മഥിഷ്യതി രാവണം. 27

"തത്	"ഇപ്പോൾ
ഇദം	ഈ
വാനരാനീകം	വാനരസേനയെ
വ്യൂഹ്യ,	അണിനിരത്തി,
മഹതാ	വമ്പിച്ചതായ
ചതുരംഗേണ ബലേന	ചതുരംഗസൈന്യത്താൽ
വൃതഃ	ചൂഴപ്പെട്ടവനായി
രാവണം	രാവണനെ
നിൎമ്മഥിഷ്യതി."	നിന്തിരുവടി മട്ടിക്കുന്നതാണ്."

രാവണാവരജേ വാക്യമേവം ബ്രുവതി രാഘവഃ
ശത്രൂണാം പ്രതിഘാതാൎത്ഥമിദം വചനമബ്രവീത്. 28

രാവണാവരജേ	രാവണാനുജൻ
ഏവം	ഇപ്രകാരം
വാക്യം	വാക്യത്തെ
ബ്രുവതി	ഉണൎത്തിച്ചാറെ
രാഘവഃ	ശ്രീരാഘവൻ
ശത്രൂണാം	ശത്രുക്കളെ
പ്രതിഘാതാൎത്ഥം	നശിപ്പിക്കുന്ന കാൎയ്യത്തിൽ
ഇദം	ഇപ്രകാരം
വചനം അബ്രവീത്.	അരുളിച്ചെയ്തു.

പൂൎവ്വദ്വാരേ തു ലങ്കായാ നീലോ വാനരപുംഗവഃ
പ്രഹസ്തപ്രതിയോദ്ധാ സ്യാദ്വാനരൈൎബ്ബഹുഭിൎവൃതഃ. 29

"ലങ്കായാഃ	"ലങ്കയിലുള്ള
പൂൎവ്വദ്വാരേ	കിഴക്കെ ഗോപുരദ്വാരത്തിൽ
വാനരപുംഗവഃ	വാനരോത്തമനായ
നീലഃ	നീലൻ
ബഹുഭിഃ	അനേകം
വാനരൈഃ	വാനരന്മാരാൽ
വൃതഃ തു	ചൂഴപ്പെട്ടവനായി
പ്രഹസ്തപ്രതിയോദ്ധാ സ്യാത്.	പ്രഹസ്തന്ന് എതിരാളിയായി നില്ക്കട്ടെ.

അംഗദോ വാലിപുത്രസ്തു ബലേന മഹതാ വൃതഃ
ദക്ഷിണേ ബാധതാം ദ്വാരേ മഹാപാർശ്വമഹോദരൌ. 30

" വാലിപുത്രഃ	" ബാലിപുത്രനായ	ദക്ഷിണേ	തെക്കെ
അംഗദഃ	അംഗദൻ	ദ്വാരേ	കോട്ടവാതിൽക്കൽ
മഹതാ	വമ്പിച്ച	മഹാപാർശ്വ-മഹോദരൌ	മഹാപാർശ്വനേയും മഹോദരനേയും
ബലേന	സൈന്യത്താൽ	ബാധതാം.	എതിക്കട്ടെ.
വൃതഃ തു,	ചൂഴപ്പെട്ടവനായും,		

ഹനുമാൻ പശ്ചിമദ്വാരം നിപീഡ്യ പവനാത്മജഃ
പ്രവിശത്വപ്രമേയാത്മാ ബഹുഭിഃ കപിഭിർവൃതഃ. 31

" പവനാത്മജഃ	" വായുസുതനും	കപിഭിഃ	വാനരന്മാരാൽ
അപ്രമേയാത്മാ	അളവററ പൌരുഷമാന്നവനുമായ	വൃതഃ	ചൂഴപ്പെട്ടവനായി
ഹനുമാൻ	ഹനുമാൻ	പശ്ചിമദ്വാരം	പടിഞ്ഞാറെ ഗോപുരത്തിൽ
ബഹുഭിഃ	അനേകം	നിപീഡ്യ	എതിർത്ത്
		പ്രവിശതു.	പ്രവേശിക്കട്ടെ.

ദൈത്യദാനവസംഘാനാമൃഷീണാം ച മഹാത്മനാം
വിപ്രകാരപ്രിയഃ ക്ഷുദ്രോ വരദാനബലാന്വിതഃ 32
പരിക്രാമതി യഃ സർവ്വാൻ ലോകാൻ സന്താപയൻ പ്രജാഃ
തസ്യാഹം രാക്ഷസേന്ദ്രസ്യ സ്വയമേവ വധേ ധൃതഃ. 33

" യഃ	" യാതൊരു	സന്താപയൻ	തപിപ്പിച്ചുംകൊണ്ട്
ക്ഷുദ്രഃ,	അല്പനായവൻ,	സർവ്വാൻ ലോകാൻ	എല്ലാലോകങ്ങളിലും
വരദാന-ബലാന്വിതഃ	വരദാനത്താൽ ഗർവ്വമുൾക്കൊണ്ടവനായി	പരിക്രാമതി,	സഞ്ചരിക്കുന്നുവോ,
ദൈത്യദാനവ-സംഘാനാം	ദൈത്യന്മാർക്കും ദാനവന്മാർക്കും	തസ്യ	അപ്രകാരമുള്ള
മഹാത്മനാം	മഹാത്മാക്കളായ	രാക്ഷസേന്ദ്രസ്യ	രക്ഷോനാഥന്റെ
ഋഷീണാം ച	ഋഷികൾക്കും	വധേ	വധത്തിൽ
വിപ്രകാര-പ്രിയഃ	ദ്രോഹം വിളയിക്കുന്നതിൽ താല്പര്യമുള്ളവനോ,	അഹം സ്വയം ഏവ	ഞാൻ നേരിൽതന്നെ
പ്രജാഃ	പ്രജകളെ	ധൃതഃ.	ദൃഢവ്രതം പൂണ്ടവനായിരിക്കുന്നു.

ഉത്തരം നഗരദ്വാരമഹം സൌമിത്രിണാ സഹ
നിപീഡ്യാഭിപ്രവേക്ഷ്യാമി സബലോ യത്ര രാവണഃ. 34

" അഹം	" ഞാൻ	ഉത്തരം	ആ വടക്കെ
സൌമിത്രിണാ സഹ	ലക്ഷ്മണനോടുംകൂടി,	നഗരദ്വാരം	ഗോപുരദ്വാരത്തെ
രാവണഃ	രാവണൻ	നിപീഡ്യ	എതിർത്ത്
സബലഃ	സൈന്യസമേതനായി	അഭി-പ്രവേക്ഷ്യാമി.	അകത്തുപ്രവേശിക്കാം.
യത്ര,	എവിടെയുണ്ടോ,		

വാനരേന്ദ്രശ്ച ബലവാനൃക്ഷരാജശ്ച വീൎയ്യവാൻ
രാക്ഷസേന്ദ്രാനുജശ്ചൈവ ഗുല്മേ ഭവതു മധ്യമേ. 35

" ബലവാൻ	" ബലവാനായ
വാനരേന്ദ്രഃ ച	വാനരേന്ദ്രനായ സുഗ്രീവനും
മധ്യമേ ഗുല്മേ	സൈന്യമധ്യവ്യൂഹത്തിൽ
ഭവതു;	സ്ഥിതിചെയ്യട്ടെ;
വീൎയ്യവാൻ	വീൎയ്യശാലിയായ
ഋക്ഷരാജഃ ച	ജാംബവാനും,
രാക്ഷസേന്ദ്രാനുജഃ ഏവ ച.	രാക്ഷസേന്ദ്രാനുജനായ വിഭീഷണനും അപ്രകാരംതന്നെ സൈന്യമധ്യത്തിൽ സ്ഥിതിചെയ്യട്ടെ.

ന ചൈവ മാനുഷം രൂപം കാൎയ്യം ഹരിഭിരാഹവേ. 36
ഏഷാ ഭവതു സംജ്ഞാ നോ യുദ്ധേऽസ്മിൻ വാനരേ ബലേ 37

" ആഹവേ	" പോരിൽ
ഹരിഭിഃ	വാനരന്മാരാൽ
മാനുഷം രൂപം	മനുഷ്യരൂപം
ന കാൎയ്യം;	കയ്ക്കൊള്ളുവാൻ പാടുള്ളതല്ല;
അസ്മിൻ	ഈ
യുദ്ധേ	യുദ്ധത്തിൽ,
വാനരേ ബലേ	വാനരസൈന്യത്തിൽ
ഏഷാ ച	ഇതുതന്നെ
നഃ ഏവ	നമുക്കെല്ലാം
സംജ്ഞാ	തമ്മിലറിവാനുള്ള സംജ്ഞയായി
ഭവതു.	ഇരിക്കട്ടെ.

[വാനരന്മാരും രാക്ഷസന്മാരും കാമരൂപികളാകയാൽ എല്ലാവരും മനുഷ്യരൂപമോ മററു രൂപമോ കയ്ക്കൊണ്ടാൽ ശത്രുമിത്രങ്ങളെ തിരിച്ചറിയുന്നതു് പ്രയാസമായിത്തീരുന്നതിനാൽ, വാനരന്മാരാരും മനുഷ്യരൂപം കയ്ക്കൊള്ളരുതെന്നു് സംജ്ഞയായിരിക്കേണമെന്നു പറയുന്നു. വാനരരൂപം നികൃഷ്ടമാകയാൽ രാക്ഷസർ സ്വീകരിക്കയുമില്ല. (ഗോ. ൨൦).]

വാനരാ ഏവ നശ്ചിഹ്നം സ്വജനേऽസ്മിൻ ഭവിഷ്യതി. 38

" അസ്മിൻ	" ഇതിൽ
സ്വജനേ,	സ്വജനമേതെന്ന് അറിവാനുള്ള സംഗതിയിൽ,
വാനരാഃ ഏവ	വാനരന്മാരായിരിക്കുക എന്നതുതന്നെയാണ്
നഃ	നമുക്ക്
ചിഹ്നം	എളുപ്പത്തിൽ അറിവാനുള്ള അടയാളമായി
ഭവിഷ്യതി.	ഇരിക്കുക.

വയം തു മാനുഷേണൈവ സപ്ത യോത്സ്യാമഹേ പരാൻ
അഹമേഷ സഹ ഭ്രാത്രാ ലക്ഷ്മണേന മഹൌജസാ
ആത്മനാ പഞ്ചമശ്ചായം സഖാ മമ വിഭീഷണഃ. 39

" മഹൌജസാ	" മഹാവീൎയ്യശാലിയായ
ഭ്രാത്രാ	അനുജൻ
ലക്ഷ്മണേന സഹ	ലക്ഷ്മണനൊന്നിച്ച്
ഏഷഃ	ഈ
അഹം,	ഞാനും,
ആത്മനാ	തന്നെക്കൊണ്ട്
പഞ്ചമഃ	അഞ്ചാമനായുള്ള
മമ	എന്റെ
സഖാ	സുഹൃത്തായ

അയം	ഈ	മാനുഷേണ ഏവ	മനുഷ്യരൂപത്തോടുകൂടി തന്നെ
വിഭീഷണഃ ച,	വിഭീഷണനും,	പരാൻ	ശത്രുക്കളുമായി
വയം	ഇങ്ങിനെ ഞങ്ങൾ	യോത്സ്യാമഹേ."	യുദ്ധംചെയ്യാം."
സപ്ത തു	ഏഴുപേർമാത്രം		

[വിഭീഷണനും നാലു രാക്ഷസമന്ത്രിമാരും മനുഷ്യരൂപത്തിൽതന്നെയായിരുന്നു ആ സമയം വർത്തിച്ചിരുന്നതു് എന്നു ഗ്രാഹ്യം. അവരും രാമലക്ഷ്മണന്മാരും, ഈ ഏഴുപേർ മാത്രം മനുഷ്യരൂപത്തിലിരിക്കമെന്നും എല്ലാവരും സംജ്ഞയായി വെച്ചുകൊള്ളേണ്ടതാണെന്നും പറയുന്നു]

സ രാമഃ കൃത്യസിദ്ധ്യർത്ഥമേവമുക്ത്വാ വിഭീഷണം
സുവേലാരോഹണേ ബുദ്ധിം ചകാര മതിമാൻ പ്രഭുഃ
രമണീയതരം ദൃഷ്ട്വാ സുവേലസ്യ ഗിരേസ്തടം. 40

പ്രഭുഃ	അജ്ഞാകരനും	സുവേലസ്യ ഗിരേഃ തടം	സുവേലപർവ്വതത്തിന്റെ താഴ്വരയെ
മതിമാൻ	മതിമാനുമായ	രമണീയതരം	അതിമനോഹരമായിരിക്കുന്നതായി
സഃ രാമഃ,	ആ ശ്രീരാമൻ,	ദൃഷ്ട്വാ,	കണ്ടു്,
വിഭീഷണം	വിഭീഷണനോടായി	സുവേലാരോഹണേ	സുവേലഗിരിയിൽ കയറുവാനായി
കൃത്യസിദ്ധ്യർത്ഥം	കാര്യസാദ്ധ്യത്തിന്നു വേണ്ടി	ബുദ്ധിം ചകാര.	അഗ്രഹിച്ചു.
ഏവം	ഇപ്രകാരം		
ഉക്ത്വാ,	അരുളിച്ചെയ്തു്,		

തതസ്തു രാമോ മഹതാ ബലേന
പ്രച്ഛാദ്യ സർവ്വാം പൃഥിവീം മഹാത്മാ
പ്രഹൃഷ്ടരൂപോഽഭിജഗാമ ലങ്കാം
കൃത്വാ മതിം സോഽരിവധേ മഹാത്മാ. 41

തതഃ,	അപ്പോൾ,	മതിം കൃത്വാ,	നിശ്ചയംപൂണ്ടു്,
മഹാത്മാ	മഹാത്മാവും	മഹതാ	വമ്പിച്ച
പ്രഹൃഷ്ടരൂപഃ തു	പ്രകൃത്യാ ഉത്സാഹശീലനും ആയ	ബലേന	സൈന്യത്താൽ
മഹാത്മാ	മഹാത്മാവായ	പൃഥിവീം	ഭൂമിയെ
സഃ	ആ	സർവ്വാം	മുഴുവനും
രാമഃ,	ശ്രീരാമൻ,	പ്രച്ഛാദ്യ,	മറച്ചുകൊണ്ടു്,
അരിവധേ	ശത്രുസംഹാരത്തിൽ	ലങ്കാം	ലങ്കയ്ക്കുനേരെ
		അഭിജഗാമ.	എഴുന്നെള്ളി.

ഇത്യാർഷേ ശ്രീമദ്രാമായണേ വാല്മീകീയേ ആദികാവ്യേ യുദ്ധകാണ്ഡേ
സപ്തത്രിംശഃ സർഗ്ഗഃ = മുപ്പത്തേഴാംസർഗ്ഗം സമാപ്തം.

ആദ്യംമുതൽ ശ്ലോകസംഖ്യ 16085; യുദ്ധകാണ്ഡം ആദ്യംമുതൽ ശ്ലോകസംഖ്യ 1410

അഷ്ടത്രിംശഃ സൎഗ്ഗഃ = മുപ്പത്തെട്ടാംസൎഗ്ഗം.

[സുവേലാരോഹണം = സുവേലപൎവ്വതത്തിൽ കയറിച്ചെല്ലുന്നതു്.]

സ തു കൃത്വാ സുവേലസ്യ മതിമാരോഹണം പ്രതി
ലക്ഷ്മണാനുഗതോ രാമഃ സുഗ്രീവമിദമബ്രവീത് 1
വിഭീഷണം ച ധൎമ്മജ്ഞമനുരക്തം നിശാചരം
മന്ത്രജ്ഞം ച വിധിജ്ഞം ച ശ്ലക്ഷ്ണയാ പരയാ ഗിരാ 2

ലക്ഷ്മണാനുഗതഃ	ലക്ഷ്മണനാൽ പിൻതുടരപ്പെട്ട
സഃ രാമഃ,	ആ ശ്രീരാമൻ,
സുവേലസ്യ	സുവേലപൎവ്വതത്തിൽ
ആരോഹണം പ്രതി	കയറുന്നതിന്നായി
മതിം കൃത്വാ,	ആലോചിച്ചു്,
സുഗ്രീവം,	സുഗ്രീവനേയും,
ധൎമ്മജ്ഞം	ധൎമ്മജ്ഞനും
അനുരക്തം	ഭക്തനും
നിശാചരം ച	രാക്ഷസനും
മന്ത്രജ്ഞം ച	ആലോചനയിൽ നിപുണനും
വിധിജ്ഞം ച	ആചാരവിദഗ്ദ്ധനും ആയ
വിഭീഷണം തു,	വിഭീഷണനേയും നോക്കി,
പരയാ	ഏററവും
ശ്ലക്ഷ്ണയാ	മധുരമായ
ഗിരാ	വാക്കുകൊണ്ടു്
ഇദം അബ്രവീത്.	ഇങ്ങിനെ അരുൾചെയ്തു.

സുവേലം സാധുശൈലേന്ദ്രമിമം ധാതുശതൈശ്ചിതം
അധ്യാരോഹാമഹേ സൎവ്വേ വത്സ്യാമോऽത്ര നിശാമിമാം. 3

"ധാതുശതൈഃ ചിതം	"പലധാതുക്കളാൽ നിറയപ്പെട്ടതും
സാധു- ശൈലേന്ദ്രം	അഴകാൎന്ന വൻപൎവ്വതവും ആയ
ഇമം സുവേലം,	ഈ സുവേലഗിരിയിന്മേൽ
സൎവ്വേ	നാമെല്ലാം
അധ്യാരോഹാമഹേ;	കയറുക;
ഇമാം	ഈ
നിശാം	രാത്രി
അത്ര	ഇവിടെ
വത്സ്യാമഃ.	നമുക്കു് കഴിച്ചുകൂട്ടാം.

ലങ്കാം ചാലോകയിഷ്യാമോ നിലയം തസ്യ രക്ഷസഃ
യേന മേ മരണാന്തായ ഹൃതാ ഭാൎയ്യാ ദുരാത്മനാ. 4

"യേന	"യാതൊരു
ദുരാത്മനാ	ദുഷ്ടാത്മാവിനാൽ
മരണാന്തായ	മരണമാകുന്ന ഫലത്തിന്നുവേണ്ടി
മേ	എന്റെ
ഭാൎയ്യാ	ഭാൎയ്യ
ഹൃതാ,	അപഹരിക്കപ്പെട്ടുവോ,
തസ്യ രക്ഷസഃ	ആ രാക്ഷസന്റെ
നിലയം	വാസസ്ഥാനമായ
ലങ്കാം ച	ലങ്കയേയും
ആലോകയിഷ്യാമഃ.	നാം നോക്കിക്കാണുക.

യേന ധർമ്മോ ന വിജ്ഞാതോ ന വൃത്തം ന കുലം തഥാ
രാക്ഷസ്യാ നീചയാ ബുദ്ധ്യാ യേന തദ് ഗർഹിതം കൃതം 5
തസ്മിൻ മേ വർത്തതേ രോഷഃ കീർത്തിതേ രാക്ഷസാധമേ
യസ്യാപരാധാന്നീചസ്യ വധം ദ്രക്ഷ്യാമി രക്ഷസാം. 6

"യേന	"യാതൊരുവനാൽ	തത് ഗർഹിതം	ആ നിന്ദ്യകൃത്യം
ധർമ്മഃ	ധർമ്മമെന്നുള്ളത്	കൃതം,	ചെയ്യപ്പെട്ടുവോ,
വിജ്ഞാതഃ ന,	അറിയാതിരിക്കപ്പെട്ടന്നുവോ,	യസ്യ	യാതൊരു
തഥാ	അപ്രകാരം തന്നെ	നീചസ്യ	അല്പനായ അവന്റെ
വൃത്തം	സദ്‌വൃത്തിയും	അപരാധാത്,	കുററം കാരണം,
ന,	അറിയാതിരിക്കപ്പെട്ട	രക്ഷസാം	രാക്ഷസന്മാർക്ക
കുലം	കുലമഹിമയും[ന്നുവോ,	വധം	വധമെന്നുള്ളതിനെ
ന,	അപ്രകാരം അറിയാതിരിക്കപ്പെട്ടന്നുവോ,	ദ്രക്ഷ്യാമി,	ഞാൻ നിശ്ചയിക്കുന്നു
യേന	യാതൊരുവനാൽ	തസ്മിൻ	അപ്രകാരമുള്ള [വോ,
രാക്ഷസ്യാ	രാക്ഷസ പ്രകൃതിയായുള്ള	രാക്ഷസാധമേ കീർത്തിതേ	ആ രാക്ഷസാധമന്റെ പേർ പറയപ്പെടുന്നക്ഷണത്തിൽ,
നീചയാ ബുദ്ധ്യാ	നികൃഷ്ടബുദ്ധികൊണ്ട്	മേ	എനിക്ക്
		രോഷഃ	കോപം
		വർത്തതേ.	പൊങ്ങിവരുന്നു.

ഏകോ ഹി കുരുതേ പാപം കാലപാശവശം ഗതഃ
നീചേനാത്മാപചാരേണ കുലം തേന വിനശ്യതി. 7

"കാലപാശവശം	"കാലപാശത്തിൽ	തേന	അപ്രകാരമുള്ള
ഗതഃ	അകപ്പെട്ട	നീചേന	നീചനാൽ
ഏകഃ	ഒരുവൻ	ആത്മാപചാരേണ	താൻചെയ്ത പാപം കാരണം,
പാപം	പാപം	കുലം ഹി	കുലംതന്നെ
കുരുതേ ;	ചെയ്യുന്നു ;	വിനശ്യതി."	നശിച്ചുപോകുന്നു."

ഏവം സംമന്ത്ര്യന്നേവ സക്രോധോ രാവണം പ്രതി
രാമഃ സുവേലം വാസായ ചിത്രസാനുമുപാരുഹത്. 8

രാമഃ	ശ്രീരാമൻ	ചിത്രസാനും	അഴകാർന്ന താഴ്വരകളാർന്ന
രാവണം പ്രതി	രാവണനെ ഓർത്ത്	സുവേലം	സുവേലപർവ്വതത്തിൽ
സക്രോധഃ,	കോപംപൂണ്ടവനായി,	വാസായ	രാത്രികഴിച്ചുകൂട്ടുവാനായി
ഏവം	മേൽപ്രകാരം	ഉപാരുഹത്.	കയറിച്ചെന്നു.
സംമന്ത്രയൻ ഏവ,	അരുൾചെയ്തുകൊണ്ടുതന്നെ,		

പൃഷ്ഠതോ ലക്ഷ്മണശ്ചൈനമന്വഗച്ഛത് സമാഹിതഃ
സശരം ചാപമുദ്യമ്യ സുമഹദ്വിക്രമേ രതഃ. 9

സുമഹത്- വിക്രമേ	സർവ്വവിജയപ്രദമായ പരാക്രമവിഷയത്തിൽ	ചാപം ഉദ്യമ്യ,	വില്ലെടുത്തുംകൊണ്ട്,
		സമാഹിതഃ ച	മനശ്ചാഞ്ചല്യമെന്നതേ
രതഃ	ഉത്സാഹമാർന്നവനായ	ഏനം	ഇദ്ദേഹത്തെ [ഇല്ലാതെ
ലക്ഷ്മണഃ,	ലക്ഷ്മണൻ,	പൃഷ്ഠതഃ	പിന്നിലായി
സശരം	ബാണത്തോടുകൂടി	അന്വഗച്ഛത്.	അനുഗമിച്ചു.

തമന്വരോഹത് സുഗ്രീവഃ സാമാത്യഃ സവിഭീഷണഃ. 10

സുഗ്രീവഃ	സുഗ്രീവൻ	തം	ആ ലക്ഷ്മണനെ
സാമാത്യഃ	മന്ത്രിമാരോടുകൂടിയും	അന്വരോഹത്.	പിൻതുടർന്ന് കയറി
സവിഭീഷണഃ	വിഭീഷണനോടുകൂടിയും		ചെന്നു.

ഹനുമാനംഗദോ നീലോ മൈന്ദോ ദ്വിവിദ ഏവ ച
ഗജോ ഗവാക്ഷോ ഗവയഃ ശരഭോ ഗന്ധമാദനഃ 11
പനസഃ കുമുദശ്ചൈവ ഹരോ രംഭശ്ച യൂഥപഃ
ജാംബവാംശ്ച സുഷേണശ്ച കരംഭശ്ച മഹാദ്യുതിഃ 12
ദുർമ്മുഖശ്ച മഹാതേജാസ്തഥാ ശതബലിഃ കപിഃ
ഏതേ ചാന്യേ ച ബഹവോ വാനരാഃ ശീഘ്രഗാമിനഃ 13
തേ വായുവേഗപ്രവണാഃ തം ഗിരിം ഗിരിചാരിണഃ
അധ്യാരോഹന്ത ശതശഃ സുവേലം യത്ര രാഘവഃ. 14

ഹനുമാൻ	ഹനുമാനും	കപിഃ	വാനരനായ
അംഗദഃ നീലഃ	അംഗദനും നീലനും	ശതബലിഃ ച	ശതബലിയും ആയ
മൈന്ദഃ ഏവ	മൈന്ദനും	ഏതേ	ഇവരും,
ദ്വിവിദഃ ച	ദ്വിവിദനും	തേ അന്യേ,	ആ മറ്റുള്ളവരും
ഗജഃ ഗവാക്ഷഃ	ഗജനും ഗവാക്ഷനും	ഗിരിചാരിണഃ	മലകളിൽ ചുറ്റിപ്പരി
ഗവയഃ	ഗവയനും		ചയമുള്ളവരും
ശരഭഃ	ശരഭനും	വായുവേഗ- പ്രവണാഃ	വായുവേഗം പൂണ്ടവരും
ഗന്ധമാദനഃ	ഗന്ധമാദനനും		
പനസഃ ഏവ	പനസനും	ശീഘ്രഗാമിനഃ	വേഗത്തിൽ ചെല്ലുന്ന
കുമുദഃ ച ഹരഃ	കുമുദനും ഹരനും	ബഹവഃ	പല [വരും ആയ
യൂഥപഃ രംഭഃ ച	സേനത്തലവനായ	വാനരാഃ ച,	വാനരന്മാരും,
ജാംബവാൻ ച	ജാംബവാനും [രംഭനും	ശതശഃ,	നൂറുക്കണക്കായി,
സുഷേണഃ ച	സുഷേണനും	രാഘവഃ	ശ്രീരാഘവൻ
മഹാദ്യുതിഃ	മഹാതേജസ്വിയായ	യത്ര	എങ്ങെഴുന്നെള്ളിയിരു
കരംഭഃ ച	കരംഭനും	തം	ആ [ന്നുവോ
മഹാതേജാഃ	അതിപരാക്രമശാലി	സുവേലം ഗിരിം	സുവേലഗിരിയിലേക്ക്
ദുർമ്മുഖഃ ച	ദുർമ്മുഖനും [യായ	അധ്യാരോഹന്ത.	കയറിച്ചെന്നു.
തഥാ	അപ്രകാരംതന്നെ		

തേ ത്വദീൎഘേണ കാലേന ഗിരിമാരുഹ്യ സൎവ്വതഃ
ദദൃശുഃ ശിഖരേ തസ്യ വിഷക്താമിവ ഖേ പുരീം. 15

തേ	അവർ	ശിഖരേ,	ശിഖരത്തിൽ,
അദീൎഘേണ കാലേന തു	ഏറെ താമസിക്കാതെ	സൎവ്വതഃ	എങ്ങും
		പുരീം	നഗരത്തെ
ഗിരിം	പൎവ്വതത്തിൽ	ഖേ	ആകാശത്തിൽ
ആരുഹ്യ,	കയറിയ ശേഷം,	വിഷക്താം ഇവ	കെട്ടപ്പെട്ടിരിക്കുന്നതുപോലെ
തസ്യ	അതിന്റെ	ദദൃശുഃ.	വീക്ഷിച്ചു.

താം ശുഭാം പ്രവരദ്വാരാം പ്രാകാരപരിശോഭിതാം
ലങ്കാം രാക്ഷസസമ്പൂൎണ്ണാം ദദൃശുൎഹരിയൂഥപാഃ. 16

ഹരിയൂഥപാഃ	വാനരസേനാധിപന്മാർ	പ്രാകാരപരിശോഭിതാം	എങ്ങും മതിൽക്കെട്ടുകളാൽ വിലസുന്നതായും
താം	ആ	രാക്ഷസസമ്പൂൎണ്ണാം	രാക്ഷസരാൽ നിറയപ്പെട്ടതായും
ലങ്കാം,	ലങ്കാനഗരത്തെ,	ശുഭാം	ഭംഗിയാൎന്നതായും
പ്രവരദ്വാരാം	മികച്ച ഗോപുരദ്വാരങ്ങളോടു കൂടിയതായും	ദദൃശുഃ.	കണ്ടു.

പ്രാകാരചയസംസ്ഥൈശ്ച തദാ നീലൈൎന്നിശാചരൈഃ
ദദൃശുസ്തേ ഹരിശ്രേഷ്ഠാഃ പ്രാകാരമപരം കൃതം 17

തേ	ആ	നിശാചരൈഃ,	രാക്ഷസന്മാർ കാരണം,
ഹരിശ്രേഷ്ഠാഃ,	വാനരശ്രേഷ്ഠന്മാർ,		
തദാ,	അപ്പോൾ,	അപരം പ്രാകാരം	മറെറാരു മതിൽ
പ്രാകാരചയസംസ്ഥൈഃ	മതിൽത്തറകളിൽ നില്ക്കുന്ന	കൃതം	കെട്ടിയിരിക്കുന്നതായി
നീലൈഃ ച	കറുത്ത	ദദൃശുഃ.	കണ്ടു.

[വരിവരിയായി രാക്ഷസന്മാർ നിന്നിരുന്നതിനാൽ മറെറാരു മതിൽ കെട്ടിയിരിക്കുന്നുവോ എന്നു കാണുന്നവൎക്കു തോന്നി. എന്നു സാരം.]

തേ ദൃഷ്ട്വാ വാനരാഃ സൎവ്വേ രാക്ഷസാൻ യുദ്ധകാംക്ഷിണഃ
മുമുചുൎവ്വിവിധാൻ നാദാംസ്തത്ര രാമസ്യ പശ്യതഃ. 18

യുദ്ധകാംക്ഷിണഃ	യുദ്ധംചെയ്യാൻ കൊതിപൂണ്ടിരുന്ന	തത്ര	അവിടെ
തേ വാനരാഃ	ആ വാനരന്മാർ	രാമസ്യ പശ്യതഃ	ശ്രീരാമന്റെ മുമ്പിൽ വെച്ചുതന്നെ
സൎവ്വേ,	എല്ലാവരും,	വിവിധാൻ	പല
രാക്ഷസാൻ	രാക്ഷസന്മാരെ	നാദാൻ	ശബ്ദങ്ങൾ
ദൃഷ്ട്വാ,	കണ്ടു,	മുമുചുഃ.	പുറപ്പെടീച്ചു.

തതോऽസ്തമഗമത് സൂൎയ്യഃ സന്ധ്യയാ പ്രതിരഞ്ജിതഃ
പൂൎണ്ണചന്ദ്രപ്രദീപ്താ ച ക്ഷപാ സമഭിവൎത്തതേ. 19

സന്ധ്യയാ	സന്ധ്യകാരണം	തതഃ	അപ്പോൾ
പ്രതിരഞ്ജിതഃ	രക്തവൎണ്ണമായി	ക്ഷപാ ച	രാത്രിയും
സൂൎയ്യഃ	ആദിത്യൻ	പൂൎണ്ണചന്ദ്ര-പ്രദീപ്താ	പൂൎണ്ണചന്ദ്രന്റെ പ്രകാശത്തോടുകൂടിയതായി
അസ്തം അഗമത്;	അസ്തമിച്ചു;	സമഭിവൎത്തതേ.	അടുക്കയായി.

[“കൃത്വാ സേതുമരിന്ദമോ ഹരിഭടാന്നത്താൎയ്യ ഭ്രാതാദിഭിഃ ന കൃത്വാ സൈന്യനിവേശനം രഘുപതിഃ ശൈലേ സുവേലേ സ്ഥിതഃ,” എന്നും “ചതുൎദ്ദശ്യാം സുവേലാഗ്രേ രാമം സൈന്യം ന്യവേശയത്,” എന്നും അഗ്നിവേശ്യോക്തിയിൽനിന്ന് പൌഷശുക്ലചതുൎദ്ദശിയിൽ സുവേലാരോഹണമെന്നു കാണുന്നു. (തിലകം).]

സുവേലപൃഷ്ഠം പ്രാപ്താ സാ മഹതീ രാഘവാനുഗാ
ശുശുഭേ വാനരീ സേനാ പ്രദോഷസമയേ സ്ഥിതാ. 20

സുവേലപൃഷ്ഠം	സുവേലഗിരിശിഖരത്തിൽ	സാ	ആ
പ്രദോഷസമയേ	സന്ധ്യാകാലത്തിൽ	രാഘവാനുഗാ	ശ്രീരാമാനുവൎത്തിയായ
പ്രാപ്താ	എത്തിച്ചേൎന്ന്	മഹതി	വമ്പിച്ച
സ്ഥിതാ	നിന്നിരുന്ന	വാനരീ സേനാ,	വാനരസൈന്യം,
		ശുശുഭേ.	തേജസ്സോടുവിളങ്ങി.

തതഃ സ രാമോ ഹരിവാഹിനീപതിഃ
വിഭീഷണേന പ്രതിനന്ദ്യ സത്കൃതഃ
സലക്ഷ്മണോ യൂഥപയൂഥസംവൃതഃ
സുവേലപൃഷ്ഠേ ന്യവസദ്യഥാസുഖം. 21

സലക്ഷ്മണഃ	ലക്ഷ്മണസഹിതനായി	യൂഥപയൂഥ-സംവൃതഃ	സേനത്തലവന്മാരാലും സേനകളാലും ചൂഴപ്പെട്ടവനായി
ഹരിവാഹിനീ-പതിഃ	വാനരസൈന്യത്തിന്നു അധിപനായിരുന്ന		
സഃ രാമഃ,	ആ ശ്രീരാമൻ	സുവേലപൃഷ്ഠേ	സുവേലശിഖരത്തിൽ
വിഭീഷണേന	വിഭീഷണനാൽ	തതഃ	ആ സമയം
പ്രതിനന്ദ്യ	പുകഴ്ത്തി	യഥാസുഖം	സുഖമായി
സത്കൃതഃ,	കൊണ്ടാടപ്പെട്ടവനായി	ന്യവസത്.	ആ രാത്രി കഴിച്ചുകൂട്ടി.

ഇത്യാൎഷേ ശ്രീമദ്രാമായണേ വാല്മീകീയേ ആദികാവ്യേ യുദ്ധകാണ്ഡേ
അഷ്ടാത്രിംശഃ സൎഗ്ഗഃ = മുപ്പത്തെട്ടാംസൎഗ്ഗം സമാപ്തം.

ആദ്യം മുതൽ ശ്ലോകസംഖ്യ 16106 ; യുദ്ധകാണ്ഡം ആദ്യം മുതൽ ശ്ലോകസംഖ്യ 1431.

सुवेल-पर्वतपर श्रीरामकी झाँकी

प्रभुकृत शीश कपीश उछंगा। बाम दहिन दिसि चाप निषंगा॥ दुहुँ कर कमल सुधारत बाना। कह लंकेश मंत्र लगि काना॥
बड़भागी अंगद हनुमाना। चरण कमल चापत विधि नाना॥ प्रभु पाछे लक्ष्मण वीरासन। कटि निषंग कर बान शरासन॥

No. 282.

THE GITA PRESS, GORAKHPUR.

ഏകോനചത്വാരിംശഃ സർഗ്ഗഃ = മുപ്പത്തൊമ്പതാംസർഗ്ഗം.

[ലങ്കാദർശനം = ലങ്കയെ നോക്കുന്നതു്.]

താം രാത്രിമുഷിതാസ്തത്ര സുവേലേ ഹരിപുംഗവാഃ
ലങ്കായാം ദദൃശുർവീരാ വനാന്യുപവനാനി ച. 1

വീരാഃ	വീരന്മാരായ	ഉഷിതാഃ,	കഴിച്ചുകൂട്ടിയവരായി,
ഹരിപുംഗവാഃ,	വാനരോത്തമന്മാർ	ലങ്കായാം	ലങ്കയിൽ
തത്ര	അവിടെ	വനാനി	വനങ്ങളേയും
സുവേലേ	സുവേലപർവ്വതത്തിൽ	ഉപവനാനി ച	തോട്ടങ്ങളേയും
താം രാത്രിം	അന്നെരാത്രി	ദദൃശുഃ	വീക്ഷിച്ചു.

സമസൌമ്യാനി രമ്യാണി വിശാലാന്യായതാനി ച
ദൃഷ്ടിരമ്യാണി തേ ദൃഷ്ട്വാ ബഭൂവുർജ്ജാതവിസ്മയാഃ. 2

തേ	അവർ	രമ്യാണി	ഭംഗിയുള്ളവയായും
സമസൌമ്യാനി	ഒന്നോടൊന്നു തുല്യതയാൎന്നകാന്തിയോടുകൂടിയവയായും	വിശാലാനി	വിശാലങ്ങളായും
		ആയതാനി ച	നീണ്ടവയായും
		ദൃഷ്ട്വാ,	കണ്ടു്,
ദൃഷ്ടിരമ്യാണി	കണ്ണുകൾ കവരുന്നതായും	ജാതവിസ്മയാഃ ബഭൂവുഃ.	വിസ്മയഭരിതാരായി ഭവിച്ചു.

ചമ്പകാശോകപുന്നാഗസാലതാലസമാകുലാ
തമാലവനസംഛന്നാ നാഗമാലാസമാവൃതാ 3
ഹിന്താലൈരർജ്ജുനൈർന്നീപൈഃ സപ്തപർണ്ണൈശ്ച പുഷ്പിതൈഃ
തിലകൈഃ കർണ്ണികാരൈശ്ച പാടലൈശ്ച സമന്തതഃ 4
ശുശുഭേ പുഷ്പിതാഗ്രൈശ്ച ലതാപരിഗതൈർദ്രുമൈഃ
ലങ്കാ ബഹുവിധൈർദ്ദിവ്യൈര്യഥേന്ദ്രസ്യാമരാവതീ 5
വിചിത്രകുസുമോപേതൈ രക്തകോമളപല്ലവൈഃ
ശാദ്വലൈശ്ച തഥാ നീലൈശ്ചിത്രാഭിർവനരാജിഭിഃ. 6

ലങ്കാ	ലങ്കാനഗരം	ഹിന്താലൈഃ	ഈന്തകളാലും
ചമ്പകാശോകപുന്നാഗസാലതാലസമാകുലാ	ചമ്പകം, അശോകം, പുന്ന, തേക്കു്, പന, എന്നവയാൽ നിറയപ്പെട്ടതായും,	അർജ്ജുനൈഃ	മരുതുകളാലും
		നീപൈഃ	കടമ്പുകളാലും
		സപ്തപർണ്ണൈഃ ച	ഏഴിലമ്പാലകളാലും
		പുഷ്പിതൈഃ	പൂത്തുള്ള
തമാലവനസംഛന്നാ	പച്ചിലമരങ്ങൾ ഇടതൂർന്നു് നില്ക്കുന്നതായും	തിലകൈഃ	മയിലെള്ളുകളാലും
		കർണ്ണികാരൈഃ ച	ചെറുകൊന്നകളാലും
നാഗമാലാസമാവൃതാ	നാഗകേസരവൃക്ഷങ്ങൾ (നാകവൃക്ഷങ്ങൾ) നിറഞ്ഞതായും	പാടലൈഃ ച	പാതിരിമരങ്ങളാലും
		സമന്തതഃ	എങ്ങും
		പുഷ്പിതാഗ്രൈഃ	ചില്ലകൾപൂത്തു്

ലതാപരിഗതൈഃ	വള്ളികൾപടൎന്ന്
വിചിത്ര–കുസുമോ–പേതൈഃ	അഴകാൎന്നപൂക്കളോടു കൂടിയവയായി
രക്തകോമള-പല്ലവൈഃ	മനോഹരമായ ചെന്തളിരുകളാൎന്നവയായി
ദിവ്യൈഃ	വിശേഷപ്പെട്ട
ബഹുവിധൈഃ	പലമാതിരി
ദ്രുമൈഃ ച	വൃക്ഷങ്ങളാലും
തഥാ	അപ്രകാരംതന്നെ
നീലൈഃ	ഇരുണ്ട
ശാദ്വലൈഃ ച	ഇളം പുൽത്തറകളാലും
ചിത്രാഭിഃ	വിചിത്രങ്ങളായ
വനരാജിഭിഃ,	ഉദ്യാനതതികളാലും,
ഇന്ദ്രസ്യ	ഇന്ദ്രന്റെ
അമരാവതീ യഥാ	അമരാവതിയെന്നപോലെ
ശുശുഭേ.	വിളങ്ങി.

ഗന്ധാഢ്യാന്യഭിരമ്യാണി പുഷ്പാണി ച ഫലാനി ച
ധാരയന്ത്യഗമാസ്തത്ര ഭൂഷണാനീവ മാനവാഃ. 7

തത്ര	അവിടെ
അഗമാഃ	മരങ്ങൾ
ഗന്ധാഢ്യാനി,	നറുമണമോലുന്നവയും
അഭിരമ്യാണി ച	അഴകാൎന്നവയും ആയ
പുഷ്പാണി	പുഷ്പങ്ങളേയും
ഫലാനി ച	പഴങ്ങളേയും
മാനവാഃ	മനുഷ്യർ
ഭൂഷണാനി	ആഭരണങ്ങളെ
ഇവ,	എന്നപോലെ
ധാരയന്തി.	ധരിച്ചുകൊള്ളുന്നു.

തച്ചൈത്രരഥസങ്കാശം മനോജ്ഞം നന്ദനോപമം
വനം സൎവൎത്തുകം രമ്യം ശുശുഭേ ഷട്പദായുതം. 8

തത്	ആ
വനം	വനം
ചൈത്രരഥ-സങ്കാശം,	കുബേരോദ്യാനംപോലെയുള്ളതായും
നന്ദനോപമം	ഇന്ദ്രോദ്യാനസന്നിഭമായും,
ഷട്പദായുതം	വണ്ടുകൾ നിറഞ്ഞതായി
സൎവൎത്തുകം	എല്ലാ ഋതുക്കളോടും കൂടിയതായി
മനോജ്ഞം	ചിത്തം കവരുന്നതാ[യും
രമ്യം	രമണീയമായും
ശുശുഭേ.	വിളങ്ങി.

നത്യൂഹകോയഷ്ടിഭകൈൎന്നൃത്യമാനൈശ്ച ബൎഹിണൈഃ
രുതം പരഭൃതാനാം ച ശുശ്രുവുൎവനനിൎഝരേ. 9

വനനിൎഝരേ	കാട്ടുപുഴകളിൽ
നത്യൂഹ-കോയഷ്ടി-ഭകൈഃ	നീർക്കോഴികളോടും നാരപ്പക്ഷികളോടും
നൃത്യമാനൈഃ	ആടുന്ന
ബൎഹിണൈഃ ച	മയിലുകളോടുംകൂടി
പരഭൃതാനാം ച	കുയിലുകളുടേയും
രുതം	ശബ്ദത്തെ
ശുശ്രുവുഃ.	ശ്രവിച്ചു.

നിത്യമത്തവിഹംഗാനി ഭ്രമരാചരിതാനി ച
കോകിലാകുലഷണ്ഡാനി വിഹഗാഭിരുതാനി ച 10
ഭൃംഗരാജാഭിഗീതാനി ഭ്രമരൈഃ സേവിതാനി ച
കോണാലകവിഘുഷ്ടാനി സാരസാഭിരുതാനി ച 11
വിവിശുസ്തേ തതസ്താനി വനാന്യുപവനാനി ച
ഹൃഷ്ടാഃ പ്രമുദിതാ വീരാ ഹരയഃ കാമരൂപിണഃ. 12

തേ കാമരൂപിണഃ	ആ കാമരൂപികളായ
ഹരയഃ വീരാഃ,	വാനരവീരന്മാർ,
നിത്യമത്ത-വിഹംഗാനി	എന്നും മദിച്ച പക്ഷികളാന്നവയും
ഭ്രമരാചരി-താനി ച	എങ്ങും വണ്ടുകൾ പറക്കുന്നവയും,
കോകിലാകുല-ഷണ്ഡാനി	കുയിലുകൾ നിറഞ്ഞ തോപ്പുകളോടു കൂടിയവയും
വിഹഗാഭി-രുതാനി ച	പക്ഷികളുടെ ശബ്ദത്തോടു കൂടിയവയും
ഭൃംഗരാജാഭി-ഗീതാനി	വണ്ടത്താന്മാരുടെ മുരൾച്ചയോടു കൂടിയവയും
ഭ്രമരൈഃ	വണ്ടുകളാൽ
സേവിതാനി ച,	നിവസിക്കപ്പെട്ടവയും,
കോണാലക-വിഘുഷ്ടാനി	കരിങ്കുരികിൽ പക്ഷികളാൽ ശബ്ദിക്കപ്പെട്ടവയും
സാരസാഭി-രുതാനി ച	നീർകാക്കകളാൽ ശബ്ദിക്കപ്പെട്ടവയും ആയ
താനി വനാനി	ആ വനങ്ങളിലും
ഉപവനാനി ച	ഉദ്യാനങ്ങളിലും
ഹൃഷ്ടാഃ	ഉത്സാഹം പൂണ്ടവരായി
പ്രമുദിതാഃ	ഏററം സന്തുഷ്ടിയാന്നവരായി
തതഃ	ആ സമയം
വിവിശുഃ.	പ്രവേശിച്ചു.

തേഷാം പ്രവിശതാം തത്ര വാനരാണാം മഹൌജസാം
പുഷ്പസംസർഗ്ഗസുരഭിർവവൌ ഘ്രാണസുഖോഽനിലഃ 13

തത്ര	അവിടെ,
മഹൌജസാം	മഹാ വീര്യശാലികളായ
തേഷാം വാനരാണാം	ആ വാനരന്മാർ
പ്രവിശതാം,	പ്രവേശിക്കുമ്പോൾ,
അനിലഃ	വായു
പുഷ്പസംസർഗ്ഗ-സുരഭിഃ	പുഷ്പങ്ങളുടെ സംബന്ധത്താൽ സുമണമാന്നതായി
ഘ്രാണസുഖഃ	മൂക്കിന്നുസുഖമേകുന്നതായി
വവൌ.	വീശി.

അന്യേ തു ഹരിവീരാണാം യൂഥാന്നിഷ്ക്രമ്യ യൂഥപാഃ
സുഗ്രീവേണാഭ്യനുജ്ഞാതാ ലങ്കാം ജഗ്മുഃ പതാകിനീം 14
വിത്രാസയന്തോ വിഹഗാൻ ത്രാസയന്തോ മൃഗദ്വിപാൻ
കമ്പയന്തശ്ച താം ലങ്കാം നാദൈസ്തേ നദതാം വരാഃ 15
കുർവ്വന്തസ്തേ മഹാവേഗാ മഹീം ചരണപീഡിതാം. 16

ഹരിവീരാണാം	വാനരവീരന്മാരുടെ
യൂഥപാഃ,	സേനാധിപന്മാരും
നദതാം	ഗർജ്ജിക്കുന്നവരിൽ
വരാഃ,	മികച്ചവരും,
മഹാവേഗാഃ	അതിവേഗതയാന്നവരുമായ
അന്യേ തു,	ചിലർമാത്രം
സുഗ്രീവേണ	സുഗ്രീവനാൽ
അഭ്യനുജ്ഞാതാഃ;	അനുജ്ഞ നൽകപ്പെട്ടു;
തേ	അവർ
നാദൈഃ	ഗർജ്ജനകർമ്മംകൊണ്ടു്
താം	ആ
ലങ്കാം ച	ലങ്കയെ മുഴുവൻ
കമ്പയന്തഃ	കുലുക്കുന്നവരായും
തേ	അവർ
മഹീം	ഭൂമിയെ
ചരണപീഡിതാം കുർവ്വന്തഃ	കാൽച്ചവിട്ടുകൊണ്ടു് അമത്തുന്നവരായി
വിഹഗാൻ	പക്ഷികളെ
വിത്രാസയന്തഃ,	ഭയപ്പെടുത്തിക്കൊണ്ടും,
മൃഗദ്വിപാൻ	മാനുകളേയും ആനകളേയും
ത്രാസയന്തഃ	മിരട്ടിക്കൊണ്ടും
യൂഥാത്	സൈന്യത്തിൽനിന്നു്
നിഷ്ക്രമ്യ,	പുറപ്പെട്ടു്,
പതാകിനീം	കൊടിക്കൂറകളാന്ന
ലങ്കാം	ലങ്കയിൽ
ജഗ്മുഃ.	കടന്നു് ചുററിത്തിരിഞ്ഞു.

രജശ്ച സഹസൈവോർദ്ധ്വം ജഗാമ ചരണോത്ഥിതം 17

ചരണോത്ഥിതം	കാലുകളിൽനിന്നു പൊങ്ങിയ
രജഃ ച	പൊടിപടലം
സഹസാ ഏവ	ഊക്കോടെ
ഊർദ്ധ്വം	മുകളിലോട്ടു്
ജഗാമ.	പൊങ്ങി.

ഋക്ഷാഃ സിംഹാ വരാഹാശ്ച മഹിഷാ വാരണാ മൃഗാഃ
തേന ശബ്ദേന വിത്രസ്താ ജഗ്മുർഭീതാ ദിശോ ദശ 18

ഋക്ഷാഃ	കരടികളും
സിംഹാഃ	സിംഹങ്ങളും
വരാഹാഃ	പന്നികളും
മഹിഷാഃ	പോത്തുകളും
മൃഗാഃ	മാനുകളും
വാരണാഃ ച	ആനകളും
തേന	ആ
ശബ്ദേന	ശബ്ദത്താൽ
ഭീതാഃ	പേടിച്ചു്
വിത്രസ്താഃ,	മിരണ്ടവയായി,
ദശ ദിശഃ	പത്തു ദിക്കുകളിലും
ജഗ്മുഃ.	പാഞ്ഞു.

ശിഖരം തത് ത്രികൂടസ്യ പ്രാംശു ചൈകം ദിവിസ്പൃശം
സമന്താത് പുഷ്പസംഛന്നം മഹാരജതസന്നിഭം 19
ശതയോജനവിസ്തീർണ്ണം വിമലം ചാരുദർശനം
ശ്ലക്ഷ്ണം ശ്രീമന്മഹച്ചൈവ ദുഷ്പ്രാപം ശകുനൈരപി 20
മനസാഽപി ദുരാരോഹം കിം പുനഃ കർമ്മണാ ജനൈഃ 21

ത്രികൂടസ്യ	ത്രികൂടപർവ്വതത്തിന്റെ
തത് ഏകം	ആ ഒരു
ശിഖരം ച,	ശിഖരമാകട്ടെ,
പ്രാംശു,	അത്യുച്ചവും,
ദിവിസ്പൃശം	ആകാശത്തെ തൊടുന്നതും,
സമന്താത്	എങ്ങും
പുഷ്പസംഛന്നം	പുഷ്പങ്ങളാൽ മൂടപ്പെട്ടതും

മഹാരജത- സംനിഭം	സ്വർണ്ണസദൃശവും
ശതയോജന- വിസ്തീർണ്ണം	നൂറുയോജന വിസ്താരമുള്ളതും
വിമലം	നിർമ്മലവും
ചാരുദർശനം	മനോഹരവും
ശ്ലക്ഷ്ണം	മിനുസമുള്ളതും
ശ്രീമത് ച	സമ്പത്സമൃദ്ധവും
മഹത് ഏവ	പേരാന്നതും
ശകുനൈഃ അപി	പക്ഷികളാലുംകൂടി
ദുഷ്പ്രാപം	പ്രാപിപ്പാൻ കഴിയാത്തതും
ജനൈഃ	മനുഷ്യരാൽ
മനസാ അപി	മനസ്സുകൊണ്ടുംകൂടി
ദുരാരോഹം;	കയറിച്ചെല്ലുവാൻ സാധിക്കാത്തതും ആയിരുന്നു;
കർമ്മണാ കിം പുനഃ?	വാസ്തവമായി കയറിച്ചെല്ലുക എന്നത് പിന്നെ പറയേണ്ടതുണ്ടോ?

നിവിഷ്ടാ തത്ര ശിഖരേ ലങ്കാ രാവണപാലിതാ
ശതയോജനവിസ്തീർണ്ണാ ത്രിംശദ്യോജനമായതാ. 22

തത്ര	ആ
ശിഖരേ	ശിഖരത്തിൽ
രാവണ- പാലിതാ	രാവണനാൽ പരിപാലിക്കപ്പെട്ടതായ
ലങ്കാ,	ലങ്കാനഗരം,
ശതയോജന- വിസ്തീർണ്ണാ	നൂറുയോജന നീളമുള്ളതായും
ത്രിംശദ്യോജനം ആയതാ	മുപ്പതുയോജന വിസ്താരമുള്ളതായും
നിവിഷ്ടാ.	നിർമ്മിക്കപ്പെട്ടിരുന്നു.

സാ പുരീ ഗോപുരൈരുച്ചൈഃ പാണ്ഡുരാംബുദസന്നിഭൈഃ
കാഞ്ചനേന ച സാലേന രാജതേന ച ശോഭിതാ. 23

സാ	ആ
പുരീ	നഗരം
ഉച്ചൈഃ	ഉയൎന്ന
പാണ്ഡുരാം- ബുദ- സന്നിഭൈഃ	വെള്ളക്കാറൊത്ത
ഗോപുരൈഃ	ഗോപുരങ്ങളാലും
കാഞ്ചനേന ച	സ്വർണ്ണമയവും
രാജതേന ച	രജതനിർമ്മിതവും ആയ
സാലേന	മതിൽക്കെട്ടിനാലും
ശോഭിതാ.	വിലസിയിരുന്നു.

പ്രാസാദൈശ്ച വിമാനൈശ്ച ലങ്കാ പരമഭൂഷിതാ
ഘനൈരിവാതപാപായേ മദ്ധ്യമം വൈഷ്ണവം പദം. 24

ലങ്കാ	ലങ്കാനഗരം
പ്രാസാദൈഃ ച	അനേകം മേടകളാലും
വിമാനൈഃ ച,	ഏഴുനിലമാളികകളാലും
ആതപാപായേ	വേനൽകഴിഞ്ഞ് മഴ തുടങ്ങുമ്പോൾ
വൈഷ്ണവം	വാമനമൂർത്തിയുടെ
മദ്ധ്യമം	രണ്ടാമത്തെ
പദം	കാലടിയാകുന്ന ആകാശം
ഘനൈഃ	മേഘങ്ങളാൽ
ഇവ,	എന്നപോലെ,
പരമഭൂഷിതാ.	ഏററം ഭംഗിതേടി.

യസ്യാം സ്തംഭസഹസ്രേണ പ്രാസാദഃ സമലംകൃതഃ
കൈലാസശിഖരാകാരോ ദൃശ്യതേ ഖമിവോല്ലിഖൻ. 25

യസ്യാം	യാതൊരു അതിൽ	കൈലാസ-ശിഖരാകാരഃ	കൈലാസശിഖരംപോന്നതായി
സ്തംഭസഹ-സ്രേണ	ആയിരക്കണക്കായുള്ള തൂണുകളാൽ	ഖം	ആകാശത്തെ
സമലംകൃതഃ	അലങ്കരിക്കപ്പെട്ട	ഉല്ലിഖൻ ഇവ	സ്പൎശിച്ചുകൊണ്ടിരിക്കുന്നതുപോലെ
പ്രാസാദഃ,	ഒരു അരമന,	ദൃശ്യതേ.	കാണപ്പെടുന്നുണ്ട്.

ചൈത്യഃ സ രാക്ഷസേന്ദ്രസ്യ ബഭൂവ പുരഭൂഷണം
ബലേന രക്ഷസാം നിത്യം യഃ സമഗ്രേണ രക്ഷ്യതേ 26

യഃ	യാതൊന്ന്	സഃ	അപ്രകാരമുള്ള ആ
നിത്യം	എല്ലായ്പോഴും	രാക്ഷസേന്ദ്രസ്യ	രാക്ഷസേന്ദ്രന്റെ
സമഗ്രേണ	പരിപൂൎണ്ണമായുള്ള	ചൈത്യഃ	അരമന,
രക്ഷസാം ബലേന	രാക്ഷസസൈന്യത്താൽ	പുരഭൂഷണം	ആ നഗരത്തിന്നുതന്നെ ഒരു അലങ്കാരമായി
രക്ഷ്യതേ,	കാവൽകാക്കപ്പെടുന്നുവോ,	ബഭൂവ.	പരിലസിച്ചു.

മനോജ്ഞാം കാഞ്ചനവതീം പൎവ്വതൈരുപശോഭിതാം
നാനാധാതുവിചിത്രൈശ്ച ഉദ്യാനൈരുപശോഭിതാം 27
നാനാവിഹഗസംഘുഷ്ടാം നാനാമൃഗനിഷേവിതാം
നാനാകാനനസംതാനാം നാനാരാക്ഷസസേവിതാം 28
താം സമൃദ്ധാം സമൃദ്ധാൎത്ഥാം ലക്ഷ്മീവാൻ ലക്ഷ്മണാഗ്രജഃ
രാവണസ്യ പുരീം രാമോ ദദൎശ സഹ വാനരൈഃ. 29

മനോജ്ഞാം	മനസ്സിനെ അപഹരിക്കുന്നതും	നാനാകാനന-സംതാനാം	പല തോപ്പുകളാൽ ഇടതിങ്ങിയതും
കാഞ്ചനവതിം,	സുവൎണ്ണമയവും,	നാനാരാക്ഷസ-സേവിതാം	പല രാക്ഷസന്മാരാൽ കാക്കപ്പെട്ടതും
പൎവ്വതൈഃ	പൎവ്വതങ്ങളാൽ	സമൃദ്ധാൎത്ഥാം	ധനസമൃദ്ധിയാന്നതും
ഉപശോഭിതാം,	ശോഭിച്ചതും,	സമൃദ്ധാം ച	കുറവററതും ആയ
നാനാധാതു-വിചിത്രൈഃ	പലപല ധാതുക്കൾ കൊണ്ട് പലവൎണ്ണങ്ങളായ	താം	ആ
		രാവണസ്യ	രാവണന്റെ
ഉദ്യാനൈഃ	ഉദ്യാനങ്ങളാൽ	പുരീം,	നഗരത്തെ,
ഉപശോഭിതാം,	പരിശോഭിക്കപ്പെട്ടതും	ലക്ഷ്മണാഗ്രജഃ	ലക്ഷ്മണപൂൎവ്വജനും
നാനാവിഹഗ-സംഘുഷ്ടാം	പലപല പക്ഷികളാൽ ശബ്ദിക്കപ്പെട്ടതും	ലക്ഷ്മീവാൻ	ശ്രീമാനുമായ
		രാമഃ	ശ്രീരാമൻ
നാനാമൃഗ-നിഷേവിതാം	പല മൃഗങ്ങൾ സഞ്ചരിക്കുന്നതും	വാനരൈഃ സഹ	വാനരന്മാരോടും കൂടി
		ദദൎശ.	വീക്ഷിച്ചു.

താം മഹാഗൃഹസംബാധാം ദൃഷ്ട്വാ ലക്ഷ്മണപൂർവ്വജഃ
നഗരീമമരപ്രഖ്യോ വിസ്മയം പ്രാപ വീർയ്യവാൻ. 30

അമരപ്രഖ്യഃ	ദേവസന്നിഭനും	താം	ആ
വീർയ്യവാൻ	വീർയ്യസമ്പന്നനും ആയ	നഗരീം	നഗരത്തെ
ലക്ഷ്മണപൂർവ്വജഃ,	ശ്രീരാമൻ,	ദൃഷ്ട്വാ,	കണ്ട്,
മഹാഗൃഹ-സംബാധാം	വൻ ഭവനങ്ങൾ നിറഞ്ഞതായ	വിസ്മയം പ്രാപ.	ആശ്ചര്യ്യമുൾക്കൊണ്ടു.

താം രത്നപൂർണ്ണാം ബഹുസംവിധാനാം
പ്രാസാദമാലാഭിരലംകൃതാം ച
പുരീം മഹായന്ത്രകവാടമുഖ്യാം
ദദർശ രാമോ മഹതാ ബലേന. 31

മഹതാ ബലേന,	വൻ സേനയോടുംകൂടി,	പ്രാസാദ-മാലാഭിഃ	ഉത്തമഭവനങ്ങളുടെ നിരകളാൽ
രാമഃ	ശ്രീരാമൻ	അലംകൃതാം	അഴകാൎന്നുവിളങ്ങുന്നതായും
താം	ആ	മഹായന്ത്ര-കവാടമുഖ്യാം ച	വലുതായ യന്ത്രങ്ങളോടും പ്രധാനപ്പെട്ട കോട്ടവാതിലുകളോടും [കൂടിയതായും
പുരീം	നഗരത്തെ	ദദർശ.	കണ്ടു.
രത്നപൂർണ്ണാം	വിശേഷവസ്തുക്കൾ നിറഞ്ഞതായും		
ബഹു-സംവിധാനാം	പലകെട്ടുപാടുകളോടു കൂടിയതായും		

ഇത്യാർഷേ ശ്രീമദ്രാമായണേ വാല്മീകീയേ ആദികാവ്യേ യുദ്ധകാണ്ഡേ
ഏകോനചത്വാരിംശഃ സർഗ്ഗഃ = മുപ്പത്തൊമ്പതാം സർഗ്ഗം സമാപ്തം.

ആദ്യം മുതൽ ശ്ലോകസംഖ്യ 16137; യുദ്ധകാണ്ഡം ആദ്യം മുതൽ ശ്ലോകസംഖ്യ 1462.

ചത്വാരിംശഃ സർഗ്ഗഃ = നാല്പതാംസർഗ്ഗം.

[രാവണസുഗ്രീവനിയുദ്ധം=രാവണനും സുഗ്രീവനുമായി ഒററയ്ക്കുപൊരുതുന്നത്.]

തതോ രാമഃ സുവേലാഗ്രം യോജനദ്വയമണ്ഡലം
ആരുരോഹ സസുഗ്രീവോ ഹരിയൂഥപസംവൃതഃ. 1

തതഃ	അതിൽപിന്നെ	യോജനദ്വയ-മണ്ഡലം	രണ്ടുയോജനപരിധിയുള്ളതായ
രാമഃ	ശ്രീരാമൻ	സുവേലാഗ്രം,	സുവേലോപരിഭാഗത്തിൽ
സസുഗ്രീവഃ	സുഗ്രീവസമേതനായി	ആരുരോഹ.	കയറിച്ചെന്നു.
ഹരിയൂഥപ-സംവൃതഃ	വാനരസേനാധിപന്മാരോടുംകൂടി		

സ്ഥിത്വാ മുഹൂർത്തം തത്രൈവ ദിശോ ദശ വിലോകയൻ
ത്രികൂടശിഖരേ രമ്യേ നിർമ്മിതാം വിശ്വകർമ്മണാ
ദദർശ ലങ്കാം സുന്യസ്താം രമ്യകാനനശോഭിതാം 2
തസ്യാം ഗോപുരശൃംഗസ്ഥം രാക്ഷസേന്ദ്രം ദുരാസദം 3
ശ്വേതചാമരപര്യന്തം വിജയച്ഛത്രശോഭിതം
രക്തചന്ദനസംലിപ്തം രത്നാഭരണഭൂഷിതം 4
നീലജീമൂതസംകാശം ഹേമസംഛാദിതാംബരം
ഐരാവതവിഷാണാഗ്രൈരുത്കൃഷ്ടകിണവക്ഷസം 5
ശശലോഹിതരാഗേണ സംവീതം രക്തവാസസാ
സന്ധ്യാതപേന സംഛന്നം മേഘരാശിമിവാംബരേ. 6

തത്ര ഏവ	അവിടെത്തന്നെ
മുഹൂർത്തം	സ്വല്പനേരം
സ്ഥിത്വാ,	നിന്നുകൊണ്ടു്,
ദശ	പത്തു
ദിശഃ	ദിക്കുകളും
വിലോകയൻ,	നോക്കുന്നവനായ
രമ്യേ	അഴകാർന്ന [അദ്ദേഹം,
ത്രികൂടശിഖരേ	ത്രികൂടശിഖരത്തിൽ
രമ്യകാനന-ശോഭിതാം	മനോഹരങ്ങളായ തോപ്പുകളാൽ വിലസുന്നതായും,
സുന്യസ്താം	നല്ലപോലെ സ്ഥിതിചെയ്യുന്നതായി
വിശ്വകർമ്മണാ	വിശ്വകർമ്മാവിനാൽ
നിർമ്മിതാം	നിർമ്മിക്കപ്പെട്ടതായും
തസ്യാം	ആ [ഉള്ള
ലങ്കാം,	ലങ്കാനഗരത്തെയും,
ഗോപുര-ശൃംഗസ്ഥം	ഗോപുരാഗ്രത്തിൽ നിന്നുകൊണ്ടിരുന്നവനും
ദുരാസദം	അടുക്കപ്പെടുവാൻ കഴിയാത്തവനും
ശ്വേതചാമര-പര്യന്തം	പാർശ്വഭാഗങ്ങളിൽ വെഞ്ചാമരങ്ങൾ വീശപ്പെട്ടവനും
വിജയച്ഛത്ര-ശോഭിതം	വിജയക്കുട പിടിക്കപ്പെട്ടവനും,
രക്തചന്ദന-സംലിപ്തം	രക്തചന്ദനമണിഞ്ഞവനും,
രത്നാഭരണ-ഭൂഷിതം,	പൊന്നണിക്കോപ്പുകൾ പൂണ്ടവനും,
നീലജീമൂത-സംകാശം,	കരിമുകിലൊത്തവനും,
ഹേമസംച്ഛാദി-താംബരം,	കസവുപട്ടു ധരിച്ചവനും,
ഐരാവത-വിഷാ-ണാഗ്രൈഃ	ഐരാവതത്തിന്റെ കൊമ്പിൻ മുനകളാൽ
ഉത്കൃഷ്ട-കിണവക്ഷസം	ഉണ്ടായിട്ടുള്ളവയായ വടുക്കളാർന്ന മാറിടത്തോടുകൂടിയവനും,
ശശലോഹിത-രാഗേണ	മുയലിൻ ചോരപോലെ ചുകന്ന
രക്തവാസസാ,	രക്തവസ്ത്രത്താൽ,
അംബരേ	ആകാശത്തിൽ
സന്ധ്യാ-തപേന സംഛന്നം	സന്ധ്യാസമയത്തെ വെയിലേററ
മേഘരാശിം ഇവ	കാർനിരയെന്നപോലെ,
സംവീതം	ചുററപ്പെട്ടവനുമായ
രാക്ഷസേന്ദ്രം	രക്ഷോനാഥനെ
ദദർശ.	കണ്ടു.

പശ്യതാം വാനരേന്ദ്രാണാം രാഘവസ്യാപി പശ്യതഃ
ദർശനാദ്രാക്ഷസേന്ദ്രസ്യ സുഗ്രീവഃ സഹസോത്ഥിതഃ. 7

സുഗ്രീവഃ	സുഗ്രീവൻ	രാഘവസ്യ അപി	ശ്രീരാഘവനും അപ്രകാരം
രാക്ഷസേന്ദ്രസ്യ ദർശനാത്	രാക്ഷസേന്ദ്രനെ കണ്ടപ്പോൾ	പശ്യതഃ,	കണ്ടുനില്ക്കെ,
വാനരേന്ദ്രാണാം	വാനരശ്രേഷ്ഠന്മാർ	സഹസാ	പെട്ടെന്ന്
പശ്യതാം,	നോക്കി നില്ക്കെ,	ഉത്ഥിതഃ.	ചാടിയെഴുന്നേററു.

ക്രോധവേഗേന സംതപ്തഃ സത്വേന ച ബലേന ച
അചലാഗ്രാദഥോത്ഥായ പുപ്ലുവേ ഗോപുരസ്ഥലേ. 8

ക്രോധവേഗേന	കോപാവേശംകൊണ്ട്	അചലാഗ്രാത്	ഗിരിശിഖരത്തിൽ [നിന്ന്
സംതപ്തഃ,	തിളയ്ക്കുന്നവനായ അവൻ,	അഥ	ആ സമയം
		ഉത്ഥായ,	കുതിച്ച്,
സത്വേന ച	ധൈര്യത്തോടും	ഗോപുരസ്ഥലേ	ഗോപുരമുകളിൽ
ബലേന ച	ഊക്കോടും	പുപ്ലുവേ.	ചാടി.

സ്ഥിത്വാ മുഹൂർത്തം സംപ്രേക്ഷ്യ നിർഭയേനാന്തരാത്മനാ
തൃണീകൃത്യ ച തദ്രക്ഷഃ സോഽബ്രവീത് പരുഷം വചഃ 9

സഃ,	അവൻ,	നിർഭയേന	ഭയലേശമില്ലാത്ത
മുഹൂർത്തം സ്ഥിത്വാ,	ഒട്ടുനേരം നിന്ന്,	അന്തരാത്മനാ ച	ചിത്തത്തോടുകൂടി
		സംപ്രേക്ഷ്യ,	നോക്കിക്കൊണ്ട്,
തത്	ആ	പരുഷം	കടുതായ
രക്ഷഃ	രാക്ഷസനെ	വചഃ	വാക്യത്തെ
തൃണീകൃത്യ,	പുല്ലാക്കി,	അബ്രവീത്.	ഇപ്രകാരം ഉരചെയ്തു.

ലോകനാഥസ്യ രാമസ്യ സഖാ ദാസോഽസ്മി രാക്ഷസ. 10

"രാക്ഷസ!	"രാക്ഷസ!	രാമസ്യ	ശ്രീരാമന്ന്
അസ്മി	ഞാൻ	ദാസഃ	കൈങ്കര്യം ചെയ്യുന്ന
ലോകനാഥസ്യ	ലോകേശനായ	സഖാ.	സുഹൃത്താണ്.

ന മയാ മോക്ഷ്യസേഽദ്യ ത്വം പാർത്ഥിവേന്ദ്രസ്യ തേജസാ. 11

"ത്വം	"നീ	തേജസാ,	വൈഭവത്താൽ,
അദ്യ,	ഇപ്പോൾ,	മയാ മോക്ഷ്യസേ ന"	എന്റെ കയ്യിൽനിന്നു പിടിവിട്ടുപോകയില്ല."
പാർത്ഥിവേന്ദ്രസ്യ	ആ രാജാധിരാജന്റെ		

ഇത്യുക്ത്വാ സഹസോത്പത്യ പുപ്ലുവേ തസ്യ ചോപരി 12

ഇതി,	ഇപ്രകാരം	ഉത്പത്യ,	കുതിച്ച്,
ഉക്ത്വാ,	ഉരചെയ്തുകൊണ്ട്,	തസ്യ ഉപരി ച	അവന്റെ മേൽ
സഹസാ	പെട്ടെന്ന്	പുപ്ലുവേ.	ചാടി.

ആകൃഷ്യ മുകുടം ചിത്രം പാതയാമാസ തദ്ഭുവി. 13

ചിത്രം	ഭംഗിപൂണ്ട	ആകൃഷ്യ	വലിച്ചെടുത്തു്
മുകുടം,	കിരീടത്തെ,	ഭുവി	നിലത്ത്
തത്	അക്ഷണം	പാതയാമാസ.	എറിഞ്ഞു.

സമീക്ഷ്യ തൂൎണ്ണമായാന്തമാബഭാഷേ നിശാചരഃ. 14

നിശാചരഃ,	നക്തഞ്ചരൻ,	ആയാന്തം	എതിൎത്തുവരുന്ന അവനെ
		സമീക്ഷ്യ,	കണ്ടു്,
തൂൎണ്ണം	വേഗതയോടെ	ആബഭാഷേ.	ഇങ്ങിനെ ഉരചെയ്തു.

സുഗ്രീവസ്ത്വം പരോക്ഷം മേ ഹീനഗ്രീവോ ഭവിഷ്യസി. 15

"മേ പരോക്ഷം	"ഞാൻ കാണാതിരുന്നതുവരെ	ത്വം,	നീ, ഇപ്പോൾ
സുഗ്രീവഃ	നല്ല കഴുത്തോടുകൂടിയവനായിരുന്ന	ഹീനഗ്രീവഃ	കഴുത്തററവനായി
		ഭവിഷ്യസി."	ഭവിക്കുന്നതാണ്."

ഇത്യുക്ത്വോത്ഥായ തം ക്ഷിപ്രം ബാഹുഭ്യാമാക്ഷിപത്തലേ. 16

ഇതി ഉക്ത്വാ,	എന്നു പറഞ്ഞു്	ബാഹുഭ്യാം	രണ്ടുകൈകൾകൊണ്ടും പിടിച്ചു്
ക്ഷിപ്രം	ഉടനെ		
ഉത്ഥായ,	കുതിച്ചു്,	തലേ ആക്ഷിപത്.	നിലത്തെറിഞ്ഞു.
തം	അവനെ		

കന്ദുവത്തം സമുത്ഥായ ബാഹുഭ്യാമാക്ഷിപദ്ധരിഃ. 17

ഹരിഃ,	വാനരനായ സുഗ്രീവൻ,	ബാഹുഭ്യാം	രണ്ടുകൈകൾകൊണ്ടും
സമുത്ഥായ	തൽക്ഷണം എഴുന്നേററു്	കന്ദുവത്	പന്തുപോലെ
തം	അവനെ	ആക്ഷിപത്.	വലിച്ചെറിഞ്ഞു.

പരസ്പരം സ്വേദവിദിഗ്ദ്ധഗാത്രൌ
പരസ്പരം ശോണിതദിഗ്ദ്ധദേഹൌ
പരസ്പരം ശ്ലിഷ്ടനിരുദ്ധചേഷ്ടൌ
പരസ്പരം ശാല്മലികിംശുകൌ യഥാ. 18

മുഷ്ടിപ്രഹാരൈശ്ച തലപ്രഹാരൈ-
രരത്നിഘാതൈശ്ച കരാഗ്രഘാതൈഃ
തൌ ചക്രതുൎയ്യുദ്ധമസഹ്യരൂപം
മഹാബലൌ വാനരരാക്ഷസേന്ദ്രൌ. 19

തൌ	ആ രണ്ടു
മഹാബലൌ	മഹാബലശാലികളായ
വാനരരാക്ഷസേന്ദ്രൌ,	വാനരേന്ദ്രനും രക്ഷോനാഥനും,
പരസ്പരം	ഒരുവനാൽ മറെറാരുവൻ, (തമ്മിൽ കെട്ടിപ്പിടിക്കയാൽ)
സ്വേദവിദിഗ്ദ്ധഗാത്രൌ	ദേഹം വിയപ്പുനീരിൽ മുങ്ങിയവരായി,
പരസ്പരം	ഒരുവനാൽ മറെറാരുവൻ, (തമ്മിൽ മാന്തിപ്പൊളിക്കയാൽ)
ശോണിതദിഗ്ദ്ധദേഹൌ,	ദേഹം ചോരയിലാറാടിയവരായി
പരസ്പരം	ഒരുവക്കൊരുവർ
ശ്ലിഷ്ടനിരുദ്ധചേഷ്ടൌ,	കെട്ടിപ്പിടിച്ചു് അനക്കമില്ലാത്തവരായി,
പരസ്പരം	ഒരുവക്കൊരുവർ
ശാല്മലികിംശുകൌ യഥാ,	പൂളയും മുരിക്കും പോലായ്ത്തീൎന്നവരായി,
മുഷ്ടിപ്രഹാരൈഃ ച	കൈകൾ ചുരുട്ടിപ്പിടിച്ചുള്ള ഇടികൾകൊണ്ടും
തലപ്രഹാരൈഃ	കൈകൾ പരത്തിക്കൊണ്ടുള്ള അടികളാലും
അരത്നിഘാതൈഃ	കൈമുട്ടുകൾകൊണ്ടുള്ള കുത്തുകളാലും
കരാഗ്രഘാതൈഃ ച	കരാഗ്രങ്ങൾകൊണ്ടുള്ള മാന്തലുകളാലും,
അസഹ്യരൂപം	നോക്കിനില്പാൻ സാധിക്കാത്തവിധം
യുദ്ധം ചക്രതുഃ.	യുദ്ധംചെയ്തു.

[പൂളയും മുരിക്കും പൂത്തുനില്ക്കുമ്പോൾ തുടുത്ത പൂക്കൾ നിറഞ്ഞിരിക്കുന്നതുപോലെ, ദേഹത്തിലെങ്ങും ചോരയണിഞ്ഞിരിക്കുന്നവരെന്നും, തമ്മിൽ കെട്ടിപ്പിടിക്കുമ്പോൾ, അവയുടെ മുള്ളുകുത്തി വേദനിക്കുന്നപോലെ, അന്യോന്യം വേദനയുണ്ടാക്കുന്നവരെന്നും ഉപമയുടെ സ്വാരസ്യം.

"അസഹ്യരൂപം" (ഏററവും അസഹ്യമായവിധത്തിൽ) എന്നു. ഗൊ. രാ. "പ്രശംസായാം രൂപപ്രത്യയഃ."]

കൃത്വാ നിയുദ്ധം ഭൃശമുഗ്രവേഗൌ
കാലം ചിരം ഗോപുരവേദിമദ്ധ്യേ
ഉത്ക്ഷിപ്യ ചാക്ഷിപ്യ വിനമ്യ ദേഹൌ
പാദക്രമാദ്ഗോപുരവേദിലഗ്നൌ
അന്യോന്യമാവിദ്ധ്യ വിലഗ്നദേഹൌ
തൌ പേതതുഃ സാലനിഖാതമദ്ധ്യേ. 20

തൌ	അവർ
ഗോപുരവേദിമദ്ധ്യേ	ഗോപുരത്തിന്റെ മേടയുടെ നടുവിൽ
ചിരം കാലം	വളരെനേരം
ഭൃശം	എത്രയും
ഉഗ്രവേഗൌ,	ഉഗ്രമായ കരളുറപ്പോടു കൂടിയവരായി,
നിയുദ്ധം കൃത്വാ,	ദ്വന്ദ്വയുദ്ധംചെയ്തു്,
ഉത്ക്ഷിപ്യ ച,	തമ്മിലെടുത്തു്
ആക്ഷിപ്യ ച	എറിഞ്ഞും
ദേഹൌ വിനമ്യ	ദേഹങ്ങളെ വളച്ചു്
പാദക്രമാത്	കാൽപ്പിടിത്തംകൊണ്ടു്
ഗോപുരവേദിലഗ്നൌ,	ഗോപുരവേദിയിൽ പററിനില്ക്കുന്നവരായി
അന്യോന്യം	ഒരുവനെയൊരുവൻ
ആവിദ്ധ്യ,	എടുത്തെറിഞ്ഞു്
വിലഗ്നദേഹൌ	തമ്മിൽ പൊത്തിപ്പിടിച്ചുകൊണ്ടു്,
സാലനിഖാതമദ്ധ്യേ	മതിലിന്നും കിടങ്ങിന്നും ഇടയിൽ
പേതതുഃ.	മറിഞ്ഞുവീണു.

ഉത്പേതതുൎഭൂതലമസ്പൃശന്തൌ
സ്ഥിത്വാ മുഹൂൎത്തം ത്വതിനിശ്വസന്തൌ
ആലിംഗ്യ ചാവല്ഗ്യ ച ബാഹുയോക്ത്രൈഃ
സംയോജയാമാസതുരാഹവേ തൌ. 21

തൌ,	അവരിരുവരും,
അതി-നിശ്വസന്തൌ	നെടുവീൎപ്പിട്ടുകൊണ്ട്,
മുഹൂൎത്തം തു സ്ഥിത്വാ,	അല്പനേരം മാത്രം മിണ്ടാതെനിന്നശേഷം
ഭൂതലം അസ്പൃശന്തൌ	നിലംവിട്ട്
ഉത്പേതതുഃ;	ഉയരെക്കുതിച്ചു;
ആഹവേ,	പോരിൽ,
ബാഹു-യോക്ത്രൈഃ	കൈകളാകുന്ന കയറുകൾകൊണ്ട്
ആലിംഗ്യ, ച	കെട്ടിവരിഞ്ഞും,
ആവല്ഗ്യ ച	തമ്മിൽ പിടിച്ചുവലിച്ചുരുണ്ടും
സംയോജയാ-മാസതുഃ.	കെട്ടിപ്പിണഞ്ഞു.

സംരംഭശിക്ഷാബലസംപ്രയുക്തൌ
സംചേരതുഃ സംപ്രതി യുദ്ധമാൎഗ്ഗൈഃ
ശാൎദ്ദൂലസിംഹാവിവ ജാതദൎപ്പൌ
ഗജേന്ദ്രപോതാവിവ സംപ്രയുക്തൌ. 22

സംരംഭ-ശിക്ഷാബല-സംപ്രയുക്തൌ	വാശിയും, പയററും, ഊക്കം ചേൎന്നവരായ അവരിരുവരും,
ജാതദൎപ്പൌ	കൊഴുത്ത
ശാൎദ്ദൂല-സിംഹൌ ഇവ	രണ്ടു വൻവ്യാഘ്രങ്ങളെന്നപോലെയും,
സംപ്രയുക്തൌ	ഉത്സാഹപ്പെടുത്തപ്പെട്ട
ഗജേന്ദ്ര-പോതൌ ഇവ,	രണ്ട് ആനക്കുട്ടികൾ പോലെയും,
യുദ്ധമാൎഗ്ഗൈഃ	യുദ്ധംചെയ്യാനുള്ള അടവുകൾ നോക്കിക്കൊണ്ടു
സാംപ്രതി	തത്സമയം
സംചേരതുഃ.	വട്ടം ചുററി.

സംഹത്യ ചാവിധ്യ ച താവുരോഭ്യാം
നിപേതതുൎവ്വൈ യുഗപദ്ധരണ്യാം
ഉദ്യമ്യ ചാന്യോന്യമധിക്ഷിപന്തൌ
സംചക്രമാതേ ബഹുയുദ്ധമാൎഗ്ഗൈഃ 23

തൌ	അവരിരുവരും
ഉരോഭ്യാം	മാറോടു മാറ്
ആവിധ്യ ച	മുട്ടിക്കൊണ്ടും,
സംഹത്യ ച,	ഇടിച്ചുകൊണ്ടും,
യുഗപത് വൈ	ഒപ്പം
ധരണ്യാം	നിലത്ത്
നിപേതതുഃ;	വീണു;
ഉദ്യമ്യ	എഴുന്നേററ്
അന്യോന്യം ച	അന്യോന്യം
അധിക്ഷി-പന്തൌ	എടുത്തെറിയുന്നവരായി
ബഹുയുദ്ധ-മാൎഗ്ഗൈഃ	പലമാതിരി അടവുകൾ കയ്യാണ്ട്
സംചക്രമാതേ.	പൊരുതി.

വ്യായാമശിക്ഷാബലസംപ്രയുക്തൌ
ക്ലമം ന തൌ ജഗ്മതുരാശു വീരൌ
ബാഹൂത്തമൈർവാരണവാരണാഭൈർ-
നിവാരയന്തൌ വരവാരണാഭൌ. 24

വ്യായാമ-ശിക്ഷാബല-സംപ്രയുക്തൌ	ദേഹാരോഗ്യത്തിന്നായുള്ള നിത്യാഭ്യാസം കൊണ്ടുള്ള ശക്തിയാന്നവരും,	തൌ,	അവരിരുവരും,
വര-വാരണാഭൌ	വമ്പന്മാരായ ആനക്കൊമ്പന്മാരെപ്പോലെയുള്ളവരും	വാരണ-വാരണാഭൈഃ	ആനകളെത്തളച്ചിടുന്ന സ്തംഭങ്ങൾ പോലെയുള്ള
വീരൌ	വീരന്മാരുമായ	ബാഹൂത്തമൈഃ	വൻ കൈകളാൽ
		നിവാരയന്തൌ,	തടയുന്നവരായി,
		ആശു	അല്പനേരം കൊണ്ടൊന്നും
		ക്ലമം ജഗ്മതുഃ ന.	ക്ഷീണിച്ചതേയില്ല.

ചിരേണ കാലേന തു സംപ്രയുക്തൌ
സംചേരതുർമ്മണ്ഡലമാർഗ്ഗമാശു. 25

ചിരേണ കാലേന	വളരെ നേരം	മണ്ഡലമാർഗ്ഗം	ചക്രാകാരത്തിൽ
സംപ്രയുക്തൌ തു	പൊരുതിയ അവർ രണ്ടുപേരും	ആശു	അതിവേഗത്തിൽ
		സംചേരതുഃ.	ചുററി.

തൌ പരസ്പരമാസാദ്യ യത്താവന്യോന്യസൂദനേ
മാർജ്ജാരാവിവ ഭക്ഷാർത്ഥേ വിതസ്ഥാതേ മുഹുർമ്മുഹുഃ. 26

തൌ	അവരിരുവരും	ഇവ,	എപ്രകാരമോ അപ്രകാരം,
അന്യോന്യ-സൂദനേ	ഒരുവനെയൊരുവൻ ഹിംസിക്കുന്നതിൽ	പരസ്പരം	തമ്മിൽ തമ്മിൽ
യത്തൌ,	തഞ്ചുനോക്കുന്നവരായി,	ആസാദ്യ,	അടുത്തും,
ഭക്ഷാർത്ഥേ	തീററക്കായി	മുഹുഃ മുഹുഃ	കൂടെക്കൂടെ
മാർജ്ജാരൌ	രണ്ടുപൂച്ചകൾ	വിതസ്ഥാതേ.	വിലകിയും നിന്നു.

മണ്ഡലാനി വിചിത്രാണി സ്ഥാനാനി വിവിധാനി ച
ഗോമൂത്രികാണി ചിത്രാണി ഗതപ്രത്യാഗതാനി ച 27
തിരശ്ചീനഗതാന്യേവ തഥാ വക്രഗതാനി ച
പരിമോക്ഷം പ്രഹാരാണാം വർജ്ജനം പരിധാവനം 28
അഭിദ്രവണമാപ്ലാവമാസ്ഥാനം ച സവിഗ്രഹം
പരാവൃത്തമപാവൃത്തമവപ്ലുതമവപ്ലുതം 29
ഉപന്യസ്തമപന്യസ്തം യുദ്ധമാർഗ്ഗവിശാരദൌ
തൌ സംചേരതുരന്യോന്യം വാനരേന്ദ്രശ്ച രാവണഃ. 30

യുദ്ധമാർഗ്ഗ— വിശാരദൌ	മല്ലയുദ്ധത്തിനുള്ള അടവുകളിൽ സമർത്ഥന്മാരായ
വാനരേന്ദ്രഃ	വാനരാധിപനും
രാവണഃ ച	രാവണനുമായ
തൌ,	അവരിരുവരും,
വിചിത്രാണി	പലമാതിരിയായുള്ള
മണ്ഡലാനി,	വട്ടം ചുററലുകളേയും,
വിവിധാനി	പലമാതിരി
സ്ഥാനാനി ച,	നില്പുകളേയും,
ചിത്രാണി ഗോമൂത്രി- കാണി	പലമാതിരിയായി ഗോമൂത്രംപോലെ അല്പാല്പമായി പതുങ്ങി പതുങ്ങിയും, വളഞ്ഞും ഉള്ള ഗതികളെപ്പററിയും,
ഗതപ്രത്യാ- ഗതാനി ച	അടുക്കുക പിൻമാറുക എന്നവയേയും
തിരശ്ചീന- ഗതാനി ഏവ	വിലങ്ങത്തിലുള്ള ഗതികളേയും,
തഥാ	അപ്രകാരംതന്നെ
വക്രഗതാനി ച	പിടിയിലകപ്പെടുന്നതുപോലെ കാണിച്ചു് കൌശലത്തിലൊഴിയുന്ന ഗതികളേയും
പ്രഹാരാണാം പരിമോക്ഷം	തല്ലുകളെ ഒഴിക്കുന്നതിനേയും,
വർജ്ജനം	തടുക്കുന്നതിനേയും,
പരിധാവനം	ഒരുത്തൻ നില്ക്കുമ്പോൾ മററവൻ ചുററുംവരിക,
അഭിദ്രവണം	ഓടിയടുക്കുക,
ആപ്ലാവം,	(തവളപോലെ) ചാടുക,
സവിഗ്രഹം അവസ്ഥാനം ച	എതിർത്ത് നില്ക്കുക,
പരാവൃത്തം,	പിൻമാറുക,
അപാവൃത്തം,	ആട്ടിപ്പായിക്കുക,
അവദ്രുതം	ദേഹം ഹ്രസ്വമാക്കി ഒററപ്പാച്ചൽ പായുക,
അവപ്ലുതം	അപ്രകാരം ഒററച്ചാട്ടം ചാടുക,
ഉപന്യസ്തം	(കയ്യോടു കൈ ചുമലോടു ചുമൽ, മാറോടു മാറ്) എന്നവ കൂട്ടിമുട്ടുക,
അപന്യസ്തം	(എടതുകൈ വലതു കയ്യോട്, ഇങ്ങിനെ) മാറി കൂട്ടിപ്പിണയ്ക്കുക, എന്നവയേയും
അന്യോന്യം	ഒരുവക്കൊരുവർ
സംചേരതുഃ.	പ്രയോഗിച്ചു.

[“മണ്ഡലാനി”:— വട്ടം ചുററുക എന്ന മണ്ഡലങ്ങളെപ്പററി ഭരതമുനി ഇപ്രകാരം പറയുന്നു. “ഏകപാദപ്രചാരോ യഃ സ ചാരീത്യഭിധീയതേ. ദ്വിപാദക്രമണം യത്തു കരണം നാമ തദ്ഭവേത്. കരണാനാം സമായോഗാത് ഖണ്ഡമിത്യഭിധീയതേ ഖണ്ഡൈസ്ത്രിഭിശ്ചതുർഭിർവ്വാ സംയുക്തം മണ്ഡലം ഭവേത്.” മണ്ഡലഭേദങ്ങൾ സവ്യം, അപസവ്യം, സവ്യാപസവ്യം, അഭ്രമണം ഇത്യാദിയാകുന്നു.

“സ്ഥാനാനി”: (നില്പുകൾ) വ്യാഘ്രം, സിംഹം എന്നിത്യാദിപോലെയുള്ളവ; അഥവാ ഭരതശാസ്ത്രത്തിൽ പറയുംപ്രകാരം വൈഷ്ണവം മുതലായ ആറു സ്ഥാനങ്ങൾ; “വൈഷ്ണവം സമപാദം ച വൈശാഖം മണ്ഡലം തഥാ പ്രത്യാലീഢമഥാലീഢം സ്ഥാനാന്യേതാനി ഷൺനൃണാം”; ധനുർവ്വേദത്തിൽ സ്ഥാനങ്ങൾ അഞ്ച് എന്ന് പക്ഷാന്തരം.

“ആപ്ലാവം” ദേഹത്തെ ചെറുതാക്കിയും വലുതാക്കിയും താണ് ചാടിച്ചെല്ലുക.

ഇങ്ങിനെ ഖഡ്ഗവിദ്യ, മല്ലശാസ്ത്രം മുതലായവയിൽ വിവരങ്ങൾ കണ്ടുകൊൾക (ഗോ. രാ).]

ഏതസ്മിന്നന്തരേ രക്ഷോ മായാബലമഥാത്മനഃ
ആരബ്ധുമുപസംപേദേ ജ്ഞാത്വാ തം വാനരാധിപഃ 31
ഉത്പപാത തദാകാശം ജിതകാശീ ജിതക്ലമഃ
രാവണഃ സ്ഥിത ഏവാത്ര ഹരിരാജേന വഞ്ചിതഃ. 32

അഥ	പിന്നെ
ഏതസ്മിൻ അന്തരേ,	ആ സമയം,
രക്ഷഃ	രാക്ഷസൻ
ആത്മനഃ	തന്റെ
മായാബലം	മായാശക്തിയെ
ആരബ്ധും	പ്രയോഗിപ്പാൻ
ഉപസംപേദേ;	ഒരുങ്ങി;
തദാ	അപ്പോൾ
വാനരാധിപഃ	വാനരാധിപൻ
ജിതകാശീ	വിജയത്താൽ പ്രകാശിക്കുന്നവനായി,
ജിതക്ലമഃ,	ക്ഷീണമില്ലാത്തവനായി,
തം	അതിനെ
ജ്ഞാത്വാ,	കണ്ടറിഞ്ഞ്,
ആകാശം	ആകാശത്തിൽ
ഉത്പപാത,	കുതിച്ചുപൊങ്ങി,
അത്ര ഏവ	അവിടെത്തന്നെ
സ്ഥിതഃ;	കാത്തുനിന്നു;
രാവണഃ	രാവണൻ
ഹരിരാജേന	വാനരാധിപനാൽ
വഞ്ചിതഃ.	(ഇങ്ങിനെ) വഞ്ചിക്കപ്പെട്ടു.

അഥ ഹരിവരനാഥഃ പ്രാപ്യ സംഗ്രാമകീർത്തിം
നിശിചരപതിമാജൗ യോജയിത്വാ ശ്രമേണ
ഗഗനമതിവിശാലം ലംഘയിത്വാർക്കസൂനുർ-
ഹരിവരഗണമധ്യേ രാമപാർശ്വം ജഗാമ. 33

ഹരിവരനാഥഃ	വാനരശ്രേഷ്ഠന്മാർക്ക് നാഥനും
അർക്കസൂനുഃ,	സൂര്യപുത്രനും ആയ സുഗ്രീവൻ,
അഥ	അപ്പോൾ
ആജൗ,	പോരിൽ,
നിശിചരപതിം	നക്തഞ്ചരാധിപനെ
ശ്രമേണ യോജയിത്വാ,	കുഴക്കിലാക്കിയശേഷം,
സംഗ്രാമ-കീർത്തിം	യുദ്ധംകൊണ്ടുള്ള കീർത്തിയേയും
പ്രാപ്യ,	നേടിക്കൊണ്ട്,
അതിവിശാലം	അതിവിശാലമായ
ഗഗനം	ആകാശത്തെ
ലംഘയിത്വാ,	കടന്ന്,
ഹരിവര-ഗണമധ്യേ	വാനരസമൂഹത്തിന്റെ നടുവിൽ
രാമപാർശ്വം	ശ്രീരാമസന്നിധിയിൽ
ജഗാമ.	ഇറങ്ങിനിന്നു.

ഇതി സ സവിതൃസൂനുസ്തത്ര തത് കർമ്മ കൃത്വാ
പവനഗതിരനീകം പ്രാവിശത് സംപ്രഹൃഷ്ടഃ
രഘുവരനൃപസൂനോർവർദ്ധയൻ യുദ്ധഹർഷം
തരുമൃഗഗണമുഖ്യൈഃ പൂജ്യമാനോ ഹരീന്ദ്രഃ. 34

സവിതൃസൂനുഃ	സൂര്യപുത്രനും	പൂജ്യമാനഃ,	കൊണ്ടാടപ്പെട്ടവനായി
പവനഗതിഃ	വായുവേഗമാൎന്നവനും	സംപ്രഹൃഷ്ടഃ,	അതി സന്തുഷ്ടചിത്ത നായി,
സഃ	ആ [ആയ		
ഹരീന്ദ്രഃ,	വാനരോത്തമൻ,	രഘുവരനൃപ-സൂനോഃ	രഘുകുല ചക്രവൎത്തി യായ ശ്രീരാമന്ന്
തത്ര	അടുപ്പാൽ		
തത് കൎമ്മ	ആ കൃത്യത്തെ	യുദ്ധഹൎഷം	പോരിൽ ഉത്സാഹത്തെ
ഇതി കൃത്വാ,	ഇപ്രകാരം ചെയ്തു്,	വൎദ്ധയൻ	വിളയിക്കുന്നവനായി
തരുമൃഗഗണ-മുഖ്യൈഃ	കപിപ്രധാനികളാൽ	അനീകം	സൈന്യത്തിൽ
		പ്രാവിശത്.	പ്രവേശിച്ചു.

ഇത്യാൎഷേ ശ്രീമദ്രാമായണേ വാല്മീകീയേ ആദികാവ്യേ യുദ്ധകാണ്ഡേ
ചത്വാരിംശഃ സൎഗ്ഗഃ = നാല്പതാംസൎഗ്ഗം സമാപ്തം.

ആദ്യം മുതൽ ശ്ലോകസംഖ്യ 16171; യുദ്ധകാണ്ഡം ആദ്യം മുതൽ ശ്ലോകസംഖ്യ 1496.

ഏകചത്വാരിംശഃ സൎഗ്ഗഃ = നാല്പത്തൊന്നാംസൎഗ്ഗം.

[അംഗദദൂത്യം=അംഗദന്റെ ദൂത്.]

അഥ തസ്മിൻ നിമിത്താനി ദൃഷ്ട്വാ ലക്ഷ്മണപൂൎവ്വജഃ
സുഗ്രീവം സംപരിഷ്വജ്യ തദാ വചനമബ്രവീത്. 1

തദാ	ആ സമയം	സുഗ്രീവം	സുഗ്രീവനെ
ലക്ഷ്മണപൂൎവ്വജഃ	ശ്രീരാമൻ	സംപരിഷ്വജ്യ	തലോടിക്കൊണ്ട്
തസ്മിൻ	അവന്റെ ദേഹത്തിൽ	അഥ	ഇപ്രകാരം
നിമിത്താനി	യുദ്ധചിഹ്നങ്ങളെ	വചനം അബ്രവീത്.	ഉരചെയ്തു.
ദൃഷ്ട്വാ,	കണ്ട്,		

അസംമന്ത്ര്യ മയാ സാൎദ്ധം തദിദം സാഹസം കൃതം
ഏവം സാഹസയുക്താനി ന കുൎവ്വന്തി ജനേശ്വരാഃ. 2

"മയാ സാൎദ്ധം	"എന്നോടുകൂടി	കൃതം;	ചെയ്യപ്പെട്ടു:
അസംമന്ത്ര്യ	ആലോചിക്കാതെ	ജനേശ്വരാഃ	രാജാക്കന്മാർ
തത്	അപ്രകാരമുള്ള	ഏവം	ഇപ്രകാരം
ഇദം സാഹസം	ഈ വരുംവരായ്മയെ ആലോചിക്കാത്ത സാഹസപ്രവൃത്തി	സാഹസ-യുക്താനി	സാഹസകൃത്യങ്ങളെ
		കുൎവ്വന്തി ന.	ചെയ്യുമാറില്ല.

സംശയേ സ്ഥാപ്യ മാം ചേദം ബലം ച സവിഭീഷണം
കഷ്ടം കൃതമിദം വീര സാഹസം സാഹസപ്രിയ. 3

"സാഹസ-പ്രിയ!	സാഹസകൃത്യങ്ങളിൽ താല്പൎയ്യമുള്ള	സംശയേ സ്ഥാപ്യ	കുഴക്കിലാക്കി
വീര!	വീര!	ഇദം	ഈ
സവിഭീഷണം	വിഭീഷണനോടുകൂടി	കഷ്ടം	ആപത്കരമായ
മാം ച	എന്നെയും	സാഹസം	സാഹസപ്രവൃത്തി
ഇദം ബലം ച	ഈ സൈന്യത്തേയും	കൃതം.	ചെയ്യപ്പെട്ടുവല്ലൊ.

ഇദാനീം മാ കൃഥാ വീര ഏവംവിധമചിന്തിതം
ത്വയി കിഞ്ചിത് സമാപന്നേ കിം കാൎയ്യം സീതയാ മമ. 4
ഭരതേന മഹാബാഹോ ലക്ഷ്മണേന യവീയസാ
ശത്രുഘ്നേന ച ശത്രുഘ്ന സ്വശരീരേണ വാ പുനഃ. 5

"വീര!	"വീര!	സീതയാ	സീതയെക്കൊണ്ടും
ഇദാനീം	ഈ ഘട്ടത്തിൽ	ഭരതേന	ഭരതനെക്കൊണ്ടും
ഏവംവിധം	ഇപ്രകാരമുള്ള	യവീയസാ	അനുജൻ
അചിന്തിതം	ആലോചിക്കാത്ത പ്രവൃത്തി	ലക്ഷ്മണേന	ലക്ഷ്മണനെക്കൊണ്ടും
		ശത്രുഘ്നേന ച	ശത്രുഘ്നനെക്കൊണ്ടും
മാ കൃഥാഃ;	ഇനി ചെയ്യാതിരുന്നാലും	സ്വശരീരേണ	എന്റെ സ്വന്തം ശരീ
മഹാബാഹോ!	ശക്തിമാനായവനേ!	വാ പുനഃ	രത്തെക്കൊണ്ടെന്നാ
ശത്രുഘ്ന!	ശത്രുക്കളെ ഹനിക്കുന്ന	മമ	എനിക്ക് [ലും
ത്വയി	ഭവാൻ [വനെ!	കിഞ്ചിത്	വല്ല കാൎയ്യവും ഉണ്ടോ?
സമാപന്നേ	ഇല്ലാതായ്പ്പോയാൽ	കാൎയ്യം കിം?	

["ആദ്യംപെററ കുട്ടിയെ വിട്ട് പുതിയതായി പെററ കുട്ടിയുടെ പേരിൽ പശുവിനുണ്ടാകുന്ന വാത്സല്യംപോലെ, ഭരതാദികളെക്കാൾ സുഗ്രീവന്റെ പേരിൽ താത്കാലിക പ്രീതി കാണിക്കുന്നു. 'അൎദ്ധോ വാ ഏഷ ആത്മനഃ പത്നീ' എന്നു പറയപ്പെട്ട പത്നിയെക്കൊണ്ടാകട്ടെ, 'ഭ്രാതാ സ്വാമൂൎത്തിരാത്മനഃ' എന്നു പറയപ്പെട്ട ഭ്രാതാക്കന്മാരെക്കൊണ്ടാകട്ടെ, 'ആത്മാനം സൎവ്വദാ രക്ഷേദ്ദാരൈരപി ധനൈരപി' എന്നു പറഞ്ഞിട്ടുള്ളതായ ശരീരത്തെക്കൊണ്ടുതന്നെയാകട്ടെ, പ്രയോജനമില്ല," എന്നു പറയുന്നു. (ഗോ. രാ.).]

ത്വയി ചാനാഗതേ പൂൎവ്വമിതി മേ നിശ്ചിതാ മതിഃ
ജാനതശ്ചാപി തേ വീൎയ്യം മഹേന്ദ്രവരുണോപമ. 6

"മഹേന്ദ്ര-വരുണോപമ!	"ഇന്ദ്രനും വരുണനും തുല്യതയാന്നവനേ!	ത്വയി	ഭവാൻ
തേ	അങ്ങയുടെ	അനാഗതേ ച,	വന്നെത്താതിരുന്നാൽ,
വീൎയ്യം	പരാക്രമത്തെ	ഇതി	ഇങ്ങിനെ
പൂൎവ്വം	ഇതിന്നുമുമ്പുതന്നെ	നിശ്ചിതാ മേ മതിഃ	ഉറച്ചുതന്നെയാണ് ഞാൻ ഇരുന്നിരുന്നത്.
ജാനതഃ അപി ച,	അറിഞ്ഞവനാണെന്നാലും,		

ഹത്വാऽഹം രാവണം യുദ്ധേ സപുത്രബലവാഹനം
അഭിഷിച്യ ച ലങ്കായാം വിഭീഷണമഥാപി ച
ഭരതേ രാജ്യമാവേശ്യ ത്യക്ഷ്യേ ദേഹം മഹാബല. 7

"മഹാബല!	"മഹാബലശാലിയായ	വിഭീഷണം ച	വിഭീഷണനെത്തന്നെ
അഹം	ഞാൻ [വനേ!	ലങ്കായാം	ലങ്കയിൽ
യുദ്ധേ	യുദ്ധത്തിൽ	അഭിഷിച്യ,	വാഴിച്ച്,
രാവണം	രാവണനെ	ഭരതേ	ഭരതന്റെ കയ്യിൽ
സപുത്രബല-വാഹനം ച	പുത്രന്മാരോടും സേനകളോടും വാഹനങ്ങളോ	രാജ്യം	രാജ്യത്തെ
		ആവേശ്യ,	ഏല്പിച്ച്,
ഹത്വാ,	വധിച്ച്, [ടുംകൂടി	ദേഹം	ദേഹത്തെ
അഥ അപി	അതിൽപിന്നെ	ത്യക്ഷ്യേ."	വെടിയാം."

തമേവംവാദിനം രാമം സുഗ്രീവഃ പ്രത്യഭാഷത. 8

സുഗ്രീവഃ	സുഗ്രീവൻ	തം രാമം	ആ ശ്രീരാമനോടായി
ഏവംവാദിനം	ഇപ്രകാരം അരുളിച്ചെയ്യുന്നവനായ	പ്രത്യഭാഷത.	ഇങ്ങിനെ മറുപടിയുണൎത്തിച്ചു.

തവ ഭാൎയ്യാപഹൎത്താരം ദൃഷ്ട്വാ രാഘവ രാവണം
മൎഷയാമി കഥം വീര ജാനൻ പൌരുഷമാത്മനഃ. 9

"രാഘവ!	"ശ്രീരാഘവ!	വീര!	അല്ലയോ വീരനായുള്ളോവെ!
തവ	നിന്തിരുവടിയുടെ	ആത്മനഃ	എന്റെ
ഭാൎയ്യാപഹൎത്താരം	ഭാൎയ്യയെ അപഹരിച്ചവനായ	പൌരുഷം	പൌരുഷത്തെക്കുറിച്ച്
രാവണം	രാവണനെ	ജാനൻ	അറിയുന്നവനായ ഞാൻ,
ദൃഷ്ട്വാ,	കണ്ണിന്നുമുമ്പാകെ കണ്ടിട്ട്,	കഥം	എങ്ങിനെയാണ്
		മൎഷയാമി?"	പൊറുത്തിരിക്കുക?"

["പൌരുഷം," (നിന്തിരുവടിയുടെ ഭാൎയ്യ രൂപമായ പുരുഷധൎമ്മത്തെ). എന്നു (ഗോ. രാ.)]

ഇത്യേവംവാദിനം വീരമഭിനന്ദ്യ സ രാഘവഃ
ലക്ഷ്മണം ലക്ഷ്മിസമ്പന്നമിദം വചനമബ്രവീത്. 10

സഃ	ആ	ലക്ഷ്മിസംപന്നം	ശ്രീമാനായ
രാഘവഃ	ശ്രീരാഘവൻ	ലക്ഷ്മണം	ലക്ഷ്മണനോടായി
ഏവംവാദിനം	ഇപ്രകാരം ഉരചെയ്യുന്ന	ഇദം	ഈ സമയം
വീരം	ആ വീരനെ	ഇതി	ഇങ്ങിനെ
അഭിനന്ദ്യ,	കൊണ്ടാടിക്കൊണ്ട്,	വചനം അബ്രവീത്.	അരുളിച്ചെയ്തു.

പരിഗൃഹ്യോദകം ശീതം വനാനി ഫലവന്തി ച
ബലൌഘം സംവിഭജ്യേമം വ്യൂഹ്യ തിഷ്ഠേമ ലക്ഷ്മണ. 11

"ലക്ഷ്മണ!	"ലക്ഷ്മണ!	ഇമം	ഈ
ഫലവന്തി	പഴങ്ങൾ ധാരാളമുള്ള	ബലൌഘം	സൈന്യസമൂഹത്തെ
വനാനി	തോപ്പുകളേയും	സംവിഭജ്യ	വകുത്ത്
ശീതം	കുളുൎത്ത	വ്യൂഹ്യ	അണിനിരത്തി
ഉദകം ച	വെള്ളത്തേയും	തിഷ്ഠേമ.	നാം സന്നദ്ധരായി നില്ക്കുക.
പരിഗൃഹ്യ,	നോക്കിക്കണ്ട്,		

ലോകക്ഷയകരം ഭീമം ഭയം പശ്യാമ്യുപസ്ഥിതം
നിബൎഹണം പ്രവീരാണാമൃക്ഷവാനരരക്ഷസാം. 12

"ലോകക്ഷയകരം	"ജഗത്തിന്നു നാശത്തെ വിളയിക്കുന്നതും	നിബൎഹണം	നാശമുണ്ടാക്കുന്നതും
പ്രവീരാണാം	അതിശൂരന്മാരായ	ഭീമം	ഭയങ്കരമായ [ആയ
ഋക്ഷവാനരരക്ഷസാം	കരടികൾ, കപികൾ, രാക്ഷസർ എന്നവൎക്ക്	ഭയം	ആപത്ത്
		ഉപസ്ഥിതം	അടുത്തിരിക്കുന്നതായി
		പശ്യാമി.	ഞാൻ വിചാരിക്കുന്നു.

വാതാശ്ച പരുഷാ വാന്തി കമ്പതേ ച വസുന്ധരാ
പർവ്വതാഗ്രാണി വേപന്തേ നദന്തി ധരണീധരാഃ. 13

“ വാതാഃ	“ കാററുകൾ	പർവ്വതാഗ്രാണി	ഗിരിശിഖരങ്ങൾ
പരുഷാഃ	ഉഗ്രമായി	വേപന്തേ ;	നടുങ്ങുന്നു ;
വാന്തി ;	വീശുന്നു ;	ധരണീധരാഃ ച	മലകളും
വസുന്ധരാ ച	ഭൂമിയും	നദന്തി.	ഉലയുന്നു.
കംപതേ ;	കലുങ്ങുന്നു ;		

[“ യദാ രേണൂത്പാതൈഃ പ്രവികടസടാടോപചപലഃ പ്രവാതഃ പശ്ചാദേൾ ദിനകരകരപാതസമയേ. തദാ ശസ്യോപേതാ പ്രവരനൃവരാബദ്ധസമരാ ധരാ സ്ഥാനേ സ്ഥാനേഷ്വവിരതവസാമാംസരുധിരാ.” എന്ന് ബൃഹത്സംഹിതയിൽ സന്ധ്യാ പ്രവാത ഫലം. (37.)

“ ത്രിചതുർത്ഥ സപ്തമദിനേ മാസേ പക്ഷേ ത്രിപക്ഷേ വാ യദി ഭവതി ഭൂമികമ്പഃ പ്രധാന നൃപനാശനോ ഭവതി.” (ബൃഹത്സംഹിതയിൽ ഭൂകമ്പഫലം (32).]

മേഘാഃ ക്രവ്യാദസംകാശാഃ പരുഷാഃ പരുഷസ്വനാഃ
ക്രൂരാഃ ക്രൂരം പ്രവർഷന്തി മിശ്രം ശോണിതബിന്ദുഭിഃ. 14

“ മേഘാഃ	“ മേഘങ്ങൾ	ക്രൂരാഃ	ഉഗ്രമായും
ക്രവ്യാദ-സംകാശാഃ	ഭൂതപിശാചാദികളെപ്പോലെ	ശോണിത-ബിന്ദുഭിഃ മിശ്രം	രക്തബിന്ദുക്കളോടിടകലർന്നും
പരുഷാഃ	ഭയങ്കരമാംവണ്ണം	ക്രൂരം	കടുതായി
പരുഷസ്വനാഃ	കണ്ണകഠോരമായും	പ്രവർഷന്തി.	വർഷിക്കുന്നു.

രക്തചന്ദനസങ്കാശാ സന്ധ്യാ പരമദാരുണാ
ജ്വലച്ച നിപതത്യേതദാദിത്യാദഗ്നിമണ്ഡലം. 15

“ സന്ധ്യാ	“ സന്ധ്യാസമയം	ജ്വലത്	ഉജ്ജ്വലിക്കുന്നതായ
രക്തചന്ദന-സംകാശാ	രക്തചന്ദനംപോന്നതായി	ഏതത്	ഈ
പരമദാരുണാ ;	അതിഭയങ്കരമായിരിക്കുന്നു ;	അഗ്നി-മണ്ഡലം ച	തീക്കട്ടയും
ആദിത്യാത്	സൂർയ്യനിൽനിന്ന്	നിപതതി.	വീഴുന്നു.

ആദിത്യമഭിവാശ്യന്തി ജനയന്തോ മഹദ്ഭയം
ദീനാ ദീനസ്വരാ ഘോരാ അപ്രശസ്താ മൃഗദ്വിജാഃ. 16

“ ഘോരാഃ	“ കൊടിയവയും	മഹത്	അതിയായ
അപ്രശസ്താഃ	നിഷിദ്ധങ്ങളുമായ	ഭയം	ഭയത്തെ
മൃഗദ്വിജാഃ	മൃഗങ്ങളും പക്ഷികളും	ജനയന്തഃ,	ജനിപ്പിക്കുന്നവയായി,
ദീനാഃ	ഉഴലുന്നവയായി	ആദിത്യം	സൂർയ്യനെനോക്കി
ദീനസ്വരാഃ	പരിതാപകരമായ ഒച്ചയോടുകൂടിയവയായി	അഭിവാശ്യന്തി.	ശബ്ദിക്കുന്നു.

[“ ദീപ്തമൃഗാണ്ഡജവിരുതം പ്രാക് സന്ധ്യാ ദേശനാശമാഖ്യാതി.” ബൃഹത് സംഹിത. (30)]

രജന്യാമപ്രകാശശ്ച സന്താപയതി ചന്ദ്രമാഃ
കൃഷ്ണരക്താംശുപര്യന്തോ യഥാ ലോകസ്യ സംക്ഷയേ
ഹ്രസ്വോ രൂക്ഷോഽപ്രശസ്തശ്ച പരിവേഷഃ സുലോഹിതഃ. 17

“ചന്ദ്രമാഃ	“ചന്ദ്രനും	ഹ്രസ്വഃ	വട്ടം ചുരുങ്ങിയതായി
അപ്രകാശഃ ച	പ്രഭമങ്ങിയവനായി	അപ്രശസ്തഃ	അശുഭകരമാംവണ്ണം
രജന്യാം	രാത്രിയിൽ	സുലോഹിതഃ	ഏറെച്ചുവന്നതായി
സംതാപയതി:	തപിപ്പിക്കുന്നു;	ലോകസ്യ	ലോകത്തിന്നുതന്നെ
പരിവേഷഃ	ചന്ദ്രന്നുചുറ്റുമുള്ള പരിവേഷം	സംക്ഷയേ യഥാ	നാശമെന്നുകാണിക്കുന്നതായി
കൃഷ്ണരക്താംശു-പര്യന്തഃ	കറുത്തും ചുകന്നുമുള്ള കിരണങ്ങൾ ചുററുമുള്ളതായി	രൂക്ഷഃ ച.	രൂക്ഷമായിരിക്കുന്നു.

[“പ്രതിദിനമർക്കഹിമാംശ്വോരഹർന്നിശം രക്തയോർ നരേന്ദ്രവധഃ പരിവിഷ്ടയോരഭീക്ഷ്ണം ലഗ്നാസ്തനഭഃസ്ഥയോസ്തദ്വത്. സേനാപതേർ ഭയകരോ ദ്വിമണ്ഡലോ നാതിശസ്ത്രകോപകരഃ. ത്രിപ്രഭൃതി ശസ്ത്രകോപം യുവരാജഭയം നഗരരോധം. നരപതിപത്നീ പീഡാം പരിവേഷോഽഭ്യുത്ഥിതശ്ചതുർദ്ദശ്യാം. കുര്യാത്തു പഞ്ചദശ്യാം പീഡാം മനുജാധിപസ്യൈവ.” എന്നിത്യാദി പരിവേഷഫലം ബൃഹത് സംഹിത. (**34**)]

ആദിത്യമണ്ഡലേ നീലം ലക്ഷ്മ ലക്ഷ്മണ ദൃശ്യതേ
ദൃശ്യന്തേ ന യഥാവച്ച നക്ഷത്രാണ്യഭിവർത്തതേ
യുഗാന്തമിവ ലോകസ്യ പശ്യ ലക്ഷ്മണ ശംസതി. 18

“ലക്ഷ്മണ!	“ലക്ഷ്മണ!	യഥാവത്	സാധാരണപോലെ
ആദിത്യ-മണ്ഡലേ	സൂര്യമണ്ഡലത്തിൽ	ന ദൃശ്യന്തേ;	കാണപ്പെടുന്നില്ല;
നീലം	നീലവർണ്ണത്തിലുള്ള	ലോകസ്യ	ലോകത്തിന്നു
ലക്ഷ്മ,	കളങ്കം,	യുഗാന്തം	പ്രളയകാലം
ദൃശ്യതേ;	കാണപ്പെടുന്നു;	അഭിവർത്തതേ ച	അടുത്തിരിക്കുന്നതുപോലെ
ലക്ഷ്മണ!	ലക്ഷ്മണ!	ശംസതി ഇവ,	സൂചിപ്പിക്കുന്നതായിരിക്കുന്നു,
നക്ഷത്രാണി	നക്ഷത്രങ്ങൾ	പശ്യ.	കണ്ടാലും.

[“യോഽതിവ ദീപ്ത്യാ കുരുതേ പ്രകാശം ഛായാമപി വ്യഞ്ജയതേഽർക്കവദ്യഃ. രാജ്ഞോ മഹദ്വേദയതേ ഭയം സഃ ശസ്ത്രപ്രകോപം ക്ഷതജാനുരൂപഃ.” ബൃഹത്സംഹിത. (**31**)]

കാകാഃ ശ്യേനാസ്തഥാ ഗൃധ്രാ നീചൈഃ പരിപതന്തി ച. 19

“കാകാഃ	“കാക്കകളും	ഗൃധ്രാഃ ച	കഴുക്കളും
ശ്യേനാഃ	പരുന്തുകളും	നീചൈഃ	ചുവട്ടിലേക്കായി, പൊക്കമില്ലാതെ
തഥാ	അപ്രകാരം തന്നെ	പരിപതന്തി.	പറക്കുന്നു.

ശിവാശ്ചാപ്യശിവാ വാചഃ പ്രവദന്തി മഹാസ്വനാഃ. 20

"അപി,	"എന്നുതന്നെയല്ല,	അശിവാഃ	അമംഗളകരമാംവണ്ണം
ശിവാഃ ച	കുറുനരികളും	വാചഃ പ്രവദന്തി.	നിലവിളിക്കുന്നു.
മഹാസ്വനാഃ,	ഉച്ചത്തിൽ		

["പൂർവ്വോദീച്യോഃ ശിവാ ശസ്താ ശാന്താ സർവ്വത്ര പൂജിതാ. ധൂമിതാഭിമുഖീ ഹന്തി സ്വരദീപ്താദിഗീശ്വരാൻ." ബൃഹത്സംഹിത. (90).]

ശൈലൈഃ ശൂലൈശ്ച ഖഡ്ഗൈശ്ച വിമുക്തൈഃ കപിരാക്ഷസൈഃ
ഭവിഷ്യത്യാവൃതാ ഭൂമിർമാംസശോണിതകർദ്ദമാ. 21

"ഭൂമിഃ	"ഭൂമി	ഖഡ്ഗൈഃ ച	വാളുകൾ കൊണ്ടും
കപിരാക്ഷസൈഃ	വാനരന്മാരാലും രാക്ഷസരാലും	ആവൃതാ	നിറയപ്പെട്ടതായും
വിമുക്തൈഃ	എറിയപ്പെട്ട	മാംസശോണിതകർദ്ദമാ	മാംസം ചോര എന്നിവകൊണ്ട് ചേറുള്ളതായും
ശൈലൈഃ	മലകൾ കൊണ്ടും		
ശൂലൈഃ ച	ശൂലങ്ങൾ കൊണ്ടും	ഭവിഷ്യതി.	ഭവിക്കുന്നതാണ്.

ക്ഷിപ്രമദ്യ ദുരാധർഷാം ലങ്കാം രാവണപാലിതാം
അഭിയാമ ജവേനൈവ സർവ്വതോ ഹരിഭിർവൃതാഃ. 22

"ഹരിഭിഃ	"വാനരന്മാരാൽ	രാവണപാലിതാം	രാവണനാൽ രക്ഷിക്കപ്പെട്ടതും ആയ
സർവ്വതഃ	നാലുഭാഗങ്ങളിലും	ലങ്കാം	ലങ്കയ്ക്കു[illegible]ിൽ
വൃതാഃ	ചൂഴപ്പെട്ടവരായി	അദ്യ ഏവ	ഇപ്പോൾതന്നെ
ദുരാധർഷാം	എളുപ്പത്തിൽ അക്രമിക്കപ്പെടുവാൻ കഴിയാത്തതും	ക്ഷിപ്രം	താമസിക്കാതെ
		ജവേന	അതിവേഗത്തിൽ
		അഭിയാമ."	നാം ചെല്ലുക."

ഇത്യേവം സംവദൻ വീരോ ലക്ഷ്മണം ലക്ഷ്മണാഗ്രജഃ
തസ്മാദവാതരച്ഛീഘ്രം പർവ്വതാഗ്രാന്മഹാബലഃ. 23

ലക്ഷ്മണാഗ്രജഃ	ലക്ഷ്മണാഗ്രജനും	സംവദൻ,	അരുളിച്ചെയ്തുകൊണ്ട്,
വീരഃ മഹാബലഃ,	വീരനും മഹാബലവാനുമായ ശ്രീരാമൻ,	തസ്മാത്	ആ
		പർവ്വതാഗ്രാത്	പർവ്വതാഗ്രത്തിൽനിന്ന്
ലക്ഷ്മണം	ലക്ഷ്മണനോടായി	ശീഘ്രം	വേഗത്തിൽ
ഇതി ഏവം	ഇപ്രകാരം	അവാതരത്.	ഇറങ്ങി.

അവതീര്യ ച ധർമ്മാത്മാ തസ്മാച്ഛൈലാത് സ രാഘവഃ
പരൈഃ പരമദുർദ്ധർഷം ദദർശ ബലമാത്മനഃ. 24

ധർമ്മാത്മാ	ധർമ്മാത്മാവായ	പരൈഃ	ശത്രുക്കളാൽ
സഃ രാഘവഃ,	ആ ശ്രീരാഘവൻ,	പരമദുർദ്ധർഷം	ഒട്ടും എതിർപ്പാൻ കഴിയാത്തതായ
തസ്മാത്	ആ		
ശൈലാത്	ഗിരിയിൽനിന്ന്	ആത്മനഃ	തന്റെ
അവതീര്യ ച,	താഴെയാട്ടിറങ്ങിവന്നശേഷം,	ബലം	സൈന്യത്തെ
		ദദർശ	വീക്ഷിച്ചു.

സന്നഹ്യ തു സസുഗ്രീവഃ കപിരാജബലം മഹത്
കാലജ്ഞോ രാഘവഃ കാലേ സംയുഗായാഭ്യചോദയത്. 25

രാഘവഃ	ശ്രീരാഘവൻ	സന്നഹ്യ,	സജ്ജമാക്കി,
സസുഗ്രീവഃ തു,	സുഗ്രീവസമേതനായ്ട്ട	കാലജ്ഞഃ,	കാലത്തെ അറിഞ്ഞവ
മഹത്	വമ്പിച്ച [ന്നെ,		നായി,
കപിരാജബലം	വാനരാധിപസൈന്യ	കാലേ	തക്കകാലത്തിൽ
സംയുഗായ	പോരിന്നായി [ത്തെ	അഭ്യചോദയത്.	ഉത്സാഹപ്പെടുത്തി.

തതഃ കാലേ മഹാബാഹുർബലേന മഹതാ വൃതഃ
പ്രസ്ഥിതഃ പുരതോ ധന്വീ ലങ്കാമഭിമുഖഃ പുരീം. 26

തതഃ	അതിൽപിന്നെ	വൃതഃ,	ചൂഴപ്പെട്ടവനായി,
മഹാബാഹുഃ	മഹാബാഹുവും	ലങ്കാം പുരീം }	ലങ്കാപുരത്തെനോക്കി
ധന്വീ,	വില്ലാളിയുമായ ശ്രീരാ	അഭിമുഖഃ }	
	മൻ,	പുരതഃ	മുമ്പിലായി
മഹതാ	വമ്പിച്ച	കാലേ	ഉചിതസമയത്തിൽ
ബലേന	സൈന്യത്താൽ	പ്രസ്ഥിതഃ.	എഴുന്നെള്ളി.

തം വിഭീഷണസുഗ്രീവൌ ഹനുമാൻ ജാംബവാൻ നളഃ
ഋക്ഷരാജസ്തഥാ നീലോ ലക്ഷ്മണശ്ചാന്വയുസ്തദാ. 27

തദാ	ആ സമയം	നളഃ	നളൻ,
തം	അദ്ദേഹത്തെ	ഋക്ഷരാജഃ	ഋക്ഷരാജാവായ ധൂമ്രൻ
വിഭീഷണ- }	വിഭീഷണനും	തഥാ	അപ്രകാരംതന്നെ
സുഗ്രീവൌ }	സുഗ്രീവനും	നീലഃ	നീലൻ എന്നവരും
ഹനുമാൻ	ഹനുമാൻ,	ലക്ഷ്മണഃ ച	ലക്ഷ്മണനും
ജാംബവാൻ	ജാംബവാൻ,	അന്വയുഃ	പിൻതുടൎന്നുചെന്നു.

തതഃ പശ്ചാത് സുമഹതീ പൃതനർക്ഷവനൌകസാം
പ്രച്ഛാദ്യ മഹതീം ഭൂമിമനുയാതി സ്മ രാഘവം. 28

തതഃ പശ്ചാത്	അതിന്നും പിന്നാലെ	മഹതീം	എത്രയൊ
ഋക്ഷ- }	കരടികളുടേയും	ഭൂമിം	സ്ഥലത്തെ
വനൌകസാം }	കപികളുടേയും	പ്രച്ഛാദ്യ,	മറച്ചുകൊണ്ട്,
സുമഹതീ	ഏററം വമ്പിച്ചതായ	രാഘവം	ശ്രീരാഘവനെ
പൃതനാ	സൈന്യം	അനുയാതി സ്മ	പിൻതുടൎന്നു

ശൈലശൃംഗാണി ശതശഃ പ്രവൃദ്ധാംശ്ച മഹീരുഹാൻ
ജഗൃഹുഃ കുഞ്ജരപ്രഖ്യാ വാനരാഃ പരവാരണാഃ 29

കുഞ്ജരപ്രഖ്യാഃ	ആനകളൊത്തവരും,	പ്രവൃദ്ധാൻ	വമ്പിച്ച
പരവാരണാഃ	ശത്രുക്കളെ തടുപ്പാൻ	മഹീരുഹാൻ ച	മരങ്ങളേയും
	പോന്നവരുമായ		
വാനരാഃ,	വാനരന്മാർ,	ശതശഃ	നൂറുക്കണക്കായി
ശൈലശൃംഗാണി	ഗിരിശിഖരങ്ങളെയും	ജഗൃഹുഃ.	കയ്യിലെടുത്തു

തൌ ത്വദീൎഘേണ കാലേന ഭ്രാതരൌ രാമലക്ഷ്മണൌ
രാവണസ്യ പുരീം ലങ്കാമാസേദതുരരിന്ദമൌ. 30

അരിന്ദമൌ	ശത്രുനാശകന്മാരും	രാവണസ്യ	രാവണന്റെ
ഭ്രാതരൌ	ഭ്രാതാക്കളുമായ	ലങ്കാം പുരീം	ലങ്കാപുരത്തെ
തൌ രാമലക്ഷ്മണൌ തു	ആ ശ്രീരാമലക്ഷ്മണന്മാരും	അദീൎഘേണ കാലേന	അല്പനേരംകൊണ്ടു്
		ആസേദതുഃ.	പ്രാപിച്ചു.

പതാകമാലിനീം രമ്യാമുദ്യാനവനശോഭിതാം
ചിത്രവപ്രാം സുദുഷ്പ്രാപാമുച്ചൈഃ പ്രാകാരതോരണാം. 31
താം സുരൈരപി ദുൎദ്ധൎഷാം രാമവാക്യപ്രചോദിതാഃ
യഥാനിവേശം സംപീഡ്യ ന്യവിശന്ത വനൌകസഃ. 32

പതാകമാലിനീം	കൊടിക്കൂറകൾ മാലകളായികെട്ടിത്തൂക്കിയതും	സുരൈഃ അപി	ദേവന്മാരാലും കൂടി
രമ്യാം	അഴകാൎന്നതും	ദുൎദ്ധൎഷാം	വെല്ലുവാൻ കഴിയാത്തതും ആയ
ഉദ്യാനവനശോഭിതാം	ഉദ്യാനങ്ങളാലും ഉപവനങ്ങളാലും ശോഭിക്കപ്പെട്ടതും	താം	അതിനെ
ചിത്രവപ്രാം	ഭംഗിയുള്ള കോട്ടവാതിലുകളാൎന്നതും	സംപീഡ്യ	വളഞ്ഞുകൊണ്ടു്,
സുദുഷ്പ്രാപാം	ദുഷ്പ്രവേശ്യമായതും	വനൌകസഃ,	വാനരന്മാർ,
ഉച്ചൈഃ പ്രാകാരതോരണാം	ഉയൎന്ന മതിൽകെട്ടുകളും കമാനങ്ങളുമാൎന്നതും	രാമവാക്യപ്രചോദിതാഃ	ശ്രീരാമാജ്ഞയെ കൈക്കൊണ്ടവരായി
		യഥാനിവേശം	അവരവൎക്കു് നിശ്ചയിക്കപ്പെട്ട സ്ഥാനത്തിൽ
		ന്യവിശന്ത.	ചെന്നു നിന്നു.

ലങ്കായാസ്തൂത്തരദ്വാരം ശൈലശൃംഗമിവോന്നതം
രാമഃ സഹാനുജോ ധന്വീ ജുഗോപ ച രുരോധ ച. 33

ധന്വീ	വില്ലാളി വീരനായ	ഉത്തരദ്വാരം	വടക്കെ ഗോപുരവാതിലിനെ
രാമഃ	ശ്രീരാമൻ	രുരോധ ച;	നിരോധിച്ചു;
സഹാനുജഃ,	ലക്ഷ്മണസമേതനായി,	തു	ആ സമയം
ശൈലശൃംഗം ഇവ	ഗിരിശിഖരം പോലെ	ജുഗോപ ച.	സ്വസൈന്യത്തെ വേണ്ടപോലെ കാത്തുനിന്നു.
ഉന്നതം	ഉയൎന്നതായ		
ലങ്കായാഃ	ലങ്കയുടെ		

ലങ്കാമുപനിവിഷ്ടശ്ച രാമോ ദശരഥാത്മജഃ
ലക്ഷ്മണാനുചരോ വീരഃ പുരീം രാവണപാലിതാം
ഉത്തരദ്വാരമാസാദ്യ യത്ര തിഷ്ഠതി രാവണഃ. 34

വീരഃ	വീരാഗ്രേസരനും
ദശരഥാത്മജഃ	ദശരഥതനൂജനും
ലക്ഷ്മണാനുചരഃ ച	ലക്ഷ്മണൻ സഹായിയായുള്ളവനുമായ
രാമഃ,	ശ്രീരാമൻ,
രാവണപാലിതാം	രാവണനാൽ രക്ഷിക്കപ്പെട്ട
ലങ്കാം പുരീം	ലങ്കാനഗരത്തെ
ആസാദ്യ,	പ്രാപിച്ച്,
രാവണഃ	രാവണൻ
യത്ര	എവിടെ
തിഷ്ഠതി	നിന്നിരുന്നുവോ, ആ
ഉത്തരദ്വാരം	വടക്കെ ഗോപുരദ്വാരത്തിൽ
ഉപനിവിഷ്ടഃ.	തയ്യാറായി നിവേശനമുറപ്പിച്ചു.

നാന്യോ രാമാദ്ധി തദ്ദ്വാരം സമർത്ഥഃ പരിരക്ഷിതും
രാവണാധിഷ്ഠിതം ഭീമം വരുണേനേവ സാഗരം. 35
സായുധൈ രാക്ഷസൈർഭീമൈരഭിഗുപ്തം സമന്തതഃ
ലഘൂനാം ത്രാസജനനം പാതാളമിവ ദാനവൈഃ. 36

സാഗരം	സമുദ്രത്തെ
വരുണേന	വരുണഭഗവാൻ
ഇവ,	എപ്രകാരമോ അപ്രകാരം
രാവണാധിഷ്ഠിതം	രാവണനാൽ സംരക്ഷിക്കപ്പെട്ടതും
ഭീമം	ഭയങ്കരവും
ലഘൂനാം	സാരഹീനന്മാൎക്ക്
ത്രാസജനനം	ഭീതിയെവിളയിക്കുന്നതും,
ദാനവൈഃ	ദാനവന്മാരാൽ
പാതാളം ഇവ,	പാതാളലോകമെന്നപോലെ
സായുധൈഃ	ആയുധങ്ങളേന്തിയവരായ
ഭീമൈഃ രാക്ഷസൈഃ	ഘോരരാക്ഷസന്മാരാൽ
സമന്തതഃ	ചുറ്റും
അഭിഗുപ്തം	നല്ലപോലെ കാക്കപ്പെട്ടതുമായ
തത്	ആ
ദ്വാരം	ദ്വാരത്തെ
പരിരക്ഷിതും	നിരോധിക്കുന്നതിന്ന്
രാമാത് അന്യഃ ഹി	ശ്രീരാമനല്ലാതെ മറെറാരുത്തനും
സമർത്ഥഃ ന.	ആളാകുന്നതല്ല.

വിന്യസ്താനി ച യോധാനാം ബഹൂനി വിവിധാനി ച
ദദർശായുധജാലാനി തഥൈവ കവചാനി ച. 37

വിന്യസ്താനി	അവിടവിടെ വെക്കപ്പെട്ടിരുന്നവയായ
യോധാനാം	പടയാളികളുടെ
വിവിധാനി ച	പലമാതിരിയായുള്ള
ബഹൂനി	അനേകം
ആയുധജാലാനി ച	ആയുധനിരകളേയും
തഥാ ഏവ	അവ്വണ്ണംതന്നെ
കവചാനി ച	കവചങ്ങളേയും
ദദർശ.	കണ്ടു.

പൂർവ്വം തു ദ്വാരമാസാദ്യ നീലോ ഹരിചമൂപതിഃ
അതിഷ്ഠത് സഹ മൈന്ദേന ദ്വിവിദേന ച വീര്യവാൻ. 38

ഹരിചമൂപതിഃ	വാനരസേനാധിപനും
വീര്യവാൻ	വീര്യശാലിയുമായ
നീലഃ	നീലൻ
മൈന്ദേന തു	മൈന്ദനോടും
ദ്വിവിദേന ച സഹ	ദ്വിവിദനോടുംകൂടി
പൂർവ്വം ദ്വാരം	കിഴക്കെ ഗോപുരവാതിലിനെ
ആസാദ്യ	പ്രാപിച്ച്
അതിഷ്ഠത്.	കാത്തുനിന്നു.

അംഗദോ ദക്ഷിണദ്വാരം ജഗ്രാഹ സുമഹാബലഃ
ഋഷഭേണ ഗവാക്ഷേണ ഗജേന ഗവയേന ച. 39

സുമഹാബലഃ	അതിബലശാലിയായ	ഗജേന	ഗജനോടും
അംഗദഃ	അംഗദൻ	ഗവയേന ച	ഗവയനോടുംകൂടി
ഋഷഭേണ	ഋഷഭനോടും	ദക്ഷിണദ്വാരം	തെക്കെഗോപുരദ്വാര
ഗവാക്ഷേണ	ഗവാക്ഷനോടും	ജഗ്രാഹ.	തടഞ്ഞു. [ത്തെ

ഹനുമാൻ പശ്ചിമദ്വാരം രരക്ഷ ബലവാൻ കപിഃ
പ്രമാഥിപ്രഘസാഭ്യാം ച വീരൈരന്യൈശ്ച സംഗതഃ. 40

ബലവാൻ	ബലവാനായ	അന്യൈഃ	വേറെ
കപിഃ	വാനരനായ	വീരൈഃ ച	വീരന്മാരോടും
ഹനുമാൻ	ഹനുമാൻ	സംഗതഃ,	ചേർന്ന്,
പ്രമാഥിപ്രഘ- സാഭ്യാം ച	പ്രമാഥി, പ്രഘസൻ എന്നവരോടും	പശ്ചിമദ്വാരം രരക്ഷ.	പടിഞ്ഞാറെ വാതിൽക്കൽ കാത്തുനിന്നു.

മദ്ധ്യമേ ച സ്വയം ഗുല്മേ സുഗ്രീവഃ സമതിഷ്ഠത
സഹ സർവ്വൈർഹരിശ്രേഷ്ഠൈഃ സുപർണ്ണശ്വസനോപമൈഃ. 41

സുഗ്രീവഃ	സുഗ്രീവൻ	സുപർണ്ണശ്വ- സനോപമൈഃ	ഗരുഡഭഗവാനും വായുഭഗവാനുംസമന്മാരായ
സ്വയം ച	താൻതന്നെ	ഹരിശ്രേഷ്ഠൈഃ സർവ്വൈഃ സഹ	വാനരോത്തമന്മാർ എല്ലാവരുംകൂടി
മദ്ധ്യമേ	നടുവിലുള്ള	സമതിഷ്ഠത.	ജാഗ്രതയോടെ വർത്തിച്ചു.
ഗുല്മേ	പടക്കൂട്ടത്തിൽ		

[രാവണൻ വർത്തിച്ചിരുന്ന ഉത്തരദ്വാരത്തിന്നും, ഇന്ദ്രജിത്ത് വർത്തിച്ചിരുന്ന പശ്ചിമദ്വാരത്തിന്നും നടുവിലായി, ഇരുകൂട്ടരെ എതിർക്കുന്നവർക്കും വേണ്ടുന്ന സമയങ്ങളിൽ സഹായിപ്പാനായി, കാകാക്ഷിന്യായത്തെ അവലംബിച്ച്, അവരുടെ ഇടയിൽ സുഗ്രീവൻ വർത്തിച്ചു, എന്നു സാരം. താഴെ **44**-ാംശ്ലോകം നോക്കുക. (ഗോ. രാ).]

വാനരാണാം തു ഷട്ത്രിംശത് കോട്യഃ പ്രഖ്യാതയൂഥപാഃ
നിപീഡ്യോപനിവിഷ്ടാശ്ച സുഗ്രീവോ യത്ര വാനരഃ. 42

വാനരാണാം	വാനരന്മാരുടെ	വാനരഃ	വാനരനായ
ഷട്ത്രിംശത് കോട്യഃ തു	മുപ്പത്താറുകോടി	സുഗ്രീവഃ	സുഗ്രീവൻ
പ്രഖ്യാത- യൂഥപാഃ,	വിശ്രുതരായ സേനത്തലവന്മാർ,	യത്ര ച	ഉണ്ടായിരുന്നേടിക്കൽ,
		നിപീഡ്യ- ഉപനിവിഷ്ടാഃ.	വളഞ്ഞുകൊണ്ടു നില്പായി.

ശാസനേന തു രാമസ്യ ലക്ഷ്മണഃ സവിഭീഷണഃ
ദ്വാരേ ദ്വാരേ ഹരീണാം തു കോടിം കോടിം ന്യവേശയത്. 43

രാമസ്യ ശ്രീരാമന്റെ
ശാസനേന തു ആജ്ഞപ്രകാരംതന്നെ,
ലക്ഷ്മണഃ ലക്ഷ്മണൻ
സവിഭീഷണഃ, വിഭീഷണസമേതനായി,
ദ്വാരേ ദ്വാരേ തു ഓരോ വാതിൽക്കലും
ഹരീണാം കോടിം കോടിം } ഓരോ കോടി വാനരന്മാരെ
ന്യവേശയത്. നിൎത്തി.

പശ്ചിമേന തു രാമസ്യ സുഗ്രീവഃ സഹജാംബവാൻ
അദൂരാന്മദ്ധ്യമേ ഗുല്മേ തസ്ഥൌ ബഹുബലാനുഗഃ. 44

സുഗ്രീവഃ സുഗ്രീവൻ
സഹജാംബവാൻ ജാംബവാനോടുംകൂടി
ബഹു- ബലാനുഗഃ } അനവധിസൈന്യങ്ങളാൽ തുടരപ്പെട്ടവനായി
മദ്ധ്യമേ ഗുല്മേ, നടുപ്പടയിൽ
രാമസ്യ ശ്രീരാമന്റെ
പശ്ചിമേന പടിഞ്ഞാറുവശത്തായും
അദൂരാത് തു അരികിലായും
തസ്ഥൌ. വൎത്തിച്ചു.

തേ തു വാനരശാൎദ്ദൂലാഃ ശാൎദ്ദൂലാ ഇവ ദംഷ്ട്രിണഃ
ഗൃഹീത്വാ ദ്രുമശൈലാഗ്രാൻ ഹൃഷ്ടാ യുദ്ധായ തസ്ഥിരേ. 45

ശാൎദ്ദൂലാഃ ഇവ വേങ്ങപ്പുലികൾപോലെ
ദംഷ്ട്രിണഃ തേററകളാൎന്ന
വാനര- ശാൎദ്ദൂലാഃ തു } വാനരോത്തമന്മാരായ
തേ, അവർ,
യുദ്ധായ പോരിന്നായി
ഹൃഷ്ടാഃ ഉത്സാഹം പൂണ്ടവരായി
ദ്രുമ- ശൈലാഗ്രാൻ } വൃക്ഷങ്ങളേയും കുന്നിൻമുടികളേയും
ഗൃഹീത്വാ കയ്യിലെടുത്ത്
തസ്ഥിരേ. തയ്യാറായിനിന്നു.

സൎവ്വേ വികൃതലാംഗൂലാഃ സൎവ്വേ ദംഷ്ട്രാനഖായുധാഃ
സൎവ്വേ വികൃതചിത്രാംഗാഃ സൎവ്വേ ച വികൃതാനനാഃ. 46

സൎവ്വേ എല്ലാവരും
വികൃത- ലാംഗൂലാഃ; } വാലുകൾ വളച്ച് ഉയൎത്തിയിരുന്നു;
സൎവ്വേ എല്ലാവരും
ദംഷ്ട്രാ- നഖായുധാഃ; } തേററകളും നഖങ്ങളും ആയുധങ്ങളായുള്ളവർ;
സൎവ്വേ എല്ലാവരും
വികൃത- ചിത്രാംഗാഃ; } പലമാതിരി ഭംഗിയുള്ള വടിവാൎന്നവർ;
സൎവ്വേ ച എല്ലാവരുംതന്നെ
വികൃതാനനാഃ. കോപം തുളുമ്പുന്ന മുഖങ്ങളാൎന്നവർ.

ദശനാഗബലാഃ കേചിത് കേചിദ്ദശഗുണോത്തരാഃ
കേചിന്നാഗസഹസ്രസ്യ ബഭ്രുവുസ്തുല്യവിക്രമാഃ. 47

കേചിത് ചിലർ
ദശനാഗബലാഃ പത്ത് ആനകളുടെ ബലമുള്ളവരായും
കേചിത് ചിലർ
ദശ- ഗുണോത്തരാഃ } അതിലും പത്തുമടങ്ങ് അധികമുള്ളവരായും
കേചിത് ചിലർ
നാഗസഹസ്രസ്യ ആയിരം ആനകൾക്ക്
തുല്യവിക്രമാഃ തുല്യമായശക്തിയുള്ളവരായും
ബഭ്രുവുഃ. ഇരുന്നു.

സന്തി ചൌഘബലാഃ കേചിത് കേചിച്ഛതഗുണോത്തരാഃ
അപ്രമേയബലാശ്ചാന്യേ തത്രാസൻ ഹരിയൂഥപാഃ. 48

കേചിത്	ചിലർ	സന്തി;	ഇരുന്നു;
ഓഘബലാഃ ച	ഓഘം ആനകൾക്ക് തുല്യമായ ബലമുള്ളവരായും	തത്ര	അതിൽ
കേചിത്	ചിലർ	അന്യേ	വേറെ
ശതഗുണോത്തരാഃ	അതിലും നൂറിരട്ടിയുള്ളവരായും	ഹരിയൂഥപാഃ ച	വാനരവീരന്മാർ
		അപ്രമേയബലാഃ ആസൻ.	അളവററ ബലമുള്ളവരായുമിരുന്നു.

അദ്ഭുതശ്ച വിചിത്രശ്ച തേഷാമാസീത് സമാഗമഃ
തത്ര വാനരസൈന്യാനാം ശൈലാനാമിവ സംഗമഃ. 49

തത്ര	അവിടെ	ശൈലാനാം	പർവ്വതങ്ങളുടെ
തേഷാം	ആ	സംഗമഃ ഇവ	സംഗമമെന്നപോലെ
വാനരസൈന്യാനാം	വാനരസൈന്യങ്ങളുടെ	അദ്ഭുതഃ ച	അത്ഭുതപൂർവ്വമായും [യും
		വിചിത്രഃ ച	കൌതുകമായും
സമാഗമഃ	സംഘം	ആസീത്.	ഇരുന്നു.

പരിപൂർണ്ണമിവാകാശം സംച്ഛന്നേവ ച മേദിനീ
ലങ്കാമുപനിവിഷ്ടൈശ്ച സംപതദ്ഭിശ്ച വാനരൈഃ. 50

ലങ്കാം	ലങ്കയിൽ	സംച്ഛന്നാ ഇവ;	മറയ്ക്കപ്പെട്ടപോലെയിരുന്നു;
ഉപനിവിഷ്ടൈഃ ച	വർത്തിച്ചിരുന്നവരായ	സംപതദ്ഭിഃ ച	ഉയരെക്കുതിച്ചുചാടുന്നവരാൽ
വാനരൈഃ	വാനരന്മാരാൽ	ആകാശം ച	ആകാശം
മേദിനീ	ഭൂമി	പരിപൂർണ്ണം ഇവ	മറയ്ക്കപ്പെട്ടപോലെയിരുന്നു.

ശതം ശതസഹസ്രാണാം പൃഥഗൃക്ഷവനൌകസാം
ലങ്കാദ്വാരാണ്യുപാജഗ്മുരന്യേ യോദ്ധും സമന്തതഃ. 51

ഋക്ഷവനൌകസാം	കരടികളുടേയും വാനരന്മാരുടേയും	പൃഥക്,	ഓരോന്നിൽ വെവ്വേറായും,
ശതസഹസ്രാണാം ശതം	കോടിപ്പേർ	അന്യേ	മററുള്ളവർ
		സമന്തതഃ	ചുററുമായും
ലങ്കാദ്വാരാണി	ലങ്കയുടെ കോട്ടവാതിൽക്കൽ	യോദ്ധും	യുദ്ധംചെയ്യാനായി
		ഉപാജഗ്മുഃ.	വേർതിരിഞ്ഞുപോയി.

[ഈ വാനരന്മാർ 43-ാം ശ്ലോകത്തിൽ പറയപ്പെട്ടിട്ടുള്ളവർക്കും പുറമെയുള്ളവരാണെന്നു ഗോ. രം]

ആവൃതഃ സ ഗിരിഃ സർവ്വൈസ്തൈഃ സമന്താത് പ്ലവംഗമൈഃ. 52

സഃ ഗിരിഃ,	ആ പർവ്വതം,	സർവ്വൈഃ	എല്ലാ
സമന്താത്	എങ്ങും	പ്ലവംഗമൈഃ	വാനരന്മാരാലും
തൈഃ	ആ	ആവൃതഃ.	ചൂഴപ്പെട്ടതായി ഭവിച്ചു.

അയുതാനാം സഹസ്രം ച പുരീം താമഭ്യവർത്തത. 53

അയുതാനാം സഹസ്രം ച	എണ്ണമററ എത്രയോ പേരെല്ലാം	താം പുരീം	ആ പട്ടണത്തെ
		അഭ്യവർത്തത.	വളഞ്ഞു.

വാനരൈർബ്ബലവദ്ഭിശ്ച ബഭൂവ ദ്രുമപാണിഭിഃ
സംവൃതാ സർവ്വതോ ലങ്കാ ദുഷ്പ്രവേശാऽപി വായുനാഃ. 54

വായുനാ അപി	വായുവിനാലുംകൂടി	ബലവദ്ഭിഃ	ബലശാലികളായ
ദുഷ്പ്രവേശാ	പ്രവേശിക്കപ്പെടുവാൻ കഴിയാത്ത	വാനരൈഃ,	വാനരന്മാരാൽ,
		സർവ്വതഃ ച	എങ്ങും
ലങ്കാ,	ആ ലങ്കാനഗരം,	സംവൃതാ	നിരോധിക്കപ്പെട്ടതായി
ദ്രുമപാണിഭിഃ	വൃക്ഷങ്ങൾ കയ്യിൽ പിടിച്ച	ബഭൂവ.	ഭവിച്ചു.

രാക്ഷസാ വിസ്മയം ജഗ്മുഃ സഹസാऽഭിനിപീഡിതാഃ
വാനരൈർമ്മേഘസങ്കാശൈഃ ശക്രതുല്യപരാക്രമൈഃ. 55

രാക്ഷസാഃ	രാക്ഷസന്മാർ,	വാനരൈഃ	വാനരന്മാരാൽ
മേഘസങ്കാശൈഃ	മേഘതുല്യന്മാരും	സഹസാ	ഊക്കോടെ
ശക്രതുല്യപരാക്രമൈഃ	ഇന്ദ്രതുല്യപരാക്രമന്മാരുമായ	അഭിനിപീഡിതാഃ,	നിരോധിക്കപ്പെട്ടവരായി,
		വിസ്മയം ജഗ്മുഃ.	അമ്പരന്നുപോയി.

മഹാൻ ശബ്ദോऽഭവത്തത്ര ബലൌഘസ്യാഭിവർത്തതഃ
സാഗരസ്യേവ ഭിന്നസ്യ യഥാ സ്യാത് സലിലസ്വനഃ. 56

ഭിന്നസ്യ	ഇളകിമറിയുന്ന	തത്ര	ആ സമയം
സാഗരസ്യ	സമുദ്രത്തിന്റെ	അഭിവർത്തതഃ	എതിർത്തുനില്ക്കുന്ന
സലിലസ്വനഃ	കോളിരച്ചൽ	ബലൌഘസ്യ	സൈന്യസമൂഹത്തി
യഥാ സ്യാത്,	എപ്രകാരമുണ്ടാകുമോ	മഹാൻ ശബ്ദഃ	വമ്പിച്ച മുഴക്കം [ന്റെ
ഇവ	അപ്രകാരം,	അഭവത്.	ഉണ്ടായി.

തേന ശബ്ദേന മഹതാ സപ്രാകാരാ സതോരണാ
ലങ്കാ പ്രചലിതാ സർവ്വാ സശൈലവനകാനനാ. 57

തേന	ആ	സപ്രാകാരാ	മതിൽക്കെട്ടുകളോടും
മഹതാ	വമ്പിച്ച	സതോരണാ	കമാനങ്ങളോടും
ശബ്ദേന,	ആരവാരത്താൽ	സശൈലവനകാനനാ	പർവ്വതം, വനം, തോപ്പ്, എന്നിവയോടും
ലങ്കാ	ലങ്ക		
സർവ്വാ,	മുഴുവനും,	പ്രചലിതാ.	കുലുങ്ങി. [ഒന്നിച്ച്,

രാമലക്ഷ്മണഗുപ്താ സാ സുഗ്രീവേണ ച വാഹിനീ
ബഭൂവ ദുർദ്ധർഷതരാ സർവൈരപി സുരാസുരൈഃ. 58

രാമലക്ഷ്മണ- ഗുപ്താ	ശ്രീരാമലക്ഷ്മണന്മാരാൽ രക്ഷിക്കപ്പെട്ടതും	സുരാസുരൈഃ	ദേവാസുരന്മാർ
സുഗ്രീവേണ ച	സുഗ്രീവനാലും രക്ഷിക്കപ്പെട്ടതുമായ	സർവൈഃ അപി	എല്ലാവരാലുംകൂടി
സാ	ആ	ദുർദ്ധർഷതരാ	എപ്രകാരവും അടക്കപ്പെടുവാൻ കഴിയാത്തതായി
വാഹിനീ	സൈന്യം	ബഭൂവ.	ഇരുന്നു.

രാഘവഃ സന്നിവേശ്യൈവ സൈന്യം സ്വം രക്ഷസാം വധേ
സംമന്ത്ര്യ മന്ത്രിഭിഃ സാർദ്ധം നിശ്ചിത്യ ച പുനഃ പുനഃ
ആനന്തര്യമഭിപ്രേപ്സുഃ ക്രമയോഗാർത്ഥതത്വവിത്. 59
വിഭീഷണസ്യാനുമതേ രാജധർമ്മമനുസ്മരൻ
അംഗദം വാലിതനയം സമാഹൂയേദമബ്രവീത്. 60

ക്രമ- യോഗാർത്ഥ- തത്വവിത്	ധർമ്മപ്രകാരം ചെയ്യുന്ന കൃത്യങ്ങളുടെ ഫലത്തെ ഉള്ളപോലെ അറിയുന്നവനായ	മന്ത്രിഭിഃ സാർദ്ധം	മന്ത്രിമാരോടുകൂടി
		പുനഃ പുനഃ	പലവാറായി
		സംമന്ത്ര്യ	ആലോചിച്ച്,
		ച,	അതിൽപിന്നെ
രാഘവഃ,	ശ്രീരാഘവൻ,	രാജധർമ്മം	രാജധർമ്മത്തെ
സ്വം സൈന്യം	തന്റെ സൈന്യത്തെ	അനുസ്മരൻ	ഓർത്ത്
സംനിവേശ്യ ഏവ,	അതാതു സ്ഥാനങ്ങളിൽ നിർത്തിയശേഷം,	നിശ്ചിത്യ,	നിശ്ചയിച്ച്,
		വിഭീഷണസ്യ	വിഭീഷണന്റെ
രക്ഷസാം	രാക്ഷസന്മാരുടെ	അനുമതേ,	അനുമതിയോടുകൂടി,
വധേ	വിധ്വംസനവിഷയത്തിൽ	വാലിതനയം	ബാലിപുത്രനായ
		അംഗദം	അംഗദനെ
ആനന്തര്യം	മേൽവേണ്ടുന്നതിനെ	സമാഹൂയ,	വിളിച്ച്,
അഭിപ്രേപ്സുഃ,	നടത്തുവാൻ ഉദ്ദേശിച്ചവനായി,	ഇദം	ഇപ്രകാരം
		അബ്രവീത്.	അരുളിച്ചെയ്തു.

ഗത്വാ സൌമ്യ ദശഗ്രീവം ബ്രൂഹി മദ്വചനാത് കപേ
ലംഘയിത്വാ പുരീം ലങ്കാം ഭയം ത്യക്ത്വാ ഗതവ്യഥഃ. 61

"സൌമ്യ!	"വത്സ!	ഗതവ്യഥഃ	ധൈര്യത്തോടെ
കപേ!	വാനര!	ദശഗ്രീവം	രാവണനെ
ഭയം ത്യക്ത്വാ	ഒട്ടും കൂസാതെ	ഗത്വാ,	സമീപിച്ച്,
ലങ്കാം പുരീം	ലങ്കാപുരത്തിനുള്ളിൽ	മദ്വചനാത്	ഞാനരുളിച്ചെയ്തതായി
ലംഘയിത്വാ,	ചാടിക്കടന്ന്,	ബ്രൂഹി.	ഇപ്രകാരം പറയുക.

ഭ്രഷ്ടശ്രീക ഗതൈശ്വര്യ മുമൂർഷോ നഷ്ടചേതന
ഋഷീണാം ദേവതാനാം ച ഗന്ധർവ്വാപ്സരസാം തഥാ 62
നാഗാനാമഥ യക്ഷാണാം രാജ്ഞാം ച രജനീചര
യച്ച പാപം കൃതം മോഹാദവലിപ്തേന രാക്ഷസ
തസ്യ പാപസ്യ സംപ്രാപ്താ വ്യുഷ്ടിരസ്യ ദുരാസദാ. 63

"'ഭ്രഷ്ടശ്രീക!	"'ശ്രീപോയവനേ!
ഗതൈശ്വര്യ!	രാജത്വം നശിച്ചവനേ!
മുമൂർഷോ!	ചാവാറായവനേ!
നഷ്ടചേതന!	ബുദ്ധികെട്ടവനെ!
രജനീചര!	തസ്കരനായ
രാക്ഷസ!	രാക്ഷസാധമ!
ഋഷീണാം	ഋഷികൾക്കും
ദേവതാനാം ച	ദേവകൾക്കും
ഗന്ധർവ്വാ-പ്സരസാം തഥാ	ഗന്ധർവ്വന്മാർക്കും അപ്സരസ്സുകൾക്കും
നാഗാനാം അഥ	നാഗങ്ങൾക്കും
യക്ഷാണാം	യക്ഷന്മാർക്കും
രാജ്ഞാം ച	രാജാക്കന്മാർക്കും,
യത് പാപം,	യാതൊരു പാപം,
മോഹാത്	മൂഢതകൊണ്ടും
അവലിപ്തേന	ഗർവ്വുകൊണ്ടും
കൃതം,	നിന്നാൽ ചെയ്യപ്പെട്ടുവോ
തസ്യ	അപ്രകാരമുള്ള
അസ്യ	ഈ
പാപസ്യ,	പാപത്തിന്റെ
വ്യുഷ്ടിഃ ച	ഫലം മുഴുവനും
ദുരാസദാ	അനിവാര്യമാകുംവണ്ണം
സംപ്രാപ്താ.	ഇതാ അടുത്തിരിക്കുന്നു.

നൂനമദ്യ ഗതോ ദർപ്പഃ സ്വയംഭൂവരദാനജഃ
യസ്യ ദണ്ഡധരസ്തേഽഹം ദാരാഹരണകർശിതഃ
ദണ്ഡം ധാരയമാണസ്തു ലങ്കാദ്വാരേ വ്യവസ്ഥിതഃ. 64

"'യസ്യ	"'യാതൊരു
തേ,	നിനക്ക്,
ദാരാഹരണ-കർശിതഃ	ഭാര്യ്യകട്ടുകൊണ്ടുപോകപ്പെട്ടതിനാൽ ദുഃഖിക്കുന്നവനായ
അഹം തു,	ഞാൻതന്നെ,
ദണ്ഡം	സൈന്യത്തെ
ധാരയമാണഃ	നയിച്ചുംകൊണ്ട്
ലങ്കാദ്വാരേ	ലങ്കാഗോപുരദ്വാരത്തിൽ
വ്യവസ്ഥിതഃ,	വന്നുനില്ക്കുന്നവനായി
ദണ്ഡധരഃ;	തക്കശിക്ഷ ഏകുവാൻ തയ്യാറായിരിക്കയാണ്;
നൂനം,	ആകയാൽ,
സ്വയംഭൂവര-ദാനജഃ	ബ്രഹ്മാവിന്റെ വരദാനത്താലുള്ള
ദർപ്പഃ	മദം
അദ്യ	ഇന്നത്തോടുകൂടി
ഗതഃ.	തീർന്നുപോയി.

പദവീം ദേവതാനാം ച മഹർഷീണാം ച രാക്ഷസ
രാജർഷീണാം ച സർവ്വേഷാം ഗമിഷ്യസി മയാ ഹതഃ. 65

"'രാക്ഷസ!	"'രാക്ഷസ!
മയാ	എന്നാൽ
ഹതഃ,	വധിക്കപ്പെട്ടവനായ നീ
ദേവതാനാം ച,	ദേവന്മാരുടെയും
മഹർഷീണാം ച,	മഹർഷിമാരുടെയും,
രാജർഷീണാം	രാജർഷികളുടെയും
സർവ്വേഷാം ച,	എല്ലാവരുടെയും,
പദവീം	ഗതിയെ,
ഗമിഷ്യസി.	പ്രാപിക്കുന്നതാണ്.

[" നിന്നാൽ ദ്രോഹിക്കപ്പെട്ട ദേവർഷിനൃപതിമാർ എന്തൊരു കഷ്ടാവസ്ഥയെ പ്രാപിച്ചിരുന്നുവോ അതിനെ നീ പ്രാപിക്കുന്നതാണ് എന്നു സാരം. എന്നു് ഗോ. രാ. അഥവാ " രാജഭിർദ്ധൃതദണ്ഡാസ്തു കൃത്വാ പാപാനി മാനവാഃ നിൎമ്മലാഃ സ്വൎഗ്ഗമായാന്തി സന്തഃ സുകൃതിനോ യഥാ " എന്നു് കിഷ്കിന്ധാകാണ്ഡം 18-ാംസൎഗ്ഗത്തിൽ ബാലിയോടു പറഞ്ഞമാതിരി പാപംചെയ്തവർ രാജാവിനാൽ ശിക്ഷിക്കപ്പെട്ടവരായി പാപം നീങ്ങിയവരായി സുകൃതികളെപ്പോലെ സദ്ഗതിയെ പ്രാപിക്കുന്നതുകൊണ്ടു് ദേവന്മാർ മുതലായവരുടെ പദവിയായ സ്വൎഗ്ഗത്തെ പ്രാപിക്കുന്നതാണ്. എന്നു് (തീൎത്ഥീയം).]

ബലേന യേന വൈ സീതാം മായയാ രാക്ഷസാധമ
മാമതിക്രാമയിത്വാ ത്വം ഹൃതവാംസ്തന്നിദൎശയ. 66

" 'രാക്ഷസാധമ!	" 'രാക്ഷസകീടമേ!	സീതാം	സീതയെ
ത്വം	നീ	യേന	യാതൊരു
മായയാ	മായകൊണ്ടു്	ബലേന വൈ	ബലം കയ്യൂക്കൊണ്ടു്
മാം	എന്നെ	ഹൃതവാൻ,	കട്ടുകൊണ്ടുപോയോ,
അതിക്രാമ-യിത്വാ,	ദൂരെവിലക്കിയശേഷം,	തത്	അതിനെ
		നിദൎശയ.	നേരിൽ കാണിക്കുക.

അരാക്ഷസമിമം ലോകം കൎത്താസ്മി നിശിതൈഃ ശരൈഃ
ന ചേച്ഛരണമഭ്യേഷി മാമുപാദായ മൈഥിലീം. 67

" 'മാം	" 'എന്റെ അടുക്കൽ	നിശിതൈഃ	കൂൎത്തുമൂൎത്ത
മൈഥിലീം	മൈഥിലിയെ	ശരൈഃ	ബാണങ്ങൾകൊണ്ടു്,
ഉപാദായ	തിരിയെസമൎപ്പിച്ചു്	ഇമം	ഈ
ശരണം	നീ ശരണം പ്രാപിക്കാ	ലോകം	ലോകത്തെ
അഭ്യേഷി	തിരിക്കുന്നപക്ഷം,	അരാക്ഷസം	ഞാൻ രാക്ഷസഹീനമാ
ന ചേത്,		കൎത്താസ്മി.	ക്കിചെയ്യുന്നുണ്ടു്.

ധൎമ്മാത്മാ രാക്ഷസശ്രേഷ്ഠഃ സംപ്രാപ്തോഽയം വിഭീഷണഃ. 68

" 'ധൎമ്മാത്മാ	" 'ധൎമ്മാത്മാവും	വിഭീഷണഃ	വിഭീഷണൻ
രാക്ഷസശ്രേഷ്ഠഃ	രാക്ഷസോത്തമനുമായ	സംപ്രാപ്തഃ.	എന്നെ ആശ്രയിച്ചിരിക്കുന്നു.
അയം	ഈ		

ലങ്കൈശ്വൎയ്യം ധ്രുവം ശ്രീമാനയം പ്രാപ്നോത്യകണ്ടകം. 69

" 'ശ്രീമാൻ	" 'ശ്രീമാനായ	അകണ്ടകം	നിരുപദ്രവമായി
അയം,	ഇവൻ,	ധ്രുവം	ശാശ്വതമായി
ലങ്കൈശ്വൎയ്യം	ലങ്കാധിപത്യത്തെ	പ്രാപ്നോതി.	നേടുന്നതാണ്.

[68-69 എന്നവ ചേൎന്ന ശ്ലോകത്തിലെ ആദ്യാക്ഷരം ഗായത്രിയിലെ 17-ാമത്തെ അക്ഷരമായി വിന്യസിക്കപ്പെട്ടതാകുന്നു എന്നു് വിദ്യാരണ്യപക്ഷം.]

ന ഹി രാജ്യമധൎമ്മേണ ഭോക്തും ക്ഷണമപി ത്വയാ
ശക്യം മൂൎഖസഹായേന പാപേനാവിദിതാത്മനാ. 70

"'മൂർഖ-സഹായേന	"'മൂർഖമന്ത്രിമാരെ സഹായമായുള്ളവനും	ത്വയാ,	നിന്നാൽ,
അവിദിതാത്മനാ	താൻ ഇത്രയ്ക്കേപോരുമെന്നറിയാത്തവനും	ക്ഷണം അപി	ഒരുക്ഷണനേരമെങ്കിലും
പാപേന	പാപകൃത്യം ചെയ്യുന്നവനുമായ	രാജ്യം	രാജ്യത്തെ
		അധർമ്മേണ	പാപകൃത്യത്തോടുംകൂടി
		ഭോക്തും	അനുഭവിക്കുക എന്നത്
		ശക്യം ന ഹി.	ഒരിക്കലും സാദ്ധ്യമല്ല.

യുദ്ധ്യസ്വ വാ ധൃതിം കൃത്വാ ശൌര്യമാലംബ്യ രാക്ഷസ. 71

"'രാക്ഷസ!	"'രാക്ഷസ!	ആലംബ്യ	കയ്ക്കൊണ്ട്
ശൌര്യം	പോരിന്നുവേണ്ട ശൌര്യത്തെ	ധൃതിം കൃത്വാ വാ	കരളുറപ്പോടുകൂടിയും
		യുദ്ധ്യസ്വ,	യുദ്ധം ചെയ്താലും.

മച്ഛരൈസ്ത്വം രണേ ശാന്തസ്തതഃ പൂതോ ഭവിഷ്യസി. 72

"'രണേ	"'പോരിൽ	ശാന്തഃ,	ഹതനായി,
ത്വം	നീ	തതഃ	അതിൽപിന്നെ
മച്ഛരൈഃ	എന്റെ ബാണങ്ങൾ കൊണ്ട്	പൂതഃ	പാപംനീങ്ങിയവനായി
		ഭവിഷ്യസി.	ഭവിക്കുന്നതാണ്.

യദ്വാ വിശസി ലോകാംസ്ത്രീൻ പക്ഷിഭൂതോ മനോജവഃ
മമ ചക്ഷുഷ്പഥം പ്രാപ്യ ന ജീവൻ പ്രതിയാസ്യസി. 73

"'പക്ഷിഭൂതഃ	"'പക്ഷിരൂപം കയ്ക്കൊണ്ട്	മമ	എന്റെ
മനോജവഃ,	മനോവേഗതയാന്നവനായി,	ചക്ഷുഷ്പഥം പ്രാപ്യ,	കണ്ണിൽകണ്ടുകിട്ടിക്കഴിഞ്ഞതിനാൽ,
ത്രീൻ	മൂന്നു	ജീവൻ	ജീവനോടുകൂടി
ലോകാൻ	ലോകങ്ങളിലും	പ്രതിയാസ്യസി ന.	നീ മടങ്ങിച്ചെല്ലുകയില്ല.
വിശസി യദ്വാ,	നീ ചെന്നൊളിച്ചാലും,		

ബ്രവീമി ത്വാം ഹിതം വാക്യം ക്രിയതാമൌർദ്ധ്വദൈഹികം. 74

"'ത്വാം	"'നിന്നോട്	ഔർദ്ധ്വ-ദൈഹികം	മരണാനന്തരം പരലോകത്തിൽ സുഖത്തിന്നു വേണ്ടതായ ദാനാദി കർമ്മം
ഹിതം	നന്മയുളവാക്കുന്നതായ		
വാക്യം	ഒരു വാക്ക്		
ബ്രവീമി;	ഞാൻ ഉരചെയ്യുന്നു;	ക്രിയതാം.	ചെയ്യപ്പെടട്ടെ.

[നിന്നെ വംശമടക്കം ഞാൻ വധിക്കുമെന്ന് താല്പര്യം. പിന്നെ നിനക്ക് ശേഷക്രിയാദികൾ ചെയ്യുന്നതിന്ന് ആരുമുണ്ടാകാത്തതിനാൽ ഇപ്പോൾതന്നെ അവയെ ചെയ്തുകൊൾക എന്നു ഭാവം. വിഭീഷണൻ ചെയ്യുന്നത് "പ്രിയൈർത്തം പ്രിയം ഭവേത്," എന്ന വാക്യപ്രകാരം രാവണന്നു പ്രിയമാകയില്ല. എന്ന് (സ).]

സുദൃഷ്ടാ ക്രിയതാം ലങ്കാ ജീവിതം തേ മയി സ്ഥിതം. 75

"'തേ ജീവിതം മയി സ്ഥിതം;	"'നിന്റെ ജീവൻ എന്റെ അധീനത്തിലാണ് ഇരിക്കുന്നത്;	ലങ്കാ	ലങ്ക
		സുദൃഷ്ടാ ക്രിയതാം.'"	വേണ്ടപോലെ നോക്കിക്കണ്ടുകൊള്ളപ്പെട്ടട്ടെ."

[ചാവാറായവൻ പുത്രാദികളെ ഒടുവിലത്തെ നോക്കു നോക്കുന്നതുപോലെ, ലങ്കയിൽ വല്ലതും കാണേണ്ടതുണ്ടെങ്കിൽ നോക്കിക്കൊൾക, എന്നു സാരം.]

ഇത്യുക്തഃ സ തു താരേയോ രാമേണാക്ലിഷ്ടകർമ്മണാ
ജഗാമാകാശമാവിശ്യ മൂർത്തിമാനിവ ഹവ്യവാട്. 76

അക്ലിഷ്ട-കർമ്മണാ	നിർദ്ദോഷകർമ്മാവായ	ഹവ്യവാട് ഇവ	അഗ്നിദേവനെന്നപോലിരിക്കുന്നവനുമായ
രാമേണ,	ശ്രീരാമനാൽ,	സഃ	ആ
തു	ഈ വിഷയത്തിൽ	താരേയഃ,	താരാസുതൻ
ഇതി	ഇപ്രകാരം	ആകാശം	ആകാശത്തിൽ
ഉക്തഃ,	അരുളിച്ചെയ്യപ്പെട്ടവ	ആവിശ്യ	കുതിച്ച്
മൂർത്തിമാൻ	മൂർത്തീകരിച്ച [നും	ജഗാമ.	ചെന്നു.

സോഽതിപത്യ മുഹൂർത്തേന ശ്രീമാൻ രാവണമന്ദിരം
ദദർശാസീനമവ്യഗ്രം രാവണം സചിവൈഃ സഹ. 77

ശ്രീമാൻ സഃ,	ശ്രീമാനായ അവൻ,	സചിവൈഃ സഹ	മന്ത്രിമാരോടും കൂടി
മുഹൂർത്തേന,	ക്ഷണനേരം കൊണ്ട്,		
രാവണമന്ദിരം	രാവണന്റെ രാജധാനിയിൽ	അവ്യഗ്രം	അതി ജാഗ്രതയോടെ
		ആസീനം	ഇരുന്നിരുന്നവനായ
അതിപത്യ,	പറന്നുചെന്ന്,	രാവണം ദദർശ.	രാവണനെ കണ്ടു.

തതസ്തസ്യാവിദൂരേ സ നിപത്യ ഹരിപുംഗവഃ
ദീപ്താഗ്നിസദൃശസ്തസ്ഥാവംഗദഃ കനകാംഗദഃ. 78

തതഃ	ആ സമയം	സഃ	ആ
കനകാംഗദഃ	പൊൻതോൾവളകളണിഞ്ഞവനും	അംഗദഃ,	അംഗദൻ,
		തസ്യ	അവന്ന്
ദീപ്താഗ്നിസദൃശഃ	ജ്വലിക്കുന്ന അഗ്നിപോലിരിക്കുന്നവനും	അവിദൂരേ	അരികിലായി
		നിപത്യ	ഇറങ്ങി
ഹരിപുംഗവഃ	വാനരോത്തമനും ആയ	തസ്ഥൗ.	നിന്നു.

തദ്രാമവചനം സർവ്വമന്യൂനാധികമുത്തമം
സാമാത്യം ശ്രാവയാമാസ നിവേദ്യാത്മാനമാത്മനാ. 79

സാമാത്യം,	സചിവന്മാരൊത്തിരുന്ന അവനോടായി,	തത്	ആ
		ഉത്തമം	ശ്രേഷ്ഠമായ
ആത്മനാ	താൻ തന്നെ,	രാമവചനം	ശ്രീരാമവാക്യത്തെ
ആത്മാനം	താനാരെന്നുള്ളതിനെക്കുറിച്ച്	സർവ്വം	മുഴുവനും
		അന്യൂനാധികം	ഏറക്കുറവില്ലാതെ
നിവേദ്യ,	അറിയിച്ചു ശേഷം,	ശ്രാവയാമാസ.	അറിയിച്ചു.

ദൂതോഽഹം കോസലേന്ദ്രസ്യ രാമസ്യാക്ലിഷ്ടകർമ്മണഃ
വാലിപുത്രോഽംഗദോ നാമ യദി തേ ശ്രോത്രമാഗതഃ. 80

“അക്ലിഷ്ടകർമ്മണഃ	“നിർദ്ദോഷകർമ്മാവായ
കോസലേന്ദ്രസ്യ	കോസലാധിപതിയായ
രാമസ്യ	ശ്രീരാമന്റെ
ദൂതഃ	ദൂതനാകുന്ന
അഹം;	ഞാൻ;
വാലിപുത്രഃ;	ബാലിയുടെ പുത്രൻ;
അംഗദഃ നാമ	അംഗദനെന്നാകുന്നു പേർ;
തേ	അങ്ങയുടെ
ശ്രോത്രം ആഗതഃ യദി.	ചെവിയിൽ കേട്ടിട്ടുണ്ടാവാം.

ആഹ ത്വാം രാഘവോ രാമഃ കൌസല്യാനന്ദവർദ്ധനഃ
നിഷ്പത്യ പ്രതിയുദ്ധ്യസ്വ നൃശംസ പുരുഷാധമ. 81

“കൌസല്യാനന്ദവർദ്ധനഃ	“കൌസല്യാദേവിക്ക് ആനന്ദസന്ദായകനായ്
രാഘവഃ	രഘുകുലജാതനായ
രാമഃ,	ശ്രീരാമൻ
ത്വാം	അങ്ങയോട്
ആഹ;	പറവാനായി അരുളിച്ചെയ്തു;
‘നൃശംസ!	‘നിഷ്ഠുരഹൃദയ!
പുരുഷാധമ!	നീചകൃത്യം ചെയ്യുന്നവനേ!
നിഷ്പത്യ	പുറത്തേയ്ക്കുവന്ന്
പ്രതിയുദ്ധ്യസ്വ.	നേരിൽ യുദ്ധംചെയ്യുക.

ഹന്താസ്മി ത്വാം സഹാമാത്യം സപുത്രജ്ഞാതിബാന്ധവം. 82

“‘ത്വാം	“‘നിന്നെ
സഹാമാത്യം	മന്ത്രിമാരടക്കം
സപുത്രജ്ഞാതിബാന്ധവം	പുത്രന്മാർ, ജ്ഞാതികൾ, ബന്ധുജനങ്ങളുടക്കം
ഹന്താസ്മി.	ഞാൻ കൊല്ലുന്നുണ്ട്.

നിരുദ്വിഗ്നാസ്ത്രയോ ലോകാ ഭവിഷ്യന്തി ഹതേ ത്വയി. 83

“‘ത്വയി	“‘നീ
ഹതേ,	കൊല്ലപ്പെട്ടശേഷം,
ത്രയഃ ലോകാഃ	മൂന്നുലോകങ്ങളും
നിരുദ്വിഗ്നാഃ	വിചാരമററതായി
ഭവിഷ്യന്തി.	ഭവിപ്പാൻപോകുന്നു.

ദേവദാനവയക്ഷാണാം ഗന്ധർവ്വോരഗരക്ഷസാം
ശത്രുമദ്യോദ്ധരിഷ്യാമി ത്വാമൃഷീണാം ച കണ്ടകം. 84

“‘ദേവദാനവയക്ഷാണാം	“‘ദേവന്മാർക്കും അസുരന്മാർക്കും യക്ഷന്മാർക്കും
ഗന്ധർവ്വോരഗരക്ഷസാം	ഗന്ധർവ്വന്മാർക്കും ഉരഗങ്ങൾക്കും, രക്ഷസ്സുകൾക്കും
ശത്രും	വൈരിയും
ഋഷീണാം കണ്ടകം ച	ഋഷികളുടെ ദ്രോഹിയും ആയ
ത്വാം	നിന്നെ
അദ്യ	ഇതാ
ഉദ്ധരിഷ്യാമി.	ഞാൻ മൂലനാശം ചെയ്യുകളയാം.

വിഭീഷണസ്യ ചൈശ്വര്യം ഭവിഷ്യതി ഹതേ ത്വയി
ന ചേത് സത്കൃത്യ വൈദേഹീം പ്രണിപത്യ പ്രദാസ്യസി. 85

"'ത്വയി	"'നീ	ന ചേത്,	അല്ലെന്നാൽ,
ഹതേ,	വധിക്കപ്പെട്ടതിൽപിന്നെ,	സത്കൃത്യ	വണങ്ങി
വിഭീഷണസ്യ ച	വിഭീഷണന്നുതന്നെയാണ്	പ്രണിപത്യ,	കുമ്പിട്ട്,
ഐശ്വര്യം	രാജ്യാധികാരം	വൈദേഹീം	വൈദേഹിയെ
ഭവിഷ്യതി;	ലഭിപ്പാൻപോകുന്നത്;	പ്രദാസ്യസി'."	തിരിയെസമൎപ്പിക്കുക.'"

ഇത്യേവം പരുഷം വാക്യം ബ്രുവാണേ ഹരിപുംഗവേ
അമൎഷവശമാപന്നോ നിശാചരഗണേശ്വരഃ. 86

ഏവം ഇതി,	ഇപ്രകാരമെല്ലാം,	ബ്രുവാണേ,	ഉരചെയ്യുമ്പോൾ,
പരുഷം	ഉള്ളിൽ തറയ്ക്കുന്നതായ	നിശാചരഗണേശ്വരഃ	നക്തഞ്ചരാധിപനായ രാവണൻ,
വാക്യം	വാക്യത്തെ	അമൎഷവശം	കോപാധീനനായി
ഹരിപുംഗവേ	ആ വാനരോത്തമൻ	ആപന്നഃ.	ഭവിച്ചു.

തതഃ സ രോഷതാമ്രാക്ഷഃ ശശാസ സചിവാംസ്തദാ
ഗൃഹ്യതാമേഷ ദുൎമ്മേധാ വധ്യതാമിതി ചാസകൃത്. 87

തദാ,	അപ്പോൾ,	അസകൃത്	പലകുറി
തതഃ	അതുകാരണം	ശശാസ;	ആജ്ഞാപിച്ചു;
സഃ	അവൻ	"ദുൎമ്മേധാഃ	"ദുൎബ്ബുദ്ധിയായ
രോഷതാമ്രാക്ഷഃ,	ക്രുദ്ധിച്ച് കണ്ണുകൾ തുടുത്തവനായി,	ഏഷഃ	ഇവൻ
സചിവാൻ	മന്ത്രിമാരെനോക്കി	ഗൃഹ്യതാം;	പിടിക്കപ്പെടട്ടെ;
ഇതി	ഇപ്രകാരം	വധ്യതാം ച."	വധിക്കപ്പെടുകയും ചെയ്യട്ടെ."

രാവണസ്യ വചഃ ശ്രുത്വാ ദീപ്താഗ്നിസമതേജസഃ
ജഗൃഹുസ്തം തതോ ഘോരാശ്ചത്വാരോ രജനീചരാഃ. 88

ദീപ്താഗ്നിസമതേജസഃ	എരിതീപോലെ തേജസ്സാൎന്ന	രാവണസ്യ	രാവണന്റെ
ഘോരാഃ	ഘോരന്മാരായ	വചഃ ശ്രുത്വാ,	കല്പന കേട്ട്,
ചത്വാരഃ	നാലു	തതഃ	അതിനാൽ
രജനീചരാഃ,	രാക്ഷസന്മാർ,	തം	ആ അംഗദനെ
		ജഗൃഹുഃ.	ചെന്നു പിടികൂടി.

ഗ്രാഹയാമാസ താരേയഃ സ്വയമാത്മാനമാത്മവാൻ
ബലം ദർശയിതും വീരോ യാതുധാനഗണേ തദാ 89

ആത്മവാൻ	ധൈൎയ്യശാലിയും	ദർശയിതും,	പ്രകടിപ്പാനായി,
വീരഃ	ശൂരനുമായ	സ്വയം	സ്വേച്ഛയായ്ത്തന്നെ
താരേയഃ,	അംഗദൻ,	ആത്മാനം	തന്നെ
യാതുധാനഗണേ	രാക്ഷസക്കൂട്ടത്തിൽ	ഗ്രാഹയാമാസ.	പിടിച്ചുകൊൾവാൻ
ബലം	തന്റെ ബലത്തെ		വഴിപ്പെട്ടു.

സ താൻ ബാഹുദ്വയേ സക്താനാദായ പതഗാനിവ
പ്രാസാദം ശൈലസങ്കാശമുത്പപാതാംഗദസ്തദാ. 90

സഃ അംഗദഃ,	ആ അംഗദൻ,	ഇവ	എന്നപോലെ
തദാ	അപ്പോൾ	ആദായ,	എടുത്തുംകൊണ്ട്,
ബാഹുദ്വയേ	രണ്ടുകൈകളിലും	ശൈല- സംകാശം	ഗിരിസദൃശമായ
സക്താൻ	പററിയിരിക്കുന്ന	പ്രാസാദം	മേടയിൻ മുകളിലേ
താൻ,	അവരെ,	ഉത്പപാത.	കുതിച്ചു. [ക്കായി
പതഗാൻ	പക്ഷികളെ		

തേഽന്തരിക്ഷാദ്വിനിർദ്ധൂതാസ്തസ്യ വേഗേന രാക്ഷസാഃ
ഭൂമൌ നിപതിതാഃ സൎവ്വേ രാക്ഷസേന്ദ്രസ്യ പശ്യതഃ. 91

തേ	ആ	വിനിർദ്ധൂതാഃ,	കുടഞ്ഞെറിയപ്പെട്ടവരായി,
രാക്ഷസാഃ	രാക്ഷസന്മാർ		
സൎവ്വേ,	എല്ലാവരും,	രാക്ഷസേന്ദ്രസ്യ	രാക്ഷസാധിപൻ
തസ്യ	അവന്റെ	പശ്യതഃ,	കണ്ടുകൊണ്ടിരിക്കെ,
വേഗേന	കൈയൂക്കുകൊണ്ട്	ഭൂമൌ	നിലത്തു്
അന്തരിക്ഷാത്	ആകാശത്തിൽനിന്ന്	നിപതിതാഃ.	പതിച്ചു.

തതഃ പ്രാസാദശിഖരം ശൈലശൃംഗമിവോന്നതം
ദദർശ രാക്ഷസേന്ദ്രസ്യ വാലിപുത്രഃ പ്രതാപവാൻ. 92

തതഃ	അനന്തരം	ഉന്നതം	ഉയൎന്നതായ
പ്രതാപവാൻ	പ്രതാപശാലിയായ	രാക്ഷസേന്ദ്രസ്യ	രാക്ഷസാധിപന്റെ
വാലിപുത്രഃ,	അംഗദൻ,	പ്രാസാദശിഖരം	പ്രാസാദത്തിലുള്ള സ്തൂപത്തെ
ശൈലശൃംഗം ഇവ	ഗിരിശിഖരംപോലെ	ദദർശ.	കണ്ടു.

തത് പഫാല പദാക്രാന്തം ദശഗ്രീവസ്യ പശ്യതഃ
പുരാ ഹിമവതഃ ശൃംഗം വജ്രിണേവ വിദാരിതം. 93

തത്	അത്	ഹിമവതഃ ശൃംഗം ഇവ,	ഹിമാലയശിഖരമെന്നപോലെ,
പദാക്രാന്തം,	കാൽകൊണ്ട് ചവിട്ട		
പുരാ	പണ്ട് [പ്പെട്ടതായി,	ദശഗ്രീവസ്യ	രാവണൻ
വജ്രിണാ	ഇന്ദ്രനാൽ	പശ്യതഃ,	കണ്ടുനില്ക്കെത്തന്നെ
വിദാരിതം	പിളൎക്കപ്പെട്ട	പഫാല.	തവിടുപൊടിയായ്ത്തീൎന്നു.

ഭങ്ക്ത്വാ പ്രാസാദശിഖരം നാമ വിശ്രാവ്യ ചാത്മനഃ
വിനദ്യ സുമഹാനാദമുത്പപാത വിഹായസം. 94

പ്രാസാദശിഖരം	രാജധാനിയുടെ ശിഖരത്തെ	സുമഹാനാദം	സിംഹനാദത്തെയും
ഭങ്ക്ത്വാ,	തകൎത്തു്,	വിനദ്യ ച	ചെയ്തുകൊണ്ടു്
ആത്മനഃ നാമ	തന്റെ പേരിനേയും	വിഹായസം	ആകാശത്തിൽ
വിശ്രാവ്യ	എല്ലാവരും കേൾക്കുമാറു് ഉച്ചത്തിൽ ഘോഷിച്ചു്	ഉത്പപാത.	പൊങ്ങി.

വ്യഥയൻ രാക്ഷസാൻ സൎവ്വാൻ ഹൎഷയംശ്ചാപി വാനരാൻ
സ വാനരാണാം മദ്ധ്യേ തു രാമപാൎശ്വമുപാഗതഃ. 95

സഃ	അവൻ	ഹൎഷയൻ അപി	ആനന്ദിപ്പിച്ചുകൊണ്ടും
രാക്ഷസാൻ	രാക്ഷസന്മാർ	വാനരാണാം	വാനരന്മാരുടെ
സൎവ്വാൻ	എല്ലാവൎക്കും	മദ്ധ്യേ	നടുവിലായി
വ്യഥയൻ ച	ധൈൎയ്യക്ഷയംവരുത്തി	രാമപാൎശ്വം തു	ശ്രീരാമസന്നിധിയിൽ
വാനരാൻ	വാനരന്മാരെ[ക്കൊണ്ടും	ഉപാഗതഃ.	വന്നെത്തി.

രാവണസ്തു പരം ചക്രേ ക്രോധം പ്രാസാദധൎഷണാത്
വിനാശം ചാത്മനഃ പശ്യൻ നിശ്വാസപരമോऽഭവത്. 96

രാവണഃ തു	രാവണനും	ആത്മനഃ	തനിക്കു്
പ്രാസാദധൎഷണാത്	മേട തകൎക്കപ്പെട്ട കാരണം	വിനാശം	നാശത്തെ
പരം ക്രോധം ചക്രേ;	അളവററ ക്രോധമുൾക്കൊണ്ടു;	പശ്യൻ	കാണുന്നവനായി
ച	എങ്കിലും	നിശ്വാസപരമഃ അഭവത്.	നെടുവീൎപ്പിട്ടു.

രാമസ്തു ബഹുഭിൎഹൃഷ്ടൈൎന്നിനദദ്ഭിഃ പ്ലവംഗമൈഃ
വൃതോ രിപുവധാകാംക്ഷീ യുദ്ധായൈവാഭ്യവൎത്തത. 97

രാമഃ തു,	ശ്രീരാമനാകട്ടെ,	വൃതഃ,	ചൂഴപ്പെട്ടവനായി,
ഹൃഷ്ടൈഃ,	ഉത്സാഹഭരിതരായി,	രിപുവധാകാംക്ഷീ	ശത്രുവധത്തെ നിശ്ചയിച്ചവനായി
നിനദദ്ഭിഃ	ആൎക്കുന്ന	യുദ്ധായ ഏവ	യുദ്ധത്തിന്നായ്തന്നെ
ബഹുഭിഃ	അനേകം	അഭ്യവൎത്തത.	തയ്യാറായിനിന്നു.
പ്ലവംഗമൈഃ	വാനരന്മാരാൽ		

സുഷേണസ്തു മഹാവീൎയ്യോ ഗിരികൂടോപമോ ഹരിഃ
ബഹുഭിഃ സംവൃതസ്തത്ര വാനരൈഃ കാമരൂപിഭിഃ. 98
ചതുൎദ്വാരാണി സൎവ്വാണി സുഗ്രീവവചനാത് കപിഃ
പൎയ്യക്രാമത ദുൎദ്ധൎഷോ നക്ഷത്രാണിവ ചന്ദ്രമാഃ. 99

മഹാവീര്യഃ	മഹാവീര്യശാലിയും
ഗിരികൂടോപമഃ	ഗിരിശിഖരാകാരനും
ഹരിഃ	കപിലവർണ്ണമാർന്നവനും
ദുർദ്ധർഷഃ	അജയ്യനും ആയ
സുഷേണഃ	സുഷേണനെന്ന
കപിഃ,	വാനരൻ,
തത്ര,	അപ്പോൾ,
കാമരൂപിഭിഃ	ഇച്ഛാരൂപികളായ
ബഹുഭിഃ	അനേകം
വാനരൈഃ	വാനരന്മാരാൽ
സംവൃതഃ,	ചുഴപ്പെട്ടവനായി,
സുഗ്രീവവചനാത്,	സുഗ്രീവാജ്ഞകൊണ്ട്,
ചതുർദ്വാരാണി	നാലുഗോപുരദ്വാരങ്ങളും,
സർവ്വാണി തു,	എല്ലാററിനെയും,
ചന്ദ്രമാഃ	ചന്ദ്രൻ
നക്ഷത്രാണി	നക്ഷത്രങ്ങളെ
ഇവ,	എന്നപോലെ,
പര്യക്രാമത.	ഓരോന്നായി ചുററിനോക്കിക്കൊണ്ടുവന്നു.

തേഷാമക്ഷൗഹിണിശതം സമവേക്ഷ്യ വനൗകസാം
ലങ്കാമുപനിവിഷ്ടാനാം സാഗരം ചാതിവർത്തതാം 100
രാക്ഷസാ വിസ്മയം ജഗ്മുസ്ത്രാസം ജഗ്മുസ്തഥാ പരേ
അപരേ സമരോദ്ധർഷാദ്ധർഷമേവ പ്രപേദിരേ. 101

രാക്ഷസാഃ,	രാക്ഷസന്മാർ,
ലങ്കാം ഉപനിവിഷ്ടാനാം,	ലങ്കയ്ക്കുചുററും വന്നുകുടിയിരിക്കുന്നവരും,
സാഗരം	സമുദ്രംവരെ
അതിവർത്തതാം ച	വ്യാപിച്ചിരിക്കുന്നവരുമായ
തേഷാം	ആ
വനൗകസാം	വാനരന്മാരുടെ
അക്ഷൗഹിണിശതം	എത്രയോ അക്ഷൗഹിണിയെ
സമവേക്ഷ്യ,	കണ്ട്,
വിസ്മയം ജഗ്മുഃ;	ആശ്ചര്യപ്പെട്ടു;
തഥാ	അപ്രകാരംതന്നെ
പരേ	ചിലർ
ത്രാസം ജഗ്മുഃ!	നടുങ്ങിപ്പോയി!
അപരേ	മററുചിലർ
സമരോദ്ധർഷാത്	യുദ്ധത്തിലുള്ള മദത്താൽ
ഹർഷം ഏവ പ്രപേദിരേ.	സന്തോഷിക്കതന്നെ ചെയ്തു.

കൃത്സ്നം ഹി കപിഭിർവ്യാപ്തം പ്രാകാരപരിഖാന്തരം
ദദൃശൂ രാക്ഷസാ ദീനാഃ പ്രാകാരം വാനരീകൃതം. 102

ദീനാഃ	അധൈര്യംപൂണ്ടവരായ
രാക്ഷസാഃ,	രാക്ഷസർ,
പ്രാകാരപരിഖാന്തരം	മതിൽക്കെട്ടിന്നും കിടങ്ങുകൾക്കും ഇടയിലുള്ള സ്ഥലം
കൃത്സ്നം	മുഴുവനും
കപിഭിഃ	വാനരന്മാരാൽ
വ്യാപ്തം	നിറയപ്പെട്ടതായി
വാനരീകൃതം	വാനരന്മാരെക്കൊണ്ടുണ്ടാക്കപ്പെട്ടതായ
പ്രാകാരം ഹി	മതിലെന്നു തന്നെ
ദദൃശുഃ.	വിചാരിച്ചു.

ഹാഹാകാരം പ്രകുർവ്വന്തി രാക്ഷസാ ഭയമോഹിതാഃ. 103

ഭയമോഹിതാഃ	ഭയംകൊണ്ട് അന്ധാളിച്ചവരായ
രാക്ഷസാഃ,	രാക്ഷസർ,
ഹാഹാകാരം	ഹാ, ഹാ, എന്ന്
പ്രകുർവ്വന്തി.	നിലവിളിച്ചു.

തസ്മിൻ മഹാഭീഷണകേ പ്രവൃത്തേ
കോലാഹലേ രാക്ഷസരാജധാന്യാം
പ്രഗൃഹ്യ രക്ഷാംസി മഹായുധാനി
യുഗാന്തവാതാ ഇവ സംവിചേരുഃ 104

രാക്ഷസ-രാജധാന്യാം	രാക്ഷസ രാജധാനിയിൽ,
മഹാഭീഷണകേ	അതിഭയങ്കരമായ
തസ്മിൻ	ആ
കോലാഹലേ,	കോലാഹലം
പ്രവൃത്തേ,	ഉണ്ടായപ്പോൾ,
രക്ഷാംസി	രാക്ഷസർ
മഹായുധാനി	പെരുത്ത ആയുധങ്ങളെ
പ്രഗൃഹ്യ,	കയ്യിലെടുത്ത്,
യുഗാന്തവാതാഃ	പ്രളയകാല വാതങ്ങൾ
ഇവ	എന്നപോലെ
സംവിചേരുഃ.	എങ്ങും ചുററി സഞ്ചരിച്ചു.

ഇത്യാർഷേ ശ്രീമദ്രാമായണേ വാല്മീകീയേ ആദികാവ്യേ യുദ്ധകാണ്ഡേ
ഏകചത്വാരിംശഃ സർഗ്ഗഃ = നാല്പത്തൊന്നാംസർഗ്ഗം സമാപ്തം.

ആദ്യം മുതൽ ശ്ലോകസംഖ്യ 16275; യുദ്ധകാണ്ഡം ആദ്യം മുതൽ ശ്ലോകസംഖ്യ 1600.

ദ്വിചത്വാരിംശഃ സർഗ്ഗഃ = നാല്പത്തിരണ്ടാംസർഗ്ഗം.

[യുദ്ധാരംഭഃ = യുദ്ധം തുടങ്ങുന്നത്.]

തതസ്തേ രാക്ഷസാസ്തത്ര ഗത്വാ രാവണമന്ദിരം
ന്യവേദയൻ പുരീം രുദ്ധാം രാമേണ സഹ വാനരൈഃ. 1

തത്ര	ആ സമയം
തതഃ	അവിടെ നിന്നും
തേ	ആ
രാക്ഷസാഃ	രാക്ഷസർ
രാവണമന്ദിരം	രാവണന്റെ അരമനയിൽ
ഗത്വാ,	ചെന്ന്,
പുരീം	നഗരത്തെ
വാനരൈഃ സഹ	വാനരന്മാരോടും കൂടി
രാമേണ	ശ്രീരാമനാൽ
രുദ്ധാം	നിരോധിക്കപ്പെട്ടതായി
ന്യവേദയൻ.	അറിയിച്ചു.

രുദ്ധാം തു നഗരീം ശ്രുത്വാ ജാതക്രോധോ നിശാചരഃ
വിധാനം ദ്വിഗുണം കൃത്വാ പ്രാസാദം സോഽധ്യരോഹത. 2

സഃ നിശാചരഃ,	ആ രാക്ഷസൻ,
നഗരീം	പട്ടണത്തെ
രുദ്ധാം	നിരോധിക്കപ്പെട്ടതായി
ശ്രുത്വാ തു,	കേട്ട ഉടനെ,
ജാതക്രോധഃ	കോപാക്രാന്തനായി
വിധാനം	കെട്ടും കാവലും
ദ്വിഗുണം	ഇരട്ടിയായി
കൃത്വാ,	ഏർപ്പെടുത്തിയ ശേഷം,
പ്രാസാദം	മേട മുകളിൽ
അധ്യരോഹത.	കയറിച്ചെന്നു.

സ ദദൎശാവൃതാം ലങ്കാം സശൈലവനകാനനാം
അസംഖ്യേയൈൎഹരിഗണൈഃ സൎവ്വതോ യുദ്ധകാംക്ഷിഭിഃ. 3

സഃ	അവൻ	യുദ്ധകാംക്ഷിഭിഃ	യുദ്ധേച്ഛുക്കളായ
സശൈലവനകാനനാം	മലകളും കാടുകളും തോപ്പുകളും അടങ്ങി [യ	അസംഖ്യേയൈഃ	എണ്ണമററ
		ഹരിഗണൈഃ	വാനരസംഘങ്ങളാൽ
ലങ്കാം	ലങ്കയെ	ആവൃതാം	ചൂഴപ്പെട്ടതായി
സൎവ്വതഃ	എങ്ങും	ദദൎശ.	കണ്ടു.

സ ദൃഷ്ട്വാ വാനരൈഃ സൎവ്വാം വസുധാം കബളീകൃതാം
കഥം ക്ഷപയിതവ്യാഃ സ്യുരിതി ചിന്താപരോഽഭവത്. 4

സഃ	അവൻ	കഥം	എങ്ങിനെയാണു്
വസുധാം സൎവ്വാം	ഭൂമിയെങ്ങും	ക്ഷപയിതവ്യാഃ സ്യുഃ,	ഇവർ നശിപ്പിക്കപ്പെടുക,
വാനരൈഃ	വാനരന്മാരാൽ	ഇതി	എന്നു്
കബളീകൃതാം	ഇടതൂൎന്നു് മറയ്ക്കപ്പെട്ട [തായി	ചിന്താപരഃ	അത്തൽപ്പെടുന്നവനാ [യി
ദൃഷ്ട്വാ,	കണ്ടു്,	അഭവത്.	ഭവിച്ചു.

സ ചിന്തയിത്വാ സുചിരം ധൈൎയ്യമാലംബ്യ രാവണഃ
രാഘവം ഹരിയൂഥാംശ്ച ദദൎശായതലോചനഃ. 5

സഃ രാവണഃ	ആ രാവണൻ	രാഘവം	ശ്രീരാഘവനേയും
സുചിരം	വളരെനേരം	ഹരിയൂഥാൻ ച	കപിസൈന്യങ്ങളേയും
ചിന്തയിത്വാ,	ആലോചിച്ചുശേഷം	ആയതലോചനഃ	കണ്മിഴിച്ചു് സൂക്ഷിച്ചു്
ധൈൎയ്യം	ധൈൎയ്യം		
ആലംബ്യ,	കയ്ക്കൊണ്ടവനായി,	ദദൎശ.	നോക്കി.

രാഘവഃ സഹ സൈന്യേന മുദിതോ നാമ പുപ്ലുവേ. 6

രാഘവഃ	ശ്രീരാഘവനും	മുദിതഃ നാമ	സൎവ്വപ്രകാരത്തിലും ഉത്സാഹംപൂണ്ടവനാ [ത്തന്നെ
സൈന്യേന	സൈന്യത്തോടും		
സഹ	കൂടി	പുപ്ലുവേ.	ഏററടുത്തു.

ലങ്കാം ദദൎശ ഗുപ്താം വൈ സൎവ്വതോ രാക്ഷസൈൎവൃതാം. 7

ലങ്കാം	ലങ്കയെ	വൃതാം	ചൂഴപ്പെട്ടു്
സൎവ്വതഃ വൈ	എങ്ങും	ഗുപ്താം	രക്ഷിക്കപ്പെട്ടതായി
രാക്ഷസൈഃ	രാക്ഷസന്മാരാൽ	ദദൎശ.	വീക്ഷിച്ചു.

ദൃഷ്ട്വാ ദാശരഥിൎല്ലങ്കാം ചിത്രധ്വജപതാകിനീം
ജഗാമ സഹസാ സീതാം ധ്യായമാനേന ചേതസാ. 8

ദാശരഥിഃ	ശ്രീരാമൻ	സഹസാ	പെട്ടെന്നു്
ചിത്രധ്വജപതാകിനീം	കൊടികളാലും കൊടിക്കൂറകളാലും ഭംഗിയാ [ന്ന	ധ്യായമാനേന	അഴലാൎന്ന
		ചേതസാ	ചിത്തത്തോടുകൂടി
ലങ്കാം	ലങ്കയെ	സീതാം	സീതാദേവിയെക്കുറിച്ചു
ദൃഷ്ട്വാ,	കണ്ടു്,	ജഗാമ.	ഇപ്രകാരം ചിന്തിച്ചു.

അത്ര സാ മൃഗശാബാക്ഷീ മത്കൃതേ ജനകാത്മജാ
പീഡ്യതേ ശോകസന്തപ്താ കൃശാ സ്ഥണ്ഡിലശായിനീ. 9

" അത്ര	" ഇവിടെ	ശോകസന്തപ്താ	ദുഃഖപര്യാകുലിതയായി
മൃഗശാബാക്ഷീ	ഏണശാബേക്ഷണയായ	കൃശാ,	മെലിഞ്ഞ്,
സാ	ആ	സ്ഥണ്ഡിലശായിനീ	നിലത്ത് ശയിക്കുന്നവളായി
ജനകാത്മജാ,	ജാനകി,		
മത്കൃതേ	ഞാൻനിമിത്തം	പീഡ്യതേ. "	കഷ്ടപ്പെടുന്നുവല്ലോ. "

പീഡ്യമാനാം സ ധർമ്മാത്മാ വൈദേഹീമനുചിന്തയൻ
ക്ഷിപ്രമാജ്ഞാപയാമാസ വാനരാൻ ദ്വിഷതാം വധേ. 10

ധർമ്മാത്മാ	ധർമ്മാത്മാവായ	ക്ഷിപ്രം	ഉടനെ
സഃ,	അദ്ദേഹം,	ദ്വിഷതാം	ശത്രുക്കളുടെ
വൈദേഹീം	വൈദേഹിയെ	വധേ	വധത്തെക്കുറിച്ച്,
പീഡ്യമാനാം	അത്തൽപ്പെടുന്നവളായി	വാനരാൻ	വാനരന്മാരോടായി
അനുചിന്തയൻ,	ഓർത്ത്,	ആജ്ഞാപയാമാസ.	ആജ്ഞാപിച്ചു.

ഏവമുക്തേ തു വചനേ രാമേണാക്ലിഷ്ടകർമ്മണാ
സംഘർഷമാണാഃ പ്ലവഗാഃ സിംഹനാദൈരനാദയൻ. 11

അക്ലിഷ്ടകർമ്മണാ	നിർദ്ദോഷകർമ്മാവായ	സംഘർഷമാണാഃ	ഞാൻ ഞാൻ മുമ്പിലെന്ന് തിക്കിത്തിരക്കുന്നവരായി
രാമേണ	ശ്രീരാമനാൽ		
ഏവം വചനേ ഉക്തേ തു	ഇപ്രകാരം ആജ്ഞനല്കപ്പെട്ട ഉടനെ	സിംഹനാദൈഃ	സിംഹനാദങ്ങൾകൊണ്ട്
പ്ലവഗാഃ,	വാനരന്മാർ,	അനാദയൻ.	മാറ്റൊലിക്കൊള്ളിച്ചു.

ശിഖരൈർവ്വികിരാമൈനാം ലങ്കാം മുഷ്ടിഭിരേവ വാ
ഇതി സ്മ ദധിരേ സർവ്വേ മനാംസി ഹരിയൂഥപാഃ. 12

ഹരിയൂഥപാഃ	വാനരസേനത്തലവന്മാർ	മുഷ്ടിഭിഃ ഏവ വാ	മുഷ്ടികൾകൊണ്ടുതന്നേയൊ
സർവ്വേ,	എല്ലാം,		
" ഏനാം	" ഈ	വികിരാമ ; "	നാം പൊടിപെടുത്തുക ; "
ലങ്കാം	ലങ്കയെ	ഇതി	എന്നിങ്ങിനെ
ശിഖരൈഃ	ഗിരിശിഖരങ്ങൾ കൊണ്ടോ	മനാംസി ദധിരേ സ്മ.	മനസ്സിലുറച്ചു.

ഉദ്യമ്യ ഗിരിശൃംഗാണി ശിഖരാണി മഹാന്തി ച
തരൂംശ്ചോത്പാട്യ വിവിധാൻ തിഷ്ഠന്തി ഹരിയൂഥപാഃ. 13

ഹരിയൂഥപാഃ	വാനരസേനാധിപന്മാർ	വിവിധാനി	പല
		തരൂൻ ച	വൃക്ഷങ്ങളേയും
ഗിരിശൃംഗാണി	കുന്നിൻമുടികളെയും	ഉത്പാട്യ	പറിച്ചെടുത്ത്
മഹാന്തി	വമ്പിച്ച	ഉദ്യമ്യ	ഓങ്ങിക്കൊണ്ട്
ശിഖരാണി ച	ശിഖരങ്ങളേയും	തിഷ്ഠന്തി.	നില്ക്കയായി.

പ്രേക്ഷതോ രാക്ഷസേന്ദ്രസ്യ താന്യനീകാനി ഭാഗശഃ
രാഘവപ്രിയകാമാർത്ഥം ലങ്കാമാരുരുഹുസ്തദാ. 14

തദാ	ആ സമയം,	പ്രേക്ഷതഃ,	കണ്ടു നില്ക്കേ,
താനി	ആ	രാഘവപ്രിയ-കാമാർത്ഥം	ശ്രീരാഘവന്ന് പ്രിയമായുള്ളതിനെ ചെയ്യു[വാനിച്ഛിച്ച്
അനീകാനി	സൈന്യങ്ങൾ,		
ഭാഗശഃ,	വകുക്കപ്പെട്ട പ്രകാരംത[ന്നെ,	ലങ്കാം	ലങ്കയിൽ
രാക്ഷസേന്ദ്രസ്യ	രാക്ഷസേന്ദ്രൻ	ആരുരുഹുഃ.	ചെന്നു കേറി.

തേ താമ്രവക്ത്രാ ഹേമാഭാ രാമാർത്ഥേ ത്യക്തജീവിതാഃ
ലങ്കാമേവാഭ്യവർത്തന്ത സാലതാലശിലായുധാഃ. 15

താമ്രവക്ത്രാഃ	തുടുത്ത മുഖമാന്നവരും	സാലതാല-ശിലായുധാഃ,	തേക്ക്, പന, പാറ എന്നവയെ ആയുധങ്ങളായി കയ്ക്കൊണ്ടവരായി,
ഹേമാഭാഃ	സ്വർണ്ണനിറമാന്നവരു		
തേ,	അവർ, [മായ		
രാമാർത്ഥേ	ശ്രീരാമകൈങ്കര്യത്തിൽ		
ത്യക്ത-ജീവിതാഃ,	ജീവനേയും അലക്ഷ്യമാക്കിയവരായി,	ലങ്കാം ഏവ	ലങ്കക്കു നേരെതന്നെ
		അഭ്യവർത്തന്ത.	പാഞ്ഞടുത്തു.

തേ ദ്രുമൈഃ പർവ്വതാഗ്രൈശ്ച മുഷ്ടിഭിശ്ച പ്ലവംഗമാഃ
പ്രാകാരാഗ്രാണ്യരണ്യാനി മമന്ഥുസ്തോരണാനി ച. 16

തേ പ്ലവംഗമാഃ,	ആ വാനരന്മാർ,	പ്രാകാരാഗ്രാണി	മതിൽ കെട്ടുകളുടെ അഗ്രങ്ങളേയും
ദ്രുമൈഃ	വൃക്ഷങ്ങൾ കൊണ്ടും		
പർവ്വതാഗ്രൈഃ ച	ഗിരിശിഖരങ്ങൾ കൊണ്ടും	അരണ്യാനി	ഉദ്യാനങ്ങളേയും
		തോരണാനി ച	കമാനങ്ങളേയും
മുഷ്ടിഭിഃ ച	മുഷ്ടികൾ കൊണ്ടും	മമന്ഥുഃ.	തകർത്തു.

പരിഖാഃ പൂരയന്തി സ്മ പ്രസന്നസലിലായുതാഃ
പാംസുഭിഃ പർവ്വതാഗ്രൈശ്ച തൃണൈഃ കാഷ്ഠൈശ്ച വാനരാഃ. 17

വാനരാഃ,	വാനരന്മാർ,	പർവ്വതാഗ്രൈഃ ച	പർവ്വതശിഖരങ്ങൾ കൊണ്ടും
പ്രസന്ന-സലിലായുതാഃ	സ്വച്ഛജലമാന്ന	തൃണൈഃ	പുൽകട്ടകൾകൊണ്ടും
പരിഖാഃ	കിടങ്ങുകളെ	കാഷ്ഠൈഃ ച	വിറകുമുട്ടികൾകൊണ്ടും
പാംസുഭിഃ	മൺകട്ടകൾകൊണ്ടും	പൂരയന്തി സ്മ.	തൂർച്ചയിട്ടു.

തതഃ സഹസ്രയൂഥാശ്ച കോടിയൂഥാശ്ച വാനരാഃ
കോടീശതയുതാശ്ചാന്യേ ലങ്കാമാരുരുഹുസ്തദാ. 18

തതഃ	അവിടെ	കോടിയൂഥാഃ ച	കോടിക്കണക്കായ സേനയോടും
തദാ	ആസമയം		
അന്യേ	ചില	കോടീ-ശതയുതാഃ ച	നൂറുകോടിയോടുംകൂടിയവരായി
വാനരാഃ ച	വാനരന്മാർ		
സഹസ്രയൂഥാഃ	ആയിരക്കണക്കായ സേനയോടും	ലങ്കാം	ലങ്കയിൽ
		ആരുരുഹുഃ.	കയറിച്ചെന്നു.

കാഞ്ചനാനി പ്രമൃദ്നന്തസ്തോരണാനി പ്ലവംഗമാഃ
കൈലാസശിഖരാഭാണി ഗോപുരാണി പ്രമഥ്യ ച 19
ആപ്ലവന്തഃ പ്ലവന്തശ്ച ഗർജ്ജന്തശ്ച പ്ലവംഗമാഃ
ലങ്കാം താമഭിധാവന്തി മഹാവാരണസന്നിഭാഃ. 20

പ്ലവംഗമാഃ	വാനരന്മാർ
കാഞ്ചനാനി	സ്വർണ്ണമയങ്ങളായ
തോരണാനി	കമാനങ്ങളെ
പ്രമൃദ്നന്തഃ,	തകർത്തുകൊണ്ടും,
മഹാവാരണസന്നിഭാഃ	വമ്പിച്ച ആനകളൊത്ത
പ്ലവംഗമാഃ	കപികൾ
കൈലാസശിഖരാഭാണി	കൈലാസശിഖരങ്ങൾപോന്ന
ഗോപുരാണി	ഗോപുരങ്ങളെ
പ്രമഥ്യ ച,	ധ്വംസനംചെയ്തുകൊണ്ടും,
ഗർജ്ജന്തഃ ച	ഗർജ്ജിക്കുന്നവരായി
ആപ്ലവന്തഃ	ഒററച്ചാട്ടം ചാടി
പ്ലവന്തഃ ച	കുതിച്ചുചെല്ലുന്നവരായി
താം	ആ
ലങ്കാം	ലങ്കയിൽ
അഭിധാവന്തി.	പാഞ്ഞുകയറുകയായി.

ജയത്യതിബലോ രാമോ ലക്ഷ്മണശ്ച മഹാബലഃ
രാജാ ജയതി സുഗ്രീവോ രാഘവേണാഭിപാലിതഃ 21
ഇത്യേവം ഘോഷയന്തശ്ച ഗർജ്ജന്തശ്ച പ്ലവംഗമാഃ
അഭ്യധാവന്ത ലങ്കായാഃ പ്രാകാരം കാമരൂപിണഃ. 22

കാമരൂപിണഃ	ഇച്ഛിച്ച വടിവു കയ്ക്കൊള്ളുന്നവരായ
പ്ലവംഗമാഃ,	ആ വാനരന്മാർ,
“ അതിബലഃ	“ മഹാബലശാലിയായ
രാമഃ	ശ്രീരാമൻ
ജയതി;	വിജയിക്കുന്നു;
മഹാബലഃ	മഹാബലവാനായ
ലക്ഷ്മണഃ	ലക്ഷ്മണനും
ച;	വിജയിക്കുന്നു;
രാഘവേണ അഭിപാലിതഃ	ശ്രീരാഘവനാൽ സംരക്ഷിക്കപ്പെട്ട
സുഗ്രീവഃ രാജാ	സുഗ്രീവമഹാരാജാവും
ജയതി; ”	വിജയിക്കുന്നു; ”
ഇതി ഏവം	എന്നിപ്രകാരം
ഘോഷയന്തഃ ച	ഘോഷിക്കുന്നവരായി
ഗർജ്ജന്തഃ ച	ഗർജ്ജിച്ചുകൊണ്ടും
ലങ്കായാഃ	ലങ്കയിലുള്ള
പ്രാകാരം	മതില്ക്കുനേരെ
അഭ്യധാവന്ത.	എതിർത്തുചെന്നു.

വീരബാഹുഃ സുബാഹുശ്ച നളശ്ച വനഗോചരഃ
നിപീഡ്യോപനിവിഷ്ടാസ്തേ പ്രാകാരം ഹരിയൂഥപാഃ
ഏതസ്മിന്നന്തരേ ചക്രുഃ സ്കന്ധാവാരനിവേശനം. 23

തേ ഹരിയൂഥപാഃ	ആ വാനരസേനാധിപന്മാരായ
വീരബാഹുഃ	വീരബാഹുവും
സുബാഹുഃ ച	സുബാഹുവും
വനഗോചരഃ	വനത്തിൽ സഞ്ചരിക്കുന്ന
നളഃ ച,	നളനും,
പ്രാകാരം	മതിലിനെ
നിപീഡ്യ	ഇടിച്ചുതള്ളിക്കൊണ്ട്
ഉപനിവിഷ്ടാഃ	അകത്തുകയറിച്ചെന്ന്
ഏതസ്മിൻ	ആ
അന്തരേ	ഒഴിവിൽ
സ്കന്ധാവാരനിവേശനം ചക്രുഃ.	ഒരു സൈന്യവിഭാഗത്തെ നിർത്തി.

പൂർവ്വദ്വാരം തു കുമുദഃ കോടിഭിർദ്ദശഭിർവൃതഃ
ആവൃത്യ ബലവാംസ്തസ്ഥൗ ഹരിഭിർജിതകാശിഭിഃ. 24

ബലവാൻ	ബലവാനായ	വൃതഃ	ചൂഴപ്പെട്ടവനായി
കുമുദഃ തു,	കുമുദനും,	പൂർവ്വദ്വാരം	കിഴക്കെ ഗോപുരവാതിൽ
ജിതകാശിഭിഃ	ജയശാലികളായ		
ദശഭിഃ കോടിഭിഃ	പത്തുകോടി	ആവൃത്യ	തടഞ്ഞും കൊണ്ട്
ഹരിഭിഃ	വാനരന്മാരാൽ	തസ്ഥൗ.	നിന്നു.

[“ഈശാനകോണിൽ കിഴക്കെ ഗോപുരവാതിൽക്കലുള്ളവൎക്ക് സഹായമായിനിന്നു എന്ന് സാരം.” എന്ന് ഗോ. രാ.]

സാഹായ്യാർത്ഥം തു തസ്യൈവ നിവിഷ്ടഃ പ്രഘസോ ഹരിഃ
പനസശ്ച മഹാബാഹുർവാനരൈർബ്ബഹുഭിർവൃതഃ. 25

പ്രഘസഃ	പ്രഘസനെന്ന	പനസഃ തു	പനസനും
ഹരിഃ ഏവ,	വാനരനും,	ബഹുഭിഃ	അനേകം
തസ്യ	അവന്നു	വാനരൈഃ	വാനരന്മാരാൽ
സാഹായ്യാർത്ഥം	സഹായത്തിന്നായി	വൃതഃ	ചൂഴപ്പെട്ടവനായി
നിവിഷ്ടഃ;	നിന്നു;	ച.	അപ്രകാരം തന്നെ സ്ഥിതിചെയ്തു.
മഹാബാഹുഃ	മഹാബാഹുവായ		

ദക്ഷിണം ദ്വാരമാഗമ്യ വീരഃ ശതബലിഃ കപിഃ
ആവൃത്യ ബലവാംസ്തസ്ഥൗ വിംശത്യാ കോടിഭിർവൃതഃ. 26

ബലവാൻ	ബലവാനും	വൃതഃ,	ചൂഴപ്പെട്ടവനായി,
വീരഃ	വീരനുമായ	ദക്ഷിണം	തെക്കെ
ശതബലിഃ	ശതബലിയെന്ന	ദ്വാരം	വാതിൽക്കൽ
കപിഃ,	വാനരൻ,	ആഗമ്യ	എത്തി
വിംശത്യാ കോടിഭിഃ	ഇരുപതു കോടികളാൽ	ആവൃത്യ തസ്ഥൗ.	നിരോധിച്ചുംകൊണ്ട് നിലയായി.

[“ആഗ്നേയകോണിൽ നിന്നുകൊണ്ട്, ദക്ഷിണദ്വാരത്തെ ആക്രമിച്ചുനിന്നു.” എന്നു ഗോ. രാ.]

സുഷേണഃ പശ്ചിമദ്വാരം ഗതസ്താരാപിതാ ഹരിഃ
ആവൃത്യ ബലവാംസ്തസ്ഥൗ ഷഷ്ടികോടിഭിരാവൃതഃ. 27

ബലവാൻ	ബലവാനും	ആവൃതഃ,	ചൂഴപ്പെട്ടവനായി,
താരാപിതാ	താരയുടെ പിതാവുമായ	പശ്ചിമദ്വാരം	പടിഞ്ഞാറെ വാതിൽക്കൽ
സുഷേണഃ	സുഷേണനെന്ന	ഗതഃ,	ചെന്ന്,
ഹരിഃ,	വാനരൻ,	ആവൃത്യ തസ്ഥൗ.	വളഞ്ഞുനിന്നു.
ഷഷ്ടികോടിഭിഃ	അറുപതുകോടികളാൽ		

[“നിരൃതികോണിൽനിന്ന് എന്നു ഗ്രാഹ്യം.” (ഗോ. രാ).]

ഉത്തരം ദ്വാരമാസാദ്യ രാമഃ സൌമിത്രിണാ സഹ
ആവൃത്യ ബലവാംസ്തസ്ഥൌ സുഗ്രീവശ്ച ഹരീശ്വരഃ. 28

ബലവാൻ	ബലവാനായ	ആസാദ്യ,	പ്രാപിച്ച്,
രാമഃ,	ശ്രീരാമൻ,	ആവൃത്യ തസ്ഥൌ;	വളഞ്ഞുനിന്നു;
സൌമിത്രിണാ സഹ	ലക്ഷ്മണനോടുംകൂടി	ഹരീശ്വരഃ	വാനരാധിപനായ
ഉത്തരം	വടക്കെ	സുഗ്രീവഃ	സുഗ്രീവനും
ദ്വാരം	ദ്വാരത്തെ	ച.	അപ്രകാരംനിന്നു.

["സുഗ്രീവൻ വായുകോണിൽ സ്ഥിതിചെയ്തു, എന്നു മുമ്പുതന്നെ പ്രസ്താവിച്ചിട്ടുള്ളതു് ഇതിൽ അന്തർഭൂതമാകുന്നു." (ഗോ രാ).]

ഗോലാംഗൂലോ മഹാകായോ ഗവാക്ഷോ ഭീമദർശനഃ
വൃതഃ കോട്യാ മഹാവീര്യസ്തസ്ഥൌ രാമസ്യ പാർശ്വതഃ. 29

മഹാവീര്യഃ	മഹാവീര്യശാലിയും	കോട്യാ	കോടിപ്പേരാൽ
ഗോലാംഗൂലഃ	കൊണ്ടയായ വാലുള്ള	വൃതഃ	ചൂഴപ്പെട്ടവനായി
ഭീമദർശനഃ	ഭയങ്കരരൂപിയും [വനും	രാമസ്യ	ശ്രീരാമന്റെ
മഹാകായഃ	പൃഥുശരീരനും ആയ	പാർശ്വതഃ തസ്ഥൌ.	അരികിലായി സ്ഥിതി ചെയ്തു.
ഗവാക്ഷഃ	ഗവാക്ഷൻ		

ഋക്ഷാണാം ഭീമവേഗാനാം ധൂമ്രഃ ശത്രുനിബർഹണഃ
വൃതഃ കോട്യാ മഹാവീര്യസ്തസ്ഥൌ രാമസ്യ പാർശ്വതഃ. 30

ശത്രുനിബർഹണഃ	ശത്രുവിധ്വംസകനും	കോട്യാ	കോടിസംഖ്യയാൽ
മഹാവീര്യഃ	മഹാവീര്യശാലിയുമായ	വൃതഃ,	ചൂഴപ്പെട്ടവനായി,
ധൂമ്രഃ,	ധൂമ്രൻ,	രാമസ്യ പാർശ്വതഃ	ശ്രീരാമപാർശ്വത്തിൽ
ഭീമവേഗാനാം	ഘോരശക്തിപൂണ്ടവരാ		
ഋക്ഷാണാം	കരടികളുടെ [യ	തസ്ഥൌ.	നിലയായി.

സന്നദ്ധസ്തു മഹാവീര്യോ ഗദാപാണിർവിഭീഷണഃ
വൃതോ യത്തൈസ്തു സചിവൈസ്തസ്ഥൌ തത്ര മഹാബലഃ. 31

തത്ര	അവിടെത്തന്നെ	സന്നദ്ധഃ,	സന്നദ്ധനായി,
മഹാബലഃ	മഹാബലവാനും	യത്തൈഃ	ജാഗ്രതപൂണ്ടവരായ
മഹാവീര്യഃ തു	മഹാപരാക്രമശാലിയു	സചിവൈഃ തു	മന്ത്രിമാരാലും
വിഭീഷണഃ,	വിഭീഷണൻ, [മായ	വൃതഃ,	ചൂഴപ്പെട്ടവനായി,
ഗദാപാണിഃ	ഗദകയ്യിലേന്തി	തസ്ഥൌ.	സ്ഥിതിചെയ്തു.

ഗജോ ഗവാക്ഷോ ഗവയഃ ശരഭോ ഗന്ധമാദനഃ
സമന്താത് പരിധാവന്തോ രരക്ഷുർഹരിവാഹിനീം. 32

ഗജഃ	ഗജനും	സമന്തതഃ	നാലുഭാഗത്തും
ഗവാക്ഷഃ	ഗവാക്ഷനും	പരിധാവന്തഃ	ചുററിനോക്കുന്നവരായി
ഗവയഃ	ഗവയനും	ഹരിവാഹിനീം	വാനരപ്പടയെ
ശരഭഃ	ശരഭനും	രരക്ഷുഃ.	കാത്തുവന്നു.
ഗന്ധമാദനഃ	ഗന്ധമാദനനും		

തതഃ കോപപരീതാത്മാ രാവണോ രാക്ഷസേശ്വരഃ
നിൎയ്യാണം സൎവ്വസൈന്യാനാം ദ്രുതമാജ്ഞാപയത്തദാ. 33

തതഃ	അതിനാൽ
കോപ-പരീതാത്മാ	കോപാക്രാന്തനായ
രാക്ഷസേശ്വരഃ,	രക്ഷോനാഥനായ
രാവണഃ, ദ്രുതം	രാവണൻ, ഉടനെ
സൎവ്വ-സൈന്യാനാം	എല്ലാ സൈന്യങ്ങളുടേയും
നിൎയ്യാണം	പുറപ്പാടിനെ
തദാ,	ആ സമയം,
ആജ്ഞാപയത്.	ആജ്ഞാപിച്ചു.

ഏതച്ഛ്രുത്വാ തതോ വാക്യം രാവണസ്യ മുഖോദ്ഗതം
സഹസാ ഭീമനിൎഘോഷമുദ്ഘുഷ്ടം രജനീചരൈഃ. 34

രാവണസ്യ	രാവണന്റെ
മുഖോദ്ഗതം	വായിൽ നിന്നു വീണതായ
ഏതത്	ഈ
വാക്യം ശ്രുത്വാ,	വാക്കുകേട്ടു്,
തതഃ	അക്കാരണത്താൽ
രജനീചരൈഃ,	രാക്ഷസന്മാരാൽ,
സഹസാ	തൽക്ഷണം തന്നെ
ഭീമനിൎഘോഷം	ഭയങ്കരമായ സിംഹനാദം
ഉദ്ഘുഷ്ടം.	ഘോഷിക്കപ്പെട്ടു.

തതഃ പ്രചോദിതാ ഭേൎയ്യശ്ചന്ദ്രപാണ്ഡുരപുഷ്കരാഃ
ഹേമകോണാഹതാ ഭീമാ രാക്ഷസാനാം സമന്തതഃ. 35

തതഃ	അപ്പോൾ
ചന്ദ്രപാണ്ഡു-രപുഷ്കരാഃ	ചന്ദ്രനെപ്പോലെ വെളുത്ത തോലുകളാന്ന
രാക്ഷസാനാം	രാക്ഷസരുടെ
ഭേൎയ്യഃ,	പെരുമ്പറകൾ,
ഭീമാഃ	ഭയങ്കരമാംവണ്ണം
ഹേമ-കോണാഹതാഃ	സ്വൎണ്ണക്കോലുകൾ കൊണ്ടു് അടിക്കപ്പെട്ടുവയായി
സമന്തതഃ	എങ്ങും
പ്രചോദിതാഃ.	അറിയിപ്പുകൊടുത്തു.

വിനേദുശ്ച മഹാഘോഷാഃ ശംഖാഃ ശതസഹസ്രശഃ
രാക്ഷസാനാം സുഘോരാണാം മുഖമാരുതപൂരിതാഃ. 36

ശത-സഹസ്രശഃ ശംഖാഃ,	ലക്ഷക്കണക്കായുള്ള ശംഖുകൾ
സുഘോരാണാം	അതിഭയങ്കരന്മാരായ
രാക്ഷസാനാം	രാക്ഷസന്മാരുടെ
മുഖമാരുത-പൂരിതാഃ	വായകൊണ്ടു് ഊതിയ കാററിനാൽ നിറയപ്പെട്ടവയായി
മഹാഘോഷാഃ ച	വൻമുഴക്കത്തോടുകൂടിയവയായി
വിനേദുഃ.	ശബ്ദിച്ചു.

തേ ബഭുഃ ശുഭനീലാംഗാഃ സശംഖാ രജനീചരാഃ
വിദ്യുന്മണ്ഡലസംനദ്ധാഃ സബലാകാ ഇവാംബുദാഃ 37

ശുഭനീലാംഗാഃ	നല്ല കറുത്ത ദേഹങ്ങളോടുകൂടിയവരായി
സശംഖാഃ	ശംഖുകൾ കയ്യിൽപിടിച്ചിരുന്ന
തേ	ആ
രജനീചരാഃ	രാക്ഷസർ
വിദ്യുന്മണ്ഡല-സംനദ്ധാഃ	മിന്നൽപിണരുകളാന്നവയും
സബലാകാഃ	വെള്ളിൽപക്ഷികളോടുകൂടിയവയും ആയ
അംബുദാഃ ഇവ	മേഘങ്ങൾ എന്നപോലെ
ബഭുഃ	വിളങ്ങി. [ളെ

നിഷ്പതന്തി തതഃ സൈന്യാ ഹൃഷ്ടാ രാവണചോദിതാഃ
സമയേ പൂര്യമാണസ്യ വേഗാ ഇവ മഹോദധേഃ. 38

തതഃ	ആസമയം	പൂര്യമാണസ്യ	പൊങ്ങിവരുന്ന
സൈന്യാഃ	സൈന്യങ്ങൾ	മഹോദധേഃ	കടലിന്റെ
രാവണ-ചോദിതാഃ	രാവണനാൽ ആജ്ഞാപിക്കപ്പെട്ടവയായി	വേഗാഃ ഇവ,	കോളെന്നപോലെ,
		സമയേ	തക്കസമയത്തിൽ
ഹൃഷ്ടാഃ	ഉത്സാഹംപൂണ്ടവയായി	നിഷ്പതന്തി.	പുറപ്പെട്ടുകയായി.

തതോ വാനരസൈന്യേന മുക്തോ നാദഃ സമന്തതഃ
മലയഃ പൂരിതോ യേന സസാനുപ്രസ്ഥകന്ദരഃ. 39

തതഃ	അപ്പോൾ	യേന	യാതൊരു ആ ശബ്ദത്താൽ
വാനര-സൈന്യേന	വാനരസൈന്യത്താൽ	സസാനു-പ്രസ്ഥകന്ദരഃ	മുടികളും താഴ്വരകളും ഗുഹകളുമടക്കം
സമന്തതഃ	എങ്ങും		
നാദഃ	സിംഹനാദം	മലയഃ	ത്രികൂടപർവ്വതം
മുക്തഃ;	ഉളവാക്കപ്പെട്ടു;	പൂരിതഃ.	മുഴങ്ങി.

ശംഖദുന്ദുഭിസംഘുഷ്ടഃ സിംഹനാദസ്തരസ്വിനാം
പൃഥിവീം ചാന്തരിക്ഷം ച സാഗരം ചാഭ്യനാദയത്. 40
ഗജാനാം ബൃംഹിതൈഃ സാർദ്ധം ഹയാനാം ഹേഷിതൈരപി
രഥാനാം നേമിഘോഷൈശ്ച രക്ഷസാം പാദനിഃസ്വനൈഃ. 41

തരസ്വിനാം	ബലവാന്മാരായ	രഥാനാം നേമി-ഘോഷൈഃ ച	രഥങ്ങളുടെ ചക്രങ്ങൾ ഉരുളുന്നശബ്ദങ്ങളോടും
രക്ഷസാം	രാക്ഷസരുടെ		
ശംഖദുന്ദുഭി-സംഘുഷ്ടഃ	ശംഖം, ഭേരി, എന്നവയുടെ വൻശബ്ദങ്ങളോ	പാദ-നിഃസ്വനൈഃ	അടികൾ വെക്കുന്ന ശബ്ദങ്ങളോടും
സിംഹനാദഃ,	സിംഹനാദം, [കൂടിയ	സാർദ്ധം,	കൂടി,
ഗജാനാം ബൃംഹിതൈഃ,	ആനകൾ ചിരിയിടുന്ന ശബ്ദത്തോടും	പൃഥിവീം ച	ഭൂമിയേയും
		അന്തരിക്ഷം ച	ആകാശത്തേയും
ഹയാനാം	കുതിരകളുടെ	സാഗരം ച	സമുദ്രത്തേയും
ഹേഷിതൈഃ അപി	ഹേഷാരവങ്ങളോടും	അഭ്യനാദയത്.	മാറെറാലിക്കൊള്ളിച്ചു.

ഏതസ്മിന്നന്തരേ ഘോരഃ സംഗ്രാമഃ സമപദ്യത
രക്ഷസാം വാനരാണാം ച യഥാ ദേവാസുരേ പുരാ. 42

ഏതസ്മിൻ അന്തരേ	ഇഃതസമയത്തിൽ	ദേവാസുരേ	ദേവാസുരന്മാർതമ്മിൽ
		യഥാ,	എന്നപോലെ,
രക്ഷസാം	രാക്ഷസർക്കും	ഘോരഃ	ഘോരമായ
വാനരാണാം ച,	വാനരന്മാർക്കും തമ്മിൽ,	സംഗ്രാമഃ	യുദ്ധം
പുരാ	പണ്ട്	സമപദ്യത.	നടന്നു.

തേ ഗദാഭിഃ പ്രദീപ്താഭിഃ ശക്തിശൂലപരശ്വധൈഃ
നിജഘ്നുർവാനരാൻ ഘോരാഃ കഥയന്തഃ സ്വവിക്രമാൻ. 43

ഘോരാഃ	ഭയങ്കരന്മാരായ	ഗദാഭിഃ	ഗദകൾകൊണ്ടും
തേ,	ആ രാക്ഷസന്മാർ,	ശക്തിശൂല-പരശ്വധൈഃ	വേൽ, ശൂലം, വെണ്മഴു എന്നവകൊണ്ടും
സ്വവിക്രമാൻ	സ്വസ്വ പരാക്രമങ്ങളെ	വാനരാൻ	വാനരന്മാരെ
കഥയന്തഃ,	പുകഴ്ത്തുന്നവരായി,	നിജഘ്നുഃ.	പ്രഹരിച്ചു.
പ്രദീപ്താഭിഃ	തിളങ്ങുന്ന		

രാജാ ജയതി സുഗ്രീവ ഇതി ശബ്ദോ മഹാനഭൂത്. 44

"സുഗ്രീവഃ രാജാ	"സുഗ്രീവമഹാരാജാവ്	മഹാൻ ശബ്ദഃ	വമ്പിച്ച ഘോഷം
ജയതി," ഇതി	വിജയിക്കുന്നു," എന്നു	അഭൂത്.	ഉണ്ടായി.

രാജൻ ജയജയേത്യുക്ത്വാ സ്വസ്വനാമകഥാന്തതഃ
തഥാ വൃക്ഷൈർമഹാകായാഃ പർവ്വതാഗ്രൈശ്ച വാനരാഃ
നിജഘ്നുസ്താനി രക്ഷാംസി നഖൈർദന്തൈശ്ച വേഗിതാഃ. 45

മഹാകായാഃ	പൃഥുശരീരികളായ	വേഗിതാഃ	ഉത്സാഹത്തോടുകൂടിയവരായി
വാനരാഃ,	വാനരന്മാർ,	വൃക്ഷൈഃ	വൃക്ഷങ്ങൾകൊണ്ടും
സ്വസ്വനാമ-കഥാന്തതഃ,	അവനവന്റെ പേരുപറഞ്ഞുംകൊണ്ട്,	പർവ്വതാഗ്രൈഃ ച	കുന്നിൻമുടികളാലും
"രാജൻ!	"രാജാവേ!	നഖൈഃ തഥാ	നഖങ്ങൾകൊണ്ടും
ജയ	വിജയിച്ചാലും,	ദന്തൈഃ ച	പല്ലുകൾകൊണ്ടും
ജയ."	വിജയിച്ചാലും,"	താനി രക്ഷാംസി	ആ രാക്ഷസന്മാരെ
ഇതി ഉക്ത്വാ,	എന്നു പുകഴ്ത്തിയശേഷം,	നിജഘ്നുഃ.	ധ്വംസിച്ചു.

രാക്ഷസാസ്ത്വപരേ ഭീമാ പ്രാകാരസ്ഥാ മഹീഗതാൻ
ഭിണ്ഡിപാലൈശ്ച ഖഡ്ഗൈശ്ച ശൂലൈശ്ചൈവ വ്യദാരയൻ. 46

പ്രാകാരസ്ഥാഃ	മതിലുകളിൽനിന്നിരുന്ന	ഭിണ്ഡി-പാലൈഃ ച	കവണകൾ കൊണ്ടും (വെടിയുണ്ടകളെന്നും)
ഭീമാഃ	ഭയങ്കരന്മാരായ	ഖഡ്ഗൈഃ ച	വാളുകൾ കൊണ്ടും
അപരേ	ചില	ശൂലൈഃ ച ഏവ	ശൂലങ്ങൾ കൊണ്ടും
രാക്ഷസാഃ തു	രാക്ഷസന്മാരും		
മഹീഗതാൻ	നിലത്തു നില്ക്കുന്നവരെ	വ്യദാരയൻ.	പിളന്നു.

വാനരാശ്ചാപി സംക്രുദ്ധാഃ പ്രാകാരസ്ഥാൻ മഹീഗതാഃ
രാക്ഷസാൻ പാതയാമാസുഃ സമാപ്ലുത്യ പ്ലവംഗമാഃ. 47

മഹീഗതാഃ	ഭൂമിയിൽ നിന്നിരുന്നവരും	പ്രാകാരസ്ഥാൻ	മതിൽപ്പുറത്ത് നിന്നിരുന്ന
പ്ലവംഗമാഃ	ചാട്ടക്കാരുമായ	രാക്ഷസാൻ അപി	രാക്ഷസരേയും
വാനരാഃ ച,	വാനരന്മാരും,		
സംക്രുദ്ധാഃ,	ഏററം കോപിച്ചവരായി,	സമാപ്ലുത്യ	കുതിച്ചുചെന്ന്
		പാതയാമാസുഃ.	താഴത്തു വീഴ്ത്തിയിട്ടു.

സ സംപ്രഹാരസ്തുമുലോ മാംസശോണിതകർദമഃ
രക്ഷസാം വാനരാണാം ച സംബഭൂവാദ്ഭുതോപമഃ. 48

രക്ഷസാം	രാക്ഷസക്കും	മാംസ-ശോണിത-കർദമഃ	മാംസങ്ങൾ കൊണ്ടും ചോരകൊണ്ടും ചളിയായതായി
വാനരാണാം ച	വാനരന്മാക്കും തമ്മിലു ണ്ടായ	അദ്ഭുതോപമഃ	തുല്യമില്ലാത്തതായി
സഃ	ആ	സംബഭൂവ.	നടന്നു.
സംപ്രഹാരഃ,	യുദ്ധം,		
തുമുലഃ	ഉഗ്രമായും		

ഇത്യാർഷേ ശ്രീമദ്രാമായണേ വാല്മീകീയേ ആദികാവ്യേ യുദ്ധകാണ്ഡേ ദ്വിചത്വാരിംശഃ സർഗ്ഗഃ = നാല്പത്തിരണ്ടാംസർഗ്ഗം സമാപ്തം.

ആദ്യംമുതൽ ശ്ലോകസംഖ്യ 16323; യുദ്ധകാണ്ഡം ആദ്യംമുതൽ ശ്ലോകസംഖ്യ 1648

ത്രിചത്വാരിംശഃ സർഗ്ഗഃ = നാല്പത്തിമൂന്നാംസർഗ്ഗം.

[ദ്വന്ദ്വയുദ്ധവർണ്ണനം = ദ്വന്ദ്വയുദ്ധവർണ്ണന.]

യുദ്ധ്യതാം തു തതസ്തേഷാം വാനരാണാം മഹാത്മനാം
രക്ഷസാം സംബഭൂവാഥ ബലകോപഃ സുദാരുണഃ. 1

തതഃ	അപ്പോൾ	വാനരാണാം തു	വാനരന്മാക്കും
യുധ്യതാം	യുദ്ധംചെയ്തുകൊണ്ടിരുന്ന	രക്ഷസാം അഥ	രാക്ഷസക്കും തമ്മിൽ
തേഷാം	ആ	സുദാരുണഃ	അത്യുഗ്രമായ
മഹാത്മനാം	മഹാധീരന്മാരായ	ബലകോപഃ	സൈന്യക്ഷോഭം
		സംബഭൂവ.	ഉണ്ടായി.

തേ ഹയൈഃ കാഞ്ചനാപീഡൈർധ്വജൈശ്ചാഗ്നിശിഖോപമൈഃ
രഥൈശ്ചാദിത്യസംകാശൈഃ കവചൈശ്ച മനോരമൈഃ 2
നിര്യയൂ രാക്ഷസവ്യാഘ്രാ നാദയന്തോ ദിശോ ദശ
രാക്ഷസാ ഭീമകർമ്മാണോ രാവണസ്യ ജയൈഷിണഃ. 3

ഭീമകർമ്മാണഃ	ക്രൂരകർമ്മം ചെയ്യുന്നവരും	ധ്വജൈഃ ച	ധ്വജങ്ങളോടുകൂടിയും
രാക്ഷസ-വ്യാഘ്രാഃ	രാക്ഷസപ്പുലികളും ആയ	കാഞ്ചനാ-പീഡൈഃ	കസവുപൊട്ടുകളാലലങ്കരിക്കപ്പെട്ട
തേ	ആ	ഹയൈഃ	കുതിരകളിൽ കയറിക്കൊണ്ടും
രാക്ഷസാഃ,	രാക്ഷസർ,	ആദിത്യ-സംകാശൈഃ	സൂര്യസദൃശങ്ങളായ
രാവണസ്യ	രാവണന്ന്	രഥൈഃ ച	രഥങ്ങളിൽ കയറിക്കൊണ്ടും
ജയൈഷിണഃ	വിജയത്തെ കാംക്ഷിക്കുന്നവരായി	ദശ	പത്തു
മനോരമൈഃ	ഭംഗിയുള്ള	ദിശഃ	ദിക്കുകളേയും
കവചൈഃ ച	കവചങ്ങളോടുകൂടിയും	നാദയന്തഃ	മാറൊലിക്കൊള്ളിക്കുമാറ്
അഗ്നിശിഖോ-പമൈഃ	അഗ്നിജ്വാലപോലുള്ള	നിര്യയുഃ	പുറപ്പെട്ടുവന്നു.

വാനരാണാമപി ചമൂർബ്ബൃഹതീ ജയമിച്ഛതാം
അഭ്യധാവത താം സേനാം രക്ഷസാം കാമരൂപിണാം. 4

ജയം ഇച്ഛതാം	വിജയേച്ഛുക്കളായ	കാമരൂപിണാം	ഇച്ഛാരൂപികളായ
വാനരാണാം	വാനരന്മാരുടെ	രക്ഷസാം	രാക്ഷസരുടെ
ബൃഹതീ	വമ്പിച്ച	താം സേനാം	ആ സൈന്യത്തെ
ചമൂഃ അപി,	സേനയും,	അഭ്യധാവത.	എതിൎത്തു.

ഏതസ്മിന്നന്തരേ തേഷാമന്യോന്യമഭിധാവതാം
രക്ഷസാം വാനരാണാം ച ദ്വന്ദ്വയുദ്ധമവൎത്തത. 5

ഏതസ്മിൻ അന്തരേ	ഈ ഘട്ടത്തിൽ	അന്യോന്യം	തമ്മിൽ
തേഷാം	ആ	അഭിധാവതാം,	നേരിട്ടെതിൎത്താറെ,
രക്ഷസാം	രാക്ഷസന്മാരും	ദ്വന്ദ്വയുദ്ധം	ദ്വന്ദ്വയുദ്ധം
വാനരാണാം ച	വാനരന്മാരും	അവൎത്തത.	സംഭവിച്ചു.

അംഗദേനേന്ദ്രജിത് സാൎദ്ധം വാലിപുത്രേണ രാക്ഷസഃ
അയുധ്യത മഹാതേജാസ്ത്ര്യംബകേണ യഥാന്തകഃ. 6

അന്തകഃ	യമൻ	ഇന്ദ്രജിത്,	ഇന്ദ്രജിത്ത്,
ത്ര്യംബകേണ യഥാ,	മുക്കണ്ണനോടു കൂടിയെന്നപോലെ,	വാലിപുത്രേണ	ബാലിസുതനായ
മഹാതേജാഃ	മഹാപരാക്രമശാലിയാ[യ	അംഗദേന സാൎദ്ധം	അംഗദനുമായി
രാക്ഷസഃ	രാക്ഷസനായ	അയുധ്യത.	പൊരുതി.

പ്രജംഘേന ച സംപാതിൎന്നിത്യം ദുൎമ്മൎഷണോ രണേ
ജംബുമാലിനമാരബ്ധോ ഹനുമാനപി വാനരഃ. 7

രണേ	പോരിൽ	ആരബ്ധഃ;	പൊരുതുവാൻ തുടങ്ങി;
നിത്യം	ഒരിക്കലും	വാനരഃ	വാനരനായ
ദുൎമ്മൎഷണഃ	സഹിച്ചിരിക്കാത്തവനായ	ഹനുമാൻ അപി	ഹനുമാനും
സംപാതിഃ,	സമ്പാതി,	ജംബുമാലിനം ച.	ജംബുമാലിയുമായി അപ്രകാരംതന്നെ പൊരുതി.
പ്രജംഘേന	പ്രജംഘനോടുംകൂടി		

സംഗതഃ സുമഹാക്രോധോ രാക്ഷസോ രാവണാനുജഃ
സമരേ തീക്ഷ്ണവേഗേന മിത്രഘ്നേന വിഭീഷണഃ. 8

രാവണാനുജഃ	രാവണസോദരനും	തീക്ഷ്ണവേഗേന	ഘോരവിക്രമിയായ
രാക്ഷസഃ	രാക്ഷസനുമായ	മിത്രഘ്നേന	മിത്രഘ്നനോടുകൂടി
വിഭീഷണഃ,	വിഭീഷണൻ,	സമരേ	പോരിൽ
സുമഹാക്രോധഃ,	അത്യധികം ക്രുദ്ധിച്ചവനായി,	സംഗതഃ.	കൂട്ടേററു.

തപനേന ഗജഃ സാർധം രാക്ഷസേന മഹാബലഃ
നികുംഭേന മഹാതേജാ നീലോഽപി സമയുധ്യത. 9

മഹാബലഃ	മഹാബലശാലിയായ	സമയുധ്യത ;	പോർചെയ്തു ;
ഗജഃ,	ഗജൻ,	മഹാതേജാഃ	മഹാതേജസ്വിയായ
തപനേന	തപനനെന്ന	നീലഃ	നീലൻ
രാക്ഷസേന സാർധം	രാക്ഷസനുമായി	നികുംഭേന അപി.	നികുംഭനുമായും കയ്യേറ്റു.

വാനരേന്ദ്രസ്തു സുഗ്രീവഃ പ്രഘസേന സമാഗതഃ
സംഗതഃ സമരേ ശ്രീമാൻ വിരൂപാക്ഷേണ ലക്ഷ്മണഃ 10

വാനരേന്ദ്രഃ	വാനരേന്ദ്രനായ	ശ്രീമാൻ	ശ്രീമാനായ
സുഗ്രീവഃ തു	സുഗ്രീവനും	ലക്ഷ്മണഃ	ലക്ഷ്മണൻ
പ്രഘസേന	പ്രഘസനോടുംകൂടി	സമരേ	പോരിൽ
സമാഗതഃ ;	ഏറ്റു ;	വിരൂപാക്ഷേണ	വിരൂപാക്ഷനുമായി
		സംഗതഃ.	ഇടകലർന്നു.

അഗ്നികേതുശ്ച ദുർധർഷോ രശ്മികേതുശ്ച രാക്ഷസഃ
സുപ്തഘ്നോ യജ്ഞകോപശ്ച രാമേണ സഹ സംഗതാഃ. 11

ദുർധർഷഃ	ആരാലും ജയിക്കപ്പെടാത്തവനായ	സുപ്തഘ്നഃ	സുപ്തഘ്നനും
അഗ്നികേതുഃ ച	അഗ്നികേതുവും	യജ്ഞകോപഃ ച	യജ്ഞകോപനും
രശ്മികേതുഃ	രശ്മികേതുവെന്ന	രാമേണ സഹ	ശ്രീരാമനുമായി
രാക്ഷസഃ ച	രാക്ഷസനും	സംഗതാഃ.	പോരിന്നേറ്റു.

വജ്രമുഷ്ടിസ്തു മൈന്ദേന ദ്വിവിദേനാശനിപ്രഭഃ
രാക്ഷസാഭ്യാം സുഘോരാഭ്യാം കപിമുഖ്യൌ സമാഗതൌ. 12

വജ്രമുഷ്ടിഃ	വജ്രമുഷ്ടിയെന്നവൻ	കപിമുഖ്യൌ	വാനരോത്തമന്മാരായ അവരിരുവരും
മൈന്ദേന,	മൈന്ദനോടും	സുഘോരാഭ്യാം	അതിഭയങ്കരന്മാരായ
അശനിപ്രഭഃ	അശനിപ്രഭൻ	രാക്ഷസാഭ്യാം	ആ രണ്ടുരാക്ഷസന്മാരുമായി
ദ്വിവിദേന,	ദ്വിവിദനോടും	സമാഗതൌ.	കൂടിക്കലർന്നു.
തു	ഇങ്ങിനെ		

വീരഃ പ്രതപനോ ഘോരോ രാക്ഷസോ രണദുർധരഃ
സമരേ തീക്ഷ്ണവേഗേന നളേന സമയുധ്യത. 13

ഘോരഃ	ഭയങ്കരനും	രാക്ഷസഃ,	രാക്ഷസൻ,
രണദുർധരഃ	പോരിൽ എളുപ്പത്തിൽ ജയിക്കപ്പെടുവാൻ കഴിയാത്തവനും	തീക്ഷ്ണവേഗേന	അതിയായ ആവേശത്തോടുകൂടിയിരുന്ന
		നളേന	നളനുമായി
വീരഃ	വീരനുമായ	സമരേ	പോരിൽ
പ്രതപനഃ	പ്രതപനനെന്ന	സമയുധ്യത.	മല്ലിട്ടു.

ധൎമ്മസ്യ പുത്രോ ബലവാൻ സുഷേണ ഇതി വിശ്രുതഃ
സ വിദ്യുന്മാലിനാ സാൎദ്ധമയുധ്യത മഹാകപിഃ. 14

ധൎമ്മസ്യ	ധൎമ്മരാജാവിന്റെ	സുഷേണഃ ഇതി	സുഷേണനെന്ന
പുത്രഃ	പുത്രനും	സഃ,	അവൻ,
ബലവാൻ	ശക്തിമാനും	വിദ്യുന്മാലിനാ സാൎദ്ധം	വിദ്യുന്മാലിയുമായി
വിശ്രുതഃ	കീൎത്തിശാലിയും		
മഹാകപിഃ	വാനരോത്തമനുമായ	അയുധ്യത.	പൊരുതു.

വാനരാശ്ചാപരേ ഭീമാ രാക്ഷസൈരപരൈഃ സഹ
ദ്വന്ദ്വം സമീയുൎബ്ബഹുധാ യുദ്ധായ ബഹുഭിഃ സഹ. 15

വാനരാഃ	വാനരന്മാർ	അപരൈഃ	വേറെചിലരോടു
ബഹുഭിഃ	പല	സഹ ച	കൂടിയും
രാക്ഷസൈഃസഹ	രാക്ഷസരോടുകൂടിയും	ബഹുധാ	പലപ്രകാരത്തിൽ
ഭീമാഃ	ഭയങ്കരന്മാരായ	യുദ്ധായ	പോരിന്നായി,
അപരേ	മററുചിലർ	ദ്വന്ദ്വം സമീയുഃ.	ഈരണ്ടുപേർ തമ്മിൽ തമ്മിൽ ഏററു.

തത്രാസീത് സുമഹദ്യുദ്ധം തുമുലം രോമഹൎഷണം
രക്ഷസാം വാനരാണാം ച വീരാണാം ജയമിച്ഛതാം. 16

തത്ര	അപ്പോൾ	യുദ്ധം	യുദ്ധം
ജയം ഇച്ഛതാം	ജയേച്ഛക്കളായ	സുമഹത്	വമ്പിച്ചതായും
രക്ഷസാം	രാക്ഷസന്മാൎക്കും	തുമുലം	ബഹളമായും
വീരാണാം	വീരന്മാരായ [ലുള്ള	രോമഹൎഷണം	രോമാഞ്ചമുണ്ടാക്കുമാറ്
വാനരാണാം ച	വാനരന്മാൎക്കും തമ്മി-	ആസീത്.	സംഭവിച്ചു.

ഹരിരാക്ഷസദേഹേഭ്യഃ പ്രഭൂതാഃ കേശശാദ്വലാഃ
ശരീരസംഘാടവഹാഃ പ്രസുസ്രുഃ ശോണിതാപഗാഃ. 17

ഹരിരാക്ഷസദേഹേഭ്യഃ	വാനരന്മാരുടേയും രാക്ഷസരുടേയും ദേഹങ്ങളിൽ നിന്ന്	കേശശാദ്വലാഃ	തലമുടികളാകുന്ന പുല്ലുകളോടു കൂടി,
പ്രഭൂതാഃ	ഉണ്ടായ	ശരീരസംഘാടവഹാഃ	ശരീരങ്ങളാകുന്ന പൊങ്ങുതടികളെ അടിച്ചുകൊണ്ടു പോകുന്നവ
ശോണിതാപഗാഃ,	ചോരപ്പുഴകൾ,	പ്രസുസ്രുഃ.	ഒഴുകി. [യായി

ആജഘാനേന്ദ്രജിത് ക്രുദ്ധോ വജ്രേണേവ ശതക്രതുഃ
അംഗദം ഗദയാ വീരം ശത്രുസൈന്യവിദാരണം. 18

ഇന്ദ്രജിത്	ഇന്ദ്രജിത്ത്	അംഗദം	അംഗദനെ
ക്രുദ്ധഃ,	ചൊടിച്ച്,	ഗദയാ,	ഗദകൊണ്ട്,
ശത്രുസൈന്യവിദാരണം	ശത്രുസേനാ സമ്മൎദ്ദകനും	ശതക്രതുഃ	ഇന്ദ്രൻ
		വജ്രേണ ഇവ,	വജ്രത്താൽ എന്നപോ
വീരം	വീരനുമായ	ആജഘാന.	അടിച്ചു. [ലെ,

തസ്യ കാഞ്ചനചിത്രാംഗം രഥം സാശ്വം സസാരഥിം
ജഘാന സമരേ ശ്രീമാനംഗദോ വേഗവാൻ കപിഃ. 19

ശ്രീമാൻ	ശ്രീമാനും	കാഞ്ചന-ചിത്രാംഗം	സ്വർണ്ണാലംകൃതങ്ങളായ ചക്രങ്ങളാന്ന
വേഗവാൻ	ശക്തിമാനുമായ	രഥം	രഥത്തെ
കപിഃ	വാനരനായ	സാശ്വം	കുതിരകളടക്കം
അംഗദഃ,	അംഗദൻ,	സസാരഥിം	സാരഥിയടക്കം,
സമരേ	പോരിൽ	ജഘാന.	തകൎത്തു.
തസ്യ	അവന്റെ		

സമ്പാതിസ്തു ത്രിഭിർബ്ബാണൈഃ പ്രജംഘേന സമാഹതഃ
നിജഘാനാശ്വകർണ്ണേന പ്രജംഘം രണമൂർദ്ധനി. 20

സംപാതിഃ തു	സമ്പാതിയും	രണമൂർദ്ധനി	അടക്കളത്തിൽ
പ്രജംഘേന	പ്രജംഘനാൽ	അശ്വകർണ്ണേന	ഒരു പുല്ലമരുത് കൊണ്ടു
ത്രിഭിഃ	മൂന്നു	പ്രജംഘം	പ്രജംഘനെ
ബാണൈഃ	ബാണങ്ങൾകൊണ്ടു	നിജഘാന.	അടിച്ചു.
സമാഹതഃ,	എയ്യപ്പെട്ടവനായി,		

ജംബുമാലീ രഥസ്ഥസ്തു രഥശക്ത്യാ മഹാബലഃ
ബിഭേദ സമരേ ക്രുദ്ധോ ഹനുമന്തം സ്തനാന്തരേ. 21

മഹാബലഃ	മഹാബലശാലിയായ	ഹനുമന്തം	ഹനുമാനെ
ജംബുമാലീഃ	ജംബുമാലി	സ്തനാന്തരേ,	മാറിൽ,
സമരേ	പോരിൽ	രഥശക്ത്യാ	തേരിൽതന്നെ എപ്പോഴും ഉള്ളതായ വേൽ കൊണ്ടു
ക്രുദ്ധഃ,	ക്രുദ്ധിച്ചവനായി,	ബിഭേദ.	കുത്തി.
രഥസ്ഥഃ തു	തേരിൽനിന്നുകൊണ്ടു തന്നെ		

തസ്യ തം രഥമാസ്ഥായ ഹനുമാൻ മാരുതാത്മജഃ
പ്രമമാഥ തലേനാശു സഹ തേനൈവ രക്ഷസാ. 22

മാരുതാത്മജഃ	വായുപുത്രനായ	രക്ഷസാ സഹ ഏവ	രാക്ഷസനോടുകൂടിത്തന്നെ,
ഹനുമാൻ,	ഹനുമാൻ,	തം	അതിനെ
തസ്യ	അവന്റെ	ആശു	ഉടനെ
തം രഥം	ആ രഥത്തിൽ	തലേന	കയ്ത്തലംകൊണ്ടു
ആസ്ഥായ,	ചാടിക്കയറിക്കൊണ്ടു,	പ്രമമാഥ.	പൊടിപെട്ടുത്തു.
തേന	ആ		

നദൻ പ്രതപനോ ഘോരോ നളം സോഽപ്യന്വധാവത. 23

ഘോരഃ	ഉഗ്രനായ	നദൻ	ഗർജ്ജിച്ചുംകൊണ്ടു
സഃ	ആ	നളം അപി	നളന്റെ നേക്കും
പ്രതപനഃ,	പ്രതപനനെന്നവൻ,	അന്വധാവത.	പാഞ്ഞടുത്തു.

നളഃ പ്രതപനസ്യാശു പാതയാമാസ ചക്ഷുഷീ
ഭിന്നഗാത്രഃ ശരൈസ്തീക്ഷ്ണൈഃ ക്ഷിപ്രഹസ്തേന രക്ഷസാ. 24

ക്ഷിപ്രഹസ്തേന	കൈമിടുക്കുള്ള	നളഃ,	നളൻ,
രക്ഷസാ	ആ രാക്ഷസനാൽ	പ്രതപനസ്യ	പ്രതപനന്റെ
തീക്ഷ്ണൈഃ	കൂൎത്ത	ചക്ഷുഷീ	രണ്ടു കണ്ണുകളേയും
ശരൈഃ	ശരങ്ങൾ കൊണ്ട്	ആശു	ഉടനെ
ഭിന്നഗാത്രഃ,	ദേഹം വ്രണപ്പെടുത്തപ്പെട്ടവനായി,	പാതയാമാസ.	പറിച്ചെറിഞ്ഞു.

നിജഘാനാദ്രിശൃംഗേണ തപനം വേഗവാൻ ഗജഃ. 25

വേഗവാൻ	സമൎത്ഥനായ	അദ്രിശൃംഗേണ	ഗിരിശിഖരം കൊണ്ട്
ഗജഃ,	ഗജൻ,	നിജഘാന.	കൊന്നു.
തപനം	തപനനെ		

ഗ്രസന്തമിവ സൈന്യാനി പ്രഘസം വാനരാധിപഃ
സുഗ്രീവഃ സപ്തപൎണ്ണേന നിൎബിഭേദ ജഘാന ച. 26

വാനരാധിപഃ	വാനരാധിപനായ	പ്രഘസം	പ്രഘസനെ
സുഗ്രീവഃ,	സുഗ്രീവൻ,	സപ്തപൎണ്ണേന	ഒരു ഏഴിലമ്പാലകൊണ്ട്
സൈന്യാനി ഗ്രസന്തം ഇവ	സൈന്യങ്ങളെ വിഴുങ്ങുന്നവനെന്നപോലുള്ള	നിൎബിഭേദ;	അടിച്ചുപിളൎന്നു;
		ജഘാന ച.	കൊല്ലുകയുംചെയ്തു.

പ്രപീഡ്യ ശരവൎഷേണ രാക്ഷസം ഭീമദൎശനം
നിജഘാന വിരൂപാക്ഷം ശരേണൈകേന ലക്ഷ്മണഃ. 27

ലക്ഷ്മണഃ	ലക്ഷ്മണൻ	ശരവൎഷേണ	ശരമാരിയാൽ
ഭീമദൎശനം	ഭയങ്കരരൂപിയായ	പ്രപീഡ്യ,	കുഴക്കി,
വിരൂപാക്ഷം	വിരൂപാക്ഷനെന്ന	ഏകേന ശരേണ	ഒരു ബാണംകൊണ്ട്
രാക്ഷസം	രാക്ഷസനെ	നിജഘാന.	കൊന്നു.

അഗ്നികേതുശ്ച ദുൎദ്ധൎഷോ രശ്മികേതുശ്ച രാക്ഷസഃ
സുപ്തഘ്നോ യജ്ഞകോപശ്ച രാമം നിൎബിഭിദുഃ ശരൈഃ. 28

ദുൎദ്ധൎഷഃ	എതിൎക്കപ്പെടുവാൻ കഴിയാത്തവനായ	സുപ്തഘ്നഃ	സുപ്തഘ്നനും
		യജ്ഞകോപഃ ച,	യജ്ഞകോപനും,
അഗ്നികേതുഃ ച	അഗ്നികേതുവും	രാമം	ശ്രീരാമനെ
രശ്മികേതുഃ	രശ്മികേതുവെന്ന	ശരൈഃ	അമ്പുകൾകൊണ്ട്
രാക്ഷസഃ ച	രാക്ഷസനും	നിൎബിഭിദുഃ.	ഭേദിച്ചു.

തേഷാം ചതുൎണ്ണാം രാമസ്തു ശിരാംസി നിശിതൈഃ ശരൈഃ
ക്രുദ്ധശ്ചതുൎഭിശ്ചിച്ഛേദ ഘോരൈരഗ്നിശിഖോപമൈഃ 29

രാമഃ തു	ശ്രീരാമനും	ചതുൎഭിഃ	നാലു
ക്രുദ്ധഃ,	ചൊടിച്ച്,	ശരൈഃ,	ബാണങ്ങൾ കൊണ്ട്,
അഗ്നിശിഖോപമൈഃ	അഗ്നിജ്വാലയൊത്ത	തേഷാം	അവർ
		ചതുൎണ്ണാം	നാലുപേരുടേയും
ഘോരൈഃ	ഭയങ്കരങ്ങളും	ശിരാംസി	ശിരസ്സുകളെ
നിശിതൈഃ	കൂൎത്തവയും ആയ	ചിച്ഛേദ.	മുറിച്ചെറിഞ്ഞു.

വജ്രമുഷ്ടിസ്തു മൈന്ദേന മുഷ്ടിനാ നിഹതോ രണേ
പപാത സരഥഃ സാശ്വഃ പുരാട്ട ഇവ ഭൂതലേ. 30

വജ്രമുഷ്ടിഃ തു	വജ്രമുഷ്ടിയെന്നവനും	മുഷ്ടിനാ	മുഷ്ടികൊണ്ട്
സരഥഃ	തേരോടു കൂടിയും	നിഹതഃ,	ഹനിക്കപ്പെട്ടവനായി,
സാശ്വഃ	കുതിരകളോടു കൂടിയും	പുരാട്ടഃ ഇവ	ഗോപുരത്തിന്റെ മേടയെന്നപോലെ
മൈന്ദേന	മൈന്ദനാൽ	ഭൂതലേ പപാത.	നിലത്ത് പതിച്ചു.
രണേ	പോരിൽ		

നികുംഭസ്തു രണേ നീലം നീലാഞ്ജനചയപ്രഭം
നിർബിഭേദ ശരൈസ്തീക്ഷ്ണൈഃ കരൈർമേഘമിവാംശുമാൻ. 31

നീലാഞ്ജനചയപ്രഭം	കറുത്ത അഞ്ജനക്കുന്നു പോലുള്ള	ശരൈഃ,	ബാണങ്ങളാൽ,
നീലം തു,	നീലനേയും,	അംശുമാൻ	സൂർയ്യൻ
നികുംഭഃ,	നികുംഭനെന്നവൻ,	കരൈഃ	രശ്മികളാൽ
രണേ	പോരിൽ	മേഘം	മേഘത്തെ
തീക്ഷ്ണൈഃ	കൂർത്തുമൂർത്ത	ഇവ,	എന്നപോലെ,
		നിർബിഭേദ.	തുളച്ചു.

പുനഃ ശരശതേനാഥ ക്ഷിപ്രഹസ്തോ നിശാചരഃ
ബിഭേദ സമരേ നീലം നികുംഭഃ പ്രജഹാസ ച. 32

ക്ഷിപ്രഹസ്തഃ	കൈവേഗതയുള്ള	അഥ,	ആ സമയം,
നികുംഭഃ	നികുംഭനെന്ന	പുനഃ	പിന്നേയും
നിശാചരഃ,	രാക്ഷസൻ,	ശരശതേന	അനേകം ബാണങ്ങൾ കൊണ്ട്
സമരേ,	പോരിൽ,	ബിഭേദ;	എയ്തു;
നീലം,	നീലനെ,	പ്രജഹാസ ച.	അട്ടഹസിച്ചു.

തസ്യൈവ രഥചക്രേണ നീലോ വിഷ്ണുരിവാഹവേ
ശിരശ്ചിച്ഛേദ സമരേ നികുംഭസ്യ ച സാരഥേഃ. 33

നീലഃ,	നീലൻ,	നികുംഭസ്യ	നികുംഭന്റെ
ആഹവേ	പോരിൽ	ശിരഃ	ശിരസ്സിനേയും,
വിഷ്ണുഃ ഇവ,	വിഷ്ണുഭഗവാനെന്നപോലെ,	സാരഥേഃ ച	സാരഥിയുടെ ശിരസ്സിനേയും
തസ്യ	അവന്റെ	സമരേ	യുദ്ധത്തിൽ
രഥചക്രേണ ഏവ	തേർചക്രത്താൽ തന്നെ	ചിച്ഛേദ.	ഖണ്ഡിച്ചു.

വജ്രാശനിസമസ്പർശോ ദ്വിവിദോഽപ്യശനിപ്രഭം
ജഘാന ഗിരിശൃംഗേണ മിഷതാം സർവ്വരക്ഷസാം. 34

വജ്രാശനിസമസ്പർശഃ	വജ്രായുധത്തിന്നും ഇടിക്കും തുല്യമായ സ്പർശമാന്ന	മിഷതാം അപി,	കണ്ടുനില്ക്കത്തന്നെ,
ദ്വിവിദഃ,	ദ്വിവിദൻ,	അശനിപ്രഭം	അശനിപ്രഭനെ
സർവ്വരക്ഷസാം	എല്ലാ രാക്ഷസന്മാരും	ഗിരിശൃംഗേണ	കുന്നിൻ മുടികൊണ്ട്
		ജഘാന.	അടിച്ചു.

ദ്വിവിദം വാനരേന്ദ്രം തു നഗയോധിനമാഹവേ
ശരൈരശനിസംകാശൈഃ സ വിവ്യാധാശനിപ്രഭഃ. 35

സഃ	ആ	വാനരേന്ദ്രം	വാനരവീരനായ
അശനിപ്രഭഃ,	അശനിപ്രഭൻ,	ദ്വിവിദം തു,	ദ്വിവിദനേയും,
ആഹവേ	പോരിൽ	അശനിസംകാശൈഃ	ഇടിവെട്ടുപോലെയുള്ള
നഗയോധിനം	മലകൾ കൊണ്ട് പൊരുതുന്നവനായ	ശരൈഃ	ബാണങ്ങൾ കൊണ്ട്
		വിവ്യാധ.	പിളൎന്നു.

സ ശരൈരതിവിദ്ധാംഗോ ദ്വിവിദഃ ക്രോധമൂൎച്ഛിതഃ
സാലേന സരഥം സാശ്വം നിജഘാനാശനിപ്രഭം. 36

ശരൈഃ	ബാണങ്ങൾ കൊണ്ട്	സാലേന	ഒരു സാലവൃക്ഷം കൊണ്ട്
അതിവിദ്ധാംഗഃ	ദേഹമെങ്ങും വ്രണപ്പെട്ട	അശനിപ്രഭം	അശനിപ്രഭനെ
സഃ ദ്വിവിദഃ,	ആ ദ്വിവിദൻ,	സരഥം	തേരോടും
ക്രോധമൂൎച്ഛിതഃ,	കോപാവേശം പൂണ്ടവനായി,	സാശ്വം	കുതിരകളോടും കൂടി
		നിജഘാന.	കൊന്നു കളഞ്ഞു.

വിദ്യുന്മാലീ രഥസ്ഥസ്തു ശരൈഃ കാഞ്ചനഭൂഷണൈഃ
സുഷേണം താഡയാമാസ നനാദ ച മുഹുൎമ്മുഹുഃ. 37

വിദ്യുന്മാലീ	വിദ്യുന്മാലി	ശരൈഃ	ബാണങ്ങൾ കൊണ്ട്
രഥസ്ഥഃ തു,	തേരിലിരുന്നുകൊണ്ടു തന്നെ,	സുഷേണം	സുഷേണനെ
		താഡയാമാസ;	പ്രഹരിച്ചു;
കാഞ്ചനഭൂഷണൈഃ	പൊൻ കെട്ടുകളാൎന്ന	മുഹുഃ മുഹുഃ	വീണ്ടും വീണ്ടും
		നനാദ ച.	അട്ടഹസിക്കയും ചെയ്തു.

തം രഥസ്ഥമഥോ ദൃഷ്ട്വാ സുഷേണോ വാനരോത്തമഃ
ഗിരിശൃംഗേണ മഹതാ രഥമാശു ന്യപാതയത്. 38

വാനരോത്തമഃ	വാനരോത്തമനായ	മഹതാ	വമ്പിച്ച
സുഷേണഃ,	സുഷേണൻ,	ഗിരിശൃംഗേണ,	പൎവ്വതശിഖരം കൊണ്ട്,
അഥോ	അപ്പോൾ		
തം	അവനെ	രഥം	തേരിനെ
രഥസ്ഥം	തേരിലിരിക്കുന്നവനായി	ആശു	വേഗത്തിൽ
ദൃഷ്ട്വാ,	കണ്ട്,	ന്യപാതയത്.	അടിച്ചു വീഴ്ത്തി.

ലാഘവേന തു സംയുക്തോ വിദ്യുന്മാലീ നിശാചരഃ
അപക്രമ്യ രഥാത് തൂൎണ്ണം ഗദാപാണിഃ ക്ഷിതൌ സ്ഥിതഃ. 39

ലാഘവേന സംയുക്തഃ	ചൊടിയുള്ളവനായ	രഥാത്	രഥത്തിൽ നിന്ന്
		അപക്രമ്യ,	മാറിക്കുതിച്ച്
വിദ്യുന്മാലീ	വിദ്യുന്മാലിയെന്ന	ക്ഷിതൌ	നിലത്ത്
നിശാചരഃ,	രാക്ഷസൻ,	ഗദാപാണിഃ	ഗദാപാണിയായി
തൂൎണ്ണം തു	തൽക്ഷണം തന്നെ	സ്ഥിതഃ.	നിലകൊണ്ടു.

തതഃ ക്രോധസമാവിഷ്ടഃ സുഷേണോ ഹരിപുംഗവഃ
ശിലാം സുമഹതീം ഗൃഹ്യ നിശാചരമഭിദ്രവത്. 40

തതഃ	അതിനാൽ	സുമഹതീം	എത്രയും വമ്പിച്ച
ഹരിപുംഗവഃ	വാനരോത്തമനായ	ശിലാം	ഒരു പാറയെ
സുഷേണഃ,	സുഷേണൻ,	ഗൃഹ്യ,	എടുത്തുകൊണ്ട്,
ക്രോധസമാവിഷ്ടഃ	കോപാക്രാന്തനായി	നിശാചരം	ആ നക്തഞ്ചരനെ
		അഭിദ്രവത്.	എതിൎത്തു.

തമാപതന്തം ഗദയാ വിദ്യുന്മാലീ നിശാചരഃ
വക്ഷസ്യഭിജഘാനാശു സുഷേണം ഹരിസത്തമം. 41

നിശാചരഃ	രാക്ഷസനായ	സുഷേണം,	സുഷേണനെ,
വിദ്യുന്മാലീ,	വിദ്യുന്മാലി,	ഗദയാ	ഗദകൊണ്ട്
ആപതന്തം	നേൎക്കുവരുന്നവനായ	ആശു	പെട്ടെന്ന്
തം	ആ	വക്ഷസി	മാറത്ത്
ഹരിസത്തമം	വാനരോത്തമനായ	അഭിജഘാന.	അടിച്ചു.

ഗദാപ്രഹാരം തം ഘോരമചിന്ത്യ പ്ലവഗോത്തമഃ
താം ശിലാം പാതയാമാസ തസ്യോരസി മഹാമൃധേ. 42

മഹാമൃധേ	വൻപോരിൽ	അചിന്ത്യ,	കൂട്ടാക്കാതെ,
പ്ലവഗോത്തമഃ,	ആ വാനരോത്തമൻ,	താം ശിലാം	ആ പാറയെ
ഘോരം	ഉഗ്രമായ	തസ്യ	അവന്റെ
തം ഗദാപ്രഹാരം	ആ ഗദകൊണ്ടുള്ള പ്രഹരത്തെ	ഉരസി	മാറിൽ
		പാതയാമാസ.	എറിഞ്ഞു.

ശിലാപ്രഹാരാഭിഹതോ വിദ്യുന്മാലീ നിശാചരഃ
നിഷ്പിഷ്ടഹൃദയോ ഭൂമൌ ഗതാസുൎന്നിപപാത ഹ. 43

നിശാചരഃ	രാത്രിഞ്ചരനായ	നിഷ്പിഷ്ടഹൃദയഃ,	മാറ് ചമ്മന്തിയായി
വിദ്യുന്മാലീ	വിദ്യുന്മാലി	ഗതാസുഃ	പ്രാണൻ പോയവനായി
ശിലാപ്രഹാരാഭിഹതഃ	ആ പാറയേറു തട്ടി	ഭൂമൌ	നിലത്തു
		നിപപാത ഹ.	മറിഞ്ഞു വീണുകളഞ്ഞു.

ഏവം തൈൎവ്വാനരൈഃ ശൂരൈഃ ശൂരാസ്തേ രജനീചരാഃ
ദ്വന്ദ്വേ വിമൃദിതാസ്തത്ര ദൈത്യാ ഇവ ദിവൌകസൈഃ. 44

തത്ര,	ആ സമയം,	ശൂരൈഃ	ശൂരന്മാരായ
ദൈത്യാഃ	അസുരന്മാർ	തൈഃ വാനരൈഃ,	ആ വാനരന്മാരാൽ
ദിവൌകസൈഃ	ദേവന്മാരാൽ		
ഇവ,	എന്നവണ്ണം,	ദ്വന്ദ്വേ	ദ്വന്ദ്വയുദ്ധത്തിൽ
തേ ശൂരാഃ	ആ ശൂരന്മാരായ	ഏവം	ഇപ്രകാരം
രജനീചരാഃ,	രാക്ഷസന്മാർ,	വിമൃദിതാഃ.	മൎദ്ദിക്കപ്പെട്ടു.

ഭല്ലൈഃ ഖഡ്ഗൈൎഗ്ഗദാഭിശ്ച ശക്തിതോമരപട്ടിശൈഃ
അപവിദ്ധൈശ്ച ഭിന്നൈശ്ച രഥൈഃ സാംഗ്രാമികൈൎഹയൈഃ 45

നിഹതൈഃ കുഞ്ജരൈർമത്തൈസ്തഥാ വാനരരാക്ഷസൈഃ
ചക്രാക്ഷയുഗദണ്ഡൈശ്ച ഭഗ്നൈർധരണിസംശ്രിതൈഃ
ബഭൂവായോധനം ഘോരം ഗോമായുഗണസംകുലം. 46

ആയോധനം	ആ പോൎക്കളം
ഭഗ്നൈഃ	മുറിഞ്ഞുവീണ
ഖഡ്ഗൈഃ	വാളുകൾകൊണ്ടും
ഗദാഭിഃ ച	ഗദകൾകൊണ്ടും
ശക്തിതോമര-പട്ടിശൈഃ	വേൽ, ഏർകുന്തം, ചെറുകുന്തം എന്നവയാലും
അപവിദ്ധൈഃ ച	മറിഞ്ഞുവീണവയും
ഭിന്നൈഃ ച	തകൎന്നവയും ആയ
രഥൈഃ,	രഥങ്ങൾകൊണ്ടും,
തഥാ നിഹതൈഃ	അപ്രകാരംതന്നെ കൊല്ലപ്പെട്ട
സാംഗ്രാമികൈഃ ഹയൈഃ	പടക്കുതിരകളാലും,
മത്തൈഃ കുഞ്ജരൈഃ	മദഗജങ്ങളാലും,
വാനര-രാക്ഷസൈഃ	വാനരന്മാരാലും, രാക്ഷസരാലും,
ഭഗ്നൈഃ	തകൎന്ന്
ധരണി-സംശ്രിതൈഃ	നിലത്തുകിടന്ന
ചക്രാക്ഷയുഗ-ദണ്ഡൈഃ ച	തേർച്ചക്രം, അച്ചുതണ്ട്, കോൽമരം എന്നവയാലും
ഗോമായു-ഗണസംകുലം	കുറുക്കന്മാരാൽ നിറയപ്പെട്ടതായി
ഘോരം ബഭൂവ.	ഭയങ്കരമായി ഭവിച്ചു.

കബന്ധാനി സമുത്പേതുർദിക്ഷു വാനരരക്ഷസാം
വിമർദ്ദേ തുമുലേ തസ്മിൻ ദേവാസുരരണോപമേ. 47

ദേവാസുര-രണോപമേ	ദേവാസുരയുദ്ധം പോലെയുള്ള
തസ്മിൻ	ആ
തുമുലേ വിമർദ്ദേ,	തുമുലയുദ്ധത്തിൽ,
വാനരരക്ഷസാം	വാനരന്മാരുടേയും രാക്ഷസരുടേയും
കബന്ധാനി,	കഴുത്തില്ലാത്ത ഉടലുകൾ,
ദിക്ഷു	എങ്ങും
സമുത്പേതുഃ.	ചിതറിക്കിടന്നു.

വിദാര്യമാണാ ഹരിപുംഗവൈസ്തദാ നിശാചരാഃ ശോണിതദിഗ്ധഗാത്രാഃ
പുനഃ സുയുദ്ധം തരസാ സമാസ്ഥിതാഃ ദിവാകരസ്യാസ്തമയാഭികാംക്ഷിണഃ.

തദാ	ആ സമയം
ഹരിപുംഗവൈഃ	വാനരവീരന്മാരാൽ
വിദാര്യമാണാഃ	പിളക്കപ്പെടുന്നവരായ
നിശാചരാഃ,	രാക്ഷസർ,
ശോണിത-ദിഗ്ധഗാത്രാഃ	ചോരപുരണ്ട ശരീരങ്ങളോടു കൂടിയവരായി
പുനഃ	വീണ്ടും
സുയുദ്ധം,	വൻ പോരിൽ,
ദിവാകരസ്യ	ആദിത്യന്റെ
അസ്തമയാഭി-കാംക്ഷിണഃ	അസ്തമനത്തെ കൊതിക്കുന്നവരായി,
തരസാ	ഊക്കോടെ
സമാസ്ഥിതാഃ.	എതിൎത്തു നിന്നു.

ഇത്യാർഷേ ശ്രീമദ്രാമായണേ വാല്മീകീയേ ആദികാവ്യേ യുദ്ധകാണ്ഡേ
ത്രിചത്വാരിംശഃ സർഗ്ഗഃ = നാല്പത്തിമൂന്നാംസർഗ്ഗം സമാപ്തം.

ആദ്യം മുതൽ ശ്ലോകസംഖ്യ **16371**; യുദ്ധകാണ്ഡം ആദ്യം മുതൽ ശ്ലോകസംഖ്യ **1696**.

ചതുശ്ചത്വാരിംശഃ സർഗ്ഗഃ = നാല്പത്തിനാലാംസർഗ്ഗം.

[നിശായുദ്ധം = രാത്രിയുദ്ധം.]

യുധ്യതാമേവ തേഷാം തു തദാ വാനരരക്ഷസാം
രവിരസ്തം ഗതോ രാത്രിഃ പ്രവൃത്താ പ്രാണഹാരിണീ 1

തദാ	അപ്പോൾ	അസ്തം ഗതഃ;	അസ്തമിച്ചു;
തേഷാം	ആ	പ്രാണഹാരിണീ	പലരും ഏകകാലത്തിൽ മരണത്തെ പ്രാപിക്കുന്നതായ
വാനരരക്ഷസാം തു	വാനരന്മാരും രാക്ഷസരും	രാത്രിഃ	ആ രാത്രിയും
യുധ്യതാം ഏവ	യുദ്ധംചെയ്തുകൊണ്ടിരിക്കെതന്നെ	പ്രവൃത്താ.	ആരംഭിച്ചു.
രവിഃ	സൂര്യൻ		

അന്യോന്യം ബദ്ധവൈരാണാം ഘോരാണാം ജയമിച്ഛതാം
സംപ്രവൃത്തം നിശായുദ്ധം തദാ വാനരരക്ഷസാം. 2

അന്യോന്യം	തമ്മിൽ തമ്മിൽ	ഘോരാണാം	ഭയങ്കരന്മാരായ
ബദ്ധവൈരാണാം	പകകരുതി	വാനരരക്ഷസാം	വാനരന്മാൎക്കും രാക്ഷസൎക്കും തമ്മിൽ
ജയം	വിജയത്തെ	തദാ	അപ്പോൾ
ഇച്ഛതാം	ആഗ്രഹിക്കുന്ന	നിശായുദ്ധം	രാത്രിയുദ്ധം
		സംപ്രവൃത്തം.	കലശലായുണ്ടായി.

രാക്ഷസോഽസീതി ഹരയോ ഹരിശ്ചാസീതി രാക്ഷസാഃ
അന്യോന്യം സമരേ ജഘ്നുസ്തസ്മിംസ്തമസി ദാരുണേ. 3

സമരേ	പോരിൽ	ഇതി ച,	എന്നുംപറഞ്ഞുകൊണ്ട്
ഹരയഃ	വാനരന്മാർ	അന്യോന്യം	ഒരുവനെയൊരുവൻ
" രാക്ഷസഃ അസി, "	" നീരാക്ഷസനാണെടാ, "	തസ്മിൻ	ആ
ഇതി,	എന്നും,	ദാരുണേ	ഭയങ്കരമായ
രാക്ഷസാഃ	രാക്ഷസർ	തമസി	കൂരിരുട്ടിൽ
"ഹരിഃ അസി,"	" നീ കുരങ്ങനാണെടാ "	ജഘ്നുഃ.	ഹിംസിച്ചു.

ജഹി ദാരയ ചൈഹീതി കഥം വിദ്രവസീതി ച
ഏവം സുതുമുലഃ ശബ്ദസ്തസ്മിംസ്തമസി ശുശ്രുവേ. 4

" ജഹി,	" കൊല്ലെടാ!	ഇതി ച,	എന്നും,
ദാരയ,	വെട്ടെടാ!	ഏവം,	ഇപ്രകാരം,
ഏഹി, "	വാടാ, "	സുതുമുലഃ	അതികോലാഹലമായ
ഇതി ച	എന്നും	ശബ്ദഃ	ശബ്ദം
" കഥം	" എന്തെടാ	തസ്മിൻ	ആ
വിദ്രവസി? "	ഓടുന്നത് ; "	തമസി	ഇരുട്ടിൽ
		ശുശ്രുവേ.	കേൾക്കപ്പെട്ടു.

കാളാഃ കാഞ്ചനസന്നാഹാസ്തസ്മിംസ്തമസി രാക്ഷസാഃ
സംപ്രാദൃശ്യന്ത ശൈലേന്ദ്രാ ദീപ്തൌഷധിവനാ ഇവ. 5

രാക്ഷസാഃ	രാക്ഷസന്മാർ
തസ്മിൻ	ആ
തമസി	ഇരുട്ടിൽ
കാളാഃ	കറുകറുത്തവരായി
കാഞ്ചന-സന്നാഹാഃ	സ്വൎണ്ണയുദ്ധക്കോപ്പുകളാൎന്നവരായി,
ദീപ്തൌഷധി-വനാഃ	കത്തുന്ന ചെടികളാൎന്നവനങ്ങളോടുകൂടിയ
ശൈലേന്ദ്രാഃ ഇവ	വൻപൎവ്വതങ്ങളെന്നപോലെ
സംപ്രാദൃശ്യന്ത.	കാണപ്പെട്ടു.

തസ്മിംസ്തമസി ദുഷ്പാരേ രാക്ഷസാഃ ക്രോധമൂൎച്ഛിതാഃ
പരിപേതുൎമ്മഹാവേഗാ ഭക്ഷയന്തഃ പ്ലവംഗമാൻ. 6

തസ്മിൻ	ആ
ദുഷ്പാരേ തമസി,	അളവററ ഇരുട്ടിൽ,
രാക്ഷസാഃ	രാക്ഷസന്മാർ
ക്രോധ-മൂൎച്ഛിതാഃ	കോപാവേശമുൾക്കൊണ്ടവരായി,
മഹാവേഗാഃ	ഊക്കേറിയവരായി,
പ്ലവംഗമാൻ	വാനരന്മാരെ
ഭക്ഷയന്തഃ	വിഴുങ്ങിയുംകൊണ്ടു്
പരിപേതുഃ.	എങ്ങും സഞ്ചരിച്ചു.

തേ ഹയാൻ കാഞ്ചനാപീഡാൻ ധ്വജാംശ്ചാഗ്നിശിഖോപമാൻ
ആപ്ലുത്യ ദശനൈസ്തീക്ഷ്ണൈൎഭീമകോപാ വ്യദാരയൻ. 7

തേ	ആ വാനരന്മാർ
ഭീമകോപാഃ	ഉഗ്രമായ കോപം പൂണ്ടവരായി
കാഞ്ചനാ-പീഡാൻ	കനകപ്പൊട്ടുകളണിയിച്ചവയായ
ഹയാൻ,	കുതിരകളേയും,
അഗ്നി-ശിഖോപമാൻ	അഗ്നിജ്വാലപോലെയുള്ള
ധ്വജാൻ ച	കൊടിക്കൂറകളേയും
ആപ്ലുത്യ,	ചാടിച്ചെന്നു്
തീക്ഷ്ണൈഃ	കൂൎത്ത
ദശനൈഃ	പല്ലുകൾകൊണ്ടു്
വ്യദാരയൻ.	ചീന്തിപ്പൊളിച്ചു.

വാനരാ ബലിനോ യുദ്ധേഽക്ഷോഭയൻ രാക്ഷസീം ചമൂം. 8

ബലിനഃ	ബലവാന്മാരായ
വാനരാഃ	വാനരന്മാർ
യുദ്ധേ	പോരിൽ
രാക്ഷസീം ചമൂം	രാക്ഷസസൈന്യത്തെ
അക്ഷോഭയൻ.	കലക്കിമറിച്ചു.

കുഞ്ജരാൻ കുഞ്ജരാരോഹാൻ പതാകാധ്വജിനോ രഥാൻ
ചകൎഷുശ്ച ദദംശുശ്ച ദശനൈഃ ക്രോധമൂൎച്ഛിതാഃ. 9

ക്രോധ-മൂൎച്ഛിതാഃ,	കോപാക്രാന്തരായ അവർ,
കുഞ്ജരാൻ	ആനകളേയും,
കുഞ്ജരാ-രോഹാൻ	ആനപ്പുറത്തിരിക്കുന്നവരേയും,
പതാകാ-ധ്വജിനഃ	കൊടിയും കൊടിക്കൂറയുമാൎന്ന
രഥാൻ ച	തേരുകളേയും,
ചകൎഷുഃ ;	പിടിച്ചു വലിച്ചു ;
ദശനൈഃ	പല്ലുകൾകൊണ്ടു
ദദംശുഃ ച.	കടിച്ചു പൊളിച്ചു.

ലക്ഷ്മണശ്ചാപി രാമശ്ച ശരൈരാശീവിഷോപമൈഃ
ദൃശ്യാദൃശ്യാനി രക്ഷാംസി പ്രവരാണി നിജഘ്നതുഃ. 10

രാമഃ ച	ശ്രീരാമനും	ദൃശ്യാദൃശ്യാനി അപി	കണ്ടും കാണാതെയും ഇരുന്ന
ലക്ഷ്മണഃ ച	ലക്ഷ്മണനും	പ്രവരാണി രക്ഷാംസി	മുഖ്യ രാക്ഷസന്മാരെ
ആശീവിഷോ-പമൈഃ	സർപ്പതുല്യങ്ങളായ		
ശരൈഃ,	ബാണങ്ങൾ കൊണ്ട്,	നിജഘ്നതുഃ.	കൊന്നു വീഴ്ത്തി.

തുരംഗഖുരവിധ്വസ്തം രഥനേമിസമുത്ഥിതം
രുരോധ കർണ്ണനേത്രാണി യുധ്യതാം ധരണീരജഃ. 11

തുരംഗഖുര-വിധ്വസ്തം	കുതിരകളുടെ കുളമ്പുകൾ കൊണ്ട് ധൂളിയാക്കപ്പെട്ടതും	ധരണീരജഃ,	നിലത്തിലുള്ള പൂഴി,
രഥനേമി-സമുത്ഥിതം	തേർച്ചക്രങ്ങളാൽ പൊങ്ങിയതും ആയ	യുധ്യതാം	യുദ്ധം ചെയ്യുന്നവരുടെ
		കർണ്ണനേത്രാണി	ചെവികളേയും കണ്ണുകളേയും
		രുരോധ.	തടഞ്ഞു.

വർത്തമാനേ മഹാഘോരേ സംഗ്രാമേ രോമഹർഷണേ.
രുധിരോദാ മഹാഘോരാ നദ്യസ്തത്ര പ്രസുസ്രുവുഃ. 12

രോമഹർഷണേ	രോമാഞ്ചമുണ്ടാക്കുന്നതും	തത്ര	ആ സമയം
മഹാഘോരേ	അതിഘോരമായി	രുധിരോദാഃ	ചോരവെള്ളമാർന്ന
വർത്തമാനേ,	നടക്കുന്നതും ആയ	മഹാഘോരാഃ	അതിഭയങ്കരങ്ങളായ
സംഗ്രാമേ,	ആ പോരിൽ,	നദ്യഃ	നദികൾ
		പ്രസുസ്രുവുഃ.	ഒഴുകി.

തതോ ഭേരീമൃദംഗാനാം പണവാനാം ച നിസ്വനഃ
ശംഖവേണുസ്വനോന്മിശ്രഃ സംബഭൂവാദ്ഭുതോപമഃ 13

തതഃ	ആ സമയം	ശംഖവേണു-സ്വനോന്മിശ്രഃ	ശംഖനാദം, വേണുനാദം എന്നവയോടിട കലർന്നതായി
ഭേരീമൃദംഗാനാം	പെരുമ്പറ, മൃദംഗം, എന്നവയുടേയും	അദ്ഭുതോപമഃ	അതിശയിക്കത്തക്കവണ്ണം
പണവാനാം ച	ചെണ്ടകളുടേയും	സംബഭൂവ.	ഉണ്ടായി.
നിസ്വനഃ	ശബ്ദം		

ഹതാനാം സ്തനമാനാനാം രാക്ഷസാനാം ച നിസ്വനഃ
ശസ്താനാം വാനരാണാം ച സംബഭൂവാതിദാരുണഃ. 13

ഹതാനാം	അടിക്കപ്പെട്ട്	വാനരാണാം ച	കപികളുടേയും
സ്തനമാനാനാം	അലറുന്നവരായ	നിസ്വനഃ	ശബ്ദം
രാക്ഷസാനാം ച	രാക്ഷസരുടെയും	അതിദാരുണഃ	അതിഭയങ്കരമായി
ശസ്താനാം	വ്രണപ്പെടുത്തപ്പെട്ട	സംബഭൂവ.	സംഭവിച്ചു.

ഹതൈർവാനരവീരൈശ്ച ശക്തിശൂലപരശ്വധൈഃ
നിഹതൈഃ പൎവ്വതാഗ്രൈശ്ച രാക്ഷസൈഃ കാമരൂപിഭിഃ. 15
ശസ്ത്രപുഷ്പോപഹാരാ ച തത്രാസീദ്യുദ്ധമേദിനീ
ദുർജ്ഞേയാ ദുർന്നിവേശാ ച ശോണിതാസ്രാവകൎദ്ദമാ. 16

തത്ര — അപ്പോൾ
യുദ്ധമേദിനീ — യുദ്ധക്കളം
ശക്തിശൂല- പരശ്വധൈഃ — വേലുകൾകൊണ്ടും ശൂലങ്ങൾകൊണ്ടും വെണ്മഴുകൊണ്ടും
ഹതൈഃ — കൊല്ലപ്പെട്ടവരായ
വാനര- വീരൈഃ ച, — വാനരവീരന്മാരാലും
പൎവ്വതാഗ്രൈഃ — പൎവ്വതശിഖരങ്ങൾ കൊണ്ട്
നിഹതൈഃ — വധിക്കപ്പെട്ട
കാമരൂപിഭിഃ — ഇഷ്ടരൂപികളായ
രാക്ഷസൈഃ ച — രാക്ഷസരാലും,
ദുർന്നിവേശാ — കടപ്പാൻ കഴിയാത്തതായും,
ദുർജ്ഞേയാ — അറിയപ്പെട്ടുവാൻ കഴിയാത്തതായും
ശസ്ത്ര- പുഷ്പോപ- ഹാരാ ച — ശസ്ത്രങ്ങളാകുന്ന പൂമാല പൂണ്ടതായും
ശോണിതാ- സ്രാവകൎദ്ദമാ ച — ചോരയൊഴുക്കാകുന്ന (രക്തചന്ദന) കുഴമ്പു പൂശിയതായും
ആസീത്. — ഇരുന്നു.

സാ ബഭൂവ നിശാ ഘോരാ ഹരിരാക്ഷസഹാരിണീ
കാളരാത്രീവ ഭൂതാനാം സൎവ്വേഷാം ദുരതിക്രമാ. 17

ഹരിരാക്ഷസ- ഹാരിണീ — വാനരന്മാരേയും രാക്ഷസരേയും കൊണ്ടുപോകുന്നതായ
സാ — ആ
ഘോരാ നിശാ, — ഭയങ്കരരാത്രി,
സൎവ്വേഷാം ഭൂതാനാം — സൎവ്വപ്രാണികൾക്കും
ദുരതിക്രമാ — അനിവാൎയ്യമായ
കാളരാത്രീ ഇവ — കാളരാത്രിയെന്നപോലെ
ബഭൂവ. — ആയ്തീൎന്നു.

തതസ്തേ രാക്ഷസാസ്തത്ര തസ്മിംസ്തമസി ദാരുണേ
രാമമേവാഭ്യവൎത്തന്ത സംസൃഷ്ടാഃ ശരവൃഷ്ടിഭിഃ 18

തത്ര — അവിടെ
തതഃ — ആ സമയം
തേ രാക്ഷസാഃ — ആ രാക്ഷസന്മാർ
തസ്മിൻ ദാരുണേ — ആ ഭയങ്കരമായ
തമസി, — ഇരുട്ടിൽ,
ശരവൃഷ്ടിഭിഃ സംസൃഷ്ടാഃ, — ശരമാരികളോടുകൂടിയവരായി,
രാമം ഏവ — ശ്രീരാഘവനെത്തന്നെ
അഭ്യവൎത്തന്ത. — എതിൎത്തുനിന്നു

തേഷാമാപതതാം ശബ്ദഃ ക്രുദ്ധാനാമഭിഗൎജ്ജതാം
ഉദ്വൃത്ത ഇവ സപ്താനാം സമുദ്രാണാം പ്രശുശ്രുവേ. 19

ക്രുദ്ധാനാം — ക്രുദ്ധിച്ച്
അഭിഗൎജ്ജതാം — അട്ടഹാസംചെയ്തുകൊണ്ട്
ആപതതാം — നേരിട്ടോടിവരുന്നവരാ
തേഷാം ശബ്ദഃ, — അവരുടെ ശബ്ദം [ന
ഉദ്വൃത്തേ — പ്രളയകാലത്തിൽ
സപ്താനാം സമുദ്രാണാം — സപ്തസമുദ്രങ്ങളുടെ
ഇവ, — എന്നപോലെ,
പ്രശുശ്രുവേ. — കേൾക്കപ്പെട്ടു

തേഷാം രാമഃ ശരൈഃ ഷഡ്ഭിഃ ഷട് ജഘാന നിശാചരാൻ
നിമേഷാന്തരമാത്രേണ ശിതൈരഗ്നിശിഖോപമൈഃ 20

രാമഃ	ശ്രീരാമൻ,	ഷട്	ആറു
അഗ്നിശിഖോപമൈഃ	അഗ്നിജ്വാലകളൊത്ത	നിശാചരാൻ	രാക്ഷസന്മാരെ
ശിതൈഃ	കൂർത്ത	നിമേഷാന്തരമാത്രേണ	കണ്ണിമയ്ക്കുന്നനേരം കൊണ്ടു്,
ഷഡ്ഭിഃ ശരൈഃ	ആറുബാണങ്ങളാൽ	ജഘാന.	എയ്തു.
തേഷാം	അവരിൽ		

യമശത്രുശ്ച ദുർദ്ധർഷോ മഹാപാർശ്വമഹോദരൌ
വജ്രദംഷ്ട്രോ മഹാകായസ്തൌ ചോഭൌ ശുകസാരണൌ. 21
തേ തു രാമേണ ബാണൌഘൈഃ സർവ്വേ മർമ്മസു താഡിതാഃ
യുദ്ധാദപസൃതാസ്തത്ര സാവശേഷായുഷോഽഭവൻ 22

ദുർദ്ധർഷഃ	ജയിക്കപ്പെടാതിരുന്നവനായ	രാമേണ	ശ്രീരാമനാൽ
യമശത്രുഃ ച	യമശത്രുവും,	ബാണൌഘൈഃ	ബാണതതികളാൽ
മഹാപാർശ്വമഹോദരൌ	മഹാപാർശ്വ മഹോദരന്മാരും,	മർമ്മസു	മർമ്മങ്ങളിൽ
മഹാകായഃ	പൃഥുകായനായ	താഡിതാഃ,	പ്രഹരിക്കപ്പെട്ടവരായി,
വജ്രദംഷ്ട്രഃ	വജ്രദംഷ്ട്രനും,	തത്ര	ആ സമയം
തൌ ഉഭൌ ച	ആ ഇരുവരായ	സർവ്വേ തു	അവരെല്ലാവരും
ശുകസാരണൌ	ശുകസാരണന്മാരും, എന്നിങ്ങിനെയുള്ള	യുദ്ധാത് അപസൃതാഃ,	യുദ്ധംവിട്ടോടിയവരായി,
തേ,	അവർ,	സാവശേഷായുഷഃ	ജീവൻ മാത്രം ശേഷിച്ചവരായി
		അഭവൻ.	ഭവിച്ചു.

തത്ര കാഞ്ചനചിത്രാംഗൈഃ ശരൈരഗ്നിശിഖോപമൈഃ
ദിശശ്ചകാര വിമലാഃ പ്രദിശശ്ച മഹാബലഃ 23

തത്ര	ആ സമയം	ശരൈഃ,	ബാണങ്ങളാൽ,
മഹാബലഃ	മഹാബലവാനായ ശ്രീരാമൻ	ദിശഃ	ദിക്കുകളേയും
കാഞ്ചനചിത്രാംഗൈഃ	പൊൻകൊണ്ടു വിചിത്രവടിവാർന്ന	പ്രദിശഃ ച	വിദിക്കുകളേയും
അഗ്നിശിഖോപമൈഃ	അഗ്നിജ്വാലകളൊത്ത	വിമലാഃ ചകാര.	ശോഭായമാനമാക്കിച്ചെയ്തു.

രാമനാമാങ്കിതൈർബാണൈർവ്യാപ്തം തദ്രണമണ്ഡലം. 24

തത് രണമണ്ഡലം	ആ അടർക്കളം	ബാണൈഃ	ബാണങ്ങളാൽ
രാമനാമാങ്കിതൈഃ	ശ്രീരാമന്റെ തിരുനാമം കൊത്തപ്പെട്ട	വ്യാപ്തം.	നിറയപ്പെട്ടു.

യേ ത്വന്യേ രാക്ഷസാ ഭീമാ രാമസ്യാഭിമുഖേ സ്ഥിതാഃ
തേഽപി നഷ്ടാഃ സമാസാദ്യ പതംഗാ ഇവ പാവകം 25

യേ അന്യേ	യാതൊരു മററുള്ള ചില
ഭീമാഃ രാക്ഷസാഃ,	ഭയങ്കരരാക്ഷസന്മാർ,
രാമസ്യ	ശ്രീരാമന്റെ
അഭിമുഖേ	മുമ്പിൽ വന്ന്
സമാസാദ്യ സ്ഥിതാഃ തു,	എതിൎത്തു നിന്നുവോ,
തേ അപി	അവരും,
പാവകം	തീയ്യിൽ
പതംഗാഃ ഇവ,	ഈയ്യാംപാററകളെന്ന [പോലെ,
നഷ്ടാഃ.	നശിച്ചു.

സുവൎണ്ണപുംഖൈൎവ്വിശിഖൈഃ സംപതദ്ഭിഃ സഹസ്രശഃ
ബഭൂവ രജനീ ചിത്രാ ഖദ്യോതൈരിവ ശാരദീ. 26

സഹസ്രശഃ	ആയിരക്കണക്കായി
സംപതദ്ഭിഃ	വെളിയിൽവന്ന
സുവൎണ്ണപുംഖൈഃ	പൊൻകെട്ടുകളിട്ട
വിശിഖൈഃ,	ബാണങ്ങളാൽ,
രജനീ,	രാത്രി,
ഖദ്യോതൈഃ	മിന്നാമിനുങ്ങുകളാൽ
ശാരദീ ഇവ,	ശരത്കാലത്തിലെ രാത്രിയെന്നപോലെ,
ചിത്രാ ബഭൂവ.	മനോഹരമായി കാണപ്പെട്ടു.

രാക്ഷസാനാം ച നിനദൈൎഹരീണാം ചാപി നിസ്വനൈഃ
സാ ബഭൂവ നിശാ ഘോരാ ഭൂയോ ഘോരതരാ തദാ. 27

സാ	ആ
ഘോരാ നിശാ,	ഭയങ്കരരാത്രി,
രാക്ഷസാനാം	രാക്ഷസരുടെ
നിനദൈഃ ച	ഘോഷങ്ങളാലും
ഹരീണാം	കപികളുടെ
നിസ്വനൈഃ ച,	ശബ്ദങ്ങളാലും,
തദാ	അപ്പോൾ
ഭൂയഃ അപി	മുമ്പേതിലും
ഘോരതരാ	അധികം ഭയങ്കരമായ്
ബഭൂവ.	ഭവിച്ചു.

തേന ശബ്ദേന മഹതാ പ്രവൃദ്ധേന സമന്തതഃ
ത്രികൂടഃ കന്ദരാകീൎണ്ണഃ പ്രവ്യാഹരദിവാചലഃ 28

സമന്തതഃ	എങ്ങും
പ്രവൃദ്ധേന	വൎദ്ധിച്ചുണ്ടായ
തേന മഹതാ	ആ വമ്പിച്ച
ശബ്ദേന,	ശബ്ദത്താൽ,
കന്ദരാകീൎണ്ണഃ	ഗുഹകൾ നിറഞ്ഞതായ
ത്രികൂടഃ അചലഃ	ത്രികൂടപൎവ്വതം
പ്രവ്യാഹരത് ഇവ.	ഉറക്കെ സംസാരിക്കുന്നപോലായ്ത്തീൎന്നു.

ഗോലാംഗൂലാ മഹാകായാസ്തമസാ തുല്യവൎച്ചസഃ
സംപരിഷ്വജ്യ ബാഹുഭ്യാം ഭക്ഷയൻ രജനീചരാൻ. 29

മഹാകായാഃ	അതികൂററന്മാരും
തമസാ തുല്യവൎച്ചസഃ	ഇരുളൊത്ത നിറമാൎന്നവരുമായ
ഗോലാംഗൂലാഃ,	കൊണ്ടവാലന്മാർ,
രജനീചരാൻ	രാക്ഷസരെ
ബാഹുഭ്യാം	ഇരുകൈകൾകൊണ്ടും
സംപരിഷ്വജ്യ	കെട്ടിപ്പിടിച്ച്
ഭക്ഷയൻ.	ഭക്ഷിച്ചു.

അംഗദസ്തു രണേ ശത്രും നിഹന്തും സമുപസ്ഥിതഃ
രാവണിം നിജഘാനാശു സാരഥിം ച ഹയാനപി. 30

അംഗദഃ തു	അംഗദനാകട്ടെ	സമുപസ്ഥിതഃ,	അടുത്ത്,
രണേ	പോരിൽ	ആശു	ഉടനെ
ശത്രും	ശത്രുവായ	സാരഥിം ച	സാരഥിയെയും
രാവണിം	ഇന്ദ്രജിത്തിനെ	ഹയാൻ അപി	കുതിരകളെയും
നിഹന്തും	വധിപ്പാനായി	നിജഘാന.	കൊന്നുവീഴ്ത്തി.

വർത്തമാനേ തദാ ഘോരേ സംഗ്രാമേ ഭൃശദാരുണേ
ഇന്ദ്രജിത് തു രഥം ത്യക്ത്വാ ഹതാശ്വോ ഹതസാരഥിഃ
അംഗദേന മഹാമായസ്തത്രൈവാന്തരധീയത 31

തദാ	അപ്പോൾ	ഹതസാരഥിഃ ഏവ	സാരഥിവധിക്കപ്പെട്ടവനും
ഭൃശദാരുണേ	അതികഠോരമാംവണ്ണം	മഹാമായഃ	മഹാമായാവിയും ആയ
ഘോരേ	ഭയങ്കരമായി	ഇന്ദ്രജിത് തു	ഇന്ദ്രജിത്തും
വർത്തമാനേ	നടക്കുന്നതായ	തത്ര	അട്ടിക്കിൽ
സംഗ്രാമേ,	ആ യുദ്ധത്തിൽ,	രഥം ത്യക്ത്വാ	രഥത്തെ ഉപേക്ഷിച്ച്
അംഗദേന	അംഗദനാൽ	അന്തരധീയത.	മറഞ്ഞുകളഞ്ഞു.
ഹതാശ്വഃ	കുതിരകൾ കൊല്ലപ്പെട്ടവനും		

തത് കർമ്മ വാലിപുത്രസ്യ സർവ്വേ ദേവാഃ സഹർഷിഭിഃ
തുഷ്ടുവുഃ പൂജനാർഹസ്യ തൌ ചോഭൌ രാമലക്ഷ്മണൌ 32

ദേവാഃ സർവ്വേ	എല്ലാദേവകളും,	പൂജനാർഹസ്യ	കൊണ്ടാടത്തക്കവനായ
ഋഷിഭിഃ സഹ	ഋഷിമാരോടുംകൂടി	വാലിപുത്രസ്യ	ബാലിപുത്രന്റെ
തൌ രാമലക്ഷ്മണൌ	ആ ശ്രീരാമലക്ഷ്മണന്മാരായ	തത് കർമ്മ	ആ പ്രവൃത്തിയെ
ഉഭൌ ച,	ഇരുവരും,	തുഷ്ടുവുഃ.	അഭിനന്ദിച്ചു.

പ്രഭാവം സർവ്വഭൂതാനി വിദുരിന്ദ്രജിതോ യുധി
അദൃശ്യഃ സർവ്വഭൂതാനാം യോ രണേഽഭൂച്ച ദുർജ്ജയഃ 33

സർവ്വഭൂതാനി	സർവ്വപ്രാണികളും	രണേ	പോരിൽ
യുധി	പോരിൽ	ദുർജ്ജയഃ ച	അജയ്യനായ
ഇന്ദ്രജിതഃ	ഇന്ദ്രജിത്തിന്റെ	യഃ ച,	യാതൊരു അവൻ,
പ്രഭാവം	പരാക്രമത്തെ	സർവ്വഭൂതാനാം	സർവ്വപ്രാണികൾക്കും
വിദുഃ ;	അറിഞ്ഞവരാകുന്നു ;	അദൃശ്യഃ അഭൂത്.	അദൃശ്യനായി ഭവിച്ചു.

തേന തേ തം മഹാത്മാനം തുഷ്ടാ ദൃഷ്ട്വാ പ്രധർഷിതം 34

തേ,	അവർ,	തേന	ആ അംഗദനാൽ
മഹാത്മാനം	അതി പരാക്രമശാലിയായ	പ്രധർഷിതം	അവമാനിക്കപ്പെട്ടവനായി
		ദൃഷ്ട്വാ	കണ്ട്
തം,	അവനെ,	തുഷ്ടാഃ.	സന്തുഷ്ടിപൂണ്ടു.

തതഃ പ്രഹൃഷ്ടാഃ കപയഃ സസുഗ്രീവവിഭീഷണാഃ
സാധു സാധ്വിതി നേദുശ്ച ദൃഷ്ട്വാ ശത്രും പ്രധർഷിതം 35

തതഃ	ആ സമയം,	പ്രധർഷിതം	തോല്പിക്കപ്പെട്ടവനായി
സസുഗ്രീവ-വിഭീഷണാഃ	സുഗ്രീവ വിഭീഷണന്മാരടക്കം	ദൃഷ്ട്വാ	കണ്ട്
കപയഃ ച	വാനരന്മാരും	പ്രഹൃഷ്ടാഃ	ഉത്സാഹഭരിതരായി
ശത്രും	ശത്രുവിനെ	"സാധു, സാധു," ഇതി	"നല്ലത്, നല്ലത്," എന്നിങ്ങിനെ
		നേദുഃ	ആർത്തു.

ഇന്ദ്രജിത് തു തദാ തേന നിർജ്ജിതോ ഭീമകർമ്മണാ
സംയുഗേ വാലിപുത്രേണ ക്രോധം ചക്രേ സുദാരുണം. 36

തദാ,	അപ്പോൾ,	തേന	ആ
ഇന്ദ്രജിത് തു	ഇന്ദ്രജിത്തും	വാലിപുത്രേണ	ബാലിസുതനാൽ
		നിർജ്ജിതഃ,	തോല്പിക്കപ്പെട്ടവ[നായി,
സംയുഗേ	പോരിൽ	സുദാരുണം	അസഹ്യമായ
ഭീമകർമ്മണാ	ഉഗ്രകർമ്മാവായ	ക്രോധം ചക്രേ.	കോപം കയ്യൊണ്ടു.

ഏതസ്മിന്നന്തരേ രാമോ വാനരാൻ വാക്യമബ്രവീത്. 37

ഏതസ്മിൻ അന്തരേ	ഈ സമയത്തിൽ	വാനരാൻ	വാനരന്മാരോടായി
രാമഃ	ശ്രീരാമൻ	വാക്യം അബ്രവീത്.	ഇപ്രകാരം അരുളിച്ചെയ്തു.

സർവ്വേ ഭവന്തസ്തിഷ്ഠന്തു കപിരാജേന സംഗതാഃ 38

"ഭവന്തഃ സർവ്വേ	"നിങ്ങൾ എല്ലാവരും	തിഷ്ഠന്തു.	ഒരുദിക്കിൽ വർത്തിക്കവിൻ.
കപിരാജേന സംഗതാഃ	വാനരാധിപനൊന്നിച്ച്		

സ ബ്രഹ്മണാ ദത്തവരസ്ത്രൈലോക്യം ബാധതേ ഭൃശം 39

"ബ്രഹ്മണാ	"ബ്രഹ്മാവിനാൽ	ത്രൈലോക്യം	മൂന്നുലോകത്തേയും
ദത്തവരഃ	വരം നൽകപ്പെട്ട	ഭൃശം ബാധതേ.	ഏററം ഹിംസിക്കുന്നു.
സഃ	അവൻ,		

ഭവതാമർത്ഥസിദ്ധ്യർത്ഥം കാലേന സ സമാഗതഃ 40

"ഭവതാം	"ഭവാന്മാരുടെ	സഃ,	അവൻ,
അർത്ഥ-സിദ്ധ്യർത്ഥം	അനുഗ്രഹപൂർത്തിക്കായി	കാലേന	കാലബദ്ധനായി
		സമാഗതഃ.	ഇവിടെ എത്തിയിരിക്കയാണ്.

[“ഭവതാം അർത്ഥസിദ്ധ്യർത്ഥം” (നിങ്ങളെ സംബന്ധിച്ചതായ തന്റെ ജയത്തിന്നുവേണ്ടി) “സഃ കാലേന സമാഗതഃ” (അവൻ തന്റെ കാലബലത്തോടുകൂടി വന്നിരിക്കയാണ്). തീർത്ഥീയം]

അദ്യൈവ ക്ഷമിതവ്യം മേ ഭവന്തോ വിഗതജ്വരാഃ 41

"അദ്യ ഏവ	"ഇപ്പോൾതന്നെയാണ്	ഭവന്തഃ	നിങ്ങൾ
മേ ക്ഷമിതവ്യം;	എനിക്ക് എതിർപ്പാനുള്ള സമയം;	വിഗതജ്വരാഃ."	വിചാരപ്പെടാതെ വർത്തിക്കവിൻ."

[“ബ്രഹ്മാവിനെ മാനിക്കേണ്ടതാകകൊണ്ട്, ഇപ്പോൾ എന്നാൽ ക്ഷമിച്ചിരിക്കപ്പെടേണ്ടതാണ്.” (തീർത്ഥീയം.)]

സോഽന്തർദ്ധാനഗതഃ പാപോ രാവണീ രണകർക്കശഃ
അദൃശ്യോ നിശിതാൻ ബാണാൻ മുമോചാശനിവർച്ചസഃ 42

പാപഃ	പാപിഷ്ഠനും	അശനിവർച്ചസഃ	ഇടിത്തീയൊത്ത
അന്തർദ്ധാനഗതഃ	മറഞ്ഞുനിന്നുകൊണ്ടിരുന്നവനും	നിശിതാൻ ബാണാൻ,	കൂർത്തബാണങ്ങളെ
രണകർക്കശഃ	പോരിൽ എന്തുംചെയ്യാൻതുനിഞ്ഞവനു	അദൃശ്യഃ	ആർക്കും കാണ്മാൻ കഴിയാത്തവനായ്ത്തന്നെ
സഃ രാവണിഃ,	ആ ഇന്ദ്രജിത്ത്, [മായ	മുമോച.	പ്രയോഗിച്ചു.

സ രാമം ലക്ഷ്മണം ചൈവ ഘോരൈർന്നാഗമയൈഃ ശരൈഃ
ബിഭേദ സമരേ ക്രുദ്ധഃ സർവ്വഗാത്രേഷു രാക്ഷസഃ 43

സഃ രാക്ഷസഃ,	ആ രാക്ഷസൻ,	ഘോരൈഃ	അത്യാപത്കരങ്ങളായ
സമരേ	പോരിൽ	നാഗമയൈഃ	സർപ്പമയങ്ങളായ
ക്രുദ്ധഃ,	ക്രുദ്ധിച്ചവനായി,	ശരൈഃ	ബാണങ്ങൾകൊണ്ട്
രാമം ച	ശ്രീരാമനേയും	സർവ്വഗാത്രേഷു	സർവ്വാംഗങ്ങളിലും
ലക്ഷ്മണം ഏവ	ലക്ഷ്മണനേയും	ബിഭേദ.	പിളന്നു.

മായയാ സംവൃതസ്തത്ര മോഹയൻ രാഘവൌ യുധി
അദൃശ്യഃ സർവ്വഭൂതാനാം കൂടയോധീ നിശാചരഃ
ബബന്ധ ശരബന്ധേന ഭ്രാതരൌ രാമലക്ഷ്മണൌ 44

തത്ര	ആസമയം	രാഘവൌ	രഘുകുലജാതന്മാരായ
മായയാ സംവൃതഃ,	മായകൊണ്ട് മറഞ്ഞവനായി,	രാമലക്ഷ്മണൌ	ശ്രീരാമലക്ഷ്മണന്മാരായ
സർവ്വഭൂതാനാം	സർവ്വപ്രാണികളുടേയും	ഭ്രാതരൌ,	ആ സഹോദരന്മാരെ,
അദൃശ്യഃ,	ദൃഷ്ടിക്ക് അഗോചരനായി,	യുധി	പോരിൽ
കൂടയോധീ	ചതിപ്പോർ ചെയ്യുന്നവനായ	മോഹയൻ	പീഡിപ്പിക്കുന്നവനായി
നിശാചരഃ,	ആ രാത്രിഞ്ചരൻ,	ശരബന്ധേന	ശരങ്ങളാകുന്ന പാശത്താൽ
		ബബന്ധ.	ബന്ധിച്ചു.

തൌ തേന പുരുഷവ്യാഘ്രൌ ക്രുദ്ധേനാശീവിഷൈഃ ശരൈഃ
സഹസാ നിഹതൌ വീരൌ തദാ പ്രൈക്ഷന്ത വാനരാഃ 45

തദാ	അപ്പോൾ	തൌ	അവരിരുവരേയും
വാനരാഃ	വാനരന്മാർ	ആശീവിഷൈഃ	സർപ്പവിഷമാർന്ന
ക്രുദ്ധേന	ക്രുദ്ധിച്ച	ശരൈഃ	ബാണങ്ങളാൽ
തേന,	അവനാൽ,	സഹസാ നിഹതൌ	പെട്ടെന്ന് ബന്ധിക്കപ്പെട്ടവരായി
പുരുഷവ്യാഘ്രൌ	പുരുഷോത്തമന്മാരും	പ്രൈക്ഷന്ത.	കണ്ടു.
വീരൌ	വീരന്മാരുമായ		

പ്രകാശരൂപസ്തു യദാ ന ശക്ത-
സ്തൌ ബാധിതും രാക്ഷസരാജപുത്രഃ
മായാം പ്രയോക്തും സമുപാജഗാമ
ബബന്ധ തൌ രാജസുതൌ മഹാത്മാ. 46

രാക്ഷസ-രാജപുത്രഃ,	രക്ഷോനാഥസുതനായ അവൻ,	ശക്തഃ ന യദാ,	ശക്തനല്ലാതിരുന്നതി[നാൽ
രാജസുതൌ	രാജകുമാരന്മാരായ	മഹാത്മാ	ഒരുമ്പെട്ടവനായി
തൌ,	അവരിരുവരേയും,	മായാം	മായയെ
പ്രകാശരൂപഃ തു	നേരിട്ടു കാണ്മാൻ കഴിയുമ്പോൾ	പ്രയോക്തും	പ്രയോഗിപ്പാൻ
		സമുപാജഗാമ;	മുതിൎന്നു;
ബാധിതും	ഹിംസിപ്പാൻ	തൌ	അവരിരുവരേയും
		ബബന്ധ.	ബന്ധിച്ചുകളഞ്ഞു.

ഇത്യാൎഷേ ശ്രീമദ്രാമായണേ വാല്മീകീയേ ആദികാവ്യേ യുദ്ധകാണ്ഡേ
ചതുശ്ചത്വാരിംശഃ സൎഗ്ഗഃ = നാല്പത്തിനാലാംസൎഗ്ഗം സമാപ്തം.

ആദ്യം മുതൽ ശ്ലോകസംഖ്യ 16417; യുദ്ധകാണ്ഡം ആദ്യം മുതൽ ശ്ലോകസംഖ്യ 1742.

പഞ്ചചത്വാരിംശഃ സൎഗ്ഗഃ = നാല്പത്തഞ്ചാംസൎഗ്ഗം.

[നാഗപാശബന്ധഃ = നാഗപാശത്താൽ ബന്ധിക്കുന്നതു്.]

സ തസ്യ ഗതിമന്വിച്ഛൻ രാജപുത്രഃ പ്രതാപവാൻ
ദിദേശാതിബലോ രാമോ ദശ വാനരയൂഥപാൻ. 1

പ്രതാപവാൻ	പ്രതാപശാലിയും	അന്വിച്ഛൻ,	കണ്ടുപിടിപ്പാൻ ഇച്ഛിച്ചവനായി,
അതിബലഃ	മഹാബലിഷ്ഠനും		
രാജപുത്രഃ	രാജകുമാരനുമായ	ദശ വാനര-യൂഥപാൻ	പത്തു വാനരപ്പടത്തലവന്മാരെ
സഃ രാമഃ,	ആ ശ്രീരാമൻ,		
തസ്യ ഗതിം	അവന്റെ ഗതിയെ	ദിദേശ.	നിയമിച്ചു.

ദ്വൌ സുഷേണസ്യ ദായാദൌ നീലം ച പ്ലവഗൎഷഭം
അംഗദം വാലിപുത്രം ച ശരഭം ച തരസ്വിനം 2
വിനതം ജാംബവന്തം ച സാനുപ്രസ്ഥം മഹാബലം
ഋഷഭം ചൎഷഭസ്കന്ധമാദിദേശ പരന്തപഃ. 3

പരന്തപഃ,	ശത്രുസന്താപകരനായ ശ്രീരാമൻ,	തരസ്വിനം	അതിപരാക്രമശാലി[യായ
		ശരഭം ച	ശരഭനേയും,
സുഷേണസ്യ	സുഷേണന്റെ	വിനതം	വിനതനേയും,
ദായാദൌ	പുത്രന്മാർ	ജാംബവന്തം ച	ജാംബവാനേയും,
ദ്വൌ,	രണ്ടുപേരേയും,	മഹാബലം	മഹാബലവാനായ
പ്ലവഗൎഷഭം	വാനരോത്തമനായ	സാനുപ്രസ്ഥം,	സാനുപ്രസ്ഥനേയും,
നീലം ച,	നീലനേയും,	ഋഷഭം ച	ഋഷഭനേയും
വാലിപുത്രം	ബാലിസുതനായ	ഋഷഭസ്കന്ധം	ഋഷഭസ്കന്ധനേയും
അംഗദം ച,	അംഗദനേയും,	ആദിദേശ.	ഇക്കാൎയ്യത്തിൽ ഏല്പെട്ടുത്തി.

തേ സംപ്രഹൃഷ്ടാ ഹരയോ ഭീമാനുദ്യമ്യ പാദപാൻ
ആകാശം വിവിശുഃ സൎവ്വേ മാൎഗ്ഗമാണാ ദിശോ ദശ. 4

തേ	ആ	മാൎഗ്ഗമാണാഃ,	തിരയുന്നവരായി,
ഹരയഃ	വാനരന്മാർ	ഭീമാൻ	വമ്പിച്ച
സൎവ്വേ	എല്ലാവരും	പാദപാൻ ഉദ്യമ്യ,	വൃക്ഷങ്ങളെ കയ്യിൽപിടിച്ചുംകൊണ്ട്,
സംപ്രഹൃഷ്ടാഃ,	അത്യുത്സാഹം പൂണ്ടവരായി,	ആകാശം	ആകാശത്തിൽ
ദശ ദിശഃ	പത്തുദിക്കുകളേയും	വിവിശുഃ.	പ്രവേശിച്ചു.

തേഷാം വേഗവതാം വേഗമിഷുഭിൎവ്വേഗവത്തരൈഃ
അസ്ത്രവിത് പരമാസ്ത്രൈസ്തു വാരയാമാസ രാവണിഃ. 5

അസ്ത്രവിത്	അസ്ത്രപടുവായ	വേഗവത്തരൈഃ	അധികവേഗതയാൎന്ന
രാവണിഃ,	ഇന്ദ്രജിത്ത്,	ഇഷുഭിഃ	ബാണങ്ങൾകൊണ്ടും
വേഗവതാം	വേഗതയാൎന്ന	പരമാസ്ത്രൈഃ തു	മഹാസ്ത്രങ്ങൾകൊണ്ടും
തേഷാം വേഗം	അവരുടെ വേഗത്തെ,	വാരയാമാസ.	തടഞ്ഞു.

തം ഭീമവേഗാ ഹരയോ നാരാചൈഃ ക്ഷതവിഗ്രഹാഃ
അന്ധകാരേ ന ദദൃശുൎമ്മേഘൈഃ സൂൎയ്യമിവാവൃതം. 6

ഭീമവേഗാഃ	മഹാവേഗശാലികളായ	ആവൃതം	മറയ്ക്കപ്പെട്ട
ഹരയഃ,	ആ വാനരന്മാർ,	സൂൎയ്യം ഇവ	സൂൎയ്യനെ എന്നപോലെ,
നാരാചൈഃ	എഴുത്താണിയമ്പുകൾകൊണ്ട്	അന്ധകാരേ	ഇരുട്ടിൽ
ക്ഷതവിഗ്രഹാഃ,	ദേഹം പിളൎന്നവരായി,	തം	അവനെ
മേഘൈഃ	മേഘങ്ങളാൽ	ദദൃശുഃ ന.	കാണ്മാൻ കഴിയാതിരുന്നു.

രാമലക്ഷ്മണയോരേവ സൎവ്വദേഹഭിദഃ ശരാൻ
ഭൃശമാവേശയാമാസ രാവണിഃ സമിതിഞ്ജയഃ. 7

സമിതിഞ്ജയഃ	പോരിൽ വിജയം നേടിയവനായ	ശരാൻ	ബാണങ്ങളെ
രാവണിഃ,	രാവണപുത്രൻ,	രാമ-ലക്ഷ്മണയോഃ ഏവ	ശ്രീരാമലക്ഷ്മണന്മാൎക്കു നേരെതന്നെ
സൎവ്വദേഹഭിദഃ	എല്ലാ അംഗങ്ങളേയും തുളയ്ക്കുന്നവയായ	ഭൃശം ആവേശ-യാമാസ.	അത്യധികം പ്രയോഗിച്ചു.

നിരന്തരശരീരൗ തൗ ഭ്രാതരൗ രാമലക്ഷ്മണൗ
ക്രുദ്ധേനേന്ദ്രജിതാ വീരൗ പന്നഗൈഃ ശരതാം ഗതൈഃ. 8

തൗ ഭ്രാതരൗ	ആ ഭ്രാതാക്കന്മാരും	ശരതാം ഗതൈഃ	ബാണവടിവു കയ്ക്കൊണ്ട
വീരൗ	വീരന്മാരുമായ	പന്നഗൈഃ	സൎപ്പങ്ങളാൽ
രാമലക്ഷ്മണൗ,	ശ്രീരാമലക്ഷ്മണന്മാർ,	നിരന്തര-ശരീരൗ	ദേഹമാസകലം മൂടപ്പെട്ടവരായി ഭവിച്ചു.
ക്രുദ്ധേന	കോപാവിഷ്ടനായ		
ഇന്ദ്രജിതാ,	ഇന്ദ്രജിത്തിനാൽ,		

തയോഃ ക്ഷതജമാർഗ്ഗേണ സുസ്രാവ രുധിരം ബഹു
താവുഭൌ ച പ്രകാശേതേ പുഷ്പിതാവിവ കിംശുകൌ. 9

തയോഃ	അവരിരുവരുടെയും	ച	അതിനാൽ
ക്ഷതജമാർഗ്ഗേണ	വ്രണങ്ങൾ വഴിയായി	തൌ ഉഭൌ,	അവരിരുവരും,
രുധിരം	രക്തം	പുഷ്പിതൌ കിംശുകൌ ഇവ	പുഷ്പിച്ച പലാശവൃക്ഷങ്ങളെന്നപോലെ
ബഹു	ഏറെ		
സുസ്രാവ ;	പെരുകി ;	പ്രകാശേതേ.	ശോഭപൂണ്ടു വിലസി.

["ക്ഷതജമാർഗ്ഗേണ" (ചോരവർഷിക്കുന്ന രീതിയെ അവലംബിച്ച്) "തയോഃ" (അവർ രണ്ടു പേരുടെയും ദേഹത്തിൽ) "ബഹുരുധിരം സുസ്രാവ" (വളരെ ചോര വർഷിച്ചു.) മററുള്ളവക്ക് ഭീതിയുളവാക്കുവാനായി എന്നു സാരം. (ശിരോമണി)

"ന ഭൂതസംഘസംസ്ഥാനോ ദേഹോഽസ്യ പരമാത്മനഃ ന തസ്യ പ്രാകൃതാ മൂർത്തിർമാംസമേദാസ്ഥിസംഭവാ" എന്നു പരമാത്മാവിന്റെ മൂർത്തിയെക്കുറിച്ചു പാഞ്ചഭൌതികമായതോ, മാംസമേദാദിയുക്തമോ അല്ല എന്നു പറയപ്പെട്ടിട്ടുണ്ടെങ്കിലും, മനുഷ്യഭാവനയാൽ രുധിരോദ്ഗാരത്തെ നടിച്ചു എന്നു ഗ്രാഹ്യമാകുന്നു. മനുഷ്യഭാവത്തെ സ്വീകരിക്കാതിരുന്നാൽ ശ്രീരാമൻ മനുഷ്യനല്ലെന്നുള്ള ഭാവനകയ്യൊണ്ട്, ജനങ്ങൾ അദ്ദേഹം അനുഷ്ഠിച്ചു കാണിച്ചുതന്നവയായ ധർമ്മങ്ങളെ,—ദേവന്മാർ അനുഷ്ഠിച്ചവ തങ്ങൾക്കു് അസാദ്ധ്യമാണെന്നുള്ള ബുദ്ധികൊണ്ടു്,— ആചരിക്കയില്ല, എന്നതുതന്നെയാണ് ഈ മനുഷ്യത്വാവലംബത്തിന്നു് പ്രയോജനം. അതായതു് മഹാജനാനുഷ്ഠാനദർശനംതന്നെയെന്നു് സാരം. ദുഃഖം, മൂർച്ഛ മുതലായ അവസ്ഥാപ്രദർശനങ്ങളിലും ഇതുതന്നെയാണു രഹസ്യം. നാഗപാശംകൊണ്ടു് താൻ ബന്ധിക്കപ്പെട്ടവനാണെന്നു് കാണിക്കുന്നതു്, ധർമ്മനിരതന്മാർക്കും ആപത്തുണ്ടാകാമെന്നും, എങ്കിലും ഉടനെ നിവൃത്തിയാകുന്നതാണെന്നും കാണിപ്പാനായാകുന്നു. എന്നു ഗോവിന്ദരാജീയം.]

തതഃ പര്യന്തരക്താക്ഷോ ഭിന്നാഞ്ജനചയോപമഃ
രാവണിർഭ്രാതരൌ വാക്യമന്തർധാനഗതോഽബ്രവീത് 10

തതഃ,	അപ്പോൾ,	രാവണിഃ,	ഇന്ദ്രജിത്ത്,
പര്യന്തരക്താക്ഷഃ	കടക്കൺ ചുവപ്പിച്ചവനും	ഭ്രാതരൌ,	ആ രണ്ടു ഭ്രാതാക്കന്മാരേയും നോക്കി,
ഭിന്നാഞ്ജനചയോപമഃ	പിളൎന്ന അഞ്ജനപർവ്വതംപോലെയുള്ളവനുമായ	അന്തർധാനഗതഃ	മറഞ്ഞിരുന്നുകൊണ്ടു്
		വാക്യം അബ്രവീത്.	ഇപ്രകാരം ഉരചെയ്തു.

യുദ്ധ്യമാനമനാലക്ഷ്യം ശക്രോഽപി ത്രിദശേശ്വരഃ
ദ്രഷ്ടുമാസാദിതും വാപി ന ശക്തഃ കിം പുനര്യുവാം. 11

"ത്രിദശേശ്വരഃ	"ദേവന്മാർക്കധിപനായ	ആസാദിതും,	അടുപ്പാനാകട്ടെ,
ശക്രഃ അപി,	ഇന്ദ്രൻ കൂടി,	ദ്രഷ്ടും വാ അപി	കാണ്മാൻ കൂടിയാകട്ടെ,
അനാലക്ഷ്യം	മറഞ്ഞു നിന്നു്	ശക്തഃ ന ;	ശക്തനല്ല ;
യുദ്ധ്യമാനം	പോർ ചെയ്യുന്നവനായ എന്നെ	യുവാം	നിങ്ങളിരുവരും
		കിം പുനഃ?	പിന്നെ എന്തുമാത്രം?

പ്രാവൃതാവിഷുജാലേന രാഘവൌ കങ്കപത്രിണാ
ഏഷ രോഷപരീതാത്മാ നയാമി യമസാദനം. 12

"ഇഷുജാലേന	"ബാണതതികളാൽ	രോഷപരീതാത്മാ	കോപം തിങ്ങിയവനായി
പ്രാവൃതൌ	തീരെ മൂടപ്പെട്ടവരായ	കങ്കപത്രിണാ	അമ്പുകൊണ്ട്
രാഘവൌ,	രഘുകുലജാതരായ നിങ്ങളിരുവരേയും,	യമസാദനം	യമപുരത്തിലേക്ക്
ഏഷഃ	ഈ ഞാൻ	നയാമി."	അയക്കുന്നുണ്ട്."

ഏവമുക്ത്വാ തു ധൎമ്മജ്ഞൌ ഭ്രാതരൌ രാമലക്ഷ്മണൌ
നിർഭേദ ശിതൈർബ്ബാണൈഃ പ്രജഹർഷ നനാദ ച. 13

ഏവം ഉക്ത്വാ തു	ഇപ്രകാരം പറഞ്ഞശേഷം	ശിതൈഃ ബാണൈഃ	കൂൎത്തബാണങ്ങളാൽ
ധൎമ്മജ്ഞൌ	ധൎമ്മജ്ഞന്മാരും	നിർബിഭേദ;	തുളച്ചു;
ഭ്രാതരൌ	സഹോദരന്മാരുമായ	നനാദ;	അലറി;
രാമലക്ഷ്മണൌ	ശ്രീരാമലക്ഷ്മണന്മാരെ	പ്രജഹർഷ ച.	അത്യുത്സാഹമുൾക്കൊണ്ടു.

ഭിന്നാഞ്ജനചയശ്യാമോ വിസ്ഫാൎയ്യ വിപുലം ധനുഃ
ഭൂയോ ഭൂയഃ ശരാൻ ഘോരാൻ വിസസൎജ്ജ മഹാമൃധേ. 14

മഹാമൃധേ,	വൻപോരിൽ,	വിസ്ഫാൎയ്യ,	ഞാണൊലിയിട്ട്,
ഭിന്നാഞ്ജനചയശ്യാമഃ	പിളൎന്ന അഞ്ജനക്കുന്നുപോലെ കറുത്ത അ[വൻ	ഘോരാൻ ശരാൻ	ഘോരശരങ്ങളെ
വിപുലം	നീണ്ടതായ	ഭൂയഃ ഭൂയഃ	മേല്ക്കുമേൽ
ധനുഃ	കോദണ്ഡത്തെ	വിസസൎജ്ജ.	തൂകി.

തതോ മൎമ്മസു മൎമ്മജ്ഞോ മജ്ജയൻ നിശിതാൻ ശരാൻ
രാമലക്ഷ്മണയോൎവ്വീരോ നനാദ ച മുഹുൎമ്മുഹുഃ. 15

മൎമ്മജ്ഞഃ	മൎമ്മമറിഞ്ഞ	നിശിതാൻ ശരാൻ	കൂരമ്പുകളെ
വീരഃ ച,	വീരനായ അവനും,	മജ്ജയൻ	തറയ്ക്കുന്നവനായി,
രാമലക്ഷ്മണയോഃ	ശ്രീരാമലക്ഷ്മണന്മാരുടെ	തതഃ	അതിനാൽ
		മുഹുഃ മുഹുഃ	വീണ്ടും വീണ്ടും
മൎമ്മസു	മൎമ്മങ്ങളിൽ	നനാദ.	അട്ടഹസിച്ചു.

ബദ്ധൌ തു ശരബന്ധേന താവുഭൌ രണമൂൎദ്ധനി
നിമേഷാന്തരമാത്രേണ ന ശേകതുരുദീക്ഷിതും. 16

തൌ ഉഭൌ	അവരിരുവരും	നിമേഷാന്തരമാത്രേണ	കണ്ണിമയ്ക്കുന്ന നേരത്തിനുള്ളിൽ,
രണമൂൎദ്ധനി	പോൎത്തലയ്ക്കൽ	ഉദീക്ഷിതും തു	കണ്ണുകൊണ്ടു നോക്കവാനും
ശരബന്ധേന	ശരപാശത്താൽ		
ബദ്ധൌ,	കെട്ടപ്പെട്ടവരായി,	ന ശേകതുഃ	അശക്തരായിഭവിച്ചു.

തതോ വിഭിന്നസർവ്വാംഗൌ ശരശല്യാചിതാവുഭൌ
ധ്വജാവിവ മഹേന്ദ്രസ്യ രജ്ജുമുക്തൌ പ്രകമ്പിതൌ. 17

തതഃ	ആ സമയം	രജ്ജുമുക്തൌ	കയറഴിച്ച
ഉഭൌ	അവരിരുവരും		
ശരശല്യാചിതൌ,	ബാണമുനകളാൽ തറയ്ക്കപ്പെട്ടവരായി,	മഹേന്ദ്രസ്യ ധ്വജൌ ഇവ	രണ്ടു ഇന്ദ്രധ്വജങ്ങളെന്നപോലെ
വിഭിന്നസർവ്വാംഗൌ,	സർവ്വാംഗങ്ങളും വ്രണപ്പെട്ടവരായി,	പ്രകമ്പിതൌ.	ചലിച്ചു.

തൌ സംപ്രചലിതൌ വീരൌ മർമ്മഭേദേന കർശിതൌ
നിപേതതുർമ്മഹേഷ്വാസൌ ജഗത്യാം ജഗതീപതീ. 18

ജഗതീപതി	ലോകനാഥന്മാരും	മർമ്മഭേദേന	മർമ്മങ്ങൾ പിളക്കപ്പെട്ടതിനാൽ
മഹേഷ്വാസൌ	വൻവില്ലാളികളും	കർശിതൌ	തളർന്ന്
വീരൌ	വീരന്മാരുമായ	സംപ്രചലിതൌ	ഉടലുലഞ്ഞ്
തൌ	അവരിരുവരും	ജഗത്യാം	നിലത്ത്
		നിപേതതുഃ.	വീണുകളഞ്ഞു.

തൌ വീരശയനേ വീരൌ ശയാനൌ രുധിരോക്ഷിതൌ
ശരവേഷ്ടിതസർവ്വാംഗാവാർത്തൌ പരമപീഡിതൌ. 19

വീരൌ	വീരന്മാരായ	രുധിരോക്ഷിതൌ	ചോരയിൽ മുങ്ങി
തൌ,	അവരിരുവരും,	ശരവേഷ്ടിതസർവ്വാംഗൌ,	സർവ്വാംഗങ്ങളിലും അമ്പുകൾ തറച്ചവരായി,
വീരശയനേ	വീരന്മാർക്കുചിതമായ ശരതല്പത്തിൽ	പരമപീഡിതൌ	ഏററം തളർന്നവരായി
ശയാനൌ	ശയിക്കുന്നവരായി	ആർത്തൌ.	കുഴങ്ങി.

ന ഹ്യവിദ്ധം തയോർഗാത്രേ ബഭൂവാംഗുലമന്തരം
നാനിർഭിന്നം ന ചാസ്തബ്ധമാകരാഗ്രാദജിഹ്മഗൈഃ. 20

തയോഃ ഗാത്രേ	അവരുടെ ശരീരത്തിൽ	അവിദ്ധം	മുറിപെടാത്തതായി
ആകരാഗ്രാത്	നഖംതൊട്ട്	ന ബഭൂവ;	ഉണ്ടായിരുന്നില്ല;
അംഗുലം അന്തരം ഹി	ഒരു വിരൽപ്പഴുതെങ്കിലും	അനിർഭിന്നം ന;	തുളയ്ക്കപ്പെടാത്തതായുമില്ല;
അജിഹ്മഗൈഃ	ബാണങ്ങൾകൊണ്ട്	അസ്തബ്ധം ച ന.	മൂടപ്പെടാത്തതായുമില്ല.

തൌ തു ക്രൂരേണ നിഹതൌ രക്ഷസാ കാമരൂപിണാ
അസൃക് സുസ്രുവതുസ്തീവ്രം ജലം പ്രസ്രവണാവിവ. 21

ക്രൂരേണ	ക്രൂരനും	പ്രസ്രവണൌ	രണ്ടു അരുവികൾ
കാമരൂപിണാ	ഇഷ്ടാരൂപിയും ആയ	ജലം ഇവ	വെള്ളത്തെ എന്നപോലെ
രക്ഷസാ	രാക്ഷസനാൽ	തീവ്രം	അത്യധികമായി
നിഹതൌ	വ്രണപ്പെടുത്തപ്പെട്ട	അസൃക് സുസ്രുവതുഃ.	ചോരയൊലിപ്പിച്ചു.
തൌ തു,	അവരിരുവരും,		

പപാത പ്രഥമം രാമോ വിദ്ധോ മർമ്മസു മാർഗ്ഗണൈഃ
ക്രോധാദിന്ദ്രജിതാ യേന പുരാ ശക്രോ വിനിർജ്ജിതഃ. 22

പുരാ	പണ്ട്	മർമ്മസു	മർമ്മങ്ങളിൽ
യേന	യാതൊരുവനാൽ	മാർഗ്ഗണൈഃ	ബാണങ്ങളാൽ
ശക്രഃ വിനിർജ്ജിതഃ	ഇന്ദ്രൻ ബന്ധനത്തിലാക്കപ്പെട്ടുവോ,	വിദ്ധഃ	പിളൎക്കപ്പെട്ടവനായ
		രാമഃ,	ശ്രീരാമൻ,
ഇന്ദ്രജിതാ,	ആ ഇന്ദ്രജിത്തിനാൽ,	പ്രഥമം	ആദ്യം
ക്രോധാത്	ക്രോധമുൾക്കൊണ്ട്	പപാത.	നിലത്തുവീണുകളഞ്ഞു.

രുക്മപുംഖൈഃ പ്രസന്നാഗ്രൈരധോഗതിഭിരാശുഗൈഃ
നാരാചൈരർദ്ധനാരാചൈർഭല്ലൈരഞ്ജലികൈരപി
വിവ്യാധ വത്സദന്തൈശ്ച സിംഹദംഷ്ട്രൈഃ ക്ഷുരൈസ്തഥാ. 23

രുക്മപുംഖൈഃ	പൊൻകെട്ടിയവയും	ഭല്ലൈഃ	ഭല്ലങ്ങൾകൊണ്ടും
പ്രസന്നാഗ്രൈഃ	തിളങ്ങുന്ന മുനകളാർന്നവയും	അഞ്ജലികൈഃ അപി	അഞ്ജലികങ്ങൾകൊണ്ടും
അധോഗതിഭിഃ	ആഴത്തിൽ തറയ്ക്കുന്നവയും	വത്സദന്തൈഃ ച	വത്സദന്തങ്ങൾകൊണ്ടും
ആശുഗൈഃ	പായുന്നവയുമായ	സിംഹദംഷ്ട്രൈഃ	സിംഹദംഷ്ട്രങ്ങൾകൊണ്ടും
നാരാചൈഃ	എഴുത്താണിയമ്പുകൾകൊണ്ടും	ക്ഷുരൈഃ തഥാ	കത്തിയമ്പുകൾകൊണ്ടും
അർദ്ധനാരാചൈഃ	അർദ്ധനാരാചങ്ങൾകൊണ്ടും	വിവ്യാധ.	(വീണ്ടും) വ്രണപ്പെടുത്തി.

[“അർദ്ധനാരാചം” അററം കൂർത്ത്, ഒരുഭാഗം പരന്നും മറെറഭാഗം ഉരുണ്ടും ഉള്ള ബാണം; “ഭല്ലം” വെൺമഴുപോലെ അഗ്രമുള്ള ബാണം; “അഞ്ജലികം” കൂപ്പിയ കൈപോലെ അഗ്രമുള്ള ബാണം; “വത്സദന്തം” പയ്ക്കുട്ടിയുടെ പല്ലുപോലെ അഗ്രമുള്ളതു്; “സിംഹദംഷ്ട്രം” സിംഹത്തിന്റെ തേററപോലെ അഗ്രമുള്ളത്. നാഗാസ്ത്രങ്ങളുററ് താഴെ വീണതിന്നുശേഷവും ഈ സാധാരണ ബാണങ്ങൾകൊണ്ടു് വ്രണപ്പെടുത്തി എന്നു സാരം.]

സ വീരശയനേ ശിശ്യേ വിജ്യമാദായ കാർമ്മുകം
ഭിന്നമുഷ്ടിപരീണാഹം ത്രിണതം രുക്മഭൂഷിതം. 24

സഃ,	ആ ശ്രീരാമൻ,	വിജ്യം	ഞാണഴിഞ്ഞതായും
രുക്മഭൂഷിതം	സ്വർണ്ണാലംകൃതവും	ആദായ	കയ്യിൽ പിടിച്ചിരുന്ന പ്രകാരംതന്നെ,
ത്രിണതം	മൂന്നുവളവുള്ളതുമായ		
കാർമ്മുകം	കോദണ്ഡത്തെ	വീരശയനേ	വീരതല്പത്തിൽ
ഭിന്നമുഷ്ടിപരീണാഹം	കയ്യുപിടിയിൽനിന്ന് അയഞ്ഞതായും	ശിശ്യേ.	ശയിച്ചു.

ബാണപാതാന്തരേ രാമം പതിതം പുരുഷർഷഭം
സ തത്ര ലക്ഷ്മണോ ദൃഷ്ട്വാ നിരാശോ ജീവിതേഽഭവത്. 25

തത്ര	ആ സമയം	പതിതം	ശയിച്ചതായി കണ്ട്,
സഃ ലക്ഷ്മണഃ,	ആ ലക്ഷ്മണൻ,	ദൃഷ്ട്വാ,	
പുരുഷർഷഭം	പുരുഷോത്തമനായ	ജീവിതേ	ജീവനിൽ
രാമം	ശ്രീരാമനെ	നിരാശഃ	കൊതിവിട്ടവനായി
ബാണപാതാന്തരേ	ശരതല്പത്തിൽ	അഭവത്.	ഭവിച്ചു.

രാമം കമലപത്രാക്ഷം ശരബന്ധപരിക്ഷതം
ശുശോച ഭ്രാതരം ദൃഷ്ട്വാ പതിതം ധരണീതലേ. 26

കമലപത്രാക്ഷം	ചെന്താർദള നേത്രനം	ധരണീതലേ	നിലത്ത്
ഭ്രാതരം	ജ്യേഷ്ഠനമായ	പതിതം	പതിച്ചവനായി
രാമം	ശ്രീരാമനെ		
ശരബന്ധ-പരിക്ഷതം	ശരപാശത്താൽ നിഷ്ക്രിയനായി	ദൃഷ്ട്വാ	കണ്ട്
		ശുശോച.	അത്തൽപ്പെട്ടു.

ഹരയശ്ചാപി തം ദൃഷ്ട്വാ സന്താപം പരമം ഗതാഃ
ശോകാർത്താശ്ചുക്രുശുർഘോരമശ്രുപൂരിതലോചനാഃ. 27

ഹരയഃ ച അപി	കപികളും	ശോകാർത്താഃ	വ്യസനാക്രാന്തരായി
തം ദൃഷ്ട്വാ	അദ്ദേഹത്തെ കണ്ട്	അശ്രുപൂരിത-ലോചനാഃ	നേത്രങ്ങളിൽ അശ്രുക്കൾ നിറഞ്ഞവരായി
പരമം സന്താപം ഗതാഃ;	അതിയായ സന്താപമുൾക്കൊണ്ടു;	ഘോരം ചുക്രുശുഃ.	അസഹ്യമായി കരഞ്ഞു.

ബദ്ധൌ തു വീരൌ പതിതൌ ശയാനൌ
തൌ വാനരാഃ സംപരിവാര്യ തസ്ഥുഃ. 28

വാനരാഃ	വാനരന്മാർ,	തൌ	ആ രണ്ടു
ബദ്ധൌ	കെട്ടപ്പെട്ട്	വീരൌ തു	വീരന്മാരേയും
പതിതൌ ശയാനൌ	നിലത്തു വീണു കിടന്നിരുന്ന	സംപരിവാര്യ തസ്ഥുഃ.	ചുഴന്നുകൊണ്ടു നിന്നു.

സമാഗതാ വായുസുതപ്രമുഖ്യാ
വിഷാദമാർത്താഃ പരമം ച ജഗ്മുഃ 29

വായുസുത-പ്രമുഖ്യാഃ ച	ഹനുമാൻ മുതലായവരും	ആർത്താഃ	വ്യസനാക്രാന്തരായി
സമാഗതാഃ	വന്നെത്തിയവരായി	പരമം വിഷാദം ജഗ്മുഃ.	എന്തു ചെയ്യേണമെന്നറിയാതെ വർത്തിച്ചു.

ഇത്യാർഷേ ശ്രീമദ്രാമായണേ വാല്മീകീയേ ആദികാവ്യേ യുദ്ധകാണ്ഡേ
പഞ്ചചത്വാരിംശഃ സർഗ്ഗഃ = നാല്പത്തഞ്ചാംസർഗ്ഗം സമാപ്തം.

ആദ്യംമുതൽ ശ്ലോകസംഖ്യ 16446; യുദ്ധകാണ്ഡം ആദ്യംമുതൽ ശ്ലോകസംഖ്യ 1771.

ഷട്ചത്വാരിംശഃ സർഗ്ഗഃ = നാല്പത്താറാംസർഗ്ഗം.

[സുഗ്രീവാനുശോചനം രാവണിപ്രതിയാനം ച = സുഗ്രീവൻ ദുഃഖിക്കുന്നതും ഇന്ദ്രജിത്ത് മടങ്ങിച്ചെല്ലുന്നതും.]

തതോ ദ്യാം പൃഥിവീം ചൈവ വീക്ഷമാണാ വനൌകസഃ
ദദൃശുഃ സന്തതൌ ബാണൈർഭ്രാതരൌ രാമലക്ഷ്മണൌ. 1

തതഃ	ആ സമയം	വനൌകസഃ,	വാനരന്മാർ,
ദ്യാം ച	ആകാശത്തിലും	ബാണൈഃ	ബാണങ്ങളാൽ
പൃഥിവീം ഏവ	ഭൂമിയിലും എങ്ങും	സന്തതൌ	മൂടപ്പെട്ട
വീക്ഷമാണാഃ	(ഇന്ദ്രജിത്തിനെ) തിരഞ്ഞുകൊണ്ടിരുന്നവരായ	ഭ്രാതരൌ	ഭ്രാതാക്കന്മാരായ
		രാമലക്ഷ്മണൌ	ശ്രീരാമലക്ഷ്മണന്മാരെ
		ദദൃശുഃ.	കണ്ടു.

["രാമലക്ഷ്മണൌ വീക്ഷമാണാഃ" (ശ്രീരാമലക്ഷ്മണന്മാരെ ബാണങ്ങളേറ്റ് വീണിരിക്കുന്നവരായി കാണുന്നവരായ) "വനൌകസഃ" (വാനരന്മാർ), "ദ്യാം ച പൃഥിവീം ഏവ ദദൃശുഃ" (മേല്പോട്ടും കീഴ്പോട്ടും നോക്കി അമ്പരന്നുനിന്നു.) എന്നു പി. എസ്. കൃ.]

വൃഷ്ട്വേവോപരതേ ദേവേ കൃതകർമ്മണി രാക്ഷസേ
ആജഗാമാഥ തം ദേശം സസുഗ്രീവോ വിഭീഷണഃ. 2

ദേവേ	ഇന്ദ്രൻ	തം ദേശം	ആ ദിക്കിലേക്ക്
വൃഷ്ട്വാ ഉപരതേ ഇവ,	മഴപൊഴിച്ചു ശാന്തനായിരുന്നാലെന്നപോലെ,	അഥ	അപ്പോൾ
രാക്ഷസേ	രാക്ഷസൻ	വിഭീഷണഃ	വിഭീഷണൻ
കൃതകർമ്മണി,	തന്റെ പ്രവൃത്തിയെ നിർത്തിയസമയം,	സസുഗ്രീവഃ	സുഗ്രീവനോടുകൂടി
		ആജഗാമ.	വന്നെത്തി.

നീലദ്വിവിദമൈന്ദാശ്ച സുഷേണസുമുഖാംഗദാഃ
തൂർണ്ണം ഹനുമതാ സാർദ്ധമന്വശോചന്ത രാഘവൌ. 3

നീലദ്വിവിദമൈന്ദാഃ	നീലൻ, ദ്വിവിദൻ, മൈന്ദൻ എന്നവരും	തൂർണ്ണം	വേഗം
സുഷേണസുമുഖാംഗദാഃ ച	സുഷേണൻ, സുമുഖൻ, അംഗദൻ എന്നവരും	ഹനുമതാ സാർദ്ധം	ഹനുമാനോടുംകൂടിയെത്തിയവരായി
		രാഘവൌ	ശ്രീരാമലക്ഷ്മണന്മാരെക്കുറിച്ചു
		അന്വശോചന്ത.	വ്യാകുലപ്പെട്ടു.

അചേഷ്ടൌ മന്ദനിശ്വാസൌ ശോണിതേന പരിപ്ലുതൌ
ശരജാലാചിതൌ സ്തബ്ധൌ ശയാനൌ ശരതല്പയോഃ 4
നിഃശ്വസന്തൌ യഥാ സർപ്പൌ നിശ്ചേഷ്ടൌ മന്ദവിക്രമൌ
രുധിരസ്രാവദിഗ്ദ്ധാംഗൌ താപനീയാവിവ ധ്വജൌ 5
തൌ വീരശയനേ വീരൌ ശയാനൌ മന്ദചേഷ്ടിതൌ
യൂഥപൈസ്തൈഃ പരിവൃതൌ ബാഷ്പവ്യാകുലലോചനൈഃ 6

രാഘവൌ പതിതൌ ദൃഷ്ട്വാ ശരജാലസമാവൃതൌ
ബഭൂവുൎവ്യഥിതാഃ സൎവ്വേ വാനരാഃ സവിഭീഷണാഃ. 7

സവിഭീഷണാഃ	വിഭീഷണനോടുകൂടിയ
വാനരാഃ സൎവ്വേ	വാനരന്മാരെല്ലാവരും,
ബാഷ്പവ്യാകുല- ലോചനൈഃ	അശ്രുക്കൾകൊണ്ടു് കലങ്ങിയ നേത്രങ്ങളാൎന്ന
തൈഃ യൂഥപൈഃ	ആ പടത്തലവന്മാരാൽ
പരിവൃതൌ	ചൂഴപ്പെട്ടു്
വീരശയനേ	വീരതല്പത്തിൽ
മന്ദചേഷ്ടിതൌ	നിശ്ചേഷ്ടന്മാരായി
ശയാനൌ	ശയിച്ചിരുന്ന
വീരൌ	വീരന്മാരായ
തൌ	ആ
രാഘവൌ,	ശ്രീരാമലക്ഷ്മണന്മാരെ,
അചേഷ്ടൌ,	അനക്കമില്ലാതിരിക്കുന്നവരായും
മന്ദ- നിഃശ്വാസൌ	നിശ്വാസം കുറഞ്ഞിരിക്കുന്നവരായും
ശോണിതേന	ചോരകൊണ്ടു്
പരിപ്ലുതൌ	മുങ്ങിയിരിക്കുന്നവരായും
ശരജാലാ- ചിതൌ	അമ്പുകളേററു്
സ്തബ്ധൌ	(ദേഹമെങ്ങും)മരത്ത്
ശരതല്പശയൌ	ശരതല്പങ്ങളിൽ
ശയാനൌ,	ശയിച്ചിരിക്കുന്നവരായും
സൎപ്പൌ യഥാ	രണ്ടുസൎപ്പങ്ങൾപോലെ
നിഃശ്വസന്തൌ,	ദീൎഘനിശ്വാസം ചെയ്യുന്നവരായും,
നിശ്ചേഷ്ടൌ	വ്യവസായമററവരായി
മന്ദവിക്രമൌ,	തളൎന്നിരിക്കുന്നവരായും
രുധിരസ്രാവ- ദിഗ്ദ്ധാംഗൌ,	രുധിരസ്രാവത്തെ ഉണ്ടാക്കുന്ന വിഷംതേച്ച ബാണങ്ങൾ അംഗങ്ങളിൽ തറച്ചവരായും,
താപനീയൌ	സ്വൎണ്ണമയമായ
ധ്വജൌ ഇവ	രണ്ടുധ്വജങ്ങൾപോലിരിക്കുന്നവരായും
ശരജാല- സമാവൃതൌ	ശരനിരകൾകൊണ്ടു മൂടപ്പെട്ടവരായും
പതിതൌ	വീണുകിടക്കുന്നതു
ദൃഷ്ട്വാ,	കണ്ടു്,
വ്യഥിതാഃ ബഭൂവുഃ.	വേദനപ്പെട്ടു.

അന്തരിക്ഷം നിരീക്ഷന്തോ ദിശഃ സൎവ്വാശ്ച വാനരാഃ
ന ചൈനം മായയാ ഛന്നം ദദൃശു രാവണിം രണേ. 8

വാനരാഃ	വാനരന്മാർ
അന്തരിക്ഷം	ആകാശത്തേയും
ദിശഃ സൎവ്വാഃ ച	എല്ലാദിക്കുകളേയും
നിരീക്ഷന്തഃ	ഉററുനോക്കുന്നവരായി
രണേ	പോരിൽ
മായയാ	മായകൊണ്ടു്
ഛന്നം	മറയ്ക്കപ്പെട്ടിരുന്നവനായ
ഏനം	ഈ
രാവണിം ച	രാവണസുതനെമാത്രം
ദദൃശുഃ ന.	കണ്ടതേയില്ല.

തം തു മായാപ്രതിച്ഛന്നം മായയൈവ വിഭീഷണഃ
വീക്ഷമാണോ ദദൎശാഥ ഭ്രാതുഃ പുത്രമവസ്ഥിതം. 9

അഥ വിഭീഷണഃ തു	അപ്പോൾ വിഭീഷണൻ മാത്രം
മായാ- പ്രതിച്ഛന്നം	മായയാൽ മറഞ്ഞുകൊണ്ടു്
അവസ്ഥിതം	നിന്നിരുന്നവനായ
ഭ്രാതുഃ പുത്രം	ജ്യേഷ്ഠന്റെ പുത്രനായ
തം	അവനെ,
മായയാ ഏവ	മായകൊണ്ടുതന്നെ
വീക്ഷമാണഃ,	നോക്കുന്നവനായി,
ദദൎശ.	കണ്ടറിഞ്ഞു.

തമപ്രതിമകർമ്മാണമപ്രതിദ്വന്ദ്വമാഹവേ
ദദർശാന്തർഹിതം വീരം വരദാനാദ്വിഭീഷണഃ
തേജസാ യശസാ ചൈവ വിക്രമേണ ച സംയുതം. 10

വിഭീഷണഃ,	വിഭീഷണൻ,	തേജസാ ച	പൌരുഷത്തോടും
അപ്രതിമ-കർമ്മാണം	നിസ്തുല്യകർമ്മങ്ങൾ ചെയ്യുന്നവനും	യശസാ ഏവ	പുകഴോടും
ആഹവേ	പോരിൽ	വിക്രമേണ ച	പരാക്രമത്തോടും
അപ്രതി-ദ്വന്ദ്വം,	എതിരില്ലാത്തവനും,	സംയുതം	കൂടിയവനുമായ
വരദാനാത്	വരദാനം കൊണ്ടുള്ള	വീരം തം	വീരനായ അവനെ
		അന്തർഹിതം	മറഞ്ഞിരിക്കുന്നവനായി
		ദദർശ.	കണ്ടു.

ഇന്ദ്രജിത്ത്വാത്മനഃ കർമ്മ തൌ ശയാനൌ സമീക്ഷ്യ ച
ഉവാച പരമപ്രീതോ ഹർഷയൻ സർവ്വനൈരൃതാൻ. 11

ഇന്ദ്രജിത്	ഇന്ദ്രജിത്ത്	പരമപ്രീതഃ	ഏററം പ്രീതിപൂണ്ടവനായി
ആത്മനഃ കർമ്മ തു	തന്റെ പ്രവൃത്തിയേയും	സർവ്വ-നൈരൃതാൻ	സർവ്വ രാക്ഷസരേയും
ച	അതു കാരണം	ഹർഷയൻ	ഉത്സാഹപ്പെടുത്തിക്കൊണ്ടു
ശയാനൌ	ശയിച്ചിരുന്ന	ഉവാച.	ഇങ്ങിനെ പറഞ്ഞു.
തൌ	അവരിരുവരേയും		
സമീക്ഷ്യ,	നോക്കിക്കണ്ടു,		

ദൂഷണസ്യ ച ഹന്താരൌ ഖരസ്യ ച മഹാബലൌ
സാദിതൌ മാമകൈർബ്ബാണൈർഭ്രാതരൌ രാമലക്ഷ്മണൌ. 12

"ദൂഷണസ്യ ച	"ദൂഷണനേയും	രാമലക്ഷ്മണൌ	ശ്രീരാമലക്ഷ്മണന്മാർ
ഖരസ്യ ച	ഖരനേയും	മാമകൈഃ	എന്റെ
ഹന്താരൌ	വധിച്ച	ബാണൈഃ	ബാണങ്ങൾകൊണ്ടു
മഹാബലൌ	മഹാ ശക്തിമാന്മാരും	സാദിതൌ.	നശിപ്പിക്കപ്പെട്ടു.
ഭ്രാതരൌ	ഭ്രാതാക്കന്മാരുമായ		

നേമൌ മോക്ഷയിതും ശക്യാവേതസ്മാദിഷുബന്ധനാത്
സർവ്വൈരപി സമാഗമ്യ സർഷിസംഘൈഃ സുരാസുരൈഃ. 13

"സർഷി-സംഘൈഃ	"ഋഷിഗണങ്ങളോടു കൂടിയ	ഏതസ്മാത്	ഈ
സുരാസുരൈഃ	ദേവാസുരന്മാർ	ഇഷുബന്ധനാത്	ശരബന്ധത്തിൽനിന്നു
സർവ്വൈഃ	എല്ലാവരാലും	മോക്ഷയിതും	വിടുവിപ്പാൻ
സമാഗമ്യ അപി	ഒന്നിച്ചുചേർന്നാലുംകൂടി	ഇമൌ	ഇവരിരുവരും
		ശക്യൌ ന.	സാദ്ധ്യപ്പെടുന്നവരാകയില്ല.

യത്കൃതേ ചിന്തയാനസ്യ ശോകാൎത്തസ്യ പിതുൎമ്മമ
അസ്പൃഷ്ട്വാ ശയനം ഗാത്രൈസ്ത്രിയാമാ യാതി ശൎവ്വരീ 14
കൃത്സ്നേയം യത്കൃതേ ലങ്കാ നദീവൎഷാസ്വിവാകുലാ
സോऽയം മൂലഹരോऽനൎത്ഥഃ സൎവ്വേഷാം നിഹതോ മയാ. 15

"യത്കൃതേ	"യാതൊരുവൻ കാരണമായി	ഇയം ലങ്കാ	ഈ ലങ്ക
ചിന്തയാനസ്യ	വിചാരപ്പെട്ടുകൊണ്ടു്	കൃത്സ്നാ,	മുഴുവനും,
ശോകാൎത്തസ്യ	അതിയായി ദുഃഖിക്കുന്ന	വൎഷാസു	വൎഷക്കാലങ്ങളിൽ
മമ പിതുഃ,	എന്റെ പിതാവിന്നു്,	നദീ ഇവ	നദിയെന്നപോലെ
ത്രിയാമാ	മൂന്നു യാമങ്ങളടങ്ങിയ [തായ	ആകുലാ,	കലങ്ങിയിരിക്കുന്നുവോ
ശൎവ്വരീ	രാത്രി മുഴുവൻ	സൎവ്വേഷാം	എല്ലാവൎക്കും
ശയനം	തല്പത്തെ	മൂലഹരഃ	സൎവ്വനാശകരമായ
ഗാത്രൈഃ	അംഗങ്ങൾകൊണ്ടു്	അനൎത്ഥഃ	വിപത്താകുന്ന
അസ്പൃഷ്ട്വാ	തൊടാതെതന്നെ	സഃ	ആ പ്രകാരമുള്ള
യാതി,	കഴിയുന്നുവോ,	അയം,	ഇവൻ
യത്കൃതേ	യാതൊരുവൻ കാരണമായി	മയാ	എന്നാൽ
		നിഹതഃ.	വധിക്കപ്പെട്ടുകഴിഞ്ഞു.

[“ത്രിയാമാ” രാത്രിയിൽ ആദ്യത്തെ യാമത്തിൽ ആദ്യത്തെ പകുതിയും, ഒടുവിലത്തെ യാമത്തിൽ ഒടുവിലത്തെ പകുതിയും രണ്ടു സന്ധ്യകളിലും ചേൎന്നതായി, ചേഷ്ടാകാലം, പ്രഃബോധകാലം എന്നു പറയുന്നതിനാൽ അവയെ കഴിച്ചു് ബാക്കി മൂന്നു യാമങ്ങൾ മാത്രമുള്ളതാകുന്ന രാത്രി എന്നു സാരം.].

രാമസ്യ ലക്ഷ്മണസ്യാപി സൎവ്വേഷാം ച വനൌകസാം
വിക്രമാ നിഷ്ഫലാഃ സൎവ്വേ യഥാ ശരദി തോയദാഃ. 16

"രാമസ്യ	"രാമന്റെയും	വിക്രമാഃ സൎവ്വേ,	യുദ്ധപരാക്രമങ്ങളെല്ലാം
ലക്ഷ്മണസ്യ അപി	ലക്ഷ്മണന്റെയും	ശരദി	ശരത്കാലത്തിൽ
വനൌകസാം	വാനരന്മാർ	തോയദാഃ യഥാ	മേഘങ്ങളെന്നപോലെ
സൎവ്വേഷാം ച	എല്ലാവരുടേയും	നിഷ്ഫലാഃ."	നിഷ്ഫലങ്ങളായി ഭവിച്ചിരിക്കുന്നു."

ഏവമുക്ത്വാ തു താൻ സൎവ്വാൻ രാക്ഷസാൻ പരിപാൎശ്വതഃ
യൂഥപാനപി താൻ സൎവ്വാൻ താഡയാമാസ രാവണിഃ. 17

രാവണിഃ	ഇന്ദ്രജിത്തു്	ഏവം	ഇപ്രകാരം
പരിപാൎശ്വതഃ	അടുത്തുനിന്നിരുന്ന	ഉക്ത്വാ,	ഉരചെയ്തശേഷം,
താൻ	ആ	താൻ യൂഥപാൻ	ആ പടത്തലവന്മാർ
രാക്ഷസാൻ	രാക്ഷസർ	സൎവ്വാൻ അപി	എല്ലാവരേയുംതന്നെ
സൎവ്വാൻ തു	എല്ലാവരോടായും	താഡയാമാസ.	താഡിച്ചു.

നീലം നവഭിരാഹത്യ മൈന്ദം ച ദ്വിവിദം തഥാ
ത്രിഭിസ്ത്രിഭിരമിത്രഘ്നസ്തതാപ പ്രവരേഷുഭിഃ. 18

അമിത്രഘ്നഃ,	ശത്രുവിധ്വംസകനായ അവൻ,
നവഭിഃ	ഒമ്പത്
പ്രവരേഷുഭിഃ	ഉത്തമബാണങ്ങൾ [കൊണ്ട്
നീലം	നീലനെ
ആഹത്യ,	പ്രഹരിച്ച്
തഥാ	അപ്രകാരംതന്നെ
മൈന്ദം	മൈന്ദനേയും
ദ്വിവിദം ച	ദ്വിവിദനേയും
ത്രിഭിഃ ത്രിഭിഃ	മുമ്മൂന്നുബാണങ്ങൾ കൊണ്ട്
തതാപ.	വ്യഥപ്പെടുത്തി.

ജാംബവന്തം മഹേഷ്വാസോ വിദ്ധ്വാ ബാണേന വക്ഷസി
ഹനൂമതോ വേഗവതോ വിസസർജ്ജ ശരാൻ ദശ. 19

മഹേഷ്വാസഃ	വൻവില്ലാളിയായ അവൻ
ജാംബവന്തം	ജാംബവാനെ
ബാണേന	ഒരു ബാണംകൊണ്ട്
വക്ഷസി	മാറിൽ
വിദ്ധ്വാ	തുളച്ച്,
വേഗവതഃ	അതിവേഗതയാർന്ന
ദശ ശരാൻ	പത്തുബാണങ്ങളെ
ഹനൂമതഃ	ഹനുമാനുനേരെ
വിസസർജ്ജ	പ്രയോഗിച്ചു.

ഗവാക്ഷം ശരഭം ചൈവ ദ്വാവപ്യമിതതേജസൌ
ദ്വാഭ്യാം ദ്വാഭ്യാം മഹാവേഗോ വിവ്യാധ യുധി രാവണിഃ. 20

യുധി	പോരിൽ
മഹാവേഗഃ	അതിശക്തിമാനായ
രാവണിഃ,	ഇന്ദ്രജിത്ത്,
ഗവാക്ഷം ച	ഗവാക്ഷനും
ശരഭം ഏവ	ശരഭനും ആയ
അമിത-തേജസൌ	അപരിമിതപരാക്രമശാലികളായ
ദ്വൌ അപി	രണ്ടുപേരേയും
ദ്വാഭ്യാം ദ്വാഭ്യാം	ഈരണ്ടിനാൽ
വിവ്യാധ.	പീഡിപ്പിച്ചു.

ഗോലാംഗൂലേശ്വരം ചൈവ വാലിപുത്രമഥാംഗദം
വിവ്യാധ ബഹുഭിർബാണൈസ്ത്വരമാണോഽഥ രാവണിഃ. 21

അഥ	അതിൽപിന്നെ
രാവണിഃ	രാവണാത്മജൻ
ത്വരമാണഃ	ബദ്ധപ്പെട്ടുകൊണ്ട്
ഗോലാംഗൂലേശ്വരം ച	ഗോലാംഗൂലാധിപനായ ഗവാക്ഷനേയും
വാലിപുത്രം	ബാലിസുതനായ
അംഗദം ഏവ	അംഗദനേയും
ബഹുഭിഃ	അനേകം
ബാണൈഃ	ബാണങ്ങൾകൊണ്ട്
വിവ്യാധ.	എയ്തു.

താൻ വാനരവരാൻ ഭിത്വാ ശരൈരഗ്നിശിഖോപമൈഃ
നനാദ ബലവാംസ്തത്ര മഹാസത്വഃ സ രാവണിഃ. 22

തത്ര	ആ സമയം
ബലവാൻ	ബലവാനും
മഹാസത്വഃ	മഹാപൌരുഷശാലിയും ആയ
സഃ രാവണിഃ,	ആ ഇന്ദ്രജിത്ത്,
താൻ	ആ
വാനരവരാൻ	വാനരോത്തമന്മാരെ
അഗ്നിശിഖോപമൈഃ	അഗ്നിജ്വാലകളൊത്ത
ശരൈഃ	ശരങ്ങൾകൊണ്ട്,
ഭിത്വാ	പിളന്ന്
നനാദ	അട്ടഹസിച്ചു.

താനർദ്ദയിത്വാ ബാണൌഘൈസ്ത്രാസയിത്വാ ച വാനരാൻ
പ്രജഹാസ മഹാബാഹുർവ്വചനം ചേദമബ്രവീത്. 23

മഹാബാഹുഃ	മഹാബാഹുവായ അ	ത്രാസയിത്വാ ച	ഭയപ്പെടുത്തി
താൻ വാനരാൻ	ആ വാനരന്മാരെ[വൻ,	പ്രജഹാസ;	അട്ടഹസിച്ചു;
ബാണൌഘൈഃ	ശരനിരകളാൽ	ഇദം വചനം ച	ഈ വാക്യവും
അർദ്ദയിത്വാ	കുഴക്കി	അബ്രവീത്.	ഉരചെയ്തു.

ശരബന്ധേന ഘോരേണ മയാ ബദ്ധൌ ചമൂമുഖേ
സഹിതൌ ഭ്രാതരാവേതൌ നിശാമയത രാക്ഷസാഃ. 24

"രാക്ഷസാഃ!	"രാക്ഷസന്മാരെ!	ഘോരേണ	നിഷ്ഫലമാകാത്ത
ചമൂമുഖേ	പോർത്തലയ്ക്കൽ	ശരബന്ധേന	ശരബന്ധത്താൽ
ഭ്രാതരൌ	ഭ്രാതാക്കന്മാരായ	മയാ ബദ്ധൌ	എന്നാൽ ബന്ധിക്കപ്പെട്ടിരിക്കുന്നു;
ഏതൌ	ഇവരിരുവരും		
സഹിതൌ	ഒരുമിച്ച്	നിശാമയത."	നോക്കുവിൻ."

ഏവമുക്താസ്തു തേ സർവ്വേ രാക്ഷസാഃ കൂടയോധിനഃ
പരം വിസ്മയമാജഗ്മുഃ കർമ്മണാ തേന ഹർഷിതാഃ. 25

ഏവം	ഇപ്രകാരം	രാക്ഷസാഃ സർവ്വേ	രാക്ഷസന്മാരെല്ലാം
ഉക്താഃ	പറയപ്പെട്ട	തേന കർമ്മണാ	ആ കൃത്യത്താൽ
തേ	ആ	ഹർഷിതാഃ	അതി സന്തുഷ്ടരായി
കൂടയോധിനഃ തു	ചതിപ്പോർ ചെയ്യുന്നവരായ	പരം വിസ്മയം ആജഗ്മുഃ.	അത്യാശ്ചര്യമുൾക്കൊണ്ടു.

വിനേദുശ്ച മഹാനാദാൻ സർവ്വതോ ജലദോപമാഃ
ഹതോ രാമ ഇതി ജ്ഞാത്വാ രാവണിം സമപൂജയൻ. 26

ജലദോപമാഃ	മേഘസദൃശരായ അവർ	സർവ്വതഃ	എങ്ങും
രാമഃ ഹതഃ ഇതി	ശ്രീരാമൻ ഹനിക്കപ്പെട്ടു എന്ന്	മഹാനാദാൻ	അട്ടഹാസങ്ങൾ
		വിനേദുഃ;	മുഴക്കി;
		രാവണിം ച	ഇന്ദ്രജിത്തിനേയും
ജ്ഞാത്വാ,	അറിഞ്ഞ്,	സമപൂജയൻ.	കൊണ്ടാടി.

നിഷ്പന്ദൌ തു തദാ ദൃഷ്ട്വാ താവുഭൌ രാമലക്ഷ്മണൌ
വസുധായാം നിരുച്ഛ്വാസൌ ഹതാവിത്യന്വമന്യത. 27

തദാ	ആ സമയം	തൌ രാമലക്ഷ്മണൌ ഉഭൌ	ആ ശ്രീരാമലക്ഷ്മണന്മാരിരുവരേയും
വസുധായാം നിഷ്പന്ദൌ	നിലത്ത് അനക്കമില്ലാത്തവരായി	ദൃഷ്ട്വാ,	കണ്ട്,
നിരുച്ഛ്വാസൌ	ശ്വസിപ്പാൻ കഴിയാത്തവരായി	ഹതൌ ഇതി തു	മരിച്ചവരെന്നു തന്നെ
		അന്വമന്യത.	അവൻ നിശ്ചയിച്ചു.

ഹർഷേണ തു സമാവിഷ്ട ഇന്ദ്രജിത് സമിതിഞ്ജയഃ
പ്രവിവേശ പുരീം ലങ്കാം ഹർഷയൻ സർവ്വനൈരൃതാൻ. 28

സമിതിഞ്ജയഃ	പോരിൽ ജയം നേടിയവനായ	സർവ്വ-നൈരൃതാൻ	എല്ലാ രാക്ഷസരേയും
ഇന്ദ്രജിത്	ഇന്ദ്രജിത്ത്	ഹർഷയൻ,	ഉത്സാഹപ്പെടുത്തുന്നവനായി,
ഹർഷേണ സമാവിഷ്ടഃ തു	സന്തോഷത്തിൽ മുഴുകിയവനായി,	ലങ്കാം പുരീം	ലങ്കാപുരത്തിൽ
		പ്രവിവേശ.	പ്രവേശിച്ചു.

രാമലക്ഷ്മണയോർദൃഷ്ട്വാ ശരീരേ സായകൈശ്ചിതേ
സർവ്വാണി ചാംഗോപാംഗാനി സുഗ്രീവം ഭയമാവിശത്. 29

സായകൈഃ	ബാണങ്ങൾകൊണ്ട്	സർവ്വാണി	എല്ലാം
ചിതേ	നിറയപ്പെട്ടവയായ		
രാമ-ലക്ഷ്മണയോഃ	ശ്രീരാമലക്ഷ്മണന്മാരുടെ	ദൃഷ്ട്വാ ച,	കണ്ടപ്പോൾ,
ശരീരേ,	ശരീരങ്ങളേയും,	സുഗ്രീവം	സുഗ്രീവനെ
അംഗോ-പാംഗാനി	കരചരണാദ്യംഗങ്ങളേയും വിരൽ മുതലായ ഉപാംഗങ്ങളേയും	ഭയം	ഭയം
		ആവിശത്.	ബാധിച്ചു കളഞ്ഞു.

തമുവാച പരിത്രസ്തം വാനരേന്ദ്രം വിഭീഷണഃ
സബാഷ്പവദനം ദീനം ക്രോധവ്യാകുലലോചനം. 30

വിഭീഷണഃ,	വിഭീഷണൻ,	സബാഷ്പവദനം	അശ്രുക്കൾനിറഞ്ഞ മുഖത്തോടെ
ക്രോധവ്യാകുല-ലോചനം	കോപത്താൽ കലങ്ങിയ കണ്ണുകളോടുകൂടിയവനും	പരിത്രസ്തം	ഉള്ളം കലങ്ങിക്കിടന്നവനും ആയ
ദീനം	ഏക്കംപിടിച്ചുപോയവനും	തം വാനരേന്ദ്രം	ആ വാനരേന്ദ്രനോടായി
		ഉവാച.	ഇങ്ങിനെ ഉരചെയ്തു.

അലം ത്രാസേന സുഗ്രീവ ബാഷ്പവേഗോ നിഗൃഹ്യതാം
ഏവംപ്രായാണി യുദ്ധാനി വിജയോ നാസ്തി നൈഷ്ഠികഃ. 31

"സുഗ്രീവ!	"സുഗ്രീവ!	ഏവംപ്രായാണി;	ഇപ്രകാരംതന്നെയാണ്;
ത്രാസേന അലം;	ഭയപ്പെടാതിരുന്നാലും;		
ബാഷ്പവേഗഃ	കണ്ണീർവാർക്കുന്നത്	വിജയഃ	ഇപ്പോൾകണ്ടജയം
നിഗൃഹ്യതാം;	തടയപ്പെടട്ടെ;	നൈഷ്ഠികഃ ന അസ്തി.	സ്ഥിരമായതാണെന്നു വിചാരിക്കേണ്ട.
യുദ്ധാനി	യുദ്ധങ്ങൾ		

["വിജയഃ നൈഷ്ഠികഃ ന അസ്തി" ജയമെന്നത് ഒരുവന്ന് എപ്പോഴും ശാശ്വതമായതല്ല. ഒരുവൻ എപ്പോഴും ജയിച്ചുകൊണ്ടുതന്നെ ഇരിക്കും എന്നുള്ളതില്ല. എന്നും.]

സശേഷഭാഗ്യതാഽസ്മാകം യദി വീര ഭവിഷ്യതി
മോഹമേതൌ പ്രഹാസ്യേതേ മഹാത്മാനൌ മഹാബലൌ. 32

"വീര!	"വീര!	മഹാബലൌ	മഹാശക്തിമാന്മാരും
അസ്മാകം	നമുക്ക്	മഹാത്മാനൌ	മഹാത്മാക്കളുമായ
സശേഷ-ഭാഗ്യതാ	പുണ്യത്തിന്റെ അവശിഷ്ടം വല്ലതും	ഏതൌ,	ഇവർ,
ഭവിഷ്യതി യദി,	ഉണ്ടെന്നാൽ,	മോഹം പ്രഹാസ്യേതേ.	തത്കാലമുണ്ടായിട്ടുള്ള ഈ മോഹാലസ്യം തെളിയുന്നതാണ്.

പര്യവസ്ഥാപയാത്മാനമനാഥം മാം ച വാനര
സത്യധർമ്മാഭിരക്താനാം നാസ്തി മൃത്യുകൃതം ഭയം. 33

"വാനര!	"വാനര!	സത്യധർമ്മാഭി-രക്താനാം	സത്യത്തിലും ധർമ്മത്തിലും നിഷ്ഠയോടുകൂടിയവർക്ക്
ആത്മാനം	അങ്ങയെ	മൃത്യുകൃതം	മൃത്യുവിനാൽ വിളയുന്ന
പര്യവസ്ഥാ-പയ;	ധൈര്യപ്പെടുത്തിക്കൊൾക;	ഭയം	ആപത്ത്
അനാഥം മാം	ഏകനായ് വന്നിരിക്കുന്ന എന്നേയും	ന അസ്തി."	ഇല്ലതന്നെ."
ച;	അപ്രകാരം തന്നെ ധൈര്യപ്പെടുത്തുക;		

ഏവമുക്ത്വാ തതസ്തസ്യ ജലക്ലിന്നേന പാണിനാ
സുഗ്രീവസ്യ ശുഭേ നേത്രേ പ്രമമാർജ്ജ വിഭീഷണഃ. 34

വിഭീഷണഃ	വിഭീഷണൻ	ശുഭേ	അഴകാന്ന
ഏവം ഉക്ത്വാ	ഇങ്ങിനെ ഉരചെയ്തു്	നേത്രേ	രണ്ടുനേത്രങ്ങളേയും,
തതഃ	അതിൽപിന്നെ	ജലക്ലിന്നേന	വെള്ളം നനച്ച
തസ്യ	ആ	പാണിനാ	കൈകൾകൊണ്ടു
സുഗ്രീവസ്യ	സുഗ്രീവന്റെ	പ്രമമാർജ്ജ.	തുടച്ചു.

തതഃ സലിലമാദായ വിദ്യയാ പരിജപ്യ ച
സുഗ്രീവനേത്രേ ധർമ്മാത്മാ സ മമാർജ്ജ വിഭീഷണഃ. 35

സഃ ധർമ്മാത്മാ	ആ ധർമ്മാത്മാവായ	വിദ്യയാ പരിജപ്യ ച	ഉച്ചാടനമന്ത്രം ജപിച്ചു ശേഷം,
വിഭീഷണഃ,	വിഭീഷണൻ,	സുഗ്രീവനേത്രേ	സുഗ്രീവന്റെ നേത്രങ്ങളെ
തതഃ	അതിൽപിന്നെ	മമാർജ്ജ.	പ്രോക്ഷണംചെയ്തു.
സലിലം ആദായ	തീർത്ഥം കയ്യിലെടുത്ത്		

പ്രമൃജ്യ വദനം തസ്യ കപിരാജസ്യ ധീമതഃ
അബ്രവീത് കാലസംപ്രാപ്തമസംഭ്രമമിദം വചഃ. 36

തസ്യ ധീമതഃ	ആ ധീമാനായ	കാലസംപ്രാപ്തം	സമയോചിതമായ
കപിരാജസ്യ	വാനരരാജാവിന്റെ	ഇദം വചഃ	ഈ വാക്യത്തെ
വദനം	മുഖത്തിൽ	അസംഭ്രമം	സംഭ്രമംകൂടാതെ
പ്രമൃജ്യ	പ്രോക്ഷിച്ചുശേഷം	അബ്രവീത്.	ഉരചെയ്തു.

ന കാലഃ കപിരാജേന്ദ്ര വൈക്ലബ്യമനുവൎത്തിതും
അതിസ്നേഹോऽപ്യകാലേസ്മിൻ മരണായോപകല്പതേ. 37

"കപിരാജേന്ദ്ര!	"വാനരരാജേന്ദ്ര!	അകാലേ	വിഷമഘട്ടത്തിൽ
വൈക്ലബ്യം	അധൈൎയ്യത്തെ	അതിസ്നേഹഃ } അപി }	അതിസ്നേഹമെന്നതും
അനുവൎത്തിതും	കയ്ക്കൊള്ളത്തക്ക		
കാലഃ ന;	കാലമല്ല;	മരണായ	മരണത്തിന്നു
അസ്മിൻ	ഈ	ഉപകല്പതേ	ഹേതുവായേയ്ക്കും.

തസ്മാദ്ധതസ്യജ്യ വൈക്ലബ്യം സൎവ്വകാൎയ്യവിനാശനം
ഹിതം രാമപുരോഗാണാം സൈന്യാനാമനുചിന്ത്യതാം 38

"തസ്മാത്,	"അതുകൊണ്ടു്,	രാമ-പുരോഗാണാം	ശ്രീരാമാനുവൎത്തികളായ
സൎവ്വകാൎയ്യ-വിനാശനം	സൎവ്വകാൎയ്യവിഘാതമായ		
വൈക്ലബ്യം	അധൈൎയ്യത്തെ	സൈന്യാനാം	സൈന്യങ്ങൾക്കു്
ഉത്സൃജ്യ	വെടിഞ്ഞു്	ഹിതം	അനുകൂലമായുള്ളതു്
		അനുചിന്ത്യതാം.	ആലോചിക്കപ്പെടട്ടെ.

അഥവാ രക്ഷ്യതാം രാമോ യാവത്സംജ്ഞാവിപൎയ്യയഃ. 39

"രാമഃ	"ശ്രീരാമൻ	രക്ഷ്യതാം;	ശ്രദ്ധയോടെ സംരക്ഷിക്കപ്പെടേണ്ടതാണു്;
സംജ്ഞാ-വിപൎയ്യയഃ യാവത്	ബോധം തെളിയുന്നതുവരെയ്ക്കും	അഥവാ?	മറെറന്താണു് ആലോചിപ്പാനുള്ളതു്?

ലബ്ധസംജ്ഞൌ ഹി കാകുത്സ്ഥൌ ഭയം നോ വ്യപനേഷ്യതഃ. 40

"കാകുത്സ്ഥൌ	"ശ്രീരാമലക്ഷ്മണന്മാർ	നഃ	നമ്മുടെ
ലബ്ധസംജ്ഞൌ	ബോധം തെളിഞ്ഞ	ഭയം	ഭയത്തെ
ഹി,	നിശ്ചയമായും [വരായി	വ്യപനേഷ്യതഃ.	പോക്കുന്നതാണു്.

നൈതത് കിഞ്ചന രാമസ്യ ന ച രാമോ മുമൂഷ്തി
ന ഹ്യേനം ഹാസ്യതേ ലക്ഷ്മീർദ്ദുൎല്ലഭാ യാ ഗതായുഷാം. 41

"രാമസ്യ	"ശ്രീരാമന്നു്	ഗതായുഷാം	ആയുസ്സററവൎക്കു്
ഏതത്	ഇതു്	യാ ലക്ഷ്മീഃ	യാതൊരു ശ്രീ
കിഞ്ചന ന;	സാരമില്ല;	ദുൎല്ലഭാ	ഉണ്ടാകയില്ലയോ,
രാമഃ മുമൂഷ്തി ച ന	ശ്രീരാമൻ മൃതിപ്പെടുകയുമില്ല;	ഏനം	ഇദ്ദേഹത്തെ [അതു്
		ഹാസ്യതേ ന ഹി.	വിട്ടുപിരിയുന്നില്ല.

തസ്മാദാശ്വാസയാത്മാനം ബലം ചാശ്വാസയ സ്വകം
യാവത് കാൎയ്യാണി സൎവ്വാണി പുനഃ സംസ്ഥാപയാമ്യഹം. 42

"തസ്മാത്	"അതുകൊണ്ടു്	കാൎയ്യാണി സൎവ്വാണി	വേണ്ടുന്ന കൃത്യങ്ങൾ എല്ലാററിനേയും
അഹം	ഞാൻ	പുനഃ	വീണ്ടും

സംസ്ഥാപയാമി യാവത്, } നേരെയാക്കുന്നതു വരെക്കും,
ആത്മാനം തന്നെത്താൻ
ആശ്വാസയ; ധൈൎയ്യപ്പെടുത്തുക;
സ്വകം ബലം ച സ്വസൈന്യത്തേയും
ആശ്വാസയ. ധൈൎയ്യപ്പെടുത്തിയാലും

ഏതേ ഹി ഫുല്ലനയനാസ്ത്രാസാദാഗതസാധ്വസാഃ
കൎണ്ണേ കൎണ്ണേ പ്രകഥിതാ ഹരയോ ഹരിസത്തമ 43

"ഹരിസത്തമ! "വാനരോത്തമ!
ഏതേ ഹരയഃ ഹി ഈ വാനരന്മാരാകട്ടേ
ത്രാസാത് ഭയത്താൽ
ആഗതസാധ്വസാഃ, } കലക്കം പൂണ്ടവരായി,
ഫുല്ലനയനാഃ, കണ്ണുകൾ തുറിച്ചുകൊണ്ട്,
കൎണ്ണേ കൎണ്ണേ പ്രകഥിതാഃ. ചെവിക്കു ചെവി ഓരോരുത്തർ മന്ത്രിക്കുകയാണ്.

മാം തു ദൃഷ്ട്വാ പ്രധാവന്തമനീകം സംപ്രഹൎഷിതും
ത്യജന്തു ഹരയസ്ത്രാസം ഭുക്തപൂൎവ്വാമിവ സ്രജം. 44

"ഹരയഃ "വാനരന്മാർ
അനീകം സൈന്യത്തെ
സംപ്രഹൎഷിതും ഉത്സാഹപ്പെടുത്തു
പ്രധാവന്തം ഓടിച്ചെല്ലുന്ന [വാൻ
മാം ദൃഷ്ട്വാ തു, എന്നെ കണ്ട്,
ഭുക്തപൂൎവ്വാം സ്രജം ഇവ } ചൂടിക്കഴിഞ്ഞ പൂമാലയെ എന്നപോലെ
ത്രാസം ത്യജന്തു." ഭയംവെടിയേണം."

സമാശ്വാസ്യ തു സുഗ്രീവം രാക്ഷസേന്ദ്രോ വിഭീഷണഃ
വിദ്രുതം വാനരാനീകം തത് സമാശ്വാസയത് പുനഃ. 45

രാക്ഷസേന്ദ്രഃ രാക്ഷസേന്ദ്രനായ
വിഭീഷണഃ, വിഭീഷണൻ,
സുഗ്രീവം സുഗ്രീവനെ
സമാശ്വാസ്യ, സമാധാനിപ്പിച്ചശേ
വിദ്രുതം അമ്പരന്നുകിടന്ന [ഷം
തത് ആ
വാനരാനീകം വാനരസൈന്യത്തെ
പുനഃ തു അപ്രകാരംതന്നെ
സമാശ്വാസയത്. } സമാധാനിപ്പിച്ചു.

ഇന്ദ്രജിത് തു മഹാമായോ സൎവ്വസൈന്യസമാവൃതഃ
വിവേശ നഗരീം ലങ്കാം പിതരം ചാഭ്യുപാഗമത്. 46

മഹാമായഃ മഹാമായാവിയായ
ഇന്ദ്രജിത് തു ഇന്ദ്രജിത്താകട്ടെ
സൎവ്വസൈന്യസമാവൃതഃ } എല്ലാസൈന്യങ്ങളാലും ചൂഴപ്പെട്ടവനായി
ലങ്കാം നഗരീം ലങ്കാപുരത്തിൽ
വിവേശ; പ്രവേശിച്ചു;
പിതരം ച അഭ്യുപാഗമത്. } പിതാവിന്റെ അടുക്കൽചെന്നു.

തത്ര രാവണമാസീനമഭിവാദ്യ കൃതാഞ്ജലിഃ
ആചചക്ഷേ പ്രിയം പിത്രേ നിഹതൌ രാമലക്ഷ്മണൌ. 47

തത്ര അവിടെ
ആസീനം എഴുന്നെള്ളിയിരുന്ന
രാവണം രാവണനെ
അഭിവാദ്യ, നമസ്കരിച്ച്,
കൃതാഞ്ജലിഃ കൈകൂപ്പിക്കൊണ്ട്
പിത്രേ പിതാവിനോടായി
രാമലക്ഷ്മണൌ രാമലക്ഷ്മണന്മാർ
നിഹതൌ ഹനിക്കപ്പെട്ടു എന്നുള്ള
പ്രിയം പ്രിയവൎത്തമാനത്തെ
ആചചക്ഷേ. കേൾപ്പിച്ചു.

രാവണോ രക്ഷസാം മദ്ധ്യേ ശ്രുത്വാ ശത്രൂ നിപാതിതൌ
ഉത്പപാത തതോ ഹൃഷ്ടഃ പുത്രം ച പരിഷസ്വജേ. 48

രാവണഃ,	രാവണൻ	തതഃ	അതിനാൽ
ശത്രൂ	ശത്രുക്കളിരുവരും	ഹൃഷ്ടഃ	സന്തുഷ്ടചിത്തനായി
നിപാതിതൌ	വധിക്കപ്പെട്ടവരായി	ഉത്പപാത;	ചാടിയെഴുന്നേററു ;
രക്ഷസാം	രാക്ഷസരുടെ ഇടയിൽ	പുത്രം ച	പുത്രനേയും
മദ്ധ്യേ, ശ്രുത്വാ,	വെച്ച് കേട്ട്,	പരിഷസ്വജേ.	മാറോടണച്ചു.

ഉപാഘ്രായ സ മൂർധ്ന്യേനം പപ്രച്ഛ പ്രീതമാനസഃ. 49

സഃ	അവൻ	പ്രീതമാനസഃ	അകം കുളുത്തവനായി
ഏനം മൂർധ്നി	ഇവനെ ശിരസ്സിൽ	പപ്രച്ഛ.	എല്ലാററിനേയും കുറിച്ചു
ഉപാഘ്രായ,	മുകന്ന്,		ചോദ്യം ചെയ്തു.

പൃച്ഛതേ ച യഥാവൃത്തം പിത്രേ സർവ്വം ന്യവേദയത്
യഥാ തൌ ശരബന്ധേന നിശ്ചേഷ്ടൌ നിഷ്പ്രഭൌ കൃതൌ. 50

പൃച്ഛതേ	ചോദിക്കുന്ന	നിഷ്പ്രഭൌ	തേജസ്സററവരാക്കപ്പെട്ടു
പിത്രേ,	പിതാവിനോടായി,	കൃതൌ ച	എന്നുള്ളത്
തൌ	അവരിരുവരും	യഥാ	എപ്രകാരമോ അപ്ര
		സർവ്വം	എല്ലാററിനേയും [കാരം
ശരബന്ധേന	ശരപാശത്താൽ	യഥാവൃത്തം	നടന്നപോലെതന്നെ
നിശ്ചേഷ്ടൌ	അനക്കമില്ലാത്തവരായി	ന്യവേദയത്.	ഉണർത്തിച്ചു.

സ ഹർഷവേഗാനുഗതാന്തരാത്മാ
ശ്രുത്വാ വചസ്തസ്യ മഹാരഥസ്യ
ജഹൌ ജ്വരം ദാശരഥേഃ സമുത്ഥിതം
പ്രഹൃഷ്യ വാചാഽഭിനനന്ദ പുത്രം. 51

സഃ	ആ രാവണൻ,	ദാശരഥേഃ	ശ്രീരാമങ്കൽനിന്ന്
തസ്യ	ആ	സമുത്ഥിതം	ഉളവായ
മഹാരഥസ്യ	മഹാരഥന്റെ	ജ്വരം	ആധിയെ
വചഃ ശ്രുത്വാ,	വാക്കുകേട്ട്,	ജഹൌ ;	പരിത്യജിച്ചു ;
ഹർഷ-	സന്തോഷാതിശയം പൂ	പ്രഹൃഷ്യ	ഉത്സാഹമുൾക്കൊണ്ട്
വേഗാനു-	ണ്ട ചിത്തത്തോടുകൂടി	പുത്രം വാചാ	പുത്രനെ ആവോളം
ഗതാന്തരാത്മാ	യവനായി	അഭിനനന്ദ.	പുകഴ്ത്തി.

[“വാചാ അഭിനനന്ദ” (പുത്രപ്രീതിയാൽ വാക്കുകൊണ്ടുമാത്രം പുകഴ്ത്തി) എന്ന് തീർത്ഥീയം. ഈ സർഗ്ഗത്തോടുകൂടി ശുക്ലപ്രതിപദംവരെയുള്ള യുദ്ധം പറയപ്പെട്ടു എന്നു തീർത്ഥീയം. ഇതിൽ അഭിപ്രായവ്യത്യാസങ്ങളുണ്ട്.]

ഇത്യാർഷേ ശ്രീമദ്രാമായണേ വാല്മീകീയേ ആദികാവ്യേ യുദ്ധകാണ്ഡേ
ഷട്ചത്വാരിംശഃ സർഗ്ഗഃ = നാല്പത്താറാംസർഗ്ഗം സമാപ്തം.
ആദ്യം മുതൽ ശ്ലോകസംഖ്യ 16497 ; യുദ്ധകാണ്ഡം ആദ്യം മുതൽ ശ്ലോകസംഖ്യ 1822.

സപ്തചത്വാരിംശഃ സൎഗ്ഗഃ = നാല്പത്തേഴാംസൎഗ്ഗം.

[നാഗപാശബദ്ധരാമലക്ഷ്മണപ്രദൎശനം = നാഗപാശംകൊണ്ടു് ബന്ധിക്കപ്പെട്ട ശ്രീരാമലക്ഷ്മണന്മാരെ സീതക്കു് കാട്ടിക്കൊടുക്കുന്നതു്.]

പ്രതിപ്രവിഷ്ടേ ലങ്കാം തു കൃതാൎത്ഥേ രാവണാത്മജേ
രാഘവം പരിവാൎയ്യാൎത്താ രരക്ഷുൎവാനരൎഷഭാഃ. 1

രാവണാത്മജേ	രാവണാത്മജൻ
കൃതാൎത്ഥേ,	വിചാരിച്ച കാൎയ്യം സാധിച്ചവനായി,
ലങ്കാം	ലങ്കയിൽ
പ്രതി-പ്രവിഷ്ടേ തു,	തിരിച്ചെത്തിയാറെ,
വാനരൎഷഭാഃ,	വാനരോത്തമന്മാർ,
ആൎത്താഃ	വ്യസനാക്രാന്തരായി
രാഘവം	ശ്രീരാമനെ
പരിവാൎയ്യ	ചുഴന്നു്
രരക്ഷുഃ.	കാത്തുകൊണ്ടിരുന്നു.

ഹനുമാനംഗദോ നീലഃ സുഷേണഃ കുമുദോऽനലഃ
ഗജോ ഗവാക്ഷോ ഗവയഃ ശരഭോ ഗന്ധമാദനഃ
ജാംബവാനൃഷഭഃ സ്കന്ധോ രംഭഃ ശതബലിഃ പൃഥുഃ 2
വ്യൂഢാനീകാശ്ച യത്താശ്ച ദ്രുമാനാദായ സൎവ്വതഃ
വീക്ഷമാണാ ദിശഃ സൎവ്വാസ്തിൎയ്യഗൂൎദ്ധ്വം ച വാനരാഃ
തൃണേഷ്വപി ച ചേഷ്ടത്സു രാക്ഷസാ ഇതി മേനിരേ. 3

ഹനുമാൻ	ഹനുമാൻ
അംഗദഃ	അംഗദൻ,
നീലഃ	നീലൻ
സുഷേണഃ	സുഷേണൻ,
കുമുദഃ	കുമുദൻ
നളഃ	നളൻ,
ഗജഃ	ഗജൻ
ഗവാക്ഷഃ	ഗവാക്ഷൻ,
ഗവയഃ	ഗവയൻ
ശരഭഃ	ശരഭൻ,
ഗന്ധമാദനഃ,	ഗന്ധമാദനൻ,
ജാംബവാൻ,	ജാംബവാൻ,
ഋഷഭഃ	ഋഷഭൻ
സ്കന്ധഃ	സ്കന്ധൻ,
രംഭഃ	രംഭൻ
ശതബലിഃ	ശതബലി
പൃഥുഃ	പൃഥു
വാനരാഃ	എന്ന ഈ വാനരന്മാർ
വ്യൂഢാനീകാഃ ച	സേനകളെ അണിനിരത്തിയവരായി
യത്താഃ ച,	ജാഗ്രതയോടുകൂടിയവരായി,
സൎവ്വതഃ	എല്ലാദിക്കിൽ നിന്നും
ദ്രുമാൻ	വൃക്ഷങ്ങളെ
ആദായ,	കയ്യിലെടുത്തുകൊണ്ടു്,
തിൎയ്യക്	ചുററും,
ഊൎദ്ധ്വം	മുകളിലും,
ദിശഃ സൎവ്വാഃ ച	എല്ലാദിക്കുകളേയും
വീക്ഷമാണാഃ,	സൂക്ഷിച്ചു നോക്കുന്നവരായി,
തൃണേഷു ചേഷ്ടത്സു അപി,	പുല്ലുകൾ അനങ്ങുമ്പോഴും കൂടി,
രാക്ഷസാഃ ഇതി ച	രാക്ഷസന്മാർ എന്നു തന്നെ
മേനിരേ.	വിചാരിച്ചു.

രാവണശ്ചാപി സംഹൃഷ്ടോ വിസൃജ്യേന്ദ്രജിതം സുതം
ആജ്ഞാപയ തതഃ സീതാരക്ഷിണീ രാക്ഷസീസ്തദാ. 4

രാവണഃ ച അപി	രാവണനും	തതഃ	അവിടെനിന്നു
		തദാ	അപ്പോൾതന്നെ
സംഹൃഷ്ടഃ,	ഉള്ളംതെളിഞ്ഞ്,	സീതാരക്ഷിണീഃ	സീതയുടെ കാവൽക്കാരികളായ
സുതം	പുത്രനായ		
ഇന്ദ്രജിതം	ഇന്ദ്രജിത്തിനെ	രാക്ഷസീഃ	രാക്ഷസികളെ
വിസൃജ്യ,	വിടകൊടുത്തയച്ച്,	ആജ്ഞാപയ.	വിളിച്ചുവരുത്തി.

രാക്ഷസ്യസ്ത്രിജടാ ചൈവ ശാസനാത് സമുപസ്ഥിതാഃ. 5

ശാസനാത്,	കല്പനപ്രകാരം,	ത്രിജടാ ഏവ	ത്രിജടയും
രാക്ഷസ്യഃ ച	രാക്ഷസികളും	സമുപസ്ഥിതാഃ.	വന്നെത്തി.

താ ഉവാച തതോ ഹൃഷ്ടോ രാക്ഷസീ രാക്ഷസാധിപഃ. 6

തതഃ	അപ്പോൾ	താഃ	ആ
രാക്ഷസാധിപഃ	രാക്ഷസേശ്വരൻ	രാക്ഷസീഃ	രാക്ഷസികളോടായി
ഹൃഷ്ടഃ	സന്തോഷമുൾക്കൊണ്ട്	ഉവാച.	ഇങ്ങിനെ ഉരചെയ്തു.

ഹതാവിന്ദ്രജിതാഽഽഖ്യാത വൈദേഹ്യാ രാമലക്ഷ്മണൌ 7

"രാമലക്ഷ്മണൌ	" രാമനും ലക്ഷ്മണനും	ഹതൌ,	വധിക്കപ്പെട്ടിരിക്കുന്നു,
		വൈദേഹ്യാഃ	സീതയോട് [എന്ന്
ഇന്ദ്രജിതാ	ഇന്ദ്രജിത്തിനാൽ	ആഖ്യാത.	അറിയിപ്പിൻ.

പുഷ്പകം ച സമാരോപ്യ ദർശയധ്വം ഹതൌ രണേ. 8

" പുഷ്പകം	" പുഷ്പകവിമാനത്തിൽ	ഹതൌ ച	കൊല്ലപ്പെട്ട അവരിരുവരേയും
സമാരോപ്യ	കയററിക്കൊണ്ട്	ദർശയധ്വം.	നേരിൽകാണിച്ചുകൊടുപ്പിൻ.
രണേ	പോരിൽ		

യദാശ്രയാദവഷ്ടബ്ധാ നേയം മാമുപതിഷ്ഠതി
സോഽസ്യാ ഭർത്താ സഹ ഭ്രാത്രാ നിരസ്തോ രണമൂർദ്ധനി. 9

" ഇയം,	" ഇവൾ,	സഃ	അപ്രകാരമുള്ളവനായ
യദാശ്രയാത്	യാതൊരുവനെകരുതി	അസ്യാഃ ഭർത്താ	ഇവളുടെ ഭർത്താവ്
അവഷ്ടബ്ധാ,	ഗർവ്വംകൊണ്ടവളായി,	ഭ്രാത്രാ സഹ	അനുജനോടുംകൂടി
മാം	എന്നെ	രണമൂർദ്ധനി	പോർക്കളത്തിൽ
ഉപതിഷ്ഠതി ന,	അടുക്കുന്നില്ലയോ,	നിരസ്തഃ.	വീഴ്ത്തപ്പെട്ടു.

നിർവ്വിശങ്കാ നിരുദ്വിഗ്നാ നിരപേക്ഷാ ച മൈഥിലീ
മാമുപസ്ഥാസ്യതേ സീതാ സർവ്വാഭരണഭൂഷിതാ.' 10

"മൈഥിലീ — "മിഥിലാധിപസുതയായ
സീതാ ച — സീതാദേവിയും
നിരുദ്വിഗ്നാ — ഭർത്തൃചിന്തയററവളായി
നിർവ്വിശങ്കാ — നിർവ്വിചാരയായി
നിരപേക്ഷാ — മററൊന്നിലുംആഗ്രഹം വെക്കാത്തവളായി
സർവ്വാഭരണഭൂഷിതാ — സർവ്വാലങ്കാരഭൂഷിതയായി
മാം ഉപസ്ഥാസ്യതേ. — എന്നെ പ്രാപിക്കുന്നതാണ്.

അദ്യ കാലവശം പ്രാപ്തം രണേ രാമം സലക്ഷ്മണം
അവേക്ഷ്യ വിനിവൃത്താശാ ചാന്യാം ഗതിമപശ്യതീ
അനപേക്ഷാം വിശാലാക്ഷീ മാമുപസ്ഥാസ്യതേ സ്വയം. 11

" അദ്യ — " ഇപ്പോൾ
രാമം — രാമനെ
സലക്ഷ്മണം — ലക്ഷ്മണനോടുംകൂടി
രണേ — പോരിൽ
കാലവശം പ്രാപ്തം — മൃത്യുവശത്തിൽ പെട്ടവനായി
അവേക്ഷ്യ, — നേരിൽകണ്ട്,
വിനിവൃത്താശാ — അവനെക്കുറിച്ചുള്ള ആശ വിട്ടവളായി,
അന്യാം ഗതിം ച — മറെറാരുഗതിയും
അപശ്യതി, — കാണാത്തവളായി,
അനപേക്ഷാ, — മററൊന്നിലും ആശ വെക്കാതെ,
വിശാലാക്ഷീ, — വിശാലാക്ഷിയായ അവൾ,
മാം — എന്നെ
സ്വയം — തന്നെത്താൻ
ഉപസ്ഥാസ്യതേ." — പ്രാപിക്കുന്നതാണ്."

തസ്യ തദ്വചനം ശ്രുത്വാ രാവണസ്യ ദുരാത്മനഃ
രാക്ഷസ്യസ്താസ്തഥേത്യുക്ത്വാ ജഗ്മുർവൈ യത്ര പുഷ്പകം. 12

താഃ രാക്ഷസ്യഃ, — ആ രാക്ഷസികൾ,
ദുരാത്മനഃ — ദുഷ്ടാത്മാവായ
തസ്യ രാവണസ്യ — ആ രാവണൻെറ
തത് വചനം — ആ ആജ്ഞ
ശ്രുത്വാ, — കേട്ട്;
'തഥാ' — 'കല്പനപോലെ'
ഇതി ഉക്ത്വാ, — എന്നുപറഞ്ഞ്,
പുഷ്പകം യത്ര വൈ — പുഷ്പകം ഉണ്ടായിരുന്ന ദിക്കിലേക്കായി
ജഗ്മുഃ. — ചെന്നു.

തതഃ പുഷ്പകമാദായ രാക്ഷസ്യോ രാവണാജ്ഞയാ
അശോകവനികാസ്ഥാം താം മൈഥിലീം സമുപാനയൻ. 13

രാക്ഷസ്യഃ — രാക്ഷസികൾ
തതഃ — അതിൽപിന്നെ
രാവണാജ്ഞയാ — രാവണാജ്ഞകൈക്കൊണ്ട്
പുഷ്പകം — പുഷ്പകത്തെ
ആദായ, — എടുത്തുകൊണ്ട്,
അശോകവനികാസ്ഥാം — അശോകവനത്തിലിരുന്നിരുന്ന
താം മൈഥിലീം — ആ സീതയുടെ സമീപത്തിൽ
സമുപാനയൻ. — കൊണ്ടുചെന്നു.

താമാദായ തു രാക്ഷസ്യോ ഭർത്തൃശോകപരാജിതാം
സീതാമാരോപയാമാസുർവിമാനം പുഷ്പകം തദാ. 14

തദാ — അപ്പോൾ
രാക്ഷസ്യഃ തു — രാക്ഷസികൾതന്നെ
ഭർത്തൃശോകപരാജിതാം — ഭർത്താവിനെ ചിന്തിച്ച് പരിതപിച്ചിരുന്നിരുന്ന
താം സീതാം — ആ സീതാദേവിയെ
ആദായ — എടുത്ത്
പുഷ്പകം വിമാനം — പുഷ്പകവിമാനത്തിൽ
ആരോപയാമാസുഃ — കയററിയിരുത്തി.

തതഃ പുഷ്പകമാരോപ്യ സീതാം ത്രിജടയാ സഹ
ജഗ്മുർദർശയിതും തസ്യൈ രാക്ഷസ്യോ രാമലക്ഷ്മണൌ. 15

രാക്ഷസ്യഃ	രാക്ഷസികൾ	തസ്യൈ	അവൾക്കായ്ക്കൊണ്ട്
ത്രിജടയാ സഹ	ത്രിജടയോടുംകൂടി	രാമലക്ഷ്മണൌ	ശ്രീരാമലക്ഷ്മണന്മാരെ
സീതാം	സീതാദേവിയെ	ദർശയിതും	കാണിച്ചുകൊടുപ്പാനായി
പുഷ്പകം	പുഷ്പകവിമാനത്തിൽ	തതഃ	അവിടെനിന്നും
ആരോപ്യ	കയററിയശേഷം,	ജഗ്മുഃ.	പോയി.

പ്രാഘോഷയത ഹൃഷ്ടശ്ച ലങ്കായാം രാക്ഷസേശ്വരഃ 16
രാവണോഽകാരയല്ലങ്കാം പതാകാധ്വജമാലിനീം 17
രാഘവോ ലക്ഷ്മണശ്ചൈവ ഹതാവിന്ദ്രജിതാ രണേ. 18

രാക്ഷസേശ്വരഃ	രാക്ഷസാധിപനായ	ലങ്കായാം	ലങ്കയിൽ മുഴുവനും,
രാവണഃ	രാവണൻ	രാഘവഃ ച	രാമനും
ഹൃഷ്ടഃ,	ആനന്ദഭരിതനായി,	ലക്ഷ്മണഃ ഏവ	ലക്ഷ്മണനും
ലങ്കാം	ലങ്കാപുരത്തെ	രണേ	പോരിൽ
പതാകാ-ധ്വജമാലിനീം	കൊടികൾകൊണ്ടും, ജയസ്തംഭങ്ങൾകൊണ്ടും	ഇന്ദ്രജിതാ	ഇന്ദ്രജിത്തിനാൽ
		ഹതൌ	വധിക്കപ്പെട്ടു എന്ന്
അകാരയത്;	അലങ്കരിപ്പിച്ചു;	പ്രാഘോഷയത.	കൊട്ടിയറിയിക്കുകയും ചെയ്തു.
ച	കൂടാതെ		

വിമാനേനാപി സീതാ തു ഗത്വാ ത്രിജടയാ സഹ
ദദർശ വാനരാണാം തു സർവ്വം സൈന്യം നിപാതിതം. 19

സീതാ തു	സീതാദേവിയും	വാനരാണാം	വാനരന്മാരുടെ
ത്രിജടയാ സഹ	ത്രിജടയോടുംകൂടി	സൈന്യം	സൈന്യം
വിമാനേന അപി	വിമാനത്തിൽ കയറിത്തന്നെ	സർവ്വം തു,	മുഴുവനും,
		നിപാതിതം	കുഴഞ്ഞികിടക്കുന്നതായ്
ഗത്വാ,	ചെന്ന്,	ദദർശ.	കണ്ടു.

പ്രഹൃഷ്ടമനസശ്ചാപി ദദർശ പിശിതാശനാൻ
വാനരാംശ്ചാപി ദുഃഖാർത്താൻ രാമലക്ഷ്മണപാർശ്വതഃ. 20

അപി ച	എന്നുതന്നെയല്ല,	രാമലക്ഷ്മണ-പാർശ്വതഃ	ശ്രീരാമലക്ഷ്മണന്മാരുടെ അടുക്കൽ
പിശിതാശനാൻ	രാക്ഷസരെ	ദുഃഖാർത്താൻ അപി	ദുഃഖിച്ച് പരിതപിക്കുന്നവരായും
പ്രഹൃഷ്ട-മനസഃ ച	സന്തുഷ്ടചിത്തരായും		
വാനരാൻ	വാനരന്മാരെ	ദദർശ.	കണ്ടു.

തതഃ സീതാ ദദർശോഭൌ ശയാനൌ ശരതല്പയോഃ
ലക്ഷ്മണം ചാപി രാമം ച വിസംജ്ഞൌ ശരപീഡിതൌ 21
വിധ്വസ്തകവചൌ വീരൌ വിപ്രവിദ്ധശരാസനൌ
സായകൈശ്ഛിന്നസർവ്വാംഗൌ ശരസ്തംബമയൌ ക്ഷിതൌ. 22

തതഃ	അപ്പോൾ
സീതാ,	സീതാദേവി,
രാമം ച	ശ്രീരാമനും
ലക്ഷ്മണം അപി ച	ലക്ഷ്മണനുമായ
ഉഭൌ വീരൌ	ആ രണ്ടു വീരന്മാരേയും,
ശരപീഡിതൌ	ബാണങ്ങളേററ്
വിസംജ്ഞൌ	പ്രജ്ഞയററവരായി,
വിധ്വസ്ത-കവചൌ	കവചമില്ലാതെ

വിപ്രവിദ്ധ-ശരാസനൌ,	വില്ലുകൾ വഴുതിയ വരായി
സായകൈഃ	ബാണങ്ങൾകൊണ്ട്
ഛിന്ന-സർവ്വാംഗൌ,	ദേഹമെല്ലാം വ്രണപ്പെട്ടവരായി,
ശരസ്തംബമയൌ	ശരങ്ങൾ കുന്നിച്ചുള്ള
ക്ഷിതൌ,	നിലത്ത്, [തായ
ശരതല്പയോഃ	ശരതല്പങ്ങളിൽ
ശയാനൌ	ശയിച്ചിരിക്കുന്നവരാ
ദദർശ.	കണ്ടു. [യി

തൌ ദൃഷ്ട്വാ ഭ്രാതരൌ തത്ര വീരൌ സാ പുരുഷർഷഭൌ
ശയാനൌ പുണ്ഡരീകാക്ഷൌ കുമാരാവിവ പാവകീ 23
ശരതല്പഗതൌ വീരൌ തഥാഭൂതൌ നരർഷഭൌ
ദുഃഖാർത്താ സുഭൃശം സീതാ സുചിരം വിലലാപ ഹ. 24

സാ സീതാ,	ആ സീതാദേവി,
പുണ്ഡരീ-കാക്ഷൌ,	ചെന്താർനേത്രന്മാരും
വീരൌ	അപജയമെന്നതറിയാത്ത
വീരൌ	വീരന്മാരും
നരർഷഭൌ	മനുഷ്യരിൽവെച്ച് ഉത്തമന്മാരും
പാവകീ കുമാരൌ ഇവ	അഗ്നിജാതരായ സ്കന്ദവിശാഖന്മാരെപ്പോലെയിരിക്കുന്ന
ഭ്രാതരൌ	സഹോദരന്മാരും,

പുരുഷർഷഭൌ	പുരുഷോത്തമന്മാരും
തൌ	അവരിരുവരേയും[ആയ
തത്ര	ആ സമയം
തഥാഭൂതൌ,	അപ്രകാരമിരിക്കുന്നവരായി
ശരതല്പഗതൌ	ശരതല്പത്തെ പ്രാപിച്ച്
ശയാനൌ	ശയിച്ചിരിക്കുന്നവരാ
ദൃഷ്ട്വാ,	കണ്ട്, [യി
സുഭൃശം	അത്യന്തം
ദുഃഖാർത്താ	ദുഃഖാകുലിതയായി
സുചിരം	വളരെനേരം
വിലലാപ ഹ!	കണ്ണീർവാർത്തു, കഷ്ടം!

ഭർത്താരമനവദ്യാംഗീ ലക്ഷ്മണം ചാസിതേക്ഷണാ
പ്രേക്ഷ്യ പാംസുഷു വേഷ്ടന്തൌ രുരോദ ജനകാത്മജാ. 25

അസിതേക്ഷണാ	കരിമിഴിയാളും
അനവദ്യാംഗീ	പരിശുദ്ധമനസ്കയും ആയ
ജനകാത്മജാ	ജനകനന്ദിനി,
ഭർത്താരം	ഭർത്താവിനേയും

ലക്ഷ്മണം ച	ലക്ഷ്മണനേയും
പാംസുഷു	മണ്ണിൽ
വേഷ്ടന്തൌ	ചുരുണ്ടുകിടക്കുന്നവരാ
പ്രേക്ഷ്യ	കണ്ട് [യി
രുരോദ.	രോദനംചെയ്തു.

സാ ബാഷ്പശോകാഭിഹതാ സമീക്ഷ്യ
തൌ ഭ്രാതരൌ ദേവസമപ്രഭാവൌ
വിതൎക്കയന്തീ നിധനം തയോഃ സാ
ദുഃഖാന്വിതാ വാക്യമിദം ജഗാദ. 26

സാ	സാക്ഷാൽ മഹാലക്ഷ്മിയായ
സാ,	അവൾ
ദേവസമപ്രഭാവൌ	ദേവന്മാരെപ്പോലെ മഹിമപൂണ്ട
ഭ്രാതരൌ തൌ	ഭ്രാതാക്കന്മാരായ അവരിരുവരേയും
സമീക്ഷ്യ	നോക്കി,
തയോഃ	അവരിരുവൎക്കും
നിധനം	നാശംനേരിട്ടതായി
വിതൎക്കയന്തീ,	കരുതുന്നവളായി,
ദുഃഖാന്വിതാ	ദുഃഖാക്രാന്തയായി
ബാഷ്പശോകാഭിഹതാ	അശ്രുക്കളാലും ശോകത്താലും മതിമറന്നവളായി
ഇദം	ഇപ്രകാരം
വാക്യം ജഗാദ.	പ്രലപിച്ചു.

ഇത്യാൎഷേ ശ്രീമദ്രാമായണേ വാല്മീകീയേ ആദികാവ്യേ യുദ്ധകാണ്ഡേ
സപ്തചത്വാരിംശഃസൎഗ്ഗഃ = നാല്പത്തേഴാംസൎഗ്ഗം സമാപ്തം.

ആദ്യം മുതൽ ശ്ലോകസംഖ്യ **16523**; യുദ്ധകാണ്ഡം ആദ്യം മുതൽ ശ്ലോകസംഖ്യ **1848.**

അഷ്ടചത്വാരിംശഃ സൎഗ്ഗഃ = നാല്പത്തെട്ടാംസൎഗ്ഗം.

[സീതാശ്വാസനം = സീതയെ ആശ്വസിപ്പിക്കുന്നത്.]

ഭൎത്താരം നിഹതം ദൃഷ്ട്വാ ലക്ഷ്മണം ച മഹാരഥം
വിലലാപ ഭൃശം സീതാ കരുണം ശോകകൎശിതാ. 1

സീതാ,	സീതാദേവി,
ഭൎത്താരം	നാഥനെ
നിഹതം,	വധിക്കപ്പെട്ടവനായും
മഹാരഥം	മഹാരഥനായ
ലക്ഷ്മണം ച	ലക്ഷ്മണനേയും അപ്രകാരംതന്നെ വധിക്കപ്പെട്ടതായും
ദൃഷ്ട്വാ	കണ്ടു്
ശോകകൎശിതാ	ശോകത്താൽ മനസ്സുമുട്ടിയവളായി
ഭൃശം	അത്യന്തം
കരുണം	പരിതാപകരമാംവണ്ണം
വിലലാപ.	പ്രലപിച്ചു.

ഊചുൎല്ലക്ഷണിനോ യേ മാം പുത്രിണ്യവിധവേതി ച
തേƒദ്യ സൎവ്വേ ഹതേ രാമേ ജ്ഞാനിനോƒനൃതവാദിനഃ. 2

"ലക്ഷണിനഃ	"സാമുദ്രികാശാസ്ത്രവിദഗ്ദ്ധന്മാരായ
യേ	യാതൊരുവർ
മാം	എന്നെ
പുത്രിണി	പുത്രഭാഗ്യമുള്ളവളെന്നും
അവിധവാ ഇതി ച	നിത്യസുമംഗലിയെന്നും
ഊചുഃ,	ഉരചെയ്തുവോ,
തേ ജ്ഞാനിനഃ സൎവ്വേ,	ആ അഭിജ്ഞന്മാരെല്ലാം,
രാമേ ഹതേ,	ശ്രീരാമൻ ഹതനായ കാരണം,
അദ്യ അനൃതവാദിനഃ	ഇപ്പോൾ അസത്യവാദികളായിത്തീൎന്നുവല്ലോ.

["ലക്ഷണിനഃ":— സ്ത്രീകൾക്ക് 66 ലക്ഷണങ്ങളാണെന്ന് സാമുദ്രികാശാസ്ത്രം. "ഷഷ്ടിഃ ഷഡുത്തരാ യോഷിദംഗലക്ഷണമീരിതം." "അവിധവാ" (നിർല്ലോമഹൃദയം യസ്യാഃ സമനിമ്നത്വവർജ്ജിതം ഐശ്വര്യം ചാപ്യവൈധവ്യം പ്രിയപ്രേമ ച സാ ലഭേത്". "നിഗൂഢമണിബന്ധനൌ തരുണപദ്മഗർഭോപമൌ കരൌ നൃപതിയോഷിതാം തനുവികൃഷ്ടപർവ്വാംഗുലീ. ന നിമ്നമതിനോന്നതം കരതലം സുരേഖാന്വിതം കരോത്യവിധവാം ചിരം സുതസുഖാർത്ഥസംഭോഗിനീം." (ബൃഹത്സംഹിതാ) ഇത്യാദിയായ ലക്ഷണങ്ങളാന്നവൾ; "പുത്രിണീ" (ദീർഘാംഗുലിശ്ച യാ നാരീ ദീർഘകേശീ ച യാ ഭവേത്. ദീർഘമായുരവാപ്നോതി പുത്രൈശ്ച സഹ വർത്തതേ." ഇത്യാദി ലക്ഷണങ്ങളാന്നവൾ).]

യജമാനോ മഹിഷീം യേ മാമൂചുഃ പത്നീം ച സത്രിണഃ
തേഽദ്യ സർവ്വേ ഹതേ രാമേ ജ്ഞാനിനോഽനൃതവാദിനഃ. 3

"യേ	"യാതൊരുവർ	പത്നീം ച ഊചുഃ	പത്നിയായിരിക്കുമെന്നും ഫലം പറഞ്ഞു
മാം	എന്നെ	രാമേ	ശ്രീരാമൻ [വോ,
യജമാനഃ	അശ്വമേധാദി യാഗങ്ങൾ കഴിക്കുന്നവന്റെയും	ഹതേ	ഹനിക്കപ്പെട്ടതിനാൽ,
		തേ	ആ
		ജ്ഞാനിനഃ	അറിവുള്ളവർ
സത്രിണഃ	സത്രം എന്ന യാഗം കഴിക്കുന്നവന്റെയും	സർവ്വേ	എല്ലാവരും
		അദ്യ അനൃതവാദിനഃ	ഇന്ന് അസത്യവാദികളായ്തീന്നു.
മഹിഷീം	പട്ടമഹിഷിയായ		

ഊചുഃ സംശ്രവണേ യേ മാം ദ്വിജാഃ കാർത്താന്തികാഃ ശുഭാം
തേഽദ്യ സർവ്വേ ഹതേ രാമേ ജ്ഞാനിനോഽനൃതവാദിനഃ. 4

"കാർത്താന്തികാഃ	"ജ്യോതിഷികന്മാരായ	തേ	ആ
		ജ്ഞാനിനഃ സർവ്വേ	അറിവുള്ളവരെല്ലാം
യേ ദ്വിജാഃ,	യാതൊരു അന്തണ		
മാം	എന്നെ [ന്മാർ,	രാമേ	ശ്രീരാമൻ
ശുഭാം	നിത്യസുമംഗലിയെന്ന്	ഹതേ,	ഹതനാകയാൽ,
സംശ്രവണേ	എന്റെ മുമ്പിൽ വെ	അദ്യ	ഇപ്പോൾ
ഊചുഃ,	ഉരചെയ്തുവോ, [ച്ച്	അനൃതവാദിനഃ.	അനൃതവാദികളായ്തീന്നു.

വീരപാർത്ഥിവപത്നീ ത്വം യേ ധന്യേതി ച മാം വിദുഃ
തേഽദ്യ സർവ്വേ ഹതേ രാമേ ജ്ഞാനിനോഽനൃതവാദിനഃ. 5

"യേ	"യാതൊരുവർ	തേ ജ്ഞാനിനഃ	ആ ശാസ്ത്രജ്ഞന്മാർ
മാം,	എന്നെ,	സർവ്വേ,	എല്ലാം,
'ത്വം	'ഭവതി	രാമേ	ശ്രീരാമൻ
വീരപാർത്ഥിവപത്നീ	വീരനൃപതിപത്നിയായ	ഹതേ,	ഹതനായിരിക്കെ,
		അദ്യ	ഇന്ന്
ധന്യാ,' ഇതി ച	ഭാഗ്യവതിയാകുന്നു,'	അനൃതവാദിനഃ.	അസത്യവാദികളായ്പോയി.
വിദുഃ,	ഉരചെയ്തുവോ, [എന്നും		

ഇമാനി ഖലു പദ്മാനി പാദയോൎയ്യൈഃ കുലസ്ത്രിയഃ
ആധിരാജ്യേഽഭിഷിച്യന്തേ നരേന്ദ്രൈഃ പതിഭിഃ സഹ. 6

"കുലസ്ത്രിയഃ "കുലസ്ത്രീകൾ
യൈഃ യാതൊരു ലക്ഷണങ്ങ ളുണ്ടാകകാരണം
നരേന്ദ്രൈഃ രാജാക്കന്മാരായ
പതിഭിഃ സഹ പതിമാരോടുംകൂടി
ആധിരാജ്യേ രാജാധിരാജപതീ പദവിയിൽ
അഭിഷിച്യന്തേ, പട്ടാഭിഷേകം ചെയ്യപ്പെടുന്നുവോ
പദ്മാനി, അപ്രകാരമുള്ള പദ്മരേഖകൾ മുതലായവ,
പാദയോഃ എന്റെ കാലുകളിൽ
ഇമാനി ഖലു. ഇതാ കാണുന്നുവല്ലൊ;

["ഭൃംഗാരാസനവാജികുഞ്ജരരഥശ്രീവൃക്ഷയൂപേഷുഭിർ-
മാലാകുണ്ഡലചാമരാങ്കുശയവൈഃ ശൈലൈർദ്ധ്വജൈസ്തോരണൈഃ
മത്സ്യസ്വസ്തികവേദികാവ്യജനകൈഃ ശംഖാതപത്രാംബുജൈഃ
പാദേ പാണിതലേƒപി വാ യുവതയോ ഗച്ഛന്തി രാജ്ഞീപദം"
എന്നിങ്ങിനെ പദ്മാദികളായ രേഖകൾ കൈത്തിലോ പാദത്തിലോ ഉണ്ടായാലുള്ള ഫലം. (ബൃഹത്സംഹിതാ. 70).]

വൈധവ്യം യാന്തി യൈൎന്നാൎയ്യോ ലക്ഷണൈൎഭാഗ്യദുൎല്ലഭാഃ
നാത്മനസ്താനി പശ്യാമി പശ്യന്തി ഹതലക്ഷണാ. 7

"നാൎയ്യഃ "നാരിമാർ
യൈഃ യാതൊരു
ലക്ഷണൈഃ ലക്ഷണങ്ങൾകൊണ്ട്
ഭാഗ്യദുൎല്ലഭാഃ ഭാഗ്യഹീനകളായി
വൈധവ്യം വൈധവ്യദുഃഖത്തെ
യാന്തി, പ്രാപിക്കുന്നുവോ
ഹതലക്ഷണാ { നിഷ്ഫലങ്ങളായ്ത്തീൎന്ന ശുഭലക്ഷണങ്ങളോടുകൂടിയവളായ ഞാൻ
പശ്യന്തി സൂക്ഷിച്ചുനോക്കിയിട്ടും,
ആത്മനഃ എനിക്ക്
താനി അപ്രകാരമുള്ളവയെ
പശ്യാമി ന. കാണുന്നില്ല.

["പരസ്പരം സമാരൂഢാഃ പാദാംഗുല്യോ ഭവന്തി ചേത്. ഹത്വാ ബഹൂനപി പതീൻ പരപ്രേഷ്യാ തഥാ ഭവേത്. യസ്യാഃ കനിഷ്ഠികാ ഭൂമിം നഗച്ഛന്ത്യാഃ പരിസ്പൃശേത് പതിദ്വയം നിഹത്യാദ്യം ദ്വിതീയേ ച പതിത്രയം. ഏകരോമാ രാജപത്നീ ദ്വിരോമാƒതിസുഖാന്വിതാ ത്രിരോമാ രോമകൂപേഷു ഭവേദ്വൈധവ്യദുഃഖഭാക്." ഇത്യാദി വൈധവ്യലക്ഷണങ്ങൾ സാമുദ്രികാശാസ്ത്രത്തിൽ പറയപ്പെട്ടിരിക്കുന്നു. (ഗോ. രാ.) "പ്രവിലംബിനി ദേവരം ലലാടേ ശ്വശുരം ഹന്ത്യുദരേ സ്ഫിജോഃ പതിം ച. അതിദീൎഘതയോത്തരോഷ്ഠേ ന ശുഭാ ഭൎത്തുരതീവ യാ ച ദീൎഘാ" (ബൃഹത്സംഹിതാ.)]

സത്യനാമാനി പദ്മാനി സ്ത്രീണാമുക്താനി ലക്ഷണൈഃ
താന്യദ്യ നിഹതേ രാമേ വിതഥാനി ഭവന്തി മേ. 8

"ലക്ഷണൈഃ "ലക്ഷണശാസ്ത്രങ്ങൾ
സ്ത്രീണാം സ്ത്രീകൾക്ക് [കൊണ്ട്
പദ്മാനി പദ്മരേഖകൾ
സത്യനാമാനി പിഴയ്ക്കാതെ ഫലത്തെ നൽകുന്നവയാണെന്ന്
ഉക്താനി; പറയപ്പെട്ടിരിക്കുന്നു;
താനി ആയവ
രാമേ നിഹതേ ശ്രീരാമൻ ഹതനായ
അദ്യ ഇപ്പോൾ [കാരണം
മേ എനിക്ക്
വിതഥാനി } നിഷ്ഫലങ്ങളായി
ഭവന്തി. ഭവിക്കുന്നുവല്ലൊ.

["പാദേ മാ ശ്രീൎയ്യേഷാം താനി പദ്മാനി" (പാദത്തിൽ ശ്രീയുള്ളവ.) എന്ന അൎത്ഥത്തിൽ സത്യനാമങ്ങൾ (ഗോ. രാ).]

കേശാഃ സൂക്ഷ്മാഃ സമാ നീലാ ഭ്രുവൌ ചാസംഗതേ മമ
വൃത്തേ ചാരോമശേ ജംഘേ ദന്താശ്ചാവിരളാ മമ. 9

"മമ കേശാഃ	"എന്റെ തലരോമ	മമ ജംഘേ	എന്റെ മുഴങ്കാലുകൾ
സൂക്ഷ്മാഃ	നേരിയവയായും [ങ്ങൾ	വൃത്തേ	മാംസളങ്ങളായും
സമാഃ	ഒപ്പമായും	അരോമശേ ച;	രോമങ്ങളില്ലാത്തവയാ
നീലാഃ;	കറുത്തുമിരിക്കുന്നുണ്ട്;		യും ഇരിക്കുന്നുണ്ട്;
ഭ്രുവൌ	പുരികങ്ങൾ രണ്ടും	ദന്താഃ	പല്ലുകൾ
അസംഗതേ ച;	ഒന്നിച്ചു തൊടാതേയു മിരിക്കുന്നുണ്ട്;	അവിരളാഃ ച.	എടതൂന്നവയായുമിരി ക്കുന്നുണ്ട്.

["സ്നിഗ്ദ്ധനീലമൃദുകുഞ്ചിതൈകജാ മൂർദ്ധജാഃ സുഖകരാഃ സമാ ശിരഃ" എന്നു് തലരോമങ്ങളുടെ ലക്ഷണം. "നോ സംഗതേ നാതിപൃഥൂ ന ലംബേ ശസ്തേ ഭ്രുവൌ ബാലശശാങ്കവക്രേ." എന്നു് പുരികങ്ങളുടെ ലക്ഷണം. "മത്സ്യാങ്കുശാബ്ജയവ വജ്രഹലാസിചിഹ്നാവസ്വേദനൌ മൃദുതലൌ ചരണൌ പ്രശസ്തൌ. ജംഘേ ച രോമരഹിതേ വിശിരേ സുവൃത്തേ ജാനുദ്വയം സമമനുല്ബണസന്ധിദേശം" എന്നു് ജംഘ മുതലായവയുടെ ലക്ഷണം. (ബൃഹത്സംഹിതാ); "രോമഹീനേ ശുഭേ സ്നിഗ്ദ്ധേ യജ്ജംഘേ ക്രമവർത്തുളേ. സാ രാജപത്നീ ഭവതി വിശിരേ സുമനോഹരേ," എന്നു് സ്കാന്ദം. "കുന്ദകുഡ്മളനിഭാഃ സമാ ദ്വിജാ യോഷിതാം പതിസുഖാമിതാർത്ഥദാഃ" എന്നു് ദന്തങ്ങളുടെ ലക്ഷണം. (ബൃ. സം).]

ശംഖേ നേത്രേ കരൌ പാദൌ ഗുല്ഫാവൂരൂ ച മേ ചിതൌ
അനുവൃത്തനഖാഃ സ്നിഗ്ദ്ധാഃ സമാശ്ചാംഗുലയോ മമ. 10

"മേ ശംഖേ	"എന്റെ രണ്ടു ചെന്നികളും (കണ്ണിന്നരികിലുള്ള നെററിയുടെ രണ്ടു ഭാഗങ്ങൾ)	ചിതൌ;	ദശചേന്നു് പുഷ്ടിയുള്ളവയായിരിക്കുന്നു;
നേത്രേ	കണ്ണുകളും	മമ അംഗുലയഃ	എന്റെ വിരലുകൾ
കരൌ, പാദൌ	കൈകളും കാലുകളും	അനുവൃത്ത- നഖാഃ	വൃത്തമൊത്ത നഖങ്ങളാന്നവയായി
ഗുൽഫൌ	ഗുൽഫങ്ങളും	സ്നിഗ്ദ്ധാഃ	മൃദുവായും
ഊരൂ ച	ഊരുക്കളും	സമാഃ ച.	ഒത്തവയായുമിരിക്കുന്നു.

["ഊരൂ ഘനൌ കരികരപ്രതിമാവരോമാവശ്വത്ഥപത്രസദൃശം വിപുലം ച ഗുഹ്യം ശ്രോണീലലാടമുരു കൂർമ്മസമുന്നതം ച ഗൂഢോ മണിശ്ച വിപുലാം ശ്രിയമാദധാതി." "നാസാ സമാ സമപുടാ രുചിരാ പ്രശസ്താ ദൃങ്നീലനീരജദളദ്യുതിഹാരിണീ ച" (ബൃ. സം.)

"സ്നിഗ്ദ്ധാഃ സമുന്നതാസ്താമ്രാ വൃത്താഃ പാദനഖാഃ ശുഭാഃ" (സ്കാന്ദം). "സ്നിഗ്ദ്ധോന്നതാഗ്രതനുതാമ്രനഖൌ കുമാര്യാഃ പാദൌ സമോപചിതചാരുനിഗൂഢഗുല്ഫൌ. ശ്ലിഷ്ടാംഗുലീ കമലകാന്തിതലൌ ച യസ്യാസ്താമുദ്വഹേദ്യദി ഭുവോഽധിപതിത്വമിച്ഛേത്." (ബൃ. സം.)]

സ്തനൌ ചാവിരളൌ പീനൌ മമേമൌ മഗ്നചൂചുകൌ
മഗ്നാ ചോത്സംഗിനീ നാഭിഃ പാർശ്വോരസ്കം ച മേ ചിതം. 11

"മമ	"എന്റെ	മേ നാഭിഃ	എന്റെ പൊക്കിൾ
ഇമൌ സ്തനൌ	ഈ സ്തനങ്ങളും	മഗ്നാ	കുഴിഞ്ഞതായി
അവിരളൌ	തിങ്ങിയവയായി	ഉത്സംഗിനീ ച;	ചുററുമുയന്നതായുമിരിക്കുന്നു;
പീനൌ	പീനങ്ങളായി		
മഗ്നചൂചുകൌ ച;	കണ്ണുകൾ ഉള്ളിലടങ്ങി പററിനിൽക്കുന്നവയായിരിക്കുന്നുണ്ട്;	പാർശ്വോരസ്കം ച ചിതം.	വാരികളും മാറും മാംസളങ്ങളായുമിരിക്കുന്നുണ്ട്.

[“മദ്ധ്യം സ്ത്രിയാ സ്ത്രിവലിനാഥമരോമശം ച വൃത്തൌ ഘനാവവിഷമൌ കഠിനാവുരസ്യൌ രോമാപവർജ്ജിതമുരോ മൃദു ചാംഗനാനാം ഗ്രീവാ ച കംബു നിചിതാർത്ഥസുഖാനി ധത്തേ.” എന്ന് സ്തനങ്ങൾ മുതലായവയുടെ ലക്ഷണം.

“നാഭിർഗഭീരാ വിപുലാംഗനാനാം പ്രദക്ഷിണാവർത്തഗതാ പ്രശസ്താ” എന്ന് നാഭിലക്ഷണം. (ബൃ. സം.)]

മമ വർണ്ണോ മണിനിഭോ മൃദൂന്യംഗരുഹാണി ച
പ്രതിഷ്ഠിതാം ദ്വാദശഭിർമാമൂചുഃ ശുഭലക്ഷണാം 12

“മമ വർണ്ണഃ മണിനിഭഃ;	“എന്റെ നിറം മാണിക്യസദൃശമായിരിക്കുന്നു;
അംഗരുഹാണി മൃദൂനി ച;	രോമങ്ങൾ മിനുസമുള്ളവയായിരിക്കുന്നുമുണ്ട്;
ദ്വാദശഭിഃ	പത്തു വിരലുകളും രണ്ടു ഉള്ളംകാലുകളും ചേർന്ന പന്ത്രണ്ടിനാൽ
പ്രതിഷ്ഠിതാം	നിലത്തുപതിഞ്ഞ
ശുഭലക്ഷണാം	ശുഭലക്ഷണങ്ങളോടുകൂടിയവളെന്ന്
മാം	എന്നെപ്പറ്റി
ഊചുഃ.	പറഞ്ഞിട്ടുണ്ട്.

സമഗ്രയവമച്ഛിദ്രം പാണിപാദം ച വർണ്ണവത്
മന്ദസ്മിതേത്യേവ ച മാം കന്യാലക്ഷണിനോ വിദുഃ. 13

“പാണിപാദം ച	“ഉള്ളംകൈകളും ഉള്ളംകാലുകളും
സമഗ്രയവം;	പൂർണ്ണമായ ‘യവ’രേഖകളാർന്നവയാകുന്നു;
അച്ഛിദ്രം;	വിരലിടകളില്ലാത്തവയായിരിക്കുന്നു;
വർണ്ണവത്;	അരുണിമചേർന്നതായിരിക്കുന്നു;
കന്യാലക്ഷണിനഃ	സ്ത്രീകളുടെ ലക്ഷണങ്ങളറിഞ്ഞവർ
മാം	എന്നെ നോക്കി
മന്ദസ്മിതാ ഏവ ഇതി ച	എല്ലായ്പ്പോഴും മന്ദസ്മിതത്തോടുകൂടിത്തന്നെ വർത്തിക്കുന്നവളാണെന്നും
വിദുഃ.	പറഞ്ഞുവല്ലോ.

[“മാലാകുണ്ഡലചാമരാങ്കുശയവൈഃ” “തരുണപദ്മഗർഭോപമൌ കരൌ” “ശ്ലിഷ്ടാംഗുലീകമലകാന്തിതലൌ” ഇത്യാദി മുമ്പ് കുറിപ്പുകളിൽ പറഞ്ഞിരിക്കുന്നതു കാണുക.]

ആധിരാജ്യേഽഭിഷേകോ മേ ബ്രാഹ്മണൈഃ പതിനാ സഹ
കൃതാന്തകുശലൈരുക്തസ്തത്സർവ്വം വിതഥീകൃതം 14

“കൃതാന്തകുശലൈഃ	“ജ്യോതിഃശാസ്ത്രവിദഗ്ദ്ധന്മാരായ
ബ്രാഹ്മണൈഃ	ബ്രാഹ്മണരാൽ
മേ	എനിക്ക്
പതിനാ സഹ	ഭർത്താവോടുകൂടി
ആധിരാജ്യേ	പട്ടമഹിഷീസ്ഥാനത്തിൽ
അഭിഷേകഃ	അഭിഷേകമുണ്ടാകുമെന്ന്
ഉക്തഃ;	പറയപ്പെട്ടു;
തത് സർവ്വം	അതെല്ലാം
വിതഥീകൃതം.	വ്യർത്ഥമാക്കപ്പെട്ടു.

ശോധയിത്വാ ജനസ്ഥാനം പ്രവൃത്തിമുപലഭ്യ ച
തീർത്ത്വാ സാഗരമക്ഷോഭ്യം ഭ്രാതരൌ ഗോഷ്പദേ ഹതൌ. 15

"ഭ്രാതരൌ,	"സഹോദരന്മാരായ ഇവരിരുവരും	ഉപലഭ്യ,	മനസ്സിലാക്കിക്കൊണ്ട്,
ജനസ്ഥാനം	ജനസ്ഥാനത്തെ	അക്ഷോഭ്യം	കലക്കുവാൻകഴിയാത്ത
ശോധയിത്വാ,	കേടുനീക്കി നന്മവിളയിച്ചതാക്കിയശേഷം,	സാഗരം	ആഴിയേയും
പ്രവൃത്തിം	ഇരിക്കുന്നസ്ഥലത്തേയും	തീർത്ത്വാ ച,	കടന്നതിൽപിന്നെ,
		ഗോഷ്പദേ	കുളമ്പടിവെള്ളത്തിൽ
		ഹതൌ.	ഹതരായി.

["ഗോഷ്പദേ ഹതൌ" (എത്രയോ രാക്ഷസസൈന്യങ്ങളെ വധിച്ചശേഷം, സൈന്യം അല്പപ്രായമായിരിക്കെ, ഇങ്ങിനെ വധിക്കപ്പെട്ടു) എന്നു സാരം. ഇതിൽനിന്ന് വളരെ ദിവസത്തെ യുദ്ധം കഴിഞ്ഞിരിക്കുന്നു എന്ന് ഗ്രാഹ്യമാകുന്നു എന്ന് (തിലകം).]

നനു വാരുണമാഗ്നേയമൈന്ദ്രം വായവ്യമേവ ച
അസ്ത്രം ബ്രഹ്മശിരശ്ചൈവ രാഘവൌ പ്രത്യപദ്യതാം. 16

"രാഘവൌ	"ശ്രീരാമലക്ഷ്മണന്മാർ	വായവ്യം ഏവ	വായവ്യാസ്ത്രത്തേയും
വാരുണം	വാരുണാസ്ത്രത്തേയും	ബ്രഹ്മശിരഃ ഏവ	ബ്രഹ്മശിരസ്സെന്ന
ആഗ്നേയം	ആഗ്നേയാസ്ത്രത്തേയും	അസ്ത്രം ച	അസ്ത്രത്തേയും
ഐന്ദ്രം ച	ഐന്ദ്രാസ്ത്രത്തേയും	പ്രത്യപദ്യതാം നനു!	നന്നായിഗ്രഹിച്ചവരാണല്ലൊ!"

[പ്രത്യപദ്യതാം എന്നതിൽ പരസ്മൈപദം ആർഷം.]

അദൃശ്യമാനേന രണേ മായയാ വാസവോപമൌ
മമ നാഥാവനാഥായാ നിഹതൌ രാമലക്ഷ്മണൌ. 17

"അനാഥായാഃ	"മറ്റുഗതിയില്ലാത്ത	രാമലക്ഷ്മണൌ	ശ്രീരാമലക്ഷ്മണന്മാർ
മമ	എനിക്ക്	രണേ മായയാ	പോരിൽ മായകൊണ്ട്
നാഥൌ	രക്ഷകന്മാരായും	അദൃശ്യമാനേന	ദൃഷ്ടിഗോചരനല്ലാത്ത അവനാൽ
വാസവോപമൌ	ഇന്ദ്രസദൃശന്മാരായും ഉള്ള	നിഹതൌ.	ഹനിക്കപ്പെട്ടു.

ന ഹി ദൃഷ്ടിപഥം പ്രാപ്യ രാഘവസ്യ രണേ രിപുഃ
ജീവൻ പ്രതിനിവർത്തേത യദ്യപി സ്യാന്മനോജവഃ. 18

"രാഘവസ്യ	"ശ്രീരാഘവന്റെ	മനോജവഃ സ്യാത് യദി അപി	മനോവേഗമുള്ളവനായിരുന്നാലും കൂടി
രിപുഃ,	ശത്രുവായവൻ,	ജീവൻ	ജീവനോടുകൂടിയവനായി
രണേ	പോരിൽ	പ്രതിനിവർത്തേത ന	തിരിക്കുകയില്ല
ദൃഷ്ടിപഥം പ്രാപ്യ,	ദൃഷ്ടിഗോചരനായശേഷം,	ഹി.	നിശ്ചയം.

ന കാലസ്യാതിഭാരോƒസ്തി കൃതാന്തശ്ച സുദുർജ്ജയഃ
യത്ര രാമഃ സഹ ഭ്രാത്രാ ശേതേ യുധി നിപാതിതഃ. 19

" രാമഃ	" ശ്രീരാമൻ
ഭ്രാത്രാ സഹ	സോദരനോടും കൂടി
യുധി	പോരിൽ
നിപാതിതഃ	വീഴ്ത്തപ്പെട്ട്
ശേതേ യത്ര,	കിടക്കുന്നു എന്നു വരുമ്പോൾ,
കാലസ്യ	കാലന്നു
അതിഭാരഃ	സാധിപ്പാൻ കഴിയാത്ത പ്രവൃത്തി
അസ്തി ന;	ഒന്നും തന്നെയില്ല;
കൃതാന്തഃ ച	യമനും
സുദുർജ്ജയഃ.	ജയിക്കപ്പെട്ടുവാൻ കഴിയാത്തവൻ തന്നെ.

ന ശോചാമി തഥാ രാമം ലക്ഷ്മണം ച മഹാബലം
നാത്മാനം ജനനീം വാപി യഥാ ശ്വശ്രൂം തപസ്വിനീം. 20

" തപസ്വിനീം	" ചിത്തം തകൎന്നു കിടക്കുന്നവളായ
ശ്വശ്രൂം	ഭൎത്തൃമാതാവിനെക്കുറിച്ച്
യഥാ തഥാ,	എപ്രകാരമോ അപ്രകാരം,
രാമം	ശ്രീരാഘവനെക്കുറിച്ചാകട്ടെ
മഹാബലം	മഹാബലശാലിയായ
ലക്ഷ്മണം ച,	ലക്ഷ്മണനെക്കുറിച്ചുമാകട്ടെ,
ജനനീം വാ	മാതാവിനെക്കുറിച്ചാകട്ടെ
ശോചാമി ന;	ഞാൻ വ്യസനിക്കുന്നില്ല;
ആത്മാനം അപി ന;	എന്നെപ്പററിയും കൂടി ഇല്ല.

സാƒനുചിന്തയതേ നിത്യം സമാപ്തവ്രതമാഗതം
കദാ ദ്രക്ഷ്യാമി സീതാം ച ലക്ഷ്മണം ച സരാഘവം. 21

" സാ	" അവൾ
'സമാപ്തവ്രതം	'പ്രതിജ്ഞയെ നിൎവ്വഹിച്ചുവനായ
സരാഘവം	ശ്രീരാഘവനോടുംകൂടി
ആഗതം	തിരിച്ചുവന്ന
ലക്ഷ്മണം	ലക്ഷ്മണനേയും
സീതാം ച	സീതയേയും
കദാ	എപ്പോഴാണോ
ദ്രക്ഷ്യാമി ച,	ഞാൻ കാണുക,' എന്നു്
നിത്യം അനുചിന്തയതേ "	സദാ ചിന്തിച്ചുകൊണ്ടിരിക്കുന്നു. "

പരിദേവയമാനാം താം രാക്ഷസീ ത്രിജടാƒബ്രവീത്. 22

ത്രിജടാ രാക്ഷസീ	രാക്ഷസിയായ ത്രിജട
പരിദേവയമാനാം	കരഞ്ഞുംകൊണ്ടിരുന്ന
താം	അവളോടായി
അബ്രവീത്.	ഉണൎത്തിച്ചു.

മാ വിഷാദം കൃഥാ ദേവി ഭൎത്താƒയം തവ ജീവതി. 23

" ദേവി!	ദേവി!
വിഷാദം മാ കൃഥാഃ;	ദുഃഖിക്കാതിരുന്നാലും;
തവ	നിന്തിരുവടിയുടെ
അയം ഭൎത്താ	ഈ നാഥൻ
ജീവതി.	ജീവനോടിരിക്കുന്നുണ്ടു്.

കാരണാനി ച വക്ഷ്യാമി മഹാന്തി സദൃശാനി ച
യഥേമൌ ജീവതോ ദേവി ഭ്രാതരൌ രാമലക്ഷ്മണൌ. 24

"ദേവി!	"ദേവി!	മഹാന്തി ച	മഹത്തായും
ഭ്രാതരൌ	സോദരന്മാരായ		
ഇമൌ	ഈ	സദൃശാനി ച	തക്കവയായും ഉള്ള
രാമലക്ഷ്മണൌ,	ശ്രീരാമലക്ഷ്മണന്മാർ,		
യഥാ ജീവതഃ	യാതൊരു കാരണങ്ങൾ കൊണ്ട് ജീവിച്ചിരിക്കുന്നുണ്ടോ ആ	കാരണാനി	കാരണങ്ങളെ
		വക്ഷ്യാമി.	ഞാൻ ഉണർത്തിക്കാം.

ന ഹി കോപപരീതാനി ഹർഷപര്യുത്സുകാനി ച
ഭവന്തി യുധി യോധാനാം മുഖാനി നിഹതേ പതൌ. 25

"പതൌ	"നായകൻ	മുഖാനി	മുഖങ്ങൾ
യുധി	പോരിൽ	കോപപരീതാനി	കോപമാർന്നവയായും
നിഹതേ,	വധിക്കപ്പെട്ടിരുന്നാൽ,	ഹർഷപര്യുത്സുകാനി ച	സന്തോഷവും ഉത്സാഹവും പൂണ്ടവയായും
യോധാനാം	യോദ്ധാക്കന്മാരുടെ	ഭവന്തി ന ഹി.	ഇരിക്കയില്ലതന്നെ.

ഇദം വിമാനം വൈദേഹി പുഷ്പകം നാമ നാമതഃ
ദിവ്യം ത്വാം ധാരയേന്നൈവം യദ്യേതൌ ഗതജീവിതൌ. 26

"വൈദേഹി!	"വൈദേഹി!	പുഷ്പകം നാമ	പുഷ്പകമെന്ന് പ്രസിദ്ധവുമായ
ഏതൌ	ഇവരിരുവരും	ഇദം വിമാനം	ഈ വിമാനം
ഗതജീവിതൌ യദി,	പ്രാണൻ പോയവരാണെന്നുവരികിൽ	ത്വാം	ഭവതിയെ
		ഏവം	ഇപ്രകാരം
ദിവ്യം	ദിവ്യവും,	ധാരയേത് ന.	താങ്ങിക്കൊണ്ടിരിക്കയില്ല.
നാമതഃ	പേരിനാൽ		

ഹതവീരപ്രധാനാ ഹി ഹതോത്സാഹാ നിരുദ്യമാ
സേനാ ഭ്രമതി സംഖ്യേഷു ഹതകർണ്ണേവ നൌർജ്ജലേ. 27

"ഹതവീരപ്രധാനാ	"മുഖ്യനായ പടനായകൻ കൊല്ലപ്പെട്ടതായ	ജലേ	വെള്ളത്തിൽ
സേനാ ഹി	സേനയാകട്ടെ	ഹതകർണ്ണാ	ചുക്കാൻപോയ
ഹതോത്സാഹാ	ഉത്സാഹമററതായി	നൌഃ ഇവ	തോണിയെന്നപോലെ,
നിരുദ്യമാ	ഒന്നും ചെയ്യാൽ തുനിയാത്തതായി,	സംഖ്യേഷു,	അടർക്കളങ്ങളിൽ
		ഭ്രമതി.	ഉഴലുന്നതാണ്.

ഇയം പുനരസംഭ്രാന്താ നിരുദ്വിഗ്നാ തരസ്വിനീ
സേനാ രക്ഷതി കാകുത്സ്ഥൌ മയാ പ്രീത്യാ നിവേദിതൌ. 28

"ഇയം സേനാ പുനഃ	"ഈ സേനയാകട്ടെ
അസംഭ്രാന്താ	സംഭ്രമമില്ലാതെയും
നിരുദ്വിഗ്നാ	ഭയരഹിതമായും
തരസ്വിനീ	ധൈൎയ്യത്തോടുകൂടിയതായും,
മയാ	എന്നാൽ
പ്രീത്യാ	ഭക്തിപുരസ്സരം
നിവേദിതൌ	കാണിച്ചുതരപ്പെട്ടവരായ
കാകുത്സ്ഥൌ	ഈ ശ്രീരാമലക്ഷ്മണന്മാരെ
രക്ഷതി.	രക്ഷിച്ചുകൊണ്ടിരിക്കുന്നു.

സാ ത്വം ഭവ സുവിസ്രബ്ധാ അനുമാനൈഃ സുഖോദയൈഃ
അഹതൌ പശ്യ കാകുത്സ്ഥൌ സ്നേഹാദേതദ്ബ്രവീമി തേ. 29

"സാ ത്വം,	"അപ്രകാരമുള്ള ഭവതി
സുഖോദയൈഃ	ശുഭസൂചകങ്ങളായ
അനുമാനൈഃ	ഈ ലക്ഷണങ്ങളാൽ
സുവിസ്രബ്ധാ	ദൃഢവിശ്വാസമാന്നവളായി
ഭവ;	ഭവിച്ചാലും;
അഹതൌ	വധിക്കപ്പെടാത്തവരായ
കാകുത്സ്ഥൌ	ശ്രീരാമലക്ഷ്മണന്മാരെ
പശ്യ;	സന്ദൎശിച്ചാലും;
ഏതത് തേ	ഇത് ഭവതിയോടായി
സ്നേഹാത്	ഭക്തികൊണ്ട്
ബ്രവീമി.	ഞാൻ ഉണൎത്തിക്കുന്നതാണ്.

അനൃതം നോക്തപൂൎവ്വം മേ ന ച വക്ഷ്യേ കദാചന. 30

"അനൃതം	"വാസ്തവമല്ലാത്തത്
മേ	എന്നാൽ
ഉക്തപൂൎവ്വം ന;	ഇതേവരെയ്ക്കും പറയപ്പെട്ടിട്ടില്ല;
കദാചന	ഒരിക്കലും
വക്ഷ്യേ ച ന.	ഞാൻ പറകയുമില്ല.

ചാരിത്രസുഖശീലത്വാത് പ്രവിഷ്ടാഽസി മനോ മമ. 31

"ചാരിത്രസുഖശീലത്വാത്	"സദ്വൃത്തിയെ പ്രിയമായ സ്വഭാവമായി കയ്ക്കൊണ്ടകാരണം
മമ മനഃ	എന്റെ മനസ്സിൽ
പ്രവിഷ്ടാ അസി.	ഭവതി കുടികൊണ്ടിരിക്കുന്നു.

നേമൌ ശക്യൌ രണേ ജേതും സേന്ദ്രൈരപി സുരാസുരൈഃ. 32

"സേന്ദ്രൈഃ	"ഇന്ദ്രനടക്കമുള്ള
സുരാസുരൈഃ അപി	ദേവാസുരന്മാരാലും
ഇമൌ	ഇവരിരുവരും
രണേ	പോരിൽ
ജേതും ശക്യൌ ന.	ജയിക്കപ്പെടാവുന്നവരല്ല.

താദൃശം ദൎശനം ദൃഷ്ട്വാ മയാ ചാവേദിതം തവ. 33

"താദൃശം	"അപ്രകാരമുള്ള
ദൎശനം	അവസ്ഥയെ
ദൃഷ്ട്വാ ച,	കണ്ടിട്ടുതന്നെയാണ്,
മയാ	എന്നാൽ
തവ	നിന്തിരുവടിയോട്
ആവേദിതം.	ഉണൎത്തിക്കപ്പെട്ടത്.

ഇദം ച സുമഹച്ചിഹ്നം ശനൈഃ പശ്യാദ്യ മൈഥിലി 34

"മൈഥിലി!	"ജാനകി!	അദ്യ	ഇപ്പോൾ
ഇദം സുമഹത്	ഈ അത്ഭുത് കൃഷ്ടമായ	ശനൈഃ	സൂക്ഷിച്ച്
ചിഹ്നം ച	ലക്ഷണത്തേയും	പശ്യ.	കണ്ടറിഞ്ഞാലും.

നിസ്സംജ്ഞാവപ്യുഭാവേതൌ നൈവ ലക്ഷ്മീർവ്വിയുജ്യതേ. 35

"ഏതൌ ഉഭൌ	"ഇവരിരുവരും	ലക്ഷ്മീഃ	മുഖശ്രീ
നിസ്സംജ്ഞൌ അപി,	പ്രജ്ഞയററവരായിരിക്കുന്നുണ്ടെന്നാലും,	വിയുജ്യതേ ന ഏവ.	വിട്ടുമാറുന്നതേയില്ല.

പ്രായേണ ഗതസത്വാനാം പുരുഷാണാം ഗതായുഷാം

ദൃശ്യമാനേഷു വക്ത്രേഷു പരം ഭവതി വൈകൃതം. 36

"ഗതായുഷാം	"ആയുസ്സററ്	ദൃശ്യമാനേഷു,	നോക്കിയാൽ,
ഗതസത്വാനാം	പ്രാണൻ പോയ	പ്രായേണ	മിക്കവാറും
പുരുഷാണാം,	ആളുകളുടെ	വൈകൃതം പരം ഭവതി.	വികാരം അധികമായി കാണപ്പെടുന്നതാണ്.
വക്ത്രേഷു	മുഖങ്ങൾ		

ത്യജ ശോകം ച മോഹം ച ദുഃഖം ച ജനകാത്മജേ

രാമലക്ഷ്മണയോരർത്ഥേ നാദ്യ ശക്യമജീവിതും. 37

"ജനകാത്മജേ!	"ജാനകി!	ദുഃഖം ച ത്യജ;	വിചാരപ്പെടുന്നതിനേയും വെടിയുക;
രാമലക്ഷ്മണയോഃ അർത്ഥേ,	ശ്രീരാമലക്ഷ്മണന്മാരെക്കുറിച്ച്,	അദ്യ	ഇപ്പോൾ
		അജീവിതും	മരിക്കുക എന്നതു്
ശോകം ച	വ്യസനത്തേയും	ശക്യം ന."	സാദ്ധ്യമല്ല."
മോഹം ച	തെററിദ്ധാരണയേയും		

ശ്രുത്വാ തു വചനം തസ്യാഃ സീതാ സുരസുതോപമാ

കൃതാഞ്ജലിരുവാചേദമേവമസ്ത്വിതി മൈഥിലീ. 38

മൈഥിലീ	മിഥിലാധിപപുത്രിയും	കൃതാഞ്ജലിഃ തു	തൊഴുതുകൊണ്ടുതന്നെ
സുരസുതോപമാ	ദേവസ്ത്രീസദൃശയുമായ	'ഏവം അസ്തു'	'ഇപ്രകാരംതന്നെ ഭവിക്കമാറാകട്ടെ'
സീതാ,	സീതാദേവി,		
തസ്യാഃ വചനം	അവളുടെ വാക്ക്	ഇതി ഇദം	എന്നിപ്രകാരം
ശ്രുത്വാ,	കേട്ട്,	ഉവാച.	മറുപടിയുരചെയ്തു.

വിമാനം പുഷ്പകം തത്തു സന്നിവർത്ത്യ മനോജവം

ദീനാ ത്രിജടയാ സീതാ ലങ്കാമേവ പ്രവേശിതാ. 39

ദീനാ	കഷ്ടാവസ്ഥയിലിരുന്ന	പുഷ്പകം വിമാനം	പുഷ്പകവിമാനത്തെ
സീതാ,	സീതാദേവി,	സംനിവർത്ത്യ തു,	പിന്തിരിപ്പിച്ചുശേഷം,
ത്രിജടയാ	ത്രിജടയാൽ	ലങ്കാം ഏവ	ലങ്കയിൽതന്നെ
മനോജവം	മനോവേഗതയാർന്ന	പ്രവേശിതാ.	പ്രവേശിപ്പിക്കപ്പെട്ടു.
തത്	ആ		

തതസ്ത്രിജടയാ സാർധം പുഷ്പകാദവരുഹ്യ സാ
അശോകവനികാമേവ രാക്ഷസീഭിഃ പ്രവേശിതാ. 40

തതഃ	ആ സമയം
സാ	ആ സീതാദേവി
ത്രിജടയാ സാർധം	ത്രിജടയോടുംകൂടി
പുഷ്പകാത്	പുഷ്പകത്തിൽനിന്ന്
അവരുഹ്യ	ഇറങ്ങിയശേഷം
രാക്ഷസീഭിഃ	രാക്ഷസികളാൽ
അശോകവനികാം ഏവ	അശോകവനത്തിൽ തന്നെ
പ്രവേശിതാ.	പ്രവേശിപ്പിക്കപ്പെട്ടു.

പ്രവിശ്യ സീതാ ബഹുവൃക്ഷഷണ്ഡാം
താം രാക്ഷസേന്ദ്രസ്യ വിഹാരഭൂമിം
സംപ്രേക്ഷ്യ സംചിന്ത്യ ച രാജപുത്രൌ
പരം വിഷാദം സമുപാജഗാമ. 41

സീതാ	സീതാദേവി
ബഹുവൃക്ഷഷണ്ഡാം	പലതരുക്കൾ തിങ്ങിയതായ
രാക്ഷസേന്ദ്രസ്യ	രാക്ഷസേന്ദ്രന്റെ
താം വിഹാരഭൂമിം പ്രവിശ്യ,	ആ ശൃംഗാരോദ്യാനത്തിൽ പ്രവേശിച്ച്,
രാജപുത്രൌ	രാജപുത്രന്മാരിരുവരേയും
സംപ്രേക്ഷ്യ സംചിന്ത്യ ച,	ആ സ്ഥിതിയിൽ കണ്ടതിനാലും അവരെക്കുറിച്ച് ചിന്തിച്ചും,
പരം വിഷാദം സമുപാജഗാമ.	അതിയായ ദുഃഖമുൾക്കൊണ്ടു.

ഇത്യാർഷേ ശ്രീമദ്രാമായണേ വാല്മീകീയേ ആദികാവ്യേ യുദ്ധകാണ്ഡേ
അഷ്ടചത്വാരിംശഃ സർഗ്ഗഃ = നാല്പത്തെട്ടാംസർഗ്ഗം സമാപ്തം.
ആദ്യംമുതൽ ശ്ലോകസംഖ്യ 16564; യുദ്ധകാണ്ഡം ആദ്യംമുതൽ ശ്ലോകസംഖ്യ 1889.

ഏകോനപഞ്ചാശഃ സർഗ്ഗഃ = നാല്പത്തൊമ്പതാംസർഗ്ഗം.

[ശ്രീരാമപ്രബോധനം = ശ്രീരാമൻ ബോധം തെളിയുന്നതു്.]

ഘോരേണ ശരബന്ധേന ബദ്ധൌ ദശരഥാത്മജൌ
നിശ്വസന്തൌ യഥാ നാഗൌ ശയാനൌ രുധിരോക്ഷിതൌ 1
സർവ്വേ തേ വാനരശ്രേഷ്ഠാഃ സസുഗ്രീവാ മഹാബലാഃ
പരിവാര്യ മഹാത്മാനൌ തസ്ഥുഃ ശോകപരിപ്ലുതാഃ. 2

സസുഗ്രീവാഃ	സുഗ്രീവസമേതരായ
മഹാബലാഃ	മഹാബലവാന്മാരായ
തേ വാനരശ്രേഷ്ഠാഃ സർവ്വേ	ആ വാനരോത്തമന്മാർ എല്ലാവരും
ഘോരേണ	കൊടിയതായ
ശരബന്ധേന	ശരബന്ധത്താൽ
ബദ്ധൌ	കെട്ടപ്പെട്ടവരും,
രുധിരോക്ഷിതൌ,	രക്തം പുരണ്ടവരും,
നാഗൌ യഥാ	രണ്ടുസർപ്പങ്ങളെന്നപോലെ
നിശ്വസന്തൌ	ദീർഘമായി ശ്വസിച്ചുകൊണ്ട്
ശയാനൌ	കിടക്കുന്നവരും
മഹാത്മാനൌ	മഹാത്മാക്കളുമായ
ദശരഥാത്മജൌ	ആ ദശരഥകുമാരന്മാരെ
പരിവാര്യ,	ചുഴന്നുകൊണ്ട്
ശോകപരിപ്ലുതാഃ തസ്ഥുഃ.	വ്യസനാക്രാന്തരായി കാത്തുനിന്നു.

ഏതസ്മിന്നന്തരേ രാമഃ പ്രത്യബുദ്ധ്യത വീര്യ്യവാൻ
സ്ഥിരത്വാത് സത്വയോഗാച്ച ശരൈഃ സംദാനിതോഽപി സൻ. 3

വീര്യ്യവാൻ	വീര്യ്യവാനായ	സ്ഥിരത്വാത്	നാശരഹിതനാകയാലും
രാമഃ,	ശ്രീരാമൻ,	സത്വ-യോഗാത് ച	ദിവ്യത്വം ഹേതുവാലും
ശരൈഃ	ബാണങ്ങളാൽ	ഏതസ്മിൻ	ആ
സംദാനിതഃ അപി സൻ	കെട്ടപ്പെട്ടവനായിരുന്നിട്ടും	അന്തരേ	സമയം
		പ്രത്യബുദ്ധ്യത.	പ്രജ്ഞകയ്യൊണ്ടു.

[സ്ഥിരത്വാത് (ധൈര്യ്യത്താലും), സത്വയോഗാത് (ഊക്കിനാലും) എന്നു ഗോ. രാ.]

തതോ ദൃഷ്ട്വാ സരുധിരം വിഷണ്ണം ഗാഢമർപ്പിതം
ഭ്രാതരം ദീനവദനം പര്യ്യദേവയദാതുരഃ. 4

തതഃ	ആ സമയം	ദൃഷ്ട്വാ,	കണ്ടു,
ഭ്രാതരം	സോദരനെ	ആതുരഃ,	മതിമറന്നവനായ അദ്ദേഹം
ഗാഢം അർപ്പിതം	ദേഹംമുഴുവനും അമ്പേറ്റു		
സരുധിരം	ചോരപുരണ്ടു	വിഷണ്ണം	പരിതാപകരമാംവണ്ണം
ദീനവദനം	വാടിയ മുഖത്തോടുകൂടിയവനായി	പര്യ്യദേവയത്.	ഇപ്രകാരം പ്രലപിച്ചു.

കിം നു മേ സീതയാ കാര്യ്യം കിം കാര്യ്യം ജീവിതേന വാ
ശയാനം യോഽദ്യ പശ്യാമി ഭ്രാതരം യുധി നിർജ്ജിതം. 5

"അദ്യ	"ഇപ്പോൾ	യഃ പശ്യാമി	യാതൊരു ഞാൻ കാണുന്നുവോ
ഭ്രാതരം	സോദരനെ	മേ	അപ്രകാരമുള്ള എനിക്കു
യുധി	പോരിൽ	സീതയാ	സീതയെക്കൊണ്ടു
നിർജ്ജിതം	തോൽമപൂണ്ടു	കാര്യ്യം കിം നു?	എന്തുകാര്യ്യം?
ശയാനം	വീണുകിടക്കുന്നവനായി	ജീവിതേന വാ	ജീവനെക്കൊണ്ടുതന്നെ
		കാര്യ്യം കിം?	എന്താണു പ്രയോജനം?

ശക്യാ സീതാസമാ നാരീ മർത്ത്യലോകേ വിചിന്വതാ
ന ലക്ഷ്മണസമോ ഭ്രാതാ സചിവഃ സാംപരായികഃ. 6

"മർത്ത്യലോകേ	"ഈ മനുഷ്യലോകത്തിൽ	ശക്യാ;	കാണപ്പെട്ടുവെന്നുവരാം!
വിചിന്വതാ	തിരഞ്ഞുനോക്കുന്ന ഒരുവനാൽ	ലക്ഷ്മണസമഃ	ലക്ഷ്മണനുതുല്യനായി
		സചിവഃ	സഹായിക്കുന്നവനും
സീതാസമാ	സീതയ്ക്കുതുല്യയായ	സാംപരായികഃ	പോരാളിയുമായ
നാരീ	ഒരു സ്ത്രീ	ഭ്രാതാ ന.	ഒരു അനുജൻ കാണപ്പെടുന്നതല്ല.

പരിത്യക്ഷ്യാമ്യഹം പ്രാണം വാനരാണാം തു പശ്യതാം
യദി പഞ്ചത്വമാപന്നഃ സുമിത്രാനന്ദവർദ്ധനഃ. 7

"സുമിത്രാനന്ദവർദ്ധനഃ	"സുമിത്രാ നന്ദനനായ ലക്ഷ്മണൻ
പഞ്ചത്വം ആപന്നഃ യദി,	മരിച്ചുപോയെന്നു വന്നാൽ,
അഹം	ഞാൻ
വാനരാണാം	വാനരന്മാർ
പശ്യതാം തു	കാണ്കെത്തന്നെ
പ്രാണം	ജീവനെ
പരിത്യക്ഷ്യാമി.	ഉപേക്ഷിക്കുന്നതാണ്.

കിം നു വക്ഷ്യാമി കൌസല്യാം മാതരം കിം നു കൈകയീം
കഥമംബാം സുമിത്രാം ച പുത്രദർശനലാലസാം. 8

"കൌസല്യാം	"കൌസല്യാമാതാവിനോട്
കിം നു വക്ഷ്യാമി?	ഞാൻ എന്തുപറയും?
കൈകയീം മാതരം	കൈകേയീമാതാവിനോട്
കിം നു?	എന്തുതന്നെപറയും?
പുത്രദർശനലാലസാം	പുത്രനെ കാണ്മാൻ കൊതിപൂണ്ടിരിക്കുന്ന
സുമിത്രാം അംബാം ച	സുമിത്രാമാതാവിനോടും
കഥം.	എങ്ങിനെ ഞാൻ മറുപടിപറയും?

വിവത്സാം വേപമാനാം ച ക്രോശന്തീം കുരരീമിവ
കഥമാശ്വാസയിഷ്യാമി യദി യാസ്യാമി തം വിനാ. 9

"തം വിനാ യാസ്യാമി യദി	"അവനെക്കൂടാതെ ഞാൻ മടങ്ങിപ്പോകയാണെങ്കിൽ
വിവത്സാം	കുട്ടിപോയ
കുരരീം ഇവ	കുരരിപ്പേടപോലെ
വേപമാനാം	തുടിച്ചുകൊണ്ടു
ക്രോശന്തീം ച	കരയുന്നവളായ ഇവളെ
കഥം ആശ്വാസയിഷ്യാമി?	ഞാൻ എങ്ങിനെയാണ് സമാധാനിപ്പിക്കുക?

കഥം വക്ഷ്യാമി ശത്രുഘ്നം ഭരതം ച യശസ്വിനം. 10

"യശസ്വിനം	"പുകഴാർന്ന
ഭരതം	ഭരതനോടും
ശത്രുഘ്നം ച	ശത്രുഘ്നനോടും
കഥം വക്ഷ്യാമി?	എങ്ങിനെയാണ് ഞാൻ മുഖത്തുനോക്കി പറയുക?

മയാ സഹ വനം യാതോ വിനാ തേന ഗതഃ പുനഃ
ഉപാലംഭം ന ശക്ഷ്യാമി സോഢും ബത സുമിത്രയാ. 11

"മയാ സഹ വനം യാതഃ,	"എന്നോടൊന്നിച്ചു കാട്ടിലേക്കുവന്നവനാണല്ലൊ അവൻ;
തേന വിനാ	അവനെക്കൂടാതെ
പുനഃ ഗതഃ	തിരിച്ചുചെന്നവനായി
സുമിത്രയാ	സുമിത്രാമാതാവിനാൽ
ഉപാലംഭം	ഉരചെയ്യപ്പെടുന്ന കടുമൊഴികളെ
സോഢും	സഹിപ്പാൻ
ശക്ഷ്യാമി ന ബത!	ഞാനാളാകയില്ല, കഷ്ടം!

ഇഹൈവ ദേഹം ത്യക്ഷ്യാമി ന ഹി ജീവിതുമുത്സഹേ. 12

"ഇഹ ഏവ	"ഇവിടെവെച്ചു തന്നെ	ജീവിതും ഹി	ജീവനോടിരിപ്പാൻ തന്നെ
ദേഹം ത്യക്ഷ്യാമി;	പ്രാണനെ ഞാൻ ഉപേക്ഷിച്ചുകളയാം;	ഉത്സഹേ ന.	ഞാൻ ആഗ്രഹിക്കുന്നില്ല.

ധിങ്മാം ദുഷ്കൃതകർമ്മാണമനാര്യം യത്കൃതേ ഹ്യസൌ
ലക്ഷ്മണഃ പതിതഃ ശേതേ ശരതല്പേ ഗതാസുവത്. 13

"യത്കൃതേ	"ആർക്കുവേണ്ടി	ശേതേ,	കിടക്കുന്നുവോ, അ
അസൌ ലക്ഷ്മണഃ	ഈ ലക്ഷ്മണൻ	ദുഷ്കൃതകർമ്മാണം	പാപകർമ്മം ചെയ്യുന്ന
ശരതല്പേ പതിതഃ	ശരതല്പത്തിൽവീണ്		
ഗതാസുവത്	ജീവൻ പോയവനെന്നപോലെ	അനാര്യം മാം ധിക് ഹി.	നീചനായ ഞാൻ നിന്ദ്യൻ തന്നെ.

ത്വം നിത്യം സ വിഷണ്ണം മാമാശ്വാസയസി ലക്ഷ്മണ 14
ഗതാസുർന്നാദ്യ ശക്നോഷി മാമാർത്തമഭിഭാഷിതും 15

"ലക്ഷ്മണ!	"ലക്ഷ്മണ!	അദ്യ	ഇപ്പോൾ
വിഷണ്ണം	പരിതപിക്കുന്നവനായ	ഗതാസുഃ	പ്രാണൻ പോയവനായി,
മാം	എന്നെ		
നിത്യം ആശ്വാസയസി;	എല്ലായ്പോഴും നീ ആശ്വസിപ്പിക്കാറുണ്ടല്ലോ;	ആർത്തം	വ്യാകുലപ്പെടുന്ന
		മാം	എന്നോട്
		അഭിഭാഷിതും	ഒന്നും പറവാൻ
സഃ ത്വം	അപ്രകാരമുള്ള നീ	ശക്നോഷി ന.	കഴിയാതിരിക്കുന്നു.

യേനാദ്യ നിഹതാ യുദ്ധേ രാക്ഷസാ വിനിപാതിതാഃ
തസ്യാമേവ ക്ഷിതൌ വീരഃ സ ശേതേ നിഹതഃ പരൈഃ. 16

"യേന	"യാതൊരുവനാൽ	സഃ വീരഃ	അപ്രകാരമുള്ള വീരൻ,
അദ്യ	ഇപ്പോൾ	തസ്യാം ഏവ	അതേ
യുദ്ധേ	പോരിൽ	ക്ഷിതൌ,	സ്ഥലത്തിൽ
രാക്ഷസാഃ	രാക്ഷസന്മാർ	പരൈഃ നിഹതഃ	ശത്രുക്കളാൽ വീഴ്ത്തപ്പെട്ടുവനായി
നിഹതാഃ വിനിപാതിതാഃ	കൊന്നുവീഴ്ത്തപ്പെട്ടുവോ,	ശേതേ.	കിടക്കുന്നു.

ശയാനഃ ശരതല്പേƒസ്മിൻ സ്വശോണിതപരിപ്ലുതഃ
ശരജാലൈശ്ചിതോ ഭാതി ഭാസ്കരോƒസ്തമിവ വ്രജൻ. 17

"അസ്മിൻ	"ഈ	ശരജാലൈഃ	ബാണങ്ങൾകൊണ്ട്
ശരതല്പേ	ശരതല്പത്തിൽ	ചിതഃ	തറയ്ക്കപ്പെട്ടവനായി
ശയാനഃ,	ശയിക്കുന്ന ഇവൻ,	അസ്തം വ്രജൻ	അസ്തമനത്തെ പ്രാപിക്കുന്ന
സ്വശോണിതപരിപ്ലുതഃ	തന്റെ ചോരയിൽ മുങ്ങി	ഭാസ്കരഃ ഇവ	ആദിത്യനെന്നപോലെ
		ഭാതി.	വിളങ്ങുന്നു.

ബാണാഭിഹതമർമ്മത്വാന്ന ശക്നോത്യഭിഭാഷിതും
രുജാ ചാബ്രുവതോഽപ്യസ്യ ദൃഷ്ടിരാഗേണ സൂച്യതേ. 18

"ബാണാഭിഹതമർമ്മത്വാത്	"മർമ്മങ്ങളിൽ ബാണങ്ങൾ തറച്ചകാരണം
അഭിഭാഷിതും	സംസാരിപ്പാനും
ശക്നോതി ന;	ശക്തനാകാതിരിക്കുന്നു;
അപി ച,	എന്നുതന്നെയല്ല,
അബ്രുവതഃ	ഒന്നും ഉരിയാടുന്നില്ലെങ്കിലും
ദൃഷ്ടിരാഗേണ	ഭാവത്തോടുകൂടിയ നോക്കുകൊണ്ട്
അസ്യ	ഇവന്ന്
രുജാ	സഹിപ്പാൻ കഴിയാത്ത വേദന
സൂച്യതേ.	ഉണ്ടെന്ന് അറിയപ്പെടുന്നുണ്ട്.

യഥൈവ മാം വനം യാന്തമനുയാതോ മഹാദ്യുതിഃ
അഹമപ്യനുയാസ്യാമി തഥൈവൈനം യമക്ഷയം. 19

"മഹാദ്യുതിഃ,	മഹാതേജസ്വിയായ ഇവൻ,
വനം യാന്തം	കാട്ടിലേക്കു പുറപ്പെട്ടു ചെല്ലുന്ന
മാം	എന്നെ
യഥാ ഏവ	എപ്രകാരം
അനുയാതഃ,	തുടർന്നുവന്നുവോ,
തഥാ ഏവ	അപ്രകാരംതന്നെ
അഹം അപി	ഞാനും
ഏനം	ഇവനെ
യമക്ഷയം	യമരാജധാനിയിലേക്ക്
അനുയാസ്യാമി.	തുടർന്നുചെല്ലുന്നുണ്ട്.

ഇഷ്ടബന്ധുജനോ നിത്യം മാം ച നിത്യമനുവ്രതഃ
ഇമാമദ്യ ഗതോഽവസ്ഥാം മമാനാര്യസ്യ ദുർന്നയൈഃ. 20

"നിത്യം ഇഷ്ടബന്ധുജനഃ	"എന്നും ജ്യേഷ്ഠന്റെപേരിൽ പ്രിയമാർന്നവനായി
മാം ച	എന്നെത്തന്നെ
നിത്യം	ഇടവിടാതെ
അനുവ്രതഃ,	അനുസരിച്ചുവന്ന ഇവൻ,
അദ്യ	ഇപ്പോൾ
അനാര്യസ്യ	അപ്രകാരമുള്ള പ്രീതിക്ക് പാത്രമല്ലാത്തവനായ
മമ ദുർന്നയൈഃ	എന്റെ ആലോചനയറ്റ പ്രവൃത്തികൊണ്ട്
ഇമാം അവസ്ഥാം ഗതഃ.	ഈ അവസ്ഥയിലായി.

["ഇടവിടാതെ എന്നെ പിൻതുടർന്നുവന്ന പ്രീതിയുള്ള ബന്ധുക്കളും (സീത, ലക്ഷ്മണൻ, ജടായു മുതലായവർ) എന്റെ ദൌരാത്മ്യംകൊണ്ടുതന്നെയാണ് ഈ കഷ്ടസ്ഥിതിയിൽ എത്തുവാൻ സംഗതി വന്നത്." എന്നും പറയാം.]

സുരുഷ്ടേനാപി വീരേണ ലക്ഷ്മണേന ന സംസ്മരേ
പരുഷം വിപ്രിയം വാപി ശ്രാവിതം തു കദാചന. 21

"സുരുഷ്ടേന അപി	"അതിക്രുദ്ധനായിരുന്നാലുംകൂടി
വീരേണ	വീരനായ
ലക്ഷ്മണേന	ലക്ഷ്മണനാൽ
കദാചന	ഒരിക്കലെങ്കിലും
വിപ്രിയം അപി	ധർമ്മവിരുദ്ധമായ വാക്കാകട്ടെ,
പരുഷം വാ	കഠിനമായവാക്കാകട്ടെ,
ശ്രാവിതം തു	പറയപ്പെട്ടതായിതന്നെ
സംസ്മരേ ന.	ഞാൻ ഓർക്കുന്നില്ല.

വിസസർജ്ജൈകവേഗേന പഞ്ചബാണശതാനി യഃ
ഇഷ്വസ്ത്രേഷ്വധികസ്തസ്മാത് കാർത്തവീര്യാച്ച ലക്ഷ്മണഃ. 22

" യഃ	" യാതൊരുവൻ	തസ്മാത്	ആ
പഞ്ചബാണശതാനി	അഞ്ഞൂറുബാണങ്ങളെ	കാർത്തവീര്യാത്	കാർത്തവീര്യാർജ്ജുനനെക്കാളും
ഏകവേഗേന	ഒരേകാലത്തിൽ	ലക്ഷ്മണഃ	ലക്ഷ്മണൻ,
വിസസർജ്ജ	എയ്തിരുന്നുവോ, അപ്രകാരമുള്ള	ഇഷ്വസ്ത്രേഷു ച	ശരപ്രയോഗങ്ങളിലും അസ്ത്രപ്രയോഗങ്ങളിലും
		അധികഃ.	മേലായവനാണ്.

[ആയിരം കൈകളുള്ള കാർത്തവീര്യാർജ്ജുനന്ന് ഒരുവശത്തുള്ള അഞ്ഞൂറു കൈകൾകൊണ്ട് ഒരേ ഊക്കിൽ അഞ്ഞൂറ് ബാണങ്ങൾ പ്രയോഗിപ്പാൻ സാധിക്കും. ലക്ഷ്മണന്ന് ഒരു കൈകൊണ്ട് അതിനെക്കാൾ സാധിക്കും എന്ന് സാരം.]

അസ്ത്രൈരസ്ത്രാണി യോ ഹന്യാത് ശക്രസ്യാപി മഹാത്മനഃ
സോഽയമുർവ്യാം ഹതഃ ശേതേ മഹാർഹശയനോചിതഃ. 23

" യഃ	" യാതൊരുവൻ	സഃ	അപ്രകാരമുള്ളവനും
മഹാത്മനഃ	മഹാത്മാവായ	മഹാർഹശയനോചിതഃ	വിലയേറിയ തല്പത്തിന്നു ഉചിതനുമായ
ശക്രസ്യ	ഇന്ദ്രന്റെ	അയം	ഇവൻ
അസ്ത്രാണി അപി	അസ്ത്രങ്ങളേയും	ഹതഃ	കൊല്ലപ്പെട്ടവനായി
അസ്ത്രൈഃ	പ്രത്യസ്ത്രങ്ങൾകൊണ്ട്	ഉർവ്യാം ശേതേ.	നിലത്ത് ശയിക്കുന്നു.
ഹന്യാത്	നശിപ്പിക്കുമോ		

തച്ച മിഥ്യാ പ്രലപ്തം മാം പ്രധക്ഷ്യതി ന സംശയഃ
യന്മയാ ന കൃതോ രാജാ രാക്ഷസാനാം വിഭീഷണഃ. 24

" വിഭീഷണഃ	" വിഭീഷണൻ	യത് തത്	യാതൊരു ആ
മയാ	എന്നാൽ	മിഥ്യാ പ്രലപ്തം	നിഷ്ഫലമായ വാക്ക്
രാക്ഷസാനാം രാജാ	രാക്ഷസരാജാവായി	മാം ച	എന്നെ
ന കൃതഃ ;	ആക്കപ്പെട്ടില്ല ;	പ്രധക്ഷ്യതി	തപിപ്പിക്കും
		സംശയഃ ന.	തീർച്ചതന്നെ.

അസ്മിൻ മുഹൂർത്തേ സുഗ്രീവ പ്രതിയാതുമിതോഽർഹസി. 25

" സുഗ്രീവ !	" സുഗ്രീവ !	ഇതഃ	ഇവിടെനിന്നും
അസ്മിൻ മുഹൂർത്തേ	ഇക്ഷണംതന്നെ	പ്രതിയാതും അർഹസി.	ഭവാൻ തിരിച്ചുചെന്നാലും.

സ തു ഹീനം മയാ രാജൻ രാവണോഽഭിദ്രവേദ് ബലീ. 26

" രാജൻ !	" രാജാവേ !	മയാ ഹീനം	എന്നെക്കൂടാതെ വർത്തിക്കുന്ന ഭവാനെ
ബലീ	ബലശാലിയായ	തു	ഇപ്പോൾ
സഃ രാവണഃ	ആ രാവണൻ	അഭിദ്രവേത്.	എതിർത്തേയ്ക്കും.

അംഗദം തു പുരസ്കൃത്യ സസൈന്യഃ സസുഹൃജ്ജനഃ
സാഗരം തര സുഗ്രീവ നീലേന ച നളേന ച. 27

“ സുഗ്രീവ!	“ സുഗ്രീവ!	സസുഹൃജ്ജനഃ	ബന്ധുക്കളൊന്നിച്ച്
നീലേന ച	നീലനോടുകൂടിയും	അംഗദം തു	അംഗദനെയും
നളേന ച	നളനോടുകൂടിയും	പുരസ്കൃത്യ	കൂട്ടിക്കൊണ്ട്
സസൈന്യഃ	സൈന്യസമേതനായി	സാഗരം	സമുദ്രത്തെ
		തര.	കടന്നുചെല്ലുക.

കൃതം ഹനുമതാ കാര്യം യദന്യൈർദുഷ്കരം രണേ
ഋക്ഷരാജേന തുഷ്യാമി ഗോലാംഗുലാധിപേന ച. 28

“ ഹനുമതാ	“ ഹനുമാനാലും	അന്യൈഃ	മററുള്ളവരാൽ
ഋക്ഷരാജേന	കരടികൾക്കധിപനാലും	ദുഷ്കരം	ചെയ്വാൻകഴിയാത്ത
ഗോലാംഗുലാധിപേന ച,	ഗോലാംഗുലാധിപനാലും,	കാര്യം യത്	കാര്യം യാതൊന്നൊ
രണേ,	പോരിൽ	കൃതം;	ചെയ്യപ്പെട്ടു; [അത്
		തുഷ്യാമി.	ഞാൻ സന്തോഷിക്കുന്നു.

അംഗദേന കൃതം കർമ്മ മൈന്ദേന ദ്വിവിദേന ച
യുദ്ധം കേസരിണാ സംഖ്യേ ഘോരം സമ്പാതിനാ കൃതം. 29

“ അംഗദേന	“ അംഗദനാലും	സമ്പാതിനാ	സമ്പാതിയാലും
മൈന്ദേന	മൈന്ദനാലും	കേസരിണാ	കേസരിയാലും
ദ്വിവിദേന ച	ദ്വിവിദനാലും	സംഖ്യേ	പോർക്കളത്തിൽ
കർമ്മ	വലുതായകൃത്യം	യുദ്ധം	യുദ്ധം
കൃതം;	ചെയ്യപ്പെട്ടു;	ഘോരം	ഭയങ്കരമാംവണ്ണം
		കൃതം.	ചെയ്യപ്പെട്ടു.

ഗവയേന ഗവാക്ഷേണ ശരഭേണ ഗജേന ച
അന്യൈശ്ച ഹരിഭിര്യുദ്ധം മദർത്ഥേ ത്യക്തജീവിതൈഃ
ന ചാതിക്രമിതും ശക്യം ദൈവം സുഗ്രീവ മാനുഷൈഃ. 30

“ ഗവയേന	“ ഗവയനാലും	ത്യക്തജീവിതൈഃ	ജീവനെ വില വെക്കാതെ
ഗവാക്ഷേണ	ഗവാക്ഷനാലും	യുദ്ധം;	പോർചെയ്യപ്പെട്ടു;
ശരഭേണ ച	ശരഭനാലും	സുഗ്രീവ!	സുഗ്രീവ!
ഗജേന ച	ഗജനാലും	മാനുഷൈഃ	മനുഷ്യരാൽ
അന്യൈഃ	മററുള്ള	ദൈവം	വിധിയെന്നുള്ളത്
ഹരിഭിഃ ച	വാനരന്മാരാലും	അതിക്രമിതും	അതിക്രമിപ്പാൻ
മദർത്ഥേ	എനിക്കുവേണ്ടി,	ശക്യം ന.	സാദ്ധ്യമല്ല.

യത്തു ശക്യം വയസ്യേന സുഹൃദാ ച പരന്തപ
കൃതം സുഗ്രീവ തത്സർവ്വം ഭവതാ ധർമ്മഭീരുണാ. 31

" പരന്തപ!	" ശത്രുസന്താപകരനാ[യ	വയസ്യേന ച	മിത്രവുമായ
സുഗ്രീവ!	സുഗ്രീവ!	ഭവതാ,	ഭവാനാൽ
ധർമ്മഭീരുണാ	ധർമ്മത്തെ ഭയപ്പെടുന്നവനും	യത് ശക്യം തു	ഏതെല്ലാം സാദ്ധ്യമോ
		തത് സർവ്വം	അതെല്ലാം
സുഹൃദാ	സ്നേഹിക്കുന്ന	കൃതം.	ചെയ്യപ്പെട്ടു.

മിത്രകാര്യം കൃതമിദം ഭവദ്ഭിർവ്വാനരർഷഭാഃ
അനുജ്ഞാതാ മയാ സർവ്വേ യഥേഷ്ടം ഗന്തുമർഹഥ. 32

" വാനരർഷഭാഃ!	" വാനരോത്തമന്മാരെ!	സർവ്വേ	എല്ലാവരും
ഭവദ്ഭിഃ	ഭവാന്മാരാൽ	മയാ	എന്നാൽ
മിത്രകാര്യം	ബന്ധുകൃത്യമെന്നത്	അനുജ്ഞാതാഃ	അനുമതി നൽകപ്പെട്ട
ഇദം	ഇപ്പോൾ	യഥേഷ്ടം	ഇഷ്ടംപോലെ [വരായി
കൃതം;	ചെയ്യപ്പെട്ടുകഴിഞ്ഞു;	ഗന്തും അർഹഥ."	പോയ്ക്കൊൾക."

ശുശ്രുവുസ്തസ്യ തേ സർവ്വേ വാനരാഃ പരിദേവനം
വർത്തയാംചക്രുരശ്രൂണി നേത്രൈഃ കൃഷ്ണേതരേക്ഷണാഃ. 33

തേ	ആ	കൃഷ്ണേതരേക്ഷണാഃ	നേത്രങ്ങൾ ചുകന്നവരായി,
വാനരാഃ സർവ്വേ	വാനരന്മാരെല്ലാവരും	നേത്രൈഃ	കണ്ണുകളിൽനിന്നും
തസ്യ	അദ്ദേഹത്തിന്റെ	അശ്രൂണി	അശ്രുക്കൾ
പരിദേവനം	പ്രലാപത്തെ	വർത്തയാംചക്രുഃ.	പൊഴിച്ചു.
ശുശ്രുവുഃ;	കേട്ടു;		

തതഃ സർവ്വാണ്യനീകാനി സ്ഥാപയിത്വാ വിഭീഷണഃ
ആജഗാമ ഗദാപാണിസ്ത്വരിതോ യത്ര രാഘവഃ. 34

വിഭീഷണഃ	വിഭീഷണൻ	രാഘവഃ യത്ര	ശ്രീരാഘവൻ ഉണ്ടായിരുന്ന ദിക്കിലേക്ക്
അനീകാനി സർവ്വാണി	സൈന്യങ്ങളെയെല്ലാം	ഗദാപാണിഃ	ഗദാപാണിയായി
സ്ഥാപയിത്വാ	നിലയ്ക്കു നിർത്തിയശേഷം	ത്വരിതഃ	വേഗത്തിൽ
		തതഃ ആജഗാമ.	ആ സമയം വന്നു.

തം ദൃഷ്ട്വാ ത്വരിതം യാന്തം നീലാഞ്ജനചയോപമം
വാനരാ ദുദ്രുവുഃ സർവ്വേ മന്യമാനാസ്തു രാവണിം. 35

വാനരാഃ സർവ്വേ	വാനരന്മാരെല്ലാം	തം ദൃഷ്ട്വാ,	അവനെ കണ്ട്,
നീലാഞ്ജനചയോപമം	കറുത്ത അഞ്ജനമലയൊത്തവനായി	രാവണിം തു	ഇന്ദ്രജിത്തെന്നുതന്നെ
ത്വരിതം	ബദ്ധപ്പെട്ടുകൊണ്ട്	മന്യമാനാഃ	വിചാരിച്ച്
യാന്തം	വന്നുകൊണ്ടിരുന്ന	ദുദ്രുവുഃ.	അങ്ങുമിങ്ങും ഓടുവാൻ തുടങ്ങി.

ഇത്യാർഷേ ശ്രീമദ്രാമായണേ വാല്മീകീയേ ആദികാവ്യേ യുദ്ധകാണ്ഡേ

ഏകോനപഞ്ചാശഃ സർഗ്ഗഃ = നാല്പത്തൊമ്പതാംസർഗ്ഗം സമാപ്തം.

ആദ്യം മുതൽ ശ്ലോകസംഖ്യ 16599; യുദ്ധകാണ്ഡം ആദ്യം മുതൽ ശ്ലോകസംഖ്യ 1924.

പഞ്ചാശഃ സർഗ്ഗഃ = അമ്പതാംസർഗ്ഗം.

[നാഗപാശവിമോചനം = നാഗപാശത്തിൽനിന്ന് മോചിക്കുന്നത്.]

അഥോവാച മഹാതേജാ ഹരിരാജോ മഹാബലഃ
കിമിയം വ്യഥിതാ സേനാ മൂഢവാതേവ നൗർജ്ജലേ. 1

മഹാതേജാഃ	മഹാതേജസ്വിയും	ജലേ	വെള്ളത്തിൽ
മഹാബലഃ	മഹാശക്തിമാനുമായ	മൂഢവാതാ	കൊടുങ്കാററിലകപ്പെട്ട
ഹരിരാജഃ,	വാനരാധിപൻ,	നൗഃ ഇവ	കപ്പലെന്നപോലെ
അഥ ഉവാച;	ഇപ്രകാരം ചോദിച്ചു;	കിം വ്യഥിതാ?"	എന്താണ് കഷ്ടപ്പെട്ടുന്നത്?"
"ഇയം സേനാ	"ഈ സൈന്യം		

സുഗ്രീവസ്യ വചഃ ശ്രുത്വാ ബാലിപുത്രോഽംഗദോഽബ്രവീത്. 2

ബാലിപുത്രഃ	ബാലിപുത്രനായ	വചഃ	വാക്കു
അംഗദഃ	അംഗദൻ	ശ്രുത്വാ	കേട്ട്
സുഗ്രീവസ്യ	സുഗ്രീവന്റെ	അബ്രവീത്.	ഇങ്ങിനെ ഉരചെയ്തു.

ന ത്വം പശ്യസി രാമം ച ലക്ഷ്മണം ച മഹാബലം
ശരജാലാചിതൗ വീരാവുഭൗ ദശരഥാത്മജൗ
ശരതല്പേ മഹാത്മാനൗ ശയാനൗ രുധിരോക്ഷിതൗ. 3

"ശരജാലാചിതൗ	"ബാണസമൂഹങ്ങളാൽ കെട്ടപ്പെട്ടവരും	ശയാനൗ	കിടക്കുന്നവരും
വീരൗ	വീരന്മാരും	ഉഭൗ	ഇരുവരുമായ
ദശരഥാത്മജൗ	ദശരഥപുത്രന്മാരും	രാമം ച	ശ്രീരാമനേയും
മഹാത്മാനൗ	മഹാത്മാക്കളും	മഹാബലം	മഹാബലവാനായ
ശരതല്പേ	ശരതല്പത്തിൽ	ലക്ഷ്മണം ച	ലക്ഷ്മണനേയും
രുധിരോക്ഷിതൗ	ചോരപുരണ്ട്	ത്വം	നിന്തിരുവടി
		പശ്യസി ന?"	ഓക്കുന്നില്ലേ?"

[ശ്രീരാമലക്ഷ്മണന്മാർ ഇങ്ങിനെ കിടക്കുന്നതുതന്നെ അവരുടെ സംഭ്രമത്തിന്നു കാരണം, എന്നു സാരം.]

അഥാബ്രവീദ്വാനരേന്ദ്രഃ സുഗ്രീവഃ പുത്രമംഗദം
നാനിമിത്തമിദം മന്യേ ഭവിതവ്യം ഭയേന തു. 4

വാനരേന്ദ്രഃ	വാനരാധിപനായ	അനിമിത്തം	വേറെ മതിയായ കാരണംകൊണ്ടല്ലാതെ ഉണ്ടായതാണെന്ന്
സുഗ്രീവഃ	സുഗ്രീവൻ		
പുത്രം	പുത്രനായ		
അംഗദം	അംഗദനോടായി	മന്യേ ന;	ഞാൻ വിചാരിക്കുന്നില്ല;
അഥ	ഇപ്രകാരം		
അബ്രവീത്;	ഉരചെയ്തു:	ഭയേന തു	ഭയംകൊണ്ടുതന്നെ
"ഇദം	"ഇത്	ഭവിതവ്യം.	ഉണ്ടായതായിരിക്കണം.

[ഇന്ദ്രജിത്ത് വേറെ എന്തൊ മായാവിദ്യ പ്രയോഗിച്ചിരിക്കുന്നു എന്ന് സുഗ്രീവനും ശങ്കിക്കുന്നു.]

വിഷണ്ണവദനാ ഹ്യേതേ ത്യക്തപ്രഹരണാ ദിശഃ
പ്രപലായന്തി ഹരയസ്ത്രാസാദുത്ഫുല്ലലോചനാഃ. 5

"ഏതേ ഹരയഃ	"ഈ വാനരന്മാർ	ത്യക്തപ്രഹരണാഃ	ആയുധങ്ങളെ വലിച്ചെറിഞ്ഞ്
വിഷണ്ണവദനാഃ	വാടിയമുഖമാൎന്നവരായി	ത്രാസാത് ഹി	ഭയംകൊണ്ടുതന്നെയാണ്
ഉത്ഫുല്ലലോചനാഃ	കണ്ണുകൾ തുറിച്ചുമിഴിച്ചവരായി	ദിശഃ	ദിക്കെങ്ങും
		പ്രപലായന്തി.	ഓടുന്നത്.

അന്യോന്യസ്യ ന ലജ്ജന്തേ ന നിരീക്ഷന്തി പൃഷ്ഠതഃ
വിപ്രകൎഷന്തി ചാന്യോന്യം പതിതം ലംഘയന്തി ച. 6

"അന്യോന്യസ്യ	"ഒരുവനെ കണ്ടിട്ട് മറെറാരുവൻ	അന്യോന്യം	തമ്മിൽ
ലജ്ജന്തേ ന;	ലജ്ജിക്കുന്നില്ല;	വിപ്രകൎഷന്തി ച;	തിക്കിത്തിരക്കുകയും ചെയ്യുന്നു;
പൃഷ്ഠതഃ	പിന്നോക്കം	പതിതം ച	വീണവനെയും (ഗണിക്കാതെ)
നിരീക്ഷന്തി ന;	നോക്കുന്നില്ല;	ലംഘയന്തി."	കടന്നുചെല്ലുന്നു."

ഏതസ്മിന്നന്തരേ വീരോ ഗദാപാണിൎവിഭീഷണഃ
സുഗ്രീവം വൎദ്ധയാമാസ രാഘവം ച നിരൈക്ഷത. 7

ഏതസ്മിൻ	ഈ	സുഗ്രീവം	സുഗ്രീവനെ
അന്തരേ	സമയം	വൎദ്ധയാമാസ	ആശീൎവ്വദിച്ചു;
വീരഃ	വീരനായ	രാഘവം	ശ്രീരാഘവനേയും
വിഭീഷണഃ	വിഭീഷണൻ	നിരൈക്ഷത ച	സൂക്ഷിച്ചു നോക്കി.
ഗദാപാണിഃ	ഗദാപാണിയായി		

വിഭീഷണം തം സുഗ്രീവോ ദൃഷ്ട്വാ വാനരഭീഷണം
ഋക്ഷരാജം സമീപസ്ഥം ജാംബവന്തമുവാച ഹ. 8

സുഗ്രീവഃ	സുഗ്രീവൻ,	ദൃഷ്ട്വാ,	എന്നറിഞ്ഞ്,
തം വിഭീഷണം	ആ വിഭീഷണൻതന്നെയാണ്	സമീപസ്ഥം	അടുത്തു നിന്നിരുന്ന
		ഋക്ഷരാജം	ഋക്ഷരാജാവായ
വാനരഭീഷണം	വാനരന്മാൎക്ക് ഭയകാരണമായത്	ജാംബവന്തം	ജാംബവാനോടായി
		ഉവാച ഹ.	ഇങ്ങിനെ ഉരചെയ്തു.

വിഭീഷണോഽയം സംപ്രാപ്തോ യം ദൃഷ്ട്വാ വാനരൎഷഭാഃ
വ്യദ്രവംസ്തു പരിത്രസ്താ രാവണാത്മജശങ്കയാ. 9

"വാനരൎഷഭാഃ	"വാനരവീരന്മാർ,	വ്യദ്രവൻ തു	ഓടിത്തുടങ്ങിയോ, അവൻ തന്നെയാണ്
യം ദൃഷ്ട്വാ	യാതൊരുവനെ കണ്ട്		
രാവണാത്മജശങ്കയാ	ഇന്ദ്രജിത്തെന്നുള്ള ശങ്കയാൽ	അയം	ഈ
		സംപ്രാപ്തഃ	വന്നിരിക്കുന്നവനായ
പരിത്രസ്താഃ	പേടിച്ചു വിറച്ച്	വിഭീഷണഃ.	വിഭീഷണൻ.

ശീഘ്രമേതാൻ സുസംത്രസ്താൻ ബഹുധാ വിപ്രധാവിതാൻ
പൎയ്യവസ്ഥാപയാഖ്യാഹി വിഭീഷണമുപസ്ഥിതം. 10

"ഉപസ്ഥിതം	"വന്നിരിക്കുന്നവൻ	ബഹുധാ	അങ്ങുമിങ്ങും
വിഭീഷണം	വിഭീഷണനാണെന്ന്	വിപ്രധാവിതാൻ	ഓടിയ
ശീഘ്രം	വേഗത്തിൽ	ഏതാൻ	ഇവരെ
ആഖ്യാഹി;	അറിയിക്കുക;	പൎയ്യവസ്ഥാപയ."	ധൈൎയ്യപ്പെടുത്തിയാലും."
സുസംത്രസ്താൻ	പേടിച്ചു മിരണ്ട്		

സുഗ്രീവേണൈവമുക്തസ്തു ജാംബവാനൃക്ഷപാൎത്ഥിവഃ
വാനരാൻ സാന്ത്വയാമാസ സംനിവാൎയ്യ പ്രധാവതഃ. 11

സുഗ്രീവേണ	സുഗ്രീവനാൽ	പ്രധാവതഃ	അമ്പരന്നോടുന്ന
ഏവം	ഇപ്രകാരം	വാനരാൻ	വാനരന്മാരെ
ഉക്തഃ	ഉരചെയ്യപ്പെട്ടവനായ	സംനിവാൎയ്യ	തടഞ്ഞുകൊണ്ട്
ഋക്ഷപാൎത്ഥിവഃ	ഋക്ഷാധിപനായ	സാന്ത്വയാമാസ.	സമാധാനപ്പെടുത്തി.
ജാംബവാൻ തു,	ജാംബവാനും,		

തേ നിവൃത്താഃ പുനഃ സൎവ്വേ വാനരാസ്ത്യക്തസംഭ്രമാഃ
ഋക്ഷരാജവചഃ ശ്രുത്വാ തം ച ദൃഷ്ട്വാ വിഭീഷണം. 12

തേ	ആ	വിഭീഷണം ദൃഷ്ട്വാ ച	വിഭീഷണനാണെന്നറിഞ്ഞതു കൊണ്ടും,
വാനരാഃ സൎവ്വേ	വാനരന്മാരെല്ലാം	ത്യക്തസംഭ്രമാഃ	ഭയം നീങ്ങിയവരായി
ഋക്ഷരാജവചഃ	ജാംബവാന്റെ വാക്കു	പുനഃ	വീണ്ടും
ശ്രുത്വാ,	കേട്ട്,	നിവൃത്താഃ.	തിരിച്ചുവന്നു.
തം	അവനെ		

വിഭീഷണസ്തു രാമസ്യ ദൃഷ്ട്വാ ഗാത്രം ശരൈശ്ചിതം
ലക്ഷ്മണസ്യ ച ധൎമ്മാത്മാ ബഭൂവ വ്യഥിതേന്ദ്രിയഃ. 13

ധൎമ്മാത്മാ	ധൎമ്മാത്മാവായ	ശരൈഃ ചിതം	ബാണങ്ങളാൽ തറക്കപ്പെട്ടതിനെ
വിഭീഷണഃ	വിഭീഷണൻ	ദൃഷ്ട്വാ	കണ്ട്
രാമസ്യ	ശ്രീരാമന്റെയും	തു	ഉടനെ
ലക്ഷ്മണസ്യ ച	ലക്ഷ്മണന്റെയും	വ്യഥിതേന്ദ്രിയഃ	ദേഹം തളൎന്നവനായി
ഗാത്രം	ശരീരം	ബഭൂവ.	ഭവിച്ചു.

ജലക്ലിന്നേന ഹസ്തേന തയോൎന്നേത്രേ പ്രമൃജ്യ ച
ശോകസംപീഡിതമനാ രുരോദ വിലലാപ ച. 14

"ശോകസംപീഡിതമനാഃ	"വ്യസനത്താൽ ഉള്ളം കലങ്ങിയവനായി	ജലക്ലിന്നേന	വെള്ളംനനഞ്ഞ
		ഹസ്തേന	കൈകൊണ്ട്
		പ്രമൃജ്യ ച,	തുടച്ച്,
തയോഃ	അവർ രണ്ടുപേരുടേയും	രുരോദ;	ഇപ്രകാരം പ്രലപിച്ചു;
നേത്രേ	നേത്രങ്ങളെ	വിലലാപ ച.	കരകയുംചെയ്തു.

ഇമൌ തൌ സത്വസമ്പന്നൌ വിക്രാന്തൌ പ്രിയസംയുഗൌ
ഇമാമവസ്ഥാം ഗമിതൌ രാക്ഷസൈഃ കൂടയോധിഭിഃ. 15

"സത്വസമ്പന്നൌ	"മഹാബലശാലികളും	ഇമൌ തൌ	ഇവരിരുവരും
വിക്രാന്തൌ	പരാക്രമശാലികളും	കൂടയോധിഭിഃ	ചതിയായി യുദ്ധംചെയ്യുന്ന
പ്രിയസംയുഗൌ	അന്യോന്യപ്രീതിയാൽ യോജിച്ചുവരുമായ	രാക്ഷസൈഃ	രാക്ഷസരാൽ
		ഇമാം അവസ്ഥാം	ഈ അവസ്ഥയെ
		ഗമിതൌ.	പ്രാപിക്കപ്പെട്ടു.

ഭ്രാതുഃ പുത്രേണ മേ തേന ദുഷ്പുത്രേണ ദുരാത്മനാ
രാക്ഷസ്യാ ജിഹ്മയാ ബുദ്ധ്യാ വഞ്ചിതാവൃജുവിക്രമൌ. 16

"ഋജുവിക്രമൌ,	"ധൎമ്മയുദ്ധംചെയ്യുന്നവരായ ഇവരിരുവരും,	ദുരാത്മനാ	ദുഷ്ടനമായ
മേ ഭ്രാതുഃ	എന്റെ ജ്യേഷ്ഠന്റെ	തേന	അവനാൽ
പുത്രേണ	പുത്രനും	രാക്ഷസ്യാ	രാക്ഷസോചിതമായ
ദുഷ്പുത്രേണ	അസത്പുത്രനും	ജിഹ്മയാ ബുദ്ധ്യാ	വക്രബുദ്ധികൊണ്ടു്
		വഞ്ചിതൌ.	വഞ്ചിക്കപ്പെട്ടു.

ശരൈരിമാവലം വിദ്ധൌ രുധിരേണ സമുക്ഷിതൌ
വസുധായാമിമൌ സുപ്തൌ ദൃശ്യേതേ ശല്യകാവിവ. 17

"ഇമൌ	"ഇവർ രണ്ടുപേരും	വസുധായാം സുപ്തൌ;	നിലത്തുശയിക്കുന്നു;
ശരൈഃ അലം വിദ്ധൌ	ബാണങ്ങളാൽ മതിയാവോളം തറയ്ക്കപ്പെട്ടു്	ഇമൌ	ഇവരിരുവരും
രുധിരേണ	ചോരകൊണ്ടു്	ശല്യകൌ ഇവ	മുള്ളൻപന്നികളെന്നപോലെ
സമുക്ഷിതൌ	മുക്കപ്പെട്ടവരായി,	ദൃശ്യേതേ.	ഇരിക്കുന്നുണ്ടു്.

യയോൎവ്വീൎയ്യമുപാശ്രിത്യ പ്രതിഷ്ഠാ കാംക്ഷിതാ മയാ
താവുഭൌ ദേഹനാശായ പ്രസുപ്തൌ പുരുഷൎഷഭൌ. 18

"യയോഃ	"ആർ രണ്ടുപേരുടെയും	തൌ പുരുഷൎഷഭൌ	ആ പുരുഷോത്തമന്മാരായ
വീൎയ്യം	വീൎയ്യത്തെ	ഉഭൌ	ഇവർ രണ്ടുപേരും
ഉപാശ്രിത്യ	അവലംബിച്ചു്	ദേഹനാശായ പ്രസുപ്തൌ.	ദേഹം നശിക്കുമാറു് ദീൎഘനിദ്ര കയ്ക്കൊണ്ടിരിക്കുന്നു.
മയാ	എന്നാൽ		
പ്രതിഷ്ഠാ	കീൎത്തിയെന്നതു്		
കാംക്ഷിതാ,	ആഗ്രഹിക്കപ്പെട്ടുവോ,		

ജീവന്നദ്യ വിപന്നോഽസ്മി നഷ്ടരാജ്യമനോരഥഃ
പ്രാപ്തപ്രതിജ്ഞശ്ച രിപുഃ സകാമോ രാവണഃ കൃതഃ. 19

"അദ്യ	"ഇപ്പോൾ	രിപുഃ	ശത്രുവായ
നഷ്ടരാജ്യമനോരഥഃ	സ്വന്തം രാജ്യവും ആഗ്രഹവും ഇല്ലാതായി	രാവണഃ	രാവണൻ
ജീവൻ വിപന്നഃ അസ്മി	ഞാൻ ജീവച്ഛവമായ്തീൎന്നു;	പ്രാപ്തപ്രതിജ്ഞഃ	പ്രതിജ്ഞ സാധിച്ചവനായി
		സകാമഃ ച കൃതഃ."	ആഗ്രഹപൂൎത്തി നേടിയവനായും ആക്കപ്പെട്ടു."

ഏവം വിലപമാനം തം പരിഷ്വജ്യ വിഭീഷണം
സുഗ്രീവഃ സത്വസമ്പന്നോ ഹരിരാജോഽബ്രവീദിദം. 20

ഹരിരാജഃ	വാനരാധിപനും	വിലപമാനം	പ്രലപിക്കുന്നവനായ
സത്വസമ്പന്നഃ	പൌരുഷയുക്തനുമായ	തം വിഭീഷണം	ആ വിഭീഷണനെ
സുഗ്രീവഃ,	സുഗ്രീവൻ,	പരിഷ്വജ്യ	കെട്ടിപ്പുണൎന്നു്
ഏവം	ഇപ്രകാരം	ഇദം അബ്രവീത്.	ഇങ്ങിനെ ഉരചെയ്തു.

രാജ്യം പ്രാപ്സ്യസി ധൎമ്മജ്ഞ ലങ്കായാം നാത്ര സംശയഃ 21

"ധൎമ്മജ്ഞ!	"ധൎമ്മബുദ്ധിയാൎന്നവനേ!	രാജ്യം	രാജ്യാധികാരത്തെ
		പ്രാപ്സ്യസി;	അങ്ങ് പ്രാപിക്കും;
ലങ്കായാം	ലങ്കയിൽ	അത്ര സംശയഃ ന.	ഇതിൽ സംശയമില്ല.

രാവണഃ സഹ പുത്രേണ സ കാമം നേഹ ലപ്സ്യതേ. 22

"സഃ രാവണഃ	"ആ രാവണൻ	ഇഹ	ഈ ലോകത്തിൽ
പുത്രേണ സഹ	പുത്രനോടുംകൂടി		
കാമം	തന്റെ ആഗ്രഹത്തെ	ലപ്സ്യതേ ന.	പ്രാപിക്കുകയില്ല.

ന രുജാപീഡിതാവേതാവുഭൌ രാഘവലക്ഷ്മണൌ
ത്യക്ത്വാ മോഹം വധിഷ്യേതേ സഗണം രാവണം രണേ. 23

"ഏതൌ	"ഈ	മോഹം ത്യക്ത്വാ,	മൂൎച്ഛതെളിഞ്ഞ്,
രാഘവലക്ഷ്മണൌ	ശ്രീരാമലക്ഷ്മണന്മാർ	രണേ	പോരിൽ
ഉഭൌ	രണ്ടുപേരും	രാവണം	രാവണനെ
രുജാപീഡിതൌ ന;	മരണവേദനയനുഭവിക്കുന്നവരല്ല;	സഗണം	കൂട്ടത്തോടെ
		വധിഷ്യേതേ."	ഹനിക്കുന്നതാണ്."

തമേവം സാന്ത്വയിത്വാ തു സമാശ്വാസ്യ ച രാക്ഷസം
സുഷേണം ശ്വശുരം പാൎശ്വേ സുഗ്രീവസ്തമുവാച ഹ. 24

സുഗ്രീവഃ	സുഗ്രീവൻ,	സമാശ്വാസ്യ ച	ആശ്വസിപ്പിച്ചശേഷം
തം രാക്ഷസം	ആ രാക്ഷസനെ	പാൎശ്വേ	അരികിലിരുന്ന
ഏവം	മേൽപ്രകാരം	ശ്വശുരം	ശ്വശുരനായ
സാന്ത്വയിത്വാ തു	സമാധാനവാക്കുരചെയ്തു്	തം സുഷേണം	ആ സുഷേണനോടായി
		ഉവാച ഹ.	ഉരചെയ്തു.

സഹ ശൂരൈൎഹരിഗണൈൎല്ലബ്ധസംജ്ഞാവരിന്ദമൌ
ഗച്ഛ ത്വം ഭ്രാതരൌ ഗൃഹ്യ കിഷ്കിന്ധാം രാമലക്ഷ്മണൌ. 25

"അരിന്ദമൌ	"ശത്രുവിധ്വംസകന്മാരും	ഗൃഹ്യ,	എടുത്തുകൊണ്ട്,
ഭ്രാതരൌ	ഭ്രാതാക്കന്മാരുമായ	ശൂരൈഃ ഹരിഗണൈഃ സഹ	ശൂരന്മാരായ വാനരഗണങ്ങളോടുകൂടി
ഇമൌ	ഈ	ത്വം	അങ്ങ്
ലബ്ധസംജ്ഞൌ	മൂൎച്ഛതെളിഞ്ഞവരായ	കിഷ്കിന്ധാം ഗച്ഛ.	കിഷ്കിന്ധയിലേക്ക് ചെല്ലുക.
രാമലക്ഷ്മണൌ	ശ്രീരാമലക്ഷ്മണന്മാരെ		

അഹം തു രാവണം ഹത്വാ സപുത്രം സഹബാന്ധവം
മൈഥിലീമാനയിഷ്യാമി ശക്രോ നഷ്ടാമിവ ശ്രിയം. 26

"അഹം തു,	"ഞാൻ ഒരുവൻതന്നെ	ശക്രഃ,	ഇന്ദ്രൻ,
രാവണം	രാവണനെ	നഷ്ടാം	തന്നെ വേർപിരിഞ്ഞ
സപുത്രം	പുത്രന്മാരടക്കം	ശ്രിയം ഇവ	രാജ്യലക്ഷ്മിയെ എന്നപോലെ
സഹബാന്ധവം	ബന്ധുക്കളടക്കം	മൈഥിലീം	സീതാദേവിയെ
ഹത്വാ	വധിച്ച്	ആനയിഷ്യാമി."	കൊണ്ടുവരുന്നുണ്ട്."

ശ്രുത്വൈതദ്വാനരേന്ദ്രസ്യ സുഷേണോ വാക്യമബ്രവീത്
ദൈവാസുരം മഹദ്യുദ്ധമനുഭൂതം സുദാരുണം. 27

സുഷേണഃ	സുഷേണൻ	"ദൈവാസുരം	"ദേവാസുരന്മാർ തമ്മിലുണ്ടായ
വാനരേന്ദ്രസ്യ	വാനരേന്ദ്രന്റെ		
ഏതത് വാക്യം	ഈ വാക്യത്തെ	സുദാരുണം	അതിഘോരമായ
ശ്രുത്വാ,	കേട്ട്,	മഹത് യുദ്ധം	വൻപോർ
അബ്രവീത്;	ഇങ്ങിനെ ഉരചെയ്തു;	അനുഭൂതം.	എനിക്കനുഭവമുണ്ട്.

തദാ സ്മ ദാനവാ ദേവാൻ ശരസംസ്പർശകോവിദാഃ
നിജഘ്നുഃ ശസ്ത്രവിദുഷശ്ഛാദയന്തോ മുഹുർമ്മുഹുഃ. 28

"തദാ	"ആ സമയം	ഛാദയന്തഃ,	മറഞ്ഞിരുന്നുകൊണ്ട്,
ശരസംസ്പർശകോവിദാഃ	അസ്ത്രപ്രയോഗകുശലന്മാരായ	ശസ്ത്രവിദുഷഃ	ശസ്ത്രവിദഗ്ദ്ധന്മാരായ
ദാനവാഃ	അസുരന്മാർ	ദേവാൻ	ദേവന്മാരെ
മുഹുഃ മുഹുഃ	പലകുറി	നിജഘ്നുഃ സ്മ.	വധിച്ചു.

താനാർത്താന്നഷ്ടസംജ്ഞാംശ്ച പരാസൂംശ്ച ബൃഹസ്പതിഃ
വിദ്യാഭിർമ്മന്ത്രയുക്താഭിരോഷധീഭിശ്ചികിത്സതി. 29

"ബൃഹസ്പതിഃ	"ദേവഗുരു	വിദ്യാഭിഃ	മന്ത്രങ്ങൾകൊണ്ടും
ആർത്താൻ	വിഷണ്ണരായി	മന്ത്രയുക്താഭിഃ	അഭിമന്ത്രണംചെയ്യപ്പെട്ട
നഷ്ടസംജ്ഞാൻ	മൂർച്ഛിച്ചുകിടന്നവരും		
പരാസൂൻ ച	മരിച്ചവരുമായ	ഓഷധീഭിഃ ച	ഔഷധങ്ങളാലും
താൻ	അവരെ	ചികിത്സതി.	ചികിത്സിക്കയായി.

താന്യൌഷധാന്യാനയിതും ക്ഷീരോദം യാന്തു സാഗരം
ജവേന വാനരാഃ ശീഘ്രം സമ്പാതിപനസാദയഃ. 30

"സമ്പാതിപനസാദയഃ	"സമ്പാതി, പനസൻ മുതലായ	ഔഷധാനി	ഓഷധികളെ
		ആനയിതും	കൊണ്ടുവരുവാനായി
വാനരാഃ	വാനരന്മാർ	ക്ഷീരോദം സാഗരം	പാല്ക്കടലിലേക്ക്
ശീഘ്രം	വേഗത്തിൽ		
താനി	ആ	ജവേന യാന്തു.	ഉടനെ പോകട്ടെ.

ഹരയസ്തു വിജാനന്തി പാർവ്വതീം താം മഹൌഷധീം
സഞ്ജീവകരണീം ദിവ്യാം വിശല്യാം ദേവനിർമ്മിതാം. 31

"ഹരയഃ — "വാനരന്മാർ
പാർവ്വതീം — പർവ്വതങ്ങളിൽ കിട്ടുന്ന
മഹൌഷധീം — ഉത്തമൌഷധവും[തായ
ദിവ്യാം — ദിവ്യവൈഭവമാർന്നതും
ദേവനിർമ്മിതാം — ദേവന്മാരാൽ ഉണ്ടാക്കപ്പെട്ടതുമായ
താം സഞ്ജീവകരണീം — ആ സഞ്ജീവകരണിയേയും
വിശല്യാം തു — വിശല്യകരണിയേയും
വിജാനന്തി. — നല്ലപോലെ അറിയുന്നവരാണ്.

ചന്ദ്രശ്ച നാമ്നാ ദ്രോണശ്ച ക്ഷീരോദേ സാഗരോത്തമേ
അമൃതം യത്ര മഥിതം തത്ര തേ പരമൌഷധീ. 32

"സാഗരോത്തമേ — "സമുദ്രങ്ങളിൽ വെച്ച് ശ്രേഷ്ഠമായ
ക്ഷീരോദേ — ക്ഷീരസമുദ്രത്തിൽ
നാമ്നാ — പേരാർന്നുള്ള
ചന്ദ്രഃ ച — ചന്ദ്രപർവ്വതവും
ദ്രോണഃ ച; — ദ്രോണപർവ്വതവുമുണ്ട്;
യത്ര — യാതൊരു അള്ളിക്കിലാണ്
അമൃതം മഥിതം; — അമൃതം മഥനം ചെയ്യ[പ്പെട്ടത്;
തത്ര — അവിടെ
തേ പരമൌഷധീ. — ആ രണ്ടു മരുന്നുകളുമുണ്ട്.

തസ്മിംസ്തേ നിഹിതേ ദേവൈഃ പർവ്വതേ പരമൌഷധീ
അയം വായുസുതോ രാജൻ ഹനുമാംസ്തത്ര ഗച്ഛതു. 33

"രാജൻ! — "മഹാരാജാവേ!
തേ പരമൌഷധീ — ആ ഉത്തമൌഷധങ്ങൾ രണ്ടും
തസ്മിൻ പർവ്വതേ — ആ പർവ്വതത്തിൽ
ദേവൈഃ — ദേവന്മാരാൽ
നിഹിതേ; — വെക്കപ്പെട്ടിട്ടുണ്ട്;
അയം വായുസുതഃ — ഈ വായുപുത്രനായ
ഹനുമാൻ — ഹനുമാൻ
തത്ര ഗച്ഛതു." — അവിടെ പോയ്വരട്ടെ."

ഏതസ്മിന്നന്തരേ വായുർമ്മേഘാംശ്ചാപി സവിദ്യുതഃ
പര്യസ്യൻ സാഗരേ തോയം കമ്പയന്നിവ പർവ്വതാൻ. 34

ഏതസ്മിൻ അന്തരേ — ഈയ്യിടയിൽ
സവിദ്യുതഃ — മിന്നലോടുകൂടിയ
മേഘാൻ ച — മേഘങ്ങളേയും
സാഗരേ — സമുദ്രത്തിൽ
തോയം അപി — വെള്ളത്തേയും
പര്യസ്യൻ — അടിച്ചു പറപ്പിച്ചുംകൊണ്ട്,
പർവ്വതാൻ കമ്പയൻ ഇവ — പർവ്വതങ്ങളെ കുലുക്കുമാറുള്ള
വായുഃ. — ഒരു കൊടുങ്കാററുണ്ടായി.

മഹതാ പക്ഷവാതേന സർവ്വദ്വീപമഹാദ്രുമാഃ
നിപേതുർഭിന്നവിടപാഃ സമൂലാ ലവണാംഭസി. 35

മഹതാ — വമ്പിച്ച
പക്ഷവാതേന — ചിറകടിക്കാററുകൊണ്ടു
സർവ്വദ്വീപമഹാദ്രുമാഃ — ദ്വീപിലെങ്ങുമുള്ള വൻ തരുക്കൾ
ഭിന്നവിടപാഃ — കൊമ്പുകളൊടിഞ്ഞ്
സമൂലാഃ — വേരോടുകൂടി (പുഴങ്ങി)
ലവണാംഭസി — ലവണസമുദ്രത്തിൽ
നിപേതുഃ. — വീണു.

അഭവൻ പന്നഗാസ്ത്രസ്താ ഭോഗിനസ്തത്രവാസിനഃ
ശീഘ്രം സർവ്വാണി യാദാംസി ജഗ്മുശ്ച ലവണാർണ്ണവം. 36

തത്രവാസിനഃ	അവിടെപാർത്തിരുന്ന	യാദാംസി സർവ്വാണി ച	സർവ്വ ജലജന്തുക്കളും
ഭോഗിനഃ	വമ്പിച്ച ഉടലുകളാർന്ന	ശീഘ്രം	ഉടനെ
പന്നഗാഃ	സർപ്പങ്ങൾ	ലവണാർണ്ണവം	ലവണസമുദ്രത്തിനു
ത്രസ്താഃ അഭവൻ;	നടുനടുങ്ങി;	ജഗ്മുഃ.	ള്ളിൽ താണുകളഞ്ഞു.

തതോ മുഹൂർത്താദ് ഗരുഡം വൈനതേയം മഹാബലം
വാനരാ ദദൃശുഃ സർവ്വേ ജ്വലന്തമിവ പാവകം. 37

തതഃ	പിന്നെ	ജ്വലന്തം	ഉജ്ജ്വലിക്കുന്ന അഗ്നി
മുഹൂർത്താത്	ഒരു ക്ഷണനേരത്തിൽ	പാവകം ഇവ	പോലെയിരിക്കുന്നവ
വാനരാഃ സർവ്വേ,	വാനരന്മാരെല്ലാം,		നുമായ
മഹാബലം	മഹാശക്തിയാർന്നവനും	ഗരുഡം	ഗരുഡഭഗവാനെ
വൈനതേയം,	വിനതാസുതനും	ദദൃശുഃ.	കണ്ടു.

തമാഗതമഭിപ്രേക്ഷ്യ നാഗാസ്തേ വിപ്രദുദ്രുവുഃ
യൈസ്തൌ സത്പുരുഷൌ ബദ്ധൌ ശരഭൂതൈർമ്മഹാബലൌ 38

"ശരഭൂതൈഃ	"ശരങ്ങളായ്ത്തീർന്ന	തേ	അപ്രകാരമുള്ള ആ
യൈഃ	യാതൊന്നുകളാൽ,	നാഗാഃ,	സർപ്പങ്ങൾ,
മഹാബലൌ	മഹാബലശാലികളും	ആഗതം തം	അവിടെ വന്നെത്തിയ
സത്പുരുഷൌ	സത്പുരുഷന്മാരുമായ	അഭിപ്രേക്ഷ്യ	കണ്ട് [ആ ഗരുഡനെ
തൌ ബദ്ധൌ,	അവരിരുവരും ബന്ധിക്കപ്പെട്ടിരുന്നുവോ,	വിപ്രദുദ്രുവുഃ.	പേടിച്ചു പാഞ്ഞുതുടങ്ങി.

തതഃ സുപർണ്ണഃ കാകുത്സ്ഥൌ ദൃഷ്ട്വാ പ്രത്യഭിനന്ദിതഃ
വിമമർശ ച പാണിഭ്യാം മുഖേ ചന്ദ്രസമപ്രഭേ. 39

തതഃ	പിന്നെ	പാണിഭ്യാം	ഇരുകരങ്ങൾകൊണ്ടും
സുപർണ്ണഃ	ഗരുഡഭഗവാൻ	ചന്ദ്രസമപ്രഭേ	ചന്ദ്രൻപോലെ വിളങ്ങുന്ന
കാകുത്സ്ഥൌ	ശ്രീരാമലക്ഷ്മണന്മാരെ		
ദൃഷ്ട്വാ,	നോക്കി,	മുഖേ ച	രണ്ടു വദനങ്ങളേയും
പ്രത്യഭിനന്ദിതഃ	സന്തോഷംപൂണ്ട്	വിമമർശ.	തലോടി.

വൈനതേയേന സംസ്പൃഷ്ടാസ്തയോഃ സംരുരുഹുർവ്രണാഃ
സുവർണ്ണേ ച തനൂ സ്നിഗ്ദ്ധേ തയോരാശു ബഭൂവതുഃ. 40

തയോഃ	അവരിരുവരുടേയും	ആശു	തൽക്ഷണം
വ്രണാഃ	വ്രണങ്ങൾ	തയോഃ	അവരിരുവരുടേയും
വൈനതേയേന	ഗരുഡഭഗവാനാൽ	തനൂ ച	ശരീരങ്ങളും
സംസ്പൃഷ്ടാഃ	തലോടപ്പെട്ടവയായി	സുവർണ്ണേ	നല്ലനിറംപൂണ്ടു
സംരുരുഹുഃ;	ഉണങ്ങിയവടുക്കൾതന്നെ കാണാതായ്പ്പോയി;	സ്നിഗ്ദ്ധേ	മൃദുവായി
		ബഭൂവതുഃ.	ഭവിച്ചു

തേജോ വീൎയ്യം ബലം ചോജ ഉത്സാഹശ്ച മഹാഗുണഃ
പ്രദൎശനം ച ബുദ്ധിശ്ച സ്മൃതിശ്ച ദ്വിഗുണം തയോഃ. 41

തയോഃ	അവരിരുവരുടെ	ഉത്സാഹഃ ച	ഉത്സാഹവും
തേജഃ	തേജസ്സും	പ്രദൎശനം ച	സൂക്ഷ്മജ്ഞാനവും
വീൎയ്യം	വീൎയ്യവും	ബുദ്ധിഃ ച	ബുദ്ധിശക്തിയും
ബലം	ബലവും	സ്മൃതിഃ ച	ഓൎമ്മശക്തിയും
ഓജഃ ച	ശരീരകാന്തിയും	ദ്വിഗുണം.	മുമ്പേതിലുമധികമായി ദ്വിഗുണീഭവിച്ചു.
മഹാഗുണഃ	ഉൽകൃഷ്ടഗുണമായ		

[ഈ ശ്ലോകത്തിൽ 'ബുദ്ധി'യെന്ന പദത്തിലുള്ള 'ധി' എന്ന അക്ഷരമാകുന്നു ഗായത്രിയിലെ 17-ാമത്തെ അക്ഷരം. ഗോവിന്ദരാജപക്ഷം.]

താവുത്ഥാപ്യ മഹാവീൎയ്യൌ ഗരുഡോ വാസവോപമൌ
ഉഭൌ തൌ സസ്വജേ ഹൃഷ്ടൌ രാമശ്ചൈനമുവാച ഹ. 42

ഗരുഡഃ	ഗരുഡൻ	തൌ ഉഭൌ	അവരിരുവരേയും
മഹാവീൎയ്യൌ	മഹാവീൎയ്യശാലികളും	സസ്വജേ ;	തലോടി ;
വാസവോപമൌ	ഇന്ദ്രതുല്യന്മാരുമായ	രാമഃ ച	ശ്രീരാമനും
തൌ	അവർ രണ്ടുപേരേയും	ഏനം	ഈ ഗരുഡഭഗവാനെ നോക്കി
ഉത്ഥാപ്യ,	എഴുന്നേല്പിച്ചു,	ഉവാച ഹ.	അരുളിച്ചെയ്തു.
ഹൃഷ്ടൌ	സന്തോഷമുൾക്കൊണ്ടവരായ		

ഭവത്പ്രസാദാദ്വ്യസനം രാവണിപ്രഭവം മഹത്
ആവാമിഹ വ്യതിക്രാന്തൌ പൂൎവ്വവദ്ബലിനൌ കൃതൌ. 43

"ആവാം	"ഞങ്ങൾ രണ്ടുപേരും	വ്യസനം	ആപത്തിനെ
ഭവത്പ്രസാദാത്	നിന്തിരുവടിയുടെ കാരുണ്യത്താൽ,	വ്യതിക്രാന്തൌ	കടന്നവരായി
രാവണിപ്രഭവം	ഇന്ദ്രജിത്തിൽനിന്നുണ്ടായ	ഇഹ	ഇതാ
മഹത്	മഹത്തായ	പൂൎവ്വവത്	മുൻപോലെ
		ബലിനൌ കൃതൌ.	ബലിഷ്ഠരായിതീൎന്നിരിക്കുന്നു.

യഥാ താതം ദശരഥം യഥാഽജം ച പിതാമഹം
തഥാ ഭവന്തമാസാദ്യ ഹൃദയം മേ പ്രസീദതി. 44

"താതം	"പിതാവായ	തഥാ ച	അപ്രകാരംതന്നെ
ദശരഥം യഥാ,	ദശരഥമഹാരാജാവിനെ പ്രാപിച്ചാൽ എപ്രകാരമോ,	ഭവന്തം	നിന്തിരുവടിയെ
പിതാമഹം	പിതാമഹനായ	ആസാദ്യ	പ്രാപിച്ചതിനാൽ
അജം യഥാ	അജമഹാരാജാവിനെ കണ്ടാലെപ്രകാരമൊ	മേ	എന്റെ
		ഹൃദയം	ഹൃദയം
		പ്രസീദതി.	സന്തോഷിക്കുന്നു.

കോ ഭവാൻ രൂപസമ്പന്നോ ദിവ്യസ്രഗനുലേപനഃ
വസാനോ വിരജേ വസ്ത്രേ ദിവ്യാഭരണഭൂഷിതഃ. 45

"രൂപസമ്പന്നഃ	"ഭംഗിയുള്ള രൂപത്തോടുകൂടിയവനും	വസ്ത്രേ	വസ്ത്രവും ഉത്തരീയവും
		വസാനഃ	ധരിച്ചിരിക്കുന്നവനും
ദിവ്യസ്രഗനുലേപനഃ	ദേവലോകത്തിലുള്ള മലർമാലയും കുറിക്കൂട്ടുമണിഞ്ഞവനും	ദിവ്യാഭരണഭൂഷിതഃ	ദിവ്യാഭരണാലംകൃതനും ആയ
വിരജേ	നിർമ്മലമായ	ഭവാൻ	നിന്തിരുവടി
		കഃ?"	ആരാണ്?"

തമുവാച മഹാതേജാ വൈനതേയോ മഹാബലഃ
പതത്രിരാജഃ പ്രീതാത്മാ ഹർഷപര്യാകുലേക്ഷണഃ. 46

മഹാതേജാഃ	മഹാതേജസ്വിയും	പ്രീതാത്മാ	അകം കുളുർത്തവനായി
മഹാബലഃ	മഹാശക്തിമാനും	ഹർഷപര്യാകുലേക്ഷണഃ	സന്തോഷം തുളുമ്പുന്ന നേത്രങ്ങളാർന്നവനായി
പതത്രിരാജഃ,	പക്ഷിരാജാവുമായ	തം ഉവാച.	ആ ശ്രീരാമനോടായുണർത്തിച്ചു.
വൈനതേയഃ,	ഗരുഡഭഗവാൻ,		

അഹം സഖാ തേ കാകുത്സ്ഥ പ്രിയഃ പ്രാണോ ബഹിശ്ചരഃ
ഗരുത്മാനിഹ സംപ്രാപ്തോ യുവയോഃ സാഹ്യകാരണാത്. 47

"കാകുത്സ്ഥ!	"ശ്രീരാഘവ!	ബഹിശ്ചരഃ	പുറമെസഞ്ചരിക്കുന്ന
അഹം	ഞാൻ	പ്രാണഃ;	പ്രാണൻ;
തേ	നിന്തിരുവടിയെ	യുവയോഃ	നിങ്ങൾ രണ്ടുപേർക്കും
പ്രിയഃ	അനുവർത്തിക്കുന്ന	സാഹ്യകാരണാത്	സഹായം ചെയ്വാൻ വേണ്ടി
സഖാ	സഖാവായ	ഇഹ സംപ്രാപ്തഃ.	ഇങ്ങു വന്നതാണ്.
ഗരുത്മാൻ;	ഗരുഡനാകുന്നു;		

["അഹം സഖാ തേ കാകുത്സ്ഥഃ":— ദശരഥപുത്രനായി അവതരിച്ച ശ്രീരാമന്റെ വിഷ്ണുത്വത്തെ സൂചിപ്പിച്ചുകൊണ്ടു പറയുന്നതാകുന്നു ഇത്. ഗരുഡഭഗവാൻ ദേവന്മാരെയെല്ലാം ജയിച്ച്, ചക്രത്താലും രണ്ടു മഹാസർപ്പങ്ങളാലും കാക്കപ്പെട്ടതായ അമൃതകുംഭത്തെ ചന്ദ്രങ്കൽനിന്നു ഹരിച്ചതിനാൽ മഹാവിഷ്ണു, ഗരുഡന്റെ ശക്തികണ്ട് സംപ്രീതനായി, അവർ തമ്മിൽ അന്യോന്യം വരം നൽകുന്നു. ഇതിനെത്തന്നെയാണു സഖിത്വമെന്നു പറയുന്നത്. "സമുത്പാട്യാമൃതം തത്ര വൈനതേയസ്തതോ ബലീ. ഉത്പപാത ജവേനൈവ യന്ത്രമുന്മഥ്യ വീര്യവാൻ. അപീത്വൈവാമൃതം പക്ഷീ പരിഗൃഹ്യാശു നിഃസൃതഃ. ആഗച്ഛദപരിശ്രാന്ത ആവാര്യാർക്കപ്രഭാം തതഃ. വിഷ്ണുനാ ച തദാകാശേ വൈനതേയഃ സമേയിവാൻ. തസ്യ നാരായണസ്തുഷ്ടസ്തേനാലൌല്യേന കർമ്മണാ. തമുവാചാവ്യയോ ദേവോ വരദോഽസ്മീതി ഖേചരം സ വവ്രേ തവ തിഷ്ഠേയമുപരീത്യന്തരിക്ഷഗഃ. ഉവാച ചൈനം ഭൂയോഽപി നാരായണമിദം വചഃ. അജരശ്ചാമരശ്ച സ്യാമമൃതേന വിനാഽപ്യഹം. ഏവമസ്ത്വിതി തം വിഷ്ണുരുവാച വിനതാസുതം. പ്രതിഗൃഹ്യ വരൌ തൌ ച ഗരുഡോ വിഷ്ണുമബ്രവീത്. ഭവതേഽപി വരം ദദ്യാം വൃണോതു ഭഗവാനപി. തം വവ്രേ വാഹനം വിഷ്ണുർഗരുത്മന്തം മഹാബലം. ധ്വജം ച ചക്രേ ഭഗവാനുപരി സ്ഥാസ്യസീതി തം. ഏവമസ്ത്വിതി താം ദേവമുക്ത്വാ നാരായണം ഖഗഃ വവ്രാജ തരസാ വേഗാദ്വായും സ്പർദ്ധൻ മഹാജവഃ." (ഭാരതം ആദിപർവ്വം 33).]

അസുരാ വാ മഹാവീര്യാ ദാനവാ വാ മഹാബലാഃ
സുരാശ്ചാപി സഗന്ധർവ്വാഃ പുരസ്കൃത്യ ശതക്രതും 48
നേമം മോക്ഷയിതും ശക്താഃ ശരബന്ധം സുദാരുണം
മായാബലാദിന്ദ്രജിതാ നിർമ്മിതം ക്രൂരകർമ്മണാ. 49

"ക്രൂരകർമ്മണാ	"ക്രൂരകർമ്മാവായ	അസുരാഃ വാ,	അസുരന്മാരാകട്ടെ,
ഇന്ദ്രജിതാ	ഇന്ദ്രജിത്തിനാൽ	മഹാബലാഃ	മഹാബലവാന്മാരായ
മായാബലാത്	മായാശക്തികൊണ്ട്	ദാനവാഃ വാ	ദാനവന്മാരാകട്ടെ
നിർമ്മിതം	നിർമ്മിക്കപ്പെട്ടതായ	സഗന്ധർവ്വാഃ	ഗന്ധർവ്വന്മാരൊന്നിച്ചു
ഇമം	ഈ	സുരാഃ ച	ദേവന്മാരാകട്ടെ
സുദാരുണം	ഘോരമായ	ശതക്രതും	ഇന്ദ്രനെ
ശരബന്ധം	ശരബന്ധത്തെ	പുരസ്കൃത്യ അപി	തലവനാക്കിയെന്നാലും
മോക്ഷയിതും	മോചിപ്പിപ്പാൻ		
മഹാവീര്യാഃ	മഹാവീര്യശാലികളായ	ശക്താഃ ന.	ശക്തരാകയില്ല.

ഏതേ നാഗാഃ കാദ്രവേയാസ്തീക്ഷ്ണദംഷ്ട്രാ വിഷോല്ബണാഃ
രക്ഷോമായാപ്രഭാവേന ശരാ ഭൂത്വാ ത്വദാശ്രിതാഃ. 50

"രക്ഷോമായാപ്രഭാവേന	"രാക്ഷസന്റെ മായാശക്തിയാൽ	വിഷോല്ബണാഃ	കൊടിയ വിഷത്തെ വമിക്കുന്നവരുമായ
കാദ്രവേയാഃ	കദ്രുവിന്റെ തനയന്മാരും	ഏതേ നാഗാഃ	ഈ നാഗങ്ങൾ
		ശരാഃ ഭൂത്വാ	ശരങ്ങളായിത്തീർന്നു
തീക്ഷ്ണദംഷ്ട്രാഃ	ഉഗ്രദംഷ്ട്രകളാർന്നവരും	ത്വദാശ്രിതാഃ.	നിങ്ങളെ പ്രാപിച്ചിരുന്നു.

സഭാഗ്യശ്ചാസി ധർമ്മജ്ഞ രാമ സത്യപരാക്രമ
ലക്ഷ്മണേന സഹ ഭ്രാത്രാ സമരേ രിപുഘാതിനാ. 51

"രാമ!	"ശ്രീരാഘവ!	ഭ്രാത്രാ ച	സഹോദരനുമായ
ധർമ്മജ്ഞ!	ധർമ്മജ്ഞ!	ലക്ഷ്മണേന സഹ	ലക്ഷ്മണനോടുംകൂടി
സത്യപരാക്രമ!	സത്യവും പരാക്രമവുമാർന്നുള്ളോവേ!		
സമരേ	പോരിൽ	സഭാഗ്യഃ അസി.	നിന്തിരുവടി അപത്തൊഴിഞ്ഞവനായിരിക്കുന്നു.
രിപുഘാതിനാ	ശത്രുവിധ്വംസകനും		

ഇമം ശ്രുത്വാ തു വൃത്താന്തം ത്വരമാണോഽഹമാഗതഃ
സഹസാ യുവയോഃ സ്നേഹാത് സഖിത്വമനുപാലയൻ. 52

"അഹം	"ഞാൻ	സഖിത്വം	സുഹൃദ്ധർമ്മത്തെ
ഇമം വൃത്താന്തം	ഈ വർത്തമാനത്തെ	അനുപാലയൻ,	പരിപാലിക്കുന്നവനായി,
ശ്രുത്വാ,	കേട്ടറിഞ്ഞു,		
യുവയോഃ തു	നിങ്ങൾ ഇരുവരുടെ പേരിലും ഉള്ള	ത്വരമാണഃ	ബദ്ധപ്പെട്ടുകൊണ്ട്
		സഹസാ ആഗതഃ.	തൽക്ഷണംതന്നെ ഇങ്ങെത്തിച്ചേർന്നു.
സ്നേഹാത്,	ഭക്തികൊണ്ട്,		

മോക്ഷിതൌ ച മഹാഘോരാദസ്മാത് സായകബന്ധനാത്
അപ്രമാദശ്ച കൎത്തവ്യോ യുവാഭ്യാം നിത്യമേവ ഹി. 53

"അസ്മാത്	"ഈ
മഹാഘോരാത്	അതിഘോരമായ
സായകബന്ധനാത് ച	ശരബന്ധത്തിൽ നിന്നും
മോക്ഷിതൌ ച;	നിങ്ങൾ മോചിതരായി;
നിത്യം ഏവ	എല്ലായ്പോഴും തന്നെ
യുവാഭ്യാം ഹി	നിങ്ങൾ ഇരുവരാലും
അപ്രമാദഃ കൎത്തവ്യഃ.	ജാഗ്രത കയ്ക്കൊള്ളപ്പെടേണ്ടതാണ്.

പ്രകൃത്യാ രാക്ഷസാഃ സൎവ്വേ സംഗ്രാമേ കൂടയോധിനഃ
ശൂരാണാം ശുദ്ധഭാവാനാം ഭവതാമാൎജ്ജവം ബലം. 54

"ശുദ്ധഭാവാനാം	"പരിശുദ്ധമനസ്കരായ
ശൂരാണാം	ശൂരന്മാരായ
ഭവതാം,	നിങ്ങൾക്ക്,
സംഗ്രാമേ	പോരിൽ
ആൎജ്ജവം	ധൎമ്മംതെറ്റാതിരിക്കുന്നതുതന്നെയാണ്
ബലം;	ബലം;
രാക്ഷസാഃ സൎവ്വേ	രാക്ഷസന്മാരെല്ലാം
പ്രകൃത്യാ	സ്വഭാവംകൊണ്ടു തന്നെ
കൂടയോധിനഃ.	കപടയുദ്ധംചെയ്യുന്നവരാണ്.

തന്ന വിശ്വസിതവ്യം വോ രാക്ഷസാനാം രണാജിരേ
ഏതേനൈവോപമാനേന നിത്യം ജിഹ്മാ ഹി രാക്ഷസാഃ. 55

"രണാജിരേ	"പോർക്കളത്തിൽ
രാക്ഷസാഃ	രാക്ഷസർ
നിത്യം	എല്ലായ്പോഴും
ജിഹ്മാഃ;	അധൎമ്മബുദ്ധികയ്ക്കൊണ്ടവരാകുന്നു;
തത് ഹി	ആയതുകൊണ്ടും
ഏതേന	ഇപ്പോൾ നടന്നതായ
ഉപമാനേന ഏവ	ഈ ദൃഷ്ടാന്തംനോക്കിയാലും
വഃ	നിങ്ങൾക്ക്
രാക്ഷസാനാം	രാക്ഷസരെക്കുറിച്ച്
വിശ്വസിതവ്യം ന."	വിശ്വാസം കയ്ക്കൊള്ളവാൻ പാടുള്ളതല്ല."

ഏവമുക്ത്വാ തതോ രാമം സുപൎണ്ണഃ സുമഹാബലഃ
പരിഷ്വജ്യ സുഹൃത്സ്നിഗ്ദ്ധമാപ്രഷ്ടുമുപചക്രമേ. 56

സുമഹാബലഃ	അതിശക്തിമാനായ
സുപൎണ്ണഃ,	ഗരുഡഭഗവാൻ,
തതഃ	ആ സമയം
ഏവം	മേൽപ്രകാരം
ഉക്ത്വാ	ഉരചെയ്ത്
സുഹൃത്സ്നിഗ്ദ്ധം	ഭക്തപ്രിയനായ
രാമം	ശ്രീരാമനെ
പരിഷ്വജ്യ,	ആലിംഗനംചെയ്ത്
ആപ്രഷ്ടും ഉപചക്രമേ.	ഇങ്ങിനെ യാത്രപറവാൻ തുടങ്ങി.

സഖേ രാഘവ ധൎമ്മജ്ഞ രിപൂണാമപി വത്സല
അഭ്യനുജ്ഞാതുമിച്ഛാമി ഗമിഷ്യാമി യഥാഗതം. 57

" സഖേ!	" സഖേ!
ധൎമ്മജ്ഞ!	ധൎമ്മമറിഞ്ഞുള്ളോവേ!
രിപൂണാം അപി	ശത്രുക്കളുടെപേരിലും
വത്സല!	കാരുണ്യമാൎന്നുള്ളോവേ!
രാഘവ!	ശ്രീരാഘവ!
യഥാഗതം	വന്നവണ്ണംതന്നെ
ഗമിഷ്യാമി;	ഞാൻ പോയ്വരട്ടെ;
അഭ്യനുജ്ഞാതും	വിടയരുളുവാൻ
ഇച്ഛാമി.	ഞാൻ പ്രാൎത്ഥിക്കുന്നു.

ന ച കൌതൂഹലം കാൎയ്യം സഖിത്വം പ്രതി രാഘവ
കൃതകൎമ്മാ രണേ വീര സഖിത്വമനുവേത്സ്യസി. 58

" രാഘവ!	" ശ്രീരാഘവ!
സഖിത്വം പ്രതി	സഖിത്വത്തെക്കുറിച്ച്
കൌതൂഹലം ച	അറിവാനുള്ള കൌതുകം
കാൎയ്യം ന;	ഇപ്പോൾ കയ്ക്കൊള്ളാതിരുന്നാലും;
വീര!	വീര!
രണേ	പോരിൽ
കൃതകൎമ്മാ	കൃത്യം നിറവേററിയശേഷം
സഖിത്വം	നാം തമ്മിലുള്ള സഖിത്വത്തെക്കുറിച്ച്
അനുവേത്സ്യസി.	നിന്തിരുവടി അറിഞ്ഞുകൊള്ളുന്നതാണ്.

[ശ്രീരാമന്ന് പരത്വാവബോധമില്ലെന്നു ഇതിൽനിന്ന് ഊഹിക്കാമെങ്കിലും, അതു് നാട്യം മാത്രമാണെന്നു കരുതേണ്ടിയിരിക്കുന്നു. വിഭീഷണനെ പരിഗ്രഹിക്കുന്ന ഘട്ടത്തിൽ "പിശാചാൻ ദാനവാൻ യക്ഷാൻ പൃഥിവ്യാം ചൈവ രാക്ഷസാൻ. അംഗുല്യഗ്രേണ താൻ ഹന്യാം" ഇത്യാദി വാക്യങ്ങളെയും മററും കാണ്ക.

നാഗം എന്നതു് മാറിമാറിക്കൊണ്ടിരിക്കുന്ന ജഗത്തു് തന്നെ. നാഗപാശത്തിൽ അതായതു് സംസാരബന്ധത്തിൽപ്പെട്ട ആത്മാവിനെ, കൎമ്മയോഗവും ജ്ഞാനയോഗവുമാകുന്ന രണ്ടു പക്ഷങ്ങളോടു കൂടിയ ഗരുത്മാൻ മോചിപ്പിക്കുന്നു, എന്ന തത്വം വിവക്ഷിക്കപ്പെടുന്നു. ഇന്ദ്രനെ അതായതു് മനസ്സിനെ, ജയിക്കുന്നതായ ദുഃഖം മുതലായവതന്നെ ഇന്ദ്രജിത്തു് എന്നും ഗ്രാഹ്യം.]

ബാലവൃദ്ധാവശേഷാം തു ലങ്കാം കൃത്വാ ശരോൎമ്മിഭിഃ
രാവണം ച രിപും ഹത്വാ സീതാം സമുപലപ്സ്യസേ 59

" ശരോൎമ്മിഭിഃ	" ശരനിരകൾകൊണ്ട്
രിപും	ശത്രുവായ
രാവണം ച	രാവണനേയും
ഹത്വാ,	കൊന്ന്,
ലങ്കാം തു	ലങ്കയേയും
ബാലവൃദ്ധാവശേഷാം	ബാലന്മാരും വൃദ്ധന്മാരും മാത്രം ബാക്കിയുള്ള[താക്കി]
കൃത്വാ,	ചെയ്തശേഷം
സീതാം	സീതാദേവിയെ
സമുപലപ്സ്യസേ."	നിന്തിരുവടി പ്രാപിക്കുന്നതാണ്.

ഇത്യേവമുക്ത്വാ വചനം സുപർണ്ണഃ ശീഘ്രവിക്രമഃ
രാമം ച വിരുജം കൃത്വാ മദ്ധ്യേ തേഷാം വനൌകസാം 60
പ്രദക്ഷിണം തതഃ കൃത്വാ പരിഷ്വജ്യ ച വീര്യവാൻ
ജഗാമാകാശമാവിശ്യ സുപർണ്ണഃ പവനോ യഥാ. 61

സുപർണ്ണഃ	നല്ല ചിറകുകളാർന്നവനായി
പവനഃ യഥാ	വായുഭഗവാനെന്നപോലെ
ശീഘ്രവിക്രമഃ	ശീഘ്രഗതിയാർന്ന
വീര്യവാൻ ച	വീര്യശാലിയായ
സുപർണ്ണഃ,	ഗരുഡഭഗവാൻ,
ഇതി ഏവം	ഇപ്രകാരം
വചനം	വാക്യത്തെ
ഉക്ത്വാ,	ഉരചെയ്തശേഷം,
തേഷാം	ആ
വനൌകസാം	വാനരന്മാരുടെ
മദ്ധ്യേ	നടുവിൽവെച്ച്
രാമം	ശ്രീരാമനെ
വിരുജം കൃത്വാ	പീഡയററവനാക്കിച്ചെയ്തു
തതഃ	അതിൽപിന്നെ
പ്രദക്ഷിണം കൃത്വാ	പ്രദക്ഷിണംചെയ്തു
പരിഷ്വജ്യ ച,	വീണ്ടും ആലിംഗനം ചെയ്തശേഷം,
ആകാശം ആവിശ്യ	ആകാശംപുക്ക്
ജഗാമ.	പറന്നുചെന്നു.

[“പ്രദക്ഷിണം കൃത്വാ” എന്നതിൽനിന്ന് ശ്രീരാമൻ ദിവ്യ ദേവതാവതാരമാണെന്നതിനെ പ്രാകൃതന്മാരായ കപികൾക്ക് ബോധിപ്പിക്കുന്നു. (തിലകം.)]

വിരുജൌ രാഘവൌ ദൃഷ്ട്വാ തതോ വാനരയൂഥപാഃ
സിംഹനാദാംസ്തദാ നേദുർലാംഗൂലാൻ ദുധുവുശ്ച തേ. 62

തദാ	ആ സമയം
തേ	ആ
വാനരയൂഥപാഃ	വാനരസേനാധിപന്മാർ
രാഘവൌ	ശ്രീരാഘവന്മാരെ
വിരുജൌ	ഒരു സുഖക്കേടുമില്ലാത്തവരായി
ദൃഷ്ട്വാ,	കണ്ട്,
തതഃ	അതിനാൽ
സിംഹനാദാൻ	സിംഹനാദങ്ങളെ
നേദുഃ;	മുഴക്കി;
ലാംഗൂലാൻ ച	പുച്ഛങ്ങളേയും
ദുധുവുഃ.	വീശി.

തതോ ഭേരീഃ സമാജഘ്നുർമൃദംഗാംശ്ചാപ്യനാദയൻ
ദധ്മുഃ ശംഖാൻ സംപ്രഹൃഷ്ടാഃ ക്ഷ്വേളന്ത്യപി യഥാപുരം. 63

തതഃ	അപ്പോൾ
യഥാപുരം	മുൻപോലെ
ഭേരീഃ	പെരുമ്പറകളെ
സമാജഘ്നുഃ;	അടിച്ചു;
മൃദംഗാൻ അപി	മൃദംഗങ്ങളേയും
അനാദയൻ;	മുഴക്കി;
ശംഖാൻ ച	ശംഖുകളും
ദധ്മുഃ;	ഊതി;
സംപ്രഹൃഷ്ടാഃ	അത്യുത്സാഹത്തോടെ
ക്ഷ്വേളന്തി അപി.	തുള്ളുകയായി.

ആസ്ഫോട്യാസ്ഫോട്യ വിക്രാന്താ വാനരാ നഗയോധിനഃ
ദ്രുമാനുത്പാട്യ വിവിധാൻ തസ്ഥുഃ ശതസഹസ്രശഃ. 64

നഗയോധിനഃ	കുന്നുകൾകൊണ്ടു പൊരുതുന്ന	ശതസഹസ്രശഃ	ലക്ഷക്കണക്കായി
വിക്രാന്താഃ	വീരന്മാരായ	ഉത്പാട്യ	വേരോടുകൂടി പറിച്ചെടുത്ത്
വാനരാഃ,	വാനരന്മാർ,	ആസ്ഫോട്യ ആസ്ഫോട്യ	തപ്പുകൊട്ടിക്കൊണ്ടു്
വിവിധാൻ	പല	തസ്ഥുഃ.	യുദ്ധസന്നദ്ധരായിനിന്നു.
ദ്രുമാൻ	വൃക്ഷങ്ങളെ		

വിസൃജന്തോ മഹാനാദാൻ ത്രാസയന്തോ നിശാചരാൻ
ലങ്കാദ്വാരാണ്യുപാജഗ്മുർയോദ്ധുകാമാഃ പ്ലവംഗമാഃ. 65

പ്ലവംഗമാഃ	വാനരന്മാർ	നിശാചരാൻ	രാക്ഷസന്മാരെ
യോദ്ധുകാമാഃ,	പോരാടുവാൻകൊതിച്ചു്,	ത്രാസയന്തഃ,	ഭയപ്പെടുത്തുന്നവരായി
മഹാനാദാൻ	അട്ടഹാസങ്ങൾ	ലങ്കാദ്വാരാണി	ലങ്കാഗോപുരദ്വാരങ്ങളിൽ
വിസൃജന്തഃ,	പുറപ്പെടുവിച്ചുകൊണ്ടു	ഉപാജഗ്മുഃ.	ചെന്നുകൂടി.

തതസ്തു ഭീമസ്തുമുലോ നിനാദോ
ബഭൂവ ശാഖാമൃഗയൂഥപാനാം
ക്ഷയേ നിദാഘസ്യ യഥാ ഘനാനാം
നാദഃ സുഭീമോ നദതാം നിശീഥേ. 66

തതഃ	ആ സമയം	നദതാം	ഇടിയ്ക്കുന്ന
ശാഖാമൃഗ-യൂഥപാനാം	വാനരസേനാധിപന്മാരുടെ	ഘനാനാം	മേഘങ്ങളുടെ
		സുഭീമഃ	അതിഘോരമായ
നിനാദഃ,	ഗർജ്ജനം,	നാദഃ യഥാ,	മുഴക്കംപോലെ,
നിദാഘസ്യ	വർഷക്കാലത്തിന്റെ	ഭീമഃ	ഭയങ്കരമായും
ക്ഷയേ	ആരംഭത്തിൽ	തുമുലഃ തു	കോലാഹലമായും
നിശീഥേ	അർദ്ധരാത്രിയിൽ	ബഭൂവ.	ഭവിച്ചു.

ഇത്യാർഷേ ശ്രീമദ്രാമായണേ വാല്മീകീയേ ആദികാവ്യേ യുദ്ധകാണ്ഡേ
പഞ്ചാശഃ സർഗ്ഗഃ = അമ്പതാംസർഗ്ഗം സമാപ്തം.

ആദ്യംമുതൽ ശ്ലോകസംഖ്യ 16665; യുദ്ധകാണ്ഡം ആദ്യംമുതൽ ശ്ലോകസംഖ്യ 1990.

ഇതി പുരാ കുശലവാഭ്യാം ശ്രീരാമസന്നിധാവശ്വമേധയജ്ഞവാടേ ദ്വാത്രിംശദ്ദിനേഷു ഗീതേ ശ്രീമദ്രാമായണേ ഏകവിംശേഹനി ഗീതാഃ ശ്ലോകാഃ സമാപ്താഃ.

ഇപ്രകാരം പണ്ടു് അശ്വമേധയാഗശാലയിൽ ശ്രീരാമസന്നിധാനത്തിൽവെച്ചു് മുപ്പത്തിരണ്ടു ദിവസങ്ങളിലായി ഗാനംചെയ്ത ശ്രീരാമായണത്തിൽ ഇരുപത്തൊന്നാം ദിവസത്തെ കഥ അവസാനിച്ചു.

പുരാ കുശലവാഭ്യാം ശ്രീരാമസന്നിധാവശ്വമേധ യജ്ഞവാടേ ദ്വാവിംശേഽഹനി യുദ്ധകാണ്ഡേ ഏകപഞ്ചാശസ്സർഗ്ഗമാരഭ്യ സപ്തതിതമസർഗ്ഗപര്യന്തം (16666-17916 ശ്ലോകാഃ) ഗീതം തസ്മിൻ ദിനേ ഗീതാഃ ശ്ലോകാശ്ച 1251.

പണ്ട് കുശലവന്മാരാൽ അശ്വമേധയാഗമണ്ഡപത്തിൽ ശ്രീരാമസന്നിധാനത്തിൽവെച്ച് ഇരുപത്തിരണ്ടാം ദിവസം യുദ്ധകാണ്ഡത്തിൽ അമ്പത്തൊന്നാം സർഗ്ഗം തുടങ്ങി എഴുപതാം സർഗ്ഗംവരെ (16666 മുതൽ 17916 കൂടിയുള്ള ശ്ലോകങ്ങൾ) ഗാനംചെയ്യപ്പെട്ടു. അന്നേദിവസം ഗാനംചെയ്ത ശ്ലോകസംഖ്യ 1251.

ഏകപഞ്ചാശഃ സർഗ്ഗഃ = അമ്പത്തൊന്നാംസർഗ്ഗം.

[ധൂമ്രാക്ഷനിർഗ്ഗമഃ = ധൂമ്രാക്ഷൻ യുദ്ധത്തിന്നു പോകുന്നത്.]

തേഷാം സുതുമുലം ശബ്ദം വാനരാണാം മഹൗജസാം
നദതാം രാക്ഷസൈഃ സാർദ്ധം തദാ ശുശ്രാവ രാവണഃ. 1

തദാ	അപ്പോൾ	സുതുമുലം ശബ്ദം	അത്യുത്സാഹത്തോടുകൂടിയ കോലാഹലത്തെ
നദതാം	ഉറക്കെ ആർക്കുന്നവരും	രാവണഃ	രാവണൻ,
മഹൗജസാം	മഹാപരാക്രമശാലികളുമായ	രാക്ഷസൈഃ	രാക്ഷസന്മാരോട്
തേഷാം	ആ	സാർദ്ധം	കൂടി,
വാനരാണാം	വാനരന്മാരുടെ	ശുശ്രാവ.	കേട്ടു.

സ്നിഗ്ദ്ധഗംഭീരനിർഘോഷം ശ്രുത്വാ സ നിനദം ഭൃശം
സചിവാനാം തതസ്തേഷാം മദ്ധ്യേ വചനമബ്രവീത്. 2

തേഷാം	ആ	ഭൃശം	വലുതായ
സചിവാനാം	മന്ത്രികളുടെ	നിനദം	ആ ശബ്ദത്തെ
മദ്ധ്യേ,	നടുവിൽവെച്ച്,	ശ്രുത്വാ,	കേട്ട്,
സഃ	അവൻ,	തതഃ	ആ സമയം
സ്നിഗ്ദ്ധ-ഗംഭീര-നിർഘോഷം	ഉത്സാഹമായും ഗംഭീരമായും ഘോഷിക്കുന്ന	വചനം അബ്രവീത്.	ഇപ്രകാരം ഉരചെയ്തു.

യഥാഽസൗ സംപ്രഹൃഷ്ടാനാം വാനരാണാം സമുത്ഥിതഃ
ബഹൂനാം സുമഹാനാദോ മേഘാനാമിവ ഗർജ്ജതാം. 3
വ്യക്തം സുമഹതീ പ്രീതിരേതേഷാം നാഽത്ര സംശയഃ. 4

"സം-പ്രഹൃഷ്ടാനാം	"അത്യുത്സാഹമുള്ളകൊണ്ട	സമുത്ഥിതഃ യഥാ,	പുറപ്പെട്ടിരിക്കുന്നതിനാൽ
ബഹൂനാം	പല	ഏതേഷാം	ഇവക്ക്
വാനരാണാം	വാനരന്മാരുടെ	സുമഹതീ	അത്യധികമായ
അസൗ	ഈ	പ്രീതിഃ	സന്തോഷത്തിനുള്ള കാരണം
സുമഹാനാദഃ,	വലുതായശബ്ദം,		
ഗർജ്ജതാം	ഗർജ്ജിക്കുന്ന	വ്യക്തം,	ഉണ്ടായിട്ടുണ്ട്,
മേഘാനാം	മേഘങ്ങളുടെ	അത്ര	എന്നുള്ളതിൽ
ഇവ	എന്നപോലെ	സംശയഃ ന.	സംശയമില്ല.

തഥാ ഹി വിപുലൈർന്നാദൈശ്ചുക്ഷുഭേ വരുണാലയഃ. 5

"വിപുലൈഃ	"ഉച്ചത്തിലുള്ള	വരുണാലയഃ തഥാ	സമുദ്രവും
നാദൈഃ	ശബ്ദങ്ങളാൽ	ചുക്ഷുഭേ ഹി.	കലങ്ങിപ്പോയല്ലോ."

തൌ തു ബദ്ധൌ ശരൈസ്തീക്ഷ്ണൈർഭ്രാതരൌ രാമലക്ഷ്മണൌ
അയം ച സുമഹാൻ നാദഃ ശങ്കാം ജനയതീവ മേ. 6

"തൌ	"ആ രണ്ടു്	ച	എങ്കിലും
ഭ്രാതരൌ	സഹോദരന്മാരായ	അയം	ഈ
രാമലക്ഷ്മണൌ തു	രാമലക്ഷ്മണന്മാരാണെങ്കിൽ	സുമഹാൻ നാദഃ	വമ്പിച്ച ശബ്ദം
തീക്ഷ്ണൈഃ	തീക്ഷ്ണങ്ങളായ	മേ	എനിക്കു്
ശരൈഃ	ബാണങ്ങളാൽ	ശങ്കാം	ശങ്കയെ
ബദ്ധൌ;	കെട്ടപ്പെട്ടിരിക്കയാണു്;	ജനയതി ഇവ."	ഉളവാക്കുകതന്നെ ചെയ്യുന്നു."

ഏതത്തു വചനം ചോക്ത്വാ മന്ത്രിണോ രാക്ഷസേശ്വരഃ
ഉവാച നൈരൃതാംസ്തത്ര സമീപപരിവർത്തിനഃ. 7

രാക്ഷസേശ്വരഃ	രാക്ഷസരാജാവു്	സമീപപരിവർത്തിനഃ	അരികിലുണ്ടായിരുന്ന
ഏതത് വചനം	ഇപ്രകാരം	നൈരൃതാൻ മന്ത്രിണഃ തു	രാക്ഷസമന്ത്രിമാരോടായി
ഉക്ത്വാ ച	ഉരചെയ്തശേഷം	ഉവാച.	ഇപ്രകാരം ഓതി.
തത്ര	അവിടെ		

ജ്ഞായതാം തൂർണ്ണമേതേഷാം സർവ്വേഷാം വനചാരിണാം
ശോകകാലേ സമുത്പന്നേ ഹർഷകാരണമുത്ഥിതം. 8

"ഏതേഷാം	"ഈ	ഉത്ഥിതം	ഇപ്പോൾ ഉണ്ടായിരിക്കുന്ന
വനചാരിണാം	വാനരന്മാർ	ഹർഷകാരണം	ഈ സന്തോഷത്തിന്നു് കാരണമെന്തെന്നു്
സർവ്വേഷാം,	എല്ലാവർക്കും,	തൂർണ്ണം	വേഗത്തിൽ
ശോകകാലേ	ദുഃഖിക്കേണ്ടകാലം	ജ്ഞായതാം."	അറിയപ്പെടട്ടെ."
സമുത്പന്നേ,	നേരിട്ടിരിക്കുമ്പോൾ,		

തഥോക്താസ്തേന സംഭ്രാന്താഃ പ്രാകാരമധിരുഹ്യ തേ
ദദൃശുഃ പാലിതാം സേനാം സുഗ്രീവേണ മഹാത്മനാ. 9

തേന	അവനാൽ	അധിരുഹ്യ,	കയറിക്കൊണ്ടു്
തഥാ	ഇപ്രകാരം	മഹാത്മനാ	മഹാത്മാവായ
ഉക്താഃ	കല്പിക്കപ്പെട്ടവരായ	സുഗ്രീവേണ	സുഗ്രീവനാൽ
തേ	അവർ	പാലിതാം	രക്ഷിക്കപ്പെട്ട
സംഭ്രാന്താഃ	പരിഭ്രമിച്ചു്	സേനാം	സൈന്യത്തെ
പ്രാകാരം	മതിൽപ്പുറത്തു്	ദദൃശുഃ.	സൂക്ഷിച്ചുനോക്കി.

തൌ ച മുക്തൌ സുഘോരേണ ശരബന്ധേന രാഘവൌ
സമുത്ഥിതൌ മഹാഭാഗൌ വിഷേദുഃ പ്രേക്ഷ്യ രാക്ഷസാഃ. 10

രാക്ഷസാഃ,	രാക്ഷസന്മാർ,	മുക്തൌ,	മോചിക്കപ്പെട്ടവരായി,
രാഘവൌ	രാമലക്ഷ്മണന്മാരായ	മഹാഭാഗൌ	ഒരു കേടുമില്ലാതെ
തൌ ച,	ആ രണ്ടുപേരേയും,	സമുത്ഥിതൌ	എഴുന്നേററുനില്ക്കുന്നതു
സുഘോരേണ	അത്യുഗ്രമായ	പ്രേക്ഷ്യ,	കണ്ട്,
ശരബന്ധേന	ബാണക്കെട്ടിനാൽ	വിഷേദുഃ.	വിഷാദമുൾക്കൊണ്ടു.

സന്ത്രസ്തഹൃദയാഃ സൎവ്വേ പ്രാകാരാദവരുഹ്യ തേ
വിഷണ്ണവദനാ ഘോരാ രാക്ഷസേന്ദ്രമുപസ്ഥിതാഃ. 11

ഘോരാഃ	കൊടിയവരായ	അവരുഹ്യ	താഴോട്ടിറങ്ങി,
തേ സൎവ്വേ,	അവർ എല്ലാവരും,	വിഷണ്ണവദനാഃ	മുഖംമങ്ങിയവരായി,
സന്ത്രസ്തഹൃദയാഃ	ഉള്ളംനടുങ്ങിയവരായി	രാക്ഷസേന്ദ്രം ഉപസ്ഥിതാഃ.	രാക്ഷസരാജാവിന്റെ അടുക്കൽ എത്തി.
പ്രാകാരാത്	മതിലിൽനിന്ന്		

തദപ്രിയം ദീനമുഖാ രാവണസ്യ നിശാചരാഃ
കൃത്സ്നം നിവേദയാമാസുൎയഥാവദ്വാക്യകോവിദാഃ 12

വാക്യകോവിദാഃ	വാക്ചാതുൎയ്യമുള്ളവരായ	അപ്രിയം കൃത്സ്നം	അനിഷ്ടവൎത്തമാനത്തെ ഒട്ടൊഴിയാതെ
നിശാചരാഃ	ആ രാക്ഷസന്മാർ	രാവണസ്യ	രാവണനോടായി
ദീനമുഖാഃ,	മുഖംവാടിയവരായി	യഥാവത്	ഉള്ളവണ്ണം
തത്	ആ	നിവേദയാമാസുഃ.	ഇങ്ങിനെബോധിപ്പിച്ചു.

യൌ താവിന്ദ്രജിതാ യുദ്ധേ ഭ്രാതരൌ രാമലക്ഷ്മണൌ
നിബദ്ധൌ ശരബന്ധേന നിഷ്പ്രകമ്പഭുജൌ കൃതൌ 13
വിമുക്തൌ ശരബന്ധേന തൌ ദൃശ്യേതേ രണാജിരേ
പാശാനിവ ഗജൌ ഛിത്വാ ഗജേന്ദ്രസമവിക്രമൌ. 14

"യുദ്ധേ,	"പോരിൽ	രണാജിരേ,	പോൎക്കളത്തിൽ,
യൌ	യാതൊരു	പാശാൻ	ചങ്ങലകളെ
തൌ ഭ്രാതരൌ	ആ സഹോദരന്മാരായ	ഛിത്വാ	പൊട്ടിച്ച് നില്ക്കുന്ന
രാമലക്ഷ്മണൌ	ശ്രീരാമനും ലക്ഷ്മണനും	ഗജൌ ഇവ,	രണ്ട് ആനകൾ എന്നപോലെ
ഇന്ദ്രജിതാ	ഇന്ദ്രജിത്തിനാൽ		
ശരബന്ധേന	അസ്ത്രപാശംകൊണ്ട്	ശരബന്ധേന വിമുക്തൌ	അസ്ത്രപാശവിമുക്തരായി
നിബദ്ധൌ	ബന്ധിക്കപ്പെട്ടവരായി		
നിഷ്പ്രകമ്പ-ഭുജൌ	കയ്യനക്കുവാൻ കഴിയാതെ	ഗജേന്ദ്രസമ-വിക്രമൌ	ആനക്കൊമ്പന്മാരെപ്പോലെ പരാക്രമമാന്നവരായി
കൃതൌ,	ആക്കപ്പെട്ടുവോ,		
തൌ	അപ്രകാരമുള്ള ആ രണ്ടുപേരും	ദൃശ്യേതേ."	കാണപ്പെടുന്നു."

തച്ഛ്രുത്വാ വചനം തേഷാം രാക്ഷസേന്ദ്രോ മഹാബലഃ
ചിന്താശോകസമാക്രാന്തോ വിഷണ്ണവദനോऽബ്രവീത്. 15

മഹാബലഃ	മഹാബലശാലിയായ	ചിന്താശോക-സമാക്രാന്തഃ	വിചാരംകൊണ്ടുള്ള വ്യസനത്തിൽ കുടുങ്ങിയവനായി
രാക്ഷസേന്ദ്രഃ,	രാക്ഷസാധിപൻ,	വിഷണ്ണവദനഃ	ദീനവദനനായി
തേഷാം	അവരുടെ	അബ്രവീത്.	ഇപ്രകാരം ഉരചെയ്തു.
തത് വചനം	ആ വാക്കു		
ശ്രുത്വാ,	കേട്ടു്,		

ഘോരൈർദ്ദത്തവരൈർബ്ബദ്ധൌ ശരൈരാശീവിഷോപമൈഃ
അമോഘൈഃ സൂര്യ്യസങ്കാശൈഃ പ്രമഥ്യേന്ദ്രജിതാ യുധി. 16
തദസ്ത്രബന്ധമാസാദ്യ യദി മുക്തൌ രിപൂ മമ
സംശയസ്ഥമിദം സർവ്വമനുപശ്യാമ്യഹം ബലം. 17

"ഘോരൈഃ	"ഭയങ്കരങ്ങളും	രിപൂ,	രണ്ടു ശത്രുക്കളും,
ദത്തവരൈഃ	വരമായ് ലഭിക്കപ്പെട്ടവയും	തത്	അങ്ങിനെയുള്ള
ആശീ-വിഷോപമൈഃ	സർപ്പതുല്യങ്ങളും	അസ്ത്രബന്ധം	അസ്ത്രബന്ധത്തെ
അമോഘൈഃ	വ്യർത്ഥമാകാത്തവയും	ആസാദ്യ,	പ്രാപിച്ചു ശേഷം
സൂര്യ്യസങ്കാശൈഃ	സൂര്യ്യസദൃശങ്ങളുമായ	മുക്തൌ	അതിൽ നിന്നും രക്ഷപ്പെട്ടിരിക്കുന്നു
ശരൈഃ,	ബാണങ്ങളാൽ,	യദി,	എന്നു വന്നാൽ,
ഇന്ദ്രജിതാ	ഇന്ദ്രജിത്താൽ	ഇദം	ഈ
യുധി	പോരിൽ	ബലം	സൈന്യത്തെ
പ്രമഥ്യ	എതിർത്ത്	സർവ്വം	ആസകലം
ബദ്ധൌ	ബന്ധിക്കപ്പെട്ടവരായ	സംശയസ്ഥം	പ്രാണഹാനി നേരിട്ട
മമ	എന്റെ	അഹം	ഞാൻ [തായ്ത്തന്നെ
		അനുപശ്യാമി.	കരുതുന്നു.

നിഷ്ഫലാഃ ഖലു സംവൃത്താ ശരാ വാസുകിതേജസഃ
ആദത്തം യൈഃ സുസംഗ്രാമേ രിപൂണാം മമ ജീവിതം. 18

"യൈഃ	"യാതൊരു ബാണങ്ങളാൽ	ആദത്തം,	അപഹരിക്കപ്പെട്ടുവോ,
സുസംഗ്രാമേ,	ഘോരയുദ്ധത്തിൽ,	വാസുകി-തേജസഃ	വാസുകിയോടൊത്ത പരാക്രമമാർന്നവയായ
മമ	എന്റെ	ശരാഃ,	ആ ബാണങ്ങൾ,
രിപൂണാം	ശത്രുക്കളുടെ	നിഷ്ഫലാഃ	വ്യർത്ഥങ്ങളായി
ജീവിതം	പ്രാണൻ	സംവൃത്താഃ ഖലു!"	തീർന്നു പോയല്ലൊ!"

ഏവമുക്ത്വാ തു സംക്രുദ്ധോ നിഃശ്വസന്നുരഗോ യഥാ
അബ്രവീദ്രക്ഷസാം മദ്ധ്യേ ധൂമ്രാക്ഷം നാമ രാക്ഷസം. 19

രക്ഷസാം	രാക്ഷസന്മാരുടെ
മദ്ധ്യേ,	നടുവിൽ
ഉരഗഃ	സൎപ്പം
യഥാ	പോലെ
സംക്രുദ്ധഃ	ചൊടിച്ച്
നിശ്വസൻ,	ചീററിക്കൊണ്ട്,
തു	ഇതിനെക്കുറിച്ച്
ഏവം	ഇപ്രകാരം
ഉക്ത്വാ	ഉരചെയ്തശേഷം,
ധൂമ്രാക്ഷം നാമ	ധൂമ്രാക്ഷൻ എന്ന
രാക്ഷസം	രാക്ഷസനെ നോക്കി
അബ്രവീത്.	ഇങ്ങിനെആജ്ഞാപിച്ചു.

ബലേന മഹതാ യുക്തോ രക്ഷസാം ഭീമവിക്രമ
ത്വം വധായാഭിനിൎയ്യാഹി രാമസ്യ സഹ വാനരൈഃ. 20

"രക്ഷസാം	"രാക്ഷസന്മാരിൽ വെച്ച്
ഭീമവിക്രമ!	ഘോരപരാക്രമശാലി
മഹതാ	വമ്പിച്ച [യായവനേ!
ബലേന	സൈന്യത്തോടും
യുക്തഃ	കൂടി
വാനരൈഃ സഹ	വാനരന്മാരടക്കം
രാമസ്യ	രാമന്റെ
വധായ	വധത്തിന്നായി
ത്വം	നീ
അഭിനിൎയ്യാഹി."	ഇപ്പോൾതന്നെ പുറപ്പെട്ടുചെല്ലുക."

[ശ്രീരാമന്റെ വാനരന്മാരാൽ നാശത്തിന്നായിച്ചെല്ലുക, എന്ന അൎത്ഥത്തിൽ അമംഗളസൂചകമാകുന്നു. എന്ന് ഗോ. രാ.]

ഏവമുക്തസ്തു ധൂമ്രാക്ഷോ രാക്ഷസേന്ദ്രേണ ധീമതാ
കൃത്വാ പ്രണാമം സംഹൃഷ്ടോ നിൎജ്ജഗാമ നൃപാലയാത്. 21

ധീമതാ	പിടിവാദക്കാരനായ
രാക്ഷസേന്ദ്രേണ	രാക്ഷസരാജാവിനാൽ
ഏവം	ഇപ്രകാരം
ഉക്തഃ	കല്പിക്കപ്പെട്ടവനായ
ധൂമ്രാക്ഷഃ,	ധൂമ്രാക്ഷൻ,
സംഹൃഷ്ടഃ	ഉത്സാഹഭരിതനായി
പ്രണാമം കൃത്വാ	കുമ്പിട്ട്
നൃപാലയാത്	അരമനയിൽനിന്നും
തു	തൽക്ഷണംതന്നെ
നിൎജ്ജഗാമ.	യാത്രയായി.

അഭിനിഷ്ക്രമ്യ തദ്വാരം ബലാദ്ധ്യക്ഷമുവാച ഹ
ത്വരയസ്വ ബലം തൂൎണ്ണം കിം ചിരേണ യുയുത്സതഃ. 22

തത്	ആ
ദ്വാരം	കോട്ടവാതിലിൽനിന്ന്
അഭിനിഷ്ക്രമ്യ,	പുറത്തുവന്ന്,
ബലാദ്ധ്യക്ഷം	സേനാധിപനോടായി
ഉവാച ഹ;	ഇപ്രകാരം ഉരചെയ്തു.
"ബലം	"സൈന്യത്തെ
തൂൎണ്ണം	വേഗം
ത്വരയസ്വ;	ഉത്സാഹപ്പെടുത്തുക;
യുയുത്സതഃ	പോരാടുവാൻവേണ്ടി നില്ക്കുന്ന എനിക്ക്
കിം ചിരേണ?"	എന്തമാന്തമാണിത്?"

ധൂമ്രാക്ഷവചനം ശ്രുത്വാ ബലാദ്ധ്യക്ഷോ ബലാനുഗഃ
ബലമുദ്യോജയാമാസ രാവണസ്യാജ്ഞയാ ദ്രുതം. 23

ബലാനുഗഃ	സൈന്യസമേതനായ
ബലാദ്ധ്യക്ഷഃ,	സേനാധിപൻ,
ധൂമ്രാക്ഷവചനം	ധൂമ്രാക്ഷന്റെ വാക്ക
ശ്രുത്വാ,	കേട്ട്,
രാവണസ്യ	രാവണന്റെ
ആജ്ഞയാ	ആജ്ഞയെന്നതിനാൽ
ബലം	സൈന്യത്തെ
ദ്രുതം	ഉടനെ
ഉദ്യോജയാമാസ.	സന്നദ്ധമാക്കി.

തേ ബദ്ധഘണ്ടാ ബലിനോ ഘോരരൂപാ നിശാചരാഃ
വിഗൎജ്ജമാനാഃ സംഹൃഷ്ടാ ധൂമ്രാക്ഷം പൎയ്യവാരയൻ 24
വിവിധായുധഹസ്താശ്ച ശൂലമുദ്ഗരപാണയഃ. 25

ഘോരരൂപാഃ	ഭയങ്കരമായ രൂപന്മാരും
ബലിനഃ	കരുത്തന്മാരുമായ
തേ നിശാചരാഃ,	ആ രാക്ഷസന്മാർ,
ബദ്ധഘണ്ടാഃ	കൊടമണികൾകെട്ടി
വിവിധായുധഹസ്താഃ	പല ആയുധങ്ങൾ കയ്യിലേന്തിയവരായി
ശൂലമുദ്ഗരപാണയഃ ച	ശൂലങ്ങളേയും മുൾത്തടികളേയും എടുത്തു്
സംഹൃഷ്ടാഃ	അത്യുത്സാഹത്തോടെ
വിഗൎജ്ജമാനാഃ	അട്ടഹസിക്കുന്നവരായി
ധൂമ്രാക്ഷം	ധൂമ്രാക്ഷനെ
പൎയ്യവാരയൻ.	ചുഴന്നുനിന്നു.

ഗദാഭിഃ പട്ടിശൈർദണ്ഡൈരായസൈൎമ്മുസലൈർഭൃശം
പരിഘൈർഭിണ്ഡിപാലൈശ്ച ഭല്ലൈഃ പ്രാസൈഃ പരശ്വധൈഃ 26
നിൎയ്യയൂ രാക്ഷസാ ദിഗ്ഭ്യോ നൎദ്ദന്തോ ജലദാ യഥാ. 27

രാക്ഷസാഃ	രാക്ഷസന്മാർ
ദിഗ്ഭ്യഃ,	പലേടങ്ങളിൽനിന്നും,
ഗദാഭിഃ	ഗദകളോടും
പട്ടിശൈഃ	ചെറുകുന്തങ്ങളോടും
ദണ്ഡൈഃ	ദണ്ഡുകളോടും
ആയസൈഃ	ഇരുമ്പുകെട്ടുകളിട്ട
മുസലൈഃ	ഉലക്കകളോടും
പരിഘൈഃ	ഇരുമ്പുലയ്ക്കകളോടും
ഭിണ്ഡിപാലൈഃ	കവണകളോടും
ഭല്ലൈഃ	ഭല്ലങ്ങളോടും
പ്രാസൈഃ	കുന്തങ്ങളോടും
പരശ്വധൈഃ ച	കോടാലികളോടുംകൂടി
ജലദാഃ	മേഘങ്ങൾ
യഥാ,	എന്നപോലെ,
ഭൃശം	ഉറക്കെ
നൎദ്ദന്തഃ	ആൎത്തുകൊണ്ടു്
നിൎയ്യയുഃ.	പുറപ്പെട്ടു.

രഥൈഃ കവചിനസ്ത്വന്യേ ധ്വജൈശ്ച സമലംകൃതൈഃ
സുവൎണ്ണജാലവിഹിതൈഃ ഖരൈശ്ച വിവിധാനനൈഃ 28
ഹയൈഃ പരമശീഘ്രൈശ്ച ഗജേന്ദ്രൈശ്ച മദോത്കടൈഃ
നിൎയ്യയൂ രാക്ഷസവ്യാഘ്രാ വ്യാഘ്രാ ഇവ ദുരാസദാഃ. 29

ദുരാസദാഃ	അടുക്കപ്പെടുവാൻ സാധിക്കാത്ത
വ്യാഘ്രാഃ	വ്യാഘ്രങ്ങൾ
ഇവ	പോലുള്ള
അന്യേ	ചില
രാക്ഷസവ്യാഘ്രാഃ,	ഘോരരാക്ഷസന്മാർ,
കവചിനഃ,	കവചം ധരിച്ചവരായി,
ധ്വജൈഃ	ധ്വജങ്ങളാൽ
സമലംകൃതൈഃ ച	നന്നായലങ്കരിക്കപ്പെട്ടവയും
സുവൎണ്ണജാലവിഹിതൈഃ തു	സ്വൎണ്ണ ജനവാതില്പുകളാന്നവയുമായ
രഥൈഃ,	രഥങ്ങളിൽ കയറിക്കൊണ്ടും,
വിവിധാനനൈഃ	പലമാതിരി മുഖങ്ങളോടു കൂടിയ
ഖരൈഃ ച,	കോവർ കഴുതകളിൽ കയറിയും,
പരമശീഘ്രൈഃ	അതിവേഗതയുള്ള
ഹയൈഃ ച,	കുതിരകളിൽ കയറിക്കൊണ്ടും,
മദോത്കടൈഃ	മദം പൊട്ടിയ
ഗജേന്ദ്രൈഃ ച	കൊമ്പനാനകളിൽ കയറിക്കൊണ്ടും
നിൎയ്യയുഃ.	പുറപ്പെട്ടു.

വൃകസിംഹമുഖൈൎയ്യുക്തം ഖരൈഃ കനകഭൂഷണൈഃ
ആരുരോഹ രഥം ദിവ്യം ധൂമ്രാക്ഷഃ ഖരനിഃസ്വനഃ. 30

ഖരനിഃസ്വനഃ	കഠോരമായ് ശബ്ദിക്കുന്നവനായ
ധൂമ്രാക്ഷഃ,	ധൂമ്രാക്ഷൻ,
കനകഭൂഷണൈഃ	സ്വൎണ്ണക്കോപ്പുകളണിഞ്ഞവയും
വൃകസിംഹമുഖൈഃ	ചെന്നായ, സിംഹം, എന്നവയുടെ മുഖമുള്ളവയുമായ
ഖരൈഃ	കോവർകഴുതകളാൽ
യുക്തം	പൂട്ടിക്കെട്ടപ്പെട്ട
ദിവ്യം	ദിവ്യമായ
രഥം ആരുരോഹ.	തേരിൽകയറിയിരുന്നു.

സ നിൎയ്യാതോ മഹാവീൎയ്യോ ധൂമ്രാക്ഷോ രാക്ഷസൈൎവൃതഃ
ഹസൻ വൈ പശ്ചിമദ്വാരാദ്ധനുമാൻ യത്ര തിഷ്ഠതി. 31

മഹാവീൎയ്യഃ	മഹാപരാക്രമശാലിയായ
സഃ	ആ
ധൂമ്രാക്ഷഃ,	ധൂമ്രാക്ഷൻ,
രാക്ഷസൈഃ	രാക്ഷസന്മാരാൽ
വൃതഃ	ചൂഴപ്പെട്ടവനായി
പശ്ചിമദ്വാരാത്	പടിഞ്ഞാറെകോട്ടവാതിൽവഴിയായി
ഹനുമാൻ	ഹനുമാൻ
യത്ര തിഷ്ഠതി,	നില്ക്കുന്നദിക്കിലേക്കായി
ഹസൻ വൈ	അട്ടഹസിച്ചുംകൊണ്ടു്
നിൎയ്യാതഃ.	യാത്രചെയ്തു.

രഥപ്രവരമാസ്ഥായ സ്വരയുക്തം ഖരസ്വനം 32
പ്രയാന്തം തു മഹാഘോരം രാക്ഷസം ഭീമദൎശനം
അന്തരിക്ഷഗതാ ഘോരാഃ ശകുനാഃ പ്രത്യഷേധയൻ. 33

ഖരസ്വനം	കോവർകഴുതകളുടെ ശബ്ദത്തോടുകൂടിയതും
സ്വരയുക്തം	മുഴങ്ങുന്നതുമായ
രഥപ്രവരം	ഉത്തമരഥത്തിൽ
ആസ്ഥായ	കയറിക്കൊണ്ടു്
പ്രയാന്തം,	വരുന്നവനും,
മഹാഘോരം	അത്യുഗ്രനും
ഭീമദൎശനം തു	ഭയങ്കരരൂപനുമായ
രാക്ഷസം,	ആ രാക്ഷസനെ,
അന്തരിക്ഷഗതാഃ	ആകാശത്തിൽ വട്ടമിട്ടിരുന്ന
ഘോരാഃ	അശുഭസൂചകങ്ങളായ
ശകുനാഃ,	പക്ഷികൾ,
പ്രത്യഷേധയൻ.	തടഞ്ഞു.

രഥശീൎഷേ മഹാൻ ഭീമോ ഗൃദ്ധ്രശ്ച നിപപാത ഹ
ധ്വജാഗ്രേ ഗ്രഥിതാശ്ചൈവ നിപേതുഃ കുണപാശനാഃ. 34

ഭീമഃ	ഭയങ്കരമായ
മഹാൻ ഗൃദ്ധ്രഃ ച,	ഒരു ഊക്കൻകഴുകനും,
രഥശീൎഷേ	രഥത്തിൻെറ മുകളിൽ
നിപപാത ഹ;	പറന്നുവന്നു;
ധ്വജാഗ്രേ ച	ധ്വജാഗ്രത്തിലും
കുണപാശനാഃ ഏവ	മാംസഭുക്കുകളായ പക്ഷികളും
ഗ്രഥിതാഃ	കൂട്ടമിട്ടുകൊണ്ടു്
നിപേതുഃ.	വന്നിരുന്നു.

രുധിരാൎദ്രോ മഹാൻ ശ്വേതഃ കബന്ധഃ പതിതോ ഭുവി
വിസ്വരം ചോത്സൃജൻ നാദം ധൂമ്രാക്ഷസ്യ സമീപതഃ. 35

രുധിരാൎദ്രഃ	ചോരപുരണ്ട	നാദം	ശബ്ദത്തെ
മഹാൻ	ഒരു വലിയ	ഉത്സൃജൻ ച	പുറപ്പെടീച്ചുംകൊണ്ടു്
ശ്വേതഃ	വെളുത്ത	ധൂമ്രാക്ഷസ്യ	ധൂമ്രാക്ഷന്റെ
കബന്ധഃ	കഴുത്തില്ലാത്ത ഉടലും	സമീപതഃ	അരികിലായി
വിസ്വരം	വികൃതസ്വരത്തോടു കൂടിയ	ഭുവി	നിലത്തു്
		പതിതഃ.	വീണു.

വവൎഷ രുധിരം ദേവഃ സംചചാല ച മേദിനീ
പ്രതിലോമം വവൗ വായുർന്നിൎഘാതസമനിഃസ്വനഃ. 36

ദേവഃ	മഴയ്ക്കധിപതിയായ പൎജ്ജന്യദേവൻ	വായുഃ	കൊടുങ്കാററ്
രുധിരം വവൎഷ;	രക്തംപൊഴിച്ചു;	നിൎഘാതസമനിഃസ്വനഃ	ഇടിപോലെ ശബ്ദിച്ചുകൊണ്ടു്
മേദിനീ ച	ഭൂമിയും	പ്രതിലോമം	വിപരീതമായി
സംചചാല;	കുലുങ്ങി;	വവൗ.	അടിച്ചു.

തിമിരൗഘാവൃതാസ്തത്ര ദിശശ്ച ന ചകാശിരേ. 37

തത്ര,	അപ്പോൾ,	തിമിരൗഘാവൃതാഃ	കൂരിരുട്ടാൽ മറയ്ക്കപ്പെട്ടവയായി
ദിശഃ ച	ദിക്കുകളെല്ലാം	ചകാശിരേ ന.	ഒട്ടുംപ്രകാശിക്കാതെയായി.

സ ത്വുത്പാതാംസ്തദാ ദൃഷ്ട്വാ രാക്ഷസാനാം ഭയാവഹാൻ
പ്രാദുർഭൂതാൻ സുഘോരാംശ്ച ധൂമ്രാക്ഷോ വ്യഥിതോഽഭവത്. 38

സഃ	ആ	സുഘോരാൻ ച	അതിഭയങ്കരങ്ങളായ
ധൂമ്രാക്ഷഃ തു,	ധൂമ്രാക്ഷനും,	ഉത്പാതാൻ,	ആ ദുഃശകുനങ്ങളെ,
രാക്ഷസാനാം	രാക്ഷസന്മാൎക്കു്	തദാ	ആ സമയം
ഭയാവഹാൻ	ഭയത്തെ ജനിപ്പിക്കുന്നവയായി	ദൃഷ്ട്വാ	കണ്ടു്
പ്രാദുർഭൂതാൻ	ഉളവായ	വ്യഥിതഃ	ആൎത്തനായി
		അഭവത്.	ഭവിച്ചു.

മുമുഹൂ രാക്ഷസാഃ സൎവ്വേ ധൂമ്രാക്ഷസ്യ പുരഃസരാഃ. 39

ധൂമ്രാക്ഷസ്യ	ധൂമ്രാക്ഷന്റെ	രാക്ഷസാഃ	രാക്ഷസന്മാർ
പുരഃസരാഃ	കൂട്ടുകാരായ	സൎവ്വേ,	എല്ലാവരും
		മുമുഹുഃ.	അന്ധാളിച്ചു.

തതഃ സുഭീമോ ബഹുഭിൎന്നിശാചരൈർ-
വൃതോഽഭിനിഷ്ക്രമ്യ രണോത്സുകോ ബലീ
ദദൎശ താം രാഘവബാഹുപാലിതാം
സമുദ്രകല്പാം ബഹുവാനരീം ചമൂം. 40

സുഭീമഃ	അതിഭയങ്കരനും
രണോത്സുകഃ	പോർ തേടുന്നവനും
ബലീ,	ബലശാലിയുമായ
ബഹുഭിഃ	പല [അവൻ,
നിശാചരൈഃ	രാക്ഷസന്മാരാൽ
വൃതഃ,	ചൂഴപ്പെട്ടവനായി,
തതഃ	അവിടെ നിന്ന്
അഭിനിഷ്ക്രമ്യ,	പുറപ്പെട്ട്,
രാഘവബാഹു-പാലിതാം	ശ്രീരാമബാഹുബലത്താൽ രക്ഷിക്കപ്പെട്ടതും
സമുദ്രകല്പാം	സമുദ്രതുല്യവുമായ
താം ബഹുവാനരീം	ആ അസംഖ്യം വാനരന്മാരോടുകൂടിയ
ചമൂം ദദർശ.	സൈന്യത്തെകണ്ടു.

ഇത്യാർഷേ ശ്രീമദ്രാമായണേ വാല്മീകീയേ ആദികാവ്യേ യുദ്ധകാണ്ഡേ
ഏകപഞ്ചാശഃ സർഗ്ഗഃ = അമ്പത്തൊന്നാംസർഗ്ഗം സമാപ്തം.
ആദ്യം മുതൽ ശ്ലോകസംഖ്യ 16705; യുദ്ധകാണ്ഡം ആദ്യം മുതൽ ശ്ലോകസംഖ്യ 2030.

ദ്വിപഞ്ചാശഃ സർഗ്ഗഃ = അമ്പത്തിരണ്ടാംസർഗ്ഗം.

[ധൂമ്രാക്ഷവധഃ=ധൂമ്രാക്ഷവധം.]

ധൂമ്രാക്ഷം പ്രേക്ഷ്യ നിര്യാന്തം രാക്ഷസം ഭീമവിക്രമം
വിനേദുർവാനരാഃ സർവ്വേ പ്രഹൃഷ്ടാ യുദ്ധകാംക്ഷിണഃ. 1

യുദ്ധകാംക്ഷിണഃ	യുദ്ധത്തെ പ്രതീക്ഷിച്ചിരുന്ന
വാനരാഃ	വാനരന്മാർ
സർവ്വേ,	എല്ലാവരും,
ഭീമവിക്രമം	ഉഗ്രവിക്രമിയായ
രാക്ഷസം	രാക്ഷസനായ
ധൂമ്രാക്ഷം	ധൂമ്രാക്ഷനെ
നിര്യാന്തം	വന്നുകൊണ്ടിരിക്കുന്നവനായി
പ്രേക്ഷ്യ,	കണ്ട്,
പ്രഹൃഷ്ടാഃ	അത്യുത്സാഹത്തോടെ
വിനേദുഃ.	ആർത്തു.

തേഷാം സുതുമുലം യുദ്ധം സംജജ്ഞേ ഹരിരക്ഷസാം
അന്യോന്യം പാദപൈർഘോരം നിഘ്നതാം ശൂലമുദ്ഗരൈഃ. 2

പാദപൈഃ	മരങ്ങൾകൊണ്ടും
ശൂലമുദ്ഗരൈഃ	ശൂലങ്ങൾകൊണ്ടും മുൾത്തടികൾകൊണ്ടും
അന്യോന്യം	തങ്ങൾതമ്മിൽ
നിഘ്നതാം	താഡിക്കുന്നവരായ
തേഷാം	ആ
ഹരിരക്ഷസാം	വാനരന്മാർക്കും രാക്ഷസന്മാർക്കും തമ്മിൽ,
ഘോരം	ഭയങ്കരവും
സുതുമുലം	ഏററവും കോലാഹലത്തോടുകൂടിയതുമായ
യുദ്ധം	യുദ്ധം
സംജജ്ഞേ.	ഉണ്ടായി.

ഘോരൈശ്ച പരിഘൈശ്ചിത്രൈസ്ത്രിശൂലൈശ്ചാപി സംഹതൈഃ
രാക്ഷസൈർവ്വാനരാ ഘോരൈർവിനികൃത്താഃ സമന്തതഃ. 3

ഘോരൈഃ	ഭയങ്കരമായ
ചിത്രൈഃ ച	പല പല
പരിഘൈഃ ച	ഇരിമ്പുലക്കകൾ കൊണ്ടും
ത്രിശൂലൈഃ അപി,	ത്രിശൂലങ്ങൾകൊണ്ടും,
ഘോരൈഃ	ഭയങ്കരന്മാരായ
സംഹതൈഃ	ഒന്നായ് കൂടിയ
രാക്ഷസൈഃ,	രാക്ഷസന്മാരാൽ,
വാനരാഃ	വാനരന്മാർ
സമന്തതഃ	നാലു ഭാഗങ്ങളിൽ നിന്നും
വിനികൃത്താഃ.	പിളക്കപ്പെട്ടു.

വാനരൈ രാക്ഷസാശ്ചാപി ദ്രുമൈർഭൂമൌ സമീകൃതാഃ
രാക്ഷസാശ്ചാപി സംക്രുദ്ധാ വാനരാൻ നിശിതൈഃ ശരൈഃ 4
വിവ്യധുർഘോരസങ്കാശൈഃ കങ്കപത്രൈരജിഹ്മഗൈഃ. 5

രാക്ഷസാഃ ച,	രാക്ഷസന്മാരും,
വാനരൈഃ	വാനരന്മാരാൽ
ദ്രുമൈഃ അപി	വൃക്ഷങ്ങൾകൊണ്ടുതന്നെ
ഭൂമൌ സമീകൃതാഃ;	നിലത്തോടുനിലമായി അടിച്ചുവീഴ്ത്തപ്പെട്ടു;
രാക്ഷസാഃ	രാക്ഷസന്മാർ
സംക്രുദ്ധാഃ,	ചൊടിച്ച്,
ഘോരസങ്കാശൈഃ	ഭയങ്കരരൂപത്തോടുകൂടിയവയും
കങ്കപത്രൈഃ	കഴുകിൻ തൂവലുകൾ കെട്ടപ്പെട്ടവയും
അജിഹ്മഗൈഃ	കുറിതെററാത്തവയും
നിശിതൈഃ അപി	കൂർത്തവയുമായ
ശരൈഃ ച,	ബാണങ്ങൾകൊണ്ടും,
വാനരാൻ	വാനരന്മാരെ
വിവ്യധുഃ.	പീഡിപ്പിച്ചു.

തേ ഗദാഭിശ്ച ഭീമാഭിഃ പട്ടിശൈഃ കൂടമുദ്ഗരൈഃ
വിദാര്യമാണാ രക്ഷോഭിർവാനരാസ്തേ മഹാബലാഃ. 6
അമർഷാജ്ജനിതോദ്ധർഷാശ്ചക്രുഃ കർമ്മാണ്യഭീതവത്. 7

തേ ച	അവരാകട്ടെ,
രക്ഷോഭിഃ	രാക്ഷസന്മാരാൽ,
ഭീമാഭിഃ	ഭയങ്കരങ്ങളായ
ഗദാഭിഃ	ഗദകൾകൊണ്ടും
പട്ടിശൈഃ	ചെറുകുന്തങ്ങൾകൊണ്ടും
കൂടമുദ്ഗരൈഃ	കൂടങ്ങൾകൊണ്ടും മുൾത്തടികൾകൊണ്ടും
വിദാര്യമാണാഃ	പിളക്കപ്പെടുന്നവരായി
തേ മഹാബലാഃ	ആ മഹാശക്തിമാന്മാരായ
വാനരാഃ,	വാനരന്മാർ,
അമർഷാത്	അക്ഷമന്മാരായി
ജനിതോദ്ധർഷാഃ	ഉത്സാഹംകയ്ക്കൊണ്ട്
അഭീതവത്	ഒട്ടും ഭയംകൂടാതെ
കർമ്മാണി ചക്രുഃ.	പ്രവൃത്തിച്ചുകൊണ്ടിരുന്നു.

ശരനിർഭിന്നഗാത്രാസ്തേ ശൂലനിർഭിന്നദേഹിനഃ
ജഗൃഹുസ്തേ ദ്രുമാംസ്തത്ര ശിലാശ്ച ഹരിയൂഥപാഃ 8

തേ	ആ
ഹരിയൂഥപാഃ,	വാനരസേനാധിപന്മാർ,
തത്ര,	അപ്പോൾ,
ശരനിർഭിന്നഗാത്രാഃ	ബാണങ്ങളാൽ പിളക്കപ്പെട്ട അവയവങ്ങളോടുകൂടിയവരായും
ശൂലനിർഭിന്നദേഹിനഃ	ശൂലങ്ങളേററ ശരീരങ്ങളോടുകൂടിയവരായും
ദ്രുമാൻ	വൃക്ഷങ്ങളേയും
ശിലാഃ ച	മലകളേയും
ജഗൃഹുഃ.	കയ്യിലെടുത്തു.

തേ ഭീമവേഗാ ഹരയോ നർദ്ദമാനാസ്തതസ്തതഃ
മമന്ഥൂ രാക്ഷസാൻ ഭീമാൻ നാമാനി ച ബഭാഷിരേ. 9

തേ ഭീമവേഗാഃ	ആ മഹാശക്തിമാന്മാരായ
ഹരയഃ,	വാനരന്മാർ,
തതഃ തതഃ	അവിടവിടെ
നർദ്ദമാനാഃ,	ഗർജ്ജിച്ചുംകൊണ്ട്,
ഭീമാൻ	ഭയങ്കരന്മാരായ
രാക്ഷസാൻ	രാക്ഷസന്മാരെ
മമന്ഥുഃ;	മഥിച്ചു;
നാമാനി ച ബഭാഷിരേ.	(ശ്രീരാമാദികളുടെ) പേരുവിളിച്ച് ജയഘോഷങ്ങളും മുഴക്കി.

തദ്ബഭൂവാദ്ഭുതം ഘോരം യുദ്ധം വാനരരക്ഷസാം
ശിലാഭിർവിവിധാഭിശ്ച ബഹ്വീഭിശ്ചൈവ പാദപൈഃ. 10

വാനരരക്ഷസാം — വാനരന്മാക്കും രാക്ഷസന്മാക്കും തമ്മിലുണ്ടായ
വിവിധാഭിഃ — പലവിധങ്ങളായ
ശിലാഭിഃ ച — പാറകൾകൊണ്ടും
ബഹ്വീഭിഃ — അസംഖ്യം
പാദപൈഃ ച ഏവ — വൃക്ഷങ്ങൾകൊണ്ടുമുള്ളതായ
തത് — ആ
ഘോരം യുദ്ധം, — ഭയങ്കരയുദ്ധം,
അദ്ഭുതം — അത്ഭുതകരമായി
ബഭൂവ. — ഭവിച്ചു.

രാക്ഷസാ മഥിതാഃ കേചിദ്വാനരൈർജ്ജിതകാശിഭിഃ
പ്രവേമൂ രുധിരം കേചിന്മുഖൈ രുധിരഭോജനാഃ. 11

ജിതകാശിഭിഃ — ജയത്താൽ പ്രകാശിക്കുന്നവരായ
വാനരൈഃ — വാനരന്മാരാൽ
കേചിത് — ചില
രാക്ഷസാഃ — രാക്ഷസന്മാർ
മഥിതാഃ; — മർദ്ദിക്കപ്പെട്ടു;
രുധിരഭോജനാഃ — രക്തപാനംചെയ്യുന്ന
കേചിത് — ചിലർ
മുഖൈഃ — വായകൾകൊണ്ട്
രുധിരം പ്രവേമുഃ. — ചോരഛർദ്ദിച്ചു.

പാർശ്വേഷു ദാരിതാഃ കേചിത് കേചിദ്രാശീകൃതാ ദ്രുമൈഃ
ശിലാഭിശ്ചൂർണ്ണിതാഃ കേചിത് കേചിദ്ദന്തൈർവ്വിദാരിതാഃ. 12

കേചിത് — ചിലർ
പാർശ്വേഷു — വാരിപ്പുള്ളകളിൽ
ദാരിതാഃ; — കീറിപ്പൊളിക്കപ്പെട്ടു;
കേചിത് — ചിലർ
ദ്രുമൈഃ — വൃക്ഷങ്ങൾകൊണ്ട്
രാശീകൃതാഃ; — അടിച്ച് പിണ്ഡം പോലെ ആക്കപ്പെട്ടു;
കേചിത് — ചിലർ
ശിലാഭിഃ — പാറകൾകൊണ്ട്,
ചൂർണ്ണിതാഃ; — പൊടിയാക്കപ്പെട്ടു;
കേചിത് — ചിലർ
ദന്തൈഃ — പല്ലുകൾകൊണ്ട്
വിദാരിതാഃ. — കടിച്ചു ചീന്തപ്പെട്ടു.

ധ്വജൈർവ്വിമഥിതൈർഭഗ്നൈഃ ഖരൈശ്ച വിനിപാതിതൈഃ
രഥൈർവ്വിധ്വംസിതൈശ്ചാപി പതിതൈ രജനീചരൈഃ 13
ഗജേന്ദ്രൈഃ പർവ്വതാകാരൈഃ പർവ്വതാഗ്രൈർവ്വനൌകസാം
മഥിതൈർവ്വാജിഭിഃ കീർണ്ണം സാരോഹൈർവ്വസുധാതലം. 14

ഭഗ്നൈഃ — മുറിച്ച്
വിമഥിതൈഃ — തകർക്കപ്പെട്ട
ധ്വജൈഃ, — ധ്വജങ്ങളാലും,
വിനിപാതിതൈഃ — താഴത്തുവീഴ്ത്തപ്പെട്ട
ഖരൈഃ, — കോവർകഴുതകളാലും
വിധ്വംസിതൈഃ — പൊടിപെടുത്തപ്പെട്ട
രഥൈഃ ച, — രഥങ്ങളാലും
പതിതൈഃ — വീണുകിടന്ന
രജനീചരൈഃ അപി, — രാക്ഷസരാലും,
മഥിതൈഃ — അരയ്ക്കപ്പെട്ട
പർവ്വതാകാരൈഃ — പർവ്വതങ്ങൾപോലുള്ള
ഗജേന്ദ്രൈഃ, — ഗജശ്രേഷ്ഠന്മാരാലും,
സാരോഹൈഃ — പുറത്തുകയറിയിരിക്കുന്നവരോടുകൂടിയ
വാജിഭിഃ, — കുതിരകളാലും,
വനൌകസാം — വാനരന്മാരെറിഞ്ഞവയായ
പർവ്വതാഗ്രൈഃ ച, — പർവ്വതശിഖരങ്ങളാലും,
വസുധാതലം — ഭൂതലം
കീർണ്ണം. — നിറയപ്പെട്ടു.

വാനരൈർഭീമവിക്രാന്തൈരാപ്ലുത്യാപ്ലുത്യ വേഗിതൈഃ
രാക്ഷസാഃ കരജൈസ്തീക്ഷ്ണൈർമുഖേഷു വിനികൎത്തിതാഃ. 15

ഭീമവിക്രാന്തൈഃ	മഹാപരാക്രമശാലികളും	തീക്ഷ്ണൈഃ	മൂർച്ചയുള്ള
വേഗിതൈഃ	ശക്തിമാന്മാരുമായ	കരജൈഃ,	നഖങ്ങൾകൊണ്ട്,
വാനരൈഃ,	വാനരന്മാരാൽ,	രാക്ഷസാഃ	രാക്ഷസന്മാർ
ആപ്ലുത്യ ആപ്ലുത്യ	ചാടിച്ചെന്ന്	മുഖേഷു	മുഖങ്ങളിൽ
		വിനികൎത്തിതാഃ.	കീറിപ്പൊളിക്കപ്പെട്ടു.

വിവൎണ്ണവദനാ ഭൂയോ വിപ്രകീൎണ്ണശിരോരുഹാഃ
മൂഢാഃ ശോണിതഗന്ധേന നിപേതുർധരണീതലേ. 16

ഭൂയഃ	തിരെ	ശോണിതഗന്ധേന	രക്തത്തിന്റെ ചൂരുതട്ടി
വിവൎണ്ണവദനാഃ	മുഖംമങ്ങിയവരായി	മൂഢാഃ	മയങ്ങിയവരായി
വിപ്രകീൎണ്ണശിരോരുഹാഃ	ചിന്നിച്ചിതറിയ മുടികളോടുകൂടിയവരായി	ധരണീതലേ	നിലത്തു
		നിപേതുഃ.	വീണുകിടന്നു.

അന്യേ പരമസംക്രുദ്ധാ രാക്ഷസാ ഭീമനിഃസ്വനാഃ
തലൈരേവാഭിധാവന്തി വജ്രസ്പൎശസമൈൎഹരീൻ 17

അന്യേ	ചില	വജ്രസ്പൎശസമൈഃ	വജ്രായുധംപോലെ കഠിനമായ
രാക്ഷസാഃ,	രാക്ഷസന്മാർ,	തലൈഃ ഏവ	കൈകൾ പരത്തിക്കൊണ്ട്
പരമസംക്രുദ്ധാഃ,	അതിയായകോപമുൾക്കൊണ്ട്	ഹരീൻ	വാനരന്മാൎക്കുനേരെ
ഭീമനിഃസ്വനാഃ,	ഭയങ്കരമായ് അട്ടഹസിക്കുന്നവരായി,	അഭിധാവന്തി.	പാഞ്ഞടുക്കയായി.

വാനരൈരാപതന്തസ്തേ വേഗിതാ വേഗവത്തരൈഃ
മുഷ്ടിഭിശ്ചരണൈർദന്തൈഃ പാദപൈശ്ചാവപോഥിതാഃ 18

വേഗിതാഃ	ഊക്കോടെ	മുഷ്ടിഭിഃ	മുഷ്ടികൾകൊണ്ടും
ആപതന്തഃ	പാഞ്ഞടുക്കുന്നവരായ	ചരണൈഃ	കാലുകൾകൊണ്ടും
തേ	അവർ	ദന്തൈഃ	പല്ലുകൾകൊണ്ടും
വേഗവത്തരൈഃ	ഊക്കേറിയ	പാദപൈഃ ച	വൃക്ഷങ്ങൾകൊണ്ടും
വാനരൈഃ	വാനരന്മാരാൽ	അവപോഥിതാഃ.	ഹിംസിക്കപ്പെട്ടു.

വാനരൈൎഹന്യമാനാസ്തേ രാക്ഷസാ വിപ്രദുദ്രുവുഃ. 19

വാനരൈഃ	വാനരന്മാരാൽ	രാക്ഷസാഃ,	രാക്ഷസന്മാർ,
ഹന്യമാനാഃ	ഹിംസിക്കപ്പെടുന്നവരായ	വിപ്രദുദ്രുവുഃ.	പുറംകാട്ടി ഓടിത്തുടങ്ങി.
തേ	ആ		

സൈന്യം തു വിദ്രുതം ദൃഷ്ട്വാ ധൂമ്രാക്ഷോ രാക്ഷസർഷഭഃ
ക്രോധേന കദനം ചക്രേ വാനരാണാം യുയുത്സതാം. 20

രാക്ഷസർഷഭഃ	രാക്ഷസവീരനായ	യുയുത്സതാം	പൊരുതുവാനടുത്ത
ധൂമ്രാക്ഷഃ,	ധൂമ്രാക്ഷൻ,	വാനരാണാം	വാനരന്മാരെ
സൈന്യം	സൈന്യത്തെ	ക്രോധേന	കോപാവേശത്തോടെ
വിദ്രുതം തു	ഭയപ്പെട്ടു് ഓടിയതായി	കദനം ചക്രേ.	എതിർത്ത് വ്യഥപ്പെടുത്തി.
ദൃഷ്ട്വാ,	കണ്ടു്,		

പ്രാസൈഃ പ്രമഥിതാഃ കേചിദ്വാനരാഃ ശോണിതസ്രവാഃ
മുദ്ഗരൈരാഹതാഃ കേചിത് പതിതാ ധരണീതലേ. 21

കേചിത്	ചില	കേചിത്	ചിലർ
വാനരാഃ,	വാനരന്മാർ,	മുദ്ഗരൈഃ	മുട്ടൻതടികളാൽ
പ്രാസൈഃ	കുന്തങ്ങൾ കൊണ്ടു്	ആഹതാഃ,	അടിക്കപ്പെട്ടവരായി
പ്രമഥിതാഃ,	കുത്തപ്പെട്ടവരായി,	ധരണീതലേ	നിലത്തു
ശോണിതസ്രവാഃ;	ചോരയൊലിപ്പിച്ചു;	പതിതാഃ.	പതിച്ചു.

പരിഘൈർമഥിതാഃ കേചിദ് ഭിണ്ഡിപാലൈർവ്വിദാരിതാഃ
പട്ടിശൈരാഹതാഃ കേചിദ്വിഹ്വലന്തോ ഗതാസവഃ. 22

കേചിത്	ചിലർ	വിദാരിതാഃ	പിളക്കപ്പെട്ടവരായും
പരിഘൈഃ	ഇരുമ്പുലയ്ക്കകളാൽ	പട്ടിശൈഃ	കുന്തങ്ങളാൽ
മഥിതാഃ;	മട്ടിക്കപ്പെട്ടു;	ആഹതാഃ	തുളയ്ക്കപ്പെട്ടവരായും
കേചിത്	ചിലർ	വിഹ്വലന്തഃ	അവശതപൂണ്ടവരായി
ഭിണ്ഡിപാലൈഃ	ഭിണ്ഡിപാലങ്ങളാൽ	ഗതാസവഃ.	മരിച്ചുപോയി.

കേചിദ്വിനിഹതാഃ ശൂലൈ രുധിരാർദ്രാ വനൌകസഃ
കേചിദ്വിദ്രാവിതാ നഷ്ടാഃ സബലൈ രാക്ഷസൈര്യുധി. 23

കേചിത്	ചില	യുധി	പോരിൽ
വനൌകസഃ	വാനരന്മാർ	സബലൈഃ	സേനകളോടുകൂടിയ
ശൂലൈഃ	ശൂലങ്ങളാൽ	രാക്ഷസൈഃ	രാക്ഷസന്മാരാൽ
വിനിഹതാഃ,	കുത്തപ്പെട്ടവരായി	വിദ്രാവിതാഃ	തുരത്തപ്പെട്ട
രുധിരാർദ്രാഃ;	ചോരയിൽ മുങ്ങി;	കേചിത്,	ചിലർ,
		നഷ്ടാഃ.	ഓടിയൊളിച്ചു.

വിഭിന്നഹൃദയാഃ കേചിദേകപാർശ്വേന ദാരിതാഃ
വിദാരിതാസ്ത്രിശൂലൈശ്ച കേചിദാന്ത്രൈർവ്വിനിഃസൃതാഃ. 24

കേചിത്	ചിലർ	കേചിത് ച,	മററുചിലർ,
ഏകപാർശ്വേന	ഒരു വാരിപ്പുള്ള	ത്രിശൂലൈഃ	ത്രിശൂലങ്ങൾകൊണ്ടു്
ദാരിതാഃ	തകർന്നവരായും	വിദാരിതാഃ	കുത്തപ്പെട്ടവരായ്
വിഭിന്നഹൃദയാഃ;	മാറിടം കീറിയവരായും ഭവിച്ചു;	ആന്ത്രൈഃ വിനിഃസൃതാഃ.	കുടൽതുറിച്ചവരായും ഭവിച്ചു.

തത് സുഭീമം മഹായുദ്ധം ഹരിരാക്ഷസസംകുലം
പ്രബഭൌ ശബ്ദബഹുളം ശിലാപാദപസംകുലം. 25

ഹരിരാക്ഷസ-സംകുലം	വാനരന്മാരും രാക്ഷസന്മാരും ചേൎന്നതായ	ശബ്ദബഹുളം	കലശലായ ഒച്ചയോടു കൂടിയതായും
തത് മഹായുദ്ധം,	ആ വമ്പിച്ചയുദ്ധം,		
ശിലാപാദപ-സംകുലം	പാറകൾ, വൃക്ഷങ്ങൾ എന്നവയോടുകൂടിയതായും	സുഭീമം	അതിഭയങ്കരമായും
		പ്രബഭൌ.	വിലസി.

ധനുർജ്ജ്യാതന്ത്രിമധുരം ഹിക്കാതാളസമന്വിതം
മന്ദസ്തനിതസംഗീതം യുദ്ധഗാന്ധർവ്വമാബഭൌ. 26

യുദ്ധഗാന്ധർവ്വം	യുദ്ധമാകുന്ന സദിര്,	ഹിക്കാതാള-സമന്വിതം,	എക്കിട്ടങ്ങളാകുന്ന താളങ്ങളോടുകൂടിയതായും
ധനുർജ്ജ്യാ-തന്ത്രിമധുരം,	വില്ലിൻ ഞാണുകളാകുന്ന മധുരമായ് ശബ്ദിക്കുന്ന വീണക്കമ്പികളോടു കൂടിയതായും	മന്ദസ്തനിത-സംഗീതം	(വയ്യായ്മകൊണ്ട്) നേൎത്ത ഒച്ചയാകുന്ന പാട്ടുകളോടു കൂടിയതായും
		ആബഭൌ.	വിളങ്ങി.

ധൂമ്രാക്ഷസ്തു ധനുഷ്പാണിർവാനരാൻ രണമൂർദ്ധനി
ഹസൻ വിദ്രാവയാമാസ ദിശസ്തു ശരവൃഷ്ടിഭിഃ. 27

രണമൂർദ്ധനി,	പടത്തലയ്ക്കൽ,	തു	ആ സമയം
ധൂമ്രാക്ഷഃ	ധൂമ്രാക്ഷൻ	വാനരാൻ	വാനരന്മാരെ
ധനുഷ്പാണിഃ	കയ്യിൽ വില്ലേന്തിയവനായി,	ശരവൃഷ്ടിഭിഃ	ശരമാരികളാൽ
		ദിശഃ തു	എല്ലാദിക്കുകളിലേക്കും
ഹസൻ	അട്ടഹസിച്ചുംകൊണ്ട്,	വിദ്രാവയാമാസ	പായിച്ചു.

ധൂമ്രാക്ഷേണാർദ്ദിതം സൈന്യം വ്യഥിതം ദൃശ്യ മാരുതിഃ
അഭ്യവർത്തത സംക്രുദ്ധഃ പ്രഗൃഹ്യ വിപുലാം ശിലാം. 28

ധൂമ്രാക്ഷേണ	ധൂമ്രാക്ഷനാൽ	മാരുതിഃ	ഹനുമാൻ
സൈന്യം	സൈന്യം	സംക്രുദ്ധഃ	കോപാക്രാന്തനായി
അർദ്ദിതം	മർദ്ദിക്കപ്പെട്ട്	വിപുലാം ശിലാം	വമ്പിച്ച ഒരു പാറയെ
വ്യഥിതം	വ്യാകുലതപൂണ്ടിരിക്കുന്നതായി	പ്രഗൃഹ്യ	കയ്യിലെടുത്ത്
ദൃശ്യ,	കണ്ട്,	അഭ്യവർത്തത.	നേരിട്ടു.

ക്രോധാദ് ദ്വിഗുണതാമ്രാക്ഷഃ പിതൃതുല്യപരാക്രമഃ
ശിലാം താം പാതയാമാസ ധൂമ്രാക്ഷസ്യ രഥം പ്രതി. 29

പിതൃതുല്യ-പരാക്രമഃ,	പിതാവിന്നൊത്ത പരാക്രമമാൎന്നവനും	താം	ആ
		ശിലാം	പാറയെ
ക്രോധാത്	കോപത്താൽ	ധൂമ്രാക്ഷസ്യ	ധൂമ്രാക്ഷന്റെ
ദ്വിഗുണ-താമ്രാക്ഷഃ	കണ്ണുകൾ ഇരട്ടി ചുകന്നവനുമായ അവൻ	രഥം പ്രതി	തേരിന്നുനേക്കായി
		പാതയാമാസ.	എറിഞ്ഞു.

ആപതന്തീം ശിലാം ദൃഷ്ട്വാ ഗദാമുദ്യമ്യ സംഭ്രമാത്
രഥാദാപ്ലുത്യ വേഗേന വസുധായാം വ്യതിഷ്ഠത. 30

ആപതന്തീം	നേൎക്കുവരുന്ന	ഉദ്യമ്യ,	കയ്യിൽ പിടിച്ചുംകൊണ്ടു്,
ശിലാം	ആ പാറയെ	രഥാത്	തേരിൽനിന്നു്
ദൃഷ്ട്വാ,	കണ്ടു്,	വേഗേന ആപ്ലുത്യ	ഉടനെ കുതിച്ചു്
സംഭ്രമാത്	ബദ്ധപ്പെട്ടു്	വസുധായാം	നിലത്തു
ഗദാം	ഗദയെ	വ്യതിഷ്ഠത.	നിന്നു.

സാ പ്രമഥ്യ രഥം തസ്യ നിപപാത ശിലാ ഭുവി
സചക്രകൂബരം സാശ്വം സധ്വജം സശരാസനം. 31

സാ	ആ	സാശ്വം,	കുതിരകളടക്കം,
ശിലാ	പാറ,	സധ്വജം	ധ്വജങ്ങളടക്കം
തസ്യ	അവന്റെ	സശരാസനം	വില്ലുകളടക്കം
രഥം	രഥത്തെ	പ്രമഥ്യ,	തകൎത്തു്,
സചക്രകൂബരം	ചക്രങ്ങൾ, അച്ചുതണ്ടു് ഇവയടക്കം	ഭുവി	ഭൂമിയിൽ
		നിപപാത.	വീണു.

സ ഭംക്ത്വാ തു രഥം തസ്യ ഹനൂമാൻ മാരുതാത്മജഃ
രക്ഷസാം കദനം ചക്രേ സസ്കന്ധവിടപൈർദ്രുമൈഃ. 32

മാരുതാത്മജഃ	വായുപുത്രനായ	സസ്കന്ധവിടപൈഃ	തടികളും കൊമ്പുകളുമുള്ള
സഃ ഹനൂമാൻ,	ആ ഹനൂമാൻ,		
തസ്യ	അവന്റെ	ദ്രുമൈഃ	വൃക്ഷങ്ങൾകൊണ്ടു്
രഥം	രഥത്തെ	രക്ഷസാം	രാക്ഷസന്മാൎക്കു്
ഭംക്ത്വാ,	പൊടിപെടുത്തിയശേഷം	തു	ആ സമയം
		കദനം ചക്രേ.	വ്യഥയുണ്ടാക്കി.

വിഭിന്നശിരസോ ഭൂത്വാ രാക്ഷസാഃ ശോണിതോക്ഷിതാഃ
ദ്രുമൈഃ പ്രവ്യഥിതാശ്ചാന്യേ നിപേതുൎദ്ധരണീതലേ. 33

അന്യേ	മറ്റുചില	ശോണിതോക്ഷിതാഃ,	ചോരയിൽ കുളിച്ചവരായി,
രാക്ഷസാഃ ച,	രാക്ഷസന്മാരും,	പ്രവ്യഥിതാഃ	അത്തൽപ്പെട്ടു്
ദ്രുമൈഃ	വൃക്ഷങ്ങൾകൊണ്ടു്	ധരണീതലേ	നിലത്തു്
വിഭിന്നശിരസഃ ഭൂത്വാ	പിളൎക്കപ്പെട്ട ശിരസ്സുകളോടുകൂടിയവരായി,	നിപേതുഃ.	പതിച്ചു.

വിദ്രാവ്യ രാക്ഷസം സൈന്യം ഹനൂമാൻ മാരുതാത്മജഃ
ഗിരേഃ ശിഖരമാദായ ധൂമ്രാക്ഷമഭിദുദ്രുവേ. 34

മാരുതാത്മജഃ	വായുകുമാരനായ	ഗിരേഃ ശിഖരം	ഒരു പൎവ്വതശിഖരത്തെ
ഹനൂമാൻ,	ഹനൂമാൻ	ആദായ,	കയ്ക്കൊണ്ടു്,
രാക്ഷസം സൈന്യം	രാക്ഷസസൈന്യത്തെ	ധൂമ്രാക്ഷം	ധൂമ്രാക്ഷനെ
വിദ്രാവ്യ,	പറപ്പിച്ചശേഷം,	അഭിദുദ്രുവേ.	എതിൎത്തു.

തമാപതന്തം ധൂമ്രാക്ഷോ ഗദാമുദ്യമ്യ വീൎയ്യവാൻ
വിനൎദ്ദമാനഃ സഹസാ ഹനൂമന്തമഭിദ്രവത്. 35

വീൎയ്യവാൻ	വീരനായ	ആപതന്തം	നേൎക്കുവരുന്ന
ധൂമ്രാക്ഷഃ,	ധൂമ്രാക്ഷൻ,	തം	ആ
ഗദാം	ഗദയെ	ഹനൂമന്തം	ഹനൂമാനെ
ഉദ്യമ്യ	ഓങ്ങിക്കൊണ്ട്	സഹസാ	ഊക്കോടെ
വിനൎദ്ദമാനഃ	ഗൎജ്ജിക്കുന്നവനായി,	അഭിദ്രവത്.	പാഞ്ഞടുത്തു.

തതഃ ക്രുദ്ധസ്തു വേഗേന ഗദാം താം ബഹുകണ്ടകാം
പാതയാമാസ ധൂമ്രാക്ഷോ മസ്തകേ തു ഹനൂമതഃ. 36

തതഃ,	അപ്പോൾ,	ക്രുദ്ധഃ	കോപാക്രാന്തനായി
ധൂമ്രാക്ഷഃ	ധൂമ്രാക്ഷൻ	വേഗേന തു	ഊക്കോടെ
ബഹുകണ്ടകാം	പല ആണികളോടു	ഹനൂമതഃ	ഹനൂമാന്റെ
താം	ആ [കൂടിയ	മസ്തകേ,	ശിരസ്സിൽ,
ഗദാം തു,	ഗദയെ,	പാതയാമാസ.	എറിഞ്ഞു.

താഡിതഃ സ തയാ തത്ര ഗദയാ ഭീമരൂപയാ. 37

സഃ	ആ ഹനൂമാൻ	തയാ	ആ
തത്ര	അപ്പോൾ	ഗദയാ	ഗദയാൽ
ഭീമരൂപയാ	ഭയങ്കരവടിവാൎന്ന	താഡിതഃ.	അടിക്കപ്പെട്ടു.

സ കപിൎമ്മാരുതബലസ്തം പ്രഹാരമചിന്തയൻ
ധൂമ്രാക്ഷസ്യ ശിരോമദ്ധ്യേ ഗിരിശൃംഗമപാതയത്. 38

മാരുതബലഃ	വായുവൊത്ത ശക്തി	അചിന്തയൻ,	കൂട്ടാക്കാതെ,
കപിഃ	വാനരനായ [യാൎന്ന	ധൂമ്രാക്ഷസ്യ	ധൂമ്രാക്ഷന്റെ
സഃ,	ആ ഹനൂമാൻ,	ശിരോമദ്ധ്യേ	മൂൎദ്ധാവിൽ
തം	ആ	ഗിരിശൃംഗം	ആ പൎവ്വതശിഖരത്തെ
പ്രഹാരം	വീഴ്ചയെ	അപാതയത്.	എറിഞ്ഞു.

സ വിഹ്വലിതസൎവ്വാംഗോ ഗിരിശൃംഗേണ താഡിതഃ
പപാത സഹസാ ഭൂമൌ വികീൎണ്ണ ഇവ പൎവ്വതഃ. 39

ഗിരിശൃംഗേണ	പൎവ്വതശിഖരത്താൽ	വികീൎണ്ണഃ	തകൎന്നുപോയ
താഡിതഃ	പ്രഹരിക്കപ്പെട്ടവനായ	പൎവ്വതഃ ഇവ,	പൎവ്വതമെന്നപോലെ
സഃ,	അവൻ,		
വിഹ്വലിതസൎവ്വാംഗഃ,	ചിതറിപ്പോയ സൎവ്വാവയവങ്ങളോടും കൂടിയവനായി,	സഹസാ	തൽക്ഷണം
		ഭൂമൌ പപാത.	നിലത്തുവീണു.

ധൂമ്രാക്ഷം നിഹതം ദൃഷ്ട്വാ ഹതശേഷാ നിശാചരാഃ
ത്രസ്താഃ പ്രവിവിശുൎല്ലങ്കാം വദ്ധ്യമാനാഃ പ്ലവംഗമൈഃ. 40

ഹതശേഷാഃ	ചത്തുശേഷിച്ചവരായ	ത്രസ്താഃ,	നടുക്കം പൂണ്ടവരായി,
നിശാചരാഃ,	രാക്ഷസർ,	പ്ലവംഗമൈഃ	വാനരന്മാരാൽ
ധൂമ്രാക്ഷം	ധൂമ്രാക്ഷനെ	വധ്യമാനാഃ,	പീഡിപ്പിക്കപ്പെട്ടവരായി
നിഹതം	കൊല്ലപ്പെട്ടവനായി	ലങ്കാം	ലങ്കയിൽ
ദൃഷ്ട്വാ,	കണ്ട്,	പ്രവിവിശുഃ.	ചെന്നൊളിച്ചു.

സ തു പവനസുതോ നിഹത്യ ശത്രും
ക്ഷതജവഹാഃ സരിതശ്ച സംനികീര്യ
രിപുവധജനിതശ്രമോ മഹാത്മാ
മുദമഗമത് കപിഭിഃ സുപൂജ്യമാനഃ 41

മഹാത്മാ	മഹാത്മാവായ	ശത്രും ച	ശത്രുവിനേയും
സഃ	ആ	നിഹത്യ	വധിച്ച്,
പവനസുതഃ,	വായുകുമാരൻ,	രിപുവധ- ജനിതശ്രമഃ തു	ശത്രുവധംകൊണ്ടുണ്ടായ ശ്രമത്തോടുകൂടിയവനാണെന്നിരിക്കിലും
സരിതഃ	നദികളെ		
ക്ഷതജവഹാഃ	രക്തപ്രവാഹമാർന്നവയായി	കപിഭിഃ	വാനരന്മാരാൽ
സംനികീര്യ,	കരകവിയുമാറാക്കിക്കൊണ്ട്,	സുപൂജ്യമാനഃ,	കൊണ്ടാടപ്പെട്ടവനായി
		മുദം അഗമത്.	സന്തോഷമുൾക്കൊണ്ടു.

ഇത്യാർഷേ ശ്രീമദ്രാമായണേ വാല്മീകീയേ ആദികാവ്യേ യുദ്ധകാണ്ഡേ ദ്വിപഞ്ചാശഃ സർഗ്ഗഃ = അമ്പത്തിരണ്ടാംസർഗ്ഗം സമാപ്തം.

ആദ്യം മുതൽ ശ്ലോകസംഖ്യ 16746; യുദ്ധകാണ്ഡം ആദ്യം മുതൽ ശ്ലോകസംഖ്യ 2071.

ത്രിപഞ്ചാശഃ സർഗ്ഗഃ = അമ്പത്തിമൂന്നാംസർഗ്ഗം.

[വജ്രദംഷ്ട്രയുദ്ധം=വജ്രദംഷ്ട്രനുമായുള്ള യുദ്ധം.]

ധൂമ്രാക്ഷം നിഹതം ശ്രുത്വാ രാവണോ രാക്ഷസേശ്വരഃ
ക്രോധേന മഹതാഽഽവിഷ്ടോ നിശ്വസന്നുരഗോ യഥാ. 1

ധൂമ്രാക്ഷം	ധൂമ്രാക്ഷനെ	ഉരഗഃ യഥാ	സർപ്പം പോലെ
നിഹതം	കൊല്ലപ്പെട്ടവനായി	നിശ്വസൻ,	ചീററിക്കൊണ്ട്,
ശ്രുത്വാ,	കേട്ട്,	മഹതാ ക്രോധേന ആവിഷ്ടഃ	അതിയായ കോപത്തോടുകൂടിയവനായി ഭവിച്ചു.
രാക്ഷസേശ്വരഃ	രാക്ഷസാധിപനായ		
രാവണഃ,	രാവണൻ,		

ദീർഘമുഷ്ണം വിനിശ്വസ്യ ക്രോധേന കലുഷീകൃതഃ
അബ്രവീദ്രാക്ഷസം ശൂരം വജ്രദംഷ്ട്രം മഹാബലം 2

ഉഷ്ണം	ചുട്ടചുടെ	മഹാബലം	മഹാബലശാലിയും
ദീർഘം വിനിശ്വസ്യ	നെടുവീർപ്പിട്ട്,	ശൂരം	ശൂരനുമായ
ക്രോധേന	കോപത്താൽ	വജ്രദംഷ്ട്രം	വജ്രദംഷ്ട്രൻ എന്ന
കലുഷീകൃതഃ	കലങ്ങിയവനായ അവൻ	രാക്ഷസം	രാക്ഷസനെനോക്കി
		അബ്രവീത്.	ഇപ്രകാരം കല്പിച്ചു.

ഗച്ഛ ത്വം വീര നിര്യാഹി രാക്ഷസൈഃ പരിവാരിതഃ
ജഹി ദാശരഥിം രാമം സുഗ്രീവം വാനരൈഃ സഹ. 3

"വീര!	"അല്ലയോ വീര!
ത്വം ഗച്ഛ;	നീ ചെല്ലുക;
രാക്ഷസൈഃ	രാക്ഷസന്മാരാൽ
പരിവാരിതഃ	ചൂഴപ്പെട്ടവനായി
നിര്യാഹി;	പുറപ്പെടുക;
ദാശരഥിം	ദശരഥകുമാരനായ
രാമം	രാമനേയും
സുഗ്രീവം	സുഗ്രീവനേയും
വാനരൈഃ സഹ	വാനരന്മാരോടുകൂടി
ജഹി."	കൊല്ലുക" [ത്തന്നെ

തഥേത്യുക്ത്വാ ദ്രുതതരം മായാവീ രാക്ഷസേശ്വരഃ
നിർജ്ജഗാമ ബലൈഃ സാർദ്ധം ബഹുഭിഃ പരിവാരിതഃ. 4

മായാവീ	മായാവിയും
രാക്ഷസേശ്വരഃ	രാക്ഷസശ്രേഷ്ഠനമായ അവൻ
'തഥാ,'	'കല്പന പോലെ,'
ഇതി ഉക്ത്വാ,	എന്ന് പറഞ്ഞ്,
ബഹുഭിഃ സാർദ്ധം	പലരോടും കൂടി,
ബലൈഃ	സൈന്യങ്ങളാൽ
പരിവാരിതഃ	ചൂഴപ്പെട്ടവനായി
ദ്രുതതരം	അതിവേഗത്തിൽ
നിർജ്ജഗാമ.	പുറപ്പെട്ടു.

നാഗൈരശ്വൈഃ ഖരൈരുഷ്ട്രൈഃ സംയുക്തഃ സുസമാഹിതഃ
പതാകാധ്വജചിത്രൈശ്ച രഥൈശ്ച സമലംകൃതഃ 5
തതോ വിചിത്രകേയൂരമകുടൈശ്ച വിഭൂഷിതഃ
തനുത്രാണി ച സംനഹ്യ സധനുർനിര്യയൗ ദ്രുതം. 6

നാഗൈഃ	ആനകളോടും
അശ്വൈഃ	കുതിരകളോടും
ഖരൈഃ	കോവർ കഴുതകളോടും
ഉഷ്ട്രൈഃ ച	ഒട്ടകങ്ങളോടും
സംയുക്തഃ	കൂടിയവനായി
പതാകാധ്വജ-ചിത്രൈഃ	കൊടികളാലും ക്കൊടിക്കൂറകളാലും അലങ്കരിക്കപ്പെട്ട
രഥൈഃ ച,	രഥങ്ങളോടുകൂടിയവനായും,
സമലംകൃതഃ,	കോപ്പണിഞ്ഞവനായി
വിചിത്ര-കേയൂരമകുടൈഃ	മനോഹരങ്ങളായ കൈവളകളാലും കിരീടങ്ങളാലും
വിഭൂഷിതഃ,	അലങ്കരിക്കപ്പെട്ടവനായും,
തനുത്രാണി ച	കവചങ്ങളെയും
സംനഹ്യ,	ധരിച്ച്,
സധനുഃ	വില്ലേന്തിയവനായി
സുസമാഹിതഃ	ജാഗ്രതയോടുകൂടിയവനായി,
ദ്രുതം	വേഗത്തിൽ
തതഃ	അവിടെനിന്നും
നിര്യയൗ.	പുറപ്പെട്ടു.

പതാകാലംകൃതം ദീപ്തം തപ്തകാഞ്ചനഭൂഷണം
രഥം പ്രദക്ഷിണം കൃത്വാ സമാരോഹച്ചമൂപതിഃ 7

പതാകാലംകൃതം	ധ്വജങ്ങളാൽ അലങ്കരിക്കപ്പെട്ട്
ദീപ്തം	പ്രകാശിക്കുന്ന
തപ്തകാഞ്ചന-ഭൂഷണം	ഉരുക്കിയസ്വർണ്ണക്കോപ്പുകളാന്ന
രഥം	തേരിനെ
പ്രദക്ഷിണം കൃത്വാ,	വലംവെച്ച്
ചമൂപതിഃ	സേനാപതിയായ അവൻ
സമാരോഹത്.	ആരോഹണം ചെയ്തു.

യഷ്ടിഭിസ്തോമരൈശ്ചിത്രൈഃ ശൂലൈശ്ച മുസലൈരപി
ഭിന്ദിപാലൈശ്ച പാശൈശ്ച ശക്തിഭിഃ പട്ടിശൈരപി. 8
ഖഡ്ഗൈശ്ചക്രൈൎഗ്ഗദാഭിശ്ച നിശിതൈശ്ച പരശ്വധൈഃ
പദാതയശ്ച നിൎയ്യാന്തി വിവിധാഃ ശസ്ത്രപാണയഃ. 9

വിവിധാഃ	പല	പാശൈഃ ച	പാശങ്ങളോടും
പദാതയഃ ച,	കാലാൾ പടകളും,	ശക്തിഭിഃ	വേലുകളോടും
ശസ്ത്രപാണയഃ	ആയുധപാണികളായി	പട്ടിശൈഃ അപി	ചെറുകുന്തങ്ങളോടും
യഷ്ടിഭിഃ	വടികളോടും	ഖഡ്ഗൈഃ	വാളുകളോടും
തോമരൈഃ	ഏൎക്കുന്തങ്ങളോടും	ചക്രൈഃ	ചക്രങ്ങളോടും
ചിത്രൈഃ	പലമാതിരി	ഗദാഭിഃ ച	ഗദകളോടും
ശൂലൈഃ ച	ശൂലങ്ങളോടും	നിശിതൈഃ	മൂൎച്ചയുള്ള
മുസലൈഃ അപി	ഉലയ്ക്കകളോടും	പരശ്വധൈഃ ച	കോടാലികളോടുംകൂടി
ഭിന്ദിപാലൈഃ ച	കവണകളോടും	നിൎയ്യാന്തി.	പുറപ്പെടുകയായി.

വിചിത്രവാസസഃ സൎവ്വേ ദീപ്താ രാക്ഷസപുംഗവാഃ. 10

രാക്ഷസപുംഗവാഃ	രാക്ഷസശ്രേഷ്ഠന്മാർ	വിചിത്രവാസസഃ	വിചിത്രങ്ങളായ വസ്ത്രങ്ങളണിഞ്ഞു
സൎവ്വേ	എല്ലാവരും	ദീപ്താഃ.	പ്രകാശിച്ചുകൊണ്ടിരുന്നു.

ഗജാ മദോത്കടാഃ ശൂരാശ്ചലന്ത ഇവ പൎവ്വതാഃ
തേ യുദ്ധകുശലൈരൂഢാസ്തോമരാങ്കുശപാണിഭിഃ. 11

മദോത്കടാഃ,	മദപ്പാടുള്ളവയും	തോമരാങ്കുശപാണിഭിഃ	ഏൎക്കുന്തങ്ങൾ, തോട്ടികൾ എന്നിവ കയ്യിൽ ധരിച്ച
ശൂരാഃ	ശൌൎയ്യമുള്ളവയും		
ചലന്തഃ	നടക്കുന്ന		
പൎവ്വതാഃ	പൎവ്വതങ്ങൾ	യുദ്ധകുശലൈഃ	യുദ്ധപടുക്കളാൽ
ഇവ,	പോലെയിരിക്കുന്നവ	ആരൂഢാഃ.	കയറപ്പെട്ടവയായിരുന്നു.
തേ ഗജാഃ,	ആ ആനകൾ, [യുമായ		

അന്യേ ലക്ഷണസംയുക്താഃ ശൂരാരൂഢാ മഹാബലാഃ. 12

അന്യേ,	മറ്റു ചിലവ,	ശൂരാരൂഢാഃ	ശൂരന്മാരാൽ കയറപ്പെട്ടവയായി
മഹാബലാഃ	അതിശക്തിയാൎന്നവയായി	ലക്ഷണസംയുക്താഃ.	നല്ലലക്ഷണങ്ങൾ തികഞ്ഞവയായിരുന്നു.

തദ്രാക്ഷസബലം ഘോരം വിപ്രസ്ഥിതമശോഭത
പ്രാവൃഡ്കാലേ യഥാ മേഘാ നൎദ്ദമാനാഃ സവിദ്യുതഃ. 13

വിപ്രസ്ഥിതം	പുറപ്പെട്ടതായ	സവിദ്യുതഃ	മിന്നൽപിണരുകളോടുകൂടിയവയായി
ഘോരം	ഭയങ്കരമായ		
തത്	ആ	നൎദ്ദമാനാഃ	ഗൎജ്ജിക്കുന്ന
രാക്ഷസബലം,	രാക്ഷസസൈന്യം,	മേഘാഃ യഥാ,	മേഘങ്ങൾ എന്നപോലെ,
പ്രാവൃഡ്കാലേ	മഴക്കാലത്തിൽ	അശോഭത.	വിളങ്ങി. [ലെ,

നിഃസൃതാ ദക്ഷിണദ്വാരാദംഗദോ യത്ര യൂഥപഃ
തേഷാം നിഷ്ക്രമമാണാനാമശുഭം സമജായത 14

യൂഥപഃ	സേനാധിപതിയായ	നിഃസൃതാഃ;	അവർ പുറത്തിറങ്ങി;
അംഗദഃ	അംഗദൻ	തേഷാം	അവർ
യത്ര	കാത്തു നിന്നിരുന്നതായ	നിഷ്ക്രമമാണാനാം,	ഇറങ്ങുമ്പോൾ,
ദക്ഷിണദ്വാരാത്	തെക്കേ കോട്ടവാതിൽക്കൽ നിന്ന്	അശുഭം	അപശകുനം
		സമജായത.	ഉണ്ടായി.

ആകാശാദ്വിഘനാത്തീവ്രാ ഉല്കാശ്ചാഭ്യപതംസ്തദാ
വമന്ത്യഃ പാവകജ്വാലാഃ ശിവാ ഘോരം വവാശിരേ. 15

തദാ,	അപ്പോൾ,	ശിവാഃ ച	കുറുക്കന്മാരും
വിഘനാത്	മേഘങ്ങളില്ലാത്ത	പാവകജ്വാലാഃ	തീജ്വാലകളെ
ആകാശാത്	ആകാശത്തിൽ നിന്ന്	വമന്ത്യഃ,	വമിച്ചു കൊണ്ട്,
തീവ്രാഃ ഉല്കാഃ	ദാരുണങ്ങളായ കൊള്ളിക്കട്ടകൾ	ഘോരം	ഭയങ്കരമാംവണ്ണം
അഭ്യപതൻ;	വീണു;	വവാശിരേ.	ഓരിയിട്ടു.

വ്യാഹരന്തി മൃഗാ ഘോരാ രക്ഷസാം നിധനം തദാ
സമാപതന്തോ യോധാസ്തു പ്രാസ്ഖലൻ ഭയമോഹിതാഃ 16

തദാ,	അപ്പോൾ,	യോധാഃ തു,	ഭടന്മാരും,
ഘോരാഃ മൃഗാഃ	ക്രൂരമൃഗങ്ങൾ	സമാപതന്തഃ,	നടന്നുകൊണ്ടിരിക്കുമ്പോൾ
രക്ഷസാം	രാക്ഷസന്മാർക്ക്		
നിധനം	നാശത്തെ	ഭയമോഹിതാഃ	ഭയത്താൽ മൂർച്ഛിച്ചവരായി
വ്യാഹരന്തി;	സൂചിപ്പിക്കുമാറു ശബ്ദിക്കയായി;	പ്രാസ്ഖലൻ.	കാലിടറി വീണു.

ഏതാനൗത്പാതികാൻ ദൃഷ്ട്വാ വജ്രദംഷ്ട്രോ മഹാബലഃ
ധൈര്യമാലംബ്യ തേജസ്വീ നിർജ്ജഗാമ രണോത്സുകഃ. 17

മഹാബലഃ	മഹാശക്തിമാനും	ദൃഷ്ട്വാ,	കണ്ടിട്ടും,
തേജസ്വീ	തേജസ്വിയുമായ	ധൈര്യം	ധൈര്യം
വജ്രദംഷ്ട്രഃ,	വജ്രദംഷ്ട്രൻ,	ആലംബ്യ	കയ്ക്കൊണ്ട്
ഏതാൻ	ഈ	രണോത്സുകഃ	യുദ്ധകാംക്ഷിയായി
ഔത്പാതികാൻ	അപശകുനങ്ങളെ	നിർജ്ജഗാമ.	പുറപ്പെട്ടു.

താംസ്തു നിഷ്ക്രമതോ ദൃഷ്ട്വാ വാനരാ ജിതകാശിനഃ
പ്രണേദുഃ സുമഹാനാദാൻ പൂരയംശ്ച ദിശോ ദശ. 18

ജിതകാശിനഃ	ജയത്താൽ വിളങ്ങുന്നവരായ	ദശ	പത്തു
വാനരാഃ,	വാനരന്മാർ,	ദിശഃ ച	ദിക്കുകളേയും
താൻ	അവരെ	പൂരയൻ	മുഴക്കിക്കൊണ്ട്
നിഷ്ക്രമതഃ	പുറപ്പെടുന്നവരായി	സുമഹാനാദാൻ പ്രണേദുഃ.	അത്യുച്ചത്തിൽ അത്തു.
ദൃഷ്ട്വാ തു,	കണ്ടക്ഷണത്തിൽ,		

തതഃ പ്രവൃത്തം തുമുലം ഹരീണാം രാക്ഷസൈഃ സഹ
ഘോരാണാം ഭീമരൂപാണാമന്യോന്യവധകാംക്ഷിണാം. 19

തതഃ	അപ്പോൾ	ഹരീണാം	വാനരന്മാൎക്ക്
ഘോരാണാം	ഗംഭീരന്മാരും	രാക്ഷസൈഃ സഹ	രാക്ഷസന്മാരോടു കൂടി
ഭീമരൂപാണാം	ഭയങ്കരമായ രൂപത്തോടുകൂടിയവരും	തുമുലം	സംഘട്ടപ്പോർ
അന്യോന്യവധകാംക്ഷിണാം	അങ്ങോട്ടും ഇങ്ങോട്ടും വധത്തിന്ന് ഒരുങ്ങിയവരുമായ	പ്രവൃത്തം.	ഉണ്ടായി.

നിഷ്പതന്തോ മഹോത്സാഹാ ഭിന്നദേഹശിരോധരാഃ
രുധിരോക്ഷിതസൎവ്വാംഗാ ന്യപതൻ ജഗതീതലേ. 20

മഹോത്സാഹാഃ	അത്യുത്സാഹം പൂണ്ട്	രുധിരോക്ഷിതസൎവ്വാംഗാഃ	ദേഹമെല്ലാം ചോരയിൽ കുളിച്ചവരായി
നിഷ്പതന്തഃ	ചെന്നെതിൎക്കുന്നവർ	ജഗതീതലേ	നിലത്ത്
ഭിന്നദേഹശിരോധരാഃ	തലയും കഴുത്തും പിളൎക്കപ്പെട്ടവരായി	ന്യപതൻ.	വീണുകിടന്നു.

കേചിദന്യോന്യമാസാദ്യ ശൂരാഃ പരിഘപാണയഃ
ചിക്ഷിപുൎവ്വിവിധം ശസ്ത്രം സമരേഷ്വനിവൎത്തിനഃ. 21

പരിഘപാണയഃ	ഇരിമ്പുലയ്ക്ക കയ്യിൽ ധരിച്ചവരും,	ശൂരാഃ,	ശൂരന്മാർ,
		അന്യോന്യം	തമ്മിൽതമ്മിൽ
സമരേഷു	യുദ്ധങ്ങളിൽ	ആസാദ്യ,	എതിൎത്ത്,
അനിവൎത്തിനഃ	പിൻ തിരിയാത്തവരുമായ	വിവിധം	പലവിധമായ
		ശസ്ത്രം	ശസ്ത്രത്തെ
കേചിത്	ചില	ചിക്ഷിപുഃ.	പ്രയോഗിച്ചു.

ദ്രുമാണാം ച ശിലാനാം ച ശസ്ത്രാണാം ചാപി നിഃസ്വനഃ
ശ്രൂയതേ സുമഹാംസ്തത്ര ഘോരോ ഹൃദയഭേദനഃ. 22

തത്ര,	അപ്പോൾ,	സുമഹാൻ	അത്യധികം
ദ്രുമാണാം ച	മരങ്ങളുടേയും	ഘോരഃ	ഭയങ്കരമായും
ശിലാനാം ച	പാറകളുടേയും	ഹൃദയഭേദനഃ അപി	ഹൃദയം പിളൎക്കുന്ന മാതിരിയായും
ശസ്ത്രാണാം ച	ആയുധങ്ങളുടേയും		
നിഃസ്വനഃ,	ശബ്ദം,	ശ്രൂയതേ.	കേൾക്കയായി.

രഥനേമിസ്വനസ്തത്ര ധനുഷശ്ചാപി നിഃസ്വനഃ
ശംഖഭേരീമൃദംഗാനാം ബഭൂവ തുമുലഃ സ്വനഃ 23

തത്ര,	അവിടെ,	ശംഖഭേരീമൃദംഗാനാം	ശംഖം, ഭേരി, മൃദംഗം എന്നവയുടെ
രഥനേമിസ്വനഃ	തേൎച്ചക്രങ്ങളുടെ ശബ്ദവും	സ്വനഃ	മുഴക്കവും,
ധനുഷഃ	വില്ലിന്റെ	അപി ച	ഇവയെല്ലാംകൂടി
നിസ്വനഃ	ശബ്ദവും	തുമുലഃ ബഭൂവ.	ബഹളമായി ഭവിച്ചു.

കേചിദസ്ത്രാണി സംസൃജ്യ ബാഹുയുദ്ധമകുർവ്വത. 24

കേചിത്	ചിലർ	സംസൃജ്യ,	പ്രയോഗിച്ചശേഷം,
അസ്ത്രാണി	അസ്ത്രങ്ങളെല്ലാം	ബാഹുയുദ്ധം അകുർവ്വത.	കൈകൾകൊണ്ട് യുദ്ധംചെയ്തു.

തലൈശ്ച ചരണൈശ്ചാപി മുഷ്ടിഭിശ്ച ദ്രുമൈരപി
ജാനുഭിശ്ച ഹതാഃ കേചിദ് ഭിന്നദേഹാശ്ച രാക്ഷസാഃ 25

കേചിത്	ചില	മുഷ്ടിഭിഃ ച	മുഷ്ടികൾകൊണ്ടും
രാക്ഷസാഃ,	രാക്ഷസന്മാർ,	ജാനുഭിഃ ച	കാൽമുട്ടുകൾകൊണ്ടും
തലൈഃ ച	കയ്ത്തലങ്ങൾ കൊണ്ടും	ദ്രുമൈഃ അപി ച	വൃക്ഷങ്ങൾകൊണ്ടും
ചരണൈഃ അപി ച	കാലുകൾകൊണ്ടും	ഹതാഃ	അടിക്കപ്പെട്ടവരായി
		ഭിന്നദേഹാഃ.	അംഗങ്ങൾ പിളൎന്നവരായി ഭവിച്ചു.

ശിലാഭിശ്ചൂർണ്ണിതാഃ കേചിദ്വാനരൈര്യുദ്ധദുർമ്മദൈഃ. 26

കേചിത്,	ചിലർ,	വാനരൈഃ	വാനരന്മാരാൽ
യുദ്ധദുർമ്മദൈഃ	യുദ്ധത്തിൽ ഗർവ്വുകൊണ്ടവരായ	ശിലാഭിഃ	പാറകൾകൊണ്ട്
		ചൂർണ്ണിതാഃ.	പൊടിപെടുത്തപ്പെട്ടു.

വജ്രദംഷ്ട്രോ ഭൃശം ബാണൈ രണേ വിത്രാസയൻ ഹരീൻ
ചചാര ലോകസംഹാരേ പാശഹസ്ത ഇവാന്തകഃ. 27

വജ്രദംഷ്ട്രഃ,	വജ്രദംഷ്ട്രൻ,	ഹരീൻ	വാനരന്മാരെ
ലോകസംഹാരേ	പ്രളയകാലത്തിൽ	ബാണൈഃ	ബാണങ്ങൾകൊണ്ട്
പാശഹസ്തഃ	പാശഹസ്തനായ -	ഭൃശം	വല്ലാതെ
അന്തകഃ ഇവ,	യമൻ എന്നപോലെ,	വിത്രാസയൻ	വിറപ്പിക്കുന്നവനായി
രണേ	പോരിൽ	ചചാര.	ചുററിത്തിരിഞ്ഞു.

ബലവന്തോഽസ്ത്രവിദുഷോ നാനാപ്രഹരണാ രണേ
ജഘ്നുർവ്വാനരസൈന്യാനി രാക്ഷസാഃ ക്രോധമൂർച്ഛിതാഃ. 28

രണേ	പോരിൽ,	രാക്ഷസാഃ,	രാക്ഷസന്മാർ,
നാനാപ്രഹരണാഃ	പല ആയുധങ്ങളോടുകൂടിയവരും	ക്രോധമൂർച്ഛിതാഃ	കോപാവേശമുൾക്കൊണ്ട്
അസ്ത്രവിദുഷഃ	അസ്ത്രകുശലന്മാരും	വാനരസൈന്യാനി	വാനരസൈന്യങ്ങളെ
ബലവന്തഃ	ബലശാലികളുമായ	ജഘ്നുഃ.	മട്ടിച്ചു.

നിഘ്നതോ രാക്ഷസാൻ ദൃഷ്ട്വാ സർവ്വാൻ വാലിസുതോ രണേ
ക്രോധേന ദ്വിഗുണാവിഷ്ടഃ സംവർത്തക ഇവാനലഃ. 29

രണേ	പോരിൽ
വാലിസുതഃ,	ബാലിപുത്രനായ അംഗദൻ,
രാക്ഷസാൻ	രാക്ഷസന്മാരെ
സർവ്വാൻ	എല്ലാവരേയും
നിഘ്നതഃ	ഹിംസിക്കുന്നവരായി
ദൃഷ്ട്വാ,	കണ്ട്,
സംവർത്തകഃ അനലഃ	പ്രളയകാലാഗ്നി
ഇവ	എന്നപോലെ
ക്രോധേന	കോപത്താൽ
ദ്വിഗുണാവിഷ്ടഃ.	മുമ്പേത്തിലും ഇരുമടങ്ങ് ബാധിക്കപ്പെട്ടവനായി ഭവിച്ചു.

താൻ രാക്ഷസഗണാൻ സർവ്വാൻ വൃക്ഷമുദ്യമ്യ വീര്യവാൻ
അംഗദഃ ക്രോധതാമ്രാക്ഷഃ സിംഹഃ ക്ഷുദ്രമൃഗാനിവ 30
ചകാര കദനം ഘോരം ശക്രതുല്യപരാക്രമഃ. 31

ശക്രതുല്യപരാക്രമഃ	ഇന്ദ്രതുല്യപരാക്രമശാലിയും
വീര്യവാൻ	മഹാബലവാനുമായ
അംഗദഃ,	അംഗദൻ,
ക്രോധതാമ്രാക്ഷഃ,	കോപത്താൽ ചുകന്ന കണ്ണുകളോടുകൂടിയവനായി,
വൃക്ഷം	ഒരു വൃക്ഷത്തെ
ഉദ്യമ്യ,	ഉയർത്തിപ്പിടിച്ചുകൊണ്ട്,
താൻ	ആ
സർവ്വാൻ	എല്ലാ
രാക്ഷസഗണാൻ,	രാക്ഷസഗണങ്ങളേയും,
സിംഹഃ	ഒരു സിംഹം
ക്ഷുദ്രമൃഗാൻ	ക്ഷുദ്രമൃഗങ്ങളെ
ഇവ,	എന്നപോലെ,
ഘോരം	അസഹ്യമായി
കദനം ചകാര.	പീഡിപ്പിച്ചു.

അംഗദാഭിഹതാസ്തത്ര രാക്ഷസാ ഭീമവിക്രമാഃ
വിഭിന്നശിരസഃ പേതുർവികൃത്താ ഇവ പാദപാഃ. 32

തത്ര,	അപ്പോൾ,
അംഗദാഭിഹതാഃ	അംഗദനാൽ അടിക്കപ്പെട്ട
ഭീമവിക്രമാഃ	ഘോരപരാക്രമശാലികളായ
രാക്ഷസാഃ,	രാക്ഷസന്മാർ,
വിഭിന്നശിരസഃ,	തലകൾ തകർന്നവരായി,
വികൃത്താഃ	മുറിക്കപ്പെട്ട
പാദപാഃ	വൃക്ഷങ്ങൾ
ഇവ,	എന്നപോലെ,
പേതുഃ.	വീണു.

രഥൈരശ്വൈർധ്വജൈശ്ചിത്രൈഃ ശരീരൈർഹരിരക്ഷസാം
രുധിരേണ ച സംച്ഛന്നാ ഭൂമിർഭയകരീ തദാ. 33

തദാ,	ആ സമയം,
ഭൂമിഃ,	ഭൂമി,
രഥൈഃ	രഥങ്ങളാലും
അശ്വൈഃ	കുതിരകളാലും
ചിത്രൈഃ	പലമാതിരിയായ
ധ്വജൈഃ,	കൊടികളാലും,
ഹരിരക്ഷസാം	വാനരന്മാരുടേയും രാക്ഷസന്മാരുടേയും
ശരീരൈഃ,	ശരീരങ്ങളാലും,
രുധിരേണ	രക്തത്താലും
സംച്ഛന്നാ ച	മൂടപ്പെട്ടതായി
ഭയകരീ.	ഭയങ്കരമായിരുന്നു.

ഹാരകേയൂരവസ്ത്രൈശ്ച ശസ്ത്രൈശ്ച സമലംകൃതാ
ഭൂമിർഭാതി രണേ തത്ര ശാരദീവ യഥാ നിശാ. 34

തത്ര രണേ,	ആ യുദ്ധത്തിൽ,	ശസ്ത്രൈഃ ച,	അസ്ത്രങ്ങൾകൊണ്ടും,
ഭൂമിഃ	ഭൂമി	സമലംകൃതാ,	അലങ്കരിക്കപ്പെട്ടതായി,
ഹാരകേയൂര-വസ്ത്രൈഃ ച	ഹാരങ്ങൾ തോൾവളകൾ വസ്ത്രങ്ങൾ എന്നവകൊണ്ടും,	ശാരദീ ഇവ	ശരൽക്കാലത്തിലെ
		നിശാ യഥാ	നിശയെന്നപോലെ
		ഭാതി.	ശോഭിക്കയായി.

അംഗദസ്യ ച വേഗേന തദ്രാക്ഷസബലം മഹത്
പ്രാകമ്പത തദാ തത്ര പവനേനാംബുദോ യഥാ. 35

തത്ര,	അവിടെ,	വേഗേന,	കൈയൂക്കുകൊണ്ട്,
തദാ	ആ സമയം,	അംബുദഃ	മേഘം
തത് മഹത്	ആ വമ്പിച്ച	പവനേന	കൊടുങ്കാററിനാൽ
രാക്ഷസബലം ച,	രാക്ഷസസൈന്യം മുഴുവനും,	യഥാ,	എപ്രകാരമോ, അപ്രകാരം,
അംഗദസ്യ	അംഗദന്റെ	പ്രാകമ്പത.	ചിതറിപ്പോയി.

ഇത്യാർഷേ ശ്രീമദ്രാമായണേ വാല്മീകീയേ ആദികാവ്യേ യുദ്ധകാണ്ഡേ
ത്രിപഞ്ചാശഃ സർഗ്ഗഃ = അമ്പത്തിമൂന്നാംസർഗ്ഗം സമാപ്തം.
ആദ്യംമുതൽ ശ്ലോകസംഖ്യ 16781; യുദ്ധകാണ്ഡം ആദ്യംമുതൽ ശ്ലോകസംഖ്യ 2106.

ചതുഃപഞ്ചാശഃ സർഗ്ഗഃ = അമ്പത്തിനാലാംസർഗ്ഗം.

[വജ്രദംഷ്ട്രവധഃ=വജ്രദംഷ്ട്രനെ വധിക്കുന്നത്.]

ബലസ്യ ച നിഘാതേന അംഗദസ്യ ജയേന ച
രാക്ഷസഃ ക്രോധമാവിഷ്ടോ വജ്രദംഷ്ട്രോ മഹാബലഃ. 1

മഹാബലഃ	മഹാബലശാലിയായ	നിഘാതേന ച	നാശത്താലും
വജ്രദംഷ്ട്രഃ	വജ്രദംഷ്ട്രനെന്ന	അംഗദസ്യ	അംഗദന്റെ
രാക്ഷസഃ,	രാക്ഷസൻ,	ജയേന ച	ജയത്താലും
ബലസ്യ	സേനയുടെ	ക്രോധം ആവിഷ്ടഃ.	കോപാക്രാന്തനായി ഭവിച്ചു.

സ വിസ്ഫാര്യ ധനുർഘോരം ശക്രാശനിസമസ്വനം
വാനരാണാമനീകാനി പ്രാകിരച്ഛരവൃഷ്ടിഭിഃ. 2

സഃ	അവൻ	വിസ്ഫാര്യ,	ടങ്കാരംചെയ്ത്,
ഘോരം ധനുഃ	ഭയങ്കരമായ വില്ലിനെ	വാനരാണാം	വാനരന്മാരുടെ
ശക്രാശനി-സമസ്വനം	ഇന്ദ്രന്റെ ഇടിമുഴക്കം പോലെയുള്ള ശബ്ദത്തോടുകൂടി	അനീകാനി	സൈന്യങ്ങളെ
		ശരവൃഷ്ടിഭിഃ	ശരമാരികൾകൊണ്ട്
		പ്രാകിരത്.	വർഷിച്ചു.

രാക്ഷസാശ്ചാപി മുഖ്യാസ്തേ രഥേഷു സമവസ്ഥിതാഃ
നാനാപ്രഹരണാഃ ശൂരാഃ പ്രായുധ്യന്ത തദാ രണേ. 3

നാനാ-പ്രഹരണാഃ	പലവിധ ആയുധങ്ങളോടുകൂടിയവരും	രഥേഷു	രഥങ്ങളിൽ
മുഖ്യാഃ	പ്രധാനികളും	സമവസ്ഥിതാഃ,	ഇരുന്നുകൊണ്ട്
ശൂരാഃ ച	ശൂരന്മാരുമായ	തദാ	ആ സമയം
തേ	ആ	രണേ	പോരിൽ
രാക്ഷസാഃ അപി	രാക്ഷസന്മാരും	പ്രായുധ്യന്ത.	പൊരുതി.

വാനരാണാം തു ശൂരാ യേ സർവ്വേ തേ പ്ലവഗർഷഭാഃ
ആയുധ്യന്ത ശിലാഹസ്താഃ സമവേതാഃ സമന്തതഃ. 4

വാനരാണാം	വാനരന്മാരിൽ	തു	അപ്പോൾ
യേ	യാതൊരു	ശിലാഹസ്താഃ	കയ്യിൽ പാറകളെ എടുത്തുകൊണ്ട്
ശൂരാഃ	ശൂരന്മാരോ		
തേ	അപ്രകാരമുള്ള	സമന്തതഃ	നാലുഭാഗത്തിലും
പ്ലവഗർഷഭാഃ	വാനരശ്രേഷ്ഠന്മാർ	സമവേതാഃ	ഒന്നായ് ചേർന്ന്
സർവ്വേ,	എല്ലാവരും,	ആയുധ്യന്ത.	എതിർത്തുപൊരുതി.

തത്രായുധസഹസ്രാണി തസ്മിന്നായോധനേ ഭൃശം
രാക്ഷസാഃ കപിമുഖ്യേഷു പാതയാം ചക്രിരേ തദാ. 5

രാക്ഷസാഃ,	രാക്ഷസന്മാർ,	ആയുധ-സഹസ്രാണി	കണക്കററ ആയുധങ്ങളെ
തദാ	അപ്പോൾ	കപിമുഖ്യേഷു	വാനരോത്തമന്മാരുടെ [നേരെ
തത്ര	അവിടെ	ഭൃശം	ഊക്കോടെ
തസ്മിൻ	ആ	പാതയാം-ചക്രിരേ.	പ്രയോഗിച്ചു.
ആയോധനേ,	യുദ്ധത്തിൽ,		

വാനരാശ്ചാപി രക്ഷസ്സു ഗിരീൻ വൃക്ഷാൻ മഹാശിലാഃ
പ്രവീരാഃ പാതയാമാസുർമത്തവാരണസന്നിഭാഃ. 6

മത്തവാരണ-സന്നിഭാഃ	മദംപിടിച്ചു ആനകളൊത്തവരും	ഗിരീൻ	മലകളേയും
		വൃക്ഷാൻ	മരങ്ങളേയും
പ്രവീരാഃ	മഹാവീരന്മാരുമായ	മഹാശിലാഃ അപി	വൻപാറകളേയും
വാനരാഃ ച,	വാനരന്മാരും,		
രക്ഷസ്സു	രാക്ഷസന്മാരുടെ മേൽ	പാതയാമാസുഃ	പൊഴിച്ചു.

ശൂരാണാം യുധ്യമാനാനാം സമരേഷ്വനിവർത്തിനാം
തദ്രാക്ഷസഗണാനാം ച സുയുദ്ധം സമവർത്തത. 7

സമരേഷു	യുദ്ധങ്ങളിൽ	തദ്രാക്ഷസ-ഗണാനാം ച	ആ വാനരന്മാർക്കും രാക്ഷസന്മാർക്കുമായി
അനിവർത്തിനാം	പിൻതിരിയാതെ		
യുധ്യമാനാനാം	യുദ്ധംചെയ്യുന്ന	സുയുദ്ധം	ഘോരമായ യുദ്ധം
ശൂരാണാം	ശൂരന്മാരായ	സമവർത്തത.	നടന്നു.

പ്രഭിന്നശിരസഃ കേചിദ്ഭിന്നൈഃ പാദൈശ്ച ബാഹുഭിഃ
ശസ്ത്രൈരർപ്പിതദേഹാസ്തു രുധിരേണ സമുക്ഷിതാഃ. 8

ശസ്ത്രൈഃ അർപ്പിതദേഹാഃ	ശസ്ത്രങ്ങളേററ ദേഹങ്ങളോടുകൂടിയവരായ	പാദൈഃ ച	കാലുകളോടും
കേചിത്,	ചിലർ,	ബാഹുഭിഃ തു	കൈകളോടുംകൂടിയവരായും
പ്രഭിന്നശിരസഃ	തലകളുടഞ്ഞും	രുധിരേണ സമുക്ഷിതാഃ.	ചോരയിൽ മുങ്ങിക്കിടന്നു.
ഭിന്നൈഃ	മുറിക്കപ്പെട്ട		

ഹരയോ രാക്ഷസാശ്ചൈവ ശേരതേ ഗാം സമാശ്രിതാഃ
കങ്കഗൃദ്ധ്രബലൈരാഢ്യാ ഗോമായുഗണസംകുലാഃ 9

ഹരയഃ ച	വാനരന്മാരും	ഗോമായു-ഗണസംകുലാഃ	കുറുക്കന്മാരുടെ കൂട്ടങ്ങളാൽ ചുററപ്പെട്ടവരായി
രാക്ഷസാഃ ഏവ	രാക്ഷസരും	ഗാം	ഭൂമിയിൽ
കങ്കഗൃദ്ധ്ര-ബലൈഃ	കഴുകുകൾ, പരുന്തുകൾ, കാക്കകൾ എന്നവയാൽ	സമാശ്രിതാഃ ശേരതേ.	വീണുകിടന്നു.
ആഢ്യാഃ	ആക്കപ്പെട്ടവരായി		

കബന്ധാനി സമുത്പേതുർഭീരൂണാം ഭീഷണാനി വൈ. 10

കബന്ധാനി	തലയില്ലാത്ത ശവശരീരങ്ങൾ	ഭീഷണാനി വൈ	അധികം ഭയമുളവാക്കുന്നവയായി
ഭീരൂണാം	ഭീരുക്കൾക്ക്	സമുത്പേതുഃ.	എഴുന്നേററുനിന്നു.

ഭുജപാണിശിരശ്ഛിന്നാശ്ഛിന്നകായാശ്ച ഭൂതലേ
വാനരാ രാക്ഷസാശ്ചാപി നിപേതുസ്തത്ര വൈ രണേ. 11

തത്ര രണേ	ആ യുദ്ധത്തിൽ	ഛിന്നകായാഃ ച,	പിളക്കപ്പെട്ട ഉടലോടുകൂടിയവരായും,
വാനരാഃ ച	വാനരന്മാരും		
രാക്ഷസാഃ അപി	രാക്ഷസന്മാരും		
ഭുജപാണി-ശിര-ശ്ഛിന്നാഃ	മുറിക്കപ്പെട്ട തോളുകൾ കൈകൾ കാലുകൾ എന്നവയോടുകൂടിയവരായും,	ഭൂതലേ വൈ	ഭൂമിയിൽ
		നിപേതുഃ.	വീണു.

തതോ വാനരസൈന്യേന ഹന്യമാനം നിശാചരം
പ്രാഭജ്യത ബലം സർവ്വം വജ്രദംഷ്ട്രസ്യ പശ്യതഃ. 12

തതഃ	അപ്പോൾ,	വാനര-സൈന്യേന	വാനര സേനയാൽ
നിശാചരം	രാക്ഷസന്മാരുടെ		
ബലം	സൈന്യം	ഹന്യമാനം	നശിപ്പിക്കപ്പെടുന്നതായി
സർവ്വം	എല്ലാം,		
വജ്രദംഷ്ട്രസ്യ പശ്യതഃ	വജ്രദംഷ്ട്രൻ നോക്കിക്കൊണ്ടിരിക്കെ തന്നെ,	പ്രാഭജ്യത.	അങ്ങുമിങ്ങും ചിതറിപ്പോയി.

രാക്ഷസാൻ ഭയവിത്രസ്താൻ ഹന്യമാനാൻ പ്ലവംഗമൈഃ
ദൃഷ്ട്വാ സ രോഷതാമ്രാക്ഷോ വജ്രദംഷ്ട്രഃ പ്രതാപവാൻ. 13
പ്രവിവേശ ധനുഷ്പാണിസ്ത്രാസയൻ ഹരിവാഹിനീം
ശരൈർവിദാരയാമാസ കങ്കപത്രൈരജിഹ്മഗൈഃ. 14

പ്രതാപവാൻ	പരാക്രമശാലിയായ	ധനുഷ്പാണിഃ	കയ്യിൽ വില്ലേന്തിക്കൊണ്ട്,
സഃ	ആ		
വജ്രദംഷ്ട്രഃ,	വജ്രദംഷ്ട്രൻ,	ഹരിവാഹിനീം	വാനരസൈന്യത്തെ
രാക്ഷസാൻ	രാക്ഷസന്മാരെ	ത്രാസയൻ	ഉഴറിപ്പിച്ചുകൊണ്ട്
പ്ലവംഗമൈഃ	വാനരന്മാരാൽ	പ്രവിവേശ;	പ്രവേശിച്ചു;
ഹന്യമാനാൻ	കൊല്ലപ്പെടുന്നവരായി	കങ്കപത്രൈഃ	കഴുകിൻ ചിറകുകൾ കെട്ടിയവയും
ഭയവിത്രസ്താൻ	ഭയപ്പെട്ടു നടുങ്ങിയവരായി	അജിഹ്മഗൈഃ	ലക്ഷ്യം തെറ്റാത്തവയുമായ,
ദൃഷ്ട്വാ,	കണ്ട്,	ശരൈഃ	ബാണങ്ങളാൽ
രോഷതാമ്രാക്ഷഃ,	കോപാരുണിതനേത്രനായി	വിദാരയാമാസ.	തുളച്ചു.

ബിഭേദ വാനരാംസ്തത്ര സപ്താഷ്ടൗ നവ പഞ്ച ച
വിവ്യാധ പരമക്രുദ്ധോ വജ്രദംഷ്ട്രഃ പ്രതാപവാൻ. 15

പ്രതാപവാൻ	മഹാവീരനായ	ബിഭേദ;	പിളന്നു;
വജ്രദംഷ്ട്രഃ,	വജ്രദംഷ്ട്രൻ,	സപ്ത അഷ്ടൗ	ഏഴെട്ടായും
തത്ര	അപ്പോൾ	നവ	ഒമ്പതും
പരമക്രുദ്ധഃ,	അതിക്രുദ്ധനായി,	പഞ്ച ച	അഞ്ചുമായും
വാനരാൻ	വാനരന്മാരെ	വിവ്യാധ.	എയ്തു വീഴ്ത്തി.

ത്രസ്താഃ സർവ്വേ ഹരിഗണാഃ ശരൈഃ സംകൃത്തദേഹിനഃ
അംഗദം സംപ്രധാവന്തി പ്രജാപതിമിവ പ്രജാഃ. 16

ഹരിഗണാഃ	വാനരക്കൂട്ടങ്ങൾ	പ്രജാഃ	പ്രജകൾ
സർവ്വേ,	എല്ലാം,	പ്രജാപതിം	ബ്രഹ്മാവിന്റെ അടുക്കൽ
ശരൈഃ	ബാണങ്ങളാൽ		
സംകൃത്തദേഹിനഃ,	പിളക്കപ്പെട്ട ദേഹത്തോടുകൂടി	ഇവ,	എന്ന പോലെ,
		അംഗദം	അംഗദന്റെ അടുക്കൽ
ത്രസ്താഃ,	ഉഴറിയവരായി,	സംപ്രധാവന്തി.	ഓടുകയായി.

തതോ ഹരിഗണാൻ ഭഗ്നാൻ ദൃഷ്ട്വാ വാലിസുതസ്തദാ
ക്രോധേന വജ്രദംഷ്ട്രം തമുദീക്ഷന്തമുദൈക്ഷത. 17

തദാ,	അപ്പോൾ,	ക്രോധേന	കോപത്താൽ
വാലിസുതഃ	ബാലിപുത്രൻ	ഉദീക്ഷന്തം	ഉരുട്ടിമിഴിച്ചുനോക്കുന്ന
ഹരിഗണാൻ	വാനരക്കൂട്ടങ്ങളെ	തം	ആ
ഭഗ്നാൻ	ചിതറിപ്പോയതായി	വജ്രദംഷ്ട്രം	വജ്രദംഷ്ട്രനെ
ദൃഷ്ട്വാ തതഃ,	കണ്ടതുകാരണം,	ഉദൈക്ഷത	ഉറ്റുനോക്കി.

വജ്രദംഷ്ട്രാംഗദശ്ചോഭൌ സംഗതൌ ഹരിരാക്ഷസൌ
ചേരതുഃ പരമക്രുദ്ധൌ ഹരിമത്തഗജാവിവ. 18

ഹരിരാക്ഷസൌ	വാനരനും രാക്ഷസനുമായ	ഹരിമത്തഗജൌ	സിംഹവും മദിച്ചആന[യും
അംഗദഃ,	അംഗദനും	ഇവ,	എന്നപോലെ,
വജ്രദംഷ്ട്രഃ ച	വജ്രദംഷ്ട്രനും,	പരമക്രുദ്ധൌ	ഏററംചൊടിച്ചവരായി
ഉഭൌ	രണ്ടുപേരും	സംഗതൌ	തമ്മിൽഏററ്
		ചേരതുഃ.	പോർചെയ്തു.

തതഃ ശരസഹസ്രേണ വാലിപുത്രം മഹാബലഃ
ജഘാന മർമ്മദേശേഷു മാതംഗമിവ തോമരൈഃ. 19

തതഃ,	അതിൽപിന്നെ,	മാതംഗം	ഒരു മദഗജത്തെ
മഹാബലഃ	മഹാബലശാലിയായ അവൻ	ഇവ,	എന്നപോലെ,
		മർമ്മദേശേഷു	മർമ്മസ്ഥാനങ്ങളിൽ
വാലിപുത്രം,	ബാലിപുത്രനെ,	ശരസഹസ്രേണ	അനേകബാണങ്ങളാൽ
തോമരൈഃ	ഏർകുന്തങ്ങൾകൊണ്ട്	ജഘാന.	തുളച്ചു.

രുധിരോക്ഷിതസർവ്വാംഗോ വാലിസൂനുർമ്മഹാബലഃ
ചിക്ഷേപ വജ്രദംഷ്ട്രായ വൃക്ഷം ഭീമപരാക്രമഃ. 20

മഹാബലഃ	മഹാബലശാലിയും	വജ്രദംഷ്ട്രായ	വജ്രദംഷ്ട്രന്റെ നേക്കായി
ഭീമപരാക്രമഃ	ഭയങ്കരപരാക്രമിയുമായ		
വാലിസൂനുഃ,	ബാലിപുത്രൻ,	വൃക്ഷം	ഒരു മരത്തെ
രുധിരോക്ഷിതസർവ്വാംഗഃ	ദേഹമാസകലം ചോരയിലാറാടിയവനായി	ചിക്ഷേപ.	എറിഞ്ഞു.

ദൃഷ്ട്വാ പതന്തം തം വൃക്ഷമസംഭ്രാന്തശ്ച രാക്ഷസഃ
ചിച്ഛേദ ബഹുധാ സോഽപി നികൃത്തഃ പതിതോ ഭുവി. 21

രാക്ഷസഃ	രാക്ഷസൻ	സഃ അപി	അതും
തം വൃക്ഷം	ആ മരം	ബഹുധാ	പലവാറായി
പതന്തം ദൃഷ്ട്വാ	നേക്കുവരുന്നതുകണ്ട്	നികൃത്തഃ	മുറിക്കപ്പെട്ട്
അസംഭ്രാന്തഃ ച	ഒരു പതച്ചയുമില്ലാതെ	ഭുവി	ഭൂമിയിൽ
ചിച്ഛേദ ;	മുറിച്ചെറിഞ്ഞു ;	പതിതഃ	വീണു.

തം ദൃഷ്ട്വാ വജ്രദംഷ്ട്രസ്യ വിക്രമം പ്ലവഗർഷഭഃ
പ്രഗൃഹ്യ വിപുലം ശൈലം ചിക്ഷേപ ച നനാദ ച. 22

പ്ലവഗർഷഭഃ,	വാനരശ്രേഷ്ഠനായ അവൻ,	വിപുലം	വമ്പിച്ച
		ശൈലം	ഒരു മലയെ
വജ്രദംഷ്ട്രസ്യ	വജ്രദംഷ്ട്രന്റെ	പ്രഗൃഹ്യ ചിക്ഷേപ ച;	എടുത്തെറിഞ്ഞു ;
തം വിക്രമം	ആ പരാക്രമത്തെ		
ദൃഷ്ട്വാ,	കണ്ട്,	നനാദ ച.	അട്ടഹസിക്കയുംചെയ്തു.

സമാപതന്തം തം ദൃഷ്ട്വാ രഥാദാപ്ലുത്യ വീൎയ്യവാൻ
ഗദാപാണിരസംഭ്രാന്തഃ പൃഥിവ്യാം സമതിഷ്ഠത. 23

വീൎയ്യവാൻ,	മഹാവീരനായ അവൻ,	ഗദാപാണിഃ	കയ്യിൽ ഗദയുമെടുത്തു കൊണ്ട്
സമാപതന്തം	നേക്കുവരുന്ന	രഥാത്	തേരിൽനിന്ന്
തം	അതിനെ	ആപ്ലുത്യ	കുതിച്ച്
ദൃഷ്ട്വാ,	നോക്കി	പൃഥിവ്യാം	നിലത്ത്
അസംഭ്രാന്തഃ	ഒട്ടും കുലുങ്ങാതെ	സമതിഷ്ഠത.	നിലകൊണ്ടു.

സാഽംഗദേന ഗദാഽഽക്ഷിപ്താ ഗത്വാ തു രണമൂൎദ്ധനി
സചക്രകൂബരം സാശ്വം പ്രമമാഥ രഥം തദാ. 24

അംഗദേന	അംഗദനാൽ	തദാ	എന്നിട്ട്,
രണമൂൎദ്ധനി	പടത്തലയ്ക്കൽ	സചക്രകൂബരം	ചക്രങ്ങൾ,നുകത്തണ്ട് എന്നവയോടുകൂടിയും
ഗത്വാ,	ചെന്ന്,		
സാ	ആ	സാശ്വം	കുതിരകളോടുകൂടിയും
ഗദാ തു	ഗദയും	രഥം	രഥത്തേയും
ആക്ഷിപ്താ;	തട്ടിപ്പറിക്കപ്പെട്ടു;	പ്രമമാഥ.	പൊടിയാക്കി.

തതോഽന്യം ഗിരിമാക്ഷിപ്യ വിപുലം ദ്രുമഭൂഷിതം
വജ്രദംഷ്ട്രസ്യ ശിരസി പാതയാമാസ സോഽംഗദഃ 25

തതഃ,	അതിൽപിന്നെ,	വിപുലം ഗിരിം	വൻപൎവ്വതത്തെ
സഃ	ആ	ആക്ഷിപ്യ,	പുഴക്കി എടുത്തു,
അംഗദഃ	അംഗദൻ,	വജ്രദംഷ്ട്രസ്യ	വജ്രദംഷ്ട്രന്റെ
ദ്രുമഭൂഷിതം	വൃക്ഷങ്ങളാൽ അലംകൃ[തമായ	ശിരസി	തലയിൽ
അന്യം	മറെറാരു	പാതയാമാസ.	വീഴ്ത്തി.

അഭവച്ഛോണിതോദ്ഗാരീ വജ്രദംഷ്ട്രഃ സ മൂൎച്ഛിതഃ
മുഹൂൎത്തമഭവന്മൂഢോ ഗദാമാലിംഗ്യ നിഃശ്വസൻ. 26

സഃ	ആ	ഗദാം	ഗദയെ
വജ്രദംഷ്ട്രഃ,	വജ്രദംഷ്ട്രൻ,	ആലിംഗ്യ	പുൽകി
ശോണിതോദ്ഗാരീ	രക്തം ഛൎദ്ദിച്ചുകൊണ്ട്	നിഃശ്വസൻ,	നെടുവീൎപ്പിട്ടു കൊണ്ട്,
		മുഹൂൎത്തം	കുറെനേരം
മൂൎച്ഛിതഃ അഭവത്;	മൂൎച്ഛിച്ചു പോയി;	മൂഢഃ അഭവത്.	ഒന്നും തോന്നാതെ മയങ്ങിക്കിടന്നു.

സ ലബ്ധസംജ്ഞോ ഗദയാ വാലിപുത്രമവസ്ഥിതം
ജഘാന പരമക്രുദ്ധോ വക്ഷോദേശേ നിശാചരഃ 27

സഃ നിശാചരഃ,	ആ രാക്ഷസൻ,	അവസ്ഥിതം	മുമ്പിൽ നിന്നിരുന്ന
ലബ്ധസംജ്ഞഃ	മൂൎച്ഛതെളിഞ്ഞ്	വാലിപുത്രം	ബാലിപുത്രനെ
പരമക്രുദ്ധഃ	അതിയായ കോപമുൾക്കൊണ്ടവനായി	വക്ഷോദേശേ	മാറത്ത്
		ഗദയാ ജഘാന.	ഗദകൊണ്ടടിച്ചു.

ഗദാം ത്യക്ത്വാ തതസ്തത്ര മുഷ്ടിയുദ്ധമവർത്തത
അന്യോന്യം ജഘ്നതുസ്തത്ര താവുഭൌ ഹരിരാക്ഷസൌ. 28

തത്ര,	അപ്പോൾ,
ഹരിരാക്ഷസൌ	വാനരനും രാക്ഷസനുമായ
തൌ	അവർ
ഉഭൌ,	രണ്ടു പേരും,
അന്യോന്യം	തമ്മിൽ തമ്മിൽ
ജഘ്നതുഃ ;	ഇടിച്ചു ;
തതഃ	പിന്നെ
ഗദാം ത്യക്ത്വാ,	ഗദയെ വെടിഞ്ഞ്,
തത്ര	അവിടെ
മുഷ്ടിയുദ്ധം	ദ്വന്ദ്വയുദ്ധം
അവർത്തത.	തുടങ്ങി.

രുധിരോദ്ഗാരിണൌ തൌ തു പ്രഹാരൈർജ്ജനിതശ്രമൌ
ബഭ്രുവതുഃ സുവിക്രാന്താവംഗാരകബുധാവിവ. 29

അംഗാരകബുധൌ ഇവ	ചൊവ്വയും ബുധനും പോലെ
സുവിക്രാന്തൌ	മഹാപരാക്രമശാലികളായ
തൌ തു	അവർ രണ്ടുപേരും
പ്രഹാരൈഃ	ഇടികൾകൊണ്ട്
ജനിതശ്രമൌ	തളർന്നവരായി
രുധിരോദ്ഗാരിണൌ	രക്തംഛർദ്ദിക്കുന്നവരായി
ബഭൂവതുഃ.	ഭവിച്ചു.

തതഃ പരമതേജസ്വീ അംഗദഃ കപികുഞ്ജരഃ
ഉത്പാട്യ വൃക്ഷം സ്ഥിതവാൻ ബഹുപുഷ്പഫലാഞ്ചിതം. 30

തതഃ,	ആ സമയം,
പരമതേജസ്വീ	അതിപരാക്രമശാലിയും
കപികുഞ്ജരഃ	വാനരശ്രേഷ്ഠനുമായ
അംഗദഃ,	അംഗദൻ,
ബഹുപുഷ്പഫലാഞ്ചിതം	അനവധിപുഷ്പങ്ങളും പഴങ്ങളും നിറഞ്ഞ
വൃക്ഷം	ഒരുമരത്തെ
ഉത്പാട്യ	പറിച്ചെടുത്തുംകൊണ്ടു
സ്ഥിതവാൻ.	നിലയായി.

ജഗ്രാഹ ചാർഷഭം ചർമ്മ ഖഡ്ഗം ച വിപുലം ശുഭം
കിങ്കിണീജാലസംഛന്നം ചർമ്മണാ ച പരിഷ്കൃതം 31
വജ്രദംഷ്ട്രോഽഥ ജഗ്രാഹ സോഽംഗദോഽപ്യസിചർമ്മണീ. 32

വജ്രദംഷ്ട്രഃ	വജ്രദംഷ്ട്രൻ
ആർഷഭം ചർമ്മ ച	കാളത്തോൽകൊണ്ടുണ്ടാക്കിയ പരിചയും,
കിങ്കിണീജാലസംഛന്നം	വളരെ കൊടമണികൾ ചാർത്തിയതും
ചർമ്മണാ	തോലുറയാൽ
പരിഷ്കൃതം ച	അലങ്കരിക്കപ്പെട്ടതുമായ
വിപുലം	വലിയ
ശുഭം	മനോഹരമായ
ഖഡ്ഗം ച	ഒരു വാളും,
ജഗ്രാഹ ;	കയ്യെക്കൊണ്ടു ;
അഥ	അപ്പോൾ
സഃ അംഗദഃ	ആ അംഗദൻ
അസിചർമ്മണീ അപി	ആ വാളും പരിചയും കൂടി
ജഗ്രാഹ.	കയ്യിലാക്കി.

[24-ാംശ്ലോകത്തിൽ ഗദയെ തട്ടിപ്പറിച്ചതുപോലെ, ഇവയേയും അംഗദൻ പൊടുന്നനവെ കയ്യിലാക്കി എന്നു സാരം.]

വിചിത്രാംശ്ചേരതുൎമ്മാൎഗ്ഗാൻ രുഷിതൌ കപിരാക്ഷസൌ
ജഘ്നതുശ്ച തദാഽന്യോന്യം നിൎദ്ദയം ജയകാംക്ഷിണൌ. 33

തദാ	അപ്പോൾ	വിചിത്രാൻ	പല
കപി-രാക്ഷസൌ ച	വാനരനും രാക്ഷസനും	മാൎഗ്ഗാൻ	അടവുകൾ
		ചേരതുഃ ;	ചവിട്ടി ;
രുഷിതൌ,	ചൊടിച്ച്,	നിൎദ്ദയം	ദയയില്ലാതെ
ജയ-കാംക്ഷിണൌ	ജയത്തെ ആഗ്രഹിക്കുന്നവരായി	അന്യോന്യം	ഒരുവൎക്കൊരുവർ
		ജഘ്നതുഃ.	മട്ടിച്ചു.

വ്രണൈഃ സാസ്രൈരശോഭേതാം പുഷ്പിതാവിവ കിംശുകൌ
യുദ്ധ്യമാനൌ പരിശ്രാന്തൌ ജാനുഭ്യാമവനീം ഗതൌ. 34

സാസ്രൈഃ	ചോരയൊഴുകുന്ന	അശോഭേതാം ;	അവരിരുവരും ശോഭിച്ചു ;
വ്രണൈഃ,	വ്രണങ്ങൾകാരണം	യുദ്ധ്യമാനൌ	യുദ്ധംചെയ്തു
പുഷ്പിതൌ	പുഷ്പിച്ചിരിക്കുന്ന	പരിശ്രാന്തൌ	തളൎന്നവരായി
കിംശുകൌ ഇവ	പലാശവൃക്ഷങ്ങളെന്നപോലെ	ജാനുഭ്യാം	മുട്ടുകുത്തി
		അവനീം ഗതൌ.	നിലത്തു് നിന്നു.

നിമേഷാന്തരമാത്രേണ അംഗദഃ കപികുഞ്ജരഃ
ഉദതിഷ്ഠത ദീപ്താക്ഷോ ദണ്ഡാഹത ഇവോരഗഃ. 35

നിമേഷാന്തര-മാത്രേണ	ഒരു ഞൊടിയിടയിൽ	ദണ്ഡാഹതഃ	വടികൊണ്ടടിക്കപ്പെട്ട
		ഉരഗഃ ഇവ,	സൎപ്പമെന്നപോലെ,
കപികുഞ്ജരഃ	വാനരശ്രേഷ്ഠനായ	ദീപ്താക്ഷഃ	ജ്വലിക്കുന്ന കണ്ണുകളോട്ടുകൂടി
അംഗദഃ,	അംഗദൻ,	ഉദതിഷ്ഠത.	ഝംപിച്ചു.

നിൎമ്മലേന സുധൌതേന ഖഡ്ഗേനാസ്യ മഹച്ഛിരഃ
ജഘാന വജ്രദംഷ്ട്രസ്യ വാലിസൂനുൎമ്മഹാബലഃ. 36

മഹാബലഃ	മഹാബലശാലിയായ	നിൎമ്മലേന	തെളുതെളെ വിലസുന്നതും
വാലിസൂനുഃ,	അംഗദൻ,		
അസ്യ	ഈ	സുധൌതേന	നല്ല മൂൎച്ഛയുള്ളതുമായ
വജ്രദംഷ്ട്രസ്യ	വജ്രദംഷ്ട്രന്റെ	ഖഡ്ഗേന	വാൾകൊണ്ടു
മഹത് ശിരഃ,	വമ്പിച്ച ശിരസ്സിനെ,	ജഘാന.	വീശി.

രുധിരോക്ഷിതഗാത്രസ്യ ബഭൂവ പതിതം ദ്വിധാ
സരോഷപരിവൃത്താക്ഷം ശുഭം ഖഡ്ഗഹതം ശിരഃ. 37

രുധിരോക്ഷിത-ഗാത്രസ്യ	ചോരയിൽ കുളിച്ചു മെയ്യോടുകൂടിയ അവന്റെ	സരോഷപരി-വൃത്താക്ഷം	കോപത്താൽ ചുഴററുന്ന കണ്ണുകളോടുകൂടിയതായിത്തന്നെ,
ശുഭം ശിരഃ,	ഭംഗിയാന്നുള്ള ആ തല,		
ഖഡ്ഗഹതം,	വാളുകൊണ്ടു വെട്ടപ്പെട്ടതായി,	ദ്വിധാ	രണ്ടുതുണ്ടായി
		പതിതം ബഭൂവ.	നിലത്തുവീണു.

വജ്രദംഷ്ട്രം ഹതം ദൃഷ്ട്വാ രാക്ഷസാ ഭയമോഹിതാഃ
ത്രസ്താഃ പ്രത്യപതൻ ലങ്കാം വധ്യമാനാഃ പ്ലവംഗമൈഃ 38
വിഷണ്ണവദനാ ദീനാ ഹ്രിയാ കിഞ്ചിദവാങ്മുഖാഃ. 39

രാക്ഷസാഃ,	രാക്ഷസന്മാർ,	കിഞ്ചിത്	തെല്ലൊന്നു
വജ്രദംഷ്ട്രം	വജ്രദംഷ്ട്രനെ	അവാങ്മുഖാഃ	തലകുനിച്ചവരായി
ഹതം	കൊല്ലപ്പെട്ടവനായി	പ്ലവംഗമൈഃ	വാനരന്മാരാൽ
ദൃഷ്ട്വാ,	കണ്ടു്,	വധ്യമാനാഃ,	വധിക്കപ്പെടുന്നവരായി
ഭയമോഹിതാഃ	ഭയപ്പെട്ടുഴറിയവരായി,	ദീനാഃ	ധൈര്യംപോയവരായി
വിഷണ്ണവദനാഃ	വാടിയമുഖത്തോടുകൂടിയവരായി,	ത്രസ്താഃ	വിറച്ചുംകൊണ്ടു്
		ലങ്കാം	ലങ്കക്കു്
ഹ്രിയാ	ലജ്ജകൊണ്ടു്	പ്രത്യപതൻ.	മടങ്ങിച്ചെന്നു.

നിഹത്യ തം വജ്രധരപ്രഭാവഃ
സ വാലിസൂനുഃ കപിസൈന്യമധ്യേ
ജഗാമ ഹർഷം മഹിതോ മഹാബലഃ
സഹസ്രനേത്രസ്ത്രിദശൈരിവാവൃതഃ. 40

മഹാബലഃ	മഹാബലശാലിയും	ത്രിദശൈഃ	ദേവന്മാരാൽ
വജ്രധരപ്രഭാവഃ	ഇന്ദ്രനെപ്പോലെ പരാക്രമത്തോടുകൂടിയവനുമായ	ആവൃതഃ	ചൂഴപ്പെട്ട
		സഹസ്രനേത്രഃ ഇവ	ദേവേന്ദ്രനെന്നപോലെ
വാലിസൂനുഃ	ബാലിപുത്രനായ	കപിസൈന്യമധ്യേ	വാനരസൈന്യമധ്യത്തിൽ
സഃ	ആ അംഗദൻ		
തം	അവനെ	മഹിതഃ	കൊണ്ടാടപ്പെട്ടവനായി
നിഹത്യ,	വധിച്ചശേഷം,	ഹർഷം ജഗാമ.	സന്തോഷമുൾക്കൊണ്ടു.

ഇത്യാർഷേ ശ്രീമദ്രാമായണേ വാല്മീകീയേ ആദികാവ്യേ യുദ്ധകാണ്ഡേ
ചതുഃപഞ്ചാശഃ സർഗ്ഗഃ = അമ്പത്തിനാലാംസർഗ്ഗം സമാപ്തം.
ആദ്യം മുതൽ ശ്ലോകസംഖ്യ 16821 ; യുദ്ധകാണ്ഡം ആദ്യം മുതൽ ശ്ലോകസംഖ്യ 2146.

പഞ്ചപഞ്ചാശഃ സർഗ്ഗഃ = അമ്പത്തഞ്ചാംസർഗ്ഗം.

[അകമ്പനയുദ്ധം = അകമ്പനനുമായുള്ള യുദ്ധം.]

വജ്രദംഷ്ട്രം ഹതം ശ്രുത്വാ വാലിപുത്രേണ രാവണഃ
ബലാധ്യക്ഷമുവാചേദം കൃതാഞ്ജലിമവസ്ഥിതം. 1

രാവണഃ,	രാവണൻ,	കൃതാഞ്ജലിം	തൊഴുതുകൊണ്ടു്
വാലിപുത്രേണ	ബാലിപുത്രനാൽ	അവസ്ഥിതം	മുമ്പിൽനിന്നിരുന്ന
വജ്രദംഷ്ട്രം	വജ്രദംഷ്ട്രൻ	ബലാധ്യക്ഷം	സേനാധിപനോടായി
ഹതം	കൊല്ലപ്പെട്ടതായി	ഇദം	ഇപ്രകാരം
ശ്രുത്വാ,	കേട്ടു്,	ഉവാച.	കല്പിച്ചു.

ശീഘ്രം നിൎയ്യാന്തു ദുൎദ്ധൎഷാ രാക്ഷസാ ഭീമവിക്രമാഃ
അകമ്പനം പുരസ്കൃത്യ സൎവ്വശസ്ത്രപ്രകോവിദം. 2

"ഭീമവിക്രമാഃ	"ഉഗ്രപരാക്രമശാലി[കളും	അകമ്പനം	അകമ്പനനെ
ദുൎദ്ധൎഷാഃ	അജയ്യന്മാരുമായ	പുരസ്കൃത്യ,	മുന്നിലാക്കിക്കൊണ്ട്,
രാക്ഷസാഃ,	രാക്ഷസന്മാർ,	ശീഘ്രം	വേഗത്തിൽ
സൎവ്വശസ്ത്രപ്രകോവിദം	സൎവ്വശസ്ത്രവിദഗ്ദ്ധനായ	നിൎയ്യാന്തു.	പുറപ്പെട്ടു ചെല്ലട്ടെ.

ഏഷ ശാസ്താ ച ഗോപ്താ ച നേതാ ച യുധി സമ്മതഃ
ഭൂതികാമശ്ച മേ നിത്യം നിത്യം ച സമരപ്രിയഃ 3

"ഏഷഃ	"ഇവൻ	സമ്മതഃ;	പ്രസിദ്ധി പൂണ്ടവനാ[ണ്;
ശാസ്താ ച	ശിക്ഷിക്കുന്നവനും	നിത്യം	എപ്പോഴും
ഗോപ്താ ച;	രക്ഷിക്കുന്നവനുമാണ്;	മേ	എന്റെ
യുധി	യുദ്ധത്തിൽ	ഭൂതികാമഃ ച	ക്ഷേമത്തെ അഗ്രഹി[ക്കുന്നവനും
നേതാ ച	കൊണ്ടു നടത്തുന്ന നായകനാണെന്ന്	നിത്യം	എപ്പോഴും
		സമരപ്രിയഃ ച	യുദ്ധകാംക്ഷിയുമാകുന്നു.

ഏഷ ജേഷ്യതി കാകുത്സ്ഥൌ സുഗ്രീവം ച മഹാബലം
വാനരാംശ്ചാപരാൻ ഘോരാൻ ഹനിഷ്യതി പരന്തപഃ. 4

പരന്തപഃ	ശത്രുക്കളെ തപിപ്പിക്കുന്നവനായ	സുഗ്രീവം ച	സുഗ്രീവനേയും
		ജേഷ്യതി;	ജയിക്കുന്നതാണ്;
ഏഷഃ	ഇവൻ	അപരാൻ	മറ്റുള്ള
കാകുത്സ്ഥൌ	രാമനേയും ലക്ഷ്മണനേയും	ഘോരാൻ	ഭയങ്കരന്മാരായ
		വാനരാൻ ച	വാനരന്മാരേയും
മഹാബലം	മഹാബലശാലിയായ	ഹനിഷ്യതി."	വധിക്കയുംചെയ്യും."

പരിഗൃഹ്യ സ താമാജ്ഞാം രാവണസ്യ മഹാബലഃ
ബലം സഞ്ചാരയാമാസ തദാ ലഘുപരാക്രമഃ 5

മഹാബലഃ	മഹാബലശാലിയും	പരിഗൃഹ്യ,	ശിരസാവഹിച്ച്,
ലഘുപരാക്രമഃ	നല്ലചൊടിയുള്ളവനു[മായ	തദാ	ആസമയം
സഃ,	അവൻ,	ബലം	സൈന്യത്തെ
രാവണസ്യ	രാവണന്റെ	സഞ്ചാരയാമാസ.	ജാഗ്രതപ്പെടുത്തി.
താം ആജ്ഞാം	ആ ആജ്ഞയെ		

തതോ നാനാപ്രഹരണാ ഭീമാക്ഷാ ഭീമദൎശനാഃ
നിഷ്പേതൂ രക്ഷസാം മുഖ്യാ ബലാദ്ധ്യക്ഷപ്രചോദിതാഃ. 6

തതഃ	അനന്തരം	ഭീമദൎശനാഃ	ഭയങ്കരരൂപികളുമായ
ബലാദ്ധ്യക്ഷപ്രചോദിതാഃ	സേനാധിപനാൽ ആജ്ഞാപിക്കപ്പെട്ടവരും	രക്ഷസാം മുഖ്യാഃ	രാക്ഷസപ്രധാനികൾ,
ഭീമാക്ഷാഃ	രൂക്ഷമായ കണ്ണുകളോടുകൂടിയവരും	നാനാപ്രഹരണാഃ	പല ആയുധങ്ങൾ കയ്യ്ക്കൊണ്ടവരായി
		നിഷ്പേതുഃ.	പുറപ്പെട്ടു.

രഥമാസ്ഥായ വിപുലം തപ്തകാഞ്ചനകുണ്ഡലഃ
മേഘാഭോ മേഘവൎണ്ണശ്ച മേഘസ്വനമഹാസ്വനഃ 7
രാക്ഷസൈഃ സംവൃതോ ഭീമൈസ്തദാ നിൎയ്യാത്യകമ്പനഃ. 8

തദാ	അപ്പോൾ
തപ്തകാഞ്ചന-കുണ്ഡലഃ	തങ്കക്കുണ്ഡലങ്ങളണിഞ്ഞവനും
മേഘാഭഃ	മേഘാകൃതിയാൎന്നവനും
മേഘവൎണ്ണഃ ച	മേഘവൎണ്ണനും
മേഘസ്വന-മഹാസ്വനഃ	ഇടിപോലെ അട്ടഹാസിക്കുന്നവനുമായ
അകമ്പനഃ,	അകമ്പനൻ,
വിപുലം രഥം	വലുതായ ഒരു രഥത്തിൽ
ആസ്ഥായ	കയറിക്കൊണ്ടു്
ഭീമൈഃ	ഭയങ്കരന്മാരായ
രാക്ഷസൈഃ	രാക്ഷസന്മാരാൽ
സംവൃതഃ	ചൂഴപ്പെട്ടവനായി
നിൎയ്യാതി.	പുറപ്പെടുകയായി.

ന ഹി കമ്പയിതും ശക്യഃ സുരൈരപി മഹാമൃധേ
അകമ്പനസ്തതസ്തേഷാമാദിത്യ ഇവ തേജസാ. 9

അകമ്പനഃ	അകമ്പനൻ
തേഷാം	അവരിൽവെച്ചു്
തേജസാ	പരാക്രമംകൊണ്ടു്
ആദിത്യഃ ഇവ	സൂൎയ്യനെപ്പോലെയുള്ളവനായിരുന്നു;
തതഃ ഹി	ആകയാൽ
മഹാമൃധേ	ഘോരയുദ്ധത്തിൽ,
സുരൈഃ അപി	ദേവന്മാരാലുംകൂടി
കമ്പയിതും	ചലിപ്പിക്കുവാൻ
ശക്യഃ ന.	സാധിക്കപ്പെടാത്തവനായി ഭവിച്ചു.

തസ്യ നിൎദ്ധാവമാനസ്യ സംരബ്ധസ്യ യുയുത്സയാ
അകസ്മാദ്ദൈന്യമാഗച്ഛദ്ധയാനാം രഥവാഹിനാം 10

യുയുത്സയാ	യുദ്ധത്തിന്നുള്ള ഉത്സാഹത്തോടുകൂടി
തസ്യ	അവൻ
സംരബ്ധസ്യ	വാശിപൂണ്ടവനായി
നിൎദ്ധാവമാനസ്യ	പോകുമ്പോൾ
രഥവാഹിനാം	രഥത്തെ വലിച്ചുകൊണ്ടുപോകുന്ന
ഹയാനാം	കുതിരകൾക്കു്
അകസ്മാത്	അകാരണമായി
ദൈന്യം ആഗച്ഛത്	ഒരു തളൎച്ച ബാധിച്ചു.

വ്യസ്ഫുരന്നയനം ചാസ്യ സവ്യം യുദ്ധാഭിനന്ദിനഃ
വിവൎണ്ണോ മുഖവൎണ്ണശ്ച ഗദ്ഗദശ്ചാഭവത് സ്വനഃ. 11

യുദ്ധാഭിനന്ദിനഃ	പോർ കൊതിച്ചവനായ
അസ്യ	ഇവന്റെ
സവ്യം	എടത്തെ
നയനം ച	കണ്ണും
വ്യസ്ഫുരത് ;	അധികം തുടിച്ചു;
മുഖവൎണ്ണഃ ച	മുഖത്തിൽ നിറവും
വിവൎണ്ണഃ ;	പകൎന്നു;
സ്വനഃ ച	ഒച്ചയും
ഗദ്ഗദഃ ച അഭവത്.	ഇടറി.

അഭവത് സുദിനേ കാലേ ദുൎദ്ദിനം രൂക്ഷമാരുതം
ഊചുഃ ഖഗാ മൃഗാഃ സൎവ്വേ വാചഃ ക്രൂരാ ഭയാവഹാഃ. 12

സുദിനേ കാലേ	സൂൎയ്യൻ നല്ലവണ്ണം പ്രകാശിച്ചുകൊണ്ടിരിക്കെ,	ഖഗാഃ	പക്ഷികളും
ദുർദിനം	പകൽ ഇരുണ്ട്	മൃഗാഃ	മൃഗങ്ങളും
രൂക്ഷമാരുതം	കൊടുങ്കാറ്റോടുകൂടിയ	സൎവ്വേ,	എല്ലാം,
അഭവത്;	ഭവിച്ചു; [തായും	ഭയാവഹാഃ	ഭയം ജനിപ്പിക്കുമാറ്
		ക്രൂരാഃ വാചഃ	വികൃതസ്വരങ്ങളെ
		ഊചുഃ.	പുറപ്പെടീച്ചു.

സ സിംഹോപചിതസ്കന്ധഃ ശാർദ്ദൂലസമവിക്രമഃ
താനുത്പാതാനചിന്ത്യൈവ നിൎജ്ജഗാമ രണാജിരം. 13

സിംഹോപചിതസ്കന്ധഃ,	സിംഹംപോലെ വിശാലമായ തോളുകളോടുകൂടിയവനും,	താൻ	ആ
ശാർദ്ദൂലസമവിക്രമഃ	പുലിപോലെ പരാക്രമമാൎന്നവനുമായ	ഉത്പാതാൻ	ദുശ്ശകുനങ്ങളെ
സഃ,	അവൻ,	അചിന്ത്യ ഏവ	ലക്ഷ്യമാക്കാതെതന്നെ
		രണാജിരം	അടക്കളത്തിലേക്കായി
		നിൎജ്ജഗാമ.	ചെന്നു.

തദാ നിൎഗ്ഗച്ഛതസ്തസ്യ രക്ഷസഃ സഹ രാക്ഷസൈഃ
ബഭൂവ സുമഹാൻ നാദഃ ക്ഷോഭയന്നിവ സാഗരം. 14

തദാ,	അപ്പോൾ,	സാഗരം ഇവ	സമുദ്രത്തെത്തന്നെ
രാക്ഷസൈഃ സഹ,	രാക്ഷസന്മാരോടുംകൂടി	ക്ഷോഭയൻ	ഇളക്കിമറിക്കുന്നതായ
തസ്യ രക്ഷസഃ	ആ രാക്ഷസൻ	സുമഹാൻ	ഒരു വലുതായ
നിൎഗ്ഗച്ഛതഃ,	പോകുമ്പോൾ,	നാദഃ	ശബ്ദം
		ബഭൂവ.	ഉണ്ടായി.

തേന ശബ്ദേന വിത്രസ്താ വാനരാണാം മഹാചമൂഃ
ദ്രുമശൈലപ്രഹരണാ യോദ്ധും സമവതിഷ്ഠത. 15

തേന	ആ	ദ്രുമശൈലപ്രഹരണാ,	മരങ്ങളേയും പൎവ്വതങ്ങളേയും ആയുധമായി കയ്ക്കൊണ്ട്,
ശബ്ദേന	ശബ്ദത്താൽ	യോദ്ധും സമവതിഷ്ഠത.	പൊരുതുവാനൊരുങ്ങിനിന്നു.
വിത്രസ്താ	ഭയപ്പെട്ട		
വാനരാണാം	വാനരന്മാരുടെ		
മഹാചമൂഃ,	വൻപട,		

തേഷാം യുദ്ധം മഹാരൗദ്രം സഞ്ജജ്ഞേ ഹരിരക്ഷസാം
രാമരാവണയോരൎത്ഥേ സമഭിത്യക്തജീവിനാം. 16

രാമരാവണയോഃ അൎത്ഥേ	ശ്രീരാമനും രാവണനും വേണ്ടി	തേഷാം	ആ
സമഭിത്യക്തജീവിനാം	ജീവനെ തീരെ ഉപേക്ഷിപ്പാൻ തുനിഞ്ഞിരുന്നവരായ	ഹരിരക്ഷസാം	വാനരന്മാൎക്കും രാക്ഷസന്മാൎക്കും തമ്മിൽ,
		യുദ്ധം	യുദ്ധം
		മഹാരൗദ്രം	അധികഭയങ്കരമായി
		സഞ്ജജ്ഞേ.	നടന്നു.

സൎവ്വേ ഹ്യതിബലാഃ ശൂരാഃ സൎവ്വേ പൎവ്വതസന്നിഭാഃ
ഹരയോ രാക്ഷസാശ്ചൈവ പരസ്പരജിഘാംസവഃ. 17

സൎവ്വേ ഹി	എല്ലാവരും തന്നെ	ഹരയഃ ച	വാനരന്മാരും
അതിബലാഃ	മഹാബലശാലികളും	രാക്ഷസാഃ ഏവ	രാക്ഷസന്മാരും
ശൂരാഃ;	ശൂരന്മാരുമായിരുന്നു;	പരസ്പര-ജിഘാംസവഃ.	തമ്മിൽ കൊല്ലുന്നതിൽ വാശികയ്ക്കൊണ്ടിരുന്നു.
സൎവ്വേ പൎവ്വത-സന്നിഭാഃ;	എല്ലാവരും പൎവ്വതാകാരന്മാരായിരുന്നു;		

തേഷാം വിനൎദ്ദതാം ശബ്ദഃ സംയുഗേഽതിതരസ്വിനാം
ശുശ്രുവേ സുമഹാൻ ക്രോധാദന്യോന്യമഭിഗൎജ്ജതാം. 18

സംയുഗേ,	യുദ്ധത്തിൽ,	തേഷാം	ആ
ക്രോധാത്	ചൊടിച്ച്	അതി-തരസ്വിനാം	മഹാ ബലവാന്മാരുടെ
അന്യോന്യം	തമ്മിൽ തമ്മിൽ	ശബ്ദഃ,	ശബ്ദം,
അഭിഗൎജ്ജതാം	ഉരത്ത് ഗൎജ്ജിക്കുന്നവരും	സുമഹാൻ	ബഹളമായി
വിനൎദ്ദതാം	ആൎക്കുന്നവരുമായ	ശുശ്രുവേ.	കേൾക്കപ്പെട്ടു.

രജശ്ചാരുണവൎണ്ണാഭം സുഭീമമഭവദ് ഭൃശം
ഉദ്ഭൂതം ഹരിരക്ഷോഭിഃ സംരുരോധ ദിശോ ദശ. 19

ഹരിരക്ഷോഭിഃ	കപികളാലും രാക്ഷസരാലും	ഭൃശം ച അഭവത്;	തിങ്ങിനിറഞ്ഞു;
ഉദ്ഭൂതം	ഉളവായതായ	ദശ	പത്തു
അരുണവൎണ്ണാഭം	തുടുത്ത	ദിശഃ	ദിക്കുകളേയും
രജഃ,	പൊടിപടലം,	സംരുരോധ.	മൂടി.
സുഭീമം	അതി ഭയങ്കരമാംവണ്ണം		

അന്യോന്യം രജസാ തേന കൌശേയോദ്ധൂതപാണ്ഡുനാ
സംവൃതാനി ച ഭൂതാനി ദദൃശുൎന രണാജിരേ. 20

രണാജിരേ	പോൎക്കളത്തിൽ	ഭൂതാനി ച	സൎവ്വപ്രാണികളും
കൌശേ-യോദ്ധൂത-പാണ്ഡുനാ	മുഷിഞ്ഞവെൺപട്ടുപോലെയുള്ള	സംവൃതാനി;	മറയ്ക്കപ്പെട്ടു;
തേന രജസാ,	ആ പൊടികൊണ്ട്,	അന്യോന്യം	ഒരുവനെയൊരുവൻ
		ദദൃശുഃ ന.	കാണ്മാനും കഴിയാതിരുന്നു.

ന ധ്വജോ ന പതാകാ വാ ചൎമ്മ വാ തുരഗോഽപി വാ
ആയുധം സ്യന്ദനം വാഽപി ദദൃശേ തേന രേണുനാ. 21

തേന	ആ	പതാകാഃ വാ	കൊടിക്കൂറകളാകട്ടെ,
രേണുനാ,	പൊടികാരണം,	ചൎമ്മ	കവചമാകട്ടെ
സ്യന്ദനം അപി വാ	തേരുംകൂടി	തുരഗഃ അപി വാ	കുതിരയാകട്ടെ
ദദൃശേ ന!	കാണപ്പെട്ടില്ല;	ആയുധം വാ	ആയുധമാകട്ടെ
ധ്വജാഃ	കൊടികളാകട്ടെ	ന.	ഒന്നുംതന്നെ കാണപ്പെട്ടില്ല.

ശബ്ദശ്ച സുമഹാംസ്തേഷാം നർദതാമഭിധാവതാം
ശ്രൂയതേ തുമുലേ യുദ്ധേ ന രൂപാണി ചകാശിരേ. 22

അഭിധാവതാം	ഏററെതിർത്ത്	യുദ്ധേ,	ആ യുദ്ധത്തിന്നിടയിൽ,
നർദതാം	ആർക്കുന്ന	സുമഹാൻ	അത്യധികം
തേഷാം	അവരുടെ	ശ്രൂയതേ ;	കേൾക്കപ്പെട്ടു ;
ശബ്ദഃ ച,	ശബ്ദവും,	രൂപാണി }	ഇന്നതെന്ന് അറിയ
തുമുലേ	കോലാഹലമായ	ചകാശിരേ ന. }	പ്പെടാതിരുന്നു.

ഹരീനേവ സുസംക്രുദ്ധാ ഹരയോ ജഘ്നുരാഹവേ
രാക്ഷസാശ്ചാപി രക്ഷാംസി നിജഘ്നുസ്തിമിരേ തദാ. 23

തദാ	അപ്പോൾ	ഹരീൻ ഏവ	വാനരന്മാരെത്തന്നെ
ആഹവേ	യുദ്ധത്തിൽ	ജഘ്നുഃ ;	വധിച്ചു ;
തിമിരേ	ഇരുട്ടിൽ	രാക്ഷസാഃ ച	രാക്ഷസന്മാരും
ഹരയഃ	വാനരന്മാർ	രക്ഷാംസി അപി	രാക്ഷസരെത്തന്നെ
സുസംക്രുദ്ധാഃ	വളരെ ക്രോധം പൂണ്ട വരായി	നിജഘ്നുഃ.	വധിച്ചു.

പരാംശ്ചൈവ വിനിഘ്നന്തഃ സ്വാംശ്ച വാനരരാക്ഷസാഃ
രുധിരാർദ്രാം തദാ ചക്രുർമഹീം പങ്കാനുലേപനാം. 24

തദാ	അപ്പോൾ	മഹീം	ഭൂമിയെ
വാനരരാക്ഷസാഃ	വാനരന്മാരും രാക്ഷസന്മാരും	രുധിരാർദ്രാം	രക്തത്തിൽ മുങ്ങിയതായും
സ്വാൻ ച	തങ്ങടെ കൂട്ടക്കാരെയും	പങ്കാനു- ലേപനാം ച }	ചേറുകുഴമ്പിയതായും
പരാൻ ഏവ	ശത്രുക്കളെയും		
വിനിഘ്നന്തഃ,	കൊല്ലുന്നവരായി	ചക്രുഃ	ആക്കി.

തതസ്തു രുധിരൌഘേണ സിക്തം വ്യപഗതം രജഃ
ശരീരശവസംകീർണ്ണാ ബഭൂവ ച വസുന്ധരാ. 25

തതഃ	അപ്പോൾ	വ്യപഗതം ;	ഒതുങ്ങി ;
രുധിരൌഘേണ	രക്തപ്രവാഹത്താൽ	വസുന്ധരാ ച	ഭൂമിയും
സിക്തം	നനഞ്ഞതായി	ശരീരശവ- സംകീർണ്ണാ }	ശവശരീരങ്ങളാൽ നിറയപ്പെട്ടതായി
രജഃ തു	പൊടിയും	ബഭൂവ.	ഭവിച്ചു.

ദ്രുമശക്തിശിലാപ്രാസൈർഗദാപരിഘതോമരൈഃ
ഹരയോ രാക്ഷസാശ്ചൈവ ജഘ്നുരന്യോന്യമോജസാ. 26

ഹരയഃ ച,	വാനരന്മാരും,	ഗദാപരിഘ- തോമരൈഃ }	ഗദ, ഇരിമ്പുലയ്ക്ക, ഏർകുന്തം എന്നിവകൊണ്ടും
രാക്ഷസാഃ ഏവ	രാക്ഷസന്മാരും [കൂടി		
ഓജസാ	യുദ്ധസാമർത്ഥ്യത്തോടു-		
ദ്രുമശക്തി- ശിലാപ്രാസൈഃ }	മരം, വേൽ, പാറ, കുന്തം എന്നിവകൊണ്ടും	അന്യോന്യം ജഘ്നുഃ.	തമ്മിൽതമ്മിൽ പ്രഹരിച്ചു.

ബാഹുഭിഃ പരിഘാകാരൈര്യുദ്ധ്യന്തഃ പർവ്വതോപമാഃ
ഹരയോ ഭീമകർമ്മാണോ രാക്ഷസാൻ ജഘ്നുരാഹവേ. 27

ആഹവേ	പടക്കളത്തിൽ
ഭീമകർമ്മാണഃ	ഭയങ്കരകൃത്യങ്ങൾ ചെയ്യുന്നവരും
പർവ്വതോപമാഃ	ഗിരിതുല്യരുമായ
ഹരയഃ,	വാനരന്മാർ,
യുദ്ധ്യന്തഃ	യുദ്ധംചെയ്യുന്നവരായി
പരിഘാകാരൈഃ	ഇരിമ്പുലയ്ക്കകളൊത്ത
ബാഹുഭിഃ	കൈകൾകൊണ്ടു്
രാക്ഷസാൻ	രാക്ഷസന്മാരെ
ജഘ്നുഃ.	ഹനിച്ചു.

രാക്ഷസാസ്തേപി സംക്രുദ്ധാഃ പ്രാസതോമരപാണയഃ
കപീൻ നിജഘ്നിരേ തത്ര ശസ്ത്രൈഃ പരമദാരുണൈഃ 28

തത്ര	അവിടെ
പ്രാസതോമര-പാണയഃ	കുന്തം, ഏർകുന്തം മുതലായ ആയുധങ്ങളെ എടുത്തുകൊണ്ടു്
രാക്ഷസാഃ അപി	രാക്ഷസന്മാരും
സംക്രുദ്ധാഃ	ഏറെച്ചൊടിച്ചു്
പരമദാരുണൈഃ	അതികഠിനങ്ങളായ
ശസ്ത്രൈഃ	ആയുധങ്ങൾകൊണ്ടു്
കപീൻ തു	വാനരന്മാരെയും
നിജഘ്നിരേ.	ഹനിച്ചു.

അകമ്പനഃ സുസംക്രുദ്ധോ രാക്ഷസാനാം ചമൂപതിഃ
സംഹർഷയതി താൻ സർവ്വാൻ രാക്ഷസാൻ ഭീമവിക്രമാൻ. 29

രാക്ഷസാനാം	രാക്ഷസന്മാരുടെ
ചമൂപതിഃ	സേനാധിപനായ
അകംപനഃ,	അകംപനൻ,
സുസംക്രുദ്ധഃ	വളരെ കോപമുൾക്കൊണ്ടവനായി
ഭീമവിക്രമാൻ	മഹാബലശാലികളായ
താൻ	ആ
രാക്ഷസാൻ	രാക്ഷസന്മാർ
സർവ്വാൻ,	എല്ലാവരേയും,
സംഹർഷയതി.	ഉത്സാഹപ്പെടുത്തി.

ഹരയസ്ത്വപി രക്ഷാംസി മഹാദ്രുമമഹാശ്മഭിഃ
വിദാരയന്ത്യഭിക്രമ്യ ശസ്ത്രാണ്യാച്ഛിദ്യ വീര്യതഃ. 30

ഹരയഃ തു	വാനരന്മാരും
മഹാദ്രുമ-മഹാശ്മഭിഃ	വൻമരങ്ങൾ, വൻപാറകൾ എന്നവകൊണ്ടു്
അഭിക്രമ്യ	എതിർത്ത്
വീര്യതഃ അപി	സാമർത്ഥ്യംകൊണ്ടു തന്നെ
ശസ്ത്രാണി	ശസ്ത്രങ്ങളെ
ആച്ഛിദ്യ,	മുറിച്ചു്,
രക്ഷാംസി	രാക്ഷസന്മാരെ
വിദാരയന്തി.	കീറിപ്പിളക്കുന്നു.

ഏതസ്മിന്നന്തരേ വീരാ ഹരയഃ കുമുദോ നളഃ
മൈന്ദശ്ച ദ്വിവിദഃ ക്രുദ്ധാശ്ചക്രുർവേഗമനുത്തമം. 31

ഏതസ്മിൻ അന്തരേ	ഈ സന്ദർഭത്തിൽ,
ഹരയഃ വീരാഃ	വാനരവീരന്മാരായ
കുമുദഃ	കുമുദനും
നളഃ	നളനും
മൈന്ദഃ	മൈന്ദനും
ദ്വിവിദഃ ച,	ദ്വിവിദനും,
ക്രുദ്ധാഃ	ക്രുദ്ധിച്ചവരായി
അനുത്തമം	അസാമാന്യമായ
വേഗം ചക്രുഃ.	സാമർത്ഥ്യത്തെ പ്രകടിപ്പിച്ചു.

തേ തു വൃക്ഷൈൎമ്മഹാവേഗാ രാക്ഷസാനാം ചമൂമുഖേ
കദനം സുമഹച്ചക്രുൎല്ലീലയാ ഹരിയൂഥപാഃ. 32

മഹാവേഗാഃ	മഹാബലശാലികളായ	ചമൂമുഖേ,	പടത്തലയ്ക്കൽ
തേ	ആ	വൃക്ഷൈഃ തു	മരങ്ങൾകൊണ്ടുതന്നെ
ഹരിയൂഥപാഃ,	വാനരസേനാധിപന്മാർ,	ലീലയാ	നിഷ്പ്രയാസം
രാക്ഷസാനാം	രാക്ഷസന്മാരുടെ	സുമഹത് കദനം ചക്രുഃ.	അതിയായ കുഴപ്പമുണ്ടാക്കി.

മമന്ഥു രാക്ഷസാൻ സൎവ്വേ വാനരാ ഗണശോ ഭൃശം. 33

വാനരാഃ	വാനരന്മാർ	ഗണശഃ,	കൂട്ടംകൂട്ടമായി,
സൎവ്വേ.	എല്ലാവരും,	ഭൃശം	ഏറെ
രാക്ഷസാൻ	രാക്ഷസന്മാരെ	മമന്ഥുഃ.	മട്ടിച്ചു.

ഇത്യാൎഷേ ശ്രീമദ്രാമായണേ വാല്മീകീയേ ആദികാവ്യേ യുദ്ധകാണ്ഡേ
പഞ്ചപഞ്ചാശഃ സൎഗ്ഗഃ = അമ്പത്തഞ്ചാംസൎഗ്ഗം സമാപ്തം.

ആദ്യംമുതൽ ശ്ലോകസംഖ്യ 16854; യുദ്ധകാണ്ഡം ആദ്യംമുതൽ ശ്ലോകസംഖ്യ 2179

ഷട്പഞ്ചാശഃ സൎഗ്ഗഃ = അമ്പത്താറാംസൎഗ്ഗം.

[അകമ്പനവധഃ = അകമ്പനവധം.]

തദ്ദൃഷ്ട്വാ സുമഹത് കൎമ്മ കൃതം വാനരസത്തമൈഃ
ക്രോധമാഹാരയാമാസ യുധി തീവ്രമകമ്പനഃ. 1

അകമ്പനഃ,	അകമ്പനൻ,	സുമഹത് കൎമ്മ	അസാദ്ധ്യകൃത്യത്തെ
വാനരസത്തമൈഃ	വാനരശ്രേഷ്ഠന്മാരാൽ	ദൃഷ്ട്വാ,	കണ്ടു്,
		യുധി	പോരിൽ
കൃതം	ചെയ്യപ്പെട്ട	തീവ്രം ക്രോധം	ഉഗ്രമായ കോപത്തെ
തത്	ആ	ആഹാരയാമാസ.	കയ്ക്കൊണ്ടു.

ക്രോധമൂൎച്ഛിതരൂപസ്തു ധുന്വാനഃ പരമകാൎമ്മുകം
ദൃഷ്ട്വാ തു കൎമ്മ ശത്രൂണാം സാരഥിം വാക്യമബ്രവീത്. 2

ശത്രൂണാം	ശത്രുക്കളുടെ	പരമകാൎമ്മുകം	ശ്രേഷ്ഠമായ വില്ലിനെ
കൎമ്മ	പ്രവൃത്തി	ധുന്വാനഃ തു	ഞാണൊലിയിട്ടുകൊണ്ടു്
ദൃഷ്ട്വാ തു	കണ്ടു്	സാരഥിം	സാരഥിയെ നോക്കി
ക്രോധമൂൎച്ഛിതരൂപഃ	കോപത്താൽ മതിമറന്നവനായ അവൻ	വാക്യം അബ്രവീത്.	ഇപ്രകാരം പറഞ്ഞു.

തത്രൈവ താവത് ത്വരിതം രഥം പ്രാപയ സാരഥേ
യത്രൈതേ ബഹവോ ഘ്നന്തി സുബഹൂൻ രാക്ഷസാൻ രണേ. 3

" സാരഥേ!	" അല്ലയോ സാരഥേ!	ഘ്നന്തി,	കൊല്ലുന്നുവോ,
രണേ	യുദ്ധത്തിൽ	തത്ര ഏവ	അവിടേയ്ക്കുതന്നെ
ഏതേ ബഹവഃ,	ഈ പലർകൂടി,	താവത്	ഇപ്പോൾ
യത്ര	ഏതൊരേടിക്കൽ	ത്വരിതം	വേഗത്തിൽ
രാക്ഷസാൻ	രാക്ഷസന്മാരെ	രഥം പ്രാപയ.	തേർതെളിയ്ക്കുക.
സുബഹൂൻ	പലരേയും		

ഏതേഽത്ര ബലവന്തോ ഹി ഭീമകായാശ്ച വാനരാഃ
ദ്രുമശൈലപ്രഹരണാസ്തിഷ്ഠന്തി പ്രമുഖേ മമ. 4

" മമ പ്രമുഖേ	" എന്റെ മുമ്പിലായി,	ഏതേ വാനരാഃ,	ഈ വാനരന്മാർ,
അത്ര ഹി	ഇവിടെതന്നെ,	ദ്രുമശൈല-പ്രഹരണാഃ	മരങ്ങളേയും, മലകളേയും ആയുധമായ് എടുത്തുകൊണ്ട്
ബലവന്തഃ	കരുത്തന്മാരും		
ഭീമകായാഃ ച	ഭീമകായന്മാരുമായ	തിഷ്ഠന്തി.	നില്ക്കുന്നു.

ഏതാൻ നിഹന്തുമിച്ഛാമി സമരശ്ലാഘിനോ ഹ്യഹം
ഏതൈഃ പ്രമഥിതം സർവ്വം ദൃശ്യതേ രാക്ഷസം ബലം. 5

" ഏതൈഃ	" ഇവരാൽ	ഹി,	ആകയാൽ,
രാക്ഷസം	രാക്ഷസന്മാരുടെ	അഹം,	ഞാൻ,
ബലം	സൈന്യം	സമരശ്ലാഘിനഃ	യുദ്ധത്തെ കൊണ്ടാടുന്നവരായ
സർവ്വം	എല്ലാം	ഏതാൻ	ഇവരെ
പ്രമഥിതം	നശിപ്പിക്കപ്പെട്ടതായി	നിഹന്തും	കൊല്ലുവാൻ
ദൃശ്യതേ;	കാണപ്പെടുന്നു;	ഇച്ഛാമി."	കൊതിക്കുന്നു."

തതഃ പ്രജവനാശ്വേന രഥേന രഥിനാം വരഃ
ഹരീനഭ്യഹനത് ക്രോധാച്ഛരജാലൈരകമ്പനഃ. 6

രഥിനാം വരഃ	തേരാളികളിലുത്തമനായ	രഥേന,	തേരിലിരുന്നുകൊണ്ട്,
അകമ്പനഃ	അകമ്പനൻ	ക്രോധാത്	കോപാവിഷ്ടനായി
തതഃ,	അനന്തരം,	ശരജാലൈഃ	ശരനിരകൾകൊണ്ട്
പ്രജവനാശ്വേന	അതിവേഗതയാർന്ന	ഹരീൻ	വാനരന്മാരെ
	കുതിരകൾ കെട്ടപ്പെട്ട	അഭ്യഹനത്.	പ്രഹരിച്ചു.

ന സ്ഥാതും വാനരാഃ ശേകുഃ കിം പുനര്യോദ്ധുമാഹവേ
അകമ്പനശരൈർഭഗ്നാഃ സർവ്വ ഏവ വിദുദ്രുവുഃ. 7

ആഹവേ	യുദ്ധത്തിൽ	കിം പുനഃ?	പിന്നെ എങ്ങിനെ?
വാനരാഃ	വാനരന്മാർ	സർവ്വേ ഏവ	എല്ലാവരും
സ്ഥാതും	എതിർത്തുനില്പാൻ	അകമ്പന-ശരൈഃ	അകമ്പനന്റെ ബാണങ്ങളാൽ
ശേകുഃ ന;	ശക്തരായില്ല;	ഭഗ്നാഃ	പിളക്കപ്പെട്ടവരായി
യോദ്ധും	പൊരുതുന്നതോ	വിദുദ്രുവുഃ.	പാഞ്ഞുതുടങ്ങി.

താൻ മൃത്യുവശമാപന്നാനകമ്പനവശം ഗതാൻ
സമീക്ഷ്യ ഹനുമാൻ ജ്ഞാതീനുപതസ്ഥേ മഹാബലഃ. 8

മഹാബലഃ	കരുത്തേറിയ	ഗതാൻ	അകപ്പെട്ടവരായി
ഹനുമാൻ,	ഹനുമാൻ,	മൃത്യുവശം ആപന്നാൻ	കാലന്റെ കയ്യിലകപ്പെട്ടവരായി
താൻ	അ	സമീക്ഷ്യ,	കണ്ട്,
ജ്ഞാതീൻ	സ്വന്തംകൂട്ടരെ	ഉപതസ്ഥേ.	അടുത്തു.
അകമ്പനവശം	അകമ്പനന്റെ കയ്യിൽ		

തം മഹാപ്ലവഗം ദൃഷ്ട്വാ സർവ്വേ പ്ലവഗയൂഥപാഃ
സമേത്യ സമരേ വീരാഃ സംഹൃഷ്ടാഃ പര്യ്യവാരയൻ. 9

വീരാഃ	വീരന്മാരായ	ദൃഷ്ട്വാ,	കണ്ട്,
പ്ലവഗയൂഥപാഃ	വാനരസേനാധിപന്മാർ	സമരേ	യുദ്ധത്തിൽ
സർവ്വേ,	എല്ലാവരും,	സംഹൃഷ്ടാഃ	ഉത്സാഹംപൂണ്ടവരായി
മഹാപ്ലവഗം	വാനരോത്തമനായ	സമേത്യ	ഒത്തുകൂടി
തം	അവനെ	പര്യ്യവാരയൻ.	ചുറ്റുംനിന്നു.

അവസ്ഥിതം ഹനുമന്തം തേ ദൃഷ്ട്വാ ഹരിയൂഥപാഃ
ബഭൂവുർബലവന്തോ ഹി ബലവന്തമുപാശ്രിതാഃ. 10

തേ	അ	ദൃഷ്ട്വാ,	കണ്ട്
ഹരിയൂഥപാഃ	വാനരസേനാധിപന്മാർ,	ബലവന്തം	കരുത്തനെ
		ഉപാശ്രിതാഃ ഹി	ആശ്രയിച്ചകാരണം
അവസ്ഥിതം	നിലയുറച്ചുനിന്ന	ബലവന്തഃ ബഭൂവുഃ.	തങ്ങളും കരുത്തന്മാരായ്തീർന്നു.
ഹനുമന്തം	ഹനുമാനെ		

അകമ്പനസ്തു ശൈലാഭം ഹനുമന്തമവസ്ഥിതം
മഹേന്ദ്ര ഇവ ധാരാഭിഃ ശരൈരഭിവവർഷ ഹ. 11

അകമ്പനഃ തു	അകമ്പനനും	മഹേന്ദ്രഃ	ദേവേന്ദ്രൻ
അവസ്ഥിതം	ഏററുനിന്ന	ധാരാഭിഃ ഇവ,	വർഷധാരകളാൽ എന്നപോലെ
ശൈലാഭം	ഗിരിതുല്യനായ	ശരൈഃ ഹ	അമ്പുകൾകൊണ്ട്
ഹനുമന്തം,	ഹനുമാന്റെമേൽ,	അഭിവവർഷ.	തൂകി.

അചിന്തയിത്വാ ബാണൌഘാൻ ശരീരേ പതിതാൻ ശിതാൻ
അകമ്പനവധാർത്ഥായ മനോ ദധ്രേ മഹാബലഃ. 12

മഹാബലഃ,	മഹാബലശാലിയായ	അചിന്തയിത്വാ	അലക്ഷ്യമാക്കിക്കൊണ്ടു
ശരീരേ	ദേഹത്തിൽ [ഹനുമാൻ,		
പതിതാൻ	തറച്ച	അകമ്പനവധാർത്ഥായ	അകമ്പനവധത്തിന്നായി
ശിതാൻ	അ കൂർത്ത		
ബാണൌഘാൻ,	ബാണതതികളെ	മനഃ ദധ്രേ.	ഉറച്ചു.

സ പ്രസഹ്യ മഹാതേജാ ഹനുമാൻ മാരുതാത്മജഃ
അഭിദുദ്രാവ തദ്രക്ഷഃ കമ്പയന്നിവ മേദിനീം. 13

മഹാതേജാഃ	മഹാബലശാലിയും	തത്	ആ
മാരുതാത്മജഃ	വായുപുത്രനുമായ	രക്ഷഃ	രാക്ഷസന്റെ നേരെ
സഃ ഹനുമാൻ,	ആ ഹനുമാൻ,	പ്രസഹ്യ അഭിദുദ്രാവ.	ഊക്കോടെ പാഞ്ഞടുത്തു.
മേദിനീം കമ്പയൻ ഇവ	ഭൂമി കുലുക്കിക്കൊണ്ട്		

തസ്യാഭിനർദ്ദമാനസ്യ ദീപ്യമാനസ്യ തേജസാ
ബഭൂവ രൂപം ദുർദ്ധർഷം ദീപ്തസ്യേവ വിഭാവസോഃ. 14

തേജസാ	തേജസ്സുകൊണ്ട്	ദീപ്തസ്യ	ആളുന്ന
ദീപ്യമാനസ്യ,	ഉജ്ജ്വലിച്ചുകൊണ്ടിരിക്കുന്നവനും,	വിഭാവസോഃ ഇവ	അഗ്നിയ്യോത്തതായി,
അഭിനർദ്ദമാനസ്യ	ഗർജ്ജിക്കുന്നവനുമായ	ദുർദ്ധർഷം	അടുക്കപ്പെടുവാൻ കഴിയാത്തതായി
തസ്യ	ആ ഹനുമാന്റെ		
രൂപം,	സ്വരൂപം,	ബഭൂവ.	തീർന്നു.

ആത്മാനമപ്രഹരണം ജ്ഞാത്വാ ക്രോധസമന്വിതഃ
ശൈലമുത്പാടയാമാസ വേഗേന ഹരിപുംഗവഃ. 15

ഹരിപുംഗവഃ	വാനരശ്രേഷ്ഠനായ അവൻ,	ക്രോധസമന്വിതഃ,	കോപത്തോടുകൂടിയവനായി,
ആത്മാനം അപ്രഹരണം	തന്റെ കയ്യിൽ ആയുധമില്ലാത്തത്	വേഗേന	ഉടനെ
		ശൈലം	ഒരു പൎവ്വതത്തെ
ജ്ഞാത്വാ.	ഓർത്ത്,	ഉത്പാടയാമാസ.	പുഴക്കിഎടുത്തു.

തം ഗൃഹീത്വാ മഹാശൈലം പാണിനൈകേന മാരുതിഃ
സ വിനദ്യ മഹാനാദം ഭ്രാമയാമാസ വീൎയ്യവാൻ. 16

വീൎയ്യവാൻ	വീരനായ	മഹാശൈലം,	വൻപൎവ്വതത്തെ
സഃ മാരുതിഃ	ആ വായുപുത്രൻ	ഏകേന പാണിനാ	ഒററക്കൈകൊണ്ട്
മഹാനാദം വിനദ്യ	ഉച്ചത്തിൽ അലറിക്കൊണ്ട്,	ഗൃഹീത്വാ	എടുത്ത്
തം	ആ	ഭ്രാമയാമാസ.	ചുഴററി.

തതസ്തമഭിദുദ്രാവ രാക്ഷസേന്ദ്രമകമ്പനം
പുരാ ഹി നമുചിം സംഖ്യേ വജ്രേണേവ പുരന്ദരഃ. 17

തതഃ	പിന്നെ	സംഖ്യേ	യുദ്ധത്തിൽ
തം	ആ	പുരന്ദരഃ	ഇന്ദ്രൻ
രാക്ഷസേന്ദ്രം	രാക്ഷസശ്രേഷ്ഠനായ	വജ്രേണ	വജ്രായുധത്താൽ
അകമ്പനം	അകമ്പനന്റെനേരെ	നമുചിം ഹി ഇവ	നമുചിയുടെ നേക്കെന്ന
പുരാ	പണ്ട്	അഭിദുദ്രാവ.	ഏററടുത്തു. [പോലെ

അകമ്പനസ്തു തദ്ദൃഷ്ട്വാ ഗിരിശൃംഗം സമുദ്യതം
ദൂരാദേവ മഹാബാണൈരർദ്ധചന്ദ്രൈർവ്യദാരയത്. 18

അകമ്പനഃ തു	അകമ്പനനും	ദൂരാത് ഏവ	ദൂരെനിന്നുതന്നെ
സമുദ്യതം	ഓങ്ങിപ്പിടിക്കപ്പെട്ട	അർദ്ധചന്ദ്രൈഃ	അർദ്ധചന്ദ്രാകൃതിയായുള്ള
തത്	ആ	മഹാബാണൈഃ	ഉത്തമബാണങ്ങൾകൊണ്ടു്
ഗിരിശൃംഗം	പർവ്വതശിഖരത്തെ		
ദൃഷ്ട്വാ,	കണ്ടു്,	വ്യദാരയത്.	പൊടിപെടുത്തു.

തത് പർവ്വതാഗ്രമാകാശേ രക്ഷോബാണവിദാരിതം
വിശീർണ്ണം പതിതം ദൃഷ്ട്വാ ഹനൂമാൻ ക്രോധമൂർച്ഛിതഃ. 19

ഹനൂമാൻ,	ഹനൂമാൻ,	വിശീർണ്ണം	ചിതറി
തത് പർവ്വതാഗ്രം	ആ പർവ്വതശിഖരത്തെ	പതിതം	വീണതായി
ആകാശേ	ആകാശത്തിൽ	ദൃഷ്ട്വാ,	കണ്ടു്,
രക്ഷോബാണവിദാരിതം	രാക്ഷസന്റെ ബാണങ്ങളാൽ തകർക്കപ്പെട്ടു്	ക്രോധമൂർച്ഛിതഃ.	കോപാവേശമുൾക്കൊണ്ടു.

സോഽശ്വകർണ്ണം സമാസാദ്യ രോഷദർപ്പാന്വിതോ ഹരിഃ
തൂർണ്ണമുത്പാടയാമാസ മഹാഗിരിമിവോച്ഛ്രിതം. 20

സഃ	ആ	ഉച്ഛ്രിതം	ഉയർന്നിരുന്നതായ
ഹരിഃ,	വാനരൻ,	അശ്വകർണ്ണം	ഒരു മരുതിനെ
രോഷദർപ്പാന്വിതഃ,	കോപത്തോടും, വെറിയോടും കൂടിയവനായി	സമാസാദ്യ,	പിടിച്ചു്
മഹാഗിരിം	ഒരു വൻമല	തൂർണ്ണം	ധടുതിയിൽ
ഇവ	പോലെ	ഉത്പാടയാമാസ.	പറിച്ചെടുത്തു.

തം ഗൃഹീത്വാ മഹാസ്കന്ധം സോഽശ്വകർണ്ണം മഹാദ്യുതിഃ
പ്രഹസ്യ പരയാ പ്രീത്യാ ഭ്രാമയാമാസ സംയുഗേ. 21

മഹാദ്യുതിഃ	മഹാതേജസ്വിയായ	തം അശ്വകർണ്ണം	ആ മരുതിനെ
സഃ,	ആ ഹനൂമാൻ,	ഗൃഹീത്വാ	കയ്യിൽ പിടിച്ചു്
സംയുഗേ	പോരിൽ		
പരയാ പ്രീത്യാ	അത്യുത്സാഹം പൂണ്ടു്,	പ്രഹസ്യ	അട്ടഹസിച്ചുംകൊണ്ടു്,
മഹാസ്കന്ധം	ഊക്കൻ തടിയുള്ള	ഭ്രാമയാമാസ.	ചുഴററി.

പ്രധാവന്നൂരുവേഗേന പ്രഭഞ്ജംസ്തരസാ ദ്രുമാൻ
ഹനൂമാൻ പരമക്രുദ്ധശ്ചരണൈർദ്ദാരയത് ക്ഷിതിം. 22

പരമക്രുദ്ധഃ	ക്രോധം മുഴുത്ത	പ്രഭഞ്ജൻ,	മുറിച്ചു വീഴ്ത്തുന്നവനായി,
ഹനൂമാൻ,	ഹനൂമാൻ,		
പ്രധാവൻ	പാഞ്ഞെത്തുന്നവനായി	ചരണൈഃ	അടിവെപ്പുകൾകൊണ്ടു്
തരസാ	ഊക്കോടുള്ള		
ഊരുവേഗേന	തുടവീശൽ കൊണ്ടു്	ക്ഷിതിം	ഭൂമിയെ
ദ്രുമാൻ	വൃക്ഷങ്ങളെ	ദാരയത്.	പിളർന്നു.

ഗജാംശ്ച സഗജാരോഹാൻ സരഥാൻ രഥിനസ്തഥാ
ജഘ്നേ ഹനുമാൻ ധീമാൻ രാക്ഷസാംശ്ച പദാതിഗാൻ. 23

ധീമാൻ	ദൃഢചിത്തനായ	രഥിനഃ	തേരാളികളെ
ഹനുമാൻ,	ഹനുമാൻ,	സരഥാൻ,	തേരോടുകൂടിയും,
സഗജാരോഹാൻ	ആനപ്പടയാളികളോ	രാക്ഷസാൻ	രാക്ഷസന്മാരായ
ഗജാൻ ച	ആനകളേയും [ടുകൂടി	പദാതിഗാൻ ച	കാലാൾപ്പടകളേയും
തഥാ	അതുപോലെതന്നെ	ജഘ്നേ.	കൊന്നുവീഴ്ത്തി.

തമന്തകമിവ ക്രുദ്ധം സമരേ പ്രാണഹാരിണം
ഹനുമന്തമഭിപ്രേക്ഷ്യ രാക്ഷസാ വിപ്രദുദ്രുവുഃ. 24

സമരേ	പോരിൽ	തം	ആ
ക്രുദ്ധം	കലിമുഴുത്ത്	ഹനുമന്തം	ഹനുമാനെ
പ്രാണഹാരിണം	കൊന്നൊടുക്കുന്നവനായി	അഭിപ്രേക്ഷ്യ,	കണ്ട്,
		രാക്ഷസാഃ	രാക്ഷസന്മാർ
അന്തകം ഇവ	യമനെപ്പോലെയുള്ള	വിപ്രദുദ്രുവുഃ.	അങ്ങുമിങ്ങും പാഞ്ഞു.

തമാപതന്തം സംക്രുദ്ധം രാക്ഷസാനാം ഭയാവഹം
ദദർശാകമ്പനോ വീരശ്ചുക്രോധ ച നനാദ ച. 25

വീരഃ	വീരനായ	ആപതന്തം	നേർക്കടുക്കുന്നവനായ
അകമ്പനഃ,	അകമ്പനൻ,	തം	ആ ഹനുമാനെ
രാക്ഷസാനാം	രാക്ഷസന്മാർക്ക്	ദദർശ ;	കണ്ടു ;
ഭയാവഹം	ഭീതിയുളവാക്കുന്നവനായി	ച ച	തൽക്ഷണം
		ചുക്രോധ,	കോപാക്രാന്തനായി,
സംക്രുദ്ധം	കോപിച്ച്	നനാദ.	അട്ടഹസിച്ചു.

സ ചതുർദ്ദശഭിർബ്ബാണൈഃ ശിതൈർദ്ദേഹവിദാരണൈഃ
നിർബ്ബിഭേദ ഹനുമന്തം മഹാവീര്യമകമ്പനഃ. 26

സഃ	ആ	ദേഹവിദാരണൈഃ	ദേഹം പിളർക്കുന്ന
അകമ്പനഃ	അകമ്പനൻ	ചതുർദ്ദശഭിഃ	പതിന്നാലു
മഹാവീര്യം	മഹാബലശാലിയായ	ബാണൈഃ	ബാണങ്ങൾ കൊണ്ട്
ഹനുമന്തം,	ഹനുമാനെ,	നിർബ്ബിഭേദ.	കീറി.
ശിതൈഃ	മൂർച്ചയുള്ള		

സ തദാ പ്രതിവിദ്ധസ്തു ബഹ്വീഭിഃ ശരവൃഷ്ടിഭിഃ
ഹനുമാൻ ദദൃശേ വീരഃ പ്രരൂഢ ഇവ സാനുമാൻ. 27

വീരഃ	വീരനും,	തദാ	അപ്പോൾ
പ്രരൂഢഃ	ഉന്നതമായ	ബഹ്വീഭിഃ	അളവററ
സാനുമാൻ ഇവ	പർവ്വതം പോലെയുള്ള വനമായ	ശരവൃഷ്ടിഭിഃ	ശരമാരികൾ കൊണ്ട്
		പ്രതിവിദ്ധഃ തു	എങ്ങും തറയ്ക്കപ്പെട്ടവ
സഃ ഹനുമാൻ,	ആ ഹനുമാൻ,	ദദൃശേ.	കാണപ്പെട്ടു. [നായി

വിരരാജ മഹാകായോ മഹാവീര്യോ മഹാമനാഃ
പുഷ്പിതാശോകസംകാശോ വിധൂമ ഇവ പാവകഃ. 28

മഹാകായഃ	പൃഥുശരീരനും	പുഷ്പിതാ-ശോക-സംകാശഃ	പുഷ്പിച്ച അശോകം പോലെയും
മഹാവീര്യഃ	മഹാവീര്യശാലിയും	വിധൂമഃ	പുകയില്ലാതെ പ്രകാശി-
മഹാമനാഃ	മഹാബുദ്ധിമാനുമായ	പാവകഃ ഇവ,	ക്കുന്ന അഗ്നിപോലെയും
	അവൻ	വിരരാജ	വിലസി.

തതോഽന്യം വൃക്ഷമുത്പാട്യ കൃത്വാ വേഗമനുത്തമം
ശിരസ്യഭിജഘാനാശു രാക്ഷസേന്ദ്രമകംപനം. 29

തതഃ	അതിൽപിന്നെ	ഉത്പാട്യ	പറിച്ചെടുത്തു്,
അനുത്തമം	അസാമാന്യമായ	രാക്ഷസേന്ദ്രം	രാക്ഷസോത്തമനായ
വേഗം കൃത്വാ	ഊക്കോടുകൂടി,	അകംപനം,	അകമ്പനനെ,
അന്യം വൃക്ഷം	വേറൊരു വൃക്ഷത്തെ	ശിരസി	ശിരസ്സിൽ
ആശു	വേഗത്തിൽ	അഭിജഘാന.	അടിച്ചു.

സ വൃക്ഷേണ ഹതസ്തേന സക്രോധേന മഹാത്മനാ
രാക്ഷസോ വാനരേന്ദ്രേണ പപാത ച മമാര ച. 30

സഃ രാക്ഷസഃ	ആ രാക്ഷസൻ	വൃക്ഷേണ	മരംകൊണ്ടു്
സക്രോധേന	കോപത്തോടുകൂടിയവ	ഹതഃ	അടിക്കപ്പെട്ടവനായി
മഹാത്മനാ	മഹാത്മാവുമായ [നും	പപാത ;	വീണു ;
വാനരേന്ദ്രേണ,	വാനരോത്തമനാൽ,	ച ച	തൽക്ഷണംതന്നെ
തേന	ആ	മമാര.	മരിക്കുകയുംചെയ്തു.

തം ദൃഷ്ട്വാ നിഹതം ഭൂമൌ രാക്ഷസേന്ദ്രമകംപനം
വ്യഥിതാ രാക്ഷസാഃ സർവ്വേ ക്ഷിതികംപ ഇവ ദ്രുമാഃ. 31

രാക്ഷസാഃ	രാക്ഷസന്മാർ	നിഹതം	കൊന്നുകിടക്കുന്നവ
സർവ്വേ,	എല്ലാവരും,	ദൃഷ്ട്വാ,	കണ്ടു്, [നായി
രാക്ഷസേന്ദ്രം	രാക്ഷസശ്രേഷ്ഠനായ	ക്ഷിതികംപേ	ഭൂകമ്പത്തിൽ
തം അകംപനം,	ആ അകമ്പനനെ,	ദ്രുമാഃ ഇവ	വൃക്ഷങ്ങളെന്നപോലെ
ഭൂമൌ	നിലത്തു്	വ്യഥിതാഃ.	പേടിച്ചുവിറച്ചു.

ത്യക്തപ്രഹരണാഃ സർവ്വേ രാക്ഷസാസ്തേ പരാജിതാഃ
ലങ്കാമഭിയയുസ്ത്രസ്താ വാനരൈസ്തൈരഭിദ്രുതാഃ. 32

തേ രാക്ഷസാഃ	ആ രാക്ഷസന്മാർ	തൈഃ	ആ
സർവ്വേ,	എല്ലാവരും	വാനരൈഃ	വാനരന്മാരാൽ
പരാജിതാഃ,	തോല്പിക്കപ്പെട്ടവരായി,	അഭിദ്രുതാഃ	തുരത്തപ്പെട്ടവരായി,
ത്രസ്താഃ	നടുക്കംപൂണ്ടവരായി	ലങ്കാം	ലങ്കയിലേക്കു്
ത്യക്ത-പ്രഹരണാഃ	ആയുധങ്ങളേയും താഴ-ത്തിട്ടു്,	അഭിയയുഃ.	ഓടിപ്പോയി.

തേ മുക്തകേശാഃ സംഭ്രാന്താ ഭഗ്നമാനാഃ പരാജിതാഃ
സ്രവച്ഛ്രമജലൈരംഗൈഃ ശ്വസന്തോ വിപ്രദുദ്രുവുഃ. 33

പരാജിതാഃ	തോല്പിക്കപ്പെട്ടവരായ	സ്രവച്ഛ്രമ-ജലൈഃ	ക്ഷീണിച്ച് വിയൎത്തൊലിക്കുന്ന
തേ,	അവർ,	അംഗൈഃ	അവയവങ്ങളോടുകൂടി
മുക്തകേശാഃ	തലമുടിചിന്നി	ശ്വസന്തഃ	കിതച്ചുംകൊണ്ട്
സംഭ്രാന്താഃ,	പരിഭ്രമിച്ച്,	വിപ്രദുദ്രുവുഃ.	ഓടിച്ചെന്നു.
ഭഗ്നമാനാഃ,	മാനംകെട്ടവരായി,		

അന്യോന്യം പ്രമമന്ഥുസ്തേ വിവിശുർന്നഗരം ഭയാത്
പൃഷ്ഠതസ്തേ സുസംമൂഢാഃ പ്രേക്ഷമാണാ മുഹുർമ്മുഹുഃ. 34

തേ	അവർ	മുഹുഃ മുഹുഃ	ഇടയ്ക്കിടെ
അന്യോന്യം പ്രമമന്ഥുഃ;	തമ്മിൽ തിക്കിത്തിരക്കി;	ഭയാത്	പേടികൊണ്ട്
സുസംമൂഢാഃ	എന്തുചെയ്യേണ്ടതെന്നറിയാതെ	പൃഷ്ഠതഃ	പിൻതിരിഞ്ഞ്
		പ്രേക്ഷമാണാഃ	നോക്കിക്കൊണ്ടുതന്നെ
		നഗരം	നഗരത്തിൽ
തേ	അവർ	വിവിശുഃ.	ചെന്നുചേൎന്നു.

തേഷു ലങ്കാം പ്രവിഷ്ടേഷു രാക്ഷസേഷു മഹാബലാഃ
സമേത്യ ഹരയഃ സൎവ്വേ ഹനുമന്തമപൂജയൻ. 35

തേഷു	ആ	ഹരയഃ	വാനരന്മാർ
രാക്ഷസേഷു	രാക്ഷസന്മാർ	സൎവ്വേ	എല്ലാവരും
ലങ്കാം	ലങ്കയിൽ	സമേത്യ,	ചേൎന്ന്,
പ്രവിഷ്ടേഷു,	പുക്കാറെ,	ഹനുമന്തം	ഹനുമാനെ
മഹാബലാഃ	മഹാബലശാലികളായ	അപൂജയൻ.	കൊണ്ടാടി.

സോഽപി പ്രഹൃഷ്ടസ്താൻ സൎവ്വാൻ ഹരീൻ പ്രത്യഭ്യപൂജയത്
ഹനുമാൻ സത്വസമ്പന്നോ യഥാൎഹമനുകൂലതഃ. 36

സത്വസമ്പന്നഃ	ധൈൎയ്യശാലിയായ	താൻ ഹരീൻ	ആ വാനരന്മാർ
സഃ	ആ	സൎവ്വാൻ,	എല്ലാവരേയും,
ഹനുമാൻ അപി,	ഹനുമാനും,	അനുകൂലതഃ	ആദരവുകയ്യോണ്ട്
		യഥാൎഹം	തക്കപോലെ
പ്രഹൃഷ്ടഃ	സന്തുഷ്ടനായി	പ്രത്യഭ്യപൂജയത്.	ബഹുമാനിച്ചു.

വിനേദുശ്ച യഥാപ്രാണം ഹരയോ ജിതകാശിനഃ
ചകൃഷുശ്ച പുനസ്തത്ര സപ്രാണാനപി രാക്ഷസാൻ. 37

ജിതകാശിനഃ	വിജയത്താൽ ശോഭിക്കുന്നവരായ	സപ്രാണാൻ	ചാവാതിരുന്ന
ഹരയഃ,	വാനരന്മാർ,	രാക്ഷസാൻ അപി	രാക്ഷസന്മാരേയും
യഥാപ്രാണം ച	ഊക്കെല്ലാംവെച്ച്		
വിനേദുഃ;	ആൎത്തുവിളിച്ചു;	പുനഃ ച	വീണ്ടും
തത്ര	അവിടെ	ചകൎഷുഃ.	വലിച്ചിഴച്ചു.

സ വീരശോഭാമഭജൻ മഹാകപിഃ
സമേത്യ രക്ഷാംസി നിഹത്യ മാരുതിഃ
മഹാസുരം ഭീമമമിത്രനാശനം
യഥൈവ വിഷ്ണുർബലിനം ചമൂമുഖേ. 38

മഹാകപിഃ	വാനരോത്തമനായ	ഭീമം	ഭയങ്കരനായ
സഃ മാരുതിഃ,	ആ ഹനുമാൻ,	അമിത്രനാശനം	ആ ശത്രുവിധ്വംസകനേയും
വിഷ്ണുഃ	മഹാവിഷ്ണു	രക്ഷാംസി ഏവ	രാക്ഷസന്മാരേയും
മഹാസുരം	അസുരോത്തമനായ	സമേത്യ	ചെന്ന്
ബലിനം	ബലിചക്രവർത്തിയെ	നിഹത്യ,	വധിച്ച്,
യഥാ,	എന്നപോലെ,	വീരശോഭാം	വീരശ്രീ
ചമൂമുഖേ	പോർത്തലയ്ക്കൽ	അഭജത്.	കയ്ക്കൊണ്ടുവിളങ്ങി.

അപൂജയൻ ദേവഗണാസ്തദാ കപിം
സ്വയം ച രാമോഽതിബലശ്ച ലക്ഷ്മണഃ
തഥൈവ സുഗ്രീവമുഖാഃ പ്ലവംഗമാ
വിഭീഷണശ്ചൈവ മഹാബലസ്തഥാ. 39

തദാ,	അപ്പോൾ,	തഥാ	അപ്രകാരംതന്നെ
കപിം	വാനരനായ അദ്ദേഹത്തെ	സുഗ്രീവമുഖാഃ	സുഗ്രീവൻ മുതലായ
ദേവഗണാഃ	ദേവഗണങ്ങൾ	പ്ലവംഗമാഃ ഏവ	വാനരന്മാരും
അപൂജയൻ ;	കൊണ്ടാടി ;	മഹാബലഃ	മഹാബലശാലിയായ
അതിബലഃ	മഹാബലശാലിയായ	വിഭീഷണഃ ച	വിഭീഷണനും
രാമഃ ച,	ശ്രീരാമനും,	സ്വയം	നേരിൽ
ലക്ഷ്മണഃ ച,	ലക്ഷ്മണനും,	തഥാ ഏവ	അപ്രകാരംതന്നെ കൊണ്ടാടി.

ഇത്യാർഷേ ശ്രീമദ്രാമായണേ വാല്മീകീയേ ആദികാവ്യേ യുദ്ധകാണ്ഡേ
ഷട്പഞ്ചാശഃ സർഗ്ഗഃ = അമ്പത്താറാംസർഗ്ഗം സമാപ്തം.
ആദ്യംമുതൽ ശ്ലോകസംഖ്യ 16893 ; യുദ്ധകാണ്ഡം ആദ്യംമുതൽ ശ്ലോകസംഖ്യ 2218.

സപ്തപഞ്ചാശഃ സർഗ്ഗഃ = അമ്പത്തേഴാംസർഗ്ഗം.

[പ്രഹസ്തനിർഗ്ഗമഃ = പ്രഹസ്തൻ യുദ്ധത്തിന്ന് പോകുന്നത്.]

അകംപനവധം ശ്രുത്വാ ക്രുദ്ധോ വൈ രാക്ഷസേശ്വരഃ
കിംചിദ്ദീനമുഖശ്ചാപി സചിവാംസ്താനുദൈക്ഷത. 1

രാക്ഷസേശ്വരഃ വൈ	രാക്ഷസരാജാവായ രാവണനും	അപി ച	എങ്കിലും
അകംപനവധം	അകംപനന്റെ വധത്തെ	കിഞ്ചിത്	അല്പം
ശ്രുത്വാ,	കേട്ട്,	ദീനമുഖഃ	മുഖംവാടിയവനായി
ക്രുദ്ധഃ ;	കോപിച്ച് ;	താൻ സചിവാൻ	ആ മന്ത്രിമാരെ
		ഉദൈക്ഷത.	നോക്കി.

സ തു ധ്യാത്വാ മുഹൂൎത്തം തു മന്ത്രിഭിഃ സംവിചാൎയ്യ ച
തതസ്തു രാവണഃ പൂൎവ്വദിവസേ രാക്ഷസാധിപഃ 2
പുരീം പരിയയൗ ലങ്കാം സൎവ്വാൻ ഗുല്മാനവേക്ഷിതും. 3

രാക്ഷസാധിപഃ	രാക്ഷസരാജാവായ	പൂൎവ്വദിവസേ	രാവിലെ
സഃ രാവണഃ തു,	ആ രാവണനാകട്ടെ,	ഗുല്മാൻ	പടവകുപ്പുകളെ
മുഹൂൎത്തം തു	ചെററുനേരം	സൎവ്വാൻ	എല്ലാം
ധ്യാത്വാ,	ആലോചിച്ച്,	അവേക്ഷിതും	പരിശോധിക്കുന്നതിന്നായി
തതഃ	അതിൽപിന്നെ		
മന്ത്രിഭിഃ തു	മന്ത്രിമാരോടും കൂടി	ലങ്കാം പുരീം	ലങ്കാപുരത്തിൽ
സംവിചാൎയ്യ ച	ദീൎഘാലോചനചെയ്തു്	പരിയയൗ.	ചുററിനടന്നു.

താം രാക്ഷസഗണൈൎഗ്ഗുപ്താം ഗുല്മൈൎബ്ബഹുഭിരാവൃതാം
ദദൎശ നഗരീം ലങ്കാം പതാകാധ്വജമാലിനീം. 4

താം	ആ	ഗുല്മൈഃ	അണിനിരന്ന
പതാകാധ്വജമാലിനീം	കൊടികളും കൊടിക്കൂറകളുമാൎന്നു ശോഭിക്കുന്ന	രാക്ഷസഗണൈഃ	രാക്ഷസക്കൂട്ടങ്ങളാൽ
		ആവൃതാം	ചൂഴപ്പെട്ടു
ലങ്കാം നഗരീം,	ലങ്കാനഗരത്തെ,	ഗുപ്താം	രക്ഷിക്കപ്പെട്ടതായി
ബഹുഭിഃ	അനേകം	ദദൎശ.	കണ്ടു.

രുദ്ധാം തു നഗരീം ദൃഷ്ട്വാ രാവണോ രാക്ഷസേശ്വരഃ
ഉവാചാമൎഷിതഃ കാലേ പ്രഹസ്തം യുദ്ധകോവിദം 5

രാക്ഷസേശ്വരഃ	രാക്ഷസരാജാവായ	കാലേ	ആ സമയം
രാവണഃ,	രാവണൻ,	അമൎഷിതഃ	കോപാവേശംപൂണ്ടു്
നഗരീം	നഗരത്തെ	യുദ്ധകോവിദം	യുദ്ധവിദഗ്ദ്ധനായ
രുദ്ധാം തു	നിരോധിക്കപ്പെട്ടതായി	പ്രഹസ്തം	പ്രഹസ്തനോടായി
ദൃഷ്ട്വാ	കണ്ടു്	ഉവാച.	ഇപ്രകാരം ഉരചെയ്തു.

പുരസ്യോപനിവിഷ്ടസ്യ സഹസാ പീഡിതസ്യ വാ
നാന്യം യുദ്ധാത് പ്രപശ്യാമി മോക്ഷം യുദ്ധവിശാരദ. 6

“ യുദ്ധവിശാരദ!	“ യുദ്ധത്തിൽ മിടുക്കുകൂടിയവനേ!	പുരസ്യ വാ,	നഗരത്തിന്നാകട്ടെ,
		യുദ്ധാത്	യുദ്ധമല്ലാതെ
സഹസാ	ഊക്കോടെ	അന്യം	മറെറാരു
പീഡിതസ്യ	ദ്രോഹിച്ച്	മോക്ഷം	മോചനവും
ഉപനിവിഷ്ടസ്യ	വളയപ്പെട്ടതായ	പ്രപശ്യാമി ന.	ഞാൻ കാണുന്നില്ല.

അഹം വാ കുംഭകൎണ്ണോ വാ ത്വം വാ സേനാപതിൎമ്മമ
ഇന്ദ്രജിദ്വാ നികുംഭോ വാ വഹേയുൎഭാരമീദൃശം. 7

“അഹം വാ,	“ഞാനോ,
കുംഭകൎണ്ണഃ വാ,	കുംഭകൎണ്ണനൊ,
ഇന്ദ്രജിത് വാ,	ഇന്ദ്രജിത്തൊ,
നികുംഭഃ വാ,	നികുംഭനൊ,
മമ	എന്റെ
സേനാപതിഃ	സേനാധിപനായ
ത്വം വാ,	നീയോ മാത്രമാണ്,
ഈദൃശം	ഇങ്ങിനെയുള്ള
ഭാരം	ഭാരത്തെ
വഹേയുഃ.	വഹിക്കേണ്ടവരായുള്ളത്.

സ ത്വം ബലമതഃ ശീഘ്രമാദായ പരിഗൃഹ്യ ച
വിജയായാഭിനിൎയ്യാഹി യത്ര സൎവ്വേ വനൌകസഃ. 8

“അതഃ,	“ആകയാൽ,
സഃ	അപ്രകാരമുള്ളവനായ
ത്വം	നീ
ശീഘ്രം	ഉടനെ
ബലം	സൈന്യത്തെ
പരിഗൃഹ്യ	തെയ്യാറാക്കി
ആദായ	കൂട്ടിക്കൊണ്ട്
വിജയായ ച,	വിജയംനേടുന്നതി[ന്നായി,
വനൌകസഃ	വാനരന്മാർ
സൎവ്വേ	എല്ലാവരും
യത്ര	ഉള്ളേടം
അഭിനിൎയ്യാഹി.	ചെന്നാലും.

നിൎയ്യാണാദേവ തേ നൂനം ചപലാ ഹരിവാഹിനീ
നൎദ്ദതാം രാക്ഷസേന്ദ്രാണാം ശ്രുത്വാ നാദം ദ്രവിഷ്യതി. 9

“ചപലാ	കരളുറപ്പില്ലാത്ത
ഹരിവാഹിനീ,	വാനരസൈന്യം,
തേ	നിന്റെ
നിൎയ്യാണാത്	പുറപ്പാടുകൊണ്ട്
നൎദ്ദതാം	അലറുന്ന
രാക്ഷസേന്ദ്രാണാം	രാക്ഷസശ്രേഷ്ഠന്മാരുടെ
നാദം	ആരവാരത്തെ
ശ്രുത്വാ ഏവ,	കേട്ടിട്ടുതന്നെ
നൂനം	തീൎച്ചയായും
ദ്രവിഷ്യതി.	ഓടിക്കളയുന്നതാണ്.

ചപലാ ഹ്യവിനീതാശ്ച ചലചിത്താശ്ച വാനരാഃ
ന സഹിഷ്യന്തി തേ നാദം സിംഹനാദമിവ ദ്വിപാഃ. 10

“ചപലാഃ	“ആലോചനയററവരും
അവിനീതാഃ ച	അച്ചടക്കമില്ലാത്തവരും
ചലചിത്താഃ ച	സ്ഥിരബുദ്ധിയില്ലാത്തവരുമായ
വാനരാഃ ഹി,	വാനരന്മാരാകട്ടെ,
ദ്വിപാഃ	ആനകൾ,
സിംഹനാദം	സിംഹത്തിന്റെ ഗൎജ്ജനത്തെ
ഇവ,	എന്നപോലെ,
തേ	നിന്റെ
നാദം	അലൎച്ചയെ
സഹിഷ്യന്തി ന.	സഹിക്കുകയില്ല.

വിദ്രുതേ ച ബലേ തസ്മിൻ രാമഃ സൌമിത്രിണാ സഹ
അവശസ്തേ നിരാലംബഃ പ്രഹസ്ത വശമേഷ്യതി. 11

“പ്രഹസ്ത!	“പ്രഹസ്ത!
തസ്മിൻ ബലേ	ആ സൈന്യം
വിദ്രുതേ ച,	ഓടിപ്പോയ ഉടനെത[ന്നെ,
രാമഃ	രാമൻ
സൌമിത്രിണാ	ലക്ഷ്മണനോടും
സഹ	കൂടി
നിരാലംബഃ	യാതൊരു ഗതിയുമി[ല്ലാതെ
അവശഃ	ഉഴന്നവനായി
തേ വശം	നിന്റെ കയ്യിൽ
ഏഷ്യതി.	അകപ്പെട്ടുപോകും.

ആപത്സംശയിതാ ശ്രേയോ ന തു നിസ്സംശയീകൃതാ
പ്രതിലോമാനുലോമം വാ യദ്വാ നോ മന്യസേ ഹിതം 12

ആപത്	ആപത്തിനെക്കുറിച്ച്
സംശയിതാ	സംശയിച്ചുകൊണ്ടിരിക്കുക എന്നത്
ശ്രേയഃ ന;	മനഃസമാധാനത്തെത്തന്നെ ഉണ്ടാക്കുകയില്ല;
തു	നേരെമറിച്ച്
നിഃസംശയീകൃതാ;	രണ്ടാലൊന്ന് സംശയമററതാക്കിയാലേ ഗുണമുള്ളൂ;
പ്രതിലോമാനുലോമം വാ	എൻെറ അഭിപ്രായത്തിന്ന് യോജിച്ചതോ അല്ലാത്തതോ ആയാലും
നഃ ഹിതം	നമുക്ക് ഹിതകരമായ
യത്	മറെറതൊന്നിനെയാണ്
മന്യസേ വാ?	നീ ഉദ്ദേശിക്കുന്നത്?

[“ആപത്” (യുദ്ധത്തിൽ മരണമെന്നത്), “സംശയിതാ” (സംശയഗ്രസ്തമാണെന്നുള്ളതിനാൽ) “ശ്രേയഃ” (ശ്രേയസ്കരമാണ്) യുദ്ധത്തിൽ ജയാപജയങ്ങൾ സ്ഥിരങ്ങളല്ലാത്തതിനാൽ ഒന്നുകിൽ ജയം കിട്ടാം, അല്ലാത്തപക്ഷം യുദ്ധംചെയ്തു മരിക്കുന്നതുതന്നെ സ്വർഗ്ഗപ്രദമാകയാലും ശ്രേയസ്സുതന്നെ എന്നു സാരം. “നിസ്സംശയീകൃതാ ന തു” (യുദ്ധംചെയ്യാതെ ശത്രുവിനാൽ വധിക്കപ്പെടുക എന്നത് ശ്രേയസ്കരമല്ല). “യത്രായുദ്ധേ ധ്രുവോ മൃത്യുര്യുദ്ധേ ജീവിതസംശയഃ. തമേവ കാലം യുദ്ധസ്യ പ്രവദന്തി മനീഷിണഃ” (യുദ്ധംചെയ്യാതിരുന്നാൽ ജീവഹാനി തീർച്ചയും, യുദ്ധംചെയ്താൽ ഒരുപക്ഷേ ജയം നേടിയേക്കാമെന്നതിനാൽ ജീവരക്ഷയും ഉണ്ടാകാമെന്നുള്ളതിനാൽ വിദ്വാന്മാർ അപ്രകാരമുള്ള ഘട്ടത്തിൽ യുദ്ധം ചെയ്യേണ്ടതുതന്നെയാണെന്ന് പറയുന്നു.) എന്ന വാക്യത്തിലടങ്ങിയതുതന്നെയാണിത് (ഗോ. രാ.)

“ആപത് സംശയിതാ” (യുദ്ധത്തിൽ മരണം സന്ദേഹവിഷയമാണ്). “ശ്രേയഃ ന തു” (വിജയമെന്നത്, നിൻെറ പരാക്രമത്തെ ആലോചിക്കുമ്പോൾ, സംശയിപ്പാൻതന്നെയില്ല.” അതിനാൽ “നിസ്സംശയീകൃതാ” (യുദ്ധം ചെയ്യേണമോ വേണ്ടയോ എന്നുള്ളതിനെക്കുറിച്ച് സംശയിപ്പാൻതന്നെയില്ല.) എന്നിത്യാദി തിലകം.]

രാവണേനൈവമുക്തസ്തു പ്രഹസ്തോ വാഹിനീപതിഃ
രാക്ഷസേന്ദ്രമുവാചേദമസുരേന്ദ്രമിവോശനാ. 13

രാവണേന	രാവണനാൽ
ഏവം ഉക്തഃ	ഇപ്രകാരം പറയപ്പെട്ട
വാഹിനീപതിഃ	സേനാധിപതിയായ
പ്രഹസ്തഃ തു,	പ്രഹസ്തൻ,
ഉശനാ	ശുക്രാചാര്യൻ
അസുരേന്ദ്രം ഇവ	അസുരരാജാവിനോടെന്നപോലെ,
രാക്ഷസേന്ദ്രം	രാക്ഷസരാജാവിനോടായി
ഇദം	ഇങ്ങിനെ
ഉവാച.	ഉണർത്തിച്ചു.

രാജൻ മന്ത്രിതപൂർവ്വം നഃ കുശലൈഃ സഹ മന്ത്രിഭിഃ
വിവാദശ്ചാപി നോ വൃത്തഃ സമവേക്ഷ്യ പരസ്പരം. 14

“രാജൻ!	“രാജാവേ!
നഃ	നമുക്ക്
സമവേക്ഷ്യ,	ദീർഘാലോചനചെയ്തിട്ടും,
പരസ്പരം	തമ്മിൽതമ്മിൽ
വിവാദഃ ച	അഭിപ്രായഭേദംതന്നെ
വൃത്തഃ;	ഉണ്ടായി;
അപി	എങ്കിലും
നഃ	നമ്മുടെ
കുശലൈഃ	സമർത്ഥന്മാരായ
മന്ത്രിഭിഃ സഹ	മന്ത്രിമാരോടുകൂടി
മന്ത്രിതപൂർവ്വം.	ആദ്യംതന്നെ ഈ സംഗതി തീർച്ചയാക്കപ്പെട്ടിട്ടുള്ളതാണ്.

പ്രദാനേ ന തു സീതായാഃ ശ്രേയോ വ്യവസിതം മയാ
അപ്രദാനേ പുനര്യുദ്ധം ദൃഷ്ടമേതത്തഥൈവ നഃ. 15

"സീതായാഃ	"സീതയെ	അപ്രദാനേ പുനഃ	മടക്കിക്കൊടുക്കാതിരുന്നാലോ
പ്രദാനേ,	മടക്കിക്കൊടുക്കുന്ന കാര്യത്തിൽ	തഥാ	അപ്രകാരം
ശ്രേയഃ തു	ഒരു ശ്രേയസ്സും	നഃ	നമുക്ക്
ന	ഇല്ലെന്ന്	ഏതത്	ഇപ്പോഴുണ്ടായിട്ടുള്ള
മയാ	എന്നാൽ	യുദ്ധം ഏവ	യുദ്ധംതന്നെയാണെന്നും
വ്യവസിതം;	തീൎച്ചയാക്കപ്പെട്ടതാണ്;	ദൃഷ്ടം.	മുൻകൂട്ടികാണപ്പെട്ടിട്ടുള്ളതുംതന്നെ.

സോഽഹം ദാനൈശ്ച മാനൈശ്ച സതതം പൂജിതസ്ത്വയാ
സാന്ത്വൈശ്ച വിവിധൈഃ കാലേ കിം ന കുൎയ്യാം പ്രിയം തവ. 16

"ത്വയാ,	"നിന്തിരുവടിയാൽ,	പൂജിതഃ,	ബഹുമാനിക്കപ്പെട്ടവനായ,
സതതം	പലപ്പോഴും	സഃ	ആ
ദാനൈഃ	സദ്ദാനങ്ങളാലും	അഹം,	ഞാൻ,
മാനൈഃ ച	ബഹുമാനങ്ങളാലും	തവ	നിന്തിരുവടിക്ക്
കാലേ	തക്കസമയത്തിൽ	പ്രിയം	പ്രിയമായ
വിവിധൈഃ	പലവിധമായ	കിം ച	എന്തൊന്നുതന്നെയാണ്
സാന്ത്വൈഃ ച	സമാധാനവാക്കുകളാലും	ന കുൎയ്യാം?	ചെയ്യാതിരിക്കുക?

ന ഹി മേ ജീവിതം രക്ഷ്യം പുത്രദാരധനാനി വാ
ത്വാം പശ്യ മാം ജുഹൂഷന്തം ത്വദൎത്ഥം ജീവിതം യുധി. 17

"മേ	"എനിക്ക്	യുധി	യുദ്ധത്തിൽ
ജീവിതം	ജീവൻ	ത്വദൎത്ഥം	നിന്തിരുവടിക്കുവേണ്ടി
രക്ഷ്യം ന;	ഒരു ലക്ഷ്യം അല്ല;	ജീവിതം ഹി	ജീവനേയും
പുത്രദാരധനാനി	പുത്രന്മാർ, ഭാൎയ്യ, ധനം മുതലായവയും	ജുഹൂഷന്തം	ബലികൊടുക്കുന്നവനായി
വാ;	അപ്രകാരം തന്നെ വിലയുള്ളതല്ല;	മാം,	എന്നെ,
		ത്വം	നിന്തിരുവടി
		പശ്യ."	കണ്ടുകൊൾക."

ഏവമുക്ത്വാ തു ഭൎത്താരം രാവണം വാഹിനീപതിഃ
ഉവാചേദം ബലാധ്യക്ഷാൻ പ്രഹസ്തഃ പുരതഃ സ്ഥിതാൻ. 18

വാഹിനീപതിഃ	സേനാധിപതിയായ	പുരതഃ	മുമ്പിൽ
പ്രഹസ്തഃ,	പ്രഹസ്തൻ,	സ്ഥിതാൻ	കാത്തുനിന്നിരുന്ന
ഭൎത്താരം	സ്വാമിയായ	ബലാധ്യക്ഷാൻ	സൈന്യാധിപന്മാരെ നോക്കി
രാവണം	രാവണനോടായി		
ഏവം	ഇപ്രകാരം	ഇദം	ഇപ്രകാരം
ഉക്ത്വാ തു	ഉണൎത്തിച്ചശേഷം	ഉവാച.	ആജ്ഞാപിച്ചു.

സമാനയത മേ ശീഘ്രം രാക്ഷസാനാം മഹദ്ബലം. 19

"മേ	"എന്റെ	രാക്ഷസാനാം ബലം	രാക്ഷസസൈന്യത്തെ
മഹത്	വിശിഷ്ടതയാന്ന	ശീഘ്രം	വേഗത്തിൽ
		സമാനയത.	വരുത്തുവിൻ.

മദ്ബാണശതവേഗേന ഹതാനാം ച രണാജിരേ
അദ്യ തൃപ്യന്തു മാംസാദാഃ പക്ഷിണഃ കാനനൌകസാം 20

"രണാജിരേ,	"പടക്കളത്തിൽ,	മാംസാദാഃ	മാംസഭക്ഷകളായ
മദ്ബാണശതവേഗേന	നൂറുകണക്കായ എന്റെ ശരവേഗത്താൽ	പക്ഷിണഃ	പക്ഷികൾ
ഹതാനാം	കൊന്നുവീഴ്ത്തപ്പെട്ട	അദ്യ ച	ഇക്ഷണംതന്നെ
കാനനൌകസാം	വാനരന്മാരെക്കൊണ്ടു	തൃപ്യന്തു."	തൃപ്തിപ്പെടട്ടെ".

ഇത്യുക്താസ്തേ പ്രഹസ്തേന ബലാധ്യക്ഷാഃ കൃതത്വരാഃ
ബലമുദ്യോജയാമാസുസ്തസ്മിൻ രാക്ഷസമന്ദിരേ. 21

പ്രഹസ്തേന	പ്രഹസ്തനാൽ	കൃതത്വരാഃ	അതിജാഗ്രതയോടുകൂടി
ഇതി	ഇപ്രകാരം	തസ്മിൻ	ആ
ഉക്താഃ	കല്പിക്കപ്പെട്ടവരായ	രാക്ഷസമന്ദിരേ	രാക്ഷസനഗരത്തിൽ
തേ	ആ	ബലം	സൈന്യത്തെ
ബലാധ്യക്ഷാഃ	സേനാധിപന്മാർ	ഉദ്യോജയാമാസുഃ.	തെയ്യാറാക്കിനിൎത്തി.

സാ ബഭൂവ മുഹൂൎത്തേന തിഗ്മനാനാവിധായുധൈഃ
ലങ്കാ രാക്ഷസവീരൈസ്തൈൎഗജൈരിവ സമാകുലാ. 22

സാ ലങ്കാ,	ആ ലങ്കാനഗരം,	ഗജൈഃ	ആനകളെക്കൊണ്ടെന്ന
തിഗ്മനാനാവിധായുധൈഃ	തീക്ഷ്ണങ്ങളായ അനേക ആയുധങ്ങളോടു [കൂടിയ	ഇവ	പോലെ
തൈഃ	ആ	മുഹൂൎത്തേന	അല്പനേരംകൊണ്ടു
രാക്ഷസവീരൈഃ,	രാക്ഷസവീരന്മാരാൽ,	സമാകുലാ	നിറയപ്പെട്ടതായി
		ബഭൂവ.	ഭവിച്ചു.

ഹുതാശനം തൎപ്പയതാം ബ്രാഹ്മണാംശ്ച നമസ്യതാം
ആജ്യഗന്ധപ്രതിവഹഃ സുരഭിൎമ്മാരുതോ വവൌ. 23

മാരുതഃ ച	വായുവും,	ഹുതാശനം തൎപ്പയതാം	അഗ്നിയിൽ ഹോമം ചെയ്യുന്നവരുടേയും
ബ്രാഹ്മണാൻ	ബ്രാഹ്മണരെ	ആജ്യഗന്ധപ്രതിവഹഃ	നെയ്മണം വഹിച്ചുംകൊണ്ടും
നമസ്യതാം	(ഗന്ധപുഷ്പാദികൾ കൊണ്ടു്) പൂജിക്കുന്നവരുടേയും	സുരഭിഃ	നല്ലവാസനയുള്ളതായും
		വവൌ.	വീശി.

സ്രജശ്ച വിവിധാകാരാ ജഗൃഹുസ്ത്വഭിമന്ത്രിതാഃ
സംഗ്രാമസജ്ജാഃ സംഹൃഷ്ടാ ധാരയൻ രാക്ഷസാസ്തദാ. 24

തദാ	അപ്പോൾ	അഭിമന്ത്രിതാഃ	(രക്ഷയ്ക്കായി) മന്ത്രങ്ങൾ ജപിച്ചു് ഊത[പ്പെട്ട
രാക്ഷസാഃ	രാക്ഷസന്മാർ	വിവിധാകാരാഃ	പലമാതിരി
സംഗ്രാമസജ്ജാഃ	യുദ്ധസന്നദ്ധന്മാരായി	സ്രജഃ	മാലകളെ
സംഹൃഷ്ടാഃ തു,	ഉത്സാഹത്തോടുകൂടിയവരായ്ത്തന്നെ	ജഗൃഹുഃ,	വാങ്ങി,
		ധാരയൻ ച	ധരിച്ചുകൊണ്ടു.

സധനുഷ്കാഃ കവചിനോ വേഗാദാപ്ലുത്യ രാക്ഷസാഃ
രാവണം പ്രേക്ഷ്യ രാജാനം പ്രഹസ്തം പൎയ്യവാരയൻ. 25

രാക്ഷസാഃ	രാക്ഷസന്മാർ	രാവണം രാജാനം	രാവണമഹാരാജാവിനെ
സധനുഷ്കാഃ	വില്ലേന്തി		
കവചിനഃ	ചട്ടപൂണ്ടവരായി	പ്രേക്ഷ്യ	മുഖംകാണിച്ചു ശേഷം
വേഗാത്	വേഗത്തിൽ	പ്രഹസ്തം	പ്രഹസ്തനെ
ആപ്ലുത്യ	ഓടിച്ചെന്നു്,	പൎയ്യവാരയൻ.	ചുഴന്നുകൊണ്ടു നിന്നു.

അഥാമന്ത്ര്യ ച രാജാനം ഭേരീമാഹത്യ ഭൈരവാം
ആരുരോഹ രഥം ദിവ്യം പ്രഹസ്തഃ സജ്ജകല്പിതം. 26

പ്രഹസ്തഃ	പ്രഹസ്തൻ	ആഹത്യ,	അടിച്ചു മുഴക്കിക്കൊണ്ടു
അഥ	അപ്പോൾ	സജ്ജകല്പിതം	തെയ്യാറായി കൊണ്ടുവന്നു നിൎത്തപ്പെട്ട
രാജാനം	മഹാരാജാവിനോട്		
ആമന്ത്ര്യ, ച	വിടവാങ്ങിക്കൊണ്ടു്,	ദിവ്യം	മനോഹരമായ
ഭൈരവാം	ഭയങ്കരമായ	രഥം	രഥത്തിൽ
ഭേരീം	പെരുമ്പറ	ആരുരോഹ.	കയറി.

ഹയൈൎമ്മഹാജവൈൎയ്യുക്തം സമ്യക്സൂതസുസംയതം
മഹാജലദനിൎഘോഷം സാക്ഷാച്ചന്ദ്രാൎക്കഭാസ്വരം 27
ഉരഗധ്വജദുൎദ്ധൎഷം സുവരൂഥം സ്വപസ്കരം
സുവൎണ്ണജാലസംയുക്തം പ്രഹസന്തമിവ ശ്രിയാ 28
തതസ്തം രഥമാസ്ഥായ രാവണാൎപ്പിതശാസനഃ
ലങ്കായാ നിൎയ്യയൗ തൂൎണ്ണം ബലേന മഹതാഽഽവൃതഃ. 29

തതഃ	അനന്തരം	സമ്യക്സൂതസുസംയതം	സമൎത്ഥനായ സാരഥിയാൽ തെളിക്കപ്പെട്ടതും
രാവണാൎപ്പിതശാസനഃ,	രാവണനാൽ നൽകപ്പെട്ട ആജ്ഞകയ്യോണ്ടവനായ അവൻ,	മഹാജലദനിൎഘോഷം	വൻമേഘത്തിന്റെ മുഴക്കംപോലുള്ള ശബ്ദത്തോടുകൂടിയതും
മഹാജവൈഃ	അതിവേഗതയാൎന്ന		
ഹയൈഃ യുക്തം	കുതിരകളോടുകൂടിയതും		

സാക്ഷാ-ച്ചന്ദ്രാൎക്ക-ഭാസ്വരം	സാക്ഷാത് ചന്ദ്രസൂൎയ്യന്മാരെപ്പോലെ പ്രകാശിക്കുന്നതും
ഉരഗധ്വജ-ദുൎദ്ധൎഷം	അടുപ്പാൻ സാധിക്കാത്ത സൎപ്പക്കൊടിയാന്നതും
സുവരൂഥം	നല്ല കൂടോടുകൂടിയതും
സ്വപസ്കരം	നല്ല ചക്രങ്ങളോടുകൂടിയതും
സുവൎണ്ണജാല-സംയുക്തം,	സുവൎണ്ണജനല്കളോടുകൂടിയതും,
ശ്രിയാ	ശോഭകൊണ്ട്
പ്രഹസന്തം ഇവ	ചിരിക്കുന്നതുപോലെ [യിരിക്കുന്നതുമായ
തം	ആ
രഥം	തേരിൽ
ആസ്ഥായ,	കയറിക്കൊണ്ട്,
മഹതാ	വമ്പിച്ച
ബലേന	സൈന്യത്താൽ
ആവൃതഃ	ചൂഴപ്പെട്ടവനായി
ലങ്കായാഃ	ലങ്കാപുരത്തിൽനിന്ന്
തൂൎണ്ണം	അതിവേഗത്തിൽ
നിൎയ്യയൌ.	പുറപ്പെട്ടു.

തതോ ദുന്ദുഭിനിൎഘോഷഃ പൎജ്ജന്യനിനദോപമഃ
വാദിത്രാണാം ച നിനദഃ പൂരയന്നിവ സാഗരം 30
ശുശ്രുവേ ശംഖശബ്ദശ്ച പ്രയാതേ വാഹിനീപതൌ. 31

തതഃ,	ആ സമയം,
വാഹിനീപതൌ	സേനാധിപനായ പ്രഹസ്തൻ
പ്രയാതേ,	പുറപ്പെട്ടപ്പോൾ,
പൎജ്ജന്യ-നിനദോപമഃ	ഇടിമുഴക്കം പോലുള്ള
ദുന്ദുഭി-നിൎഘോഷഃ,	ദുന്ദുഭി വാദ്യങ്ങളുടെ ശബ്ദവും,
സാഗരം	സമുദ്രത്തെ
പൂരയൻ ഇവ	മുഴക്കുന്നതുപോലെയുള്ള
വാദിത്രാണാം നിനദഃ ച	വാദ്യങ്ങളുടെ ഘോഷവും
ശംഖശബ്ദഃ ച;	ശംഖനാദവും,
ശുശ്രുവേ.	കേൾക്കപ്പെട്ടു.

നിനദന്തഃ സ്വരാൻ ഘോരാൻ രാക്ഷസാ ജഗ്മുരഗ്രതഃ
ഭീമരൂപാ മഹാകായാഃ പ്രഹസ്തസ്യ പുരസ്സരാഃ. 32

ഭീമരൂപാഃ	ഘോരരൂപന്മാരും
മഹാകായാഃ	ക്രൂരന്മാരുമായ
പ്രഹസ്തസ്യ	പ്രഹസ്തന്റെ
പുരഃസരാഃ,	അനുചരന്മാരായ,
രാക്ഷസാഃ,	രാക്ഷസന്മാർ,
ഘോരാൻ സ്വരാൻ	ഭയങ്കരശബ്ദങ്ങളെ
നിനദന്തഃ,	പുറപ്പെടീച്ചുംകൊണ്ട്,
അഗ്രതഃ	മുമ്പിൽ
ജഗ്മുഃ.	നടന്നു.

നരാന്തകഃ കുംഭഹനുൎമ്മഹാനാദഃ സമുന്നതഃ
പ്രഹസ്തസചിവാ ഹ്യേതേ നിൎയ്യയുഃ പരിവാൎയ്യ തം. 33

പ്രഹസ്ത-സചിവാഃ	പ്രഹസ്തന്റെ മന്ത്രിമാരായ
നരാന്തകഃ	നരാന്തകൻ
കുംഭഹനുഃ	കുംഭഹനു
മഹാനാദഃ	മഹാനാദൻ
സമുന്നതഃ	സമുന്നതൻ
ഏതേ,	എന്ന ഇവർ,
തം ഹി	അവനെത്തന്നെ
പരിവാൎയ്യ	ചുഴന്നുംകൊണ്ട്
നിൎയ്യയുഃ.	നടന്നു.

വ്യൂഢേനൈവ സുഘോരേണ പൂൎവ്വദ്വാരാത് സ നിൎയ്യയൌ
ഗജയൂഥനികാശേന ബലേന മഹതാ വൃതഃ. 34

സഃ	അവൻ	ബലേന	സൈന്യത്താൽ
സുഘോരേണ	അതിഭയങ്കരവും	വൃതഃ,	ചൂഴപ്പെട്ടവനായി
വ്യൂഢേന	അണിനിരന്നതും	പൂൎവ്വദ്വാരാത്	കിഴക്കെ കോട്ടവാതിൽക്കൽനിന്ന്
ഗജയൂഥനികാശേന	ആനക്കൂട്ടംപോലെയുള്ളതും		
മഹതാ ഏവ	വമ്പിച്ചതുമായ	നിൎയ്യയൌ.	പുറത്തുവന്നു.

സാഗരപ്രതിമൌഘേന വൃതസ്തേന ബലേന സഃ
പ്രഹസ്തോ നിൎയ്യയൌ തൂൎണ്ണം കാലാന്തകയമോപമഃ 35

കാലാന്തകയമോപമഃ	പ്രളയകാലത്തിലെ യമനെപ്പോലുള്ളവ[നായ	തേന	ആ
സഃ പ്രഹസ്തഃ,	ആ പ്രഹസ്തൻ,	ബലേന	സൈന്യത്താൽ
സാഗരപ്രതിമൌഘേന	ആഴിത്തിരപോലെയുള്ള	വൃതഃ,	ചൂഴപ്പെട്ടവനായി,
		തൂൎണ്ണം	വേഗത്തിൽ
		നിൎയ്യയൌ.	വന്നുതുടങ്ങി.

തസ്യ നിൎയ്യാണഘോഷേണ രാക്ഷസാനാം ച നൎദ്ദതാം
ലങ്കായാം സൎവ്വഭൂതാനി വിനേദുൎവ്വികൃതൈഃ സ്വരൈഃ. 36

തസ്യ	അവന്റെ	ലങ്കായാം	ലങ്കയിൽ
നിൎയ്യാണഘോഷേണ	പുറപ്പാടിന്റെ ഘോഷത്താൽ	സൎവ്വഭൂതാനി	സൎവ്വപ്രാണികളും
രാക്ഷസാനാം	രാക്ഷസന്മാർ	വികൃതൈഃ സ്വരൈഃ വിനേദുഃ.	വികൃതസ്വരങ്ങൾ പുറപ്പെടീച്ചു.
നൎദ്ദതാം ച,	ഗൎജ്ജിച്ചാറെ,		

വ്യഭ്രമാകാശമാവിശ്യ മാംസശോണിതഭോജനാഃ
മണ്ഡലാന്യപസവ്യാനി ഖഗാശ്ചക്രൂ രഥം പ്രതി. 37

മാംസശോണിതഭോജനാഃ	മാംസത്തേയും രക്തത്തേയും ഭുജിക്കുന്ന	ആവിശ്യ,	പുക്ക്,
		രഥം പ്രതി	തേരിനെ ചുററി
ഖഗാഃ,	പക്ഷികൾ,	അപസവ്യാനി	അപ്രദക്ഷിണമായി
വ്യഭ്രം	നിൎമ്മലമായ	മണ്ഡലാനി ചക്രുഃ.	വട്ടംചുററി.
ആകാശം	ആകാശത്തിൽ		

വമന്ത്യഃ പാവകജ്വാലാഃ ശിവാ ഘോരം വവാശിരേ
അന്തരിക്ഷാത് പപാതോല്കാ വായുശ്ച പരുഷോ വവൌ. 38

ശിവാഃ	കുറുനരികൾ
പാവകജ്വാലാഃ	അഗ്നിജ്വാലകളെ
വമന്ത്യഃ,	വമിച്ചുകൊണ്ടു,
ഘോരം	ഭയങ്കരമായി
വവാശിരേ;	ഓരിയിട്ടു;
അന്തരിക്ഷാത്	ആകാശത്തിൽനിന്ന്
ഉല്കാ	കൊള്ളിമീൻ
പപാത;	വീണു;
വായുഃ ച	കാററും
പരുഷഃ വവൌ.	ഊക്കോടെ അടിച്ചു.

അന്യോന്യമഭിസംരബ്ധാ ഗ്രഹാശ്ച ന ചകാശിരേ. 39

ഗ്രഹാഃ ച	നവഗ്രഹങ്ങളും
അന്യോന്യം	പരസ്പരം
അഭിസംരബ്ധാഃ	യുദ്ധമേൎപ്പെട്ടവയായി
ചകാശിരേ ന.	പ്രകാശിക്കാതിരുന്നു.

മേഘാശ്ച ഖരനിർഘോഷാ രഥസ്യോപരി രക്ഷസഃ
വവൃഷൂ രുധിരം ചാസ്യ സിഷിചുശ്ച പുരസ്സരാൻ. 40

മേഘാഃ ച	മേഘങ്ങളും
ഖരനിർഘോഷാഃ	ഘോരമായിഗൎജ്ജിച്ചു കൊണ്ടു
അസ്യ	ഈ
രക്ഷസഃ	രാക്ഷസന്റെ
രഥസ്യ ഉപരി,	തേരിൻമീതെ,
രുധിരം ച	രക്തത്തെയും
വവൃഷുഃ;	വൎഷിച്ചു;
പുരഃസരാൻ ച	പരിവാരങ്ങളേയും
സിഷിചുഃ.	മുക്കി.

കേതുമൂർദ്ധ്നി ഗൃധ്രോऽസ്യ നിലീനോ ദക്ഷിണാമുഖഃ
തുദന്നുഭയതഃ പാൎശ്വം സമഗ്രാമഹരത് പ്രഭാം. 41

അസ്യ	ഇവന്റെ
കേതുമൂർദ്ധ്നി	കൊടിയുടെഅററത്തിൽ
ഗൃദ്ധ്രഃ	ഒരു കഴുകൻ
ദക്ഷിണാമുഖഃ	തെക്കോട്ടുനോക്കി
നിലീനഃ,	ഇരുന്നുംകൊണ്ട്,
ഉഭയതഃ പാൎശ്വം	രണ്ടു ഭാഗങ്ങളിലും
തുദൻ,	കൊക്കുകൊണ്ടു കൊത്തിക്കൊണ്ട്,
പ്രഭാം സമഗ്രാം	കാന്തിയെല്ലാം
അഹരത്.	ഇല്ലാതാക്കി.

സാരഥേർബ്ബഹുശശ്ചാസ്യ സംഗ്രാമമവഗാഹതഃ
പ്രതോദോ ന്യപതദ്ധസ്താത് സൂതസ്യ ഹയസാദിനഃ. 42

സംഗ്രാമം	യുദ്ധത്തിന്നു
അവഗാഹതഃ	ചെല്ലുന്ന
അസ്യ	ഇവന്റെ
ഹയസാദിനഃ ച	കുതിരകളെ തെളിക്കുന്നതിൽ സമൎത്ഥനും
സൂതസ്യ	ചാട്ടയെ നല്ലപോലെ പിടിച്ചിരുന്നവനുമായ
സാരഥേഃ	സാരഥിയുടെ
ഹസ്താത്,	കയ്യിൽ നിന്നു,
പ്രതോദഃ	ചാട്ട
ബഹുശഃ	പലകുറി
ന്യപതത്.	വഴുതിവീണു.

നിര്യ്യാണശ്രീശ്ച യാഽസ്യാഽഽസീദ് ഭാസ്വരാ വസുദുർല്ലഭാ
സാ നനാശ മുഹൂർത്തേന സമേ ച സ്ഖലിതാ ഹയാഃ. 43

അസ്യ	ഇവന്റെ	ആസീത്,	ഇരുന്നിരുന്നുവോ,
യാ	യാതൊരു	സാ	അത്
നിര്യ്യാണശ്രീഃ	യുദ്ധയാത്രാ കാലത്തിലുള്ള ശ്രീ	മുഹൂർത്തേന	ഒരുക്ഷണനേരത്തിൽ
		നനാശ;	മങ്ങിപ്പോയി;
ഭാസ്വരാ	നല്ല തെളിവുള്ളതായും	ഹയാഃ	കുതിരകൾ
വസുദുർല്ലഭാ ച	അഷ്ടവസുക്കൾക്കുംകൂടി ദുർല്ലഭമായതായും	സമേ ച	സമനിരപ്പിലുംകൂടി
		സ്ഖലിതാഃ	കാലിടറി.

പ്രഹസ്തം ത്വഭിനിര്യ്യാന്തം പ്രഖ്യാതബലപൌരുഷം
യുധി നാനാപ്രഹരണാ കപിസേനാഽഭ്യവർത്തത. 44

പ്രഖ്യാതബലപൌരുഷം	പ്രസിദ്ധപ്പെട്ട ബലവും പൌരുഷവുമാന്നവനും	കപിസേനാ	വാനരസൈന്യം
അഭിനിര്യ്യാന്തം	എതിർത്തുവരുന്നവനുമായ	നാനാപ്രഹരണാ	പല ആയുധങ്ങളോടുംകൂടി
		യുധി	യുദ്ധത്തിൽ
പ്രഹസ്തം,	പ്രഹസ്തനെ,	അഭ്യവർത്തത.	എതിർത്തു.

അഥ ഘോഷഃ സുതുമുലോ ഹരീണാം സമജായത
വൃക്ഷാനാരുജതാം ചൈവ ഗുർവ്വീരാഗൃഹ്ണതാം ശിലാഃ. 45

അഥ,	അപ്പോൾ,	ആഗൃഹ്ണതാം ഏവ	പുഴക്കി എടുക്കുന്നവരുമായ
വൃക്ഷാൻ	മരങ്ങളെ	ഹരീണാം	വാനരന്മാരുടെ
ആരുജതാം ച	പറിച്ചെടുക്കുന്നവരും	സുതുമുലഃ	അതിഗംഭീരമായ
ഗുർവ്വീഃ	ഊക്കൻ	ഘോഷഃ	ഘോഷം
ശിലാഃ	പാറകളെ	സമജായത.	ഉണ്ടായി.

നദതാം രാക്ഷസാനാം ച വാനരാണാം ച ഗർജ്ജതാം
ഉഭേ പ്രമുദിതേ സൈന്യേ രക്ഷോഗണവനൌകസാം. 46

രാക്ഷസാനാം	രാക്ഷസന്മാർ	രക്ഷോഗണവനൌകസാം	രാക്ഷസന്മാരുടേയും വാനരന്മാരുടേയും
നദതാം ച	അക്കുമ്പോഴും		
വാനരാണാം	വാനരന്മാർ	ഉഭേ സൈന്യേ	ആ രണ്ടു പടകളും
ഗർജ്ജതാം ച	ഗർജ്ജിക്കുമ്പോഴും	പ്രമുദിതേ.	ഉത്സാഹമുൾക്കൊണ്ടു.

വേഗിതാനാം സമർത്ഥാനാമന്യോന്യവധകാംക്ഷിണാം
പരസ്പരം ചാഹ്വയതാം നിനാദഃ ശ്രൂയതേ മഹാൻ 47

വേഗിതാനാം	ഊക്കേറിയവരും	പരസ്പരം	അന്യോന്യം
സമർത്ഥാനാം	സാമർത്ഥ്യശാലികളും	ആഹ്വയതാം ച	പോർക്കുവിളിക്കുന്നവരു[മായഭടന്മാരുടെ
അന്യോന്യവധകാംക്ഷിണാം	അന്യോന്യം കൊല്ലുവാൻകൊതിച്ചു	നിനാദഃ	ശബ്ദം
		മഹാൻ	ഉച്ചത്തിൽ
		ശ്രൂയതേ.	കേൾക്കപ്പെട്ടു.

തതഃ പ്രഹസ്തഃ കപിരാജവാഹിനീ-
മഭിപ്രതസ്ഥേ വിജയായ ദുർമ്മതിഃ
വിവൃദ്ധവേഗാം ച വിവേശ താം ചമൂം
യഥാ മുമൂർഷുഃ ശലഭോ വിഭാവസും. 48

തതഃ,	അപ്പോൾ,	വിവൃദ്ധവേഗാം	വൎദ്ധിച്ചഉത്സാഹത്തോടുകൂടിയ
ദുർമ്മതിഃ	ബുദ്ധിഹീനനായ	താം	ആ
പ്രഹസ്തഃ,	പ്രഹസ്തൻ,	ചമൂം ച,	സൈന്യത്തിൽ,
വിജയായ,	വിജയം നേടുന്നതിന്നായി	മുമൂർഷുഃ	ചാവാനായി,
		ശലഭഃ	പാററ
കപിരാജ-വാഹിനീം	സുഗ്രീവന്റെ സൈന്യത്തെ	വിഭാവസും	തീയ്യിൽ
		യഥാ	എന്നപോലെ
അഭിപ്രതസ്ഥേ;	എതിൎത്തുചെന്നു;	വിവേശ.	ചെന്നുവീണു.

ഇത്യാൎഷേ ശ്രീമദ്രാമായണേ വാല്മീകീയേ ആദികാവ്യേ യുദ്ധകാണ്ഡേ
സപ്തപഞ്ചാശഃ സർഗ്ഗഃ = അമ്പത്തേഴാം സർഗ്ഗം സമാപ്തം.
ആദ്യം മുതൽ ശ്ലോകസംഖ്യ **16941** ; യുദ്ധകാണ്ഡം ആദ്യം മുതൽ ശ്ലോകസംഖ്യ **2266**.

അഷ്ടപഞ്ചാശഃ സർഗ്ഗഃ = അമ്പത്തെട്ടാംസർഗ്ഗം.

[പ്രഹസ്തവധഃ=പ്രഹസ്തവധം]

തതഃ പ്രഹസ്തം നിര്യാന്തം ദൃഷ്ട്വാ ഭീമപരാക്രമം
ഉവാച സസ്മിതം രാമോ വിഭീഷണമരിന്ദമഃ. 1

തതഃ	അപ്പോൾ	പ്രഹസ്തം	പ്രഹസ്തനെ
അരിന്ദമഃ	ശത്രുസംഹാരകനായ	ദൃഷ്ട്വാ,	കണ്ട്,
രാമഃ,	ശ്രീരാമൻ,	വിഭീഷണം	വിഭീഷണനോടായി
ഭീമപരാക്രമം	ഭയങ്കരമായ പരാക്രമത്തോടുകൂടി	സസ്മിതം	പുഞ്ചിരിയോടെ
നിര്യാന്തം	വന്നുകൊണ്ടിരിക്കുന്ന	ഉവാച.	ഇപ്രകാരം ചോദ്യം ചെയ്തു.

ക ഏഷ സുമഹാകായോ ബലേന മഹതാ വൃതഃ
ആചക്ഷ്വ മേ മഹാബാഹോ വീര്യവന്തം നിശാചരം. 2

"മഹാബാഹോ!	"മഹാബലശാലിയായ വിഭീഷണ!	ഏഷഃ	ഇവൻ
		കഃ ?	ആരാണ് ?
സുമഹാകായഃ	ഏററവും വലിയ ശരീരത്തോടുകൂടിയവനും,	വീര്യവന്തം	വീര്യവാനായ
		നിശാചരം	ഈ രാക്ഷസനെക്കുറിച്ച്
മഹതാ	വലുതായ		
ബലേന	സൈന്യത്താൽ	മേ	എന്നോട്
വൃതഃ	ചൂഴപ്പെട്ടുമിരിക്കുന്ന	ആചക്ഷ്വ."	പറയുക."

രാഘവസ്യ വചഃ ശ്രുത്വാ പ്രത്യുവാച വിഭീഷണഃ. 3

വിഭീഷണഃ,	വിഭീഷണൻ,	ശ്രുത്വാ	കേട്ടു്
രാഘവസ്യ	ശ്രീരാമന്റെ	പ്രത്യുവാച.	ഇപ്രകാരം മറുപടി യുണർത്തിച്ചു.
വചഃ	വാക്കു്		

ഏഷ സേനാപതിസ്തസ്യ പ്രഹസ്തോ നാമ രാക്ഷസഃ
ലങ്കായാം രാക്ഷസേന്ദ്രസ്യ ത്രിഭാഗബലസംവൃതഃ. 4

" ലങ്കായാം	" ലങ്കയിൽ	സേനാപതിഃ	സേനാപതിയുമായ
തസ്യ	ആ	പ്രഹസ്തഃ	പ്രഹസ്തൻ
രാക്ഷസേന്ദ്രസ്യ	രാക്ഷസരാജാവിന്റെ	നാമ	എന്ന
ത്രിഭാഗബല-സംവൃതഃ	സൈന്യത്തിൽ മൂന്നിലൊരു ഭാഗത്തോടു കൂടിയവനും	രാക്ഷസഃ	രാക്ഷസനാകുന്ന
		ഏഷഃ.	ഇവൻ.

വീര്യവാനസ്ത്രവിച്ഛൂരഃ പ്രഖ്യാതശ്ച പരാക്രമേ. 5

" വീര്യവാൻ,	" വീര്യവാനും	ശൂരഃ ച	ശൂരനും ആണെന്നു്
അസ്ത്രവിത്,	അസ്ത്രവിദ്യയിൽ നിപുണനും	പ്രഖ്യാതഃ".	പ്രസിദ്ധപ്പെട്ടവനുമാണു്."
പരാക്രമേ	പരാക്രമത്തിൽ		

തതഃ പ്രഹസ്തം നിര്യാന്തം ഭീമം ഭീമപരാക്രമം
ഗർജ്ജന്തം സുമഹാകായം രാക്ഷസൈരഭിസംവൃതം 6
ദദർശ മഹതീ സേനാ വാനരാണാം ബലീയസാം
അതിസഞ്ജാതരോഷാണാം പ്രഹസ്തമഭിഗർജ്ജതാം. 7

തതഃ	അപ്പോൾ	ഭീമം	ഭയങ്കരനും
ബലീയസാം	ബലശാലികളും	ഭീമപരാക്രമം	ഘോരപരാക്രമശാലിയും
അതി-സഞ്ജാത-രോഷാണാം	അതിയായ കോപമുൾക്കൊണ്ടവരും	സുമഹാകായം	പെരുംകൂററനും
		രാക്ഷസൈഃ	രാക്ഷസന്മാരാൽ
		അഭിസംവൃതം	ചുററപ്പെട്ടവനും ആയ
പ്രഹസ്തം	പ്രഹസ്തനെനോക്കി	പ്രഹസ്തം,	പ്രഹസ്തനെ,
അഭിഗർജ്ജതാം	ഗർജ്ജിക്കുന്നവരുമായ	ഗർജ്ജന്തം	അട്ടഹസിച്ചുകൊണ്ടു്
വാനരാണാം	വാനരന്മാരുടെ	നിര്യാന്തം	അടുക്കുന്നവനായി
മഹതീ സേനാ,	വമ്പിച്ച സൈന്യം,	ദദർശ.	കണ്ടു.

ഖഡ്ഗശക്ത്യൃഷ്ടിബാണാശ്ച ശൂലാനി മുസലാനി ച
ഗദാശ്ച പരിഘാഃ പ്രാസാ വിവിധാശ്ച പരശ്വധാഃ 8

ഖഡ്ഗ-ശക്ത്യൃഷ്ടി-ബാണാഃ ച	വാളുകളും, വേലുകളും രണ്ടുഭാഗവും മൂർച്ചയുള്ള വാളുകളും, ബാണങ്ങളും	ഗദാഃ ച	ഗദകളും
		പരിഘാഃ	ഇരിമ്പുലയ്ക്കകളും
		പ്രാസാഃ	നെടുകുന്തങ്ങളും
ശൂലാനി	ശൂലങ്ങളും	വിവിധാഃ	പലവിധത്തിലുള്ള
മുസലാനി ച	ഉലയ്ക്കകളും	പരശ്വധാഃ ച	കോടാലികളും,

ധനൂംഷി ച വിചിത്രാണി രാക്ഷസാനാം ജയൈഷിണാം
പ്രഗൃഹീതാന്യശോഭന്ത വാനരാനഭിധാവതാം. 9

വിചിത്രാണി	പലമാതിരി	അഭിധാവതാം	ഏററെതിക്കുന്ന
ധനൂംഷി ച	വില്ലുകളും	രാക്ഷസാനാം	രാക്ഷസന്മാരുടെ
ജയൈഷിണാം	ജയത്തെ ഇച്ഛിച്ചുകൊണ്ടു	പ്രഗൃഹീതാനി	കയ്യിൽ ധരിക്കപ്പെട്ടവയായി
വാനരാൻ	വാനരന്മാരെ	അശോഭന്ത.	വിളങ്ങി.

ജഗൃഹുഃ പാദപാംശ്ചാപി പുഷ്പിതാൻ വാനരർഷഭാഃ
ശിലാശ്ച വിപുലാ ദീർഘാ യോദ്ധുകാമാഃ പ്ലവംഗമാഃ. 10

യോദ്ധുകാമാഃ	യുദ്ധത്തിൽ ഉത്സാഹം പൂണ്ടവരും	പാദപാൻ ച	മരങ്ങളേയും
പ്ലവംഗമാഃ	ചാടിച്ചെല്ലുന്നവരുമായ	വിപുലാഃ	വമ്പിച്ച
വാനരർഷഭാഃ,	വാനരോത്തമന്മാർ,	ദീർഘാഃ ച	നീണ്ട
പുഷ്പിതാൻ	പുഷ്പിച്ചിരുന്ന	ശിലാഃ അപി	പാറകളേയും
		ജഗൃഹുഃ.	എടുത്തുപിടിച്ചു.

തേഷാമന്യോന്യമാസാദ്യ സംഗ്രാമഃ സുമഹാനഭൂത്
ബഹൂനാമശ്മവൃഷ്ടിം ച ശരവൃഷ്ടിം ച വർഷതാം. 11

അശ്മവൃഷ്ടിം ച	കൽമാരിയും	അന്യോന്യം	തമ്മിൽതമ്മിൽ
ശരവൃഷ്ടിം ച	ശരമാരിയും	ആസാദ്യ	ഇടഞ്ഞുള്ള
വർഷതാം	പൊഴിക്കുന്ന	സംഗ്രാമഃ	യുദ്ധം
തേഷാം	ആ	സുമഹാൻ	അതിഘോരമായി
ബഹൂനാം,	എണ്ണമററുള്ളവക്ക്,	അഭൂത്.	നടന്നു.

ബഹവോ രാക്ഷസാ യുദ്ധേ ബഹൂൻ വാനരയൂഥപാൻ
വാനരാ രാക്ഷസാംശ്ചാപി നിജഘ്നുർബ്ബഹവോ ബഹൂൻ. 12

യുദ്ധേ	യുദ്ധത്തിൽ	ബഹവഃ	അനേകം
ബഹവഃ	എത്രയോ	വാനരാഃ	വാനരന്മാർ
രാക്ഷസാഃ	രാക്ഷസന്മാർ	ബഹൂൻ	എത്രയോ
ബഹൂൻ	അനേകം	രാക്ഷസാൻ അപി,	രാക്ഷസന്മാരേയും,
വാനരയൂഥപാൻ ച,	വാനരപ്പടത്തലവന്മാരേയും,	നിജഘ്നുഃ.	കൊന്നൊടുക്കി.

ശൂലൈഃ പ്രമഥിതാഃ കേചിത് കേചിച്ച പരമായുധൈഃ
പരിഘൈരാഹതാഃ കേചിത് കേചിച്ഛിന്നാഃ പരശ്വധൈഃ. 13

കേചിത്	ചിലർ	പരിഘൈഃ	ഇരുമ്പുലയ്ക്കകളാൽ
ശൂലൈഃ,	ശൂലങ്ങളാലും	ആഹതാഃ;	അടിച്ചുകൊല്ലപ്പെട്ടു;
കേചിത്	ചിലർ	കേചിത്	ചിലർ
പരമായുധൈഃ ച	ചക്രങ്ങളാലും	പരശ്വധൈഃ	കോടാലികൾകൊണ്ടും
പ്രമഥിതാഃ;	കൊല്ലപ്പെട്ടു;	ഛിന്നാഃ.	വെട്ടിവീഴ്ത്തപ്പെട്ടു.
കേചിത്	ചിലർ		

നിരുച്ഛ്വാസാഃ കൃതാഃ കേചിത് പതിതാ ധരണീതലേ
വിഭിന്നഹൃദയാഃ കേചിദിഷുസന്ധാനസന്ദിതാഃ 14

കേചിത്	ചിലർ
നിരുച്ഛ്വാസാഃ കൃതാഃ;	ശ്വാസം മുട്ടിയവരാക്കപ്പെട്ടു;
കേചിത്	ചിലർ
ഇഷുസന്ധാനസന്ദിതാഃ	ബാണങ്ങൾ തറച്ച് കൂട്ടിക്കെട്ടപ്പെട്ടവരായി
വിഭിന്നഹൃദയാഃ	ഹൃദയങ്ങൾ പിളർന്ന [വരായി
ധരണീതലേ	നിലത്ത്
പതിതാഃ.	പതിച്ചു.

കേചിദ്ദ്വിധാകൃതാഃ ഖഡ്ഗൈഃ സ്ഫുരന്തഃ പതിതാ ഭുവി
വാനരാ രാക്ഷസൈഃ ശൂലൈഃ പാർശ്വതശ്ചാവദാരിതാഃ. 15

കേചിത്	ചില
വാനരാഃ	വാനരന്മാർ
രാക്ഷസൈഃ	രാക്ഷസന്മാരാൽ
ഖഡ്ഗൈഃ	വാളുകൾകൊണ്ട്
ദ്വിധാകൃതാഃ;	രണ്ടാക്കപ്പെട്ടു;
ശൂലൈഃ	ശൂലങ്ങൾ കൊണ്ട്
പാർശ്വതഃ	വരിപ്പുള്ളകളിലും
അവദാരിതാഃ ച	കുത്തപ്പെട്ടവരായി
സ്ഫുരന്തഃ	പിടഞ്ഞും കൊണ്ടു
ഭുവി പതിതാഃ.	നിലത്തുവീണു.

വാനരൈശ്ചാപി സംക്രുദ്ധൈ രാക്ഷസൗഘാഃ സമന്തതഃ
പാദപൈർഗ്ഗിരിശൃംഗൈശ്ച സംപിഷ്ടാ വസുധാതലേ. 16

സംക്രുദ്ധൈഃ	ഏററവും കോപിച്ച
വാനരൈഃ ച,	വാനരന്മാരാലും,
സമന്തതഃ	എല്ലാഭാഗങ്ങളിലുമുള്ള
രാക്ഷസൗഘാഃ	രാക്ഷസക്കൂട്ടങ്ങൾ
പാദപൈഃ ച	വൃക്ഷങ്ങളാലും
ഗിരിശൃംഗൈഃ അപി	പർവ്വതശിഖരങ്ങളാലും
വസുധാതലേ	നിലത്ത്
സംപിഷ്ടാഃ.	ഇട്ടരയ്ക്കപ്പെട്ടു.

വജ്രസ്പർശതലൈർഹസ്തൈർമുഷ്ടിഭിശ്ച ഹതാ ഭൃശം
വേമുഃ ശോണിതമാസ്യേഭ്യോ വിശീർണ്ണദശനേക്ഷണാഃ. 17

വജ്രസ്പർശതലൈഃ	വജ്രായുധംപോലെ ഉറപ്പുള്ള
ഹസ്തൈഃ	കയ്യുകൾകൊണ്ടും
മുഷ്ടിഭിഃ ച	മുഷ്ടികളാലും
ഭൃശം	ഊക്കോടെ
ഹതാഃ,	ഇടിക്കപ്പെട്ടവരായി,
വിശീർണ്ണദശനേക്ഷണാഃ	തെറിച്ചുവീണ പല്ലുകളോടും കണ്ണുകളോടും കൂടിയവരായി
ആസ്യേഭ്യഃ	വായിൽനിന്ന്
ശോണിതം	ചോര
വേമുഃ.	കക്കി.

ആർത്തസ്വനം ച സ്വനതാം സിംഹനാദം ച നർദ്ദതാം
ബഭൂവ തുമുലഃ ശബ്ദോ ഹരീണാം രക്ഷസാം യുധി. 18

യുധി,	പോരിൽ,
ആർത്തസ്വനം സ്വനതാം	വേദനപൂണ്ട് നിലവിളിക്കുന്നവരും
സിംഹനാദം	സിംഹനാദം
നർദ്ദതാം ച	മുഴക്കുന്നവരുമായ
ഹരീണാം	വാനരന്മാരുടെയും
രക്ഷസാം	രാക്ഷസന്മാരുടെയും
ശബ്ദഃ	ശബ്ദം
തുമുലഃ	ബഹളമായി
ബഭൂവ.	ഭവിച്ചു.

വാനരാ രാക്ഷസാഃ ക്രുദ്ധാ വീരമാൎഗ്ഗമനുവ്രതാഃ
വിവൃത്തനയനാഃ ക്രൂരാശ്ചക്രുഃ കൎമ്മാണ്യഭീതവത്. 19

വാനരാഃ	വാനരന്മാരും	വിവൃത്തനയനാഃ	കണ്ണുകൾ ഉരുട്ടിമിഴിച്ചും
രാക്ഷസാഃ	രാക്ഷസന്മാരും	ക്രൂരാഃ	ഭയങ്കരന്മാരായി
ക്രുദ്ധാഃ	ചൊടിച്ച്	അഭീതവത്	ഭയലേശമില്ലാതെ
വീരമാൎഗ്ഗം	വീരന്മാരുടെ രീതി	കൎമ്മാണി	ഓരോ പ്രവൃത്തികൾ
അനുവ്രതാഃ	അനുസരിച്ച്	ചക്രുഃ.	ചെയ്തു.

ആൎത്തസ്വനം ച സ്വനതാം ധാവതാം സ്വപതാം പഥി
ഉത്ഥിതാൻ സ്വാപതോ ദൃഷ്ട്വാ ലബ്ധകാമാഃ പ്ലവംഗമാഃ 20
ഉദ്യമ്യ ഗിരിശൃംഗാണി രാക്ഷസാൻ പ്രതി ദുദ്രുവുഃ. 21

പ്ലവംഗമാഃ,	വാനരന്മാർ,	ഉത്ഥിതാൻ രാക്ഷസാൻ	ഉണൎന്നരാക്ഷസന്മാരെ
ആൎത്തസ്വനം	ദീനസ്വരത്തിൽ		
സ്വനതാം	നിലവിളിച്ചുംകൊണ്ട്	ദൃഷ്ട്വാ,	കണ്ട്,
ധാവതാം,	ഓടി	ലബ്ധകാമാഃ	മോഹംസാധിച്ചവരായി
പഥി	വഴിയിൽ	ഗിരിശൃംഗാണി	പൎവ്വതശിഖരങ്ങളെ
സ്വപതാം ച	വീണുകിടന്നവരുടെ കൂട്ടത്തിൽ	ഉദ്യമ്യ	ഓങ്ങിക്കൊണ്ട്
സ്വാപതഃ	മയക്കംതെളിഞ്ഞ്	പ്രതി ദുദ്രുവുഃ.	എതിൎത്തോടി.

നരാന്തകഃ കുംഭഹനുൎമ്മഹാനാദഃ സമുന്നതഃ
ഏതേ പ്രഹസ്തസചിവാഃ സൎവ്വേ ജഘ്നുൎവ്വനൌകസഃ. 22

നരാന്തകഃ	നരാന്തകൻ,	പ്രഹസ്ത-സചിവാഃ	പ്രഹസ്തന്റെ മന്ത്രിമാർ
കുംഭഹനുഃ	കുംഭഹനു,		
മഹാനാദഃ	മഹാനാദൻ	സൎവ്വേ,	എല്ലാവരും,
സമുന്നതഃ	സമുന്നതൻ എന്ന	വനൌകസഃ	വാനരന്മാരെ
ഏതേ	ഈ	ജഘ്നുഃ.	കൊന്നൊടുക്കി.

തേഷാമാപതതാം ശീഘ്രം നിഘ്നതാം ചാപി വാനരാൻ
ദ്വിവിദോ ഗിരിശൃംഗേണ ജഘാനൈകം നരാന്തകം. 23

ദ്വിവിദഃ,	ദ്വിവിദൻ,	തേഷാം അപി	അവരിൽ
ശീഘ്രം	വേഗതയോടെ	ഏകം	ഒരുവനായ
ആപതതാം	എതിൎത്തുവരുന്നവരും	നരാന്തകം	നരാന്തകനെ
വാനരാൻ	വാനരന്മാരെ	ഗിരിശൃംഗേണ ച	ഒരു ഗിരിശിഖരം കൊണ്ട്
നിഘ്നതാം	വധിക്കുന്നവരുമായ	ജഘാന.	കൊന്നു.

ദുൎമ്മുഖഃ പുനരുത്ഥായ കപിഃ സവിപുലദ്രുമം
രാക്ഷസം ക്ഷിപ്രഹസ്തസ്തു സമുന്നതമപോഥയത്. 24

ക്ഷിപ്രഹസ്തഃ	കൈമിടുക്കുള്ള	ഉത്ഥായ,	എഴുന്നീററ്,
ദുർമ്മുഖഃ	ദുർമ്മുഖൻ എന്ന	സമുന്നതം	സമുന്നതൻ എന്ന
കപിഃ പുനഃ,	വാനരനാകട്ടെ,	രാക്ഷസം തു	രാക്ഷസനേയും
സ്വിപുലദ്രുമം	ഒരു വൻമരത്തോടുകൂടി	അപോഥയത്.	കൊന്നു.

ജാംബവാംസ്തു സുസംക്രുദ്ധഃ പ്രഗൃഹ്യ മഹതീം ശിലാം
പാതയാമാസ തേജസ്വീ മഹാനാദസ്യ വക്ഷസി. 25

തേജസ്വീ	പരാക്രമശാലിയായ	ശിലാം	പാറയെ
ജാംബവാൻ,	ജാംബവാൻ,	പ്രഗൃഹ്യ തു	പുഴക്കി എടുത്ത്
സുസംക്രുദ്ധഃ	ഏററം കോപിച്ചവനായി	മഹാനാദസ്യ	മഹാനാദന്റെ
		വക്ഷസി	മാറത്ത്
മഹതീം	ഒരു ഊക്കൻ	പാതയാമാസ.	എറിഞ്ഞു.

അഥ കുംഭഹനുസ്തത്ര താരേണാസാദ്യ വീര്യവാൻ
വൃക്ഷേണാഭിഹതോ മൂർദ്ധ്നി പ്രാണാൻ സംത്യാജയദ്രണേ. 26

അഥ,	അനന്തരം,	മൂർദ്ധ്നി	തലയിൽ
രണേ	പോരിൽ	വൃക്ഷേണ	ഒരു വൃക്ഷത്താൽ
വീര്യവാൻ	വീര്യവാനായ	അഭിഹതഃ,	അടിക്കപ്പെട്ടവനായി,
കുംഭഹനുഃ	കുംഭഹനു	തത്ര	അക്ഷണംതന്നെ
താരേണ	താരനോടുകൂടി	പ്രാണാൻ	പ്രാണങ്ങളെ
ആസാദ്യ,	ഏററടുത്തു്,	സംത്യാജയത്.	വിട്ടു.

അമൃഷ്യമാണസ്തത് കർമ്മ പ്രഹസ്തോ രഥമാസ്ഥിതഃ
ചകാര കദനം ഘോരം ധനുഷ്പാണിർവ്വനൌകസാം. 27

പ്രഹസ്തഃ,	പ്രഹസ്തൻ,	രഥം ആസ്ഥിതഃ	രഥത്തിലിരുന്നുകൊണ്ട്
തത് കർമ്മ	ആ പ്രവൃത്തിയെ	വനൌകസാം	വാനരന്മാർക്ക്
		ഘോരം	കഠിനമായ
അമൃഷ്യമാണഃ,	സഹിക്കാത്തവനായി,	കദനം	ഉപദ്രവത്തെ
ധനുഷ്പാണിഃ	കയ്യിൽ വില്ലെടുത്ത്	ചകാര.	വിളയിച്ചു.

ആവർത്ത ഇവ സംജജ്ഞേ ഉഭയോഃ സേനയോസ്തദാ
ക്ഷുഭിതസ്യാപ്രമേയസ്യ സാഗരസ്യേവ നിഃസ്വനഃ. 28

തദാ,	അപ്പോൾ,	ക്ഷുഭിതസ്യ	കോളിളകിയ
ഉഭയോഃ	രണ്ടു്	അപ്രമേയസ്യ	നിലയില്ലാത്ത
സേനയോഃ	സൈന്യങ്ങളുടേയും	സാഗരസ്യ	കടലിന്റെ
നിഃസ്വനഃ	ആരവാരം	ഇവ	ഇരച്ചിലെന്നപോലെയും
ആവർത്തഃ ഇവ	ആവർത്തമെന്ന മേഘത്തിന്റെ ശബ്ദമെന്നപോലെയും	സംജജ്ഞേ.	ഉണ്ടായി.

മഹതാ ഹി ശരൌഘേണ പ്രഹസ്തോ യുദ്ധകോവിദഃ
അർദ്ദയാമാസ സംക്രുദ്ധോ വാനരാൻ പരമാഹവേ 29

യുദ്ധകോവിദഃ	യുദ്ധവിദഗ്ദ്ധനായ	വാനരാൻ	വാനരന്മാരെ
പ്രഹസ്തഃ,	പ്രഹസ്തൻ,	മഹതാ	ഘോരമായ
സംക്രുദ്ധഃ,	അതിയായികോപിച്ച്,	ശരൌഘേണ ഹി	ശരവർഷത്താൽ
പരമാഹവേ	ആ വൻപോരിൽ	അർദ്ദയാമാസ.	കുഴക്കി.

വാനരാണാം ശരീരൈശ്ച രാക്ഷസാനാം ച മേദിനി
ബഭൂവ നിചിതാ ഘോരാ പതിതൈരിവ പർവ്വതൈഃ 30

മേദിനീ,	ഭൂമി,	പർവ്വതൈഃ	പർവ്വതങ്ങളാൽ
വാനരാണാം ച	വാനരന്മാരുടേയും	ഇവ,	എന്ന പോലെ,
രാക്ഷസാനാം ച	രാക്ഷസന്മാരുടേയും	നിചിതാ	മൂടപ്പെട്ടതായി
ശരീരൈഃ,	ദേഹങ്ങൾ കൊണ്ട്,	ഘോരാ	ഭയങ്കരമായി
പതിതൈഃ	ഇടിഞ്ഞുവീണ	ബഭൂവ.	ഭവിച്ചു.

സാ മഹീ രുധിരൌഘേണ പ്രച്ഛന്നാ സംപ്രകാശതേ
സംച്ഛന്നാ മാധവേ മാസി പലാശൈരിവ പുഷ്പിതൈഃ. 31

സാ	ആ	പുഷ്പിതൈഃ	പുഷ്പിച്ച
മഹീ	യുദ്ധഭൂമി	പലാശൈഃ	പലാശവൃക്ഷങ്ങളാൽ
രുധിരൌഘേണ	രക്തപ്രവാഹത്താൽ	സംച്ഛന്നാ ഇവ	മറയ്ക്കപ്പെട്ടതെന്നപോലെ
പ്രച്ഛന്നാ,	മൂടപ്പെട്ടതായി		
മാധവേ മാസി	വസന്തമാസത്തിൽ	സംപ്രകാശതേ.	പ്രകാശിക്കുന്നു.

ഹതവീരൌഘവപ്രാം തു ഭഗ്നായുധമഹാദ്രുമാം
ശോണിതൌഘമഹാതോയാം യമസാഗരഗാമിനീം 32
യകൃത്പ്ലീഹമഹാപങ്കാം വിനികീർണ്ണാന്ത്രശൈവലാം
ഭിന്നകായശിരോമീനാമംഗാവയവശാദ്വലാം 33
ഗൃദ്ധ്രഹംസഗണാകീർണ്ണാം കങ്കസാരസസേവിതാം
മേദഃഫേനസമാകീർണ്ണാമാർത്തസ്തനിതനിഃസ്വനാം 34
താം കാപുരുഷദുസ്താരാം യുദ്ധഭൂമിമയീം നദീം 35
നദീമിവ ഘനാപായേ ഹംസസാരസസേവിതാം
രാക്ഷസാഃ കപിമുഖ്യാശ്ച തേരുസ്താം ദുസ്തരാം നദീം 36
യഥാ പദ്മരജോധ്വസ്താം നളിനീം ഗജയൂഥപാഃ. 37

ഹത-വീരൌഘ-വപ്രാം തു	മരിച്ച വീരന്മാരുടെ കൂട്ടങ്ങളാകുന്നകരകളോടുകൂടിയതും	ശോണിതൌഘ-മഹാതോയാം	രക്തപ്രവാഹമാകുന്ന ജലപ്രവാഹത്തോടുകൂടിയതും
ഭഗ്നായുധ-മഹാദ്രുമാം	മുറിഞ്ഞുകിടക്കുന്ന ആയുധങ്ങളാകുന്ന വൻവൃക്ഷങ്ങളോടുകൂടിയതും	യമസാഗര-ഗാമിനീം	യമനാകുന്ന സമുദ്രത്തിലേക്കു ചെല്ലുന്നതും

യകൃത്പ്ലീഹ- മഹാപങ്കാം	യകൃത് പ്ലീഹ എന്ന വമ്പിച്ച ചേറോടുകൂടിയതും
വിനികീർണ്ണാ- ന്ത്രശൈവലാം	ചിതറിക്കിടക്കുന്ന ഞരമ്പുകളാകുന്ന പായലോടുകൂടിയതും
ഭിന്നകായ- ശിരോമീനാം	പിളർക്കപ്പെട്ട ശരീരങ്ങൾ ശിരസ്സുകൾ എന്നവയാകുന്ന മത്സ്യങ്ങളോടുകൂടിയതും
അംഗാവയവ- ശാദ്വലാം	ശരീരത്തിന്റെ അവയവങ്ങളാകുന്ന പുല്ലുകൾ നിറഞ്ഞതും
ഗൃദ്ധ്രഹംസ- ഗണാകീർണ്ണാം	കഴുകുകളാകുന്ന ഹംസഗണങ്ങളാൽ നിറയപ്പെട്ടതും
കങ്കസാരസ- സേവിതാം	പരുന്തുകളാകുന്ന കുളക്കോഴികളാൽ ആശ്രയിക്കപ്പെട്ടതും
മേദഃഫേന- സമാകീർണ്ണാം	കൊഴുപ്പാകുന്ന നുരകൾ നിറഞ്ഞിരിക്കുന്നതും
ആർത്തസ്തനി- തനിഃസ്വനാം	അത്തൽപൂണ്ടുള്ളവരുടെ കരച്ചിലാകുന്ന എരച്ചിലോടുകൂടിയതും
കാപുരുഷ- ദുസ്തരാം	ഭീരുക്കളാൽ കടപ്പാൻ സാധിക്കാത്തതും ആയ
യുദ്ധഭൂമിമയീം	യുദ്ധഭൂമിയാകുന്ന
താം	ആ
നദീം,	നദിയിൽ,
രാക്ഷസാഃ	രാക്ഷസന്മാർ
ഘനാപായേ	വർഷക്കാലത്തിന്റെ ഒടുവിൽ
ഹംസസാരസ സേവിതാം	ഹംസങ്ങളും കുളക്കോഴികളും നിറഞ്ഞ
നദീം	നദിയിൽ
ഇവ,	എന്നപോലെ,
തേരുഃ ;	നീന്തി;
കപിമുഖ്യാഃ	വാനരശ്രേഷ്ഠന്മാരും
ഗജയൂഥപാഃ	ആനക്കൊമ്പന്മാർ
പദ്മരജോ- ധ്വസ്താം	താമരപ്പൂമ്പൊടികൾ നിറഞ്ഞ
നളിനീം യഥാ	താമരക്കുളത്തിലെന്നപോലെ
ദുസ്തരാം	കടപ്പാൻ സാധിക്കാത്ത
താം	ആ
നദീം	നദിയിൽ
ച.	അപ്രകാരംതന്നെ നീന്തി.

തതഃ സൃജന്തം ബാണൌഘാൻ പ്രഹസ്തം സ്യന്ദനേ സ്ഥിതം
ദദർശ തരസാ നീലോ വിനിഘ്നന്തം പ്ലവംഗമാൻ. 38

തതഃ	അപ്പോൾ
നീലഃ,	നീലൻ,
പ്രഹസ്തം	പ്രഹസ്തനെ
സ്യന്ദനേ	തേരിൽ
സ്ഥിതം	ഇരുന്നുകൊണ്ടു
തരസാ	ഊക്കോടെ
ബാണൌഘാൻ	ശരനിരകളെ
സൃജന്തം	വർഷിച്ചുകൊണ്ടു
പ്ലവംഗമാൻ	വാനരന്മാരെ
വിനിഘ്നന്തം	ഹനിക്കുന്നവനായി
ദദർശ.	കണ്ടു.

ഉദ്ധൂത ഇവ വായുഃ ഖേ മഹദഭ്രബലം ബലാത്
39 സമീക്ഷ്യാഭിദ്രുതം യുദ്ധേ പ്രഹസ്തോ വാഹിനീപതിഃ
40 രഥേനാദിത്യവർണ്ണേന നീലമേവാഭിദുദ്രുവേ.

വാഹിനീപതിഃ	സേനാധിപതിയായ	ബലാത്	ഊക്കോടെ
പ്രഹസ്തഃ,	പ്രഹസ്തൻ,	അഭിദ്രുതം	എതിൎത്തുവരുന്ന
ഖേ	ആകാശത്തിൽ	നീലം ഏവ	നീലനെത്തന്നെ
ഉദ്ധൂതഃ വായുഃ	കൊടുങ്കാററ്	സമീക്ഷ്യ,	നോക്കിക്കൊണ്ടു,
മഹദഭ്രബലം	വമ്പിച്ചകരിമുകിൽനി	ആദിത്യവർണ്ണേന	സൂൎയ്യപ്രഭയോന്ന
ഇവ,	എന്നപോലെ, [രയെ	രഥേന	തേരിൽ ഇരുന്നുകൊണ്ടു
യുദ്ധേ	യുദ്ധത്തിൽ	അഭിദുദ്രുവേ.	ഏററടുത്തു.

സ ധനുർധന്വിനാം ശ്രേഷ്ഠോ വികൃഷ്യ പരമാഹവേ
41 നീലായ വിസൃജദ് ബാണാൻ പ്രഹസ്തോ വാഹിനീപതിഃ.

പരമാഹവേ,	ഘോരമായ യുദ്ധത്തിൽ,	പ്രഹസ്തഃ	പ്രഹസ്തൻ
വാഹിനീപതിഃ	സേനാധിപനും	ധനുഃ വികൃഷ്യ	വില്ലുവലിച്ച്
ധന്വിനാം	വില്ലാളികളിൽവെച്ച്	നീലായ	നീലന്റെ നേക്കായി
ശ്രേഷ്ഠഃ	മുമ്പനുമായ	ബാണാൻ	ബാണങ്ങളെ
സഃ	ആ	വിസൃജത്.	തൂകി.

തേ പ്രാപ്യ വിശിഖാ നീലം വിനിർഭിദ്യ സമാഹിതാഃ
42 മഹീം ജഗ്മുർമ്മഹാവേഗാ രുഷിതാ ഇവ പന്നഗാഃ.

തേ	ആ	വിനിർഭിദ്യ,	തുളച്ചുംകൊണ്ട്,
വിശിഖാഃ	ബാണങ്ങൾ	രുഷിതാഃ	ക്രുദ്ധിച്ച
സമാഹിതാഃ	ഉന്നംതെററാതെ	പന്നഗാഃ	സൎപ്പങ്ങൾ
മഹാവേഗാഃ	അതിവേഗത്തോടെ	ഇവ,	എന്നപോലെ,
നീലം	നീലന്റെമേൽ	മഹീം	നിലത്തിനുള്ളിൽ
പ്രാപ്യ	തറച്ച്	ജഗ്മുഃ.	ചെന്നുതറച്ചു.

നീലഃ ശരൈരഭിഹതോ നിശിതൈർജ്ജ്വലനോപമൈഃ
43 സ തം പരമദുർധർഷമാപതന്തം മഹാകപിഃ
44 പ്രഹസ്തം താഡയാമാസ വൃക്ഷമുത്പാട്യ വീൎയ്യവാൻ.

മഹാകപിഃ	വാനരശ്രേഷ്ഠനും	അഭിഹതഃ,	തുളയ്ക്കപ്പെട്ടവനായി,
വീൎയ്യവാൻ	വീൎയ്യവാനുമായ	പരമദുർധർഷം	എതിരില്ലാത്തവനായി
സഃ	ആ	ആപതന്തം	എതിൎത്തുവരുന്ന
നീലഃ,	നീലൻ,	തം	ആ
ജ്വലനോ—പമൈഃ	തീക്കനൽപോലുള്ള	പ്രഹസ്തം,	പ്രഹസ്തനെ,
		വൃക്ഷം	ഒരു വൃക്ഷത്തെ
നിശിതൈഃ ശരൈഃ	കൂരമ്പുകൾ കൊണ്ട്	ഉത്പാട്യ	പറിച്ചെടുത്തുകൊണ്ട്
		താഡയാമാസ.	അടിച്ചു.

സ തേനാഭിഹതഃ ക്രുദ്ധോ നദൻ രാക്ഷസപുംഗവഃ
വവർഷ ശരവർഷാണി പ്ലവംഗാനാം ചമൂപതൌ. 45

തേന	അതിനാൽ	നദൻ	ഗർജ്ജിച്ചുംകൊണ്ടു
അഭിഹതഃ	അടിക്കപ്പെട്ട	പ്ലവംഗാനാം	വാനരപ്പടത്തലവ
സഃ	ആ	ചമൂപതൌ	ന്റെ മേൽ
രാക്ഷസപുംഗവഃ	രാക്ഷസശ്രേഷ്ഠൻ,	ശരവർഷാണി	ബാണവർഷങ്ങൾ
ക്രുദ്ധഃ ;	കോപിച്ചു ;	വവർഷ.	പൊഴിച്ചു.

തസ്യ ബാണഗണാൻ ഘോരാൻ രാക്ഷസസ്യ മഹാബലഃ
അപാരയൻ വാരയിതും പ്രത്യഗൃഹ്ണാന്നിമീലിതഃ. 46

മഹാബലഃ,	ആ മഹാ ബലശാലി	വാരയിതും	തടുക്കുവാൻ
തസ്യ രാക്ഷസസ്യ	ആ രാക്ഷസന്റെ	അപാരയൻ,	സാധിക്കാത്തവനായി,
ഘോരാൻ	ഭയങ്കരങ്ങളായ	നിമീലിതഃ	കണ്ണുകളടച്ചുംകൊണ്ടു
ബാണഗണാൻ	ബാണതതികളെ	പ്രത്യഗൃഹ്ണാത്.	അവയെ ഏററു.

യഥൈവ ഗോവൃഷോ വർഷം ശാരദം ശീഘ്രമാഗതം
ഏവമേവ പ്രഹസ്തസ്യ ശരവർഷം ദുരാസദം 47
നിമീലിതാക്ഷഃ സഹസാ നീലഃ സേഹേ സുദാരുണം. 48

ശീഘ്രം	പെട്ടെന്ന്	സുദാരുണം ഏവ	അതികഠിനവുമായ
ആഗതം	പൊഴിച്ചു	പ്രഹസ്തസ്യ	പ്രഹസ്തന്റെ
ശാരദം വർഷം	തുലാവർഷത്തെ,	ശരവർഷം	ശരമാരിയെ
ഗോവൃഷഃ	ഒരു കാളക്കൂററൻ	നിമീലിതാക്ഷഃ	കണ്ണുകൾ ചിമ്മിക്കൊ
യഥാ ഏവം,	എപ്രകാരമോ അപ്ര	ഏവ	ണ്ടുതന്നെ
നീലഃ,	നീലൻ, [കാരം,	സഹസാ	ധൃഷ്ടതയോടെ
ദുരാസദം	തടുപ്പാൻകഴിയാത്തതും	സേഹേ.	സഹിച്ചു.

രോഷിതഃ ശരവർഷേണ സാലേന മഹതാ മഹാൻ
പ്രജഘാന ഹയാൻ നീലഃ പ്രഹസ്തസ്യ മനോജവാൻ. 49

മഹാൻ,	മഹാനും,	സാലേന	ഒരു വൃക്ഷംകൊണ്ട്
ശരവർഷേണ	ശരമാരിയേററതിനാൽ	പ്രഹസ്തസ്യ	പ്രഹസ്തന്റെ
രോഷിതഃ	കോപമുൾക്കൊണ്ടവ	മനോജവാൻ	മനോവേഗതയാർന്ന
നീലഃ,	നീലൻ, [നുമായ	ഹയാൻ	കുതിരകളെ
മഹതാ	വമ്പിച്ച	പ്രജഘാന.	കൊന്നു.

തതഃ സ ചാപമുദ്ഗൃഹ്യ പ്രഹസ്തസ്യ മഹാബലഃ
ബഭഞ്ജ തരസാ നീലോ നനാദ ച പുനഃ പുനഃ. 50

മഹാബലഃ	മഹാബലവാനായ	ഉദ്ഗൃഹ്യ	തട്ടിപ്പറിച്ച്
സഃ നീലഃ,	ആ നീലൻ,	ബഭഞ്ജ ;	മുറിച്ചെറിഞ്ഞു ;
പ്രഹസ്തസ്യ	പ്രഹസ്തന്റെ	തതഃ	അതിനാൽ
ചാപം	വില്ലിനെ	പുനഃ പുനഃ	മേല്ക്കുമേൽ
തരസാ	ഊക്കോടെ	നനാദ ച.	ആർത്തു.

വിധ്വസ്തഃ കൃതസ്തേന പ്രഹസ്തോ വാഹിനീപതിഃ
പ്രഗൃഹ്യ മുസലം ഘോരം സ്യന്ദനാദവപുപ്ലുവേ. 51

വാഹിനീപതിഃ	സേനാധിപനായ	ഘോരം	ഭയങ്കരമായ
പ്രഹസ്തഃ,	പ്രഹസ്തൻ,	മുസലം	ഒരു ഉലയ്ക്കയെ
തേന	അവനാൽ	പ്രഗൃഹ്യ,	എടുത്തുകൊണ്ട്,
വിധ്വസ്തഃ കൃതഃ തു	വില്ലററവനാക്കപ്പെട്ടപ്പോൾ	സ്യന്ദനാത്	തേരിൽനിന്ന്
		അവപുപ്ലുവേ.	താഴോട്ടുകുതിച്ചു.

താവുഭൌ വാഹിനീമുഖ്യൌ ജാതവൈരൌ തരസ്വിനൌ
സ്ഥിതൌ ക്ഷതജദിഗ്ദ്ധാംഗൌ പ്രഭിന്നാവിവ കുഞ്ജരൌ 52
ഉല്ലിഖന്തൌ സുതീക്ഷ്ണാഭിർദംഷ്ട്രാഭിരിതരേതരം
സിംഹശാർദ്ദൂലസദൃശൌ സിംഹശാർദ്ദൂലചേഷ്ടിതൌ 53
വിക്രാന്തവിജയൌ വീരൌ സമരേഷ്വനിവർത്തിനൌ
കാംക്ഷമാണൌ യശഃ പ്രാപ്തും വൃത്രവാസവയോഃ സമൌ. 54

വാഹിനീമുഖ്യൌ	സേനാധിപന്മാരും	വീരൌ,	ശൂരന്മാരും,
ജാതവൈരൌ	വൈരമുൾക്കൊണ്ടവരും	വൃത്രവാസവയോഃ	വൃത്രാസുരനും ഇന്ദ്രനും
തരസ്വിനൌ,	നല്ല ബലശാലികളും,	സമൌ,	തുല്യന്മാരും ആയ
പ്രഭിന്നൌ	മദം പൊട്ടിയ	തൌ ഉഭൌ,	ആ രണ്ടുപേരും
കുഞ്ജരൌ ഇവ,	രണ്ട് ആനകളൊത്തവരും,	യശഃ പ്രാപ്തും	കീർത്തിനേടുവാൻ
സിംഹശാർദ്ദൂലസദൃശൌ	സിംഹവും നരിയുംപോലുള്ളവരും,	കാംക്ഷമാണൌ	കൊതിക്കുന്നവരായി
സിംഹശാർദ്ദൂലചേഷ്ടിതൌ	സിംഹത്തിന്റെയും നരിയുടേയും ചേഷ്ടകളോടു കൂടിയവരും,	സുതീക്ഷ്ണാഭിഃ	കൂർത്തുമൂർത്ത
വിക്രാന്തവിജയൌ,	പരാക്രമത്താൽ ജയം നേടീട്ടുള്ളവരും,	ദംഷ്ട്രാഭിഃ	തേററപ്പല്ലുകൾകൊണ്ട്
സമരേഷു	യുദ്ധങ്ങളിൽ	ഇതരേതരം	ഒരുവനെയൊരുവൻ
അനിവർത്തിനൌ	പിൻവാങ്ങാത്ത	ഉല്ലിഖന്തൌ	കടിച്ചുപൊളിച്ചുകൊണ്ട്
		ക്ഷതജദിഗ്ദ്ധാംഗൌ	രക്തം വഴിഞ്ഞൊഴുകുന്ന അവയവങ്ങളോടുകൂടിയവരായി
		സ്ഥിതൌ.	ഏററുനിന്നു.

ആജഘാന തദാ നീലം ലലാടേ മുസലേന സഃ
പ്രഹസ്തഃ പരമായത്തസ്തസ്യ സുസ്രാവ ശോണിതം 55

സഃ പ്രഹസ്തഃ	ആ പ്രഹസ്തൻ	ലലാടേ	നെററിയിൽ
തദാ	അപ്പോൾ	ആജഘാന ;	അടിച്ചു ;
പരമായത്തഃ	ആവോളം ആഞ്ഞുവലിച്ച്	തസ്യ	അവന്ന്
നീലം	നീലനെ	ശോണിതം	രക്തം
മുസലേന	ഉലയ്ക്കകൊണ്ട്	സുസ്രാവ.	ഒഴുകി.

തതഃ ശോണിതദിഗ്ദ്ധാംഗഃ പ്രഗൃഹ്യ സുമഹാതരും
പ്രഹസ്തസ്യോരസി ക്രുദ്ധോ വിസസർജ്ജ മഹാകപിഃ. 56

ശോണിത-ദിഗ്ദ്ധാംഗഃ	ചോരയൊലിയ്ക്കുന്ന അവയവങ്ങളോടുകൂടിയ	പ്രഗൃഹ്യ,	പറിച്ചെടുത്തുകൊണ്ടു
മഹാകപിഃ	വാനരശ്രേഷ്ഠനായ നീലൻ	പ്രഹസ്തസ്യ	പ്രഹസ്തന്റെ
ക്രുദ്ധഃ	കോപത്തോടെ	ഉരസി	മാറിൽ
സുമഹാതരും	ഒരു വൻവൃക്ഷത്തെ	തതഃ	അപ്പോൾ
		വിസസർജ്ജ.	അടിച്ചു.

തമചിന്ത്യ പ്രഹാരം സഃ പ്രഗൃഹ്യ മുസലം മഹത്
അഭിദുദ്രാവ ബലിനം ബലാന്നീലം പ്ലവംഗമം. 57

സഃ	അവൻ	പ്രഗൃഹ്യ,	എടുത്തുകൊണ്ട്,
തം	ആ	ബലിനം	ബലവാനും
പ്രഹാരം	അടി	പ്ലവംഗമം	വാനരനുമായ
അചിന്ത്യ,	കൂട്ടാക്കാതെ,	നീലം	നീലനുനേരെ
മഹത്	വമ്പിച്ച	ബലാത്	ഊക്കോടെ
മുസലം	ഉലയ്ക്കയെ	അഭിദുദ്രാവ.	പാഞ്ഞടുത്തു.

തമുഗ്രവേഗം സംരബ്ധമാപതന്തം മഹാകപിഃ
തതഃ സംപ്രേക്ഷ്യ ജഗ്രാഹ മഹാവേഗോ മഹാശിലാം. 58

മഹാവേഗഃ	മഹാബലവാനും	തം	അവനെ
മഹാകപിഃ	വാനരശ്രേഷ്ഠനുമായ അവൻ	തതഃ	അപ്പോൾ
സംരബ്ധം	വാശിയോടുകൂടി	സംപ്രേക്ഷ്യ,	കണ്ട്,
ഉഗ്രവേഗം	അതിവേഗത്തിൽ	മഹാശിലാം	ഒരു ഊക്കൻപാറ
ആപതന്തം	എതിർത്തുവരുന്ന	ജഗ്രാഹ.	കയ്യിലെടുത്തു.

തസ്യ യുദ്ധാഭികാമസ്യ മൃധേ മുസലയോധിനഃ
പ്രഹസ്തസ്യ ശിലാം നീലോ മൂർദ്ധ്നി തൂർണ്ണമപാതയത്. 59

നീലഃ,	നീലൻ,	പ്രഹസ്തസ്യ	പ്രഹസ്തന്റെ
യുദ്ധാഭികാമസ്യ	യുദ്ധോത്സാഹംപൂണ്ട്	മൂർദ്ധ്നി,	ശിരസ്സിൽ,
മൃധേ	പോരിൽ	ശിലാം	ആ പാറയെ
മുസലയോധിനഃ	ഉലയ്ക്കകൊണ്ടു പൊരുതുന്നവനായ	തൂർണ്ണം	ഉടനെ
തസ്യ	ആ	അപാതയത്.	എറിഞ്ഞു.

സാ തേന കപിമുഖ്യേന വിമുക്താ മഹതീ ശിലാ
ബിഭേദ ബഹുധാ ഘോരാ പ്രഹസ്തസ്യ ശിരസ്തദാ. 60

കപിമുഖ്യേന	വാനരശ്രേഷ്ഠനായ	സാ മഹതീ ശിലാ	ആ വൻപാറ
തേന	അവനാൽ	പ്രഹസ്തസ്യ	പ്രഹസ്തന്റെ
തദാ	അപ്പോൾ	ശിരഃ	ശിരസ്സിനെ
വിമുക്താ	എറിയപ്പെട്ട	ബഹുധാ ബിഭേദ.	പലവാറായി പിളർന്നു.
ഘോരാ	ഭയങ്കരമായ		

സ ഗതാസുർഗ്ഗതശ്രീകോ ഗതസത്വോ ഗതേന്ദ്രിയഃ
പപാത സഹസാ ഭൂമൌ ഛിന്നമൂല ഇവ ദ്രുമഃ. 61

സഃ,	അവൻ,	ഗതാസുഃ	പ്രാണൻ പോയവനായി,
ഗതേന്ദ്രിയഃ	പഞ്ചേന്ദ്രിയങ്ങളുമററ്	ഛിന്നമൂലഃ	വേരററ
		ദ്രുമഃ ഇവ	മരമെന്നപോലെ,
ഗതസത്വഃ	ഊക്കററവനായി	സഹസാ	പെട്ടെന്നു
ഗതശ്രീകഃ	ശ്രീ പോയി	ഭൂമൌ പപാത.	ഭൂമിയിൽ വീണു.

പ്രഭിന്നശിരസസ്തസ്യ ബഹു സുസ്രാവ ശോണിതം
ശരീരാദപി സുസ്രാവ ഗിരേഃ പ്രസ്രവണം യഥാ. 62

തസ്യ	അവന്റെ	ഗിരേഃ	പൎവ്വതത്തിൽ നിന്നു
പ്രഭിന്നശിരസഃ	തകൎന്ന ശിരസ്സിൽനിന്നു	പ്രസ്രവണം യഥാ	അരുവിയെന്നപോലെ
ശോണിതം	ചോര		
ബഹു	കണക്കില്ലാതെ	ശരീരാത് അപി	ദേഹത്തിൽ നിന്നും
സുസ്രാവ ;	ഒഴുകി ;	സുസ്രാവ.	ഒഴുകി.

ഹതേ പ്രഹസ്തേ നീലേന തദകമ്പ്യം മഹദ്ബലം
രക്ഷസാമപ്രഹൃഷ്ടാനാം ലങ്കാമഭിജഗാമ ഹ. 63

നീലേന	നീലനാൽ	അകംപ്യം ഹ	കുലുങ്ങാത്തതും
പ്രഹസ്തേ	പ്രഹസ്തൻ	മഹത്	വമ്പിച്ചതുമായ
ഹതേ,	കൊല്ലപ്പെട്ടപ്പോൾ,	തത് ബലം,	ആ പട,
അപ്രഹൃഷ്ടാനാം	ഉത്സാഹമററവരായ	ലങ്കാം	ലങ്കയിലേക്കു
രക്ഷസാം	രാക്ഷസന്മാരുടെ	അഭിജഗാമ.	ഓടിപ്പോയ്ക്കളഞ്ഞു.

ന ശേകുഃ സമരേ സ്ഥാതും നിഹതേ വാഹിനീപതൌ
സേതുബന്ധം സമാസാദ്യ വികീൎണ്ണം സലിലം യഥാ. 64

വാഹിനീപതൌ	സേനാധിപനായ പ്രഹസ്തൻ	സലിലം	വെള്ളം
		യഥാ,	എന്നപോലെ,
നിഹതേ,	വധിക്കപ്പെട്ടാറെ,	സമരേ	യുദ്ധത്തിൽ
സേതുബന്ധം	അണക്കെട്ടു		
വികീൎണ്ണം സമാസാദ്യ,	പൊട്ടിപ്പോയകാരണം	സ്ഥാതും	നില്ക്കുന്നതിന്ന്
		ശേകുഃ ന.	അവൎക്ക് കഴിയാതായി.

ഹതേ തസ്മിംശ്ചമൂമുഖ്യേ രാക്ഷസാസ്തേ നിരുദ്യമാഃ
രക്ഷഃപതിഗൃഹം ഗത്വാ ധ്യാനമൂകത്വമാസ്ഥിതാഃ. 65

തസ്മിൻ	ആ	രക്ഷഃപതിഗൃഹം	രാവണന്റെ അരമനയിൽ
ചമൂമുഖ്യേ	സേനാധിപൻ		
ഹതേ,	കൊല്ലപ്പെട്ടപ്പോൾ,	ഗത്വാ,	ചെന്ന്,
തേ രാക്ഷസാഃ,	ആ രാക്ഷസന്മാർ,		
നിരുദ്യമാഃ	ഉത്സാഹമൊഴിഞ്ഞവരായി	ധ്യാനമൂകത്വം ആസ്ഥിതാഃ.	ചിന്തയിലാണ്ട് മൌനം കൈക്കൊണ്ടുനിന്നു.

പ്രാപ്താഃ ശോകാൎണ്ണവം തീവ്രം നിഃസംജ്ഞാ ഇവ തേ ഽഭവൻ. 66

തേ	അവർ	പ്രാപ്താഃ,	പ്രാപിച്ചവരായി,
തീവ്രം	കഠിനമായ	ഇവ നിഃസംജ്ഞാഃ	ഒട്ടും തന്റേടമില്ലാത്തവരായി
ശോകാൎണ്ണവം	ദുഃഖസമുദ്രത്തെ	അഭവൻ.	വൎത്തിച്ചു.

തതസ്തു നീലോ വിജയീ മഹാബലഃ
പ്രശസ്യമാനഃ സ്വകൃതേന കൎമ്മണാ
സമേത്യ രാമേണ സലക്ഷ്മണേന ച
പ്രഹൃഷ്ടരൂപസ്തു ബഭൂവ യൂഥപഃ. 67

മഹാബലഃ	മഹാബലശാലിയും	കൎമ്മണാ തു	പ്രവൃത്തികൊണ്ടു്
വിജയീ	വിജയത്തെ പ്രാപിച്ച	പ്രശസ്യമാനഃ,	ശ്ലാഘിക്കപ്പെട്ടവനായി,
യൂഥപഃ ച	സേനാധിപതിയുമായ	സലക്ഷ്മണേന	ലക്ഷ്മണസഹിതനായ
നീലഃ,	നീലൻ,	രാമേണ	ശ്രീരാമനോടുംകൂടി
തതഃ	അപ്പോൾ	സമേത്യ,	ചെന്നു്,
സ്വകൃതേന	താൻ ചെയ്ത	പ്രഹൃഷ്ടരൂപഃ തു ബഭൂവ.	ആനന്ദമുൾക്കൊണ്ടു.

ഇത്യാൎഷേ ശ്രീമദ്രാമായണേ വാല്മീകീയേ ആദികാവ്യേ യുദ്ധകാണ്ഡേ
അഷ്ടപഞ്ചാശഃ സൎഗ്ഗഃ = അമ്പത്തെട്ടാംസൎഗ്ഗം സമാപ്തം
ആദ്യം മുതൽ ശ്ലോകസംഖ്യ 17008; യുദ്ധകാണ്ഡം ആദ്യം മുതൽ ശ്ലോകസംഖ്യ 2333.

ഏകോനഷഷ്ടിതമഃ സൎഗ്ഗഃ = അമ്പത്തൊമ്പതാംസൎഗ്ഗം.

[രാവണാഭിഷേണനം = രാവണൻ യുദ്ധത്തിന്നായി ചെല്ലുന്നതു്.]

തസ്മിൻ ഹതേ രാക്ഷസസൈന്യപാലേ
പ്ലവംഗമാനാമൃഷഭേണ യുദ്ധേ
ഭീമായുധം സാഗരതുല്യവേഗം
വിദുദ്രുവേ രാക്ഷസരാജസൈന്യം. 1

പ്ലവംഗമാനാം ഋഷഭേണ	വാനരോത്തമനായ നീലനാൽ	ഭീമായുധം	ഭയങ്കരങ്ങളായ ആയുധങ്ങളോടുകൂടിയ
യുദ്ധേ	യുദ്ധത്തിൽ	രാക്ഷസരാജസൈന്യം	രാക്ഷസരാജാവിന്റെ ആ സൈന്യം
തസ്മിൻ	ആ	സാഗരതുല്യവേഗം	സമുദ്രത്തിന്നു തുല്യമായ വേഗത്തോടുകൂടി
രാക്ഷസസൈന്യപാലേ	രാക്ഷസസേനാനായകനായ പ്രഹസ്തൻ	വിദുദ്രുവേ.	ഓടിക്കളഞ്ഞു.
ഹതേ,	കൊല്ലപ്പെട്ടപ്പോൾ,		

ഗത്വാഽഥ രക്ഷോധിപതേഃ ശശംസുഃ
സേനാപതിം പാവകസൂനുശസ്തം
തച്ചാപി തേഷാം വചനം നിശമ്യ
രക്ഷോധിപഃ ക്രോധവശം ജഗാമ. 2

ഗത്വാ അഥ	ചെന്നെത്തിയ ഉടനെ	തേഷാം	അവരുടെ
രക്ഷോധിപതേഃ	രാക്ഷസരാജാവിനോട്	തത് വചനം	ആ വാക്ക
സേനാപതിം അപി	സേനാധിപനായ പ്രഹസ്തനും	നിശമ്യ,	കേട്ട്,
പാവകസൂനുശസ്തം	നീലനാൽ കൊല്ലപ്പെട്ടു എന്ന്	ച	അതിനാൽ
ശശംസുഃ;	അവർ അറിയിച്ചു;	രക്ഷോധിപഃ	രാവണൻ
		ക്രോധവശം ജഗാമ.	കോപാധീനനായിഭവിച്ചു.

[58-ാംസർഗ്ഗത്തിന്നുശേഷം പ്രക്ഷിപ്തമായ ഈ രണ്ടു സർഗ്ഗംകൂടി ചില ഗ്രന്ഥങ്ങളിൽ കാണപ്പെടുന്നുണ്ട്.]

പ്രക്ഷിപ്തസർഗ്ഗഃ.

പ്രഹസ്തസ്യ വധം ശ്രുത്വാ രാവണോ ഭ്രാന്തമാനസഃ
രാക്ഷസാനാദിദേശാഥ രാക്ഷസേന്ദ്രോ മഹാബലഃ 1
കാര്യാ ശത്രുഷു നാവജ്ഞാ യൈരിന്ദ്രബലസൂദനഃ
സൂദിതഃ സൈന്യപാലോ മേ സാനുയാത്രഃ സകുഞ്ജരഃ 2
സോഽഹം രിപുവിനാശായ വിജയസ്യാഭിവൃദ്ധയേ
സ്വയമേവാഭിയാസ്യാമി രണശീർഷമഭിത്വരൻ 3
അദ്യ തദ്വാനരാനീകം സരാമം സഹലക്ഷ്മണം
പ്രധക്ഷ്യാമ്യേവ ബാണൗഘൈഃ ശുഷ്കേന്ധനമിവാനലഃ 4
അദ്യ സംതർപ്പയിഷ്യാമി പൃഥിവീം കപിശോണിതൈഃ
രാമം ച ലക്ഷ്മണം ചൈവ പ്രേഷയിഷ്യേ യമക്ഷയം 5
ഏവമുക്ത്വാ മഹാതേജാ രാവണോ ലോകരാവണഃ
ആഗച്ഛത്സഹസാ ക്രുദ്ധഃ സർവ്വസൈന്യേന സംവൃതഃ 6

മഹാബലശാലിയും രാക്ഷസേന്ദ്രനുമായ രാവണൻ, പ്രഹസ്തന്റെ വധംകേട്ട് ചിത്തം പതറിയവനായി, രാക്ഷസന്മാരോടായി ഇങ്ങിനെ ആജ്ഞാപിച്ചു. "ഇന്ദ്രന്റെ സൈന്യത്തെ മട്ടിച്ചവനും നമ്മുടെ സേനാധിപനുമായ പ്രഹസ്തൻ, പരിവാരങ്ങളടക്കം ആനകളടക്കം യാതൊരുവരാൽ നശിപ്പിക്കപ്പെട്ടുവോ, അപ്രകാരമുള്ള ശത്രുക്കളുടെ സംഗതിയിൽ അജാഗ്രതകാണിക്കപ്പെടാവുന്നതല്ല. അപ്രകാരമുള്ള നാം ശത്രുവിധ്വംസനത്തിന്നായും ജയാഭിവൃദ്ധിക്കായും ഒട്ടും താമസിക്കാതെ നേരിൽതന്നെ പടത്തലയ്ക്കലേക്ക് ചെല്ലുന്നുണ്ട്. ഇപ്പോൾതന്നെ രാമനോടക്കം, ലക്ഷ്മണനോടക്കം, ആ വാനരസൈന്യത്തെ മുഴുവൻ ശരനിരകൊണ്ട് ഉണക്കവിറകിനെ എരിതീയെന്നപോലെ ചുട്ടെരിച്ചുകളയാം. ഇന്ന് കപികളുടെ ചോരനീർകൊണ്ട് ഞാൻ ഭൂമിയെ തർപ്പിക്കുന്നുണ്ട്. രാമനേയും ലക്ഷ്മണനേയും യമപുരിയിലേക്ക് ഉടനെ പറഞ്ഞയക്കുന്നുണ്ട്." മഹാപരാക്രമശാലിയും ലോകരെ കരയിക്കുന്നവനുമായ രാവണൻ, ഇപ്രകാരം ഉരചെയ്ത്, ഏററം ക്രുദ്ധിച്ചവനായി എല്ലാ സൈന്യങ്ങളാലും ചൂഴപ്പെട്ടവനായി ഉടനെ പുറപ്പെട്ടു.

സംഖ്യേ പ്രഹസ്തം നിഹതം നിശമ്യ
ശോകാർദ്ദിതഃ ക്രോധപരീതചേതാഃ
ഉവാച താൻ നൈരൃതയോധമുഖ്യാ-
നിന്ദ്രോ യഥാ ചാമരയോധമുഖ്യാൻ. 3

സംഖ്യേ,	പോരിൽ,	താൻ	ആ
പ്രഹസ്തം	പ്രഹസ്തൻ	നൈരൃത- യോധമുഖ്യാൻ,	പ്രധാനികളായ രാക്ഷസഭടന്മാരോടായി,
നിഹതം	കൊല്ലപ്പെട്ടതായി	ഇന്ദ്രഃ	ഇന്ദ്രൻ
നിശമ്യ,	അറിഞ്ഞ്,	അമരയോധ- മുഖ്യാൻ യഥാ	ദേവഭടശ്രേഷ്ഠന്മാരോടെന്നപോലെ,
ശോകാർത്തിതഃ	ദുഃഖപീഡിതനായി	ച ഉവാച.	ഉരചെയ്തു.
ക്രോധപരീത- ചേതാഃ	കോപാക്രാന്തമാനസനായി		

സംഗ്രാമമഭികാംക്ഷന്തം രാവണം ശ്രുത്യ ഭാമിനീ
തദോത്ഥായ യയൌ ദേവീ നാമ്നാ മണ്ഡോദരീതി സാ 7
മാല്യവന്തം കരേ ധൃത്വാ യൂപാക്ഷസഹിതാ തു സാ
മന്ത്രിഭിർമ്മന്ത്രതത്വജ്ഞൈസ്തഥാऽന്യൈർമ്മന്ത്രിസത്തമൈഃ 8
രാക്ഷസൈരാവൃതാ സർവ്വൈർവ്വേത്രജർഝരപാണിഭിഃ
യോഷിദ്ഭിശ്ചൈവ വൃദ്ധാഭിസ്തഥാ കന്യാഭിരാവൃതാ 9
ആയുധവ്യഗ്രഹസ്തൈശ്ച രാക്ഷസൈശ്ച സമന്തതഃ
സഭാം തു പ്രസ്ഥിതാ ദേവീ യത്രാऽസ്തേ രാക്ഷസാധിപഃ 10
ഛത്രേണ ധ്രിയമാണേന അതികായപുരസ്സരാ-
ചാമരൈർവ്വരരാമാഭിർവ്വീജ്യമാനാ സ്വലംകൃതാ 11
ശതാഢ്മാർഗ്ഗം വിപുലം ധ്വജമാലോപശോഭിതം
ഉത്സാരണം പ്രകുർവ്വദ്ഭിർവ്വേത്രജർഝരപാണിഭിഃ 12
പ്രവിവേശ സഭാം ദിവ്യാം പ്രഭയാ ദ്യോതമാനയാ
ദ്രഷ്ടും വൈ രാവണം സാ തു മയസ്യ ദുഹിതാ തു സാ 13

രാവണനെ പോരിന്നായി പുറപ്പെടുവാൻ ഉദ്യുക്തനായിരിക്കുന്നതായി കേട്ട്, ആ സമയം രാജ്ഞിയും പ്രേയസിയും ആയ മണ്ഡോദരിയെന്നവൾ എഴുന്നേററ് പുറപ്പെടുവാൻ ഒരുങ്ങി. മാല്യവാനെ കയ്യിൽപിടിച്ചു്, യൂപാക്ഷനോടുകൂടിയവളായി മന്ത്രാലോചനയിൽ വിദഗ്ദ്ധന്മാരായ മന്ത്രിമാരാലും മററു മന്ത്രിപ്രവരന്മാരാലും സ്വർണ്ണത്തടിയും ചൂരൽക്കോലും ധരിച്ച എല്ലാ രാക്ഷസരാലും അനുഗമിക്കപ്പെട്ടവളായി, തരുണിമാരാലും വയോധികമാരാലും കന്യകമാരാലും ചൂഴപ്പെട്ടവളായി ചുററും കയ്യിൽ ആയുധങ്ങൾ തയ്യാറായിപ്പിടിച്ച രാക്ഷസരോടുംകൂടിയവളായി, രക്ഷോനാഥൻ എഴുന്നെള്ളിയിരുന്നതായ മണ്ഡപത്തിലേക്കായി പുറപ്പെട്ടുചെന്നു. മയൻെറ പുത്രിയായ അവൾ, അതികായനെ മുമ്പിലാക്കിക്കൊണ്ടു്, ഉയരെ പിടിക്കപ്പെട്ട വെൺകൊററക്കുടയോടുംകൂടി, ഉത്തമസുന്ദരികളാൽ വെഞ്ചാമരങ്ങളാൽ വീശപ്പെട്ടവളായി, ഭൂഷണങ്ങളണിഞ്ഞവളായി, കൊടികൾകൊണ്ടും മാലകൾകൊണ്ടും അലങ്കരിക്കപ്പെട്ടതും വിസ്താരമേറിയതും എത്രയോ പരിടതിങ്ങിയതുമായ നടുവഴി ഒഴിക്കുന്നവരായ ചൂരൽക്കോലുകാരോടും ദണ്ഡധാരികളോടുംകൂടി, കാന്തിചിന്നുന്നവളായി, രാവണനെ സന്ദർശിപ്പാനായി ദിവ്യമായ രാജമണ്ഡപത്തിൽ പ്രവേശിച്ചു.

നാവജ്ഞാ രിപവേ കാൎയ്യാ യൈരിന്ദ്രബലസൂദനഃ
സൂദിതഃ സൈന്യപാലോ മേ സാനുയാത്രഃ സകുഞ്ജരഃ 4

"യൈഃ,	"യാതൊരുവരെക്കൊണ്ട്	സകുഞ്ജരഃ	ആനകളടക്കം,
ഇന്ദ്രബലസൂദനഃ	ഇന്ദ്രന്റെ സൈന്യത്തെനശിപ്പിച്ചവനായ	സൂദിതഃ	വധിക്കപ്പെട്ടുവോ,
			അപ്രകാരമുള്ള
മേ	എന്റെ	രിപവേ,	ശത്രുവിനെക്കുറിച്ച്,
സൈന്യപാലഃ	സേനാധിപൻ	അവജ്ഞാ	അലക്ഷ്യഭാവം
സാനുയാത്രഃ	പരിവാരങ്ങളടക്കം,	ന കാൎയ്യാ.	കാണിക്കപ്പെടരുത്.

പ്രാപ്താം ദേവീം തദാ രാജാ പ്രിയാം മണ്ഡോദരീം തദാ
ദൃഷ്ട്വാ സ സംഭ്രമാത്തൂൎണ്ണം പരിഷ്വജ്യ ദശാനനഃ 14
മന്ത്രിണാം തു തതസ്തേഷാമാസനാന്യാദിദേശ ഹ
സൌവൎണ്ണസുവിചിത്രാണി സോപധാനാനി സൎവ്വശഃ 15
തേഷ്വാസനോപവിഷ്ടേഷു സുഖാസീനേഷു മന്ത്രിഷു
പൎയ്യങ്കേ ചോപവിഷ്ടാ തു ദേവീ മണ്ഡോദരീ സുഖം. 16
അതികായോ മഹാബാഹുഃ പിതരം ചാഭിവാദ്യ തം
മാതരം ചാഭിവാദ്യാഥ തദാഽഽസനഗതോഽഭവത്. 17
പ്രഹസ്തവധസന്തപ്തോ മഹാകായവധാൎദ്ദിതഃ
ലങ്കായാശ്ചാഭിമൎദ്ദേന കഷായീകൃതലോചനഃ 18
സംഗ്രാമമഭികാംക്ഷൻ സ ആകുലേനാന്തരാത്മനാ
അബ്രവീദ്വചനം സോഽഥ മഹാഗംഭീരനിഃസ്വനം. 19
കിമാഗമനകാൎയ്യം തേ ദേവി ശീഘ്രം തദുച്യതാം
തൂൎണ്ണം മമ സമീപം വൈ കിമൎത്ഥം ത്വമിഹാഽഽഗതാ
മന്ത്രിഭിഃ സഹിതാ ചൈവ ബ്രൂഹി സൎവ്വം യഥാതഥം 20

അപ്പോൾ അങ്ങെഴുന്നെള്ളിയവളായ പ്രിയപ്പെട്ട മണ്ഡോദരിരാജ്ഞിയെ, ആ രാജാവായ ദശമുഖൻ, സംഭ്രമംപൂണ്ടവനായി വീക്ഷിച്ച്, ചിക്കെന്ന് ആലിംഗനംചെയ്തു, പിന്നെ ആ മന്ത്രിമാൎക്കും സ്വൎണ്ണാലംകൃതങ്ങളും മെത്തകളിട്ടതും ആയ ആസനങ്ങളെ ചുററും കല്പിച്ചരുളി. ആ മന്ത്രിമാർ അവരവരുടെ ആസനങ്ങളിൽചെന്ന് സുഖമായി ഇരുന്നതിൽപിന്നെ, മണ്ഡോദരിരാജ്ഞിയും സിംഹാസനത്തിൽ സുഖമാംവണ്ണം ഉപവേശിച്ചു. മഹാബാഹുവായ അതികായൻ ആ പിതാവായ രാവണനെ കുമ്പിട്ടുവണങ്ങി, മാതാവിനേയും വണങ്ങിയശേഷം, ആസനത്തിൽ ചെന്നിരുന്നു. പ്രഹസ്തന്റെ വധത്താൽ അകംനീറുന്നവനും, മഹാകായന്റെ മരണത്താൽ പീഡിക്കപ്പെട്ടവനും, ലങ്കയെ പൊടിപെടുത്തിയകാരണം കണ്ണുകൾ കലങ്ങിയിരിക്കുന്നവനുമായ അവൻ, ആ സമയം ഉള്ളിൽ വ്യാകുലതപൂണ്ട് പോർ കൊതിക്കുന്നവനായി, ആ സമയം അതിയായ ഗംഭീരസ്വരത്തിൽ ഇപ്രകാരം ചോദ്യം ചെയ്തു. "ദേവി! ഇവിടെ എഴുന്നെള്ളിയ കാൎയ്യം എന്താണ്; ശീഘ്രത്തിൽ ഉരചെയ്താലും; മന്ത്രിമാരോടുംകൂടി, ബദ്ധപ്പെട്ടുകൊണ്ട്, ഇവിടെ എന്റെ അടുക്കലേക്ക് എന്താവശ്യമായിട്ടാണ് ഭവതി ആഗമിച്ചത്, എല്ലാററിനേയും ഉള്ളവണ്ണം അരുൾചെയ്താലും."

സോഽഹം രിപുവിനാശായ വിജയായാവിചാരയൻ
സ്വയമേവ ഗമിഷ്യാമി രണശീൎഷം തദദ്ഭുതം. 5

"സഃ	"അപ്രകാരമുള്ള	രിപുവിനാശായ	ശത്രുക്കളെ ഒടുക്കി
അഹം,	ഞാൻ,	വിജയായ	വിജയം പ്രാപിക്കുന്നതിന്നായി,
അവിചാരയൻ	സംശയലേശമില്ലാതെ,		
തത് അദ്ഭുതം	ആ ആശ്ചൎയ്യകരമായ	സ്വയം ഏവ	ഞാൻതന്നെ
രണശീൎഷം	പടത്തലയ്ക്കലേക്കായി	ഗമിഷ്യാമി.	പോയ്ക്കൊള്ളുവാം.

ഏവമുക്തേ തു വചനേ ദേവീ രാവണമബ്രവീത്
വിജ്ഞാപ്യം ശൃണു രാജേന്ദ്ര യാചേ യത് ത്വാം കൃതാഞ്ജലിഃ 21
ന ഹി രോഷശ്ച കൎത്തവ്യോ വദന്ത്യാ മമ മാനദ-
ശൃണുഷ്വൈകമനാ മഹ്യം വചനം വാക്യകോവിദ 22
ശ്രുതാ മേ നഗരീ രുദ്ധാ ശ്രുതാ മേ രാക്ഷസാ ഹതാഃ
ധൂമ്രാക്ഷപ്രമുഖാ വീരാഃ പ്രഹസ്തേന സഹൈവ തു 23
ഭവന്തം യുദ്ധകാമം ച ഗമനേ കൃതനിശ്ചയം
ഇതി സംചിന്ത്യ രാജേന്ദ്ര മമാഗമനകാരണം. 24
ന യുക്തം പ്രമുഖേ സ്ഥാതും യുദ്ധേ തസ്യ മഹാത്മനഃ
രാമസ്യ ച മഹേന്ദ്രേണ യസ്യ ഭാൎയ്യാ ത്വയാ ഹൃതാ
ലക്ഷ്മണസ്യ ച രാജേന്ദ്ര യസ്യ നാസ്തി സമോ യുധി 25
ന ച മാനുഷമാത്രോഽസൌ രാമോ ദശരഥാത്മജഃ
ഏകേന യേന വൈ പൂൎവ്വം ബഹവോ രാക്ഷസാ ഹതാഃ
ചതുൎദ്ദശസഹസ്രാണി ജനസ്ഥാനനിവാസിനാം 26

ഇപ്രകാരം ചോദിക്കപ്പെട്ടാറെ, രാജ്ഞി രാവണനോടായി ഉണൎത്തിച്ചു:—"മഹാരാജാവേ! തിരുമനസ്സറിയിക്കേണ്ടതായ യാതൊന്നിനെ ഞാൻ നിന്തിരുവടിയോട് കൈകൂപ്പിക്കൊണ്ട് യാചിക്കുന്നുവോ, അതിനെ ചെവിക്കൊണ്ടാലും. തിരുമനസ്സറിയിക്കുന്നവളായ ഇവളുടെപേരിൽ, പ്രാണനാഥാ!, ഒട്ടും കോപം കയ്ക്കൊള്ളാതിരിക്കപ്പെടേണ്ടതാണ്; വാക്യസാരഗ്രാഹിയായുള്ളോവേ! ഞാൻ ബോധിപ്പിക്കുന്നതിനെ മനസ്സിരുത്തി ചെവിക്കൊണ്ടാലും. നഗരം നിരോധിക്കപ്പെട്ടതായി എന്നാൽ കേൾക്കപ്പെട്ടു; ധൂമ്രാക്ഷൻമുമ്പായ വീരന്മാരായ രാക്ഷസന്മാർ പ്രഹസ്തനോടുംകൂടി ഹതരായി എന്നും എനിക്കറിവായി. മഹാരാജാവേ! നിന്തിരുവടിയെക്കുറിച്ചും പൊരുതുവാൻ ഉറച്ച് പുറപ്പെടുവാൻ നിശ്ചയംകൊണ്ടിരിക്കുന്നു എന്ന് ഓൎത്തിട്ടാണ് ഞാൻ ഇപ്പോൾ വരുവാനുള്ള സംഗതി. നൃപോത്തമ! മഹാരാജാവായ നിന്തിരുവടിയാൽ യാതൊരുവന്റെ ഭാൎയ്യ അപഹരിച്ചുകൊണ്ടുവരപ്പെട്ടുവോ, ആ മഹാത്മാവായ ശ്രീരാമന്റെയും, പോരിൽ യാതൊരുവന്ന് എതിരില്ലയോ അപ്രകാരമുള്ള ലക്ഷ്മണന്റെയും മുമ്പിൽ, പോരിൽ എതിൎത്തുനില്ക്കുന്നത് തക്കതല്ല ഏകനായിരുന്ന യാതൊരുവനാൽ, മുമ്പ് ജനസ്ഥാനനിവാസികളായ പതിനാലായിരംപേരും, അനേകം രാക്ഷസന്മാരും കൊല്ലപ്പെട്ടു.

रावण-मन्दोदरी



अहह कंत कृत राम बिरोधा । काल बिबस मन उपज न बोधा ॥

THE GITA PRESS, GORAKHPUR.

അദ്യ തദ്വാനരാനീകം രാമം ച സഹലക്ഷ്മണം
നിർദ്ദഹിഷ്യാമി ബാണൌഘൈർവനം ദീപ്തൈരിവാഗ്നിഭിഃ. 6

"അദ്യ	"ഇപ്പോൾതന്നെ	ദീപ്തൈഃ	കത്തിജ്വലിക്കുന്ന
സഹലക്ഷ്മണം	ലക്ഷ്മണനോടുകൂടിയ	അഗ്നിഭിഃ	അഗ്നിജ്വാലകളാൽ
രാമം,	രാമനേയും,	വനം ഇവ	വനത്തെയെന്നപോലെ
തത് വാനരാനീകം ച,	ആ വാനരസൈന്യത്തെയും,	ബാണൌഘൈഃ	ശരനിരകൾകൊണ്ട്
		നിർദ്ദഹിഷ്യാമി."	ചുട്ടെരിക്കുന്നുണ്ട്."

ഖരശ്ച നിഹതഃ സംഖ്യേ ദൂഷണശ്ച മഹാബലഃ
ത്രിശിരാശ്ച മഹാബാഹുർഹതോ രാക്ഷസപുംഗവഃ 27
കബന്ധശ്ച മഹാതേജാ വിരാധോ ദണ്ഡകേ തഥാ
ശരേണൈകേന വാലീ ച വാനരേന്ദ്രോ നിപാതിതഃ
ശങ്കേ ചൈവം മഹാരാജ മാരീചസ്യ വധാദഹം. 28
പിതുശ്ച വചനാദ്രാമോ ദണ്ഡകാരണ്യമാശ്രിതഃ
ബ്രഹ്മചര്യവ്രതേ യുക്തഃ സഹ ഭ്രാത്രാ വനേചരഃ 29
തസ്യ ഭാര്യാ ജനസ്ഥാനാത് തവായാഽഽനീതാഽവിജാനതാ
അകാരണം കൃതം തത്തേ ദോഷായ സമുപസ്ഥിതം 30
പതിവ്രതാവരോധസ്തു ദോഷമാവഹതേ സദാ
ന മഹ്യം രോചതേ ബുദ്ധ്യാ ഏതേഷാം മന്ത്രിണാം തഥാ 31
രാമഭാര്യാ സതീ സാ തു രാമായ പ്രതിദീയതാം.
വിഭീഷണേന ചൈവോക്തം പൂർവ്വമേവ മഹാത്മനാ 32
സ ഗതസ്തത്ര വൈ രാജന്നസ്മത്കാര്യം കരിഷ്യതി
വസ്ത്രാണി ചൈവ രത്നാനി പ്രേഷയാദ്യ രഘൂത്തമേ 33

പോരിൽ ഖരനും, മഹാബലശാലിയായ ദൂഷണനും, മഹാബാഹുവുമായ ത്രിശിരസ്സും വധിക്കപ്പെട്ടു, അപ്രകാരംതന്നെ ദണ്ഡകാവനത്തിൽ രാക്ഷസശ്രേഷ്ഠനായ കബന്ധനും, മഹാപരാക്രമശാലിയായ വിരാധനും ഹനിക്കപ്പെട്ടു, ഒരേ ഒരു ബാണംകൊണ്ട് വാനരോത്തമനായ ബാലിയും വീഴ്ത്തപ്പെട്ടു, അപ്രകാരമുള്ള ദശരഥസുതനായ ഈ രാമൻ കേവലമനുഷ്യനല്ല; മാരീചന്റെ വധത്തിൽനിന്നും ഇപ്രകാരമാണെന്ന് ഞാൻ ശങ്കിക്കുന്നു. പിതാവിന്റെ നിയോഗത്താൽ, രാമൻ, ബ്രഹ്മചര്യവ്രതത്തെ കൈക്കൊണ്ടവനായി വനവാസിയായി, അനുജനോടുംകൂടി, ദണ്ഡകാരണ്യത്തെ ആശ്രയിച്ചു. അദ്ദേഹത്തിന്റെ ധർമ്മപത്നിയായ സീത, സൂക്ഷ്മംഗ്രഹിക്കാത്ത നിന്തിരുവടിയാൽ ജനസ്ഥാനത്തിൽനിന്നും ഇങ്ങ് എടുത്തുകൊണ്ടുവരപ്പെട്ടു. നിഷ്കാരണമായി ചെയ്യപ്പെട്ടതായ ആ കൃത്യം, ഇപ്പോൾ നിന്തിരുവടിക്ക് ആപത്തായ്വന്നുചേർന്നു. പതിവ്രതയെ ബന്ധനത്തിൽ വെക്കുന്നത് എപ്പോഴും ആപത്തിനെ വിളയിക്കുന്നതാണ്; എനിക്കാകട്ടെ അത് ഒട്ടും ശരിയായിത്തോന്നുന്നില്ല; ഈ മന്ത്രിമാർക്കും അപ്രകാരംതന്നെ. ശ്രീരാമപത്നിയും പതിവ്രതാരതാവുമായ അവൾ രാമന്നായിക്കൊണ്ട് തിരിയെ നല്കപ്പെടട്ടെ; മഹാത്മാവായ വിഭീഷണനാൽ മുമ്പേതന്നെ ഉണർത്തിക്കപ്പെട്ടതാണ്. അവിടെ മുമ്പു ചെന്നെത്തിയിരിക്കുന്ന ആ വിഭീഷണൻ നമുക്ക് വേണ്ടത്തക്ക കൃത്യത്തെ നിർവ്വഹിച്ചുകൊള്ളും; വസ്ത്രങ്ങളും രത്നങ്ങളും രഘുശ്രേഷ്ഠന്നായിക്കൊണ്ട് കൊടുത്തയക്കുക.

സ ഏവമുക്ത്വാ ജ്വലനപ്രകാശം രഥം തുരംഗോത്തമരാജയുക്തം
പ്രകാശമാനം വപുഷാ ജ്വലന്തം സമാരുരോഹാമരരാജശത്രുഃ. 7

അമരരാജശത്രുഃ	ദേവേന്ദ്രശത്രുവായ
സഃ,	അവൻ,
ഏവം	ഇപ്രകാരം
ഉക്ത്വാ,	ഉരചെയ്തശേഷം
തുരംഗോത്തമരാജയുക്തം	വിശേഷപ്പെട്ട മികച്ച കുതിരകൾ പൂട്ടിക്കെട്ടപ്പെട്ടതും,
ജ്വലനപ്രകാശം	ചെന്തീപോലെ
ജ്വലന്തം,	ഉജ്ജ്വലിക്കുന്നതും,
വപുഷാ പ്രകാശമാനം	ഭംഗിപൂണ്ടു വിലസുന്നതുമായ
രഥം	തേരിൽ
സമാരുരോഹ.	ആരോഹണംചെയ്തു.

സീതാം ചൈവ മഹാരാജ സുവർണ്ണം വാഹനാനി ച
മണിമുക്താപ്രവാളം ച തഥാ രജതമേവ ച 34
മാല്യവാൻ ഗൃഹ്യ സംയാതു യൂപാക്ഷശ്ച തഥൈവ ച
അതികായസ്തഥാ ചായം കാര്യാകാര്യവിശാരദഃ. 35
വിഭീഷണോ ഗതഃ പൂർവ്വമേഭിസ്തത്ര ഗതൈർദ്ധ്രുവം
സന്ധിം കരിഷ്യതി വ്യക്തം രാഘവം പ്രണിപത്യ ഹ
സംമാന്യ മൈഥിലീം ചാസ്മൈ പ്രദാസ്യതി വിഭീഷണഃ 36
മാല്യവാംശ്ച മഹാമായോ രാക്ഷസാനാം ഹിതേ രതഃ
രാഘവം യാച്യ ശിരസാ സന്ധിം കുർവ്വന്തു രാവണം 37
സാന്ത്വം ഭേദം തഥാ ദാനം രാജ്ഞാമേതത് ത്രയം ശുഭം
അശുഭം തു സ്മ വൈ യുദ്ധം തസ്മാദ്യുദ്ധം വിസർജ്ജയേത്
ത്രിഭിന്നൈർജ്ജിതം മന്യേ സഹിതം വിക്രമേണ തു 38
സ്വജനസ്യ വധം കൃത്വാ പുത്രഭ്രാതൃവധം തഥാ
സംശയം ചാത്മനഃ കൃത്വാ കിം ജയേന കരിഷ്യസി 39

മഹാരാജാവേ! മാല്യവാനും, അപ്രകാരംതന്നെ യൂപാക്ഷനും, കാര്യാകാര്യങ്ങളെക്കുറിച്ച് നല്ലപോലെ അറിവുള്ളവനായ അതികായനും മാണിക്കം, നന്മുത്ത്, പവിഴം, സ്വർണ്ണം, വെള്ളി, വാഹനങ്ങൾ എന്നവയെ എടുത്തുംകൊണ്ട് സീതയേയും കൂട്ടിക്കൊണ്ട്, പുറപ്പെട്ടുചെല്ലട്ടെ. മുമ്പുതന്നെ ചെന്നവനായ വിഭീഷണൻ, അങ്ങുചെന്ന ഇവരോടുംകൂടി, ശ്രീരാഘവനെ പ്രത്യക്ഷമായി വണങ്ങി നിശ്ചയമായും സന്ധിചെയ്യുന്നതാണ്; വിഭീഷണൻ മൈഥിലിയേയും ബഹുമാനിച്ച് ഇദ്ദേഹത്തിന് തിരിയെ സമർപ്പിക്കുന്നതാണ് രാവണ! മഹാതന്ത്രജ്ഞനും, രാക്ഷസരുടെ ഹിതകാംക്ഷിയുമായ മാല്യവാനും ശ്രീരാഘവനെ തലകുമ്പിട്ടുയാചിച്ച്, സമാധാനിപ്പിക്കട്ടെ. സാമം, ദാനം, ഭേദം എന്ന ഈ മൂന്നുമാണ് രാജാക്കന്മാർക്ക് നന്മയുളവാക്കുന്നത്; യുദ്ധമാകട്ടെ ആപത്കരംതന്നെയാണ്; അതിനാൽ യുദ്ധത്തെ ഉപേക്ഷിക്കേണ്ടതാകുന്നു; പരാക്രമയുക്തനായ ഒരു ശത്രു, ഈ മൂന്നുപായങ്ങളാൽ ജയിക്കപ്പെട്ടവനെന്നുതന്നെയാണ് ഞാൻ വിശ്വസിക്കുന്നത്. സ്വജനത്തിന്റെ നാശത്തേയും പുത്രന്മാരുടേയും സോദരന്റേയും വധത്തേയും വരുത്തിക്കൂട്ടി, അവനവനും ആപത്തിനെ വിളയിച്ച്, ജയം സിദ്ധിച്ചതുകൊണ്ട് എന്തു പ്രയോജനമാണുള്ളത്?

സ ശംഖഭേരീപണവപ്രണാദൈ-
രാസ്ഫോടിതക്ഷ്വേളിതസിംഹനാദൈഃ
പുണ്യൈഃ സ്തവൈശ്ചാപ്യഭിപൂജ്യമാന-
സ്തദാ യയൗ രാക്ഷസരാജമുഖ്യഃ. 8

രാക്ഷസ-രാജമുഖ്യഃ	രാക്ഷസരാജശ്രേഷ്ഠനായ	ആസ്ഫോടിത-ക്ഷ്വേളിത-സിംഹ-നാദൈഃ ച	കൈകൊട്ടൽ, ചാട്ടം, ആർപ്പുവിളി എന്നവയോടുകൂടിയും,
സഃ,	അവൻ	പുണ്യൈഃ	നല്ല
ശംഖഭേരീ-പണവ-പ്രണാദൈഃ	ശംഖം, പെരുമ്പറ, മദ്ദളം മുതലായ വാദ്യഘോഷങ്ങളോടുകൂടിയും	സ്തവൈഃ അപി	സ്തോത്രങ്ങൾകൊണ്ട്
		അഭിപൂജ്യമാനഃ	കൊണ്ടാടപ്പെട്ടവനായും
		തദാ യയൗ.	ആ സമയം പുറപ്പെട്ടു.

ചഞ്ചലാ യുദ്ധസിദ്ധിസ്തു ഹന്യതേ തേജസാഽപി വാ
തസ്മാദ്യുദ്ധം ന രോചേത സന്ധിം കുരു ദശാനന 40
പ്രണിപത്യ മഹാബാഹോ രാഘവം പ്രതിനന്ദനം
ദീയതാമദ്യ സാ സീതാ സന്ധിസ്തേന രോചതാം 41
സാംപ്രതം സംശയോ രാജൻ പുരസ്യ സഹ ബാന്ധവൈഃ
ആത്മനോ രാക്ഷസശ്രേഷ്ഠ വർത്തതേ നാത്ര സംശയഃ 42
തസ്മാദ്രാജൻ ബ്രവീമ്യേവം പുരസ്യാസ്യ കുലസ്യ ച
രക്ഷണീയസ്ത്വവാത്മാ ച സർവ്വമാത്മന്യധിഷ്ഠിതം 43
ക്ഷമാശീലസ്തഥാ രാമഃ സത്യവാദീ ച രാഘവഃ
ധർമ്മനിത്യോ മഹാരാജഃ ശരണാഗതവത്സലഃ 44
കുരു തേനാദിതഃ സന്ധിം രാമേ ദശരഥാത്മജേ
ലക്ഷ്മണശ്ച മഹാബാഹോ നിത്യം ഭ്രാതൃഹിതേ രതഃ. 45

യുദ്ധത്തിന്റെ ഫലം അസ്ഥിരമായതാണ്; ഒരു സമയം വീര്യംകൊണ്ട് ഹനിക്കപ്പെട്ടുവെന്നും വരാം; ആകയാൽ യുദ്ധത്തിൽ താല്പര്യപ്പെടാതിരുന്നാലും; ദശമുഖ! സമാധാനിപ്പാൻ യത്നിച്ചാലും. മഹാബാഹുവായുള്ളോവേ! സർവ്വാനന്ദസന്ദായകനായ ശ്രീരാഘവനെ വണങ്ങി, ആ സീത സമർപ്പിക്കപ്പെടട്ടെ; അദ്ദേഹവുമായി അവിടുത്തേക്ക് സന്ധിതന്നെയാണ് നല്ലതെന്ന് തിരുവുള്ളത്തിൽ കൊള്ളപ്പെടട്ടെ. രാക്ഷസശ്രേഷ്ഠ! മഹാരാജാവേ! അവനവനും ബന്ധുക്കളടക്കം നഗരത്തിനും ഇപ്പോൾ ആപത്തടുത്തിരിക്കുന്നുവെന്നുള്ളതിൽ സംശയമില്ല. ആകയാൽ, മഹാരാജാവേ! ഈ നഗരത്തിനും കുലത്തിനുംവേണ്ടിയാണ് ഞാൻ ഇപ്രകാരം ഉണർത്തിക്കുന്നത്; നിന്തിരുവടിയുടെ ജീവൻ രക്ഷിക്കപ്പെടേണ്ടതാണ്; എന്തെന്നാൽ എല്ലാംതന്നെ നിന്തിരുവടിയെത്തന്നെയാണ് ആശ്രയിച്ചിരിക്കുന്നത്. ചക്രവർത്തിയും, രഘുകുലജാതനുമായ ശ്രീരാമൻ, കുററത്തെ ക്ഷമിച്ചരുളുന്നവനും, സത്യനിഷ്ഠനും, ധർമ്മത്തിൽതന്നെ ശാശ്വതമായി സ്ഥിതിചെയ്യുന്നവനും, ശരണംപ്രാപിച്ചവരുടെപേരിൽ കാരുണ്യമുള്ളവനുമാകുന്നു. ആകയാൽ, ദശരഥാത്മജനായ ശ്രീരാമനുമായി സന്ധിചെയ്യേണ്ടുന്നതിനെ സർവ്വോത്കൃഷ്ടമായി കൊണ്ടാലും; മഹാശക്തനായുള്ളോവേ! ലക്ഷ്മണനും എന്നും ജ്യേഷ്ഠന്ന് വിരോധമായി നടക്കുന്നവനേയല്ല.

സ ശൈലജീമൂതനികാശരൂപൈർമ്മാംസാദനൈഃ പാവകദീപ്തനേത്രൈഃ
ബഭൗ വൃതോ രാക്ഷസരാജമുഖ്യോ ഭൂതൈർവൃതോ രുദ്ര ഇവാസുരേശഃ 9

അസുരേശഃ	അസുരാധിപതിയും	മാംസാദനൈഃ	മാംസഭക്ഷകളായ രാക്ഷസന്മാരാൽ
രാക്ഷസരാജമുഖ്യഃ	ശ്രേഷ്ഠനായ രാക്ഷസരാജാവുമായ	വൃതഃ,	ചൂഴപ്പെട്ടവനായി,
സഃ,	അവൻ,	ഭൂതൈഃ	പ്രമഥഗണങ്ങളാൽ
ശൈലജീമൂതനികാശരൂപൈഃ	മലകളും മേഘങ്ങളും പോലെയുള്ളവരും	വൃതഃ	ചൂഴപ്പെട്ട
പാവകദീപ്തനേത്രൈഃ	തീക്കട്ടപോലെ ജ്വലിക്കുന്ന കണ്ണുകളോടു കൂടിയവരുമായ	രുദ്രഃ	പരമശിവൻ
		ഇവ,	എന്നപോലെ,
		ബഭൗ.	വിലസി.

പ്രഹസ്തേന കൃതം കിം ന യുദ്ധ്യതാ രക്ഷസാ ബലേ
ധൂമ്രാക്ഷേണ ച രാജേന്ദ്ര നിത്യം സമരഗൃദ്ധിനാ 46
മഹാകായേന ച തഥാ മഹാമായേന രക്ഷസാ
അകംപനേന വീരേണ യുധ്യതാ രാക്ഷസേശ്വര 47
തഥാഽന്യൈര്യുധ്യമാനൈശ്ച കിം കൃതം രാക്ഷസേ ബലേ
ന ഹതോ യൂഥപഃ കശ്ചിദ് ബലോദ്ദേശോഽപി രാവണ 48
തേഷാം വീര്യാദ് ബിഭേതീന്ദ്രഃ കുബേരവരുണാവപി-
യമോ വൈവസ്വതോ യേഷാം യഥാഽന്യേ ദേവദാനവാഃ 49
യേഷാം നാസ്തി സമോ വീര്യേ തേ ഹതാ വാനരൈര്യുധി
ന ചാപി വാനരാഃ ശക്യാ ഹന്തും പാദപയോധിനഃ 50
രക്ഷ്യമാണാസ്തു രാമേണ സുഗ്രീവേണ ച പാലിതാഃ
തത്ര തേ രോചതാം സന്ധിഃ സഹ രാമേണ രാവണ 51

പോരിൽ യുദ്ധംചെയ്യുന്ന രാക്ഷസനായ പ്രഹസ്തനാലാകട്ടെ എന്നും പോരിൽ കൊതിപൂണ്ട ധൂമ്രാക്ഷനാൽതന്നെയാകട്ടെ, അപ്രകാരംതന്നെ മഹാമായാവിയായ രാക്ഷസൻ മഹാകായനാലാകട്ടെ, യുദ്ധംചെയ്യുന്ന വീരനായ അകമ്പനനാലാകട്ടെ, ഹേ രാക്ഷസാധിപ! ആ രാജശ്രേഷ്ഠന്റെ സംഗതിയിൽ എന്തുതന്നെയാണ് ചെയ്യപ്പെട്ടതു്? രാക്ഷസസൈന്യത്തിൽ പൊരുതുന്ന മററുള്ളവരാലും എന്തൊന്നാണ് നിർവ്വഹിക്കപ്പെട്ടതു്? രാവണ! ഒരു പടത്തലവനാകട്ടെ, (വാനര) സൈന്യത്തിന്റെ ഒരു ഭാഗമെങ്കിലുമാകട്ടെ ഇല്ലാതാക്കപ്പെട്ടില്ല. യാതൊരു ആ രാക്ഷസരുടെ വീര്യംകൊണ്ടു് ഇന്ദ്രൻ ഭയപ്പെടുന്നു; കുബേരവരുണന്മാരും, ആദിത്യസുതനായ യമനും, മററുള്ള ദേവന്മാരും അസുരന്മാരും ഭയപ്പെടുന്നു; യാതൊരുവക്ക് വീര്യത്തിൽ സമന്മാരായി ആരുംതന്നെ ഇല്ലയോ, അപ്രകാരമുള്ള ആ രാക്ഷസർ, വാനരന്മാരാൽ പോരിൽ വധിക്കപ്പെട്ടു ആ വൃക്ഷങ്ങൾകൊണ്ടു് പൊരുതുന്ന വാനരന്മാരാണെങ്കിൽ ശ്രീരാമനാൽ രക്ഷിക്കപ്പെട്ടവരായും സുഗ്രീവനാൽ പരിപാലിക്കപ്പെട്ടവരായും, ആരാലും ഹനിക്കപ്പെടുവാൻ കഴിയാത്തവരുമാണ്. ഇപ്രകാരമിരിക്കെ, രാവണ! നിന്തിരുവടിക്ക് ശ്രീരാമനുമായി സന്ധിചെയ്യുന്നതുതന്നെ തിരുവുള്ളത്തിൽ കൊള്ളേണ്ടതാണ്.

തതോ നഗൎയ്യാഃ സഹസാ മഹൌജാ
നിഷ്ക്രമ്യ തദ്വാനരസൈന്യമുഗ്രം
മഹാൎണ്ണവാഭ്രസ്തനിതം ദദൎശ
സമുദ്യതം പാദപശൈലഹസ്തം. 10

മഹൌജാഃ	മഹാപരാക്രമശാലിയായ അവൻ
തതഃ	അപ്പോൾ
നഗൎയ്യാഃ	പട്ടണത്തിൽനിന്നു
സഹസാ	പെട്ടെന്നു്
നിഷ്ക്രമ്യ,	പുറത്തുവന്നു്,
പാദപശൈലഹസ്തം	മരങ്ങളും മലകളും കയ്യിലേന്തിക്കൊണ്ടു്
സമുദ്യതം,	എതിൎത്തുനില്ക്കുന്നതും,
ഉഗ്രം	ഘോരമായി
മഹാൎണ്ണവാഭ്രസ്തനിതം	വൻകടലിരച്ചിൽപോലെയും ഇടിമുഴക്കംപോലെയും എരഞ്ഞുകൊണ്ടിരിക്കുന്നതുമായ
തത്	ആ
വാനരസൈന്യം	വാനരസൈന്യത്തെ
ദദൎശ.	കണ്ടു.

യോഗ്യശ്ച രാഘവോ മിത്രം കാൎത്തവീൎയ്യാൎജ്ജുനോ യഥാ
മാ കൃഥാ മോഘമാനിത്വം മാ കൃഥാഃ കുലസംക്ഷയഃ 52
മാ കൃഥാഃ പുരനാശം തു മാ കൃഥാഃ പുത്രസംക്ഷയം
ഹിതം സൎവ്വം ബ്രവീമ്യേഷാം കുരുഷ്വ വചനം മമ. 53

ഇത്യാൎഷേ ശ്രീമദ്രാമായണേ വാല്മീകീയേ ആദികാവ്യേ യുദ്ധകാണ്ഡേ
പ്രക്ഷിപ്തഃ പ്രഥമഃ സൎഗ്ഗഃ

ദ്വിതീയഃ സൎഗ്ഗഃ

തസ്യാസ്തദ്വചനം ശ്രുത്വാ പ്രിയായാ രാക്ഷസേശ്വരം
ഉഷ്ണം ദീൎഘം വിനിഃശ്വസ്യ നിരീക്ഷ്യ ച സഭാസദഃ
ഹസ്തേ മണ്ഡോദരീം ഗൃഹ്യ വാക്യമേതദുവാച ഹ. 1
ത്വയാ ന യുദ്ധകാംക്ഷിണ്യാ വചോ യദ്ബഹു ഭാഷിതം
ന തന്മനസി മേ ദേവി പ്രവിവേശാപ്രിയം പ്രിയേ. 2

"കാൎത്തവീൎയ്യാൎജ്ജുനനെന്നപോലെതന്നെ ശ്രീരാഘവൻ സുഹൃത്തായി കരുതപ്പെടുവാൻ യോഗ്യനാകുന്നു; ഞാൻ ഉണൎത്തിക്കുന്നതെല്ലാം നന്മക്കായിട്ടാണു്; എന്റെ അപേക്ഷപ്രകാരം ചെയ്തരുളിയാലും; വെറുതെ അഭിമാനം കരുതേണ്ട ആവശ്യമില്ല; കുലനാശത്തെ വരുത്തിക്കൂട്ടാതിരുന്നാലും; പട്ടണത്തേയും നശിപ്പിക്കാതിരുന്നാലും; പുത്രന്മാരുടെ ക്ഷയവും വരുത്താതിരുന്നാലും."

ഒന്നാംപ്രക്ഷിപ്തസൎഗ്ഗം സമാപ്തം.

പ്രേയസിയായ അവളുടെ ആ വാക്യത്തെ കേട്ടു് രാക്ഷസാധിപൻ ചുടുചുടെ നെടുവിൎപ്പിട്ടുകൊണ്ടു് സഭാവാസികളെനോക്കി, മണ്ഡോദരിയെ കയ്യിൽപിടിച്ചുകൊണ്ടു്, ഇപ്രകാരം ഉരചെയ്തു. "പ്രാണനാഥേ! യുദ്ധത്തെ കാമിക്കാത്തവളായ ഭവതിയാൽ എന്തെല്ലാമോ വളരെ പറയപ്പെട്ടതും എനിക്കു് രുചിക്കാത്തതുമായ ആ വാക്കു്, അല്ലേ ദേവി! എന്റെ ഉള്ളിൽ പ്രവേശിച്ചതുതന്നെയില്ല.

തദ്രാക്ഷസാനീകമതിപ്രചണ്ഡ-
മാലോക്യ രാമോ ഭുജഗേന്ദ്രബാഹുഃ
വിഭീഷണം ശസ്ത്രഭൃതാം വരിഷ്ഠ-
മുവാച സേനാനുഗതഃ പൃഥുശ്രീഃ. 11

സേനാനുഗതഃ	സേനാസമേതനും	രാക്ഷസാനീകം	രാക്ഷസസൈന്യത്തെ
പൃഥുശ്രീഃ	മഹാകീൎത്തിമാനും	ആലോക്യ,	നിരീക്ഷിച്ച്,
ഭുജഗേന്ദ്ര-ബാഹുഃ	സൎപ്പരാജാവിനൊത്ത ഭുജങ്ങളോടുകൂടിയവ[നുമായ	ശസ്ത്രഭൃതാം വരിഷ്ഠം	വീരാഗ്രേസരനായ
രാമഃ,	ശ്രീരാമൻ,	വിഭീഷണം	വിഭീഷണനോടായി
തത്	ആ	ഉവാച.	ഇപ്രകാരം അരുളിച്ചെയ്തു.
അതിപ്രചണ്ഡം	അതിഭയങ്കരമായ		

ദേവാൻ ജിത്വാ രണേ പൂൎവ്വം സസുരാസുരമാനുഷാൻ
പ്രണമേ മാനുഷം രാമം വാനരാൻ യഃ സമാശ്രിതഃ 3
പ്രണമ്യ രാമം കാകുത്സ്ഥം കിം വക്ഷ്യേ സൎവ്വദേവതാഃ
കീദൃശം വാ ഭവേന്മഹ്യം ജീവിതം ഹതതേജസഃ 4
ഹൃത്വാ തസ്യ പുരാ ഭാൎയ്യാം മാനം കൃത്വാ സുദാരുണം
രാക്ഷസാന്മാരയിത്വാ തു ലങ്കാം സംപീഡ്യ സൎവ്വതഃ
രാഘവം പ്രണമേ കസ്മാദ്ധീനവീൎയ്യ ഇവാപരഃ 5
രാഘവം പ്രണിപത്യാഹം കഥം ജീവിതുമുത്സഹേ
ഏഷ മേ സഹജോ ഭാവോ നിത്യം മനസി വൎത്തതേ 6
അവിഭജ്യ തദാ ദേവി ന നമേയം തു കസ്യചിത്-
ത്രൈലോക്യേ സ പുമാൻ നാസ്തി യോ മയാ ന ജിതോ രണേ 7
ദേവതാനാം ബലം ഹത്വാ ദേവരാജോ മയാ ജിതഃ
രാഘവം പ്രണമേ കസ്മാന്മൂൎദ്ധ്നി സ്ഥിത്വാ ച ദേഹിനാം 8

ദേവാസുരമനുഷ്യന്മാരടങ്ങിയ ലോകപാലന്മാരെ ഇതിന്നുമുമ്പ് ജയിച്ച യാതൊരുത്തനാണോ, വാനരന്മാരെ ആശ്രയിച്ചിരിക്കുന്ന കേവലമാനുഷനായ യാതൊരു ആ രാമനെ കുമ്പിടുക? കകുത്സ്ഥവംശജനായ രാമന്റെ കാലുപിടിച്ചശേഷം, ആ എല്ലാ ദേവന്മാരോടും (അവർ എന്നെ അപഹസിക്കുമ്പോൾ) ഞാനെന്തുപറയട്ടെ? വീൎയ്യം നശിച്ച എന്റെ ജീവിതംതന്നെ എന്തുമാതിരിയായിത്തീരുന്നതാണ്? അവന്റെ ഭാൎയ്യയെ ആദ്യംതന്നെ അപഹരിച്ച്, അതിഘോരമായ രോഷത്തെയും ഉത്പാദിപ്പിച്ചശേഷം, എത്രയോ രാക്ഷസന്മാൎക്ക് ക്ഷയം വരുത്തി, ലങ്കയേയും എങ്ങും നശിപ്പിച്ച്, വീൎയ്യമെല്ലാം ഇല്ലാതായ ഒരു നിസ്സാരനെപ്പോലെ, രാമനെ എങ്ങിനെയാണ് ഞാൻചെന്ന് കാൽപിടിക്കുക? രാമനെ ആശ്രയിച്ച് ഞാൻ എങ്ങിനെയാണ് ജീവൻ വെച്ചിരിക്കുക? ഇതുതന്നെയാണ് എന്റെ ചിത്തത്തിൽ സദാ വൎത്തിക്കുന്നതായ സ്വാഭാവികമായ വിചാരം. എന്റെ പ്രാണൻ വേറാകുന്നതിന്നുമുമ്പ് ഒരു പ്രാണിക്കും ഞാൻ തല കുമ്പിടുകയില്ല; ഈ ത്രിലോകങ്ങളിലും എന്നാൽ തോല്പിക്കപ്പെടാത്ത ഒരു പുരുഷൻ ഇല്ലതന്നെ. ദേവന്മാരുടെ സൈന്യത്തെയെല്ലാം ആട്ടിപ്പായിച്ച്, ഇന്ദ്രൻ എന്നാൽ ജയിക്കപ്പെട്ടു; സൎവ്വപ്രാണികളുടേയും തലയിൽ കാൽവെച്ചശേഷം, രാമനെ എങ്ങിനെയാണ് ഞാൻ കാൽപിടിക്കുക?

നാനാപതാകാധ്വജശസ്ത്രജുഷ്ടം
പ്രാസാസിശൂലായുധശസ്ത്രജുഷ്ടം
സൈന്യം ഗജേന്ദ്രോപമനാഗജുഷ്ടം
കസ്യേദമക്ഷോഭ്യമഭീരുജുഷ്ടം. 12

“ നാനാപതാകാധ്വജശസ്ത്രജുഷ്ടം	അനേകം കൊടികൾ, കൊടിക്കൂറകൾ, ആയുധങ്ങൾ എന്നവയോടുകൂടിയതും	ഗജേന്ദ്രോപമനാഗജുഷ്ടം	ഐരാവതസദൃശങ്ങളായ ആനകളോടുകൂടിയതും
പ്രാസാസിശൂലായുധശസ്ത്രജുഷ്ടം	കുന്തം, വാൾ, ശൂലായുധം മുതലായ ആയുധങ്ങളോടുകൂടിയതും	അഭീരുജുഷ്ടം	ധീരന്മാരോടുകൂടിയതും
		അക്ഷോഭ്യം	കലക്കപ്പെടുവാൻ കഴിയാത്തതുമായ
		ഇദം	ഈ
		സൈന്യം	സൈന്യം
		കസ്യ ? ”	ആരുടേതാണ് ? ”

മാ കൃഥാ ഹൃദി സന്താപം ശമയിഷ്യേ ശുചിസ്മിതേ-
ഹനിഷ്യേ രാഘവം ചൈവ ലക്ഷ്മണം വാനരാംശ്ച താൻ 9
സുഗ്രീവം ച ഹനിഷ്യാമി ഹനൂമന്തം ച വാനരം
ന തു സന്ധിം കരിഷ്യാമി രാഘവേണ സഹൈവ തു 10
വൈദേഹീം നാർപ്പയിഷ്യാമി രാഘവസ്യ ഭയാദഹം
സാംപ്രതം ന ച സന്ധിം തു കരിഷ്യതി സ രാഘവഃ 11
സാഗരം സുമഹദ് ബദ്ധ്വാ ലങ്കാമേത്യ സകാനനാം
രാക്ഷസപ്രവരാൻ ഹത്വാ സന്ധിം കുര്യാത് കഥം പ്രിയേ 12
ന ത്വഹം സന്ധിമിച്ഛാമി കദാചിദപി ഭാമിനി-
ഗച്ഛ ത്വം ഭവ വിസ്രബ്ധാ സർവ്വമേതത് സുഖോദയം 13
മാ കൃഥാ ഹൃദി സന്താപമഹം യാസ്യേ രണാജിരം
അദ്യ സർവ്വാൻ വധിഷ്യാമി ശത്രൂൻ സമരമൂർദ്ധനി 14

മനസ്സിൽ ഒട്ടും സന്താപം വേണ്ടതില്ല; സുമുഖി! ഞാൻ ദുഃഖശാന്തിവരുത്തുന്നുണ്ട്; രാമനേയും ലക്ഷ്മണനേയും ആ വാനരന്മാരേയും എല്ലാം ഞാൻ ഹനിക്കുന്നുണ്ട്. സുഗ്രീവനേയും വാനരനായ ഹനുമാനേയും ഞാൻ വധിക്കുന്നുണ്ട്; ആകയാൽ രാമനുമായി ഞാൻ ഒരിക്കലും സന്ധിചെയ്കയില്ല. രാമനെ ഭയപ്പെട്ട് ഞാൻ സീതയെ തിരിയെ കൊടുക്കുന്നതല്ല; എന്നുതന്നെയല്ല, ആ രാഘവൻ ഈ ഘട്ടത്തിൽ സമാധാനത്തിന്ന് സമ്മതിക്കുകയുമില്ല. വമ്പിച്ച പയോധിയെ ബന്ധിച്ച്, കാനനനിബിഡമായ ലങ്കയിൽ എത്തിച്ചേർന്ന്, രാക്ഷസന്മാരിൽ കൊലകൊമ്പന്മാരേയും കൊന്നശേഷം, പ്രേയസി!, എങ്ങിനെയാണ് (രാമൻ) സമാധാനത്തിന്ന് വഴിപ്പെടുക? സുന്ദരി! എന്തായാലും ഈ ഘട്ടത്തിൽ, ഞാൻ സന്ധിക്ക് ആലോചിക്കുന്നതേയില്ല; ഭവതി തിരിച്ചുചെന്ന് ഭയപ്പെടാതെ വർത്തിച്ചുകൊൾക; ഇതെല്ലാം ശുഭമായ്ത്തന്നെ അവസാനിക്കും. ഉള്ളിൽ വിഷാദം കയ്ക്കൊള്ളാതിരിക്കുക; ഞാൻ പടക്കളത്തിലേക്ക് പോയ്വരട്ടെ; പടത്തലയ്ക്കൽ ശത്രുക്കളെയെല്ലാം ഞാൻ ഇക്ഷണംതന്നെ വധിക്കുന്നുണ്ട്.

തതസ്തു രാമസ്യ നിശമ്യ വാക്യം വിഭീഷണഃ ശക്രസമാനവീര്യഃ
ശശംസ രാമസ്യ ബലപ്രവേകം മഹാത്മനാം രാക്ഷസപുംഗവാനാം. 13

തതഃ	അപ്പോൾ	മഹാത്മനാം	മഹാധൈര്യശാലികളായ
ശക്രസമാന-വീര്യഃ	ഇന്ദ്രനു തുല്യമായ വീര്യത്തോടുകൂടിയ	രാക്ഷസ-പുംഗവാനാം	രാക്ഷസശ്രേഷ്ഠന്മാരുടെ
വിഭീഷണഃ,	വിഭീഷണൻ,	ബലപ്രവേകം	ബലപ്രൌഢിയെക്കുറിച്ചു
രാമസ്യ	ശ്രീരാമന്റെ	തു	
വാക്യം നിശമ്യ,	വാക്യത്തെ കേട്ട്,	ശശംസ.	ഇപ്രകാരം ഉണർത്തിച്ചു.
രാമസ്യ,	ശ്രീരാമനോടായി,		

പുത്രാശ്ച തേ മഹാവീര്യാ മേഘനാദപുരസ്സരാഃ
ന തേഷാം മുച്യതേ കശ്ചിദപി മൃത്യുർവ്വരാനനേ 15
അന്തഃപുരായ ഗച്ഛ ത്വം സുഖിനീ ഭവ സസ്നുഷാ
ഏവമുക്ത്വാ പരിഷ്വജ്യ ഭാര്യാം പ്രിയമനാ ഇവ 16
പ്രവിവേശ തദാ ദേവീ സ്വയം ച ഭവനം ശുഭം
ചിന്തയാമാസ തം ഘോരം വിഗ്രഹം സമുപസ്ഥിതം 17
രാവണസ്തു തദാ വാക്യം രാക്ഷസാനിദമബ്രവീത് 18
കല്പ്യതാം മേ രഥഃ ശീഘ്രം ക്ഷിപ്രമാനീയതാം ധനുഃ
അദ്യ ക്രോധം വിമോക്ഷ്യാമി ഗൂഢം സുഹൃദയേശയം 19
ദേവാഹവേ യഥാ പൂർവ്വം രുദ്രേണ നിഹതോഽന്തകഃ
ചിരകാലേപ്സിതം ഹ്യേതദ്യുദ്ധം മേ രാഘവേണ ഹ 20
അദ്യ തൂണീശയാ ബാണാ വിമുക്താ ഇവ പന്നഗാഃ
രാമം സമഭിധാവന്തു വിഷാഗ്നിപ്രതിമാഃ ശിതാഃ 21

മേഘനാദൻ (ഇന്ദ്രജിത്ത്) മുതലായ ഭവതിയുടെ പുത്രന്മാർ മഹാവീര്യശാലികളാണ്; സുന്ദരി! അവരെ (ശത്രുക്കളെ എന്നു വിവക്ഷ; പുത്രന്മാരെ എന്നു അവിചാരിതമായ അർത്ഥം) മൃത്യു ഒരിക്കലും വിട്ടൊഴിക്കുന്നതല്ല. ഭവതി അന്തഃപുരത്തിലേക്കു തിരിച്ചെഴുന്നെള്ളിയാലും;" എന്നിപ്രകാരമെല്ലാം ഉരചെയ്തു, പ്രീതമാനസനെന്നപോലെ, രാജ്ഞിയെ ആലിംഗനംചെയ്തു വിടകൊടുത്തയച്ചു. അപ്പോൾ മഹാരാജ്ഞി ഭംഗിയേറിയതായ തന്റെ അരമനയിൽ പ്രവേശിച്ചു; ആ ഭയങ്കരസമരം അടുത്തുപോയെന്നു വിചാരപ്പെട്ടുകൊണ്ടിരുന്നു. ആ സമയം രാവണൻ രാക്ഷസരോടായി ഇപ്രകാരം ആജ്ഞാപിച്ചു. "വേഗത്തിൽ എന്റെ രഥം തയ്യാറാക്കപ്പെടട്ടെ; വില്ലും ഉടനെ കൊണ്ടുവരപ്പെടട്ടെ; പുറത്തുകാട്ടപ്പെടാതെ ഉള്ളിൽ ഗാഢമായി കുടികൊണ്ടിരിക്കുന്ന എന്റെ ക്രോധത്തെ ഞാൻ പ്രത്യക്ഷപ്പെടുത്തുന്നുണ്ട്. പണ്ട് ദേവന്മാരുമായുള്ള യുദ്ധത്തിൽ രുദ്രഭഗവാനാൽ യമൻ എപ്രകാരം വധിക്കപ്പെട്ടുവോ അപ്രകാരം രാമനുമായുള്ള ഈ യുദ്ധം എന്നാൽ എത്രയോ നാളായി കരുതപ്പെട്ടതാണ്. ഇതാ, എന്റെ ആവനാഴികളിൽ കിടക്കുന്നവയും വളയൂരിയ സർപ്പങ്ങളെന്നപോലെയുള്ളവയും, വിഷജ്വാലകളൊത്തവയും ആയ കൂർത്തുമൂർത്ത ശരങ്ങൾ രാമനുനേരെ ചെല്ലട്ടെ.

["മേ രാഘവേണ" എന്നതിൽനിന്ന് താൻ യമനും, ശ്രീരാമൻ രുദ്രനും സാമ്യമാണെന്ന് അവിവക്ഷിതാർത്ഥം.]

യോഽസൌ ഗജസ്കന്ധഗതോ മഹാത്മാ
നവോദിതാർക്കോപമതാമ്രവക്ത്രഃ
പ്രകമ്പയൻ നാഗശിരോഽഭ്യുപൈതി
ഹ്യകമ്പനം ത്വേനമവേഹി രാജൻ. 14

"രാജൻ !	"മഹാരാജാവേ !
യഃ	യാതൊരു
അസൌ	ഇവൻ
ഗജസ്കന്ധഗതഃ	ആനപ്പുറത്തിരുന്നുകൊണ്ട്
നാഗശിരഃ	ആനയുടെ തല
പ്രകമ്പയൻ	ആടിപ്പിച്ചുകൊണ്ട്
നവോദിതാർക്കോപമതാമ്രവക്ത്രഃ	ബാലസൂര്യന്നു തുല്യമായ ചുവന്ന മുഖമാർന്നവനായി,
മഹാത്മാ തു	അതി ധീരതയോടുകൂടി
അഭ്യുപൈതി,	നേക്കുവരുന്നുവോ,
ഏനം	ഇവനെ
അകമ്പനം ഹി	അകമ്പനനാണെന്നു
അവേഹി.	ബോധിച്ചാലും.

യോഽസൌ രഥസ്ഥോ മൃഗരാജകേതുർധൂന്വൻ ധനുഃ ശക്രധനുഃപ്രകാശം
കരീവ ഭാത്യുഗ്രവിവൃത്തദംഷ്ട്രഃ സ ഇന്ദ്രജിന്നാമ വരപ്രധാനഃ. 15

"യഃ	"യാതൊരു
അസൌ	ഇവൻ
മൃഗരാജകേതുഃ	സിംഹക്കൊടി പറപ്പിച്ച്,
രഥസ്ഥഃ	തേരിലിരുന്നുകൊണ്ട്
ശക്രധനുഃപ്രകാശം	ഇന്ദ്രധനുസ്സോത്ത
ധനുഃ ധൂന്വൻ,	വില്ലിനെ ഉലച്ചുകൊണ്ടും,
കരീ ഇവ	ആനപോലെ
ഉഗ്രവിവൃത്തദംഷ്ട്രഃ	ഭയങ്കരമാംവണ്ണം തേറ്റപ്പല്ലുകളെ കാണിച്ചുകൊണ്ടും,
ഭാതി	ശോഭിക്കുന്നുവോ,
സഃ	അവൻ
വരപ്രധാനഃ	ഉത്തമവരങ്ങൾ കൈക്കൊണ്ടവനായ
ഇന്ദ്രജിത് നാമ.	ഇന്ദ്രജിത്ത് എന്നവനാണ്.

["ധനു! ധൂന്വൻ" എന്നതു് കരബലത്തെയും, "കരീ ഇവ" എന്നത് കായബലത്തേയും "വരപ്രധാനഃ" എന്നത് വരബലത്തെയും പറയുന്നു. (ഗോ. രാ).]

സുതേജസൈ രുക്മപുംഖൈർജ്ജ്വലദ്ധൌതൈർഹിരണ്മയൈഃ
ശരൈരാദീപയാമ്യേനമുൽക്കാഭിരിവ കുഞ്ജരം 22
വാനരാൻ സുബഹൂൻ ഗൃഹ്യ രാഘവാത്സംപ്രചോദിതാൻ
യമം നയാമി വിക്രാന്താൻ മമ പാർശ്വമുപാഗതാൻ. 23

ഇത്യാർഷേ ശ്രീമദ്രാമായണേ വാല്മീകീയേ ആദികാവ്യേ യുദ്ധകാണ്ഡേ
ദ്വിതീയഃ സർഗ്ഗഃ

ഉജ്ജ്വലിക്കുന്നവയും, പൊൻകടയാർന്നവയും, വെള്ളംപോലെ തിളങ്ങുന്നവയുമായ സ്വർണ്ണമയങ്ങളായ ബാണങ്ങൾകൊണ്ട്, ആനയെ തീക്കൊള്ളികൾകൊണ്ടെന്നപോലെ, ഇവനെ ഞാൻ ചുട്ടെരിക്കുന്നുണ്ട്. രാമന്റെ അടുക്കൽനിന്ന് പറഞ്ഞയക്കപ്പെട്ടവരായി, എന്റെ അടുത്തെത്തിയവരായ എണ്ണമററ വീരന്മാരായ വാനരന്മാരെ ഞാൻ യമപുരിയിലേക്ക് പറഞ്ഞയക്കുന്നുണ്ട്."

രണ്ടാം പ്രക്ഷിപ്തസർഗ്ഗം സമാപ്തം.

യശ്ചൈഷ വിന്ധ്യാസ്തമഹേന്ദ്രകല്പോ
ധന്വീ രഥസ്ഥോഽതിരഥോഽതിവീരഃ
വിസ്ഫാരയംശ്ചാപമതുല്യമാനം
നാമ്നാഽതികായോഽതിവിവൃദ്ധകായഃ. 16

"വിന്ധ്യാസ്ത-മഹേന്ദ്രകല്പഃ	"വിന്ധ്യൻ, അസ്തഗിരി, മഹേന്ദ്രഗിരി എന്നവയ്ക്കു സദൃശനും,
ധന്വീ	വില്ലാളിയും
അതിരഥഃ	അതിരഥനും
അതിവീരഃ	വീരാഗ്രേസരനും,
രഥസ്ഥഃ	രഥത്തിലിരുന്നുകൊണ്ടു തന്നെ
അതുല്യമാനം	നിസ്തുല്യാകൃതിയാന്ന
ചാപം	വില്ലിനെ
വിസ്ഫാരയൻ,	ഞാണൊലിയിടുന്നവനും,
അതി-വിവൃദ്ധകായഃ	ഏററവും വമ്പിച്ച ശരീരത്തോടുകൂടിയവനും
യഃ	യാതൊരു [ആയ
ഏഷഃ ച	ഇവൻതന്നെയാണ്
നാമ്നാ അതികായഃ.	അതികായൻ എന്നു പറയപ്പെടുന്നവൻ.

യോഽസൌ നവാൎക്കോദിതതാമ്രചക്ഷു-
രാരുഹ്യ ഘണ്ടാനിനദപ്രണാദം
ഗജം ഖരം ഗൎജ്ജതി വൈ മഹാത്മാ
മഹോദരോ നാമ സ ഏഷ വീരഃ. 17

"യഃ	"യാതൊരു
മഹാത്മാ	മഹാത്മാവും
വീരഃ	ശൂരനുമായ
അസൌ	ഇവൻ
നവാൎക്കോദിത-താമ്രചക്ഷുഃ	ബാലസൂൎയ്യനെപ്പോലെ തുടുത്തനേത്രങ്ങളാന്ന
ഗജം	ആനപ്പുറത്തു [വനായി
ആരുഹ്യ	കയറിക്കൊണ്ട്
ഘണ്ടാനിനദ-പ്രണാദം	(ആനക്കഴുത്തിൽ കെട്ടിയ) മണികളുടെ കിലുക്കങ്ങളോടുകൂടി വൎദ്ധിച്ചതായി
ഖരം	കൎണ്ണകഠോരമായി
ഗൎജ്ജതി വൈ,	ഗൎജ്ജനംചെയ്യുന്നുവോ
സഃ ഏഷഃ	ആ ഇവൻ
മഹോദരഃ നാമ.	മഹോദരനാകുന്നു.

യോഽസൌ ഹയം കാഞ്ചനചിത്രഭാണ്ഡ-
മാരുഹ്യ സന്ധ്യാഭ്രഗിരിപ്രകാശം
പ്രാസം സമുദ്യമ്യ മരീചിനദ്ധം
പിശാച ഏഷോഽശനിതുല്യവേഗഃ. 18

"അസൌ യഃ	"ഇക്കാണുന്ന യാതൊരുവൻ,
കാഞ്ചന-ചിത്രഭാണ്ഡം	സ്വൎണ്ണമയമായ അഴകാന്ന കോപ്പുകളാന്നതായി
സന്ധ്യാഭ്ര-ഗിരിപ്രകാശം	സന്ധ്യാകാലമേഘങ്ങളോടുകൂടിയ പൎവ്വതം പോലെ വിളങ്ങുന്ന
ഹയം	കുതിരപ്പുറത്തു [തായ
ആരുഹ്യ,	കയറി,
മരീചിനദ്ധം	മിന്നിത്തിളങ്ങുന്ന
പ്രാസം	കുന്തത്തെ
സമുദ്യമ്യ,	കയ്യിലുയൎത്തിക്കൊണ്ട്,
അശനിതുല്യ-വേഗഃ	ഇടിത്തീയൊത്ത വേഗതപൂണ്ടവനായിരിക്കു
ഏഷഃ	ഇവൻ [ന്നുവോ,
പിശാചഃ.	പിശാചനെന്നവനാകുന്നു.

യശ്ചൈഷ ശൂലം നിശിതം പ്രഗൃഹ്യ
വിദ്യുത്പ്രഭം കിങ്കരവജ്രവേഗം
വൃഷേന്ദ്രമാസ്ഥായ ഗിരിപ്രകാശ-
മായാതി സോഽസൗ ത്രിശിരാ യശസ്വീ. 19

" യഃ,	" യാതൊരുവൻ,	വൃഷേന്ദ്രം	കാളപ്പുറത്ത്
നിശിതം	കൂൎമ്മയുള്ളതും	ആസ്ഥായ	കയറിക്കൊണ്ട്
വിദ്യുത്പ്രഭം ച	മിന്നൽപോലെ പ്രകാശിക്കുന്നതും	ആയാതി,	വരുന്നുവോ,
കിങ്കരവജ്ര-വേഗം	വജ്രായുധവും കമ്പിടത്തക്ക ബലമാൎന്നതുമായ	ഏഷഃ	ഇവൻ
ശൂലം	ശൂലത്തെ	ത്രിശിരാഃ ;	ത്രിശിരസ്സ് എന്നവനാകുന്നു;
പ്രഗൃഹ്യ,	എടുത്തുകൊണ്ട്,	യഃ	യാതൊരു
ഗിരിപ്രകാശം	മലയൊത്ത	അസൗ	ഇവൻ
		യശസ്വീ.	മഹാപ്രതാപശാലിയാകുന്നു.

അസൗ ച ജീമൂതനികാശരൂപഃ
കുംഭഃ പൃഥുവ്യൂഢസുജാതവക്ഷാഃ
സമാഹിതഃ പന്നഗരാജകേതുർ-
വിസ്ഫാരയൻ ഭാതി ധനുർവിധൂന്വൻ. 20

" ജീമൂത-നികാശരൂപഃ	" കരിമുകിലൊത്ത വടിവാൎന്നവനും	അസൗ	ഇക്കാണുന്ന
പൃഥുവ്യൂഢ-സുജാതവക്ഷാഃ	പെരുത്തതും വിരിഞ്ഞതുമായ ഭംഗിയുള്ള മാറിടത്തോടുകൂടിയവനും	കുംഭഃ	കുംഭനെന്നവൻ
പന്നഗരാജ-കേതുഃ ച	സൎപ്പശ്രേഷ്ഠൻ കൊടിയായുള്ളവനുമായ	സമാഹിതഃ	സന്നദ്ധനായി
		ധനുഃ വിധൂന്വൻ	വില്ലുലച്ച്
		വിസ്ഫാരയൻ	ഞാണൊലിയിട്ടുകൊണ്ട്
		ഭാതി.	വിളങ്ങുന്നു.

യശ്ചൈഷ ജാംബൂനദവജ്രജുഷ്ടം
ദീപ്തം സധൂമം പരിഘം പ്രഗൃഹ്യ
ആയാതി രക്ഷോബലകേതുഭൂത-
സ്ത്വസൗ നികുംഭോഽദ്ഭുതഘോരകൎമ്മാ. 21

" യഃ	" യാതൊരുവൻ	നികുംഭഃ ;	നികുംഭൻ എന്നു പറയപ്പെടുന്നവൻ;
ജാംബൂനദ-വജ്രജുഷ്ടം	പൊന്നും വൈരവും ചേൎന്ന	അസൗ	ഇവൻ
സധൂമം ദീപ്തം ച	പുകഞ്ഞുജ്വലിക്കുന്ന	അദ്ഭുത-ഘോരകൎമ്മാ	ഘോരമായ അത്ഭുതകൃത്യങ്ങൾ ചെയ്യുന്നവനായി
പരിഘം	ഇരുമ്പുലക്ക		
പ്രഗൃഹ്യ	എടുത്തുകൊണ്ട്		
ആയാതി,	വരുന്നുവോ,	രക്ഷോബല-കേതുഭൂതഃ,	രാക്ഷസസൈന്യത്തിൽ മികച്ച ഒരുവനാകുന്നു.
ഏഷഃ തു	ഇവൻതന്നെയാണ്		

യശ്ചൈഷ ചാപാസിശരൌഘജുഷ്ടം
പതാകിനം പാവകദീപ്തരൂപം
രഥം സമാസ്ഥായ വിഭാത്യുദഗ്രോ
നരാന്തകോഽസൌ നഗശൃംഗയോധീ. 22

" യഃ	" യാതൊരുവൻ	സമാസ്ഥായ,	ഇരുന്നുകൊണ്ട്,
ചാപാസിശരൌഘജുഷ്ടം	വില്ല്, വാൾ, ശരം എന്നവകൊണ്ട് നിറയപ്പെട്ടതും	ഉദഗ്രഃ	ക്രൂരനായി
		വിഭാതി	കാണപ്പെടുന്നുവോ,
		ഏഷഃ ച	ഇവൻതന്നെയാണ്
പതാകിനം,	കൊടിക്കൂറകളാൎന്നതായി	നരാന്തകഃ ;	നരാന്തകൻ ;
		അസൌ	ഇവൻ
പാവകദീപ്തരൂപം	ചെന്തീപോലെ മിന്നുന്നതുമായ	നഗശൃംഗയോധീ.	മരങ്ങൾകൊണ്ടും, ഗിരിശൃംഗങ്ങൾകൊണ്ടും
രഥം	തേരിൽ		പൊരുതുന്നവനാകുന്നു.

യശ്ചൈഷ നാനാവിധഘോരരൂപൈർ-
വ്യാഘ്രോഷ്ട്രനാഗേന്ദ്രമൃഗാശ്വവക്ത്രൈഃ
ഭൂതൈർവൃതോ ഭാതി വിവൃത്തനേത്രൈഃ
സോഽസൌ സുരാണാമപി ദൎപ്പഹന്താ. 23

" യഃ ഏഷഃ,	" യാതൊരു ഇവൻ,	ഭൂതൈഃ	ഭൂതങ്ങളാൽ
നാനാവിധഘോരരൂപൈഃ	പലമാതിരി ഘോരരൂപങ്ങളാൎന്നവയും,	വൃതഃ	ചൂഴപ്പെട്ടവനായി
		ഭാതി,	പ്രകാശിക്കുന്നുവോ,
വ്യാഘ്രോഷ്ട്രനാഗേന്ദ്രമൃഗാശ്വവക്ത്രൈഃ	വമ്പിച്ച പുലി, ഒട്ടകം, ആന, മാൻ, കുതിര എന്നവയുടെ മുഖങ്ങളാൎന്നവയും,	സഃ	ആ
		അസൌ ച	ഇവൻതന്നെയാണ്
		സുരാണാം അപി	ദേവന്മാൎക്കുംകൂടി
വിവൃത്തനേത്രൈഃ	കണ്ണുരുട്ടിമിഴിക്കുന്നവയുമായ	ദൎപ്പഹന്താ.	ഗൎവ്വം ശമിപ്പിച്ചവനായ രാവണൻ.

യത്രൈതദിന്ദുപ്രതിമം വിഭാതി
ഛത്രം സിതം സൂക്ഷ്മശലാകമഗ്ര്യം
അത്രൈഷ രക്ഷോധിപതിൎമ്മഹാത്മാ
ഭൂതൈൎവൃതോ രുദ്ര ഇവാവഭാതി. 24

" യത്ര	" യാതൊരു ദിക്കിൽ	അത്ര	അവിടെത്തന്നെയാണ്
ഇന്ദുപ്രതിമം	ചന്ദ്രനെന്നപോലെ	ഏഷഃ മഹാത്മാ	ഈ മഹാത്മാവായ
സൂക്ഷ്മശലാകം	നേരിയ വാരികളോടുകൂടിയതും	രക്ഷോധിപതിഃ	രാക്ഷസരാജാവ്,
		ഭൂതൈഃ	ഭൂതഗണങ്ങളാൽ
അഗ്ര്യം	വിശേഷപ്പെട്ടതുമായ	വൃതഃ	ചൂഴപ്പെട്ട
ഏതത്	ഈ	രുദ്രഃ	പരമശിവൻ
സിതം ഛത്രം	വെൺകൊററക്കുട	ഇവ	എന്നപോലെ,
വിഭാതി,	പ്രകാശിക്കുന്നുവോ,	അവഭാതി.	വിലസുന്നത്.

അസൌ കിരീടീ ചലകുണ്ഡലാസ്യോ
നഗേന്ദ്രവിന്ധ്യോപമഭീമകായഃ
മഹേന്ദ്രവൈവസ്വതദർപ്പഹന്താ
രക്ഷോധിപഃ സൂര്യ ഇവാവഭാതി. 25

"കിരീടീ	"കിരീടമണിഞ്ഞവനും
ചലകുണ്ഡലാസ്യഃ	കുണ്ഡലങ്ങളാടുന്ന മുഖത്തോടുകൂടിയവനും
നഗേന്ദ്രവിന്ധ്യോപമഭീമകായഃ	ഹിമവാനും വിന്ധ്യനും പോലെ പെരുത്ത ശരീരത്തോടുകൂടിയവനു[മായ
അസൌ	ഈ
രക്ഷോധിപഃ,	രക്ഷോനായകൻ,
മഹേന്ദ്രവൈവസ്വതദർപ്പഹന്താ;	ദേവേന്ദ്രന്റേയും യമന്റേയും ഗർവ്വത്തെ അടക്കിയവനാകുന്നു;
സൂര്യഃ ഇവ	ആദിത്യനെന്നപോലെ
അവഭാതി."	പ്രകാശിച്ചുകൊണ്ടിരിക്കുന്നു."

പ്രത്യുവാച തതോ രാമോ വിഭീഷണമരിന്ദമം
അഹോ ദീപ്തോ മഹാതേജാ രാവണോ രാക്ഷസേശ്വരഃ. 26

രാമഃ	ശ്രീരാമൻ
അരിന്ദമം	ശത്രുമർദ്ദനനായ
വിഭീഷണം	വിഭീഷണനോടായി
തതഃ	അപ്പോൾ
പ്രത്യുവാച ;	ഇപ്രകാരം അരുളിച്ചെയ്തു ;
"അഹോ !	"അമ്പോ !
രാക്ഷസേശ്വരഃ	രാക്ഷസരാജാവായ
രാവണഃ,	ഈ രാവണൻ,
മഹാതേജാഃ	അതിതേജോമയനായി
ദീപ്തഃ.	പ്രകാശിക്കുന്നു.

ആദിത്യ ഇവ ദുഷ്പ്രേക്ഷോ രശ്മിഭിർഭാതി രാവണഃ
സുവ്യക്തം ലക്ഷയേ ഹ്യസ്യ രൂപം തേജഃസമാവൃതം. 27

"രാവണഃ	"രാവണൻ,
രശ്മിഭിഃ	കിരണങ്ങളാൽ
ദുഷ്പ്രേക്ഷഃ	നോക്കപ്പെടുവാൻ കഴിയാത്ത
ആദിത്യഃ ഇവ	കതിരവനെന്നപോലെ
ഭാതി ;	ശോഭിച്ചുകൊണ്ടിരിക്കുന്നു ;
അസ്യ	ഇവന്റെ
രൂപം	സ്വരൂപം
തേജഃസമാവൃതം ഹി,	പൂർണ്ണബലത്തോടുകൂടിയതെന്നുതന്നെ
സുവ്യക്തം	പ്രത്യക്ഷത്തിൽ
ലക്ഷയേ.	ഞാൻ വിചാരിക്കുന്നു.

അഹോ വീര്യമഹോ ധൈര്യമഹോ സത്വമഹോ ദ്യുതിഃ
അഹോ രാക്ഷസരാജസ്യ സർവ്വലക്ഷണസംയുതാ. 28

"അഹോ വീര്യം!	"ഹാ! എന്തൊരുവീര്യം!
അഹോ ധൈര്യം!	എന്തു ധൈര്യം !
അഹോ സത്വം!	എന്തു ബലം !
അഹോ ദ്യുതിഃ !	എന്തൊരു കാന്തി!
രാക്ഷസരാജസ്യ	രാക്ഷസരാജാവിനുള്ള
സർവ്വലക്ഷണസംയുതാ	സർവ്വലക്ഷണങ്ങളുടേയും യോജിപ്പ്
അഹോ !	ആശ്ചര്യപ്പെടത്തക്കതുതന്നെ !

ദേവദാനവവീരാണാം വപുൎന്നൈവംവിധം ഭവേത്
യാദൃശം രാക്ഷസേന്ദ്രസ്യ വപുരേതത് പ്രകാശതേ. 29

രാക്ഷസേന്ദ്രസ്യ	രാക്ഷസരാജാവിന്റെ	ഏവം വിധം	ഇപ്രകാരമുള്ള
ഏതത്	ഈ	വപുഃ	ശരീരം
വപുഃ,	ശരീരം,	ദേവദാനവ-വീരാണാം	ദേവശ്രേഷ്ഠന്മാൎക്കും അസുരശ്രേഷ്ഠന്മാൎക്കും
യാദൃശം	ഏതുപ്രകാരം		
പ്രകാശതേ,	പ്രകാശിക്കുന്നുവോ,	ന ഭവേത്.	ഉണ്ടാവുകയില്ല.

സൎവ്വേ പൎവ്വതസംകാശാഃ സൎവ്വേ പൎവ്വതയോധിനഃ
സൎവ്വേ ദീപ്തായുധധരാ യോധാശ്ചാസ്യ മഹൌജസഃ. 30

“അസ്യ	“ഇവന്റെ	സൎവ്വേ	എല്ലാവരും
മഹൌജസഃ	മഹാതേജസ്വികളായ	പൎവ്വത-സംകാശാഃ	പൎവ്വതാകാരന്മാർ;
യോധാഃ	ഭടന്മാർ		
സൎവ്വേ ച,	എല്ലാവരും,	സൎവ്വേ	എല്ലാവരും
പൎവ്വത-യോധിനഃ	മലകളോടും പൊരുതുവാൻ തക്കവർ;	ദീപ്തായുധധരാഃ	ജ്വലിക്കുന്ന ആയുധങ്ങളെ ധരിച്ചവർ.

ഭാതി രാക്ഷസരാജോഽസൌ പ്രദീപ്തൈൎഭീമവിക്രമൈഃ
ഭൂതൈഃ പരിവൃതസ്തീക്ഷ്ണൈൎദ്ദേഹവദ്ഭിരിവാന്തകഃ. 31

“അസൌ	“ഈ	ദേഹവദ്ഭിഃ	ക്രൂരന്മാരുമായ
രാക്ഷസരാജഃ,	രാക്ഷസരാജാവ്,	ഭൂതൈഃ	ഭൂതങ്ങളാൽ
പ്രദീപ്തൈഃ	ജ്വലിക്കുന്നവരും	പരിവൃതഃ	ചുററപ്പെട്ട
തീക്ഷ്ണൈഃ	നല്ല ചൊടിയുള്ളവരും	അന്തകഃ ഇവ	യമനെന്നപോലെ
ഭീമവിക്രമൈഃ	ഭയങ്കരപരാക്രമികളും	ഭാതി.	വിലസുന്നു.

ദിഷ്ട്യായമദ്യ പാപാത്മാ മമ ദൃഷ്ടിപഥം ഗതഃ
അദ്യ ക്രോധം വിമോക്ഷ്യാമി സീതാഹരണസംഭവം. 32

“പാപാത്മാ	“മഹാപാപിയായ	സീതാഹരണ-സംഭവം	സീതയെ അപഹരിച്ചതുകൊണ്ടുണ്ടായ
അയം	ഇവൻ		
ദിഷ്ട്യാ	ദൈവാധീനംകൊണ്ടു	ക്രോധം	കോപത്തെ
അദ്യ	ഇപ്പോൾ [ണ്ട്	അദ്യ	ഇപ്പോൾതന്നെ
മമ	എന്റെ	വിമോക്ഷ്യാമി.”	ഞാൻ പ്രത്യക്ഷപ്പെടുത്തുന്നുണ്ട്.”
ദൃഷ്ടിപഥം ഗതഃ;	കണ്ണിലകപ്പെട്ടതു്;		

ഏവമുക്ത്വാ തതോ രാമോ ധനുരാദായ വീൎയ്യവാൻ
ലക്ഷ്മണാനുചരസ്തസ്ഥൌ സമുദ്ധൃത്യ ശരോത്തമം. 33

വീൎയ്യവാൻ	വീരനും	ധനുഃ	വില്ലിനെ
ലക്ഷ്മണാനുചരഃ	ലക്ഷ്മണസഹിതനുമാ	സമുദ്ധൃത്യ	കയ്യിലെടുത്തുകൊണ്ട്,
രാമഃ,	ശ്രീരാമൻ, [യ	ശരോത്തമം	ഒരു ഉത്തമബാണത്തെ
തതഃ	അപ്പോൾ	ആദായ	ഊരിപ്പിടിച്ചു്
ഏവം ഉക്ത്വാ,	ഇപ്രകാരം പറഞ്ഞു്,	തസ്ഥൌ.	തയ്യാറായിനിന്നു.

തതഃ സ രക്ഷോധിപതിർമ്മഹാത്മാ
രക്ഷാംസി താന്യാഹ മഹാബലാനി
ദ്വാരേഷു ചര്യ്യാഗൃഹഗോപുരേഷു
സുനിർവൃതാസ്തിഷ്ഠത നിർവ്വിശങ്കാഃ. 34

സഃ	ആ	ആഹ ;	ഇപ്രകാരമാജ്ഞാപിച്ചു;
മഹാത്മാ	മഹാപരാക്രമശാലിയാ	"ദ്വാരേഷു	"കോട്ടവാതിലുകളിലും
രക്ഷോധിപതിഃ,	രാക്ഷസരാജാവ്, [യ	ചര്യ്യാഗൃഹ-	കൊത്തളങ്ങളിലും
തതഃ	അപ്പോൾ	ഗോപുരേഷു	ഗോപുരങ്ങളിലും
മഹാബലാനി	മഹാബലശാലികളാ	നിർവ്വിശങ്കാഃ	കൂസാതെ
താനി	ആ [യ	സുനിർവൃതാഃ	ധൈര്യത്തോടെ
രക്ഷാംസി	രാക്ഷസന്മാരോട്	തിഷ്ഠത.	കാത്തുനില്പിൻ.

ഇഹാഗതം മാം സഹിതം ഭവദ്ഭിർ-
വനൗകസശ്ഛിദ്രമിദം വിദിത്വാ
ശൂന്യാം പുരീം ദുഷ്പ്രസഹാം പ്രമഥ്യ
പ്രധർഷയേയുഃ സഹസാ സമേതാഃ. 35

"മാം	"എന്നെ	ഛിദ്രം	നല്ലതക്കമെന്നും
ഭവദ്ഭിഃ	നിങ്ങളോടു കൂടി	വിദിത്വാ,	കണ്ട്,
സഹിതം		വനൗകസഃ	വാനരന്മാർ
ആഗതം,	ഇങ്ങെത്തിയിരിക്കുന്ന വനായും,	സമേതാഃ,	ഒത്തുകൂടിക്കൊണ്ട്,
		സഹസാ	ഊക്കോടെ
ദുഷ്പ്രസഹാം	അടുപ്പാൻ സാധിക്കാ	ഇഹ	ഇങ്ങു
പുരീം	പുരത്തെ [ത്ത	പ്രമഥ്യ,	കയത്തു കയറി,
ശൂന്യാം	ആളൊഴിഞ്ഞിരിക്കുന്ന	പ്രധർഷയേയുഃ.	നാശത്തെ വിളയിച്ചേക്കും.
ഇദം	ഇതുതന്നെ [തായും,		

വിസർജ്ജയിത്വാ സഹിതാംസ്തതസ്താൻ
മതേഷു രക്ഷസ്സു യഥാനിയോഗം
വ്യദാരയദ്വാനരസാഗരൌഘം
മഹാഝഷഃ പൂർണ്ണമിവാർണ്ണവൌഘം. 36

"മതേഷു	"വിശ്വസ്തന്മാരായ	തതഃ,	അതിൽപിന്നെ,
രക്ഷഃസു	രാക്ഷസന്മാരുടെ അടുക്കൽ	പൂർണ്ണം	നിറഞ്ഞൊഴുകുന്ന
		അർണ്ണവൌഘം	സമുദ്രപ്രവാഹത്തിൽ
യഥാനിയോഗം	ഇപ്രകാരം കല്പിച്ചവണ്ണംതന്നെ,	മഹാഝഷഃ	ഒരു വമ്പിച്ച മീനെന്ന
		ഇവ	പോലെ,
സഹിതാൻ	കൂടെ ഉണ്ടായിരുന്ന	വാനര-	വാനരക്കടലൊഴുക്കിനു
താൻ	അവരെ	സാഗരൌഘം	ള്ളിൽ
വിസർജ്ജയിത്വാ,	വിടകൊടുത്തയച്ച്,	വ്യദാരയത്.	പിളന്നുചെന്നു.

തമാപതന്തം സഹസാ സമീക്ഷ്യ
ദീപ്തേഷുചാപം യുധി രാക്ഷസേന്ദ്രം
മഹത് സമുത്പാട്യ മഹീധരാഗ്രം
ദുദ്രാവ രക്ഷോധിപതിം ഹരീശഃ. 37

ഹരീശഃ,	വാനരാധിപനായ [സുഗ്രീവൻ,	സഹസാ	ഉടനെ
യുധി	പോരിൽ	മഹത്	വമ്പിച്ച
ദീപ്തേഷുചാപം	ജ്വലിക്കുന്ന ശരവും വില്ലുമായി	മഹീധരാഗ്രം	ഒരു പൎവ്വതശിഖരത്തെ
ആപതന്തം	ഏററടുക്കുന്ന	സമുത്പാട്യ,	പുഴക്കി എടുത്തുകൊണ്ട്,
തം	ആ		
രാക്ഷസേന്ദ്രം	രക്ഷോനാഥനെ	രക്ഷോധിപതിം	രാക്ഷസരാജാവിനെ
സമീക്ഷ്യ,	കണ്ട്,	ദുദ്രാവ.	എതിൎത്തുചെന്നു.

തച്ഛൈലശൃംഗം ബഹുവൃക്ഷസാനും
പ്രഗൃഹ്യ ചിക്ഷേപ നിശാചരായ
തമാപതന്തം സഹസാ സമീക്ഷ്യ
ബിഭേദ ബാണൈസ്തപനീയപുംഖൈഃ. 38

ബഹു-വൃക്ഷസാനും	പല വൃക്ഷങ്ങളോടു താഴ്വരകളോടുംകൂടിയ	ആപതന്തം	നേക്കുവരുന്ന
തത്	ആ	തം സമീക്ഷ്യ,	അതിനെ കണ്ടു്,
ശൈലശൃംഗം	പൎവ്വതശിഖരത്തെ	തപനീയ-പുംഖൈഃ	സ്വൎണ്ണംകെട്ടിയ
പ്രഗൃഹ്യ	ഓങ്ങിക്കൊണ്ടു്	ബാണൈഃ	ബാണങ്ങൾകൊണ്ടു്
നിശാചരായ	രാക്ഷസന്നുനേരെ	സഹസാ	ഉടനെ
ചിക്ഷേപ;	എറിഞ്ഞു;	ബിഭേദ.	തകൎത്തു.

തസ്മിൻ പ്രവൃദ്ധോത്തമസാനുവൃക്ഷ
ശൃംഗേ വികീൎണ്ണേ പതിതേ പൃഥിവ്യാം
മഹാഹികല്പം ശരമന്തകാഭം
സമാദദേ രാക്ഷസലോകനാഥഃ. 39

രാക്ഷസ-ലോകനാഥഃ,	രാക്ഷസരാജാവായ അവൻ,	വികീൎണ്ണേ	ചിതറി
തസ്മിൻ	ആ	പൃഥിവ്യാം	ഭൂമിയിൽ
പ്രവൃദ്ധോത്തമ-സാനുവൃക്ഷ	വമ്പിച്ച ഉത്തമവൃക്ഷങ്ങളോടു താഴ്വരകളോടുംകൂടിയ	പതിതേ,	വീണാറെ,
		മഹാഹികല്പം	വൻസൎപ്പംപോലുള്ള
		അന്തകാഭം	യമസദൃശമായ
		ശരം	ഒരു ബാണത്തെ
ശൃംഗേ	ആ ശിഖരം	സമാദദേ.	ഊരിപ്പിടിച്ചു.

സ തം ഗൃഹീത്വാऽനിലതുല്യവേഗം
സവിസ്ഫുലിംഗജ്വലനപ്രകാശം
ബാണം മഹേന്ദ്രാശനിതുല്യവേഗം
ചിക്ഷേപ സുഗ്രീവവധായ രുഷ്ടഃ. 40

സഃ,	അവൻ,	ബാണം	ബാണത്തെ
അനിലതുല്യവേഗം	കാററിന്റെ വേഗത പൂണ്ടതും	ഗൃഹീത്വാ,	എടുത്ത്,
സവിസ്ഫുലിംഗജ്വലനപ്രകാശം	പൊരിപറക്കുന്ന ചെന്തീപോലെ പ്രകാശിക്കുന്നതും	രുഷ്ടഃ	കോപത്തോടെ
മഹേന്ദ്രാശനിതുല്യവേഗം	ഇന്ദ്രന്റെ ഇടിത്തീപോലെ ഊക്കുള്ളതുമായ	തം	അതിനെ
		സുഗ്രീവവധായ	സുഗ്രീവവധത്തിന്നായി
		ചിക്ഷേപ.	പ്രയോഗിച്ചു.

സ സായകോ രാവണബാഹുമുക്തഃ
ശക്രാശനിപ്രഖ്യവപുഃ ശിതാഗ്രഃ
സുഗ്രീവമാസാദ്യ ബിഭേദ വേഗാദ്-
ഗുഹേരിതാ ക്രൌഞ്ചമിവോഗ്രശക്തിഃ. 41

ശക്രാശനിപ്രഖ്യവപുഃ	ഇന്ദ്രന്റെ വജ്രായുധത്തിന്നു തുല്യമായ ആകൃതിയുള്ളതും	ഗുഹേരിതാ	ഗുഹനാൽ അയയ്ക്കപ്പെട്ട
ശിതാഗ്രഃ	കൂർത്തുമൂർത്തതും	ഉഗ്രശക്തിഃ	ഘോരമായ വേൽ
രാവണബാഹുമുക്തഃ	രാവണന്റെ കൈകൊണ്ട് എയ്യപ്പെട്ടതുമായ	ക്രൌഞ്ചം	ക്രൌഞ്ചപർവ്വതത്തെ
സഃ	ആ	ഇവ,	എപ്രകാരമോ അപ്രകാരം,
സായകഃ,	ശരം,	സുഗ്രീവം	സുഗ്രീവന്റെ മേൽ
		ആസാദ്യ	ഏററ്
		വേഗാത്	ഊക്കോടെ
		ബിഭേദ.	തുളച്ചു.

സ സായകാർത്തോ വിപരീതചേതാഃ
കൂജൻ പൃഥിവ്യാം നിപപാത വീരഃ
തം പ്രേക്ഷ്യ ഭൂമൌ പതിതം വിസംജ്ഞം
നേദുഃ പ്രഹൃഷ്ടാ യുധി യാതുധാനാഃ. 42

സഃ	ആ	യുധി	യുദ്ധത്തിൽ
വീരഃ	വീരൻ	തം	ആ സുഗ്രീവനെ
സായകാർത്തഃ	ശരപീഡിതനായി	വിസംജ്ഞം	ബോധം കെട്ട്
വിപരീതചേതാഃ	മനസ്സുഴന്നവനായി	ഭൂമൌ	നിലത്ത്
കൂജൻ	നിലവിളിച്ചുകൊണ്ട്	പതിതം	വീണുകിടക്കുന്നവനായി
പൃഥിവ്യാം	ഭൂമിയിൽ	പ്രേക്ഷ്യ,	കണ്ട്,
നിപപാത;	വീണു;	പ്രഹൃഷ്ടാഃ	മോദമുൾക്കൊണ്ടവരായി
യാതുധാനാഃ	രാക്ഷസന്മാർ	നേദുഃ.	ആർത്തു.

തതോ ഗവാക്ഷോ ഗവയഃ സുദംഷ്ട്ര-
സ്തഥർഷഭോ ജ്യോതിർമുഖോ നളശ്ച
ശൈലാൻ സമുദ്യമ്യ വിവൃദ്ധകായാഃ
പ്രദുദ്രുവുസ്തം പ്രതി രാക്ഷസേന്ദ്രം. 43

തതഃ	അപ്പോൾ
വിവൃദ്ധകായാഃ	പൃഥുശരീരന്മാരായ
ഗവാക്ഷഃ	ഗവാക്ഷനും,
ഗവയഃ	ഗവയനും,
സുദംഷ്ട്രഃ	സുദംഷ്ട്രനും,
ഋഷഭഃ തഥാ	ഋഷഭനും,
ജ്യോതിർമുഖഃ,	ജ്യോതിർമുഖനും,
നളഃ ച,	നളനും,
ശൈലാൻ	മലകളെ
സമുദ്യമ്യ	ഓങ്ങിക്കൊണ്ട്
തം	ആ
രാക്ഷസേന്ദ്രം പ്രതി	രാക്ഷസരാജാവിന്റെ നേരെ
പ്രദുദ്രുവുഃ.	ഏററടുത്തു.

തേഷാം പ്രഹാരാൻ സ ചകാര മോഘാൻ
രക്ഷോധിപോ ബാണഗണൈഃ ശിതാഗ്രൈഃ
താൻ വാനരേന്ദ്രാനപി ബാണജാലൈർ-
ബിഭേദ ജാംബൂനദചിത്രപുംഖൈഃ. 44

രക്ഷോധിപഃ,	രാക്ഷസാധിപൻ,
തേഷാം	അവരുടെ
പ്രഹാരാൻ,	തല്ലുകളേയെല്ലാം
ശിതാഗ്രൈഃ	കൂർത്ത മുനകളുള്ള
ബാണഗണൈഃ	ബാണഗണങ്ങൾ കൊണ്ട്
മോഘാൻ ചകാര;	വ്യർത്ഥമാക്കി;
സഃ	അവൻ
ജാംബൂനദ-ചിത്രപുംഖൈഃ	പൊൻകെട്ടുകളാൽ ശോഭിപ്പൂണ്ട അററത്തോടു [കൂടിയ
ബാണജാലൈഃ	ശരനിരകളാൽ
താൻ	ആ
വാനരേന്ദ്രാൻ അപി	വാനരോത്തമന്മാരേയും
ബിഭേദ.	പിളന്നു.

തേ വാനരേന്ദ്രാസ്ത്രിദശാരിബാണൈർ-
ഭിന്നാ നിപേതുർഭുവി ഭീമകായാഃ
തതസ്തു തദ്വാനരസൈന്യമുഗ്രം
പ്രച്ഛാദയാമാസ സ ബാണജാലൈഃ 45

ഭീമകായാഃ	ഭയങ്കരദേഹങ്ങളാന്ന
തേ	ആ
വാനരേന്ദ്രാഃ,	വാനരോത്തമന്മാർ
ത്രിദശാരി-ബാണൈഃ	ദേവശത്രുവായ രാവണന്റെ ബാണങ്ങളാൽ
ഭിന്നാഃ,	തുളയ്ക്കപ്പെട്ടവരായി,
ഭുവി	നിലത്തു്
നിപേതുഃ ;	വീണു ;
തതഃ	അപ്പോൾ
സഃ	അവൻ
ബാണ-ജാലൈഃ തു	ശരതതികൾകൊണ്ടു തന്നെ
തത് ഉഗ്രം	ആ ഭയങ്കരമായ
വാനരസൈന്യം	വാനരസൈന്യത്തെ
പ്രച്ഛാദയാമാസ.	മൂടി.

തേ വധ്യമാനാഃ പതിതാഃ പ്രവീരാ
നാനദ്യമാനാ ഭയശല്യവിദ്ധാഃ
ശാഖാമൃഗാ രാവണസായകാർത്താ
ജഗ്മുഃ ശരണ്യം ശരണം സ്മ രാമം. 46

പ്രവീരാഃ	വിഖ്യാതവീരന്മാരായ	പതിതാഃ	തോററു്
തേ ശാഖാമൃഗാഃ	ആ വാനരന്മാർ	നാനദ്യമാനാഃ	നിലവിളിച്ചുകൊണ്ടും
രാവണ-സായകാർത്താഃ	രാവണന്റെ ബാണങ്ങളാൽ പീഡിതന്മാരായി	ശരണ്യം	രക്ഷകനായ
വധ്യമാനാഃ,	ഹിംസിക്കപ്പെട്ടവരായും	രാമം	ശ്രീരാമനെ
ഭയശല്യ-വിദ്ധാഃ	ഭയമാകുന്ന ശരമുനകളാൽ തുളയ്ക്കപ്പെട്ടവരായി	ശരണം	ശരണം
		ജഗ്മുഃ സ്മ.	പ്രാപിച്ചു.

തതോ മഹാത്മാ സ ധനുർദ്ധനുഷ്മാ-
നാദായ രാമഃ സഹസാ ജഗാമ
തം ലക്ഷ്മണഃ പ്രാഞ്ജലിരഭ്യുപേത്യ
ഉവാച വാക്യം പരമാർത്ഥയുക്തം. 47

ധനുഷ്മാൻ	വില്ലാളിവീരനും	ലക്ഷ്മണഃ	ലക്ഷ്മണൻ
മഹാത്മാ	മഹാത്മാവുമായ	പ്രാഞ്ജലിഃ	അഞ്ജലിബന്ധംചെയ്തുകൊണ്ടു്
സഃ രാമഃ,	ആ ശ്രീരാമൻ,		
തതഃ	ആ സമയം	പരമാർത്ഥ-യുക്തം	മഹത്തായ കൃത്യത്തിൽ ഉദ്യുക്തനായ
സഹസാ	ഉടനെ		
ധനുഃ	വില്ലിനെ	തം അഭ്യുപേത്യ	ആ ശ്രീരാമന്റെ തിരുമുമ്പിൽചെന്നു്,
ആദായ	എടുത്തുംകൊണ്ടു്		
ജഗാമ ;	ചെന്നു ;	വാക്യം ഉവാച.	ഇപ്രകാരം ഉണർത്തിച്ചു.

കാമമാര്യ സുപര്യാപ്തോ വധായാസ്യ ദുരാത്മനഃ
വിധമിഷ്യാമ്യഹം നീചമനുജാനീഹി മാം പ്രഭോ. 48

"ആര്യ!	"ജ്യേഷ്ഠ!	അഹം,	ഞാൻ,
പ്രഭോ!	സർവ്വശക്തനായുള്ളോവേ!	നീചം	അല്പനായ ഇവനെ
ദുരാത്മനഃ	ദുഷ്ടനായ	വിധമിഷ്യാമി;	വധിക്കാം;
അസ്യ	ഇവന്റെ	മാം	എനിക്ക്
വധായ	വധത്തിന്നു	കാമം അനു-ജാനീഹി."	സമ്മതം തന്നരുളിയാലും."
സുപര്യാപ്തഃ	ധാരാളം മതിയായ		

തമബ്രവീന്മഹാതേജാ രാമഃ സത്യപരാക്രമഃ. 49

മഹാതേജാഃ	മഹാതേജസ്വിയും	രാമഃ,	ശ്രീരാമൻ,
സത്യപരാക്രമഃ	യഥാർത്ഥമായ പരാക്രമത്തോടുകൂടിയവനുമായ	തം	അവനോടായി
		അബ്രവീത്.	ഇപ്രകാരം ഉരചെയ്തു.

ഗച്ഛ യത്നപരശ്ചാപി ഭവ ലക്ഷ്മണ സംയുഗേ
രാവണോ ഹി മഹാവീര്യോ രണേഽദ്ഭുതപരാക്രമഃ. 50

" ലക്ഷ്മണ!	" ലക്ഷ്മണ!	രാവണഃ	രാവണൻ
ഗച്ഛ;	നീ പോയ്ക്കൊൾക;	മഹാവീര്യഃ അപി	മഹാവീര്യശാലിയും
സംയുഗേ	യുദ്ധത്തിൽ	രണേ	പോരിൽ
യത്നപരഃ ച	നല്ല ജാഗ്രതയോടുകൂടി	അദ്ഭുത-പരാക്രമഃ	ആശ്ചര്യപ്പെടത്തക്ക പരാക്രമത്തോടു കൂടിയവനാണ്.
ഭവ;	വർത്തിച്ചാലും;		
ഹി	എന്തെന്നാൽ		

ത്രൈലോക്യേനാപി സംക്രുദ്ധോ ദുഷ്പ്രസഹ്യോ ന സംശയഃ. 51

" സംക്രുദ്ധഃ അപി	" ഇവൻ നന്നായി ക്രുദ്ധിച്ചാൽ	ദുഷ്പ്രസഹ്യഃ;	അടക്കുന്നതിന്നു സാധിക്കാത്തവനാണ്,
ത്രൈലോക്യേന	മൂന്നുലോകങ്ങളും ഒന്നിച്ചാലും	സംശയഃ ന.	സംശയമില്ല.

തസ്യ ഛിദ്രാണി മാർഗ്ഗസ്വ സ്വച്ഛിദ്രാണി ച ലക്ഷയ
ചക്ഷുഷാ ധനുഷാ യത്നാദ്രക്ഷാത്മാനം സമാഹിതഃ. 52

" തസ്യ	" അവന്റെ	സമാഹിതഃ	പതർച്ചയില്ലാതെ
ഛിദ്രാണി	നോട്ടക്കുറവുകളെ	യത്നാത്	പരിശ്രമിച്ച്
മാർഗ്ഗസ്വ;	കണ്ടറിയുക;	ചക്ഷുഷാ	നല്ല നോട്ടത്തോടുകൂടി
സ്വച്ഛിദ്രാണി ച ലക്ഷയ;	നിനക്കും നോട്ടക്കുറവു വരാതെ സൂക്ഷിച്ചുകൊൾക;	ധനുഷാ	വില്ലുകൊണ്ട്
		ആത്മാനം	തന്നെത്താൻ
		രക്ഷ."	കാത്തുകൊൾക."

രാഘവസ്യ വചഃ ശ്രുത്വാ പരിഷ്വജ്യാഭിപൂജ്യ ച
അഭിവാദ്യ തതോ രാമം യയൗ സൗമിത്രിരാഹവം. 53

സൗമിത്രിഃ	ലക്ഷ്മണൻ	പരിഷ്വജ്യ	ആലിംഗനംചെയ്ത്
രാഘവസ്യ വചഃ	ശ്രീരാമവാക്യത്തെ	അഭിപൂജ്യ ച	വണങ്ങി
ശ്രുത്വാ,	കേട്ട്,	അഭിവാദ്യ,	നമസ്കരിച്ചശേഷം,
തതഃ	പിന്നെ	ആഹവം	പോരിന്നായി
രാമം	ശ്രീരാമനെ	യയൗ.	നിർഗ്ഗമിച്ചു.

സ രാവണം വാരണഹസ്തബാഹുർദദർശ ദീപ്തോദ്യതഭീമചാപം
പ്രച്ഛാദയന്തം ശരവൃഷ്ടിജാലൈസ്താൻ വാനരാൻ ഭിന്നവികീർണ്ണദേഹാൻ. 54

വാരണ-ഹസ്തബാഹുഃ	ആനത്തുമ്പിക്കൈപോലെ കൈകളാർന്ന	ശരവൃഷ്ടി-ജാലൈഃ	ശരമാരികളുടെ തുടർച്ചയാൽ
സഃ,	ആ ലക്ഷ്മണൻ,	താൻ വാനരാൻ	ആ വാനരന്മാരെ
ദീപ്തോദ്യത-ഭീമചാപം	ഉജ്ജ്വലിച്ചുംകൊണ്ട് ഉയർത്തിപ്പിടിക്കപ്പെട്ട ഘോരചാപത്തോടുകൂടിയവനും	ഭിന്ന-വികീർണ്ണ ദേഹാൻ	മുറിപെട്ടുചിതറിയ ദേഹങ്ങളോടുകൂടിയവരാക്കി
		പ്രച്ഛാദയന്തം	മൂടുന്നവനുമായ
		രാവണം ദദർശ.	രാവണനെ വീക്ഷിച്ചു.

തമാലോക്യ മഹാതേജാ ഹനുമാൻ മാരുതാത്മജഃ
നിവാൎയ്യ ശരജാലാനി പ്രദുദ്രാവ സ രാവണം. 55

മഹാതേജാഃ	മഹാപരാക്രമശാലിയും	രാവണം	രാവണനെ
മാരുതാത്മജഃ	വായുപുത്രനുമായ	ആലോക്യ,	കണ്ട്,
സഃ	ആ	ശരജാലാനി	ബാണസമൂഹങ്ങളെ
ഹനുമാൻ,	ഹനുമാൻ,	നിവാൎയ്യ	തട്ടിയുംകൊണ്ടു
തം	അപ്രകാരമുള്ള	പ്രദുദ്രാവ.	ഏററടുത്തു.

രഥം തസ്യ സമാസാദ്യ ഭുജമുദ്യമ്യ ദക്ഷിണം
ത്രാസയൻ രാവണം ധീമാൻ ഹനുമാൻ വാക്യമബ്രവീത്. 56

ധീമാൻ	ബുദ്ധിമാനായ	ഭുജം ഉദ്യമ്യ	കൈ ഓങ്ങിക്കൊണ്ട്
ഹനുമാൻ,	ഹനുമാൻ,	രാവണം	രാവണനെ
തസ്യ	അവന്റെ	ത്രാസയൻ,	ഭീഷണിപ്പെടുത്തിക്കൊണ്ട്,
രഥം സമാസാദ്യ,	രഥത്തെ അടുത്ത്,	വാക്യം അബ്രവീത്.	ഇങ്ങിനെ ഉരച്ചു.
ദക്ഷിണം	വലത്തെ		

ദേവദാനവഗന്ധൎവ്വൈൎയ്യക്ഷൈശ്ച സഹ രാക്ഷസൈഃ
അവധ്യത്വം ത്വയാ പ്രാപ്തം വാനരേഭ്യസ്തു തേ ഭയം. 57

"ദേവദാനവഗന്ധൎവ്വൈഃ	"ദേവന്മാർ, അസുരന്മാർ, ഗന്ധൎവ്വന്മാർ എന്നവരാലും	അവധ്യത്വം	മൃതിയില്ലെന്നുള്ള അവസ്ഥ
രാക്ഷസൈഃ സഹ,	രാക്ഷസന്മാരോടുകൂടിയ	ത്വയാ	നിന്നാൽ
യക്ഷൈഃ ച	യക്ഷന്മാരാലുംതന്നെ	പ്രാപ്തം;	പ്രാപിക്കപ്പെട്ടിട്ടുണ്ട്;
		തേ ഭയം	നിനക്ക് ആപത്തു്
		വാനരേഭ്യഃ തു.	വാനരന്മാരിൽനിന്നു തന്നെയാണ്.

ഏഷ മേ ദക്ഷിണോ ബാഹുഃ പഞ്ചശാഖഃ സമുദ്യതഃ
വിധമിഷ്യതി തേ ദേഹാദ്ഭൂതാത്മാനം ചിരോഷിതം. 58

"പഞ്ചശാഖഃ	"അഞ്ചുവിരലുകളോടുകൂടി	ദേഹാത്,	ശരീരത്തിൽ നിന്ന്,
സമുദ്യതഃ	ഉയൎത്തപ്പെട്ട	ചിരോഷിതം	വളരെക്കാലമായി കുടികൊണ്ടതായ
ഏഷഃ	ഈ	ഭൂതാത്മാനം	പഞ്ചഭൂതങ്ങളോടു കൂടിയ പ്രാണനെ
മേ ദക്ഷിണഃ	എന്റെ വലത്തെ	വിധമിഷ്യതി."	പറപ്പിച്ചു കളയും."
ബാഹുഃ,	കൈ,		
തേ	നിന്റെ		

[അഞ്ചു വിരലുകൾ പഞ്ചഭൂതങ്ങളെയും, കരതലം പ്രാണനേയും ഇല്ലാതാക്കുന്നു എന്ന് ഭാവം.]

ശ്രുത്വാ ഹനുമതോ വാക്യം രാവണോ ഭീമവിക്രമഃ
സംരക്തനയനഃ ക്രോധാദിദം വചനമബ്രവീത്. 59

ഭീമവിക്രമഃ	ഘോരപരാക്രമിയായ	ക്രോധാത്	കോപത്താൽ
രാവണഃ,	രാവണൻ,	സംരക്തനയനഃ	കണ്ണുകൾ ചുവന്നവനായി
ഹനുമതഃ	ഹനുമാന്റെ	ഇദം വചനം	ഇപ്രകാരം
വാക്യം ശ്രുത്വാ,	വാക്യത്തെ കേട്ട്,	അബ്രവീത്.	ഓതി.

ക്ഷിപ്രം പ്രഹര നിശ്ശങ്കം സ്ഥിരാം കീർത്തിമവാപ്നുഹി
തതസ്ത്വാം ജ്ഞാതവിക്രാന്തം നാശയിഷ്യാമി വാനര. 60

"വാനര!	"വാനര!	കീർത്തിം	കീർത്തി
നിശ്ശങ്കം	ഭപടിക്കാതെ അടുത്തു [വന്ന്	അവാപ്നുഹി;	നിനക്കുണ്ടാകട്ടെ;
ക്ഷിപ്രം	ഉടനെ	തതഃ,	പിന്നെ,
പ്രഹര;	തല്ലിക്കൊള്ളുക;	ജ്ഞാത-വിക്രാന്തം	കൈയൂക്കിത്രയുണ്ടെന്നറിയപ്പെട്ടവനായ
സ്ഥിരാം	(രാവണനെ അടിച്ചവനാണെന്നുള്ള) സ്ഥിരമായ	ത്വാം	നിന്നെ
		നാശയിഷ്യാമി."	ഞാൻ കഥകഴിക്കാം."

രാവണസ്യ വചഃ ശ്രുത്വാ വായുസൂനുർവ്വചോഽബ്രവീത്
പ്രഹൃതം ഹി മയാ പൂർവ്വമക്ഷം സ്മര സുതം തവ. 61

വായുസൂനുഃ,	വായുപുത്രൻ,	മയാ ഹി	എന്നാൽതന്നെ
രാവണസ്യ	രാവണന്റെ	പ്രഹൃതം	കൊല്ലപ്പെട്ട
വചഃ ശ്രുത്വാ	വാക്കുകേട്ട്	തവ	നിന്റെ
വചഃ അബ്രവീത്;	ഇങ്ങിനെ ഒരുവാക്ക് ഉരചെയ്തു;	സുതം	പുത്രൻ
		അക്ഷം	അക്ഷനെ
"പൂർവ്വം	"മുമ്പ്	സ്മര."	ഓർത്തുകൊൾക."

ഏവമുക്തോ മഹാതേജാ രാവണോ രാക്ഷസേശ്വരഃ
ആജഘാനാനിലസുതം തലേനോരസി വീര്യവാൻ 62

മഹാതേജാഃ	മഹാപരാക്രമശാ[ലിയും	ഉക്തഃ,	പറയപ്പെട്ടവനായി,
വീര്യവാൻ	വീരനും	അനിലസുതം	ഹനുമാനെ
രാക്ഷസേശ്വരഃ	രാക്ഷസരാജാവുമായ	തലേന	കയ്യുചംകൊണ്ട്
രാവണഃ,	രാവണൻ,	ഉരസി	മാറിൽ
ഏവം	ഇപ്രകാരം	ആജഘാന.	അടിച്ചു.

സ തലാഭിഹതസ്തേന ചചാല ച മുഹുർമ്മുഹുഃ
സ്ഥിത്വാ മുഹൂർത്തം തേജസ്വീ സ്ഥൈര്യം കൃത്വാ മഹാമതിഃ 63
ആജഘാനാഭിസംക്രുദ്ധസ്തലേനൈവാമരദ്വിഷം. 64

തേന,	അവനാൽ,	മുഹൂർത്തം സ്ഥിത്വാ,	ഒട്ടുനിന്ന്,
മുഹുഃ മുഹുഃ	വീണ്ടും വീണ്ടും		
തലാഭിഹതഃ	കൈകൊണ്ടടിക്കപ്പെട്ടവനായ	അഭിസംക്രുദ്ധഃ	ഏറെച്ചൊടിച്ച്
		സ്ഥൈര്യം കൃത്വാ,	പൌരുഷത്തെ കയ്ക്കൊണ്ട്
സഃ ച	ആ ഹനുമാനും		
ചചാല;	ഒന്നിളകി;	അമരദ്വിഷം ഏവ	ദേവവൈരിയായ ആ രാവണനേയും
മഹാമതിഃ	മഹാധീരനും		
തേജസ്വീ	മാനശാലിയുമായ അവൻ	തലേന	കൈകൊണ്ട്
		ആജഘാന.	അടിച്ചു.

തതസ്തലേനാഭിഹതോ വാനരേണ മഹാത്മനാ
ദശഗ്രീവഃ സമാധൂതോ യഥാ ഭൂമിചലേഽചലഃ. 65

മഹാത്മനാ	മഹാത്മാവായ	തതഃ,	അതിനാൽ,
വാനരേണ	വാനരനാൽ	ഭൂമിചലേ	ഭൂകമ്പമുണ്ടാകുന്നസമ[യം
തലേന	കയ്ത്തലംകൊണ്ട്	അചലഃ	ഒരു പൎവ്വതം
അഭിഹതഃ	അടിക്കപ്പെട്ടവനായ	യഥാ	എപ്രകാരമോ അപ്ര[കാരം
ദശഗ്രീവഃ,	രാവണൻ,	സമാധൂതഃ.	ഉലയ്ക്കപ്പെട്ടു.

സംഗ്രാമേ തം തഥാ ദൃഷ്ട്വാ രാവണം തലതാഡിതം
ഋഷയോ വാനരാഃ സിദ്ധാ നേദുർദേവാഃ സഹാസുരൈഃ. 66

ഋഷയഃ	ഋഷിമാരും	സംഗ്രാമേ	യുദ്ധത്തിൽ
വാനരാഃ	വാനരന്മാരും	തം രാവണം	ആ രാവണനെ
സിദ്ധാഃ	സിദ്ധന്മാരും	തഥാ	അപ്രകാരം
ദേവാഃ	ദേവന്മാരും	തലതാഡിതം	കൈകൊണ്ടടിക്കപ്പെട്ട[വനായി
അസുരൈഃ സഹ,	അസുരന്മാരോടും കൂടി,	ദൃഷ്ട്വാ,	കണ്ട്,
		നേദുഃ.	ആൎത്തു.

അഥാശ്വാസ്യ മഹാതേജാ രാവണോ വാക്യമബ്രവീത്
സാധു വാനര വീൎയ്യേണ ശ്ലാഘനീയോഽസി മേ രിപുഃ. 67

അഥ	അപ്പോൾ	"വാനര!	"വാനര!
മഹാതേജാഃ	മഹാപരാക്രമശാലിയായ	സാധു	നല്ലത്!
		മേ	എന്റെ
രാവണഃ,	രാവണൻ,	രിപുഃ,	ശത്രുവായ നീ,
ആശ്വാസ്യ	തെല്ലാശ്വസിച്ച്,	വീൎയ്യേണ	പരാക്രമംകൊണ്ട്
വാക്യം അബ്രവീത്;	ഇപ്രകാരം പറഞ്ഞു;	ശ്ലാഘനീയഃ അസി."	ശ്ലാഘിക്കത്തക്കവൻ തന്നെ."

രാവണേനൈവമുക്തസ്തു മാരുതിൎവ്വാക്യമബ്രവീത്
ധിഗസ്തു മമ വീൎയ്യേണ യസ്ത്വം ജീവസി രാവണ. 68

രാവണേന	രാവണനാൽ	"രാവണ!	"രാവണ!
തു	ആസമയം	യഃ	യാതൊരു
ഏവം	ഇപ്രകാരം	ത്വം,	നീ,
ഉക്തഃ	പറയപ്പെട്ടവനായ	ജീവസി	ജീവിച്ചിരിക്കുന്നു എന്ന[തുകൊണ്ട്
മാരുതിഃ	ഹനുമാൻ	മമ	എന്റെ
വാക്യം അബ്രവീത്;	ഇങ്ങിനെ ഉരചെയ്തു;	വീൎയ്യേണ ധിക് അസ്തു.	നിസ്സാരമായ വീൎയ്യം നിഷ്ഫലംതന്നെ.

സകൃത്തു പ്രഹരേദാനീം ദുർബ്ബുദ്ധേ കിം വികത്ഥസേ
തതസ്ത്വാം മാമികാ മുഷ്ടിർന്നയിഷ്യതി യമക്ഷയം. 69

"ദുർബ്ബുദ്ധേ!	"ദുഷ്ടബുദ്ധിയുള്ളവനേ!	തതഃ	പിന്നെ
കിം വികത്ഥസേ?	എന്തിനാണ് വീമ്പുപറയുന്നത്?	മാമികാ	എന്റെ
		മുഷ്ടിഃ	കയ്യിടി
ഇദാനീം	ഇപ്പോൾ	ത്വാം	നിന്നെ
സകൃത് തു	ഒരിക്കൽക്കൂടി	യമക്ഷയം	യമപുരത്തിലേക്ക്
പ്രഹര;	തല്ലിക്കൊൾക;	നയിഷ്യതി."	എത്തിക്കുന്നതാണ്."

തതോ മാരുതിവാക്യേന ക്രോധസ്തസ്യ തദാജ്ജ്വലത്
സംരക്തനയനോ യത്നാന്മുഷ്ടിമുദ്യമ്യ ദക്ഷിണം 70
പാതയാമാസ വേഗേന വാനരോരസി വീര്യവാൻ. 71

തദാ	അപ്പോൾ	സംരക്തനയനഃ	കണ്ണുകൾതുടുത്ത്
മാരുതിവാക്യേന	ഹനുമാന്റെ വാക്യത്താൽ	ദക്ഷിണം മുഷ്ടിം ഉദ്യമ്യ	വലത്തെകൈ ചുരുട്ടി ഉയർത്തിപ്പിടിച്ച്
തസ്യ	അവന്റെ		
ക്രോധഃ	കോപം	വാനരോരസി	വാനരന്റെ മാറത്ത്
അജ്വലത്;	ജ്വലിച്ചു;	യത്നാത്	കഴിയുന്നത്ര
തതഃ	അതിനാൽ	വേഗേന	ഊക്കോടുകൂടി
വീര്യവാൻ	വീര്യവാനായ അവൻ	പാതയാമാസ.	ഇടിച്ചു.

ഹനുമാൻ വക്ഷസി വ്യൂഢേ സഞ്ചചാല ഹതഃ പുനഃ. 72

ഹനുമാൻ,	ഹനുമാൻ,	ഹതഃ,	ഇടിക്കപ്പെട്ടവനായി,
വ്യൂഢേ	വിശാലമായ	പുനഃ	വീണ്ടും
വക്ഷസി	മാറത്തിൽ	സഞ്ചചാല.	ഉഴന്നുപോയി."

വിഹ്വലം തു തദാ ദൃഷ്ട്വാ ഹനുമന്തം മഹാബലം
രഥേനാതിരഥഃ ശീഘ്രം നീലം പ്രതി സമഭ്യഗാത്. 73

അതിരഥഃ	അതിരഥനായ അവൻ	ദൃഷ്ട്വാ,	കണ്ട്,
തദാ	അപ്പോൾ	ശീഘ്രം	ഉടനെ
മഹാബലം	മഹാബലശാലിയായ	രഥേന തു	രഥത്തോടുകൂടിത്തന്നെ
ഹനുമന്തം	ഹനുമാനെ	നീലം പ്രതി	നീലന്റെ നേരെ
വിഹ്വലം	ഉഴറിനില്ക്കുന്നവനായി	സമഭ്യഗാത്.	ഏററടുത്തു.

രാക്ഷസാനാമധിപതിർദ്ദശഗ്രീവഃ പ്രതാപവാൻ
പന്നഗപ്രതിമൈർഭീമൈഃ പരമർമ്മാതിഭേദിഭിഃ 74
ശരൈരാദീപയാമാസ നീലം ഹരിചമൂപതിം. 75

പ്രതാപവാൻ	പ്രതാപശാലിയും	പരമർമ്മാതിഭേദിഭിഃ	ശത്രുക്കളുടെ മർമ്മങ്ങളെ പിളക്കുന്നവയുമായ
രാക്ഷസാനാം അധിപതിഃ	രാക്ഷസാധിപതിയുമായ	ശരൈഃ,	ബാണങ്ങളാൽ,
ദശഗ്രീവഃ,	രാവണൻ,	ഹരിചമൂപതിം	വാനരസേനാധിപതിയായ
പന്നഗപ്രതിമൈഃ	സർപ്പതുല്യങ്ങളും	നീലം	നീലനെ
ഭീമൈഃ	ഭയങ്കരങ്ങളും	ആദീപയാമാസ.	ചൊടിപ്പിച്ചു.

സ ശരൌഘസമായസ്തോ നീലഃ കപിചമൂപതിഃ
കരേണൈകേന ശൈലാഗ്രം രക്ഷോധിപതയേƒസൃജത്. 76

കപിചമൂപതിഃ വാനരസേനാധിപനായ
സഃ ആ
നീലഃ, നീലൻ,
ശരൌഘ–സമായസ്തഃ } ശരതതികൾകൊണ്ടു് പീഡിക്കപ്പെട്ടവനായി

ഏകേന കരേണ ഒററക്കൈകൊണ്ടു
ശൈലാഗ്രം ഒരു പൎവ്വതശിഖരത്തെ
രക്ഷോധി–പതയേ } രാക്ഷസാധിപനു നേൎക്കായി
അസൃജത്. എറിഞ്ഞു.

ഹനൂമാനപി തേജസ്വീ സമാശ്വസ്തോ മഹാമനാഃ
വിപ്രേക്ഷമാണോ യുദ്ധേപ്സുഃ സരോഷമിദമബ്രവീത് 77
നീലേന സഹ സംയുക്തം രാവണം രാക്ഷസേശ്വരം
അന്യേന യുദ്ധ്യമാനസ്യ ന യുക്തമഭിധാവനം. 78

തേജസ്വീ മഹാപരാക്രമശാലിയും
മഹാമനാഃ മഹാകീൎത്തിമാനുമായ
ഹനൂമാൻ അപി, ഹനൂമാനും,
സമാശ്വസ്തഃ, തെല്ലാശ്വസിച്ചവനായി,
യുദ്ധേപ്സുഃ പോർതേടുന്നവനായി
രാക്ഷസേശ്വരം രാക്ഷസരാജാവായ
രാവണം രാവണനെ
നീലേന സഹ നീലനോടുകൂടി
സംയുക്തം യുദ്ധംചെയ്യുന്നവനായി

വിപ്രേക്ഷമാണഃ കണ്ടു്
സരോഷം കോപത്തോടുകൂടി
ഇദം ഇങ്ങിനെ
അബ്രവീത് ; ഉരചെയ്തു ;
"അന്യേന "മറെറാരുത്തനോടുകൂടി
യുദ്ധ്യ-മാനസ്യ } ഒരുത്തനോടുകൂടി യുദ്ധംചെയ്തുകൊണ്ടിരിക്കുന്ന നീയുമായി
അഭിധാവനം യുദ്ധത്തിന്നുവരിക
യുക്തം ന." യുക്തമല്ല." [എന്നു്

രാവണോƒപി മഹാതേജാസ്തച്ഛൃംഗം സപ്തഭിഃ ശരൈഃ
ആജഘാന സുതീക്ഷ്ണാഗ്രൈസ്തദ്വികീൎണ്ണം പപാത ഹ. 79

മഹാതേജാഃ മഹാബലവാനായ
രാവണഃ അപി രാവണനും
സുതീക്ഷ്ണാ-ഗ്രൈഃ } കൂൎത്ത മുനകളാൎന്ന
സപ്തഭിഃ ഏഴു്
ശരൈഃ ബാണങ്ങൾകൊണ്ടു്

തത് ആ
ശൃംഗം പൎവ്വതശിഖരത്തെ
ആജഘാന ; പിളൎന്നു ;
തത് ഹ അതും
വികീൎണ്ണം ചിതറി
പപാത. വീണു.

തദ്വികീൎണ്ണം ഗിരേഃ ശൃംഗം ദൃഷ്ട്വാ ഹരിചമൂപതിഃ
കാലാഗ്നിരിവ ജജ്വാല ക്രോധേന പരവീരഹാ. 80

പരവീരഹാ ശത്രുവീരവിധ്വംസകനായ
ഹരിചമൂപതിഃ, വാനരസേനാധിപനായ നീലൻ,
ഗിരേഃ പൎവ്വതത്തിന്റെ
തത് ആ

ശൃംഗം ശിഖരത്തെ
വികീൎണ്ണം ചിതറിവീണതായി
ദൃഷ്ട്വാ, കണ്ടു്,
ക്രോധേന കോപത്താൽ
കാലാഗ്നിഃ ഇവ പ്രളയകാലാഗ്നിപോലെ
ജജ്വാല. ജ്വലിച്ചു. [ചെ

സോഽശ്വകർണ്ണാൻ ധവാൻ സാലാൻ ചൂതാംശ്ചാപി സുപുഷ്പിതാൻ
അന്യാംശ്ച വിവിധാൻ വൃക്ഷാൻ നീലശ്ചിക്ഷേപ സംയുഗേ. 81

സഃ	ആ	സുപുഷ്പിതാൻ	നല്ലവണ്ണം പുഷ്പിച്ചി
നീലഃ	നീലൻ	ചൂതാൻ ച	മാവുകളേയും [രുന്ന
സംയുഗേ	പോരിൽ	അന്യാൻ	മറ്റു
അശ്വകർണ്ണാൻ	മരുതുകളേയും	വിവിധാൻ	പല
ധവാൻ	ഞമകളേയും	വൃക്ഷാൻ ച	വൃക്ഷങ്ങളേയും
സാലാൻ അപി	തേക്കുകളേയും	ചിക്ഷേപ.	എറിഞ്ഞു.

സ താൻ വൃക്ഷാൻ സമാസാദ്യ പ്രതിചിച്ഛേദ രാവണഃ
അഭ്യവർഷത് സുഘോരേണ ശരവർഷേണ പാവകിം. 82

രാവണഃ	രാവണൻ	സഃ	അവൻ
താൻ വൃക്ഷാൻ	ആ വൃക്ഷങ്ങളെ	പാവകിം	നീലന്റെ മേൽ
സമാസാദ്യ	ഏററ്	സുഘോരേണ	അതിഘോരമായ
പ്രതിചിച്ഛേദ;	ഓരോന്നായി മുറിച്ചു	ശരവർഷേണ	ശരമാരിയാൽ
	വീഴ്ത്തി;	അഭ്യവർഷത്.	വർഷിച്ചു.

അഭിവൃഷ്ടഃ ശരൗഘേണ മേഘേനേവ മഹാചലഃ
ഹ്രസ്വം കൃത്വാ തദാ രൂപം ധ്വജാഗ്രേ നിപപാത ഹ. 83

മഹാചലഃ	ഒരു വന്മല	തദാ	അപ്പോൾ
മേഘേന	മേഘത്താൽ	രൂപം	ദേഹത്തെ
ഇവ	എന്നപോലെ	ഹ്രസ്വം കൃത്വാ	ചെറുതാക്കിക്കൊണ്ട്
ശരൗഘേണ	ശരമാരികൊണ്ട്	ധ്വജാഗ്രേ	കൊടിമരത്തുമ്പിൽ
അഭിവൃഷ്ടഃ,	വർഷിക്കപ്പെട്ട അവൻ,	നിപപാത ഹ.	ചാടിക്കയറി.

പാവകാത്മജമാലോക്യ ധ്വജാഗ്രേ സമുപസ്ഥിതം
ജജ്വാല രാവണഃ ക്രോധാത് തതോ നീലോ നനാദ ച. 84

ധ്വജാഗ്രേ	കൊടിമുകളിൽ	ക്രോധാത്	കോപത്താൽ
പാവകാത്മജം	നീലനെ	ജജ്വാല;	ആളി;
സമുപസ്ഥിതം	കയറി ഇരിക്കുന്നവനാ	തതഃ ച	അപ്പോൾ
ആലോക്യ,	കണ്ട്, [യി	നീലഃ	നീലൻ
രാവണഃ,	രാവണൻ,	നനാദ.	അട്ടഹസിച്ചു.

ധ്വജാഗ്രേ ധനുഷശ്ചാഗ്രേ കിരീടാഗ്രേ ച തം ഹരിം
ലക്ഷ്മണോഽഥ ഹനുമാംശ്ച ദൃഷ്ട്വാ രാമശ്ച വിസ്മിതാഃ. 85

ഹനുമാൻ ച	ഹനുമാനും	അഗ്രേ ച,	തലയ്ക്കലും,
ലക്ഷ്മണഃ	ലക്ഷ്മണനും	കിരീടാഗ്രേ ച	കിരീടത്തിന്റെ മുകളി
രാമഃ ച,	ശ്രീരാമനും,	തം ഹരിം	ആ വാനരനെ [ലും
ധ്വജാഗ്രേ	കൊടിയുടെ അഗ്രത്തി	അഥ ദൃഷ്ട്വാ	മാറിമാറിക്കണ്ട്,
ധനുഷഃ	വില്ലിന്റെ [ലും	വിസ്മിതാഃ.	ആശ്ചര്യഭരിതരായി.

രാവണോഽപി മഹാതേജാഃ കപിലാഘവവിസ്മിതഃ
അസ്ത്രമാഹാരയാമാസ ദീപ്തമാഗ്നേയമദ്ഭുതം. 86

മഹാതേജാഃ	മഹാപരാക്രമശാലി[യായ	അദ്ഭുതം	അത്ഭുതകരമാംവണ്ണം
രാവണഃ അപി,	രാവണനും,	ദീപ്തം	ഉജ്വലിച്ചുകൊണ്ടിരുന്ന
കപിലാഘവവിസ്മിതഃ	വാനരന്റെ മിടുക്കുകണ്ട് ആശ്ചര്യം പൂണ്ടവനായി	ആഗ്നേയം അസ്ത്രം	ആഗ്നേയാസ്ത്രത്തെ
		ആഹാരയാമാസ.	കയ്ക്കൊണ്ടു.

തതസ്തേ ചുക്രുശുർഹൃഷ്ടാ ലബ്ധലക്ഷാഃ പ്ലവംഗമാഃ
നീലലാഘവസംഭ്രാന്തം ദൃഷ്ട്വാ രാവണമാഹവേ 87

തേ പ്ലവംഗമാഃ,	ആ വാനരന്മാർ,	ദൃഷ്ട്വാ,	കണ്ട്,
ആഹവേ	സമരത്തിൽ	തതഃ	അതിനാൽ
രാവണം	രാവണനെ	ലബ്ധലക്ഷാഃ	(രസിക്കുവാൻ) ലാക്കു കിട്ടിയവരായി,
നീലലാഘവസംഭ്രാന്തം	നീലന്റെ മിടുക്കിനാൽ ലന്ധാളിച്ചുപോയവനായി	ഹൃഷ്ടാഃ	സന്തോഷമുൾക്കൊണ്ടവരായി,
		ചുക്രുശുഃ	ആർത്തു.

വാനരാണാം ച നാദേന സംരബ്ധോ രാവണസ്തദാ
സംഭ്രമാവിഷ്ടഹൃദയോ ന കിഞ്ചിത് പ്രത്യപദ്യത. 88

തദാ	അപ്പോൾ	സംഭ്രമാവിഷ്ടഹൃദയഃ	ചിത്തം അമ്പരന്നവനായി
രാവണഃ,	രാവണൻ,	കിഞ്ചിത്	ഒന്നും
വാനരാണാം	വാനരന്മാരുടെ	പ്രത്യപദ്യത ന.	ചെയ്വാൻ കഴിയാതിരുന്നു.
നാദേന ച	ആർപ്പുവിളിയാലും		
സംരബ്ധഃ	ചൊടിച്ച്		

ആഗ്നേയേനാഥ സംയുക്തം ഗൃഹീത്വാ രാവണഃ ശരം
ധ്വജശീർഷസ്ഥിതം നീലമുദൈക്ഷത നിശാചരഃ. 89

നിശാചരഃ	രാക്ഷസനായ	ശരം	ശരത്തെ
രാവണഃ,	രാവണൻ,	ഗൃഹീത്വാ,	കയ്ക്കൊണ്ട്,
അഥ	അനന്തരം	ധ്വജശീർഷസ്ഥിതം	കൊടിമരത്തലയ്ക്കലിരുന്നിരുന്ന
ആഗ്നേയേന	ആഗ്നേയാസ്ത്രമന്ത്രത്താൽ	നീലം	നീലനെ
സംയുക്തം	അഭിമന്ത്രണംചെയ്യപ്പെട്ട	ഉദൈക്ഷത.	ഉററുനോക്കി.

തതോഽബ്രവീന്മഹാതേജാ രാവണോ രാക്ഷസേശ്വരഃ. 90

മഹാതേജാഃ	മഹാപരാക്രമശാലിയും	രാവണഃ,	രാവണൻ,
		തതഃ	അനന്തരം
രാക്ഷസേശ്വരഃ	രാക്ഷസരാജാവുമായ	അബ്രവീത്.	ഇപ്രകാരം ഉരചെയ്തു.

കപേ ലാഘവയുക്തോഽസി മായയാ പരയാഽനയാ
ജീവിതം ഖലു രക്ഷസ്വ യദി ശക്തോഽസി വാനര. 91

"കപേ!	"വാനര!	വാനര!	വാനര!
അനയാ പരയാ	ഈ വിശേഷപ്പെട്ട	ശക്തഃ ഖലു അസി യദി	ശേഷിയുണ്ടെങ്കിൽ
മായയാ	തന്ത്രത്താൽ	ജീവിതം	ജീവനെ
ലാഘവ-യുക്തഃ അസി;	നീ മിടുക്കേറിയവൻ തന്നെയാണ്;	രക്ഷസ്വ.	രക്ഷിച്ചുകൊൾക.

താനി താന്യാത്മരൂപാണി സൃജസി ത്വമനേകശഃ
തഥാപി ത്വാം മയാ യുക്തഃ സായകോഽസ്ത്രപ്രയോജിതഃ 92
ജീവിതം പരിരക്ഷന്തം ജീവിതാദ്ഭ്രംശയിഷ്യതി. 93

"ത്വം	"നീ	യുക്തഃ	പ്രയോഗിക്കപ്പെട്ടതായ
അനേകശഃ	പലപ്പോഴും	സായകഃ,	ഈ ശരം,
താനി താനി	വേണ്ടുംപോലെ അതാത്തു്	ജീവിതം	പ്രാണനെ
ആത്മരൂപാണി	വടിവുകൾ	പരിരക്ഷന്തം	വഴിപോലെ കാക്കുന്നവനായ
സൃജസി;	കയ്ക്കൊള്ളുന്നുണ്ട്;	ത്വാം	നിന്നെ
തഥാപി	എങ്കിലും	ജീവിതാത് ഭ്രംശ-യിഷ്യതി."	പ്രാണൻ വേറാക്കുന്നതാണ്."
മയാ	എന്നാൽ		
അസ്ത്ര-പ്രയോജിതഃ	അഭിമന്ത്രിച്ച്		

ഏവമുക്ത്വാ മഹാബാഹൂ രാവണോ രാക്ഷസേശ്വരഃ
സന്ധായ ബാണമസ്ത്രേണ ചമൂപതിമതാഡയത്. 94

മഹാബാഹുഃ	മഹാബാഹുവും	അസ്ത്രേണ	അസ്ത്രമന്ത്രത്തോടുകൂടി
രാക്ഷസേശ്വരഃ	രാക്ഷസരാജാവുമായ	ബാണം	ബാണത്തെ
രാവണഃ,	രാവണൻ,	സന്ധായ,	തൊടുത്തു്,
ഏവം	ഇപ്രകാരം	ചമൂപതിം	സേനാപതിയെ
ഉക്ത്വാ,	ഉരചെയ്തു്,	അതാഡയത്.	എയ്തു.

സോഽസ്ത്രയുക്തേന ബാണേന നീലോ വക്ഷസി താഡിതഃ
നിർദ്ദഹ്യമാനഃ സഹസാ നിപപാത മഹീതലേ. 95

സഃ	ആ	താഡിതഃ	ഹനിക്കപ്പെട്ടവനായി
നീലഃ	നീലൻ	നിർദ്ദഹ്യമാനഃ	അസഹ്യമായ വേദനയോടുകൂടിയവനായി
വക്ഷസി	മാറിടത്തിൽ	സഹസാ	പെട്ടെന്ന്
അസ്ത്രയുക്തേന	അഭിമന്ത്രണംചെയ്യപ്പെട്ട	മഹീതലേ	നിലത്തു്
ബാണേന	ബാണത്താൽ	നിപപാത.	പതിച്ചു.

പിതൃമാഹാത്മ്യസംയോഗാദാത്മനശ്ചാപി തേജസാ
ജാനുഭ്യാമപതദ്ഭൂമൌ ന ച പ്രാണൈർവ്യയുജ്യത. 96

പിതൃ- മാഹാത്മ്യ- സംയോഗാത്	പിതാവിന്റെ മഹിമയാലും	ഭൂമൌ	നിലത്തു്
ആത്മനഃ	സ്വന്തം	ജാനുഭ്യാം അപതത് ച;	മുട്ടുകുത്തി വീഴുകമാത്രം ചെയ്തു;
തേജസാ അപി	വൈഭവംകൊണ്ടും	പ്രാണൈഃ ച വ്യയുജ്യത ന.	പ്രാണങ്ങൾ വേറിടുകയുണ്ടായില്ല.

വിസംജ്ഞം വാനരം ദൃഷ്ട്വാ ദശഗ്രീവോ രണോത്സുകഃ
രഥേനാംബുദനാദേന സൌമിത്രിമഭിദുദ്രുവേ 97
ആസാദ്യ രണമദ്ധ്യേ തു വാരയിത്വാ സ്ഥിതോ ജ്വലൻ
ധനുർവ്വിസ്ഫാരയാമാസ കംപയന്നിവ മേദിനീം. 98

ദശഗ്രീവഃ	രാവണൻ	രണമദ്ധ്യേ	പടക്കളത്തിൻനടുവിൽ
വാനരം	നീലനെ	ആസാദ്യ	വന്നു്
വിസംജ്ഞം	പ്രജ്ഞയററവനായി	വാരയിത്വാ	എതിർത്തു്
ദൃഷ്ട്വാ,	കണ്ടു്	സ്ഥിതഃ,	നിന്നുകൊണ്ടു,
രണോത്സുകഃ	പോർതേടുന്നവനായി	മേദിനീം	ഭൂമിയെ
അംബുദനാദേന	മേഘംപോലെ ശബ്ദിക്കുന്ന	കംപയൻ ഇവ	കുലുക്കുന്നവനെന്നപോലെ
രഥേന,	തേരിൽകയറിക്കൊണ്ടു്	ജ്വലൻ തു,	കോപത്താൽ ജ്വലിച്ചുകൊണ്ടു്,
സൌമിത്രിം	ലക്ഷ്മണനെ	ധനുഃ	വില്ലിനെ
അഭിദുദ്രുവേ;	ഏററടുത്തു;	വിസ്ഫാരയാമാസ.	ഞാണൊലിയിട്ടു.

തമാഹ സൌമിത്രിരദീനസത്വഃ
വിസ്ഫാരയന്തം ധനുരപ്രമേയം
അഭ്യേഹി മാമേവ നിശാചരേന്ദ്ര
ന വാനരാംസ്ത്വം പ്രതിയോദ്ധുമർഹഃ. 99

അദീനസത്വഃ	അക്ഷീണബലയുക്തനായ	ആഹ;	ഇപ്രകാരം ഉരചെയ്തു;
സൌമിത്രിഃ,	ലക്ഷ്മണൻ,	"നിശാചരേന്ദ്ര!	"രാക്ഷസാധിപ!
അപ്രമേയം	അസാമാന്യ ശക്തിപൂണ്ടവനും	മാം ഏവ	എന്നെത്തന്നെ
		അഭ്യേഹി;	എതിർത്തുവന്നാലും;
ധനുഃ	വില്ലിനെ	ത്വം	ഭവാൻ
വിസ്ഫാരയന്തം	ടങ്കാരംചെയ്തുകൊണ്ടിരിക്കുന്നവനുമായ	വാനരാൻ	വാനരന്മാരുമായി
		പ്രതിയോദ്ധും	പൊരുതുന്നതു്
തം	ആ രാവണനോടായി	അർഹഃ ന."	യുക്തമല്ല."

സ തസ്യ വാക്യം പ്രതിപൂർണ്ണഘോഷം
ജ്യാശബ്ദമുഗ്രം ച നിശമ്യ രാജാ
ആസാദ്യ സൌമിത്രിമവസ്ഥിതം തം
കോപാന്വിതോ വാക്യമുവാച രക്ഷഃ 100

രക്ഷഃ	രാക്ഷസനായ	ജ്യാശബ്ദം ച	ഞാണൊലിയെയും
സഃ	ആ	നിശമ്യ,	കേട്ട്,
രാജാ,	രാവണൻ,	കോപാന്വിതഃ	കോപാവിഷ്ടനായി
തസ്യ	ലക്ഷ്മണൻെറ	അവസ്ഥിതം	കൂസലില്ലാതെ എതിർത്തുനില്ക്കുന്ന
വാക്യം	വാക്യത്തെയും	തം	ആ
പ്രതിപൂർണ്ണഘോഷം	എങ്ങും മുഴങ്ങുന്ന	സൌമിത്രിം	ലക്ഷ്മണനെ
		ആസാദ്യ,	പ്രാപിച്ച്,
ഉഗ്രം	ഭയങ്കരമായ	വാക്യം ഉവാച.	ഇപ്രകാരം ഉരചെയ്തു.

ദിഷ്ട്യാസി മേ രാഘവ ദൃഷ്ടിമാർഗ്ഗം
പ്രാപ്തോന്തഗാമീ വിപരീതബുദ്ധിഃ
അസ്മിൻ ക്ഷണേ യാസ്യസി മൃത്യുദേശം
സംസാദ്യമാനോ മമ ബാണജാലൈഃ. 101

" രാഘവ !	" ലക്ഷ്മണ !	അസ്മിൻ ക്ഷണേ,	ഇക്ഷണം തന്നെ,
അന്തഗാമീ	നാശകാലമടുക്കാറായി		
വിപരീതബുദ്ധിഃ	ബുദ്ധിമറിഞ്ഞവനായ	മമ	എൻെറ
ദിഷ്ട്യാ	ഭാഗ്യവശാലാണ് [നീ,	ബാണജാലൈഃ	ശരനിരകളാൽ
മേ	എൻെറ	സംസാദ്യമാനഃ	വധിക്കപ്പെട്ടവനായി,
ദൃഷ്ടിമാർഗ്ഗം	കണ്ണിന്നുമുമ്പിൽ	മൃത്യുദേശം	യമപുരിയിലേക്ക്
പ്രാപ്തഃ അസി ;	അകപ്പെട്ടത് ;	യാസ്യസി. "	നീ ചെല്ലുന്നതാണ്. "

[" വിപരീതബുദ്ധിഃ " (യുദ്ധം ചെയ്യാതിരിക്കേണ്ട ഘട്ടത്തിൽ യുദ്ധം ചെയ്യുന്നമെന്ന് തോന്നിയവൻ). ശിരോ.]

തമാഹ സൌമിത്രിരവിസ്മയാനോ
ഗർജ്ജന്തമുദ്വൃത്തശിതാഗ്രദംഷ്ട്രം
രാജൻ ന ഗർജ്ജന്തി മഹാപ്രഭാവാ
വികത്ഥസേ പാപകൃതാം വരിഷ്ഠ. 102

സൌമിത്രിഃ	ലക്ഷ്മണൻ	ആഹ ;	ഇപ്രകാരം ഉരചെയ്തു ;
ഗർജ്ജന്തം	അലറുന്നവനും	" പാപകൃതാം	" പാപികളിൽ വെച്ച്
ഉദ്വൃത്തശിതാഗ്രദംഷ്ട്രം	ഉയർന്ന് കൂർത്ത അഗ്രങ്ങളോടു കൂടിയ തേററപ്പല്ലുകളോടു കൂടിയവനുമായ	വരിഷ്ഠ	അഗ്രഗണ്യനായ
		രാജൻ !	രാജാവേ !
		മഹാപ്രഭാവാഃ	യോഗ്യന്മാർ
		ഗർജ്ജന്തി ന ;	വെറുതെ വായ വേദനിപ്പിക്കമാറില്ല
തം	അവനെ നോക്കി		
അവിസ്മയാനഃ	അലക്ഷ്യമായി	വികത്ഥസേ.	നീയോമേനിപറയുന്നു

ജാനാമി വീൎയ്യം തവ രാക്ഷസേന്ദ്ര
ബലം പ്രതാപം ച പരാക്രമം ച
അവസ്ഥിതോഽഹം ശരചാപപാണി-
രാഗച്ഛ കിം മോഘവികത്ഥനേന. 103

"രാക്ഷസേന്ദ്ര!	"രാക്ഷസാധിപ!	മോഘവികത്ഥനേന	വ്യൎത്ഥ പ്രലപനം കൊണ്ട്
തവ	അങ്ങയുടെ	കിം?	എന്തു പ്രയോജനം?
ബലം	ബലത്തേയും	അഹം	ഞാൻ
വീൎയ്യം	പൌരുഷത്തേയും	ശരചാപപാണിഃ	അമ്പും വില്ലും കയ്യിൽ പിടിച്ച്
പരാക്രമം ച	ശത്രുക്കളെ എതിൎപ്പാനുള്ള സാമൎത്ഥ്യത്തേയും	അവസ്ഥിതഃ;	തയ്യാറായി നില്ക്കുന്നു;
പ്രതാപം ച	മഹത്വത്തേയും	ആഗച്ഛ."	വന്നുകൊൾക."
ജാനാമി!	ഞാൻ നല്ലവണ്ണം അറിയും;		

സ ഏവമുക്തഃ കുപിതഃ സസൎജ്ജ
രക്ഷോധിപഃ സപ്ത ശരാൻ സുപുംഖാൻ
താൻ ലക്ഷ്മണഃ കാഞ്ചനചിത്രപുംഖൈ-
ശ്ചിച്ഛേദ ബാണൈൎന്നിശിതാഗ്രധാരൈഃ. 104

ഏവം	ഇപ്രകാരം	ലക്ഷ്മണഃ	ലക്ഷ്മണൻ
ഉക്തഃ	ഉരചെയ്യപ്പെട്ടവനായ	കാഞ്ചനചിത്രപുംഖൈഃ	പൊന്നും കെട്ടി അലങ്കരിക്കപ്പെട്ട അററങ്ങളോടുകൂടിയവയും
സഃ	ആ	നിശിതാഗ്രധാരൈഃ	മൂൎച്ചയുള്ളവയുമായ
രക്ഷോധിപഃ,	രാക്ഷസ രാജാവ്,	ബാണൈഃ	ബാണങ്ങളാൽ
കുപിതഃ,	ചൊടിച്ച്,	താൻ	അവയെ
സുപുംഖാൻ	നല്ല കടകളോടു കൂടിയ	ചിച്ഛേദ.	മുറിച്ചു വീഴ്ത്തി.
സപ്ത	ഏഴ		
ശരാൻ	ബാണങ്ങളെ		
സസൎജ്ജ;	എയ്തു;		

താൻ പ്രേക്ഷമാണഃ സഹസാ നികൃത്താൻ
നികൃത്തഭോഗാനിവ പന്നഗേന്ദ്രാൻ
ലങ്കേശ്വരഃ ക്രോധവശം ജഗാമ
സസൎജ്ജ ചാന്യാൻ നിശിതാൻ പൃഷത്കാൻ. 105

ലങ്കേശ്വരഃ	ലങ്കാധിപതിയായ രാവണൻ,	നികൃത്താൻ	മുറിച്ചുവീഴ്ത്തപ്പെട്ടവയായി
നികൃത്തഭോഗാൻ	ഉടൽ മുറിക്കപ്പെട്ട	പ്രേക്ഷമാണഃ	കണ്ട്
പന്നഗേന്ദ്രാൻ	ഊക്കൻ പാമ്പുകളെ	ക്രോധവശം ജഗാമ;	കോപാക്രാന്തനായി ഭവിച്ചു;
ഇവ	എന്ന പോലെ,	അന്യാൻ	വേറെ
താൻ	അവയെ	നിശിതാൻ	മൂൎച്ചയുള്ള
സഹസാ	പെട്ടെന്ന്	പൃഷത്കാൻ ച	ബാണങ്ങളേയും
		സസൎജ്ജ.	എയ്തു.

സ ബാണവൎഷം തു വവൎഷ തീവ്രം
രാമാനുജഃ കാൎമ്മുകസംപ്രയുക്തം
ക്ഷുരാൎദ്ധചന്ദ്രോത്തമകൎണ്ണിഭല്ലൈഃ
ശരാംശ്ച ചിച്ഛേദ ന ചുക്ഷുഭേ ച. 106

സഃ രാമാനുജഃ,	ആ ലക്ഷ്മണൻ,
കാൎമ്മുക- സംപ്രയുക്തം	വില്ലിൽ നിന്ന് പ്രയോഗിക്കപ്പെട്ട
തീവ്രം തു	കടുതായ
ബാണവൎഷം	ശരമാരി
വവൎഷ.	പൊഴിച്ചു.

ക്ഷുരാൎദ്ധ- ചന്ദ്രോത്തമ- കൎണ്ണിഭല്ലൈഃ	കത്തിയമ്പുകൾ, അൎദ്ധചന്ദ്രബാണങ്ങൾ, നല്ലകൎണ്ണികൾ ഭല്ലങ്ങൾ, എന്നവകൊണ്ട്,
ശരാൻ ച	ആ ബാണങ്ങളെയെ
ചിച്ഛേദ;	മുറിച്ചെറിഞ്ഞു; [ല്ലാം
ചുക്ഷുഭേ ന ച.	ഒട്ടും കലുങ്ങിയതുമില്ല.

സ ബാണജാലാന്യഥ താനി താനി
മോഘാനി പശ്യംസ്ത്രിദശാരിരാജഃ
വിസിഷ്മിയേ ലക്ഷ്മണലാഘവേന
പുനശ്ച ബാണാന്നിശിതാൻ മുമോച 107

സഃ	ആ
ത്രിദശാരിരാജഃ,	ദേവശത്രുക്കളുടെ രാജാവായ രാവണൻ,
താനി താനി	അതാതു
ബാണജാലാനി,	ബാണതതികളെ,
മോഘാനി	നിഷ്പ്രയോജകങ്ങളായി
പശ്യൻ,	കണ്ട്,

ലക്ഷ്മണ- ലാഘവേന	ലക്ഷ്മണന്റെ സാമൎത്ഥ്യത്തെക്കുറിച്ച്
അഥ	ആ സമയം
വിസിഷ്മിയേ;	അത്ഭുതപ്പെട്ടു;
പുനഃ ച	വീണ്ടും
നിശിതാൻ	കൂൎത്ത
ബാണാൻ	ബാണങ്ങൾ
മുമോച.	പൊഴിച്ചു.

സ ലക്ഷ്മണശ്ചാശു ശരാൻ ശിതാഗ്രാൻ
മഹേന്ദ്രവജ്രാശനിതുല്യവേഗാൻ
സന്ധായ ചാപേ ജ്വലനപ്രകാശാൻ
സസൎജ്ജ രക്ഷോധിപതേൎവ്വധായ. 108

സഃ	ആ
ലക്ഷ്മണഃ ച	ലക്ഷ്മണനും
ശിതാഗ്രാൻ	കൂൎത്ത മുനകളാൎന്നവയും
മഹേന്ദ്ര- വജ്രാശനി- തുല്യവേഗാൻ	ഇന്ദ്രന്റെ വജ്രായുധം പോലെയും ഇടിത്തീ പോലെയും ശക്തിയാൎന്നവയും
ജ്വലന- പ്രകാശാൻ	തീപോലെ ഉജ്ജ്വലിക്കുന്നവയും ആയ

ശരാൻ	ബാണങ്ങളെ
ചാപേ	വില്ലിൽ
ആശു	ഉടനെ
സന്ധായ,	തൊടുത്ത്,
രക്ഷോധിപതേഃ	രാക്ഷസാധിപന്റെ
വധായ	വധത്തിന്നായി
സസൎജ്ജ.	എയ്തു.

സ താൻ പ്രചിച്ഛേദ ഹി രാക്ഷസേന്ദ്ര-
ശ്ഛിത്വാ ച താൻ ലക്ഷ്മണമാജഘാന
ശരേണ കാലാഗ്നിസമപ്രഭേന
സ്വയംഭുദത്തേന ലലാടദേശേ. 109

സഃ	ആ
രാക്ഷസേന്ദ്രഃ,	രാക്ഷസാധിപൻ,
താൻ ഹി	അവയെയും
പ്രചിച്ഛേദ;	മുറിച്ചു;
താൻ ച	അവയെ
ഛിത്വാ,	മുറിച്ചുവീഴ്ത്തിയശേഷം,
കാലാഗ്നിസമപ്രഭേന	പ്രളയകാലാഗ്നിപോലെ പ്രഭാപൂർണ്ണമായും
സ്വയംഭുദത്തേന	ബ്രഹ്മാവിനാൽ നല്കപ്പെട്ടതും ആയ
ശരേണ,	ഒരു ബാണംകൊണ്ടു്,
ലക്ഷ്മണം	ലക്ഷ്മണനെ
ലലാടദേശേ	നെററിത്തടത്തിൽ
ആജഘാന.	എയ്തു.

സ ലക്ഷ്മണോ രാവണസായകാർത്ത-
ശ്ചചാല ചാപം ശിഥിലം പ്രഗൃഹ്യ
പുനശ്ച സംജ്ഞാം പ്രതിലഭ്യ കൃച്ഛ്രാ-
ച്ചിച്ഛേദ ചാപം ത്രിദശേന്ദ്രശത്രോഃ. 110

സഃ	ആ
ലക്ഷ്മണഃ,	ലക്ഷ്മണൻ,
രാവണസായകാർത്തഃ,	രാവണന്റെ ബാണത്താൽ പീഡിതനായി,
ചചാല;	ഒന്നുലഞ്ഞു;
പുനഃ ച	വീണ്ടും
കൃച്ഛ്രാത്	പണിപ്പെട്ടു്
സംജ്ഞാം	ബോധം
പ്രതിലഭ്യ,	തെളിഞ്ഞശേഷം,
ശിഥിലം	കയ്യിൽനിന്നു് വഴുതിയിരുന്ന
ചാപം	വില്ലിനെ
പ്രഗൃഹ്യ	ദൃഢമായി പിടിച്ചു്
ത്രിദശേന്ദ്രശത്രോഃ	ഇന്ദ്രശത്രുവായ രാവണന്റെ
ചാപം	വില്ലിനെ
ചിച്ഛേദ.	എയ്തുമുറിച്ചു.

നികൃത്തചാപം ത്രിഭിരാജഘാന
ബാണൈസ്തദാ ദാശരഥിഃ ശിതാഗ്രൈഃ
സ സായകാർത്തോ വിചചാല രാജാ
കൃച്ഛ്രാച്ച സംജ്ഞാം പുനരാസസാദ. 111

ദാശരഥിഃ,	ലക്ഷ്മണൻ,
തദാ	ആ സമയം
നികൃത്തചാപം	വില്ലുമുറിക്കപ്പെട്ടവനായ ആ രാവണനെ,
ശിതാഗ്രൈഃ	കൂർത്തമുനകളാർന്ന
ത്രിഭിഃ	മൂന്നു
ബാണൈഃ	ബാണങ്ങൾകൊണ്ടു്
ആജഘാന;	പ്രഹരിച്ചു;
സഃ	ആ
രാജാ ച	രാക്ഷസരാജാവും
സായകാർത്തഃ,	ബാണങ്ങൾകൊണ്ടു് അത്തൽപ്പെട്ടവനായി,
വിചചാല;	പിടഞ്ഞു;
കൃച്ഛ്രാത്	പ്രയാസപ്പെട്ടു്
പുനഃ സംജ്ഞാം ആസസാദ.	വീണ്ടും ബോധം തെളിഞ്ഞവനായി ഭവിച്ചു.

സ കൃത്തചാപഃ ശരതാഡിതശ്ച
മേദാർദ്രഗാത്രോ രുധിരാവസിക്തഃ
ജഗ്രാഹ ശക്തിം സമുദഗ്രശക്തിഃ
സ്വയംഭൂദത്താം യുധി ദേവശത്രുഃ. 112

ദേവശത്രുഃ	ദേവശത്രുവും
സമുദഗ്രശക്തിഃ	കുന്നിച്ച ശക്തിയാർന്നവനുമായ
സഃ ച,	അവനും,
യുധി	പോരിൽ
കൃത്തചാപഃ	വില്ലുമുറിഞ്ഞവനായി
ശരതാഡിതഃ	ബാണാഹതനായി
മേദാർദ്രഗാത്രഃ	ദേഹംമുഴുവനും വിയർത്തു മുങ്ങിയവനായി
രുധിരാവസിക്തഃ	ചോരയിലാറാടിയവനായി
സ്വയംഭൂദത്താം	ബ്രഹ്മദത്തമായ
ശക്തിം	വേലിനെ
ജഗ്രാഹ.	കയ്ക്കൊണ്ടു.

സ താം വിധൂമാനലസന്നികാശാം
വിത്രാസിനീം വാനരവാഹിനീനാം
ചിക്ഷേപ ശക്തിം തരസാ ജ്വലന്തീം
സൌമിത്രയേ രാക്ഷസരാഷ്ട്രനാഥഃ. 113

രാക്ഷസരാഷ്ട്രനാഥഃ	രാക്ഷസസാമ്രാജ്യാധിപതിയായ
സഃ,	അവൻ
വിധൂമാനലസന്നികാശാം,	പുകയററ അഗ്നിജ്വാലപോലെയുള്ളതും,
ജ്വലന്തീം	ഉജ്ജ്വലിക്കുന്നതും
വാനരവാഹിനീനാം	വാനരപ്പടകൾക്ക്
വിത്രാസിനീം	വിറയലുണ്ടാക്കുന്നതുമായ
താം ശക്തിം,	ആ വേലിനെ
സൌമിത്രയേ	ലക്ഷ്മണനുനേരെ
തരസാ	ഊക്കോടെ
ചിക്ഷേപ.	എറിഞ്ഞു.

താമാപതന്തീം ഭരതാനുജോऽഗ്ര്യൈർ-
ജഘാന ബാണൈശ്ച ഹുതാഗ്നികല്പൈഃ
തഥാപി സാ തസ്യ വിവേശ ശക്തിഃ
ബാഹ്വന്തരം ദാശരഥേർവിശാലം. 114

ഭരതാനുജഃ,	ആ ഭരതാനുജൻ,
ഹുതാഗ്നികല്പൈഃ	ഹോമിക്കപ്പെട്ട അഗ്നിപോലെയുള്ള
അഗ്ര്യൈഃ ബാണൈഃ ച	ഉത്തമബാണങ്ങൾകൊണ്ടും
ആപതന്തീം	നേരേവരുന്ന
താം	അതിനെ
ജഘാന;	തടുത്തുനോക്കി;
തഥാപി	എന്നിട്ടും
സാ ശക്തിഃ	ആ വേൽ
തസ്യ	ആ
ദാശരഥേഃ	ലക്ഷ്മണന്റെ
വിശാലം	വിശാലമായ
ബാഹ്വന്തരം	മാറിൽ
വിവേശ.	തറച്ചു.

സ ശക്തിമാൻ ശക്തിസമാഹതഃ സൻ
മുഹുഃ പ്രജജ്വാല രഘുപ്രവീരഃ
തം വിഹ്വലന്തം സഹസാഽഭ്യുപേത്യ
ജഗ്രാഹ രാജാ തരസാ ഭുജാഭ്യാം. 115

ശക്തിമാൻ	ശക്തിമാനും	വിഹ്വലന്തം	പ്രജ്ഞയററുകിടന്ന
രഘുപ്രവീരഃ	രഘുകുലോത്തമനുമായ	തം,	ആ ലക്ഷ്മണനെ,
സഃ,	ആ ലക്ഷ്മണൻ	സഹസാ	വിജയഭാവത്തോടെ
ശക്തിസമാഹതഃ സൻ	വേൽകൊണ്ട് തറയ്ക്കപ്പെട്ടവനായി	അഭ്യുപേത്യ,	അടുത്ത്
മുഹുഃ	ഒരുനിമിഷനേരം	ഭുജാഭ്യാം,	രണ്ടുകയ്യുകൊണ്ടും
പ്രജജ്വാല ;	ചിത്തംപതറിക്കിടന്നു;	തരസാ	ഊക്കോടെ
രാജാ	രാവണൻ	ജഗ്രാഹ.	പൊന്തിച്ചെടുപ്പാൻ നോക്കി.

ഹിമവാൻ മന്ദരോ മേരുസ്ത്രൈലോക്യം വാ സഹാമരൈഃ
ശക്യം ഭുജാഭ്യാമുദ്ധർത്തും ന സംഖ്യേ ഭരതാനുജഃ. 116

ഹിമവാൻ	ഹിമവാനും	ഉദ്ധർത്തും	പുഴക്കിയെടുത്തുവെപ്പാൻ
മന്ദരഃ	മന്ദരഗിരിയും	ശക്യം വാ ;	സാദ്ധ്യമായെന്നുവരാം ;
മേരുഃ	മേരുപർവ്വതവും	സംഖ്യേ	പോരിൽ
അമരൈഃ സഹ	ദേവന്മാരടക്കം	ഭരതാനുജഃ	ആ ഭരതാനുജൻ
ത്രൈലോക്യം,	മൂന്നുലോകംതന്നെയും	ന.	സാധിക്കപ്പെടാത്തവനായിരുന്നു.
ഭുജാഭ്യാം	രണ്ടുകയ്യുകൊണ്ടും		

[“ഹിമവാൻെറ ഒരു ഭാഗമായ കൈലാസത്തെ കുലുക്കിയവനാകയാൽ, ഹിമവാനെയും പുഴക്കുവാൻ സാധിച്ചേയ്ക്കാം ; അമൃതമഥനത്തിൽ മന്ദരപർവ്വതം ദേവന്മാരാൽ ജീർണ്ണമാക്കപ്പെട്ടു എന്നതിനാൽ ആ ദേവന്മാരേയും ജയിച്ച രാവണൻ അതിനെയും പുഴക്കിയെന്നും വരാം ; മേരുശിഖരം വായുവിനാൽ സമുദ്രത്തിൽ അടിച്ചു തള്ളപ്പെട്ടു എന്നതിനാൽ, അതിനെയും രാവണൻ കുലുക്കി എന്നും വരാം; ഹിരണ്യാക്ഷൻ ഭൂമിയെ വഹിച്ച് സമുദ്രത്തിൽ ഒളിച്ചു എന്നതിനാൽ, ത്രൈലോക്യത്തെയും പൂർവ്വജന്മത്തിൽ അവൻെറ ജ്യേഷ്ഠനും, ദേവരാജാവിനെ ജയിച്ച ഇന്ദ്രജിത്തിൻെറ പിതാവുമായ രാവണൻ ഉന്മൂലനംചെയ്തു എന്നും വരാം.” ഗോ. രാ.]

ശക്ത്യാ ബ്രാഹ്മ്യാപി സൌമിത്രിസ്താഡിതസ്തു സ്തനാന്തരേ
വിഷ്ണോരചിന്ത്യം സ്വം ഭാഗമാത്മാനം പ്രത്യനുസ്മരത്. 117

സൌമിത്രിഃ,	സൌമിത്രി,	അചിന്ത്യം	ബുദ്ധിക്ക് ഗോചരമല്ലാത്തതും
സ്തനാന്തരേ	മാറിൽ	സ്വം തു	തനിക്കു ചേർന്നതുമായ
ബ്രാഹ്മ്യാ	ബ്രഹ്മാവിനെ അധിദേവതയായ	വിഷ്ണോഃ	വിഷ്ണുഭഗവാൻെറ
ശക്ത്യാ	ആ ശക്തികൊണ്ട്	ഭാഗം	അംശമായുള്ള
താഡിതഃ അപി തു	ഹനിക്കപ്പെട്ടവനെന്നാലും ആ സമയം,	ആത്മാനം	സ്വപ്രകൃതിയെ
		പ്രത്യനുസ്മരത്.	അനുസ്മരിച്ചുകൊണ്ടിരുന്നു.

തതോ ദാനവദർപ്പഘ്നം സൌമിത്രിം ദേവകണ്ടകഃ
തം പീഡയിത്വാ ബാഹുഭ്യാമപ്രഭുൎല്ലംഘനേഽഭവത് 118
അഥൈവം വൈഷ്ണവം ഭാഗം മാനുഷം ദേഹമാസ്ഥിതം
വിസംജ്ഞം ലക്ഷ്മണം ദൃഷ്ട്വാ രാവണോ വിസ്മിതോഽഭവത്. 119

ദേവകണ്ടകഃ	ദേവശത്രുവായ	വിസംജ്ഞം	പ്രജ്ഞയററവനായി
രാവണഃ,	രാവണൻ,	ദൃഷ്ട്വാ,	കണ്ടു്,
ഏവം	ഇപ്രകാരം	ബാഹുഭ്യാം	ഇരുകൈകൾകൊണ്ടും
വൈഷ്ണവം	മഹാവിഷ്ണുവിന്റെ	പീഡയിത്വാ,	ഇളക്കിനോക്കിയശേഷം
ഭാഗം	അംശമായുള്ളവനും	ലംഘനേ	പൊന്തിച്ചെടുക്കുന്ന കാൎയ്യത്തിൽ
മാനുഷം ദേഹം	മനുഷ്യവടിവു		
ആസ്ഥിതം	കൈക്കൊണ്ടവനും	അപ്രഭുഃ	അസമൎത്ഥനായി
ദാനവദർപ്പഘ്നം	അസുരന്മാരുടെ മദത്തെ കളയുന്നവനും	അഭവത് ;	ഭവിച്ചു ;
		തതഃ	അതിനാൽ
സൌമിത്രിം	സുമിത്രാസുതനുമായ	അഥ	അപ്പോൾ
തം	ആ	വിസ്മിതഃ അഭവത്.	ആശ്ചൎയ്യഭരിതനായി ഭവിച്ചു.
ലക്ഷ്മണം	ലക്ഷ്മണനെ		

അഥ വായുസുതഃ ക്രുദ്ധോ രാവണം സമഭിദ്രവത്
ആജഘാനോരസി ക്രുദ്ധോ വജ്രകല്പേന മുഷ്ടിനാ 120

അഥ,	അപ്പോൾ,	ക്രുദ്ധഃ	ചൊടിച്ചു്
വായുസുതഃ	ഹനുമാൻ	വജ്രകല്പേന	വജ്രായുധതുല്യമായ
ക്രുദ്ധഃ,	ക്രുദ്ധിച്ചു്,	മുഷ്ടിനാ	മുഷ്ടികൊണ്ടു്
രാവണം	രാവണനെ	ഉരസി	മാറത്തു്
സമഭിദ്രവത് ;	എതിൎത്തുപാഞ്ഞുചെന്നു ;	ആജഘാന.	ഇടിച്ചു.

തേന മുഷ്ടിപ്രഹാരേണ രാവണോ രാക്ഷസേശ്വരഃ
ജാനുഭ്യാമപതത് ഭൂമൌ ചചാല ച പപാത ച. 121

തേന മുഷ്ടിപ്രഹാരേണ	ആ മുഷ്ടികൊണ്ടുള്ള ഇടിയാൽ	ഭൂമൌ	നിലത്തു്
		അപതത് ;	പതിച്ചു ;
രാക്ഷസേശ്വരഃ	രാക്ഷസാധിപനായ	ചചാല	ഉള്ളം കലങ്ങി
രാവണഃ ച,	രാവണനും,	പപാത ച.	മാനംകെട്ടവനായ് ഭവിച്ചു.
ജാനുഭ്യാം	മുട്ടുകുത്തി		

ആസ്യൈഃ സ നേത്രശ്രവണൈൎവ്വവാമ രുധിരം ബഹു 122

സഃ,	അവൻ,	രുധിരം	ചോര
ആസ്യൈഃ	വായകളിൽനിന്നും	ബഹു	വളരെ
നേത്രശ്രവണൈഃ	കണ്ണുകളിൽനിന്നും ചെവികളിൽനിന്നും	വവാമ.	കക്കി.

വിഘൂർണ്ണമാനോ നിശ്ചേഷ്ടോ രഥോപസ്ഥ ഉപാവിശത്
വിസംജ്ഞോ മൂർച്ഛിതശ്ചാസീന്ന ച സ്ഥാനം സമാലഭത്. 123

നിശ്ചേഷ്ടഃ	ഒന്നുംചെയ്യാൻ കഴിയാ	വിസംജ്ഞഃ ച	ബോധംകെട്ടവനായി
വിഘൂർണ്ണമാനഃ	പിടയുന്നവനായി [തെ	ആസീത്;	ഭവിച്ചു;
രഥോപസ്ഥേ	രഥത്തിന്നരികിൽ	സ്ഥാനം ച	ശത്രുക്കളെ തടുക്കുന്ന
ഉപാവിശത്;	കിടന്നു;		തിൽ ഒരു നിലയും
മൂർച്ഛിതഃ	ഇന്ദ്രിയങ്ങൾ കലങ്ങി	സമാലഭത് ന.	കിട്ടാതിരുന്നു.

വിസംജ്ഞം രാവണം ദൃഷ്ട്വാ സമരേ ഭീമവിക്രമം
ഋഷയോ വാനരാഃ സർവ്വേ നേദുർദേവാഃ സവാസവാഃ. 124

ഭീമവിക്രമം	ഘോരപരാക്രമശാലി	ഋഷയഃ	ഋഷികളും
രാവണം	രാവണനെ [യായ	വാനരാഃ	വാനരന്മാരും
സമരേ	പോരിൽ	സവാസവാഃ	ഇന്ദ്രനടക്കമുള്ള
വിസംജ്ഞം	ബോധമററവനായി	ദേവാഃ	ദേവന്മാരും
ദൃഷ്ട്വാ,	കണ്ടു്,	സർവ്വേ നേദുഃ.	എല്ലാം ആർത്തു.

ഹനൂമാനപി തേജസ്വീ ലക്ഷ്മണം രാവണാർദ്ദിതം
അനയദ്രാഘവാഭ്യാശം ബാഹുഭ്യാം പരിഗൃഹ്യ തം. 125

തേജസ്വീ	പരാക്രമശാലിയായ	ബാഹുഭ്യാം	ഇരുകൈകൾകൊണ്ടും
ഹനൂമാൻ,	ഹനൂമാൻ,	പരിഗൃഹ്യ	എടുത്തുകൊണ്ടു്
രാവണാർദ്ദിതം	രാവണനാൽ പീഡി	രാഘവാഭ്യാശം	ശ്രീരാഘവന്റെ അടു
തം	ആ [ക്കപ്പെട്ട		ക്കൽ
ലക്ഷ്മണം അപി	ലക്ഷ്മണനേയും	അനയത്.	കൊണ്ടുചെന്നാക്കി.

വായുസൂനോഃ സുഹൃത്ത്വേന ഭക്ത്യാ പരമയാ ച സഃ
ശത്രൂണാമപ്രകമ്പ്യോഽപി ലഘുത്വമഗമത് കപേഃ. 126

വായുസൂനോഃ	വായുപുത്രനായ	ശത്രൂണാം	ശത്രുക്കൾക്കു്
കപേഃ	വാനരന്റെ	അപ്രകമ്പ്യഃ	നിശ്ചലനായിരുന്ന
സുഹൃത്ത്വേന	സൌഹാർദ്ദത്താലും	സഃ അപി	ആ ലക്ഷ്മണനും
പരമയാ	സർവ്വോത്കൃഷ്ടമായ	ലഘുത്വം	ലാഘവത്തെ
ഭക്ത്യാ ച	ഭക്തിയാലും	അഗമത്.	കയ്ക്കൊണ്ടു.

[ഹനൂമാന്നു് ലഘുവായി ഭവിച്ചു എന്നും, രാവണന്നു് ഗുരുതരനായി ഭവിച്ചു എന്നും പറഞ്ഞിരിക്കുന്നതുകൊണ്ടു്, സ്വശക്തിയെ ശ്രീരാമലക്ഷ്മണന്മാർ അറിഞ്ഞവരാണെന്നും, അജ്ഞാനം അശക്തി എന്നവയെ സൂചിപ്പിക്കുന്ന അവരുടെ വാക്യങ്ങൾ മാനുഷവേഷനിർവ്വഹണമാത്രങ്ങളാണെന്നും ബോധിക്കേണ്ടതാകുന്നു. ഇതുതന്നെ ഭാഗവതത്തിൽ പറയപ്പെട്ടിരിക്കുന്നു. “മർത്ത്യാവതാരസ്ത്വിഹ മർത്ത്യശിക്ഷണം. രക്ഷോവധായൈവ ന കേവലം വിഭോഃ. കുതോഽന്യഥാ സ്യാ രമതഃ സ്വ ആത്മൻ സീതാകൃതാനി വ്യസനാനീശ്വരസ്യ” (ഭാ. [illegible]).]

തം സമുത്സൃജ്യ സാ ശക്തിഃ സൌമിത്രിം യുധി ദുർജ്ജയം
രാവണസ്യ രഥേ തസ്മിൻ സ്ഥാനം പുനരുപാഗതാ. 127

സാ ശക്തിഃ,	ആ വേൽ,	രാവണസ്യ	രാവണന്റെ
യുധി	പോരിൽ	തസ്മിൻ	ആ
ദുർജ്ജയം	ജയിക്കപ്പെട്ടുവാൻ കഴിയാത്തവനായ	രഥേ	തേരിൽ
തം	ആ	സ്ഥാനം	സ്വസ്ഥാനത്തെ
സൌമിത്രിം	ലക്ഷ്മണനെ	പുനഃ	വീണ്ടും
സമുത്സൃജ്യ,	വിട്ട്,	ഉപാഗതാ.	പ്രാപിച്ചു.

ആശ്വസ്തശ്ച വിശല്യശ്ച ലക്ഷ്മണഃ ശത്രുസൂദനഃ
വിഷ്ണോർഭാഗമമീമാംസ്യമാത്മാനം പ്രത്യനുസ്മരൻ. 128

ശത്രുസൂദനഃ	ശത്രുധ്വംസകനായ	ആത്മാനം	തന്റെ സ്വരൂപത്തെ
ലക്ഷ്മണഃ	ലക്ഷ്മണൻ	പ്രത്യനുസ്മരൻ ച	സദാസ്മരിക്കുന്നവനായിതന്നെ
അമീമാംസ്യം	ആലോചിച്ചറിയപ്പെട്ടുവാൻ കഴിയാത്ത	ആശ്വസ്തഃ;	മൂർച്ഛതെളിഞ്ഞവനായിഭവിച്ചു;
വിഷ്ണോഃ ഭാഗം	മഹാവിഷ്ണുവിന്റെ അംശമായ	വിശല്യഃ ച.	വ്രണബാധയററവനായും ഭവിച്ചു.

രാവണോഽപി മഹാതേജാഃ പ്രാപ്യ സംജ്ഞാം മഹാഹവേ
ആദദേ നിശിതാൻ ബാണാൻ ജഗ്രാഹ ച മഹദ്ധനുഃ. 129

മഹാതേജാഃ	മഹാപരാക്രമിയായ	ധനുഃ	വില്ലിനെ
രാവണഃ അപി	രാവണനും,	ജഗ്രാഹ;	കയ്യിലെടുത്തു;
മഹാഹവേ	വൻപോരിൽ	നിശിതാൻ	കൂർത്ത
സംജ്ഞാം പ്രാപ്യ,	ബോധംതെളിഞ്ഞ്,	ബാണാൻ ച	ബാണങ്ങളേയും
മഹത്	മഹത്തായ	ആദദേ.	തൊടുത്തു.

നിപാതിതമഹാവീരാം വാനരാണാം മഹാചമൂം
ന്യഹനത് സ ച സംക്രുദ്ധോ വാനരാണാം മഹാചമൂം. 130

സഃ	അവൻ	മഹാചമൂം,	വൻസൈന്യത്തേയും
സംക്രുദ്ധഃ	അതിക്രുദ്ധനായി	വാനരാണാം	വാനരന്മാരുടെ
നിപാതിത-മഹാവീരാം	ചിന്നിച്ചിതറിയ മഹാവീരന്മാരോടുകൂടിയതായ	മഹാചമൂം ച	എണ്ണമററ സൈന്യമെല്ലാററിനെത്തന്നേയും
വാനരാണാം	വാനരന്മാരുടെ	ന്യഹനത്.	അടിച്ചോടിച്ചു.

തേ ഹന്യമാനാ രൌദ്രേണ ക്ഷിപ്രഹസ്തേന രക്ഷസാ
രാഘവം ശരണം ജഗ്മുഃ പ്രജാപതിമിവ പ്രജാഃ. 131

തേ,	അവർ,	പ്രജാഃ	പ്രജകൾ
രൌദ്രേണ	ഉഗ്രനും	പ്രജാപതിം	ബ്രഹ്മദേവനെ
ക്ഷിപ്രഹസ്തേന	കൈവേഗമുള്ളവനുമായ	ഇവ,	എന്നപോലെ,
രക്ഷസാ	രാക്ഷസനാൽ	രാഘവം	ശ്രീരാഘവനെ
ഹന്യമാനാഃ,	ഹിംസിക്കപ്പെട്ടവരായി	ശരണം ജഗ്മുഃ.	ശരണംപ്രാപിച്ചു.

രാഘവോഽപി രണേ ദൃഷ്ട്വാ കർമ്മ രൌദ്രസ്യ രക്ഷസഃ
ധനുഃ സജ്യമുപാദായ ചാമീകരവിഭൂഷിതം 132
രഥസ്ഥം സമരേ ശൂരമഭിദുദ്രാവ രാവണം. 133

രാഘവഃ അപി	ശ്രീരാഘവനും	ധനുഃ	കോദണ്ഡത്തെ
രണേ	പോരിൽ	സജ്യം ഉപാദായ	ഞാണേററിക്കൊണ്ടു്
രൌദ്രസ്യ	കൊടിയവനായ		
രക്ഷസഃ	രാക്ഷസൻെറ	സമരേ	പോരിൽ
കർമ്മ	പ്രവൃത്തി	രഥസ്ഥം	രഥത്തിലിരിക്കുന്നവ
ദൃഷ്ട്വാ,	കണ്ട്,	ശൂരം	ശൂരനായ [നായ
ചാമീകര-വിഭൂഷിതം	സ്വർണ്ണാലംകൃതമായ	രാവണം	രാവണനെ
		അഭിദുദ്രാവ.	എതിർപ്പാൻ ഉറച്ചു.

നിപാതിതമഹാവീരാം ദ്രവന്തീം വാനരീം ചമൂം
രാഘവസ്തു രണേ ദൃഷ്ട്വാ രാവണം സമഭിദ്രവത്. 134

രാഘവഃ,	ശ്രീരാഘവൻ,	ദ്രവന്തീം	പേടിച്ചോടുന്നതായി
രണേ	പോരിൽ	ദൃഷ്ട്വാ,	കണ്ട്,
വാനരീം ചമൂം തു	വാനരസൈന്യത്തെയും		
നിപാതിത-മഹാവീരാം	വീഴ്ത്തപ്പെട്ട മഹാവീരന്മാരോടു കൂടിയതായി	രാവണം	രാവണനു നേരെ
		സമഭിദ്രവത്.	എതിർത്തു ചെന്നു.

അഥൈനമുപസംഗമ്യ ഹനുമാൻ വാക്യമബ്രവീത്
മമ പൃഷ്ഠം സമാരുഹ്യ രാക്ഷസം ശാസ്തുമർഹസി. 135

അഥ	ആ സമയം	"മമ പൃഷ്ഠം	"എൻെറ പുറത്ത്
ഹനുമാൻ,	ഹനുമാൻ,	സമാരുഹ്യ	കയറിയിരുന്നുകൊണ്ട്
ഏനം ഉപസംഗമ്യ,	ഇദ്ദേഹത്തിൻെറ തിരുമുമ്പിൽ വന്ന്,	രാക്ഷസം	രാക്ഷസനെ
വാക്യം	ഇപ്രകാരം	ശാസ്തും	വധിപ്പാൻ
അബ്രവീത്;	ഉണർത്തിച്ചു;	അർഹസി."	തിരുവുള്ളമുണ്ടാകേണം."

വിഷ്ണുർയഥാ ഗരുത്മന്തം ബലവന്തം സമാഹിതഃ
തച്ഛ്രുത്വാ രാഘവോ വാക്യം വായുപുത്രേണ ഭാഷിതം 136
ആരുരോഹ മഹാശൂരോ ബലവന്തം മഹാകപിം. 137

സമാഹിതഃ	അചഞ്ചലമനസ്കനും	മഹാകപിം,	ആ വാനരോത്തമൻെറ ചുമലിൽ,
മഹാശൂരഃ	മഹാശൂരനുമായ		
രാഘവഃ,	ശ്രീരാഘവൻ,	വിഷ്ണുഃ	വിഷ്ണുഭഗവാൻ
വായുപുത്രേണ	ഹനുമാനാൽ	ബലവന്തം	ഊക്കേറിയ
ഭാഷിതം	ഉണർത്തിക്കപ്പെട്ട	ഗരുത്മന്തം	ഗരുഡഭഗവാൻെറ പുറത്ത്
തത്	ആ		
വാക്യം	വാക്യത്തെ	യഥാ	എപ്രകാരമോ അപ്രകാരം
ശ്രുത്വാ,	കേട്ട്,		
ബലവന്തം	ശക്തിമാനായ	ആരുരോഹ	ആരോഹണം ചെയ്തു.

രഥസ്ഥം രാവണം സംഖ്യേ ദദർശ മനുജാധിപഃ. 138

മനുജാധിപഃ	നൃപതിയായ അദ്ദേഹം	രാവണം	രാവണനെ
രഥസ്ഥം	രഥത്തിലിരുന്നിരുന്ന	സംഖ്യേ ദദർശ.	പോരിൽ നേക്കു കണ്ടു.

തമാലോക്യ മഹാതേജാഃ പ്രദുദ്രാവ സ രാഘവഃ
വൈരോചനമിവ ക്രുദ്ധോ വിഷ്ണുരഭ്യുദ്യതായുധഃ. 139

മഹാതേജാഃ	മഹാതേജസ്വിയായ	അഭ്യുദ്യതായുധഃ,	സന്നദ്ധായുധനായി,
സഃ	ആ	വിഷ്ണുഃ	വിഷ്ണുഭഗവാൻ
രാഘവഃ,	ശ്രീരാഘവൻ,	വൈരോചനം	ബലിചക്രവർത്തിയുടെ
തം ആലോക്യ,	അവനെ കണ്ടു്,	ഇവ,	എന്ന പോലെ, [നേരെ
ക്രുദ്ധഃ	കോപാക്രാന്തനായി	പ്രദുദ്രാവ.	എതിർത്തു ചെന്നു.

ജ്യാശബ്ദമകരോത്തീവ്രം വജ്രനിഷ്പേഷനിസ്സ്വനം
ഗിരാ ഗംഭീരയാ രാമോ രാക്ഷസേന്ദ്രമുവാച ഹ. 140

തീവ്രം	കടുതായും	രാമഃ,	ശ്രീരാമൻ,
വജ്രനിഷ്പേഷ-	ഇടി ഇടിക്കുന്ന ശബ്ദം	ഗംഭീരയാ	ഗംഭീരമായ
നിസ്സ്വനം	പോലെയുള്ളതായും	ഗിരാ,	വാക്കുകൊണ്ടു്
ജ്യാശബ്ദം	ഞാണൊലിയിട്ടു;	രാക്ഷസേന്ദ്രം	രാക്ഷസാധിപനോടാ
അകരോത്;		ഉവാച ഹ.	അരുളിച്ചെയ്തു. [യി

തിഷ്ഠ തിഷ്ഠ മമ ത്വം ഹി കൃത്വാ വിപ്രിയമീദൃശം
ക്വ നു രാക്ഷസശാർദ്ദൂല ഗതോ മോക്ഷമവാപ്സ്യസി. 141

"രാക്ഷസ-	"രാക്ഷസ വീര!	വിപ്രിയം	അനിഷ്ടത്തെ
ശാർദ്ദൂല!		കൃത്വാ,	ചെയ്തു ശേഷം,
തിഷ്ഠ, തിഷ്ഠ;	നില്ലു നില്ലു്;	ക്വ ഗതഃ നു	എവിടെപോയാലാണ്
ത്വം	നീ	മോക്ഷം	തക്കശിക്ഷയിൽ നിന്നു
മമ ഹി	എനിക്കു തന്നെ		ള്ള മോചനത്തെ
ഈദൃശം	ഇപ്രകാരമുള്ള	അവാപ്സ്യസി?	പ്രാപിക്കുക?

യദീന്ദ്രവൈവസ്വതഭാസ്കരാൻ വാ
സ്വയംഭുവൈശ്വാനരശങ്കരാൻ വാ
ഗമിഷ്യസി ത്വം ദശ വാ ദിശോഽഥവാ
തഥാപി മേ നാദ്യ ഗതോ വിമോക്ഷ്യസേ. 142

"മേ	"എന്റെ	അഥവാ	അല്ലാത്തപക്ഷം
ഗതഃ	പിടിയിൽ വന്നവനായ	ദശ ദിശഃ വാ	പത്തുദിക്കുകളിലെ
ത്വം, അദ്യ	നീ, ഇപ്പോൾ		ങ്ങെങ്കിലുമാകട്ടെ,
ഇന്ദ്ര-	ഇന്ദ്രൻ, യമൻ, സൂര്യൻ	ഗമിഷ്യസി യദി	ചെന്നൊളിക്കയാണെ
വൈവസ്വത-	എന്നവരുടെ അടുക്ക		ന്നാലും
ഭാസ്കരാൻ വാ	ലാകട്ടെ,	തഥാ അപി	അപ്പോഴുംകൂടി
സ്വയംഭു-	ബ്രഹ്മാവ്, അഗ്നി, ശി	വിമോക്ഷ്യസേ	എന്നെ തെറ്റിച്ചു ജീ
വൈശ്വാനര-	വൻ എന്നവരുടെ അ	ന.	വനോടിരിക്കുകയില്ല.
ശങ്കരാൻ വാ	ടുക്കൽ തന്നെയാകട്ടെ,		

യശ്ചൈവ ശക്ത്യാഽഭിഹതസ്ത്വയാഽദ്യ
ഇച്ഛൻ വിഷാദം സഹസാഽഭ്യുപേതഃ
സ ഏവ രക്ഷോഗണരാജ മൃത്യുഃ
സപുത്രദാരസ്യ തവാദ്യ യുദ്ധേ. 143

"രക്ഷോഗണ-രാജ!	"രാക്ഷസസംഘങ്ങൾക്ക് അധിപനായവനേ!
യഃ	യാതൊരുവൻ
അദ്യ	ഇപ്പോൾ
ത്വയാ	നിന്നാൽ
സഹസാ	നിണക്കു വരുന്നതായ ഭവിഷ്യത്തിനെ ഓക്കാതെ
ശക്ത്യാ	വേൽകൊണ്ടു്
അഭിഹതഃ	പ്രഹരിക്കപ്പെട്ടവനായി
ഇച്ഛൻ ഏവ	അറിവോടുകൂടിത്തന്നെ
വിഷാദം അഭ്യുപേതഃ	മൂർച്ഛപ്രാപിച്ചുവോ
സഃ ഏവ	അവൻതന്നെ
അദ്യ	ഇപ്പോൾ
യുദ്ധേ	പോരിൽ
സപുത്രദാരസ്യ	ഭാര്യാപുത്രന്മാരടക്കം
തവ ച	നിനക്കുതന്നെ
മൃത്യുഃ.	കാലനായ്ഭവിച്ചിരിക്കുന്നു.

[നിന്റെ ശക്തിപ്രഹാരമേററു ലക്ഷ്മണൻ മൂർച്ഛിച്ചു എന്നതുതന്നെയാണു്, നിന്നെ പുത്രദാരങ്ങളടക്കം വധിപ്പാനായി എന്നെ സന്നദ്ധനാക്കിയിരിക്കുന്നതു്, എന്നു സാരം.

"തവ വിഷാദം ഇച്ഛൻ ഏവ മൃത്യുഃ അഭ്യുപേതഃ" നിണക്കു ആപത്തിനെ ഇച്ഛിക്കുന്നവനായി കാലനായി വന്നിരിക്കുന്നു, എന്നും പറയാം.

"സഃ ഏവ" (അപ്രകാരമുള്ള ഈ ഞാൻതന്നെ), എന്ന അർത്ഥത്തിൽ ലക്ഷ്മണനും ശ്രീരാമനും അഭേദത്തെ സൂചിപ്പിക്കുന്നു. (ഗോ. രാ.)]

ഏതേന ചാത്യദ്ഭുതദർശനാനി ശരൈർജ്ജനസ്ഥാനകൃതാലയാനി
ചതുർദ്ദശാന്യാത്തവരായുധാനി രക്ഷസ്സഹസ്രാണി നിഷൂദിതാനി. 144

"ഏതേന ച	"ഈ എന്നാൽതന്നെയാണു്
അത്യദ്ഭുത-ദർശനാനി	അത്യാശ്ചര്യമായ രൂപങ്ങളാർന്നവരും
ആത്ത-വരായുധാനി	ഉത്തമായുധങ്ങളെ ധരിച്ചവരും
ജനസ്ഥാന-കൃതാലയാനി	ജനസ്ഥാനത്തിൽ വസിച്ചിരുന്നവരുമായ
ചതുർദശാനി രക്ഷഃ-സഹസ്രാണി	പതിന്നാലായിരം രാക്ഷസന്മാർ
ശരൈഃ	ബാണങ്ങൾകൊണ്ടു്
നിഷൂദിതാനി."	നശിപ്പിക്കപ്പെട്ടതു്."

രാഘവസ്യ വചഃ ശ്രുത്വാ രാക്ഷസേന്ദ്രോ മഹാകപിം
വായുപുത്രം മഹാവീര്യം വഹന്തം രാഘവം രണേ
ആജഘാന ശരൈസ്തീക്ഷ്ണൈഃ കാലാനലശിഖോപമൈഃ. 145

രാക്ഷസേന്ദ്രഃ,	രാക്ഷസാധിപൻ,
രാഘവസ്യ	ശ്രീരാഘവന്റെ
വചഃ ശ്രുത്വാ,	വാക്കു് കേട്ടു്,
രണേ	പോരിൽ
രാഘവം	ശ്രീരാമനെ
വഹന്തം	വഹിച്ചുകൊണ്ടിരുന്ന
മഹാകപിം	വാനരോത്തമനും
മഹാവീര്യം	മഹാവീര്യശാലിയുമായ
വായുപുത്രം	വായുപുത്രനെ
കാലാനല-ശിഖോപമൈഃ	പ്രളയകാലാഗ്നിജ്വാലകളൊത്ത
തീക്ഷ്ണൈഃ ശരൈഃ	ഉഗ്രശരങ്ങൾകൊണ്ടു്
ആജഘാന.	എയ്തു.

രാക്ഷസേനാഹവേ തസ്യ താഡിതസ്യാപി സായകൈഃ
സ്വഭാവതേജോയുക്തസ്യ ഭൂയസ്തേജോഽഭ്യവൎദ്ധത. 146

ആഹവേ	പോരിൽ	തസ്യ അപി,	ആ ഹനുമാന്നാകട്ടെ,
രാക്ഷസേന	രാക്ഷസനാൽ	തേജഃ	തേജസ്സ്
സായകൈഃ	ബാണങ്ങൾകൊണ്ട്	ഭൂയഃ	മുമ്പത്തിലുമധികം
താഡിതസ്യ	പ്രഹരിക്കപ്പെട്ടവനും	അഭ്യവൎദ്ധത.	വൎദ്ധിച്ചു.
സ്വഭാവതേജോയുക്തസ്യ	പ്രകൃത്യാതന്നെ തേജസ്സാൽ വിളങ്ങുന്നവനുമായ		

തതോ രാമോ മഹാതേജാ രാവണേന കൃതവ്രണം
ദൃഷ്ട്വാ പ്ലവഗശാൎദ്ദൂലം കോപസ്യ വശമേയിവാൻ. 147

മഹാതേജാഃ	അവമതിസഹിച്ചിരിക്കാത്തവനായ	കൃതവ്രണം	വ്രണപ്പെടുത്തപ്പെട്ടവനായി
രാമഃ,	ശ്രീരാമൻ,	ദൃഷ്ട്വാ,	കണ്ട്,
പ്ലവഗശാൎദ്ദൂലം	വാനരോത്തമനെ	തതഃ,	അക്കാരണത്താൽ,
രാവണേന	രാവണനാൽ	കോപസ്യ വശം ഏയിവാൻ.	കോപപരവശനായ്തീൎന്നു.

തസ്യാഭിസംക്രമ്യ രഥം സചക്രം
സാശ്വധ്വജച്ഛത്രമഹാപതാകം
സസാരഥിം സാശനിശൂലഖഡ്ഗം
രാമഃ പ്രചിച്ഛേദ ശരൈഃ സുപുംഖൈഃ. 148

രാമഃ,	ശ്രീരാമൻ,	സസാരഥിം	സാരഥിയടക്കം
തസ്യ	അവന്റെ,	സാശനിശൂലഖഡ്ഗം	വജ്രായുധം, ശൂലം വാൾ എന്നവയടക്കം
രഥം	രഥത്തെ	സുപുംഖൈഃ	നല്ലതൂവലുകൾവെച്ച
സചക്രം	ചക്രങ്ങളടക്കം	ശരൈഃ	ബാണങ്ങൾകൊണ്ട്
സാശ്വധ്വജച്ഛത്രമഹാപതാകം	കുതിരകൾ,ധ്വജങ്ങൾ, കുട, വൻകൊടിക്കൂറ എന്നവയടക്കം	അഭിസംക്രമ്യ	തുളച്ച്
		പ്രചിച്ഛേദ.	മുറിച്ചെറിഞ്ഞു.

അഥേന്ദ്രശത്രും തരസാ ജഘാന
ബാണേന വജ്രാശനിസന്നിഭേന
ഭുജാന്തരേ വ്യൂഢസുജാതരൂപേ
വജ്രേണ മേരും ഭഗവാനിവേന്ദ്രഃ. 149

അഥ	അതിൽപിന്നെ	ഭുജാന്തരേ,	മാറിൽ,
ഇന്ദ്രശത്രും,	ആ ഇന്ദ്രശത്രുവിനെ,	ഭഗവാൻ ഇന്ദ്രഃ	ഭഗവാനായ ഇന്ദ്രൻ
വജ്രാശനിസന്നിഭേന	വജ്രായുധവും ഇടിത്തീയുമൊത്ത	വജ്രേണ	വജ്രത്താൽ
ബാണേന	ഒരു ബാണംകൊണ്ട്	മേരും	മേരുപൎവ്വതത്തെ
വ്യൂഢസുജാതരൂപേ	വിശാലവും ദൃഢവുമായ	ഇവ,	എന്ന പോലെ,
		തരസാ ജഘാന.	ഊക്കോടെ എയ്തു.

യോ വജ്രപാതാശനിസന്നിപാതാ-
ന്ന ചുക്ഷുഭേ നാപി ചചാല രാജാ
സ രാമബാണാഭിഹതോ ഭൃശാർത്ത-
ശ്ചചാല ചാപം ച മുമോച വീരഃ. 150

യഃ	യാതൊരു
രാജാ,	അരചൻ,
വജ്രപാതാശനിസന്നിപാതാത്	(പണ്ട്) വജ്രാഘാതമേററിട്ടും, അശനിപാതത്താലും
ചുക്ഷുഭേ ന	ഒരു പതർച്ചയുമില്ലാതെ
ചചാല അപി ന,	കുലുങ്ങാതിരുന്നുവോ,

സഃ	അപ്രകാരമുള്ള ആ
വീരഃ ച,	വീരൻ തന്നെ,
രാമബാണാഭിഹതഃ	രാമബാണമേററവനായി
ഭൃശാർത്തഃ	അതിപീഡിതനായി
ചചാല;	പിടഞ്ഞു;
ചാപം	വില്ലിനെയും
മുമോച.	പിടിവിട്ടു.

[ഈ ശ്ലോകത്തിലെ ആദ്യാക്ഷരം ഗായത്രിയിലെ 18-ാമത്തെ അക്ഷരമാകുന്നു, (വിദ്യാരണ്യപക്ഷം.)]

തം വിഹ്വലന്തം പ്രസമീക്ഷ്യ രാമഃ
സമാദദേ ദീപ്തമഥാർദ്ധചന്ദ്രം
തേനാർക്കവർണ്ണം സഹസാ കിരീടം
ചിച്ഛേദ രക്ഷോധിപതേർമ്മഹാത്മാ. 151

അഥ	അപ്പോൾ
മഹാത്മാ	മഹാത്മാവായ
രാമഃ,	ശ്രീരാമൻ,
തം	അവനെ
വിഹ്വലന്തം	ഒന്നും ചെയ്യാനറിയാതെ വ്യാകുലപ്പെട്ടു നില്ക്കുന്നവനായി
പ്രസമീക്ഷ്യ,	കണ്ട്,
ദീപ്തം	ഉജ്ജ്വലിക്കുന്ന

അർദ്ധചന്ദ്രം	ഒരു അർദ്ധചന്ദ്രബാണത്തെ
സമാദദേ!	തൊടുത്തു;
തേന	അതുകൊണ്ട്
രക്ഷോധിപതേഃ	രക്ഷോനാഥന്റെ
അർക്കവർണ്ണം	സൂര്യകാന്തിചേർന്ന
കിരീടം	കിരീടത്തെ,
സഹസാ	ഉടനെ
ചിച്ഛേദ.	പൊടിപെട്ടുത്തി.

തം നിർവ്വിഷാശീവിഷസന്നികാശം
ശാന്താർച്ചിഷം സൂര്യമിവാപ്രകാശം
ഗതശ്രിയം കൃത്തകിരീടകൂടം
ഉവാച രാമോ യുധി രാക്ഷസേന്ദ്രം. 152

രാമഃ,	ശ്രീരാമൻ,
യുധി	പോരിൽ
നിർവ്വിഷാശീവിഷസന്നികാശം,	വിഷമററപാമ്പുപോലിരിക്കുന്നവനും,
ശാന്താർച്ചിഷം	രശ്മികളററ്
അപ്രകാശം	തേജസ്സില്ലാത്ത

സൂര്യം ഇവ	സൂര്യനെന്നപോലിരിക്കുന്നവനും
കൃത്തകിരീടകൂടം	കിരീടാഗ്രം തകർന്നു കിടക്കുന്നവനും
ഗതശ്രിയം	യശസ്സുപോയ്പോയവനുമായ
തം	ആ
രാക്ഷസേന്ദ്രം	രാക്ഷസേന്ദ്രനോടായി
ഉവാച.	അരുളിച്ചെയ്തു.

കൃതം ത്വയാ കൎമ്മ മഹത്സുഭീമം
ഹതപ്രവീരശ്ച കൃതസ്ത്വയാഽഹം
തസ്മാത് പരിശ്രാന്ത ഇവ വ്യവസ്യ
ന ത്വാം ശരൈൎമ്മൃത്യുവശം നയാമി. 153

"ത്വയാ	"നിന്നാൽ
മഹത്	അനിതരസാധാരണ
സുഭീമം	അത്യുഗ്രമായ
കൎമ്മഃ കൃതം;	കൃത്യം നിൎവ്വഹിക്കപ്പെട്ടു;
അഹം ച	ഞാനും
ത്വയാ	നിന്നാൽ
ഹതപ്രവീരഃ കൃതഃ;	എന്റെ പടയാളിവീരന്മാരുടെ ശക്തിയടക്കപ്പെട്ടവനായാക്കപ്പെട്ടു;
തസ്മാത്	അക്കാരണത്താൽ
പരിശ്രാന്തഃ ഇവ	നീ തിരെ തളൎന്നിരിക്കുന്നു എന്നുള്ളതിനെ
വ്യവസ്യ,	ഓൎത്ത്,
ത്വാം	നിന്നെ
ശരൈഃ	ബാണങ്ങൾകൊണ്ടു്
മൃത്യുവശം	കാലന്റെ അടുക്കലേക്കു്
നയാമി ന.	ഞാൻ അയക്കുന്നില്ല.

ഗച്ഛാനുജാനാമി രണാൎദ്ദിതസ്ത്വം
പ്രവിശ്യ രാത്രിഞ്ചരരാജ ലങ്കാം
ആശ്വാസ്യ നിൎയ്യാഹി രഥീ ച ധന്വീ
തദാ ബലം ദ്രക്ഷ്യസി മേ രഥസ്ഥഃ. 154

"രാത്രിഞ്ചരരാജ!	"നക്തഞ്ചരാധിപ!
ത്വം രണാൎദ്ദിതഃ;	നീ യുദ്ധത്തിൽ കഷ്ടാവസ്ഥയെ പ്രാപിച്ചിരിക്കുന്നു;
അനുജാനാമി;	ഞാൻ പോകാൻ സമ്മതം തരുന്നു;
ഗച്ഛ;	പൊയ്ക്കൊൾക;
ലങ്കാം	ലങ്കയിൽ
പ്രവിശ്യ	ചെന്നു്
ആശ്വാസ്യ,	വിശ്രമിച്ചുശേഷം,
രഥീ	രഥത്തോടുകൂടിയവനായും
ധന്വീ ച	വില്ലേന്തിയവനായും
നിൎയ്യാഹി;	മടങ്ങിവരിക;
തദാ	അപ്പോൾ
രഥസ്ഥഃ	തേരിലിരിക്കുന്നവനായ നീ
മേ	എന്റെ
ബലം	കൈയൂക്കിനെ
ദ്രക്ഷ്യസി."	ഉള്ളവണ്ണം അറിയുന്നതാണു്."

സ ഏവമുക്തോ ഹതദൎപ്പഹൎഷോ
നികൃത്തചാപഃ സ ഹതാശ്വസൂതഃ
ശരാൎദ്ദിതഃ കൃത്തമഹാകിരീടോ
വിവേശ ലങ്കാം സഹസാ സ രാജാ. 155

സഃ	അവൻ
നികൃത്തചാപഃ	വില്ലുമുറിക്കപ്പെട്ടവനായി
ഹതാശ്വസൂതഃ	കുതിരകളും സാരഥിയും ഹനിക്കപ്പെട്ടവനായി
കൃത്തമഹാകിരീടഃ	വൻകിരീടം തകൎക്കപ്പെട്ടവനായി
ശരാൎദ്ദിതഃ;	ബാണപീഡിതനായി;
സഃ	അവൻ
ഹതദൎപ്പഹൎഷഃ;	ഗൎവ്വവും ഉത്സാഹവും അററവനായ്ത്തീൎന്നു;
സഃ	ആ
രാജാ	അരചൻ
ഏവം	മേൽപ്രകാരം
ഉക്തഃ	ഉരചെയ്യപ്പെട്ടവനായി
സഹസാ	ഉടനെ
ലങ്കാം വിവേശ.	ലങ്കയിൽ പ്രവേശിച്ചു.

തസ്മിൻ പ്രവിഷ്ടേ രജനീചരേന്ദ്രേ
മഹാബലേ ദാനവദേവശത്രൗ
ഹരീൻ വിശല്യാൻ സഹ ലക്ഷ്മണേന
ചകാര രാമഃ പരമാഹവാഗ്രേ. 156

ദാനവദേവ-ശത്രൗ	അസുരന്മാൎക്കും ദേവന്മാൎക്കും ശത്രുവായവനും	രാമഃ	ശ്രീരാമൻ
മഹാബലേ	അതിബലവാനുമായ	ലക്ഷ്മണേന സഹ	ലക്ഷ്മണനോടുംകൂടി
തസ്മിൻ	ആ	ഹരീൻ	വാനരന്മാരെ
രജനീചരേന്ദ്രേ	രാക്ഷസാധിപൻ	പരമാഹവാഗ്രേ	വൻപോർമുമ്പിൽ
പ്രവിഷ്ടേ,	മടങ്ങിച്ചെന്നശേഷം,	വിശല്യാൻ ചകാര.	വിചാരമററവരാക്കിച്ചെയ്തു.

തസ്മിൻ പ്രഭിന്നേ ത്രിദശേന്ദ്രശത്രൗ
സുരാസുരാ ഭൂതഗണാ ദിശശ്ച
സസാഗരാഃ സൎഷിമഹോരഗാശ്ച
തഥൈവ ഭൂമ്യംബുചരാശ്ച ഹൃഷ്ടാഃ. 157

ത്രിദശേന്ദ്ര-ശത്രൗ	ഇന്ദ്രശത്രുവായ	സൎഷി-മഹോരഗാഃ	ഋഷികളും മഹോരഗങ്ങളുമടക്കം
തസ്മിൻ	അവൻ	ദിശഃ ച	എല്ലാദിക്കുകളും
പ്രഭിന്നേ,	തോല്പിക്കപ്പെട്ടസമയം	തഥാ ഏവ	അപ്രകാരംതന്നെ
സുരാസുരാഃ	ദേവാസുരന്മാരും	ഭൂമ്യംബുചരാഃ ച	ഭൂമിയിലും വെള്ളത്തിലും ചരിക്കുന്ന എല്ലാംതന്നെയും
ഭൂതഗണാഃ ച	ഭൂതസംഘങ്ങളും		
സസാഗരാഃ	സമുദ്രങ്ങളടക്കം	ഹൃഷ്ടാഃ.	ആനന്ദമുൾക്കൊണ്ടു.

ഇത്യാൎഷേ ശ്രീമദ്രാമായണേ വാല്മീകീയേ ആദികാവ്യേ യുദ്ധകാണ്ഡേ
ഏകോനഷഷ്ടിതമഃ സൎഗ്ഗഃ = അമ്പത്തൊമ്പതാംസൎഗ്ഗം സമാപ്തം.
ആദ്യം മുതൽ ശ്ലോകസംഖ്യ 17165; യുദ്ധകാണ്ഡം ആദ്യം മുതൽ ശ്ലോകസംഖ്യ 2590.

ഷഷ്ടിതമഃ സൎഗ്ഗഃ = അറുപതാംസൎഗ്ഗം.

[കുംഭകൎണ്ണപ്രബോധനം = കുംഭകൎണ്ണനെ ഉണൎത്തുന്നതു്.]

സ പ്രവിശ്യ പുരീം ലങ്കാം രാമബാണഭയാൎദ്ദിതഃ
ഭഗ്നദൎപ്പസ്തദാ രാജാ ബഭൂവ വ്യഥിതേന്ദ്രിയഃ. 1

സഃ	ആ	രാമബാണ-ഭയാൎദ്ദിതഃ	രാമബാണത്തെ ഓൎത്ത് വ്യാകുലിതചിത്തനായി
രാജാ	അരചൻ		
ലങ്കാം പുരീം	ലങ്കാപുരത്തിൽ	ഭഗ്നദൎപ്പഃ	ഗൎവ്വം നശിച്ചവനായി
പ്രവിശ്യ,	പുക്ക്,	വ്യഥിതേന്ദ്രിയഃ	ഇന്ദ്രിയങ്ങൾ കലങ്ങി
തദാ	ആ സമയം	ബഭൂവ.	ഭവിച്ചു.

[യവനായി

മാതംഗ ഇവ സിംഹേന ഗരുഡേനേവ പന്നഗഃ
അഭിഭൂതോഽഭവദ്രാജാ രാഘവേണ മഹാത്മനാ. 2

രാജാ,	രാജാവായ രാവണൻ,	പന്നഗഃ	ഒരു സൎപ്പം
മഹാത്മനാ	മഹാത്മാവായ	ഗരുഡേന ഇവ,	ഗരുഡനാലെന്നപോലെയും
രാഘവേണ	ശ്രീരാഘവനാൽ,		
മാതംഗഃ സിംഹേന ഇവ,	ഒരു ആന സിംഹത്താലെന്നപോലെയും,	അഭിഭൂതഃ അഭവത്.	പരാജിതനാക്കപ്പെട്ടു.

ബ്രഹ്മദണ്ഡപ്രകാശാനാം വിദ്യുത്സദൃശവൎച്ചസാം
സ്മരൻ രാഘവബാണാനാം വിവ്യഥേ രാക്ഷസേശ്വരഃ. 3

രാക്ഷസേശ്വരഃ	രാക്ഷസാധിപൻ	രാഘവബാണാനാം	ശ്രീരാമബാണങ്ങളെ
ബ്രഹ്മദണ്ഡപ്രകാശാനാം	യുഗാന്ത കാലാഗ്നിരുദ്രനെപ്പോലെയുള്ളവയും	സ്മരൻ	ഓൎക്കുന്നവനായി
വിദ്യുത്സദൃശവൎച്ചസാം	മിന്നലൊത്ത പ്രഭയുള്ളവയും ആയ	വിവ്യഥേ.	ഉള്ളം കലങ്ങിയവനായി ഭവിച്ചു.

സ കാഞ്ചനമയം ദിവ്യമാശ്രിത്യ പരമാസനം
വിപ്രേക്ഷമാണോ രക്ഷാംസി രാവണോ വാക്യമബ്രവീത്. 4

സഃ	ആ	ആശ്രിത്യ,	ഇരുന്നുകൊണ്ട്,
രാവണഃ,	രാവണൻ,	രക്ഷാംസി	രാക്ഷസന്മാരെ
കാഞ്ചനമയം	സ്വൎണ്ണമയവും	വിപ്രേക്ഷമാണഃ	നോക്കി
ദിവ്യം	വിശേഷപ്പെട്ടതുമായ	വാക്യം അബ്രവീത്.	ഇപ്രകാരം ഉരചെയ്തു.
പരമാസനം	സിംഹാസനത്തിൽ		

സൎവ്വം തത് ഖലു മേ മോഘം യത് തപ്തം പരമം തപഃ
യത്സമാനോ മഹേന്ദ്രേണ മാനുഷേണാസ്മി നിൎജ്ജിതഃ. 5

"മഹേന്ദ്രേണ സമാനഃ	"മഹേന്ദ്ര തുല്യനായ	മേ തപ്തം	ഞാൻചെയ്ത
അസ്മി	ഞാൻ	പരമം തപഃ	മഹത്തായ തപസ്സ്
മാനുഷേണ	ഒരു മനുഷ്യനാൽ	യത്,	യാതൊന്നോ,
നിൎജ്ജിതഃ	തോല്പിക്കപ്പെട്ടു	തത് സൎവ്വം	അപ്രകാരമുള്ളതതെ[ല്ലാം
യത്,	എന്നതുകൊണ്ട്,	ഖലു	തീരെ
		മോഘം	വ്യൎത്ഥമായ്തീൎന്നു.

ഇദം തദ്ബ്രഹ്മണോ ഘോരം വാക്യം മാമഭ്യുപസ്ഥിതം
മാനുഷേഭ്യോ വിജാനീഹി ഭയം ത്വമിതി തത് തഥാ. 6

"'മാനുഷേഭ്യഃ	"'മനുഷ്യരിൽനിന്നാ	ബ്രഹ്മണഃ	ബ്രഹ്മദേവന്റെ
ഭയം	അപത്ത് എന്നത്[ണ്	ഘോരം വാക്യം;	കടുതായ നിയമനമാ
ത്വം	നീ	തത്	ആയത് [ണ്;
വിജാനീഹി;'	ധരിച്ചുകൊൾക;'	മാം അഭി	എന്റെ സംഗതിയിൽ
ഇതി ഇദം,	എന്നുള്ളതായ ഇത്,	തഥാ	അപ്രകാരംതന്നെ
തത്	ആ സമയം	ഉപസ്ഥിതം.	ഫലിച്ചു.

ദേവദാനവഗന്ധർവൈർയ്യക്ഷരാക്ഷസപന്നഗൈഃ
അവധ്യത്വം മയാ പ്രാപ്തം മാനുഷേഭ്യോ ന യാചിതം. 7

"ദേവദാനവ-ഗന്ധർവൈഃ	"ദേവന്മാർ, ദാനവന്മാർ, ഗന്ധർവ്വന്മാർ എന്നവരിൽ നിന്നും
യക്ഷരാക്ഷസ-പന്നഗൈഃ	യക്ഷന്മാർ, രാക്ഷസർ, പന്നഗന്മാർ എന്നവരിൽനിന്നും

അവധ്യത്വം	മൃതിയില്ലായ്മയെന്നുള്ളതു്
മയാ	എന്നാൽ
പ്രാപ്തം;	നേടപ്പെട്ടു;
മാനുഷേഭ്യഃ	മനുഷ്യരിൽനിന്നു് (മരണമില്ലാതിരിക്കുക എന്നതു്)
യാചിതം ന.	ആവശ്യപ്പെടപ്പെട്ടില്ല.

വിദിതാം മാനുഷം മന്യേ രാമം ദശരഥാത്മജം
ഇക്ഷ്വാകുകുലനാഥേന അനരണ്യേന യത് പുരാ 8
ഉത്പത്സ്യതേ ഹി മദ്വംശേ പുരുഷോ രാക്ഷസാധമ
യസ്ത്വാം സപുത്രം സാമാത്യം സബലം സാശ്വസാരഥിം 9
നിഹനിഷ്യതി സംഗ്രാമേ ത്വാം കുലാധമ ദുർമ്മതേ. 10

"ഇക്ഷ്വാകു-കുലനാഥേന	"ഇക്ഷ്വാകുവംശരാജാവായ
അനരണ്യേന,	അനരണ്യനാൽ,
പുരാ	പണ്ടു്
'രാക്ഷസാധമ!	'രാക്ഷസാധമ!
കുലാധമ!	കുലഘാതക!
ദുർമ്മതേ!	ദുഷ്ട!
യഃ പുരുഷഃ	യാതൊരു പുരുഷൻ
സംഗ്രാമേ	പോരിൽ
ത്വാം ഹി	നിന്നെയും
സപുത്രം	പുത്രന്മാരടക്കം
സാമാത്യം	അമാത്യന്മാരടക്കം
സബലം	സേനയടക്കം

സാശ്വസാരഥിം	അശ്വങ്ങൾ സാരഥി എന്നവയടക്കം
ത്വാം നിഹ-നിഷ്യതി തു	നിശ്ചയമായും വധിക്കുമോ, അവൻ
മദ്വംശേ	എന്റെ വംശത്തിൽ
ഉത്പത്സ്യതേ'	ഉളവാകും'
യത്	എന്നുള്ള യാതൊന്നു്
വിദിതം	അറിയിക്കപ്പെട്ടുവോ
മാനുഷം	അതേ മനുഷ്യനാണെന്നു്
ദശരഥാത്മജം	ദശരഥപുത്രനായ
രാമം	രാമനെ
മന്യേ.	ഞാൻ ഇപ്പോൾ അറിയുന്നു.

["ത്വാം ത്വാം" എന്ന പുനരുക്തി, കോപംകൊണ്ടുള്ളതാണെന്നും വിചാരിക്കാം. അനരണ്യശാപം ഉത്തരകാണ്ഡം 19-ാംസർഗ്ഗത്തിൽ കാണുക.]

ശപ്തോഽഹം വേദവത്യാ ച യദാ സാ ധർഷിതാ പുരാ
സേയം സീതാ മഹാഭാഗാ ജാതാ ജനകനന്ദിനീ. 11

"പുരാ	"പണ്ടൊരിക്കൽ
യദാ	യാതൊരുസമയം
സാ	ഏതൊരുത്തി,
ധർഷിതാ	എന്നാൽ അവമാനിക്കപ്പെട്ടുവോ,
വേദവത്യാ	ആ വേദവതിയാൽ
അഹം	ഞാൻ

ശപ്തഃ;	ശപിക്കപ്പെട്ടു;
ജനകനന്ദിനി	ജനകസുതയായി
മഹാഭാഗാ	മഹാഭാഗ്യവതിയായി
ജാതാ	ജനിച്ചു
സീതാ	സീതയാകുന്ന
ഇയം	ഇവൾ
സാ ച.	അവൾതന്നെ.

[ഉത്തരകാണ്ഡം 17-ാംസർഗ്ഗം നോക്കുക.]

ഉമാ നന്ദീശ്വരശ്ചാപി രംഭാ വരുണകന്യകാ
യഥോക്താസ്തപസാ പ്രാപ്തം ന മിഥ്യാ ഋഷിഭാഷിതം 12

"ഉമാ	"പാർവ്വതിയും	യഥോക്താഃ	യാതൊന്നിനെ ശാപമായി ഏകിയോ ആയതു്
നന്ദീശ്വരഃ	നന്ദികേശ്വരനും		
രംഭാ	രംഭയും	പ്രാപ്തം;	അനുഭവത്തിലായി;
വരുണകന്യകാ ച	വരുണപുത്രിയായ പുഞ്ജികസ്ഥലയും	ഋഷിഭാഷിതം	വേദജ്ഞന്മാരുടെ വാക്യം
തപസാ	മനോവേദനകാരണം	അപി മിഥ്യാ ന?	വെറുതെയായ്ത്തീരുമോ?

[ഉത്തരകാണ്ഡം സർഗ്ഗം 16, 26, നോക്കുക. പുഞ്ജികസ്ഥലയുടെ നിമിത്തമായി ബ്രഹ്മാവിന്റെ ശാപമെന്നു് (സ). രംഭനിമിത്തമായി നളകൂബരശാപമെന്നും ബോദ്ധ്യം.]

ഏതദേവാഭ്യുപാഗമ്യ യത്നം കർത്തുമിഹാർഹഥ
രാക്ഷസാശ്ചാപി തിഷ്ഠന്തു ചര്യാഗോപുരമൂർദ്ധസു. 13

"ഏതത് ഏവ	"ഈ സംഗതിയെല്ലാം	കർത്തും അർഹഥ;	നിങ്ങൾ ചെയ്യേണ്ടതാണു്;
അഭ്യുപാഗമ്യ,	ഗ്രഹിച്ചുകൊണ്ടു്,	രാക്ഷസാഃ	രാക്ഷസന്മാർ
അപി ച	അപ്രകാരമായാലും	ചര്യാഗോപുരമൂർദ്ധസു	കൊത്തളങ്ങളിലും ഗോപുരമേടകളിലും
ഇഹ	ഇപ്പോൾ	തിഷ്ഠന്തു.	കാത്തുനില്ക്കട്ടെ.
യത്നം	നിരന്തരപരിശ്രമത്തെ		

സ ചാപ്രതിമഗംഭീരോ ദേവദാനവദർപ്പഹാ
ബ്രഹ്മശാപാഭിഭൂതസ്തു കുംഭകർണ്ണോ വിബോധ്യതാം. 14

"അപ്രതിമഗംഭീരഃ	"നിസ്തുല്യപ്രഭാവശാലിയും	ബ്രഹ്മശാപാഭിഭൂതഃ തു	ബ്രഹ്മദേവന്റെ ശാപംമൂലം ഒതുങ്ങിക്കിടക്കുന്നവനുമായ
		സഃ	ആ
ദേവദാനവദർപ്പഹാ	ദേവന്മാരുടെയും ദാനവന്മാരുടെയും മദം പോക്കിയവനും	കുംഭകർണ്ണഃ ച	കുംഭകർണ്ണനും
		വിബോധ്യതാം	പള്ളിയുറക്കുണർത്തപ്പെടട്ടെ."

സ പരാജിതമാത്മാനം പ്രഹസ്തം ച നിഷൂദിതം
ജ്ഞാത്വാ രക്ഷോബലം ഭീമമാദിദേശ മഹാബലഃ. 15

മഹാബലഃ	മഹാബലശാലിയായ	ജ്ഞാത്വാ,	ഓർത്തു്,
സഃ	ആ രാവണൻ	ഭീമം	ഭയങ്കരമായ
ആത്മാനം	തന്നെ	രക്ഷോബലം	രാക്ഷസസൈന്യത്തെ നോക്കി
പരാജിതം	തോല്പിക്കപ്പെട്ടവനായും		
പ്രഹസ്തം	പ്രഹസ്തനെ	ആദിദേശ.	ഇങ്ങിനെ ആജ്ഞാപിച്ചു.
നിഷൂദിതം ച	കൊല്ലപ്പെട്ടവനായും		

ദ്വാരേഷു യത്നഃ ക്രിയതാം പ്രാകാരശ്ചാധിരുഹ്യതാം
നിദ്രാവശസമാവിഷ്ടഃ കുംഭകർണ്ണോ വിബോധ്യതാം. 16

"ദ്വാരേഷു	"കോട്ടവാതിലുകളിൽ	അധിരുഹ്യതാം ;	കയറിനില്ക്കപ്പെടട്ടെ ;
യത്നഃ	വേണ്ടുന്ന ജാഗ്രത	നിദ്രാവശ-സമാവിഷ്ടഃ	നിദ്രയിലാണ്ടുകിടക്കുന്നവനായ
ക്രിയതാം ;	ചെയ്യപ്പെടട്ടെ ;	കുംഭകർണ്ണഃ	കുംഭകർണ്ണൻ
പ്രാകാരഃ ച	മതിൽക്കെട്ടും	വിബോധ്യതാം.	ഉണർത്തപ്പെടട്ടെ.

സുഖം സ്വപിതി നിശ്ചിന്തഃ കാലോപഹതചേതനഃ
നവ ഷട് സപ്ത ചാഷ്ടൗ ച മാസാൻ സ്വപിതി രാക്ഷസഃ. 17

"രാക്ഷസഃ,	"രാക്ഷസനായ ഇവൻ,	നവ	ഒമ്പതും,
കാലോപഹതചേതനഃ	വിധിവശത്താൽ മതി മറന്നവനായി	ഷട്	ആറും,
നിശ്ചിന്തഃ	വിചാരമററവനായി	സപ്ത	ഏഴും,
സുഖം	ഇഷ്ടംപോലെ	അഷ്ടൗ ച	എട്ടും
സ്വപിതി ;	ഉറങ്ങിക്കിടക്കുന്നു ;	മാസാൻ ച	മാസക്കണക്കായി
		സ്വപിതി.	ഉറങ്ങുന്നു.

[" ശയിതാ ഹ്യേഷ ഷൺമാസാനേകാഹം ജാഗരിഷ്യതി " (യുദ്ധ. 61-ാംസർഗ്ഗം) എന്ന ബ്രഹ്മാവിന്റെ വാക്യപ്രകാരം ആറുമാസത്തിന്നുമുമ്പ് ഉണരുകയില്ലെന്നും, ഉണർന്നാൽ ഒരു ദിവസം ഉറങ്ങുകയില്ലെന്നും ബോദ്ധ്യം. "സ്വപ്തും വർഷാണ്യനേകാനി ദേവദേവ മമേപ്സിതം " (ഉത്തരകാണ്ഡം 10.), "തത്ര നിദ്രാസമാവിഷ്ടഃ കുംഭകർണ്ണോ മഹാബലഃ. ബഹൂന്യബ്ദസഹസ്രാണി ശയാനോ ന ച ബുദ്ധ്യതേ. " (ഉത്തര. 13) ഇത്യാദി വാക്യങ്ങളിൽനിന്ന് അനേക സംവത്സരങ്ങൾ തന്റെ ജീവിതത്തിൽ ഉറങ്ങിക്കഴിച്ചുകൂട്ടിയതിൽ ഇടയ്ക്കിടെ ആറ്, ഏഴ്, എട്ട്, ഒമ്പത് മാസം കൂടുമ്പോൾമാത്രം ഉണർന്നിരുന്നു എന്നു ബോദ്ധ്യം. ഇതിൽനിന്ന് ചിലപ്പോൾ ആറുമാസത്തിലധികം ഉറങ്ങാറുണ്ടെന്നും ഒരു ദിവസത്തിലധികം ഉണർന്നിരിക്കാറുണ്ടെന്നും ഗ്രാഹ്യമാകുന്നു.

ഒമ്പതും ആറും ഏഴും എട്ടും കൂടി മുപ്പതു മാസങ്ങൾ, അതായത് 180 ദിവസങ്ങൾ (ആറു സാധാരണ മാസങ്ങൾ) ഉറങ്ങിക്കഴിക്കുന്നു എന്നും പറയാമെന്ന് ഗോവിന്ദരാജീയം. ഈ പക്ഷത്തിൽ ആറു ദിവസം ഒരു മാസമാണെന്നു ഗ്രാഹ്യം. സോമയാഗത്തിന്റെ കാലഗണനയെപ്പററിപ്പറയുന്ന ഘട്ടത്തിൽ "ഷഡഹൈർമ്മാസാൻ സംപാദ്യാഹരുത്സൃജന്തി ഷഡഹൈർമ്മാസാൻ സംപശ്യന്തി," ഇത്യാദിയായ വാക്യങ്ങളിൽ 6 ദിവസം പക്ഷം, എന്നവയേയും മാസങ്ങളാക്കി കണക്കാക്കിയിരിക്കുന്നു.]

മന്ത്രം കൃത്വാ പ്രസുപ്തോഽയമിതസ്തു നവമേഽഹനി
തം തു ബോധയത ക്ഷിപ്രം കുംഭകർണ്ണം മഹാബലം. 18

" അയം	" ഇവൻ,	പ്രസുപ്തഃ ;	ഉറങ്ങുവാൻ തുടങ്ങിയിട്ട് ;
മന്ത്രം കൃത്വാ,	തന്റെ മന്ത്രാലോചന അറിയിച്ച ശേഷം,	തു	എങ്കിലും
ഇതഃ	ഇന്നേയ്ക്കു മുമ്പ്	മഹാബലം	മഹാബലശാലിയായ
നവമേ	ഒമ്പതാമത്തെ	തം	ആ
അഹനി തു	ദിവസത്തിൽ മാത്രമാണ്,	കുംഭകർണ്ണം	കുംഭകർണ്ണനെ
		ക്ഷിപ്രം	താമസിയാതെ
		ബോധയത.	ഉണർത്തുവിൻ.

[മന്ത്രാലോചനസമയം അവൻ ഉണൎന്നിരുന്നു. അതിൽപ്പിന്നെ ചെറുദിവസം ഉണൎന്നിരുന്ന ശേഷം, ഉറങ്ങുവാൻ തുടങ്ങീട്ട് ഇന്നേയ്ക്കു് ഒമ്പതു ദിവസമേ ആയിട്ടുള്ളു എന്നു സാരം.

"അദ്യ തേ സുമഹാൻ കാലഃ ശയാനസ്യ മഹാബല" എന്നു് താഴെ 62-ാംസർഗ്ഗം 15-ാംശ്ലോകത്തിൽ രാവണൻ കുംഭകൎണ്ണനോടു പറയുന്നതിന്നു്, "നീ ഉറങ്ങുവാൻ തുടങ്ങിയിട്ട് ഇന്നേയ്ക്കു് എത്രയോ കാലമായിരിക്കുന്നു," എന്നു അൎത്ഥം പറഞ്ഞു്, ഈ ശ്ലോകത്തിന്നു് അതു് വിരുദ്ധമായിരിക്കുന്നതിനാൽ, "ഇതഃ തു" എന്നതിന്നു് പല അൎത്ഥങ്ങളും പല വ്യാഖ്യാതാക്കന്മാർ കല്പിക്കുന്നുണ്ടു്.

വാസ്തവത്തിലാകട്ടെ, കുംഭകൎണ്ണൻ ഉറങ്ങുവാൻ തുടങ്ങിട്ടു് ഇത്രയും കാലമായിരുന്നാൽ, താഴെ ഈ സർഗ്ഗത്തിൽ വിവരിക്കുന്നപ്രകാരം കുംഭകൎണ്ണനെ ഉണൎത്തുവാൻ ഇത്രയും ക്ലേശം വേണ്ടിവരികയില്ലായിരുന്നു. അസമയത്തിലായതുകൊണ്ടു മാത്രമാണു് ഇത്ര ബുദ്ധിമുട്ടു വേണ്ടിവന്നതു് എന്നു ഗ്രാഹ്യമാകുന്നു.

ശ്രീരാമൻ ലങ്കയെ നിരോധിക്കുന്നതിന്നു് ഒമ്പതു ദിവസംമുമ്പു് കുംഭകൎണ്ണൻ ഉറങ്ങുവാൻ തുടങ്ങിയിരിക്കുന്നു. കുംഭകൎണ്ണൻ ഉറങ്ങിയ ദിവസംതന്നെ വിഭീഷണൻ ശ്രീരാമനെ പ്രാപിക്കുന്നു. പിന്നെ മൂന്നു ദിവസം സമുദ്രപ്രാൎത്ഥനാ. അഞ്ചു ദിവസം സേതുബന്ധം. അഞ്ചാംദിവസം വൈകുന്നേരം അക്കരെ ചേരുന്നു ഒമ്പതാം ദിവസം ലങ്കാസമീപഗമനം. എന്നു (സത്യധൎമ്മതീൎത്ഥീയം.)

ഗോവിന്ദരാജീയത്തിൽ ഇപ്രകാരം പറയുന്നു:— "ഇതഃ," അതായതു് യുദ്ധാരംഭദിവസത്തിൽനിന്നു്, അതായതു് ആ ദിവസത്തെ നീക്കി അതിന്നുമുമ്പു് ഒമ്പതാമത്തെ ദിവസം, അതിന്നു തലേദിവസം മന്ത്രാലോചനയിൽ പങ്കുകൊണ്ട കുംഭകൎണ്ണൻ സുപ്തനായി. ആകയാൽ പൌൎണ്ണമിദിവസം സുവേലാരോഹണം, പ്രഥമദിവസം യുദ്ധാരംഭം. അതിന്നുമുമ്പു് ഒമ്പതാം ദിവസം സപ്തമി അന്നു കുംഭകൎണ്ണൻ ഉറങ്ങുവാൻ തുടങ്ങി. അന്നുതന്നെ ദർഭശയനാരംഭദിവസം; അതിന്നു തലേദിവസം ഷഷ്ഠിയിൽ കുംഭകൎണ്ണാദികളുമായി മന്ത്രാലോചന; അന്നേദിവസം വിഭീഷണൻ ലങ്കയിൽനിന്നു നിർഗ്ഗമിക്കുന്നു; (എന്നും ഇതരവ്യാഖ്യാനങ്ങളിൽ പറയുന്നു.) സീതാപഹരണത്തിന്നുമുമ്പു് പതിമൂന്നു സംവത്സരങ്ങളും കഴിഞ്ഞിരിക്കുന്നു. പതിന്നാലാം വത്സരം ആരംഭത്തിൽ, പമ്പാതീരത്തിൽ വസന്തം വൎണ്ണിക്കപ്പെട്ടിരിക്കുന്നതിനാൽ, സീതാപഹരണം; ആഷാഢത്തിൽ ബാലിനിഗ്രഹം; അതിന്നുശേഷം വൎഷത്തു വൎണ്ണിച്ചിരിക്കുന്നതു കാണ്‌ക; ആശ്വയുജമാസത്തിൽ സീതയെ അന്വേഷിക്കുന്നതിന്നുള്ള ഉത്സാഹം; സ്വയംപ്രഭാ ബിലത്തിൽ ബഹുകാലം വാനരവാസം; ഫാല്‌ഗുനശുക്ലത്രയോദശിയിൽ ഹനുമാന്റെ ലങ്കാപ്രവേശം; "പുഷ്പിതാഗ്രാൻ വസന്താദൌ ദദൎശ വിവിധാൻ ദ്രുമാൻ" (സുന്ദര 14-ാംസ), "സ്ഥിതഃ കകുദ്മാനിവ തീക്ഷ്ണശൃംഗോ........രാജചന്ദ്രഃ പരിപൂൎണ്ണശൃംഗഃ" (സുന്ദ 4) എന്നവയിൽ "വസന്താദൌ" എന്നും "പരിപൂൎണ്ണശൃംഗഃ" എന്നും പറഞ്ഞിരിക്കുന്നതിനാൽ ഫാല്‌ഗുനമാസമാണെന്നു് ഊഹിക്കാം; (ഫാല്‌ഗുനമാസം ആരംഭിക്കുന്ന പൌൎണ്ണമിയിലാണല്ലൊ ചന്ദ്രൻ ഏററവും വലുതായി കാണപ്പെടുന്നതു്); "അവശ്യമേവ ദ്രഷ്ടവ്യാ മയാ ലങ്കാ നിശാക്ഷയേ" (സുന്ദ. 53), എന്നു ഹനുമാൻ പറയുന്നതിനാൽ അന്നേരാത്രി തന്നെ സീതാന്വേഷണവും, പിറേറദിവസം ലങ്കാദഹനവുമാണെന്നു് ബോദ്ധ്യം; "യദി വാ മന്യസേ വീര വസൈകാഹമരിന്ദമ" (സുന്ദ. 39) എന്നിത്യാദിയിൽനിന്നു് അന്നേദിവസംതന്നെ പ്രത്യാഗമനം; ഉഷസ്സിൽ ലങ്കാദഹനാനന്തരം അന്നുതന്നെ ഉച്ചയ്ക്കുമുമ്പു് അംഗദാദികളോടുകൂടി ശ്രീരാമപ്രാപ്തി; അരിഷ്ടപൎവ്വതത്തെ വൎണ്ണിക്കുന്ന കൂട്ടത്തിൽ "ബോദ്ധ്യമാനമിവ പ്രീത്യാ ദിവാകരകരൈഃ ശുഭൈഃ" എന്നിങ്ങിനെ സൂൎയ്യോദയസമയത്തെ സൂചിപ്പിച്ചശേഷം, അസ്തമനത്തെപ്പററി പറയാത്തതിൽനിന്നു് മേല്പറഞ്ഞ സംഗതി ഗ്രാഹ്യമാകുന്നു; അന്നേദിവസംതന്നെ ചതുൎദ്ദശിയുടെ ഒടുവിലത്തെ അംശവും പൌൎണ്ണമിയും കൂടിയ ദിവസം, മദ്ധ്യാഹ്നത്തിൽ യുദ്ധയാത്ര. പിറേറദിവസം സമുദ്രതീരത്തിൽ സേനാനിവേശം; "സാ സ്മ യാതി ദിവാരാത്രം മഹതി ഹരിവാഹിനീ. മുമോക്ഷയഃ ഷവഃ സീതാം മുഹൂൎത്തം ക്വാപി നാസത." (യുദ്ധ. 4) എന്ന വാക്യം കാണ്‌ക; ലങ്കാദഹനം ഉണ്ടായ ദിവസംതന്നെ, "വിസൎജ്ജയിത്വാ താൻ സൎവ്വാൻ പ്രവിവേശ സ്വകം ഗൃഹം" (യുദ്ധ. 9) എന്നു പറഞ്ഞിരിക്കുന്നതോടുകൂടി ലങ്കാദഹനദിവസമുണ്ടായ മന്ത്രാലോചനയെപ്പററി വിവരിച്ചു്, "തതിപ്രത്യൂഷസി പ്രാപ്തേ" (യുദ്ധ. 10) എന്നു തുടങ്ങിയുള്ളതിൽനിന്നു് പിറേറ ദിവസം ഉഷസ്സിൽ വിഭീഷണന്റെ രണ്ടാമതമുള്ള ഉപദേശവും, പിന്നെ കുംഭകൎണ്ണൻ മുതലായവരുമായുള്ള സഭയിൽവെച്ചുള്ള

മന്ത്രാലോചനയും കഴിഞ്ഞ്, "ഇത്യുക്ത്വാ പരുഷം വാക്യം രാവണഃ ശത്രുരാവണഃ. ആജഗാമ മുഹൂർത്തേന യത്ര രാമഃ സലക്ഷ്മണഃ" (യുദ്ധ. 17) എന്നതിൽനിന്ന് ലങ്കാദഹനദിവസത്തിന്ന് അനന്തരദിവസംതന്നെ വിഭീഷണൻ സമുദ്രതീരത്തിൽ രാമലക്ഷ്മണന്മാരുടെ സമീപത്തിൽ എത്തിയിരിക്കുന്നുവെന്നു പറഞ്ഞിരിക്കുന്നതിനാൽ, അന്നദിവസം വാനരസൈന്യം സമുദ്രതീരത്തിൽ എത്തിയിരിക്കുന്നു എന്നു ഗ്രാഹ്യമാകുന്നു; അതായത് ശിഷ്ടംഫാല്ഗുനപൌർണ്ണമാസീദിവസം എന്നർത്ഥം. "ഉത്തരാ ഫല്ഗുനി ഹ്യദ്യ" എന്ന് അതിനാലാണ് പറഞ്ഞിരിക്കുന്നത്. കൂടാതെ സമുദ്രവർണ്ണനയിൽ "ചണ്ഡനക്രഗ്രഹം ഘോരം ക്ഷപാദൌ ദിവസക്ഷയേ. ചന്ദ്രോദയസമുദ്ധൂതം പ്രതിചന്ദ്രസമാകുലം" (യുദ്ധ. 4) എന്നു സന്ധ്യാസമയത്തിൽതന്നെ ചന്ദ്രോദയം പറയപ്പെട്ടിരിക്കുന്നതിനാൽ പൌർണ്ണമിതന്നെയെന്നു സിദ്ധമാകുന്നു; സമുദ്രതീരത്തിൽ സൈന്യനിവേശവൃത്താന്തവും വിഭീഷണാഗമനവും ഒരേദിവസമാണെന്നാലും കഥ വെവ്വേറെയായതിനാൽ, വേറെ വേറെ ഘട്ടങ്ങളിൽ കാണുന്നു എന്നേ ഉള്ളു; പ്രഥമദിവസം ദർശയനാരംഭവും കുംഭകർണ്ണന്റെ സംവാദാരംഭവും; അഷ്ടമിവരെ സേതുബന്ധം; അന്നുരാത്രി സുവേലാരോഹണം; "പൂർണ്ണചന്ദ്രപ്രദീപാ ച നിശാ സമഭിവർത്തത" (യുദ്ധ. 38) എന്നു ആ ഘട്ടത്തിൽ പറഞ്ഞിട്ടുണ്ടെങ്കിലും, പൂർണ്ണചന്ദ്രനുദിച്ചാലെന്നപോലെ എന്നർത്ഥം കല്പിക്കേണ്ടതാകുന്നു; പിറെറദിവസം (നവമി) പകൽ ലങ്കാനിരോധം; "താം രാത്രിമുഷിതാസ്തത്ര സുവേലേ ഹരിപുംഗവാഃ. ലങ്കായാം ദദൃശുർവ്വീരാ വനാന്യുപവനാനി ച." (യുദ്ധ. 39) എന്ന് സുവേലത്തിൽ ഒരു രാത്രി താമസിച്ചു എന്നു പറഞ്ഞിരിക്കുന്നു; അന്നുതന്നെ ഒന്നാമത്തെ ദിവസത്തെ യുദ്ധത്തിൽ രാത്രി നാഗാസ്ത്രബന്ധനവും വിമോചനവും, "യുദ്ധ്യതാമേവ തേഷാം തു തഥാ വാനരരക്ഷസാം. രവിരസ്തം ഗതോ രാത്രിഃ പ്രവൃത്താ പ്രാണഹാരിണീ." (യുദ്ധ. 44) എന്നു തുടങ്ങി, "സാ ബഭൂവ നിശാ ഘോരാ ഹരിരാക്ഷസഹാരിണീ. തതസ്സ്ത രാക്ഷസാസ്തത്ര തസ്മിംസ്തമസി ദാരുണേ രാമമേവാഭ്യവർത്തന്ത" (യുദ്ധ. 44), "തം ഭീമവേഗാ ഹരയോ നാരാചൈഃ ക്ഷതവിഗ്രഹാഃ. അന്ധകാരേ ന ദദൃശുഃ" (യുദ്ധ. 45), എന്നിത്യാദികൊണ്ടു് അന്നത്തെ രാത്രിയെതന്നെ പറഞ്ഞു, "നിരന്തരശരീരൌ തൌ ഭ്രാതരൌ രാമലക്ഷ്മണൌ, ക്രുദ്ധേനേന്ദ്രജിതാ വീരൌ പന്നഗൈഃ ശരതാം ഗതൈഃ" (യുദ്ധ. 45) എന്നിത്യാദിവാക്യങ്ങളിൽനിന്ന് ഗ്രാഹ്യമാകുന്നു; അന്നേ രാത്രിതന്നെ വാനരഹർഷനാദംകൊണ്ടു് കുപിതനായ രാവണനാൽ പറഞ്ഞയക്കപ്പെട്ട ധൂമ്രാക്ഷൻ വജ്രദംഷ്ട്രൻ, എന്നവരുമായുള്ള യുദ്ധവും, വധവും നടക്കുന്നു; പിറെറദിവസം പകൽ അകമ്പനവധം, "അഭവത് സുദിനേ ചാപി ദുർദ്ദിനം രൂക്ഷമാരുതം" (യുദ്ധ. 55) എന്ന വാക്യം കാണ്കെ; അകമ്പനവധത്തിന്നുശേഷം പൂർവ്വാഹ്നത്തിൽതന്നെ രാവണന്റെ നഗരപര്യടനം; അന്നേദിവസം തന്നെ മദ്ധ്യാഹ്നത്തിൽ പ്രഹസ്തനുമായുള്ള യുദ്ധം; "അന്യോന്യമഭിസംരബ്ധാ ഗ്രഹാശ്ച ന ചകാശിരേ" (യുദ്ധ. 57) എന്ന് ആ ഘട്ടത്തിൽ, ഗ്രഹങ്ങൾക്കു പ്രകാശമുണ്ടായില്ല എന്നു പറഞ്ഞിട്ടുണ്ടെങ്കിലും, രാത്രിയല്ലെന്നു് ബോദ്ധ്യമാകുന്നു; എന്തെന്നാൽ രാവണനുമായുള്ള പകൽയുദ്ധത്തിൽ "പ്രാജാപത്യം ച നക്ഷത്രം രോഹിണീം ശശിനഃ പ്രിയാം സമാക്രമ്യ ബുധസ്തസ്ഥൌ പ്രജാനാമശുഭാവഹഃ" (യുദ്ധ. 103) എന്ന് പറഞ്ഞിരിക്കുന്നതു് കാണ്ക; യുദ്ധം ആരംഭിച്ചതുമുതൽ ആ രണ്ടാംദിവസത്തിൽതന്നെയാണ് രാവണപരാജയവും കുംഭകർണ്ണനെ ഉണർത്തുന്നതും കുംഭകർണ്ണവധവും, (അതായതു് ദശമിദിവസം); ബ്രഹ്മാസ്ത്രബന്ധനവും അതിൽനിന്നുള്ള വിമോചനവും പറയുന്നഘട്ടത്തിൽ, "ന്യസ്തഷഷ്ടിർഹതാഃ കോട്യോ വാനരാണാം തരസ്വിനാം അഹ്നഃ പഞ്ചമശേഷേണ വല്ലഭേന സ്വയംഭുവഃ" (യുദ്ധം 74) എന്ന് അന്നത്തെ സായംകാലസമയത്തെത്തന്നെ പറഞ്ഞിരിക്കുന്നു; ആ രണ്ടാമത്തെ ദിവസമായ ദശമിദിവസം രാത്രിയിൽതന്നെ ബ്രഹ്മാസ്ത്രവിമോചനത്തിന്നുശേഷം, വീണ്ടും ലങ്കാനിരോധം, ലങ്കാദാഹം, കുംഭൻ, നികുംഭൻ, യൂപാക്ഷൻ, ശോണിതാക്ഷൻ, പ്രജംഘൻ, കമ്പനൻ, മകരാക്ഷൻ എന്നവരുടെ വധമാകുന്നു എന്ന് "തതോഽസ്തംഗത ആദിത്യേ രൗദ്രേ തസ്മിൻ നിശാമുഖേ ലങ്കാമഭിമുഖാഃ സോല്കാ ജഗ്മുസ്തേ പ്ലവഗർഷഭാഃ." (യുദ്ധ 75), എന്നതിൽനിന്നു ഗ്രാഹ്യമാകുന്നു; ഇപ്രകാരം രണ്ടുദിവസം രാവുപകൽകൊണ്ടു് മൂലബലം, ഇന്ദ്രജിത്ത്, രാവണൻ, എന്നവരൊഴികെ പറയപ്പെട്ട മററുള്ള രാക്ഷസന്മാരെല്ലാം ഹതരായശേഷം; മൂന്നാംദിവസം (ഏകാദശി) തൊട്ടു് മൂന്നുദിവസം ഇന്ദ്രജിത്തുമായുള്ള യുദ്ധമാകുന്നു, "അഹോരാത്രൈസ്ത്രിഭിർവ്വീരഃ കഥഞ്ചിദ്വിനിപാതിതഃ" (യുദ്ധ 92), എന്ന വാക്യം കാണ്കെ; അതിൽപിന്നെ ആറാംദിവസം (ചതുർ

ശി) മൂലബലവധം; അന്തേദിവസം വൈകുന്നേരംതൊട്ടു് രാത്രിയും പകലും രാവണയുദ്ധം; ഏഴാം ദിവസം (കറുത്തവാവിൽ) രാവണവധം. അഥവാ ഏഴാംദിവസം രാവണയുദ്ധവും പിറേറന്നാൾ പ്രാതഃകാലത്തിൽ രാവണവധവും എന്നും ആവാം. "അഭ്യുത്ഥാനം ത്വമദ്യൈവ കൃഷ്ണപക്ഷചതുൎദ്ദശീം; കൃത്വാ നിൎയ്യാഹ്യമാവാസ്യാം വിജയായ ബലൈൎവൃതഃ" (യുദ്ധ. 93) എന്നു് പറഞ്ഞതിൽനിന്നു് മേല്പറഞ്ഞ രണ്ടുപക്ഷവും ഗ്രാഹ്യമാണെന്നു് കാണുക; മേൽവിവരിച്ചപ്രകാരമെല്ലാമാകുമ്പോൾ, "പശ്യതാം തന്മഹദ്യുദ്ധം സപ്തരാത്രമവൎത്തത; നൈവ രാത്രം ന ദിവസം ന മുഹൂൎത്തം ന ച ക്ഷണം; രാമരാവണയോൎയ്യുദ്ധം വിരാമമുപഗച്ഛതി." (യുദ്ധ. 110) എന്നു് പറഞ്ഞിരിക്കുന്നതു് സൈന്യങ്ങളോടും രാവണനോടുംകൂടിയുള്ള യുദ്ധം ആകെ ഏഴുദിവസം ഇടവിടാതെ നടന്നു എന്നുള്ളതിന്നു് യോജിക്കുന്നുണ്ടെന്നും കാൺക. "മന്ത്രയിത്വാപ്രസുപ്തോഽയമിതസ്തു നവമേഽഹനി" എന്നുള്ള ഈ ശ്ലോകത്തിന്നും യോജിക്കുന്നുണ്ടു്. എങ്ങിനെയെന്നാൽ "ഇതഃ" (ഈ എന്റെ മകുടഭംഗദിവസത്തിൽനിന്നു്), നവമേഽഹനി" (ഇതിനെ കൂടാതെ ഒമ്പതുദിവസംമുമ്പു്), മന്ത്രയിത്വാ പ്രസുപ്തഃ" (അതിന്നും മുമ്പിലത്തെ ദിവസം മന്ത്രാലോചനയ്ക്കുശേഷം ഉറങ്ങുവാൻ തുടങ്ങിയിരിക്കുന്നു) എന്നു് അൎത്ഥം.

ഈ അഭിപ്രായം പലൎക്കും സമ്മതമായിട്ടുള്ളതല്ല. തിലകവ്യാഖ്യാനത്തിലെ അഭിപ്രായത്തെക്കുറിച്ചും മററുമുള്ളതു്, താഴെ 127-ാംസൎഗ്ഗത്തിലെ "പൂൎണ്ണേ ചതുൎദ്ദശേ വൎഷേ" എന്നിത്യാദിയായ ആദ്യത്തെ ശ്ലോകത്തിലെ കുറിപ്പിൽ കണ്ടുകൊൾക.]

സ തു സംഖ്യേ മഹാബാഹുഃ കകുദഃ സൎവ്വരക്ഷസാം
വാനരാൻ രാജപുത്രൌ ച ക്ഷിപ്രമേവ വധിഷ്യതി. 19

"സൎവ്വരക്ഷസാം	"രാക്ഷസരെല്ലാവരിലും വെച്ചു്	സംഖ്യേ	പോരിൽ
കകുദഃ,	പ്രധാനിയായവനും,	രാജപുത്രൌ	രാജപുത്രന്മാർ ഇരുവരേയും
മഹാബാഹുഃ	മഹാബാഹുവുമായ	വാനരാൻ ച	വാനരന്മാരേയും
സഃ തു,	അവൻതന്നെയാണു്,	ക്ഷിപ്രം ഏവ	ഝടുതിയിൽ
		വധിഷ്യതി.	വധിക്കുക.

ഏഷ കേതുഃ പരഃ സംഖ്യേ മുഖ്യോ വൈ സൎവ്വരക്ഷസാം
കുംഭകൎണ്ണഃ സദാ ശേതേ മൂഢോ ഗ്രാമ്യസുഖേ രതഃ. 20

"ഏഷഃ	"ഈ	മുഖ്യഃ;	മുമ്പൻ;
കുംഭകൎണ്ണഃ	കുംഭകൎണ്ണൻ	മൂഢഃ	വഞ്ചിക്കപ്പെട്ടവനായി
സംഖ്യേ	പോരിൽ	ഗ്രാമ്യസുഖേ	സ്വഭാവമായിട്ടിരിക്കുന്ന (നിദ്രാ) സുഖത്തിൽ
പരഃ	മറെറല്ലാവരേക്കാളും മേലായുള്ള	രതഃ,	മുഴുകിയവനായി,
കേതുഃ;	യോഗ്യനാകുന്നു;	സദാ	എപ്പോഴും
സൎവ്വരക്ഷസാം വൈ	രാക്ഷസരെല്ലാവൎക്കും തന്നെ	ശേതേ.	ഉറങ്ങിത്തന്നെ കാലം കഴിക്കുന്നു.

[ദേവന്മാർ കുംഭകൎണ്ണന്നു് വരംകൊടുത്താൽ അവൻ ലോകത്തെ നശിപ്പിക്കുമെന്നു് ബ്രഹ്മാവിനോടുപറഞ്ഞപ്പോൾ, ബ്രഹ്മനിയോഗത്താൽ സരസ്വതിദേവി കുംഭകൎണ്ണന്റെ നാവിൽ ഇരുന്നു് സ്വാപത്തെ പ്രാൎത്ഥിച്ചുവെന്നും ദേവന്മാർ തന്നെ വഞ്ചിച്ചു എന്നു് കുംഭകൎണ്ണൻ അറിഞ്ഞു എന്നും മററുമുള്ള കഥ കാൺക. (ഉത്തരകാണ്ഡം 10-ാം സൎഗ്ഗം)]

രാമേണ ഹി നിരസ്തസ്യ സംഗ്രാമേऽസ്മിൻ സുദാരുണേ
ഭവിഷ്യതി ന മേ ശോകഃ കുംഭകൎണ്ണേ വിബോധിതേ. 21

"കുംഭകൎണ്ണേ	"കുംഭകൎണ്ണൻ	രാമേണ	രാമനാൽ
വിബോധിതേ,	ഉണൎത്തപ്പെട്ടാൽ,	നിരസ്തസ്യ	തോററോടിക്കപ്പെട്ട
അസ്മിൻ	ഈ	മേ,	എനിക്ക്,
സുദാരുണേ	ഘോരമായ	ശോകഃ ഭവിഷ്യതി ന ഹി.	പിന്നെ ദുഃഖിക്കേണ്ടി വരികയില്ല, തീൎച്ചതന്നെ.
സംഗ്രാമേ,	യുദ്ധത്തിൽ,		

കിം കരിഷ്യാമ്യഹം തേന ശക്രതുല്യബലേന ഹി
ഈദൃശേ വ്യസനേ പ്രാപ്തേ യോ ന സാഹ്യായ കല്പതേ. 22

"യഃ	"അപ്രകാരമുള്ള ഇവൻ	തേന	ആ ശ്രീരാമനാൽ
സാഹ്യായ	എനിക്ക് സഹായിക്കേണ്ടുന്നകൃത്യത്തിൽ	ഈദൃശേ	ഇപ്രകാരമുള്ള
		വ്യസനേ	കഷ്ടാവസ്ഥ
കല്പതേ ന;	ഏൎപ്പെടാതെയാണിരിക്കുന്നത്;	പ്രാപ്തേ,	നേരിട്ടിരിക്കെ,
ഹി,	ആകയാൽ,	അഹം	ഞാൻ ഒററയ്ക്ക്
ശക്രതുല്യബലേന	ഇന്ദ്രതുല്യവിക്രമശാലിയായ	കിം കരിഷ്യാമി?"	എന്തുചെയ്യും?"

["ഇന്ദ്രതുല്യപരാക്രമനായ ആ കുംഭകൎണ്ണന്റെ സഹായം എനിക്ക് ഈ ആപത്തിൽ ഉണ്ടാകുന്നില്ലെന്നാൽ ഞാനൊററയ്ക്ക് എന്താണ് ചെയ്യുക? എന്നും പറയാം. അതുകൊണ്ട് അവനെ ഉണൎത്തുവാൻ മടിക്കേണ്ട, എന്ന് സാരം.]

തേ തു തദ്വചനം ശ്രുത്വാ രാക്ഷസേന്ദ്രസ്യ രാക്ഷസാഃ
ജഗ്മുഃ പരമസംഭ്രാന്താഃ കുംഭകൎണ്ണനിവേശനം. 23

തേ	ആ	പരമസംഭ്രാന്താഃ	ഏറെ സംഭ്രമത്തോടുകൂടിയവരായി
രാക്ഷസാഃ,	രാക്ഷസന്മാർ,		
രാക്ഷസേന്ദ്രസ്യ	രാക്ഷസാധിപന്റെ	കുംഭകൎണ്ണനിവേശനം	കുംഭകൎണ്ണന്റെ അരമനയിലേക്ക്
തത് വചനം	ആ വാക്യത്തെ		
ശ്രുത്വാ തു,	കേട്ട ഉടനെ,	ജഗ്മുഃ.	ചെന്നു.

തേ രാവണസമാദിഷ്ടാ മാംസശോണിതഭോജനാഃ
ഗന്ധമാല്യാംസ്തഥാ ഭക്ഷ്യാനാദായ സഹസാ യയുഃ 24
മൃഗാൻ മദ്യസ്യ ച ഘടാന ഘോരാൻ ക്ഷതജമേവ ച
ആസാദ്യ ച ഗൃഹം തസ്യ പ്രവിശ്യ ച നൃപാജ്ഞയാ 25
താം പ്രവിശ്യ മഹാദ്വാരാം സൎവ്വതോ യോജനായതാം
കുംഭകൎണ്ണഗുഹാം രമ്യാം സൎവ്വഗന്ധപ്രവാഹിനീം 26
കുംഭകൎണ്ണസ്യ നിശ്വാസാദവധൂതാ മഹാബലാഃ
പ്രതിഷ്ഠമാനാഃ കൃച്ഛ്രേണ യത്നാത് പ്രവിവിശുൎഗ്ഗുഹാം. 27

രാവണ-സമാദിഷ്ടാഃ	രാവണനാൽ ആജ്ഞാപിക്കപ്പെട്ടവരും
മാംസ-ശോണിത-ഭോജനാഃ	മാംസവും ചോരയും ഭക്ഷിക്കുന്നവരും
മഹാബലാഃ	മഹാബലശാലികളു [മായ
തേ,	അവർ,
നൃപാജ്ഞയാ	രാജാജ്ഞകൈക്കൊണ്ടു്
ഗന്ധമാല്യാൻ തഥാ	വാസനദ്രവ്യങ്ങളേയും പുഷ്പങ്ങളേയും
ഭക്ഷ്യാൻ	ഭക്ഷണപദാർത്ഥങ്ങളേയും
ഘോരാൻ മൃഗാൻ ച	ഉഗ്രമൃഗങ്ങളേയും
മദ്യസ്യ ഘടാൻ ച	മദ്യക്കുടങ്ങളേയും
ക്ഷതജം ഏവ	രക്തത്തേയും
ആദായ,	എടുത്തുകൊണ്ടു്,
സഹസാ യയുഃ;	ബദ്ധപ്പെട്ടുചെന്നു;
തസ്യ	അവന്റെ
ഗൃഹം ച ആസാദ്യ	അരമനയിലെത്തി
പ്രവിശ്യ,	ഉള്ളിൽപുക്കു്
മഹാദ്വാരാം	വമ്പിച്ച വാതിലുകളാന്നതും
സർവ്വതഃ	എല്ലാദിക്കുകളിലേക്കും
യോജനായതാം	ഒരു യോജനനീണ്ടുള്ളതും
സർവ്വഗന്ധ-പ്രവാഹിനീം	സർവ്വസുഗന്ധങ്ങളും വാസനിക്കുന്നതും
രമ്യാം ച	ചാരുത്വമാന്നതുമായ
താം	ആ
കുംഭകർണ്ണഗുഹാം	കുംഭകർണ്ണൻ നിദ്രചെയ്യുന്ന നിലവറയിൽ
പ്രവിശ്യ,	പ്രവേശിച്ചു്
കുംഭകർണ്ണസ്യ	കുംഭകർണ്ണന്റെ
നിശ്വാസാത്	നിശ്വാസവായുവിനാൽ
അവധൂതാഃ,	ചാഞ്ചാടുന്നവരായി,
കൃച്ഛ്രേണ	പ്രയാസപ്പെട്ടു്
പ്രതിഷ്ഠമാനാഃ,	ഉറച്ചുനില്ക്കുന്നവരായി,
യത്നാത്	സൂക്ഷിച്ചുകൊണ്ടു
ഗുഹാം	അറയിൽ [തന്നെ
പ്രവിവിശുഃ	വത്തിച്ചു.

താം പ്രവിശ്യ ഗുഹാം രമ്യാം ശുഭാം കാഞ്ചനകുട്ടിമാം
ദദൃശുർന്നൈർഋതവ്യാഘ്രം ശയാനം ഭീമദർശനം. 28

കാഞ്ചനകുട്ടിമാം	സ്വർണ്ണ ഇഷ്ടക പതിച്ചു നിലത്തോടുകൂടിയതായി
ശുഭാം	പ്രകാശമാനമായി
രമ്യാം	അഴകാന്ന
താം	ആ
ഗുഹാം	അറയിൽ
പ്രവിശ്യ	പ്രവേശിച്ചു്
ഭീമദർശനം	ഭയങ്കരരൂപിയായി
ശയാനം	ശയിച്ചുകൊണ്ടിരുന്ന
നൈർഋത-വ്യാഘ്രം	ആ രാക്ഷസപ്പുലിയെ
ദദൃശുഃ.	അവർ കണ്ടു.

തേ തു തം വികൃതം സുപ്തം വികീർണ്ണമിവ പർവ്വതം
കുംഭകർണ്ണം മഹാനിദ്രം സഹിതാഃ പ്രത്യബോധയൻ. 29

തേ	അവർ,
വികീർണ്ണം	ഒററയായ് നില്ക്കുന്ന
പർവ്വതം ഇവ	പർവ്വതമെന്നപോലെ,
സുപ്തം,	ഉറങ്ങിക്കിടന്നവനും,
വികൃതം	വേട്ടതവപൂർവ്വമാകുംവർണ്ണം
മഹാനിദ്രം	മഹാനിദ്രയിലാണ്ടവ [നും ആയ
തം	ആ
കുംഭകർണ്ണം,	കുംഭകർണ്ണനെ,
സഹിതാഃ തു	എല്ലാവരുമൊന്നിച്ചു തന്നെ
പ്രത്യബോധയൻ	ഉണർത്തുവാൻമുതിന്നു.

ഊർദ്ധ്വരോമാഞ്ചിതതനും ശ്വസന്തമിവ പന്നഗം
ത്രാസയന്തം മഹാശ്വാസൈഃ ശയാനം ഭീമദർശനം. 30
ഭീമനാസാപുടം തം തു പാതാളവിപുലാനനം
ശയ്യായാം ന്യസ്തസർവ്വാംഗം മേദോരുധിരഗന്ധിനം 31
കാഞ്ചനാംഗദനദ്ധാംഗം കിരീടിനമരിന്ദമം
ദദൃശുർന്നൈർഋതവ്യാഘ്രം കുംഭകർണ്ണം മഹാബലം. 32

അരിന്ദമം	ശത്രുക്കളെ അമർത്തുന്നവനും
മഹാബലം	മഹാബലശാലിയും
നൈർഋതവ്യാഘ്രം	രാക്ഷസവീരനും ആയ
തം കുംഭകർണ്ണം,	ആ കുംഭകർണ്ണനെ,
ഊർദ്ധ്വരോമാഞ്ചിതതനും,	എടുത്തു പിടിച്ച രോമങ്ങളാന്ന ശരീരത്തോടുകൂടിയവനായും
പന്നഗം ഇവ	സർപ്പംപോലെ
ശ്വസന്തം,	ശ്വാസം വിടുന്നവനായും,
മഹാശ്വാസൈഃ	കൂർക്കം വലികൾ കൊണ്ട്
ത്രാസയന്തം,	വിറപ്പിക്കുന്നവനായും,
ഭീമദർശനം	ഭയങ്കര രൂപത്തോടെ
ശയാനം,	ശയിക്കുന്നവനായും,
ഭീമനാസാപുടം	ഭയങ്കരമായ നാസാദ്വാരങ്ങളോടു കൂടിയവനായും,
പാതാളവിപുലാനനം,	പാതാളംപോലെ തുറന്നു കിടക്കുന്ന വമ്പിച്ച വായോടു കൂടിയവനായും,
ശയ്യായാം	കിടക്കയിൽ
ന്യസ്തസർവ്വാംഗം,	കൈകാൽ മുതലായ സർവ്വാംഗങ്ങളും നീട്ടിയിട്ടിരിക്കുന്നവനായും,
മേദോരുധിരഗന്ധിനം	മാംസത്തിന്റെയും ചോരയുടേയും നാററത്തോടു കൂടിയവനായും
കാഞ്ചനാംഗദനദ്ധാംഗം	പൊൻ തോൾവളകളണിഞ്ഞിരിക്കുന്നവനായും
കിരീടിനം തു	കിരീടം ധരിച്ചവനായും
ദദൃശുഃ.	അവർ കണ്ടു.

തതശ്ചക്രുർമ്മഹാത്മാനഃ കുംഭകർണ്ണാഗ്രതസ്തദാ
മാംസാനാം മേരുസംകാശം രാശിം പരമതർപ്പണം. 33

തദാ	അപ്പോൾ
മഹാത്മാനഃ	അതിശക്തന്മാരായ
തതഃ	അവിടെ [അവർ
കുംഭകർണ്ണാഗ്രതഃ	കുംഭകർണ്ണന്റെ മുമ്പിലായി
മേരുസംകാശം	മേരുമലപോന്ന
മാംസാനാം രാശിം	മാംസക്കുന്നുകളെ
പരമതർപ്പണം	തൃപ്തിയേകുമാറു
ചക്രുഃ.	കൂട്ടിവെച്ചു.

മൃഗാണാം മഹിഷാണാം ച വരാഹാണാം ച സഞ്ചയാൻ
ചക്രുർന്നൈർഋതശാർദ്ദൂലാ രാശിമന്നസ്യ ചാദ്ഭുതം 34

നൈർഋതശാർദ്ദൂലാഃ	ആ രാക്ഷസവീരന്മാർ
മൃഗാണാം	മാനുകളുടേയും
മഹിഷാണാം ച	പോത്തുകളുടേയും
വരാഹാണാം ച	പന്നികളുടേയും
സഞ്ചയാൻ,	കൂട്ടങ്ങളേയും,
അന്നസ്യ	ചോററിൻ
രാശിം ച	കുന്നിനേയും
അദ്ഭുതം	അദ്ഭുതകരമാംവണ്ണം
ചക്രുഃ.	തയ്യാറാക്കി.

തതഃ ശോണിതകുംഭാംശ്ച മദ്യാനി വിവിധാനി ച
പുരസ്താത് കുംഭകർണ്ണസ്യ ചക്രുസ്ത്രിദശശത്രവഃ. 35

ത്രിദശശത്രവഃ,	ദേവശത്രുക്കളായ അവർ,	ശോണിതകുംഭാൻ ച	ചോരക്കുടങ്ങളേയും
തതഃ	ആ സമയം	വിവിധാനി	പല
കുംഭകർണ്ണസ്യ	കുംഭകർണ്ണന്റെ	മദ്യാനി ച	മദ്യങ്ങളേയും
പുരസ്താത്	മുമ്പിലായി	ചക്രുഃ.	കൊണ്ടുവന്നുവെച്ചു.

ലിലിപുശ്ച പരാർദ്ധ്യേന ചന്ദനേന പരന്തപം
ദിവ്യൈരാച്ഛാദയാമാസുർമാല്യൈർഗന്ധൈഃ സുഗന്ധിഭിഃ 36

പരന്തപം	ശത്രുമർദ്ദനനായ അവനെ	ഗന്ധൈഃ	വാസനദ്രവ്യങ്ങൾകൊണ്ടും
പരാർദ്ധ്യേന	വിശേഷപ്പെട്ട	സുഗന്ധിഭിഃ	നറുമണമാർന്ന
ചന്ദനേന	ചന്ദനംകൊണ്ട്	ദിവ്യൈഃ മാല്യൈഃ ച	ദിവ്യകുസുമങ്ങൾ കൊണ്ടും
ലിലിപുഃ;	ലേപനംചെയ്തു;	ആച്ഛാദയാമാസുഃ.	മൂടി.

ധൂപം സുഗന്ധം സസൃജുസ്തുഷ്ടുവുശ്ച പരന്തപം
ജലദാ ഇവ ചോന്നേദുര്യാതുധാനാസ്തതസ്തതഃ. 37

യാതുധാനാഃ	രാക്ഷസർ	പരന്തപം	ശത്രുധ്വംസകനായ അവനെ
തതഃ തതഃ	പലദിക്കിലും	തുഷ്ടുവുഃ ച;	സ്തോത്രംചെയ്തു;
സുഗന്ധം	പരിമളമാർന്ന	ജലദാഃ ഇവ	മേഘങ്ങളെന്നപോലെ
ധൂപം സസൃജുഃ;	ധൂപക്കൂട്ടുപുകച്ചു;	ഉന്നേദുഃ ച	മുഴക്കവുമുണ്ടാക്കി.

ശംഖാനാപൂരയാമാസുഃ ശശാങ്കസദൃശപ്രഭാൻ
തുമുലം യുഗപച്ചാപി വിനേദുശ്ചാപ്യമർഷിതാഃ. 38

ശശാങ്കസദൃശപ്രഭാൻ	ചന്ദ്രനെപ്പോലെ വെളുവെളുത്ത	അമർഷിതാഃ	ഊക്കവെച്ച്
ശംഖാൻ അപി	ശംഖുകളേയും	യുഗപത് ച	എല്ലാവരുമൊന്നിച്ച്
ആപൂരയാമാസുഃ;	മുഴക്കി;	തുമുലം ച	ഉറക്കെ
അപി	കൂടാതെ	വിനേദുഃ	ആർപ്പുവിളിച്ചു.

നേദുരാസ്ഫോടയാമാസുശ്ചിക്ഷിപുസ്തേ നിശാചരാഃ
കുംഭകർണ്ണവിബോധാർത്ഥം ചക്രുസ്തേ വിപുലം സ്വനം. 39

തേ നിശാചരാഃ	ആ രാത്രിഞ്ചരന്മാർ	തേ	അവർ
ആസ്ഫോടയാമാസുഃ;	കൈകൾ കൊട്ടി;	കുംഭകർണ്ണവിബോധാർത്ഥം	കുംഭകർണ്ണനെ ഉണർത്തുവാനായി
നേദുഃ;	കൂക്കിവിളിച്ച്;	വിപുലം	വമ്പിച്ച
ചിക്ഷിപുഃ;	അടിച്ചു;	സ്വനം ചക്രുഃ.	ആരവാരവുംകൂട്ടി.

സശംഖഭേരീപണവപ്രണാദ-
മാസ്ഫോടിതക്ഷ്വേളിതസിംഹനാദം
ദിശോ ദ്രവന്തസ്ത്രിദിവം കിരന്തഃ
ശ്രുത്വാ വിഹംഗാഃ സഹസാ നിപേതുഃ. 40

വിഹംഗാഃ,	പക്ഷികൾ,	ശ്രുത്വാ,	കേട്ട്,
സശംഖഭേരീ- പണവ- പ്രണാദം	ശംഖ്, പെരുമ്പറ, മദ്ദളം, എന്നവയുടെ വമ്പിച്ച ശബ്ദത്തോടു കൂടിയ	ദിശഃ	എല്ലാദിക്കുകളിലും
		ദ്രവന്തഃ	ചെല്ലുന്നവയായി
		ത്രിദിവം	ആകാശത്തിൽ
ആസ്ഫോടിത- ക്ഷ്വേളിത- സിംഹനാദം	കൈകൊട്ടലുകളേയും ചാട്ടങ്ങളേയും അട്ടഹാസങ്ങളേയും,	കിരന്തഃ	നിറഞ്ഞുകൊണ്ടു്
		സഹസാ	ഏകകാലത്തിൽ
		നിപേതുഃ.	പറന്നൊളിച്ചു.

യദാ ഭൃശാർത്തൈർന്നിനദൈർമഹാത്മാ
ന കുംഭകർണ്ണോ ബുബുധേ പ്രസുപ്തഃ
തതോ മുസുണ്ഢീർമുസലാനി സർവ്വേ
രക്ഷോഗണാസ്തേ ജഗൃഹുർഗ്ഗദാശ്ച. 41

തേ	ആ	നിനദൈഃ	ശബ്ദങ്ങളാൽ
രക്ഷോഗണാഃ	രാക്ഷസഗണങ്ങൾ	യദാ ബുബുധേ ന	ഉണരാതിരുന്നതിനാൽ
സർവ്വേ,	എല്ലാം	തതഃ	ആ സമയം
മഹാത്മാ	അതിക്രൂരനായ	മുസുണ്ഢീഃ	ആണിയുള്ളഗദകളേയും
കുംഭകർണ്ണഃ	ആ കുംഭകർണ്ണൻ	മുസലാനി	ഇരിമ്പുലയ്ക്കകളേയും
പ്രസുപ്തഃ	ഗാഢനിദ്രചെയ്യുന്നവനായി	ഗദാ ച	ഗദകളേയും
ഭൃശാർത്തൈഃ	കർണ്ണകഠോരങ്ങളായ	ജഗൃഹുഃ.	കയ്ക്കൊണ്ടു.

[" ഭുസുണ്ഢി സ്യാദ്ദാരുമയീ വൃത്തായഃ കീലസഞ്ചിതാ."]

തം ശൈലശൃംഗൈർമ്മുസലൈർഗ്ഗദാഭിർ-
വൃക്ഷൈസ്തലൈർമ്മുദ്ഗരമുഷ്ടിഭിശ്ച
സുഖപ്രസുപ്തം ഭുവി കുംഭകർണ്ണം
രക്ഷാംസ്യുദഗ്രാണി തദാ നിജഘ്നുഃ. 42

തദാ	അപ്പോൾ	മുസലൈഃ	ഉലയ്ക്കകൾ കൊണ്ടും
ഭുവി	ഈ ലോകത്തിൽ	ഗദാഭിഃ	ഗദകൾ കൊണ്ടും
സുഖപ്രസുപ്തം	നിർവ്വിചാരനായി ഉറ[ങ്ങിക്കിടന്നിരുന്ന	വൃക്ഷൈഃ	മരങ്ങൾ കൊണ്ടും
തം	ആ	തലൈഃ	കയ്ത്തലങ്ങൾ കൊണ്ടും
കുംഭകർണ്ണം	കുംഭകർണ്ണനെ	മുദ്ഗരമുഷ്ടിഭിഃ ച	മുൾത്തടികൾകൊണ്ടും മുഷ്ടികൾ കൊണ്ടും
ഉദഗ്രാണി	ഭയങ്കരന്മാരായ		
രക്ഷാംസി,	ആ രാക്ഷസന്മാർ,		
ശൈലശൃംഗൈഃ	ഗിരിശിഖരങ്ങൾ കൊണ്ടും	നിജഘ്നുഃ.	പ്രഹരിച്ചു.

തസ്യ നിശ്വാസവാതേന കുംഭകർണ്ണസ്യ രക്ഷസഃ
രാക്ഷസാ ബലവന്തോऽപി സ്ഥാതും നാശക്നുവൻ പുരഃ. 43

"രാക്ഷസാഃ	"രാക്ഷസന്മാർ	നിശ്വാസവാതേന	ശ്വാസവായുവിനാൽ
ബലവന്തഃ അപി	ബലവാന്മാരായിരുന്നിട്ടും,	പുരഃ സ്ഥാതും	നേരെ നില്പാൻ
തസ്യ രക്ഷസഃ	ആ രാക്ഷസനായ	അശക്നുവൻ.	കഴിയാത്തവരായി ഭവിച്ചു.
കുംഭകർണ്ണസ്യ	കുംഭകർണ്ണന്റെ		

തതഃ പരിഹിതാ ഗാഢം രാക്ഷസാ ഭീമവിക്രമാഃ. 44

തതഃ	അപ്പോൾ	രാക്ഷസാഃ	രാക്ഷസന്മാർ
ഭീമവിക്രമാഃ	മഹാപരാക്രമശാലികളായ	ഗാഢം	തിക്കിത്തിരക്കി
		പരിഹിതാഃ.	ചൂഴ്ന്നു നിന്നു.

മൃദംഗപണവാൻ ഭേരീഃ ശംഖകുംഭഗണാംസ്തഥാ
ദശരാക്ഷസസാഹസ്രാ യുഗപത് പര്യവാദയൻ. 45

ദശരാക്ഷസസാഹസ്രാഃ,	പതിനായിരം രാക്ഷസന്മാർ,	ശംഖകുംഭഗണാൻ	ശംഖുകളേയും ഘടവാദ്യങ്ങളേയും
മൃദംഗപണവാൻ	മൃദംഗങ്ങളേയും മദ്ദളങ്ങളേയും	തഥാ	ആ സമയം
ഭേരീഃ	പെരുമ്പറകളേയും	യുഗപത്	ഒരേ സമയത്തിൽ എല്ലാവരും കൂടി
		പര്യവാദയൻ.	മുഴക്കി.

നീലാഞ്ജനചയാകാരാസ്തേ തു തം പ്രത്യബോധയൻ
അഭിഘ്നന്തോ നദന്തശ്ച നൈവ സംവിവിദേ തു സഃ. 46

നീലാഞ്ജനചയാകാരാഃ	കറുത്ത അഞ്ജനമലയൊത്തവരായ	പ്രത്യബോധയൻ;	ഉണർത്തുവാൻ നോക്കി;
തേ,	അവർ,	സഃ തു	അവനാകട്ടെ
അഭിഘ്നന്തഃ തു	അടിക്കുന്നവരായും	സംവിവിദേ ന ഏവ.	ഒന്നും അറിഞ്ഞതുതന്നെയില്ല.
നദന്തഃ ച	ഗർജ്ജിക്കുന്നവരായും		
തം	അവനെ		

യദാ ചൈനം ന ശേകുസ്തേ പ്രതിബോധയിതും തദാ
തതോ ഗുരുതരം യത്നം ദാരുണം സമുപാക്രമൻ. 47

തേ,	അവർ,	തതഃ	അതിനാൽ
ഏനം	ഇവനെ	ഗുരുതരം	മുമ്പേതിലുമധികമായി
പ്രതിബോധയിതും	ഉണർത്തുവാൻ	ദാരുണം	കടുതായ
യദാ ശേകുഃ ന തദാ ച,	കഴിഞ്ഞില്ലെന്നു കണ്ടപ്പോൾ,	യത്നം	യത്നത്തെ
		സമുപാക്രമൻ.	ചെയ്വാൻ ഉദ്യമിച്ചു.

അശ്വാനുഷ്ട്രാൻ ഖരാൻ നാഗാൻ ജഘ്നുർദണ്ഡകശാങ്കുശൈഃ
ഭേരീശംഖമൃദംഗാംശ്ച സർവ്വപ്രാണൈരവാദയൻ. 48

അശ്വാൻ	കുതിരകളെയും	ജഘ്നുഃ;	അടിച്ചു് ഓടിച്ചു;
ഉഷ്ട്രാൻ	ഒട്ടകങ്ങളെയും	ഭേരീശംഖമൃദംഗാൻ ച	പെരുമ്പറ, ശംഖ്, മദ്ദളം എന്നവയെ
ഖരാൻ	കോവർകഴുതകളെയും	സർവ്വപ്രാണൈഃ	ഊക്കെല്ലാംവെച്ചു്
നാഗാൻ	ആനകളെയും	അവാദയൻ.	മുഴക്കി.
ദണ്ഡകശാങ്കുശൈഃ	വടികൾകൊണ്ടും ചാട്ടകൾകൊണ്ടും തോട്ടികൾകൊണ്ടും		

നിജഘ്നുശ്ചാസ്യ ഗാത്രാണി മഹാകാഷ്ഠകടംകരൈഃ
മുദ്ഗരൈർമ്മുസലൈശ്ചൈവ സർവ്വപ്രാണസമുദ്യതൈഃ. 49

അസ്യ	ഇവന്റെ	മഹാകാഷ്ഠകടംകരൈഃ ച	വമ്പിച്ച വിറകുമുട്ടികൾകൊണ്ടും തുണ്ടുകൾകൊണ്ടും
ഗാത്രാണി,	അവയവങ്ങളെ,	മുദ്ഗരൈഃ ച	മുൾത്തടികൾകൊണ്ടും
സർവ്വപ്രാണസമുദ്യതൈഃ	ഊക്കെല്ലാംവെച്ചു് ഓങ്ങപ്പെട്ട	മുസലൈഃ ഏവ	ഉലക്കകൾകൊണ്ടും
		നിജഘ്നുഃ.	അടിച്ചു.

[“കടംകരൈഃ,” ഒരുവക തുണ്ടുകളാണെന്നു് (തീർത്ഥീയം, ഗോ. ൨൦.) സമൂഹമെന്നു ‘തിലകം’.]

തേന ശബ്ദേന മഹതാ ലങ്കാ സമഭിപൂരിതാ
സപർവ്വതവനാ സർവ്വാ സോഽപി നൈവ പ്രബുധ്യതേ. 50

തേന	ആ	സർവ്വാ	മുഴുവനും
മഹതാ	വമ്പിച്ച	സമഭിപൂരിതാ;	മുഴങ്ങി;
ശബ്ദേന	ശബ്ദത്താൽ	അപി	എന്നിട്ടും
സപർവ്വതവനാ	പർവ്വതങ്ങളും വനങ്ങളും അടക്കം	സഃ ഏവ	അവൻ മാത്രം
ലങ്കാ	ലങ്ക	പ്രബുധ്യതേ ന.	ഉണരുന്നില്ല.

തതഃ സഹസ്രം ഭേരീണാം യുഗപത് സമഹന്യത
മൃഷ്ടകാഞ്ചനകോണാനാമാസക്താനാം സമന്തതഃ. 51

തതഃ	അതിൽപിന്നെ	ഭേരീണാം സഹസ്രം	ആയിരം പെരുമ്പറകൾ
സമന്തതഃ	ചുററും		
ആസക്താനാം	തൊട്ടുതൊട്ടുവെക്കപ്പെട്ടവയും	യുഗപത്	ഏകകാലത്തിൽ
മൃഷ്ടകാഞ്ചനകോണാനാം	നല്ല പൊൻകൊണ്ടുള്ള കോലുകളോടുകൂടിയവയും ആയ	സമഹന്യത.	അടിക്കപ്പെട്ടു.

ഏവമപ്യതിനിദ്രസ്തു യദാ നൈവ പ്രബുധ്യതേ
ശാപസ്യ വശമാപന്നസ്തതഃ ക്രുദ്ധാ നിശാചരാഃ. 52

ശാപസ്യ	ശാപത്തിന്റ്	യദാ പ്രബുധ്യതേ ന ഏവ	ഉണരാതിരുന്നപ്പോൾ,
വശം ആപന്നഃ	അധീനനായി	തു	അതിനാൽ
ഏവം	ഇങ്ങിനെ	തതഃ	ആ സമയം
അതിനിദ്രഃ അപി	അതിയായ നിദ്രയിലകപ്പെട്ടവനായി	നിശാചരാഃ	രാക്ഷസന്മാർ
		ക്രുദ്ധാഃ.	ചൊടിച്ചു.

മഹാക്രോധസമാവിഷ്ടാഃ സർവ്വേ ഭീമപരാക്രമാഃ
തദ്രക്ഷോ ബോധയിഷ്യന്തശ്ചക്രുരന്യേ പരാക്രമം. 53

ഭീമപരാക്രമാഃ	ഉഗ്രവിക്രമികളായ	തത്	ആ
അന്യേ,	മററു ചിലർ,	രക്ഷഃ	രാക്ഷസനെ
സർവ്വേ	എല്ലാവരും	ബോധയിഷ്യന്തഃ	ഉണർത്തുവാനായി
മഹാക്രോധസമാവിഷ്ടാഃ,	വൻകോപമുൾക്കൊണ്ടവരായി	പരാക്രമം ചക്രുഃ	ഓരോപരാക്രമത്തെ പ്രവൃത്തിച്ചു.

അന്യേ ഭേരീഃ സമാജഘ്നുരന്യേ ചക്രുർമഹാസ്വനം
കേശാനന്യേ പ്രലുലുപുഃ കർണ്ണാവന്യേ ദശന്തി ച. 54

അന്യേ	ചിലർ	അന്യേ	ചിലർ
ഭേരീഃ	ഭേരികൾ	കേശാൻ	തലരോമങ്ങളെ
സമാജഘ്നുഃ;	മുഴക്കി;	പ്രലുലുപുഃ;	പിടിച്ചുവലിച്ചു;
അന്യേ	ചിലർ	അന്യേ	ചിലർ
മഹാസ്വനം ചക്രുഃ;	അട്ടഹസിച്ചു.	കർണ്ണൌ	രണ്ടുചെവികളേയും
		ദശന്തി ച.	കടിക്കയായി.

ഉദകുംഭശതാനന്യേ സമസിഞ്ചന്ത കർണ്ണയോഃ. 55

അന്യേ	മററുചിലർ	കർണ്ണയോഃ	രണ്ടുചെവികളിലും
ഉദകുംഭശതാൻ	വെള്ളം നിറച്ചുള്ള എത്രയോ ചെപ്പുകുടങ്ങളെ	സമസിഞ്ചന്ത.	പകർന്നു.

അന്യേ ച ബലിനസ്തസ്യ കൂടമുദ്ഗരപാണയഃ
മൂർദ്ധ്നി വക്ഷസി ഗാത്രേഷു പാതയൻ കൂടമുദ്ഗരാൻ. 56

ബലിനഃ	ബലവാന്മാരും	മൂർദ്ധ്നി	തലയിലും
കൂടമുദ്ഗരപാണയഃ	കൂടങ്ങളേയും മുൾത്തടികളേയും കയ്യിലെടുത്തവരുമായ	വക്ഷസി	മാറത്തും
		ഗാത്രേഷു	അവയവങ്ങളിലും
		കൂടമുദ്ഗരാൻ	ആ കൂടങ്ങളേയും മുൾത്തടികളേയും
അന്യേ ച,	മററുചിലരാകട്ടെ,		
തസ്യ	അവന്റെ	പാതയൻ.	വീഴ്ത്തി.

രജ്ജുബന്ധനബദ്ധാഭിഃ ശതഘ്നീഭിശ്ച സർവ്വതഃ
വദ്ധ്യമാനോ മഹാകായോ ന പ്രാബുദ്ധ്യത രാക്ഷസഃ. 57

സർവ്വതഃ എങ്ങും
രജ്ജുബന്ധനബദ്ധാഭിഃ കയറുവരിഞ്ഞുകെട്ടപ്പെട്ടവയായ
ശതഘ്നീഭിഃ ച പീരങ്കികളാലും
വദ്ധ്യമാനഃ ഹിംസിക്കപ്പെടുന്നവനായ
മഹാകായഃ ആ കൂററനായ
രാക്ഷസഃ, രാക്ഷസൻ,
പ്രാബുദ്ധ്യത ന. ഉണർന്നതേയില്ല.

വാരണാനാം സഹസ്രം തു ശരീരേഽസ്യ പ്രധാവിതം
വിനേദുശ്ച സഹസ്രാണി രാക്ഷസാനാം ത്രയോദശ. 58

അസ്യ ഇവന്റെ
ശരീരേ ശരീരത്തിൽ
വാരണാനാം സഹസ്രം ആയിരം ആനകൾ
പ്രധാവിതം തു; ഓടിക്കപ്പെട്ടു;
രാക്ഷസാനാം ത്രയോദശസഹസ്രാണി പതിമൂവ്വായിരം രാക്ഷസന്മാരും
വിനേദുഃ ച. കൂക്കിവിളിച്ചു.

അഥ ഖിന്നേഷു രക്ഷഃസു യത്നേന മഹതാ ശനൈഃ
കുംഭകർണ്ണസ്തതോ ബുദ്ധഃ സ്പർശം പരമബുധ്യത. 59

ശനൈഃ ഓരോരോന്നോരോന്നായി
മഹതാ അതിയായ
യത്നേന പ്രയത്നത്താൽ
രക്ഷഃസു രാക്ഷസന്മാർ
ഖിന്നേഷു അഥ, ക്ഷീണിച്ചാറെ,
തതഃ ആ സമയം
കുംഭകർണ്ണഃ കുംഭകർണ്ണൻ
ബുദ്ധഃ ഉറക്കമുണർന്നവനായി,
പരം സ്പർശം അബുധ്യത. ആരോ തലോടുകയാണെന്നു മാത്രം വിചാരിച്ചു.

സ പാത്യമാനൈർഗിരിശൃംഗവൃക്ഷൈ-
രചിന്തയംസ്താൻ വിപുലാൻ പ്രഹാരാൻ
നിദ്രാക്ഷയാത് ക്ഷുദ്ഭയപീഡിതശ്ച
വിജൃംഭമാണഃ സഹസോത്പപാത. 60

സഃ അവൻ
പാത്യമാനൈഃ വീഴ്ത്തപ്പെടുന്നവയായ
ഗിരിശൃംഗവൃക്ഷൈഃ പർവ്വതശിഖരങ്ങൾകൊണ്ടും വൃക്ഷങ്ങൾകൊണ്ടും ഉള്ള
താൻ ആ
വിപുലാൻ ഊക്കേറിയ
പ്രഹാരാൻ അടികളെ
അചിന്തയൻ, ഗണിക്കാതെ
ക്ഷുദ്ഭയപീഡിതഃ, വിശപ്പുകൊണ്ടുള്ള വെറിസഹിക്കാത്തവനായി
നിദ്രാക്ഷയാത് നിദ്രാഭംഗത്താൽ
വിജൃംഭമാണഃ ച കോട്ടുവായിടുന്നവനായി
സഹസാ പിടഞ്ഞുംകൊണ്ട്
ഉത്പപാത. എഴുന്നേററിരുന്നു.

സ നാഗഭോഗാചലശൃംഗകല്പൗ
നിക്ഷിപ്യ ബാഹൂ ഗിരിശൃംഗസാരൗ
വിവൃത്യ വക്ത്രം ബഡബാമുഖാഭം
നിശാചരോഽസൗ വികൃതം ജജൃംഭേ. 61

സഃ	അപ്രകാരമുള്ള	ബാഹൂ	ഇരുകൈകളെ
അസൌ	ഈ	നിക്ഷിപ്യ,	ഊന്നിക്കൊണ്ട്
നിശാചരഃ,	രാക്ഷസൻ,	ബഡബാമുഖാഭം	ബഡവാഗ്നിയുടെവക്ത്രത്തെപ്പോലുള്ള
നാഗഭോഗാചലശൃംഗകല്പൌ	പാമ്പിന്റെ ഉടൽപോലേയും പൎവ്വതശിഖരങ്ങളെപോലേയും	വക്ത്രം	വായ
ഗിരിശൃംഗസാരൌ	ഗിരിശൃംഗംപോലെയുമുള്ള	വിവൃത്യ,	പൊളിച്ചുംകൊണ്ട്,
		വികൃതം	അവലക്ഷണമായി
		ജജൃംഭേ.	കോട്ടുവായിട്ടു.

തസ്യ ജാജൃംഭമാണസ്യ വക്ത്രം പാതാളസന്നിഭം
ദദൃശേ മേരുശൃംഗാഗ്രേ ദിവാകര ഇവോദിതഃ. 62

ജാജൃംഭമാണസ്യ	കൂടെക്കൂടെ കോട്ടുവായി	മേരുശൃംഗാഗ്രേ	മേരുശിഖരാഗ്രത്തിൽ
തസ്യ	അവന്റെ[ടുന്നവനായ	ഉദിതഃ	ഉദിച്ച
പാതാളസന്നിഭം	പാതാളസദൃശമായ	ദിവാകരഃ ഇവ	ആദിത്യനെന്നപോലെ,
വക്ത്രം,	വായാകട്ടെ,	ദദൃശേ.	കാണപ്പെട്ടു.

[ശരീരം മേരുപൎവ്വതത്തിന്നു തുല്യം വട്ടത്തിൽ പൊളിച്ച വായ ആദിത്യന്നു തുല്യവുമെന്ന് ഗ്രാഹ്യം.]

സ ജൃംഭമാണോഽതിബലഃ പ്രതിബുദ്ധോ നിശാചരഃ
നിശ്വാസശ്ചാസ്യ സംജജ്ഞേ പൎവ്വതാദിവ മാരുതഃ. 63

സഃ	ആ	അസ്യ	ഇവന്റെ
അതിബലഃ	അതിബലശാലിയായ	നിശ്വാസഃ ച,	ശ്വാസമാകട്ടെ,
നിശാചരഃ,	രാക്ഷസൻ,	പൎവ്വതാത്	പൎവ്വതത്തിൽനിന്നുള്ള
ജൃംഭമാണഃ	കോട്ടുവായിട്ടുംകൊണ്ട്	മാരുതഃ ഇവ,	കാറ്റെന്നപോലെ,
പ്രതിബുദ്ധഃ;	നന്നായുറക്കുണൎന്നു;	സംജജ്ഞേ.	ഉളവായി.

രൂപമുത്തിഷ്ഠതസ്തസ്യ കുംഭകൎണ്ണസ്യ തദ്ബഭൌ
തപാന്തേ സബലാകസ്യ മേഘസ്യേവ വിവൎഷതഃ. 64

ഉത്തിഷ്ഠതഃ	എഴുന്നേല്ക്കുന്നവനായ	വിവൎഷതഃ	മഴപൊഴിക്കുന്നതും
തസ്യ കുംഭകൎണ്ണസ്യ	ആ കുംഭകൎണ്ണന്റെ	സബലാകസ്യ	വെള്ളിൽപക്ഷികളോടു കൂടിയതുമായ
തത്	ആ	മേഘസ്യ ഇവ	മേഘത്തിന്റെ സ്വരൂപമെന്നപോലെ
രൂപം,	സ്വരൂപം,		
തപാന്തേ	വേനലിന്റെ ഒടുവിൽ	ബഭൌ.	വിലസി.

[“സബലാകസ്യ” എന്നു പറഞ്ഞതിൽനിന്ന് ആഭരണങ്ങളണിഞ്ഞവനെന്നു ഉപമാവൃത്തിക്കായി ഗ്രാഹ്യം; “മഴ പൊഴിക്കുന്ന” എന്നതു് മേഘത്തിന്റെ നീലിമയെ വിവക്ഷിക്കുന്നതാകുന്നു. (ഗോ. രാ.)]

തതഃ സ കാലസംകാശ ഉത്പതൻ സമുദൈക്ഷത. 65

തതഃ	ആ സമയം
കാല- സംകാശഃ സഃ	കാലസന്നിഭനായ അവൻ
ഉത്പതൻ	എഴുന്നേററ്
സമുദൈക്ഷത.	കൺ മിഴിച്ചുനോക്കി.

തസ്യ ദീപ്താഗ്നിസദൃശേ വിദ്യുത്സദൃശവർച്ചസീ
ദദൃശാതേ മഹാനേത്രേ ദീപ്താവിവ മഹാഗ്രഹൌ. 66

ദീപ്താഗ്നി- സദൃശേ	കത്തുന്നതീയൊത്തവയും
വിദ്യുത്സദൃശ- വർച്ചസീ	മിന്നലൊത്ത പ്രഭയാർന്നവയും ആയ
തസ്യ മഹാനേത്രേ,	അവന്റെ രണ്ടു വമ്പിച്ചകണ്ണുകളും,
ദീപ്തൌ മഹാഗ്രഹൌ ഇവ	രണ്ടു ക്രൂരഗ്രഹങ്ങളെന്നപോലെ
ദദൃശാതേ.	കാണപ്പെട്ടു.

തതസ്ത്വദർശയൻ സർവ്വാൻ ഭക്ഷ്യാംശ്ച വിവിധാൻ ബഹൂൻ
വരാഹാൻ മഹിഷാംശ്ചൈവ സ ബഭക്ഷ മഹാബലഃ. 67

തതഃ	അപ്പോൾ
വിവിധാൻ	പലമാതിരിയായുള്ള
ബഹൂൻ	കണക്കററ
ഭക്ഷ്യാൻ ച	ഭക്ഷണപദാർത്ഥങ്ങളേയും
വരാഹാൻ ച	പന്നികളേയും
മഹിഷാൻ	പോത്തുകളേയും
സർവ്വാൻ ഏവ	എല്ലാം തന്നെ
അദർശയൻ;	അവർ കാഴ്ചവെച്ചു;
മഹാബലഃ	മഹാബലശാലിയായ
സഃ തു	അവനും
ബഭക്ഷ.	(അവയെ) ഭക്ഷിച്ചു.

അദൻ ബുഭുക്ഷിതോ മാംസം ശോണിതം തൃഷിതഃ പിബൻ
മേദഃകുംഭാംശ്ച മദ്യം ച പപൌ ശക്രരിപുസ്തദാ. 68

ശക്രരിപുഃ,	ഇന്ദ്രശത്രുവായ അവൻ,
ബുഭുക്ഷിതഃ,	ആർത്തിയോടെ
മാംസം അദൻ,	മാംസത്തെ ഭുജിച്ച്,
തൃഷിതഃ	ദാഹം പൂണ്ടവനായി
ശോണിതം പിബൻ,	രക്തപാനം ചെയ്ത്,
തദാ	അതിൽ പിന്നെ
മേദഃകുംഭാൻ ച	കൊഴുപ്പുകൾ നിറച്ചു കുടങ്ങളേയും
മദ്യം ച	മദ്യത്തേയും
പപൌ.	കുടിച്ചു.

തതസ്തൃപ്ത ഇതി ജ്ഞാത്വാ സമുപേതുർന്നിശാചരാഃ
ശിരോഭിശ്ച പ്രണമ്യൈനം സർവ്വതഃ പര്യ്യവാരയൻ. 69

നിശാചരാഃ,	രാക്ഷസന്മാർ,
തതഃ	അതിനാൽ
തൃപ്തഃ ഇതി	വിശപ്പു മാറിയവനെന്ന്
ജ്ഞാത്വാ,	അറിഞ്ഞ്,
സമുപേതുഃ;	അടുത്തുവന്നു;
ഏനം	ഇവനെ
ശിരോഭിഃ പ്രണമ്യ ച,	തലകുമ്പിട്ടു വണങ്ങിയശേഷം,
സർവ്വതഃ	നാലു പുറത്തും
പര്യ്യവാരയൻ.	ചുഴന്നു നിന്നു.

നിദ്രാവിശദനേത്രസ്തു കലുഷീകൃതലോചനഃ
ചാരയൻ സൎവ്വതോ ദൃഷ്ടിം താൻ ദദൎശ നിശാചരാൻ. 70

നിദ്രാവിശദനേത്രഃ	ഉറക്കം കാരണം മുഴുവൻ തുറക്കാത്ത നേത്രങ്ങളാൎന്നവനും	സൎവ്വതഃ	നാലു ഭാഗത്തും
		ദൃഷ്ടിം ചാരയൻ,	നോക്കുന്നവനായി,
		താൻ	അ
കലുഷീകൃതലോചനഃ തു,	കലങ്ങിയ കണ്ണുകളോടുകൂടിയവനുമായ അവൻ,	നിശാചരാൻ	രാക്ഷസന്മാരെ
		ദദൎശ.	കണ്ടു.

സ സൎവ്വാൻ സാന്ത്വയാമാസ നൈൎഋതാൻ നൈൎഋതൎഷഭഃ
ബോധനാദ്വിസ്മിതശ്ചാപി രാക്ഷസാനിദമബ്രവീത്. 71

നൈൎഋതൎഷഭഃ	രാക്ഷസോത്തമനായ	ബോധനാത്	ഉണൎത്തിയതിനാൽ
സഃ,	അവൻ,	വിസ്മിതഃ	കാരണമറിയാത്തവനായി
നൈൎഋതാൻ	രാക്ഷസന്മാർ		
സൎവ്വാൻ	എല്ലാവരെയും നോക്കി	രാക്ഷസാൻ	രാക്ഷസരോടായി
സാന്ത്വയാമാസ;	കുശലപ്രശ്നം ചെയ്തു ;	ഇദം	ഇങ്ങിനെ
അപി ച	കൂടാതെ	അബ്രവീത്.	ചോദിച്ചു.

കിമൎത്ഥമഹമാദൃത്യ ഭവദ്ഭിഃ പ്രതിബോധിതഃ
കച്ചിത് സുകുശലം രാജ്ഞോ ഭയം വാ നേഹ വിദ്യതേ. 72

"അഹം	"ഞാൻ	ഇഹ	ഇപ്പോൾ
ഭവദ്ഭിഃ	നിങ്ങളാൽ	ഭയം വാ	യാതൊരു സങ്കടവും
ആദൃത്യ	ശ്രദ്ധയോടുകൂടി	വിദ്യതേ ന	നേരിട്ടില്ലെന്നും
കിമൎത്ഥം	എന്തുകാരണത്താലാ[ണ്]	സുകുശലം	സൎവ്വപ്രകാരത്തിലും ക്ഷേമമെന്നും
പ്രതിബോധിതഃ?	ഉണൎത്തപ്പെട്ടതു്?		
രാജ്ഞഃ	മഹാരാജാവിന്ന്	കച്ചിത്.	ഞാൻ വിചാരിക്കുന്നു.

അഥവാ ധ്രുവമന്യേഭ്യോ ഭയം പരമുപസ്ഥിതം
യദൎത്ഥമേവം ത്വരിതൈൎഭവദ്ഭിഃ പ്രതിബോധിതഃ. 73

"അഥവാ;	"അങ്ങിനെ വരുവാൻ തരമില്ല;	പ്രതിബോധിതഃ;	ഞാൻ ഉണൎത്തപ്പെട്ടിരിക്കുന്നതു്;
ത്വരിതൈഃ	ബദ്ധപ്പെട്ടുകൊണ്ട്	അന്യേഭ്യഃ	വിശേഷപ്പെട്ട വല്ലവ[രിൽനിന്നും]
ഭവദ്ഭിഃ	ഭവാന്മാരാൽ	പരം	അതിയായ
ഏവം	ഇപ്രകാരം	ഭയം	ആപത്തു്
യദൎത്ഥം	എന്തോ ഒരു കാൎയ്യമായിട്ടാണ്	ഉപസ്ഥിതം	നേരിട്ടുണ്ട്
		ധ്രുവം.	തീൎച്ചതന്നെ.

അദ്യ രാക്ഷസരാജസ്യ ഭയമുത്പാദയാമ്യഹം
പാതയിഷ്യേ മഹേന്ദ്രം വാ ശാതയിഷ്യേ തഥാऽനലം. 74

"അഹം	"ഞാൻ	മഹേന്ദ്രം വാ	ഇന്ദ്രനായാലും വേണ്ടതില്ല
അദ്യ	ഇപ്പോൾതന്നെ	പാതയിഷ്യേ;	ഞാൻ കൊന്നുവീഴ്ത്തുന്നുണ്ട്;
രാക്ഷസരാജസ്യ	രാക്ഷസാധിപന്നുള്ളതായ	അനലം തഥാ	അഗ്നിയായാലും അവനെ
ഭയം	സങ്കടത്തെ	ശാതയിഷ്യേ.	അറുത്തുകളയുന്നുണ്ട്.
ഉത്പാദയാമി;	വേരറുത്തുകളയുന്നുണ്ട്;		

ന ഹ്യല്പകാരണേ സുപ്തം ബോധയിഷ്യതി മാം ഗുരുഃ
തദാഖ്യാതാർത്ഥതത്ത്വേന മത്പ്രബോധനകാരണം. 75

"ഗുരുഃ	"ജ്യേഷ്ഠൻ	തത്	അതിനാൽ
സുപ്തം	ഉറങ്ങുന്നവനായ	മത്പ്രബോധനകാരണം	എന്നെ ഉണർത്തുന്നതിനുള്ള കാരണത്തെ
മാം	എന്നെ	അർത്ഥതത്ത്വേന	ഉള്ളവണ്ണംതന്നെയെല്ലാം
അല്പകാരണേ	സ്വല്പകാരണംമാത്രമാണെന്നാൽ	ആഖ്യാത."	പറയുവിൻ."
ബോധയിഷ്യതി ന ഹി;	ഉണർത്തിപ്പിക്കുകയില്ല;		

ഏവം ബ്രുവാണം സംരബ്ധം കുംഭകർണ്ണമരിന്ദമം
യൂപാക്ഷഃ സചിവോ രാജ്ഞഃ കൃതാഞ്ജലിരുവാച ഹ. 76

രാജ്ഞഃ	രാജാവിന്റെ	ഏവം	മേൽപ്രകാരം
സചിവഃ	മന്ത്രിയായ	ബ്രുവാണം	ചോദിക്കുന്നവനുമായ
യൂപാക്ഷഃ,	യൂപാക്ഷനെന്നവൻ,	കുംഭകർണ്ണം	കുംഭകർണ്ണനോടായി
അരിന്ദമം	ശത്രുധ്വംസകനും	കൃതാഞ്ജലിഃ	തൊഴുതുംകൊണ്ടു
സംരബ്ധം ച	പരിഭ്രമിച്ചു	ഉവാച.	അറിയിച്ചു.

ന നോ ദൈവകൃതം കിഞ്ചിദ്ഭയമസ്തി കദാചന
മാനുഷാന്നോ ഭയം രാജൻ തുമുലം സംപ്രബാധതേ. 77

"രാജൻ!	"രാജാവേ!	അസ്തി ന;	ഉണ്ടായിട്ടില്ല;
നഃ	നമുക്ക്	മാനുഷാത്	ഒരു മനുഷ്യനിൽനിന്നാണ്
ദൈവകൃതം	ദേവന്മാരിൽനിന്നുള്ള	തുമുലം	അതിയായ
ഭയം	ആപത്ത്	ഭയം	സങ്കടാവസ്ഥ
കിഞ്ചിത്	യാതൊന്നും	നഃ	നമുക്ക്
കദാചന	ഒരിക്കലും	സംപ്രബാധതേ.	നേരിട്ടിരിക്കുന്നത്.

ന ദൈത്യദാനവേഭ്യോ വാ ഭയമസ്തി ഹി താദൃശം
യാദൃശം മാനുഷം രാജൻ ഭയമസ്മാനുപസ്ഥിതം. 78

"രാജൻ!	"തിരുമേനി!	താദൃശം	അപ്രകാരമുള്ള
മാനുഷം	ഒരു മനുഷ്യങ്കൽനിന്നു	ഭയം ഹി	സങ്കടാവസ്ഥതന്നെ
ഭയം	ആപത്ത് [ള്ള	ദൈത്യദാനവേഭ്യഃ വാ	ദേവന്മാരിൽനിന്നാകട്ടെ ദാനവന്മാരിൽ നിന്നാകട്ടെ
യാദൃശം	എപ്രകാരം		
അസ്മാൻ	നമ്മെ		
ഉപസ്ഥിതം,	അടുത്തിരിക്കുന്നുവോ,	അസ്തി ന.	ഇല്ലതന്നെ.

വാനരൈഃ പൎവ്വതാകാരൈൎല്ലങ്കേയം പരിവാരിതാ
സീതാഹരണസംതപ്താദ്രാമാന്നസ്തുമുലം ഭയം. 79

"പൎവ്വതാകാരൈഃ	"ഗിരിതുല്യന്മാരായ	സീതാഹരണസംതപ്താത്	സീതയെ അപഹരിച്ചതിനാലുള്ള വ്യഥകാര[ണം
വാനരൈഃ	വാനരന്മാരാൽ	രാമാത്	രാമങ്കൽനിന്ന്
ഇയം	ഈ	നഃ	നമുക്ക്
ലങ്കാ	ലങ്ക	ഭയം തുമുലം.	സങ്കടം അസഹ്യമായ് നേരിട്ടിരിക്കുന്നു.
പരിവാരിതാ;	നിരോധിക്കപ്പെട്ടിരിക്കുന്നു;		

ഏകേന വാനരേണേയം പൂൎവ്വം ദഗ്ദ്ധാ മഹാപുരീ
കുമാരോ നിഹതശ്ചാക്ഷഃ സാനുയാത്രഃ സകുഞ്ജരഃ. 80

"പൂൎവ്വം	"ഇതിന്നു മുമ്പ്	സകുഞ്ജരഃ	ആനകളടക്കം
ഏകേന വാനരേണ	ഒരു കുരങ്ങനാൽ	നിഹതഃ;	ഹനിക്കപ്പെട്ടു;
		ച	എന്നുമാത്രമല്ല
കുമാരഃ അക്ഷഃ,	അക്ഷകുമാരൻ,	ഇയം മഹാപുരീ	ഈ വൻനഗരവും
സാനുയാത്രഃ	പരിവാരസഹിതം	ദഗ്ദ്ധാ.	ചുട്ടെരിക്കപ്പെട്ടു.

സ്വയം രക്ഷോധിപശ്ചാപി പൌലസ്ത്യോ ദേവകണ്ടകഃ
മൃതേऽതിസംയുഗേ മുക്തോ രാമേണാദിത്യതേജസാ. 81

"പൌലസ്ത്യഃ	"പുലസ്ത്യവംശജനും	മൃതേ,	ശക്തിക്ഷയിച്ച സമയം,
ദേവകണ്ടകഃ ച	ദേവശത്രുവുമായ	ആദിത്യതേജസാ	സൂൎയ്യതേജസ്സാൎന്നവ[നായ
രക്ഷോധിപഃ അപി	മഹാരാജാവും കൂടി	രാമേണ	രാമനാൽ
		സ്വയം	സ്വേച്ഛയായി
അതിസംയുഗേ	ഘോരസമരത്തിൽ	മുക്തഃ.	വിട്ടയക്കപ്പെട്ടു.

യന്ന ദേവൈഃ കൃതോ രാജാ നാപി ദൈത്യൈൎന്ന ദാനവൈഃ
കൃതഃ സ ഇഹ രാമേണ വിമുക്തഃ പ്രാണസംശയാത്. 82

"സഃ	"ആ	യത്,	ഇപ്രകാരമുള്ള യാതൊ[ന്ന്
രാജാ,	മഹാരാജാവ്,	ദേവൈഃ	ദേവന്മാരാലും
ഇഹ	ഇപ്പോൾ	കൃതഃ ന;	ചെയ്യപ്പെട്ടിട്ടില്ല;
പ്രാണസംശയാത്	പ്രാണഭയത്തേയും വിളയിച്ച്,	ദൈത്യൈഃ	ദൈത്യന്മാരാലും
		ന;	ഇല്ല;
രാമേണ	രാമനാൽ	ദാനവൈഃ അപി	ദാനവന്മാരാലും
വിമുക്തഃ കൃതഃ;	വിട്ടയക്കപ്പെട്ടു;	ന."	ഇല്ല."

സ യൂപാക്ഷവചഃ ശ്രുത്വാ ഭ്രാതുര്യുധി പരാജയം
കുംഭകർണ്ണോ വിവൃത്താക്ഷോ യൂപാക്ഷമിദമബ്രവീത്. 83

സഃ	ആ	ശ്രുത്വാ,	കേട്ട്,
കുംഭകർണ്ണഃ	കുംഭകർണ്ണൻ	വിവൃത്താക്ഷഃ	കണ്ണുകളുരുട്ടിമിഴിച്ചുകൊണ്ട്
യുധി	പോരിൽ		
ഭ്രാതുഃ	ജ്യേഷ്ഠന്റെ	യൂപാക്ഷം	യൂപാക്ഷനോടായി
പരാജയം	തോല്മയെപ്പററിയുള്ള	ഇദം	ഇങ്ങിനെ
യൂപാക്ഷവചഃ	യൂപാക്ഷന്റെ വാക്ക	അബ്രവീത്.	ഉരചെയ്തു.

സർവ്വമദ്യൈവ യൂപാക്ഷ ഹരിസൈന്യം സലക്ഷ്മണം
രാഘവം ച രണേ ഹത്വാ പശ്ചാദ്ദ്രക്ഷ്യാമി രാവണം. 84

"യൂപാക്ഷ!	"യൂപാക്ഷ!	രണേ	പോരിൽ
അദ്യ ഏവ	ഇപ്പോൾതന്നെ,	ഹത്വാ,	വധിച്ച്,
സലക്ഷ്മണം	ലക്ഷ്മണനോടുംകൂടി	പശ്ചാത്	അതിൽപിന്നെ
രാഘവം	രാമനേയും	രാവണം	ജ്യേഷ്ഠനെ
സർവ്വം	എല്ലാ	ദ്രക്ഷ്യാമി.	ഞാൻ മുഖംകാണിച്ചുകൊള്ളാം.
ഹരിസൈന്യം ച	വാനരസൈന്യത്തേയും		

രാക്ഷസാംസ്തർപ്പയിഷ്യാമി ഹരീണാം മാംസശോണിതൈഃ
രാമലക്ഷ്മണയോശ്ചാപി സ്വയം പാസ്യാമി ശോണിതം. 85

"ഹരീണാം	"വാനരന്മാരുടെ	രാമലക്ഷ്മണയോഃ	രാമലക്ഷ്മണന്മാരുടെ
മാംസശോണിതൈഃ	മാംസങ്ങൾകൊണ്ടും രക്തംകൊണ്ടും	ശോണിതം അപി	ചോരയെയും
രാക്ഷസാൻ	രാക്ഷസന്മാരെ	സ്വയം ച	ഞാൻതന്നെ
തർപ്പയിഷ്യാമി;	ഞാൻ മതിവരുത്തുന്നുണ്ട്;	പാസ്യാമി."	കുടിക്കുന്നുണ്ട്."

തത് തസ്യ വാക്യം ബ്രുവതോ നിശമ്യ
സഗർവ്വിതം രോഷവിവൃദ്ധദോഷം
മഹോദരോ നൈർഋതയോധമുഖ്യഃ
കൃതാഞ്ജലിർവ്വാക്യമിദം ബഭാഷേ. 86

നൈർഋതയോധമുഖ്യഃ	രാക്ഷസസേനാധിപതിയായ	തസ്യ	അവന്റെ
മഹോദരഃ,	മഹോദരൻ,	തത്	ആ
സഗർവ്വിതം	ഗർവ്വംകൊണ്ടും	വാക്യം	വാക്യത്തെ
രോഷവിവൃദ്ധദോഷം	കോപത്താലധികരിച്ചതായ ദുർബ്ബുദ്ധികൊണ്ടും	നിശമ്യ,	കേട്ട്,
ബ്രുവതഃ	പറയുന്നവനായ	കൃതാഞ്ജലിഃ	തൊഴുതുകൊണ്ട്
		ഇദം വാക്യം	ഇപ്രകാരം വാക്യത്തെ
		ബഭാഷേ.	ഉരചെയ്തു.

രാവണസ്യ വചഃ ശ്രുത്വാ ഗുണദോഷൌ വിമൃശ്യ ച
പശ്ചാദപി മഹാബാഹോ ശത്രൂൻ യുധി വിജേഷ്യസി. 87

"മഹാബാഹോ!	"മഹാബാഹുവായവനെ!	വിമൃശ്യ ച പശ്ചാത് അപി	ആലോചിച്ചറിഞ്ഞതിൽപിന്നെ
രാവണസ്യ	രാവണന്റെ		
വചഃ	വാക്ക	യുധി	പോരിൽ
ശ്രുത്വാ,	കേട്ട്,	ശത്രൂൻ	ശത്രുക്കളെ
ഗുണദോഷൌ	ഗുണദോഷങ്ങളെ	വിജേഷ്യസി.	ജയിച്ചാലും.

ത്വദ്ദൎശനപരം താവദ്ഭ്രാതരം ദ്രഷ്ടുമൎഹസി. 88

"ത്വദ്ദൎശനപരം	"അവിടത്തെ കാണ്മാൻ കൊതിച്ചുകൊണ്ടിരിക്കുന്ന	താവത്	ആദ്യം
		ദ്രഷ്ടും	മുഖം കാണിപ്പാൻ
ഭ്രാതരം	ജ്യേഷ്ഠനെ	അൎഹസി."	തിരുവുള്ളമുണ്ടാകേണം."

മഹോദരവചഃ ശ്രുത്വാ രാക്ഷസൈഃ പരിവാരിതഃ
കുംഭകൎണ്ണോ മഹാതേജാഃ സമ്പ്രതസ്ഥേ മഹാബലഃ. 89

മഹാബലഃ	മഹാബലശാലിയും	ശ്രുത്വാ,	കേട്ട്,
മഹാതേജാഃ	അതിയായ പൌരുഷമാൎന്നവനുമായ	രാക്ഷസൈഃ	രാക്ഷസന്മാരാൽ
കുംഭകൎണ്ണഃ,	കുംഭകൎണ്ണൻ,	പരിവാരിതഃ	ചൂഴപ്പെട്ടവനായി
മഹോദരവചഃ	മഹോദരന്റെ വാക്ക	സമ്പ്രതസ്ഥേ.	പുറപ്പെട്ടു.

തം സമുത്ഥാപ്യ ഭീമാക്ഷം ഭീമരൂപപരാക്രമം
രാക്ഷസാസ്ത്വരിതാ ജഗ്മുൎദശഗ്രീവനിവേശനം. 90

രാക്ഷസാഃ,	രാക്ഷസന്മാർ,	സമുത്ഥാപ്യ,	ഉണൎത്തിയ ശേഷം,
ഭീമാക്ഷം	ഭയങ്കരനേത്രനും	ത്വരിതാഃ	ബദ്ധപ്പെട്ടുകൊണ്ട്
ഭീമരൂപപരാക്രമം	ഘോരമായ സ്വരൂപവും പരാക്രമവുമാൎന്നവനുമായ	ദശഗ്രീവനിവേശനം	രാവണന്റെ അരമനയിലേക്കായി
തം	അവനെ	ജഗ്മുഃ.	ചെന്നു.

തതോ ഗത്വാ ദശഗ്രീവമാസീനം പരമാസനേ
ഊചുർബദ്ധാഞ്ജലിപുടാഃ സൎവ്വ ഏവ നിശാചരാഃ. 91

നിശാചരാഃ	രാക്ഷസന്മാർ	ആസീനം	എഴുന്നെള്ളിയിരുന്ന
സൎവ്വ ഏവ	എല്ലാവരും	ദശഗ്രീവം	ദശകണ്ഠനോടായി,
ഗത്വാ,	ചെന്ന്,	ബദ്ധാഞ്ജലിപുടാഃ	കൈകൾ കൂപ്പിക്കൊണ്ട്,
തതഃ	ആ സമയം		
പരമാസനേ	സിംഹാസനത്തിൽ	ഊചുഃ.	ഇപ്രകാരം ഉണൎത്തിച്ചു.

പ്രബുദ്ധഃ കുംഭകർണ്ണോഽയം ഭ്രാതാ തേ രാക്ഷസർഷഭ
കഥം തത്രൈവ നിര്യാതു ദ്രക്ഷ്യസ്യേനമിഹാഗതം. 92

"രാക്ഷസർഷഭ!	"രാക്ഷസോത്തമ!	തത്ര ഏവ	ഇപ്പോഴത്തന്നെ
തേ	നിന്തിരുവടിയുടെ	നിര്യാതു?	(യുദ്ധത്തിന്നു) പോകയോ?
ഭ്രാതാ	എളമത്തമ്പുരാനായ	ഏനം	അല്ല ഇദ്ദേഹത്തെ
അയം കുംഭകർണ്ണഃ	ഈ കുംഭകർണ്ണൻ	ഇഹ	ഇവിടെ
പ്രബുദ്ധഃ;	പള്ളിയുറക്കുണൎന്നു കഴിഞ്ഞു;	ആഗതം	എഴുന്നെള്ളിയവനായി
കഥം?	കല്പനയെന്താണാവോ?	ദ്രക്ഷ്യസി?	തൃക്കൺപാൎക്കുകയോ?

രാവണസ്ത്വബ്രവീദ്ധൃഷ്ടോ രാക്ഷസാംസ്താനുപസ്ഥിതാൻ
ദ്രഷ്ടുമേനമിഹേച്ഛാമി യഥാന്യായം ച പൂജ്യതാം. 93

രാവണഃ തു	രാവണനും	അബ്രവീത്;	ഉരചെയ്തു;
ഹൃഷ്ടഃ	സന്തോഷം പൂണ്ടവനായി	"ഏനം	"ഇവനെ
ഉപസ്ഥിതാൻ	മുമ്പിൽവന്നുനിന്നിരുന്ന	ഇഹ ച	ഇവിടെത്തന്നെ
താൻ	ആ	ദ്രഷ്ടും	കാണ്മാൻ
രാക്ഷസാൻ	രാക്ഷസന്മാരോടായി	ഇച്ഛാമി;	ഞാൻ അഗ്രഹിക്കുന്നു;
		യഥാന്യായം	വേണ്ടുംവണ്ണം
		പൂജ്യതാം."	ഉപചരിക്കപ്പെടട്ടെ."

തഥേത്യുക്ത്വാ തു തേ സർവ്വേ പുനരാഗമ്യ രാക്ഷസാഃ
കുംഭകർണ്ണമിദം വാക്യമൂചൂ രാവണചോദിതാഃ. 94

രാവണചോദിതാഃ	രാവണനാൽ ആജ്ഞാപിക്കപ്പെട്ടവരായി	ഉക്ത്വാ തു,	ഉണൎത്തിച്ചശേഷം
തേ	ആ	പുനഃ ആഗമ്യ	തിരിച്ചുവന്നു
രാക്ഷസാഃ സർവ്വേ	രാക്ഷസരെല്ലാവരും	കുംഭകർണ്ണം	കുംഭകർണ്ണനോടായി
"തഥാ"	"കല്പനപോലെ"	വാക്യം	ഒരു വാക്കു
ഇതി	എന്നു	ഇദം	ഇപ്രകാരം
		ഊചുഃ.	അറിയിച്ചു.

ദ്രഷ്ടും ത്വാം കാംക്ഷതേ രാജാ സർവ്വരാക്ഷസപുംഗവഃ
ഗമനേ ക്രിയതാം ബുദ്ധിർഭ്രാതരം സംപ്രഹർഷയ. 95

"സർവ്വരാക്ഷസപുംഗവഃ	"സർവ്വരാക്ഷസനേതാവായ	കാംക്ഷതേ;	തിരുവുള്ളംകൊണ്ടിരിക്കുന്നു;
രാജാ	മഹാരാജാവു	ഗമനേ	എഴുന്നെള്ളുവാൻ
ത്വാം	അവിടുത്തെ,	ബുദ്ധിഃ ക്രിയതാം	തീൎച്ചയാക്കപ്പെടട്ടെ;
ദ്രഷ്ടും	തൃക്കൺപാൎക്കുന്നതിന്നായി	ഭ്രാതരം	ജ്യേഷ്ഠനെ
		സംപ്രഹർഷയ."	വ്യഥയററവനാക്കിയാലും."

കുംഭകർണ്ണസ്തു ദുർദ്ധർഷോ ഭ്രാതുരാജ്ഞായ ശാസനം
തഥേത്യുക്ത്വാ മഹാബാഹുഃ ശയനാദുത്പപാത ഹ. 96

ദുർദ്ധർഷഃ	ആരാലും എതിർപ്പാൻ	ആജ്ഞായ,	കയ്ക്കൊണ്ട്,
മഹാബാഹുഃ	വീരനായ [കഴിയാത്ത	"തഥാ"	"ആവട്ടെ"
കുംഭകർണ്ണഃ തു,	കുംഭകർണ്ണനും,	ഇതി ഉക്ത്വാ	എന്നുപറഞ്ഞ്
ഭ്രാതുഃ	ജ്യേഷ്ഠന്റെ	ശയനാത്	പള്ളിമെത്തയിൽനിന്ന
ശാസനം	ആജ്ഞ	ഉത്പപാത ഹ.	എഴുന്നേററു.

പ്രക്ഷാള്യ വദനം ഹൃഷ്ടഃ സ്നാതഃ പരമഭൂഷിതഃ
പിപാസുസ്ത്വരയാമാസ പാനം ബലസമീരണം 97

ഹൃഷ്ടഃ,	ഉത്സാഹമുൾക്കൊണ്ടവ	പിപാസുഃ	കുടിപ്പാൻ ആഗ്രഹിച്ച്
വദനം	മുഖം [നായ അവൻ,	ബലസമീരണം	ഊക്കു വർദ്ധിപ്പിക്കുന്നതായ
പ്രക്ഷാള്യ	കഴുകി		
സ്നാതഃ	സ്നാനംചെയ്തു	പാനം	പാനത്തിന്നായി
പരമഭൂഷിതഃ,	നന്നായലങ്കരിച്ചവനായി,	ത്വരയാമാസ.	ബദ്ധപ്പെടുത്തി.

തതസ്തേ ത്വരിതാസ്തസ്യ രാക്ഷസാ രാവണാജ്ഞയാ
മദ്യകുംഭാംശ്ച വിവിധാൻ ക്ഷിപ്രമേവോപഹാരയൻ. 98

തതഃ	അപ്പോൾ	വിവിധാൻ	പല
തേ രാക്ഷസാഃ	ആ രാക്ഷസന്മാർ	മദ്യകുംഭാൻ	മദ്യക്കുടങ്ങളെ
രാവണാജ്ഞയാ ച	രാവണാജ്ഞ എന്നതുകൊണ്ടും	ക്ഷിപ്രം ഏവ	ഉടനെതന്നെ
		തസ്യ	അവന്നായി
ത്വരിതാഃ	ബദ്ധപ്പെടുന്നവരായി	ഉപഹാരയൻ.	കൊണ്ടുവന്നുകൊടുത്തു.

പ്രഹർഷണാർത്ഥം മനസോ ദീപ്താസ്യോ ദീപ്തലോചനഃ. 99
പീത്വാ ഘടസഹസ്രേ ദ്വേ ഗമനായോപചക്രമേ
ഈഷത് സമുത്കടോ മത്തസ്തേജോബലസമന്വിതഃ. 100

ദീപ്താസ്യഃ	ജ്വലിക്കുന്ന മുഖമാന്നവനും	ദ്വേ ഘടസഹസ്രേ	കുടങ്ങൾ ഒരു രണ്ടായിരം
ദീപ്തലോചനഃ	തിളങ്ങുന്ന നേത്രങ്ങളോടുകൂടിയവനും	പീത്വാ,	കുടിച്ചുകഴിഞ്ഞശേഷം
		മത്തഃ	വെറിപിടിച്ചവനായി
തേജോബലസമന്വിതഃ	പൌരുഷവും ശക്തിയുമാന്നവനുമായ അവൻ	ഈഷത് സമുത്കടഃ	തെല്ലൊന്ന് ലഹരിയുൾക്കൊണ്ട്
മനസഃ	മനസ്സിന്ന്		
പ്രഹർഷണാർത്ഥം,	ഉത്സാഹമുണ്ടാക്കുവാനായി,	ഗമനായ	പോകുന്നതിന്നായി
		ഉപചക്രമേ.	ഒരുങ്ങി.

കുംഭകർണ്ണോ ബഭൗ ഹൃഷ്ടഃ കാലാന്തകയമോപമഃ. 101

ഹൃഷ്ടഃ	ഉത്സാഹഭരിതനായ
കുംഭകർണ്ണഃ,	കുംഭകർണ്ണൻ,
കാലാന്തകയമോപമഃ	പ്രളയകാലമൃത്യുവോടൊത്തവനായി
ബഭൗ.	വിളങ്ങി.

ഭ്രാതുഃ സ ഭവനം ഗച്ഛൻ രക്ഷോഗണസമന്വിതഃ
കുംഭകർണ്ണഃ പദന്യാസൈരകമ്പയത മേദിനീം. 102

സഃ കുംഭകർണ്ണഃ,	ആ കുംഭകർണ്ണൻ,
ഭ്രാതുഃ	ജ്യേഷ്ഠന്റെ
ഭവനം	അരമനയിലേക്ക്
രക്ഷോഗണസമന്വിതഃ	രാക്ഷസസംഘത്തോടുകൂടി
ഗച്ഛൻ,	ചെല്ലുന്നവനായി,
പദന്യാസൈഃ	കാൽചവിട്ടുകൾകൊണ്ടു
മേദിനീം	ഭൂമിയെ
അകമ്പയത.	കുലുക്കി.

സ രാജമാർഗ്ഗം വപുഷാ പ്രകാശയൻ
സഹസ്രരശ്മിർദ്ധരണീമിവാംശുഭിഃ
ജഗാമ തത്രാഞ്ജലിമാലയാ വൃതഃ
ശതക്രതുർഗ്ഗേഹമിവ സ്വയംഭുവഃ. 103

സഃ,	അവൻ,
സഹസ്രരശ്മിഃ	ആദിത്യൻ
അംശുഭിഃ	രശ്മികളാൽ
ധരണീം	ഭൂമിയെ
ഇവ,	എന്നപോലെ,
വപുഷാ	സ്വദേഹകാന്തിയാൽ
രാജമാർഗ്ഗം	രാജവീഥിയെ
പ്രകാശയൻ,	പ്രശോഭിപ്പിച്ചുകൊണ്ടു,
തത്ര	അവിടെ
അഞ്ജലിമാലയാ	നിരന്നുള്ള തൊഴുകൈകളാൽ
വൃതഃ,	കൊണ്ടാടപ്പെട്ടവനായി
ശതക്രതുഃ	ഇന്ദ്രൻ
സ്വയംഭുവഃ	ബ്രഹ്മാവിന്റെ
ഗേഹം ഇവ	വസതിയിലേക്കെന്നപോലെ
ജഗാമ.	ചെന്നു.

തം രാജമാർഗ്ഗസ്ഥമമിത്രഘാതിനം
വനൗകസസ്തേ സഹസാ ബഹിഃസ്ഥിതാഃ
ദൃഷ്ട്വാഽപ്രമേയം ഗിരിശൃംഗകല്പം
വിതത്രസുസ്തേ ഹരിയൂഥപാലാഃ. 104

ബഹിഃസ്ഥിതാഃ	പുറത്തുനിന്നിരുന്നവരും
തേ	വിഖ്യാതപൌരുഷന്മാരും
വനൗകസഃ,	വനത്തിൽ വസിക്കുന്ന
തേ	ആ [വരുമായ
ഹരിയൂഥപാലാഃ	വാനരസേനത്തലവന്മാർ
അമിത്രഘാതിനം	ശത്രുവിദ്ധ്വംസകനും
അപ്രമേയം	ഇത്രയെന്ന് കണക്കാക്കപ്പെട്ടുവാൻ കഴിയാത്തവനും
ഗിരിശൃംഗകല്പം	ഗിരിശിഖരാകാരനും
തം	അവനെ [മായ
സഹസാ	വേഗത്തിൽ
രാജമാർഗ്ഗസ്ഥം	രാജവീഥിയിൽകൂടി ചെ[ല്ലുന്നവനായി
ദൃഷ്ട്വാ	കണ്ടു
വിതത്രസുഃ.	നടുനടുങ്ങി.

[വനത്തിൽ വസിക്കുന്നവർ എന്നു പറഞ്ഞതിൽനിന്ന്, അനേകം ഭയങ്കര ജന്തുക്കളെ കണ്ടു പരിചയമുള്ളവർ എന്ന് വ്യംഗ്യം.]

കേചിച്ഛരണ്യം ശരണം സ്മ രാമം
വ്രജന്തി കേചിദ്വ്യഥിതാഃ പതന്തി
കേചിദ്ദിശഃ സ്മ വ്യഥിതാഃ പ്രയാന്തി
കേചിദ്ഭയാർത്താ ഭുവി ശേരതേ സ്മ. 105

കേചിത്	ചിലർ,	കേചിത്	ചിലർ
ശരണ്യം	ദീനരക്ഷകനായ	വ്യഥിതാഃ	അമ്പരന്ന്
രാമം	ശ്രീരാമനെ	ദിശഃ	നാലുദിക്കുകളിലേക്കും
ശരണം വ്രജന്തി സ്മ;	ശരണം പ്രാപിച്ചു;	പ്രയാന്തി സ്മ;	ഓട്ടം തുടങ്ങി;
		കേചിത്	ചിലർ
കേചിത്	ചിലർ	ഭയാർത്താഃ	ഭയപ്പെട്ടുഴറിയവരായി
വ്യഥിതാഃ	പരവശതപൂണ്ടവരായി	ഭുവി	നിലത്ത്
പതന്തി;	ചുവട്ടിൽ വീഴുകയായി;	ശേരതേ സ്മ	കിടന്നു.

തമദ്രിശൃംഗപ്രതിമം കിരീടിനം
സ്പൃശന്തമാദിത്യമിവാത്മതേജസാ
വനൌകസഃ പ്രേക്ഷ്യ വിവൃദ്ധമദ്ഭുതം
ഭയാർദ്ദിതാ ദുദ്രുവിരേ തതസ്തതഃ. 106

വനൌകസഃ	വാനരന്മാർ	വിവൃദ്ധം	അതിക്രൂരനും
കിരീടിനം,	കിരീടം ധരിച്ചവനായി	അദ്ഭുതം	അത്ഭുതാകാരനുമായ
അദ്രിശൃംഗപ്രതിമം	ഗിരിശിഖരമൊത്തവനും	തം	അവനെ
ആത്മതേജസാ	സ്വതേജസ്സിനാൽ	പ്രേക്ഷ്യ,	കണ്ട്,
ആദിത്യം	സൂര്യനെ	ഭയാർദ്ദിതാഃ	ഭയസംത്രസ്തന്മാരായി
സ്പൃശന്തം ഇവ	എത്തുന്നവനെപ്പോലിരിക്കുന്നവനും,	തതഃ തതഃ	അങ്ങുമിങ്ങും
		ദുദ്രുവിരേ.	ഓടിത്തുടങ്ങി.

ഇത്യാർഷേ ശ്രീമദ്രാമായണേ വാല്മീകീയേ ആദികാവ്യേ യുദ്ധകാണ്ഡേ
ഷഷ്ടിതമഃ സർഗ്ഗഃ = അറുപതാംസർഗ്ഗം സമാപ്തം.

ആദ്യംമുതൽ ശ്ലോകസംഖ്യ 17271; യുദ്ധകാണ്ഡം ആദ്യംമുതൽ ശ്ലോകസംഖ്യ 2596.

ഏകഷഷ്ടിതമഃ സർഗ്ഗഃ = അറുപത്തൊന്നാംസർഗ്ഗം.

[കുംഭകർണ്ണസ്വരൂപവർണ്ണനം = കുംഭകർണ്ണന്റെ സ്വരൂപവർണ്ണന.]

തതോ രാമോ മഹാതേജാ ധനുരാദായ വീര്യവാൻ
കിരീടിനം മഹാകായം കുംഭകർണ്ണം ദദർശ ഹ. 1

മഹാതേജാഃ	മഹാതേജസ്വിയും	ആദായ,	കയ്യിലെടുത്ത്,
വീര്യവാൻ	വീര്യശാലിയുമായ	മഹാകായം	ഭീമശരീരനും
രാമഃ,	ശ്രീരാമൻ,	കിരീടിനം	കിരീടമണിഞ്ഞവനു[മായ
തതഃ	അപ്പോൾ	കുംഭകർണ്ണം	കുംഭകർണ്ണനെ
ധനുഃ	കോദണ്ഡത്തെ	ദദർശ ഹ.	വീക്ഷിച്ചു.

തം ദൃഷ്ട്വാ രാക്ഷസശ്രേഷ്ഠം പൎവ്വതാകാരദൎശനം
ക്രമമാണമിവാകാശം പുരാ നാരായണം പ്രഭും 2
സതോയാംബുദസംകാശം കാഞ്ചനാംഗദഭൂഷണം 3
ദൃഷ്ട്വാ പുനഃ പ്രദുദ്രാവ വാനരാണാം മഹാചമൂഃ. 4

വാനരാണാം	വാനരന്മാരുടെ
മഹാചമൂഃ,	വമ്പിച്ചസൈന്യം,
പൎവ്വതാകാരദൎശനം	മലപോലെയുള്ള സ്വരൂപമാൎന്നവനും,
പുരാ	ആദികാലത്തിൽ
ആകാശം	ആകാശത്തെ
ക്രമമാണം	അളന്ന
പ്രഭും	സൎവ്വശക്തനായ
നാരായണം ഇവ,	ശ്രീനാരായണമൂൎത്തിയെപ്പോലെയിരിക്കുന്നവനും,
സതോയാംബുദസംകാശം	നീരുണ്ടമേഘംപോലെയുള്ളവനും,
കാഞ്ചനാംഗദഭൂഷണം	പൊൻതോൾവളകൾ പൂണ്ടവനും
രാക്ഷസശ്രേഷ്ഠം	രാക്ഷസോത്തമനുമായ
തം	അവനെ
ദൃഷ്ട്വാ	കണ്ട്
പുനഃ ദൃഷ്ട്വാ	തിരിഞ്ഞുതിരിഞ്ഞു നോക്കിക്കൊണ്ട്
പ്രദുദ്രാവ.	ഓട്ടംതുടങ്ങി.

വിദ്രുതാം വാഹിനീം ദൃഷ്ട്വാ വൎദ്ധമാനം ച രാക്ഷസം
സവിസ്മയമിദം രാമോ വിഭീഷണമുവാച ഹ. 5

രാമഃ	ശ്രീരാമൻ
വിദ്രുതാം	ഓടിപ്പോയ
വാഹിനീം,	സേനയേയും,
വൎദ്ധമാനം	ഉയൎന്നുകാണുന്നവനായ
രാക്ഷസം ച	രാക്ഷസനേയും
ദൃഷ്ട്വാ,	കണ്ട്,
വിഭീഷണം	വിഭീഷണനെനോക്കി
സവിസ്മയം	ആശ്ചൎയ്യത്തോടെ
ഇദം	ഇപ്രകാരം
ഉവാച ഹ.	ചോദ്യംചെയ്തു.

കോƒസൌ പൎവ്വതസങ്കാശഃ കിരീടീ ഹരിലോചനഃ
ലങ്കായാം ദൃശ്യതേ വീര സവിദ്യുദിവ തോയദഃ. 6

"വീര!	"വീര!
ലങ്കായാം	ലങ്കയിൽ
പൎവ്വതസംകാശഃ	മലയൊത്തവനും
കിരീടീ	കിരീടമണിഞ്ഞവനും
ഹരിലോചനഃ	ചെമ്പിച്ചനേത്രങ്ങളാൎന്നവനുമായ
സവിദ്യുത്	മിന്നലോടുകൂടിയ
തോയദഃ ഇവ	മേഘത്തെപ്പോലെയുള്ള ഒരുവൻ
ദൃശ്യതേ;	കാണപ്പെടുന്നു;
അസൌ	ഇവൻ
കഃ?	ആരാണ്?

പൃഥിവ്യാഃ കേതുഭൂതോƒസൌ മഹാനേകോƒത്ര ദൃശ്യതേ
യം ദൃഷ്ട്വാ വാനരാഃ സൎവ്വേ വിദ്രവന്തി തതസ്തതഃ. 7

"അസൌ	"ഇവൻ
പൃഥിവ്യാഃ	ഭൂമിക്ക്
ഏകഃ	അത്ഭുതപൂൎവ്വനായ ഒരു ഉത്തമനായി
മഹാൻ	പൃഥുകായനായി,
കേതുഭൂതഃ	തലവനായി
അത്ര	ഇവിടെ
ദൃശ്യതേ;	കാണപ്പെടുന്നു;
യം	യാതൊരു ഇവനെ
ദൃഷ്ട്വാ,	കണ്ട്,
വാനരാഃ	വാനരന്മാർ
സൎവ്വേ	എല്ലാവരും
തതഃ തതഃ	അങ്ങുമിങ്ങും
വിദ്രവന്തി.	ഓടുകയാണ്.

ആചക്ഷ്വ മേ മഹാൻ കോഽസൌ രക്ഷോ വാ യദി വാഽസുരഃ
ന മയൈവംവിധം ഭൂതം ദൃഷ്ടപൂർവ്വം കദാചന. 8

"മേ	"എന്നോട്	ഏവംവിധം	ഇമ്മാതിരി
ആചക്ഷ്വ ;	പറഞ്ഞാൽകൊള്ളാം ;	ഭൂതം	ഒരു പ്രാണി
മഹാൻ	പെരുത്ത ഉടലാന്ന	കദാചന	ഒരിക്കലും
അസൌ കഃ ?	ഇവൻ ആരാണ് ?	മയാ	എന്നാൽ
രക്ഷഃ വാ	രാക്ഷസനോ	ദൃഷ്ടപൂർവ്വം ന."	ഇതിന്നുമുമ്പ് കാണപ്പെട്ടിട്ടില്ല."
യദി വാ അസുരഃ	അല്ല, അസുരനോ ?		

സ പൃഷ്ടോ രാജപുത്രേണ രാമേണാക്ലിഷ്ടകർമ്മണാ
വിഭീഷണോ മഹാപ്രാജ്ഞഃ കാകുത്സ്ഥമിദമബ്രവീത്. 9

അക്ലിഷ്ടകർമ്മണാ	ലഘുവായി എന്തുംചെയ്യാൻ കഴിവുള്ള	മഹാപ്രാജ്ഞഃ	അതിബുദ്ധിമാനായ
രാജപുത്രേണ	നൃപകുമാരനായ	സഃ വിഭീഷണഃ,	ആ വിഭീഷണൻ,
രാമേണ	ശ്രീരാമനാൽ	കാകുത്സ്ഥം	ശ്രീരാമനോടായി
പൃഷ്ടഃ	ചോദിക്കപ്പെട്ടവനായ	ഇദം	ഇപ്രകാരം
		അബ്രവീത്.	ഉണർത്തിച്ചു.

യേന വൈവസ്വതോ യുദ്ധേ വാസവശ്ച പരാജിതഃ
സൈഷ വിശ്രവസഃ പുത്രഃ കുംഭകർണ്ണഃ പ്രതാപവാൻ. 10

"യേന	"യാതൊരുവനാൽ	സഃ	അപ്രകാരമുള്ള
വൈവസ്വതഃ	യമൻ	ഏഷഃ,	ഇവൻ,
യുദ്ധേ	പോരിൽ	വിശ്രവസഃ	വിശ്രവസ്സെന്ന അദ്ദേഹത്തിന്റെ
പരാജിതഃ,	തോല്പിക്കപ്പെട്ടുവോ,	പുത്രഃ	പുത്രനും
വാസവഃ	ഇന്ദ്രനും	പ്രതാപവാൻ	പ്രതാപശാലിയുമായ
ച,	അപ്രകാരംതന്നെ ചെയ്യപ്പെട്ടുവോ,	കുംഭകർണ്ണഃ.	കുംഭകർണ്ണനാകുന്നു.

അസ്യ പ്രമാണാത് സദൃശോ രാക്ഷസോഽന്യോ ന വിദ്യതേ. 11

"അസ്യ	"ഇവന്റെ	അന്യഃ	മറെറാരു
പ്രമാണാത് സദൃശഃ	ആകൃതിക്കു തുല്യനായ	രാക്ഷസഃ	രാക്ഷസൻ
		ന വിദ്യതേ.	ഇല്ല.

ഏതേന ദേവാ യുധി ദാനവാശ്ച യക്ഷാ ഭുജംഗാഃ പിശിതാശനാശ്ച
ഗന്ധർവ്വവിദ്യാധരകിന്നരാശ്ച സഹസ്രശോ രാഘവ സംപ്രഭഗ്നാഃ.

"രാഘവ !	"ശ്രീരാഘവ !	ഭുജംഗാഃ	നാഗങ്ങളും
ഏതേന	ഇവനാൽ	പിശിതാശനാഃ ച	രാക്ഷസരും
യുധി	യുദ്ധത്തിൽ	ഗന്ധർവ്വവിദ്യാധരകിന്നരാഃ ച	ഗന്ധർവ്വന്മാരും വിദ്യാധരന്മാരും കിന്നരന്മാരും
സഹസ്രശഃ	ആയിരക്കണക്കായുള്ള	സംപ്രഭഗ്നാഃ.'	തോറേറാടിക്കപ്പെട്ടിട്ടുണ്ട്.
ദേവാഃ	ദേവന്മാരും		
ദാനവാഃ ച	ദാനവന്മാരും		
യക്ഷാഃ	യക്ഷന്മാരും		

ശൂലപാണിം വിരൂപാക്ഷം കുംഭകർണ്ണം മഹാബലം
ഹന്തും ന ശേകുസ്ത്രിദശാഃ കാലോയമിതി മോഹിതാഃ. 13

" ത്രിദശാഃ	" ദേവന്മാർ	'അയം കാലഃ,' ഇതി	'ഇവൻ സംഹാരരുദ്രൻതന്നെ,' എന്നു്
ശൂലപാണിം	ശൂലപാണിയും	മോഹിതാഃ,	ഭ്രമിച്ച്,
വിരൂപാക്ഷം	ക്രൂരദൃഷ്ടിയാർന്നവനും	ഹന്തും	വധിപ്പാൻ
മഹാബലം	അതിബലശാലിയുമായ	ന ശേകുഃ.	അശക്തരായി ഭവിച്ചു.
കുംഭകർണ്ണം	കുംഭകർണ്ണനെ		

പ്രകൃത്യാ ഹ്യേഷ തേജസ്വീ കുംഭകർണ്ണോ മഹാബലഃ
അന്യേഷാം രാക്ഷസേന്ദ്രാണാം വരദാനകൃതം ബലം. 14

" ഏഷഃ	" ഈ	അന്യേഷാം	മററുള്ള
കുംഭകർണ്ണഃ,	കുംഭകർണ്ണൻ,	രാക്ഷസേന്ദ്രാണാം ഹി	രാക്ഷസർക്കാണെന്നാൽ
പ്രകൃത്യാ	ജനനാൽതന്നെ	ബലം	ബലം
തേജസ്വീ,	പൌരുഷമാർന്നവനും	വരദാനകൃതം.	വരംകൊണ്ടുലഭിച്ചതാകുന്നു.
മഹാബലഃ;	അതിബലവാനും ആകുന്നു;		

ഏതേന ജാതമാത്രേണ ക്ഷുധാർത്തേന മഹാത്മനാ
ഭക്ഷിതാനി സഹസ്രാണി സത്വാനാം സുബഹൂന്യപി 15

" ജാതമാത്രേണ	" ജനിച്ചു ഉടനെ	സുബഹൂനി സത്വാനാം സഹസ്രാണി.	എത്രയോ ആയിരക്കണക്കായ പ്രാണികൾ
ക്ഷുധാർത്തേന	വിശന്നുവലഞ്ഞ	ഭക്ഷിതാനി.	വിഴുങ്ങപ്പെട്ടു.
ഏതേന മഹാത്മനാ അപി	ഈ പൃഥുശരീരനാൽ തന്നെ		

തേഷു സംഭക്ഷ്യമാണേഷു പ്രജാ ഭയനിപീഡിതാഃ
യാന്തി സ്മ ശരണം ശക്രം തമപ്യർത്ഥം ന്യവേദയൻ. 16

" തേഷു	" അവർ	ശക്രം ശരണം യാന്തി സ്മ;	ഇന്ദ്രനെ ശരണംപ്രാപിച്ചു;
സംഭക്ഷ്യമാണേഷു	വിഴുങ്ങപ്പെടുന്ന സമയം	തം	ആ
പ്രജാഃ	പ്രജകൾ	അർത്ഥം അപി	സംഗതിയെക്കുറിച്ചും
ഭയനിപീഡിതാഃ	പേടിച്ചുഴന്നവരായി	ന്യവേദയൻ.	അറിയിച്ചു.

സ കുംഭകർണ്ണം കുപിതോ മഹേന്ദ്രോ ജഘാന വജ്രേണ ശിതേന വജ്രീ
സ ശക്രവജ്രാഭിഹതോ മഹാത്മാ ചചാല കോപാച്ച ഭൃശം നനാദ. 17

" സഃ വജ്രീ	" ആ വജ്രപാണിയായ	ശക്രവജ്രാഭിഹതഃ	ഇന്ദ്രന്റെ വജ്രായുധമേററ
മഹേന്ദ്രഃ,	മഹേന്ദ്രൻ,	മഹാത്മാ	പെരുത്ത ഉടലാർന്ന
കുപിതഃ	ക്രുദ്ധിച്ച്	സഃ ച	അവനും
കുംഭകർണ്ണം	കുംഭകർണ്ണനെ	കോപാത്	കോപംകൊണ്ട്
ശിതേന	കൂർത്ത	ചചാല;	വിറച്ചു;
വജ്രേണ	വജ്രായുധത്താൽ	ഭൃശം നനാദ.	ഉറക്കെ അട്ടഹസിച്ചു.
ജഘാന;	വെട്ടി;		

തസ്യ നാനദ്യമാനസ്യ കുംഭകർണ്ണസ്യ ധീമതഃ
ശ്രുത്വാഽതിനാദം വിത്രസ്താ ഭൂയോ ഭൂമിർവിതത്രസേ. 18

"തസ്യ ധീമതഃ	"ആ ധൈര്യശാലിയായ	ഭൂമിഃ,	ലോകം,
കുംഭകർണ്ണസ്യ	കുംഭകർണ്ണൻ	അതിനാദം	ആ പെരുത്ത ഒച്ച
നാനദ്യമാനസ്യ	അട്ടഹസിക്കുമ്പോൾ	ശ്രുത്വാ	കേട്ട്
വിത്രസ്താ	പണ്ടേ ഭയപ്പെട്ടിരുന്നതായ	ഭൂയഃ	അധികം
		വിതത്രസേ.	നടുങ്ങി.

തത്ര കോപാന്മഹേന്ദ്രസ്യ കുംഭകർണ്ണോ മഹാബലഃ
വികൃഷ്യൈരാവതാദ്ദന്തം ജഘാനോരസി വാസവം. 19

"തത്ര	"അപ്പോൾ	ഐരാവതാത്	ഐരാവതത്തിന്റെ വായിൽ നിന്ന്
മഹാബലഃ	മഹാബലശാലിയായ		
കുംഭകർണ്ണഃ	കുംഭകർണ്ണൻ	ദന്തം വികൃഷ്യ	കൊമ്പു പറിച്ചെടുത്ത്
കോപാത്	കോപത്താൽ	വാസവം	ഇന്ദ്രനെ
മഹേന്ദ്രസ്യ	ഇന്ദ്രന്റെ	ഉരസി ജഘാന.	മാറത്ത് അടിച്ചു.

കുംഭകർണ്ണപ്രഹാരാർത്തോ വിജജ്വാല സ വാസവഃ
തതോ വിഷേദുഃ സഹസാ ദേവബ്രഹ്മർഷിദാനവാഃ. 20

"സഃ വാസവഃ,	"ആ ഇന്ദ്രൻ,	തതഃ	അപ്പോൾ
കുംഭകർണ്ണപ്രഹാരാർത്തഃ,	കുംഭകർണ്ണന്റെ പ്രഹാരത്താൽ പീഡിക്കപ്പെട്ടവനായി,	ദേവബ്രഹ്മർഷിദാനവാഃ,	ദേവന്മാരും, ബ്രഹ്മർഷികളും, ദാനവന്മാരും,
വിജജ്വാല;	അതിയായി തപിച്ചു	സഹസാ വിഷേദുഃ.	അതിവിഷണ്ണരായ്ത്തീർന്നു.

പ്രജാഭിഃ സഹ ശക്രശ്ച യയൌ സ്ഥാനം സ്വയംഭുവഃ
കുംഭകർണ്ണസ്യ ദൌരാത്മ്യം ശശംസുസ്തേ പ്രജാപതേഃ 21
പ്രജാനാം ഭക്ഷണം ചാപി ദേവാനാം ചാപി ധർഷണം
ആശ്രമധ്വംസനം ചാപി പരസ്ത്രീഹരണം തഥാ. 22

"ശക്രഃ ച	"ഇന്ദ്രനും	ആശ്രമധ്വംസനം അപി	ആശ്രമങ്ങളെ നശിപ്പിക്കുന്നതിനെക്കുറിച്ചും
പ്രജാഭിഃ സഹ	പ്രജകളോടും കൂടി		
സ്വയംഭുവഃ	ബ്രഹ്മാവിന്റെ		
സ്ഥാനം യയൌ;	തിരുമുമ്പിൽ ചെന്നു;	പരസ്ത്രീഹരണം തഥാ	പരസ്ത്രീകളെ അപഹരിച്ചുകൊണ്ടുപോകുന്നതിനെപ്പററിയും,
തേ	അവർ		
പ്രജാപതേഃ	ബ്രഹ്മാവിനോടായി		
കുംഭകർണ്ണസ്യ	കുംഭകർണ്ണൻ	അപി ച	മററുമുള്ള
പ്രജാനാം ഭക്ഷണം	പ്രജകളെ ഭക്ഷിക്കുന്നതിനെക്കുറിച്ചും,	ദൌരാത്മ്യം അപി	ദുഷ്കൃത്യത്തെക്കുറിച്ചും,
ദേവാനാം ധർഷണം ച	ദേവന്മാരെ ഹിംസിക്കുന്നതിനെക്കുറിച്ചും,	അപി ച	ഇപ്രകാരവും
		ശശംസുഃ	സങ്കടം ബോധിപ്പിച്ചു.

ഏവം പ്രജാ യദി ത്വേഷ ഭക്ഷയിഷ്യതി നിത്യശഃ
അചിരേണൈവ കാലേന ശൂന്യോ ലോകോ ഭവിഷ്യതി. 23

"'ഏഷഃ	"'ഇവൻ	അചിരേണ കാലേന ഏവ	ഏറെത്താമസിയാതെ തന്നെ
നിത്യശഃ	ദിവസംതോറും	ലോകഃ	ലോകം
ഏവം	ഇപ്രകാരം	ശൂന്യഃ തു	വെറുംപാഴായ്
പ്രജാഃ ഭക്ഷയിഷ്യതി യദി,	പ്രജകളെ വിഴുങ്ങുന്നുവെന്നാൽ	ഭവിഷ്യതി.'	തീരുന്നതാണ്.'

വാസവസ്യ വചഃ ശ്രുത്വാ സൎവ്വലോകപിതാമഹഃ
രക്ഷാംസ്യാവാഹയാമാസ കുംഭകൎണ്ണം ദദൎശ ഹ 24

"സൎവ്വലോകപിതാമഹഃ	"എല്ലാ ലോകത്തിന്നും പിതാമഹനായ ബ്രഹ്മദേവൻ	ശ്രുത്വാ,	ചെവിക്കൊണ്ടു്,
		രക്ഷാംസി	രാക്ഷസരെ
		ആവാഹയാമാസ;	വരുത്തി;
വാസവസ്യ	ഇന്ദ്രന്റെ	കുംഭകൎണ്ണം ഹ	കുംഭകൎണ്ണനെയും
വചഃ	സങ്കടമൊഴി	ദദൎശ.	നിരീക്ഷിച്ചു.

കുംഭകൎണ്ണം സമീക്ഷ്യൈവ വിതത്രാസ പ്രജാപതിഃ
ദൃഷ്ട്വാ വിശ്വാസ്യ ചൈവേദം സ്വയംഭൂരിദമബ്രവീത്. 25

"പ്രജാപതിഃ	"പ്രജാരക്ഷകനായ	ദൃഷ്ട്വാ ച	കണ്ടക്ഷണത്തിൽതന്നെ
സ്വയംഭൂഃ ഏവ	ബ്രഹ്മാവുതന്നെ	ഇദം ഏവ	ദേവന്മാർ ബോധിപ്പിച്ചതിനെക്കുറിച്ചു്
കുംഭകൎണ്ണം	കുംഭകൎണ്ണനെ		
സമീക്ഷ്യ,	കണ്ടു്,	വിശ്വാസ്യ,	വിശ്വാസമുൾക്കൊണ്ടു്
വിതത്രാസ;	നടുങ്ങിപ്പോയി;	ഇദം അബ്രവീത്.	ഇപ്രകാരം ശപിച്ചു.

ധ്രുവം ലോകവിനാശായ പൌലസ്ത്യേനാസി നിൎമ്മിതഃ
തസ്മാത് ത്വമദ്യപ്രഭൃതി മൃതകല്പഃ ശയിഷ്യസേ. 26

"'ലോകവിനാശായ	"'ലോകവിനാശത്തിന്നായ്ത്തന്നെയാണ്	ധ്രുവം;	തീൎച്ചതന്നെ;
പൌലസ്ത്യേന	പുലസ്ത്യപുത്രനായ വിശ്രവസ്സിനാൽ	തസ്മാത്	അതിനാൽ
നിൎമ്മിതഃ അസി	നീ ഉത്പാദിപ്പിക്കപ്പെട്ടത്	അദ്യപ്രഭൃതി,	ഇന്നുതൊട്ടു്,
		മൃതകല്പഃ	മൃതപ്രായനായി
		ത്വം	നീ
		ശയിഷ്യസേ.'	ഉറങ്ങിക്കിടന്നാലും.'

ബ്രഹ്മശാപാഭിഭൂതോഽഥ നിപപാതാഗ്രതഃ പ്രഭോഃ
തതഃ പരമസംഭ്രാന്തോ രാവണോ വാക്യമബ്രവീത്. 27

"അഥ	"അപ്പോൾ,	നിപപാത;	അവൻ വീണുകളഞ്ഞു;
ബ്രഹ്മശാപാഭിഭൂതഃ,	ബ്രഹ്മാവിന്റെ ശാപമേററവനായി,	തതഃ	അപ്പോൾ
		രാവണഃ	രാവണൻ
പ്രഭോഃ അഗ്രതഃ	സൎവ്വശക്തനായ അദ്ദേഹത്തിന്റെ സന്നിധിയിൽവെച്ചുതന്നെ	പരമസംഭ്രാന്തഃ	ഏറെ പരിഭ്രമിച്ചു്
		വാക്യം അബ്രവീത്.	ഇങ്ങിനെ ഉണൎത്തിച്ചു.

വിവൃദ്ധഃ കാഞ്ചനോ വൃക്ഷഃ ഫലകാലേ നികൃത്യതേ
ന നപ്താരം സ്വകം ന്യായ്യം ശപ്തുമേവം പ്രജാപതേ. 28

"'പ്രജാപതേ!	"പ്രജാരക്ഷകനായുള്ളോവേ!	നികൃത്യതേ;	വെട്ടിമുറിക്കപ്പെടുന്നുവല്ലൊ;
കാഞ്ചനഃ വൃക്ഷഃ	ഒരു ചമ്പകവൃക്ഷം	ഏവം	ഇപ്രകാരം
വിവൃദ്ധഃ	നന്നായിവളൎത്തപ്പെട്ടു്	സ്വകം	സ്വന്തം
ഫലകാലേ	ഉപയോഗത്തിന്നാവാറാകുമ്പോൾ	നപ്താരം	പൌത്രന്റെ മകനായ
		ശപ്തും	ശപിക്കുന്നതു് [ഇവനെ
		ന്യായ്യം ന.	ന്യായമല്ല.

ന മിഥ്യാവചനശ്ച ത്വം സ്വപ്സ്യത്യേഷ ന സംശയഃ
കാലസ്തു ക്രിയതാമസ്യ ശയനേ ജാഗരേ തഥാ. 29

"'ത്വം ച	"'നിന്തിരുവടിയാകട്ടെ	തഥാ തു	അപ്രകാരമാണെന്നാലും
മിഥ്യാവചനഃ ന;	പാഴ്വാക്കരുളിച്ചെയ്യുയില്ല;	അസ്യ	ഇവന്നു്
ഏഷഃ	ഇവൻ	ശയനേ	ഉറങ്ങുന്നതിലും
സ്വപ്സ്യതി	ഉറങ്ങിക്കളയും	ജാഗരേ	ഉണരുന്നതിലും
സംശയഃ ന;	തീൎച്ചതന്നെ;	കാലഃ	ഒരു ക്ലിപ്തമായ കാലം
		ക്രിയതാം.'	കല്പിക്കപ്പെടേണ്ടതാണു്.'

രാവണസ്യ വചഃ ശ്രുത്വാ സ്വയംഭൂരിദമബ്രവീത്. 30

"സ്വയംഭൂഃ,	"ബ്രഹ്മാവു്,	ശ്രുത്വാ,	ചെവിക്കൊണ്ടു്,
രാവണസ്യ	രാവണന്റെ	ഇദം	ഇങ്ങിനെ
വചഃ	അപേക്ഷയെ	അബ്രവീത്.	അരുളിച്ചെയ്തു.

ശയിതാ ഹ്യേഷ ഷൺമാസാനേകാഹം ജാഗരിഷ്യതി
ഏകേനാഹ്നാ ത്വസൌ വീരശ്ചരൻ ഭൂമിം ബുഭുക്ഷിതഃ 31
വ്യാത്താസ്യോ ഭക്ഷയേല്ലോകാൻ സംക്രുദ്ധ ഇവ പാവകഃ. 32

"'ഏഷഃ ഹി	"'ഇവനും	ബുഭുക്ഷിതഃ	വിശന്നവനായി,
ഷൺമാസാൻ	ആറുമാസക്കാലം	ഭൂമിം	ഭൂമിയിൽ
ശയിതാ;	ഉറങ്ങും;	ചരൻ	സഞ്ചരിക്കുന്നവനായി
ഏകാഹം	ഒരു ദിവസം	വ്യാത്താസ്യഃ	വായും തുറന്നുകൊണ്ടു്
ജാഗരിഷ്യതി;	ഉണൎന്നിരിക്കും;	സംക്രുദ്ധഃ	ഏററം ക്രുദ്ധിച്ചു്
വീരഃ	വീരനായ	പാവകഃ ഇവ,	അഗ്നിപോലെയുള്ളവനായി,
അസൌ,	ഇവൻ,	ലോകാൻ	ജന്തുക്കളെ
ഏകേന അഹ്നാ തു	ആ ഒരു ദിവസത്തിലാകട്ടെ	ഭക്ഷയേത്.'	ഭക്ഷിച്ചു കാലം കഴിക്കുന്നതാണു്.'

[ഒരു ദിവസം ഉണർന്നിരിക്കും എന്നു പറഞ്ഞിട്ടുണ്ടെങ്കിലും, യുദ്ധം മുതലായ അത്യാഹിതകാൎയ്യങ്ങളിൽ ഒന്നിലധികം ദിവസം ഉണർന്നിരിക്കുമെന്നു് ഗ്രാഹ്യമാകുന്നു. ഉത്തരകാണ്ഡം 16, 17, 18 സൎഗ്ഗങ്ങളിൽ രാവണൻ, കുംഭകൎണ്ണൻ മുതലായവരോടും സൈന്യങ്ങളോടുംകൂടി ഇന്ദ്രലോകത്തെ ജയിപ്പാൻപോയ അവസരത്തിൽ ഒന്നാമത്തെ ദിവസം മധുപുരത്തിൽ വാസവും രണ്ടാമത്തെ ദിവസം കൈലാസത്തിൽ വാസവും, മൂന്നാം ദിവസത്തിൽ "കുംഭകൎണ്ണസ്തു ദുഷ്ടാത്മാ നാനാപ്രഹരണോദ്യതഃ" (ഉത്തര. 18) എന്നിത്യാദികൊണ്ടു് യുദ്ധവും പറയപ്പെട്ടിരിക്കുന്നതു കാണുക. (തിലകം.)]

സോഽസൌ വ്യസനമാപന്നഃ കുംഭകൎണ്ണമബോധയത്
ത്വത് പരാക്രമഭീതശ്ച രാജാ സംപ്രതി രാവണഃ. 33

"ത്വത് പരാക്രമഭീതഃ	"നിന്തിരുവടിയുടെ പരാക്രമംകൊണ്ടു് ഭീതിപൂണ്ടവനായ	സംപ്രതി	ഇപ്പോൾ
സഃ	ആ	വ്യസനം ആപന്നഃ ച	ആപത്തിലകപ്പെട്ടവനാകയാൽ
അസൌ	ഈ	കുംഭകൎണ്ണം	കുംഭകൎണ്ണനെ
രാവണഃ രാജാ	രാവണമഹാരാജാവു്	അബോധയത്.	ഉണൎത്തിയിരിക്കയാണു്.

സ ഏഷ നിൎഗ്ഗതോ വീരഃ ശിബിരാദ്ഭീമവിക്രമഃ
വാനരാൻ ഭൃശസംക്രുദ്ധോ ഭക്ഷയൻ പരിധാവതി. 34

"ഭീമവിക്രമഃ	"ഘോരപരാക്രമശാലിയായ	ഭൃശസംക്രുദ്ധഃ	അതിക്രുദ്ധനായി
സഃ	അപ്രകാരമുള്ള	വാനരാൻ	വാനരന്മാരെ
ഏഷഃ വീരഃ,	ഈ വീരൻ,	ഭക്ഷയൻ	വിഴുങ്ങിക്കളയാമെന്നുവെച്ചു്
ശിബിരാത്	തന്റെ അരമനയിൽനിന്നു്	പരിധാവതി.	വേഗത്തിൽചെല്ലുകയാണു്.
നിൎഗ്ഗതഃ	പുറപ്പെട്ടവനായി		

കുംഭകൎണ്ണം സമീക്ഷ്യൈവ ഹരയോഽദ്യ പ്രവിദ്രുതാഃ
കഥമേനം രണേ ക്രുദ്ധം വാരയിഷ്യന്തി വാനരാഃ. 35

"ഹരയഃ	"കപികൾ	ക്രുദ്ധം	ക്രുദ്ധിച്ചവനായ
അദ്യ	ഇതാ	ഏനം	ഇവനെ
കുംഭകൎണ്ണം	കുംഭകൎണ്ണനെ	വാനരാഃ	വാനരന്മാർ
സമീക്ഷ്യ ഏവ	കണ്ടക്ഷണത്തിൽതന്നെ	കഥം	എങ്ങിനെയാണൊ
പ്രവിദ്രുതാഃ;	ഓടിക്കഴിഞ്ഞു;	വാരയിഷ്യന്തി!	എതിൎപ്പാൻപോകുന്നതു്!
രണേ	പോരിൽ		

ഉച്യന്താം വാനരാഃ സൎവ്വേ യന്ത്രമേതത് സമുച്ഛ്രിതം
ഇതി വിജ്ഞായ ഹരയോ ഭവിഷ്യന്തീഹ നിൎഭയാഃ. 36

"വാനരാഃ	"വാനരന്മാർ	ഉച്യന്താം;	പറയപ്പെടട്ടെ;
സൎവ്വേ	എല്ലാവരും	ഇതി	എന്നാൽ
ഇഹ,	ഇപ്പോൾ,	ഹരയഃ	വാനരന്മാർ
ഏതത്	ഇതു്	വിജ്ഞായ	അതിനെ വിശ്വസിച്ചു്
സമുച്ഛ്രിതം	പൊക്കത്തിലുള്ള	നിൎഭയാഃ	ഭയരഹിതരായി
യന്ത്രം	ഒരു യന്ത്രമാണെന്നു്	ഭവിഷ്യന്തി."	ഭവിക്കുന്നതാണു്."

വിഭീഷണവചഃ ശ്രുത്വാ ഹേതുമത്സുമുഖേരിതം
ഉവാച രാഘവോ വാക്യം നീലം സേനാപതിം തദാ. 37

രാഘവഃ,	ശ്രീരാഘവൻ,
ഹേതുമത്	യുക്തിയുക്തവും
സുമുഖേരിതം	പ്രിയമായിപറയപ്പെട്ടതുമായ
വിഭീഷണവചഃ	വിഭീഷണവാക്യത്തെ
ശ്രുത്വാ,	കേട്ട്,
തദാ,	ആ സമയം
സേനാപതിം	സേനാധിപനായ
നീലം	നീലനോടായി
വാക്യം ഉവാച.	ഇപ്രകാരം അരുളിച്ചെയ്തു.

ഗച്ഛ സൈന്യാനി സർവ്വാണി വ്യൂഹ്യ തിഷ്ഠസ്വ പാവകേ
ദ്വാരാണ്യാദായ ലങ്കായാശ്ചര്യാശ്ചാപ്യഥ സംക്രമാൻ. 38

"പാവകേ!	"അഗ്നിപുത്ര! (നീല!)
ഗച്ഛ;	ഭവാൻ പുറപ്പെട്ടുചെല്ലുക;
സർവ്വാണി	എല്ലാ
സൈന്യാനി	സൈന്യങ്ങളേയും
വ്യൂഹ്യ	വകുത്ത്
ആദായ,	കൂട്ടിക്കൊണ്ട്,
ലങ്കായാഃ	ലങ്കാപുരത്തിന്റെ
ദ്വാരാണി ച	കോട്ടവാതിലുകളിലും
ചര്യാഃ അപി	കാവൽസ്ഥലങ്ങളിലും
സംക്രമാൻ അഥ	കിടങ്ങുകളിലുള്ള പാലങ്ങളിലും
തിഷ്ഠസ്വ	കാത്തുനില്ക്കുക.

[ഇതിൽനിന്നു രാവണപരാജയത്തിനുശേഷം യുദ്ധമില്ലാതെ കുറച്ചുനാളുണ്ടായിരുന്നു എന്നു ഗ്രാഹ്യമാകുന്നു. (എന്നു തിലകം.)]

ശൈലശൃംഗാണി വൃക്ഷാംശ്ച ശിലാശ്ചാപ്യുപസംഹര
തിഷ്ഠന്തു വാനരാഃ സർവ്വേ സായുധാഃ ശൈലപാണയഃ. 39

"ശൈലശൃംഗാണി ച	"കുന്നിൻമുടികളേയും
വൃക്ഷാൻ അപി	വൃക്ഷങ്ങളേയും
ശിലാഃ ച	പാറകളേയും
ഉപസംഹര;	തയ്യാറാക്കിക്കൊൾക;
വാനരാഃ	വാനരന്മാർ
സർവ്വേ	എല്ലാവരും
സായുധാഃ	പൊരുതുവാനുള്ള കോപ്പുകളോടുകൂടി
ശൈലപാണയഃ	പാറകൾ കയ്യിലേന്തിക്കൊണ്ട്
തിഷ്ഠന്തു"	കാത്തുനില്ക്കട്ടെ."

രാഘവേണ സമാദിഷ്ടോ നീലോ ഹരിചമൂപതിഃ
ശശാസ വാനരാനീകം യഥാവത് കപികുഞ്ജരഃ. 40

രാഘവേണ	ശ്രീരാമനാൽ
സമാദിഷ്ടഃ	ആജ്ഞാപിക്കപ്പെട്ട
ഹരിചമൂപതിഃ	വാനരസേനാധിപനും
കപികുഞ്ജരഃ	കപിശ്രേഷ്ഠനുമായ
നീലഃ	നീലൻ
യഥാവത്	അപ്രകാരംതന്നെ
വാനരാനീകം	വാനരസേനയെ
ശശാസ.	നിയമിച്ചു.

തതോ ഗവാക്ഷഃ ശരഭോ ഹനൂമാനംഗദസ്തഥാ
ശൈലശൃംഗാണി ശൈലാഭാ ഗൃഹീത്വാ ദ്വാരമഭ്യയുഃ. 41

തതഃ	അപ്പോൾ	അംഗദഃ തഥാ	അംഗദനും
ശൈലാഭാഃ	പർവ്വതാകാരന്മാരായ	ശൈലശൃംഗാണി	ഗിരിശിഖരങ്ങളെ
ഗവാക്ഷഃ	ഗവാക്ഷനും	ഗൃഹീത്വാ,	എടുത്തുകൊണ്ട്
ശരഭഃ	ശരഭനും	ദ്വാരം	കോട്ടവാതിൽക്കൽ
ഹനൂമാൻ	ഹനൂമാനും	അഭ്യയുഃ.	എത്തി.

രാമവാക്യമുപശ്രുത്യ ഹരയോ ജിതകാശിനഃ
പാദപൈരർദ്ദയൻ വീരാ വാനരാഃ പരവാഹിനീം. 42

ഹരയഃ	വാനരന്മാർ	വീരാഃ	വീരന്മാരായ
രാമവാക്യം	ശ്രീരാമവാക്യത്തെ	വാനരാഃ	ആ വാനരന്മാർ
ഉപശ്രുത്യ	കൈക്കൊണ്ട്	പാദപൈഃ	വൃക്ഷങ്ങൾകൊണ്ട്
ജിതകാശിനഃ ;	വിജയികളെന്നപോലെതന്നെ വിലസി;	പരവാഹിനീം	ശത്രുസൈന്യത്തെ
		അർദ്ദയൻ.	മർദ്ദിപ്പാനൊരുങ്ങി.

തതോ ഹരീണാം തദനീകമുഗ്രം
രരാജ ശൈലോദ്യതദീപ്തഹസ്തം
ഗിരേഃ സമീപാനുഗതം യഥൈവ
മഹന്മഹാംഭോധരജാലമുഗ്രം. 43

തതഃ	ആ സമയം	സമീപാനുഗതം	അടുത്തായി ചുററും [നില്ക്കുന്നതുമായ
ഹരീണാം	വാനരന്മാരുടെ	തത്	ആ
ഉഗ്രം	ഭയങ്കരവും	അനീകം	സൈന്യം
ശൈലോദ്യത-ദീപ്തഹസ്തം	ഗിരികളെ ഉയരെ ഓങ്ങിക്കൊണ്ട് വിളങ്ങുന്ന കൈകളോടുകൂടിയതും	മഹത്	വമ്പിച്ചതും
		ഉഗ്രം	ഭയങ്കരവുമായ
ഗിരേഃ	സുവേലപർവ്വതത്തിന്റെ	മഹാംഭോധരജാലം യഥാ ഏവ	മഹാമേഘപടലമെന്നപോലെതന്നെ
		രരാജ.	പരിലസിച്ചു.

ഇത്യാർഷേ ശ്രീമദ്രാമായണേ വാല്മീകീയേ ആദികാവ്യേ യുദ്ധകാണ്ഡേ
ഏകഷഷ്ടിതമഃ സർഗ്ഗഃ = അറുപത്തൊന്നാംസർഗ്ഗം സമാപ്തം.

ആദ്യം മുതൽ ശ്ലോകസംഖ്യ 17314; യുദ്ധകാണ്ഡം ആദ്യം മുതൽ ശ്ലോകസംഖ്യ 2639.

ദ്വിഷഷ്ടിതമഃ സർഗ്ഗഃ = അറുപത്തിരണ്ടാംസർഗ്ഗം.

[രാവണാഭ്യർത്ഥനാ = രാവണൻ കുംഭകർണ്ണനോടു് സാന്ത്വവാക്കുരചെയ്യുന്നതു്.]

സ തു രാക്ഷസശാർദ്ദൂലോ നിദ്രാമദസമാകുലഃ
രാജമാർഗ്ഗം ശ്രിയാ ജുഷ്ടം യയൗ വിപുലവിക്രമഃ. 1

രാക്ഷസശാർദ്ദൂലഃ	രാക്ഷസവീരനും	സഃ തു,	ആ കുംഭകർണ്ണനാകട്ടെ,
വിപുലവിക്രമഃ	അതിപരാക്രമശാലിയും	ശ്രിയാ ജുഷ്ടം	സമ്പത്സമൃദ്ധമായ
നിദ്രാമദസമാകുലഃ	ഉറക്കംകൊണ്ടും മദിരകൊണ്ടും നല്ല ബോധമില്ലാതിരിക്കുന്നവനുമായ	രാജമാർഗ്ഗം	രാജവീഥിയിൽക്കൂടി
		യയൗ.	ചെന്നുകൊണ്ടിരുന്നു.

രാക്ഷസാനാം സഹസ്രൈശ്ച വൃതഃ പരമദുർജ്ജയഃ
ഗൃഹേഭ്യഃ പുഷ്പവർഷേണ കീര്യ്യമാണസ്തദാ യയൗ. 2

തദാ	ആ സമയം	വൃതഃ,	ചൂഴപ്പെട്ടവനായി,
പരമദുർജ്ജയഃ,	ഒട്ടും ജയിക്കപ്പെടുവാൻ കഴിയാത്തവനായ അവൻ,	ഗൃഹേഭ്യഃ	ഭവനങ്ങളിൽ നിന്നു്
		പുഷ്പവർഷേണ	പൂമാരികൊണ്ടു്
രാക്ഷസാനാം സഹസ്രൈഃ	അനേകം രാക്ഷസന്മാരാൽ	കീര്യ്യമാണഃ ച	അഭിവർഷിക്കപ്പെട്ടവനായി
		യയൗ.	ചെന്നെത്തി.

സ ഹേമജാലവിതതം ഭാനുഭാസ്വരദർശനം
ദദർശ വിപുലം രമ്യം രാക്ഷസേന്ദ്രനിവേശനം. 3

സഃ,	അവൻ,	വിപുലം	വിശാലവും
ഹേമജാലവിതതം	സ്വർണ്ണക്കിളിവാതില്കൾ നിറഞ്ഞുള്ളതും	രമ്യം	മനോഹരവുമായ
ഭാനുഭാസ്വരദർശനം	സൂര്യനെപ്പോലെ കാന്തി പൂണ്ടു വിലസുന്നതും	രാക്ഷസേന്ദ്രനിവേശനം	രക്ഷോനാഥന്റെ അരമനയെ
		ദദർശ.	കണ്ടു.

സ തത്തദാ സൂര്യ്യ ഇവാഭ്രജാലം പ്രവിശ്യ രക്ഷോധിപതേർനിവേശം
ദദർശ ദൂരേऽഗ്രജമാസനസ്ഥം സ്വയംഭുവം ശക്ര ഇവാസനസ്ഥം 4

സഃ,	അവൻ,	ദൂരേ	ദൂരത്തിൽ
രക്ഷോധിപതേഃ	രാക്ഷസാധിപന്റെ	ആസനസ്ഥം	സിംഹാസനസ്ഥനായ
തത്	ആ	അഗ്രജം,	ജ്യേഷ്ഠനെ,
നിവേശം,	അരമനയ്ക്കുള്ളിൽ,	ശക്രഃ	ഇന്ദ്രൻ
സൂര്യ്യഃ	ആദിത്യൻ	ആസനസ്ഥം	ആസനത്തിലെഴുന്നെള്ളിയിരുന്ന
അഭ്രജാലം ഇവ	മേഘപടലത്തിനുള്ളിലെന്നപോലെ	സ്വയംഭുവം	ബ്രഹ്മദേവനെ
പ്രവിശ്യ,	കടന്നു്,	ഇവ,	എന്നപോലെ,
തദാ	ആസമയം	ദദർശ.	നിരീക്ഷിച്ചു.

ഭ്രാതുഃ സ ഭവനം ഗച്ഛൻ രക്ഷോഗണസമന്വിതം
കുംഭകർണ്ണഃ പദന്യാസൈരകമ്പയത മേദിനീം. 5

സഃ	ആ	ഭവനം	അരമനയിൽ
കുംഭകർണ്ണഃ,	കുംഭകർണ്ണൻ,	ഗച്ഛൻ	പ്രവേശിക്കുന്നവനായി
രക്ഷോഗണ- സമന്വിതം	രാക്ഷസഗണങ്ങൾ നിറഞ്ഞതായ	പദന്യാസൈഃ	കാൽവെപ്പുകൾകൊ
		മേദിനീം	ഭൂമിയെ [ണ്ടു്
ഭ്രാതുഃ	ജ്യേഷ്ഠന്റെ	അകമ്പയത.	കുലുക്കി.

സോഽഭിഗമ്യ ഗൃഹം ഭ്രാതുഃ കക്ഷ്യാമഭിവിഗാഹ്യ ച
ദദർശോദ്വിഗ്നമാസീനം വിമാനേ പുഷ്പകേ ഗുരും. 6

സഃ	അവൻ	പുഷ്പകേ വിമാനേ	പുഷ്പകവിമാനത്തിൽ
ഭ്രാതുഃ ഗൃഹം	ജ്യേഷ്ഠന്റെ അരമന		
അഭിഗമ്യ,	പുക്കു്, [യിൽ	ആസീനം	സിംഹാസനസ്ഥനാ
കക്ഷ്യാം	നാലുകെട്ടും	ഗുരും	ജ്യേഷ്ഠനെ [യിരുന്ന
അഭിവിഗാഹ്യ ച,	കടന്നുചെന്നശേഷം	ഉദ്വിഗ്നം	അന്തൽപൂണ്ടിരിക്കുന്ന
		ദദർശ.	കണ്ടു. [വനായി

അഥ ദൃഷ്ട്വാ ദശഗ്രീവഃ കുംഭകർണ്ണമുപസ്ഥിതം
തൂർണ്ണമുത്ഥായ സംഹൃഷ്ടഃ സന്നികർഷമുപാനയത്. 7

അഥ	ആ സമയം	സംഹൃഷ്ടഃ	സന്തോഷമുൾക്കൊണ്ട
ദശഗ്രീവഃ,	രാവണൻ	തൂർണ്ണം	ഉടനെ [വനായി
കുംഭകർണ്ണം	കുംഭകർണ്ണനെ	ഉത്ഥായ	എഴുന്നീററു്
ഉപസ്ഥിതം	വന്നെത്തിയവനായി	സന്നികർഷം	അരികത്തേക്കു്
ദൃഷ്ട്വാ,	കണ്ടു്,	ഉപാനയത്.	കൂട്ടിക്കൊണ്ടുപോയി.

അഥാഽഽസീനസ്യ പര്യങ്കേ കുംഭകർണ്ണോ മഹാബലഃ
ഭ്രാതുർവവന്ദേ ചരണൌ കിം കൃത്യമിതി ചാബ്രവീത്. 8

അഥ	അപ്പോൾ	ചരണൌ	പാദങ്ങളെ
മഹാബലഃ	മഹാബലവാനായ	വവന്ദേ;	വന്ദിച്ചു;
കുംഭകർണ്ണഃ	കുംഭകർണ്ണൻ	"കിം	"എന്തൊന്നാണു്
പര്യങ്കേ	ആസനത്തിൽ	കൃത്യം"	ചെയ്യേണ്ടതായുള്ളതു്?"
ആസീനസ്യ	എഴുന്നെള്ളിയിരുന്നവ	ഇതി ച	എന്നും
ഭ്രാതുഃ	ജ്യേഷ്ഠന്റെ [നായ	അബ്രവീത്.	ചോദിച്ചു.

ഉത്പത്യ ചൈനം മുദിതോ രാവണഃ പരിഷസ്വജേ
സ ഭ്രാത്രാ സംപരിഷ്വക്തോ യഥാവച്ചാഭിനന്ദിതഃ. 9

രാവണഃ	രാവണൻ	സഃ, ഭ്രാത്രാ	അവൻ ജ്യേഷ്ഠനാൽ
മുദിതഃ	സന്തോഷഭരിതനായി	സംപരിഷ്വക്തഃ	പുൽകപ്പെട്ടവനായി
ഉത്പത്യ,	ചാടിയെഴുന്നീററു്,	യഥാവത്	വേണ്ടുംവണ്ണം
ഏനം ച	ഇവനെയും	അഭിനന്ദിതഃ ച.	കൊണ്ടാടപ്പെട്ടുകയും ചെയ്തു.
പരിഷസ്വജേ;	പുൽകിയണച്ചു;		

കുംഭകർണ്ണഃ ശുഭം ദിവ്യം പ്രതിപേദേ വരാസനം. 10
സ തദാസനമാശ്രിത്യ കുംഭകർണ്ണോ മഹാബലഃ
സംരക്തനയനഃ കോപാദ്രാവണം വാക്യമബ്രവീത്. 11

കുംഭകർണ്ണഃ,	കുംഭകർണ്ണൻ,	തത് ആസനം	ആ ആസനത്തിൽ
ദിവ്യം	വിശേഷപ്പെട്ടതും	ആശ്രിത്യ,	ഇരുന്നശേഷം,
ശുഭം	ഭംഗിവാച്ചതുമായ	കോപാത്	കോപത്താൽ
വരാസനം	ഉത്തമാസനത്തിൽ	സംരക്തനയനഃ	കണ്ണുകൾ കലങ്ങിയവനായി
പ്രതിപേദേ;	ഇരുന്നു;		
സഃ	ആ	രാവണം	രാവണനെനോക്കി
മഹാബലഃ	മഹാബലശാലിയായ	വാക്യം	ഒരുവാക്ക്
കുംഭകർണ്ണഃ,	കുംഭകർണ്ണൻ,	അബ്രവീത്.	ചോദിച്ചു.

കിമർത്ഥമഹമാദൃത്യ ത്വയാ രാജൻ വിബോധിതഃ
ശംസ കസ്മാദ്ഭയം തേഽസ്തി കോഽദ്യ പ്രേതോ ഭവിഷ്യതി. 12

"രാജൻ!	"മഹാരാജാവേ!	തേ	നിന്തിരുവടിക്ക്
അഹം	ഞാൻ	ഭയം	സങ്കടം
കിമർത്ഥം	എന്തുകാരണത്താലാ	അസ്തി?	നേരിട്ടിരിക്കുന്നത്?
ത്വയാ	നിന്തിരുവടിയാൽ [ണ്	അദ്യ	ഇപ്പോൾ
ആദൃത്യ	ഔത്സുക്യത്തോടുകൂടി	കഃ	ഏതൊരുവനാണ്
വിബോധിതഃ?	ഉണർത്തപ്പെട്ടത്?	പ്രേതഃ	ചത്തശവമായി
ശംസ;	ഉരചെയ്താലും;	ഭവിഷ്യതി?	തീരുവാൻ പോകുന്നത്?
കസ്മാത്	എവനിൽനിന്നാണ്		

ന മേ വീര്യേ ബലേ തുല്യസ്ത്രിഷു ലോകേഷു വിദ്യതേ
യദീന്ദ്രാത് തേ ഭയം രാജൻ യദി വാ തേ സ്വയംഭുവഃ. 13

"രാജൻ!	"മഹാരാജാവേ!	വീര്യേ	വീര്യത്തിലും
തേ	നിന്തിരുവടിക്ക്	ബലേ	കൈയൂക്കിലും
ഭയം	ആപത്ത്	മേ	എനിക്ക്
ഇന്ദ്രാത് യദി,	ഇന്ദ്രങ്കൽ നിന്നായാലും	തുല്യഃ,	തുല്യനായ ഒരുവൻ,
തേ	നിന്തിരുവടിക്ക് [ശരി	ത്രിഷു	മൂന്നു
സ്വയംഭുവഃ യദി വാ,	ബ്രഹ്മാവിങ്കൽ നിന്നായാലും ശരി,	ലോകേഷു	ലോകങ്ങളിലും
		ന വിദ്യതേ.	ഇല്ലതന്നെ.

ഭ്രാതരം രാവണഃ ക്രുദ്ധം കുംഭകർണ്ണമവസ്ഥിതം
ഈഷദ്വൃത്താഭ്യാം നേത്രാഭ്യാം വാക്യമബ്രവീത്. 14

രാവണഃ,	രാവണൻ,	അവസ്ഥിതം	വർത്തിച്ചിരുന്ന
ക്രുദ്ധം	കോപം പൂണ്ടവനായി	ഭ്രാതരം	അനുജനായ
ഈഷത്	ചെററ്	കുംഭകർണ്ണം തു	കുംഭകർണ്ണനെ നോക്കി
പരിവൃത്താഭ്യാം	ഉരുട്ടിമിഴിക്കുന്ന	വാക്യം അബ്രവീത്.	ഇപ്രകാരം ഉരചെയ്തു.
നേത്രാഭ്യാം	നേത്രങ്ങളോടുകൂടി		

അദ്യ തേ സുമഹാൻ കാലഃ ശയാനസ്യ മഹാബല
സുഖിതസ്ത്വം ന ജാനീഷേ മമ രാമകൃതം ഭയം. 15

"മഹാബല!	"മഹാബലശാലിയായ വീരന!	സുഖിതഃ	നിർവ്വിചാരനായ
തേ	നീ	ത്വം,	നീ,
ശയാനസ്യ,	ഉറങ്ങിക്കിടക്കേ,	മമ	എനിക്ക്
അദ്യ	ഇപ്പോൾ	രാമകൃതം	രാമനാൽ ഉളവായിട്ടുള്ള
കാലഃ	കാലം	ഭയം	സങ്കടത്തെ
സുമഹാൻ;	വല്ലാത്തതായിട്ടാണിരിക്കുന്നത്;	ന ജാനീഷേ.	അറിയുന്നില്ല.

["നീ ഉറങ്ങുവാൻ തുടങ്ങീട്ട് ഇന്നേക്ക് വളരെ കാലമായിരിക്കുന്നു" എന്നിത്യാദിയായി ഇതരവ്യാഖ്യാനങ്ങളും. (60-ാംസർഗ്ഗം 18-ാംശ്ലോകത്തിലെ കുറിപ്പിലും കാണുക.)

"നീ ഉറങ്ങിക്കാലം കഴിപ്പാൻ തുടങ്ങിട്ടു ഇന്നേയ്ക്കു് എത്രയോ കൊല്ലങ്ങളായി" എന്നും സമുചിതമായ അർത്ഥമാകുന്നു. നിന്റെ ജീവകാലം മുഴുവനും നീ ഉറങ്ങിക്കഴിക്കയാണ്; എന്റെ കഷ്ടപ്പാടുകളൊന്നും നീ അറിയുന്നില്ല, എന്ന് സാരം.]

ഏഷ ദാശരഥീ രാമഃ സുഗ്രീവസഹിതോ ബലീ
സമുദ്രം സബലസ്തീർത്ത്വാ മൂലം നഃ പരികൃന്തതി. 16

"ദാശരഥീ	"ദശരഥപുത്രനായ	സബലഃ	സൈന്യങ്ങളോടുംകൂടി
ഏഷഃ	ഈ	സമുദ്രം	സമുദ്രത്തെ
ബലീ	ബലശാലിയായ	തീർത്ത്വാ,	കടന്ന്
രാമഃ,	രാമൻ,	നഃ	നമുക്ക്
സുഗ്രീവസഹിതഃ	സുഗ്രീവസഹിതനായി	മൂലം പരികൃന്തതി.	മൂലനാശം വരുത്തുന്നു.

ഹന്ത പശ്യസ്വ ലങ്കായാം വനാന്യുപവനാനി ച
സേതുനാ സുഖമാഗമ്യ വാനരൈകാർണ്ണവീകൃതം. 17

"ഹന്ത!	"എന്തൊരുകഷ്ടം!	സേതുനാ	അണകെട്ടിയതിൽക്കൂടി
ലങ്കായാം	ലങ്കയിൽ	സുഖം	എളുപ്പത്തിൽ
വനാനി	വനങ്ങളേയും	ആഗമ്യ,	എത്തിച്ചേർന്ന്,
ഉപവനാനി ച	തോട്ടങ്ങളേയും	വാനരൈകാർണ്ണവീകൃതം.	എല്ലാം വാനരക്കടലാക്കപ്പെട്ടിരിക്കുന്നു.
പശ്യസ്വ;	നോക്കുക;		

യേ രക്ഷസാം മുഖ്യതമാ ഹതാസ്തേ വാനരൈർയുധി
ലങ്കാ താവന്മഹാബാഹോ ബാലവൃദ്ധാവശേഷിതാ. 18

"രക്ഷസാം	"രാക്ഷസരിൽവെച്ച്	മഹാബാഹോ!	മഹാശക്തിയാന്നവനേ!
യേ	യാതൊരുവർ		
മുഖ്യതമാഃ,	പ്രധാനികളോ,	താവത്	ഇപ്പോൾ
തേ	അവർ	ലങ്കാ	ലങ്കാനഗരം
യുധി	പോരിൽ	ബാലവൃദ്ധാവശേഷിതാ.	കുട്ടികളും കിഴവന്മാരും മാത്രം ശേഷിച്ചതായിരിക്കുന്നു.
വാനരൈഃ	വാനരന്മാരാൽ		
ഹതാഃ;	ഹനിക്കപ്പെട്ടു;		

വാനരാണാം ക്ഷയം യുദ്ധേ ന പശ്യാമി കദാചന. 19

"യുദ്ധേ	"പോരിൽ	കദാചന	എന്തായാലും
വാനരാണാം	വാനരന്മാൎക്ക്	ന പശ്യാമി.	ഞാൻ കാണുന്നതുമി
ക്ഷയം	ഒരു നാശത്തെയും		ല്ല.

ന ചാപി വാനരാ യുദ്ധേ ജിതപൂൎവ്വാഃ കദാചന. 20

"യുദ്ധേ	"പോരിൽ	കദാചന അപി	ഒരിക്കലെങ്കിലും
		ജിതപൂൎവ്വാഃ ന.	ഇതുവരെ ജയിക്കപ്പെ
വാനരാഃ ച	വാനരന്മാരാണെങ്കിൽ		ട്ടിട്ടുമില്ല.

തദേതദ് ഭയമുത്പന്നം ത്രായസ്വേമാം മഹാബല
നാശയ ത്വമിമാനദ്യ തദൎത്ഥം ബോധിതോ ഭവാൻ. 21

"മഹാബല!	"കരുത്തേറിയവനേ!	ത്വം	നീ
തത്	അപ്രകാരമെല്ലാമിരി	അദ്യ	ഇപ്പോൾ
ഏതത്	ഈ [ക്കുന്ന	ഇമാൻ	ഇവരെ
ഭയം	ആപത്തു്	നാശയ ;	ഒടുക്കിയാലും ;
ഉത്പന്നം ;	നേരിട്ടിരിക്കുന്നു ;	തദൎത്ഥം	അതിന്നായിട്ടുതന്നെയാണു്
ഇമാം	ഈ ലങ്കയെ	ഭവാൻ	നീ
ത്രായസ്വ ;	കാത്തുകൊണ്ടാലും ;	ബോധിതഃ.	ഉണൎത്തപ്പെട്ടതു്.

ശത്രുണാ രുദ്ധനഗരം യുദ്ധേ ഹതസുഹൃജ്ജനം 22
സൎവ്വക്ഷപിതകോശം ച സ ത്വമഭ്യവപദ്യ മാം
ത്രായസ്വേമാം പുരീം ലങ്കാം ബാലവൃദ്ധാവശേഷിതാം. 23

"സഃ	"അപ്രകാരമുള്ള	സൎവ്വക്ഷപിത- കോശം ച	ഭണ്ഡാരം മുഴുവൻ ഒഴിഞ്ഞിരിക്കുന്നവ
ത്വം,	നീ,	അഭ്യവപദ്യ	അറിഞ്ഞ് [നായും
മാം	എന്നെ	ബാലവൃദ്ധാ- വശേഷിതാം	ബാലന്മാരും വയോധി കന്മാരും മാത്രം ബാ ക്കിയായ
യുദ്ധേ,	പോരിൽ		
ശത്രുണാ	ശത്രുവിനാൽ		
രുദ്ധനഗരം	നിരോധിക്കപ്പെട്ട പുര ത്തോടുകൂടിയവനായും	ഇമാം	ഈ
ഹതസുഹൃജ്ജനം	സഹായികളെല്ലാം വധിക്കപ്പെട്ടവനായും	ലങ്കാം പുരീം	ലങ്കാപുരത്തെ
		ത്രായസ്വ.	രക്ഷിച്ചാലും.

ഭ്രാതുരൎത്ഥേ മഹാബാഹോ കുരു കൎമ്മ സുദുഷ്കരം
മയൈവം നോക്തപൂൎവ്വോ ഹി കശ്ചിദ്ഭ്രാതഃ പരന്തപ. 24

"മഹാബാഹോ!	"മഹാബാഹുവായവ	ഭ്രാതഃ !	സോദര !
ഭ്രാതുഃ അൎത്ഥേ	ജ്യേഷ്ഠന്നുവേണ്ടി [നെ !	മയാ	എന്നാൽ
സുദുഷ്കരം	ദുഃസാദ്ധ്യമായ	ഏവം	ഇമ്മാതിരി
കൎമ്മ	കൃത്യത്തെ	ഉക്തപൂൎവ്വഃ ന ഹി കശ്ചിത്.	നീ ഇതിന്നുമുമ്പ് ഒരി ക്കലും അവശ്യപ്പെട പ്പെട്ടിട്ടില്ലല്ലൊ.
കുരു ;	ചെയ്താലും ;		
പരന്തപ !	ശത്രുനാശന !		

ത്വയ്യസ്തി തു മമ സ്നേഹഃ പരാ സംഭാവനാ ച മേ
ദൈവാസുരേഷു യുദ്ധേഷു ബഹുശോ രാക്ഷസർഷഭ 25
ത്വയാ ദേവാഃ പ്രതിവ്യൂഹ്യ നിർജ്ജിതാശ്ചാസുരാ യുധി. 26

"മമ	"എനിക്ക്	ബഹുശഃ	എത്രയോ പ്രാവശ്യം
ത്വയി തു	നിന്റെപേരിൽതന്നെ	ത്വയാ	നിന്നാൽ
സ്നേഹഃ	പ്രതിപത്തി [യാണ്	ദൈവാസുരേഷു യുദ്ധേഷു	ദേവന്മാരും അസുരന്മാരുമായുള്ള യുദ്ധങ്ങളിൽ
അസ്തി;	ഉള്ളത്;	ദേവാഃ	ദേവന്മാർ
മേ	എനിക്ക്	പ്രതിവ്യൂഹ്യ	എതിരേററു നിന്ന്
പരാ	സർവ്വോപരിയായ	നിർജ്ജിതാഃ;	തോല്പിക്കപ്പെട്ടു;
സംഭാവനാ	ബഹുമാനവും	യുധി	പോരിൽ
ച;	അപ്രകാരം തന്നെ നികലാണുള്ളത്;	അസുരാഃ ച.	അസുരന്മാരും അങ്ങിനെതന്നെ ജയിക്കപ്പെട്ടു.
രാക്ഷസർഷഭ!	രാക്ഷസോത്തമ!		

തദേതത് സർവ്വമാതിഷ്ഠ വീര്യം ഭീമപരാക്രമ
ന ഹി തേ സർവ്വഭൂതേഷു ദൃശ്യതേ സദൃശോ ബലീ. 27

"ഭീമപരാക്രമ!	"ഘോരപരാക്രമശാലിയായവനേ!	ആതിഷ്ഠ;	കയ്ക്കൊണ്ടാലും;
തത്	അപ്രകാരമുള്ള	സർവ്വഭൂതേഷു	സർവ്വപ്രാണികളിലും
ഏതത് വീര്യം	ഈ വീര്യം	തേ സദൃശഃ	നിനക്ക് തുല്യനായ
സർവ്വം	മുഴുവനും	ബലീ	ഒരു ബലശാലി
		ദൃശ്യതേ ന ഹി.	കാണപ്പെടുന്നില്ല.

കുരുഷ്വ മേ പ്രിയഹിതമേതദുത്തമം
യഥാപ്രിയം പ്രിയരണ ബാന്ധവപ്രിയ
സ്വതേജസാ വിധമ സപത്നവാഹിനീം
ശരദ്ഘനം പവന ഇവോദ്ധതോ മഹാൻ. 28

"പ്രിയരണ!	"പോർ കൊതിക്കുന്നവനേ!	ഉദ്ധതഃ	ചുഴലുന്ന
ബാന്ധവപ്രിയ!	സോദരവാത്സല്യമാർന്നവനെ!	മഹാൻ	വമ്പിച്ച
മേ	എനിക്ക്	പവനഃ	കൊടുങ്കാററ്
പ്രിയഹിതം	പ്രിയവും ഗുണകരവു[മായ	ശരദ്ഘനം	ശരത്കാലമേഘത്തെ
ഉത്തമം	ഉത്തമമായ	ഇവ,	എന്നപോലെ,
ഏതത്	ഇതിനെ	സ്വതേജസാ	നിന്റെ സ്വന്തം വീര്യത്താൽ
യഥാപ്രിയം	ഇഷ്ടപ്രകാരംതന്നെ	സപത്നവാഹിനീം	ശത്രുസൈന്യത്തെ
കുരുഷ്വ;	ചെയ്തുതീർത്താലും;	വിധമ.	പറപ്പിച്ചാലും.

ഇത്യാർഷേ ശ്രീമദ്രാമായണേ വാല്മീകീയേ ആദികാവ്യേ യുദ്ധകാണ്ഡേ
ദ്വിഷഷ്ടിതമഃ സർഗ്ഗഃ = അറുപത്തിരണ്ടാംസർഗ്ഗം സമാപ്തം.

ആദ്യംമുതൽ ശ്ലോകസംഖ്യ 17342; യുദ്ധകാണ്ഡം ആദ്യംമുതൽ ശ്ലോകസംഖ്യ 2767

ത്രിഷഷ്ടിതമഃ സൎഗ്ഗഃ = അറുപത്തിമൂന്നാംസൎഗ്ഗം.

[കുംഭകൎണ്ണാനുശോകഃ = കുംഭകൎണ്ണൻ അനുശോചിക്കുന്നതു്.]

തസ്യ രാക്ഷസരാജസ്യ നിശമ്യ പരിദേവിതം
കുംഭകൎണ്ണോ ബഭാഷേദം വചനം പ്രജഹാസ ച. 1

കുംഭകൎണ്ണഃ	കുംഭകൎണ്ണൻ	പ്രജഹാസ;	പൊട്ടിച്ചിരിച്ചു;
തസ്യ	ആ	ഇദം	ഇപ്രകാരം
രാക്ഷസരാജസ്യ	രാക്ഷസാധിപന്റെ	വചനം ച	വാക്യത്തേയും
പരിദേവിതം	ദൈന്യമൊഴി	ബഭാഷേ.	ഉരചെയ്തു.
നിശമ്യ,	കേട്ടു്,		

ദൃഷ്ടോ ദോഷോ ഹി യോഽസ്മാഭിഃ പുരാ മന്ത്രവിനിൎണ്ണയേ
ഹിതേഷ്വനഭിയുക്തേന സോഽയമാസാദിതസ്ത്വയാ. 2

"പുരാ	"ഇതിന്നു മുമ്പ്	സഃ അയം ഹി	അതു ഈ ആപത്തു തന്നെയാണ്,
മന്ത്രവിനിൎണ്ണയേ	മന്ത്രാലോചന നടത്തിയ സമയം,	ഹിതേഷു	തക്കതായുള്ള കൃത്യങ്ങളിൽ
അസ്മാഭിഃ	ഞങ്ങളാൽ	അനഭിയുക്തേന	അഭിരുചിവെക്കാത്ത
യഃ	യാതൊരു	ത്വയാ	നിന്തിരുവടിയാൽ
ദോഷഃ	ആപത്ത്	ആസാദിതഃ.	പ്രാപിക്കപ്പെട്ടത്.
ദൃഷ്ടഃ,	കാണപ്പെട്ടുവോ,		

ശീഘ്രം ഖല്വഭ്യുപേതം ത്വാം ഫലം പാപസ്യ കൎമ്മണഃ
നിരയേഷ്വേവ പതനം യഥാ ദുഷ്കൃതകൎമ്മണഃ. 3

"ദുഷ്കൃതകൎമ്മണഃ	"ദുഷ്കൃത്യം ചെയ്തുവന്ന്	പാപസ്യ കൎമ്മണഃ	പാപകൃത്യത്തിന്നുള്ള
നിരയേഷു	നരകങ്ങളിൽ	പതനം	ആപത്ത്
ഫലം	അനുഭവം	ത്വാം	നിന്തിരുവടിയെ
യഥാ	എപ്രകാരമോ അപ്രകാരം,	ശീഘ്രം ഏവ	ഝടുതിയിൽതന്നെ
		അഭ്യുപേതം ഖലു.	അടുത്തുകളഞ്ഞുവല്ലോ.

പ്രഥമം വൈ മഹാരാജ കൃത്യമേതദചിന്തിതം
കേവലം വീൎയ്യദൎപ്പേണ നാനുബന്ധോ വിചാരിതഃ. 4

"മഹാരാജ!	"മഹാരാജാവേ!	അചിന്തിതം;	നിരൂപിക്കപ്പെടാതിരുന്നത്;
പ്രഥമം	ആദ്യംതന്നെ	അനുബന്ധഃ വൈ	അതിനാലുണ്ടാകുന്ന വൈഷമ്യവും
ഏതത് കൃത്യം,	ഈ കാൎയ്യം,	വിചാരിതഃ ന.	കൂട്ടാക്കപ്പെട്ടില്ല.
വീൎയ്യദൎപ്പേണ കേവലം	കൈയൂക്കും അഹങ്കാരവും കൊണ്ടുമാത്രമാണ്		

യഃ പശ്ചാത് പൂൎവ്വകാൎയ്യാണി കുൎയ്യാദൈശ്വൎയ്യമാസ്ഥിതഃ
പൂൎവ്വം ചാപരകാൎയ്യാണി ന സ വേദ നയാനയൌ. 5

"യഃ	"യാതൊരുവൻ	പൂൎവ്വം ച	ആദ്യവും
ഐശ്വൎയ്യം	പ്രഭുത്വത്തെ	കുൎയ്യാത്,	ചെയ്യുമോ,
ആസ്ഥിതഃ,	വഹിച്ചവനായി,	സഃ	അവൻ
പൂൎവ്വകാൎയ്യാണി	ആദ്യംചെയ്യേണ്ടവയെ	നയാനയൌ	നീതി, അനീതി എന്നവയെ
പശ്ചാത്	പിമ്പും,		
അപരകാൎയ്യാണി	പിമ്പുചെയ്യേണ്ടവയെ	വേദ ന.	അറിഞ്ഞവനല്ല.

ദേശകാലവിഹീനാനി കൎമ്മാണി വിപരീതവത്
ക്രിയമാണാനി ദുഷ്യന്തി ഹവീംഷ്യപ്രയതേഷ്വിവ 6

"ദേശകാലവിഹീനാനി	"തക്കദേശവും തക്കസമയവും നോക്കാതെ	അപ്രയതേഷു	വിശ്വാസമററ അപാത്രമായവരിൽ
വിപരീതവത്	തലകീഴായി	ഹവീംഷി ഇവ	ദാനാദിയജ്ഞങ്ങളെന്നപോലെ,
ക്രിയമാണാനി	ചെയ്യപ്പെടുന്ന		
കൎമ്മാണി,	കൃത്യങ്ങൾ,	ദുഷ്യന്തി.	ദോഷവത്തായ്തീരുന്നു.

ത്രയാണാം പഞ്ചധാ യോഗം കൎമ്മണാം യഃ പ്രപദ്യതേ
സചിവൈഃ സമയം കൃത്വാ സ സമ്യേ വൎത്തതേ പഥി 7

"യഃ	"യാതൊരുവൻ	പഞ്ചധാ-യോഗം	ആരംഭോപായം, പുരുഷദ്രവ്യസമ്പത്ത്, ദേശകാലവിഭാഗം, വിനിപാതപ്രതികാരം, കാൎയ്യസിദ്ധി, എന്ന അഞ്ചുപ്രകാരത്തിലുള്ള സംബന്ധത്തെ
സചിവൈഃ	മന്ത്രികളോടുംകൂടി		
സമയം കൃത്വാ	ആലോചിച്ച് ഒരു സിദ്ധാന്തത്തെനിശ്ചയിച്ച്		
ത്രയാണാം കൎമ്മണാം	ഉത്തമമായ യാനം, മദ്ധ്യമമായ സന്ധി, അധമമായ സമാശ്രയം എന്ന മൂന്നുമാതിരിയായ കൎമ്മങ്ങൾക്ക്	പ്രപദ്യതേ	കണ്ടു നടന്നുവരുന്നു
		സഃ	അവൻ [വോ
		സമ്യേ പഥി	സന്മാൎഗ്ഗത്തിൽ
		വൎത്തതേ.	വൎത്തിക്കുന്നു.

["ത്രയാണാം കൎമ്മണാം":— തനിക്ക് ശത്രുവിനെക്കാൾ ബലം കൂടിയിരിക്കെ ശത്രുവിനെ എതിൎക്കുന്നതു് ഉത്തമമായ യാനം; ബലം സമമാണെന്നാൽ ശത്രുവുമായി സമാധാനം ചെയ്തുകൊള്ളുന്നതു് മദ്ധ്യമമായ സന്ധി; ശത്രുബലം അധികരിച്ചതായാൽ ദാനാദികൾകൊണ്ടു് കീഴടങ്ങിയിരിക്കുന്നതു് അധമമായ സമാശ്രയം.

"പഞ്ചധാ യോഗം":— ഒരു കാൎയ്യത്തിലിറങ്ങുന്നതിന്നുമുമ്പു് അതിനെ എങ്ങിനെയാണ് തുടങ്ങേണ്ടതു് എന്നാലോചിക്കുന്നതു് ആരംഭോപായം; അതിനെ വേണ്ടപോലെ നടത്തുന്നതിന്നു തനിക്ക് വേണ്ടുന്ന ആളുകളും സാമഗ്രികളും മതിയാകുമോ എന്നിത്യാദി ആലോചിക്കുന്നതു് പുരുഷദ്രവ്യസമ്പത്തു്; തുടങ്ങുവാൻ പോകുന്ന കാൎയ്യം ദേശത്തിന്നും കാലത്തിന്നും അനുയോജിച്ചതോ എന്നു നോക്കുന്നതു് ദേശകാലവിഭാഗം; ഒരു കാൎയ്യം ആരംഭിച്ചാൽ അതു ഇടയിൽ വിഘ്നം വരാതെ നടത്തിക്കൊണ്ടുപോകുന്നതിന്നു വേണ്ടുന്നതിനെ ആലോചിക്കുന്നതു് വിനിപാതപ്രതീകാരം; കാൎയ്യത്തെ

പൂൎത്തിയാക്കാനുള്ള വഴി ആലോചിക്കുന്നതു് കാൎയ്യസിദ്ധി: ഇങ്ങിനെ മേല്പറഞ്ഞ ത്രിവിധങ്ങളായ കൎമ്മങ്ങൾക്ക് അഞ്ചു പ്രകാരത്തിലുള്ള സംബന്ധം.

അഥവാ, "ഉത്തമമദ്ധ്യമാധമഭാവംകൊണ്ടു് മൂന്നു പ്രകാരത്തിലുള്ള കൎമ്മങ്ങൾക്ക്, ദേശം, കാലം, പുരുഷൻ, ദ്രവ്യം, പ്രയോജനം എന്ന അഞ്ചു വിധത്തിലുള്ള സംബന്ധം" എന്നും (ഗോ. രാ.)]

യഥാഽഽഗമം ച യോ രാജാ സമയം വിചികീൎഷതി
ബുധ്യതേ സചിവാൻ ബുദ്ധ്യാ സുഹൃദശ്ചാനുപശ്യതി 8
ധൎമ്മമൎത്ഥം ച കാമം ച സൎവ്വാൻ വാ രക്ഷസാം പതേ
ഭജതേ പുരുഷഃ കാലേ ത്രീണി ദ്വന്ദ്വാനി വാ പുനഃ 9

"രക്ഷസാം പതേ!	"രാക്ഷസാധിപ!	ബുധ്യതേ,	ആലോചിച്ചറിയുന്നു,
യഃ	യാതൊരുവൻ	പുരുഷഃ ച	ആ പുരുഷൻതന്നെ
രാജാ	രാജാവായിരുന്നു്	ധൎമ്മം	ധൎമ്മത്തെയോ [യാണു്
യഥാഽഽഗമം	ശാസ്ത്രമുറപ്രകാരം	അൎത്ഥം ച	അൎത്ഥത്തെയോ
സമയം	കാൎയ്യനിശ്ചയം ചെയ്യേണമെന്നു്	കാമം വാ	കാമത്തെയോ
വിചികീൎഷതി,	ആഗ്രഹിക്കുന്നു,	ത്രീണി ദ്വന്ദ്വാനി പുനഃ	ഇവയിൽ മൂന്നുപ്രകാരത്തിലുള്ള ഈരണ്ടുകളേയോ
സചിവാൻ	മന്ത്രിമാരേയും	സൎവ്വാൻ വാ	ഇവ മൂന്നിനേയും എല്ലാമൊ
സുഹൃദഃ ച	വേണ്ടപ്പെട്ടവരെയും		
അനുപശ്യതി,	അനുസരിക്കുന്നു,	കാലേ	തക്കകാലത്തിൽ
ബുദ്ധ്യാ ച	സ്വബുദ്ധികൊണ്ടും	ഭജതേ.	പ്രാപിക്കുന്നതു്.

["ത്രീണി ദ്വന്ദ്വാനി" (ധൎമ്മാൎത്ഥങ്ങൾ, ധൎമ്മകാമങ്ങൾ, അൎത്ഥകാമങ്ങൾ എന്നിങ്ങിനെ മൂന്നു പ്രകാരത്തിൽ ഈരണ്ടു പുരുഷാൎത്ഥങ്ങൾ.)]

ത്രിഷു ചൈതേഷു യച്ഛ്രേഷ്ഠം ശ്രുത്വാ തന്നാവബുധ്യതേ
രാജാ വാ രാജമാത്രോ വാ വ്യൎത്ഥം തസ്യ ബഹുശ്രുതം. 10

"രാജാ വാ	"രാജാവാകട്ടെ	ശ്രേഷ്ഠം	ഉചിതമായതോ
രാജമാത്രഃ	രാജാവിനെ ചേൎന്നവനാകട്ടെ	തത്	അതിനെക്കുറിച്ചു്
ത്രിഷു	മൂന്നുപ്രകാരത്തിലുള്ളതായ	ശ്രുത്വാ,	കേട്ടശേഷം,
ഏതേഷു	മേല്പറഞ്ഞ യാനാദികൎമ്മങ്ങളിൽ	അവബുധ്യതേ ന വാ	ഉൾക്കൊള്ളാതിരിക്കുന്നുവോ
		തസ്യ	അപ്രകാരമുള്ള അവ[ന്റെ
		ബഹുശ്രുതം	ശാസ്ത്രാഭ്യാസം
യത്	യാതൊന്നു്	വ്യൎത്ഥം ച.	വ്യൎത്ഥംതന്നെയാണു്.

ഉപപ്രദാനം സാന്ത്വം വാ ഭേദം കാലേ ച വിക്രമം
യോഗം ച രക്ഷസാം ശ്രേഷ്ഠ താവുഭൌ ച നയാനയൌ 11
കാലേ ധൎമ്മാൎത്ഥകാമാൻ യഃ സംമന്ത്ര്യ സചിവൈഃ സഹ
നിഷേവേതാത്മവാൻ ലോകേ ന സ വ്യസനമാപ്നുയാത്. 12

"രക്ഷസാം ശ്രേഷ്ഠ! — "രാക്ഷസോത്തമ!
ലോകേ — ലോകത്തിൽ
കാലേ — തക്കകാലത്തിൽ
യഃ — യാതൊരുവൻ
സാന്ത്വം — സാമോപായത്തേയും
ഉപപ്രദാനം — ദാനത്തേയും
ഭേദം വാ — ഭേദത്തേയും
വിക്രമം ച — ദണ്ഡോപായത്തേയും
യോഗം ച, — ആരംഭോപായം മുതലായ അഞ്ചുവിധസംബന്ധത്തേയും,
നയാനയൌ — നീതി, അനീതി
തൌ ഉഭൌ — എന്ന രണ്ടിനേയും
ധർമ്മാർത്ഥകാമാൻ — ധർമ്മാർത്ഥകാമങ്ങളേയും
കാലേ — മുൻകൂട്ടിത്തന്നെ
സചിവൈഃ സഹ — മന്ത്രിമാരോടുംകൂടി
സംമന്ത്ര്യ — ആലോചിച്ച്
നിഷേവേത, — ആചരിക്കുമോ,
ആത്മവാൻ — ബുദ്ധിമാനായ
സഃ ച — അവൻതന്നെയാണ്
വ്യസനം ആപ്നുയാത് ന. — ആപത്തിൽ അകപ്പെടാതിരിക്കുക.

ഹിതാനുബന്ധമാലോച്യ കാര്യാകാര്യമിഹാത്മനഃ
രാജാ സഹാർത്ഥതത്വജ്ഞൈഃ സചിവൈഃ സ ഹി ജീവതി. 13

"ഇഹ — "ഈ ലോകത്തിൽ
കാര്യാകാര്യം — ചെയ്യാൻപാടുള്ളതിനെക്കുറിച്ചും അല്ലാത്തതിനെക്കുറിച്ചും
ആത്മനഃ — തനിക്ക്
ഹിതാനുബന്ധം — അഭിവൃദ്ധിക്കായുള്ളതിനെക്കുറിച്ചും
അർത്ഥതത്വജ്ഞൈഃ — ഗുണദോഷതത്വങ്ങളെ അറിയുന്നവരായ
സചിവൈഃ സഹ — മന്ത്രിമാരോടുകൂടി
ആലോച്യ, — ആലോചിക്കുന്ന
സഃ — അപ്രകാരമുള്ള
രാജാ ഹി — രാജാവുതന്നെയാണ്
ജീവതി. — സുഖമായിവാഴുന്നത്.

അനഭിജ്ഞായ ശാസ്ത്രാർത്ഥാൻ പുരുഷാഃ പശുബുദ്ധയഃ
പ്രാഗല്ഭ്യാദ്വക്തുമിച്ഛന്തി മന്ത്രേഷ്വഭ്യന്തരീകൃതാഃ. 14

"പശുബുദ്ധയഃ — "ആഹാരനിദ്രാദിസ്വാർത്ഥമായ മൃഗീയബുദ്ധികയ്യോണ്ട
പുരുഷാഃ, — ആളുകൾ,
ശാസ്ത്രാർത്ഥാൻ — ശാസ്ത്രതത്വങ്ങളെ
അനഭിജ്ഞായ, — ഗ്രഹിക്കാതെ,
മന്ത്രേഷു — മന്ത്രാലോചനകളിൽ
അഭ്യന്തരീകൃതാഃ, — ഉപദേശകർത്താക്കന്മാരാക്കപ്പെട്ടവരായി,
പ്രാഗല്ഭ്യാത് — ധാർഷ്ട്യത്താൽ
വക്തും ഇച്ഛന്തി. — ഉപദേശിപ്പാൻ നോക്കുന്നു.

അശാസ്ത്രവിദുഷാം തേഷാം ന കാര്യമഹിതം വചഃ
അർത്ഥശാസ്ത്രാനഭിജ്ഞാനാം വിപുലാം ശ്രിയമിച്ഛതാം. 15

"അശാസ്ത്രവിദുഷാം — "ശാസ്ത്രബോധമില്ലാത്തവരും
അർത്ഥശാസ്ത്രാനഭിജ്ഞാനാം — അർത്ഥശാസ്ത്രത്തെക്കുറിച്ച് ഒട്ടും അറിവില്ലാത്തവരുമായ
തേഷാം — അവരുടെ
അഹിതം — ആപത്കരമായ
വചഃ, — ഉപദേശം,
വിപുലാം — ധാരാളം
ശ്രിയം — സമ്പത്തിനെ
ഇച്ഛതാം — ആഗ്രഹിക്കുന്നവരായ രാജാക്കന്മാർക്ക്,
കാര്യം ന. — സ്വീകരിക്കത്തക്കതല്ല.

അഹിതം ച ഹിതാകാരം ധാർഷ്ട്യാജ്ജല്പന്തി യേ നരാഃ
അവേക്ഷ്യ മന്ത്രബാഹ്യാസ്തേ കർത്തവ്യാഃ കൃത്യദൂഷണാഃ. 16

"യേ	"യാതൊരു
നരാഃ,	നരന്മാർ,
ഹിതാകാരം	നല്ലതെന്നപോലെ തോന്നുന്നതും
അഹിതം ച	വാസ്തവത്തിൽ ആപത്കരമായുംഉള്ളതിനെ
ധാർഷ്ട്യാത്	ധൈൎയ്യമായി
ജല്പന്തി,	എടുത്തുപദേശിക്കുന്നവോ,
കൃത്യദൂഷണാഃ	കാൎയ്യങ്ങളെ കെടുക്കുന്നവരായ
തേ,	അവർ,
അവേക്ഷ്യ	സൂക്ഷിച്ച്
മന്ത്രബാഹ്യാഃ കർത്തവ്യാഃ.	മന്ത്രാലോചനയിൽ അവഗണിക്കപ്പെടേണ്ടവരാകുന്നു.

വിനാശയന്തോ ഭർത്താരം സഹിതാഃ ശത്രുഭിർബ്ബുധൈഃ
വിപരീതാനി കൃത്യാനി കാരയന്തീഹ മന്ത്രിണഃ. 17

"ഇഹ	"ഈ ലോകത്തിൽ
മന്ത്രിണഃ	മന്ത്രിമാർ
ബുധൈഃ	ബുദ്ധിമാന്മാരായ
ശത്രുഭിഃ	ശത്രുക്കളോട്
സഹിതാഃ,	ചേൎന്നവരായി,
ഭർത്താരം വിനാശയന്തഃ	സ്വാമിദ്രോഹികളായി
വിപരീതാനി കൃത്യാനി	വിരോധകാൎയ്യങ്ങളെ
കാരയന്തി.	ചെയ്യിക്കുന്നു.

താൻ ഭർത്താ മിത്രസംകാശാനമിത്രാൻ മന്ത്രനിർണ്ണയേ
വ്യവഹാരേണ ജാനീയാത് സചിവാനുപസംഹിതാൻ. 18

"ഭർത്താ	"ഒരു യജമാനൻ
മിത്രസംകാശാൻ	മിത്രന്മാരെപ്പോലെ വൎത്തിച്ചുകൊണ്ടു്
അമിത്രാൻ	ശത്രുക്കളായി
ഉപസംഹിതാൻ	തന്റെ അരികിൽ വൎത്തിക്കുന്ന
താൻ	ആ
സചിവാൻ	മന്ത്രിമാരെ
മന്ത്രനിർണ്ണയേ	മന്ത്രാലോചനസമയങ്ങളിൽ
വ്യവഹാരേണ	അവർ ഓരോ സംഗതികളെക്കുറിച്ചു് വ്യവഹരിക്കുന്നതിൽനിന്നു
ജാനീയാത്.	അറിഞ്ഞുകൊള്ളേണ്ടതാണു്.

ചപലസ്യേഹ കൃത്യാനി സഹസാനുപ്രധാവതഃ
ഛിദ്രമന്യേ പ്രപദ്യന്തേ ക്രൗഞ്ചസ്യ ഖമിവ ദ്വിജാഃ. 19

"ഇഹ,	"ഈ ലോകത്തിൽ
സഹസാ	വേണ്ടപോലെ ആലോചിക്കാതെ
കൃത്യാനി	കൃത്യങ്ങളിൽ
അനുപ്രധാവതഃ	ചെന്നുചാടുന്ന
ചപലസ്യ	ഒരു ചപലചിത്തന്റെ
ഛിദ്രം,	പഴുതിൽ,
അന്യേ	മററുള്ളവർ (ശത്രുക്കൾ)
ദ്വിജാഃ	പക്ഷികൾ
ക്രൗഞ്ചസ്യ ഖം ഇവ	ക്രൗഞ്ചദ്വാരത്തിലെന്നപോലെ
പ്രപദ്യന്തേ.	ചെന്നുകൂടുന്നു.

യോ ഹി ശത്രുമഭിജ്ഞായ നാഽഽത്മാനമഭിരക്ഷതി
അവാപ്നോതി ഹി സോഽനർത്ഥാൻ സ്ഥാനാച്ച വ്യവരോപ്യതേ 20

"യഃ	"യാതൊരുവൻ	സഃ	അവൻ
ശത്രും	ശത്രുവിനെ	അനർത്ഥാൻ ഹി	ആപത്തുകളെത്തന്നെ
അഭിജ്ഞായ ഹി	അറിഞ്ഞിട്ടുംകൂടി	അവാപ്നോതി;	പ്രാപിക്കുന്നു;
ആത്മാനം	തന്നെ	സ്ഥാനാത് ച	പദവിയിൽനിന്ന്
അഭിരക്ഷതി ന	രക്ഷിച്ചുകൊള്ളാതിരിക്കുന്നുവോ	വ്യവരോപ്യതേ.	ഭ്രംശിപ്പിക്കപ്പെടുകയും ചെയ്യുന്നു

യദുക്തമിഹ തേ പൂർവ്വം ക്രിയതാമനുജേന ച
തദേവ നോ ഹിതം കാർയ്യം യദിച്ഛസി ച തത് കുരു 21

"തേ	"നിന്തിരുവടിയോട്	ഹിതം	ഹിതകരവുമായ
പൂർവ്വം	ഇതിന്നുമുമ്പ്	കാർയ്യം ഏവ	കാർയ്യംതന്നെ
അനുജേന ച	അനുജനാലും	ക്രിയതാം;	ചെയ്യപ്പെടേണ്ടതാണ്;
ഇഹ	ഇക്കാർയ്യത്തിൽ	ച	ഇനി
യത്	യാതൊന്ന്	യത്	യാതൊന്ന്
ഉക്തം,	ഉപദേശിക്കപ്പെട്ടുവോ,	ഇച്ഛസി	നിന്തിരുവടി ഇച്ഛിക്കുന്നുവോ
തത്	അപ്രകാരമുള്ളതു	തത്	അതിനെ
നഃ	നമുക്ക്	കുരു."	ചെയ്യരുളിയാലും."

തത്തു ശ്രുത്വാ ദശഗ്രീവഃ കുംഭകർണ്ണസ്യ ഭാഷിതം
ഭ്രുകുടിം ചൈവ സംചക്രേ ക്രുദ്ധശ്ചൈനമഭാഷത. 22

ദശഗ്രീവഃ തു,	രാവണനാകട്ടെ,	ക്രുദ്ധഃ	കോപംമുഴുത്തവനായി
കുംഭകർണ്ണസ്യ	കുംഭകർണ്ണന്റെ	ഭ്രുകുടിം സംചക്രേ;	പുരികം ചുളിച്ചു;
തത്	ആ		
ഭാഷിതം	മൊഴി	ഏനം ഏവ	ഇവനോടും
ശ്രുത്വാ, ച ച	കേട്ട്, ഉടനെ	അഭാഷത.	ഇപ്രകാരം ഉരചെയ്തു.

മാന്യോ ഗുരുരിവാചാർയ്യഃ കിം മാം ത്വമനുശാസസി
കിമേവം വാക്ശ്രമം കൃത്വാ കാലേ യുക്തം വിധീയതാം. 23

"ഗുരുഃ	"ജ്യേഷ്ഠൻ	ഏവം	ഇങ്ങിനെ
ആചാർയ്യഃ ഇവ	ആചാർയ്യനാണെന്നുതന്നെ	വാക്ശ്രമം കൃത്വാ	നാവുവേദനിപ്പിച്ചിട്ട്
മാന്യഃ;	ബഹുമാനിക്കപ്പെടേണ്ടവനാണ്;	കിം?	എന്തുകാർയ്യം?
ത്വം	നീ	കാലേ	തത്കാലം
മാം	എനിക്ക്	യുക്തം	എന്തുചിതമോ അത്
അനുശാസസി കിം?	ഉപദേശിക്കയാണോ?	വിധീയതാം.	ചെയ്യപ്പെടട്ടെ.

വിഭ്രമാച്ചിത്തമോഹാദ്വാ ബലവീൎയ്യാശ്രയേണ വാ
നാഭിപന്നമിദാനീം യദ്വ്യൎത്ഥാസ്തസ്യ പുനഃ കഥാഃ. 24

"വിഭ്രമാത്	"കാമാദിവശത്താലൊ	അഭിപന്നം ന	മുമ്പ് ചെയ്യപ്പെട്ടില്ല[യോ
ചിത്തമോഹാത് വാ	ബുദ്ധിമോഹത്താലൊ	പുനഃ	വീണ്ടും
ബലവീൎയ്യാശ്രയേണ വാ	കൈയ്യൂക്കും പരാക്രമവുമാൎന്നതിനാലോ	ഇദാനീം	ഇപ്പോൾ
യത്	യാതൊന്ന്	തസ്യ കഥാഃ	അതിനെക്കുറിച്ചുള്ള വ്യവഹാരങ്ങൾ
		വ്യൎത്ഥാഃ.	നിഷ്ഫലംതന്നെ.

അസ്മിൻ കാലേ തു യദ്യുക്തം തദിദാനീം വിധീയതാം
ഗതം തു നാനുശോചന്തി ഗതം തു ഗതമേവ ഹി. 25

"അസ്മിൻ	"ഈ	ഗതം	കഴിഞ്ഞത്
കാലേ	സമയത്തിന്ന്	ഗതം ഏവ തു;	കഴിഞ്ഞുപോയതുതന്നെ;
യത്	യാതൊന്ന്		
യുക്തം	യുക്തമോ,	ഹി	അതിനാൽ
തത് തു	അതുതന്നെയാണ്	ഗതം തു	കഴിഞ്ഞതിനെക്കുറിച്ചു
ഇദാനീം	ഇപ്പോൾ	അനുശോചന്തി ന.	വിദ്വാന്മാർ ദുഃഖിക്കമാറില്ല.
വിധീയതാം;	ചെയ്യപ്പെടേണ്ടത്;		

മമാപനയജം ദോഷം വിക്രമേണ സമീകുരു
യദി ഖല്വസ്തി മേ സ്നേഹോ വിക്രമം വാഽവഗച്ഛസി 26
യദി വാ കാൎയ്യമേതത്തേ ഹൃദി കാൎയ്യതമം മതം. 27

"തേ	"നിനക്ക്	കാൎയ്യം	കാൎയ്യം
മേ	എന്റെപേരിൽ	കാൎയ്യതമം	അവശ്യംചെയ്യത്തക്ക[താണെന്ന്
സ്നേഹഃ ഖലു	വാസ്തവമായസ്നേഹം	ഹൃദി	മനസ്സിൽ
അസ്തി യദി,	ഉണ്ടെന്നിരിക്കിലും,	മതം യദി വാ,	ബോദ്ധ്യമുള്ളപക്ഷവും,
വിക്രമം	പരാക്രമമെന്നുള്ളതിനെ	മമ	എന്റെ
		അപനയജം	കുററംകൊണ്ടുളവായി[ട്ടുള്ള
അവഗച്ഛസി വാ,	നീ നല്ലപോലെ ഗ്രഹിച്ചിട്ടുണ്ടെന്നുള്ളപക്ഷ[വും,	ദോഷം	കോട്ടത്തെ
		വിക്രമേണ	പരാക്രമംകൊണ്ട്
ഏതത്	ഈ	സമീകുരു.	നീ ശരിയാക്കിയാലും.

സ സുഹൃദ്യോ വിപന്നാൎത്ഥം ദീനമഭ്യവപദ്യതേ
സ ബന്ധുൎയ്യോഽപനീതേഷു സാഹായ്യായോപകല്പതേ. 28

"യഃ,	"യാതൊരുവൻ,	സുഹൃത്;	ആപ്തമിത്രം;
വിപന്നാൎത്ഥം	കാൎയ്യങ്ങൾകെട്ടുപോയവനായി	യഃ	യാതൊരുവൻ
		അപനീതേഷു	അക്രമകൃത്യങ്ങളിലും
ദീനം	കുഴക്കിലിരിക്കുന്ന ഒരുവനെ	സാഹായ്യായ ഉപകല്പതേ	സഹായിക്കുന്നുവോ,
അഭ്യവപദ്യതേ	താങ്ങുന്നുവോ	സഃ	അവനാണ്
സഃ	അവനാണ്	ബന്ധുഃ."	ശരിയായബന്ധു."

തമേവം ബ്രുവാണം തു വചനം ധീരദാരുണം
രുഷ്ടോഽയമിതി വിജ്ഞായ ശനൈഃ ശ്ലക്ഷ്ണമുവാച ഹ. 29

അഥ	ആ സമയം	രുഷ്ടഃ,"	കോപിച്ചിരിക്കുന്നു,"
ഏവം വചനം	ഇപ്രകാരം വാക്യത്തെ	ഇതി വിജ്ഞായ,	എന്നറിഞ്ഞ്,
ധീരദാരുണം	ഉറപ്പോടും കടുതായും	തു	ഇക്കാൎയ്യത്തെക്കുറിച്ച്
ബ്രുവാണം	ഉരചെയ്യുന്നവനായ	ശനൈഃ	സാവധാനമായി
തം,	അവനെ,	ശ്ലക്ഷ്ണം	മയത്തിൽ
"അയം	"ഇവൻ	ഉവാച ഹ.	ഉരചെയ്യാൻ മുതിൎന്നു.

അതീവ ഹി സമാലക്ഷ്യ ഭ്രാതരം ക്ഷുഭിതേന്ദ്രിയം
കുംഭകൎണ്ണഃ ശനൈൎവാക്യം ബഭാഷേ പരിസാന്ത്വയൻ. 30

കുംഭകൎണ്ണഃ	കുംഭകൎണ്ണൻ	സമാലക്ഷ്യ,	കണ്ടറിഞ്ഞ്,
ഭ്രാതരം	ജ്യേഷ്ഠനെ	പരിസാന്ത്വയൻ	സമാധാനിപ്പിക്കുന്നവനായി
അതീവ ക്ഷുഭിതേന്ദ്രിയം ഹി	ഇന്ദ്രിയങ്ങൾ ഏററം കലങ്ങിയവനാണെന്നുതന്നെ	ശനൈഃ	പതുക്കെ
		വാക്യം ബഭാഷേ.	ഇപ്രകാരം ഉരചെയ്തു.

അലം രാക്ഷസരാജേന്ദ്ര സന്താപമുപപദ്യ തേ
രോഷം ച സംപരിത്യജ്യ സ്വസ്ഥോ ഭവിതുമൎഹസി. 31

"രാക്ഷസരാജേന്ദ്ര!	"രാക്ഷസരാജശ്രേഷ്ഠ!	സംപരിത്യജ്യ	വെടിഞ്ഞു
തേ സന്താപം ഉപപദ്യ അലം	നിന്തിരുവടി സന്താപം കയ്ക്കൊണ്ടതുമതി;	സ്വസ്ഥഃ ച	സ്വസ്ഥചിത്തനായി
രോഷം	കോപത്തെ	ഭവിതും അൎഹസി.	ഇരുന്നുകൊണ്ടാലും.

നൈതന്മനസി കൎത്തവ്യം മയി ജീവതി പാൎത്ഥിവ
തമഹം നാശയിഷ്യാമി യത്കൃതേ പരിതപ്യസേ. 32

"പാൎത്ഥിവ!	"മന്നവ!	യത്കൃതേ	യാതൊരുവൻനിമിത്തം
മയി ജീവതി,	ഞാൻ ജീവനോടിരിക്കെ,	പരിതപ്യസേ	നിന്തിരുവടി ദുഃഖിക്കുന്നുവോ
ഏതത്	ഇതൊന്നും	തം	അവനെ
മനസി	മനസ്സിൽ	അഹം	ഞാൻ
കൎത്തവ്യം ന;	വെച്ചിരിക്കേണ്ടതില്ല;	നാശയിഷ്യാമി.	നശിപ്പിക്കുന്നുണ്ട്.

അവശ്യം തു ഹിതം വാച്യം സൎവ്വാവസ്ഥം മയാ തവ
ബന്ധുഭാവാദഭിഹിതം ഭ്രാതൃസ്നേഹാച്ച പാൎത്ഥിവ. 33

"മയാ	"എന്നാൽ	വാച്യം തു;	ഉണൎത്തിക്കപ്പെടേണ്ടമുറയുണ്ട്;
തവ	നിന്തിരുവടിക്ക്	പാൎത്ഥിവ!	രാജാവേ!
സൎവ്വാവസ്ഥം	സൎവ്വപ്രകാരത്തിലും	ബന്ധുഭാവാത്	നന്മയെ ഉദ്ദേശിച്ചും
ഹിതം	ഹിതകരമായുള്ളത്	ഭ്രാതൃസ്നേഹാത് ച	സോദരസ്നേഹത്താലും
അവശ്യം	അവശ്യമായും	അഭിഹിതം.	പറയപ്പെട്ടതാണ്.

സദൃശം യത്തു കാലേസ്മിൻ കർത്തും സ്നിഗ്ദ്ധേന ബന്ധുനാ
ശത്രൂണാം കദനം പശ്യ ക്രിയമാണം മയാ രണേ. 34

“സ്നിഗ്ദ്ധേന	“സ്നേഹമുള്ള	ശത്രൂണാം കദനം തു	അപ്രകാരമുള്ള ശത്രുധ്വംസനംതന്നെ,
ബന്ധുനാ മയാ,	ഭ്രാതാവായ എന്നാൽ,	രണേ	പോരിൽ
അസ്മിൻ കാലേ	ഈ സമയത്തിൽ	ക്രിയമാണം	ചെയ്യപ്പെടുന്നതായി
യത്	യാതൊന്ന്	പശ്യ.	കണ്ടുകൊൾക.
കർത്തും സദൃശം,	ചെയ്യത്തക്കതാ,		

അദ്യ പശ്യ മഹാബാഹോ മയാ സമരമൂർദ്ധനി
ഹതേ രാമേ സഹ ഭ്രാത്രാ ദ്രവന്തീം പരവാഹിനീം. 35

“മഹാബാഹോ!	“കൈയൂക്കുള്ളവനേ!	ഭ്രാത്രാ സഹ	അനുജനോടുംകൂടി
അദ്യ	ഇതാ	ഹതേ,	വധിക്കപ്പെട്ട ഉടനെ
സമരമൂർദ്ധനി	പടത്തലയ്ക്കൽ	പരവാഹിനീം	ശത്രുസൈന്യത്തെ
മയാ	എന്നാൽ	ദ്രവന്തീം	ഓടിപ്പോകുന്നതായി
രാമേ	രാമൻ	പശ്യ.	കണ്ടുകൊൾക.

അദ്യ രാമസ്യ തദ് ദൃഷ്ട്വാ മയാഽഽനീതം രണാച്ഛിരഃ
സുഖീ ഭവ മഹാബാഹോ സീതാ ഭവതു ദുഃഖിതാ 36

മഹാബാഹോ!	“വീര്യശാലിയായവനേ!	തത് ശിരഃ	ആ ശിരസ്സിനെ
അദ്യ	ഇപ്പോൾ	ദൃഷ്ട്വാ,	കണ്ടതിൽപിന്നെ,
മയാ	എന്നാൽ	സുഖീ ഭവ;	സുഖമായി വാണാലും;
രണാത്	പോർചെയ്തു	സീതാ	സീത
ആനീതം	കൊണ്ടുവരപ്പെട്ടതായ	ദുഃഖിതാ ഭവതു.	ദുഃഖത്തെയും പ്രാപിക്കട്ടെ.
രാമസ്യ	രാമന്റെ		

അദ്യ രാമസ്യ പശ്യന്തു നിധനം സുമഹത്പ്രിയം
ലങ്കായാം രാക്ഷസാഃ സർവ്വേ യേ തേ നിഹതബാന്ധവാഃ. 37

“ലങ്കായാം	“ലങ്കയിൽ	അദ്യ	ഇപ്പോൾ
യേ	യാതൊരു	സുമഹത്പ്രിയം	അത്യന്തം പ്രിയമായ
രാക്ഷസാഃ	രാക്ഷസർ	രാമസ്യ	ശ്രീരാമന്റെ
നിഹത-ബാന്ധവാഃ	ബന്ധുക്കൾ കൊല്ലപ്പെട്ടവരായുണ്ടോ,	നിധനം	നാശത്തെ
തേ സർവ്വേ	അവരെല്ലാം,	പശ്യന്തു.	കണ്ടുകൊള്ളട്ടെ.

അദ്യ ശോകപരീതാനാം സ്വബന്ധുവധകാരണാത്
ശത്രോര്യുധി വിനാശേന കരോമ്യസ്രുപ്രമാർജ്ജനം. 38

“അദ്യ യുധി	“ഇപ്പോൾ പോരിൽ	ശോക-പരീതാനാം	ദുഃഖത്താൽ പരിതപിക്കുന്നവരുടെ
ശത്രോഃ	ശത്രുവിന്റെ	അസ്രുപ്രമാർജ്ജനം കരോമി.	കണ്ണീരിനെ ഞാൻ തുടയ്ക്കുന്നുണ്ട്.
വിനാശേന,	നാശത്താൽ,		
സ്വബന്ധു-വധകാരണാത്	സ്വന്തം ബന്ധുക്കൾ കൊല്ലപ്പെട്ടതുകൊണ്ടുള്ള		

അദ്യ പൎവ്വതസംകാശം സസൂൎയ്യമിവ തോയദം
വികീൎണ്ണം പശ്യ സംഗരേ സുഗ്രീവം പ്ലവഗോത്തമം. 39

"പൎവ്വത-സംകാശം	"പൎവ്വതാകാരനും
പ്ലവഗോത്തമം	വാനരോത്തമനുമായ
സുഗ്രീവം	സുഗ്രീവനെ
അദ്യ	ഇപ്പോൾ
സംഗരേ,	പോരിൽ
സസൂൎയ്യം	സൂൎയ്യനോടുകൂടിയ
തോയദം ഇവ	മേഘത്തെ എന്നപോലെ
വികീൎണ്ണം	ചിതറിയവനായി
പശ്യ.	കണ്ടുകൊൾക.

കഥം ത്വം രാക്ഷസൈരേഭിൎമ്മയാ ച പരിരക്ഷിതഃ
ജിഘാംസുഭിൎദ്ദാശരഥിം വധ്യസേ ത്വമിഹാനഘ. 40

"അനഘ!	"കുററമററുള്ളവനേ!
ത്വം	നിന്തിരുവടി
ദാശരഥിം	ദശരഥപുത്രനെ
ജിഘാംസുഭിഃ	വധിപ്പാൻ കൊതിപ്പുണ്ട
ഏഭിഃ	ഈ
രാക്ഷസൈഃ	രാക്ഷസരാലും
മയാ ച	എന്നാലും
പരിരക്ഷിതഃ	നല്ലപോലെ കാക്കപ്പെട്ടവനായിരിക്കുന്നുണ്ടു്;
ഇഹ	ഇപ്പോൾ
ത്വം	നിന്തിരുവടി
കഥം	എങ്ങിനെയാണു്
വധ്യസേ?	അവനാൽ വധിക്കപ്പെടുക?

അഥ പൂൎവ്വം ഹതേ തേന മയി ത്വാം ഹന്തി രാഘവഃ
നാഹമാത്മനി സന്താപം ഗച്ഛേയം രാക്ഷസാധിപ. 41

"രാക്ഷസാധിപ!	"രാക്ഷസേശ്വര!
പൂൎവ്വം	ആദ്യം
മയി	ഞാൻ
തേന	അവനാൽ
ഹതേ അഥ	കൊല്ലപ്പെട്ടശേഷം മാത്രമെ
രാഘവഃ	രാമൻ
ത്വാം	നിന്തിരുവടിയെ
ഹന്തി;	വധിക്കയുള്ളു;
അഹം	ഞാൻ
ആത്മനി	എന്റെ സംഗതിയിൽ
സന്താപം ന ഗച്ഛേയം.	ദുഃഖിക്കുന്നതേയില്ല.

കാമം ത്വിദാനീമപി മാം വ്യാദിശ ത്വം പരന്തപ
ന പരഃ പ്രേഷണീയസ്തേ യുദ്ധായാതുലവിക്രമ. 42

"അതുലവിക്രമ!	"നിസ്തുല്യപരാക്രമശാലിയായവനേ!
കാമം;	അതിരിക്കട്ടെ;
ത്വം	നിന്തിരുവടി
ഇദാനീം തു	ഇക്ഷണം തന്നെ
മാം അപി	എന്നെ ഒററയ്ക്കു്
യുദ്ധായ	പോരിന്നായി
വ്യാദിശ;	പറഞ്ഞയച്ചാലും;
പരന്തപ!	ശത്രുനാശന!
പരഃ	മററാരും
തേ	നിന്തിരുവടിയാൽ
പ്രേഷണീയഃ ന.	പറഞ്ഞയക്കപ്പെടേണ്ടതില്ല.

അഹമുത്സാദയിഷ്യാമി ശത്രൂംസ്തവ മഹാബല. 43

"മഹാബല!	"ശക്തിമാനായവനേ!	ശത്രൂൻ	ശത്രുക്കളെ
അഹം	ഞാൻ		
തവ	നിന്തിരുവടിയുടെ	ഉത്സാദയിഷ്യാമി.	വേരറുക്കുന്നുണ്ട്.

യദി ശക്രോ യദി യമോ യദി പാവകമാരുതൌ
താനഹം യോധയിഷ്യാമി കുബേരവരുണാവപി. 44

"ശക്രഃ യദി	"ഇന്ദ്രനായാലും വേണ്ടതില്ല,	കുബേരവരുണൌ	കുബേരനും വരുണനുമായാലും വേണ്ടതില്ല,
യമഃ യദി	യമനായാലും വേണ്ടതില്ല,	താൻ അപി	അവരേയും
		അഹം	ഞാൻ
പാവകമാരുതൌ യദി	അഗ്നിയും, വായുവും ആയാലും വേണ്ടതില്ല,	യോധയിഷ്യാമി.	എതിർത്തു പൊരുതാം.

ഗിരിമാത്രശരീരസ്യ ശിതശൂലധരസ്യ മേ
നർദ്ദതസ്തീക്ഷ്ണദംഷ്ട്രസ്യ ബിഭീയാച്ച പുരന്ദരഃ. 45

"ഗിരിമാത്രശരീരസ്യ	"പർവ്വതതുല്യകായനും	മേ	ഞാൻ
		നർദ്ദതഃ,	അലറുമ്പോൾ,
ശിതശൂലധരസ്യ	കൂർത്തശൂലം ധരിച്ചവനും	പുരന്ദരഃ ച	ഇന്ദ്രനും
തീക്ഷ്ണദംഷ്ട്രസ്യ	ഉഗ്രമായ തേററകളുള്ളവനുമായ	ബിഭീയാത്	ഭീതികൈക്കൊള്ളുന്നതാണ്.

അഥവാ ത്യക്തശസ്ത്രസ്യ മൃദ്നതസ്തരസാ രിപൂൻ
ന മേ പ്രതിമുഖേ സ്ഥാതും കശ്ചിച്ഛക്തോ ജിജീവിഷുഃ. 46

"അഥവാ,	"അല്ലെന്നാൽതന്നെ,	മേ	എന്റെ
ത്യക്തശസ്ത്രസ്യ	ആയുധങ്ങളെ വിട്ടെറിഞ്ഞു്	പ്രതിമുഖേ	എതിരിൽ
		സ്ഥാതും,	നില്ക്കുന്നതിന്ന്,
തരസാ	കൈയ്യൂക്കുകൊണ്ടു്	ജിജീവിഷുഃ	ജീവനിൽ കൊതിയുള്ളവൻ
രിപൂൻ	ശത്രുക്കളെ	കശ്ചിത്	ഒരുവനും
മൃദ്നതഃ	ചമ്മന്തിയാക്കുന്ന	ശക്തഃ ന	ശക്തനാകയില്ല.

നൈവ ശക്ത്യാ ന ഗദയാ നാസിനാ നിശിതൈഃ ശരൈഃ
ഹസ്താഭ്യാമേവ സംരബ്ധോ ഹനിഷ്യാമ്യപി വജ്രിണം. 47

"ശക്ത്യാ ഏവ ന;	"വേൽകൊണ്ടല്ല;	സംരബ്ധഃ	ക്രുദ്ധിച്ചാൽ
ഗദയാ ന;	ഗദകൊണ്ടല്ല;	ഹസ്താഭ്യാം ഏവ	ഇരുകൈകൾകൊണ്ടു തന്നെ
അസിനാ	വാൾകൊണ്ടും	വജ്രിണം അപി	ഇന്ദ്രനേയുംകൂടി
നിശിതൈഃ	കൂർത്ത		
ശരൈഃ ന;	ബാണങ്ങൾകൊണ്ടുമല്ല;	ഹനിഷ്യാമി.	ഞാൻ കൊന്നുകളയുന്നതാണ്

യദി മേ മുഷ്ടിവേഗം സ രാഘവോഽദ്യ സഹിഷ്യതേ
തതഃ പാസ്യന്തി ബാണൌഘാ രുധിരം രാഘവസ്യ തു. 48

"സഃ	"ആ	സഹിഷ്യതേ യദി,	സഹിക്കുമെന്നുവന്നാൽ,
രാഘവഃ	രാമൻ	തതഃ	പിന്നെ
അദ്യ	ഇപ്പോൾ	ബാണൌഘാഃ	ബാണതതികൾ
മേ	എന്റെ	രാഘവസ്യ	രാമന്റെ
മുഷ്ടിവേഗം തു	മുഷ്ടികളുടെ ഊക്കിനേയും	രുധിരം	രക്തത്തെ
		പാസ്യന്തി.	പാനംചെയ്യുന്നതാണ്.

അചിന്തയിത്വാ ബാണൌഘാൻ രുധിരം രാഘവസ്യ ച
ലക്ഷ്മണസ്യ ച പാസ്യാമി ചിരകാലം പിപാസിതഃ. 49

"ചിരകാലം	"ഏറെക്കാലമായി	അചിന്തയിത്വാ,	വകവെക്കാതെ,
പിപാസിതഃ,	ദാഹിച്ചിരിക്കുന്നവനായ ഞാൻ,	രാഘവസ്യ ച	രാഘവന്റെയും
ബാണൌഘാൻ	ശരനിരകളെക്കുറിച്ചുതന്നെ	ലക്ഷ്മണസ്യ ച	ലക്ഷ്മണന്റെയും
		രുധിരം	രക്തത്തെ
		പാസ്യാമി.	കുടിച്ചുകളയാം.

ചിന്തയാ ബാധ്യസേ രാജൻ കിമർത്ഥം മയി തിഷ്ഠതി
സോഽഹം ശത്രുവിനാശായ തവ നിര്യാതുമുദ്യതഃ. 50

"രാജൻ!	"രാജാവേ!	അഹം,	ഞാൻ,
മയി തിഷ്ഠതി,	ഞാനിരിക്കെ,	തവ	നിന്തിരുവടിയുടെ
കിമർത്ഥം	എന്തിന്നായിട്ടാണ്	ശത്രുവിനാശായ	ശത്രുക്കളെ നാശംചെയ്യാനായി
ചിന്തയാ ബാധ്യസേ?	വിചാരപ്പെട്ടുഴലുന്നത്?	നിര്യാതും ഉദ്യതഃ.	പുറപ്പെട്ടുകഴിഞ്ഞു.
സഃ	അപ്രകാരമുള്ള		

മുഞ്ച രാമാദ്ഭയം രാജൻ ഹനിഷ്യാമീഹ സംയുഗേ
രാഘവം ലക്ഷ്മണം ചൈവ സുഗ്രീവം ച മഹാബലം
ഹനുമന്തം ച രക്ഷോഘ്നം ലങ്കാ യേന പ്രദീപിതാ. 51

"രാജൻ!	"രാജാവേ	യേന	യാതൊരുവനാൽ
രാമാത്	രാമങ്കൽനിന്നുള്ള	ലങ്കാ	ലങ്ക
ഭയം	ഭീതിയെ	പ്രദീപിതാ,	തീവെക്കപ്പെട്ടുവോ,
മുഞ്ച;	വെടിഞ്ഞാലും;	രക്ഷോഘ്നം	രാക്ഷസഘാതിയും
സംയുഗേ	പോരിൽ	മഹാബലം	മഹാബലവാനുമായ
രാഘവം	രാമനെയും	ഹനുമന്തം ച	ആ ഹനുമാനേയും
ലക്ഷ്മണം ച	ലക്ഷ്മണനേയും	ഇഹ ഏവ	ഇപ്പോൾതന്നെ
സുഗ്രീവം ച	സുഗ്രീവനേയും	ഹനിഷ്യാമി.	ഞാൻ കൊന്നുകളയുന്നുണ്ട്.

ഹരീംശ്ചാപി ഹനിഷ്യാമി സംയുഗേ സമവസ്ഥിതാൻ
അസാധാരണമിച്ഛാമി തവ ദാതും മഹദ്യശഃ. 52

"സംയുഗേ	"പോരിൽ
സമവസ്ഥിതാൻ	എതിൎത്തുനില്ക്കുന്ന
ഹരീൻ അപി	വാനരന്മാരെയും
ഹനിഷ്യാമി;	ഞാൻ ഹനിക്കുന്നുണ്ടു്;
ച	അതിനാൽ
തവ	നിന്തിരുവടിക്കു്
അസാധാരണം	അനന്യസാധാരണമായുള്ള
മഹത് യശഃ	വലുതായ പുകഴും
ദാതും	വരുത്തുവാൻ
ഇച്ഛാമി.	ഞാൻ ഇച്ഛിക്കുന്നു.

യദി ചേന്ദ്രാദ്ഭയം രാജൻ യദി വാഽപി സ്വയംഭുവഃ
തത്തേഽഹം നാശയിഷ്യാമി നൈശം തമ ഇവാംശുമാൻ. 53

"രാജൻ!	"മഹാരാജാവേ!
തേ	നിന്തിരുവടിക്കു്
ഇന്ദ്രാത്	ഇന്ദ്രങ്കൽനിന്നു്
ഭയം യദി ച	ആപത്തുനേരിടുന്നാലും
സ്വയംഭുവഃ യദി വാ,	ബ്രഹ്മദേവങ്കൽനിന്നായാലും,
തത് അപി,	അതെല്ലാം,
അംശുമാൻ	സൂൎയ്യൻ
നൈശം	രാത്രിയിലെ
തമഃ ഇവ,	ഇരുളിനെയെന്നപോലെ,
അഹം	ഞാൻ
നാശയിഷ്യാമി.	നശിപ്പിക്കുന്നുണ്ടു്.

അപി ദേവാഃ ശയിഷ്യന്തേ ക്രുദ്ധേ മയി മഹീതലേ
യമം ച ശമയിഷ്യാമി ഭക്ഷയിഷ്യാമി പാവകം
ആദിത്യം പാതയിഷ്യാമി സനക്ഷത്രം മഹീതലേ. 54

"മയി	"ഞാൻ
ക്രുദ്ധേ,	കോപിച്ചാൽ
ദേവാഃ അപി	ദേവന്മാരും
മഹീതലേ	ഭൂമിയിൽ
ശയിഷ്യന്തേ;	വീഴ്ത്തപ്പെടുന്നതാണു്;
യമം	യമനെ
ശമയിഷ്യാമി;	ഞാൻ അടക്കിക്കളയും;
പാവകം	അഗ്നിദേവനെ
ഭക്ഷയിഷ്യാമി;	വിഴുങ്ങിക്കളയാം;
ആദിത്യം ച	സൂൎയ്യനേയും
സനക്ഷത്രം	നക്ഷത്രങ്ങളടക്കം
മഹീതലേ	ഭൂമിയിൽ
പാതയിഷ്യാമി.	വീഴ്ത്തിക്കളയാം.

ശതക്രതും വധിഷ്യാമി പാസ്യാമി വരുണാലയം
പൎവ്വതാംശ്ചൂൎണ്ണയിഷ്യാമി ദാരയിഷ്യാമി മേദിനീം. 55

"ശതക്രതും	"ഇന്ദ്രനെ
വധിഷ്യാമി;	ഞാൻ കൊന്നുകളയാം;
വരുണാലയം	സമുദ്രത്തെ
പാസ്യാമി;	കുടിച്ചുകളയും;
പൎവ്വതാൻ	മലകളെ
ചൂൎണ്ണയിഷ്യാമി;	പൊടിയാക്കിക്കളയാം;
മേദിനീം	ഭൂമിയെ
ദാരയിഷ്യാമി.	പിളൎന്നുകളയാം.

ദീൎഘകാലം പ്രസുപ്തസ്യ കുംഭകൎണ്ണസ്യ വിക്രമം
അദ്യ പശ്യന്തു ഭൂതാനി ഭക്ഷ്യമാണാനി സൎവ്വശഃ. 56

"ദീൎഘകാലം	"എത്രയോ കാലമായി	അദ്യ	ഇപ്പോൾ
പ്രസുപ്തസ്യ	ഉറങ്ങിക്കിടന്നിരുന്ന	ഭക്ഷ്യമാണാനി	വിഴുങ്ങപ്പെടുന്ന
		സൎവ്വശഃ	എല്ലാ
കുംഭകൎണ്ണസ്യ	കുംഭകൎണ്ണന്റെ	ഭൂതാനി	പ്രാണികളും
വിക്രമം	പരാക്രമത്തെ	പശ്യന്തു.	കണ്ടുകൊള്ളട്ടെ.

നന്വിദം ത്രിദിവം സൎവ്വമാഹാരസ്യ ന പൂൎയ്യതേ. 57

"നനു	"ഇപ്പോൾ,	സൎവ്വം	മുഴുവനും,
ഇദം	ഈ	ആഹാരസ്യ	ഇരയ്ക്കു്
ത്രിദിവം	ത്രൈലോക്യം	പൂൎയ്യതേ ന.	മതിയാകയില്ല.

വധേന തേ ദാശരഥേഃ സുഖാൎഹം സുഖം സമാഹൎത്തുമഹം വ്രജാമി
നിഹത്യ രാമം സഹ ലക്ഷ്മണേന ഖാദാമി സൎവ്വാൻ ഹരിയൂഥമുഖ്യാൻ. 58

"അഹം	"ഞാൻ	ലക്ഷ്മണേന സഹ,	ലക്ഷ്മണനോടും കൂടി
ദാശരഥേഃ	രാമന്റെ		
വധേന,	വധത്താൽ	രാമം	രാമനേയും
തേ	നിന്തിരുവടിക്കു്	ഹരിയൂഥ-മുഖ്യാൻ	വാനരപ്പടത്തലവന്മാർ
സുഖാൎഹം	ഐശ്വൎയ്യത്തിന്നു തക്ക[തായ		
സുഖം	സുഖത്തെ	സൎവ്വാൻ	എല്ലാവരേയും
സമാഹൎത്തും	വിളയിപ്പാനായി	നിഹത്യ	കൊന്നു്
വ്രജാമി;	ഇതാ പോകയാണു്;	ഖാദാമി.	തിന്നുകളയുന്നുണ്ടു്.

രമസ്വ കാമം പിബ ചാഗ്ര്യവാരുണീം
കുരുഷ്വ കൃത്യാനി വിനീയതാം ജ്വരഃ
മയാദ്യ രാമേ ഗമിതേ യമക്ഷയം
ചിരായ സീതാ വശഗാ ഭവിഷ്യതി. 59

"കാമം	"ഇഷ്ടം പോലെ	വിനീയതാം;	വിട്ടൊഴിക്കപ്പെടട്ടെ;
രമസ്വ;	സുഖിച്ചുകൊണ്ടാലും;	മയാ	എന്നാൽ
അഗ്ര്യ-വാരുണീം ച	നല്ല മദ്യത്തെയും	അദ്യ	ഇപ്പോൾ
		രാമേ	രാമൻ
പിബ;	പാനംചെയ്തുകൊണ്ടാലും;	യമക്ഷയം	യമപുരത്തിലേക്കു്
		ഗമിതേ,	അയക്കപ്പെട്ടാൽ,
കൃത്യാനി	പതിവായി നടത്തുന്ന കൃത്യങ്ങളെ	സീതാ	സീത
		ചിരായ	കാലക്രമത്തിൽ
കുരുഷ്വ;	നടത്തിക്കൊൾക	വശഗാ ഭവിഷ്യതി.	വശഗയായ്ത്തീരുന്നതാണു്.
ജ്വരഃ	മനോവിചാരം		

ഇത്യാൎഷേ ശ്രീമദ്രാമായണേ വാല്മീകീയേ ആദികാവ്യേ യുദ്ധകാണ്ഡേ
ത്രിഷഷ്ടിതമഃ സൎഗ്ഗഃ = അറുപത്തിമൂന്നാംസൎഗ്ഗം സമാപ്തം.

ആദ്യം മുതൽ ശ്ലോകസംഖ്യ 17401; യുദ്ധകാണ്ഡം ആദ്യം മുതൽ ശ്ലോകസംഖ്യ 2726.

ചതുഃഷഷ്ടിതമഃ സൎഗ്ഗഃ = അറുപത്തിനാലാംസൎഗ്ഗം.

[മഹോദരവാക്യം = മഹോദരന്റെ വാക്യം.]

തദുക്തമതികായസ്യ ബലിനോ ബാഹുശാലിനഃ
കുംഭകൎണ്ണസ്യ വചനം ശ്രുത്വോവാച മഹോദരഃ. 1

മഹോദരഃ,	മഹോദരൻ,	കുംഭകൎണ്ണസ്യ	കുംഭകൎണ്ണന്റെ
അതികായസ്യ	പൃഥുശരീരനും	തത്	ആ
ബാഹുശാലിനഃ	ഊക്കൻ കൈകളാൎന്നവനും	ഉക്തം	വാക്കു്
		ശ്രുത്വാ,	കേട്ടു്,
ബലിനഃ	ബലവാനുമായ	വചനം ഉവാച.	ഇപ്രകാരം ഉരചെയ്തു.

കുംഭകൎണ്ണ കുലേ ജാതോ ധൃഷ്ടഃ പ്രാകൃതദൎശനഃ
അവലിപ്തോ ന ശക്നോഷി കൃത്യം സൎവ്വത്ര വേദിതും. 2

"കുംഭകൎണ്ണ!	"കുംഭകൎണ്ണ!	അവലിപ്തഃ,	അഹംഭാവംമുഴുത്തവനായ അങ്ങു്,
കുലേ	മാന്യകുലത്തിൽ	സൎവ്വത്ര	എല്ലാററിലും
ജാതഃ	ജനിച്ചവനും	കൃത്യം	ചെയ്യപ്പെടുവാൻതക്കതെന്തെന്നു്
ധൃഷ്ടഃ	വീമ്പുപറയുന്നവനും	വേദിതും	അറിയുന്നതിന്നു്
പ്രാകൃതദൎശനഃ	അല്പബുദ്ധിയുള്ളവനും	ന ശക്നോഷി.	ശക്തിയുള്ളവനല്ല.

ന ഹി രാജാ ന ജാനീതേ കുംഭകൎണ്ണ നയാനയൌ
ത്വം തു കൈശോരകാദ്ധൃഷ്ടഃ കേവലം വക്തുമിച്ഛസി 3

"കുംഭകൎണ്ണ!	"കുംഭകൎണ്ണ!	കൈശോരാത് കേവലം	ചെറുപ്പത്തിന്റെ തള്ളിച്ചകൊണ്ടുമാത്രം
രാജാ ഹി	രാജാവാണെങ്കിൽ	ധൃഷ്ടഃ	വരുംവരായ്മയെ ഗണിക്കാതെ
നയാനയൌ	നീതി, അനീതി എന്നവയെപ്പററി		
ന ജാനീതേ ന;	അറിവില്ലാത്തവനല്ല;	വക്തും	ഉപദേശിപ്പാൻ
ത്വം തു,	അങ്ങാകട്ടെ	ഇച്ഛസി.	തുനിയുന്നു.

സ്ഥാനം വൃദ്ധിം ച ഹാനിം ച ദേശകാലവിഭാഗവിത്
ആത്മനശ്ച പരേഷാം ച ബുദ്ധ്യതേ രാക്ഷസൎഷഭഃ. 4

"ദേശകാലവിഭാഗവിത്	"തക്കദേശം, തക്കകാലം എന്നവയെപ്പററി നന്നായറിവുള്ള	പരേഷാം ച	ശത്രുക്കളുടേയും
		വൃദ്ധിം ച	മേന്മയെക്കുറിച്ചും
		ഹാനിം ച	താഴ്മയെക്കുറിച്ചും
രാക്ഷസൎഷഭഃ,	രക്ഷോനായകൻ,	സ്ഥാനം	സാമ്യതയെക്കുറിച്ചും
ആത്മനഃ ച	തന്റെയും	ബുദ്ധ്യതേ.	നല്ലപോലെ അറിയുന്നു.

യത് ത്വശക്യം ബലവതാ കർത്തും പ്രാകൃതബുദ്ധിനാ
അനുപാസിതവൃദ്ധേന കഃ കുര്യാത് താദൃശം ബുധഃ. 5

“അനുപാസി-തവൃദ്ധേന	“യോഗ്യന്മാരാൽ ശിക്ഷചെയ്യപ്പെടാത്തവനും	യത്	യാതൊന്ന്
പ്രാകൃത-ബുദ്ധിനാ തു	നിസ്സാരബുദ്ധിയും ആണെന്നാലും,	കർത്തും അശക്യം,	ചെയ്യപ്പെടുവാൻ പാടില്ലാത്തതോ,
ബലവതാ	ബലവാനായ ഒരുവനാൽ	താദൃശം	അപ്രകാരമുള്ളതിനെ
		ബുധഃ	ബുദ്ധിയുള്ള
		കഃ	ഏതൊരുവനാണ്
		കുര്യാത്.	ചെയ്യാൻ തുനിയുക?

[“ലോകത്തിൽ കുബുദ്ധിയായ ഒരുവനാലുംകൂടി ചെയ്യപ്പെടുവാൻ പാടില്ലാത്ത കൃത്യത്തെ, പ്രാജ്ഞനായ രാവണൻ എങ്ങിനെ ചെയ്യും? സീതയെ തിരിയെ കൊടുപ്പാൻ നീ പറയുന്നതു, മൂഢനാണെന്നാലും ഒരു ബലവാനായവൻ ചെയ്യാത്ത കൃത്യമാണ്. പിന്നെ രാവണൻ എങ്ങിനെ ചെയ്യും? എന്നു സാരം.]

യാംസ്തു ധർമ്മാർത്ഥകാമാംസ്ത്വം ബ്രവീഷി പൃഥഗാശ്രയാൻ
അനുബോദ്ധും സ്വഭാവേ താൻ ന ഹി ലക്ഷണമസ്തി തേ. 6

“ത്വം	“അങ്ങ്,	ബ്രവീഷി,	ഉരചെയ്യുന്നുവോ,
യാൻ	യാതൊരു	താൻ	അപ്രകാരമുള്ള അവയെ
ധർമ്മാർത്ഥ-കാമാൻ	ധർമ്മം, അർത്ഥം, കാമം, എന്നവയെക്കുറിച്ച്	സ്വഭാവേ	വാസ്തവമായി[ക്കുറിച്ച്
		അനുബോദ്ധും,	അറിവാൻ,
പൃഥ-ഗാശ്രയാൻ	വെവ്വേറെയുള്ള കാലങ്ങൾക്ക് ഉചിതമായവയാണെന്ന്	തേ തു	അങ്ങേയ്ക്കാകട്ടെ
		ലക്ഷണം അസ്തി ന ഹി.)	യാതൊരു യോഗ്യതയും ഇല്ല.

[അങ്ങ് ഉറങ്ങിക്കാലം കഴിക്കുന്നവനാകകൊണ്ട് ധർമ്മാർത്ഥകാമങ്ങളെക്കുറിച്ച് സ്വാനുഭാവം കൊണ്ട് ഒന്നും പറവാനുള്ള യോഗ്യതയില്ല. എന്നു സാരം.

ധർമ്മം ഹിതത്തിന്നും, അധർമ്മം അഹിതത്തിന്നും കാരണഭൂതമാണെന്നുള്ളതിനെ അടിസ്ഥാനപ്പെടുത്തിക്കൊണ്ട് “ശീഘ്രം ഖല്വഭ്യുപേതം ത്വാം ഫലം പാപസ്യ കർമ്മണഃ” (പാപകർമ്മത്തിന്റെ ഫലം വേഗത്തിൽ അങ്ങയ്ക്ക് അനുഭവമായി) എന്നു കുംഭകർണ്ണൻ പറഞ്ഞതിന്ന് ധർമ്മാധർമ്മങ്ങൾക്ക ഹിതം, അഹിതം എന്നവതന്നെയാണ് ഫലങ്ങൾ എന്നു നിയമമില്ല, എന്നു പറവാൻ തുടങ്ങുന്നു. “പൃഥഗാശ്രയാൻ” (വെവ്വേറെ വ്യത്യാസപ്പെട്ട ഫലങ്ങളോടുകൂടിയവയാണ്), “ധർമ്മാർത്ഥകാമാൻ ബ്രവീഷി” (ധർമ്മാർത്ഥകാമങ്ങൾ എന്ന് അങ്ങ് പറയുന്നു) “താൻ സ്വഭാവേ അനുബോദ്ധും” (അവയെക്കുറിച്ച് സൂക്ഷ്മമായി അറിയുന്നതിന്ന്) “തേ ലക്ഷണം ന അസ്തി” (ഭവാന്ന് ഒരു പ്രമാണവും ഇല്ല.) സുഖഫലദമായ യാഗാദിധർമ്മാനുഷ്ഠാനങ്ങളിൽ ശരീരായാസം മുതലായ ദുഃഖങ്ങളും പരദ്രവ്യപരദാരഹരണാദിപാപകർമ്മങ്ങളിൽ അവയുടെ അനുഭവംകൊണ്ടുള്ള താത്കാലികസുഖങ്ങളും കണ്ടുവരുന്നതിനാൽ, ധർമ്മാധർമ്മങ്ങൾക്കു സുഖദുഃഖഫലങ്ങൾ നിയതമായിട്ടുള്ളതല്ല എന്നു സാരം. ഇപ്രകാരംതന്നെ അർത്ഥകാമങ്ങൾക്കും (എന്നു ഗോവിന്ദരാജീയം; തീർത്ഥീയം.)

ധർമ്മത്തിൽനിന്ന് ദുഃഖവും അധർമ്മത്തിൽനിന്ന് സുഖവും ഒരിക്കലും ഉണ്ടാകാത്തതുകൊണ്ട് മേല്പറഞ്ഞ തീർത്ഥാദിമതം ശരിയല്ലെന്നാണ് തിലകവ്യാഖ്യാതൃമതം. യാഗാദികളിൽ ദുഃഖാദികളെപ്പററി പറയുന്നതു് ആ ധർമ്മത്തിന്റെ ഫലമല്ലാതെ, വേറെ പ്രാകൃതകർമ്മത്തിന്റെ ഫലംമാത്രമാണെന്നും ബോദ്ധ്യമാകുന്നു. “പൃഥഗാശ്രയാൻ” (ധർമ്മാർത്ഥകാമങ്ങൾ പരസ്പരവിരുദ്ധങ്ങളായി, നൈകാനുഷ്ഠേയങ്ങളായി) ഒരുവനാൽതന്നെ ഒരേകാലത്തിൽ അനുഷ്ഠിക്കപ്പെടുവാൻ കഴിയാത്തവയാണെന്ന് നീ പറയുന്നു.” “ലക്ഷണം” (സാമർത്ഥ്യം), തിലകം.]

കർമ്മ ചൈവ ഹി സർവ്വേഷാം കാരണാനാം പ്രയോജനം
ശ്രേയഃ പാപീയസാം ചാത്ര ഫലം ഭവതി കർമ്മണാം. 7

"സർവ്വേഷാം കാരണാനാം ഹി	"എല്ലാ ധർമ്മാർത്ഥ കാമാദികളായ സുഖഹേതുക്കൾക്കും
പ്രയോജനം	ഫലത്തെ ഉളവാക്കുന്നത്
കർമ്മ ഏവ;	പ്രവൃത്തി ഒന്നുതന്നെയാണ്;
അത്ര	ഈ ലോകത്തിൽ
പാപീയസാം കർമ്മണാം ച	പാപ പ്രവൃത്തികൾക്കും
ശ്രേയഃ ഫലം ച	(സ്വർഗ്ഗാദിയായ) നല്ല ഫലവും
ഭവതി	ലഭിക്കമാറുണ്ട്.

[ഒരു കർമ്മവും ചെയ്യാതെ സ്വസ്ഥനായിരിക്കുന്നവന്ന് ധർമ്മാദിപുരുഷാർത്ഥങ്ങൾ സിദ്ധിക്കയില്ലെന്നു സാരം. പാപകർമ്മങ്ങൾക്കും നല്ല ഫലം ലഭിക്കുന്നതിനെപ്പററി താഴെ ശ്ലോകത്തിൽ പറയുന്നുണ്ട്.

"കാരണാനാം" (സ്വർഗ്ഗനരകാദിയായ ഫലങ്ങൾക്ക്), "കർമ്മ ഏവ പ്രയോജകം" (കർമ്മംതന്നെയാണ് സാധകം); (ഗോ. രാ.)

"ശ്രേയഃപാപീയസാം കർമ്മണാം ഫലം" (ശുഭാശുഭകർമ്മങ്ങൾക്കുള്ള ഫലം) "അത്ര ഭവതി" (അവ ചെയ്യുന്നവന്നു സിദ്ധിക്കതന്നെ ചെയ്യുന്നു.) അതിനാൽ വിരുദ്ധങ്ങളായ ധർമ്മകാമങ്ങളെ ഒരുത്തന്നു അനുഷ്ഠിക്കാമെന്നതിനാൽ, ഭവാൻ പറഞ്ഞതായ ധർമ്മാനുഷ്ഠാനം മാത്രമേ പാടുള്ളു എന്നുള്ളതില്ല എന്നു ഭാവം. (തിലകം.)]

നിശ്രേയസഫലാവേവ ധർമ്മാർത്ഥാവിതരാവപി
അധർമ്മാനർത്ഥയോഃ പ്രാപ്തിഃ ഫലം ച പ്രത്യവായികം. 8

"ധർമ്മാർത്ഥൌ	"ധർമ്മാർത്ഥസാധകങ്ങളായ കർമ്മങ്ങളും
ഇതരൌ അപി	അവയ്ക്ക് വിപരീതങ്ങളായ അധർമ്മാനർത്ഥങ്ങളെ വിളയിക്കുന്നവയായ കർമ്മങ്ങളും
നിശ്രേയസഫലൌ ഏവ;	സത്ഫലത്തെ നൽകുന്നവതന്നെയാണ്;
അധർമ്മാനർത്ഥയോഃ	ഈ അധർമ്മാനർത്ഥങ്ങൾക്കാകട്ടെ,
ഫലം	മേല്പറഞ്ഞ ഫലവും
പ്രാപ്തിഃ ച	ആ ഫലം സിദ്ധിപ്പാനുള്ള മാർഗ്ഗവും
പ്രത്യവായികം.	പാപഫലത്തെ ആശ്രയിച്ചാകുന്നു.

[പാപകൃത്യങ്ങളെ ചെയ്യുവൻ പാപകൃത്യത്തിന്നുള്ള ശിക്ഷ മുതലായ ഫലത്തെ അനുഭവിച്ചു കഴിഞ്ഞാൽ അവന്നു സ്വർഗ്ഗപ്രാപ്തിതന്നെയാണ് ഫലം എന്നു സാരം. കിഷ്കിന്ധാകാണ്ഡത്തിൽ ബാലിയോട് ശ്രീരാമൻ "രാജഭിർദ്ധൃതദണ്ഡാസ്തു കൃത്വാ പാപാനി മാനവാഃ നിർമ്മലാഃ സ്വർഗ്ഗമായാന്തി സന്തഃ സുകൃതിനോ യഥാ," എന്ന് പറയുന്ന വാക്യം കാണുക. (കിഷ്കിന്ധാകാണ്ഡം 18-ാം സർഗ്ഗം). "യേ മൃതാഃ സമ്മുഖേ ശൂരാ ദൈത്യാനാം പ്രവരാ രണേ സ്വയം പ്രാപ്യ ച ദേവത്വം ഭോഗ്യമശ്നന്തി ശാശ്വതം" (പദ്മപുരാണം സൃഷ്ടിഖണ്ഡം 78) ഇത്യാദിയും കാണുക.

അധർമ്മാനർത്ഥങ്ങൾക്ക്, "പ്രാപ്തിഃ ഫലം" (പ്രാപിക്കുന്നതായ ഫലം), "പ്രത്യവായികം തു" (അശ്രേയസ്സായും വരാം) ആകയാൽ ധർമ്മാർത്ഥങ്ങൾക്കു ശുഭഫലവും, അധർമ്മാനർത്ഥങ്ങൾക്കു ചിലപ്പോൾ ശുഭവും ചിലപ്പോൾ അശുഭവും നേരിടാം. എന്നു (ഗോ. രാ.)

ധർമ്മാർത്ഥങ്ങളെക്കാൾ കാമത്തിന്നു ഒരു വിശേഷമുണ്ടെന്നു പറയുന്നു. ധർമ്മാർത്ഥങ്ങൾക്ക് നിഃശ്രേയസ്സ് (മോക്ഷം)തന്നെ ഫലമെന്നിരുന്നാലും, കാമനാ വിശേഷംകൊണ്ട്, (ഇതരാവപി) സ്വർഗ്ഗാഭ്യുദയഫലങ്ങളും ഭവിക്കുന്നതാണ്. ഇവിടെ ധർമ്മശബ്ദംകൊണ്ട് അർത്ഥത്തിന്റെ ആവശ്യംതന്നെയാ

ഐഹലൌകികപാരത്രം കർമ്മ പുംഭിർന്നിഷേവ്യതേ
കർമ്മാണ്യപി തു കല്യാണി ലഭതേ കാമമാസ്ഥിതഃ. 9

"പുംഭിഃ	"ജനങ്ങളാൽ	ആസ്ഥിതഃ തു	കൈക്കൊണ്ടവനായ ഒരുവനാകട്ടെ,
ഐഹ- ലൌകിക- പാരത്രം കർമ്മ	ഐഹിക സുഖപ്രദവും പാരത്രിക സുഖപ്രദവുമായ കർമ്മം	കർമ്മാണി	കർമ്മങ്ങളുടെ ഐഹിക ഫലങ്ങളെയും
നിഷേവ്യതേ;	ചെയ്യപ്പെടുന്നുണ്ട്;	കല്യാണി അപി	പാരത്രികമായ ശുഭ
കാമം	കാമപുരുഷാർത്ഥത്തെ	ലഭതേ.	പ്രാപിക്കുന്നു. [ത്തെയും

തത്ര ക്ലുപ്തമിദം രാജ്ഞാ ഹൃദി കാര്യം മതം ച നഃ
ശത്രൌ ഹി സാഹസം യത് സ്യാത് കിമിവാത്രാപനീയതാം. 10

"തത്ര	"ഇക്കാര്യത്തിൽ	ഹി	ആകയാൽ
രാജ്ഞാ	മഹാരാജാവിനാൽ	ശത്രൌ	ശത്രുവിന്റെ സംഗതി
ക്ലുപ്തം	കയ്ക്കൊള്ളപ്പെട്ടതായ	സാഹസം	സാഹസകൃത്യം [യിൽ
ഇദം,	ഈ സംഗതി, മനസ്സിൽ	സ്യാത് യത്	നേരിടും എന്നുള്ളതു
ഹൃദി കാര്യം;	ബോധിക്കേണ്ടതാണ്;	അത്ര	ഇതിൽ [കൊണ്ടു്
നഃ	ഞങ്ങൾക്കും	കിം ഇവ	എന്തുതന്നെയാണ്
മതം ച;	ഇതു് ബോദ്ധ്യംതന്നെ;	അപനീയതാം?	കുറഞ്ഞുപോവുക?

ല്ലാത്ത ജപധ്യാനാദിയും, അർത്ഥശബ്ദംകൊണ്ടു അർത്ഥസാദ്ധ്യമായ യാഗാദിയും പറയപ്പെടുന്നു. ഇവ ചിത്തശുദ്ധികരങ്ങളാകയാൽ മോക്ഷസാധനീഭൂതങ്ങളാകുന്നു; "യജ്ഞോദാനം തപശ്ചൈവ പാവനാനി മനീഷിണാം" എന്ന ഗീതാവാക്യം കാണുക. കാമമാകട്ടെ ഒരിക്കലും നിശ്രേയസഫലത്തെ തരുന്നതല്ല. ഇതുകൂടാതെ ധർമ്മാർത്ഥങ്ങൾക്കു് കാമത്തെക്കാൾ മറ്റൊരു വിശേഷംകൂടിയുണ്ടെന്നു പറയുന്നു. വിഹിതങ്ങളായ മേല്പറഞ്ഞ ധർമ്മാർത്ഥങ്ങളെ ചെയ്യാതിരുന്നാൽ പ്രത്യവായം, അതായതു് ചെയ്യേണ്ടതു ചെയ്യാത്തതിനാലുള്ള ദോഷഫലമുണ്ടാകുന്നതാണ്. കാമത്തിന്നാകട്ടെ ആ പ്രത്യവായദോഷമില്ല. (ഇപ്രകാരം നിത്യകർമ്മങ്ങളുടേയും കാമ്യകർമ്മങ്ങളുടേയും വ്യത്യാസത്തെ പറയുന്നതായി തിലകവ്യാഖ്യാനം.)]

9. [ധർമ്മത്തെ അനുഷ്ഠിക്കുന്നവന്നു് ഇഹത്തിൽ ബുദ്ധിമുട്ടും, പരത്തിൽ ശ്രേയസ്സും ഫലം. എന്നാൽ കാമത്തെ അനുഷ്ഠിക്കുന്നവന്നു് ഇഹത്തിലും പരത്തിലും സുഖം ലഭിക്കുന്നതാണ് എന്നു സാരം.

വിഹിതകർമ്മങ്ങൾ മാത്രമേ ശുഭത്തെ നല്കുകയുള്ളു എന്ന നിയമമില്ല. അശുഭകർമ്മങ്ങളും ശുഭപ്രദങ്ങളാകാം. എന്നു (ഗോ. രാ.)

മുൻ ശ്ലോകത്തിൽ കാമം ശ്രേയസ്സിനെ തരാതെ ദോഷത്തെ[illegible] ഫലമായി തരുന്നതു് എന്നു പറഞ്ഞു്, ആ ഫലമെന്തെന്നു പറയുന്നു. ഇഹത്തിൽ ദാ[illegible]ത്താൽ നരകയാതനാദിയും അനുഭവിക്കുന്നു പുറമെ കാമ്യകർമ്മത്തിന്നുള്ള പ്രത്യേക[illegible] [illegible]യുന്നു കാമപുരുഷാർത്ഥത്തെ ഉദ്ദേശിച്ചു് കർമ്മങ്ങളെ പ്രയത്നത്തോടെ ചെയ്യുന്നതായാൽ ശുഭഫല[illegible] ഇഹത്തിൽതന്നെ അനുഭവിക്കാം. ധർമ്മാർത്ഥങ്ങൾക്കു് കാലാന്തരത്തിലെ ഫലം ലഭിക്കയുള്ളു. ആകയാൽ ധർമ്മാർത്ഥകാമങ്ങൾ ഒരുവനാൽത്തന്നെ അനുഷ്ഠേയങ്ങളാണ്; കാമ[illegible] ധർ[illegible] [illegible]ന്നാൽ, ആയതു് സ്വന്തം തപോവിക്രമാദികൾകൊണ്ടു് നിവൃത്തിയാക്കപ്പെടേണ്ടതാ[illegible] പിച്ചക്കാർ വന്നു് ഉപദ്രവിക്കുമെന്നുവെച്ചു് ആരും [illegible]വെക്കാതിരിക്കുന്നില്ലല്ലോ. (എന്നു തിലകം).]

10. [ശത്രുവിന്റെ ഉപദ്രവം നേരിടുമെന്നുള്ള ഭീതിയാൽ കാമപുരുഷാർത്ഥത്തെ ആശ്രയിക്കാതിരിക്കുന്നതു ഭോഷത്വമാണ് എന്നു സാരം.

ഏകസ്യൈവാഭിയാനേ തു ഹേതുര്യഃ പ്രകൃതസ്ത്വയാ
തത്രാപ്യനുപപന്നം തേ വക്ഷ്യാമി യദസാധു ച 11

"ത്വയാ	"ഭവാനാൽ	തത്ര അപി	അക്കാര്യത്തിലും
ഏകസ്യ ഏവ	ഒറ്റയ്ക്കുതന്നെ എതിർത്തു	അസാധു	ശരിയല്ലാത്തതു് [യും,
അഭിയാനേ	പൊരുതുന്നതിൽ	യത് തു	യാതൊന്നോ അതിനെ
യഃ	യാതൊരു (കൈയ്യൂക്കാ	അനുപപന്നം ച	അനുയുക്തമായതിനെ
ഹേതുഃ	കുന്ന) കാരണം	തേ	ഭവാന്ന് [യും
പ്രകൃതഃ,	എടുത്തുപറയപ്പെട്ടുവോ	വക്ഷ്യാമി.	ഞാൻ പറഞ്ഞുതരാം.

യേന പൂർവ്വം ജനസ്ഥാനേ ബഹവോഽതിബലാ ഹതാഃ
രാക്ഷസാ രാഘവം തം ത്വം കഥമേകോ ജയിഷ്യസി. 12

"പൂർവ്വം	"മുമ്പ്	ഹതാഃ,	വധിക്കപ്പെട്ടുവോ,
ജനസ്ഥാനേ	ജനസ്ഥാനത്തിൽ	തം	അപ്രകാരമുള്ള
യേന	യാതൊരുവനാൽ	രാഘവം	രാമനെ
അതിബലാഃ	അതിബലശാലികളായ	ത്വം ഏകഃ	അങ്ങ് ഏകനായി
ബഹവഃ	അനേകം	കഥം	എങ്ങിനെയാണ്
രാക്ഷസാഃ	രാക്ഷസന്മാർ	ജയിഷ്യസി ?	തോല്പിക്കുക ?

യേ പുരാ നിർജ്ജിതാസ്തേന ജനസ്ഥാനേ മഹൌജസഃ
രാക്ഷസാംസ്താൻ പുരേ സർവ്വാൻ ഭീതാനദ്യാപി പശ്യസി. 13

"പുരാ	"മുമ്പ്,	രാക്ഷസാൻ	രാക്ഷസന്മാർ
തേന	അവനാൽ	സർവ്വാൻ,	എല്ലാവരേയും,
ജനസ്ഥാനേ	ജനസ്ഥാനത്തിൽ	അദ്യ അപി,	ഇപ്പോഴും കൂടി,
മഹൌജസഃ	മഹാ പ്രതാപശാലി	ഭീതാൻ	പേടിച്ചു് വിറയ്ക്കുന്നവ
യേ	യാതൊരുവർ [കളായ	പുരേ	പട്ടണത്തിൽ [രായി
നിർജ്ജിതാഃ,	തോറേറാടിക്കപ്പെട്ടു	പശ്യസി.	അങ്ങ് കാണുന്നുണ്ട
താൻ	ആ [രോ,		ല്ലൊ.

"രാമോ വിഷ്ണുശ്ച മാ സീതാ ജാനാമി പ്രാണവല്ലഭേ. രാമഹസ്താദ്വധം ലബ്ധ്വം ഹൃതാ സീതാ പുരാ മയാ. രാമഹസ്താത് ത്യക്തദേഹോ ഗച്ഛാമി പരമം പദം" എന്നിത്യാദിയായി രാവണൻ മണ്ഡോദരിയോടു പറയുന്ന വാക്യം ആനന്ദരാമായണം, അദ്ധ്യാത്മരാമായണം മുതലായവയിൽ ഉണ്ടു്. വാല്മീകിരാമായണത്തിൽ അങ്ങിനെ സ്പഷ്ടമായി പറഞ്ഞിട്ടില്ലെങ്കിലും വ്യംഗ്യമായി ചില ദിക്കിൽ കാണാം. ജയവിജയന്മാർ അനേകജന്മങ്ങളോ സദ്വൃത്തിയോടുകൂടി കഴിക്കുന്നതിനേക്കാൾ ഭഗവദ്വിരുദ്ധതയെ കയ്ക്കൊണ്ടു് മൂന്നു ജന്മം മാത്രം ഇഷ്ടപ്പെട്ടതായി പുരാണാന്തരങ്ങളിലുമുണ്ടു്. ആകയാൽ രാവണനും മഹോദരാദികളായ രാക്ഷസന്മാർക്കും രാജസതാമസപ്രധാനങ്ങളായ പാപകൃത്യങ്ങളെ ചെയ്തു് അവയുടെ താത്കാലികസുഖങ്ങളെ അനുഭവിച്ചു്, പിന്നെ പാപഫലത്തേയുമനുഭവിച്ചു് സ്വർഗ്ഗപ്രാപ്തി നേടാമെന്നുള്ള വിചാരമുണ്ടാകാമെന്നതു് അസംഗതമല്ല.

വവർഷ കുംഭകർണ്ണസ്യ ശിരസ്യംബരമാസ്ഥിതഃ. 17

ഹനുമാൻ	ഹനുമാൻ	വിവിധാൻ	പലപല
അംബരം	ആകാശത്തിൽ	ബഹൂൻ	എണ്ണമററ
ആസ്ഥിതഃ	നിന്നുകൊണ്ടു്	വൃക്ഷാൻ ച	വൃക്ഷങ്ങളേയും
ശൈല-ശൃംഗാണി	ഗിരിശിഖരങ്ങളേയും	കുംഭകർണ്ണസ്യ	കുംഭകർണ്ണന്റെ
		ശിരസി വവർഷ.	തലയിൽ പൊഴിച്ചു.

താനി പർവ്വതശൃംഗാണി ശൂലേന സ ബിഭേദ ഹ
ബഭഞ്ജ വൃക്ഷവർഷം ച കുംഭകർണ്ണോ മഹാബലഃ. 18

സഃ മഹാബലഃ	ആ മഹാബലശാലി	ശൂലേന	ശൂലം കൊണ്ടു്
കുംഭകർണ്ണഃ,	കുംഭകർണ്ണൻ, [യായ	ബിഭേദ ;	പിളന്നു ;
താനി	ആ	വൃക്ഷവർഷം ച	വൃക്ഷവർഷത്തേയും
പർവ്വത-ശൃംഗാണി	ഗിരിശിഖരങ്ങളെ	ബഭഞ്ജ ഹ.	തകൎത്തു കളഞ്ഞു.

തതോ ഹരീണാം തദനീകമുഗ്രം
ദുദ്രാവ ശൂലം നിശിതം പ്രഗൃഹ്യ
തസ്ഥൗ തതോഽസ്യാപതതഃ പുരസ്താ-
ന്മഹീധരാഗ്രം ഹനുമാൻ പ്രഗൃഹ്യ. 19

തതഃ	അപ്പോൾ	തതഃ	ആ സമയം
നിശിതം	കൂൎത്തുള്ള	ഹനുമാൻ	ഹനുമാൻ
ശൂലം	ആ ശൂലത്തെ	മഹീധരാഗ്രം	ഒരു ഗിരിശിഖരത്തെ
പ്രഗൃഹ്യ,	കയ്യിൽ പിടിച്ചു്,	പ്രഗൃഹ്യ,	കയ്ക്കൊണ്ടു്,
ഹരീണാം	വാനരന്മാരുടെ	ആപതതഃ	എതിൎത്തുവരുന്ന
തത് ഉഗ്രം	ആ ഘോരമായ	അസ്യ	അവന്റെ
അനീകം	സൈന്യത്തിന്നുനേരെ	പുരസ്താത്	മുമ്പിലായി
ദുദ്രാവ ;	അവൻ പാഞ്ഞടുത്തു ;	തസ്ഥൗ.	വന്നു നിന്നു.

സ കുംഭകർണ്ണം കുപിതോ ജഘാന
വേഗേന ശൈലോത്തമഭീമകായം
സ ചുക്ഷുഭേ തേന തദാഽഭിഭൂതോ
മേദാർദ്രഗാത്രോ രുധിരാവസിക്തഃ. 20

സഃ	ആ ഹനുമാൻ	അഭിഭൂതഃ	സ്തബ്ധനായി
കുപിതഃ	കുപിതനായി,	മേദാർദ്രഗാത്രഃ	ദേഹമെല്ലാം കൊഴുപ്പു കൊണ്ടു് നനഞ്ഞവനായി
ശൈലോത്തമഭീമകായം	വൻമലയൊത്ത ഭയങ്കര ശരീരമാർന്ന	രുധിരാവസിക്തഃ	ചോരയിലാറാടിയവനായി
കുംഭകർണ്ണം	കുംഭകർണ്ണനെ	തദാ	ആ സമയം
വേഗേന	ഊക്കോടെ	ചുക്ഷുഭേ.	ഒന്നുകലങ്ങി.
ജഘാന;	അടിച്ചു;		
തേന	അതിനാൽ		

സ ശൂലമാവിധ്യ തഡിത്പ്രകാശം
ഗിരിം യഥാ പ്രജ്വലിതാഗ്രശൃംഗം
ബാഹ്വന്തരേ മാരുതിമാജഘാന
ഗുഹോഽചലം ക്രൗഞ്ചമിവോഗ്രശക്ത്യാ. 21

സഃ	അവൻ	ആവിധ്യ,	ചുഴററിക്കൊണ്ടു്,
തഡിത്പ്രകാശം	മിന്നൽ പ്രഭയാർന്നതായി,	മാരുതിം	മാരുതിയെ
പ്രജ്വലിതാഗ്രശൃംഗം	ഉജ്ജ്വലിക്കുന്നവയും അററത്തുള്ളവയുമായ കൊടുമുടികളോടു കൂടിയതായി,	ബാഹ്വന്തരേ,	മാറത്തു്,
ഗിരിം യഥാ	ഒരു മലപോലെയുള്ള	ഉഗ്രശക്ത്യാ	കൂർത്തവേൽ കൊണ്ടു്
ശൂലം	ആ ശൂലത്തെ	ഗുഹഃ	കാർത്തികേയൻ
		ക്രൗഞ്ചം അചലം	ക്രൗഞ്ചപർവ്വതത്തെ
		ഇവ,	എന്ന പോലെ,
		ആജഘാന.	കുത്തി.

സ ശൂലനിർഭിന്നമഹാഭുജാന്തരഃ
പ്രവിഹ്വലഃ ശോണിതമുദ്വമൻ മുഖാത്
നനാദ ഭീമം ഹനുമാൻ മഹാഹവേ
യുഗാന്തമേഘസ്തനിതസ്വനോപമം. 22

മഹാഹവേ	പോരിൽ	ശോണിതം	ചോര
സഃ ഹനുമാൻ	ആ ഹനുമാൻ,	ഉദ്വമൻ,	കക്കിക്കൊണ്ടു്,
ശൂലനിർഭിന്നമഹാഭുജാന്തരഃ	ശൂലത്താൽ തുളയ്ക്കപ്പെട്ട വമ്പിച്ച വക്ഷസ്സോടു കൂടിയവനായി	യുഗാന്തമേഘസ്തനിതസ്വനോപമം	പ്രളയകാല മേഘഗർജ്ജനംപോലെ
പ്രവിഹ്വലഃ	ദേഹം തളർന്നവനായി,	ഭീമം	ഭയങ്കരമായി
മുഖാത്	വായിൽ നിന്നു്	നനാദ.	അട്ടഹസിച്ചു.

തതോ വിനേദുഃ സഹസാ പ്രഹൃഷ്ടാ
രക്ഷോഗണാസ്തം വ്യഥിതം സമീക്ഷ്യ
പ്ലവംഗമാസ്തു വ്യഥിതാ ഭയാൎത്താഃ
പ്രദുദ്രുവുഃ സംയതി കുംഭകൎണ്ണാത്. 23

തതഃ	അപ്പോൾ	വിനേദുഃ;	അട്ടഹസിച്ചു;
രക്ഷോഗണാഃ	രാക്ഷസക്കൂട്ടങ്ങൾ	പ്ലവംഗമാഃ തു	വാനരന്മാരാകട്ടെ
തം	അവനെ	വ്യഥിതാഃ	ദുഃഖംപൂണ്ടവരായി
വ്യഥിതം	പീഡിക്കപ്പെട്ടവനായി	സംയതി	പോരിൽ
സമീക്ഷ്യ,	കണ്ടു്,	കുംഭകൎണ്ണാത്	കുംഭകൎണ്ണങ്കൽനിന്നു്
പ്രഹൃഷ്ടാഃ	ആനന്ദമുൾക്കൊണ്ടവരായി	ഭയാൎത്താഃ	പേടിച്ചു്
സഹസാ	ഊക്കോടെ	പ്രദുദ്രുവുഃ.	ഓടിത്തുടങ്ങി.

തതസ്തു നീലോ ബലവാൻ പൎയ്യവസ്ഥാപയൻ ബലം
പ്രവിചിക്ഷേപ ശൈലാഗ്രം കുംഭകൎണ്ണായ ധീമതേ 24

തതഃ തു	അപ്പോഴാകട്ടെ	ശൈലാഗ്രം	ഒരു ഗിരിശിഖരത്തെ
ബലവാൻ	ബലവാനായ	ധീമതേ	ധീമാനായ
നീലഃ,	നീലൻ,	കുംഭകൎണ്ണായ	കുംഭകൎണ്ണന്റെനേക്കു്
ബലം	സൈന്യത്തെ	പ്രവിചിക്ഷേപ.	വീശിയെറിഞ്ഞു.
പൎയ്യവസ്ഥാപയൻ,	നിലയ്ക്കുനിൎത്തിക്കൊണ്ടു്,		

തമാപതന്തം സംപ്രേക്ഷ്യ മുഷ്ടിനാഽഭിജഘാന ഹ
മുഷ്ടിപ്രഹാരാഭിഹതം തച്ഛൈലാഗ്രം വ്യശീൎയ്യത. 25

ആപതന്തം	നേൎക്കുവരുന്ന	ശൈലാഗ്രം	ഗിരിശിഖരം
തം സംപ്രേക്ഷ്യ,	അതിനെ കണ്ടു്,	മുഷ്ടിപ്രഹാരാഭിഹതം	ആ മുഷ്ടികൊണ്ടുള്ള ഇടിതട്ടി
മുഷ്ടിനാ	കൈചുരുട്ടിപ്പിടിച്ചു്	വ്യശീൎയ്യത ഹ!	പൊടിപൊടിയായ്പ്പോയി!
അഭിജഘാന;	ഓങ്ങിഇടിച്ചു;		
തത്	ആ		

സവിസ്ഫുലിംഗം സജ്വാലം നിപപാത മഹീതലേ. 26

സവിസ്ഫുലിംഗം	തീപ്പൊരികളോടും	മഹീതലേ	നിലത്തു്
സജ്വാലം	ജ്വാലകളോടുംകൂടി അതു്	നിപപാത.	വീണു.

ഋഷഭഃ ശരഭോ നീലോ ഗവാക്ഷോ ഗന്ധമാദനഃ
പഞ്ച വാനരശാൎദ്ദൂലാഃ കുംഭകൎണ്ണമുപാദ്രവൻ. 27

വാനരശാൎദ്ദൂലാഃ	വാനരോത്തമന്മാരായ	ഗന്ധമാദനഃ	ഗന്ധമാദനൻ എന്ന
ഋഷഭഃ	ഋഷഭൻ	പഞ്ച	അഞ്ചുപേർ
ശരഭഃ	ശരഭൻ	കുംഭകൎണ്ണം	കുംഭകൎണ്ണനുനേൎക്കു്
നീലഃ	നീലൻ	ഉപാദ്രവൻ.	പാഞ്ഞുചെന്നു.
ഗവാക്ഷഃ	ഗവാക്ഷൻ		

ശൈലൈർവൃക്ഷൈസ്തലൈഃ പാദൈർമുഷ്ടിഭിശ്ച മഹാബലാഃ
കുംഭകർണ്ണം മഹാകായം സർവ്വതോഽഭിപ്രദുദ്രുവുഃ. 28

മഹാബലാഃ	മഹാബലശാലികളായ അവർ	പാദൈഃ	കാലുകൾകൊണ്ടും
		മുഷ്ടിഭിഃ ച	മുഷ്ടികൾകൊണ്ടും
ശൈലൈഃ	മലകൾകൊണ്ടും	മഹാകായം	അതികൂററനായ
വൃക്ഷൈഃ	മരങ്ങൾകൊണ്ടും	കുംഭകർണ്ണം	ആ കുംഭകർണ്ണനെ
തലൈഃ	കയ്ത്തലങ്ങൾകൊണ്ടും	സർവ്വതഃ	നാലുഭാഗങ്ങളിൽനിന്നും
		അഭിപ്രദുദ്രുവുഃ.	ഏററടുത്തു.

സ്പർശാനിവ പ്രഹാരാംസ്താൻ വേദയാനോ ന വിവ്യഥേ
ഋഷഭം തു മഹാവേഗം ബാഹുഭ്യാം പരിഷസ്വജേ. 29

താൻ	ആ	വിവ്യഥേ ന;	ഒട്ടും കൂട്ടാക്കിയതേയില്ല;
പ്രഹാരാൻ	പ്രഹരങ്ങളെ	മഹാവേഗം	അതിവേഗതയുള്ള
സ്പർശാൻ ഇവ	വെറും തലോടൽപോലെ	ഋഷഭം തു	ഋഷഭനെയാകട്ടെ
		ബാഹുഭ്യാം	ഇരുകൈകൾകൊണ്ടും
വേദയാനഃ	കരുതുന്നവനായി	പരിഷസ്വജേ.	കെട്ടിപ്പിടിച്ചു.

കുംഭകർണ്ണഭുജാഭ്യാം തു പീഡിതോ വാനരർഷഭഃ
നിപപാതർഷഭോ ഭീമഃ പ്രമുഖാദ്വാന്തശോണിതഃ. 30

ഭീമഃ	ഭയങ്കരനായ	പീഡിതഃ,	ഞെരുക്കപ്പെട്ടവനായി
വാനരർഷഭഃ	വാനരശ്രേഷ്ഠനായ	പ്രമുഖാത്	വായിൽനിന്നും
ഋഷഭഃ തു	ഋഷഭനും	വാന്തശോണിതഃ	രക്തം വമിക്കുന്നവനായി
കുംഭകർണ്ണഭുജാഭ്യാം	കുംഭകർണ്ണൻെറ ഇരുകൈകളാലും	നിപപാത.	താഴത്തുവീണു.

മുഷ്ടിനാ ശരഭം ഹത്വാ ജാനുനാ നീലമാഹവേ
ആജഘാന ഗവാക്ഷം തു തലേനേന്ദ്രരിപുസ്തദാ. 31

ഇന്ദ്രരിപുഃ	ഇന്ദ്രശത്രുവായ അവൻ	ജാനുനാ	കാൽമുട്ടുകൊണ്ടു്
തദാ	ആ സമയം	നീലം ഹത്വാ,	നീലനേയും ഇടിച്ചു്,
ആഹവേ	പോരിൽ	തലേന	ഉള്ളംകൈകൊണ്ടു്
മുഷ്ടിനാ	മുഷ്ടികൊണ്ടു്	ഗവാക്ഷം തു	ഗവാക്ഷനെയും
ശരഭം	ശരഭനെയും	ആജഘാന.	ഊക്കിൽ അടിച്ചു.

പാദേനാഭ്യഹനത് ക്രുദ്ധസ്തരസാ ഗന്ധമാദനം
ദത്തപ്രഹാരവ്യഥിതാ മുമുഹുഃ ശോണിതോക്ഷിതാഃ. 32

ക്രുദ്ധഃ	ക്രുദ്ധനായ അവൻ	ദത്തപ്രഹാരവ്യഥിതാഃ	കിട്ടിയപ്രഹരങ്ങൾകൊണ്ടു് പീഡിക്കപ്പെട്ടവരായി
പാദേന	കാൽകൊണ്ടു്		
ഗന്ധമാദനം	ഗന്ധമാദനനെ	ശോണിതോക്ഷിതാഃ	ചോരപുരണ്ടവരായി
തരസാ	ഊക്കോടെ		
അഭ്യഹനത്;	ചവിട്ടി;	മുമുഹുഃ.	മൂർച്ഛിച്ചു.

നിപേതുസ്തേ തു മേദിന്യാം നികൃത്താ ഇവ കിംശുകാഃ 33
തേഷു വാനരമുഖ്യേഷു പതിതേഷു മഹാത്മസു
വാനരാണാം സഹസ്രാണി കുംഭകർണ്ണം പ്രദുദ്രുവുഃ. 34

തേ	അവർ	തേഷു	ആ
നികൃത്താഃ	വെട്ടിവീഴ്ത്തപ്പെട്ട	വാനരമുഖ്യേഷു	വാനരനായകന്മാർ
കിംശുകാഃ ഇവ	പലാശവൃക്ഷങ്ങളെന്നപോലെ	പതിതേഷു തു	വീണ ഉടനെ
മേദിന്യാം	നിലത്ത്	വാനരാണാം	വാനരന്മാരുടെ
നിപേതുഃ ;	പതിച്ചു ;	സഹസ്രാണി	അനേകായിരങ്ങൾ
മഹാത്മസു	മഹാവീരന്മാരായ	കുംഭകർണ്ണം	കുംഭകർണ്ണനുനേരെ
		പ്രദുദ്രുവുഃ.	ഓടിയടുത്തു.

തം ശൈലമിവ ശൈലാഭാഃ സർവ്വേ തേ പ്ലവഗർഷഭാഃ
സമാരുഹ്യ സമുത്പത്യ ദദംശുശ്ച മഹാബലാഃ. 35

ശൈലാഭാഃ	ഗിരിസദൃശന്മാരും	ശൈലം ഇവ	പർവ്വതംപോലെയുള്ള
മഹാബലാഃ ച	അതിബലവാന്മാരും ആയ	തം	അവന്റെമേൽ
തേ	ആ	സമുത്പത്യ സമാരുഹ്യ	കുതിച്ചുകയറിക്കൊണ്ട്
പ്ലവഗർഷഭാഃ	വാനരവീരന്മാർ	ദദംശുഃ.	കടിച്ചുപൊളിച്ചുതുടങ്ങി.
സർവ്വേ	എല്ലാവരും		

തം നഖൈർദ്ദശനൈശ്ചാപി മുഷ്ടിഭിർജ്ജാനുഭിസ്തഥാ
കുംഭകർണ്ണം മഹാകായം തേ ജഘ്നുഃ പ്ലവഗർഷഭാഃ. 36

തേ	ആ	നഖൈഃ ച	നഖങ്ങൾകൊണ്ടും
പ്ലവഗർഷഭാഃ	വാനരശ്രേഷ്ഠന്മാർ	ദശനൈഃ അപി	പല്ലുകൾകൊണ്ടും
തം	ആ	മുഷ്ടിഭിഃ	മുഷ്ടികൾകൊണ്ടും
മഹാകായം	പെരുംകൂററനായ	ജാനുഭിഃ തഥാ	കാൽമുട്ടുകൾകൊണ്ടും
കുംഭകർണ്ണം	കുംഭകർണ്ണനെ	ജഘ്നുഃ.	ഹിംസിച്ചു.

സ വാനരസഹസ്രൈസ്തൈരാചിതഃ പർവ്വതോപമഃ
രരാജ രാക്ഷസവ്യാഘ്രോ ഗിരിരാത്മരുഹൈരിവ. 37

പർവ്വതോപമഃ	പർവ്വതാകാരനായ	ആചിതഃ,	പൊതിയപ്പെട്ടവനായി,
സഃ	ആ	ഗിരിഃ	ഒരു ഗിരി
രാക്ഷസവ്യാഘ്രഃ	രാക്ഷസപ്പുലി,	ആത്മരുഹൈഃ	അതിലുള്ളവൃക്ഷങ്ങളാൽ
തൈഃ	ആ	ഇവ,	എന്നപോലെ,
വാനരസഹസ്രൈഃ	എണ്ണമററ വാനരന്മാരാൽ	രരാജ.	വിളങ്ങി.

ബാഹുഭ്യാം വാനരാൻ സർവ്വാൻ പ്രഗൃഹ്യ സുമഹാബലഃ
ഭക്ഷയാമാസ സംക്രുദ്ധോ ഗരുഡഃ പന്നഗാനിവ. 38

സുമഹാബലഃ	അതിബലശാലിയായ അവൻ	ബാഹുഭ്യാം	ഇരുകൈകൾകൊണ്ടും
സംക്രുദ്ധഃ,	ഏററം കോപിച്ചവനായി,	പ്രഗൃഹ്യ,	പിടിച്ച്,
വാനരാൻ	വാനരന്മാർ	ഗരുഡഃ	ഗരുഡൻ
സർവ്വാൻ	എല്ലാവരേയും	പന്നഗാൻ	സർപ്പങ്ങളെ
		ഇവ	എന്നപോലെ,
		ഭക്ഷയാമാസ.	ഭക്ഷിച്ചു തുടങ്ങി.

പ്രക്ഷിപ്താഃ കുംഭകർണ്ണേന വക്ത്രേ പാതാളസന്നിഭേ
നാസാപുടാഭ്യാം നിർജ്ജഗ്മുഃ കർണ്ണാഭ്യാം ചൈവ വാനരാഃ. 39

കുംഭകർണ്ണേന	കുംഭകർണ്ണനാൽ	വാനരാഃ ച	വാനരന്മാരും
പാതാള-സന്നിഭേ	പാതാളസദൃശമായ	നാസാപുടാഭ്യാം	രണ്ടു നാസാദ്വാരങ്ങളിലൂടെയും
വക്ത്രേ	തന്റെ വായിൽ	കർണ്ണാഭ്യാം ഏവ	ഇരു ചെവികളിൽ നിന്നും
പ്രക്ഷിപ്താഃ	വലിച്ചു തള്ളപ്പെട്ടവരായ	നിർജ്ജഗ്മുഃ.	പുറത്തുവന്നു കളഞ്ഞു.

ഭക്ഷയൻ ഭൃശസംക്രുദ്ധോ ഹരീൻ പർവ്വതസന്നിഭഃ
ന ജജ്ഞേ പർവ്വതാഗ്രാണാം നിപാതം രാക്ഷസോത്തമഃ. 40

പർവ്വതസന്നിഭഃ	പർവ്വതതുല്യനായ	ഭക്ഷയൻ,	വിഴുങ്ങുന്നവനായി,
രാക്ഷസോത്തമഃ,	ആ രാക്ഷസോത്തമൻ,	പർവ്വതാഗ്രാണാം നിപാതം	പർവ്വതശിഖരങ്ങൾമേൽ വീഴുന്നതിനെ
ഭൃശസംക്രുദ്ധഃ	അതികുപിതനായി	ന ജജ്ഞേ.	അറിഞ്ഞതേയില്ല.
ഹരീൻ	വാനരന്മാരെ		

ബഭഞ്ജ വാനരാൻ സർവ്വാൻ സംക്രുദ്ധോ രാക്ഷസോത്തമഃ. 41

സംക്രുദ്ധഃ	ഏററം കോപമുൾക്കൊണ്ട	വാനരാൻ	വാനരന്മാർ
രാക്ഷസോത്തമഃ,	ആ രാക്ഷസോത്തമൻ,	സർവ്വാൻ	എല്ലാവരേയും
		ബഭഞ്ജ.	മുറി പെടുത്തി.

മാംസശോണിതസംക്ലേദാം ഭൂമിം കുർവ്വൻ സ രാക്ഷസഃ
ചചാര ഹരിസൈന്യേഷു കാലാഗ്നിരിവ മൂർച്ഛിതഃ. 42

സഃ രാക്ഷസഃ,	ആ രാക്ഷസൻ,	ഹരി-സൈന്യേഷു	വാനരസൈന്യങ്ങൾക്കിടയിൽ
ഭൂമിം	ഭൂമിയെ	മൂർച്ഛിതഃ	ആളുന്ന
മാംസ-ശോണിത-സംക്ലേദാം	മാംസവും ചോരയും ഒഴുകുന്നതാക്കി	കാലാഗ്നിഃ	പ്രളയകാലാഗ്നി
		ഇവ	എന്നപോലെ,
കുർവ്വൻ	ചെയ്തുകൊണ്ട്	ചചാര.	സഞ്ചരിച്ചു.

വജ്രഹസ്തോ യഥാ ശക്രഃ പാശഹസ്ത ഇവാന്തകഃ
ശൂലഹസ്തോ ബഭൌ സംഖ്യേ കുംഭകർണ്ണോ മഹാബലഃ. 43

സംഖ്യേ	അടക്കളത്തിൽ	വജ്രഹസ്തഃ	വജ്രായുധംകയ്യിലേന്തി
ശൂലഹസ്തഃ	കയ്യിൽ ശൂലായുധത്തെ ധരിച്ച	ശക്രഃ യഥാ	ഇന്ദ്രനെന്നപോലും [യ
		പാശഹസ്തഃ	പാശഹസ്തനായ
മഹാബലഃ	മഹാബലവാനായ	അന്തകഃ ഇവ	യമനെന്നപോലും
കുംഭകർണ്ണഃ,	കുംഭകർണ്ണൻ,	ബഭൌ.	വിലസി.

യഥാ ശുഷ്കാണ്യരണ്യാനി ഗ്രീഷ്മേ ദഹതി പാവകഃ
തഥാ വാനരസൈന്യാനി കുംഭകർണ്ണോ വിനിർദ്ദഹത്. 44

പാവകഃ	കാട്ടുതീ	ദഹതി	ദഹിപ്പിക്കുന്നുവോ
ഗ്രീഷ്മേ	വേനൽക്കാലത്തിൽ	തഥാ	അപ്രകാരം
ശുഷ്കാനി	ഉണങ്ങിയ	കുംഭകർണ്ണഃ	കുംഭകർണ്ണൻ
അരണ്യാനി	വനങ്ങളെ	വാനര-സൈന്യാനി	വാനരസേനകളെ
യഥാ	എപ്രകാരം	വിനിർദ്ദഹത്.	ചുട്ടെരിച്ചു.

തതസ്തേ വധ്യമാനാസ്തു ഹതയൂഥാ വിനായകാഃ
വാനരാ ഭയസംവിഗ്നാ വിനേദുർവിസ്വരം ഭൃശം. 45

തതഃ	ആ സമയം	വിനായകാഃ ച,	തലവന്മാരില്ലാത്തവരായി,
തേ	ആ		
വാനരാഃ	വാനരന്മാർ	ഭയസംവിഗ്നാഃ	ഭയവിഹ്വലരായി
വധ്യമാനാഃ,	ഹനിക്കപ്പെട്ടവരായി,	ഭൃശം	ഉറക്കെ
ഹതയൂഥാഃ തു,	വ്യൂഹങ്ങൾ കുഴമ്പിയവരായി,	വിസ്വരം	വികൃതസ്വരത്തിൽ
		വിനേദുഃ.	നിലവിളിച്ചു.

അനേകശോ വധ്യമാനാഃ കുംഭകർണ്ണേന വാനരാഃ
രാഘവം ശരണം ജഗ്മുർവ്യഥിതാഃ ഖിന്നചേതസഃ. 46

കുംഭകർണ്ണേന	കുംഭകർണ്ണനാൽ	വ്യഥിതാഃ	മനസ്സിടിഞ്ഞ്
അനേകശഃ	കൂട്ടംകൂട്ടമായി	ഖിന്നചേതസഃ,	പരവശതപൂണ്ടവരായി,
വധ്യമാനാഃ	പ്രഹരിക്കപ്പെടുന്നവ [രായ	രാഘവം	ശ്രീരാമനെ
വാനരാഃ,	വാനരന്മാർ,	ശരണം ജഗ്മുഃ.	ശരണംപ്രാപിച്ചു.

പ്രഭഗ്നാൻ വാനരാൻ ദൃഷ്ട്വാ വജ്രഹസ്തസുതാത്മജഃ
അഭ്യധാവത വേഗേന കുംഭകർണ്ണം മഹാഹവേ. 47

വജ്രഹസ്ത-സുതാത്മജഃ	ഇന്ദ്രന്റെ പൌത്രനായ അംഗദൻ	ദൃഷ്ട്വാ,	കണ്ട്,
മഹാഹവേ	വൻപോരിൽ	കുംഭകർണ്ണം	കുംഭകർണ്ണനുനേരെ
വാനരാൻ	വാനരന്മാരെ	വേഗേന	ഊക്കോടെ
പ്രഭഗ്നാൻ	തോല്പിക്കപ്പെട്ടവരായി	അഭ്യധാവത.	എതിർത്തു.

ശൈലശൃംഗം മഹദ്ഗൃഹ്യ വിനദംശ്ച മുഹുർമുഹുഃ
ത്രാസയൻ രാക്ഷസാൻ സർവ്വാൻ കുംഭകർണ്ണപദാനുഗാൻ 48
ചിക്ഷേപ ശൈലശിഖരം കുംഭകർണ്ണസ്യ മൂർദ്ധനി. 49

മഹത് ശൈലശൃംഗം	വമ്പിച്ച ഒരു ഗിരിശിഖരത്തെ	രാക്ഷസാൻ	രാക്ഷസർ
		സർവ്വാൻ,	എല്ലാവരേയും,
ഗൃഹ്യ,	എടുത്ത്,	ത്രാസയൻ ച,	വിറപ്പിക്കുന്നവനായി,
മുഹുഃ മുഹുഃ	തെരു തെരെ	കുംഭകർണ്ണസ്യ	കുംഭകർണ്ണന്റെ
വിനദൻ	ആർത്തുകൊണ്ട്,	മൂർദ്ധനി	തലയിൽ
കുംഭകർണ്ണപദാനുഗാൻ	കുംഭകർണ്ണനെ പിൻതുടർന്നു വരുന്നവരായ	ശൈലശിഖരം	ആ പർവ്വതശൃംഗത്തെ
		ചിക്ഷേപ.	വലിച്ചെറിഞ്ഞു.

സ തേനാഭിഹതോഽത്യർത്ഥം ഗിരിശൃംഗേണ മൂർദ്ധനി
കുംഭകർണ്ണഃ പ്രജജ്വാല കോപേന മഹതാ തദാ. 50

സഃ കുംഭകർണ്ണഃ	ആ കുംഭകർണ്ണൻ	അഭിഹതഃ,	അടിക്കപ്പെട്ടവനായി,
തേന	ആ	തദാ	ആ സമയം
ഗിരിശൃംഗേണ	ഗിരിശിഖരത്താൽ	മഹതാ	അതിയായ
മൂർദ്ധനി	തലയിൽ	കോപേന	കോപത്താൽ
അത്യർത്ഥം	നന്നായി	പ്രജജ്വാല.	ഉജ്ജ്വലിച്ചു.

സോഽഭ്യധാവത വേഗേന വാലിപുത്രമമർഷണഃ
കുംഭകർണ്ണോ മഹാനാദസ്ത്രാസയൻ സർവ്വവാനരാൻ. 51

സഃ കുംഭകർണ്ണഃ	ആ കുംഭകർണ്ണൻ	ത്രാസയൻ	ഭയപ്പെടുത്തുന്നവനായി
അമർഷണഃ	അക്ഷമനായി	വേഗേന	ഊക്കോടെ
മഹാനാദഃ	അട്ടഹസിച്ചുംകൊണ്ട്	വാലിപുത്രം	ബാലിപുത്രനുനേരെ
സർവ്വവാനരാൻ	എല്ലാവാനരന്മാരേയും	അഭ്യധാവത.	ഓടിയടുത്തു.

ശൂലം സസർജ്ജ വൈ രോഷാദംഗദേ സ മഹാബലഃ. 52

മഹാബലഃ	മഹാബലശാലിയായ	അംഗദേ	അംഗദനുനേക്ക്
സഃ വൈ	ആ കുംഭകർണ്ണനും	ശൂലം	ശൂലത്തെ
രോഷാത്	ചൊടിച്ച്	സസർജ്ജ.	എറിഞ്ഞു.

തമാപതന്തം ബുദ്ധ്വാ തു യുദ്ധമാർഗ്ഗവിശാരദഃ
ലാഘവാന്മോചയാമാസ ബലവാൻ വാനരർഷഭഃ. 53

യുദ്ധമാർഗ്ഗവിശാരദഃ	യുദ്ധപ്പയററിൽ സമർത്ഥനും	ആപതന്തം	നേർക്കുവരുന്ന
		തം ബുദ്ധ്വാ,	അതിനെ കണ്ട്,
ബലവാൻ	ബലവാനുമായ	ലാഘവാത്	നിഷ്പ്രയാസം
വാനരർഷഭഃ തു	ആ വാനരോത്തമനും,	മോചയാമാസ.	തെററിച്ചുകൊണ്ടു.

ഉത്പത്യ ചൈനം സഹസാ തലേനോരസ്യതാഡയത്
സ തേനാഭിഹതഃ കോപാത് പ്രമുമോഹാചലോപമഃ. 54

സഹസാ	പെട്ടെന്നു്	അതാഡയത്;	അടിച്ചു;
ഉത്പത്യ ച	കുതിച്ചുചാടിയിട്ടു്	തേന	ആ അംഗദനാൽ
തലേന	കയ്ത്തലംകൊണ്ടു്	ഉരസി	മാറിൽ
ഏനം	ഈ കുംഭകർണ്ണനെ	അഭിഹതഃ	അടിക്കപ്പെട്ട
ഉരസി	മാറത്തു്	അചലോപമഃ	പർവ്വതാകാരനായ
കോപാത്	കോപത്തോടെ	സഃ പ്രമുമോഹ.	അവൻ മൂർച്ഛിച്ചു.

സ ലബ്ധസംജ്ഞോ ബലവാൻ മുഷ്ടിമാവർത്ത്യ രാക്ഷസഃ
അപഹാസേന ചിക്ഷേപ വിസംജ്ഞഃ സ പപാത ഹ. 55

സഃ	ആ	മുഷ്ടിം	മുഷ്ടി
ബലവാൻ	ബലവാനായ	ആവർത്ത്യ	ചുഴററിക്കൊണ്ടു്
രാക്ഷസഃ	രാക്ഷസൻ	ചിക്ഷേപ;	ഇടിച്ചു;
ലബ്ധസംജ്ഞഃ,	ബോധംതെളിഞ്ഞവനായി	സഃ	അംഗദൻ
		വിസംജ്ഞഃ	ബോധമററു്
അപഹാസേന	പുച്ഛഭാവത്തോടെ	പപാത ഹ.	വീണുകളഞ്ഞു.

തസ്മിൻ പ്ലവഗശാർദ്ദൂലേ വിസംജ്ഞേ പതിതേ ഭുവി
തച്ഛൂലം സമുപാദായ സുഗ്രീവമഭിദുദ്രുവേ. 56

തസ്മിൻ	ആ	തത്	ആ
പ്ലവഗശാർദ്ദൂലേ	വാനരോത്തമൻ	ശൂലം	ശൂലത്തെ
ഭുവി	ഭൂമിയിൽ	സമുപാദായ	എടുത്തുംകൊണ്ടു്
വിസംജ്ഞേ	പ്രജ്ഞയററു്	സുഗ്രീവം അഭിദുദ്രുവേ.	സുഗ്രീവന്നുനേക്കു് പാഞ്ഞുചെന്നു.
പതിതേ,	വീണാറെ,		

തമാപതന്തം സംപ്രേക്ഷ്യ കുംഭകർണ്ണം മഹാബലം
ഉത്പപാത തദാ വീരഃ സുഗ്രീവോ വാനരാധിപഃ. 57

തദാ	അപ്പോൾ	കുംഭകർണ്ണം	കുംഭകർണ്ണനെ
വീരഃ	വീരനും	ആപതന്തം	എതിർത്തുവരുന്നവനായി
വാനരാധിപഃ	വാനരാധിപനുമായ		
സുഗ്രീവഃ	സുഗ്രീവൻ	സംപ്രേക്ഷ്യ,	കണ്ടു്,
തം മഹാബലം	ആ മഹാശക്തിമാനായ	ഉത്പപാത.	ഉയരെ കുതിച്ചുചാടി.

പർവ്വതാഗ്രം സമുത്ക്ഷിപ്യ സമാവിധ്യ മഹാകപിഃ
അഭിദുദ്രാവ വേഗേന കുംഭകർണ്ണം മഹാബലം. 58

മഹാകപിഃ	ആ വാനരോത്തമൻ	മഹാബലം	മഹാശക്തിമാനായ
പർവ്വതാഗ്രം	ഒരു കുന്നിൻമുടി	കുംഭകർണ്ണം	കുംഭകർണ്ണനെ
സമുത്ക്ഷിപ്യ,	പുഴക്കിയെടുത്തു്,	വേഗേന	ഉക്കോടെ
സമാവിധ്യ	ചുഴററിക്കൊണ്ടു്	അഭിദുദ്രാവ.	എതിർത്തു.

തമാപതന്തം സംപ്രേക്ഷ്യ കുംഭകർണ്ണഃ പ്ലവംഗമം
തസ്ഥൗ വികൃതസർവ്വാംഗോ വാനരേന്ദ്രസമുന്മുഖഃ 59

കുംഭകർണ്ണഃ	കുംഭകർണ്ണൻ	വാനരേന്ദ്ര-സമുന്മുഖഃ	വാനരാധിപനെതിരായി
തം	ആ	വികൃത-സർവ്വാംഗഃ	സർവ്വാംഗങ്ങളും ഭയങ്കരമായിത്തോന്നുമാറ്
പ്ലവംഗമം	വാനരനെ	തസ്ഥൗ.	ഏററുനിന്നു.
ആപതന്തം	എതിക്കുന്നവനായി		
സംപ്രേക്ഷ്യ,	കണ്ടു്,		

കപിശോണിതദിഗ്ദ്ധാംഗം ഭക്ഷയന്തം പ്ലവംഗമാൻ
കുംഭകർണ്ണം സ്ഥിതം ദൃഷ്ട്വാ സുഗ്രീവോ വാക്യമബ്രവീത്. 60

സുഗ്രീവഃ	സുഗ്രീവൻ	സ്ഥിതം	നിന്നിരുന്ന
പ്ലവംഗമാൻ	വാനരന്മാരെ	കുംഭകർണ്ണം	കുംഭകർണ്ണനെ
ഭക്ഷയന്തം	തിന്നുകൊണ്ടു്	ദൃഷ്ട്വാ,	കണ്ടു്,
കപി-ശോണിത-ദിഗ്ദ്ധാംഗം	വാനരരക്തം ദേഹമെല്ലാം പുരണ്ടവനായി	വാക്യം	ഒരുവാക്കു്
		അബ്രവീത്.	ഇപ്രകാരം പറഞ്ഞു.

പാതിതാശ്ച ത്വയാ വീരാഃ കൃതം കർമ്മ സുദുഷ്കരം
ഭക്ഷിതാനി ച സൈന്യാനി പ്രാപ്തം തേ പരമം യശഃ. 61

"ത്വയാ	"നിന്നാൽ	സൈന്യാനി	സൈന്യങ്ങൾ
വീരാഃ ച	വീരന്മാരും	ഭക്ഷിതാനി ;	ഭക്ഷിക്കപ്പെട്ടു ;
പാതിതാഃ ;	വീഴ്ത്തപ്പെട്ടു ;	തേ	നിനക്കു്
സുദുഷ്കരം	ദുഃസാദ്ധ്യമായ	പരമം യശഃ ച	വലുതായ പേരും
കർമ്മ കൃതം ;	കൃത്യം ചെയ്യപ്പെട്ടു ;	പ്രാപ്തം.	സിദ്ധിച്ചു.

ത്യജ തദ്വാനരാനീകം പ്രാകൃതൈഃ കിം കരിഷ്യസി
സഹസ്വൈകനിപാതം മേ പർവ്വതസ്യാസ്യ രാക്ഷസ. 62

"തത്	"ആ	രാക്ഷസ !	രാക്ഷസ !
വാനരാനീകം	വാനരസൈന്യത്തെ	മേ	എന്റെ
ത്യജ ;	വിട്ടുകളക ;	അസ്യ	ഈ
പ്രാകൃതൈഃ	സാധാരണന്മാരോടു	പർവ്വതസ്യ	മലകൊണ്ടുള്ള
കിം	എന്തൊന്നാണു് [കൂടി	ഏകനിപാതം സഹസ്വ.	ഒററ ഏറു് നീ താങ്ങുന്നതു് ഞാൻ കാണട്ടെ.
കരിഷ്യസി ?	ചെയ്യാൻപോകുന്നതു് ?		

തദ്വാക്യം ഹരിരാജസ്യ സത്വധൈര്യസമന്വിതം
ശ്രുത്വാ രാക്ഷസശാർദ്ദൂലഃ കുംഭകർണ്ണോƒബ്രവീദ്വചഃ. 63

രാക്ഷസ-ശാർദ്ദൂലഃ	രാക്ഷസപ്പുലിയായ	ഹരിരാജസ്യ	വാനരാധിപന്റെ
കുംഭകർണ്ണഃ	കുംഭകർണ്ണൻ	തത് വാക്യം	ആ വാക്യത്തെ
സത്വധൈര്യ-സമന്വിതം	ഊക്കം പൌരുഷവും ചേർന്നതായ	ശ്രുത്വാ,	കേട്ടു്,
		വചഃ അബ്രവിത്.	ഇപ്രകാരം പറഞ്ഞു.

പ്രജാപതേസ്തു പൌത്രസ്ത്വം തഥൈവൎക്ഷരജഃസുതഃ
ശ്രുതപൌരുഷസംപന്നഃ കസ്മാത് ഗൎജ്ജസി വാനര. 64

"വാനര!	"എടാ കുരങ്ങ!
ത്വം തു	നീയാകട്ടെ
പ്രജാപതേഃ	ബ്രഹ്മാവിന്റെ
പൌത്രഃ;	പൌത്രനാണ്;
ഋക്ഷരജഃ	ഋക്ഷരജസ്സിന്റെ
സുതഃ,	പുത്രൻ;
ശ്രുത-പൌരുഷ-സംപന്നഃ;	പേരാന്ന പ്രതാപശാലി;
തഥാ ഏവ	അങ്ങിനെയിരിക്കെ
കസ്മാത്	എന്തിനുവേണ്ടിയാണ്
ഗൎജ്ജസി?"	ചിലയ്ക്കുന്നത്?"

[പണ്ട് ബ്രഹ്മാവിന്റെ അശ്രുബിന്ദുവിൽനിന്ന് ഋക്ഷരജസ്സെന്ന വാനരനുണ്ടായി. ഒരു ദിവസം ബ്രഹ്മലോകത്തിൽ സഞ്ചരിക്കുമ്പോൾ മുങ്ങുന്നവരെയെല്ലാം അപ്സരസ്ത്രീകളാക്കുന്ന ഒരു സരസ്സിൽ, തന്റെ നിഴൽ കണ്ട് മറ്റൊരു കുരങ്ങനാണെന്നുവെച്ച് ചാടുകയും, ഉടനെ അപ്സരസ്സാവുകയും ചെയ്തു. ഇന്ദ്രനും സൂൎയ്യനും അവളെ കണ്ട് മോഹിച്ചു. അവരുടെ ഇന്ദ്രിയം സ്ഖലിച്ച് വാലിന്റെ ഭാഗത്തിലും കഴുത്തിലും വീണതിനാൽ ബാലിയും സുഗ്രീവനും ഉണ്ടായി. പിന്നെ ബ്രഹ്മാവിന്റെ ഉപദേശപ്രകാരം മറ്റൊരു സരസ്സിൽ കുളിച്ചപ്പോൾ പൂൎവ്വരൂപത്തെ കൈക്കൊണ്ടു; ബ്രഹ്മാവിങ്കൽനിന്ന് കിഷ്കിന്ധയെ പ്രാപിച്ച് രണ്ടു പുത്രന്മാരേയും ഗ്രഹിച്ചുകൊണ്ട്, ഋക്ഷരജസ്സ് അവരെ വളൎത്തിവന്നു. ഇങ്ങിനെ സുഗ്രീവൻ ബ്രഹ്മാവിന്റെ പൌത്രനും ഋക്ഷരജസ്സിന്റെ പുത്രനും ആണെന്ന് ഐതിഹ്യം. (ആനന്ദരാമായണം. സാരകാണ്ഡം 13-ാം അദ്ധ്യായം; ഉത്തരകാണ്ഡം 37-ാംസൎഗ്ഗത്തിനുശേഷം പ്രക്ഷിപ്തം 6-ാംസൎഗ്ഗത്തിലും കാണുക.) പ്രജാപതി എന്നത് കാശ്യപപ്രജാപതിയാണെന്നും, തത്പുത്രനായ വിവസ്വാവിന്ന് (സൂൎയ്യന്നു) പുത്രനാകയാൽ, പ്രജാപതിയുടെ പൌത്രനാകുന്നു എന്നും ചിലർ.]

സ കുംഭകൎണ്ണസ്യ വചോ നിശമ്യ വ്യാവിദ്ധ്യ ശൈലം സഹസാ മുമോച
തേനാജഘാനോരസി കുംഭകൎണ്ണം ശൈലേന വജ്രാശനിസന്നിഭേന. 65

സഃ	ആ സുഗ്രീവൻ
കുംഭകൎണ്ണസ്യ	കുംഭകൎണ്ണന്റെ
വചഃ നിശമ്യ,	വാക്കു കേട്ട്,
ശൈലം	ആ പൎവ്വതത്തെ
സഹസാ	വേഗത്തിൽ
വ്യാവിദ്ധ്യ മുമോച;	ഒന്നു ചുഴററിവിട്ടു;
തേന വജ്രാശനിസന്നിഭേന	ആ വജ്രതുല്യമായ
ശൈലേന	ശൈലത്താൽ
കുംഭകൎണ്ണം	കുംഭകൎണ്ണനെ
ഉരസി	മാറിൽ
ആജഘാന.	അടിച്ചു.

തച്ഛൈലശൃംഗം സഹസാ വിശീൎണ്ണം ഭുജാന്തരേ തസ്യ തദാ വിശാലേ
തതോ വിഷേദുഃ സഹസാ പ്ലവംഗാ രക്ഷോഗണാശ്ചാപി മുദാ വിനേദുഃ.

തദാ	അപ്പോൾ
തത്	ആ
ശൈലശൃംഗം	ഗിരിശിഖരം
തസ്യ	അവന്റെ
വിശാലേ	വിരിഞ്ഞ
ഭുജാന്തരേ	മാറിടത്തിൽ
സഹസാ	ഊക്കോടെ
വിശീൎണ്ണം;	വീണുതകൎന്നു;
തതഃ	അതിനാൽ
പ്ലവംഗാഃ	വാനരന്മാർ
വിഷേദുഃ;	വിഷാദമുൾക്കൊണ്ടു;
രക്ഷോഗണാഃ ച അപി	രാക്ഷസരാകട്ടെ
മുദാ	സന്തോഷം കൊണ്ട്
സഹസാ	ഊക്കോടെ
വിനേദുഃ.	ആൎത്തു.

സ ശൈലശൃംഗാഭിഹതശ്ചുകോപ
നനാദ കോപാച്ച വിവൃത്യ വക്ത്രം
വ്യാവിദ്ധ്യ ശൂലം ച തഡിത്പ്രകാശം
ചിക്ഷേപ ഹര്യൃക്ഷപതേർവ്വധായ. 67

സഃ	ആ കുംഭകർണ്ണൻ	നനാദ;	ഗർജ്ജിച്ചു;
ശൈല-ശൃംഗാഭിഹതഃ,	കുന്നിൻ മുടികൊണ്ട് അടിക്കപ്പെട്ടവനായി,	തഡിത്-പ്രകാശം	മിന്നൽ പ്രഭയോന്ന
ചുകോപ;	കോപാക്രാന്തനായി ഭവിച്ചു;	ശൂലം ച	ശൂലത്തേയും
കോപാത്	കോപം മുഴുത്ത്,	വ്യാവിദ്ധ്യ	ചുഴററി
വക്ത്രം	വായ	ഹര്യൃക്ഷപതേഃ	വാനരാധിപന്റെ
വിവൃത്യ ച	പൊളിച്ചും കൊണ്ട്,	വധായ	വധത്തിന്നായി
		ചിക്ഷേപ.	അതിനെ എറിഞ്ഞു.

തത് കുംഭകർണ്ണസ്യ ഭുജപ്രവിദ്ധം
ശൂലം ശിതം കാഞ്ചനധാമജുഷ്ടം
ക്ഷിപ്രം സമുത്പത്യ നിഗൃഹ്യ ദോർഭ്യാം
ബഭഞ്ജ വേഗേന സുതോഽനിലസ്യ. 68

അനിലസ്യ സുതഃ,	വായുപുത്രനായ ഹനുമാൻ,	തത്	ആ
കുംഭകർണ്ണസ്യ	കുംഭകർണ്ണന്റെ	ശൂലം,	ശൂലത്തെ,
ഭുജപ്രവിദ്ധം	കൈകൊണ്ടെറിയപ്പെട്ടതും	ക്ഷിപ്രം	ഉടനെ
കാഞ്ചന-ധാമജുഷ്ടം	സ്വർണ്ണപ്രഭ പൂണ്ടതും	സമുത്പത്യ	ചാടി
ശിതം	കൂർത്തതും ആയ	ദോർഭ്യാം	ഇരു കൈകൾകൊണ്ടും
		നിഗൃഹ്യ	പിടിച്ച്
		വേഗേന	ഊക്കോടെ
		ബഭഞ്ജ.	മുറിപ്പാൻ തുടങ്ങി.

കൃതം ഭാരസഹസ്രസ്യ ശൂലം കാലായസം മഹത്
ബഭഞ്ജ ജാനുന്യാരോപ്യ പ്രഹൃഷ്ടഃ പ്ലവഗർഷഭഃ. 69

പ്ലവഗർഷഭഃ	ഹനുമാൻ,	മഹത് ശൂലം,	ആ വമ്പിച്ച ശൂലത്തെ
ഭാരസഹസ്രസ്യ കൃതം	ആയിരംഭാരം തൂക്കമുള്ളതും	പ്രഹൃഷ്ടഃ,	ഉത്സാഹയുക്തനായി
കാലായസം	കാരിരുമ്പുകൊണ്ടുണ്ടാക്കപ്പെട്ടതും ആയ	ജാനുനി	മുട്ടിന്മേൽ
		ആരോപ്യ	വെച്ച്
		ബഭഞ്ജ.	പൊട്ടിച്ചു.

ശൂലം ഭഗ്നം ഹനുമതാ ദൃഷ്ട്വാ വാനരവാഹിനീ
ഹൃഷ്ടാ നനാദ ബഹുശഃ സർവ്വതശ്ചാപി ദുദ്രുവേ. 70

ഹനുമതാ	ഹനുമാനാൽ	ഹൃഷ്ടാ	ആനന്ദംപൂണ്ടതായി
ശൂലം	ശൂലം	ബഹുശഃ	പലവാറ്
ഭഗ്നം	മുറിക്കപ്പെട്ടതു	നനാദ ;	ആർത്തു ;
ദൃഷ്ട്വാ,	കണ്ട്,	സർവ്വതഃ അപി	നാലുഭാഗത്തുനിന്നും
വാനരവാഹിനീ,	വാനരസൈന്യം,	ദുദ്രുവേ ച.	ഓടിയടുത്തു.

സിംഹനാദം ച തേ ചക്രുഃ പ്രഹൃഷ്ടാ വനഗോചരാഃ
മാരുതിം പൂജയാംചക്രുർദൃഷ്ട്വാ ശൂലം തഥാഗതം. 71

തേ	ആ	പ്രഹൃഷ്ടാഃ,	സന്തോഷഭരിതരായി,
വനഗോചരാഃ,	വാനരന്മാർ,	സിംഹനാദം ചക്രുഃ ;	സിംഹനാദംചെയ്തു ;
ശൂലം	ശൂലത്തെ	മാരുതിം ച	മാരുതിയേയും
തഥാഗതം	അപ്രകാരമായ്ത്തീർന്നതായി	പൂജയാംചക്രുഃ.	കൊണ്ടാടി.
ദൃഷ്ട്വാ	കണ്ട്		

കാലായസം ഭാരസഹസ്രസാരം
ശൂലം ശരത്സൂര്യസമാനകാന്തിം
ഭഗ്നം സമീക്ഷ്യ പ്രസഭം ക്ഷണേന
ഹൃഷ്ടാ വിനേദുഃ പ്ലവഗാഃ സമന്താത് 72

പ്ലവഗാഃ,	വാനരന്മാർ,	ക്ഷണേന	ഒരുനിമിഷംകൊണ്ട്
കാലായസം	കാരിരുമ്പുകൊണ്ടുള്ളതും	പ്രസഭം	ഊക്കോടെ
ഭാരസഹസ്രസാരം	ആയിരംഭാരം ഘനമുള്ളതും	ഭഗ്നം	മുറിക്കപ്പെട്ടതായി
ശരത്സൂര്യസമാനകാന്തിം	ശരത്കാലാദിത്യനെപ്പോലെ കാന്തിപൂണ്ടതും ആയ	സമീക്ഷ്യ,	കണ്ട്,
ശൂലം,	ശൂലത്തെ,	ഹൃഷ്ടാഃ	പുളകിതഗാത്രരായി
		സമന്താത്	ചുറ്റും
		വിനേദുഃ.	ആർത്തുവിളിച്ചു.

സ തത്തദാ ഭഗ്നമവേക്ഷ്യ ശൂലം
ചുകോപ രക്ഷോധിപതിർമ്മഹാത്മാ
ഉത്പാട്യ ലങ്കാമലയാത് സ ശൃംഗം
ജഘാന സുഗ്രീവമുപേത്യ തേന. 73

മഹാത്മാ	വൻശരീരമാന്ന	സഃ	അവൻ
രക്ഷോധിപതിഃ	രാക്ഷസത്തലവനായ	ലങ്കാമലയാത്	ലങ്കയിലെ മലയപർവ്വതത്തിൽനിന്ന്
സഃ,	അവൻ,	ശൃംഗം	ഒരുകൊടുമുടി
തദാ	അപ്പോൾ	ഉത്പാട്യ,	പുഴക്കിയെടുത്ത്,
തത്	ആ	സുഗ്രീവം	സുഗ്രീവനെ
ശൂലം	ശൂലത്തെ	ഉപേത്യ,	അടുത്ത്,
ഭഗ്നം	മുറിക്കപ്പെട്ടതായി	തേന	അതുകൊണ്ട്
അവേക്ഷ്യ,	കണ്ട്,	ജഘാന.	അടിച്ചു.
ചുകോപ ;	ക്രുദ്ധിച്ചു ;		

സ ശൈലശൃംഗാഭിഹതോ വിസംജ്ഞഃ
പപാത ഭൂമൌ യുധി വാനരേന്ദ്രഃ
തം പ്രേക്ഷ്യ ഭൂമൌ പതിതം വിസംജ്ഞം
നേദുഃ പ്രഹൃഷ്ടാസ്ത്വഥ യാതുധാനാഃ. 74

വാനരേന്ദ്രഃ	വാനരേന്ദ്രനായ	അഥ	ആ സമയം
സഃ,	അവൻ,	യാതുധാനാഃ തു	രാക്ഷസന്മാരും
യുധി	പോരിൽ	തം	അവനെ
ശൈലശൃംഗാഭിഹതഃ	കുന്നിൻമുടികൊണ്ട് അടിക്കപ്പെട്ടവനായി	വിസംജ്ഞം	പ്രജ്ഞയററ്
വിസംജ്ഞഃ	ബോധരഹിതനായി	ഭൂമൌ പതിതം	ഭൂമിയിൽ പതിച്ചവനായി
ഭൂമൌ	നിലത്ത്	പ്രേക്ഷ്യ	കണ്ട്
പപാത ;	വീണുകളഞ്ഞു ;	പ്രഹൃഷ്ടാഃ	ഉത്സാഹത്തോടെ
		നേദുഃ.	ആർപ്പാട്ടംചെയ്തു.

തമഭ്യുപേത്യാത്ഭുതഘോരവീര്യം
സ കുംഭകർണ്ണോ യുധി വാനരേന്ദ്രം
ജഹാര സുഗ്രീവമഭിപ്രഗൃഹ്യ
യഥാഽനിലോ മേഘമതിപ്രചണ്ഡഃ 75

സഃ	ആ	യുധി	യുദ്ധത്തിൽ
കുംഭകർണ്ണഃ,	കുംഭകർണ്ണൻ,	അഭ്യുപേത്യ,	അടുത്ത്,
അത്ഭുത-ഘോരവീര്യം	ആശ്ചര്യകരവും ഭയങ്കരവും ആയ പരാക്രമമാന്ന	അഭിപ്രഗൃഹ്യ	തൂക്കിയെടുത്തുംകൊണ്ട്
		അതിപ്രചണ്ഡഃ	അത്യുഗ്രമായ
		അനിലഃ	കൊടുങ്കാററ്
വാനരേന്ദ്രം	വാനരേന്ദ്രനായ	മേഘം	മേഘത്തെ
തം	ആ	യഥാ,	എന്നപോലെ,
സുഗ്രീവം	സുഗ്രീവനെ	ജഹാര.	കൊണ്ടുചെന്നു.

സ തം മഹാമേഘനികാശരൂപ-
മുത്പാട്യ ഗച്ഛൻ യുധി കുംഭകർണ്ണഃ
രരാജ മേരുപ്രതിമാനരൂപോ
മേരുര്യഥാഽഭ്യുച്ഛ്രിതഘോരശൃംഗഃ. 76

മേരു-പ്രതിമാന-രൂപഃ	മേരുസദൃശാകാരനായ	യുധി	പോർക്കളത്തിൽ
		ഉത്പാട്യ	തൂക്കിയെടുത്തുകൊണ്ട്
		ഗച്ഛൻ	ചെല്ലുന്നവനായി
സഃ	ആ	അഭ്യുച്ഛ്രിത-ഘോരശൃംഗഃ	ഉയന്ന ഭയങ്കരശിഖരത്തോടുകൂടിയ
കുംഭകർണ്ണഃ,	കുംഭകർണ്ണൻ,		
മഹാമേഘ-നികാശരൂപം	വൻമേഘതുല്യസ്വരൂപനായ	മേരുഃ യഥാ,	മേരുപർവ്വതമെന്നപോലെ
തം	അവനെ	രരാജ.	വിളങ്ങി.

തതസ്തമുത്പാട്യ ജഗാമ വീരഃ
സംസ്തൂയമാനോ യുധി രാക്ഷസേന്ദ്രൈഃ
ശൃണ്വൻ നിനാദം ത്രിദശാലയാനാം
പ്ലവംഗരാജഗ്രഹവിസ്മിതാനാം. 77

തതഃ	അപ്പോൾ
വീരഃ	വീരനായ കുംഭകർണ്ണൻ
തം	അവനെ
ഉത്പാട്യ,	എടുത്തുകൊണ്ട്,
യുധി	പോരിന്റെ സംഗതിയിൽ
രാക്ഷസേന്ദ്രൈഃ	രാക്ഷസേന്ദ്രന്മാരാൽ
സംസ്തൂയമാനഃ	കൊണ്ടാടപ്പെട്ടവനായി
പ്ലവംഗരാജഗ്രഹവിസ്മിതാനാം	വാനരാധിപന്റെ ഗ്രഹണത്തെക്കുറിച്ച് ആശ്ചര്യഭരിതരായ
ത്രിദശാലയാനാം	വാനവന്മാരുടെ
നിനാദം	ഭയശബ്ദത്തെ
ശൃണ്വൻ,	കേട്ടുംകൊണ്ട്
ജഗാമ.	പോയിക്കൊണ്ടിരുന്നു.

തതസ്തമാദായ തദാ സ മേനേ
ഹരീന്ദ്രമിന്ദ്രോപമമിന്ദ്രവീര്യഃ
അസ്മിൻ ഹൃതേ സർവ്വമിദം ഹൃതം സ്യാത്
സരാഘവം സൈന്യമിതീന്ദ്രശത്രുഃ. 78

ഇന്ദ്രവീര്യഃ	ഇന്ദ്രന്റെ വീര്യമാർന്ന
ഇന്ദ്രശത്രുഃ	ഇന്ദ്രശത്രുവായ
സഃ,	അവൻ,
തദാ	ആ സമയം
ഇന്ദ്രോപമം	ഇന്ദ്രതുല്യനായ
ഹരീന്ദ്രം	വാനരാധിപനായ
തം	ആ സുഗ്രീവനെ
ആദായ	എടുത്തുംകൊണ്ട്
"അസ്മിൻ	"ഇവൻ
ഹൃതേ,	തടവിലിടപ്പെട്ടാൽ,
തതഃ	അതിനാൽ
ഇദം	ഈ
സരാഘവം	രാഘവന്മാരടക്കമുള്ള
സൈന്യം	സൈന്യം
സർവ്വം	മുഴുവനും
ഹൃതം സ്യാത്,"	തടവിലിടപ്പെട്ടതായിത്തീരും,"
ഇതി	എന്നിങ്ങിനെ
മേനേ.	കരുതി.

വിദ്രുതാം വാഹിനീം ദൃഷ്ട്വാ വാനരാണാം തതസ്തതഃ
കുംഭകർണ്ണേന സുഗ്രീവം ഗൃഹീതം ചാപി വാനരം 79
ഹനുമാംശ്ചിന്തയാമാസ മതിമാൻ മാരുതാത്മജഃ
ഏവം ഗൃഹീതേ സുഗ്രീവേ കിം കർത്തവ്യം മയാ ഭവേത്. 80

മതിമാൻ	ബുദ്ധിമാനും
മാരുതാത്മജഃ	വായുസുതനുമായ
ഹനുമാൻ	ഹനുമാൻ
വാനരം	വാനരനായ
സുഗ്രീവം	സുഗ്രീവനെ
കുംഭകർണ്ണേന	കുംഭകർണ്ണനാൽ
ഗൃഹീതം ച,	എടുത്തുകൊണ്ടുപോകപ്പെട്ടവനായും
വാനരാണാം വാഹിനീം	വാനരസൈന്യത്തെ
തതഃ തതഃ	അങ്ങിങ്ങായി
വിദ്രുതാം അപി	ഓടിപ്പോയതായും
ദൃഷ്ട്വാ,	കണ്ട്,
ചിന്തയാമാസ;	ഇങ്ങിനെ ചിന്തിച്ചു;
"ഏവം	"ഇപ്രകാരം
സുഗ്രീവേ	സുഗ്രീവൻ
ഗൃഹീതേ,	പിടിക്കപ്പെട്ടിരിക്കുമ്പോൾ,
മയാ	എന്നാൽ
കർത്തവ്യം	ചെയ്യപ്പെടേണ്ടതു്
കിം ഭവേത്?	എന്തൊന്നാണ്?

യദ്വൈ ന്യായ്യം മയാ കൎത്തും തത് കരിഷ്യാമി സൎവ്വഥാ
ഭൂത്വാ പൎവ്വതസംകാശോ നാശയിഷ്യാമി രാക്ഷസം. 81

"യത്	"യാതൊന്ന്
മയാ	എന്നാൽ
കൎത്തും ന്യായ്യം	ചെയ്യപ്പെടേണ്ടതാ
തത് വൈ	അതിനെത്തന്നെ
സൎവ്വഥാ	ഏതുവിധവും
കരിഷ്യാമി ;	ഞാൻ ചെയ്യുന്നതാണ് ;
പൎവ്വതസംകാശഃ ഭൂത്വാ,	മലയൊത്ത വടിവുകയ്യൊണ്ട്,
രാക്ഷസം	രാക്ഷസനെ
നാശയിഷ്യാമി.	ഞാൻ ധ്വംസനംചെയ്യാം.

മയാ ഹതേ സംയതി കുംഭകൎണ്ണേ
മഹാബലേ മുഷ്ടിവികീൎണ്ണദേഹേ
വിമോചിതേ വാനരപാൎത്ഥിവേ ച
ഭവന്തു ഹൃഷ്ടാഃ പ്ലവഗാഃ സമസ്താഃ. 82

"മയാ	"എന്നാൽ
സംയതി	പോരിൽ
മഹാബലേ	മഹാബലവാനായ
കുംഭകൎണ്ണേ	കുംഭകൎണ്ണൻ
ഹതേ	അടിക്കപ്പെട്ട്
മുഷ്ടിവികീൎണ്ണദേഹേ	മുഷ്ടികൾകൊണ്ട് ഇടിച്ച് ദേഹം ചിതറി
വാനരപാൎത്ഥിവേ	വാനരാധിപൻ
വിമോചിതേ ച	വിടുവിക്കപ്പെട്ടപ്പോൾ,
പ്ലവഗാഃ	വാനരന്മാർ
സമസ്താഃ	എല്ലാം
ഹൃഷ്ടാഃ	സന്തോഷഭരിതരായി
ഭവന്തു.	ഭവിക്കട്ടെ.

അഥവാ സ്വയമപ്യേഷ മോക്ഷം പ്രാപ്സ്യതി പാൎത്ഥിവഃ
ഗൃഹീതോഽയം യദി ഭവേത് ത്രിദശൈഃ സാസുരോരഗൈഃ. 83

"അഥവാ ;	"അതെന്തിന്ന് ;
അയം	ഈ
പാൎത്ഥിവഃ,	സുഗ്രീവമഹാരാജാവ്,
സാസുരോരഗൈഃ	അസുരന്മാരും നാഗങ്ങളും അടങ്ങിയ
ത്രിദശൈഃ അപി	ദേവന്മാരാൽ തന്നെയും
ഗൃഹീതഃ ഭവേത് യദി	ഗ്രഹിക്കപ്പെട്ടവനായിരുന്നാലും
ഏഷഃ	ഇദ്ദേഹം
സ്വയം	താൻ ഒററയ്ക്കുതന്നെ
മോക്ഷം പ്രാപ്സ്യതി.	മോചിപ്പിച്ചു കൊള്ളുന്നതാണ്.

മന്യേ ന താവദാത്മാനം ബുദ്ധ്യതേ വാനരാധിപഃ
ശൈലപ്രഹാരാഭിഹതഃ കുംഭകൎണ്ണേന സംയുഗേ. 84

"വാനരാധിപഃ,	"വാനരാധിപൻ,
സംയുഗേ	പോരിൽ
കുംഭകൎണ്ണേന	കുംഭകൎണ്ണനാൽ
ശൈലപ്രഹാരാഭിഹതഃ	ശൈലം കൊണ്ടുള്ള പ്രഹരം ഏല്പിക്കപ്പെട്ടവനായി
താവത്	ഇപ്പോൾ
ആത്മാനം ബുദ്ധ്യതേ ന,	സ്വബോധമററിരിക്കയാണെന്ന്
മന്യേ.	ഞാൻ കരുതുന്നു.

അയം മുഹൂർത്താത് സുഗ്രീവോ ലബ്ധസംജ്ഞോ മഹാഹവേ
ആത്മനോ വാനരാണാം ച യത് പത്ഥ്യം തത് കരിഷ്യതി. 85

"അയം	"ഈ	ആത്മനഃ	തനിക്കും
സുഗ്രീവഃ	സുഗ്രീവൻ	വാനരാണാം ച	വാനരന്മാൎക്കും
മുഹൂർത്താത്	അല്പനേരത്തിനുള്ളിൽ	യത്	യാതൊന്ന്
ലബ്ധസംജ്ഞഃ,	ബോധം തെളിഞ്ഞവനായി,	പത്ഥ്യം,	ഗുണകരമോ,
		തത്	അതിനെ
മഹാഹവേ,	വൻ പോരിൽ,	കരിഷ്യതി.	ചെയ്യുന്നതാണ്.

മയാ തു മോക്ഷിതസ്യാസ്യ സുഗ്രീവസ്യ മഹാത്മനഃ
അപ്രീതിശ്ച ഭവേത് കഷ്ടാ കീൎത്തിനാശശ്ച ശാശ്വതഃ. 86

"മയാ	"എന്നാൽ,	കഷ്ടാ	അസഹ്യമായ
മഹാത്മനഃ	മഹാത്മാവായ	അപ്രീതിഃ	രസക്കേടും
അസ്യ	ഈ	ഭവേത്;	ഉണ്ടായേക്കാം;
സുഗ്രീവസ്യ	സുഗ്രീവൻ	കീൎത്തിനാശഃ ച	തന്റെ യശസ്സിന് കോട്ടംനേരിടുന്നതും
മോക്ഷിതസ്യ തു	മോചിക്കപ്പെടുന്നുവെന്നാൽ	ശാശ്വതഃ ച.	നിശ്ചയംതന്നെ.

തസ്മാന്മുഹൂൎത്തം കാംക്ഷിഷ്യേ വിക്രമം പാൎത്ഥിവസ്യ തു
ഭിന്നം ച വാനരാനീകം താവദാശ്വാസയാമ്യഹം. 87

"തസ്മാത്,	"അതുകൊണ്ട്,	താവത് തു,	ഇയ്യിടയിൽതന്നെ
മുഹൂൎത്തം	കുറെനേരം	ഭിന്നം	ഭയപ്പെട്ടോടുന്ന
പാൎത്ഥിവസ്യ	രാജാവിന്റെ	വാനരാനീകം ച	വാനരസേനയേയും
വിക്രമം	പരാക്രമത്തെ	അഹം	ഞാൻ
കാംക്ഷിഷ്യേ;	ഞാൻ പ്രതീക്ഷിച്ചുംകൊണ്ട് വൎത്തിക്കാം;	ആശ്വാസയാമി."	സമാധാനിപ്പിക്കുന്നുണ്ട്."

ഇത്യേവം ചിന്തയിത്വാ തു ഹനുമാൻ മാരുതാത്മജഃ
ഭൂയഃ സംസ്തംഭയാമാസ വാനരാണാം മഹാചമൂം. 88

മാരുതാത്മജഃ	വായുപുത്രനായ	വാനരാണാം	വാനരന്മാരുടെ
ഹനുമാൻ,	ഹനുമാൻ,	മഹാചമൂം	വൻപടയെ
ഇതി ഏവം	മേൽപ്രകാരമെല്ലാം	ഭൂയഃ	പലവാറായി
ചിന്തയിത്വാ,	ആലോചിച്ച്,	സംസ്തംഭയാമാസ.	നിലയ്ക്കുനിൎത്തി.
തു	ആസമയം		

സ കുംഭകർണ്ണോƒഥ വിവേശ ലങ്കാം
സ്ഫുരന്തമാദായ മഹാകപിം തം
വിമാനചര്യാഗൃഹഗോപുരസ്ഥൈഃ
പുഷ്പാഗ്ര്യവർഷൈരവകീര്യ്യമാണഃ. 89

സഃ	ആ
കുംഭകർണ്ണഃ	കുംഭകർണ്ണൻ
അഥ	അപ്പോൾ
സ്ഫുരന്തം	പിടഞ്ഞുകൊണ്ടിരുന്ന
തം	ആ
മഹാകപിം	വാനരനെ
ആദായ	എടുത്തുകൊണ്ട്
വിമാനചര്യാ-ഗൃഹഗോപുര-സ്ഥൈഃ	വിമാനങ്ങളിലും, കൊത്തളങ്ങളിലും, ഗോപുരങ്ങളിലും നില്ക്കുന്നവരാൽ
പുഷ്പാഗ്ര്യ-വർഷൈഃ	ശ്രേഷ്ഠമായ പുഷ്പവർഷങ്ങൾകൊണ്ട്
അവകീര്യ്യമാണഃ	തൂവപ്പെടുന്നവനായി
ലങ്കാം	ലങ്കയ്ക്കുള്ളിൽ
വിവേശ.	പ്രവേശിച്ചു.

ലാജഗന്ധോദവർഷൈസ്തു സിച്യമാനഃ ശനൈഃ ശനൈഃ
രാജമാർഗ്ഗസ്യ ശീതത്വാത് സംജ്ഞാമാപ മഹാബലഃ. 90

മഹാബലഃ	മഹാബലശാലിയായ സുഗ്രീവൻ
രാജമാർഗ്ഗസ്യ	രാജവീഥിയുടെ
ശീതത്വാത്	തണുപ്പിനാലും,
ലാജഗന്ധോ-ദവർഷൈഃ	പൊരി, ചന്ദനം, ജലം എന്നിവ വർഷിച്ചതിനാൽ
സിച്യമാനഃ തു,	നനയ്ക്കപ്പെടുന്നവനായും
ശനൈഃ ശനൈഃ	അല്പാല്പമായി
സംജ്ഞാം ആപ.	ബോധംതെളിഞ്ഞു.

[" ലാജഗന്ധോദവർഷൈഃ " (രാമച്ചവാസനയുള്ള വെള്ളം തളിച്ചതിനാൽ.) എന്ന് (സ.) " ഉശീരേ ലാജമുദ്ദിഷ്ടം " എന്ന് വിശ്വകോശം.]

തതഃ സ സംജ്ഞാമുപലഭ്യ കൃച്ഛ്രാദ്-
ബലീയസസ്തസ്യ ഭുജാന്തരസ്ഥഃ
അവേക്ഷമാണഃ പുരരാജമാർഗ്ഗം
വിചിന്തയാമാസ മുഹുർമ്മഹാത്മാ. 91

മഹാത്മാ	മഹാപരാക്രമശാലിയായ
സഃ,	ആ സുഗ്രീവൻ,
തതഃ	അപ്പോൾ
കൃച്ഛ്രാത്	കഷ്ടപ്പെട്ട്,
സംജ്ഞാം ഉപലഭ്യ	ബോധംതെളിഞ്ഞ്,
ബലീയസഃ	ബലവാനായ
തസ്യ	അവന്റെ
ഭുജാന്തരസ്ഥഃ	കക്ഷങ്ങൾക്കിടയിലകപ്പെട്ടവനായി
പുരരാജമാർഗ്ഗം	നഗരത്തിലുള്ള രാജവീഥിയെ
അവേക്ഷമാണഃ	നോക്കിക്കാണുന്നവനായി
മുഹുഃ	മേല്ക്കുമേൽ
വിചിന്തയാമാസ.	ആലോചനചെയ്തു.

ഏവം ഗൃഹീതേന കഥം നു നാമ
ശക്യം മയാ സംപ്രതികർത്തുമദ്യ
തഥാ കരിഷ്യാമി യഥാ ഹരീണാം
ഭവിഷ്യതീഷ്ടം ച ഹിതം ച കാര്യം. 92

"ഏവം	"ഇപ്രകാരം	ഹരീണാം	വാനരന്മാൎക്ക്
ഗൃഹീതേന	പിടിക്കപ്പെട്ടവനായ	യഥാ	എപ്രകാരമായാൽ
മയാ,	എന്നാൽ,	ഇഷ്ടം	ഇഷ്ടമായും
അദ്യ	ഇപ്പോൾ	ഹിതം ച	ഗുണകരമായും
സംപ്രതികർത്തും	തക്കപ്രതിക്രിയ ചെയ്വാൻ	ഭവിഷ്യതി	ഇരിക്കുമോ
കഥം നു	എങ്ങിനെയായാലാണ്	തഥാ	അപ്രകാരമുള്ള
ശക്യം നാമ?	സാദ്ധ്യമാവുക?	കാര്യം	കാൎയ്യത്തെ
ച,	എന്തായാലും,	കരിഷ്യാമി."	ഞാൻ ചെയ്യുന്നുണ്ട്."

തതഃ കരാഗ്രൈഃ സഹസാ സമേത്യ
രാജാ ഹരീണാമമരേന്ദ്രശത്രും
ഖരൈശ്ച കർണ്ണൗ ദശനൈശ്ച നാസാം
ദദംശ പാർശ്വേഷു ച കുംഭകർണ്ണം. 93

ഹരീണാം രാജാ,	വാനരാധിപൻ,	കരാഗ്രൈഃ	നഖങ്ങൾകൊണ്ട്
തതഃ	ആ സമയം	കർണ്ണൗ ച,	രണ്ടുചെവികളേയും,
അമരേന്ദ്രശത്രും	ഇന്ദ്രശത്രുവായ	ദശനൈഃ	പല്ലുകൾകൊണ്ട്
കുംഭകർണ്ണം	കുംഭകർണ്ണനെ	നാസാം ച	മൂക്കിനേയും,
സഹസാ	പെട്ടെന്ന്	പാർശ്വേഷു ച	പാർശ്വഭാഗങ്ങളിലും
സമേത്യ,	കൂട്ടിപ്പിടിച്ച്,	ദദംശ.	കടിച്ചുമാന്തിപ്പൊളിച്ചു.
ഖരൈഃ,	കൂൎത്തുള്ള		

സ കുംഭകർണ്ണോ ഹതകർണ്ണനാസോ
വിദാരിതസ്തേന വിമർദ്ദിതശ്ച
രോഷാഭിഭൂതഃ ക്ഷതജാർദ്രഗാത്രഃ
സുഗ്രീവമാവിദ്ധ്യ പിപേഷ ഭൂമൗ. 94

സഃ	ആ	ക്ഷതജാർദ്രഗാത്രഃ	ദേഹമെല്ലാം ചോരനനഞ്ഞ്
കുംഭകർണ്ണഃ,	കുംഭകർണ്ണൻ,	രോഷാഭിഭൂതഃ,	കലിമുഴുത്തവനായി,
തേന	അവനാൽ	സുഗ്രീവം	സുഗ്രീവനെ
വിദാരിതഃ	മാന്തിപ്പൊളിക്കപ്പെട്ടവനായും	ആവിദ്ധ്യ	ചുഴററി
വിമർദ്ദിതഃ ച	പീഡിക്കപ്പെട്ടവനായും	ഭൂമൗ	നിലത്ത്
ഹതകർണ്ണനാസഃ	കാതും മൂക്കും മുറിഞ്ഞവനായി	പിപേഷ.	ഇട്ടുതേച്ചു.

സ ഭൂതലേ ഭീമബലാഭിപിഷ്ടഃ സുരാരിഭിസ്തൈരഭിഹന്യമാനഃ
ജഗാമ ഖം വേഗവദഭ്യുപേത്യ പുനശ്ച രാമേണ സമാജഗാമ. 95

സഃ	അവൻ	ഖം	ആകാശത്തിൽ
ഭൂതലേ	നിലത്ത്	വേഗവത്	വേഗത്തിൽ
ഭീമബലാഭിപിഷ്ടഃ,	ഉഗ്രശക്തിപൂണ്ട അവനാൽ തേയ്ക്കപ്പെട്ടവ[നായി],	അഭ്യുപേത്യ	കുതിച്ച്
		ജഗാമ,	ചെന്നു,
തൈഃ	ആ	പുനഃ ച	വീണ്ടും
സുരാരിഭിഃ	രാക്ഷസന്മാരാൽ	രാമേണ	ശ്രീരാമനോട്
അഭിഹന്യമാനഃ,	അടിക്കപ്പെട്ടവനായി,	സമാജഗാമ.	ഒന്നിച്ചുചേൎന്നു.

കൎണ്ണനാസാവിഹീനസ്തു കുംഭകൎണ്ണോ മഹാബലഃ
രരാജ ശോണിതൈഃ സിക്തോ ഗിരിഃ പ്രസ്രവണൈരിവ. 96

കൎണ്ണനാസാവിഹീനഃ	ചെവിയും മൂക്കും മുറിഞ്ഞ	ശോണിതൈഃ	ചോരയൊലിക്കുന്നവ
		സിക്തഃ	ഒരുപൎവ്വതം [നായി],
മഹാബലഃ	മഹാബലവാനായ	ഗിരിഃ പ്രസ്രവണൈഃ ഇവ	മലയരുവികളാലെപ്രകാരമോ അപ്രകാരം
കുംഭകൎണ്ണഃ,	കുംഭകൎണ്ണൻ,		
തു,	ആ സമയം,	രരാജ.	വിളങ്ങി.

ശോണിതാൎദ്രോ മഹാകായോ രാക്ഷസോ ഭീമവിക്രമഃ
യുദ്ധായാഭിമുഖോ ഭൂയോ മനശ്ചക്രേ മഹാബലഃ. 97

മഹാകായഃ	പെരുത്ത ഉടലാൎന്നവ[നും]	രാക്ഷസഃ,	ആ രാക്ഷസൻ,
മഹാബലഃ	മഹാബലവാനും	ഭൂയഃ	വീണ്ടും
ഭീമവിക്രമഃ	ഘോരപരാക്രമിയും	യുദ്ധായ അഭിമുഖഃ	പോരാടുവാനായി
ശോണിതാൎദ്രഃ	ചോരയൊലിക്കുന്നവനും ആയ	മനഃ ചക്രേ.	ഉറച്ചു.

അമൎഷാച്ഛോണിതോദ്ഗാരീ ശുശുഭേ രാവണാനുജഃ
നീലാഞ്ജനചയപ്രഖ്യഃ സസന്ധ്യ ഇവ തോയദഃ. 98

നീലാഞ്ജനചയപ്രഖ്യഃ	കറുത്ത അഞ്ജനക്കുന്നു പോലെയുള്ളവനായ	ശോണിതോദ്ഗാരീ,	ചോരയൊലിക്കുന്നവനായി
		സസന്ധ്യഃ	വൈകുന്നേരത്തെ വെയിൽ തട്ടിയ
രാവണാനുജഃ,	ആ രാവണാനുജൻ,	തോയദഃ ഇവ	മേഘമെന്നപോലെ
അമൎഷാത്	കോപമുൾക്കൊണ്ടു്	ശുശുഭേ.	പ്രകാശിച്ചു.

ഗതേ തു തസ്മിൻ സുരരാജശത്രുഃ
ക്രോധാത് പ്രദുദ്രാവ രണായ ഭൂയഃ
അനായുധോഽസ്മീതി വിചിന്ത്യ രൌദ്രോ
ഘോരം തദാ മുദ്ഗരമാസസാദ. 99

രൌദ്രഃ	ഭയങ്കരനായ	തദാ	ആ സമയം
സുരരാജശത്രുഃ	ഇന്ദ്രശത്രുവായ അവൻ	"അനായുധഃ }	"ഞാൻ ആയുധമില്ലാ
തസ്മിൻ	ആ സുഗ്രീവൻ	അസ്മി," }	തിരിക്കുന്നു,"
ഗതേ തു,	പോയാറെ,	ഇതി	എന്നു്
ക്രോധാത്	കോപമുൾക്കൊണ്ടു്	വിചിന്ത്യ	ഓർത്തു്
ഭൂയഃ	വീണ്ടും	ഘോരം മുദ്ഗരം	അത്യുഗ്രമായ ഒരു മുൾത്തടി
രണായ	പോരിന്നായി		
പ്രദുദ്രാവ;	ഓടിയടുത്തു;	ആസസാദ.	കയ്യിലെടുത്തു.

തതഃ സ പുര്യാഃ സഹസാ മഹൌജാ
നിഷ്ക്രമ്യ തദ്വാനരസൈന്യമുഗ്രം
തേനൈവ രൂപേണ ബഭഞ്ജ രുഷ്ടഃ
പ്രഹാരമുഷ്ട്യാ ച പദേന സദ്യഃ 100

തതഃ	അപ്പോൾ	സദ്യഃ	തത്ക്ഷണം
മഹൌജാ	മഹാപരാക്രമശാലി	രുഷ്ടഃ,	കോപമുൾക്കൊണ്ടവ
സഃ,	അവൻ, [യായ	തത്	ആ [നായി,
തേന	ആ	ഉഗ്രം	ഭയങ്കരമായ
രൂപേണ ഏവ	സ്വരൂപത്തോടുകൂടി	വാനരസൈന്യം	വാനരസൈന്യത്തെ
സഹസാ	ഉടനെ [തന്നെ	പ്രഹാരമുഷ്ട്യാ	അടിച്ചും ഇടിച്ചും
പുര്യാഃ	പുരത്തിൽനിന്നു്	പദേന ച	കാൽകൊണ്ടും
നിഷ്ക്രമ്യ,	പുറത്തുവന്നു്,	ബഭഞ്ജ.	മട്ടിച്ചു.

ബഭക്ഷ രക്ഷോ യുധി കുംഭകർണ്ണഃ
പ്രജാ യുഗാന്താഗ്നിരിവ പ്രദീപ്തഃ. 101

രക്ഷഃ	രാക്ഷസനായ	പ്രജാഃ	പ്രാണികളെ
കുംഭകർണ്ണഃ	കുംഭകർണ്ണൻ	ഇവ,	എന്നപോലെ,
പ്രദീപ്തഃ	ഉജ്ജ്വലിക്കുന്ന	യുധി	പോരിൽ
യുഗാന്താഗ്നിഃ	പ്രളയകാലാനലൻ	ബഭക്ഷ.	ഭക്ഷിച്ചുതുടങ്ങി.

ബുഭുക്ഷിതഃ ശോണിതമാംസഗൃധ്നുഃ
പ്രവിശ്യ തദ്വാനരസൈന്യമുഗ്രം
ചഖാദ രക്ഷാംസി ഹരീൻ പിശാചാ-
നൃക്ഷാംശ്ച മോഹാദ്യുധി കുംഭകർണ്ണഃ. 102

കുംഭകർണ്ണഃ	കുംഭകർണ്ണൻ	പ്രവിശ്യ,	പ്രവേശിച്ചു്,
ബുഭുക്ഷിതഃ	വിശപ്പോടുകൂടിയവനായി	മോഹാത്	വെറിയെടുത്തവനായി
		ഹരീൻ	വാനരന്മാരേയും
ശോണിത- }	രക്തത്തിലും മാംസ	ഋക്ഷാൻ	കരടികളേയും
മാംസഗൃധ്നുഃ }	ത്തിലും കൊതിപൂണ്ട	രക്ഷാംസി	രാക്ഷസന്മാരെയും
യുധി	പോരിൽ [വനായി	പിശാചാൻ ച	പിശാചുക്കളേയും
തത് ഉഗ്രം	ആ ഭയങ്കരമായ		എല്ലാം
വാനരസൈന്യം	വാനരസൈന്യത്തിൽ	ചഖാദ.	കടിച്ചുതിന്നു തുടങ്ങി.

യഥൈവ മൃത്യുർഹരതേ യുഗാന്തേ
സ ഭക്ഷയാമാസ ഹരീംശ്ച മുഖ്യാൻ. 103

മൃത്യുഃ	യമൻ	സഃ ച	അവനും
യുഗാന്തേ	പ്രളയകാലത്തിൽ	മുഖ്യാൻ	കേമന്മാരായ
യഥാ	എപ്രകാരം	ഹരീൻ	വാനരന്മാരെ
ഹരതേ ഏവ,	നശിപ്പിക്കുന്നുവോ, അപ്രകാരം	ഭക്ഷയാമാസ.	വിഴുങ്ങിത്തുടങ്ങി.

ഏകം ദ്വേ ത്രീൻ ബഹൂൻ ക്രുദ്ധോ വാനരാൻ സഹ രാക്ഷസൈഃ
സമാദായൈകഹസ്തേന പ്രചിക്ഷേപ ത്വരൻ മുഖേ. 104

ക്രുദ്ധഃ	കുപിതനായ അവൻ	ബഹൂൻ	പലതുമായി
വാനരാൻ	വാനരന്മാരെ	ഏകഹസ്തേന	ഒരു കൈകൊണ്ടു്
രാക്ഷസൈഃ സഹ,	രാക്ഷസന്മാരോടുകൂടി,	സമാദായ,	പിടിച്ചു വലിച്ചു്,
ഏകം	ഒന്നും	ത്വരൻ	തെരുതെരെ
ദ്വേ	രണ്ടും	മുഖേ	വായിൽ
ത്രീൻ	മൂന്നും	പ്രചിക്ഷേപ.	ഇട്ടു.

സംപ്രസ്രവംസ്തദാ മേദഃ ശോണിതം ച മഹാബലഃ
വദ്ധ്യമാനോ നഗേന്ദ്രാഗ്രൈർഭക്ഷയാമാസ വാനരാൻ. 105

മഹാബലഃ,	മഹാബലശാലിയായ	നഗേന്ദ്രാഗ്രൈഃ	പൎവ്വതശിഖരങ്ങൾ കൊണ്ടു്
തദാ,	ആ സമയം, [അവൻ,	വദ്ധ്യമാനഃ ച,	അടിക്കപ്പെടുന്നവനായി
മേദഃ	കൊഴുപ്പും	വാനരാൻ	വാനരന്മാരെ
ശോണിതം	ചോരയും	ഭക്ഷയാമാസ.	ഭക്ഷിച്ചു.
സംപ്രസ്രവൻ,	വളരെ ഒലിപ്പിച്ചുംകൊണ്ടു്,		

തേ ഭക്ഷ്യമാണാ ഹരയോ രാമം ജഗ്മുസ്തദാ ഗതിം. 106

ഭക്ഷ്യമാണാഃ	വിഴുങ്ങപ്പെടുന്നവരായ	ഗതിം	രക്ഷയ്ക്കായി,
തേ ഹരയഃ,	ആ വാനരന്മാർ,	രാമം	ശ്രീരാമനെ
തദാ,	ആ സമയം,	ജഗ്മുഃ.	പ്രാപിച്ചു.

കുംഭകൎണ്ണോ ഭൃശം ക്രുദ്ധഃ കപീൻ ഖാദൻ പ്രധാവതി. 107

കുംഭകൎണ്ണഃ	കുംഭകൎണ്ണൻ	ഖാദൻ	തിന്നുംകൊണ്ടു്
ഭൃശം ക്രുദ്ധഃ	ഏററം കുപിതനായി	പ്രധാവതി.	എങ്ങും ചുററിത്തിരിയുന്നു.
കപീൻ	വാനരന്മാരെ		

ശതാനി സപ്ത ചാഷ്ടൌ ച വിംശത് ത്രിംശത് തഥൈവ ച
സംപരിഷ്വജ്യ ബാഹുഭ്യാം ഖാദൻ വിപരിധാവതി. 108

സപ്ത ച	ഏഴും	ബാഹുഭ്യാം	കൈകൾകൊണ്ട്
അഷ്ടൌ ച	എട്ടും	സംപരിഷ്വജ്യ,	കൂട്ടിപ്പിടിച്ച്,
വിംശത് ഏവ	ഇരുപതും	ഖാദൻ	കടിച്ചുതിന്നുകൊണ്ട്
ത്രിംശത് തഥാ	മുപ്പതും	വിപരിധാവതി.	അങ്ങുമിങ്ങും അവൻ ചുററിത്തിരിയുന്നു.
ശതാനി ച,	നൂററുക്കണക്കായും		

മേദോവസാശോണിതദിഗ്ദ്ധഗാത്രഃ
കർണ്ണാവസക്തഗ്രഥിതാന്ത്രമാലഃ
വവർഷ ശൂലാനി സുതീക്ഷ്ണദംഷ്ട്രഃ
കാലോ യുഗാന്തസ്ഥ ഇവ പ്രവൃദ്ധഃ. 109

സുതീക്ഷ്ണദംഷ്ട്രഃ	കൂർത്ത തേററപ്പല്ലുകളുള്ള അവൻ,	കർണ്ണാവസക്തഗ്രഥിതാന്ത്രമാലഃ	(ബാക്കിപററിനിന്നിരുന്ന) ചെവിക്കുററികളിൽ പിണഞ്ഞുകിടക്കുന്ന കുടൽമാലകളോടുകൂടിയവനായി
മേദോവസാശോണിതദിഗ്ദ്ധഗാത്രഃ	കൊഴുപ്പും, വപയും ചോരയും ഒലിക്കുന്ന ശരീരത്തോടുകൂടിയവനായി	യുഗാന്തസ്ഥഃ	പ്രളയകാലത്തിലെ
		പ്രവൃദ്ധഃ	മദിച്ച
		കാലഃ ഇവ,	യമനെന്നപോലെ,
		ശൂലാനി	ശൂലങ്ങളെ
		വവർഷ.	വർഷിച്ചു.

തസ്മിൻ കാലേ സുമിത്രായാഃ പുത്രഃ പരബലാർദ്ദനഃ
ചകാര ലക്ഷ്മണഃ ക്രുദ്ധോ യുദ്ധം പരപുരഞ്ജയഃ. 110

തസ്മിൻ	ആ	പരപുരഞ്ജയഃ	ശത്രുക്കളുടെ പുരങ്ങളെ വെല്ലുന്നവനും ആയ
കാലേ,	സമയം,	ലക്ഷ്മണഃ,	ലക്ഷ്മണൻ,
സുമിത്രായാഃ പുത്രഃ	സുമിത്രാസുതനും	ക്രുദ്ധഃ	ക്രുദ്ധിച്ചവനായി
പരബലാർദ്ദനഃ	ശത്രുബലവിദ്ധ്വംസകനും	യുദ്ധം ചകാര.	പൊരുതു.

സ കുംഭകർണ്ണസ്യ ശരാൻ ശരീരേ സപ്ത വീര്യവാൻ
നിചഖാനാദദേ ബാണാൻ വിസസർജ്ജ ച ലക്ഷ്മണഃ. 111

സഃ	ആ	ശരാൻ	ബാണങ്ങളെ
വീര്യവാൻ	വീര്യശാലിയായ	നിചഖാന;	തുളച്ചുകേററി;
ലക്ഷ്മണഃ,	ലക്ഷ്മണൻ,	ച	കൂടാതെ
കുംഭകർണ്ണസ്യ	കുംഭകർണ്ണൻെറ	ബാണാൻ	മററുബാണങ്ങളേയും
ശരീരേ	ശരീരത്തിൽ	ആദദേ;	എടുത്ത് തൊടുത്തു;
സപ്ത	ഏഴ്	വിസസർജ്ജ.	പ്രയോഗിച്ചു.

പീഡ്യമാനസ്തദസ്ത്രം തു വിശേഷം തത് സ രാക്ഷസഃ
തതശ്ചുകോപ ബലവാൻ സുമിത്രാനന്ദവൎദ്ധനഃ. 112

തത് തത് അസ്ത്രം	ആ ഓരോ അസ്ത്രമാകട്ടെ
വിശേഷം;	മഹിമയേറിയതായിരുന്നു;
തു	എങ്കിലും
സഃ	ആ
രാക്ഷസഃ	രാക്ഷസൻ
പീഡ്യമാനഃ;	അസഹ്യപ്പെട്ടകമാത്രമേ ഉണ്ടായുള്ളു;
തതഃ	അതിനാൽ
ബലവാൻ	ശക്തിമാനായ
സുമിത്രാനന്ദവൎദ്ധനഃ	ലക്ഷ്മണൻ
ചുകോപ.	ചൊടിച്ചു.

അഥാസ്യ കവചം ശുഭ്രം ജാംബൂനദമയം ശുഭം
പ്രച്ഛാദയാമാസ ശരൈഃ സന്ധ്യാഭ്രമിവ മാരുതഃ. 113

അഥ	അപ്പോൾ
ശരൈഃ	ബാണങ്ങൾകൊണ്ടു്
അസ്യ	ഇവന്റെ
ജാംബൂനദമയം	സ്വൎണ്ണമയവും
ശുഭ്രം	പ്രകാശിക്കുന്നതും
ശുഭം	അഴകാൎന്നതും ആയ
കവചം	കവചത്തെ
മാരുതഃ	കാററ്
സന്ധ്യാഭ്രം	സന്ധ്യാകാലമേഘത്തെ
ഇവ,	എന്നപോലെ,
പ്രച്ഛാദയാമാസ.	കാണാതാക്കി.

നീലാഞ്ജനചയപ്രഖ്യഃ ശരൈഃ കാഞ്ചനഭൂഷണൈഃ
ആപീഡ്യമാനഃ ശുശുഭേ മേഘൈഃ സൂൎയ്യ ഇവാംശുമാൻ. 114

കാഞ്ചനഭൂഷണൈഃ	സ്വൎണ്ണക്കോപ്പുകളാൽ
ആപീഡ്യമാനഃ	അലങ്കരിക്കപ്പെട്ടവനും
നീലാഞ്ജനചയപ്രഖ്യഃ	കറുത്ത അഞ്ജനക്കുന്നുപോന്നവനും ആയ അവൻ
ശരൈഃ,	ബാണങ്ങളോടുകൂടിയവനായി,
അംശുമാൻ	കിരണങ്ങളാൎന്ന
സൂൎയ്യഃ	സൂൎയ്യൻ
മേഘൈഃ	മേഘങ്ങളോടുകൂടി
ഇവ,	എന്നപോലെ,
ശുശുഭേ.	പ്രകാശിച്ചു.

[പൊന്നണിഞ്ഞ അമ്പുകളേററവനും മലയൊത്തവനുമായ അവൻ സൂൎയ്യകിരണങ്ങൾതട്ടിയ മേഘംപോലെ വിലസി. എന്നു സാരം.]

തതഃ സ രാക്ഷസോ ഭീമഃ സുമിത്രാനന്ദവൎദ്ധനം
സാവജ്ഞമേവ പ്രോവാച വാക്യം മേഘൌഘനിസ്വനഃ. 115

തതഃ	അപ്പോൾ
സഃ	ആ
ഭീമഃ രാക്ഷസഃ	ഭയങ്കരരാക്ഷസൻ,
മേഘൌഘനിസ്വനഃ	കാർനിരകളുടെ മുഴക്കത്തോടുകൂടിയവനായി
സുമിത്രാനന്ദവൎദ്ധനം	ലക്ഷ്മണനെനോക്കി
സാവജ്ഞം ഏവ	പരിഹാസമായി
വാക്യം	ഒരു വാക്ക്
പ്രോവാച.	ഉരചെയ്തു.

അന്തകസ്യാപ്യകഷ്ടേന യുധി ജേതാരമാഹവേ
യുദ്ധ്യതാ മാമഭീതേന ഖ്യാപിതാ വീരതാ ത്വയാ. 116

"യുധി	"പോരിൽ	അഭീതേന	ഭയരഹിതനായി
അന്തകസ്യ അപി	യമനേയുംകൂടി	യുദ്ധ്യതാ	പോരാടുന്ന
അകഷ്ടേന	നിഷ്പ്രയാസം	ത്വയാ,	നിന്നാൽ,
ജേതാരം	ജയിച്ചവനായ	ആഹവേ	യുദ്ധത്തിൽ
മാം,	എന്നോടുകൂടി	വീരതാ	വീരൻതന്നെയെന്നത്
		ഖ്യാപിതാ.	പ്രസിദ്ധമാക്കപ്പെട്ടു.

പ്രഗൃഹീതായുധസ്യേഹ മൃത്യോരിവ മഹാമൃധേ
തിഷ്ഠന്നപ്യഗ്രതഃ പൂജ്യഃ കിമു യുദ്ധപ്രദായകഃ. 117

"ഇഹ മഹാമൃധേ	"ഈ വൻപോരിൽ	തിഷ്ഠൻ അപി	നില്ക്കുകമാത്രം ചെയ്യുന്ന ഒരുവൻകൂടി
പ്രഗൃഹീതായുധസ്യ	ആയുധങ്ങൾ കയ്യേന്തിയവനായി	പൂജ്യഃ;	യോഗ്യൻതന്നെയാണ്;
മൃത്യോഃ ഇവ	യമസദൃശനായ എന്റെ	യുദ്ധപ്രദായകഃ	പോർചെയ്യുന്നവൻ
അഗ്രതഃ	മുമ്പിൽ	കിമു?	പിന്നെ പറയേണ്ടതുണ്ടോ?

ഐരാവതം സമാരൂഢോ വൃതഃ സൎവ്വാമരൈഃ പ്രഭുഃ
നൈവ ശക്രോഽപി സമരേ സ്ഥിതപൂൎവ്വഃ കദാചന. 118

"ഐരാവതം സമാരൂഢഃ,	"ഐരാവതത്തിന്റെ മുകളിൽ കയറിയവനും	ശക്രഃ അപി	ഇന്ദ്രനുംകൂടി,
സൎവ്വാമരൈഃ	എല്ലാദേവന്മാരാലും	സമരേ	പോരിൽ
വൃതഃ	ചൂഴപ്പെട്ടവനും	കദാചന	ഒരു കുറിയെങ്കിലും
പ്രഭുഃ	എന്തിനും ത്രാണിയുള്ളവനും ആയ	സ്ഥിതപൂൎവ്വഃ ന ഏവ.	മുമ്പ് നിന്നിട്ടുതന്നെയില്ല.

അദ്യ ത്വയാഽഹം സൌമിത്രേ ബാലേനാപി പരാക്രമൈഃ
തോഷിതോ ഗന്തുമിച്ഛാമി ത്വാമനുജ്ഞാപ്യ രാഘവം. 119

"സൌമിത്രേ!	"ലക്ഷ്മണ!	തോഷിതഃ;	സന്തോഷിക്കപ്പെട്ടു;
അദ്യ	ഇപ്പോൾ	ത്വാം	നിനക്ക്
ബാലേന അപി	ബാലനാണെന്നിരുന്നാലും	അനുജ്ഞാപ്യ,	വിടനൽകി,
ത്വയാ	നിന്നാൽ,	രാഘവം	രാമന്റെ അടുക്കൽ
പരാക്രമൈഃ	വിക്രമപ്രവൃത്തികൾകൊണ്ട്,	ഗന്തും	ചെല്ലുവാൻ
അഹം	ഞാൻ	ഇച്ഛാമി.	ഞാൻ ആഗ്രഹിക്കുന്നു.

യത്തു വീൎയ്യബലോത്സാഹൈസ്തോഷിതോഽഹം രണേ ത്വയാ
രാമമേവൈകമിച്ഛാമി ഹന്തും യസ്മിൻ ഹതേ ഹതം 120

"രണേ	"പോരിൽ	യസ്മിൻ	യാതൊരുവൻ
അഹം	ഞാൻ	ഹതേ	വധിക്കപ്പെട്ടാൽ
ത്വയാ	നിന്നാൽ	ഹതം	വധിക്കപ്പെട്ടതായ് ഭവിക്കുമോ, ആ
വീൎയ്യബലോ- ത്സാഹൈഃ,	പൌരുഷം, ബലം, ഉത്സാഹം എന്നവ കൊണ്ടു്,	രാമം ഏകം ഏവ	രാമൻ ഒരുവനെ മാത്ര[മാണ്
തോഷിതഃ യത് തു,	സന്തുഷ്ടനാക്കപ്പെട്ടു എന്നിരുന്നാലും	ഹന്തും	വധിപ്പാൻ
		ഇച്ഛാമി.	ഞാൻ ആഗ്രഹിക്കുന്നതു്.

രാമേ മയാഽത്ര നിഹതേ യേഽന്യേ സ്ഥാസ്യന്തി സംയുഗേ
താനഹം യോധയിഷ്യാമി സ്വബലേന പ്രമാഥിനാ 121

"അത്ര	"ഇപ്പോൾ	സ്ഥാസ്യന്തി,	ഓടാതെ നില്ക്കുമോ,
മയാ	എന്നാൽ	താൻ	അവരെ
സംയുഗേ	പോരിൽ	പ്രമാഥിനാ	ധ്വംസനംചെയ്യുന്ന
രാമേ	രാമൻ	സ്വബലേന	എന്റെ സൈന്യത്തെ[ക്കൊണ്ടു്
നിഹതേ,	ഹനിക്കപ്പെട്ടാൽ	അഹം	ഞാൻ
അന്യേ	പിന്നെ വേറെ	യോധ- യിഷ്യാമി."	യുദ്ധംചെയ്യിക്കുന്നുണ്ടു്."
യേ	ആരെല്ലാം		

ഇത്യുക്തവാക്യം തദ്രക്ഷഃ പ്രോവാച സ്തുതിസംഹിതം
മൃധേ ഘോരതരം വാക്യം സൌമിത്രിഃ പ്രഹസന്നിവ. 122

മൃധേ	പോരിന്നിടയിൽ	തത് രക്ഷഃ	ആ രാക്ഷസനെനോക്കി
ഇതി	മേൽപ്രകാരം	പ്രഹസൻ ഇവ	പുഞ്ചിരിപൂണ്ടവനായി
സ്തുതിസംഹിതം	സ്തുതിയോടിടകലൎന്നു്	സൌമിത്രിഃ	ലക്ഷ്മണൻ
ഘോരതരം	ഭയങ്കരമാംവണ്ണം	വാക്യം പ്രോവാച.	ഇപ്രകാരം അരുൾചെയ്തു.
ഉക്തവാക്യം	ഉരചെയ്തവനായ		

യസ്ത്വം ശക്രാദിഭിർദ്ദേവൈരസഹ്യഃ പ്രാപ്യ പൌരുഷം
തത് സത്യം നാന്യഥാ വീര ദൃഷ്ടസ്തേഽദ്യ പരാക്രമഃ. 123

യഃ	യാതൊരു	തത് സത്യം	എന്നുള്ളതു് വാസ്തവം തന്നെ;
ത്വം	നീ	അന്യഥാ ന;	മറിച്ചല്ല;
ശക്രാദിഭിഃ	ഇന്ദ്രൻ മുതലായ	വീര !	വീര !
ദേവൈഃ	ദേവന്മാരാൽ	അദ്യ	ഇപ്പോൾ
പൌരുഷം പ്രാപ്യ	പരാക്രമംകൈക്കൊണ്ടു്	തേ	നിന്റെ
അസഹ്യഃ	ജയിക്കപ്പെട്ടുവാൻ കഴിയാത്തവനാണു്	പരാക്രമഃ	പരാക്രമം
		ദൃഷ്ടഃ.	കാണപ്പെട്ടു.

ഏഷ ദാശരഥി രാമസ്തിഷ്ഠത്യദ്രിരിവാചലഃ
ഇതി ശ്രുത്വാ ഹ്യനാദൃത്യ ലക്ഷ്മണം സ നിശാചരഃ 124
അതിക്രമ്യ ച സൌമിത്രിം കുംഭകർണ്ണോ മഹാബലഃ
രാമമേവാഭിദുദ്രാവ ദാരയന്നിവ മേദിനീം. 125

"ദാശരഥിഃ	"ദാശരഥിയായ	കുംഭകർണ്ണഃ ച,	കുംഭകർണ്ണനും
രാമഃ,	ശ്രീരാമൻ,	സൌമിത്രിം	സുമിത്രാസുതനായ
ഏഷഃ	ഇതാ	ലക്ഷ്മണം	ലക്ഷ്മണനെ
അദ്രിഃ ഇവ	പർവ്വതംപോലെ	അനാദൃത്യ	വിലവെക്കാതെ
അചലഃ	കുലുക്കമററവനായി	അതിക്രമ്യ,	കടന്നുചെന്നു്,
തിഷ്ഠതി; "	നില്ക്കുന്നുണ്ടു്; "	മേദിനീം	ഭൂമിയെ
ഇതി	എന്നിങ്ങിനെ	ദാരയൻ ഇവ	പിളക്കുന്നവനെന്നപോലെ
ശ്രുത്വാ ഹി	കേട്ട ഉടനെ	രാമം ഏവ	ശ്രീരാമന്റെ നേക്കു [തന്നെ
മഹാബലഃ	മഹാബലവാനും	അഭിദുദ്രാവ.	ഓടിയടുത്തു.
നിശാചരഃ സഃ	രാക്ഷസനുമായ ആ		

അഥ ദാശരഥീ രാമോ രൌദ്രമസ്ത്രം പ്രയോജനം
കുംഭകർണ്ണസ്യ ഹൃദയേ സസജ്ജ നിശിതാൻ ശരാൻ. 126

അഥ	അപ്പോൾ	പ്രയോജനം	അഭിമന്ത്രണംചെയ്തു
ദാശരഥിഃ	ദശരഥപുത്രനായ	അസ്ത്രം	അസ്ത്രത്തേയും
രാമഃ,	ശ്രീരാമൻ,	നിശിതാൻ	കൂർത്ത
കുംഭകർണ്ണസ്യ	കുംഭകർണ്ണന്റെ	ശരാൻ	ബാണങ്ങളേയും
ഹൃദയേ	മാറിടത്തിൽ	സസജ്ജ.	പ്രയോഗിച്ചു.
രൌദ്രം	ഘോരമായി (രുദ്രസംബന്ധമായ മന്ത്രത്തെ)		

തസ്യ രാമേണ വിദ്ധസ്യ സഹസാഽഭിപ്രധാവതഃ
അംഗാരമിശ്രാഃ ക്രുദ്ധസ്യ മുഖാന്നിശ്ചേരുരർച്ചിഷഃ. 127

രാമേണ	ശ്രീരാമനാൽ	തസ്യ	അവന്റെ
വിദ്ധസ്യ	എയ്തുതുളയ്ക്കപ്പെട്ടു്	മുഖാത്	മുഖത്തിൽനിന്നു്
ക്രുദ്ധസ്യ	കോപമുൾക്കൊണ്ടു്	അംഗാരമിശ്രാഃ	കനൽക്കട്ടപോലുള്ള
സഹസാ	വേഗത്തിൽ	അർച്ചിഷഃ	ജ്വാലകൾ
അഭിപ്രധാവതഃ	ഓടിയടുക്കുന്ന	നിശ്ചേരുഃ.	പുറത്തുവന്നു.

രാമാസ്ത്രവിദ്ധോ ഘോരം വൈ നദൻ രാക്ഷസപുംഗവഃ
അഭ്യധാവത സംക്രുദ്ധോ ഹരീൻ വിദ്രാവയൻ രണേ. 128

രാക്ഷസപുംഗവഃ	രാക്ഷസശ്രേഷ്ഠനായ അവൻ	സംക്രുദ്ധഃ	കോപത്തോടെ
രാമാസ്ത്രവിദ്ധഃ,	ശ്രീരാമബാണങ്ങളാൽ പിളക്കപ്പെട്ടവനായി,	രണേ	പോരിൽ
ഘോരം വൈ	അതിഭയങ്കരമായി	ഹരീൻ	വാനരന്മാരെ
നദൻ	ശബ്ദിച്ചുകൊണ്ടു്	വിദ്രാവയൻ	ഭയത്താൽ ഓടിപ്പിച്ചുംകൊണ്ടു്
		അഭ്യധാവത.	എതിർത്തോടിവന്നു.

തസ്യോരസി നിമഗ്നാശ്ച ശരാ ബർഹിണവാസസഃ
രേജുർന്നീലാദ്രികടകേ നൃത്യന്ത ഇവ ബർഹിണഃ. 129

തസ്യ	അവന്റെ	ശരാഃ	ബാണങ്ങൾ
ഉരസി	മാറിൽ	നീലാദ്രികടകേ	നീലഗിരിയുടെ താഴ്വര[യിൽ
നിമഗ്നാഃ	തറച്ചുവയായ	നൃത്യന്തഃ	നൃത്തംചെയ്യുന്ന
ബർഹിണവാസസഃ ച	മയിൽപീലികൾ കെട്ടപ്പെട്ട	ബർഹിണഃ ഇവ	മയിലുകളെന്നപോലെ
		രേജുഃ.	വിളങ്ങി.

ഹസ്താച്ചാപി പരിഭ്രഷ്ടാ പപാതോർവ്യാം മഹാഗദാ
ആയുധാനി ച സർവ്വാണി വിപ്രാകീർയ്യന്ത ഭൂതലേ. 130

മഹാഗദാ ച അപി	വമ്പിച്ച ഗദയും	പപാത;	വീണു;
ഹസ്താത്	കയ്യിൽനിന്ന്	ആയുധാനി	ആയുധങ്ങൾ
പരിഭ്രഷ്ടാ	വഴുതി	സർവ്വാണി ച	എല്ലാംതന്നെയും
ഉർവ്യാം	നിലത്ത്	ഭൂതലേ	നിലത്ത്
		വിപ്രാകീർയ്യന്ത.	വഴുതിവീണു.

സ നിരായുധമാത്മാനം യദാ മേനേ മഹാബലഃ
മുഷ്ടിഭ്യാം ചരണാഭ്യാം ച ചകാര കദനം മഹത്. 131

മഹാബലഃ	മഹാബലശാലിയായ	മുഷ്ടിഭ്യാം	രണ്ടുമുഷ്ടികൾകൊണ്ടും
സഃ,	അവൻ,	ചരണാഭ്യാം ച	ഇരുകാലുകൾകൊണ്ടും
ആത്മാനം	തന്നെ	മഹത്	ഘോരമായ
നിരായുധം	നിരായുധനായി	കദനം	നാശത്തെ
മേനേ യദാ	കണ്ടഉടനെ	ചകാര.	വിളയിച്ചു.

സ ബാണൈരതിവിദ്ധാംഗഃ ക്ഷതജേന സമുക്ഷിതഃ
രുധിരം പ്രതിസുസ്രാവ ഗിരിഃ പ്രസ്രവണം യഥാ. 132

സഃ,	അവൻ,	സമുക്ഷിതഃ,	ആറാടപ്പെട്ടവനായി,
ബാണൈഃ	ബാണങ്ങളാൽ	ഗിരിഃ	ഒരു പർവ്വതം
അതിവിദ്ധാംഗഃ	അംഗങ്ങളിൽ തറയ്ക്കപ്പെട്ടവനായി	പ്രസ്രവണം യഥാ	അരുവിയെയെന്ന[പോലെ
		രുധിരം	രക്തത്തെ
ക്ഷതജേന	രക്തംകൊണ്ട്	പ്രതിസുസ്രാവ.	പ്രവഹിച്ചു.

സ തീവ്രേണ ച കോപേന രുധിരേണ ച മൂർച്ഛിതഃ
വാനരാൻ രാക്ഷസാനൃക്ഷാൻ ഖാദൻ വിപരിധാവതി. 133

സഃ,	അവൻ,	വാനരാൻ	വാനരന്മാരെയും
തീവ്രേണ	കടുതായ	രാക്ഷസാൻ	രാക്ഷസരേയും
കോപേന ച	കോപത്താലും	ഋക്ഷാൻ	കരടികളേയും
രുധിരേണ ച	ചോരയാലും	ഖാദൻ	തിന്നുകൊണ്ട്
മൂർച്ഛിതഃ	വെറിമുഴുത്തവനായി	വിപരിധാവതി.	ചുററിത്തിരിഞ്ഞു.

അഥ ശൃംഗം സമാവിദ്ധ്യ ഭീമം ഭീമപരാക്രമഃ
ചിക്ഷേപ രാമമുദ്ദിശ്യ ബലവാനന്തകോപമഃ. 134

ഭീമപരാക്രമഃ	ഘോരപരാക്രമശാലി	ഭീമം	ഭയങ്കരമായ
ബലവാൻ	ബലവാനും [യും	ശൃംഗം	ഒരു കൊടുമുടി
അന്തകോപമഃ,	യമസദൃശനുമായ	സമാവിദ്ധ്യ,	ചുഴററിക്കൊണ്ട്,
	അവൻ	രാമം ഉദ്ദിശ്യ	ശ്രീരാമനുനേരെ
അഥ	അപ്പോൾ	ചിക്ഷേപ.	എറിഞ്ഞു.

അപ്രാപ്തമന്തരാ രാമഃ സപ്തഭിസ്തൈരജിഹ്മഗൈഃ
ചിച്ഛേദ രാമോ ധർമ്മാത്മാ ശൈലശൃംഗം മഹത് തദാ. 135

രാമഃ	ലോകാഭിരാമനും	തൈഃ	അപ്രമേയങ്ങളായ
ധർമ്മാത്മാ	ധർമ്മമൂർത്തിയുംആയ	സപ്തഭിഃ	ഏഴു
രാമഃ,	ശ്രീരാമൻ	അജിഹ്മഗൈഃ,	ബാണങ്ങൾകൊണ്ട്,
തദാ	ആസമയം	അന്തരാ	ഇടയിൽവെച്ചുതന്നെ
മഹത്	ആ വമ്പിച്ച	അപ്രാപ്തം	അടുത്തെത്താത്തവിധം
ശൈലശൃംഗം	ഗിരിശിഖരത്തെ	ചിച്ഛേദ.	തകർത്തുകളഞ്ഞു.

തതസ്തു രാമോ ധർമ്മാത്മാ തസ്യ വർമ്മ മഹത് തദാ
ശരൈഃ കാഞ്ചനചിത്രാംഗൈശ്ചിച്ഛേദ പുരുഷർഷഭഃ. 136

തതഃ	അതിൽപിന്നെ	മഹത്	വമ്പിച്ച
ധർമ്മാത്മാ	ധർമ്മാത്മാവും	വർമ്മ	കവചത്തെ
പുരുഷർഷഭഃ	പുരുഷോത്തമനുമായ	കാഞ്ചന-	അഴകാർന്നപൊൻകെ
രാമഃ തു,	ശ്രീരാമനും,	ചിത്രാംഗൈഃ	ട്ടുകളിട്ട
തദാ	അപ്പോൾ	ശരൈഃ	ബാണങ്ങളാൽ
തസ്യ	അവന്റെ	ചിച്ഛേദ.	പിളർന്നു.

തന്മേരുശിഖരാകാരം ദ്യോതമാനമിവ ശ്രിയാ
ദ്വേ ശതേ വാനരേന്ദ്രാണാം പതമാനമപാതയത്. 137

മേരുശിഖരാകാരം	മേരുശിഖരസദൃശവും	പതമാനം	താഴത്തുവീഴുന്നതായി
ശ്രിയാ	കാന്തിയാൽ	വാനരേന്ദ്രാണാം	വാനരന്മാർ
ദ്യോതമാനം ഇവ	ഉജ്ജ്വലിക്കുന്നതും ആയ	ദ്വേ ശതേ	ഇരുനൂറുപേരെ
തത്,	ആ കവചം,	അപാതയത്.	താഴത്തുവീഴ്ത്തി.

തസ്മിൻ കാലേ സ ധർമ്മാത്മാ ലക്ഷ്മണോ വാക്യമബ്രവീത്
കുംഭകർണ്ണവധേ യുക്തോ യോഗാൻ പരിമൃശൻ ബഹൂൻ. 138

തസ്മിൻ	ആ	യുക്തഃ	തീവ്രമായി
കാലേ	സമയം	ബഹൂൻ	പല
ധർമ്മാത്മാ	ധർമ്മാത്മാവായ	യോഗാൻ	ആലോചനകളേയും
സഃ ലക്ഷ്മണഃ,	ആ ലക്ഷ്മണൻ,	പരിമൃശൻ,	ചിന്തിക്കുന്നവനായി,
കുംഭകർണ്ണവധേ	കുംഭകർണ്ണന്റെ വധത്തിൽ	വാക്യം അബ്രവീത്.	ഇങ്ങിനെ ഉണർത്തിച്ചു.

നൈവായം വാനരാൻ രാജൻ നാപി ജാനാതി രാക്ഷസാൻ
മത്തഃ ശോണിതഗന്ധേന സ്വാൻ പരാംശ്ചൈവ ഖാദതി. 139

“രാജൻ!	“രാജാവേ!	ശോണിത- ഗന്ധേന	ചോരയുടെ ഗന്ധത്താൽ
അയം ഏവ	ഇവനാണെങ്കിൽ	മത്തഃ	വെറിപിടിച്ചവനായി
വാനരാൻ ഏവ	വാനരന്മാരേയും	സ്വാൻ	സ്വന്തക്കാരേയും
ജാനാതി ന;	അറിയുന്നില്ല;	പരാൻ ച	അന്യന്മാരേയും
രാക്ഷസാൻ അപി	രാക്ഷസന്മാരേയും	ഖാദതി.	പിടിച്ചുതിന്നുകൊണ്ടിരിക്കുന്നു.
ന;	അറിയുന്നില്ല;		

സാധ്വേനമധിരോഹന്തു സർവ്വേ തേ വാനരർഷഭാഃ
യൂഥപാശ്ച യഥാ മുഖ്യാസ്തിഷ്ഠന്ത്വസ്യ സമന്തതഃ. 140

“തേ	“ആ	മുഖ്യാഃ യൂഥപാഃ ച	പ്രധാനസേനാധിപന്മാരെല്ലാം
വാനരർഷഭാഃ	വാനരോത്തമന്മാർ	അസ്യ	ഇവന്നു
സർവ്വേ	എല്ലാവരും	സമന്തതഃ	ചുററും
ഏനം	ഇവന്റെമേൽ	സാധു	ജാഗ്രതയോടെ
അധിരോഹന്തു;	കയറട്ടെ;	തിഷ്ഠന്തു.	നില്ക്കട്ടെ.
യഥാ	അപ്രകാരംതന്നെ		

അപ്യയം ദുർമ്മതിഃ കാലേ ഗുരുഭാരപ്രപീഡിതഃ
പ്രപതൻ രാക്ഷസോ ഭൂമൌ നാന്യാൻ ഹന്യാത് പ്ലവംഗമാൻ. 141

കാലേ	ആ സമയം	ഭൂമൌ	നിലത്ത്
അയം ദുർമ്മതിഃ	ഈ മൂഢനായ	പ്രപതൻ,	വീഴുന്നവനായി,
രാക്ഷസഃ അപി	രാക്ഷസനും	അന്യാൻ പ്ലവംഗമാൻ	മററുവാനരന്മാരെ
ഗുരുഭാര- പ്രപീഡിതഃ,	വലുതായഭാരത്താൽ അമർത്തപ്പെട്ടവനായി,	ഹന്യാത് ന.”	കൊല്ലാതിരിക്കട്ടെ.”

തസ്യ തദ്വചനം ശ്രുത്വാ രാജപുത്രസ്യ ധീമതഃ
തേ സമാരുരുഹുർഹൃഷ്ടാഃ കുംഭകർണ്ണം പ്ലവംഗമാഃ. 142

തേ പ്ലവംഗമാഃ	ആ വാനരന്മാർ	വചനം ശ്രുത്വാ	വാക്കുകേട്ട്
ധീമതഃ	ബുദ്ധിമാനായ	ഹൃഷ്ടാഃ	ഉത്സാഹം പൂണ്ടവരായി
തസ്യ രാജപുത്രസ്യ	ആ രാജകുമാരന്റെ	കുംഭകർണ്ണം	കുംഭകർണ്ണന്റെ മേൽ
തത്	ആ	സമാരുരുഹുഃ.	ചാടിക്കയറി.

കുംഭകർണ്ണസ്തു സംക്രുദ്ധഃ സമാരൂഢഃ പ്ലവംഗമൈഃ
വ്യധൂനയത്താൻ വേഗേന ദുഷ്ടഹസ്തീവ ഹസ്തിപാൻ. 143

പ്ലവംഗമൈഃ സമാരൂഢഃ	വാനരന്മാരാൽ മേൽ കയറപ്പെട്ട	ദുഷ്ടഹസ്തീ	ഒരു മദംപൊട്ടിയ ആന
കുംഭകർണ്ണഃ തു	കുംഭകർണ്ണനും	ഹസ്തിപാൻ	ആനപ്പാപ്പാന്മാരെ
സംക്രുദ്ധഃ	ക്രുദ്ധിച്ചവനായി	ഇവ,	എന്നപോലെ,
താൻ,	അവരെ,	വേഗേന	ഊക്കോടെ
		വ്യധൂനയത്.	കുടഞ്ഞുവീഴ്ത്തി.

താൻ ദൃഷ്ട്വാ നിൎദ്ധൂതാൻ രാമോ ദുഷ്ടോയമിതി രാക്ഷസഃ
സമുത്പപാത വേഗേന ധനുരുത്തമമാദദേ. 144

രാമഃ	ശ്രീരാമൻ	ദുഷ്ടഃ,"	മഹാഘോരൻതന്നെ,"
താൻ	അവരെ	ഇതി	എന്നു വിചാരിച്ച്
നിൎദ്ധൂതാൻ	കുടഞ്ഞു തള്ളപ്പെട്ടവരായി	വേഗേന	ഉടനെ
		സമുത്പപാത;	ചാടിയെഴുന്നേറ്റു;
ദൃഷ്ട്വാ,	കണ്ട്,	ഉത്തമം	ഉത്തമമായ
"അയം	"ഈ	ധനുഃ	കോദണ്ഡത്തെ
രാക്ഷസഃ	രാക്ഷസൻ	ആദദേ.	കയ്യിലെടുത്തു.

ക്രോധതാമ്രേക്ഷണോ വീരോ നിൎദ്ദഹന്നിവ ചക്ഷുഷാ
രാഘവോ രാക്ഷസം രോഷാദഭിദുദ്രാവ വേഗിതഃ
യൂഥപാൻ ഹൎഷയൻ സൎവ്വാൻ കുംഭകൎണ്ണഭയാൎദ്ദിതാൻ. 145

വീരഃ	വീരനായ	കുംഭകൎണ്ണഭയാൎദ്ദിതാൻ	കുംഭകൎണ്ണന്റെ ഭയം കൊണ്ട് പീഡിതരായ
രാഘവഃ,	ശ്രീരാഘവൻ,	യൂഥപാൻ	സേനാധിപന്മാർ
ക്രോധതാമ്രേക്ഷണഃ,	കോപത്താൽ തുടുത്ത നേത്രങ്ങളോടു കൂടിയവനായി,	സൎവ്വാൻ	എല്ലാവരേയും
		ഹൎഷയൻ,	ഉത്സാഹപ്പെടുത്തിക്കൊണ്ട്
		രാക്ഷസം	രാക്ഷസന്റെനേരെ
ചക്ഷുഷാ	നോക്കികൊണ്ട്	രോഷാത്	കോപത്തോടെ
നിൎദ്ദഹൻ ഇവ,	ചുട്ടെരിക്കുന്നവനെന്നപോലെ,	വേഗിതഃ	വേഗത്തിൽ
		അഭിദുദ്രാവ.	എതിൎപ്പാനൊരുങ്ങി.

സ ചാപമാദായ ഭുജംഗകല്പം ദൃഢജ്യമുഗ്രം തപനീയചിത്രം
ഹരീൻ സമാശ്വാസ്യ സമുത്പപാത രാമോ നിബദ്ധോത്തമതൂണബാണഃ

സഃ	ആ	ചാപം	കോദണ്ഡത്തെ
രാമഃ	ശ്രീരാമൻ	ആദായ,	എടുത്തുകൊണ്ട്,
ഭുജംഗകല്പം	സൎപ്പതുല്യവും	നിബദ്ധോത്തമതൂണബാണഃ	ഉത്തമങ്ങളായ ആവനാഴികളിൽ ബാണങ്ങളെ നിറച്ച്,
ദൃഢജ്യം	പൊട്ടിപ്പോകാത്ത ഞാണോടുകൂടിയതും		
തപനീയചിത്രം	സ്വൎണ്ണത്താൽ അഴകാൎന്നതും	ഹരീൻ	വാനരന്മാരെ
		സമാശ്വാസ്യ,	ധൈൎയ്യപ്പെടുത്തിക്കൊണ്ട്
ഉഗ്രം	ഭയങ്കരവും ആയ	സമുത്പപാത.	പുറപ്പെട്ടു.

സ വാനരഗണൈസ്തൈസ്തു വൃതഃ പരമദുൎജ്ജയഃ
ലക്ഷ്മണാനുചരോ രാമഃ സംപ്രതസ്ഥേ മഹാബലഃ. 147

പരമദുൎജ്ജയഃ	ഒട്ടും ജയിക്കപ്പെടുവാൻ കഴിയാത്ത	സഃ രാമഃ,	ആ ശ്രീരാമൻ,
		തൈഃ	ആ
മഹാബലഃ	മഹാബലശാലിയും	വാനരഗണൈഃ	വാനരസമൂഹങ്ങളാൽ
ലക്ഷ്മണാനുചരഃ തു	ലക്ഷ്മണനാൽ അനുഗമിക്കപ്പെട്ടവനുമായ	വൃതഃ	ചൂഴപ്പെട്ടവനായി
		സംപ്രതസ്ഥേ.	അടുത്തു.

സ ദദർശ മഹാത്മാനം കിരീടിനമരിന്ദമം
ശോണിതാപ്ലുതസർവ്വാംഗം കുംഭകർണ്ണം മഹാബലം. 148

സഃ	ആ ശ്രീരാഘവൻ	കിരീടിനം	കിരീടം ധരിച്ചവനും
മഹാത്മാനം	വമ്പിച്ച സ്വരൂപമാർന്നവനും	ശോണിതാപ്ലുതസർവ്വാംഗം	ദേഹംമുഴുവൻ ചോരയിൽ മുങ്ങിയവനുമായ
അരിന്ദമം	ശത്രുക്കളെ അടക്കുന്ന	കുംഭകർണ്ണം	കുംഭകർണ്ണനെ
മഹാബലം	മഹാബലശാലിയും	ദദർശ.	വീക്ഷിച്ചു.

സർവ്വാൻ സമഭിധാവന്തം യഥാ രുഷ്ടം ദിശാഗജം
മാർഗ്ഗമാണം ഹരീൻ ക്രുദ്ധം രാക്ഷസൈഃ പരിവാരിതം 149
വിന്ധ്യമന്ദരസംകാശം കാഞ്ചനാംഗദഭൂഷണം
സ്രവന്തം രുധിരം വക്ത്രാദ്വർഷമേഘമിവോത്ഥിതം 150
ജിഹ്വയാ പരിലിഹ്യന്തം ശോണിതം ശോണിതേക്ഷണം
മൃദ്നന്തം വാനരാനീകം കാലാന്തകയമോപമം 151
തം ദൃഷ്ട്വാ രാക്ഷസശ്രേഷ്ഠം പ്രദീപ്താനലവർച്ചസം
വിസ്ഫാരയാമാസ തദാ കാർമ്മുകം പുരുഷർഷഭഃ. 152

പുരുഷർഷഭഃ	പുരുഷോത്തമനായ ശ്രീരാമൻ	വക്ത്രാത്	മുഖത്തിൽനിന്ന്
തദാ,	ആ സമയം,	രുധിരം	രക്തത്തെ
രുഷ്ടം	ക്രുദ്ധിച്ച	സ്രവന്തം	ഒലിപ്പിക്കുന്നവനും
ദിശാഗജം യഥാ,	ദിഗ്ഗജമെന്നപോലെ	ജിഹ്വയാ	നാവിനാൽ
സർവ്വാൻ	എല്ലാവർക്കുനേരേയും	ശോണിതം	ചോരയെ
സമഭിധാവന്തം,	പാഞ്ഞടുക്കുന്നവനും,	പരിലിഹ്യന്തം	നക്കുന്നവനും
ക്രുദ്ധം	കുപിതനായി	ശോണിതേക്ഷണം	തുടുത്തനേത്രങ്ങളോടു കൂടിയവനും
ഹരീൻ	വാനരന്മാരെ	കാലാന്തകയമോപമം	പ്രളയകാലമൃത്യുസങ്കാശനായി
മാർഗ്ഗമാണം,	തേടുന്നവനും,	വാനരാനീകം	വാനരസേനയെ
രാക്ഷസൈഃ	രാക്ഷസന്മാരാൽ	മൃദ്നന്തം	നശിപ്പിക്കുന്നവനും
പരിവാരിതം	ചൂഴപ്പെട്ടവനും	പ്രദീപ്താനലവർച്ചസം	ആളുന്ന അഗ്നിപോലെ കാന്തിയാർന്നവനുമായ
വിന്ധ്യമന്ദരസംകാശം,	വിന്ധ്യഗിരിപോലെയും മന്ദരഗിരിപോലെയുമിരിക്കുന്നവനും	തം	ആ
കാഞ്ചനാംഗദഭൂഷണം	പൊൻതോൾവളകൾ പൂണ്ടവനും	രാക്ഷസശ്രേഷ്ഠം	രാക്ഷസശ്രേഷ്ഠനെ
ഉത്ഥിതം	പൊങ്ങിയ	ദൃഷ്ട്വാ,	കണ്ട്,
വർഷമേഘം ഇവ	കോടക്കാറെന്നപോലെ	കാർമ്മുകം	വില്ലിനെ
		വിസ്ഫാരയാമാസ.	ചെറുഞാണൊലിയിട്ടു.

സ തസ്യ ചാപനിർഘോഷാത് കുപിതോ രാക്ഷസർഷഭഃ
അമൃഷ്യമാണസ്തം ഘോഷമഭിദുദ്രാവ രാഘവം. 153

സഃ	ആ
രാക്ഷസഷഭഃ	രാക്ഷസവീരൻ
തസ്യ	ആ
ചാപ– നിർഘോഷാത്	ഞാണൊലിയാൽ
കുപിതഃ	ക്രുദ്ധിച്ചവനായി
തം ഘോഷം	ആ ശബ്ദത്തെ
അമൃഷ്യമാണഃ	സഹിക്കാത്തവനായി
രാഘവം	ശ്രീരാമന്നുനേരെ
അഭിദുദ്രാവ.	ഓടിയടുത്തു.

തതസ്തു വാതോദ്ധതമേഘകല്പം ഭുജംഗരാജോത്തമഭോഗബാഹും
തമാപതന്തം ധരണീധരാഭമുവാച രാമോ യുധി കുംഭകർണ്ണം 154

രാമഃ,	ശ്രീരാമൻ,
തതഃ,	അപ്പോൾ,
ധരണീധരാഭം	ഗിരിസദൃശനും
ഭുജംഗരാജോ- ത്തമഭോഗ- ബാഹും	സർപ്പരാജാവിന്റെ ഉടൽപോലെ കയ്യുള്ളാന്നവനും
വാതോദ്ധത- മേഘകല്പം	കാററടിക്കപ്പെട്ട മേഘം പോലെ
യുധി	പോരിൽ
ആപതന്തം തു	എതിർത്തുവരുന്നവനും
തം	ആ [ആയ
കുംഭകർണ്ണം	കുംഭകർണ്ണനോടായി
ഉവാച.	അരുളിച്ചെയ്തു.

ആഗച്ഛ രക്ഷോധിപ മാ വിഷാദമവസ്ഥിതോഽഹം പ്രഗൃഹീതചാപഃ
അവേഹി മാം ശക്രസപത്ന രാമം മയാ മുഹൂർത്താദ് ഭവിതാ വിചേതാഃ. 155

"രക്ഷോധിപ!	"രാക്ഷസാധിപ!
വിഷാദം	ഇച്ഛാഭംഗം
മാ ആഗച്ഛ;	കയ്ക്കൊള്ളേണ്ടതില്ല;
അഹം	ഞാൻ
പ്രഗൃഹീതചാപഃ	ധനുഷ്പാണിയായി
അവസ്ഥിതഃ;	നേരെതന്നെ നില്ക്കുന്നുണ്ട്;
മാം രാമം അവേഹി;	ഞാൻ രാമനാണെന്നറിഞ്ഞുകൊൾക;
ശക്രസപത്ന!	ഇന്ദ്രശത്രോ!
മുഹൂർത്താത്	ക്ഷണനേരംകൊണ്ട്
മയാ	എന്നാൽ
വിചേതാഃ	പ്രാണൻപോയവനായി
ഭവിതാ.	നീ ഭവിക്കുന്നതാണ്.

["മാ അവിഷാദം ആഗച്ഛ" (എനിക്കുനേരെ ധൈര്യത്തോടെ വന്നുകൊൾക); അഥവാ "വിഷാദം മാ ആഗച്ഛ" (മരിച്ചുപോകുന്നതിനാൽ ഇനി ഈ ശരീരത്തെ വെച്ചുകൊണ്ടിരിക്കുന്ന ദുഃഖത്തെ നീ സഹിക്കേണ്ടതില്ല); (ഗോ. രാ) "മാ ആഗച്ഛ" എന്നു എടുക്കുന്നപക്ഷം 'ആ' എന്നതു് ഉപസർഗ്ഗമായെടുക്കേണ്ടതാണ്.]

രാമോഽയമിതി വിജ്ഞായ ജഹാസ വികൃതസ്വനം
അഭ്യധാവത സംക്രുദ്ധോ ഹരീൻ വിദ്രാവയൻ രണേ
പാതയന്നിവ സർവ്വേഷാം ഹൃദയാനി വനൌകസാം. 156

സംക്രുദ്ധഃ,	അതികുപിതനായ ആ
അയം	ഇവൻ [കുംഭകർണ്ണൻ
രാമഃ ഇതി	രാമൻ തന്നെ എന്ന്
വിജ്ഞായ,	അറിഞ്ഞ്,
വികൃതസ്വനം	അവലക്ഷണമായ ശബ്ദത്തോടുകൂടി
ജഹാസ;	ചിരിച്ചു;
രണേ	പോരിൽ
വനൌകസാം	വാനരന്മാർ
സർവ്വേഷാം	എല്ലാവരുടേയും
ഹൃദയാനി	അകക്കാമ്പുകളെ
പാതയൻ	പിളക്കുന്നവൻ
ഇവ,	എന്ന പോലെ,
ഹരീൻ	വാനരന്മാരെ
വിദ്രാവയൻ,	പറപ്പിച്ചു കൊണ്ട്,
അഭ്യധാവത.	എതിരേത്തോടി.

പ്രഹസ്യ വികൃതം ഭീമം സ മേഘസ്തനിതോപമം
കുംഭകർണ്ണോ മഹാതേജാ രാഘവം വാക്യമബ്രവീത്. 157

സഃ	ആ	മേഘസ്തനിതോപമം	ഇടിമുഴക്കം പോലെ
മഹാതേജാഃ	മഹാ വിക്രമിയായ	പ്രഹസ്യ,	ചിരിച്ച്,
കുംഭകർണ്ണഃ,	കുംഭകർണ്ണൻ,	രാഘവം	ശ്രീരാമനെ നോക്കി
വികൃതം	വികൃതമായി	വാക്യം അബ്രവീത്.	ഇങ്ങിനെ പറഞ്ഞു.
ഭീമം	ഭയങ്കരമാംവണ്ണം		

നാഹം വിരാധോ വിജ്ഞേയോ ന കബന്ധഃ ഖരോ ന ച
ന വാലീ ന ച മാരീചഃ കുംഭകർണ്ണോഽഹമാഗതഃ. 158

" അഹം	" ഞാൻ	വാലീ	ബാലിയും
വിരാധഃ	വിരാധനാണെന്ന്	ന;	അല്ല;
വിജ്ഞേയഃ ന;	കരുതേണ്ട;	മാരീചഃ ച	മാരീചനും
കബന്ധഃ	കബന്ധനും	ന;	അല്ല;
ന;	അല്ല;	ആഗതഃ	ഈ വന്നിരിക്കുന്ന
ഖരഃ	ഖരനും	അഹം ച	ഞാനാകട്ടെ
ന;	അല്ല;	കുംഭകർണ്ണഃ.	കുംഭകർണ്ണനാണ്.

പശ്യ മേ മുദ്ഗരം ഘോരം സർവ്വകാലായസം മഹത്
അനേന നിർജ്ജിതാ ദേവാ ദാനവാശ്ച പുരാ മയാ. 159

"സർവ്വകാലായസം	" തനിച്ചിരുമ്പുകൊണ്ടുള്ളതും	അനേന ച	ഇതിനെക്കൊണ്ടുതന്നെയാണ്
മഹത്	വമ്പിച്ചതും	പുരാ	പണ്ട്
ഘോരം	ഭയങ്കരവുമായ	ദേവാഃ	ദേവന്മാരും
മേ മുദ്ഗരം	എന്റെ മുൾത്തടി	ദാനവാഃ	അസുരന്മാരും
പശ്യ;	കണ്ടുകൊൾക;	മയാ	എന്നാൽ
		നിർജ്ജിതാഃ.	തോല്പിക്കപ്പെട്ടത്.

വികർണ്ണനാസ ഇതി മാം നാവജ്ഞാതും ത്വമർഹസി
സ്വല്പാപി ഹി ന മേ പീഡാ കർണ്ണനാസാവിനാശനാത്. 160

" മാം	" എന്നെ	ഹി	എന്തെന്നാൽ
വികർണ്ണനാസഃ ഇതി	കാതും മൂക്കും മുറിഞ്ഞവനെന്നുവെച്ച്	കർണ്ണനാസാവിനാശനാത്	കാതും മൂക്കും മുറിഞ്ഞതുകൊണ്ട്
ത്വം	നീ	സ്വല്പാ അപി	സ്വല്പമെങ്കിലും
അവജ്ഞാതും അർഹസി ന;	അവഗണിക്കേണ്ടതില്ല;	പീഡാ	പീഡയെന്നത്
		മേ ന.	എനിക്കില്ല.

ദർശയേക്ഷ്വാകുശാർദ്ദൂല വീര്യം ഗാത്രേഷു മേ ലഘു
തതസ്ത്വാം ഭക്ഷയിഷ്യാമി ദൃഷ്ടപൗരുഷവിക്രമം. 161

"ഇക്ഷ്വാകു-ശാർദ്ദൂല!	"ഇക്ഷ്വാകു കുലസിംഹ!	ദർശയ;	കാട്ടിയാലും;
മേ	എന്റെ	തതഃ	അതിൽപിന്നെ
ഗാത്രേഷു	അവയവങ്ങളിൽ	ദൃഷ്ടപൌരുഷ-വിക്രമം	പൌരുഷവും പരാക്രമവും കണ്ടറിയപ്പെട്ട
വീര്യം	നിന്റെ വീര്യത്തെ	ത്വാം	നിന്നെ
ലഘു	അല്പം	ഭക്ഷയിഷ്യാമി."	ഞാൻ വിഴുങ്ങുന്നുണ്ട്."

സ കുംഭകർണ്ണസ്യ വചോ നിശമ്യ
രാമഃ സുപുംഖാൻ വിസസർജ്ജ ബാണാൻ
തൈരാഹതോ വജ്രസമഗ്രവേഗൈർ-
ന ചുക്ഷുഭേ ന വ്യഥതേ സുരാരിഃ. 162

സഃ രാമഃ,	ആ ശ്രീരാമൻ,	വജ്രസമഗ്ര-വേഗൈഃ	വജ്രായുധംപോലെ വേഗതയാർന്ന
കുംഭകർണ്ണസ്യ	കുംഭകർണ്ണന്റെ	തൈഃ	അവയാൽ
വചഃ	വാക്ക	ആഹതഃ	തറയ്ക്കപ്പെട്ട
നിശമ്യ,	കേട്ട്	സുരാരിഃ,	ആ ദേവശത്രു,
സുപുംഖാൻ	തൂവലുകൾ നന്നായി [കെട്ടിയ	ചുക്ഷുഭേ ന;	കലുങ്ങുകയുണ്ടായില്ല;
ബാണാൻ	ബാണങ്ങളെ	വ്യഥതേ ന.	വേദനപ്പെടുന്നതുമില്ല.
വിസസർജ്ജ;	എയ്തു;		

യൈഃ സായകൈഃ സാലവരാ നികൃത്താ
വാലീ ഹതോ വാനരപുംഗവശ്ച
തേ കുംഭകർണ്ണസ്യ തദാ ശരീരേ
വജ്രോപമാ ന വ്യഥയാംപ്രചക്രുഃ. 163

യൈഃ	യാതൊരു	വജ്രോപമാഃ	വജ്രസദൃശങ്ങളായ
സായകൈഃ	ബാണങ്ങളാൽ	തേ,	ആയവ,
സാലവരാഃ	വമ്പിച്ച (ഏഴ്) വൃക്ഷ[ങ്ങൾ	തദാ	അപ്പോൾ
നികൃത്താഃ,	മുറിക്കപ്പെട്ടവോ,	കുംഭകർണ്ണസ്യ	കുംഭകർണ്ണന്റെ
വാനരപുംഗവഃ	വാനരോത്തമനായ	ശരീരേ	ശരീരത്തിൽ
വാലീ ച	ബാലിയും	വ്യഥയാം-പ്രചക്രുഃ ന.	പീഡയുണ്ടാക്കിയതേയില്ല.
ഹതഃ,	ഹനിക്കപ്പെട്ടവോ,		

സ വാരിധാരാ ഇവ സായകാംസ്താൻ
പിബൻ ശരീരേണ മഹേന്ദ്രശത്രുഃ
ജഘാന രാമസ്യ ശരപ്രവേഗം
വ്യാവിദ്ധ്യ തം മുദ്ഗരമുഗ്രവേഗം. 164

മഹേന്ദ്രശത്രുഃ	ദേവേന്ദ്രശത്രുവായ	തം മുദ്ഗരം	ആ മുൾത്തടിയെ
സഃ,	അവൻ,	ഉഗ്രവേഗം	ഭയങ്കരമാംവണ്ണം വേഗത്തിൽ
താൻ സായകാൻ	ആ ബാണങ്ങളെ		
വാരിധാരാഃ	ജലധാരകളെ	വ്യാവിദ്ധ്യ,	ചുഴററിക്കൊണ്ട്,
ഇവ,	എപ്രകാരമോ അപ്രകാ[രം,	രാമസ്യ	ശ്രീരാമന്റെ
ശരീരേണ	ദേഹത്താൽ	ശരപ്രവേഗം	ബാണവേഗത്തെ
പിബൻ,	നുകർന്നുകൊണ്ട്,	ജഘാന.	തടുത്തു.

തതസ്തു രക്ഷഃ ക്ഷതജാനുലിപ്തം
വിത്രാസനം ദേവമഹാചമൂനാം
വിവ്യാധ തം മുദ്ഗരമുഗ്രവേഗം
വിദ്രാവയാമാസ ചമൂം ഹരീണാം. 165

തതഃ,	അപ്പോൾ,	ഉഗ്രവേഗം	ഉഗ്രവേഗതയാർന്ന
ദേവമഹാചമൂനാം	ദേവന്മാരുടെ വൻ പടകൾക്കും	തം	ആ
വിത്രാസനം,	ഭയം നൽകിയവനും,	മുദ്ഗരം	മുൾത്തടിയെ
ക്ഷതജാനുലിപ്തം	ചോരപുരണ്ടവനുമായ	വിവ്യാധ;	ചുഴററിയടിച്ചു;
രക്ഷഃ തു,	ആ രാക്ഷസനും,	ഹരീണാം	വാനരന്മാരുടെ
		ചമൂം	സൈന്യത്തെ
		വിദ്രാവയാമാസ.	പറപ്പിച്ചു.

വായവ്യമാദായ തതോ വരാസ്ത്രം
രാമഃ പ്രചിക്ഷേപ നിശാചരായ
സമുദ്ഗരം തേന ജഘാന ബാഹും
സ കൃത്തബാഹുസ്തുമുലം നനാദ. 166

രാമഃ	ശ്രീരാമൻ	തേന	അതിനാൽ
തതഃ	ആസമയം	സമുദ്ഗരം	മുൾത്തടിയോടുകൂടിയ
വായവ്യം	വായുമന്ത്രത്താൽ അഭിമന്ത്രണം ചെയ്യപ്പെട്ട	ബാഹും	കൈ ഒന്നിനെ
		ജഘാന;	മുറിച്ചു;
വരാസ്ത്രം	ദിവ്യാസ്ത്രത്തെ	സഃ	അവൻ
ആദായ,	തൊടുത്ത്,	കൃത്തബാഹുഃ	കൈമുറിക്കപ്പെട്ടവനായി
നിശാചരായ	രാക്ഷസനുനേരെ	തുമുലം	ആവേശംപൂണ്ട്
പ്രചിക്ഷേപ;	പ്രയോഗിച്ചു;	നനാദ.	ഗർജ്ജിച്ചു.

സ തസ്യ ബാഹുർഗ്ഗിരിശൃംഗകല്പഃ
സമുദ്ഗരോ രാഘവബാണകൃത്തഃ
പപാത തസ്മിൻ ഹരിരാജസൈന്യേ
ജഘാന താം വാനരവാഹിനീം ച. 167

തസ്യ	അവന്റെ	ഹരിരാജസൈന്യേ	സുഗ്രീവസൈന്യത്തിൽ
സഃ ബാഹുഃ	ആ കരം		
സമുദ്ഗരഃ	മുൾത്തടിയോടുകൂടി	പപാത;	പതിച്ചു;
രാഘവബാണകൃത്തഃ	ശ്രീരാമബാണത്താൽ മുറിക്കപ്പെട്ടതായി	താം	ആ
ഗിരിശൃംഗകല്പഃ,	കുന്നിൻമുടിപോലെ	വാനരവാഹിനീം ച	വാനരസേനയേയും
തസ്മിൻ	ആ	ജഘാന.	ചതച്ചു.

തേ വാനരാ ഭഗ്നഹതാവശേഷാഃ
പൎയ്യന്തമാശ്രിത്യ തദാ വിഷണ്ണാഃ
പ്രവേപിതാംഗം ദദൃശുഃ സുഘോരം
നരേന്ദ്രരക്ഷോധിപസന്നിപാതം. 168

ഭഗ്നഹതാവ-ശേഷാഃ	ചതഞ്ഞ് ചത്ത്, ബാക്കിയായ	വിഷണ്ണാഃ,	ആകുലതപൂണ്ടവരായി
തേ	ആ	സുഘോരം	അതിഭയങ്കരമാംവണ്ണം
വാനരാഃ,	വാനരന്മാർ,	നരേന്ദ്ര-രക്ഷോധിപ-സന്നിപാതം	പുരുഷോത്തമനും രാക്ഷസാധിപനും തമ്മിൽനടന്നയുദ്ധത്തെ
തദാ,	അപ്പോൾ,	പ്രവേപിതാംഗം	ഉടൽനടുങ്ങുമാറ്
പൎയ്യന്തം	ഓരം	ദദൃശുഃ.	നോക്കിനിന്നു.
ആശ്രിത്യ,	പററിനിന്നുകൊണ്ട്,		

സ കുംഭകൎണ്ണോഽസ്ത്രനികൃത്തബാഹുർ-
മഹാൻ നികൃത്താഗ്ര ഇവാചലേന്ദ്രഃ
ഉത്പാടയാമാസ കരേണ വൃക്ഷം
തതോഭിദുദ്രാവ രണേ നരേന്ദ്രം. 169

സഃ കുംഭകൎണ്ണഃ,	ആ കുംഭകൎണ്ണൻ,	കരേണ	ബാക്കിയുള്ള ഒരു കൈകൊണ്ട്
അസ്ത്ര-നികൃത്ത-ബാഹുഃ,	അസ്ത്രത്താൽ കൈമുറിക്കപ്പെട്ടവനായി,	തതഃ	ആ സമയം
നികൃത്താഗ്രഃ	കൊടുമുടിതകൎന്ന	വൃക്ഷം	ഒരു വൃക്ഷത്തെ
മഹാൻ	വമ്പിച്ച	ഉത്പാടയാമാസ;	പറിച്ചെടുത്തു;
അചലേന്ദ്രഃ ഇവ,	ഗിരിവരനെന്നപോലെയായ്ത്തീൎന്നവനായി	നരേന്ദ്രം	പുരുഷോത്തമനുനേരെ
		രണേ	പോരിൽ
		അഭിദുദ്രാവ.	പാഞ്ഞെതിൎത്തു.

സ തസ്യ ബാഹും സഹസാലവൃക്ഷം
സമുദ്യതം പന്നഗഭോഗകല്പം
ഐന്ദ്രാസ്ത്രയുക്തേന ജഘാന രാമോ
ബാണേന ജാംബൂനദചിത്രിതേന. 170

സഃ	ആ	സഹസാല-വൃക്ഷം	സാലവൃക്ഷത്തോടുകൂടിത്തന്നെ
രാമഃ,	ശ്രീരാമൻ,	ഐന്ദ്രാസ്ത്ര-യുക്തേന	ഐന്ദ്രമന്ത്രത്താൽ അഭിമന്ത്രിതമായതും
സമുദ്യതം	ഉയൎത്തിപ്പിടിക്കപ്പെട്ടതും	ജാംബൂനദ-ചിത്രിതേന	തങ്കപ്പണിചെയ്യപ്പെട്ടതുമായ
പന്നഗഭോഗ-കല്പം	പാമ്പിന്നുടലൊത്തതും ആയ	ബാണേന	ഒരു ബാണത്താൽ
തസ്യ ബാഹും	അവന്റെ കരത്തെ	ജഘാന.	മുറിച്ചു.

സ കുംഭകര്‍ണ്ണസ്യ ഭുജോ നികൃത്തഃ
പപാത ഭൂമൌ ഗിരിസന്നികാശഃ
വിവേഷ്ടമാനോ ഽഭിജഘാന വൃക്ഷാൻ
ശൈലാൻ ശിലാ വാനരരാക്ഷസാംശ്ച. 171

കുംഭകര്‍ണ്ണസ്യ	കുംഭകര്‍ണ്ണന്റെ	വിവേഷ്ടമാനഃ	പിടഞ്ഞുതുള്ളുന്നതായി
സഃ	ആ	വൃക്ഷാൻ	വൃക്ഷങ്ങളേയും
നികൃത്തഃ	മുറിക്കപ്പെട്ട	ശൈലാൻ	ഗിരികളേയും
ഭുജഃ,	ഭുജം,	ശിലാഃ	പാറകളേയും
ഭൂമൌ	നിലത്ത്	വാനര-	വാനരന്മാരേയും രാക്ഷ
ഗിരിസംനികാശഃ	മലപോലെ	രാക്ഷസാൻ ച	സന്മാരേയും
പപാത;	പതിച്ചു;	അഭിജഘാന.	തകര്‍ത്തു.

തം ഛിന്നബാഹും സമവേക്ഷ്യ രാമഃ
സമാപതന്തം സഹസാ നദന്തം
ദ്വാവര്‍ദ്ധചന്ദ്രൌ നിശിതൌ പ്രഗൃഹ്യ
ചിച്ഛേദ പാദൌ യുധി രാക്ഷസസ്യ. 172

രാമഃ,	ശ്രീരാമൻ,	ദ്വൌ	രണ്ട്
ഛിന്നബാഹും	കൈകൾമുറിഞ്ഞ്	അര്‍ദ്ധചന്ദ്രൌ	അര്‍ദ്ധചന്ദ്രാകൃതി ബാണങ്ങളെ
നദന്തം	ഗര്‍ജ്ജിച്ചുകൊണ്ട്		
സഹസാ	പെട്ടെന്ന്	പ്രഗൃഹ്യ	എടുത്ത്
സമാപതന്തം	നേരെ വരുന്നവനായ	യുധി	പോരിൽ
തം	അവനെ	രാക്ഷസസ്യ	രാക്ഷസന്റെ
സമവേക്ഷ്യ,	കണ്ട്,	പാദൌ	കാലുകളെ
നിശിതൌ	കൂര്‍ത്ത	ചിച്ഛേദ.	മുറിച്ചു.

തൌ തസ്യ പാദൌ പ്രദിശോ ദിശശ്ച
ഗിരീൻ ഗുഹാശ്ചൈവ മഹാര്‍ണ്ണവം ച
ലങ്കാം ച സേനാം കപിരാക്ഷസാനാം
വിനാദയന്തൌ വിനിപേതതുശ്ച. 173

തസ്യ	അവന്റെ	ലങ്കാം ച	ലങ്കയേയും
തൌ	ആ രണ്ടു	വിനാദയന്തൌ	മുഴക്കിക്കൊണ്ടും
പാദൌ,	കാലുകളും,	കപി-	കപികളുടേയും രാക്ഷ
ദിശഃ	ദിക്കുകളേയും	രാക്ഷസാനാം	സന്മാരുടേയും
പ്രദിശഃ ച	വിദിക്കുകളേയും		സേനയേയും അപ്രകാ
ഗിരീൻ ച	ഗിരികളേയും	സേനാം ച	രം തന്നെ നിലവിളി
ഗുഹാഃ ഏവ	കന്ദരങ്ങളേയും		പ്പിച്ചുകൊണ്ടും
മഹാര്‍ണ്ണവം ച	വൻ കടലിനേയും	വിനിപേതതുഃ.	താഴത്തു പതിച്ചു.

നികൃത്തബാഹുൎന്നികൃത്തപാദോ
വിദാൎയ്യ വക്ത്രം ബഡബാമുഖാഭം
ദുദ്രാവ രാമം സഹസാഭിഗൎജ്ജൻ
രാഹുൎയ്യഥാ ചന്ദ്രമിവാന്തരിക്ഷേ. 174

നികൃത്തബാഹുഃ	കൈകൾ മുറിക്കപ്പെട്ടവനും	അന്തരിക്ഷേ	ആകാശത്തിൽ
വിനികൃത്തപാദഃ,	കാലുകൾ മുറിക്കപ്പെട്ടവനും ആയ അവൻ,	രാഹുഃ	രാഹു
ബഡബാമുഖാഭം	ബഡബാഗ്നി മുഖംപോലെയുള്ള	ചന്ദ്രം	ചന്ദ്രനെ
വക്ത്രം	വായ	യഥാ ഇവ,	എപ്രകാരമോ അപ്രകാരം,
വിദാൎയ്യ	പിളൎന്നുംകൊണ്ട്	രാമം	ശ്രീരാമനെ
അഭിഗൎജ്ജൻ,	ഗൎജ്ജിക്കുന്നവനായി,	സഹസാ ദുദ്രാവ.	ഊക്കോടെ അടുത്തു.

അപൂരയത് തസ്യ മുഖം ശിതാഗ്രൈ
രാമഃ ശരൈൎഹേമപിനദ്ധപുംഖൈഃ
സ പൂൎണ്ണവക്ത്രോ ന ശശാക വക്തും
ചുക്രൂജ കൃച്ഛ്രേണ മുമോഹ ചാപി. 175

രാമഃ	ശ്രീരാമൻ	പൂൎണ്ണവക്ത്രഃ	വായെല്ലാം തിങ്ങിനിറഞ്ഞവനായി
തസ്യ	അവന്റെ		
മുഖം	വായമുഴുവനും	വക്തും	ഒന്നും പറവാൻ
ശിതാഗ്രൈഃ	കൂൎത്ത	ശശാക ന;	ശക്തനായില്ല;
ഹേമപിനദ്ധപുംഖൈഃ	പൊൻപിടിയാൎന്ന	കൃച്ഛ്രേണ	കഷ്ടപ്പെട്ട്
		ചുക്രൂജ;	ഞെരങ്ങുക (മൂളുക) മാത്രംചെയ്തു;
ശരൈഃ	ശരങ്ങൾകൊണ്ട്		
അപൂരയത്;	നിറച്ചു;	അപി ച	പിന്നെ
സഃ	അവൻ	മുമോഹ	മൂൎച്ഛിക്കയുംചെയ്തു.

അഥാദദേ സൂൎയ്യമരീചികല്പം
സ ബ്രഹ്മദണ്ഡാന്തകകാലകല്പം
അരിഷ്ടമൈന്ദ്രം നിശിതം സുപുംഖം
രാമഃ ശരം മാരുതതുല്യവേഗം. 176

സഃ രാമഃ	ആ ശ്രീരാമൻ	നിശിതം	കൂൎത്തതും
സൂൎയ്യമരീചികല്പം	സൂൎയ്യകിരണതുല്യവും	സുപുംഖം	പൊൻപിടിയുള്ളതും
		മാരുതതുല്യവേഗം	വായുവേഗതപൂണ്ടതും ആയ
ബ്രഹ്മദണ്ഡാന്തകകാലകല്പം	ബ്രഹ്മദണ്ഡത്തിന്നും, അന്തകന്നും, കാലന്നും സദൃശമായതും	ഐന്ദ്രം ശരം	ഐന്ദ്രാസ്ത്രത്തെ
		അഥ	ആ സമയം
അരിഷ്ടം	കൊടിയതും	ആദദേ.	തൊടുത്തു.

തം വജ്രജാംബൂനദചാരുപുംഖം
പ്രദീപ്തസൂര്യ്യജ്വലനപ്രകാശം
മഹേന്ദ്രവജ്രാശനിതുല്യവേഗം
രാമഃ പ്രചിക്ഷേപ നിശാചരായ. 177

രാമഃ	ശ്രീരാമൻ
വജ്രജാംബൂനദചാരുപുംഖം	വൈരത്താലും സ്വർണ്ണത്താലും അഴകാന്ന പിടിയോടുകൂടിയതും
പ്രദീപ്തസൂര്യ്യജ്വലനപ്രകാശം	ഉജ്ജ്വലിക്കുന്ന സൂര്യ്യന്റെയും അഗ്നിയുടേയും പ്രഭയോടുകൂടിയതും
മഹേന്ദ്രവജ്രാശനിതുല്യവേഗം	ഇന്ദ്രന്റെ വജ്രായുധത്തിന്നും ഇടിയ്ക്കും തുല്യമായ വേഗതയാന്നതും ആയ
തം,	ആ ബാണത്തെ,
നിശാചരായ	രാക്ഷസന്നുനേരെ
പ്രചിക്ഷേപ.	പ്രയോഗിച്ചു.

സ സായകോ രാഘവബാഹുചോദിതോ
ദിശഃ സ്വഭാസാ ദശ സംപ്രകാശയൻ
സധൂമവൈശ്വാനരദീപ്തദർശനോ
ജഗാമ ശക്രാശനിവീര്യ്യവിക്രമഃ. 178

രാഘവബാഹുചോദിതഃ	ശ്രീരാമന്റെ ബാഹുക്കളാൽ പ്രയോഗിക്കപ്പെട്ടതും
ശക്രാശനിവീര്യ്യവിക്രമഃ	ഇന്ദ്രന്റെ വജ്രായുധത്തിന്നു സദൃശമായ വീര്യ്യവും പ്രഭാവവുമാന്നതുംആയ
സഃ	ആ
സായകഃ	ബാണം,
സ്വഭാസാ	നിജകാന്തിയാൽ
ദശ	പത്തു
ദിശഃ	ദിക്കുകളേയും
സംപ്രകാശയൻ	ഏററം പ്രകാശിപ്പിച്ചുകൊണ്ടു്
സധൂമവൈശ്വാനരദീപ്തദർശനഃ	പുകയുന്ന അഗ്നിപോലെ ജ്വലിക്കുന്ന കാഴ്ചയോടുകൂടിയതായി
ജഗാമ.	ചെന്നു.

സ തന്മഹാപർവ്വതകൂടസന്നിഭം
വിവൃത്തദംഷ്ട്രം ചലചാരുകുണ്ഡലം
ചകർത്ത രക്ഷോധിപതേഃ ശിരസ്തഥാ
യഥൈവ വൃത്രസ്യ പുരാ പുരന്ദരഃ. 179

സഃ	അതു്
രക്ഷോധിപതേഃ	രക്ഷോനാഥന്റെ
മഹാപർവ്വതകൂടസന്നിഭം	വൻ പർവ്വതശിഖരം പോലെയുള്ളതും
വിവൃത്തദംഷ്ട്രം	വളഞ്ഞു പുറത്തു നീണ്ട തേററകളോടു കൂടിയതും
ചലചാരുകുണ്ഡലം തഥാ	ആടുന്ന അഴകാന്ന കുണ്ഡലങ്ങളോടു കൂടിയതും ആയ
തത് ശിരഃ,	ആ ശിരസ്സിനെ,
പുരാ	പണ്ടു്,
പുരന്ദരഃ	ഇന്ദ്രൻ
വൃത്രസ്യ	വൃത്രാസുരന്റെതിനെ
യഥാ ഏവ,	എന്ന പോലെ,
ചകർത്ത.	മുറിച്ചു.

[ചെവികളുടെ മുകൾഭാഗം മിക്കതും പോയി ചുവടു് ബാക്കിനിന്നിരുന്നതിനാൽ കുണ്ഡലങ്ങൾ തൂങ്ങിക്കിടന്നിരുന്നു. ആയതുകൊണ്ടു തന്നെയാണു് 109-ാം ശ്ലോകത്തിൽ പറഞ്ഞപ്രകാരം കുടൽമാലകൾ ചുററിപ്പിണഞ്ഞിരുന്നതു്.]

തദ്രാമബാണാഭിഹതം പപാത
രക്ഷഃശിരഃ പർവ്വതസന്നികാശം
ബഭഞ്ജ ചര്യ്യാഗൃഹഗോപുരാണി
പ്രാകാരമുച്ചം തമപാതയച്ച. 180

തത്	ആ	ചര്യ്യാഗൃഹ-	കാവൽപ്പുരകളേയും
രക്ഷഃശിരഃ,	രാക്ഷസന്റെ തല,	ഗോപുരാണി	ഭവനങ്ങളേയും ഗോ
രാമബാണാഭി-	ശ്രീരാമബാണത്താൽ	ബഭഞ്ജ ;	തകർത്തു ;[പുരങ്ങളേയും
ഹതം	അറുക്കപ്പെട്ട്	ഉച്ചം	ഉന്നതമായ
പർവ്വത-	പർവ്വതം പോലെ	തം	ആ
സന്നികാശം		പ്രാകാരം ച	മതിൽക്കെട്ടിനേയും
പപാത ;	പതിച്ചു ;	അപാതയത്.	ഇടിച്ചു വീഴ്ത്തി.

തച്ചാതികായം ഹിമവത്പ്രകാശം
രക്ഷസ്തതസ്തോയനിധൌ പപാത
ഗ്രാഹാൻ വരാൻ മീനവരാൻ ഭുജംഗാൻ
മമർദ ഭൂമിം ച തദാ വിവേശ. 181

തദാ	ആ സമയം	വരാൻ	വമ്പിച്ച
അതികായം	വൻ ശരീരമാർന്നവനും	ഗ്രാഹാൻ	മുതലകളേയും
ഹിമവത്-	ഹിമാലയസദൃശനും	മീനവരാൻ	വൻമത്സ്യങ്ങളേയും
പ്രകാശം	ആയ	ഭുജംഗാൻ ച	പാമ്പുകളേയും
തത്	ആ	മമർദ ;	ചതച്ചു ;
രക്ഷഃ ച	രാക്ഷസനും	തതഃ	പിന്നെ
തോയനിധൌ	സമുദ്രത്തിൽ	ഭൂമിം	മണ്ണിന്നടിയിൽ
പപാത ;	നിപതിച്ചു ;	വിവേശ.	താണുപോയി.

തസ്മിൻ ഹതേ ബ്രാഹ്മണദേവശത്രൌ
മഹാബലേ സംയതി കുംഭകർണ്ണേ
ചചാല ഭൂർഭൂമിധരാശ്ച സർവ്വേ
ഹർഷാച്ച ദേവാസ്തുമുലം പ്രണേദുഃ. 182

ബ്രാഹ്മണ-	ബ്രാഹ്മണർക്കും ദേവന്മാ	സർവ്വേ	എല്ലാ
ദേവശത്രൌ	ർക്കും ശത്രുവും	ഭൂമിധരാഃ ച	പർവ്വതങ്ങളും
മഹാബലേ	അതിബലവാനും ആയ	ചചാല ;	കുലുങ്ങി ;
തസ്മിൻ	ആ	ഹർഷാത്	സന്തോഷത്താൽ
കുംഭകർണ്ണേ,	കുംഭകർണ്ണൻ,	ദേവാഃ ച	ദേവന്മാരും
സംയതി	പോരിൽ	തുമുലം	ഘോഷമായി
ഹതേ,	വധിക്കപ്പെട്ടാറെ,	പ്രണേദുഃ.	ആർത്തു.
ഭൂഃ,	ഭൂമിയും,		

തതസ്തു ദേവർഷിമഹർഷിപന്നഗാഃ
സുരാശ്ച ഭൂതാനി സുപർണ്ണഗുഹ്യകാഃ
സയക്ഷഗന്ധർവ്വഗണാ നഭോഗതാഃ
പ്രഹർഷിതാ രാമപരാക്രമേണ. 183

തതഃ	അപ്പോൾ	സുപർണ്ണ-ഗുഹ്യകാഃ തു	സുപർണ്ണന്മാരും ഗുഹ്യകന്മാരും,
ദേവർഷി-മഹർഷി-പന്നഗാഃ	ദേവർഷികളും മഹർഷികളും പന്നഗന്മാരും	നഭോഗതാഃ	ആകാശത്തിൽനിന്നുകൊണ്ടു്
സുരാഃ ച	ദേവന്മാരും	രാമ-പരാക്രമേണ	ശ്രീരാമന്റെ പരാക്രമത്താൽ
ഭൂതാനി	ഭൂതങ്ങളും	പ്രഹർഷിതാഃ.	ആനന്ദപുളകിതരായ് ഭവിച്ചു.
സയക്ഷ-ഗന്ധർവ്വഗണാഃ	യക്ഷന്മാർ, ഗന്ധർവ്വന്മാർ എന്നവരുടെ കൂട്ടങ്ങളോടുകൂടിയുള്ള		

തതസ്തു തേ തസ്യ വധേന ഭൂരിണാ
മനസ്വിനോ നൈരൃതരാജബാന്ധവാഃ
വിനേദുരുച്ചൈർവ്യഥിതാ രഘൂത്തമം
ഹരിം സമീക്ഷ്യൈവ യഥാ സുരാർദ്ദിതാഃ. 184

തതഃ	അപ്പോൾ	ഹരിം	സാക്ഷാൽ വിഷ്ണുഭഗവാനായ
തേ	ആ	രഘൂത്തമം	രഘൂത്തമനെ
മനസ്വിനഃ	കരളുറപ്പുള്ളവരായ	സമീക്ഷ്യ,	കണ്ടു്,
നൈരൃതരാജ-ബാന്ധവാഃ തു	രാക്ഷസത്തലവന്റെ സുഹൃത്തുക്കൾ	സുരാർദ്ദിതാഃ	ദേവന്മാരാൽ പീഡിക്കപ്പെട്ട ദാനവന്മാർ
തസ്യ	അവന്റെ	യഥാ ഏവ	എന്നപോലെതന്നെ
ഭൂരിണാ വധേന	അസഹ്യമായ ചിത്രവധത്താൽ	ഉച്ചൈഃ	ഉച്ചത്തിൽ
വ്യഥിതാഃ,	ദുഃഖംപൂണ്ടവരായി,	വിനേദുഃ.	നിലവിളിച്ചു.

[“ഭൂരിണാ വധേന” (അച്യുതനാൽ ചെയ്യപ്പെട്ട വധത്താൽ) എന്നു് (സ); “ഭൂരിർബ്രഹ്മാച്യുതശക്രേഷു” എന്നു് വിശ്വകോശം.]

സ ദേവലോകസ്യ തമോ നിഹത്യ
സൂര്യോ യഥാ രാഹുമുഖാദ്വിമുക്തഃ
തഥാ വ്യഭാസീദ്ഭുവി വാനരൗഘേ
നിഹത്യ രാമോ യുധി കുംഭകർണ്ണം. 185

സഃ	ആ	യഥാ തഥാ	എപ്രകാരമോ അപ്രകാരം
രാമഃ,	ശ്രീരാഘവൻ,	യുധി	പോരിൽ
രാഹുമുഖാത്	രാഹുവക്ത്രത്തിൽനിന്നു്	കുംഭകർണ്ണം	കുംഭകർണ്ണനെ
വിമുക്തഃ	വിമുക്തനായ	നിഹത്യ	വധിച്ചു്
സൂര്യഃ	ആദിത്യൻ	ഭുവി	ഭൂമിയിൽ
ദേവലോകസ്യ	ആകാശത്തിലുള്ള	വാനരൗഘേ	വാനരസമൂഹത്തിൽ
തമഃ	അന്ധകാരത്തെ	വ്യഭാസീത്.	പരിശോഭിച്ചു.
നിഹത്യ	ഇല്ലാതാക്കി		

പ്രഹർഷമീയുർബഹവസ്തു വാനരാഃ
പ്രബുദ്ധപദ്മപ്രതിമൈരിവാനനൈഃ
അപൂജയൻ രാഘവമിഷ്ടഭാഗിനം
ഹതേ രിപൌ ഭീമബലേ ദുരാസദേ 186

ബഹവഃ	എണ്ണമററ
വാനരാഃ തു,	വാനരന്മാരാകട്ടെ,
ഭീമബലേ	ഭയങ്കരപരാക്രമിയും
ദുരാസദേ	ദുർജ്ജയനുമായ
രിപൌ	ആ ശത്രു
ഹതേ,	വധിക്കപ്പെട്ടപ്പോൾ,
പ്രബുദ്ധപദ്മ-പ്രതിമൈഃ	വികസിച്ച താമരപ്പൂക്കൾപോലെയുള്ള
ആനനൈഃ ഇവ	മുഖങ്ങളോടുകൂടിയവരായി
പ്രഹർഷം	അളവററ സന്തോഷത്തെ
ഈയുഃ;	കയ്ക്കൊണ്ടു;
ഇഷ്ടഭാഗിനം	അഭീഷ്ടം സാധിച്ചവനായ
രാഘവം	ശ്രീരാഘവനെ
അപൂജയൻ.	കൊണ്ടാടി.

സ കുംഭകർണ്ണം സുരസംഘമർദ്ദനം
മഹത്സു യുദ്ധേഷു പരാജിതശ്രമം
നനന്ദ ഹത്വാ ഭരതാഗ്രജോ രണേ
മഹാസുരം വൃത്രമിവാമരാധിപഃ. 187

സഃ	ആ
ഭരതാഗ്രജഃ,	ഭരതാഗ്രജൻ,
മഹത്സു	വമ്പിച്ച
യുദ്ധേഷു	സമരങ്ങളിൽ
സുരസംഘമർദ്ദനം	ദേവഗണങ്ങളെമർദ്ദിച്ചവനായ
കുംഭകർണ്ണം	കുംഭകർണ്ണനെ
രണേ	പോരിൽ
പരാജിതശ്രമം	അനായാസമായി
ഹത്വാ	വധിച്ചു്
അമരാധിപഃ	ഇന്ദ്രൻ
മഹാസുരം	അസുരോത്തമനായ
വൃത്രം	വൃത്രനെ കൊന്നശേഷം
ഇവ,	എപ്രകാരമൊ അപ്രകാരം,
നനന്ദ.	ആനന്ദിച്ചു.

ഇത്യാർഷേ ശ്രീമദ്രാമായണേ വാല്മീകീയേ ആദികാവ്യേ യുദ്ധകാണ്ഡേ
സപ്തഷഷ്ടിതമഃ സർഗ്ഗഃ = അറുപത്തേഴാംസർഗ്ഗം സമാപ്തം.
ആദ്യംമുതൽ ശ്ലോകസംഖ്യ 17720; യുദ്ധകാണ്ഡം ആദ്യംമുതൽ ശ്ലോകസംഖ്യ 3045

അഷ്ടഷഷ്ടിതമഃ സർഗ്ഗഃ = അറുപത്തെട്ടാംസർഗ്ഗം.

[രാവണപ്രലാപഃ = രാവണൻ പ്രലപിക്കുന്നതു്.]

കുംഭകർണ്ണം ഹതം ദൃഷ്ട്വാ രാഘവേണ മഹാത്മനാ
രാക്ഷസാ രാക്ഷസേന്ദ്രായ രാവണായ ന്യവേദയൻ. 1

രാക്ഷസാഃ	രാക്ഷസന്മാർ
കുംഭകർണ്ണം	കുംഭകർണ്ണനെ
മഹാത്മനാ	മഹാത്മാവായ
രാഘവേണ	ശ്രീരാഘവനാൽ
ഹതം	വധിക്കപ്പെട്ടവനായി
ദൃഷ്ട്വാ,	കണ്ടു്,
രാക്ഷസേന്ദ്രായ	രാക്ഷസരാജാവായ
രാവണായ	രാവണനോടായി
ന്യവേദയൻ.	ഇങ്ങിനെ വിവരം അറിയിച്ചു.

[ഇതിലെ 'രാവണായ' എന്ന പദത്തിലെ 'യ'കാരം ഗായത്രിയിലെ 18-ാമത്തെ അക്ഷരമാകുന്നു എന്നു് ഗോ. രാ.]

രാജൻ സ കാലസംകാശഃ സംയുക്തഃ കാലകർമ്മണാ
വിദ്രാവ്യ വാനരീം സേനാം ഭക്ഷയിത്വാ ച വാനരാൻ 2
പ്രതപിത്വാ മുഹൂർത്തം ച പ്രശാന്തോ രാമതേജസാ
കായേനാർദ്ധപ്രവിഷ്ടേന സമുദ്രം ഭീമദർശനം 3
നികൃത്തകണ്ഠോരുഭുജോ വിക്ഷരൻ രുധിരം ബഹു
രുദ്ധ്വാ ദ്വാരം ശരീരേണ ലങ്കായാഃ പർവ്വതോപമഃ 4
കുംഭകർണ്ണസ്തവ ഭ്രാതാ കാകുത്സ്ഥശരപീഡിതഃ
ലഗണ്ഡഭൂതോ വികൃതോ ദാവദഗ്ദ്ധ ഇവ ദ്രുമഃ 5

"രാജൻ!	"മഹാരാജാവേ!
കാലസങ്കാശഃ	യമസദൃശനും
തവ ഭ്രാതാ	നിന്തിരുവടിയുടെ സഹോദരനും
കാലകർമ്മണാ സംയുക്തഃ	മൃത്യു അടുത്തിരുന്നവനും ആയ
സഃ	ആ
കുംഭകർണ്ണഃ,	കുംഭകർണ്ണൻ,
വാനരീം സേനാം	വാനരസൈന്യത്തെ
വിദ്രാവ്യ,	ഓടിച്ചു്,
മുഹൂർത്തം	കുറെനേരം
പ്രതപിത്വാ,	തപിപ്പിച്ചു്,
വാനരാൻ	വാനരന്മാരെ
ഭക്ഷയിത്വാ ച,	വിഴുങ്ങിയും,
ച	ഒടുവിൽ
കാകുത്സ്ഥശരപീഡിതഃ	ശ്രീരാമന്റെ ബാണത്താൽ പീഡിക്കപ്പെട്ടവനായി
നികൃത്തകണ്ഠോരുഭുജഃ	കഴുത്തും, കൈകാലുകളും മുറിക്കപ്പെട്ടവനായി
ബഹു	ഏറെ
രുധിരം	ചോര
വിക്ഷരൻ,	കക്കിക്കൊണ്ടു്,
പർവ്വതോപമഃ	മലപോലെയുള്ള
ലഗണ്ഡഭൂതഃ,	ഒരു പിണ്ഡമായിത്തീന്നു്,
ദാവദഗ്ദ്ധഃ	കാട്ടുതീവെന്ത
ദ്രുമഃ ഇവ,	ഒരു വൃക്ഷമെന്നപോലെ
വികൃതഃ,	വികൃതരൂപനായി,
ലങ്കായാഃ	ലങ്കയുടെ
ദ്വാരം	കോട്ടവാതിലിനെ
ശരീരേണ	ദേഹത്താൽ
രുദ്ധ്വാ,	തടഞ്ഞുംകൊണ്ടു്,
ഭീമദർശനം	ഭയങ്കരവടിവാന്ന
സമുദ്രം,	സമുദ്രത്തെ,
അർദ്ധപ്രവിഷ്ടേന	പകുതിമുങ്ങിയ
കായേന,	ഉടലോടുകൂടി,
രാമതേജസാ	ശ്രീരാമന്റെ പ്രതാപത്താൽ
പ്രശാന്തഃ."	പ്രാണൻ വെടിഞ്ഞവനായ്ത്തീന്നു."

തം ശ്രുത്വാ നിഹതം സംഖ്യേ കുംഭകർണ്ണം മഹാബലം
രാവണഃ ശോകസന്തപ്തോ മുമോഹ ച പപാത ച. 6

രാവണഃ	രാവണൻ,
സംഖ്യേ	പോരിൽ
മഹാബലം	മഹാ ശക്തിമാനായ
തം	ആ
കുംഭകർണ്ണം	കുംഭകർണ്ണനെ
നിഹതം	വധിക്കപ്പെട്ടവനായി
ശ്രുത്വാ	കേട്ടു്,
ച ച	തത്ക്ഷണം
ശോകസന്തപ്തഃ	ശോകപര്യാകുലിതനായി
മുമോഹ;	മൂർച്ഛിച്ചു;
പപാത.	താഴത്തുവീണുകളഞ്ഞു.

പിതൃവ്യം നിഹതം ശ്രുത്വാ ദേവാന്തകനരാന്തകൌ
ത്രിശിരാശ്ചാതികായശ്ച രുരുദുഃ ശോകപീഡിതാഃ. 7

ദേവാന്തകനരാന്തകൌ	ദേവാന്തകനും നരാന്തകനും	പിതൃവ്യം	എളയച്ഛനെ
ത്രിശിരാഃ ച	ത്രിശിരസ്സും	നിഹതം ശ്രുത്വാ	ഹതനായറിഞ്ഞ്
അതികായഃ ച	അതികായനും	ശോകപീഡിതാഃ	ശോകാക്രാന്തരായി
		രുരുദുഃ.	വിലപിച്ചു.

ഭ്രാതരം നിഹതം ശ്രുത്വാ രാമേണാക്ലിഷ്ടകൎമ്മണാ
മഹോദരമഹാപാൎശ്വൌ ശോകാക്രാന്തൌ ബഭൂവതുഃ. 8

മഹോദരമഹാപാൎശ്വൌ	മഹോദരനും മഹാപാൎശ്വനും,	ഭ്രാതരം	ഭ്രാതാവിനെ
അക്ലിഷ്ടകൎമ്മണാ	എന്നും നിഷ്പ്രയാസം ചെയ്യുന്നവനായ	നിഹതം	കൊല്ലപ്പെട്ടവനായി
രാമേണ	ശ്രീരാമനാൽ	ശ്രുത്വാ	കേട്ട്
		ശോകാക്രാന്തൌ	ദുഃഖിതരായി
		ബഭൂവതുഃ.	ഭവിച്ചു.

[മഹോദരമഹാപാൎശ്വന്മാർ രാവണാദികളുടെ പിതാവിന്ന് വേറെ ഭാൎയ്യയിലുണ്ടായ സഹോദരന്മാരാകുന്നു.]

തതഃ കൃച്ഛ്രാത്സമാസാദ്യ സംജ്ഞാം രാക്ഷസപുംഗവഃ
കുംഭകൎണ്ണവധാദ്ദീനോ വിലലാപ സ രാവണഃ. 9

തതഃ	അനന്തരം	സംജ്ഞാം സമാസാദ്യ,	ബോധംതെളിഞ്ഞ്,
രാക്ഷസപുംഗവഃ	രാക്ഷസോത്തമനായ	കുംഭകൎണ്ണവധാത്	കുംഭകൎണ്ണന്റെ വധത്താൽ
സഃ	ആ	ദീനഃ	മനസ്സിടിഞ്ഞവനായി
രാവണഃ,	രാവണൻ,	വിലലാപ.	ഇങ്ങിനെ പ്രലപിച്ചു.
കൃച്ഛ്രാത്	കഷ്ടപ്പെട്ട്		

ഹാ വീര രിപുദൎപ്പഘ്ന കുംഭകൎണ്ണ മഹാബല
ത്വം മാം വിഹായ വൈ ദൈവാദ്യാതോഽസി യമസാദനം. 10

"ഹാ വീര!	"ഹാ വീര!	ത്വം	നീ
രിപുദൎപ്പഘ്ന!	ശത്രുക്കളുടെ മദത്തെ നശിപ്പിക്കുന്നവനേ!	മാം വിഹായ,	എന്നെ വെടിഞ്ഞ്,
മഹാബല!	മഹാബലവാനായവനേ!	ദൈവാത്	ദൈവവിധിയാൽ
കുംഭകൎണ്ണ!	കുംഭകൎണ്ണ!	യമസാദനം	യമലോകത്തെ
		യാതഃ അസി വൈ.	പ്രാപിച്ചുവല്ലൊ.

മമ ശല്യമനുദ്ധൃത്യ ബാന്ധവാനാം മഹാബല
ശത്രുസൈന്യം പ്രതാപ്യൈകസ്ത്വം മാം സന്ത്യജ്യ ഗച്ഛസി. 11

"മഹാബല!	"അതിശക്തിമാനായവനേ!	ശല്യം	മനോദുഃഖത്തേയും
ശത്രുസൈന്യം	ശത്രുസൈന്യത്തെ	അനുദ്ധൃത്യ,	കളയാതെ
പ്രതാപ്യ,	തപിപ്പിച്ച്,	ത്വം	നീ
മമ	എന്റെ	മാം സന്ത്യജ്യ,	എന്നെ ഉപേക്ഷിച്ച്,
ബാന്ധവാനാം	ബന്ധുക്കളുടെ	ഏകഃ	ഏകനായി
		ഗച്ഛസി.	പോകയാണ്,

ഇദാനീം ഖല്വഹം നാസ്മി യസ്യ മേ ദക്ഷിണോ ഭുജഃ
പതിതോ യം സമാശ്രിത്യ ന ബിഭേമി സുരാസുരാത്. 12

"യം	"യാതൊരുവനെ	ദക്ഷിണഃ	വലത്തെ
സമാശ്രിത്യ,	സഹായമായ് കയ്ക്കൊണ്ടു,	ഭുജഃ,	കൈ,
സുരാസുരാത്	ദേവാസുരന്മാരിൽനിന്നും	പതിതഃ;	മുറിഞ്ഞുപോയി;
ബിഭേമി ന,	ഞാൻ ഭയമില്ലാതിരിക്കുന്നുവോ,	അഹം ഖലു	ഞാനും
യസ്യ മേ	യാതൊരു അപ്രകാരമുള്ള എന്റെ	ഇദാനീം	ഇപ്പോൾ
		ന അസ്മി.	ജീവിച്ചിരിക്കയില്ല.

കഥമേവംവിധോ വീരോ ദേവദാനവദർപ്പഹാ
കാലാഗ്നിരുദ്രപ്രതിമോ രണേ രാമേണ വൈ ഹതഃ 13

"ദേവദാനവദർപ്പഹാ	"ദേവാസുരന്മാക്ക് ദർപ്പഹന്താവും	ഏവംവിധഃ,	ഇപ്രകാരമുള്ളവൻ,
കാലാഗ്നിരുദ്രപ്രതിമഃ	കാലൻ, അഗ്നി, രുദ്രൻ എന്നവക്ക് തുല്യനും	രണേ	പോരിൽ
വീരഃ	ശൂരനും ആയ	രാമേണ	രാമനാൽ
		കഥം വൈ	എങ്ങിനെതന്നേയാണ്
		ഹതഃ ?	ഹതനായത് ?

യസ്യ തേ വജ്രനിഷ്പേഷോ ന കുര്യാദ്വ്യസനം സദാ
സ കഥം രാമബാണാർത്തഃ പ്രസുപ്തോऽസി മഹീതലേ. 14

"യസ്യ	"യാതൊരു	സഃ	അപ്രകാരമുള്ള നീ
തേ,	നിനക്ക്,	കഥം	എങ്ങിനെയാണ്
സദാ	ഒരിക്കലും	രാമബാണാർത്തഃ	രാമബാണപീഡിതനായി
വജ്രനിഷ്പേഷഃ	വജ്രായുധത്തിന്റെ ആഘാതവും	മഹീതലേ	ഭൂമിയിൽ
വ്യസനം	ഒരു കേടും	പ്രസുപ്തഃ അസി?	ദീർഘസുഷുപ്തികയ്ക്കൊണ്ടത് ?
ന കുര്യാത്,	വിളയിക്കയില്ലയോ,		

ഏതേ ദേവഗണാഃ സാർദ്ധമൃഷിഭിർഗ്ഗഗനേ സ്ഥിതാഃ
നിഹതം ത്വാം രണേ ദൃഷ്ട്വാ നിനദന്തി പ്രഹർഷിതാഃ. 15

"ഏതേ	"ഈ	ത്വാം	നിന്നെ
ദേവഗണാഃ	ദേവസമൂഹങ്ങൾ	നിഹതം	വധിക്കപ്പെട്ടവനായി
ഋഷിഭിഃ സാർദ്ധം	ഋഷികളോടുംകൂടി	ദൃഷ്ട്വാ,	കണ്ടു,
ഗഗനേ	ആകാശത്തിൽ	പ്രഹർഷിതാഃ	പ്രഹർഷമുൾക്കൊണ്ടവരായി
സ്ഥിതാഃ,	നിന്നുകൊണ്ട്	നിനദന്തി.	ആർക്കുന്നു.
രണേ	പോരിൽ		

ധ്രുവമദ്യൈവ സംഹൃഷ്ടാ ലബ്ധലക്ഷ്യാഃ പ്ലവംഗമാഃ
ആരോക്ഷ്യന്തി ഹി ദുർഗ്ഗാണി ലങ്കാദ്വാരാണി സർവ്വശഃ. 16

“പ്ലവംഗമാഃ	“വാനരന്മാർ
ലബ്ധലക്ഷാഃ	ഉദ്ദേശസിദ്ധിപൂണ്ടവരായി
സംഹൃഷ്ടാഃ	ഉത്സാഹമുൾക്കൊണ്ടവരായി
അദ്യ ഏവ	ഇക്ഷണംതന്നെ
ലങ്കാദ്വാരാണി	ലങ്കയുടെ കോട്ടവാതിലുകളിലും
ദുർഗ്ഗാണി	കോട്ടകളിലും
സർവ്വശഃ ഹി	എങ്ങുംതന്നെ
ധ്രുവം	തീർച്ചയായും
ആരോക്ഷ്യന്തി.	വന്നുകേറും.

രാജ്യേന നാസ്തി മേ കാര്യം കിം കരിഷ്യാമി സീതയാ
കുംഭകർണ്ണവിഹീനസ്യ ജീവിതേ നാസ്തി മേ രതിഃ. 17

“കുംഭകർണ്ണവിഹീനസ്യ	“കുംഭകർണ്ണനെ കൈവെടിഞ്ഞവനായ
മേ,	എനിക്ക്,
രാജ്യേന	രാജ്യം കൊണ്ട്
കാര്യം	ഒരു പ്രയോജനവും
അസ്തി ന;	ഇല്ല;
സീതയാ	സീതയെക്കൊണ്ടും
കിം കരിഷ്യാമി?	ഞാൻ എന്താണ് ചെയ്യാൻ പോകുന്നത്?
മേ	എനിക്ക്
ജീവിതേ	ജീവനിലും
രതിഃ അസ്തി ന.	കൊതിയില്ല.

യദ്യഹം ഭ്രാതൃഹന്താരം ന ഹന്മി യുധി രാഘവം
നനു മേ മരണം ശ്രേയോ ന ചേദം വ്യർത്ഥജീവിതം. 18

“അഹം,	“ഞാൻ,
ഭ്രാതൃഹന്താരം	അനുജനെക്കൊന്ന
രാഘവം	ആ രാമനെ
യുധി	പോരിൽ
ഹന്മി ന യദി,	കൊല്ലുന്നില്ലെന്നു വരികിൽ,
നനു	അപ്പോൾ
മേ	എനിക്ക്
മരണം	മരണം തന്നെയാണ്
ശ്രേയഃ;	നല്ലത്;
ഇദം	ഈ
വ്യർത്ഥജീവിതം ച ന.	നിരർത്ഥകമായ ജീവിതം അല്ലതന്നെ.

അദ്യൈവ തം ഗമിഷ്യാമി ദേശം യത്രാനുജോ മമ
ന ഹി ഭ്രാതൄൻ സമുത്സൃജ്യ ക്ഷണം ജീവിതുമുത്സഹേ. 19

“മമ	“എന്റെ
അനുജഃ,	അനുജൻ,
യത്ര	എവിടെയോ
തം ദേശം	ആ പ്രദേശത്തിലേക്ക്
അദ്യ ഏവ	ഇപ്പോൾ തന്നെ
ഗമിഷ്യാമി;	ഞാൻ പോകുന്നുണ്ട്;
ഭ്രാതൄൻ	സഹോദരന്മാരെ
സമുത്സൃജ്യ	വിട്ടുപിരിഞ്ഞ്
ക്ഷണം ഹി	ഒരു നിമിഷമെങ്കിലും
ജീവിതും	ജീവനോടിരിപ്പാൻ
ഉത്സഹേ ന.	ഞാൻ ആഗ്രഹിക്കുന്നില്ല.

ദേവാ ഹി മാം ഹസിഷ്യന്തി ദൃഷ്ട്വാ പൂർവ്വാപകാരിണം
കഥമിന്ദ്രം ജയിഷ്യാമി കുംഭകർണ്ണ ഹതേ ത്വയി 20

“ദേവാഃ ഹി	“ദേവന്മാരാകട്ടെ,
പൂർവ്വാപകാരിണം	മുമ്പ് ദ്രോഹം ചെയ്തവനായ
മാം	എന്നെ
ദൃഷ്ട്വാ	നോക്കി
ഹസിഷ്യന്തി	അപഹസിക്കും;
കുംഭകർണ്ണ!	കുംഭകർണ്ണ!
ത്വയി	നീ
ഹതേ	ഹതനായിരിക്കെ,
ഇന്ദ്രം	ഇന്ദ്രനെ
കഥം ജയിഷ്യാമി!	എങ്ങിനെ ഞാൻ ജയിക്കും?

തദിദം മാമനുപ്രാപ്തം വിഭീഷണവചഃ ശുഭം
യദജ്ഞാനാന്മയാ തസ്യ ന ഗൃഹീതം മഹാത്മനഃ. 21

"മയാ	"എന്നാൽ	ഗൃഹീതം ന,	സ്വീകരിക്കപ്പെട്ടില്ല
അജ്ഞാനാത്	മൂഢതകൊണ്ട്	തത്	ആ [യോ,
മഹാത്മനഃ	മഹാത്മാവായ	ഇദം ശുഭം	ഈ ഹിതകരമായ
തസ്യ	ആ വിഭീഷണന്റെ	വിഭീഷണവചഃ	വിഭീഷണവാക്യം
യത്	യാതൊരുവാക്ക്	മാം	എനിക്ക്
		അനുപ്രാപ്തം.	ഇപ്പോൾ ഫലിച്ചു.

വിഭീഷണവചോ യാവത് കുംഭകർണ്ണപ്രഹസ്തയോഃ
വിനാശോഽയം സമുത്പന്നോ മാം വ്രീഡയതി ദാരുണഃ. 22

"വിഭീഷണവചഃ യാവത്	"വിഭീഷണന്റെ വാക്യപ്രകാരംതന്നെ,	സമുത്പന്നഃ;	ഏർപ്പെട്ടു;
		ദാരുണഃ	ഘോരമായ
കുംഭകർണ്ണപ്രഹസ്തയോഃ	കുംഭകർണ്ണനും പ്രഹസ്തനും	അയം	ഈ സംഗതി
		മാം	എന്നെ
വിനാശഃ	നാശം	വ്രീഡയതി.	ലജ്ജിപ്പിക്കുന്നു.

തസ്യായം കർമ്മണഃ പ്രാപ്തോ വിപാകോ മമ ശോകദഃ
യന്മയാ ധാർമ്മികഃ ശ്രീമാൻ സ നിരസ്തോ വിഭീഷണഃ. 23

"മയാ	"എന്നാൽ,	തസ്യ കർമ്മണഃ	ആ പ്രവൃത്തിയുടെ
ധാർമ്മികഃ	ധർമ്മശീലനും	ശോകദഃ	ദുഃഖകരമായ
ശ്രീമാൻ	ശ്രീമാനുമായ	അയം വിപാകഃ	ഈ ഫലം
സഃ വിഭീഷണഃ	ആ വിഭീഷണൻ	മമ	എനിക്ക്
നിരസ്തഃ;	ഉപേക്ഷിക്കപ്പെട്ടു;	പ്രാപ്തഃ."	പ്രാപിപ്പാനിടവന്നിരിക്കുന്നത്."
യത്	അതിനാലാണ്		

ഇതി ബഹുവിധമാകുലാന്തരാത്മാ
കൃപണമതീവ വിലപ്യ കുംഭകർണ്ണം
ന്യപതദഥ ദശാനനോ ഭൃശാർത്ത-
സ്തമനുജമിന്ദ്രരിപും ഹതം വിദിത്വാ. 24

ദശാനനഃ,	ദശമുഖൻ,	ഇതി	മേൽപ്രകാരം
ഇന്ദ്രരിപും	ഇന്ദ്രശത്രുവും	ബഹുവിധം	പലവാറായി
അനുജം	അനുജനുമായ	അതീവ കൃപണം	അതിദീനമാംവണ്ണം
തം ഹതം	ആ മരിച്ചുപോയ	ആകുലാന്തരാത്മാ വിലപ്യ,	ഉള്ളം കലങ്ങിയവനായി പ്രലപിച്ച്,
കുംഭകർണ്ണം	കുംഭകർണ്ണനെ		
വിദിത്വാ, ഭൃശാർത്തഃ,	ഓർത്ത് ഏററം പരിതപിക്കുന്നവനായി,	അഥ	ഉടനെ
		ന്യപതത്.	നിലത്തു പതിച്ചു.

ഇത്യാർഷേ ശ്രീമദ്രാമായണേ വാല്മീകീയേ ആദികാവ്യേ യുദ്ധകാണ്ഡേ
അഷ്ടഷഷ്ടിതമഃ സർഗ്ഗഃ = അറുപത്തെട്ടാംസർഗ്ഗം സമാപ്തം.

ആദ്യം മുതൽ ശ്ലോകസംഖ്യ 17744; യുദ്ധകാണ്ഡം ആദ്യം മുതൽ ശ്ലോകസംഖ്യ 3069.

ഏകോനസപ്തതിതമഃ സർഗ്ഗഃ = അറുപത്തൊമ്പതാംസർഗ്ഗം.

[നരാന്തകവധഃ = നരാന്തകന്റെ വധം.]

ഏവം വിലപമാനസ്യ രാവണസ്യ ദുരാത്മനഃ
ശ്രുത്വാ ശോകാഭിതപ്തസ്യ ത്രിശിരാ വാക്യമബ്രവീത്. 1

ദുരാത്മനഃ	ദുരാത്മാവായ	വിലപമാനസ്യ,	പ്രലപിക്കുന്നസമയം,
രാവണസ്യ	രാവണൻ	ത്രിശിരാഃ	ത്രിശിരസ്സ്
ശോകാഭി-തപ്തസ്യ	ശോകസന്തപ്തനായി	ശ്രുത്വാ,	കേട്ട്,
ഏവം	ഇപ്രകാരം	വാക്യം അബ്രവീത്.	ഇപ്രകാരം ഉണർത്തിച്ചു.

ഏവമേവ മഹാവീര്യോ ഹതോ നസ്താതമധ്യമഃ
ന തു സത്പുരുഷാ രാജൻ വിലപന്തി യഥാ ഭവാൻ. 2

"നഃ	"ഞങ്ങളുടെ	രാജൻ!	മഹാരാജാവേ!
മഹാവീര്യഃ	മഹാവീര്യശാലിയായ	ഭവാൻ യഥാ,	നിന്തിരുവടിചെയ്യുന്നപോലെ,
താതമധ്യമഃ	മധ്യമപിതാവ്		
ഹതഃ;	ഹതനായി;	സത്പുരുഷാഃ	യോഗ്യന്മാർ
ഏവം ഏവ തു,	അപ്രകാരമായാലും,	വിലപന്തി ന.	പ്രലപിക്കമാറില്ല.

നൂനം ത്രിഭുവനസ്യാപി പര്യാപ്തസ്ത്വമസി പ്രഭോ
സ കസ്മാത് പ്രാകൃത ഇവ ശോചസ്യാത്മാനമീദൃശം. 3

"പ്രഭോ!	"പ്രഭോ!	സഃ	ആ നിന്തിരുവടി
ത്വം	നിന്തിരുവടി	കസ്മാത്	എന്തിന്നാണ്
ത്രിഭുവനസ്യ അപി	മൂന്നുലോകത്തിന്നും	പ്രാകൃതഃ ഇവ	സാമാന്യനെന്നപോലെ
പര്യാപ്തഃ അസി;	ധാരാളം മതിയായവനാണ്;	ആത്മാനം	തന്നെക്കുറിച്ച്
		ഈദൃശം	ഇങ്ങിനെ
നൂനം	അപ്രകാരമായിരിക്കെ	ശോചസി?	വ്യസനിക്കുന്നത്?

ബ്രഹ്മദത്താഽസ്തി തേ ശക്തിഃ കവചഃ സായകോ ധനുഃ
സഹസ്രഖരസംയുക്തോ രഥോ മേഘസ്വനോ മഹാൻ. 4

"തേ	"നിന്തിരുവടിക്ക്	ധനുഃ	ധനുസ്സും
ബ്രഹ്മദത്താ	ബ്രഹ്മദേവനാൽ	സഹസ്രഖര-സംയുക്തഃ	ആയിരം കോവർകഴുതകൾ കെട്ടിയതും
ശക്തിഃ	വേൽ [നൽകപ്പെട്ട		
അസ്തി;	കയ്യിലുണ്ട്;	മേഘസ്വനഃ	ഇടിമുഴക്കം പൂണ്ടതും
കവചഃ	കവചവും	മഹാൻ	വമ്പിച്ച [ആയ
സായകഃ	ബാണവും	രഥഃ.	രഥവുമുണ്ട്.

ത്വയാസകൃദ്വിശസ്ത്രേണ വിശസ്താ ദേവദാനവാഃ
സ സർവ്വായുധസംപന്നോ രാഘവം ശാസ്തുമർഹസി. 5

"അസകൃത്	"പലകുറി	സഃ	അപ്രകാരമുള്ള നിന്തിരുവടി
ത്വയാ	നിന്തിരുവടിയാൽ	സർവ്വായുധ-സംപന്നഃ	സർവ്വായുധങ്ങളെയും കയ്യിലേന്തിയവനായി
വിശസ്ത്രേണ	ആയുധമില്ലാതെതന്നെ	രാഘവം	രാമനെ
ദേവദാനവാഃ	ദേവന്മാരും ദാനവന്മാരും	ശാസ്തും അർഹസി.	വധിപ്പാൻ സമർത്ഥനാണു്.
വിശസ്താഃ;	പീഡിക്കപ്പെട്ടിട്ടുണ്ടു്;		

കാമം തിഷ്ഠ മഹാരാജ നിർഗ്ഗമിഷ്യാമ്യഹം രണം
ഉദ്ധരിഷ്യാമി തേ ശത്രൂൻ ഗരുഡഃ പന്നഗാനിവ. 6

"കാമം!	"അതിരിക്കട്ടെ!	തേ	നിന്തിരുവടിയുടെ
മഹാരാജ!	മഹാരാജാവേ!	ശത്രൂൻ	ശത്രുക്കളെ
തിഷ്ഠ!	നിന്തിരുവടി ഒന്നും ചെയ്യേണ്ടതില്ല!	ഗരുഡഃ	ഗരുഡൻ
അഹം	ഞാൻ	പന്നഗാൻ	സർപ്പങ്ങളെ
രണം	പോരിന്നായി	ഇവ	എന്നവിധം
നിർഗ്ഗമിഷ്യാമി;	പോയ്വരട്ടെ;	ഉദ്ധരിഷ്യാമി.	ഞാൻ ഇല്ലാതാക്കുന്നുണ്ടു്.

ശംബരോ ദേവരാജേന നരകോ വിഷ്ണുനാ യഥാ
തഥാഽദ്യ ശയിതാ രാമോ മയാ യുധി നിപാതിതഃ. 7

"ദേവരാജേന	"ദേവേന്ദ്രനാൽ	യുധി	പോരിൽ
ശംബരഃ	ശംബരാസുരനും	രാമഃ	രാമൻ
വിഷ്ണുനാ	വിഷ്ണുവിനാൽ	മയാ	എന്നാൽ
നരകഃ	നരകാസുരനും	നിപാതിതഃ	കൊല്ലപ്പെട്ടു്
യഥാ തഥാ,	എപ്രകാരമോ അപ്രകാരം	ശയിതാ."	വീണുകിടക്കുന്നതാണു്."
അദ്യ	ഇപ്പോൾ		

[ഇവിടെ വിവക്ഷിക്കപ്പെട്ട നരകാസുരൻ ശ്രീകൃഷ്ണനാൽ വധിക്കപ്പെട്ട മഹീപുത്രനായ നരകാസുരനല്ലെന്നു ബോദ്ധ്യമാകുന്നു. എന്നു (ഗോ. ര.) ഭാരതം ആദിപർവ്വം 66-ാം അദ്ധ്യായത്തിൽ "ദനുപുത്രാ മഹാരാജാ ദശ ദാനവവംശജാഃ, ഏകാക്ഷോ മൃതപാ വീരഃ പ്രലംബ നരകാവപി. വാതാപിഃ ശത്രുതപനഃ ശഠശ്ചൈവ മഹാസുരഃ ഗവിഷ്ഠശ്ച വനായുശ്ച ദീർഘജിഹ്വശ്ച ദാനവഃ" എന്നിങ്ങിനെ ദനുപുത്രനായ ഒരു നരകാസുരൻ പറയപ്പെട്ടിരിക്കുന്നു.]

ശ്രുത്വാ ത്രിശിരസോ വാക്യം രാവണോ രാക്ഷസാധിപഃ
പുനർജ്ജാതമിവാത്മാനം മന്യതേ കാലചോദിതഃ. 8

കാലചോദിതഃ	മരണകാലമടുത്ത	ശ്രുത്വാ,	കേട്ടു്,
രാക്ഷസാധിപഃ	രാക്ഷസാധിപനായ	ആത്മാനം	തന്നെ
രാവണഃ,	രാവണൻ,	പുനർജ്ജാതം ഇവ	ചത്തു ജീവിച്ചവനെന്നതന്നെ
ത്രിശിരസഃ	ത്രിശിരസ്സിന്റെ		
വാക്യം	വാക്യത്തെ	മന്യതേ.	കരുതുകയായി.

ശ്രുത്വാ ത്രിശിരസോ വാക്യം ദേവാന്തകനരാന്തകൌ
അതികായശ്ച തേജസ്വീ ബഭൂവുര്യുദ്ധഹർഷിതാഃ. 9

ദേവാന്തക- നരാന്തകൌ	ദേവാന്തകനും നരാന്തകനും
തേജസ്വീ	പ്രതാപശാലിയായ
അതികായഃ ച	അതികായനും
ത്രിശിരസഃ	ത്രിശിരസ്സിന്റെ
വാക്യം	വാക്ക
ശ്രുത്വാ,	കേട്ട്,
യുദ്ധഹർഷിതാഃ	യുദ്ധോത്സാഹം പൂണ്ടവരായി
ബഭൂവുഃ.	ഭവിച്ചു.

[ത്രിശിരസ്സ്, അതികായൻ, ദേവാന്തകൻ, നരാന്തകൻ ഇവർ രാവണപുത്രന്മാരാകുന്നു.]

തതോऽഹമഹമിത്യേവ ഗർജ്ജന്തോ നൈരൃതർഷഭാഃ
രാവണസ്യ സുതാ വീരാഃ ശക്രതുല്യപരാക്രമാഃ. 10

തതഃ	അപ്പോൾ
നൈരൃതർഷഭാഃ ഏവ	രാക്ഷസവീരന്മാരും
ശക്രതുല്യ- പരാക്രമാഃ	ഇന്ദ്രതുല്യ പരാക്രമന്മാരും
വീരാഃ	വീരന്മാരും ആയ
രാവണസ്യ	രാവണന്റെ
സുതാഃ,	ആ പുത്രന്മാർ,
അഹം അഹം	ഞാൻ, ഞാൻ
ഇതി ഗർജ്ജന്തഃ.	എന്ന് ഗർജ്ജിച്ചു.

അന്തരിക്ഷഗതാഃ സർവ്വേ സർവ്വേ മായാവിശാരദാഃ
സർവ്വേ ത്രിദശദർപ്പഘ്നാഃ സർവ്വേ ച രണദുർജ്ജയാഃ. 11

സർവ്വേ	എല്ലാവരും
അന്തരിക്ഷ- ഗതാഃ;	ആകാശത്തിൽ സഞ്ചരിപ്പാൻ കഴിവുള്ളവർ;
സർവ്വേ	എല്ലാവരും
മായാവിശാരദാഃ	മായയിൽനിപുണന്മാർ
സർവ്വേ	എല്ലാവരും
ത്രിദശദർപ്പഘ്നാഃ;	ദേവന്മാരുടെ ദർപ്പത്തെ കളഞ്ഞവർ;
സർവ്വേ ച	എല്ലാവരും
രണദുർജ്ജയാഃ.	പോരിൽ അജയ്യന്മാർ.

സർവ്വേ സുബലസംപന്നാഃ സർവ്വേ വിസ്തീർണ്ണകീർത്തയഃ
സർവ്വേ സമരമാസാദ്യ ന ശ്രൂയന്തേ പരാജിതാഃ 12
ദേവൈരപി സഗന്ധർവ്വൈഃ സകിന്നരമഹോരഗൈഃ. 13

സർവ്വേ	എല്ലാവരും
സുബല- സംപന്നാഃ;	അതിയായ ബലംപൂണ്ടവർ;
സർവ്വേ	എല്ലാവരും
വിസ്തീർണ്ണ- കീർത്തയഃ;	വിശാലയശസ്സോടുകൂടിയവർ;
സർവ്വേ	എല്ലാവരും
സമരം	പോരിന്നായി
ആസാദ്യ,	ഏററ്,
സഗന്ധർവ്വൈഃ	ഗന്ധർവ്വന്മാരോടുകൂടിയവരും
സകിന്നര- മഹോരഗൈഃ	കിന്നരന്മാർ, മഹോരഗന്മാർ എന്നവരോടുകൂടിയവരും ആയ
ദേവൈഃ അപി	ദേവന്മാരാലുംകൂടി,
പരാജിതാഃ	തോല്പിക്കപ്പെട്ടവരായി
ശ്രൂയന്തേ ന.	അറിയപ്പെടുന്നില്ല.

സർവ്വേ ച വിദുഷോ വീരാഃ സർവ്വേ യുദ്ധവിശാരദാഃ
സർവ്വേ പ്രവരവിജ്ഞാനാഃ സർവ്വേ ലബ്ധവരാസ്തഥാ. 14

സർവ്വേ	എല്ലാവരും
വിദുഷഃ	പഠിച്ചറിവുള്ള
വീരാഃ;	വീരന്മാർ;
സർവ്വേ	എല്ലാവരും
യുദ്ധവിശാരദാഃ;	യുദ്ധവിദഗ്ദ്ധന്മാർ;
സർവ്വേ തഥാ	എല്ലാവരും
പ്രവര-വിജ്ഞാനാഃ;	നല്ല അറിവുള്ളവർ;
സർവ്വേ ച	എല്ലാവരും
ലബ്ധവരാഃ.	വരങ്ങൾനേടീട്ടുള്ളവർ.

സ തൈസ്തദാ ഭാസ്കരതുല്യവർച്ചസൈഃ
സുതൈർവൃതഃ ശത്രുബലപ്രമർദ്ദനൈഃ
രരാജ രാജാ മഘവാൻ യഥാഽമരൈർ-
വൃതോ മഹാദാനവദർപ്പനാശനൈഃ. 15

തദാ	അപ്പോൾ
സഃ	ആ
രാജാ,	രാവണമഹാരാജാവ്,
ഭാസ്കരതുല്യ-വർച്ചസൈഃ	സൂര്യസമകാന്തിപൂണ്ട വരും
ശത്രുബല-പ്രമർദ്ദനൈഃ	ശത്രുസൈന്യവിധ്വംസകന്മാരും ആയ
തൈഃ സുതൈഃ	ആ പുത്രന്മാരാൽ
വൃതഃ,	ചൂഴപ്പെട്ടവനായി,
മഹാദാനവ-ദർപ്പനാശനൈഃ	അസുരോത്തമന്മാരുടെ അഹമ്മതിയടക്കുന്ന
അമരൈഃ	അമരന്മാരാൽ
വൃതഃ	ചൂഴപ്പെട്ട
മഘവാൻ യഥാ	ഇന്ദ്രനെന്നപോലെ
രരാജ.	വിളങ്ങി.

സ പുത്രാൻ സംപരിഷ്വജ്യ ഭൂഷയിത്വാ ച ഭൂഷണൈഃ
ആശീർഭിശ്ച പ്രശസ്താഭിഃ പ്രേഷയാമാസ സംയുഗേ. 16

സഃ	അവൻ
പുത്രാൻ	പുത്രന്മാരെ
സംപരിഷ്വജ്യ ച	ആലിംഗനംചെയ്തു
ഭൂഷണൈഃ	അലങ്കാരങ്ങളാൽ
ഭൂഷയിത്വാ ച,	അണിയിച്ച്,
പ്രശസ്താഭിഃ	ഉത്കൃഷ്ടങ്ങളായ
ആശീർഭിഃ	ആശിസ്സുകളോടുംകൂടി
സംയുഗേ	പോരിന്നായി
പ്രേഷയാമാസ.	പറഞ്ഞയച്ചു.

യുദ്ധോന്മത്തം ച മത്തം ച ഭ്രാതരൌ ചാപി രാവണഃ
രക്ഷണാർത്ഥം കുമാരാണാം പ്രേഷയാമാസ സംയുഗേ. 17

രാവണഃ	രാവണൻ
അപി ച,	അതുകൂടാതെ,
ഭ്രാതരൌ	സഹോദരന്മാരായ
യുദ്ധോന്മത്തം ച	യുദ്ധോന്മത്തനേയും
മത്തം ച,	മത്തനെന്നവനേയും
സംയുഗേ	പോരിൽ
കുമാരാണാം	പുത്രന്മാരുടെ
രക്ഷണാർത്ഥം	രക്ഷയ്ക്കായി
പ്രേഷയാമാസ.	പറഞ്ഞയച്ചു.

[താഴെ 20-ാംശ്ലോകത്തിൽനിന്നു യുദ്ധോന്മത്തനും മത്തനും മഹോദരമഹാപാർശ്വന്മാരാണെന്നു വ്യക്തമാകുന്നു.]

തേഽഭിവാദ്യ മഹാത്മാനം രാവണം രിപുരാവണം
കൃത്വാ പ്രദക്ഷിണം ചൈവ മഹാകായാഃ പ്രതസ്ഥിരേ. 18

മഹാകായാഃ	വൻശരീരങ്ങളാന്നവ	രാവണം	രാവണനെ
തേ,	അവർ, [രായ	അഭിവാദ്യ ച	നമസ്കരിച്ച്
രിപുരാവണം	ശത്രുക്കളെ നിലവിളിപ്പിക്കുന്ന	പ്രദക്ഷിണം കൃത്വാ ഏവ	പ്രദക്ഷിണംചെയ്തശേഷം
മഹാത്മാനം	മഹാവിക്രമശാലിയായ	പ്രതസ്ഥിരേ.	യാത്രയ്ക്കൊരുങ്ങി.

സർവ്വൌഷധീഭിർഗ്ഗന്ധൈശ്ച സമാലഭ്യ മഹാബലാഃ
നിർജ്ജഗ്മുർന്നൈരൃതശ്രേഷ്ഠാഃ ഷഡേതേ യുദ്ധകാംക്ഷിണഃ. 19

മഹാബലാഃ	അതിബലവാന്മാരും	ഷട്,	ആറുപേരും,
യുദ്ധ-കാംക്ഷിണഃ	യുദ്ധകാംക്ഷികളും ആയ	സർവ്വൌഷധീഭിഃ	പല ഓഷധികളുടെ രസങ്ങളും
ഏതേ	ഈ	ഗന്ധൈഃ ച	സുഗന്ധദ്രവ്യങ്ങളും
നൈർഋത-ശ്രേഷ്ഠാഃ	രാക്ഷസശ്രേഷ്ഠന്മാർ*	സമാലഭ്യ	പൂശിക്കൊണ്ട്
		നിർജ്ജഗ്മുഃ.	പുറപ്പെട്ടു.

[“കുഷ്ഠം മാംസീ ഹരിദ്രേ ദ്വേ മുരാ ശൈലേയ ചന്ദനം. വചാചമ്പകമുസ്താശ്ച സർവ്വൌഷധ്യോ ദശ സ്മൃതാഃ” കൊട്ടം, മാഞ്ചി, മഞ്ഞൾ രണ്ടുവക, മുരാമാഞ്ചി, ചേലേയം, ചന്ദനം, വയമ്പ്, ചമ്പകം, മുത്തങ്ങ, എന്നവ സർവ്വൌഷധി എന്നു പറയുന്നവയും ആയുധപ്രഹാരനിവർത്തകങ്ങളായ മരുന്നുകളുമാകുന്നു. (ഗോ. രാ.)]

ത്രിശിരാശ്ചാതികായശ്ച ദേവാന്തകനരാന്തകൌ
മഹോദരമഹാപാർശ്വൌ നിർജ്ജഗ്മുഃ കാലചോദിതാഃ. 20

കാലചോദിതാഃ	ചാവടുത്തവരായ	ദേവാന്തക-നരാന്തകൌ ച	ദേവാന്തകനും, നരാന്തകനും
ത്രിശിരാഃ	ത്രിശിരസ്സും	മഹോദരമഹാ-പാർശ്വൌ ച	മഹോദരനും മഹാപാർശ്വനും
അതികായഃ	അതികായനും	നിർജ്ജഗ്മുഃ.	പുറത്തിറങ്ങി.

തതഃ സുദർശനം നാമ നീലജീമൂതസന്നിഭം
ഐരാവതകുലേ ജാതമാരുരോഹ മഹോദരഃ. 21

മഹോദരഃ,	മഹോദരൻ	നീലജീമൂത-സന്നിഭം	കരിമുകിലൊത്തതും ആയ
തതഃ	അപ്പോൾ		
ഐരാവതകുലേ	ഐരാവതകുലത്തിൽ	സുദർശനം നാമ	സുദർശനമെന്ന ആനപ്പു
ജാതം	ജനിച്ചതും	ആരുരോഹ.	കയറിയിരുന്നു. [റത്തു

സർവ്വായുധസമായുക്തം തൂണീഭിശ്ച സ്വലംകൃതം
രരാജ ഗജമാസ്ഥായ സവിതേവാസ്തമൂർദ്ധനി. 22

സർവ്വായുധ-സമായുക്തം	എല്ലാ ആയുധങ്ങളോടുകൂടിയതും	ആസ്ഥായ,	കയറിക്കൊണ്ട്,
		അസ്തമൂർദ്ധനി	അസ്തഗിരിശിഖരത്തിൽ
തൂണീഭിഃ	ആവനാഴികളാൽ	സവിതാ	ആദിത്യൻ
സ്വലംകൃതം ച	അലങ്കരിക്കപ്പെട്ടതു	ഇവ,	എന്നപോലെ
ഗജം	ആനപ്പുറത്ത് [മായ	രരാജ.	അവൻ വിലസി.

ഹയോത്തമസമായുക്തം സൎവ്വായുധസമാകുലം
ആരുരോഹ രഥശ്രേഷ്ഠം ത്രിശിരാ രാവണാത്മജഃ. 23

രാവണാത്മജഃ	രാവണപുത്രനായ	സൎവ്വായുധസമാകുലം	സൎവ്വായുധങ്ങളും നിറഞ്ഞതും ആയ
ത്രിശിരാഃ,	ത്രിശിരസ്സ്,	രഥശ്രേഷ്ഠം	ഉത്തമരഥത്തിൽ
ഹയോത്തമസമായുക്തം	വിശേഷപ്പെട്ട കുതിരകൾ കെട്ടിയതും	ആരുരോഹ.	കയറി.

ത്രിശിരാ രഥമാസ്ഥായ വിരരാജ ധനുൎദ്ധരഃ
സവിദ്യുദുല്കഃ ശൈലാഗ്രേ സേന്ദ്രചാപ ഇവാംബുദഃ. 24

ത്രിശിരാഃ	ത്രിശിരസ്സ്,	സവിദ്യുദുല്കഃ	മിന്നലോടും കൊള്ളിമീനുകളോടും കൂടിയതായി
ധനുൎദ്ധരഃ	ധനുഷ്പാണിയായി	സേന്ദ്രചാപഃ	മഴവില്ലോടുകൂടിയ
രഥം	രഥത്തിൽ	അംബുദഃ ഇവ,	മേഘം എന്നപോലെ,
ആസ്ഥായ,	കയറിക്കൊണ്ട്,	വിരരാജ.	പരിലസിച്ചു.
ശൈലാഗ്രേ	പൎവ്വതാഗ്രത്തിൽ		

ത്രിഭിഃ കിരീടൈഃ ശുശുഭേ ത്രിശിരാഃ സ രഥോത്തമേ
ഹിമവാനിവ ശൈലേന്ദ്രസ്ത്രിഭിഃ കാഞ്ചനപൎവ്വതൈഃ. 25

രഥോത്തമേ	ആ ഉത്തമരഥത്തിൽ,	ഹിമവാൻ	ഹിമാലയം
സഃ	ആ	ത്രിഭിഃ	മൂന്നു
ത്രിശിരാഃ,	ത്രിശിരസ്സ്,	കാഞ്ചനപൎവ്വതൈഃ	പൊൻകുന്നുകളാൽ
ത്രിഭിഃ	മൂന്നു	ഇവ	എന്നപോലെ
കിരീടൈഃ,	കിരീടങ്ങളാൽ,	ശുശുഭേ.	ശോഭിച്ചു.
ശൈലേന്ദ്രഃ	പൎവ്വതരാജാവായ		

അതികായോഽപി തേജസ്വീ രാക്ഷസേന്ദ്രസുതസ്തദാ
ആരുരോഹ രഥശ്രേഷ്ഠം ശ്രേഷ്ഠഃ സൎവ്വധനുഷ്മതാം 26
സുചക്രാക്ഷം സുസംയുക്തം സാനുകൎഷം സുകൂബരം
തൂണീബാണാസനൈൎദ്ദീപ്തം പ്രാസാസിപരിഘാകുലം 27

തദാ	അപ്പോൾ	സാനുകൎഷം	നല്ല നുകങ്ങളോടു കൂടിയതും
തേജസ്വീ	പരാക്രമശാലിയും	സുകൂബരം	ഭംഗിയുള്ള കോൽമരങ്ങളോടു കൂടിയതും
സൎവ്വധനുഷ്മതാം	എല്ലാവില്ലാളികളിലും വെച്ച്	തൂണീബാണാസനൈഃ	ആവനാഴികളെക്കൊണ്ടും വില്ലുകളെക്കൊണ്ടും
ശ്രേഷ്ഠഃ	ശ്രേഷ്ഠനും	ദീപ്തം	വിളങ്ങുന്നതും
രാക്ഷസേന്ദ്രസുതഃ	രാക്ഷസരാജാവിന്റെ പുത്രനും ആയ	പ്രാസാസിപരിഘാകുലം	കുന്തം, വാൾ, ഇരിമ്പുലക്ക എന്നവയോടു കൂടിയതും ആയ
അതികായഃ അപി	അതികായനും	രഥശ്രേഷ്ഠം	ഉത്തമരഥത്തിൽ
സുചക്രാക്ഷം	നല്ല ചക്രങ്ങളും അച്ചുതണ്ടുമാൎന്നതും	ആരുരോഹ.	കയറി.
സുസംയുക്തം	ദൃഢമായി കൂട്ടപ്പെട്ടതും		

സ കാഞ്ചനവിചിത്രേണ മകുടേന വിരാജതാ
ഭൂഷണൈശ്ച ബഭൌ മേരുഃ കിരണൈരിവ ഭാസയൻ. 28

സഃ	അവൻ	ഭൂഷണൈഃ ച,	ഭൂഷണങ്ങളാലും,
കാഞ്ചന-വിചിത്രേണ	സ്വൎണ്ണവിചിത്രമായി	കിരണൈഃ	കിരണങ്ങളാൽ
		ഭാസയൻ	പ്രകാശിക്കുന്ന
വിരാജതാ	പരിലസിക്കുന്ന	മേരുഃ ഇവ,	മേരു പൎവ്വതമെന്ന [പോലെ,
മകുടേന,	കിരീടത്താലും,	ബഭൌ.	വിളങ്ങി.

സ രരാജ രഥേ തസ്മിൻ രാജസൂനുൎമ്മഹാബലഃ
വൃതോ നൈരൃതശാൎദ്ദൂലൈൎവ്വജ്രപാണിരിവാമരൈഃ 29

തസ്മിൻ രഥേ,	ആ രഥത്തിൽ,	വൃതഃ,	ചൂഴപ്പെട്ടവനായി,
സഃ മഹാബലഃ	ആ മഹാശക്തിമാനാ[യ	അമരൈഃ	ദേവന്മാരാൽ
രാജസൂനുഃ,	രാജപുത്രൻ,	വജ്രപാണിഃ	ഇന്ദ്രൻ
നൈരൃത-ശാൎദ്ദൂലൈഃ	രാക്ഷസശ്രേഷ്ഠന്മാരാൽ	ഇവ,	എന്ന പോലെ,
		രരാജ.	ശോഭിച്ചു.

ഹയമുച്ചൈഃശ്രവഃപ്രഖ്യം ശ്വേതം കനകഭൂഷണം
മനോജവം മഹാകായമാരുരോഹ നരാന്തകഃ. 30

നരാന്തകഃ	നരാന്തകൻ	മനോജവം	മനോവേഗതയുള്ളതും
ഉച്ചൈഃശ്രവഃ-പ്രഖ്യം	ഇന്ദ്രാശ്വമായ ഉച്ചൈഃശ്രവസ്സിനൊത്തതും	മഹാകായം	വമ്പിച്ച ഉടലോടുകൂടിയതും ആയ
ശ്വേതം	വെണ്മപൂണ്ടതും	ഹയം	കുതിരയിൽ
കനകഭൂഷണം	തങ്കക്കോപ്പുകളാൎന്നതും	ആരുരോഹ.	കയറി.

ഗൃഹീത്വാ പ്രാസമുല്കാഭം വിരരാജ നരാന്തകഃ
ശക്തിമാദായ തേജസ്വീ ഗുഹഃ ശിഖിഗതോ യഥാ. 31

നരാന്തകഃ,	നരാന്തകൻ,	ശിഖിഗതഃ	മയിൽവാഹനത്തിൽ കയറിയ
ഉല്കാഭം	എരികൊള്ളിയൊത്ത		
പ്രാസം	ഒരു കുന്തത്തെ	തേജസ്വീ	തേജസ്വിയായ
ഗൃഹീത്വാ,	കയ്യിലെടുത്തു്,	ഗുഹഃ യഥാ,	ഷൺമുഖനെന്നപോലെ,
ശക്തിം	വേലിനെയും		
ആദായ,	ഏന്തിയവനായി,	വിരരാജ.	പ്രകാശിച്ചു.

ദേവാന്തകഃ സമാദായ പരിഘം വജ്രഭൂഷണം
പരിഗൃഹ്യ ഗിരിം ദോൎഭ്യാം വപുൎവ്വിഷ്ണോൎവ്വിഡംബയൻ. 32

ദേവാന്തകഃ	ദേവാന്തകൻ	ഗിരിം	(സമുദ്രമഥനത്തിൽ മന്ദര) പൎവ്വതത്തെ
വജ്രഭൂഷണം	വജ്രാലംകൃതമായ		
പരിഘം	ഇരിമ്പുലയ്ക്ക	പരിഗൃഹ്യ	താങ്ങിക്കൊണ്ടുനില്ക്കു[ന്ന
		വിഷ്ണോഃ	വിഷ്ണുഭഗവാന്റെ
സമാദായ,	കയ്യിൽപിടിച്ചു്,	വപുഃ	സ്വരൂപത്തെ
ദോൎഭ്യാം	രണ്ടുകയ്യുകളാലും	വിഡംബയൻ.	അനുകരിച്ചുവിളങ്ങി.

മഹാപാർശ്വോ മഹാകായോ ഗദാമാദായ വീര്യവാൻ
വിരരാജ ഗദാപാണിഃ കുബേര ഇവ സംയുഗേ. 33

മഹാകായഃ	വൻശരീരമാർന്നവനും	സംയുഗേ	പോരിൽ
വീര്യവാൻ	വീര്യശാലിയും ആയ	ഗദാപാണിഃ	ഗദാപാണിയായ
മഹാപാർശ്വഃ,	മഹാപാർശ്വൻ,	കുബേരഃ	കുബേരൻ
ഗദാം	ഗദയെ	ഇവ	എന്നപോലെ
ആദായ,	കയ്യിലെടുത്ത്	വിരരാജ.	വിളങ്ങി.

പ്രതസ്ഥിരേ മഹാത്മാനോ ബലൈരപ്രതിമൈർവൃതാഃ. 34

മഹാത്മാനഃ	അതിശക്തന്മാരായ അവർ	ബലൈഃ	സേനകളോടു
		വൃതാഃ	കൂടിയവരായി
അപ്രതിമൈഃ	എതിരില്ലാത്ത	പ്രതസ്ഥിരേ.	പുറപ്പെട്ടു.

താൻ ഗജൈശ്ച തുരംഗൈശ്ച രഥൈശ്ചാംബുദനിസ്വനൈഃ
അനുജഗ്മുർമഹാത്മാനോ രാക്ഷസാഃ പ്രവരായുധാഃ. 35

മഹാത്മാനഃ	അതിധൈര്യശാലികളും	തുരംഗൈഃ ച	കുതിരകളിലും
പ്രവരായുധാഃ	നല്ല ആയുധങ്ങൾ ധരിച്ചവരും ആയ	അംബുദ-നിസ്വനൈഃ	ഇടിമുഴക്കമാർന്ന
രാക്ഷസാഃ,	രാക്ഷസന്മാർ,	രഥൈഃ ച	രഥങ്ങളിലും കയറിക്കൊണ്ട്
താൻ	അവരെ		
ഗജൈഃ ച	ആനകളിലും	അനുജഗ്മുഃ.	പിൻതുടർന്നു.

തേ വിരേജുർമഹാത്മാനഃ കുമാരാഃ സൂര്യവർച്ചസഃ
കിരീടിനഃ ശ്രിയാ ജുഷ്ടാ ഗ്രഹാ ദീപ്താ ഇവാംബരേ. 36

മഹാത്മാനഃ	അതിബലശാലികളും	കുമാരാഃ,	കുമാരന്മാർ,
സൂര്യവർച്ചസഃ	സൂര്യതേജസ്സാർന്നവരും	അംബരേ	ആകാശത്തിൽ
കിരീടിനഃ	കിരീടം ധരിച്ചവരും	ദീപ്താഃ	ഉജ്ജ്വലിക്കുന്ന
ശ്രിയാ ജുഷ്ടാഃ	കാന്തിപൂണ്ടു വിളങ്ങുന്നവരുമായ	ഗ്രഹാഃ	ഗ്രഹങ്ങൾ
		ഇവ	എന്നപോലെ
തേ	ആ	വിരേജുഃ.	പ്രകാശിച്ചു.

പ്രഗൃഹീതാ ബഭൗ തേഷാം ശസ്ത്രാണാമാവലിഃ സിതാ
ശാരദാഭ്രപ്രതീകാശാ ഹംസാവലിരിവാംബരേ. 37

തേഷാം	അവരാൽ	ശസ്ത്രാണാം ആവലിഃ,	ആയുധസമൂഹം,
പ്രഗൃഹീതാ	ധരിക്കപ്പെട്ടിരുന്നതും	അംബരേ	ആകാശത്തിൽ
ശാരദാഭ്ര-പ്രതീകാശാ	ശരത്കാലമേഘംപോലെ	ഹംസാവലിഃ ഇവ	ഹംസനിരയെന്നപോലെ
സിതാ	വെണ്മപൂണ്ടതും ആയ	ബഭൗ.	വിളങ്ങി.

മരണം വാപി നിശ്ചിത്യ ശത്രൂണാം വാ പരാജയം 38
ഇതി കൃത്വാ മതിം വീരാ നിൎജ്ജഗ്മുഃ സാംയുഗാൎത്ഥിനഃ. 39

സാംയുഗാൎത്ഥിനഃ	യുദ്ധേച്ഛുക്കളായ	പരാജയം വാ	തോല്മ,
വീരാഃ,	ആ വീരന്മാർ,	ഇതി	എന്നിങ്ങിനെ
മരണം അപി വാ	ഒന്നുകിൽ മരണം, അല്ലെന്നാൽ	മതിം കൃത്വാ	ഓൎത്ത്
ശത്രൂണാം	ശത്രുക്കൾക്ക്	നിശ്ചിത്യ	നിശ്ചയിച്ച്
		നിൎജ്ജഗ്മുഃ.	യാത്രയായി.

ജഗൎജ്ജുശ്ച പ്രണേദുശ്ച ചിക്ഷിപുശ്ചാപി സായകാൻ
ജഗൃഹുശ്ചാപി തേ വീരാ നിൎയ്യാന്തോ യുദ്ധദുൎമ്മദാഃ. 40

യുദ്ധദുൎമ്മദാഃ	യുദ്ധത്തിന്നു വെറി പൂണ്ടവരായ	അപി ച പ്രണേദുഃ;	എന്നല്ല ആൎത്തുവിളിച്ചു;
തേ	ആ	അപി ച ചിക്ഷിപുഃ;	കൂടാതെ ആക്ഷേപവാക്കുകളുരച്ചു;
വീരാഃ,	വീരന്മാർ,	സായകാൻ ച	ബാണങ്ങളേയും
നിൎയ്യാന്തഃ	ചെന്നുകൊണ്ടിരിക്കുന്നവരായി	ജഗൃഹുഃ ച.	കയ്യിലേന്തി.
ജഗൎജ്ജുഃ;	അട്ടഹസിച്ചു;		

ക്ഷ്വേളിതാസ്ഫോടനിനദൈശ്ചചാല ച വസുന്ധരാ
രക്ഷസാം സിംഹനാദൈശ്ച പുഃസ്ഫാടേവ തദാഽംബരം. 41

വസുന്ധരാ ച	ഭൂമിയും	തദാ	ആ സമയം
ക്ഷ്വേളിതാ–സ്ഫോടനിന–ദൈഃ	ചാടുന്നതിന്റേയും തപ്പുകൊട്ടുന്നതിന്റേയും ശബ്ദങ്ങൾകൊണ്ട്	അംബരം ച	ആകാശവും
ചചാല;	കുലുങ്ങി;	രക്ഷസാം	രാക്ഷസരുടെ
		സിംഹനാദൈഃ	സിംഹനാദങ്ങളാൽ
		പുഃസ്ഫാട ഇവ.	പൊട്ടുന്നപോലിരുന്നു.

തേഽഭിനിഷ്ക്രമ്യ മുദിതാ രാക്ഷസേന്ദ്രാഃ മഹാബലാഃ
ദദൃശുൎവ്വാനരാനീകം സമുദ്യതശിലാനഗം. 42

തേ	ആ	അഭിനിഷ്ക്രമ്യ,	എതിൎത്തുചെന്ന്,
മഹാബലാഃ	മഹാബലശാലികളായ	സമുദ്യത-ശിലാനഗം	പാറകളും വൃക്ഷങ്ങളും ഉയൎത്തിപ്പിടിച്ച
രാക്ഷസേന്ദ്രാഃ,	രാക്ഷസേന്ദ്രന്മാർ,	വാനരാനീകം	വാനരസേനയെ
മുദിതാഃ	ഉത്സാഹം പൂണ്ടവരായി	ദദൃശുഃ.	കണ്ടു.

ഹരയോഽപി മഹാത്മാനോ ദദൃശുൎന്നൈരൃതം ബലം
ഹസ്ത്യശ്വരഥസംബാധം കിങ്കിണീശതനാദിതം 43
നീലജീമൂതസങ്കാശം സമുദ്യതമഹായുധം
ദീപ്താനലരവിപ്രഖ്യൈഃ സൎവ്വതോ നൈരൃതൈൎവ്വൃതം. 44

മഹാത്മാനഃ	മഹാവിക്രമികളായ
ഹരയഃ അപി	വാനരന്മാരും
ഹസ്ത്യശ്വ-രഥസംബാധം	ആന, കുതിര, തേർ എന്നവ നിറഞ്ഞതും
കിംകിണിശതനാദിതം	അനേകം കിങ്ങിണികളുടെ ഒച്ചയോടു കൂടിയതും
നീലജീമൂത-സങ്കാശം	കരിങ്കാറുകൾക്കൊത്തതും
സമുദ്യത-മഹായുധം	ഉയൎത്തിപ്പിടിച്ച ആയുധങ്ങളാൎന്നതും
ദീപ്താനല-രവിപ്രഖ്യൈഃ	ആളുന്ന തീപോലെയും ആദിത്യൻ പോലെയും ഉള്ള
നൈൎഋതൈഃ	രാക്ഷസരാൽ
സൎവ്വതഃ	എങ്ങും
വൃതം	ചൂഴപ്പെട്ടതും ആയ
നൈൎഋതം ബലം	രാക്ഷസസൈന്യത്തെ
ദദൃശുഃ.	കണ്ടു.

തദ്ദൃഷ്ട്വാ ബലമായാന്തം ലബ്ധലക്ഷാഃ പ്ലവംഗമാഃ
സമുദ്യതമഹാശൈലാഃ സംപ്രണേദുൎമ്മഹാബലാഃ 45

മഹാബലാഃ	മഹാബലശാലികളായ
പ്ലവംഗമാഃ,	വാനരന്മാർ,
തത്	അ
ബലം	സൈന്യത്തെ
ആയാന്തം	നേൎക്കുവരുന്നതായി
ദൃഷ്ട്വാ,	കണ്ട്,
ലബ്ധലക്ഷാഃ	തക്കതായ ലാക്കുകിട്ടിയവരായി
സമുദ്യതമഹാ-ശൈലാഃ	ഉയൎത്തിപ്പിടിച്ച വൻകുന്നുകളോടു കൂടിയവരായി
സംപ്രണേദുഃ.	ആൎത്തു വിളിച്ചു.

അമൃഷ്യമാണാ രക്ഷാംസി പ്രതിനൎദ്ദന്തി വാനരാഃ. 46

വാനരാഃ	വാനരന്മാർ,
രക്ഷാംസി അമൃഷ്യമാണാഃ	രാക്ഷസന്മാരുടെ ആൎപ്പുവിളി സഹിക്കാത്തവരായി,
പ്രതിനൎദ്ദന്തി.	എതിരൊലി ചെയ്യുകയായി.

തതഃ സമുദ്ഘുഷ്ടരവം നിശമ്യ രക്ഷോഗണാ വാനരയൂഥപാനാം
അമൃഷ്യമാണാഃ പരഹൎഷമുഗ്രം മഹാബലാ ഭീമതരം വിനേദുഃ. 47

മഹാബലാഃ	മഹാശക്തിയാൎന്ന
രക്ഷോഗണാഃ,	രാക്ഷസഗണങ്ങൾ,
തതഃ	അപ്പോൾ
വാനര-യൂഥപാനാം	വാനരസൈന്യത്തലവന്മാരുടെ
സമുദ്ഘുഷ്ടരവം	വമ്പിച്ച ആഘോഷനിനദത്തെ
നിശമ്യ,	കേട്ട്,
ഉഗ്രം	കടുതായ
പരഹൎഷം	ശത്രുക്കളുടെ ഉത്സാഹത്തെ
അമൃഷ്യമാണാഃ,	പൊറുക്കുവാൻ കഴിയാത്തവരായി,
ഭീമതരം	അതിഭയങ്കരമാംവണ്ണം
വിനേദുഃ.	ഗൎജ്ജിച്ചു.

തേ രാക്ഷസബലം ഘോരം പ്രവിശ്യ ഹരിയൂഥപാഃ
വിചേരുരുദ്യതൈഃ ശൈലൈൎന്നഗാഃ ശിഖരിണോ യഥാ. 48

തേ	അ
ഹരിയൂഥപാഃ,	വാനരസേനാധിപന്മാർ
ഘോരം	ഭയങ്കരമായ
രാക്ഷസബലം	രാക്ഷസസൈന്യത്തിൽ
പ്രവിശ്യ,	പ്രവേശിച്ച്,
ഉദ്യതൈഃ	ഉയൎത്തിപ്പിടിച്ച
ശൈലൈഃ,	മലകളാൽ,
ശിഖരിണഃ	കൊടുമുടികളാൎന്ന
നഗാഃ യഥാ	മലകളെന്നപോലെ,
വിചേരുഃ.	സഞ്ചരിച്ചു.

കേചിദാകാശമാവിശ്യ കേചിദുർവ്വ്യാം പ്ലവംഗമാഃ
രക്ഷഃസൈന്യേഷു സംക്രുദ്ധാശ്ചേരുർദ്രുമശിലായുധാഃ 49
ദ്രുമാംശ്ച വിപുലസ്കന്ധാൻ ഗൃഹ്യ വാനരപുംഗവാഃ. 50

ദ്രുമശിലായുധാഃ	മരങ്ങളും പാറകളും ആയുധങ്ങളായുള്ള	വിപുലസ്കന്ധാൻ	വമ്പിച്ചകൊമ്പുകളാന്ന
കേചിത്	ചില	ദ്രുമാൻ	വൃക്ഷങ്ങളെ
പ്ലവംഗമാഃ,	വാനരന്മാർ	ഗൃഹ്യ,	എടുത്തുകൊണ്ടും,
ആകാശം	വാനിൽ	ഉർവ്വ്യാം	നിലത്ത്
ആവിശ്യ,	കതിച്ചും,	രക്ഷഃസൈന്യേഷു ച	രാക്ഷസസൈന്യങ്ങൾക്കിടയിലും
കേചിത്	ചില	ചേരുഃ.	സഞ്ചരിച്ചു.
വാനരപുംഗവാഃ	വാനരശ്രേഷ്ഠന്മാർ		
സംക്രുദ്ധാഃ	കോപമുൾക്കൊണ്ടവരായി		

തദ്യുദ്ധമഭവദ്ഘോരം രക്ഷോവാനരസംകുലം. 51

രക്ഷോവാനരസംകുലം	രാക്ഷസരും വാനരന്മാരും ഇടകലർന്നതായ	യുദ്ധം	യുദ്ധം
തത്	ആ	ഘോരം അഭവത്.	അതിഭയങ്കരമായിരുന്നു.

തേ പാദപശിലാശൈലൈശ്ചക്രുർവൃഷ്ടിമനൂപമാം
ബാണൌഘൈർവ്വാര്യമാണാശ്ച ഹരയോ ഭീമവിക്രമാഃ. 52

ഭീമവിക്രമാഃ	ഉഗ്രവിക്രമശാലികളായ	പാദപശിലാശൈലൈഃ ച	വൃക്ഷങ്ങൾകൊണ്ടും, പാറകൾകൊണ്ടും, കുന്നുകൾകൊണ്ടും
തേ	ആ	അനുപമാം	നിസ്സീമമായ
ഹരയഃ,	വാനരന്മാർ,	വൃഷ്ടിം ചക്രുഃ.	വൃഷ്ടിപൊഴിച്ചു.
ബാണൌഘൈഃ	ശരനിരകളാൽ		
വാര്യമാണാഃ,	മൂടപ്പെട്ടുന്നവരായി,		

സിംഹനാദാൻ വിനേദുശ്ച രണേ വാനരരാക്ഷസാഃ
ശിലാഭിശ്ചൂർണ്ണയാമാസുര്യാതുധാനാൻ പ്ലവംഗമാഃ. 53

രണേ	പോരിൽ	പ്ലവംഗമാഃ	വാനരന്മാർ
വാനരരാക്ഷസാഃ ച	കപികളും രാക്ഷസന്മാരും	യാതുധാനാൻ	രാക്ഷസന്മാരെ
സിംഹനാദാൻ	സിംഹനാദങ്ങൾ	ശിലാഭിഃ	പാറകൾകൊണ്ട്
വിനേദുഃ;	മുഴക്കി;	ചൂർണ്ണയാമാസുഃ.	നുറുങ്ങാക്കി.

നിജഘ്നുഃ സംയുഗേ ക്രുദ്ധാഃ കവചാഭരണാവൃതാൻ
കേചിദ്രഥഗതാൻ വീരാൻ ഗജവാജിഗതാനപി. 54

ക്രുദ്ധാഃ	ക്രുദ്ധിച്ചവരായ	രഥഗതാൻ	തേരിലിരുന്നിരുന്ന
കേചിത്;	ചിലർ,	വീരാൻ,	വീരന്മാരെയും,
സംയുഗേ	പോരിൽ	ഗജവാജിഗതാൻ അപി	ആനപ്പുറത്തും കുതിരപ്പുറത്തും ഇരുന്നിരുന്നവരെയും
കവചാഭരണാവൃതാൻ	കവചങ്ങളും ആഭരണങ്ങളും ധരിച്ച്	നിജഘ്നുഃ.	മട്ടിച്ചു.

നിജഘ്നുഃ സഹസാഽഽപ്ലുത്യ യാതുധാനാൻ പ്ലവംഗമാഃ
ശൈലശൃംഗാചിതാംഗാശ്ച മുഷ്ടിഭിർവ്വാന്തലോചനാഃ. 55

പ്ലവംഗമാഃ	വാനരന്മാർ	വാന്ത-ലോചനാഃ ച	കണ്ണുതുറിപ്പിക്കുന്നവരായി
ശൈലശൃം-ഗാചിതാംഗാഃ	കുന്നിൻമുടികൾകൊണ്ട് അംഗങ്ങളെ മൂടുന്നവരായി	സഹസാ	പെട്ടെന്ന്
		ആപ്ലുത്യ	ചാടിക്കതിച്ച്
മുഷ്ടിഭിഃ	മുഷ്ടികൾകൊണ്ടിടിച്ച്	യാതുധാനാൻ	രാക്ഷസന്മാരെ
		നിജഘ്നുഃ.	കൊന്നു.

ചേരുഃ പേതുശ്ച നേദുശ്ച തത്ര രാക്ഷസപുംഗവാഃ
രാക്ഷസാശ്ച ശരൈസ്തീക്ഷ്ണൈർബിഭിദുഃ കപികുഞ്ജരാൻ 56
ശൂലമുദ്ഗരഖഡ്ഗൈശ്ച ജഘ്നുഃ പ്രാസൈശ്ച ശക്തിഭിഃ. 57

രാക്ഷസ-പുംഗവാഃ	രാക്ഷസവീരന്മാർ	തീക്ഷ്ണൈഃ	കൂർത്ത
തത്ര	ആ സമയം	ശരൈഃ	ബാണങ്ങളാൽ
ചേരുഃ ;	അങ്ങുമിങ്ങും ഓടി ;	ബിഭിദുഃ ;	പിളർന്നു ;
പേതുഃ ച ;	വീഴുകയുംചെയ്തു ;	ശൂലമുദ്ഗര-ഖഡ്ഗൈഃ	ശൂലം, മുൾത്തടി, വാൾ എന്നവകൊണ്ടും
നേദുഃ ച ;	നിലവിളിച്ചു ;	പ്രാസൈഃ ച	കുന്തങ്ങൾകൊണ്ടും
ച	ഉടനെ	ശക്തിഭിഃ ച	വേലുകൾകൊണ്ടും
